# ആർച്ചുബിഷപ്പ്
# മാർ ഈവാനിയോസ്

# ആർച്ചുബിഷപ്

# മാർ ഈവാനിയോസ്

ഗ്രന്ഥകർത്താ

**ഫാദർ തോമസ് ഇഞ്ചയ്ക്കലോടി**

BP No. 141

വില : 250 /-

പുനഃപ്രസിദ്ധീകരണം

ബഥനി പബ്ലിക്കേഷൻസ്, കോട്ടയം

2012

*Malayalam*

**ARCHBISHOP MAR IVANIOS (Ist & IInd Volumes)**

**By Fr. Thomas Inchakkalodi**

Third Edition : 2012

Rights Reserved

Published by : Bethany Publications
Kottayam - 686010

Printed at : Bethany Offset Printers
Kottayam - 686010
Ph : 0481- 2571355
Email: bethanyktm@gmail.com

Price : Rs. 250.00

# ആമുഖം

യശഃശരീരനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ നിര്യാണത്തിനുശേഷം ഇക്കഴിഞ്ഞ നാലു വർഷക്കാലമായി ഞാൻ നടത്തിക്കൊണ്ടിരുന്ന അക്ഷീണപരിശ്രമത്തിന്റെ ഫലമാണ് ഈ ജീവചരിത്രഗ്രന്ഥം. അഭിവന്ദ്യതിരുമേനിയുടെ ജീവചരിത്രം പുസ്തക രൂപേണ പ്രസിദ്ധപ്പെടുത്തുന്നതു നിമിത്തം നിരവധി പ്രയോജനങ്ങൾ കൈവരുത്തുവാൻ സാധിക്കുമെന്നുള്ള പല സഹൃദയന്മാരുടെ സുദൃഢമായ അഭിപ്രായവും, പ്രസ്തുത കൃത്യത്തിന് ഞാൻ തന്നെ ഉദ്യുക്തനാകണമെന്നുള്ള ഒട്ടനേകം സുഹൃത്തുക്കളുടെ നിർബന്ധ പൂർവ്വകമായ അഭ്യർത്ഥനയും ഈ ഗ്രന്ഥരചനയിൽ എനിക്കു പ്രധാന പ്രേരകമായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത ആദ്യമായി പ്രസ്താ വിച്ചു കൊള്ളുന്നു.

മതപരമായ ഏതാനും ഗ്രന്ഥങ്ങൾ ഇതിനുമുമ്പ് എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു നിമിത്തം ഇപ്രകാരമുള്ള ഒരു ഗ്രന്ഥവും നിഷ്പ്രയാസം രചിക്കുവാൻ സാധിക്കുമെന്നുള്ള അഹങ്കാരവിചാരം ഈ ഗ്രന്ഥരചനയിൽ കൈവെയ്ക്കുന്നതിനുമുമ്പ് എനിക്കുണ്ടായി എന്ന പരമാർത്ഥം ഇവിടെ ഗോപനം ചെയ്യുന്നില്ല. പക്ഷേ, പുസ്തകം എഴുതുന്നതിന് ആരംഭിച്ചപ്പോളാണ് ഇതിനായി അനുഭവിക്കേണ്ടി വരുന്ന ക്ലേശങ്ങളുടേയും സഹിക്കേണ്ടി വരുന്ന ത്യാഗങ്ങളുടേയും വൈപുല്യം എന്നെ ഭയപ്പെടുത്തുവാൻ തുടങ്ങിയത്. ഒരു ജീവചരിത്ര ഗ്രന്ഥം എഴുതി പ്രസിദ്ധപ്പെടുത്തുന്നതിന് അഞ്ചു കാര്യങ്ങളാണ് അവശ്യം നിർവ്വഹിക്കുവാനുള്ളത്.

1. കഥാപുരുഷന്റെ കുടുംബത്തേയും ജീവിതരംഗങ്ങളേയും സ്പർശിക്കുന്ന കാര്യങ്ങൾ അടങ്ങിയ സകല പുസ്തകങ്ങളും, റിക്കാർഡുകളും, വിവരങ്ങളും ശേഖരിക്കണം.

2. ശേഖരിച്ചു കഴിഞ്ഞ രേഖകളെല്ലാം സശ്രദ്ധം വായിച്ചു പഠി ക്കണം.

3. ജീവചരിത്രഗ്രന്ഥത്തിന് ഉപയുക്തങ്ങളായ ഭാഗങ്ങൾ ഓരോ ന്നായി തെരഞ്ഞെടുത്ത് കൂട്ടിച്ചേർത്ത് ഗ്രന്ഥം രചിക്കണം.

4. ചരിത്രപരമായോ, ആശയപരമായോ, ഭാഷാപരമായോ വന്നി ട്ടുള്ള തെറ്റുകൾ പണ്ഡിതന്മാരെക്കൊണ്ട് പരിശോധിപ്പിച്ച് അവശ്യംവേണ്ട തിരുത്തലുകൾ ചെയ്യിക്കണം.

5. വിവിധ ബ്ലോക്കുകളോടുകൂടെ പുസ്തകം ഭംഗിയായി അച്ചടിപ്പിക്കണം.

ഇപ്രകാരമുള്ള "അഞ്ച് വൈതരണി"കളിൽക്കൂടെ കടക്കുന്നതിനും തൽഫലമായി നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്നതിനും എനിക്ക് ഇടയായെങ്കിലും വിപുലമായ ഈ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗം ഇത്രയും വേഗം പ്രസിദ്ധം ചെയ്യുവാൻ സാധിച്ചതിൽ ഞാൻ ചാരിതാർത്ഥ്യമടയുന്നു.

ഈ പുസ്തകം എഴുതുന്നതിൽ "അപ്രമാദിത്വവരം" എന്നെ നയിച്ചിരുന്നുവെന്നു ഞാൻ ലവലേശം അഭിമാനിക്കുന്നില്ല. എന്റെ പഠനത്തിലും പരിശോധനയിലും സത്യമെന്ന് എനിക്ക് ബോദ്ധ്യം വന്നിട്ടുള്ള വസ്തുതകൾ മാത്രമേ ഈ ഗ്രന്ഥത്തിൽ ഞാൻ ചേർത്തിട്ടുള്ളു. എങ്കിലും ഏതൊരു ഗ്രന്ഥത്തിലുമെന്നപോലെ ചരിത്രപരമായോ ആശയപരമായോ ഭാഷാപരമായോ അപൂർവ്വം ചില തെറ്റുകൾ ഈ ഗ്രന്ഥത്തിലും കടന്നുകൂടിയിട്ടുണ്ടാവാം. നിഷ്പക്ഷമതികളായ വായനക്കാർ പ്രസ്തുത പ്രമാദങ്ങൾ സദയം ചൂണ്ടിക്കാണിച്ച് തരുന്നപക്ഷം അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുവാനിരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്തിൽ ക്ഷമാപണസഹിതം അവ തിരുത്തിക്കൊള്ളാവുന്നതാണെന്ന് ഉറപ്പുനല്കിക്കൊള്ളുന്നു.

ഈ ഗ്രന്ഥരചനയിൽ എന്നെ നിസ്വാർത്ഥം സഹായിച്ചിട്ടുള്ള വൈദികന്മാരും അയ്മേനികളുമായ സഹൃദയരുടെ നാമങ്ങൾ മാത്രം രേഖപ്പെടുത്തുന്നപക്ഷം ഈ പുസ്തകത്തിന്റെ അനേകം പുറങ്ങൾ അതിനായി വിനിയോഗിക്കേണ്ടി വരുന്നതാണ്. പുരാതനങ്ങളായ പുസ്തകങ്ങളും, റിക്കാർഡുകളും, കത്തുകളും നല്കുക, ചരിത്രപരമായ നിരവധി സംഭവകഥകൾ പറഞ്ഞു ഗ്രഹിപ്പിക്കുക. ഗ്രന്ഥരചനയ്ക്ക് അവശ്യം വേണ്ട നിർദ്ദേശങ്ങൾ നല്കുക, ഇംഗ്ലീഷിൽനിന്നും സുറിയാനിയിൽ നിന്നുമുള്ള ഭാഗങ്ങൾ പരിഭാഷ ചെയ്യുക, നല്ല കൈപ്പടയിൽ പകർത്തി എഴുതുക, ഭാഷാപരമായ തെറ്റുകൾ തിരുത്തുക, പുസ്തകത്തിൽ ചേർക്കുന്നതിനുള്ള ബ്ലോക്കുകൾക്കായി ഫോട്ടോകൾ നല്കുക എന്നിത്യാദി വിവിധസഹായങ്ങൾ ചെയ്തിട്ടുള്ള ഏവരോടും എനിക്കുള്ള കൃതജ്ഞത സീമാതീതമെന്നു പ്രസ്താവിക്കുന്നതിനേ തല്ക്കാലം നിവൃത്തിയുള്ളു.

മാർ ഈവാനിയോസിന്റെ കത്തോലിക്കാപുനരൈക്യം വരെയുള്ള ജീവചരിത്രം മാത്രമേ ഈ ഒന്നാംഭാഗത്തിൽ ചേർത്തിട്ടുള്ളു. അഭിവന്ദ്യ തിരുമേനി കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ടതിനു ശേഷമുള്ള സ്ഥിതിഗതികൾ, കത്തുകൾ, പ്രസംഗങ്ങൾ, പ്രവർത്തനങ്ങൾ, പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതി, ആധുനികസ്ഥിതി എന്നിവയെല്ലാം വിശദമായി രണ്ടാംഭാഗത്തിൽ ഉൾക്കൊള്ളിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മിക്കവാറും എഴുതി പൂർത്തിയാക്കിയിരിക്കുന്ന പ്രസ്തുത ഗ്രന്ഥവും അധികകാലതാമസമെന്യേ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു.

ഈ ഗ്രന്ഥം ഏറ്റം ഭംഗിയായി മുദ്രണം ചെയ്ത പട്ടം സെന്റ് മേരീസ് പ്രസ്സ് ഭാരവാഹികളോട് എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അവസാനമായി, ഈ ഗ്രന്ഥത്തിന് പ്രചുര പ്രചരണം ലഭിക്കുന്നതിനു കഴിയുംവിധം സഹായസഹകരണങ്ങൾ ചെയ്തുതരണമെന്നു കേരളീയരായ ക്രൈസ്തവ സഹോദരങ്ങളോട് സവിനയം അഭ്യർത്ഥിച്ചുകൊണ്ട് വിരമിച്ചു കൊള്ളുന്നു.

പന്തളം
15 – 7 – 57

ഫാദർ തോമസ് ഇഞ്ചയ്ക്കലോടി

THE SYRO-MALANKARA CATHOLIC CHURCH
MORAN MOR CYRIL BASELIOS CATHOLICOS
MAJOR ARCHBISHOP OF THE MALANKARA CATHOLIC CHURCH
"THIRUSANNIDHI" MAJOR ARCHBISHIOP'S HOUSE, TRIVANDRUM - 695 004, KERALA, INDIA
Tel: 0091-471-2541642, 2541643, 2540446 Fax: 0091-471-2541635, E-mail: archp03@md3@vsnl.net.in

25 - 10 - 2005

# 2-ാം പതിപ്പിന് നൽകിയ സന്ദേശം

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവും ദർശനങ്ങളും അനേകർക്ക് പ്രചോദനമായിട്ടുണ്ട്. വരും തലമുറകളെ അത് പ്രചോദിപ്പിച്ചുകൊണ്ടിരിക്കും. ആ മഹാത്മാവിനെ അറിയുന്നവർ അത്ഭുതാദരവുകളോടു മാത്രമെ പിതാവിനെ സ്മരിക്കുകയുള്ളു. ഭാരതത്തിൽ മാത്രമല്ല, വിദേശത്തും ആദരവു നേടിയ ഒരു വ്യക്തിത്വമായിരുന്നു വന്ദ്യ തിരുമേനിയുടേത്. അദ്ദേഹത്തിന്റെ ജീവചരിത്ര രചനകളിൽ ആദ്യമായി എഴുതപ്പെട്ട പുസ്തകങ്ങളിലൊന്ന് വിദേശ വനിതയായ മേരി ഗിബ്ബൺസ് എഴുതിയതാണ് എന്നത് സ്മരണീയമാണ്.

അഭിവന്ദ്യ പിതാവിനെപ്പറ്റി അനേകം ഗ്രന്ഥങ്ങളും പിതാവിന്റെ ദർശനങ്ങളെപ്പറ്റി ഗവേഷണ പ്രബന്ധങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. അവയിൽ മിക്ക പുസ്തകങ്ങളുടെയും അവലംബം ബഹു.തോമസ് ഇഞ്ചക്കലോടി അച്ചൻ, രണ്ടു വാല്യങ്ങളിലായി രചിച്ച പിതാവിന്റെ ജീവചരിത്രമാണ്. അത് പിന്നീടുള്ള രചനകൾക്ക് ഒരടിസ്ഥാന ഗ്രന്ഥമായി ത്തീർന്നു. ഏതാണ്ട് അരനൂറ്റാണ്ടിനുമുമ്പ് എഴുതിയ ആ പുസ്തകം ഇപ്പോഴത്തെ തലമുറയ്ക്ക് പരിചിതമല്ലാത്തതിനാലും അതിന്റെ പതിപ്പുകൾ വിതരണത്തിന് ലഭ്യമല്ലാത്തതിനാലും പ്രസ്തുത പുസ്തകത്തിന്റെ പുനഃപ്രസിദ്ധീകരണം ആവശ്യമായിത്തീർന്നിരിക്കുകയാണ്. അഭിവന്ദ്യ പിതാവിന്റ വ്യക്തിപരമായ ജീവിതത്തെപ്പറ്റി മാത്രമല്ല, പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തെ ഗതിവിഗതികളെപ്പറ്റി കൂടിയുള്ള ചരിത്രരേഖയാണ് ഈ പുസ്തകം. വന്ദ്യപിതാവിനെയും സഭയെയും അറിയാനാഗ്രഹിക്കുന്ന എല്ലാവരും വായിച്ചിരിക്കേണ്ടതാണ് ഈ ഗ്രന്ഥം.

ഈ പുസ്തകത്തിന്റെ പുനഃപ്രസിദ്ധീകരണത്തിന് ബഥനി പബ്ലിക്കേഷന് അനുവാദം നൽകുന്നതോടൊപ്പം നമ്മുടെ ഓരോ ഭവനത്തിലും ഈ പുസ്തകം ഉണ്ടായിരിക്കണമെന്ന് ഞാനാഗ്രഹിക്കുകയും ചെയ്യുന്നു.

ഈ ഗ്രന്ഥത്തിന്റെ പുനഃപ്രസിദ്ധീകരണം ഒരു വലിയ സഭാസേവനം തന്നെയാണ്. പിതാവിന്റെ ദർശനങ്ങളെ അറിയാൻ കാര്യമായ ശ്രമം നടക്കുന്ന ഈ കാലയളവിൽ ആ പരിശ്രമങ്ങളെ ത്വരിതപ്പെടുത്തുവാൻ ഈ പുസ്തകത്തിന് കഴിയും.

ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിച്ചുകൊണ്ട്,

+ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവ

മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ്

# പ്രസാധക കുറിപ്പ്

വിസ്മയത്തോടെ മാത്രമെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തെ നമുക്കു നോക്കിക്കാണാനാവൂ. പകരക്കാരനില്ലാത്ത ഒരു ആചാര്യശ്രേഷ്ഠനായിരുന്നു അദ്ദേഹം. ഭാരതസഭാചരിത്രത്തിൽ മാർ ഈവാനിയോസിനെ മാറ്റി നിറുത്തി ഒരു ചരിത്രം രചിക്കാനാവില്ല. മലങ്കരയുടെ മണ്ണിൽനിന്നുയർന്ന് ആഗോളതലത്തിൽ യശോധാവല്യം പരത്തിയ അദ്ദേഹത്തിന്റെ മാഹാത്മ്യം അന്താരാഷ്ട്ര തലങ്ങളിൽ പ്രസിദ്ധിയാർജിച്ച മഹദ്വ്യക്തികൾ ആദരിച്ചു. അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും സാകൂതം ആളുകൾ ശ്രദ്ധിച്ചു. സഭയിൽ ഒരു നവോത്ഥാനത്തിന് ദൈവം ഈവാനിയോസ് പിതാവിനെ തെരഞ്ഞെടുത്തു.

മഹത്തുക്കളുടെ ജീവിതം അനേകതലമുറകളെ പ്രചോദിപ്പിക്കും. മാർ ഈവാനിയോസ് ഇന്നും അനേകായിരം ജനമനസ്സുകളിലെ ജ്വലിക്കുന്ന ദീപികയാണ്. ഇനിയും അനേകരെ ആ ധന്യജീവിതം പ്രോജ്ജ്വലിപ്പിക്കുക തന്നെ ചെയ്യും. അറിയും തോറും പിതാവിനോടുള്ള നമ്മുടെ ആദരവു വർദ്ധിക്കുകയാണുണ്ടാകുക.

വശ്യതയാർന്ന ആ ജീവിതചരിത്രം ആദ്യമായി രേഖപ്പെടുത്തിയത് ബഹു. തോമസ് ഇഞ്ചയ്ക്കലോടി അച്ചനാണ്. സർവ്വസ്പർശിയായ ഒരു ചരിത്രഗ്രന്ഥമെന്ന നിലയിൽ അങ്ങേയറ്റം പ്രശംസാർഹമായ ഒരു സംഭാവനയാണ് ഇഞ്ചയ്ക്കലോടി അച്ചൻ സഭയ്ക്കു നൽകിയത്. പിതാവിന്റെ 2 വാല്യങ്ങളുള്ള ജീവചരിത്രത്തിന്റെ രണ്ടു പതിപ്പുകൾ പുറത്തിറങ്ങി. കൂടുതൽ ആളുകൾ ആ പുണ്യജീവിതത്തെ അറിയാൻ ആഗ്രഹിക്കുന്നതിനാൽ ബഥനി പബ്ലിക്കേഷൻസ് 3-ാം പതിപ്പ് പുറത്തിറക്കുകയാണ്. ഇപ്രാവശ്യം ഒന്നും രണ്ടും വാല്യങ്ങൾ ഒന്നിച്ചു ചേർത്താണ് പുസ്തകം അച്ചടിക്കുക. ഏതെങ്കിലും ഒരു വാല്യം മാത്രമായി വായന ഒതുങ്ങിപ്പോകാനുള്ള സാധ്യത ഉള്ളതിനാലാണ് ഇപ്രകാരം ചെയ്യുന്നത്. അല്പം ബൃഹത്ഗ്രന്ഥമാണെങ്കിലും വായനക്കാർ ഈ ഗ്രന്ഥം സ്വീകരിക്കുമെന്നു തന്നെയാണ് ഞങ്ങളുടെ ഉറപ്പായ പ്രതീക്ഷ.

ഇന്നത്തെ തലമുറ ഈ പുണ്യപിതാവിനെ അറിയാതെ പോകുന്നത് ഭൂഷണമല്ല. കൂടുതൽ ആളുകളിൽ ഈ ഗ്രന്ഥം എത്തിക്കാനാണു ഞങ്ങളുടെ ശ്രമം. അതിനാൽ സാമ്പത്തികലാഭം പ്രതീക്ഷിക്കാതെ ഈ ഗ്രന്ഥങ്ങൾ പുറത്തിറക്കുന്നു. പിതാവിന്റെ ധന്യജീവചരിത്രം, അനേകർക്കു പ്രചോദനമാകുന്ന പ്രതീക്ഷയോടെ,

ബഥനി പബ്ലിക്കേഷൻസിനുവേണ്ടി,

ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.
(ഡയറക്ടർ)

# അവതാരിക

ഉപമാനങ്ങളില്ലാത്ത വ്യക്തിയാണ് ദൈവദാസൻ മാർ ഈവാനിയോസ്. അദ്ദേഹം ആരാണ് എന്ന ചോദ്യത്തേക്കാൾ, ആരല്ല എന്ന ചോദ്യത്തിന് ഉത്തരം നൽകാനാണ് പ്രയാസം. സഭാജീവിതത്തിലും, സാമൂഹിക മണ്ഡലത്തിലും ഒരുപോലെ വിളങ്ങി നിൽക്കാൻ കഴിഞ്ഞ അപൂർവ്വവ്യക്തിത്വങ്ങളിൽ ഒരാളാണ് അദ്ദേഹം.

വിദ്യയും, പ്രതിഭയും, സഭാസ്നേഹവും, അക്ഷീണപ്രയത്നവും, ധീരതയും, ഭരണനിപുണതയും, ലാളിത്യവുമെല്ലാം ഒരാളിൽ സമ്മേളിച്ചു കാണുക ദുർല്ലഭമാണ്. മാർ ഈവാനിയോസ് എന്ന വ്യക്തിയിൽ ഈ ഗുണങ്ങളെല്ലാം സമഞ്ജസിച്ചു കാണുന്നു. 'മഹാത്മാവ്' എന്ന അർത്ഥത്തിലും വിളിക്കപ്പെടുവാൻ സർവ്വദാ യോഗ്യനായിരുന്നു മാർ ഈവാനിയോസ് തിരുമേനി.

തന്റെ ജീവിതവും പ്രവർത്തനസവിശേഷതയും കൊണ്ട് തന്റെ കാലഘട്ടത്തിലെ സഭാജീവിതത്തെയും സാമൂഹികജീവിതത്തെയും അദ്ദേഹം സമ്പന്നമാക്കി. കാലങ്ങളേറെ കഴിഞ്ഞാലും അദ്ദേഹം ജനഹൃദയങ്ങളിൽ ജ്വലിച്ചുനിൽക്കും.

അഞ്ചരപതിറ്റാണ്ടിനു മുൻപാണ് ബഹു. തോമസ് ഇഞ്ചയ്ക്കലോടി അച്ചൻ വന്ദ്യപിതാവിന്റെ ജീവചരിത്രം രചിച്ചത്. ഇന്നും ഗരിമ ചോർന്നുപോകാത്ത മനോഹരമായ ഒരു ജീവാഖ്യായിക ആണത്. ചരിത്രരേഖകളുടെ പിൻബലത്തോടെ എഴുതിയ സത്യസന്ധവും സമഗ്രവും, വായനാസുഖം നൽകുന്നതുമായ ഒരു മനോഹര കൃതിയായിരുന്നു അത്. ഈ ഗ്രന്ഥത്തിന്റെ പുനഃപ്രകാശനത്തിലൂടെ പുതിയ തലമുറയ്ക്ക് ഈ പുണ്യപിതാവിനെ പരിചയപ്പെടുത്തുന്നതു വഴി സഭാജീവിതം കൂടുതൽ ഊർജ്ജസ്വലമാകും ഇനിയും അനേകം പതിപ്പുകൾ ഈ ഗ്രന്ഥത്തിനുണ്ടാകുമെന്നതിനു സംശയമില്ല.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ മുൻകൈ എടുത്ത ബഥനി പബ്ലിക്കേഷൻസിന്റെ സാരഥികളായ ബ്രദർ കുര്യൻ കാവിളയിൽ ഒ.ഐ.സി. യെയും, ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.യെയും അഭിനന്ദിക്കുന്നു; പുസ്തകത്തിന് പ്രചുരപ്രചാരം നേരുന്നു.

**ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.**

(സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം)

# വിഷയവിവരണിക


| അദ്ധ്യായം | | പേജ് |
|---|---|---|
| 1. | മൺമറഞ്ഞ മഹാരഥൻ | 15 |
| 2. | പണിക്കർ കുടുംബചരിത്രം | 27 |
| 3. | ജനനവും ബാല്യകാലവും | 39 |
| 4. | ഉപരിവിദ്യാഭ്യാസവും എം. ഏ. ഡിഗ്രി സമ്പാദനവും | 50 |
| 5. | ശെമ്മാശൻ ചെയ്ത പ്രസംഗം | 66 |
| 6. | എം. ഡി. സെമിനാരി പ്രിൻസിപ്പാൾ | 79 |
| 7. | യാക്കോബായസഭയിലെ രണ്ടു പാത്രിയർക്കീസന്മാർ | 97 |
| 8. | അബ്ദള്ളാബാവായുടെ ആഗമനവും മാർ ദിവന്നാസ്യോസിനു ലഭിച്ച മുടക്കും | 113 |
| 9. | അബ്ദദുമ്ശിഹായുടെ ആഗമനവും കാതോലിക്കാസിംഹാസനസ്ഥാപനവും | 132 |
| 10. | സെറാംപൂർ കോളേജ് പ്രൊഫസർ | 145 |
| 11. | ബഥന്യാശ്രമസ്ഥാപനം | 160 |
| 12. | ബഥനിയുടെ പ്രവർത്തനങ്ങൾ | 176 |
| 13. | മെത്രാഭിഷേകാനന്തരം ചെയ്ത പ്രസംഗവും പാത്രിയർക്കീസിന്റെ മുടക്കുകല്പനയും | 189 |
| 14. | രസാവഹങ്ങളായ ഏതാനും സംഭവകഥകൾ | 210 |
| 15. | കേരളത്തിലെ പഴയകൂർ - പുത്തൻകൂർ വിഭാഗങ്ങൾ | 221 |
| 16. | പുത്തൻകൂറ്റുകാരും പുനരൈക്യശ്രമങ്ങളും | 230 |
| 17. | ആറാം മാർത്തോമ്മാ നടത്തിയ അഞ്ചു പുനരൈക്യപരിശ്രമങ്ങൾ | 240 |

| | | |
|---|---|---|
| 18. | നാലു മെത്രാപ്പോലീത്തന്മാർ നടത്തിയ പുനരൈക്യപരിശ്രമങ്ങൾ | 256 |
| 19. | കത്തോലിക്കാ സഭയിലെ വിവിധ റീത്തുകളും കുർബാനക്രമങ്ങളും | 270 |
| 20. | കത്തോലിക്കാപുനരൈക്യാലോചനകളും ആത്മകഥാകഥനവും | 279 |
| 21. | റഹമാനിപാത്രിയർക്കീസുമായി നടത്തിയ എഴുത്തുകുത്തുകൾ | 298 |
| 22. | റോമിലേക്ക് അയച്ച പ്രഥമ മെമ്മോറാണ്ഡവും മറുപടിയും | 316 |
| 23. | റോമിലേക്ക് അയച്ച ദ്വിതീയ മെമ്മോറാണ്ഡം | 329 |
| 24. | ദലഗാദ് അപ്പസ്തോലിക്കായ്ക്ക് അയച്ച കത്തുകളും മറുപടിയും | 340 |
| 25. | മാർ ഈവാനിയോസും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും | 356 |
| 26. | ബഥനിയിലെ യോഗവും ആശ്രമാദ്ധ്യക്ഷന്റെ പ്രസംഗവും | 379 |
| 27. | നിർദ്ദേശസമർപ്പണവും നിരോധനകല്പനയും | 396 |
| 28. | കത്തോലിക്കാപുനരൈക്യത്തിനുമുമ്പ് അയച്ച അഞ്ച് കത്തുകൾ | 411 |
| 29. | ആർച്ചുബിഷപ്പും കെ.സി.മാമ്മൻമാപ്പിളയും | 426 |
| 30. | ബഥനിയോടുള്ള യാത്ര പറച്ചിൽ | 440 |
| 31. | സുസ്മരണീയമായ കത്തോലിക്കാപുനരൈക്യം | 459 |
| 32. | പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രഥമസന്താനങ്ങൾ | 474 |
| 33. | പുനരൈക്യാനന്തര സ്ഥിതിഗതികൾ | 485 |
| 34. | ആത്മാർത്ഥത നിറഞ്ഞ അഞ്ചു കത്തുകൾ | 497 |
| 35. | ശ്രദ്ധേയങ്ങളായ ഏതാനും പ്രസംഗങ്ങൾ | 510 |

36. എതിർപ്പുകളുടെ മദ്ധ്യേ അനുമോദനങ്ങൾ 525
37. രസകരങ്ങളായ ഏതാനും സംഭവകഥകൾ 536
38. മലങ്കരസഭയുടെ കുഴൽക്കണ്ണാടി, ഭൂതക്കണ്ണാടി, എക്സറേ 547
39. പാശ്ചാത്യപര്യടനം 560
40. മാർപ്പാപ്പാസവിധത്തിൽ 572
41. വിവിധ രാജ്യസന്ദർശനങ്ങളും പ്രത്യാഗമനവും 584
42. ജി. കെ. ചെസ്റ്റർട്ടന്റെ ദൃഷ്ടിയിൽ 596
43. മലങ്കരസിറിയൻ ഹൈരാർക്കി 608
44. പ്രാരംഭകാലത്തെ പുനരൈക്യപുരോഗതി 620
45. ആർച്ചുബിഷപ്പും സർ സി. പി. രാമസ്വാമി അയ്യരും 635
46. വൈസ്രോയി മെമ്മോറിയൽ പ്രക്ഷോഭണം 645
47. സി.പി.യുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷവും പ്രസംഗവും 660
48. രണ്ടു മെത്രാപ്പോലീത്തന്മാരുടെ പുനരൈക്യം 669
49. വിദ്യാഭ്യാസപ്രവർത്തനങ്ങൾ 683
50. അമേരിക്കൻ പര്യടനം 694
51. അമേരിക്കയിൽ ചെയ്ത പ്രസംഗങ്ങൾ 712
52. മാർ ഈവാനിയോസ് കോളജ് 727
53. ആർച്ചുബിഷപ്പും പനമ്പള്ളി പദ്ധതിയും 737
54. മൂന്നു സന്ന്യാസ സമൂഹങ്ങൾ 754
55. ആർച്ചുബിഷപ്പും രാഷ്ട്രീയവും 768
56. ചിന്താർഹങ്ങളായ ഏതാനും ഫലിതോക്തികൾ 782
57. ആർച്ചുബിഷപ്പിന്റെ വ്യക്തിപ്രഭാവം 791
58. രോഗശയ്യയിൽ 804
59. രോഗാവസരത്തിലെ ചില സംഭാഷണശകലങ്ങൾ 819
60. മരണവും കബറടക്കവും 826

## അദ്ധ്യായം – 1

# മൺമറഞ്ഞ മഹാരഥൻ

**നി**യതിയുടെ നിയമങ്ങൾ അലംഘനീയമെന്നപോലെ തന്നെ നീതിപരവുമാണ്. ആ നിയമചക്രത്തിരിവിൽ മനുഷ്യവ്യക്തികൾ ജനിക്കുകയും, ജീവിക്കുകയും, മരിക്കുകയും ചെയ്യുന്നു. മനുഷ്യരാശിയെ രണ്ടായി തരം തിരിക്കാം-മരിച്ചവരെപ്പോലെ ജീവിക്കുന്നവർ; മരിച്ചാലും ജീവിക്കുന്നവർ. വ്യക്തിത്വവും ഭിന്നാഭിരുചിയും മനുഷ്യനു ജന്മസിദ്ധമാണ്. പ്രവൃത്തി അവനെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു. സ്വാർത്ഥത, അസൂയ, പരോപദ്രവം മുതലായ ദുർഗ്ഗുണങ്ങൾ അവനെ പരിഹാസത്തിനും, നിസ്സ്വാർത്ഥത, ത്യാഗം, പരോപകാരം, ലോകസേവനം ആദിയായവ പരപ്രശംസയ്ക്കും പാത്രമാകുന്നു. സ്വന്തം സുഖത്തിനും മേന്മയ്ക്കും വേണ്ടി ജീവിക്കുന്നവരാണ് ആദ്യത്തെ കൂട്ടർ. മറ്റുള്ളവർക്കുവേണ്ടി ആജീവനാന്തം പ്രവർത്തിക്കുന്നവരാണ് രണ്ടാമത്തെ കൂട്ടർ. ഇതാണ് ഇവർ തമ്മിലുള്ള ഗണ്യമായ അന്തരം.

പരനന്മയെമാത്രം ലക്ഷ്യമാക്കി ജീവിക്കുന്ന സജ്ജനങ്ങൾ ലോകത്തിൽ ഇന്ന് അസംഖ്യമുണ്ട്. വിവിധ മാർഗ്ഗങ്ങളിൽക്കൂടെ ലോകോപകാരം ചെയ്യുന്നതിൽ അവർ ബദ്ധശ്രദ്ധരായിരിക്കുന്നു. രാഷ്ട്രം, സമുദായം, സാഹിത്യം, മതം എന്നിവയുടെ നാനാവിധമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രയത്നിക്കുന്നതിൽ അവർക്കുള്ള സന്നദ്ധത ഒന്നു വേറെ തന്നെയാണ്. മനുഷ്യരാശിയുടെ ബാഹ്യവും ആഭ്യന്തരവുമായ പുരോഗതിയാണ് അവരുടെ ജീവിത ലക്ഷ്യം. അതിനുവേണ്ടി സ്വജീവനെപ്പോലും ബലിസമർപ്പിക്കുവാൻ അവർ തെല്ലും മടിക്കുന്നില്ല. പരാർത്ഥത്തിൽ സ്വാർത്ഥത്തെ ദർശിക്കുന്ന ആ സ്നേഹ

സമ്പന്നന്മാരാണ് യഥാർത്ഥ മഹാന്മാർ. മരിച്ചാലും ജീവിക്കുന്നവരാണ് അവർ. ലോകത്തിന് അവരെ വിസ്മരിക്കുവാൻ സാദ്ധ്യമല്ല. അവരുടെ പാദമുദ്ര കാലമാകുന്ന മണൽപ്പരപ്പിൽ ശാശ്വതമായി അവശേഷിക്കുകയും ചെയ്യും.

## മഹാന്മാർ

മഹാകവി ഷേക്സ്പിയർ മൂന്നായിട്ടാണ് മഹാന്മാരെ തരംതിരിച്ചിരിക്കുന്നത്. "Some are born great, some acquire greatness, some have greatness thrust upon them." (ചിലർ ജനനാൽത്തന്നെയും, ചിലർ സ്വപ്രയത്നത്താലും മഹാന്മാരാകുന്നുണ്ട്. വേറെ ചിലർക്കാവട്ടെ മഹാത്മസ്ഥാനം കെട്ടിവെയ്ക്കപ്പെടുന്നു.) മഹാകവിയുടെ ഈ അഭിപ്രായത്തെ ലോകം അതേവിധം സ്വീകരിക്കുമോ എന്നു സംശയമാണ്. ആഭിജാത്യം, ധനാഢ്യത, പിതൃമാഹാത്മ്യം എന്നിവയാൽ ഒരുവൻ യഥാർത്ഥ മഹാനായിത്തീരുന്നതല്ല. അവസരസേവകന്മാരും പാർശ്വവർത്തികളും, സ്ഥാപിതതാൽപ്പര്യക്കാരും ഒരുവനെ മഹാനെന്നു പ്രകീർത്തിച്ചതുകൊണ്ട് അവൻ മഹാനായി ഭവിക്കുന്നില്ല. പിന്നെയോ നിഷ്ക്കളങ്കവും നിസ്വാർത്ഥവുമായ ഉദ്ദേശ്യത്തോടെ ലോകത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അശ്രാന്തം പരിശ്രമിക്കുന്നവനെ മാത്രമേ ലോകം മഹാനായി പരിഗണിക്കുകയുള്ളു. "മഹാൻ" ആരാണെന്നുള്ള ചോദ്യത്തിൻ ഒരൊറ്റ വാചകത്തിലുത്തരം നൽകുവാൻ സാധിക്കും. "മാനവസമുദായത്തിന്റെ ഉത്കർഷത്തെ മാത്രം ലക്ഷ്യമാക്കി പരിപാവനമായ ഉദ്ദേശ്യത്തോടും, അചഞ്ചലമായ നിശ്ചയത്തോടും കൂടെ ജീവിതരംഗത്തിൽ പ്രവേശിക്കുകയും, അപ്പോഴപ്പോൾ നേരിടുന്ന വിവിധ വൈഷമ്യങ്ങളെ സധൈര്യം തരണം ചെയ്ത് ആജീവനാന്തം പരോപകാരാർത്ഥം പരിശ്രമിക്കുകയും ചെയ്യുന്നവനാരോ അവനാണ് മഹാൻ."

## മഹാനായ ആർച്ചുബിഷപ്പ്

ദിവംഗതനായ മാർ ഈവാനിയോസ് തിരുമേനിയുടെ ഏതാനും ചില ആദർശങ്ങളിൽ ഭിന്നാഭിപ്രായക്കാർ ഉണ്ടായിട്ടുണ്ടെങ്കിലും അദ്ദേഹം ഒരു മഹാൻ തന്നെ ആയിരുന്നു എന്ന വാസ്തവം നിഷേധിക്കുവാൻ ആർക്കും സാധിക്കുന്നതല്ല. കാരണം, മഹാത്മാക്കാൾക്കനുയോജ്യമായ സകല ഗുണഗണങ്ങളും ഇണങ്ങിച്ചേർന്ന ഒരു അസാമാന്യ വ്യക്തിയായിരുന്നു അദ്ദേഹം എന്നുള്ളതത്രേ. അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവിതപഥത്തിൽ സർവ്വത്ര പ്രകാശിച്ചിരുന്ന ഗുണങ്ങൾ

ഒരൊറ്റ വാചകത്തിൽ സംഗ്രഹിക്കുക സാധ്യമല്ല. അദ്ദേഹത്തിന്റെ അനന്യസാധാരണമായ ധിഷണാവിലാസം, നിശ്ചയദാർഢ്യം, അചഞ്ചലധൈര്യം എന്നിവ ആരെയും വിസ്മയപരതന്ത്രരാക്കാതിരിക്കുകയില്ല. ഒരു രാജാവിന്റെ ഭരണപാടവത്തോടും, യോദ്ധാവിന്റെ ധീരതയോടും, യതീന്ദ്രന്റെ സമചിത്തതയോടും, വിശുദ്ധന്റെ പരിപാവനതയോടും, ദൈവദൂതന്റെ വ്യക്തിപ്രഭാവത്തോടും കൂടെ ആ മഹാത്മാവ് നിരന്തരം പ്രവർത്തിച്ചു. വിവിധ സ്ഥാനങ്ങൾ അലങ്കരിച്ചു; നിരവധി സ്ഥാപനങ്ങൾ നിർമ്മിച്ചു; പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യേ ധീരധീരം പോരാടി. അവസാനം വിജയം കൈവരിച്ചു. ഉദ്ദിഷ്ടകാര്യം സാധിച്ചു കൃതാർത്ഥതയടയുകയും ചെയ്തു.

## പണ്ഡിത വരേണ്യൻ

"If I were the Pope, I would have appointed you a Cardinal" (ഞാൻ മാർപ്പാപ്പാ ആയിരുന്നുവെങ്കിൽ നിങ്ങളെ ഒരു കർദ്ദിനാളായി നിയമിക്കുമായിരുന്നു.) കത്തോലിക്കാസഭാപുനരൈക്യത്തിനു ശേഷം 1932–ൽ റോമാനഗരം സന്ദർശിച്ച അവസരത്തിൽ മാർ ഈവാനിയോസ് തിരുമേനിയുടെ വ്യക്തിവിലാസത്തിൽ ആകൃഷ്ടനായ ഒരു കർദ്ദിനാൾ പറഞ്ഞ വാക്കുകളാണ് മേലുദ്ധരിച്ചത്. "Thank God, you are not the Pope." (അവിടുന്നു മാർപ്പാപ്പാ അല്ലാത്തതിൽ ദൈവത്തിനു സ്തുതി) ഇതായിരുന്നു പ്രസ്തുത കർദ്ദിനാളിനു മാർ ഈവാനിയോസിൽ നിന്നും തൽക്ഷണം ലഭിച്ച മറുപടി. ഇവ്വിധം പല സന്ദർഭങ്ങളിലും ഒട്ടനേകം മഹാന്മാരിൽ നിന്നും പ്രശംസകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

വിവിധ ശാസ്ത്രങ്ങളിലും കലകളിലും, ഭാഷകളിലും അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം വിസ്മയാവഹമാണ്. ബാല്യകാലം മുതൽ വിജ്ഞാനസമ്പാദനത്തിൽ അദ്ദേഹം അതിയായ ഉത്സാഹം പ്രകടിപ്പിച്ചിരുന്നു. മതപരമായും, സാഹിത്യപരമായും, ശാസ്ത്രീയമായും ധാരാളം പുസ്തകങ്ങൾ അദ്ദേഹം വായിച്ചിട്ടുണ്ട്. അരശതാബ്ദം മുമ്പ് ഉത്കൃഷ്ട നിലയിൽ എം.എ.ബിരുദം കരസ്ഥമാക്കിയ അപൂർവ്വം ചില കേരളീയരിൽ ഒരുവനായിരുന്നു അദ്ദേഹം. വിജ്ഞാനസമ്പാദനത്തിന് ആരെയും ഗുരുവായി സ്വീകരിക്കുന്നതിൽ അദ്ദേഹത്തിനു യാതൊരു വൈമനസ്യവുമില്ലായിരുന്നു. ഇതരന്മാർക്കു വിജ്ഞാന വിതരണം ചെയ്യുവാൻ ലഭിച്ചിട്ടുള്ള സുവർണ്ണാവസരങ്ങൾ അദ്ദേഹം വേണ്ടവിധം വിനിയോഗിച്ചിട്ടുണ്ട്. ഗഹനങ്ങളും ഗംഭീരങ്ങളുമായ വിഷയങ്ങളെപ്പറ്റി രാഷ്ട്രമീമാംസകന്മാരോടും ഭരണധുരന്ധരന്മാരോടും ചർച്ച ചെയ്യുന്ന

ആ തിരുമേനി തന്നെ ചിലപ്പോൾ തീരെ നിസ്സാരന്മാരോടു ലഘുവിഷയങ്ങളെപ്പറ്റി സംസാരിച്ചു സുഖിക്കുന്നതു കാണാം. സുറിയാനി ഭാഷാ പണ്ഡിതനായ ഒരു മല്പാനുമായി സുറിയാനി വ്യാകരണം സംബന്ധിച്ചു സംഭാഷണം നടത്തുന്ന അദ്ദേഹം പന്തുകളിയെപ്പറ്റി അതിൽ വിദഗ്ദ്ധനായ ഒരു വിദ്യാർത്ഥിയോടു സോത്സാഹം സംസാരിച്ചു രസിക്കുന്നതു കാണാം. ഗോപാലനെന്നോ ഭൂപാലനെന്നോ, സചീവനെന്നോ സാരഥിയെന്നോ ഭേദം നോക്കാതെ ആരോടും സംസാരിക്കുകയും ആരെയും സ്വാധീനമാക്കുകയും ചെയ്യുന്ന ഒരു സ്വഭാവമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. എന്നുവേണ്ട, വിജ്ഞാനധനം ആരിൽ നിന്നും സമ്പാദിക്കുവാനും ആർക്കും വിതരണം ചെയ്യുവാനും ആ പണ്ഡിത സാർവ്വഭൗമൻ സദാ സന്നദ്ധനായിരുന്നു. ഇംഗ്ലീഷ്, മലയാളം, സുറിയാനി - എന്നീ ഭാഷകളിൽ അഗാധമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതേ, ഒരു പണ്ഡിതവരേണ്യൻ തന്നെയായിരുന്നു അദ്ദേഹം.

## രാഷ്ട്രീയചിന്തകൻ

തിരുവിതാംകൂർ ഭരണകൂട മേധാവിയായിരുന്ന സർ.സി.പി.രാമസ്വാമിഅയ്യർ പോലും തിരുമേനിയെ ഒരു മികച്ച രാഷ്ട്രീയ ചിന്തകനെന്ന നിലയിൽ അത്യന്തം ആദരിച്ചിട്ടുണ്ട്. ഗാന്ധിജി, നെഹ്രു, രാജഗോപാലാചാരി മുതലായ നേതാക്കന്മാരെപ്പോലും സർ.സി.പി. അത്ര വകവച്ചിരുന്നില്ല എന്നത് സർവ്വവിദിതമായ ഒരു പരമാർത്ഥമാണ്. അത്ര സ്വതന്ത്രനും ധീരനുമായ സർ.സി.പി. ഇപ്രകാരം തിരുമേനിയെ ആദരിച്ചതിൽ അനുവാവാചകന്മാർ അദ്ഭുതപ്പെട്ടേക്കാം. ബ്രിട്ടീഷ് പാർലമെന്റിൽ തിരുമേനിക്കുണ്ടായിരുന്ന സ്വാധീനശക്തിയെപ്പറ്റി സചിവോത്തമന് ഉത്തമവിശ്വാസമുണ്ടായിരുന്നു എന്നതാണ് ആ ഭയത്തിനും ബഹുമാനത്തിനും ഒരു കാരണം. സർ. സി.പി. യുടെ പല തന്ത്രങ്ങളും സൂക്ഷ്മമായി ഗ്രഹിച്ച് അവയ്ക്കു പ്രതിവിധി നിർവഹിക്കുവാൻ കഴിവുള്ള ഒരു പ്രതിഭാ സമ്പന്നനായിരുന്നു തിരുമേനിയെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. തിരുമേനിയുടെ നാനാമുഖമായ വൈദഗ്ദ്ധ്യത്തിൽ സചിവോത്തമൻ സന്തോഷിക്കുകയും വിസ്മയസ്തബ്ധനാകുകയും ചെയ്തു. തന്മൂലം അദ്ദേഹം തിരുമേനിയെ സസന്തോഷം ആദരിക്കുന്നതിനും അഭിനന്ദിക്കുന്നതിനും സംഗതിയായിത്തീർന്നു. സർ.സി.പി. യുടെ ഷഷ്ട്യബ്ദപൂർത്തി സംബന്ധിച്ച ഒരു സ്വീകരണം സ്വവസതിയിൽ വച്ചു ഒരുക്കൽ തിരുമേനി നിർവ്വഹിക്കുകയുണ്ടായി.

തദവസരത്തിൽ കത്തോലിക്കാ സഭയുടെ മാഹാത്മ്യത്തെപ്പറ്റി സർ. സി.പി. ഗംഭീരവും മധുരമനോജ്ഞവുമായ ഒരു പ്രസംഗം ചെയ്തു. അതു പല പാശ്ചാത്യപത്രങ്ങളിൽ പ്രസിദ്ധം ചെയ്യുന്നതിനും, വത്തിക്കാൻ റേഡിയോ മുഖേന പ്രക്ഷേപണം ചെയ്യിക്കുന്നതിനും, അങ്ങനെ സർ.സി.പി. അഖിലലോക പ്രശസ്തനാകുന്നതിനും ഇടയായിത്തീർന്നു. സ്നേഹിക്കുന്നവരെ അനുഗ്രഹിക്കുന്നതിന് തിരുമേനി മടിച്ചിട്ടില്ലെന്നുള്ളതിന് ഒരുത്തമോദാഹരണമത്രേ ഇത്.

യൂറോപ്പ്, അമേരിക്ക, ആസ്ത്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പര്യടനം നടത്തിയ അവസരത്തിൽ സുപ്രസിദ്ധ രാഷ്ട്രീയ നേതാക്കന്മാരെ സന്ദർശിക്കുന്നതിനും പല രാഷ്ട്രീയ വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും, തൽഫലമായി അവരുടെയെല്ലാം മുക്തകണ്ഠമായ പ്രശംസ ആർജ്ജിക്കുന്നതിനും ആർച്ചുബിഷപ്പിനു സാധിച്ചിട്ടുണ്ട്. ബ്രി:ചക്രവർത്തിയായ ജോർജ്ജു പഞ്ചമൻ, അയർലണ്ടിലെ കിരീടം വയ്ക്കാത്ത രാജാവായ ഡിവലറാ, സുപ്രസിദ്ധ സാഹിത്യകാരനായ ജീ.കെ., ചെസ്റ്റേർട്ടൻ, ജർമ്മനിയിലെ സുപ്രസിദ്ധനായ ഹിൻറൻബർഗ്ഗ്, കൊളോണിലെ ഇട പ്രഭുവായ കാർഡിനൽ ഷോൾട്ട്. സ്വിറ്റ്സർലൻഡിലെ പ്രസിഡന്റ് മോട്ടോ, ബൽജിയം രാജാവായ ആൽബർറ്റ് അമേരിക്കൻ പ്രസിഡന്റായ ട്രുമാൻ, കാനഡായിലെ ഗവർണ്ണർ ജനറൽ അലക്സാണ്ഡർ, കാർഡിനൽ സ്പെൽമാൻ തുടങ്ങിയ ഒട്ടനേകം മഹാന്മാർ ആദ്ദേഹം സന്ദർശിച്ച പരിചിതരായവരിൽ ചിലർ മാത്രമാണ്. കാനഡാ നിവാസികളായ ഭാരതീയർക്ക് അമേരിക്കൻ പൗരത്വം സമ്പാദിച്ചു കൊടുക്കുന്നതിൽ തന്റെ സ്വാധീശക്തി കാര്യക്ഷമമാംവിധം ആർച്ച്ബിഷപ്പ് ഉപയോഗിച്ചിരുന്നു. ഇന്നാട്ടിലെ മികച്ച രാഷ്ട്രീയനേതാക്കന്മാരിൽ പലരും കുഴഞ്ഞ രാഷ്ട്രീയ പ്രശ്നങ്ങളെപ്പറ്റി ആർച്ചുബിഷപ്പിന്റെ ആലോചന അഭിമുഖമായും കത്തുമുഖേനയും പലപ്പോഴും സ്വീകരിച്ചിട്ടുണ്ട്. രാഷ്ട്രീയകാര്യങ്ങളിൽ തിരുമേനിക്കുണ്ടായിരുന്ന പാണ്ഡിത്യത്തിന് ഇവയെല്ലാം മകുടോദാഹരണങ്ങളാണ്.

## അവിശ്രമ പരിശ്രമി

ഒരേ സമയത്തു വിവിധ ജോലികൾ നിർവ്വഹിക്കുന്നതിനുള്ള അനിതര സാധാരണമായ സാമർത്ഥ്യം അപൂർവ്വം ചില വ്യക്തികൾക്കു മാത്രമേ ലോകത്തിലുണ്ടായിട്ടുള്ളു. നമ്മുടെ കഥാനായകൻ ഈദൃശ വ്യക്തികളിൽ ഒരുവനായിരുന്നുവെന്ന് നിസ്സംശയം പ്രസ്താവിക്കാം. ഒരേ സമയം നാലു ജോലികൾ നിഷ്പ്രയാസം നിർവഹിക്കുവാൻ അദ്ദേ

ഹത്തിനു സാധിക്കുമായിരുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ പത്രവായനയും, സമീപസ്ഥിതരോടു സരസസംഭാഷണവും, ടൈപ്പുചെയ്യുവാനാവശ്യമുള്ള മാററററിനുവേണ്ടി കാത്തുനിൽക്കുന്ന ക്ലാർക്കിന് തൽസംബന്ധമായ നിർദ്ദേശങ്ങളും അദ്ദേഹം അനായാസേന നിർവ്വഹിച്ചു വന്നു. ജീവിതകാലത്തിൽ വിശ്രമത്തിന്റെ സ്വാദ് അദ്ദേഹം അറിഞ്ഞിട്ടുണ്ടോ എന്നുതന്നെ സംശയമാണ്. വർഷം തോറും ചുരുങ്ങിയ കാലമെങ്കിലും വിശ്രമത്തിനായി വിനിയോഗിക്കണമെന്ന് പല വൈദ്യവിദഗ്ദന്മാരും, ആപ്തമിത്രങ്ങളും അദ്ദേഹത്തിനുപദേശം നൽകിയിട്ടുണ്ട്. എന്നാൽ കൃത്യാന്തരബാഹുല്യം ക്രാന്തദർശിയായ അദ്ദേഹത്തെ അടിക്കടി അവിശ്രമത്തിലേക്കിഴച്ചിഴച്ചടുപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. എപ്പോഴും കർമ്മനിരതനായിട്ടല്ലാതെ തിരുമേനിയെ കാൺമാൻ ഒരു സന്ദർശകനും സാധിച്ചിട്ടില്ല. ഏവം വിധം വിശ്രമരഹിതനായി ദീർഘകാലം നിരന്തരപരിശ്രമം ചെയ്തതിന്റെ ഫലമായിട്ടാണു പല വൻ കാര്യങ്ങളും, ലോകോപകാരാർത്ഥം നിർവ്വഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുള്ളത്. അങ്ങനെ ഈ ലോകജീവിതമത്സരത്തിൽ പൂർണ്ണവിജയം സമ്പാദിക്കുന്നതിനും, ജഗത്പിതാവിന്റെ 'വിശ്വസ്തഭൃത്യ' പദമലങ്കരിക്കുന്നതിനും, ആ വിശ്വൈകനാഥനിൽ നിന്നും നിത്യസമ്മാനം സ്വീകരിക്കുന്നതിനുമുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു.

## പുനരൈക്യ പ്രണേതാവ്

"മരണാനന്തരം ഞാൻ സ്വർഗത്തിലെത്തിയ ശേഷം എന്റെ അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യത്തിനുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കും". ക്ഷീണിതഗാത്രനായി, ആസന്നമരണനായി, രോഗശയ്യാവലംബിയായി ഇരുന്ന സന്ദർഭത്തിൽ അടുത്തുനിന്നിരുന്ന സഹായമെത്രാൻ മാർ ഗ്രീഗോറിയോസ് തിരുമേനിയോട് ആർച്ചുബിഷപ്പ് പ്രസ്താവിച്ച വചനങ്ങളാണ് ഇവ.

മാർത്തോമ്മാശ്ലീഹായുടെ സന്താനങ്ങളും, വിവധ സഭകളിലായി ചിന്നിച്ചിതറിക്കിടക്കുന്നവരുമായ കേരളത്തിലെ അനേകലക്ഷം ക്രൈസ്തവസഹോദരങ്ങളെ മാതൃസഭയായ കത്തോലിക്കാസഭയിലേക്കാനയിക്കണമെന്നുള്ളതായിരുന്നു അഭിവന്ദ്യ തിരുമേനിയുടെ നിരന്തരാഭിലാഷം. അതിനുള്ള സുഗമമാർഗ്ഗം തുറന്നു കിട്ടുവാൻ വേണ്ടി യാക്കോബായ സഭാംഗമായിരുന്നപ്പോൾത്തന്നെ അദ്ദേഹം അക്ഷീണ പരിശ്രമം ചെയ്തു. സഹപ്രവർത്തകരായ മെത്രാന്മാർക്കും വൈദിക

ന്മാർക്കും അദ്ദേഹം പ്രേരണ നൽകി. അന്ത്യോക്യയുമായും റോമയുമായും അനേകം കത്തിടപാടുകൾ നടത്തി. തന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത അത്മാനേതാക്കന്മാരെയും ജനങ്ങളേയും അതിനായി അദ്ദേഹം ഗുണദോഷിച്ചു. മലങ്കരസുറിയാനിറീത്തിനും വൈദിക സംസ്ഥാനത്തിനുമുള്ള അനുവാദം റോമാസിംഹാസനത്തിൽ നിന്നും അദ്ദേഹം സമ്പാദിച്ചു. പ്രതികൂല സാഹചര്യങ്ങളുടെ സന്തത സമ്മർദ്ദമേറ്റുകൊണ്ട് ഇരുപത്തിരണ്ടു വർഷക്കാലം പുനരൈക്യത്തിന്റെ പുരോഗതിക്കു വേണ്ടി അദ്ദേഹം രാപ്പകൽ പ്രയത്നിച്ചു. കേരളത്തിലെ പന്ത്രണ്ടു ലക്ഷത്തിൽപ്പരം അകത്തോലിക്കാ സഹോദരങ്ങളുടെ കത്തോലിക്കാസഭയിലേക്കുള്ള പ്രത്യാഗമനമായിരുന്നു അദ്ദേഹത്തിന്റെ നിരന്തരാഭിലാക്ഷം. അതിനുവേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ സർവ്വ പ്രയത്നങ്ങളും പ്രാർത്ഥനകളും. നിരന്തരമായ പരിശ്രമം, ത്യാഗം പ്രാർത്ഥന എന്നിവയുടെ ഫലമായി ദൈവാലയങ്ങൾ , മഠങ്ങൾ, ആശ്രമങ്ങൾ, വിദ്യാലയങ്ങൾ ആദിയായ നിരവധി സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. തന്മൂലം പതിനായിരക്കണക്കിന് അകത്തോലിക്കാസഹോദരങ്ങളെ കത്തോലിക്കാസഭാ മാതൃസങ്കേതത്തിലേക്ക് ആനയിക്കുവാനുള്ള ഭാഗ്യവും അദ്ദേഹത്തിനു സിദ്ധിച്ചു. അങ്ങനെ പുനരൈക്യപ്രസ്ഥാന ശിശുവിനെ ഇരുപത്തിരണ്ടു വർഷം വാത്സല്യപൂർവ്വം താലോലിച്ചു വളർത്തിയ ശേഷം ഭാവിതലമുറയുടെ കരങ്ങളിൽ ഭാരമേൽപ്പിച്ചുകൊണ്ടു സന്തുഷ്ടനും കൃതകൃത്യനുമായി കാലയവനികയ്ക്കുള്ളിൽ അദ്ദേഹം തിരോധാനം ചെയ്തു. ആ ശിശുവിന്റെ അഭിവൃദ്ധിക്കും പരിപുഷ്ടിയ്ക്കും വേണ്ടി ജഗദീശസന്നിധിയിൽ അദ്ദേഹം ഇന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതായി നമുക്കു വിശ്വസിക്കുകയും ചെയ്യാം.

## കർമ്മയോഗി

“ദൈവകൃപയാൽ എന്റെ ജീവിതാഭിലാഷങ്ങൾ മിക്കവാറും സാധിച്ചുകഴിഞ്ഞിരിക്കുന്നു. ഇനിയും രണ്ടു ആഗ്രഹങ്ങൾ കൂടെ അവ ശേഷിച്ചിട്ടുണ്ട്. പണിനടത്തിക്കൊണ്ടിരിക്കുന്ന കത്തീഡ്രൽദൈവാലയത്തിൽ ദിവ്യബലി അർപ്പിക്കണമെന്നതാണ് ഒന്നാമത്തേത്. എന്റെ കൈകൊണ്ടുതന്നെ ഒരുസഹായമെത്രാനെ വാഴിക്കണമെന്നുള്ളത് രണ്ടാമത്തേതും.” അന്ത്യകൂദാശ സ്വീകരിച്ച് ആസന്നമരണനായി രോഗശയ്യയിൽ കിടന്ന അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന റവ.ഫാദർ കോശി ഒ.ഐ.സി. അവർകളോട് ആർച്ച്ബിഷപ്പ് പറഞ്ഞ വചനങ്ങ

ളാണ് മേലുദ്ധരിച്ചവ. അദ്ദേഹത്തിന്റെ അപ്പോഴത്തെ ശരീരസ്ഥിതി കണ്ട റിഞ്ഞിട്ടുള്ള ഒരുവനും ഈ ആഗ്രഹം സാധിതപ്രായമാകുമെന്ന് വിശ്വ സിക്കാൻ കഴിഞ്ഞില്ല. എങ്കിലും അഭിവന്ദ്യ തിരുമേനിയുടെ ജീവിത ത്തിലെ നിരവധി അഭിലാഷങ്ങൾ സാധിച്ചു കൊടുത്തിട്ടുള്ള സർവ്വശ ക്തനായ ദൈവം ജീവിതസായാഹനവേളയിലെ ഈ ആഗ്രഹങ്ങളും സാധിച്ചു തൃപ്തിപ്പെടുത്തുകതന്നെ ചെയ്തു. രോഗവിവശനായ തിരു മേനിക്ക് മെത്രാഭിഷേകകർമ്മം നിർവഹിക്കുവാൻ സാദ്ധ്യമല്ലെന്ന് അവി ടെക്കൂടിയിരുന്നവർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയാണുണ്ടായത്. എങ്കിലും കരുണാനിധിയായ ദൈവത്തിന്റെ അനുഗ്രഹവും തിരുമേ നിയുടെ സുധീരവുമായ മനശ്ശക്തിയും യോജിച്ചുപ്രവർത്തിച്ചതിന്റെ ഫലമായി അരോഗദൃഢഗാത്രനെപ്പോലെ ആഘോഷപൂർവ്വം ദിവ്യബലി അർപ്പിക്കുന്നതിനും മൂന്നരമണിക്കൂർ ദീർഘിച്ച ആ മെത്രഭിഷേകകർമ്മം നിർവ്വഹിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. അങ്ങനെ ചിരപ്രതീ ക്ഷിതമായ ആ രണ്ടു മനോരഥങ്ങളും സഫലമായിത്തീരുകയും ചെയ്തു.

എം.ഡി.സെമിനാരി പ്രിൻസിപ്പൽ, സെറാംപൂർ കോളേജ് പ്രൊഫ സർ, ബഥനി ആശ്രമാദ്ധ്യക്ഷൻ, പുനരൈക്യപ്രണേതാവ്, തിരുവന ന്തപുരം ആർച്ചുബിഷപ്പ് എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന അവ സരങ്ങളിലെല്ലാം അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ ഓരോന്നായി സാധി ച്ചിട്ടുണ്ട്. നിസ്വാർത്ഥമായ ഉദ്ദേശം, സുദൃഢമായ മനഃസ്ഥിതി, അവിശ്ര മപരിശ്രമം, സർവ്വോപരി ദൈവാനുഗ്രഹം എന്നിവയായിരുന്നു അഭി ലാഷനിർവ്വഹണത്തിൽ വിജയമകുടം ചൂടുന്നതിന് തിരുമേനിക്ക് സഹാ യമായിത്തീർന്നിട്ടുള്ളത്. നാല്പത്തഞ്ചുവർഷം മുൻപ് കോട്ടയം എം. ഡി.സെമിനാരിയിലെ പ്രിൻസിപ്പാളായിരുന്ന അവസരത്തിൽ പ്രസ്തുത സെമ്മനാരിയെ ഒരു ഒന്നാം ഗ്രേഡ് കോളേജ് ആയി ഉയർത്തണമെന്ന് അദ്ദേഹത്തിൽ അങ്കുരിച്ച ആശാമുകുളം “മാർ ഈവാനിയോസ് കോളേജി”ന്റെ നിർമ്മാണത്തോടുകൂടിയാണ് വികസിതമായത്. പത്തു കൊല്ലത്തെ നിരന്തര പരിശ്രമത്തിന്റേയും പ്രാർത്ഥനയുടേയും ഫലമാ യിട്ടാണ് ബഥനിആശ്രമവും മഠവും മറ്റും സ്ഥാപിക്കുവാൻ അദ്ദേഹ ത്തിനു സാധിച്ചത്. മലങ്കര സുറിയാനിറീത്തും, തിരുവനന്തപുരം വൈദിക സംസ്ഥാനവും പരിശുദ്ധസിംഹാസനത്തിൽ നിന്നും അനു വദിപ്പിക്കുവാൻ അനേകവർഷക്കാലം ഭഗീരഥപ്രയത്നംതന്നെ അദ്ദേ ഹത്തിനു ചെയ്യേണ്ടി വന്നു. ഇരുപതു വർഷത്തെ അനുസ്യൂതമായ

പ്രവർത്തനങ്ങളുടേയും പ്രാർത്ഥനയുടെയും ഫലമായിട്ടാണ് പുനരൈക്യപ്രസ്ഥാനത്തെ വിസ്മയാവഹമായ നിലയിൽ അഭിവൃദ്ധിപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിച്ചത്. ഏതു കാര്യത്തിലും വിജയം കൈവരിക്കത്തക്ക ഒരസാധാരണ ഭാഗ്യമായിരുന്നു അഭിവന്ദ്യ തിരുമേനിയെ നിരന്തരം അനുഗ്രഹിച്ചിരുന്നത്.

## വിദ്യാഭ്യാസ പ്രവർത്തകൻ

1940-ൽ ആർച്ചുബിഷപ്പിന്റെ മാനേജ്മെന്റിൽ പട്ടത്തു സമാരംഭിച്ച ഇംഗ്ലീഷ് ഹൈസ്ക്കുൾ ഉത്ഘാടനം ചെയ്തുകൊണ്ട് വിദ്യാഭ്യാസ ഡയറക്ടർ ശ്രീ.ഏ.ഗോപാലമേനോൻ M.A.B.Com. ചെയ്ത പ്രസംഗത്തിലെ ഒരുഭാഗം ഇപ്രകാരമായിരുന്നു:- "തിരുവിതാംകൂറിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഇദംപ്രഥമമായി നടക്കുന്ന ഒരു സംഭവമാണിത്. പ്രിപ്പയാറട്ടറി മുതൽ സിക്സ്ത് ഫോറം വരെയുള്ള ക്ലാസ്സുകൾ ഒരൊറ്റ ദിവസം തന്നെ ആരംഭിക്കുന്നതും, എഴുനൂറോളം വിദ്യാർത്ഥികളെ ഇതര വിദ്യാലയങ്ങളിൽ നിന്നും വരുത്തി പ്രവേശനം നൽകുന്നതും. മാർ ഈവാനിയോസ് തിരുമേനിയുടെ സമസൃഷ്ടസേവനസന്നദ്ധതയേയും, വിദ്യാഭ്യാസ താല്പര്യത്തേയും, പ്രവർത്തനവൈദഗ്ദ്ധ്യത്തേയുമത്രേ ഇതു പ്രസ്പഷ്ടമാക്കുന്നത്.

മദ്രാസ് സർവ്വകലാശാലയിൽ നിന്നും സ്തുത്യർഹമാംവിധം എം.ഏ. ബിരുദം കരസ്ഥമാക്കിയ കഥാപുരുഷൻ വിദ്യാഭ്യാസത്തിന് പ്രചുരപ്രചാരം നൽകി ഇന്നാട്ടിലെ ജനങ്ങളെ അഭ്യസ്തവിദ്യരും സംസ്ക്കാരസമ്പന്നരുമാക്കുവാൻ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്നു. കോട്ടയം എം.ഡി.സെമിനാരിയിലും സെറാംപൂർ കോളേജിലും ഉദ്യോഗം വഹിച്ചിരുന്ന കാലയളവിൽ ഒട്ടനേകം വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി അദ്ദേഹം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. മദ്രാസ്, കൽക്കട്ട, സെറാംപൂർ തുടങ്ങിയ കലാലയങ്ങളിലേക്ക് വൈദികരും അവൈദികരുമായ അനേകം വിദ്യാർത്ഥികളെ അദ്ദേഹം അയയ്ക്കുകയും അവരുടെ രക്ഷകർതൃത്വം വഹിച്ച് നിസ്വാർത്ഥം സഹായിക്കുകയും ചെയ്തിട്ടുണ്ട്.

കത്തോലിക്കാ പുനരൈക്യത്തിനുശേഷവും പ്രൈമറി, സ്കൂൾ, മിഡിൽ സ്കൂൾ, ഹൈസ്ക്കൂൾ എന്നിങ്ങനെ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലായി അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. കഥാപുരുഷന്റെ അശ്രാന്തപരിശ്രമത്തിന്റെയും വിദ്യാ

ഭ്യാസതീഷ്ണതയുടെയും സേവനസന്നദ്ധതയുടെയും സജീവസ്മാരകമായി തലസ്ഥാനനഗരിയിൽ നിർമ്മിച്ചിരിക്കുന്ന "മാർ ഈവാനിയോസ് കോളേജ്" അദ്ദേഹത്തിന്റെ മറ്റെല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും മകുടമെന്നപോലെ ഏതു കാലത്തും പരിലസിക്കുക തന്നെ ചെയ്യും. മദ്രാസ് സർവ്വകലാശാലയുടേയും തിരുവിതാംകൂർ സർവ്വകലാശാലയുടേയും പൗരസ്ത്യഭാഷാസമിതിയുടെ അദ്ധ്യക്ഷസ്ഥാനം മരണപര്യന്തം അദ്ദേഹം അലങ്കരിച്ചിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമത്രേ.

## പാവനചരിതൻ

ദിവംഗതനായ ആർച്ചുബിഷപ്പ് മാർ സേവേറിയോസ് ഒരു പ്രസംഗമദ്ധ്യേ കഥാപുരുഷനെപ്പറ്റി ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. "സെറാംപൂർ കോളേജിൽ വച്ച് എന്റെ വന്ദ്യഗുരുനാഥന്റെ പുറത്ത് ചൂരൽ വടികൊണ്ടടിച്ച് അനേകം മുറിവുകൾ ഏൽപ്പിക്കുന്നതിന് എനിക്കിടയായിട്ടുണ്ടെന്നുള്ള വാസ്തവം സവ്യസനം പ്രസ്താവിച്ചുകൊള്ളുന്നു. അന്നു ശെമ്മാശനായി അവിടെ പഠിച്ചുകൊണ്ടിരുന്ന എന്നെ മാളികയുടെ മുകൾത്തട്ടിലേക്ക് അദ്ദേഹം വിളിച്ചുകൊണ്ടുപോയി ചൂരൽ കൊണ്ട് അദ്ദേഹത്തിന്റെ നഗ്നമായ മുതുകിൽ അടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. നിർദ്ദയവും സങ്കടകരവുമായ ഈ കൃത്യം പല പ്രാവശ്യം അനുഷ്ഠിക്കുവാൻ ഞാൻ നിർബന്ധിതനായിട്ടുണ്ടെന്നുള്ള സ്മരണതന്നെ ഇന്നും എന്നെ വേപിതഗാത്രനും രോമകുഞ്ചുകിതനുമാക്കുകയാണു ചെയ്യുന്നത്. ആ അലംഘനീയ ഗുരുശാസനത്തിനു വിധേയനായ ഞാൻ നീതിയുടെ ദൃഷ്ടിയിൽ ലജ്ജിതനാകാതിരിക്കട്ടെ."

അടിയുറച്ച ദൈവവിശ്വാസത്തിൽ ബാല്യകാലം മുതൽ വളർന്നുവന്ന കഥാപുരുഷൻ മരണപര്യന്തം ഉത്തമ ഭക്തനായിത്തന്നെ ജീവിതനൗകയെ നിയന്ത്രിച്ചുകൊണ്ടിരുന്നു. ദൈവമഹത്വത്തെയും ആത്മാക്കളുടെ രക്ഷയേയും മാത്രം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിലായിരുന്നു അദ്ദേഹം ആജീവനാന്തം ഏർപ്പെട്ടിരുന്നത്. ഉൽകൃഷ്ടമായ ആദ്ധ്യാത്മികജീവിതം നയിക്കുന്നതിനുള്ള സകല സാഹചര്യങ്ങളും ഒത്തിണങ്ങിയ കത്തോലിക്കാ സഭയിൽ പ്രവേശിച്ചശേഷം ജീവിത നിയന്ത്രണത്തിൽ അദ്ദേഹം പൂർവ്വാധികം ശ്രദ്ധപതിപ്പിച്ചിരുന്നു. ദൈനംദിന നമസ്ക്കാരങ്ങൾ, ദിവ്യബലി, ധ്യാനം, ദൈവമാതൃഭക്തി, ആത്മദണ്ഡനം ആഥവാ സ്വാപരാധപ്രതിവിധികൾ, നോയമ്പാചാരണങ്ങൾ

ഇവയിലെല്ലാം അദ്ദേഹം അത്യന്തം ജാഗരൂകനായിരുന്നു. അർദ്ധരാത്രിസമയങ്ങളിൽ അരമനച്ചാപ്പലിൽ വി.കുർബാനയുടെ മുമ്പാകെ തനിക്കും തന്നെ ഭാരമേൽപ്പിച്ചിരിക്കുന്ന അജഗണത്തിനും വേണ്ടി അശ്രുധാരാകലുഷിതമായി, ധ്യാനനിരതനായിരിക്കുന്ന ആർച്ചുബിഷപ്പിനെ ദർശിക്കുന്നതിന് അരമനയിലെ അന്തേവാസികൾക്കു പലപ്പോഴും സാധിച്ചിട്ടുണ്ട്. മരണത്തിനുമുമ്പ് രോഗക്കിടക്കയിൽ വച്ച് ദൈവം തനിക്ക് നൽകിയ ആ ചുരുങ്ങിയ അവസരം വ്യർത്ഥമാക്കാതെ വേണ്ട വിധം വിനിയോഗിക്കുന്നതിനുള്ള ഭാഗ്യവും അദ്ദേഹത്തിനു സിദ്ധിച്ചു. തൽഫലമായി സന്തോഷത്തോടും മനശ്ശാന്തിയോടും കൂടെ ദൈവതൃക്കരങ്ങളിൽ തന്റെ ആത്മാവിനെ സമർപ്പിക്കുന്നതിനും അങ്ങനെ ഭാഗ്യമരണം പ്രാപിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു.

## പ്രത്യവലോകനം

ജീവിതത്തിൽ തങ്ങൾക്കുണ്ടായിട്ടുള്ള വിവിധ അനുഭവങ്ങളെയും ദൈവത്തിനും സമസൃഷ്ടങ്ങൾക്കും വേണ്ടി അവരവർ ചെയ്തിട്ടുള്ള സേവനങ്ങളേയും പറ്റി ശാന്തമായി സ്മരിക്കുവാൻ പര്യാപ്തമായ ഒരു രംഗമാണ് രോഗശയ്യ. കരുണാനിധിയും സ്നേഹസ്വരൂപനുമായ ദൈവം ബലഹീനനായ തന്നെ ആയുധമാക്കി സാധിച്ചിട്ടുള്ള ഒട്ടനേകം കാര്യങ്ങളെ സ്മരിച്ചുകൊണ്ട് ശയ്യാവലംബിയായ തിരുമേനി പലപ്പോഴും സന്തോഷാശ്രുക്കൾ വർഷിച്ചിട്ടുണ്ട്. അപ്രകാരം തന്നെ തന്റെ തെറ്റുകളും, കുറ്റങ്ങളും, കുറവുകളും, വിചാരിച്ചു ദുഃഖിച്ചിട്ടുമുണ്ട്. രോഗശയ്യയ്ക്കു ചുറ്റും കൂടി നിന്നവരോട് ഒരിക്കൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി. "ഒട്ടനേകം തെറ്റുകളും കുറ്റങ്ങളും എന്റെ ജീവിതത്തിൽ വന്നുപോയിട്ടുണ്ട്. എങ്കിലും കൃപാനിധിയായ ദൈവം എന്നോട് അതെല്ലാം ക്ഷമിച്ചിട്ടുണ്ടെന്നുള്ള പരിപൂർണ്ണവിശ്വാസമാണ് എനിക്കാശ്വാസകരമായിട്ടുള്ളത്. കാരണം നല്ല ഉദ്ദേശത്തോടുകൂടി മാത്രമേ ഞാൻ അവയെല്ലാം പ്രവർത്തിച്ചിട്ടുള്ളു." "നീതിമാനില്ല ഒരുത്തൻപോലുമില്ല" എന്ന വേദവചനവും

"എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും
തണ്ടാർമകൻ ഹന്ത ചമച്ചതുണ്ടോ?" എന്ന കവിവാചകവുമത്രേ ഈ സന്ദർഭത്തിൽ സ്മൃതിപഥത്തിലുദയം ചെയ്യുന്നത്. സമസൃഷ്ടങ്ങളുടെ അഭ്യുന്നതിയെ ലാക്കാക്കി പ്രവർത്തിക്കുവാൻ മുമ്പോട്ടിറങ്ങിയിട്ടുള്ള മഹത്തുക്കളിൽ നിസ്സാരമായ ന്യൂനതകളും പിശകുകളും പറ്റിയിട്ടില്ലാത്ത ഒരൊറ്റ വ്യക്തിയെ എങ്കിലും കണ്ടെത്തുവാൻ

സാധിക്കുന്നതല്ല. ഓടിനടക്കുന്ന ശിശുവിനുമാത്രമേ ഉരുണ്ടുവീഴുന്നതിനും മുറിവുകൾ പറ്റുന്നതിനും ഇടയാകയുള്ളു. വന്ധ്യയ്ക്കു സന്താനനഷ്ടവും, കിടക്കയിൽ കിടക്കുന്നവനു വീഴ്ചയും സംഭവ്യമല്ലല്ലോ. ധീരാത്മാക്കളും കർമ്മോന്മുഖരുമായവർക്കു പലപ്പോഴും പരാജയം, നൈരാശ്യം, സന്താപം എന്നിവയുടെ സ്വാദ് അനുഭവിക്കാനിടയാക്കുക സാധാരണമാണ്. എന്നാൽ ജീവിതത്തിൽ ക്ലേശങ്ങളോ പരാജയമോ നേരിടുന്നതു നിമിത്തം പ്രവർത്തനങ്ങളിൽ നിന്നും പിന്തിരിയുന്നത് ഉത്തമന്മാർക്കു യോജിക്കുന്നതല്ല. പിന്നെയോ, വീഴുകളും, പിശകുകളും പറ്റിയാൽ അവയെതിരുത്തി വീണ്ടും അവയിൽ അകപ്പെടാതെ സധൈര്യം ജീവിതയാത്ര തുടരുന്നവർക്കു മാത്രമേ അവസാനം നിശ്ചിത സ്ഥലത്തു ചെന്നു ചേരുന്നതിനും വിജയമകുടം ചൂടുന്നതിനുമുള്ള ഭാഗ്യം സിദ്ധിക്കുകയുള്ളു.

നാൽപ്പത്തിയഞ്ചു വർഷത്തെ സുദീർഘവും വിശ്രമരഹിതവുമായ പ്രവർത്തനങ്ങൾക്കിടയിൽ അപൂർവ്വം ചില ബലഹീനതകൾ ആർച്ചുബിഷപ്പിനേയും ബാധിച്ചിട്ടുണ്ടായിരിക്കാം. എങ്കിലും ജീവിതലക്ഷ്യത്തിൽ നിന്നും അദ്ദേഹത്തെ അണുമാത്രം വ്യതിചലിപ്പിക്കുവാൻ അവയ്ക്കൊന്നും ശക്തിയുണ്ടായിട്ടില്ല. ധീരനായ ഒരു പടയാളിയെപ്പോലെ അല്ല, ഒരു സേനാനായകനെപ്പോലെ സ്വാപരാധങ്ങൾ തിരുത്തിയും, ന്യൂനതകൾ പരിഹരിച്ചും അവസാനനിമിഷംവരെ ജീവിതായോധനം നടത്തിയതിന്റെ ഫലമായി “ഞാൻ എന്റെ ഓട്ടം ഓടി, വിശ്വാസം കാത്തു. ജീവകിരീടം എനിക്കായി വെച്ചിരിക്കുന്നു.” എന്നുസമാധാനത്തോടും സന്തോഷത്തോടും കൂടെ പ്രസ്താവിച്ചുകൊണ്ട് വിജയശ്രീലാളിതനായി കാലയവനികയ്ക്കുള്ളിൽ ആ മഹാരഥൻ മറയുകയും ചെയ്തു.

# അദ്ധ്യായം - 2

# പണിക്കർകുടുംബചരിത്രം

മദ്ധ്യതിരുവിതാംകൂറിൽ മാവേലിക്കരെയുള്ള സുപ്രസിദ്ധമായ പണിക്കർ കുടുംബത്തിലാണ് നമ്മുടെ കഥാനായകൻ ഭൂജാതനായത്. അതിപുരാതനമായ പ്രസ്തുത കുടുംബത്തിന്റേയും അതിലെ പൂർവ്വജന്മാരുടേയും ചരിത്രം സംക്ഷിപ്തമായി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതിനുദ്ദേശിക്കുന്നു.

**ക്ഷത്രിയവംശജർ**

മദ്രാസ് പ്രസിഡൻസിയിൽ ബംഗാൾ ഉൾക്കടലിന്റെ തീരത്ത് പെന്നാറിനും വെള്ളാറിനും മദ്ധ്യേ അതിപുരാതനകാലം മുതലേ "ചോളമണ്ഡലം" എന്ന പേരോടുകൂടിയ ഒരു ഗ്രാമം സ്ഥിതി ചെയ്തിരുന്നു. ഉത്കൃഷ്ടവംശജരായ ക്ഷത്രിയർ പ്രചീനകാലം മുതൽത്തന്നെ പ്രസ്തുത ഗ്രാമത്തെ അധിവസിച്ചിരുന്നു. ജ്യോതിഷം, വൈദ്യം, ആദിയായ ശാസ്ത്രങ്ങളിലും ആയുധാഭ്യാസത്തിലും അസാധാരണനിപുണന്മാരായിരുന്നു അവർ. പല രാജ്യങ്ങളിലും അവർ സഞ്ചരിച്ച് അവിടങ്ങളിലെ രാജാക്കന്മാരെ യുദ്ധത്തിൽ സഹായിക്കുകയും അതിനു പ്രതിഫലമെന്നോണം പണവും സമ്മാനങ്ങളും വാങ്ങി ഉപജീവനമാർഗ്ഗം നിർവ്വഹിച്ചു പോരുകയും ചെയ്തിരുന്നു. ക്രിസ്ത്വബ്ദം 345-ൽ ചേരമാൻ പെരുമാൾ എന്ന പേരോടു കൂടിയ ഭാസ്കരരവിവർമ്മ രാജാവിന്റെ കാലത്ത് സിറിയായിൽ നിന്നും ക്നായിത്തൊമ്മനും ഏതാനും വൈദികന്മാരും ഒട്ടനേകം കച്ചവടക്കാരും കപ്പൽ മാർഗ്ഗം കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയെന്നുള്ളത് ഒരു ചരിത്ര വസ്തുതയാണല്ലോ. പ്രസ്തുത വാണിഗ്വരന്മാരിലും അനുയായികളിലും സന്തുഷ്ട

നായിത്തീർന്ന ചേരമാൻപെരുമാൾ അവർക്കു താമസിക്കുന്നതിനുള്ള സ്ഥലവും കെട്ടിടങ്ങളും ദാനം ചെയ്യുകയും നിരവധി സ്ഥാനമാനങ്ങൾ നൽകുകയും ചെയ്തു. ക്രൈസ്തവമതാനുയായികളായിരുന്ന ക്നായി ത്തൊമ്മനും കൂട്ടരും കൊടുങ്ങല്ലൂരിലും പരിസരങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷം ഘോഷിച്ച് ഒട്ടനേകം ഹൈന്ദവരെ ക്രിസ്തുമതാവലംബികളാക്കിത്തീർത്തു. ഈ കാലഘട്ടത്തിൽ ചോളമണ്ഡലത്തിൽ നിന്നും ഏതാനും ക്ഷത്രിയർ കരമാർഗ്ഗം കൊടുങ്ങല്ലൂരിൽ വന്നെത്തി. പരമ്പരാചാരാനുഷ്ഠാനങ്ങളിൽ ദൃഢനിഷ്ഠയുണ്ടായിരുന്ന ഇവർ അക്കാലത്ത് ചോളമണ്ഡലത്തിൽ പ്രാബല്യം പ്രാപിച്ച പല്ലവന്മാരുടെ ബുദ്ധമതപ്രചരണത്തോടുണ്ടായ വിപ്രതിപത്തി നിമിത്തമായിരിക്കണം അവിടെ നിന്നും പുറപ്പെട്ടു കേരളത്തിൽ വന്നെത്തിയതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ആയുധാഭ്യാസത്തിൽ നിപുണരായിരുന്ന ഇവരുടെ ആയോധനപാടവം പരീക്ഷിക്കുന്നതിന് ചേരമാൻപെരുമാൾ രാജാവ് നിശ്ചയിച്ചു. രാജാവിനും ഇതരസന്ദർശകന്മാർക്കും അത്ഭുതം ജനിക്കുമാറ് നിരവധി അഭ്യാസപ്രകടനങ്ങൾ അവർ നടത്തുകയുണ്ടായി. അവയിൽ ചിലതുമാത്രം ചുവടെ ചേർത്തുകൊള്ളുന്നു.

1. ഒരു വലിയ സിംഹത്തെ അടച്ചിട്ടിരുന്ന കൂട്ടിൽ വാളും പരിചയുമായി ഒരുവൻ പ്രവേശിച്ച് ആ സിംഹവുമായി മല്ലയുദ്ധം നടത്തി അവസാനം അതിനെ വെട്ടിക്കൊല്ലുക (ഏവംവിധമുള്ള മൃഗയുദ്ധം "പുലിയങ്ക"മെന്ന പേരിലാണ് അക്കാലത്ത് അറിയപ്പെട്ടിരുന്നത്.)

2. ഒരു വിശാലസരസ്സിലുള്ള താമരയിലയിൽ ഒരുവൻ കയറിനിന്നുകൊണ്ട് ചില അഭ്യാസങ്ങൾ പ്രദർശിപ്പിക്കുക. "(ജലസ്ഥലാങ്കം" എന്നാണത്രേ ഈ അഭ്യാസത്തിനു പേര്).

3. ഒരു മരത്തിൽ തൂങ്ങിക്കിടക്കുന്ന മൃദുലമായ ഊഞ്ഞാൽ വള്ളിയിൽക്കൂടെ അതിവേഗം മേല്പ്പോട്ടുകയറി വൃക്ഷത്തിന്റെ മുകളിൽ ചെന്നെത്തുക.

4. കൊട്ടാരത്തിന്റെ പിൻഭാഗത്തുള്ള ഉന്നതമായ മതിലിന്മേൽ അഭ്യാസമുറയനുസരിച്ച് ചാടിക്കയറി കെട്ടിടത്തിന്റെ മുകളിൽക്കൂടെ മുൻവശത്തേ അങ്കണത്തിലേക്ക് യാതൊരപകടവും കൂടാതെ ഇറങ്ങുക.

ഈ ദൃശാഭ്യാസപ്രകടനങ്ങൾ ദർശിച്ചുകൊണ്ടിരുന്ന രാജാവും ക്നായിത്തൊമ്മനും കൊടുങ്ങല്ലൂർ പട്ടണത്തിൽത്തന്നെ അവരെ അധി

വസിപ്പിക്കുന്നതിനു നിശ്ചയിച്ചു. താമസം ഭക്ഷണം ആദിയായവയ്ക്കുള്ള സൗകര്യങ്ങൾക്കു പുറമേ ചില പ്രത്യേക പദവികളും സ്ഥാനങ്ങളും അവർക്കു നൽകുകയും ചെയ്തു. അക്കൂട്ടത്തിൽ അവർക്കു ലഭിച്ച പദവിയെത്ര "പണിക്കർ"സ്ഥാനം.

## ക്രിസ്തുമതാവലംബികൾ

ക്നായിത്തൊമ്മന്റേയും മറ്റും പ്രേരണനിമിത്തം അധികകാലതാമസമെന്യേ പ്രസ്തുത ക്ഷത്രിയർ ക്രിസ്തുമതാവലംബികളായിത്തീരുകയും നാട്ടിൽ നിന്നും വിവാഹം കഴിച്ച് കൊടുങ്ങല്ലൂരിലും പരിസരങ്ങളിലുമായി താമസമുറപ്പിക്കുകയും ചെയ്തു. നാലു കുടുംബങ്ങളായി ഇവർ പിരിഞ്ഞുവെന്നാണ് അറിയപ്പെടുന്നത്.

(1) വള്ളക്കടപ്പണിക്കർ. (2)കാരക്കുന്നത്തുപണിക്കർ. (3)കണ്ടമംഗലത്തുപണിക്കർ. (4)ഊരയംകാരക്കുന്നത്തുപണിക്കർ. ഈ നാലു കുടുംബക്കാരാണ് പുരാതനമായ കടമറ്റംപള്ളി പണികഴിപ്പിച്ചതെന്നു പറയപ്പെടുന്നു. അതിന്റെ സ്മരണയ്ക്കായി പ്രസ്തുത ദൈവാലയത്തിൽ നിന്നും ചില പ്രത്യേകാവകാശങ്ങൾ ഈ കുടുംബക്കാർക്ക് ഇപ്പോഴും ലഭിക്കുന്നുണ്ട്. അക്കാലത്തു രാജാവ് അവരെ ഭരമേൽപ്പിച്ചിരുന്നതു കളരിയുടെ ആധിപത്യമായിരുന്നു. സമർത്ഥരായ യുവാക്കന്മാരെ തെരഞ്ഞെടുത്ത് യുദ്ധമുറ അഭ്യസിപ്പിച്ചു രാജകീയസൈന്യത്തിലേക്ക് അയച്ചുകൊടുത്ത് സഹായിക്കുക എന്നതായിരുന്നു അവരുടെ കർത്തവ്യം. തന്നിമിത്തം രാജാക്കന്മാരിൽ നിന്നും അനേകം ആനുകൂല്യങ്ങൾ പലപ്പോഴും ഇവർക്കു ലഭിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്.

ഇവരിൽ കാരക്കുന്നത്തു പണിക്കർമാരുടെ അധിവാസസ്ഥാനം മൂവാറ്റുപുഴയായിരുന്നു. ക്രിസ്ത്വബ്ദം 13-ാം ശതകത്തിന്റെ മദ്ധ്യത്തിൽ മൂവാറ്റുപുഴ നിന്നും ഒരു പണിക്കർ അന്നു മാടത്തിൻകൂർ രാജാവിന്റെ ഭരണത്തിലായിരുന്ന മാവേലിക്കര എത്തി കുടുംബസഹിതം താമസം ആരംഭിച്ചു. പണിക്കരുടെ ആയുധാഭ്യാസപാടവത്തിൽ സന്തുഷ്ടനായ രാജാവ് തന്റെ കരളിപ്പണിക്കരായി അദ്ദേഹത്തെ കൽപ്പിച്ചു നിയമിക്കുകയും അങ്ങനെ മാവേലിക്കര പണിക്കന്മാർ മാടത്തിൻകൂർ രാജസ്വരൂപത്തിലെ സേനാഗുരുക്കന്മാരായിത്തീരുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കു ശേഷം പ്രസ്തുത രാജവംശത്തിൽ സന്തതികളില്ലാതെ വരികയാൽ വേണാട്ടു രാജവംശത്തിൽനിന്നും രണ്ടുപേരെ ദത്തെടുത്തു തിരുവിതാംകൂർ രാജവംശവുമായുള്ള ബന്ധം ഉറപ്പിക്കുകയുണ്ടായി. ക്രമേണ മാടത്തിൻകൂർരാജ്യം തിരുവിതാംകൂ

റിൽ ലയിക്കുന്നതിനാണ് ഇടയായിത്തീർന്നത്. മാടത്തിൻകൂറിലെ മന്ത്രി എന്ന നിലയിൽ ഇടശ്ശേരി ഉണ്ണിത്താന്മാർക്കും കളരിപ്പണിക്കർ എന്ന നിലയിൽ മാവേലിക്കരപ്പണിക്കന്മാർക്കും സ്വരൂപത്തിൽ നിന്നും കൽപ്പിച്ച് നല്കിയിരുന്ന അധികാരാവകാശങ്ങളും ആനുകൂല്യങ്ങളും അനന്തരകാലത്ത് തിരുവിതാംകൂർ മഹാരാജാക്കന്മാരും അനുവദിച്ചു കൊടുത്തിരുന്നു.

## മല്ലിട്ടിപ്പണിക്കർ

കൊല്ലവർഷം 895-ാമാണ്ടിനോടടുപ്പിച്ച് പോറ്റിമാർ, എട്ടുവീട്ടിൽ പിള്ളമാർ, മാടമ്പിമാർ എന്നിവർ തിരുവിതാംകൂർ രാജവംശത്തിന് എതിരായി ദ്രോഹകൃത്യങ്ങൾ ആരംഭിച്ചു. മാർത്താണ്ഡവർമ്മ യുവരാജാവും സഹോദരിയും പ്രാണരക്ഷാർത്ഥം വടക്കോട്ടു പുറപ്പെട്ടു. യാതൊരാപത്തിലും അകപ്പെടാതെ അവർ മാവേലിക്കര ചെന്നു ചേർന്നു. റാണിയുടെ താമസം കാർത്തികപ്പള്ളി കരിമ്പാല കോയിക്കലേക്കു മാറ്റി. യുവരാജാവാകട്ടെ കുറെക്കാലം കൂടെ മാവേലിക്കര താമസിക്കുന്നതിനു നിശ്ചയിച്ചുവെങ്കിലും രാജദ്രോഹികളെ ഭയന്ന് ഏതാനും വിശ്വസ്ത സ്നേഹിതരൊന്നിച്ച് അവിടെനിന്നും പുറപ്പെട്ടു പോകുകയാണുണ്ടായത്. മാവേലിക്കര താമസിച്ചിരുന്ന കാലത്ത് ഇടശ്ശേരിൽ യജമാനന്മാരുടെയും ഇട്ടിപ്പണിക്കരുടെയും ക്ഷേമാന്വേഷണവും, സഹായവും, പരിചരണവും യുവരാജാവിന് പരിപൂർണ്ണമായി സിദ്ധിച്ചിരുന്നു. ഇട്ടിപ്പണിക്കരുടെ വിശ്വസ്തതയും ആയുധാഭ്യാസ പാടവവും മാർത്താണ്ഡവർമ്മ യുവരാജാവിൽ അതിയായ സംതൃപ്തിയും ബഹുമാനവും ഉളവാക്കി. തൻമൂലം പിൽക്കാലത്ത് രാജദ്രോഹികളെ അമർച്ച ചെയ്യുന്നതിനും മറ്റുമായി അദ്ദേഹം ചെയ്തിട്ടുള്ള നിഗൂഢയാത്രകളിൽ ഇട്ടിപ്പണിക്കരെ തന്റെ അംഗരക്ഷകന്മാരിൽ ഒരാളായി സ്വീകരിച്ചിരുന്നു.

ഒരിക്കൽ യുവരാജാവും അംഗരക്ഷകന്മാരും ഒരു വിദൂരദേശത്തേയ്ക്ക് ഗൂഢയാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ മലഞ്ചെരുവിൽ നിന്നിരുന്ന ഒരു വലിയ കടമാൻപറ്റത്തിന്റെ മുമ്പിൽ പെട്ടെന്നു ചെന്നു ചാടുന്നതിനിടയായി. തൽക്ഷണം എതിരാളികളെ നശിപ്പിക്കുന്നതിനായി മുൻമ്പോട്ടു പാഞ്ഞ കടമാൻകൂട്ടത്തെ കണ്ട് ഭയവിഹ്വലരായ അംഗരക്ഷകന്മാർ പ്രാണരക്ഷാർത്ഥം ഓടുകയാണുണ്ടായത്. എന്നാൽ അസാധാരണ ധീരനായ ഇട്ടിപ്പണിക്കരാകട്ടെ ഭയപരവശനായ യുവരാജാവിനെ ധൈര്യപ്പെടുത്തി മുമ്പോട്ടു കടന്നു സംഹാരഭാവത്തിൽ പാഞ്ഞടുത്ത ആ ഉഗ്രസത്വത്തെ തെല്ലും കൂസൽകൂടാതെ വാൾ

കൊണ്ടു വെട്ടി താഴെ വീഴ്ത്തി. അതോടുകൂടെ മറ്റുള്ള പോത്തുകൾ പിൻതിരിഞ്ഞ് ഓടുകയും യുവരാജാവും അനുചരന്മാരും കുറേക്കഴിഞ്ഞ് നിർബാധം യാത്ര തുടരുകയും ചെയ്തു. അവിചാരിതമായി നേരിട്ട ആപൽസന്നിധിയിൽ തന്റെ അന്നദാതാവിനുവേണ്ടി സ്വജീവൻപോലും തൃണവൽഗണിച്ചു കടമാൻ പോത്തിനോടു ധൈര്യസമേതം എതിരിട്ട ഇട്ടിപ്പണിക്കരിൽ ഹർഷമാനസനായിത്തീർന്ന യുവരാജാവ് "മല്ലുകെട്ടിപ്പണിക്കർ" എന്ന സ്ഥാനം ആ വീരയോദ്ധാവിന് നല്കി ബഹുമാനിക്കുകയാണുണ്ടായത്. അന്നുമുതൽ ഇന്നുവരെ മല്ലുകെട്ടിപ്പണിക്കർ എന്നതിന്റെ ലുപ്തരൂപമായ "മല്ലിട്ടിപ്പണിക്കർ" എന്ന സ്ഥാനപ്പേരാണ് സകല എഴുത്തുകുത്തുകളിലും ഉപയോഗിച്ചുപോരുന്നത്. (മല്ലുകെട്ടിപ്പണിക്കർ എന്നതിൽ നിന്നല്ല മല്ലിട്ടപ്പണിക്കർ എന്ന നാമം ഉദ്ഭവിച്ചത്; പിന്നെയോ മത്+ഇട്ടി+പണിക്കർ (മത്=എന്റെ; ഇട്ടി=ഇഷ്ടൻ) സ്നേഹഭാജനം) എന്റെ സ്നേഹഭാജനമായ പണിക്കർ എന്ന അർത്ഥത്തിലാണ് "മല്ലിട്ടിപ്പണിക്കർ" എന്ന സ്ഥാനം യുവരാജാവു നൽകിയതെന്ന് പ്രസ്തുത കുടുംബത്തിലെ ഒരു കാരണവർ ഈ ഗ്രന്ഥകർത്താവിനെ അറിയിച്ചിട്ടുണ്ട്.

## സൈന്യനായകന്മാർ

മല്ലിട്ടിപ്പണിക്കർമാർക്ക് നായന്മാരും, നസ്രാണികളും ഉൾപ്പെട്ട ഒരു വലിയ ശിഷ്യസംഘം ഉണ്ടായിരുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവ് സിംഹാസനാരോഹണം ചെയ്തശേഷം കൊല്ലത്തിനു വടക്കുള്ള രാജാക്കാന്മാരുമായി നടത്തിയ എല്ലാ പ്രധാനയുദ്ധങ്ങളിലും മല്ലിട്ടിപ്പണിക്കരും ശിഷ്യസംഘവും ഉൾപ്പെട്ടിരുന്നു. പഴയകാലത്ത് നായർപണിക്കൻമാരുടേയും നസ്രാണിപ്പണിക്കന്മാരുടെയും കീഴിൽ വമ്പിച്ച സൈന്യസംഘങ്ങൾ ഉണ്ടായിരുന്നു. കച്ചകെട്ടിക്കുക, ആയുധാഭ്യാസം പരിശീലിപ്പിക്കുക, യുദ്ധകാലത്ത് നാടുവാഴിയുടെ കല്പനയനുസരിച്ച് സൈന്യങ്ങളെ രണാങ്കണത്തിലേക്കു നയിക്കുക, ശത്രുക്കളോടു പടപൊരുതുക, അങ്ങനെ സമാധാനം സ്ഥാപിക്കുക എന്നിവയെല്ലാമായിരുന്നു പണിക്കർമാരുടെ അക്കാലത്തെ ജോലികൾ. രാജാക്കന്മാർ എഴുന്നെള്ളുന്ന അവസരത്തിൽ അകമ്പടി സേവിക്കേണ്ട ചുമതലയും മല്ലിട്ടിപ്പണിക്കന്മാർക്കുണ്ടായിരുന്നു. ഇവരുടെ കീഴിൽ ആയുധാഭ്യാസം പരിശീലിക്കുന്നതിലേക്ക് ജാതിയും മതവും തടസ്സമായിരുന്നില്ല. എഴുത്തുപള്ളിക്കൂടങ്ങളിൽ നായരാശാന്മാരുടേയും നസ്രാണിയാശാന്മാരുടേയും ചില സ്ഥലങ്ങളിൽ ഈഴവരായ ആശാന്മാരുടെയും കീഴിൽ തമ്പുരാക്കന്മാർ, നമ്പൂതിരിമാർ, നായന്മാർ, സസ്രാണികൾ,

ഈഴവർ, കണിയാന്മാർ എന്നിവർ ജാതിമതഭേതം നോക്കാതെ അക്ഷ രാഭ്യാസം ചെയ്തിരുന്ന രീതിയിൽ മാത്രമായിരുന്നു കേരളീയർ പഴയ കാലത്ത് ആയുധവിദ്യയും അഭ്യസിച്ചിരുന്നത്.

## സന്സാണികളും ആയുധാഭ്യാസവും

സുറിയാനിക്രിസ്ത്യാനികളുടെ ആയുധാഭ്യാസത്തെപ്പറ്റി പണ്ഡി തന്മാരായ ചരിത്രകാരന്മാർ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽ നിന്നും ചില ഭാഗങ്ങൾ ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു.:-

കൊച്ചി സ്റ്റേറ്റുമാനുവൽ കർത്താവായ രാജശ്രീ സി.അച്ചുതമേ നോൻ അവർകൾ കേരളീയരുടെ പുരാതനകാലത്തേ ആയുധാഭ്യാസ പരിശീലനത്തെക്കുറിച്ച് വിവരിക്കുന്ന ഘട്ടത്തിൽ താഴെചേർക്കുന്ന വിധം പ്രസ്താവിക്കുന്നു.

"വലിയ തറവാട്ടുകാരായ നാട്ടുക്രിസ്ത്യാനികൾക്ക് ആയുധം ധരി ക്കുന്നതിനുള്ള അവകാശം ഉണ്ടായിരുന്നു. അവർ നായന്മാരോടൊ ന്നിച്ചുനിന്നു പൊരുതുകയും ചെയ്തിരുന്നു. അവർക്കും പാരമ്പര്യവ ഴിക്കുള്ള സ്വന്തം കളരിപ്പണിക്കന്മാരുണ്ടായിരുന്നു. എന്നാൽ ക്രിസ്ത്യാ നികളും നായന്മാരും തമ്മിൽ ഇക്കാര്യത്തിൽ അകൽച്ചയൊന്നും കാണി ച്ചിരുന്നില്ല. നായർ പണിക്കന്മാർക്ക് ക്രിസ്ത്യാനിശിഷ്യന്മാരും മറിച്ചും ഉണ്ടായിരുന്നു." (കൊച്ചിസ്റ്റേറ്റുമാനുവൽ പുറം 84)

ഈ വിഷയത്തെപ്പറ്റിത്തന്നെ സുപ്രസിദ്ധ ചരിത്രകാരനായ ശ്രീമാൻ കെ.പി.പത്മനാഭമേനോൻ അവർകൾ "കൊച്ചി രാജചരിത്ര ത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കാലക്രമം കൊണ്ട് കൊച്ചിമ ഹാരാജാവ് യുദ്ധത്തിന് നായന്മാരെ മാത്രമല്ല സുറിയാനി ക്രിസ്ത്യാ നികളേയും ഉപയോഗിച്ചിരുന്നു. സുറിയാനി ക്രിസ്ത്യാനികൾക്ക് കള രികളും, പണിക്കന്മാർക്ക് കച്ചകെട്ടും ആയുധാഭ്യാസവും മറ്റുമുണ്ടാ യിരുന്നു." (കൊച്ചിരാജ്യചരിത്രം ഒന്നാംഭാഗം പുറം 85) മി.പത്മനാഭ മേനോൻ തന്നെ വീണ്ടും പറയുന്നു. "കൊച്ചി രാജ്യവാസികളിൽ സുറി യാനി ക്രിസ്ത്യാനികൾ ഒട്ടും അപ്രധാനമല്ലെന്ന് മുമ്പു പറഞ്ഞിട്ടുണ്ട ല്ലോ. ആയുധാഭ്യാസം മുതലായത് നായന്മാരെപ്പോലെ അവരും ചെയ്തുവന്നിരുന്നു. അവരെ പോർട്ടുഗീസുകാരും ഡച്ചുകാരും അവ രവരുടെ സൈന്യത്തിൽ ചേർക്കുവാൻ മടിച്ചിരുന്നില്ല. അവരിൽ പലർക്കും കപ്പിത്താൻ, അൾപ്പെരീസ്, ഒത്തനെന്തേ, അറാശ് എന്നി സ്ഥാനങ്ങൾ ഡച്ചുകാർ കൊടുത്തിരുന്നു." അവരുടെ സാധാരണ തൊഴിൽ കൃഷിയും കച്ചവടവുമായിരുന്നു. (കൊച്ചിരാജ്യചരിത്രം. രണ്ടാം ഭാഗം-പുറം 673)

സുപ്രസിദ്ധ ചിത്രകാരനായ ഗിബ്ബൺ, പോർട്ടിഗീസുകാർ കേരളത്തിൽ എത്തുന്നതിനുമുമ്പുള്ള സുറിയാനിക്രിസ്ത്യാനികളുടെ ജീവിതവൃത്തിയെ സംബന്ധിച്ച് 1776–ൽ ഇപ്രകാരമാണ് എഴുതിയിരിക്കുന്നത്.

"ആയുധാഭ്യാസത്തിലും കലാവിദ്യകളിലും പക്ഷേ സന്മാർഗ്ഗനിഷ്ഠയിലും അവർ (സുറിയാനിക്രിസ്ത്യാനികൾ ഹിന്ദുസ്ഥാനത്തിലെ സ്വദേശികളെക്കാൾ ഉൽക്കർഷം പ്രാപിച്ചവരായിരുന്നു. അവരിലേ കൃഷിക്കാർ തെങ്ങുകൃഷി ചെയ്തുവന്നു കച്ചവടക്കാർ കുരുമുളകു വ്യാപാരം നടത്തി ധനികരായിത്തീർന്നു. പടയാളികൾ കുലീനന്മാരായ നായന്മാരെക്കാൾ മുമ്പന്മാരായിരുന്നു. കൊച്ചീരാജാവും സാമുതിരിപ്പാടും ഭയംകൊണ്ടോ ഉപകാരസ്മരണകൊണ്ടോ അവരുടെ പാരമ്പര്യപദവികളെ ബഹുമാനിച്ചു പോന്നു." (History of the Decline and fall of the Roman Empire. 1787-se പതിപ്പ് Page 836.)

ഫ്രാൻസിസ്ഡെയ് എന്ന ചരിത്രകാരൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

"സുറിയാനി ക്രിസ്ത്യാനികൾ വളരെയധികം വിലമതിക്കപ്പെട്ടിരുന്നു. ഒരു നാട്ടുരാജാവിന്റെ രാജ്യത്ത് എത്രയധികം നാട്ടുക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവോ അത്രയധികം ചുറ്റുമുള്ള രാജക്കന്മാർ ആ രാജാവിനെ ഭയപ്പെട്ടിരുന്നു. അവർ അത്രയ്ക്കു വിശ്വാസയോഗ്യന്മാരായിരുന്നു. പുരുഷന്മാർ ആയുധധാരികളായിട്ടാണ് വെളിയിൽ സഞ്ചരിച്ചിരുന്നത്. 8 വയസ്സു മുതൽ 25 വയസ്സുവരെ ഈ അഭ്യസനം ലഭിച്ചുവന്നതിനാൽ ആയുധപ്രയോഗത്തിൽ അവർ സുശീക്ഷിതരായിരുന്നു." (Land of the Perumals P.219)

പ്രസിദ്ധചരിത്രകാരനായ ഹൗ താഴെക്കാണുന്ന പ്രകാരം എഴുതിയിരിക്കുന്നു.:–

"സുറിയാനിക്കാർ ചെറുപ്പകാലം മുതൽതന്നെ എണ്ണ ധാരാളം ഉപയോഗിക്കുന്നവരും സന്ധിബന്ധങ്ങളിലെല്ലാം എണ്ണതേച്ച് തിരുമ്മുന്നവരും ആകയാൽ അവർ വളരെ മെയ് വഴക്കമുള്ളവരും നല്ല ചുണക്കുട്ടികളുമാണ്. മുൻകാലങ്ങളിൽ ആയുധധാരികളായിട്ടല്ലാതെ അവർ ദൂരെയെങ്ങും സാധാരണ സഞ്ചരിക്കാറില്ലായിരുന്നു. ആയുധം കൂടാതെ ചിലർ തോക്കും മറ്റുചിലർ അറ്റത്ത് ഇരുമ്പുവളയങ്ങൾ തൂക്കിയിട്ടുള്ള കുന്തങ്ങളും ഉപയോഗിക്കുമായിരുന്നു. കുന്തം ഉപയോഗിക്കുമ്പോൾ ഈ വളയങ്ങൾ ഹൃദ്യമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

എന്നാൽ അവരിൽ അധികം പേരും വലതുകൈയിൽ ഊരി വാളും ഇടതുകൈയിൽ പരിചയുമാണ് എപ്പോഴും ധരിച്ചുവന്നിരുന്നത്. എട്ടു വയസ്സുമുതൽക്കുതന്നെ ഈ ആയുധങ്ങൾ ഉപയോഗിക്കുവാൻ അവർ അഭ്യസിക്കപ്പെടുകയും ചെയ്തുവന്നു. ഇത്ര ചാതുര്യത്തോടെ ആയുധമുപയോഗിപ്പാൻ അവർ പര്യാപ്തരാകുന്നത് ഈ അഭ്യസന വിശേഷംകൊണ്ടു മാത്രമാണ്. മൃഗയാവിനോദത്തിൽ ഇവർ ബഹുസമർത്ഥന്മാരും ഒന്നാന്തരം യോദ്ധാക്കളും (Excellent soldiers) ആയിരുന്നു. ഇപ്രകാരമെല്ലാമിരുന്നതിനാൽ മുൻകാലങ്ങളിൽ രാജക്കന്മാർ ഇവരെ ഇത്രയധികം വിലമതിച്ചു പോന്നതിൽ അത്ഭുതപ്പെടാനില്ല. ഒരു രാജാവിനെ അയാളുടെ നാട്ടിലുള്ള സുറിയാനിക്കാരുടെ സംഖ്യാബലമനുസരിച്ച് ഇതരനാട്ടുരാജാക്കന്മാർ ബഹുമാനിക്കുകയോ ഭയപ്പെടുകയോ ചെയ്തു പോന്നു. സുറിയാനിക്കാരുടെ വിശ്വസ്തതയേയും സത്യസന്ധതയേയും പോലെ തന്നെ അവരുടെ സാമർത്ഥ്യത്തേയും സൈനികപ്രാഗത്ഭ്യത്തെയും ഭരണകർത്താക്കൾ വിലമതിക്കുകയും സമാശ്രയിക്കുകയും ചെയ്തുവന്നു. ആയോധനപ്പടുക്കളായിരുന്നുവെങ്കിലും അവർ എപ്പോഴും ശന്തശീലന്മാരുമായിരുന്നു. ഇക്കാലത്തും അവരുടെ പ്രകൃതം അങ്ങനെതന്നെയാണ്. അവരുടെ ഇടയിൽ ശണ്ഠ വളരെക്കുറയുകയും കൊലപാതകങ്ങൾ വളരെ ദുർലഭമായിട്ടേ കേൾക്കാറുള്ളു. ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ ആയുധങ്ങളെല്ലാം പൂമുഖത്തു വയ്ക്കുക പതിവാണ്. ആ സമയത്ത് പൂമുഖം ആയുധശാലയായി തോന്നിപ്പോകും. ദിവ്യാരാധന കഴിഞ്ഞാൽ ഓരോരുത്തരും യാതൊരു കുഴപ്പവും കൂടാതെ അവനവന്റെ ആയുധങ്ങൾ എടുത്തുകൊണ്ട് പ്രശാന്തമായി വീട്ടിലേക്ക് പോകുകയും ചെയ്യും." (History of Christianity in India. P.324-325)

സുപ്രസിദ്ധ ചരിത്രപണ്ഡിതന്മാരുടെ മേലുദ്ധരിച്ച പ്രസ്താവനകളിൽ നിന്നും കേരളത്തിൽ പുരാതനകാലത്തു ക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്ന സ്ഥാനം എന്തായിരുന്നുവെന്ന് വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ.

നസ്രാണിപ്പണിക്കന്മാരെല്ലാവരും തന്നെ പണ്ടത്തെ തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയായ ഇടവായ്ക്കു വടക്കോട്ടുള്ള നാടുവാഴി രാജാക്കന്മാരുടെ സൈന്യങ്ങളേയായിരുന്നു ആയോധനപരിശീലനം ചെയ്യിച്ചിരുന്നത്. അതിനുള്ള പ്രതിഫലമായി ഒട്ടേറെ വിരുത്തി വസ്തുക്കളും അവർ അനുഭവിച്ചിരുന്നു. എന്നാൽ മാവേലിക്കര മല്ലിട്ടി

പ്പണിക്കന്മാർക്കു മാത്രമേ വിരുത്തിയനുഭവത്തിനു പുറമേ ക്ഷേത്രസം ബന്ധമായ അവകാശങ്ങളും അനുഭോഗങ്ങളും ഉള്ളതായിക്കാണുന്നു ള്ളു. മാടത്തിങ്കൂർ സ്വരൂപത്തിലെ കളരിപ്പണിക്കർ എന്നിലയിൽ "കോട്ട യ്ക്കകത്തു പിള്ള"മാരെ കച്ചകെട്ടിക്കുക, കണ്ടിയൂർ ക്ഷേത്രങ്ങളിൽ പള്ളിവേട്ടയ്ക്കും ആരാധനയ്ക്കും ദേവന്റെ സന്നിധിയിൽ അകമ്പടി സേവിക്കുക, മാടത്തിൻകൂറിലെ ആയോധനവിദ്യാഗുരു എന്നീ നില യിൽ ഒന്നാം ഉത്സവം മുതൽ ആറാട്ടുവരേയ്ക്കും ക്ഷേത്രസന്നിധിയിൽ "വാളേര്" "വടിതട" "കുന്തംചാണ്ടൽ" എന്നിങ്ങനെ ആയുധവിദ്യാപ്ര ദർശനം ചെയ്യുക എന്നിവയൊക്കെയായിരുന്നു നടത്തിപ്പോന്നിരുന്ന ത്. കച്ചക്കെട്ടിനു വിരുത്തിയായി 66-പറ 2 ഇടങ്ങഴി നിലവും, മാവേലി ക്കര ക്ഷേത്രത്തിൽ എട്ടാം ഉത്സവം വരെയും എട്ടുദിവസത്തേക്ക് പ്രത്യേ കസമ്മാനങ്ങളും മല്ലിട്ടിപ്പണിക്കന്മാർക്ക് കല്പിച്ചനുവദിച്ചിരുന്നു. ക്ഷേത്രസന്നിധിയിലുള്ള ആയുധാഭ്യാസപ്രകടനങ്ങൾ പണിക്കന്മാർ മിക്കവാറും തങ്ങളുടെ ശിഷ്യപരമ്പരകളെക്കൊണ്ടായിരുന്നു നടത്തി പ്പോന്നിരുന്നത്. എന്നാൽ പള്ളിവേട്ട, ആറാട്ട് എന്നീ രണ്ട് അടിയന്തിര ങ്ങളിലും ദേവന്റെ സന്നിധിയിൽ അകമ്പടി സേവിക്കുന്നതിനും ആയു ധാഭ്യാസത്തിനും മല്ലിട്ടിപ്പണിക്കന്മാർ വേണമെന്നു നിർബന്ധമായിരു ന്നു. ആനക്കൊട്ടിലിന്റെ കിഴക്കുവശത്ത് ഏകദേശം ഒന്നര ഫർലാംഗു അകലത്തിൽ ആൽത്തറയുടെ സമീപത്തായി ദേവനെ എഴുന്നൊള്ളിച്ചു നിർത്തിയിട്ട് മുൻപിൽ പടിഞ്ഞാറോട്ട് പള്ളിവേട്ടക്കാർ ഇരുഭാഗത്തും സന്നാഹപൂർവ്വം അണിനിരന്നു കഴിഞ്ഞാലുടൻ അവകാശിയും മാട ത്തിൻകൂറിലെ അംഗരക്ഷകപ്രധാനനുമായ മല്ലിട്ടിപ്പണിക്കർ കട്ടിയും കവണിയും എടുത്ത് പിൻപിൽ തണ്ടുകൾ രണ്ടും ഞാന്നുകിടക്കത്ത ക്കവണ്ണം പുളിയിരക്കരയൻ നേര്യത് തലയിൽ കെട്ടി ഇടംകൈയിൽ പുലിത്തോൽ പരിചയും വലംകൈയിൽ വാളുമായി ദേവസന്നിധിയിൽ നാഗസ്വരക്കാരോട് സമീപിച്ച് പടിഞ്ഞാറുവശത്തായി നിലകൊള്ളുന്നു. ഈ സമയത്ത് അഗ്രഭാഗത്തുള്ള ഇരുകൂറിന്റെ ചുവട്ടിലായി നീണ്ടു ചെമ്പട്ടു പൊടിപ്പു ചാർത്തിയിട്ടുള്ള ഒന്നോ രണ്ടോ കുന്തങ്ങളുമായി പണിക്കരുടെ ഒരു ശിഷ്യൻ അണിയിൽ ചേർന്ന് നില്ക്കുന്നുണ്ടാവും. പള്ളിവേട്ടയാരംഭിച്ച് ഒന്നാമത്തെ ഭേരിശബ്ദം കഴിഞ്ഞാലുടൻതന്നെ മല്ലിട്ടിപ്പണിക്കർ കുന്തം വാങ്ങി അണിമദ്ധ്യത്തിൽ ചുവടുവച്ച് ആയം കൂട്ടി ആകാശത്തിലേക്കു ചാണ്ടുകയും ഉത്തരക്ഷണത്തിൽ അത് പിടി ച്ചെടുക്കുകയും ചെയ്യുന്നു. അങ്ങനെ ഒന്നോ രണ്ടോ പ്രാവശ്യം ആയു ധവിദ്യ പ്രദർശിപ്പിച്ചശേഷം കുന്തം ശിഷ്യനെ തിരിച്ചേൽപ്പിച്ചിട്ട് വാളും

പരിചയും വാങ്ങി പള്ളിവേട്ട ആനക്കൊട്ടിലിന്റെ മുൻവശത്തെത്തുന്ന തുവരേക്കും അകമ്പടി സേവിക്കുന്നു. അവിടെ എത്തിക്കഴിഞ്ഞാലുടൻ പഴയപടി കുന്തം ചാണ്ടി പല പ്രാവശ്യമായി അഭ്യാസപാടവം പ്രദർശിപ്പിക്കുന്നതാണ്. കുന്തപ്രയോഗം കഴിഞ്ഞാലുടൻ പള്ളിവേട്ട മതിലിനുള്ളിലേക്കു പ്രവേശിക്കുകയും മല്ലിട്ടിപ്പണിക്കർ മടങ്ങിപ്പോകുകയും ചെയ്യുന്നു. ആറാട്ടുദിവസം ഇതേവിധം തന്നെ കുന്തപ്രയോഗവും അകമ്പടി സേവയും നടത്തുന്നതാണ്.

പണിക്കർ കുടുംബത്തിലെ ഒടുവിലത്തെ ആയുധാഭ്യാസപ്രദർശകൻ നമ്മുടെ കഥാപുരുഷന്റെ പിതാവായ മല്ലിട്ടി തോമ്മാപ്പണിക്കരായിരുന്നു. മല്ലിട്ടിപ്പണിക്കർ കുടുംബത്തിലേ കാരണവരായിരുന്ന തോമ്മാപ്പണിക്കർ ഇരുപതു വർഷക്കാലത്തോളം-അൻപതാമത്തെ വയസ്സുവരെ-ഏതാദൃശയുദ്ധാഭ്യാസം നടത്തുകയും ക്ഷേത്രാവകാശങ്ങൾ വാങ്ങിക്കൊണ്ടിരിക്കുകയും ചെയ്തു. എന്നാൽ മാവേലിക്കര കേന്ദ്രമാക്കിക്കൊണ്ട് വേലചെയ്തുകൊണ്ടിരുന്ന യൂറോപ്യന്മാരായ സി.എം.എസ്സ്. മിഷ്യനറിമാർ, ക്ഷേത്രസന്നിധിയിൽ ഇപ്രകാരമുള്ള പ്രകടനങ്ങൾ നടത്തുന്നത് "വിഗ്രഹാരാധന"യാണെന്നും ക്രൈസ്തവർക്ക് അനുയോജ്യമായിട്ടുള്ളതല്ലെന്നും പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി കൊല്ലവർഷം 1070-ാമാണ്ടോടുകൂടെ പണിക്കർ കുടുംബക്കാർ ക്ഷേത്രബന്ധവും ക്ഷേത്രാവകാശവും ഉപേക്ഷിക്കുകയാണുണ്ടായത്.

## ദൈവാലയഭോഗങ്ങൾ

തിരുവിതാംകൂർ സർക്കാരിൽ നിന്നും മല്ലിട്ടിപ്പണിക്കർ കുടുംബക്കാർക്ക് ആയുധാഭ്യാസം, അഭ്യാസപ്രദർശനം അകമ്പടിസേവ എന്നിവയ്ക്കായി അനുവദിച്ചു കൊടുത്തിട്ടുള്ള അനുഭവങ്ങൾക്ക് പുറമേ മാവേലിക്കര പുതികാവ് യാക്കോബായപള്ളിയിൽ നിന്നും ചില പ്രത്യേകാവകാശങ്ങൾ നീട്ടുമൂലം അനുവദിച്ചുകൊടുത്തിരുന്നു. അപ്രകാരമുള്ള അവകാശങ്ങൾ അതതുകാലത്തെ മൂപ്പുള്ള പണിക്കരന്മാർ ഈ അടുത്തകാലം വരെയും അനുഭവിച്ചിരുന്നതായി തെളിയിക്കുന്ന പലരേഖകളും പ്രസ്തുത കുടുംബത്തിൽ ഇപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ട്.

ക്രിസ്ത്വബ്ദം 1865-1909 വരെ കേരളത്തിലെ യാക്കോബായ സഭയെ ഭരിച്ചിരുന്ന പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോ

ലീത്ത 1903-ൽ മാവേലിക്കര ഇടവകയ്ക്ക് അയച്ചുകൊടുത്ത ഒരു കല്പ നയാണ് താഴെചേർക്കുന്നത്.

"നമ്മുടെ മാവേലിക്കര പള്ളിയിൽ വികാരിയും ദേശത്തു പട്ട ക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരെ! ആ ഇടവകയിൽ മല്ലിട്ടിപ്പണിക്കരു കുടുംബ ക്കാർക്ക് ആ പള്ളിയിൽ വെച്ചു നടത്തുന്ന കല്യാണങ്ങൾക്ക് പ്രത്യേക പൂർവ്വികമായി നടപ്പുള്ളതും ഇന്നേവരെ നടന്നും നടത്തിയും വരുന്ന തുമായ ടി കുടുംബക്കാർക്കുള്ള വെറ്റിലക്കെട്ടും, പണവും രാജകുടും ബത്തിലെ നീട്ടനുസരിച്ചും നമുക്കു മുമ്പുള്ള മേല്പട്ടകാർ അനുഭവിച്ചും അംഗീകരിച്ചും നടത്തിവരുന്നതും ഇപ്പോൾ ആ കുടുംബക്കാരിൽ ചിലർ ഈ അവകാശം എനിക്ക് എനിക്ക് എന്നു പറഞ്ഞും കൊണ്ട് സമയം പോലെ കിട്ടുന്നവർ വാങ്ങുന്നതായും മറ്റും ടി കുടുംബത്തിൽ ഇപ്പോൾ മൂപ്പായിരിക്കുന്ന പടിഞ്ഞാറെ വീട്ടിൽ മല്ലിട്ടി തര്യതു തര്യതു പണി ക്കരു നമ്മോടു സങ്കടം അറിയിക്കുകയും ടി നീട്ടുമുതലായ രേഖകൾ നമ്മെ കാണിക്കുകയും ചെയ്തിരിക്കുന്നതും ആകയാൽ ടി പണിക്കരു കുടുംബക്കാർക്കുള്ള അവകാശമായി പള്ളിയിൽ വച്ചു കല്യാണക്കാർ കൊടുത്തു വരുന്ന വറ്റിലക്കെട്ടും പണവും കീഴ്നടപ്പനുസരിച്ചു ടി കുടും ബത്തിൽ അതതു കാലത്ത് മൂപ്പന്മാരായിരിക്കുന്നവർക്ക് കൊടുത്തും കൊടുപ്പിച്ചും നടന്നുകൊള്ളുകയും വേണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1903-നു കൊല്ലം 1078 മിഥുനം<br>27-ാം തീയതി പുതുപ്പള്ളിയിൽ നിന്നും<br>മാർ ദിവന്നാസ്യോസ് (ഒപ്പ്)

## പുരാതനസ്മാരകങ്ങൾ

മല്ലിട്ടിപ്പണിക്കരന്മാർക്ക് തഴക്കരപുതിയകാവ് കമ്പോളങ്ങളിൽ 64 നസ്രാണി ശിഷ്യന്മാരും "കോട്ടയ്ക്കകം വകപ്പടി"യിൽ 130 നായർ ശിഷ്യന്മാരുമുണ്ടായിരുന്നുവത്രേ. ഇവരുടെ വക രണ്ടു കളരികൾ ഉണ്ടാ യിരുന്നത് ഇപ്പോൾ നാമാവശേഷമായിത്തീർന്നിരിക്കുന്നു. ഇവയിൽ ഒന്ന് പുതിയകാവ് ഭദ്രകാളി ക്ഷേത്രത്തിനു വടക്കുവശം ദിവ്യശ്രീ.പി. റ്റി.തോമസ്സ് കത്തനാരവർകളുടെ വക മല്ലിട്ടിപ്പണിക്കർ വീടിന്റെ

പടിഞ്ഞാറുവശത്തുള്ള ഒരു പുരയിടത്തിലായിരുന്നു. ഇന്നും സർക്കാർ എഴുത്തു കുത്തുകളിൽ പ്രസ്തുത പറമ്പിന്റെ നാമം "കളരിക്കൽപറമ്പ്" എന്നാണ്. തിരുവിതാംകൂർ സൈന്യങ്ങളുടെ നായകനായിരുന്ന ഡിലനായി വലിയ കപ്പിത്താന്റെ സ്ഥാനത്ത് മല്ലിട്ടിപ്പണിക്കരുടെ മേൽനോട്ടത്തിൽ വലിയ തോക്കുകൾ വെടിയുണ്ടകൾ മുതലായവ വാർപ്പിച്ചിരുന്നത് കളരിക്കൽപ്പറമ്പിന്റെ വടക്കുവശത്തുള്ള പുരയിടത്തിൽ വെച്ചായിരുന്നു "വാർപ്പുര" എന്നാണ് ഇന്നും ആ പുരയിടത്തിനു പേരുപറഞ്ഞുവരുന്നത്. തങ്ങളുടെ പിതാക്കന്മാർ ഉപയോഗിച്ചിരുന്ന വാൾ, തോൾപ്പരിച, കുന്തം മുതലായവ പണിക്കർ കുടുംബത്തിൽ ഇന്നും ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുണ്ട്.

ഇപ്രകാരം വീരപരാക്രമങ്ങൾ കൊണ്ട് പ്രശസ്തിയാർജ്ജിച്ച നിരവധി പിതാക്കന്മാരാൽ സമലംകൃതമായിരുന്ന അതിപുരാതനമായ ഒരു കുടുംബത്തിലെ അംഗമായി ഭൂജാതനാകുന്നതിനുള്ള ഭാഗ്യമാണ് നമ്മുടെ കഥാനായകന് സിദ്ധിച്ചത്.

## അദ്ധ്യായം – 3

# ജനനവും ബാല്യകാലവും

**മാ**വേലിക്കരയുള്ള സുപ്രസിദ്ധവും അതിപുരാതനവുമായ പണിക്കരു വീട്ടിൽ തോമ്മാപണിക്കരുടെയും അന്നാമ്മയുടെയും സന്താനമായി ക്രിസ്ത്വാബ്ദം 1882 സെപ്റ്റംബർ 21–ാം തീയതി– കഥാനായകൻ ഭൂജാതനായി. മാതാവായ അന്നാമ്മ കായംകുളത്തിനു സമീപമുള്ള പള്ളിയിൽ അരീപ്പുറത്ത് സുപ്രസിദ്ധനായ മത്തായി ആശാന്റെ മകളും വിദ്യാസമ്പന്നയും ദൈവഭക്തയുമായ സതീരത്നമായിരുന്നു. അനേകതലമുറകളിലായി മാതൃകുടുംബത്തിൽ പുരുഷസന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ ഒരു പുരുഷ സന്താനലബ്ധിക്കായി ദൈവഭക്തയായ അന്നാമ്മ ജഗദീശസന്നിധിയിൽ കണ്ണുനീരോടുകൂടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥ്യം ഇതിനുവേണ്ടി അവൾ അപേക്ഷിക്കുകയും ഗർഭസ്ഥനായ ശിശുവിനെ ദൈവമാതാവിനായി പ്രതിഷ്ഠിക്കുകയും ചെയ്തു. തൽഫലമായി ദൈവമാതാവിന്റെ ജനനപ്പെരുന്നാളിൽത്തന്നെ ഒരോമനശിശുവിനെ ലഭിക്കുന്നതിനുള്ള ഭാഗ്യവും അവർക്കു ലഭിച്ചു. ആയുഷ്പര്യന്തം ദൈവമാതൃഭക്തനായി ജീവിച്ച കഥാപുരുഷൻ ജനിച്ചത് പ. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിലും, ശെമ്മാശു പട്ടം സ്വീകരിച്ചത് ദൈവമാതാവിന്റെ പുകഴ്ചയുടെ ദിവസവും, വൈദികപദവിയിലേക്കുയർത്തപ്പെട്ടത് കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണദിവസവും, ചരമമടഞ്ഞത് പരിശുദ്ധ കർമ്മല മാതാവിന്റെ പെരുനാളിന്റെ തലേരാത്രിയിലും ആയിരുന്നു എന്നുള്ളത് പ്രത്യേകം സ്മരണീയമാണ്.

തങ്ങളുടെ പ്രഥമസന്താനത്തെ ഏതാനും ദിവസങ്ങൾക്കു ശേഷം സമീപമുള്ള പുതിയകാവ് യാക്കോബായ ദൈവാലയത്തിലേക്ക് മാതാപിതാക്കന്മാർ കൊണ്ടുപോകുകയും അവിടെവച്ച് പിതൃസഹോദരനായ പണിക്കരു വീട്ടിൽ തര്യതു സക്കറിയാപ്പണിക്കർ കത്തനാർ ജ്ഞാനസ്നാനവും വി.മൂറോൻ അഭിഷേകവും ശിശുവിന് നൽകുകയും ചെയ്തു. ജ്ഞാനസ്നാനാവസരത്തിൽ "തലതൊട്ടപ്പ്"നാകുവാനുള്ള ഭാഗ്യം സിദ്ധിച്ചത് തോമ്മാപ്പണിക്കരുടെ ജ്യേഷ്ടസഹോദരനായ മല്ലിട്ടിപ്പറമ്പിൽ ഗീവറുഗീസ് പണിക്കർക്കായിരുന്നു. തൽഫലമായിട്ടായിരിക്കാം ശിശുവിന് "ഗീവറുഗീസ്" എന്ന നാമധേയം നൽകുവാനിടയായത്. ഗീവറുഗീസ് നാമധാരികളായ ഒട്ടനേകം ആളുകൾ പണിക്കർ വീട്ടിൽ ജീവിച്ചിരുന്നതായി പ്രസ്തുത കുടുംബചരിത്രത്തിൽ കാണുന്നുണ്ട്. ഗീവറുഗീസ് സഹദായോടുള്ള ഭക്തിയും ബഹുമാനവും ഈ കേരളത്തിലുള്ള കത്തോലിക്കരെ അപേക്ഷിച്ച് യാക്കോബായ സഭാംഗങ്ങളുടെ ഇടയിൽ കൂടുതലായി ഉണ്ടെന്നുള്ളത് കേവലം ഒരു പരമാർത്ഥം മാത്രമാണ്. ഗീവറുഗീസ്, വറുഗീസ്, വർക്കി, വക്കൻ, ജോർജ്ജ് എന്നീ പര്യായങ്ങളിലാണ് യാക്കോബായരായ പുരുഷന്മാരിൽ ഇരുപത്തിയഞ്ചുശതമാനവും വിളിക്കപ്പെടുന്നത്. പ്രസ്തുത പരിശുദ്ധന്റെ നാമത്തിൽ ഒട്ടനേകം ദൈവാലയങ്ങളും സ്കൂളുകളും ഇതര സ്ഥാപനങ്ങളും കേരളത്തിൽത്തന്നെ നിർമ്മിച്ചിട്ടുണ്ട്. സഹദായുടെ തിരുനാൾ ആഘോഷപൂർവ്വം കേരളക്കരയിലുള്ള അനേകം ദൈവാലയങ്ങളിൽ കൊണ്ടാടപ്പെടുകയും ചെയ്യുന്നു. ഗീവറുഗീസ് സഹദായെപ്പോലെ പ്രതികൂല ശക്തികളെ ധൈര്യപൂർവ്വം എതിരിട്ടു പരാജയപ്പെടുത്തുന്നതിലും പൊതുജനോപകാരാർത്ഥം നിരവധി കാര്യങ്ങൾ പ്രവർത്തിക്കുന്നതിലും കഥാപുരുഷൻ മരണപര്യന്തം നിർവ്വഹിച്ചിട്ടുള്ള നിസ്തുലസേവനങ്ങളെ സ്മരിക്കുമ്പോൾ ജ്ഞാനസ്നാനാവസരത്തിൽ "ഗീവറുഗീസ്" നാമധേയം നല്കിയത് അനർത്ഥമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. "കൊച്ചു കീവറീച്ചൻ" എന്ന ഓമനപ്പേരിലായിരുന്നു കഥാപുരുഷൻ ബാല്യത്തിൽ അറിയപ്പെട്ടിരുന്നത്.

തോമ്മാപ്പണിക്കർക്ക് ചാക്കോപ്പണിക്കർ, ഗീവറുഗീസ് പണിക്കർ, തര്യതു സക്കറിയാ കത്തനാർ, യോഹന്നാൻ പണിക്കർ എന്നിങ്ങനെ നാലു സഹോദരന്മാരായിരുന്നു ഉണ്ടായിരുന്നത്. ഇവരിൽ സക്കറിയാപ്പണിക്കരു കത്തനാർ ആയുഷ്പര്യന്തം അവിവാഹിതനായി ജീവിതം നയിച്ചിരുന്ന ഒരു സുപ്രസിദ്ധ വൈദികനായിരുന്നു. മാവേലിക്കരയും പരിസരങ്ങളിലുമുള്ള ഒട്ടനേകം ദൈവാലയങ്ങളുടെ വികാരിയായി

അദ്ദേഹം ഭരണം നിർവ്വഹിച്ചു. ദൈവഭക്തനും ഭരണനിപുണനുമായിരുന്ന ഇദ്ദേഹം 68-ാമത്തെ വയസ്സിൽ1911-ൽ നിര്യാണമടയുകയും ചെയ്തു. വൈദികവൃത്തി സ്വീകരിക്കുന്നതിനും, ഉത്കൃഷ്ടവിദ്യാഭ്യാസം നിർവ്വഹിക്കുന്നതിനും, അവിവാഹിക ജീവിതം നയിക്കുന്നതിനും കഥാപുരുഷനു വേണ്ടത്ര പ്രചോദനവും ആവശ്യം വേണ്ട ഉപദേശങ്ങളും സഹായങ്ങളും നൽകിയത് ഇദ്ദേഹമായിരുന്നു. ഏതാദൃശസൽക്കർമ്മഫലമായിട്ടായിരിക്കാം ആസന്നമരണനായ അദ്ദേഹത്തിന് രോഗശയ്യയിൽ വച്ച് വിവിധ ശുശ്രൂഷകളും അവസാനം അന്ത്യകൂദാശയും കഥാനായകനിൽ നിന്നു തന്നെ ലഭിക്കുവാനിടയായത്.

തോമ്മാപ്പണിക്കരുടെ ജേഷ്ഠസഹോദരൻ ഗീവറുഗീസുപണിക്കരുടെ മകൻ തര്യതു പണിക്കരാണ് ഇപ്പോഴത്തെ പണിക്കർ കുടുംബത്തിലെ കാരണവർ. ബഥനി ആശ്രമത്തിന്റെ സ്ഥാപനത്തിലും പുരോഗതിയിലും ആത്മാർഥമായി ഇദ്ദേഹം അനേകവർഷക്കാലം പ്രവർത്തിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മകനാണു റവ.ഫാദർ പി.റ്റി.തോമസ്സുപണിക്കർ. പണിക്കർ കുടുംബത്തിൽ പുരാതനകാലം മുതൽത്തന്നെ വൈദികന്മാർ തുടർച്ചയായി ഉണ്ടായിരുന്നതായി പ്രസ്തുത കുടുംബചരിത്രത്തിൽ കാണുന്നു. കാരിച്ചാൽ റവ.ഫാദർ പി.റ്റി. ഗീവറുഗീസു പണിക്കർ, അമേരിക്കയിൽ വാഷിംഗടൺ യൂണിവേഴ്സിറ്റിയിൽ ഉപരിപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന റവ.ഫാദർ സി.റ്റി. ഗീവറുഗീസ് B.A.(Hons) എന്നീ വൈദികന്മാർ പ്രസ്തുത കുടുംബത്തിലെ അംഗങ്ങളാണ്. അതുമന്യേ ഈ കുടുംബങ്ങളായ നാലുപേർ വിവിധ സെമിനാരികളിലായി ഇപ്പോൾ വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നു.

തോമ്മാപ്പണിക്കർക്ക് മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരുമാണ് ഉണ്ടായിരുന്നത്. പുത്രന്മാരിൽ ഒരുവൻ ചെറുപ്പത്തിൽത്തന്നെ (9-ാം വയസ്സിൽ) നിര്യാണമടഞ്ഞു. കഥാപുരുഷന്റെ ജീവിതഘട്ടത്തിലുണ്ടായിട്ടുള്ള എല്ലാ പ്രധാനസംഭവങ്ങളിലും ഭാഗഭാക്കായി ഒരുത്തമസുഹൃത്തിനെപ്പോലെ പ്രവർത്തിക്കുകയും, യോദ്ധാവിനെപ്പോലെ പോരാടുകയും സഹപ്രവർത്തകനെപ്പോലെ സഹായിക്കുകയും ചെയ്തിട്ടുള്ള ഇളയ സഹോദരൻ മത്തായിപ്പണിക്കർ പില്ക്കാലത്ത് ബഥനി ആശ്രമത്തിന്റെ സ്ഥാപനത്തിലും, പുനരൈക്യപ്രസ്ഥാനത്തിന്റെ നാനാവിധമായ പുരോഗതിയിലും നിർവഹിച്ചിട്ടുള്ള സേവനങ്ങൾ അവിസ്മരണീയം തന്നെയാണ്. ഇദ്ദേഹത്തിന് രണ്ടു ആൺമക്കളും നാലു പെൺമക്കളുമാണുള്ളത്.

കഥാപുരുഷന്റെ ജേഷ്ഠസഹോദരിയായ ശോശാമ്മയെ മാവേലിക്കര കല്ലുംപുറത്തുകൊട്ടാരത്തിൽ കുഞ്ഞുമാക്കാണ്ട വൈദ്യന്റെ മകൻ തോമസ്സാണ് വിവാഹം കഴിച്ചിരുന്നത്. ഇവരുടെ മകനാന് ബഥനി ആശ്രമത്തിലെ റവ:ഫാദർ എഫ്റേം ഒ.ഐ.സി. അവർകൾ. ഫാദർ എഫ്റേമിന്റെ സഹോദരിയുടെ മകനാണ് റോമിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള റവ:ഫാദർ തോമസ്സ് പണിക്കർ ഡി.ഡി.

കഥാപുരുഷന്റെ കനിഷ്ഠസഹോദരിയായ കുഞ്ഞമ്മയെ വിവാഹം കഴിച്ചിരുന്നത് മേപ്രാൽ കണിയാന്തറ തോമസ്സുവർക്കി (പോലീസ് ഇൻസ്പെക്ടർ) ആയിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം പുളിങ്കുന്നിൽ ചാത്തമ്പറമ്പിൽ ഈപ്പൻ (അഡ്വക്കേറ്റ്) കുഞ്ഞമ്മയെ വിവാഹം കഴിച്ചു. അദ്ദേഹം നിര്യാണമടയുകയാൽ കുഞ്ഞമ്മ ഇപ്പോൾ സ്വഗൃഹത്തിൽത്തന്നെ താമസിച്ചുകൊണ്ടിരിക്കുന്നു.

തങ്ങൾക്കു ലഭിച്ച ഓമനസന്താനത്തെ വാത്സല്യപൂർവ്വം വളർത്തുന്നതിൽ മാതാപിതാക്കന്മാർ അതീവശ്രദ്ധ പതിപ്പിച്ചിരുന്നു. ശിശുവായിരുന്ന അവസരത്തിൽ നടന്ന ഒരുസംഭവം കഥാപുരുഷന്റെ ജീവചരിത്രത്തിൽ ഉണ്ടായിട്ടുള്ള നിരവധി അപകടരംഗങ്ങളേയും അവയിൽ നിന്നും രക്ഷ പ്രാപിക്കുവാൻ സഹായിച്ചിട്ടുള്ള ദൈവതൃക്കരങ്ങളുടെ അദൃശ്യവ്യാപാരത്തേയും നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. കുഞ്ഞിനു നാലു വയസ്സു പൂർത്തിയായിട്ടില്ല. ഒരു ദിവസം പണിക്കരു വീട്ടിലെ വണ്ടിക്കാരൻ കുഞ്ഞിനെ എടുത്ത് കാളവണ്ടിയുടെ മുമ്പിലുള്ള കോൽമരത്തിൽ ഇരുത്തി വണ്ടി മുമ്പോട്ടു വിട്ടു. തൽക്ഷണം കാളകൾ രണ്ടും വിരണ്ടോടുകയും വണ്ടിയുടെ ചക്രത്തിന്റെ നേരെ മുമ്പിൽ പരിഭ്രമം മൂലം കുഞ്ഞ് മറിഞ്ഞുവീഴുകയും ചെയ്തു. ഏതോ അദൃശ്യശക്തിയുടെ പ്രചോദനമെന്നു തോന്നുമാറ് വിരണ്ടോടിക്കൊണ്ടിരുന്ന കാളകൾ “സഡൺബ്രേക്ക്” ഇട്ടാലെന്നപോലെ തൽക്ഷണം ഓട്ടം നിർത്തുകയാണുണ്ടായത്. കാളകളുടെ ഓട്ടം പെട്ടെന്നു നിലച്ചില്ലായിരുന്നുവെങ്കിൽ ആ രംഗം എത്ര ദയനീയമായിത്തീരുമായിരുന്നുവെന്ന് ഊഹിക്കുകയാണുത്തമം.

അഹോ! ഏതാതൃശാപകടാവസരങ്ങളിൽ സർവ്വശക്തനായ ദൈവം തന്റെ അനുഗ്രഹങ്ങൾ നീട്ടി ബലഹീനരായ നമ്മെ സംരക്ഷിക്കുന്നതോർക്കുമ്പോൾ ആ അനന്തസ്നേഹത്തെ ഹൃദയം കവിഞ്ഞൊഴുകുന്ന കൃകജ്ഞതയോടുകൂടിയല്ലാതെ എങ്ങനെ സ്മരിക്കുവാൻ സാധിക്കും! അഖിലലോകവിഖ്യാതനായിത്തീരേണ്ട ആ മഹാവ്യക്തി

-കേരളത്തിന് അകത്തും പുറത്തുമുള്ള അനേകലക്ഷം ജനങ്ങളുടെ ബാഹ്യവും ആദ്ധ്യാത്മികവുമായ അഭിവൃദ്ധിക്കു വേണ്ടി ആജീവനാന്തരം പോരാടേണ്ട ആ ധീരസേനാനി-സുറിയാനിസഭയെ ബന്ധിച്ചിരുന്ന ആലാത്തുകളെ ഓരോന്നായി പൊട്ടിച്ച് ഐക്യത്തിന്റേയും സമാധാനത്തിന്റേയും വഴിത്താര വെട്ടിത്തുറന്ന ആ സമാധാനകാംക്ഷി-പുനരൈക്യപ്രസ്ഥാനശിശുവിന് ബീജാവാപം നല്കുകയും ആ പൊന്നോമനക്കുഞ്ഞിനെ താലോലിച്ചു വളർത്തി കൗമാരദശയിൽ എത്തിക്കുകയും ചെയ്യേണ്ട ആ വത്സലപിതാവു-പൊതുജനോപകാരാർത്ഥം നിരവധി സ്ഥാപനങ്ങൾ കേരളക്കരയിലെങ്ങും നിർമ്മിക്കേണ്ട ആ ലോകോപകാരി-പിഞ്ചുകാൽ വച്ച് മുമ്പോട്ടു നടക്കുന്നതിനു മുമ്പ് വണ്ടിചക്രത്തിന്റെ തിരിച്ചിലിൽപ്പെട്ട് ലോകയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്യുവാൻ ഇടയാകുമെന്നോ? ത്രികാലജ്ഞനായ അദൃശ്യശക്തി അതിനനുവദിക്കുമെന്നോ? ശാന്തം, പാപം. അല്ല അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ മലങ്കരസഭാചരിത്രസരിത്തിന്റെ പ്രവാഹം ഏതൊരു കൈവഴിയിൽക്കൂടെ തിരിഞ്ഞുപോകുമായിരുന്നു; സർവ്വജ്ഞനായ ദൈവം മാത്രം അറിയുന്നു!

"പൈതൽ വളർന്നു. ആത്മാവിൽ ബലപ്പെട്ടു. ജ്ഞാനം കൊണ്ടു നിറഞ്ഞു. ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു" എന്ന് നമ്മുടെ കർത്താവിന്റെ ബാല്യകാലത്തെക്കുറിച്ച് അരുൾ ചെയ്തിരിക്കുന്ന വേദവചനം കഥാപുരുഷനിലും ഏറെക്കുറെ നിരവേറി എന്നുതന്നെ പറയാം. "കൊച്ചു കീവറിച്ചൻ എന്ന പേരിലാണ് കഥാപുരുഷൻ ബാല്യകാലത്തു വിളിക്കപ്പെട്ടിരുന്നത്. മാവേലിക്കര പുതിയകാവു പള്ളിയോടുചേർന്നുള്ള ദാവീദാശാന്റെ കുടിപ്പള്ളിക്കൂടത്തിൽ അഞ്ചാമത്തെ വയസ്സിൽ പൈതലിനെ എഴുത്തിനിരുത്തി. പഠനകാര്യത്തിൽ അനിതരസാധാരണമായ താല്പര്യവും സാമർത്ഥ്യവും പ്രകടമായികണ്ടതിനാൽ ഈബാലൻ ഭാവിയിൽ ഒരു മഹാനായിത്തീരുമെന്ന് ആശാൻ പ്രവചിക്കുകയുണ്ടായി.

ഉദ്ദേശം അരശതാബ്ദത്തിനു മുൻപ് തിരുവനന്തപുരം മുതൽ വടക്കോട്ടു നിലവിലിരുന്ന വിദ്യാഭ്യാസരീതിയെപ്പറ്റി കുറഞ്ഞൊന്ന് ഇവിടെ പ്രസ്താവിക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു.

"ഗ്രാമീണ"മെന്നും "നാഗരിക"മെന്നുമുള്ള രണ്ടു ശാഖകളായിരുന്നു അന്നു വിദ്യാഭ്യാസത്തിനുണ്ടായിരുന്നത്. ഗ്രാമീണശാഖയെ "സാമാന്യവിദ്യാഭ്യാസ"മെന്നും "ഉപരിവിദ്യാഭ്യാസ"മെന്നും രണ്ടായി

തരം തിരിച്ചിരുന്നു. കുടിയാശാന്മാരുടെ കീഴിൽ തമിഴും, മലയാളവും നിലത്തെഴുത്തും, കണക്കും പഠിക്കുക; വാക്യവും പരല്പ്പേറും ഹൃദിസ്ഥമാക്കുക, അമരകോശം, സിദ്ധരൂപം, ബാലപ്രബോധനം, ശ്രീരാമോദന്തം, നീതിസാരം എന്നിവ ഉരുവിടുക, ഇത്രയുമായാൽ സാമാന്യവിദ്യാഭ്യാസമായി. രഘുവംശം, കുമാരസംഭവം, കിരാതാർജ്ജുനീയം, മാഘം, നൈഷധം മുതലായ സംസ്കൃതകാവ്യങ്ങളും, ശാകുന്തളം, ഉത്തരരാമചരിതം തുടങ്ങിയ നാടകങ്ങളും പഠിക്കുകയും തർക്കവ്യാകരണാലങ്കാരവൈദ്യാദികളിൽ ജ്ഞാനദാർഢ്യം കൈവരുത്തുകയുമായിരുന്നു ഉപരിവിദ്യാഭ്യാസം. ഗ്രാമീണമായ ഉപരിവിദ്യാഭ്യാസത്തിനു പഠിതാക്കൾക്ക് അക്കാലത്തു സ്വദേശം വിട്ടുപോകേണ്ടിയിരുന്നു. തന്മൂലം കളരിയിലെ സാമാന്യവിദ്യാഭ്യാസം കൊണ്ട് ഭൂരിപക്ഷം ആളുകളും തൃപ്തിയടഞ്ഞുപോന്നു. നാഗരികവിദ്യാഭ്യാസമെന്നത് ഇംഗ്ലീഷ് പഠനമായിരുന്നു. ഗ്രാമീണസാമാന്യവിദ്യാഭ്യാസത്തിനു ശേഷം ചില കുബേരകുമാരന്മാരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി പട്ടണങ്ങളിലേക്കയച്ചിരുന്നു. മട്രിക്കുലേഷൻ ക്ലാസ്സുള്ള സ്കൂളുകൾ അന്ന് തിരുവിതാംകൂറിൽ വളരെ വിരളമായിരുന്നു. കോട്ടയം, ആലപ്പുഴ, മാവേലിക്കര, കൊല്ലം, തിരുവനന്തപുരം, നാഗർകോവിൽ എന്നിങ്ങനെ ചില പട്ടണങ്ങളിൽ മാത്രമേ ഇംഗ്ലീഷ് സ്കൂളുകൾ അക്കാലത്തുണ്ടായിരുന്നുള്ളു.

നമ്മുടെ കഥാപുരുഷൻ പന്ത്രണ്ടു വയസ്സുവരെ സ്വവസതിയിൽ താമസിച്ചുകൊണ്ട് ഗ്രാമീണ വിദ്യാഭ്യാസം പൂർത്തിയാക്കി. ദാവീദാശാന്റെ കീഴിൽ ആയിരുന്നു നിലത്തെഴുത്തു മുതൽ കൂട്ടിവായന വരെ അഭ്യസിച്ചത്. സൽസ്വഭാവിയും സമർത്ഥനുമായിരുന്നു കീവറീച്ചന് കളരിയിലെ "ചട്ടംപിള്ള" ഉദ്യോഗമായിരുന്നു ആശാൻ നൽകിയത്. ഇക്കാലത്തെ മോണിട്ടർക്ക് പകരം ചട്ടം പരിപാലിക്കുന്നവൻ എന്ന അർത്ഥത്തിലായിരിക്കാം അക്കാലത്തു നൽകിയിരുന്ന ഉദ്യോഗം ആയിരുന്നു ചട്ടംപിള്ള ഉദ്യോഗം. കളരിയും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുക, കുട്ടികൾ വരുമ്പോൾ അവരെ യഥാസ്ഥാനത്ത് ഇരുത്തുക, കുട്ടികൾ തമ്മിൽ വഴക്കുണ്ടായാൽ ആ വിവിരം ആശാന്റെ അടുക്കൽ റിപ്പോർട്ടു ചെയ്യുക, കുറ്റക്കാരെ ശിക്ഷിക്കുന്നതിനായി വടിവെട്ടിക്കൊണ്ടുവന്ന് ആശാന്റെ മേശമേൽ വയ്ക്കുക എന്നിവയെല്ലാമായിരുന്ന ചട്ടംപിള്ളയുടെ ജോലികൾ. തന്നെ ഭാരമേൽപ്പിച്ചിരുന്ന ജോലികൾ എത്രയും വിശ്വസ്തതയോടു കൂടിത്തന്നെ കീവറിച്ചൻ നിർവ്വഹിച്ചുകൊണ്ടിരുന്നു. പക്ഷെ ഒരവസരത്തിൽ ആശാനുമായി അല്പം പിണ

ങ്ങേണ്ടതായി വന്നുകൂടി. ഏതോ നിസ്സാരകാര്യത്തിന് ആശാൻ ചട്ടം പിള്ളയെ പരസ്യമായി ശാസിക്കുന്നതിനിടയായി. ഇതിങ്കൽ ലജ്ജയും കോപവും കൊണ്ടു നിറഞ്ഞ കീവറിച്ചൻ പരിഭവസ്വരത്തിൽ ആശാനോടു പറയുകയാണ്:- "ആശാനേ, അത്രയ്ക്കൊന്നും ദേഷ്യപ്പെടേണ്ടാ. ഞാൻ എന്റെ വീട്ടിൽ പൊയ്ക്കൊള്ളാം. ആശാന്റെ എഴുത്തങ്ങെടുത്തേര്. എന്റെ ഓല ഇങ്ങു തന്നേച്ചാൽ മതി" ഇത്രയും പറഞ്ഞുകൊണ്ട് ഓലയും എടുത്തുകൊണ്ടു കീവറിച്ചൻ വീട്ടിലേക്കൊരോട്ടം. ബാലൻ ഈ വിവരം തോമ്മാപ്പണിക്കരോടു പറഞ്ഞാൽ തനിക്കു അതു കുഴപ്പമായിത്തീരുമെന്ന് വിചാരിച്ച് ആശാൻ ഉടൻ തന്നെ പണിക്കരുടെ വീട്ടിലെത്തി തോമ്മാപ്പണിക്കരെക്കണ്ടു വിവരം വിശദമായി ധരിപ്പിച്ച് തന്റെ നിരപരാധിത്വം തെളിയിച്ചു ഉടനെ തോമ്മാപ്പണിക്കർ ബാലനെ വിളിച്ചു വിവരം ചോദിച്ചു. ബാലൻ പറയുകയാണ്:- "നേരാണപ്പച്ചോ, ആശാൻ എന്നോടു ദേഷ്യപ്പെട്ടതു കൊണ്ട് ഞാൻ പറഞ്ഞതാണ്. എഴുത്ത് ആശാനാണ് എഴുതിയത്. ഓല എന്റേതാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് എഴുത്തങ്ങ് എടുത്തോണ്ട് ഓല ഇങ്ങു തന്നേര് എന്ന്" ഇതു കേട്ട് എല്ലാവരും പൊട്ടിച്ചിരിക്കുകയും അങ്ങനെ ബാലൻ ശിക്ഷയിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു.

വിരക്ത ജീവിതത്തിൽ ചെറുപ്പം മുതൽത്തന്നെ കഥാപുരുഷനുണ്ടായിരുന്ന ആഗ്രഹം പ്രസ്പഷ്ടമാക്കുന്ന ഒരു സംഭവം ഒരിക്കൽ നടക്കുകയുണ്ടായി. വീടിന്റെ മുറ്റത്തു ഒരു കോഴിപ്പൂവൻ പിടയെ ചവിട്ടുന്നതു ബാലൻ അല്പനേരം നോക്കി ചിരിച്ചുകൊണ്ടിരുന്നു. അവിടെ നിന്നിരുന്ന ബാലന്റെ പിതൃസഹോദര പുത്രി ഉടനെ ബാലനോടു ഇപ്രകാരം പറഞ്ഞു. "കുഞ്ഞേ, ഇങ്ങനെയുള്ള കാഴ്ചകൾ കണ്ട് രസിക്കുന്നവർക്ക് അച്ചനാവാനോ, മദ്ബഹായിൽ കയറാനോ, സ്വർഗ്ഗത്തിൽ പോകാനോ സാധിക്കയില്ല" തൽക്ഷണം കണ്ണും പൊത്തിക്കൊണ്ട് "അയ്യയ്യോ, അങ്ങനെയെങ്കിൽ എനിക്ക് ഇതു കാണേണ്ട" എന്നു പറഞ്ഞു ബാലൻ അവിടെ നിന്നും ഓടിപ്പോകുകയും ചെയ്തു. വൈദികനാകുന്നതിനും, വിരക്തജീവിതം നയിക്കുന്നതിനും ബാല്യകാലം മുതൽത്തന്നെ കഥാപുരുഷനുണ്ടായിരുന്ന അതിയായ ആഗ്രഹം ഇതിൽ നിന്നും ഗ്രഹിക്കാവുന്നതാണല്ലോ.

കത്തോലിക്കാസഭാ പുനരൈക്യമെന്ന ആശയബീജം തന്റെ മനസ്സിൽ അങ്കുരിപ്പിച്ചത് സ്വമാതാവാണെന്നും തന്റെ ബാല്യകാലത്തിലായിരുന്നു ഇപ്രകാരം സംഭവിച്ചതെന്നും കഥാപുരുഷൻ പലപ്പോഴും പറയുകയുണ്ടായിട്ടുണ്ട്. സംഭവകഥ ഏതാണ്ടിപ്രകാരമാണ്. ഒരിക്കൽ തന്റെ

സഹോദരി ഏതോ രോഗം പിടിപെട്ട് കിടപ്പിലായി. ചികിത്സമൂലം വേണ്ട വിധത്തിലുള്ള ഫലം ലഭിച്ചില്ല. രോഗിണിക്കുവേണ്ടി പ്രർത്ഥിക്കുന്ന തിനായി അന്നാമ്മ കീവറിച്ചനേയും വിളിച്ചുകൊണ്ട് അടുത്തുള്ള കത്തോലിക്കാ ദൈവാലയത്തിൽ പോയി. പ്രസ്തുത ദൈവാലയത്തി നുള്ളിൽ പ്രവേശിച്ചപ്പോൾ ദൈവസാന്നിദ്ധ്യബോധം ജനിപ്പിക്കുന്ന ശാന്തമായ ഒരന്തരീക്ഷം അവർക്കനുഭൂതമായി. ദൈവസന്നിധിയിൽ മുട്ടുകുത്തി രോഗിണിക്കു വേണ്ടി അവർ ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. അതുകഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ വഴിമദ്ധ്യേ അമ്മ മകനോടു പറയുകയാണ്:- "മകനേ, സാക്ഷാൽ പള്ളി അതാണ്. നമുക്ക് ആ പള്ളി യിൽ ചേരണം" ആ ബാലമനസ്സിൽ അന്നു നിക്ഷിപ്തമായ ആശയ ബീജം വളർന്നു, വികസിച്ച്, പുഷ്പിച്ച് ഫലം പുറപ്പെടുവിക്കുന്നതിന് ഏതാണ്ടു നാല്പതു വർഷം വേണ്ടി വന്നു. കത്തോലിക്കാ സഭയെപ്പ റ്റിയുള്ള ചില ആശയ ശകലങ്ങൾ ഒട്ടനേകവർഷങ്ങൾക്കു മുമ്പ് മന സ്സിൽ രൂപമെടുത്തതാണങ്കിലും അവ വികസിച്ച് പൂർണ്ണവളർച്ച പ്രാപി ച്ചതിന്റെ ശേഷം മാത്രമാണ് പലരും സഭാപരിവർത്തനത്തിന് ഉദ്യുക്ത രായിട്ടുള്ളത്. കത്തോലിക്കാ പുനരൈക്യം പ്രാപിച്ചിട്ടുള്ള ഒട്ടനേകം മഹാന്മാരുടെ അനുഭവം ഈ പരമാർത്ഥ്യത്തന് സാക്ഷ്യം വഹിക്കു കയും ചെയ്യുന്നു.

ബാല്യകാലം മുതൽത്തന്നെ ദൈവാശ്രയത്തിലും പ്രാർത്ഥന യിലും അതിയായ താൽപര്യം പ്രദർശിപ്പിച്ചിരുന്നതിനാൽ ഏവരുടേയും സ്നേഹത്തിനും, വാത്സല്യത്തിനും ബാലൻ പാത്രീഭൂതനായി. ദൈവാ ലയത്തിൽ പോകുന്നതിനും, പ്രാർത്ഥിക്കുന്നതിനും, വിശുദ്ധ കുർബാ നയിൽ സംബന്ധിക്കുന്നതിനും കീവറിച്ചൻ പ്രദർശിപ്പിച്ച ശുഷ്ക്കാന്തി അനിതരസാധാരണമായ ഒന്നുതന്നെയായിരുന്നു. സ്വഭവനത്തിൽ നിന്നും പ്രതിദിനം രാവിലെ സ്കൂളിലേക്കു പോകുമ്പോഴും അവിടെ നിന്നും മടങ്ങുമ്പോഴും പുതിയകാവു ദൈവാലയത്തിൽ കയറി കുറെ സമയം പ്രർത്ഥിക്കുക പതിവായിരുന്നു. ഭക്ഷണം കഴിക്കുന്നതിനു മുമ്പും പിമ്പും കുരിശുവരച്ചു പ്രാർത്ഥിക്കുക ചെറുപ്പം മുതൽത്തന്നെ ഒരു പതിവായി കീവറിച്ചൻ സ്വീകരിച്ചിരുന്നു.

പഠനവിഷയത്തിൽ ബാലനുണ്ടായിരുന്ന സാമർത്ഥ്യത്തെപ്പറ്റി വലുതായ മതിപ്പ് അദ്ധ്യാപകനുണ്ടായിരുന്നു. അതിനെ സ്പഷ്ടമാ ക്കുന്ന സംഭവം ഒരിക്കൽ നടക്കുകയുണ്ടായി. പ്രായാധിക്യം മൂലം ജോലിയിൽ നിന്നും ദാവീദാശാൻ വിരമിച്ച ശേഷം അയാളുടെ മക നായ യോഹന്നാനാശാനായിരുന്നു കളരിയിലെ അദ്ധ്യാപകനായി

ത്തീർന്നത്. മദ്യപാനാസക്തി എന്ന ദുർഗുണം പുതിയ അദ്ധ്യാപകന്റെ സന്തതസഹചാരിയായിരുന്നു. അല്പം മദ്യം സേവിക്കാതെ പഠിപ്പിക്കുക എന്നുള്ളത് ആശാന് പ്രയാസമേറിയ ഒരു കാര്യമായിരുന്നു. ഒരു ദിവസം കണക്കു പഠിപ്പിച്ചുകൊണ്ടിരിക്കവേ മദ്യംമൂലമുണ്ടായ ഉന്മാദം ശക്തിമത്തായിത്തീർന്നു. ലോകത്തിലുള്ള യാതൊരു കണക്കുശാസ്ത്രജ്ഞനും ഉത്തരം നൽകുവാൻ സാധിക്കാത്ത ഒരു ചോദ്യം ആശാൻ കുട്ടികൾക്കിട്ടുകൊടുത്തു. "മൂന്നുപേർക്കൊന്ന്: എന്നാൽ ശിഷ്ടം കൂടാതെ ഒരാൾക്കെത്ര?" ഇതായിരുന്നു ആശാന്റെ ഹിമാലയൻ പ്രശ്നം. പാവപ്പെട്ട വിദ്യാർത്ഥികൾ എന്തുത്തരം നൽകും? ഓരോരുത്തരേയും പേരുചൊല്ലി വിളിച്ച് ഉത്തരം നൽകുന്നതിനുള്ള ആജ്ഞ ആശാൻ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. മൗനം മൂലമുള്ള ഉത്തരം നൽകുന്നതിനേ ഓരോരുത്തർക്കും സാധ്യമായുള്ളു അവസാനം കീവറീച്ചനോടായി ചോദ്യം. ഏതു വിഷയത്തിലും സമർത്ഥനായ കീവറിച്ചൻ ഈ ചോദ്യത്തിനും നിശ്ചയമായും ഉത്തരം നൽകുമെന്നായിരുന്നു ആശാന്റെ വിശ്വാസം. പക്ഷേ, എന്തു ചെയ്യും? മദോന്മത്തതയുടെ മുൻപിൽ സുബുദ്ധിക്കു തലകുനിക്കാതെ നിവൃത്തിയില്ലല്ലോ. "മൂന്നുപേർക്കൊന്ന്. എന്നാൽ ശിഷ്ടം കൂടാതെ ഒരാൾക്കെത്ര? ഉത്തരം പറയൂ. ഉം. ഉം. ഉം" ആശാന്റെ അനേകം ഉമ്മുകളുടെ മുമ്പാകെ "മൗനം വിദ്വാനുഭൂഷണം" എന്ന തത്വം പ്രയോഗത്തിൽ വരുത്തുന്നതിനു മാത്രമേ കീവറിച്ചനു സാധിച്ചുള്ളു. മറ്റുള്ളവർ ഉത്തരം നൽകാതിരുന്നത് ആശാനു മനസ്സിലാക്കുന്നതിനും സഹിക്കുന്നതിനും സാധിക്കും, പക്ഷേ, എല്ലാറ്റിനും സമർത്ഥനായ കീവറിച്ചൻ ഉത്തരം നൽകാതിരുന്നത് ആശാനു സഹിക്കുക പ്രയാസം. കോപം കൊണ്ട് വിറച്ച ആശാൻ പുറത്തേക്ക് ഓടി ഒരു വലിയ കല്ല് എടുത്തുകൊണ്ടു വന്നു. "ആഹാ, നിനക്കും ഉത്തരം അറിയാൻ വയ്യ, കുനിഞ്ഞു നിൽക്കു. ഉം" മദോന്മത്തനായ ആശാന്റെ കൽപന അനുസരിച്ച് തൽക്ഷണം ബാലൻ കുനിഞ്ഞു നിന്നു. കല്ല് കുട്ടിയുടെ പുറത്തു വച്ച് പത്തുമിനിട്ടു സമയം ആ നിലയിൽത്തന്നെ നിറുത്തി.... മദ്യത്തിന്റെ ലഹരി കുറഞ്ഞപ്പോൾ താൻ ചെയ്ത കഠിനകൃത്യത്തെപ്പറ്റി ആശാൻ അതിയായി ദുഃഖിച്ചു. പക്ഷേ, ഈ വിവരം എങ്ങനെയോ അറിഞ്ഞ തോമ്മാപ്പണിക്കരാകട്ടെ പിറ്റേ ദിവസം കളരിയിൽ വന്ന് ആശാനുമായി ഒരു സംഘട്ടനത്തിനു തയ്യാറായി. ആരോഗദൃഢഗാത്രനും ആയുധാഭ്യാസനിപുണനുമായിരുന്ന തോമ്മാപ്പണിക്കരുടെ മുമ്പാകെ ആശാൻ ആപാദചൂഡം വിറച്ച് ക്ഷമായാചനം ചെയ്കയുണ്ടായി.

പ്രാർത്ഥനയിലുള്ള വിശ്വാസവും വൈദികരോടുള്ള ബഹുമാനവും കഥാപുരുഷനിൽ ചെറുപ്പകാലം മുതൽ എത്രമാത്രം ഉണ്ടായിരുന്നുവെന്നുള്ളത് താഴെക്കാണുന്ന സംഭവത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്. ഒരവസരത്തിൽ ജ്വരബാധമൂലം കീവറിച്ചൻ കിടപ്പിലായി. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി അടുത്തുള്ള ദൈവാലയത്തിൽ ആ സന്ദർഭത്തിൽ എഴുന്നള്ളി താമസിക്കുന്നുണ്ടായിരുന്നു. ഈ വിവരം എങ്ങനെയോ അറിഞ്ഞ ബാലൻ രോഗക്കിടക്കയിൽ കിടന്നുകൊണ്ട് സ്വപിതാവിനോടു പറയുകയാണ്. "അപ്പച്ചാ, എന്നെ പള്ളിയിലേക്ക് എടുത്തുകൊണ്ടു പോകണം. പരുമല തിരുമേനി എന്റെ തലയിൽ കൈവച്ചു പ്രാർത്ഥിക്കണം. എന്നാൽ എന്റെ സുഖക്കേട് ഭേദമാകും." കുട്ടിയുടെ നിർബന്ധം മൂലം തോമ്മാപ്പണിക്കർ മകനേയും എടുത്തുകൊണ്ട് ദൈവാലയത്തിലേക്കു പോയി പ്രാർത്ഥനയിൽ ബാലനുണ്ടായിരുന്ന വിശ്വാസത്തിൽ അതീവ സന്തുഷ്ടനായിത്തീർന്ന തിരുമേനി ബാലനെ പ്രശംസിക്കുകയും തലയിൽ കൈവച്ചു പ്രാർത്ഥിക്കുകയും ചെയ്തു. താമസിയാതെ സുഖക്കേട് ഭേദമാകുകയും ചെയ്തു.

ഗ്രാമീണവിദ്യാഭ്യാസം പൂർത്തിയാക്കിയ ബാലന് ഇംഗ്ലീഷുവിദ്യാഭ്യാസം ആവശ്യമില്ലെന്നും തന്നെപ്പോലെ ഒരു കർഷകനായിരുന്നാൽ മതിയെന്നുമായിരുന്നു പിതാവായ തോമ്മാപ്പണിക്കരുടെ ആഗ്രഹവും അഭിപ്രായവും. എന്നാൽ വിദ്യാസമ്പന്നയായ മാതാവിന്റെ അഭിലാഷം ഉപരിവിദ്യാഭ്യാസം നല്കി മകനെ ഒരു വൈദികനാക്കണമെന്നായിരുന്നു. പ്രസ്തുതാഭിലാഷനിവൃത്തിക്കായി മാതാവ് ഭർതൃസഹോദരനായ സ്കറിയാകത്തനാരെ സമീപിച്ച് വിവരം അറിയിക്കുകയും അദ്ദേഹം സസന്തോഷം അക്കാര്യം ഭരമേൽക്കുകയും ചെയ്തു. സ്വസഹോദരനെ ഉപദേശരൂപേണ അദ്ദേഹം കാര്യം ഗ്രഹിപ്പിക്കുകയും, തൽഫലമായി തോമ്മാപ്പണിക്കർ പുത്രനെ ഉപരിവിദ്യാഭ്യാസത്തിനയക്കാമെന്നു സമ്മതിക്കുകയും ചെയ്തു.

കളരിവിദ്യാഭ്യാസത്തിനു ശേഷം ബാലനെ വീടിനു സമീപത്തിള്ള C.M.S. (പ്രോട്ടസ്റ്റന്റുകാരുടെ) വകയായ ഇംഗ്ലീഷ് സ്കൂളിൽ ചേർത്തു. ഏതാനും മാസങ്ങൾക്കു ശേഷം പരുമല മാർ. ഗ്രിഗോറിയോസ് മെത്രപ്പോലീത്താ തിരുമേനി മാവേലിക്കര പള്ളിയിൽ എഴുന്നള്ളിയ അവസരത്തിൽ ബാലനെപ്പറ്റി അന്വേഷിക്കുകയുണ്ടായി. പ്രോട്ടസ്റ്റന്റ് സ്കൂളിലാണ് ബാലൻ പഠിക്കുന്നതെന്നറിഞ്ഞ് തിരുമേനി സ്ക്കറിയാ കത്തനാരെ വരുത്തി ഇപ്രകാരം കൽപ്പിച്ചു:-"നമ്മുടെ കുഞ്ഞുങ്ങളെ പ്രോട്ടസ്റ്റന്റ് വിദ്യാലയത്തിൽ അയച്ചു പഠിപ്പിക്കുന്നത് ഒരിക്കലും

ശരിയല്ല; കാരണം, കുഞ്ഞുങ്ങളുടെ പിഞ്ചുഹൃദയത്തിൽ നിന്നും അപ്പസ്തോലിക വിശ്വാസം നഷ്ടപ്പെടുന്നതിനും, മറിച്ച് പ്രോട്ടസ്റ്റന്റ് വിശ്വാസം ക്രമേണ അവരിൽ വളരുന്നതിനും അത് ഇടയാക്കിത്തീർക്കും. അതിനാൽ ഉടൻ തന്നെ വിടുതൽസർട്ടിഫിക്കേറ്റ് വാങ്ങി കീവറിച്ചനെ സ്ഥലത്തുള്ള സർക്കാർ സ്കൂളിൽ ചേർത്തു പഠിപ്പിക്കണം."

മെത്രാപ്പോലീത്തയുടെ കല്പനപ്രകാരം പിന്നീടു മാവേലിക്കര കോട്ടയ്ക്കകത്തുണ്ടായിരുന്ന സർക്കാർ ഇംഗ്ലീഷ് സ്കൂളിൽ ബാലനെ ചേർത്തു. ഇൻഫന്റ് ക്ലാസ്സു മുതൽ ഫോർത്തുഫോറം വരെയുള്ള ക്ലാസ്സുകൾ പ്രസ്തുത സ്കൂളിലുണ്ടായിരുന്നു. ഇൻഫന്റ് ക്ലാസ്സിനെ നാലാം ക്ലാസ്സ് എന്നായിരുന്നു അന്നു പറഞ്ഞുവന്നത്. വീട്ടിൽ നിന്നും ഒരു മൈൽ ദൂരമുണ്ടായിരുന്ന പ്രസ്തുത സ്കൂളിൽ പോയി ബാലൻ പഠനം നടത്തിക്കൊണ്ടിരുന്നു. ഏതു വിഷയത്തിലും സമർത്ഥനും സ്വഭാവത്തിലും സംസ്ക്കാരത്തിലും ഇതരവിദ്യാർത്ഥികളെ അതിശയിക്കുന്നവനുമാകയാൽ സ്കൂളിലെ എല്ലാ അദ്ധ്യാപകന്മാർക്കും പ്രസ്തുത ബാലൻ കണ്ണിലുണ്ണിയായിത്തീർന്നു. ഓരോ ക്ലാസ്സിലും ഒന്നാമനായി ജയിച്ചുകൊണ്ടിരുന്ന കഥാപുരുഷൻ അഞ്ചുവർഷം പഠിച്ച് ഫോർത്തു ഫാറത്തിൽ നിന്നും സ്തുത്യർഹമായ വിജയം കരസ്ഥമാക്കി. കുട്ടിയുടെ ഭാവിയെപ്പറ്റിയുള്ള ചിന്ത മാതാപിതാക്കന്മാരെ വളരെയധികം വിഷമിപ്പിച്ചു. സമർത്ഥനായ ബാലന്റെ ശോഭനമായ ഭാവിയെപ്പറ്റി ഉത്തമ വിശ്വാസമുണ്ടായിരുന്ന അദ്ധ്യാപകരും ബന്ധുമിത്രാദികളും കുട്ടിയെ ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തുന്നതിനായി വിടണമെന്ന് മാതാപിതാക്കന്മാരെ നിർബന്ധിച്ചുതുടങ്ങി. ഇംഗ്ലീഷ് ഹൈസ്കൂൾ അന്നു കോട്ടയത്തു മാത്രമേ ഉണ്ടായിരുന്നുള്ളു. പന്ത്രണ്ടു വയസ്സുള്ള ബാലനെ അന്ന് വിദൂരരാജ്യമായി കരുതിയിരുന്ന കോട്ടയത്തേക്ക് അയയ്ക്കുവാൻ മാതാപിതാക്കന്മാർ വൈമനസ്യം പ്രകടിപ്പിച്ചു. മോട്ടോർ വണ്ടികളില്ലാതിരുന്ന അക്കാലത്ത് മാവേലിക്കര നിന്നും മുപ്പതു മൈലോളം ദൂരമുള്ള കോട്ടയത്തേയ്ക്കു പോകുന്നതിനുള്ള വാഹനം വള്ളം മാത്രമായിരുന്നു. തന്നെയുമല്ല, കോട്ടയത്തു താമസിക്കുന്നതിനു തക്ക സൗകര്യങ്ങളുമില്ലായിരുന്നു. ഇപ്രകാരം മാതാപിതാക്കന്മാർ വിഷമിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ സർവ്വശക്തനായ ദൈവം അതിനുള്ള മാർഗ്ഗം തുറന്നുകൊടുത്തത് എപ്രകാരമെന്ന് അടുത്ത അദ്ധ്യായത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

## അദ്ധ്യായം – 4

# ഉപരിവിദ്യാഭ്യാസവും എം.എ. ഡിഗ്രിസമ്പാദനവും

മാവേലിക്കര കോട്ടയ്ക്കകം സർക്കാർ സ്കൂളിൽ പഠനം നടത്തി സ്തുത്യർഹമാം വിധം നാലാം ഫാറത്തിൽ നിന്നും വിജയിയായ ബാലനെ ഉപരി വിദ്യാഭ്യാസാർത്ഥം കോട്ടയത്തേക്ക് അയയ്ക്കുന്നതിനെപ്പറ്റിയുള്ള ചിന്തയിൽ മാതാപിതാക്കന്മാർ നിമഗ്നരായിരിക്കവേ നടന്ന ഒരു സംഭവം കഥാപുരുഷന്റെ ജീവിതഗതിയെ ആദ്യന്തം നിയന്ത്രിക്കുന്നതിനിടയാക്കിത്തീർത്തു. കേവലം പതിന്നാലുവയസ്സു മാത്രം പ്രായമുള്ള ബാലനിൽ കുടികൊണ്ടിരുന്ന ധൈര്യം, അനുസരണം, വൈദികബഹുമാനം, പരോപകാരതല്പരത എന്നീ ഗുണങ്ങളെ പ്രസ്പഷ്ടമാക്കുന്ന ആ സംഭവമത്രേ കഥാപുരുഷന്റെ ജീവിതചരിത്രത്തിന് അടിസ്ഥാനമിട്ടതെന്ന് നിസ്സംശയം പറയാവുന്നതാണ്. "മുളയിലേ അറിയാമല്ലോ മുളങ്കരുത്ത്." പ്രസ്തുത സംഭവം ഇപ്രകാരമായിരുന്നു.

ക്രിസ്ത്വാബ്ദം 1865 മുതൽ 1909 വരെയുള്ള നാൽപ്പത്തിനാലു വർഷക്കാലത്തോളം മലങ്കരയിലെ യാക്കോബായസഭയുടെ ഭരണം നിർവഹിച്ചുകൊണ്ടിരുന്ന പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനി ഏതോ ആവശ്യം പ്രമാണിച്ച് മാവേലിക്കര പുതിയകാവു പള്ളിയിൽ എഴുന്നെള്ളി താമസിക്കുകയാണ്. ഏതാണ്ട് സന്ധ്യാ സമയം കഴിഞ്ഞിരിക്കുന്നു. തിരുമേനിയെ കാണുന്നതിനും സംസാരിക്കുന്നതിനുമായി ഇടവകാംഗങ്ങളായ ഒട്ടനേകർ അവിടെ സന്നിഹതരായിട്ടുണ്ട്. ഭയങ്കരമായ കൂരിരിട്ടിനു പുറമേ ശക്തിമത്തായ കാറ്റ് അടിച്ചുകൊണ്ടിരിക്കുന്നു.

മഴ "തിമിർത്ത" പെയ്യുന്നുണ്ട്. ഈ അവസരത്തിൽ തിരുമേനി ചുറ്റും നിന്നവരോട് ചോദിക്കുകയാണ്. "ഇവിടെ നിന്നും വഴുവാടിക്ക് എത്ര മൈൽ ദൂരമുണ്ട്?" കൂട്ടത്തിൽ നിന്നവരിൽ ഒരുവൻ മറുപടി നല്കി, "ഒരു മൈലോളം വന്നേക്കും" തൽക്ഷണം തിരുമേനി കൽപ്പിക്കുകയാണ്. "നമ്മുടെ വീട്ടിനാൽ ശെമ്മാശനെ കണ്ടിട്ട് ഒരു അത്യാവശ്യമുണ്ട്. അയാളെ ഇത്രടം വരെ വിളിച്ചു കൊണ്ടുവരുവാൻ ആർക്കെങ്കിലും വഴുവാടി വരെ പോകുവാൻ സാധിക്കുമോ? കുറേ സമയത്തേയ്ക്ക് ആ സദസ്സ് മൗനനിർഭരമായി. അരോഗദൃഢഗാത്രരായ ഒട്ടനേകർ അവിടെ കൂടിയിട്ടുണ്ട്. ചോരത്തിളപ്പുള്ള നിരവധി യുവാക്കൾ അവിടെ സന്നിഹിതരായിട്ടുണ്ട്. പക്ഷേ അവർക്കാർക്കും ആ സമയത്ത് വഴുവാടി വരെ പോകുവാനുള്ള ധൈര്യം ഉണ്ടായില്ല. ഒരുവന്റേയും നാവിൽ നിന്നും സമ്മതസ്വരം പുറപ്പെടുന്നുമില്ല. തൽക്ഷണം ആരെയും അത്ഭുതപരതന്ത്രരാക്കിത്തീർക്കുമാറ് ഒരു ചെറുബാലൻ ആളുകളെ തള്ളിമാറ്റിക്കൊണ്ട് മുമ്പോട്ടു വന്നു തിരുമേനിയുടെ കൈമുത്തിയശേഷം പറയുകയാണ്:- "തിരുമേനി, അടിയൻ പോകാം" സന്തോഷത്തോടും വിസ്മയത്തോടും കൂടെ തിരുമേനി ചോദിച്ചു.

കുഞ്ഞ് ഏതാണ്?

ബാലൻ : അടിയൻ പണിക്കരുവീട്ടിൽ തോമ്മാപ്പണിക്കരുടെ മകനാണ്

തിരു : ആഹാ! നമ്മുടെ സ്കറിയാകത്തനാരുടെ അനുജന്റെ മകനോ. കൊള്ളാം, നിന്റെ പേരെന്ത്?

ബാലൻ : പി.റ്റി.ജോർജ്ജ്

തിരു : നീ ഏതു ക്ലാസ്സിൽ പഠിക്കുന്നു

ബാലൻ : ഫോർത്തുഫോം പാസ്സായി.

തിരു : കൊള്ളാം. നീ സമർത്ഥൻ തന്നെ. വിളക്കും എടുത്തു കൊണ്ടു പോയി വീട്ടിനാൽ ശെമ്മാശ്ശനെ വിളിച്ചു കൊണ്ടുവരണം.

ബാലൻ : അടിയൻ.

ഉത്തരക്ഷണത്തിൽ കുടയും വിളക്കും എടുത്തുകൊണ്ട് ആ "കുന്നാകുന്നിരുട്ടത്ത്" ഒരു മൈൽ ദൂരമുള്ള വഴുവാടിയിൽ പോയി വീട്ടിനാൽ ശെമ്മാശനെയും വിളിച്ചുകൊണ്ട് ബാലൻ വന്നു ചേർന്നു.

ഇതിൽ സന്തുഷ്ടനായിത്തീർന്ന തിരുമേനി ജോർജ്ജിനെ പ്രത്യേകം അനുഗ്രഹിച്ചു. സമർത്ഥനും ധൈര്യശാലിയുമായ പ്രസ്തുത ബാലനെ സഭാശുശ്രൂഷയ്ക്കായി എടുക്കണമെന്ന് അതീവബുദ്ധിമാനായ തിരുമേനി അന്നു തന്നെ നിശ്ചയിച്ചു. പിറ്റേദിവസം സ്കറിയാകത്തനാരേയും തോമ്മാപ്പണിക്കരേയും പള്ളിമേടയിൽ വരുത്തി ജോർജ്ജിനെ സഭാശുശ്രൂഷയ്ക്കായി വിടണമെന്നും കോട്ടയത്തു കൊണ്ടുപോയി പഠിപ്പിച്ചുകൊള്ളാമെന്നും പറയുകയുണ്ടായി. ഇരുവരും സന്തോഷപൂർവ്വം സമ്മതിച്ചു. അങ്ങനെ സ്കൂൾവർഷാരംഭത്തോടു കൂടെ സ്കറിയകത്തനാർ ബാലനെ കോട്ടയത്തേയ്ക്കു കൊണ്ടുപോയി. മാർദിവന്ന്യാസ്യോസ് തിരുമേനിയെ ഭരമേൽപ്പിച്ചു. ജോർജ്ജ് പഴയ സെമിനാരിയിൽ താമസിച്ചുകൊണ്ട് അവിടെ നിന്നും രണ്ടുമൈൽ ദൂരമുള്ള എം. ഡി.സെമിനാരി ഹൈസ്ക്കൂളിൽ പോയി പഠിക്കത്തക്കവിധം സകല ഏർപ്പാടുകളും തിരുമേനി ചെയ്തുകൊടുത്തു. അങ്ങനെ 1897 – ൽ കോട്ടയം ഹൈസ്കൂളിൽ ഫിഫ്ത്ത്ഫോമിൽ ചേർന്ന് ബാലൻ പഠനം ആരംഭിച്ചു. പുലിക്കോട്ടു തിരുമേനിയുടെ നിർദ്ദേശാനുസരണമായിരിക്കാം പി.റ്റി. ജോർജ്ജ് എന്ന പേരിനു പകരം ഗീവറുഗീസ് എന്ന മാമോദീസാ പേരു സ്വീകരിച്ച് പി.റ്റി.ഗീവറുഗീസ് എന്ന പേരിൽ കഥാപുരുഷൻ പിന്നീട് അറിയപ്പെടുവാൻ ഇടയായത്. പഴയ സെമിനാരിയിലെ ബോർഡിംഗിൽ താമസിച്ചുകൊണ്ട് ദിവസവും രണ്ടുമൈൽ ദൂരമുള്ള ഹൈസ്കൂളിൽ പോയി ബാലൻ പഠനം നടത്തിക്കൊണ്ടിരുന്നു.

അന്ന് എം.ഡി.സെമിനാരിയുടെ ഹെഡ്മാസ്റ്റർ ആയിരുന്നത് ശ്രീമാൻ കെ.സി.മാമ്മൻമാപ്പിള ബി.എ., അവർകളായിരുന്നു. രാഷ്ട്രീയമായും, സാമുദായികമായും, സാഹിത്യപരമായും, സാമ്പത്തികമായും, കേരളീയ ക്രൈസ്തവരുടെ അഭ്യുന്നതിക്കുവേണ്ടി തൂലിക കൊണ്ടും പ്രസംഗംകൊണ്ടും ആജീവനാന്തം പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു പ്രമുഖ വ്യക്തിയായിരുന്നു ശ്രീമാൻ മാമ്മൻമാപ്പിള. എം. ഡി.സെമിനാരി ഹൈസ്ക്കൂളിൽ ഫിഫ്ത്ത് ഫോമിൽ പഠിക്കുവാനായി കഥാപുരുഷൻ കോട്ടയത്ത് എത്തിയ ദിവസം മുതലാണ് അവർ തമ്മിലുള്ള പരിചയം ആരംഭിച്ചത്. ഗുരുവും, ശിഷ്യനും എന്ന നിലയിൽ ആരംഭിച്ച ആ പരിചയം മരണപര്യന്തം നീണ്ടുനിന്നു എന്നത്രേ അവരിരുവരുടേയും ജീവചരിത്രം തെളിയിക്കുന്നത്. ശെമ്മാശ്ശൻ, വൈദികൻ, പ്രിൻസിപ്പാൾ, ആശ്രമാദ്ധ്യക്ഷൻ, മെത്രാപ്പോലീത്ത എന്നീ സ്ഥാനങ്ങൾ കഥാപുരുഷൻ അലങ്കരിച്ചിരുന്ന അവസരങ്ങളിലെല്ലാം ഈ രണ്ടു വ്യക്തികളും പരസ്പരസഹകരണത്തോടും വിശ്വാസ

ത്തോടും കൂടെയാണു പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുള്ളത്. കേരള ത്തിലെ അകത്തോലിക്കാ സുറിയാനി സമുദായത്തിന്റെ നാനാവിധ മായ അഭിവൃദ്ധിക്കുവേണ്ടി എത്രയോ ദിവസങ്ങൾ അവർ ഒരുമിച്ചി രുന്ന് ആലോചന നടത്തിയിട്ടുണ്ട്, ലേഖനങ്ങൾ എഴുതിയിട്ടുണ്ട്, മാർഗ്ഗ ങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്, കാര്യങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ, കഥാ പുരുഷന്റെ കത്തോലിക്കാ പുനരൈക്യത്തോടുകൂടെ അവരിരുവ രുടേയും ആശയങ്ങളും, ആദർശങ്ങളും, പ്രവർത്തനപദ്ധതികളും ഇരു കൈവഴികളിൽക്കൂടെ ഒഴുകുവാൻ തുടങ്ങിയെങ്കിലും പരസ്പരമുണ്ടാ യിരുന്ന സ്നേഹബന്ധത്തെ അണുമാത്രയെങ്കിലും വ്യതിചലിപ്പിക്കു വാൻ അതു കാരണമായിത്തീർന്നില്ല. മരണദൂതന്റെ വരവിനെ സ്വാഗതം ചെയ്തുകൊണ്ട് രോഗശയ്യയിൽ ആർച്ചുബിഷപ്പ് കിടന്നിരുന്ന അവ സരത്തിൽ ഈ ലോകത്തിൽ വച്ച് ആ അഭിവന്ദ്യതിരുമേനിയെ ഒരു നോക്കു കൂടെ കാണുവാനുള്ള ആഗ്രഹത്താൽ പ്രേരിതനായി വയോ വൃദ്ധനായ മി.മാമ്മൻമാപ്പിള യാത്രാക്ഷീണം അവഗണിച്ചു കോട്ടയത്തു നിന്നും തിരുവനന്തപുരത്തെത്തിയതും, കിടക്കയിൽ കിടന്നിരുന്ന അഭി വന്ദ്യതിരുമേനിയെ ആശ്ലേഷിച്ചതും, ഭൂതകാല സംഭവങ്ങൾ ഒന്നൊ ന്നായി ഓർത്ത് ഇരുവരും വാവിട്ട് കരഞ്ഞതും ഓർക്കുമ്പോൾ അവരെ പരസ്പരം കൂട്ടിയിണക്കിയിരുന്ന സ്നേഹബന്ധത്തിന്റെ ശക്തി എത്ര മാത്രമായിരുന്നെന്ന് ഊഹിക്കുവാൻ സാധിക്കും. ഈ ഗ്രന്ഥത്തിൽ അന്യത്ര ചേർത്തിരിക്കുന്ന “ആർച്ചുബിഷോപ്പും മി.മാമ്മൻ മാപ്പിളയും” എന്ന അദ്ധ്യായത്തിൽ നിന്നും കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാവുന്ന താകയാൽ അവയൊന്നും ഇവിടെ വിസ്തരിച്ചു പ്രതിപാദിക്കേണ്ട ആവ ശ്യമില്ലെന്നു കരുതുന്നു.

ഹെഡ്മാസ്റ്റർ മി.മാമ്മൻ മാപ്പിളയുടെ വാത്സല്യത്തിനു പാത്രീഭ വിച്ചിരുന്ന ശിഷ്യന്മാരിൽ അഗ്രഗണ്യൻ പി.റ്റി.ഗീവറുഗീസ് തന്നെയാ യിരുന്നു. കാരണം സ്വഭാവത്തിലും പഠനത്തിലും അദ്വിതീയമായ സ്ഥാനമായിരുന്നു ഗീവറുഗീസ് കരസ്ഥമാക്കിയിരുന്നത്. അതതു ദിവ സത്തെ പാഠങ്ങൾ അതതു ദിവസം തന്നെ ഹൃദിസ്ഥിതമാക്കുന്നതിൽ അനിതരസാധാരണമായ പാടവം കഥാപുരുഷൻ പ്രകടിപ്പിച്ചിരുന്നു. ബോർഡിംഗിൽ ഉണ്ടായിരുന്ന സഹപാഠികളായ ഇതരവിദ്യാർത്ഥിക ളെല്ലാം ഉറങ്ങിക്കഴിഞ്ഞാലും ഗീവറുഗീസ് പഠനത്തിൽ വ്യാപൃതനാ യിരിക്കും. നിദ്രാദേവിയുടെ ആശ്ലേഷത്തിൽ നിന്നും ഒഴിയുവാനായി പുസ്തകവുമെടുത്ത് ബഞ്ചിൽന്മേൽ കയറി നിന്നുകൊണ്ടു മുകളിൽ കെട്ടിത്തൂക്കിയിട്ടിരുന്ന വിളക്കിന്റെ പ്രകാശത്തിൽ വായിച്ചു കൊണ്ടി

രിക്കുക പതിവായിരുന്നു. തന്മൂലം എല്ലാ ക്ലാസ്സുകളിലും എല്ലാ വിഷയത്തിലും കൂടുതൽ മാർക്കു വാങ്ങി ജയിക്കുവാൻ കഥാപുരുഷനു സാധിച്ചു.

ന്യായവാദങ്ങളാൽ എതിരാളികളെക്കൂടെയും സ്വപാർശ്വവർത്തികളാക്കിത്തീർക്കുന്നതിനുള്ള അസാധാരണസാമർത്ഥ്യം വിദ്യാർത്ഥികാലം മുതൽ തന്നെ കഥാപുരുഷനുണ്ടായിരുന്നു. അതിനെ ദൃഷ്ടാന്തീകരിക്കുന്ന ഒരു സംഭവം എം.ഡി.സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ നടന്നത് ചുവടേ ചേർക്കുന്നു.:-

കഥാനായകനൊന്നിച്ചു ഇരുപത്തഞ്ച് വിദ്യാർത്ഥികളോളം ബോർഡിങ്ങിൽ അന്നു താമസിച്ചു പഠനം നടത്തിക്കൊണ്ടിരുന്നു. എല്ലാദിവസവും സന്ധ്യക്ക് ആറ്റുകടവിലേക്ക് കുളിക്കുന്നതിനായി വരിവരിയായി ഇവർ പോകുക പതിവായിരുന്നു. പോകുന്ന വഴിയിൽ കയ്യാലയോടു ചേർന്ന് റോഡരുകിൽ ഒരു ചെറിയ പാറയുണ്ടായിരുന്നു. ഒരു ദിവസം സഹപാഠികളുമൊന്നിച്ച് പോകുമ്പോൾ പാറയുടെ അടുത്തുവന്ന അവസരത്തിൽ അതിന്മേൽ ഒരു കുരിശു വരച്ച ശേഷം കഥാപുരുഷൻ അവരോടു പറയുകയാണ്:- "ഇതുവഴി കുളിക്കടവിലേക്കു പോകുന്നവരെല്ലാം ചെയ്യേണ്ട ഒരു കാര്യമുണ്ട്. അതായത് ഈ പാറയുടെ മുമ്പാകെ എല്ലാവരും തലകുനിച്ച് അതിന്മേൽ ഒന്നു മുത്തണം. അങ്ങനെയെങ്കിൽ കുളിയും കഴിഞ്ഞ് അപകടം കൂടാതെ നമുക്കു തിരിച്ചു വരുന്നതിനു സാധിക്കും." ഗീവറുഗീസിന്റെ ഈ ഭോഷത്തം കേട്ട് സഹപാഠികൾ ചിരിക്കുകയും പരിഹസിക്കുകയുമാണുണ്ടായത്. എങ്കിലും കഥാപുരുഷൻ തെല്ലും മടുത്തില്ല. കുളിക്കുന്ന അവസരത്തിലും അതിനു ശേഷവും ഇതിനെപ്പറ്റിയുള്ള ന്യായവാദങ്ങൾ നടത്തിക്കൊണ്ടിരുന്നു. എന്തിന്, അവസാനം സഹപാഠികളെല്ലാം സമ്മതിച്ചു, തങ്ങൾ പാറയുടെ മുമ്പാകെ കുനിഞ്ഞ് അതിന്മേൽ ചുംബിച്ചുകൊള്ളാമെന്ന്. കുളിയും കഴിഞ്ഞു മടങ്ങിയ അവസരത്തിൽ അവരെല്ലാവരും ഓരോരുത്തരായി പാറയുടെ മുമ്പിൽ തലകുനിക്കുകയും അതിനെ ചുംബിക്കുകയും ചെയ്തു. അങ്ങനെ ബാലൻ സംതൃപ്തനായിത്തീരുകയും ചെയ്തു. ഏതാണ്ട് മുപ്പത് വർഷത്തിനു ശേഷം വി.പത്രോസാകുന്ന 'പാറ'യുടെ മുൻപാകെ സ്വയം തലകുനിക്കുന്നതിനും അനേകായിരങ്ങളുടെ തലകളെ കുനിപ്പിക്കുന്നതിനും ദൈവതൃക്കരങ്ങളിൽ ആയുധമാകേണ്ട ഒരു ബാലനാണ് ഇവനെന്ന് അന്ന് ആരു വിചാരിച്ചു!

പഠനത്തെപ്പോലെതന്നെ സ്വഭാവത്തിലും ബാലൻ ഇതരവിദ്യാർത്ഥികളെ അതിശയിച്ചിരുന്നു. ദിവസംതോറുംമുള്ള പ്രാർത്ഥനകൾ ഭക്തിയോടുകൂടെത്തന്നെ നടത്തുക, ഞായറാഴ്ച ചാപ്പലിൽ വി.കുർബാനയ്ക്കു ശുശ്രൂഷിക്കുക, വി.കുർബാന ചൊല്ലുന്ന സ്ഥലവും സാധനങ്ങളും വൃത്തിയായി സൂക്ഷിക്കുക ഇവയെല്ലാം ഏറ്റം താൽപര്യപൂർവ്വം കഥാപുരുഷൻ നിർവഹിച്ചുകൊണ്ടിരുന്നു. തന്മൂലം ഹൈസ്കൂൾ പ്രിൻസിപ്പൾ ആയിരുന്ന വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാനും ബാലനിൽ അതിയായ വാത്സല്യ മുളവായി. കഥാപുരുഷന്റെ ധൈര്യത്തേയും സാമർത്ഥ്യത്തേയും പറ്റി പുലിക്കോട്ടു തിരുമേനി ഗീവറുഗീസ് മല്പാനോടു പറഞ്ഞിട്ടുമുണ്ടായിരുന്നു ആദ്ധ്യാത്മികകാര്യങ്ങളിൽ ബാലനുണ്ടായിരുന്ന അതിയായ താൽപര്യം നിമിത്തം പഴയ സെമിനാരി ചാപ്പലിന്റെ സൂക്ഷിപ്പുകാരൻ (Sacristan) എന്ന ഉദ്ദ്യോഗം വട്ടശ്ശേരിൽ മല്പ്പാൻ കഥാനായകനു നൽകുകയുണ്ടായി. പ്രസ്തുത ഉദ്ദ്യോഗം ഏറ്റം വിശ്വസ്തതാപൂർവ്വം ബാലൻ നിർവ്വഹിച്ചുകൊണ്ടിരുന്നു.

മെട്രിക്കുലേഷൻ ക്ലാസ്സിൽ നിന്നും പ്രശസ്തമായ നിലയിൽ പി.റ്റി.ഗീവറുഗീസ് വിജയം കൈവരിച്ചു. സഭാശുശ്രൂഷക്കായി ബാലനെ എടുക്കണമെന്ന് പുലിക്കോട്ടു തിരുമേനിയുടെ മനസ്സിൽ രണ്ടു വർഷം മുമ്പേ അങ്കുരിച്ചിരുന്ന ആഗ്രഹം ഈ അവസരത്തിൽ പ്രാവർത്തികമാക്കുന്നതിന് അദ്ദേഹം നിശ്ചയിച്ചു, ഉടൻതന്നെ പണിക്കരുവീട്ടിൽ പി.റ്റി. ഗീവറുഗീസിന് ശെമ്മാശ്പട്ടം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അതിനെന്തെങ്കിലും തടസ്സമുണ്ടോ എന്നും ചോദിച്ചുകൊണ്ട് മാവേലിക്കര ഇടവകക്കാർക്കും പണിക്കരുവീട്ടിൽ തര്യതു സ്കറിയാക്കത്തനാർക്കും തോമ്മാ പണിക്കർക്കും വട്ടശ്ശേരിൽ മല്പ്പാനുമായി ആലോചിച്ച ശേഷം പുലിക്കോട്ടു തിരുമേനി എഴുത്തുകളയച്ചു. ഇക്കാര്യത്തിൽ തങ്ങൾക്ക് പരിപൂർണ്ണ സമ്മതമാണെന്നു കാണിച്ചുകൊണ്ടുള്ള മറുപടികൾ തോമ്മാപ്പണിക്കരും സ്കറിയാ കത്തനാരും പുലിക്കോട്ടു തിരുമേനിക്കയച്ചു കൊടുത്തു. “മാവേലിക്കര യാക്കോബായ ഇടവകാംഗങ്ങൾ പള്ളിവികാരിയുടെ നിർദ്ദേശപ്രകാരം ഇടവകയോഗം കൂടുകയും “മാവേലിക്കര ഇടവകയിൽ പണക്കരു വീട്ടിൽ തോമ്മാ പണിക്കരുടേയും അന്നാമ്മയുടേയും മകൻ ഗീവറുഗീസിന് ശെമ്മാശ്ശപട്ടം നൽകുന്നതിൽ ഞങ്ങൾക്ക് യാതൊരു തടസ്സവുമില്ല” എന്ന് ഐകകണ്ഠ്യേന സമ്മതിച്ചുകൊണ്ടുള്ള ദേശക്കുറി മെത്രാപ്പോലീത്തായ്ക്കു അയച്ചുകൊടുക്കുകയും ചെയ്തു. തനിക്ക് ശെമ്മാശ്ശ പട്ടം നൽകുവാനുദേശിക്കുന്നു എന്ന് അറിഞ്ഞ കഥാപുരുഷൻ പ്രാർത്ഥനാപൂർവ്വം

ദൈവവേഷ്ടത്തിനു സ്വയം സമർപ്പിച്ചു. ഇതനുസരിച്ച് 1074-ധനു 26-ാം തീയതി പുത്തൻകാവുപള്ളിയിൽ വെച്ച് ഒട്ടനേകം വൈദികന്മാരുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ പുലിക്കോട്ടു മാർ ദിവന്നാസ്യോസ് മെത്രപ്പോലീത്താ കഥാപുരുഷന് ശെമ്മാശ് പട്ടം നൽകുകയുണ്ടായി. ആയുഷ്പര്യന്തം ദൈവ ശുശ്രൂഷയ്ക്കു വേണ്ടി വൈദികവൃത്തിയിൽ പ്രവേശിക്കുന്നതിനു സാധിച്ചത് ഒരു മഹാഭാഗ്യമായിതന്നെ കഥാപുരുഷൻ പരിഗണിച്ചു.

പുലിക്കോട്ടു തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് കോട്ടയം സി. എം.എസ്സ്. കോളേജിൽ ചേർന്ന് ശെമ്മാശ്ശൻ പഠനമാരംഭിച്ചു. ശെമ്മാശ്ശനു താമസിച്ചു പഠിക്കുന്നതിനായി പഴയ സെമിനാരിയിൽ വട്ടശ്ശേരിൽ മൽപ്പാൻ താമസിച്ചിരുന്ന മുറിക്കടുത്തു തന്നെ ഒരു മുറി നൽകുകയുണ്ടായി. പ്രസ്തുത മുറിയിൽ താമസിച്ചു പഠിച്ചുകൊണ്ടിരിക്കവേ ഉണ്ടായ ഒരു സംഭവം കഥാപുരുഷനിൽ ഉണ്ടായിരുന്ന ഏകാഗ്രത എന്ന വിശിഷ്ട ഗുണത്തിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ഒരു ദിവസം രാത്രി ഉദ്ദേശം 10 മണികഴിഞ്ഞിരിക്കുന്നു. ശെമ്മാശ്ശൻ സ്വന്തം മുറിയിൽ ഇരുന്ന് ഏതോ പുസ്തകം വായിച്ചുകൊണ്ടിരിക്കുകയാണ്. അടുത്തുള്ള മുറിയിൽ ഇരുന്നിരുന്ന വട്ടശ്ശേരിൽ മൽപ്പാൻ ശെമ്മാശ്ശനെ കണ്ട് എന്തോ പറയുന്നതിനായി "ശെമ്മാശ്ശാ" എന്നു വിളിച്ചു. ശെമ്മാശ്ശൻ കേട്ടില്ല. വീണ്ടും വീണ്ടും ഉറക്കെ വിളിച്ചു. എങ്കിലും ശെമ്മാശ്ശൻ കേൾക്കുന്ന മട്ടില്ല. മുറിയിൽ വിളക്ക് അണച്ചിട്ടില്ലാതിരുന്നതിനാൽ ശെമ്മാശ്ശൻ ഉറങ്ങുകയില്ലെന്നു മൽപ്പാനു നിശ്ചയമുണ്ടായിരുന്നു. തൽക്ഷണം മൽപ്പാൻ വരാന്തയിലേക്കിറങ്ങി. 'ശെമ്മാശ്ശാ' എന്ന് വീണ്ടും ഉച്ചസ്വരത്തിൽ വിളിച്ചു. എന്നിട്ടും ശെമ്മാശ്ശൻ കേൾക്കുന്ന മട്ടില്ല. തന്മൂലം ശെമ്മാശ്ശന്റെ മുറിയുടെ വാതുക്കൽ വന്നുനിന്നുകൊണ്ടു വിളിച്ചു. ഫലം തഥൈവ. വായനയിൽ വ്യാപൃതനായിരുന്ന ശെമ്മാശ്ശന്റെ ഏകാഗ്രത കണ്ട് അതീവസന്തുഷ്ടനായിത്തീർന്ന മൽപ്പാൻ തന്റെ സ്വന്തം മുറിയിലേക്കു മടങ്ങുകയാണുണ്ടായത്. പിറ്റേദിവസം രാവിലെ ശെമ്മാശ്ശനെ കണ്ടപ്പോൾ പ്രശംസാപൂർവ്വം മൽപ്പാൻ പറയുകയാണ് "ഇത്ര ഏകാഗ്രതയോടുകൂടെ പഠിക്കുന്ന ഒരുവനെ എന്റെ ആയുസിൽ ഞാൻ കണ്ടിട്ടില്ല" എന്ന്. കഥാപുരുഷൻ അന്നുണ്ടായിരുന്ന ഏകാഗ്രതാസ്വഭാവം മരണപര്യന്തം നിലനിന്നിരുന്നുവെന്നുള്ളതിന് ഒട്ടനേകം ഉദാഹരണങ്ങൾ ഉദ്ധരിക്കാവുന്നതാണ്.

മെത്രാപ്പോലീത്തായായി പട്ടം അരമനയിൽ താമസിച്ചുകൊണ്ടിരുന്ന കാലയളവിൽ നടന്നതാണ് വേറൊരു സംഭവം. അരമനയിലെ

രണ്ടുനിലക്കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പടിഞ്ഞാറെ അറ്റത്തുള്ള മുറിയിൽ കഥാപുരുഷൻ ഇരിക്കുന്നു. സന്ധ്യയോടടുത്ത സമയം മഴ ശക്തിയായി പെയ്തുകൊണ്ടിരിക്കുന്നു. ഉഗ്രമായ കാറ്റ് അടിക്കുന്നു ണ്ട്. അരമനക്കെട്ടിടത്തിന്റെ മേൽപ്പുരയിൽനിന്നും ഒട്ടനേകം ഓടുകൾ ഇളകി കെട്ടിടത്തിന്റെ മേൽത്തട്ടിലേക്ക് വീണുതുടങ്ങി. മഴവെള്ളം കെട്ടി ടത്തിന്റെമേൽത്തട്ടിൽ വീണിട്ട് താഴേക്ക് ഒഴുകിത്തുടങ്ങി. ശക്തിമ ത്തായ കാറ്റു മൂലം ബലഹീനമായ കെട്ടിടം കുലുങ്ങിത്തുടങ്ങി. ഇനിയും എന്തു സംഭവിക്കുമെന്നറിയാതെ അരമനയിലെ അന്തേവാ സികൾ പരിഭ്രമിച്ചു. കെട്ടിടം തൽക്ഷണം നിലം പതിക്കുമോ എന്നോർത്തു ഭയപ്പെട്ട് അവർ വിഷമിച്ചു തുടങ്ങി. ആർച്ചുബിഷോപ്പിനെ വിവരമറിയിക്കാൻ ഏതാനും പേർ തിരുമേനിയുടെ മുറിയിലേക്ക് ഓടി ച്ചെന്നു. അത്ഭുതം! പുറത്തു നടക്കുന്ന യാതൊരു സംഭവവും തിരു മേനി അറിയുന്നില്ല. കസേരയിൽ ഇരുന്നുകൊണ്ട് മുൻപിൽ തുറന്നു വെച്ചിരിക്കുന്ന ഹിബ്രൂ വ്യാകരണഗ്രന്ഥം തിരുമേനി ശ്രദ്ധാപൂർവ്വം വായിച്ചു പഠിക്കുകയാണ്. നടന്ന സംഭവങ്ങൾ ഓരോന്നായി അവർ വർണ്ണിച്ചപ്പോഴാണ് തിരുമേനി അവയെല്ലാം അറിഞ്ഞത്. ഇപ്രകാരമുള്ള എത്രയെത്ര സംഭവങ്ങളാണ് കഥാപുഷന്റെ ഏകാഗ്രതയെ പ്രസ്പഷ്ട മാക്കുന്നതിനുവേണ്ടി ജീവിതചരിത്രത്തിൽ നിന്നും ചൂണ്ടിക്കാണി ക്കുവാനുള്ളതാണ്.

പുസ്തകങ്ങളും പത്രങ്ങളും വായിച്ചുകൊണ്ടിരിക്കുമ്പോഴും വിവിധ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട് കിടക്കയിൽ കണ്ണുതുറന്ന് കിട ക്കുമ്പോഴും പലരും അടുത്തു ചെന്ന് നിൽക്കുകയും തങ്ങൾ വന്നി ട്ടുണ്ട് എന്നുള്ളതിന്റെ അടയാളമായ "ഹോൺ" ചുമയുടെ രൂപത്തിൽ പലപ്രാവശ്യം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവ യൊന്നും തിരുമേനിയിൽ അണുമാത്രം വ്യതിചലനമുണ്ടാക്കുന്നില്ലെന്നു മനസ്സിലാക്കി അവർ പിൻവാങ്ങുകയാണുണ്ടായിട്ടുള്ളത്. മഹാന്മാരിൽ പ്രശോഭിച്ചിട്ടുള്ള ഗുണഗണങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാ ണല്ലോ ഏകാഗ്രത.

കോട്ടയം സി.എം.എസ്സ്.കോളേജിൽ രണ്ടുവർഷം പഠിച്ചു F.A.പരിക്ഷ പാസ്സായ ശെമ്മാശ്ശനെ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ B.A.-യ്ക്ക് പഠിക്കുവാൻ വിടുന്നതിന് വട്ടശ്ശേരിൽ മല്പാന്റെ ആലോ ചനയോടു കൂടെ പുലിക്കോട്ടു തിരുമേനി നിശ്ചയിച്ചു. മദ്രാസിൽ നാനൂ റേക്കർ സ്ഥലത്ത് ഒട്ടനേകം രണ്ടുനിലകെട്ടിടങ്ങളോടും സാധനങ്ങ

ളോടും കൂടെ Free Church of Scoltland എന്ന പ്രോട്ടസ്റ്റന്റു സഭയിലെ നേതാക്കന്മാരാൽ സ്ഥാപിക്കപ്പെട്ടതാണ് ക്രിസ്ത്യൻ കോളേജ്. മലയാളികളായ യുവ വിദ്യാർത്ഥികളെല്ലാം അവിടെപ്പോയി പഠിച്ച് ഉൽകൃഷ്ട ബിരുദം സമ്പാദിക്കുക പതിവായിരുന്നു. നമ്മുടെ കഥാപുരുഷൻ അവിടെ പഠനമാരംഭിക്കുന്നതിനു മുമ്പു തന്നെ സുറിയാനിക്കാരായ മെസ്സേഴ്സ്. ഈ.ജെ.ജോൺ, എം.ഏ.ചാക്കോ, കെ.സി.മാമ്മൻ മാപ്പിള, ഏ.പീലിപ്പോസ്, ഏ.എം.വർക്കി എന്നിവർ പ്രസ്തുത കോളേജിൽ നിന്നും ഉത്കൃഷ്ട ബിരുദം കരസ്ഥമാക്കിയിരുന്നു.

കല്ലൂപ്പാറ സ്വദേശിയും പുരാതനമായ മാരേട്ടു കുടുംബത്തിലെ ഒരു അംഗവുമായി മി.ഏ.പീലിപ്പോസ് തദവസരത്തിൽ പ്രസ്തുത കോളേജിൽ എം.ഏ-യ്ക്ക് പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. പുലിക്കോട്ടു തിരുമേനിയുടെ നിർദേശാനുസരണം അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന ഇടവഴിക്കൽ മി.ഈ.എം.ഫിലിപ്പ്, മി.ഏ. പീലിപ്പോസിന് മദ്രാസിലേക്ക് ഒരെഴുത്തയച്ചു. പി.റ്റി.ഗീവറുഗീസ് ശെമ്മാശ്ശൻ F.A.പരീക്ഷ പാസ്സായെന്നും, ബി.ഏ.യ്ക്കു പഠിക്കുവാനായി ക്രിസ്ത്യൻ കോളേജിലേക്ക് വരുന്നുവെന്നും, കോളേജിൽ പ്രവേശനം ലഭിക്കുന്നതിനും താമസിക്കുന്നതിനും ശെമ്മാശ്ശനുവേണ്ട സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കണമെന്നുമായിരുന്നു പ്രസ്തുത കത്തിലെ ഉള്ളടക്കം. അതിലെ താൽപര്യമനുസരിച്ച് മി.ഏ.പീലിപ്പോസ് നിശ്ചിത ദിവസം റയിൽവേസ്റ്റേഷനിൽ ചെന്ന് ശെമ്മാശ്ശനെ സ്വീകരിക്കുകയും, കോളേജിൽ പ്രവേശനം വാങ്ങിക്കൊടുക്കുകയും S.P.G.(Society for the Propagation of the Gospel) ഫാദേഴ്സിന്റെ കൂടെ സള്ളിവൻ ഗാർഡൻ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിനുള്ള സകല ഏർപ്പാടുകളും ചെയ്തുകൊടുക്കുകയുണ്ടായി. B.A.യ്ക്ക് ഐശ്ചികവിഷയമായി ശെമ്മാശ്ശൻ എടുത്തത് ഇന്ത്യൻ ഹിസ്റ്ററിയും എക്കണോമിക്സും ആയിരുന്നു. ഏതാനും മാസങ്ങൾ സള്ളിവൻസ് ഗാർഡനിൽ താമസിച്ചുകൊണ്ട് ശെമ്മാശ്ശൻ പഠനം നടത്തിക്കൊണ്ടിരുന്നു. എന്നാൽ പ്രതിദിനം നാലുമൈൽ ദൂരം പോയി പഠിക്കുക എന്നുള്ളത് വിഷമകരമായിത്തീർന്നതിനാൽ, പിന്നീട് വൈ.എം.സി.എ. ഹോസ്റ്റലിലേക്ക് താമസം മാറ്റുകയാണുണ്ടായത്.

അന്ന് പ്രസ്തുത കോളേജിന്റെ പ്രിൻസിപ്പാളായിരുന്നത് ഡോ. മില്ലൻ ആയിരുന്നു. അദ്ദേഹത്ത തുടർന്ന് ഡാക്ടർ സ്കിന്നർ പ്രിൻസിപ്പാൾ സ്ഥാനം വഹിച്ചു. പഠനത്തിൽ സമർത്ഥനും സ്വഭാവത്തിൽ മാതൃകാപുരുഷനുമായിരുന്ന ഗീവറുഗീസ് ശെമ്മാശ്ശനോട് പ്രിൻസിപ്പാളിനും

പ്രൊഫസറന്മാർക്കും അതിയായ സ്നേഹവും ബഹുമാനവും ഉണ്ടായതിൽ അത്ഭുത്തിനവകാശമില്ല. പ്രസ്തുത കോളേജിൽ ശെമ്മാശ്ശന്റെ സഹപാഠികളായിരുന്ന സുറിയാനിക്കാരുടെയെല്ലാം നായകൻ ശെമ്മാശ്ശൻ തന്നെയായിരുന്നു. കേരളക്രൈസ്തവ സമുദായത്തിലെ ഉജ്ജ്വല താരങ്ങളായി അനന്തരകാലത്ത് പ്രശോഭിച്ചിട്ടുള്ള ശ്രീമാന്മാരായ ജോർജ്ജ് ജോസഫ്, കെ.കെ.ചാക്കോ, കെ.കെ. തോമസ്സ്. ചീരൻവറുഗീസ്, കെ.സി. മാത്യു, കെ.വി. ചാക്കോ, സി.ജി.വറുഗീസ്, ഇടിച്ചാണ്ടി എന്നിവരെല്ലാം അന്നു ശെമ്മാശ്ശന്റെ സതീർത്ഥ്യരും സഹപാഠികളുമായിരുന്നു.

മദ്രാസിലെ ക്രിസ്ത്യൻ കോളേജിൽ പഠിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഇംഗ്ലണ്ടിന്റെ ചരിത്രം, ഭരണഘടനയുടെ വളർച്ച, രാഷ്ട്രീയസ്വാതന്ത്ര്യത്തിനു വേണ്ടി ഇംഗ്ലീഷുകാർ ചെയ്തിട്ടുള്ള നിരവധി പോരാട്ടങ്ങൾ, അവയുടെ വിജയം എന്നിത്യാദി വിഷയങ്ങളെപ്പറ്റി പഠിച്ചിരുന്നതു നിമിത്തം ക്രൈസ്തവസഭാഭരണത്തിലും ജനാധിപത്യമാണ് മാതൃകാപരമാക്കിത്തീർക്കേണ്ടത് എന്നുള്ള നിഗമനത്തിൽ എത്തിച്ചേർന്നിരുന്നു. പ്രോട്ടസ്റ്റന്റു സഭകളിൽ ഏറെക്കുറെ അതു പ്രായോഗികമാക്കിയിട്ടുണ്ടെങ്കിലും എപ്പിസ്ക്കോപ്പൽ സഭകളിൽ അത് ഒരു കാലത്തും സ്വീകരിച്ചിട്ടില്ലെന്നുള്ളത് ചരിത്ര വസ്തുതയാണ്. തന്നെയുമല്ല, ഭരണഘടന സുഗമമായും ശ്രേയസ്കരമായും തീരണമെങ്കിൽ ജനാധിപത്യഭരണം ക്രൈസ്തവസഭയിൽ ഒരു കാലത്തും സ്വീകരിക്കാവുന്നതല്ല. തങ്ങളുടെ മാതൃസഭയിലും ജനകീയഭരണരീതി ഏർപ്പെടുത്തണമെന്നു വൈദികഭരണത്തിൽ നിന്നും സ്വാതന്ത്ര്യം നേടണമെന്നുമുള്ള ദുസ്സ്വാതന്ത്ര്യ ചിന്താഗതിയിൽ പ്രസ്തുത വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും നിപതിക്കുന്നതിനിടയായിത്തീർന്നു. പ്രോട്ടസ്റ്റന്റു വിദ്യാലയങ്ങളിൽ തങ്ങളുടെ കീഴിലുള്ള അജഗണങ്ങൾ വിദ്യാഭ്യാസം നടത്താൻ പാടില്ലായെന്ന് കേരളത്തിലെ കത്തോലിക്കാ ഭരണാധികാരികൾ ആദ്യകാലത്ത് നിഷ്കർഷിച്ചതിൽ അന്തർലീനമായിരുന്ന രഹസ്യകാരണമെന്തെന്ന് ഇപ്രകാരമുള്ള അനുഭവങ്ങൾ വെളിച്ചപ്പെടുത്തുന്നുണ്ട്. പട്ടത്വത്തിന്റെ മാഹാത്മ്യത്തേയും അധികാരത്തെയും പറ്റി മതിപ്പു കുറയുന്നതിനും തദ്വാരാ, വൈദികാധികാരികൾക്കെതിരായി പ്രവർത്തിക്കുന്നതിനും പ്രേരണനൽകുന്ന പഠനങ്ങളും ഉപദേശങ്ങളുമാണ് പ്രായേണ പ്രോട്ടസ്റ്റന്റു വിദ്യാലയങ്ങളിൽനിന്നും ലഭിക്കുന്നത്. ഇക്കര്യത്തിൽ മലയാളികളും സുറിയാനിസഭാംഗങ്ങളുമായ സഹപാഠികൾ വഴിതെറ്റാതിരിക്കുന്നതിൽ കഥാനായകനായ ശെമ്മാശ്ശൻ കഴി

യുന്നത്ര ശ്രദ്ധപതിപ്പിച്ചിരുന്നു. പ്രോട്ടസ്റ്റന്റു ദൈവാലയത്തിലും യോഗ ങ്ങളിലും പൊകുന്നതിൽ ശെമ്മാശ്ശൻ വിമുഖത പ്രദർശിപ്പിച്ചിരുന്നു. അപ്രകാരം തന്നെ യാക്കോബായ സഭാംഗങ്ങളായ സഹപാഠികൾ വിശ്വാസത്തിലും ഭക്തിയിലും കൂടുതൽ താൽപര്യം പ്രകടിപ്പിക്കുന്ന തിന് ഉപയുക്തമായ പ്രസംഗങ്ങളും സംഭാഷണങ്ങളും ശെമ്മാശ്ശൻ കൂടെക്കൂടെ നടത്തിക്കൊണ്ടുമിരുന്നു.

രണ്ടു വർഷം Y.M.C.A. യിൽ താമസിച്ചുകൊണ്ടു ശെമ്മാശ്ശൻ B.A.പഠനം പൂർത്തിയാക്കി പ്രശസ്തമായ നിലയിൽ വിജയം കരസ്ഥ മാക്കി. അതിനുശേഷം പുലിക്കോട്ടു തിരുമേനിയുടെ പ്രത്യേകതാൽപ ര്യമനുസരിച്ച് M.A.ബിരുദം സമ്പാദിക്കുന്നതിനു വേണ്ടിയുള്ള പഠന മാരംഭിച്ചു. Y.M.C.A.യിലെ താമസം ശരീരാരോഗ്യപ്രദമല്ലാതെ ഭവിച്ച തിനാൽ പുതുപ്പേട്ടയിൽ ഒരു കെട്ടിടം കൂലിക്കെടുത്ത് മി.ഏ.പീലിപ്പോ സുമൊന്നിച്ച് താമസിച്ചുകൊണ്ടിരുന്നു. എം.എ.ഡിഗ്രിക്കുള്ള പ്രബന്ധം എഴുതുന്നതിന് ആവശ്യമായ പുസ്തകസഞ്ചയം കോളേജിൽ ഇല്ലാ തിരുന്നതിനാൽ പുതുപ്പേട്ടയിൽ ഉണ്ടായിരുന്ന കോണിമോറാ ലൈബ്രറ റിയിൽ നിന്നും പുസ്തകങ്ങൾ എടുത്തു പഠിച്ചുകൊണ്ടിരുന്നു. “Were the Syrian Christians Nestorians” (സുറിയാനി ക്രിസ്ത്യാനികൾ നെസ്റ്റോറിയർ ആയിരുന്നുവോ?) എന്ന വിഷയത്തെപ്പറ്റിയുള്ള പ്രബ ന്ധമായിരുന്നു ശെമ്മാശ്ശൻ തയ്യാറാക്കിക്കൊണ്ടിരുന്നത്. പുതുപ്പേട്ടയിൽ താമസിച്ചും കോണിമോറാ ലൈബ്രറിയിൽ ഉണ്ടായിരുന്ന പുരാതന ചരിത്രഗ്രന്ഥങ്ങൾ വായിച്ചും ഏതാണ്ട് ഒരു വർഷം കൊണ്ട് പ്രസ്തുത പ്രബന്ധം ശെമ്മാശ്ശൻ പൂർത്തിയാക്കി. പുരാതന രേഖകൾ പരിശോ ധിക്കുന്നതിനും ചരിത്രഗ്രന്ഥങ്ങൾ വായിച്ചുപഠിക്കുന്നതിനും എത്ര മാത്രം ശ്രദ്ധചെലുത്തിയിട്ടുണ്ടെന്ന് പ്രസ്തുത പ്രബന്ധം വായിക്കുന്ന ഏവർക്കും ബോദ്ധ്യമാകുന്നതാണ്.

ആംഗ്ലേയഭാഷയിൽ എഴുതി അച്ചടിപ്പിച്ച പ്രസ്തുത പ്രബന്ധം മലയാളികളായ വായനക്കാർക്കു വേണ്ടി മി:സി.പി.തരകൻ പദാനുപദം പരിഭാഷപ്പെടുത്തി സുറിയാനി സഭാ ലഘുലേഖാസംഘം വകയായി 1907-ൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഡോക്ടർ ഹൌ, നീൽ, കോസ്മൊസ്, ബാഡ്ജർ, അസമാനി, വൈറ്റ്ഹൌസ്, റോയ്, ബാറെ ബ്രായ ആദിയായ ഒട്ടനേകം ചരിത്രപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങൾ ഇതി നുവേണ്ടി കഥാപുരുഷൻ ശ്രദ്ധാപൂർവ്വം വായിച്ചുപഠിച്ചിട്ടുണ്ടെന്ന്

പ്രസ്തുത പുസ്തകം തെളിയിക്കുന്നു. പതിനാറാം നൂറ്റാണ്ടിനുമുമ്പ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ നെസ്റ്റോറിയൻ സഭാംഗങ്ങളായിരുന്നു എന്നുള്ള ചില ചരിത്രകാരന്മാരുടെ വാദത്തെ ആപാദചൂഡം ഖണ്ഡിക്കുകയാണ് പ്രസ്തുത പുസ്തകം മൂലം കഥാപുരുഷൻ ചെയ്തിട്ടുള്ളത്. അൻപതു വർഷം മുമ്പ് ശെമ്മാശ്ശനായിരുന്ന അവസരത്തിൽ എഴുതി പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത ഗ്രന്ഥത്തിന്റെ അവതാരികയിലെ ചില ഭാഗങ്ങൾ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:-

**അവതാരിക**

കേരളീയ സുറിയാനി സഭയുടെ പൂർവ്വകാലങ്ങളിലെ ചരിത്രം അറിയുന്നതിന് സ്വീകാര്യങ്ങളായ ചരിത്രരേഖകൾ ദുർലഭമാണ്. ആയതുകൊണ്ട് സുറിയാനിസഭാചരിത്രനിർമ്മാണത്തിൽ പരിശ്രമിച്ചിട്ടുള്ള പല യൂറോപ്യന്മാരും പ്രസ്തുത സഭയുടെ പൂർവ്വാവസ്ഥയെക്കുറിച്ച് പല അഭിപ്രായങ്ങളും പ്രകടിപ്പിക്കുന്നതിനിടയായിട്ടുണ്ട്. യൂറോപ്യ ഗ്രന്ഥകാരന്മാരുടെ ഗ്രന്ഥങ്ങളിൽ കാണുന്ന സംഗതികൾ അവിതർക്കിതങ്ങളായ ചരിത്രരേഖകളിന്മേൽ സ്ഥാപിതങ്ങളാണോ എന്നും എത്രത്തോളം അവരുടെ കൽപ്പനാശക്തിയുടെ ഫലമാണെന്നും പരീക്ഷണം ചെയ്യുന്നതിന് ഉൽകൃഷ്ട വിദ്യാഭ്യാസം സമ്പാദിച്ചിട്ടുള്ള സുറിയാനിക്കാർ പരിശ്രമിച്ചാൽ കൊള്ളാമെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നും കേരളീയ സഭ ആറാം ശതാബ്ദത്തിൽ സ്ഥാപിക്കപ്പെട്ടതാണെന്നും യൂറോപ്യ ചരിത്രകാരന്മാരിൽ ബലമുള്ള ഒരു കക്ഷി വാദിക്കുന്നു. ഈ വാദം എത്രത്തോളം സാധുവാണെന്നു വിവേചനം ചെയ്യുന്നതിനായി സ്വസമുദായോൽക്കർഷേച്ഛുക്കളിൽ അഗ്രേസരനായ മിസ്റ്റർ പീലിപ്പോസ് എം.എ.ബി.എൽ. എഴുതിയിട്ടുള്ള പ്രസംഗം പര്യാലോചനാപൂർവ്വം വായിക്കുന്നവർക്കു പ്രസ്പഷ്ടമായി അറിയാവുന്നതാണ്. ഈ ചരിത്രകാരന്മാരുടെ വേറൊരു വാദം സുറിയാനി സഭ പ്രാചീനകാലം മുതൽ 16-ാം ശതാബ്ദംവരെ നെസ്തോറിയവിശ്വാസത്തെ സ്വീകരിച്ചിരുന്നു എന്നും അവിതർക്കിതങ്ങളായ ചരിത്രരേഖകളിൽ നിന്നു ലഭിക്കുന്ന ന്യായമായ അനുമാനം എന്തെന്നും അന്വേഷിക്കുന്നതത്രേ ഈ ലഘുലേഖയുടെ ഉദ്ദേശം.

"സുറിയാനിക്കാർ നെസ്തോറിയരായിരുന്നുവോ" എന്ന വിഷയത്തെക്കുറിച്ച് പ്രസംഗമെഴുതുന്നതിന് മി:കെ.സി.മാമ്മൻമാപ്പിള അവർകൾ എന്നെ പ്രോത്സാഹിപ്പിക്കയും മി:ഈ.എം.പീലിപ്പോസ്

അവർകൾ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളതും ഇപ്പോൾ കയ്യെഴുത്തിൽ ഇരിക്കുന്നതുമായ സുറിയാനിസഭാ ചരിത്രം എന്ന പുസ്തകം എനിക്ക് വായിക്കാൻ തരികയും ആവശ്യപ്പെട്ട ചരിത്രരേഖകൾ കണ്ടുപിടിക്കുന്നതിന് എന്നെ സഹായിക്കുകയും ചെയ്തിട്ടുള്ള വിവരം കൃതജ്ഞതാപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

21-10-1907<br>
പരുമല സിമ്മനാരി } പീ.റ്റി.ഗീവറുഗീസ് ശെമ്മാശ്ശൻ

ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന മൂലഗ്രന്ഥത്തെപ്പറ്റി യാക്കോബായ സഭ വകയായ "സുറിയാനി സുവിശേഷകൻ" മാസികയിൽ ചേർത്തിരുന്ന അഭിപ്രായത്തിൽ നിന്നും, ഒരു ഭാഗം ചുവടേ ചേർക്കുന്നു.-:

ഗ്രന്ഥകർത്താവായ ശെമ്മാശ്ശനെപ്പറ്റി എത്രമാത്രം മതിപ്പായിരുന്നു സമുദായങ്ങൾക്ക് അക്കാലത്ത് ഉണ്ടായിരുന്നതെന്ന് പ്രസ്തുത അഭിപ്രായത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

## സുറിയാനിക്രിസ്ത്യാനികൾ നെസ്തോറിയരായിരുന്നുവോ?

### ദിവ്യശ്രീ പീ.റ്റി.ഗീവറുഗീസ് ശെമ്മാശ്ശൻ അവർകൾ എം.എ.എഴുതിയ ഇംഗ്ലീഷ് പ്രസംഗം

പോർട്ടുഗീസുകാർ ഇൻഡ്യയിലേക്കു പ്രവേശിച്ചതായ ആ പതിനാറാം നൂറ്റാണ്ടു വരെ മലങ്കര സുറിയാനിസഭ നെസ്തോറിയസഭയായിരുന്നു എന്ന് ഏതൽപര്യന്തമുള്ള ചരിത്രകാരന്മാർ പ്രകടിപ്പിച്ചുകൊണ്ടിരുന്നതിന്റെ അസാധുത്വത്തെ ശെമ്മാശ്ശൻ അവർകൾ ഈ പുസ്തകത്തിൽ ഭംഗിയായി തെളിയിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാമെന്നാണ് ഞങ്ങളുടെ അഭിപ്രായം. നെസ്തോറിയരും, റോമരും യാക്കോബ്യരും തമ്മിലുള്ള വിശ്വാസവ്യത്യാസത്തെപ്പറ്റി പ്രസ്താവിക്കുന്ന പ്രാരംഭഘട്ടം പാനീയമത്രേ.

"........സുറിയാനി സഭ നെസ്തോറിയമാണെന്ന്" വാദിച്ചുകൊണ്ട് നടക്കുന്ന ഗ്രന്ഥകർത്താക്കളുടെ ഗ്രന്ഥത്തിലെ പലഭാഗങ്ങളുമാണ്

നമ്മുടെ ശെമ്മാശ്ശൻ അവർകളാൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നതു എന്നുള്ളതും വിശിഷ്യാ സ്മരണീയമത്രേ. ശെമ്മാശ്ശനിൽ നിന്നും അനേകം സംഗതികൾ ആശിച്ചുകൊണ്ടിരിക്കുന്ന സുറിയാനിസഭയ്ക്കു ശെമ്മാശ്ശന്റെ ഈ പ്രഥമശ്രമം തന്നെ വളരെ സന്തോഷത്തെ ജനിപ്പിക്കത്തക്ക വിധത്തിൽ ഈ പുസ്തകം എത്രവിശിഷ്ടമായിരിക്കുന്നു എന്ന് ലേശം പോലും അതിശയോക്തി കൂടാതെ പറയാമെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. വിശിഷ്യാ സാരഗർഭമായിരിക്കുന്ന ഈ പുസ്തകത്തെ സി.പി.പൗലൂസുതരകൻ മലയാളത്തിൽ തർജ്ജിമ ചെയ്തു തീർത്തിരിക്കുന്നതായും അത് ഉടനെ അച്ചടിച്ച് വെളിക്കു വിടുന്നതാണെന്നും ഞങ്ങൾ അറിയുന്നു. മിസ്റ്റർ തരകന്റെ ശ്രമം സ്തുത്യർഹം തന്നെ. മി.തരകന്റെ ശ്രമത്തിൽ അദ്ദേഹത്തെ സഹായിക്കുന്നതിനു മലങ്കര സുറിയാനി സഭ സന്നദ്ധമായിരിക്കുമെന്നുള്ള ഞങ്ങളുടെ ബലമായ വിശ്വാസത്തെ ഇവിടെ പ്രസ്താവിച്ചുകൊണ്ടും ഈ വിധമായ ഒരു പുസ്തകം ചമയ്ക്കുന്നതിനു തക്ക യോഗ്യതാംശങ്ങളോടുകൂടിയ ശെമ്മാശ്ശൻ അവർകൾ ഇനിയും വിശിഷ്ടതരങ്ങളായ പുസ്തകങ്ങൾ ചമയ്ക്കുവാൻ ശക്തനായിത്തീരണമെന്ന് സർവ്വവല്ലഭനായ ജഗദീശ്വരനെ പ്രർത്ഥിച്ചുകൊണ്ടും തൽക്കാലം വിരമിക്കുന്നു.

പ്രസ്തുത ഗ്രന്ഥത്തിൽ മലയാളപരിഭാഷയുടെ ആമുഖോപന്യാസമായി പരിഭാഷകൻ മി.സി.പി.തരകൻ എഴുതിയിരിക്കുന്നതിൽ നിന്നും ഏതാനും വാചകങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.:

ശെമ്മാശൻ അവർകൾ എഴുതിയ ഇംഗ്ലീഷ് പ്രസംഗം വായിക്കുന്നതിനിടയായ നാൾ മുതൽ അതിനെ മലയാള ഭാഷയിൽ പരിഭാഷപ്പെടുത്തിക്കാണ്മാൻ ഞാൻ അത്യുൽക്കണ്ഠയോട് കാത്തിരിക്കയായിരുന്നു. എങ്കിലും ആരും അതിലേക്ക് പരിശ്രമിച്ചുകാണാതിരുന്നതിനാലും സുറിയാനി സമുദായത്തിന്റെ പൂർവ്വചരിത്രത്തെപ്പറ്റി ഇതേവരെ പലർക്കുമുണ്ടായിരുന്ന തെറ്റിദ്ധാരണയെ ഖണ്ഡിക്കുന്നതും സുറിയാനി സമുദായത്തിന് ഏതൽപര്യന്തമുണ്ടായിട്ടുള്ള പല വലിയ വ്യവഹാരങ്ങളിലും നവീകരണക്കാർപ്രബലമായി പിടിച്ചുകൊണ്ടിരുന്ന ഒരു സംഗതിയുടെ അസാധുത്വത്തെ വിശദീകരിക്കുന്നതുമായ ഈ പുസ്തകം നമ്മുടെ സമുദായത്തിലുൾപ്പെട്ട ഏവർക്കും സുഗ്രാഹ്യമാക്കിത്തീർക്കണെമെന്ന്എനിക്കു വളരെ ആഗ്രഹമുണ്ടായിരുന്നതിനാലുമത്രേ ഇംഗ്ലീഷ്, മലയാളം, എന്നീ ഭാഷകളിൽ എനിക്കുള്ള അപാണ്ഡ്യത്വത്തെ ലേശംപോലും വകവയ്ക്കാതെ ഞാൻ ഈ സാഹസകൃത്യത്തിനായി ഉദ്യമിച്ചത്.

അതിനാൽ ഈ പുസ്തകത്തെ ഈ വിധത്തിലെങ്കിലും പ്രസിദ്ധപ്പെടുത്തുവാൻ എന്നെ പല വിധത്തിൽ സഹായിച്ചിട്ടുള്ള മെസ്സേഴ്സ് കെ.എം.കുര്യൻ, കൊച്ചീപ്പതരകൻ എന്നീമഹാന്മാരോടും വിശിഷ്യ ഈ പുസ്തകത്തെ പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തുന്നതിന് സദയം അനുവദിക്കുകയും പരിഭാഷ മുഴുവൻ വായിച്ച് ശരിപ്പെടുത്തുകയും ചെയ്തിട്ടുള്ള ദിവ്യശ്രീ പി.റ്റി.ഗീവർഗീസ് ശെമ്മാശ്ശൻ എം.ഏ.അവർകളോടും എനിക്കുള്ള അളവറ്റ കൃതജ്ഞതയെ ഹൃദയപൂർവ്വമായി പ്രസ്താവിച്ചുകൊണ്ട് തൽക്കാലം വിരമിക്കുന്നു.

28-10-1907<br>
പഴയ സെമിനായി<br>
കോട്ടയം

സി.പി. തരകൻ

മലയാളഭാഷയ പ്രസിദ്ധം ചെയ്തിരുന്ന ഈ പുസ്തകത്തെപ്പറ്റി "സുറിയാനി സുവിശേഷകൻ" മാസികയിൽ വീണ്ടും എഴുതിയിരുന്ന അഭിപ്രായം ചുവടേ ചേർത്തുകൊള്ളുന്നു:-

## സുറിയാനി ക്രിസ്ത്യാനികൾ നെസ്തോറിയരായിരുന്നുവോ?

കേരളീയ സുറിയാനി വൈദികന്മാരിൽ വെച്ച് ഇദംപ്രഥമമായി എം.ഏ.പരീക്ഷാവിജയിയായ ദിവ്യശ്രീ പി.റ്റി.ഗീവറുഗീസ് ശെമ്മാശൻ എം.ഏ.അവർകൾ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള പ്രസംഗത്തിൽ നിന്നും മിസ്റ്റർ സി.പി.തരകൻ തർജ്ജിമ ചെയ്തിട്ടുള്ളതും മേല്പറഞ്ഞ തലവാചകത്തിൽ ലഘുലേഖാ സംഘക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ പ്രസ്തുത പുസ്തകത്തിന്റെ ഒരു പ്രതി അഭിപ്രായത്തിനായി അയച്ചു തന്നതു നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. ശെമ്മാശൻ അവർകളുടെ ഇംഗ്ലീഷ് പുസ്തകത്തെപ്പറ്റി ഞങ്ങൾ മുമ്പൊരിക്കൽ നിരൂപണം ചെയ്തിട്ടുള്ളതിനാൽ പുസ്തകത്തിന്റെ സംഗതികളുടെ സാമാന്യസ്വഭാവത്തെപ്പറ്റി ഈ അവസരത്തിൽ ഒന്നും തന്നെ പറയണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ശെമ്മാശൻ അവർകളുടെ അനേകനാളത്തെ പരിശ്രമഫലമായി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകം മല

യാളത്തിൽ തർജ്ജിമ ചെയ്തു കാണ്മാൻ ഇംഗ്ലീഷ് അറിയാൻ വഹി യാത്തവരായ പല സുറിയാനിക്കാരും അത്യാഗ്രഹത്തോടെ കാത്തി രിക്കുകയായിരുന്നു എന്ന് ഞങ്ങൾക്ക് പല വിധത്തിലും മനസ്സിലായി ട്ടുള്ളതാണ്. മിസ്റ്റർ തരകനുമായി ഇതെഴുതുന്ന ആൾ ഒരിക്കൽ കണ്ടു സംസാരിച്ച അവസരത്തിൽ ഈ പുസ്തകം തർജ്ജിമ ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച പ്രധാന സംഗതികളിൽ ഒന്നു ശെമ്മാശനെ പ്പറ്റി കേരളീയ സുറിയാനിക്കാർക്കുള്ള മതിപ്പും അതു നിമിത്തമായിട്ട് ഇത് തർജ്ജിമ ചെയ്തു കാണുവാവൻ പലരിലും ജനിച്ചിട്ടുള്ള ആഗ്ര ഹവുമാണെന്ന് അദ്ദേഹം പറഞ്ഞതായി ഓർക്കുന്നുണ്ട്. എന്നുതന്നെ യല്ല, പുസ്തകത്തിന്റെ ഭാഷാരീതിയും വളരെ ഭംഗിയായിട്ടുണ്ടെന്നു പറവാൻ ഞങ്ങൾ മടിക്കുന്നില്ല. സുറിയാനി മലയാളം എന്നു പേരു കേട്ടിട്ടുള്ള ഭാഷയിൽ നിന്നും വ്യത്യസ്തമായി സുറിയാനി സമുദായ ത്തിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ദുർലഭം ചില പുസ്തകങ്ങ ളിൽ ഒന്നാണ് ഇതെന്നു പറയുന്നതിൽ വലിയ വിരോധമുണ്ടെന്നു തോന്നുന്നില്ല.

സുറിയാനി സമുദായത്തിന്റെ പൂർവ്വചരിത്രത്തെപ്പറ്റി മറ്റാളുകൾ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളെ കേട്ട് തഴമ്പിച്ചിട്ടുള്ളവരും പ്രസ്തുത സമുദായത്തിന്റെ ആദ്യകാല ചരിത്രം എന്തെന്ന് അറിവാൻ ആഗ്രഹി ക്കുന്നവരും ആയ ഏവരും ഈ പുസ്തകം വാങ്ങി വായിക്കുമെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു.

## അദ്ധ്യായം – 5

# ശെമ്മാശൻ ചെയ്ത പ്രസംഗം

**ഏ**തുവിഷയത്തെപ്പറ്റിയും സരസമായും സുദീർഘമായും പ്രസംഗിക്കുന്നതിനുള്ള അനിതരസാധാരണമായ സാമർത്ഥ്യമായിരുന്നു കഥാപുരുഷന് ഉണ്ടായിരുന്നത്. ഒരു പ്രസംഗകന് അവശ്യം ഉണ്ടായിരിക്കേണ്ട വിവിധ വിഷയങ്ങളിലുള്ള പാണ്ഡിത്യം, ഭാഷാസ്വാധീനം, പ്രകടന സാമർത്ഥ്യം എന്നിവയെല്ലാം ഒത്തിണങ്ങിച്ചേർന്ന ഒരു ദേഹമായിരുന്നു അഭിവന്ദ്യ തിരുമേനി. ശെമ്മാശൻ, വൈദികൻ, മെത്രാൻ എന്നീ നിലകളിലിരുന്ന അവസരത്തിൽ കേരളത്തിന്റെ നാനാ ഭാഗങ്ങളിലും സഞ്ചരിച്ച് ഒട്ടനേകം പ്രസംഗങ്ങൾ അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. കത്തോലിക്കാസഭയെ ആശ്ലേഷിച്ച ശേഷം ഭാരതത്തിൽ മാത്രമല്ല, യൂറോപ്പ്, അമേരിക്ക, ആസ്ത്രേലിയാ എന്നീ ഭൂഖണ്ഡങ്ങളിൽ സഞ്ചരിച്ച് ദൈവാലയങ്ങൾ വിദ്യാലയങ്ങൾ, സർവ്വകലാശാലകൾ , മഹായോഗങ്ങൾ എന്നിവയെല്ലാം ആയിരക്കണക്കിനു പ്രസംഗങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ആംഗ്ളേയഭാഷയിൽ അദ്ദേഹം ചെയ്ത പ്രസംഗങ്ങളെല്ലാംതന്നെ പാശ്ചാത്യരായ ശ്രോതാക്കളുടെ മുക്തകണ്ഠമായ അഭിനന്ദനത്തിന് പാത്രീഭവിച്ചിട്ടുണ്ട്.

കഥാപുരുഷൻ ചെയ്തിട്ടുള്ള പ്രസംഗങ്ങൾ അതേവിധം ഉടൻതന്നെ എഴുതിയെടുത്താൽ യാതൊരു ഭേദഗതിയും കൂടാതെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തക്കവിധം അത്രമാത്രം സ്പുടവും സംശുദ്ധവുമായ ഭാഷയിലുള്ള വാക്കുകളും വാചകങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ നാവിൽ നിന്നും നിരർഗ്ഗളം നിർഗ്ഗളിച്ചുകൊണ്ടിരുന്നിട്ടുള്ളത്. എത്ര മണിക്കൂർ സമയം പ്രസംഗിച്ചാലും ശ്രോതാക്കളിൽ യാതൊരു മുഷിവും ഉളവാകാത്തവിധം സന്ദർഭവും സാഹചര്യം അനുസരിച്ച്

വിജ്ഞാനപ്രദവും ഫലിതരസത്തോടുകൂടിയും പ്രസംഗിക്കുന്നതിനുള്ള സാമർത്ഥ്യമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. തന്നിമിത്തം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിനായി ആയിരക്കണക്കിനു ജനങ്ങൾ എല്ലാസ്ഥലങ്ങളിലും തടിച്ചുകടുക പതിവായിരുന്നു. ശെമ്മാശനായിരുന്ന അവസരത്തിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചു കൂദാശകളെപ്പറ്റിപ്രസംഗിച്ചതിനാൽ 'കൂദാശശെമ്മാശൻ' എന്നപേരിലായിരുന്നു അക്കാലത്തു കഥാനായകൻ അറിയപ്പെട്ടിരുന്നത്.

45 വർഷങ്ങൾക്കുമുമ്പ് തിരുവല്ലായിൽ സമ്മേളിച്ച യാക്കോബായ സുറിയാനി മഹാജന സഭയുടെ വാർഷിക സമ്മേളനത്തിൽ ശെമ്മാശൻ ചെയ്ത പ്രസംഗം അക്കാലത്ത് യാക്കോബായ സഭവകയായി നടത്തിക്കൊണ്ടിരുന്ന 'സുറിയാനിസുവിശേഷകൻ' എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ദൈവം, സൃഷ്ടവസ്തുക്കൾ, മതം മനുഷ്യാവതാരം, സഭ, കൂദാശകൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കി ചെയ്ത വിജ്ഞാനപ്രദമായ പ്രസ്തുത പ്രസംഗമാണ് ചുവടെ ചേർക്കുന്നത്. ശെമ്മാശനായിരുന്നപ്പോൾ തന്നെ താദൃശവിഷയങ്ങളെപ്പറ്റി കഥാപുരുഷന് ഉണ്ടായിരുന്ന പാണ്ഡിത്യം എത്രമാത്രമാണെന്ന് പ്രസ്തുത പ്രസംഗത്തിൽ നിന്നും ഏറെക്കുറെ ഗ്രഹിക്കാവുന്നതാണല്ലോ. പ്രസ്തുത പ്രസംഗം ഇപ്രകാരമായിരുന്നു.

## ദൈവവും മനുഷ്യനും

തത്വശസസ്ത്രജ്ഞന്മാരുടെ ഏതല്ക്കാലപര്യന്തമുള്ള ഗാഢമായ പര്യാലോചനയുടെ ഫലമായി ഏവർക്കും സമ്മതിക്കാതിരിക്കുവാൻ നിവർത്തിയില്ലാതെ വന്നിരിക്കുന്ന ഒരു സംഗതി ദൈവത്തിന്റെയും ആത്മാവിന്റെയും ലോകത്തിന്റെയും യാഥാർത്ഥ്യമത്രെ. ദൈവവും ആത്മാവും ലോകവും സാക്ഷാലുള്ളവയാണ്. ഇവ ലോകത്തുമാത്രം സ്ഥിതി ചെയ്യുന്നവയല്ല. ദിവ്യവെളിപാടിനെ സ്വീകരിക്കാതിരുന്നാൽതന്നെയും പര്യാലോചന കൊണ്ടും പരിചയം കൊണ്ടും ഇവ യാഥാർത്ഥ്യങ്ങളാണെന്ന് ഒരു വിധം തീർച്ചയാക്കാൻ എളുപ്പമുള്ളതും ന്യായാനുസരണം സംസാരിക്കുന്നവർക്ക് എതിരുപറവാൻ നിവർത്തിയില്ലാത്തതുമത്രേ. ഇവ മൂന്നും യഥാർത്ഥങ്ങാളാണെന്നുവരികിൽ ഇവ തമ്മിൽ വല്ലബന്ധവും ഉണ്ടോ എന്നും ഉണ്ടെങ്കിൽ അത് എങ്ങനെയാണെന്നും അറിയേണ്ടിയിരിക്കുന്നു.

സാക്ഷാൽ ദൈവം ഏകനും, ആത്മാവും ലോകവും തന്നിൽനിന്നുത്ഭവിച്ചിട്ടുള്ളവയും ആയിരിപ്പാനേ നിവൃത്തിയുള്ളു.

ദൃശ്യവും അദൃശ്യവുമായ സകല സൃഷ്ടികളും ദൈവത്തിന്റെ മനഃശക്തിയുടെ, പ്രവർത്തിയുടെ ഫലമാകുന്നു. സകലവും തന്നിൽ നിന്നുണ്ടായി (യോഹ: 1.3) തങ്കൽ ചേരുന്നതിനായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഏതുവക ശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നതും സയൻസുകൊണ്ട് പ്രത്യക്ഷമായിത്തീർന്നിരിക്കുന്നതുമായ പരിണാമവാദം (എവലൂഷൻ) എന്നൊരു തത്വമുണ്ട്. (അതായത് ചുറ്റുമുള്ള സൗകര്യങ്ങളെയും ശക്തികളെയും ആശ്രയിച്ചത്രേ ഒരു വസ്തുവിന്റെയോ ജന്തുവിന്റെയോ ആകൃതിയും പ്രകൃതിയും ഇരിക്കുന്നത്. അവ ഭേദപ്പെടുമ്പോൾ ഇവയും ഭേദപ്പെടുന്നു എന്നുള്ള ശാസ്ത്രീയമായ പ്രമാണത്തിനു പരിണാമവാദം എന്നു പേരു പറയുന്നു.) ഈ പ്രമാണം ഏതു സയൻസിലും ഉപയോഗിക്കാമെന്നാണ് നവീനശാസ്ത്രജ്ഞന്മാരുടെ മതം. "സൃഷ്ടിയെല്ലാം ഇന്നുവരെയും ഒന്നിച്ചു ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു" എന്നു വി. പൗലോസ് ശ്ലീഹാ (റോമാ: 8.22) പറയുന്നതുപോലെ ആത്മീയവും ശാരീരികവുമായ സകല സൃഷ്ടിയും ദൈവത്തിങ്കൽ എത്തിച്ചേരുന്നതിലാണ് സൗഭാഗ്യമെന്നും, അതുസാധിക്കുന്നതിനുള്ള ഒരുക്കമാകുന്നു ഇപ്പോഴും പ്രപഞ്ചത്തിൽ നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെന്നും വ്യക്തമാകുന്നു.

## മൂന്നുതരം സൃഷ്ടികൾ

എന്നാൽ സൃഷ്ടിയെ നമുക്കു മൂന്നായി വിഭജിക്കാം. ഒന്നാമതായി കേവലം ആത്മാക്കളായി അദൃശ്യങ്ങളായ സൃഷ്ടികൾ; ദൃഷ്ടാന്തം, മാലാഖമാർ. ലൗകികമായ കാര്യങ്ങളിൽ മാത്രം എപ്പോഴും തങ്ങളുടെ ശ്രദ്ധയെ വെച്ചുകൊണ്ടിരിക്കുന്നവരും ആത്മീയമായ സംഗതികളിൽ പരിചരിക്കാതെയും ദൈവസംസർഗ്ഗത്തിനു പരിശ്രമിക്കാതെയും ഇരിക്കുന്നവരുമായ ജനങ്ങൾക്ക്, "ആത്മാക്കൾ" വാസ്തവത്തിൽ ഇല്ലാത്തവയാണെന്നു തോന്നിയേക്കാം. ഇങ്ങനെയുള്ളവരുടെ അഭിപ്രായത്തെ ഇവിടെ ഗൗനിച്ചിട്ടാവശ്യമില്ല. രണ്ടാമതായി കേവലം പദാർത്ഥങ്ങളായ സൃഷ്ടികൾ ദൃഷ്ടാന്തം: നിർജ്ജീവവസ്തുക്കൾ, മനസ്സാക്ഷിയില്ലാത്ത ജന്തുക്കൾ. ശാരീരികമായി യാതൊന്നും ഇല്ലെന്നു പറയുന്ന ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെയും ഇവിടെ ഗൗനിക്കേണ്ടതില്ല. മൂന്നാമതായി, അദൃശ്യമായ ആത്മാവും ദൃശ്യമായ ശരീരവും ഉള്ളവനാകയാൽ സർവ്വസൃഷ്ടിയുടെയും പ്രാതിനിധ്യം വഹിക്കുന്ന മനുഷ്യൻ. പരിണാമവാദം എന്ന ശാസ്ത്രീയമായ പ്രമാണം

അനുസരിച്ചോ, ദൈവദത്തമതത്തിലെ പരമസത്യങ്ങളെ സ്വീകരിച്ചോ, പര്യാലോചിക്കുന്ന പക്ഷം മനുഷ്യൻ സൃഷ്ടി വികാസത്തിന്റെ പരമ കാഷ്ഠയാണെന്നു തെളിയുന്നു. സർവ്വസൃഷ്ടികളുടെയും പ്രതിപുരുഷൻ മനുഷ്യനാകുന്നു. അതിനാൽ മനുഷ്യൻ ദൈവത്തിൽ എത്തിച്ചേരുന്നപക്ഷം, അവനിലും അവൻവഴിയായും സകലസൃഷ്ടിയും ദൈവത്തിങ്കൽ ചേരുന്നു എന്നു വിചാരിക്കാവുന്നതാണ്.

## ദൈവസ്ഥാപിതമതം

ദൈവത്തോടു യോജിക്കണമെന്നുള്ള ആകാംക്ഷ മനുഷ്യനു സ്വാഭാവികമായുള്ളതാകുന്നു. സാധാരണമായി നാസ്തികന്മാർക്കുപോലും, അവർ തലച്ചോറിനെ മാത്രം ആശ്രയിക്കാതെയിരിക്കുന്ന അവസരങ്ങളിൽ "ദൈവമേ" എന്നുള്ള ആകാംക്ഷസ്വാഭാവികമായുണ്ടാകുന്നു. പരിഷ്കാരം ലവലേശം പോലും എത്തിയിട്ടില്ലാത്ത ആസ്ത്രേലിയായിലേയും ആഫ്രിക്കായിലേയും ആദിമനിവാസികൾക്കുപോലും ഈ ആകാംക്ഷയുണ്ട്. ജനനവശാൽ അന്ധന്മാരുള്ളതുപോലെ ജനനവശാൽ നാസ്തികന്മാരായ ആളുകളും ഉണ്ടായിരിക്കാം.നമുക്കു ദൈവത്തിലേക്കുള്ള ആകാംക്ഷ സ്വാഭാവികമാണ്. അതിന്റെ പ്രവൃത്തിയും ഫലവുമാണ് മതം, അല്ലെങ്കിൽ മാർഗ്ഗം അല്ലെങ്കിൽ ധർമ്മം എന്നുപറയുന്നത്. ഭക്തിയോടിരിക്കയെന്നുവച്ചാൽ മനുഷ്യനും ദൈവവുമായുള്ള സംസർഗ്ഗത്തിന്റെ ഫലമായി മനുഷ്യൻ ദൈവത്തിലും, ദൈവം മനുഷ്യനിലും വസിക്കയത്രെ. മതത്തിന്റെ ഉദ്ദേശ്യവും അതിന്റെ പരിണാമവും മനുഷ്യൻ ദൈവത്തിലും ദൈവം മനുഷ്യരിലും ചേരുന്നതിനാലാണ് എന്നുള്ള ഏകസംഗതിയിൽ പല മതങ്ങളും യോജിക്കുന്നു. ഈശ്വരവിശ്വാസം ഇല്ലാത്ത നിഷ്ഠക്കു മതം എന്നുശാസ്ത്രീയമായി പറവാൻ നിവൃത്തിയില്ലല്ലോ. ദൈവത്തിന്റെ പ്രത്യേകമായ നടത്തിപ്പുകൂടാതെയും മനുഷ്യർക്കു സ്വാഭാവികമായി ദൈവം നല്കിയിരിക്കുന്ന ശക്തികളെ ഉപയോഗിച്ചും ദൈവത്തിൽ ചേരുന്നതിനു മനുഷ്യൻ ചെയ്തിട്ടുള്ള പരിശ്രമത്തിന്റെ ഫലമാകുന്നു സ്വാഭാവികമതങ്ങൾ എന്നു പറയപ്പെടാവുന്ന ഹിന്ദുമതം, മഹമ്മദുമതം, സാക്ഷാൽ ബുദ്ധമതം, കൺഫ്യൂഷ്യമതം മുതലായ മതങ്ങൾ. ഇവകൂടാതെ ദൈവസംസർഗ്ഗത്തിനു പ്രത്യേക മാർഗ്ഗങ്ങളായി ദൈവം തന്നെ വെളിപ്പെടുത്തിതന്നിട്ടുള്ളവയും വാസ്തവമായ ചരിത്ര സംഭവങ്ങളായി സ്വീകരിക്കപ്പെടാവുന്ന ഈശ്വരപ്രത്യക്ഷങ്ങളോടുകൂടിയവയുമായ മതങ്ങൾ ഉണ്ട്. അബ്രഹാം മുതലായ പൂർവ്വപിതാക്കന്മാരുടെ മതം, മോശവഴിയായി

യഹൂദന്മാർക്കു ലഭിച്ച മതം, ദൈവപുത്രനായ മിശിഹാതന്നെ സ്ഥാപി ച്ചിരിക്കുന്ന ക്രിസ്തീയമതം ഇവയ്ക്കു ദൈവദത്തമതങ്ങൾ എന്നു പേർ പറയാം. സ്വാഭാവികമതങ്ങളിൽ തന്നെയും ഉള്ള വാസ്തവങ്ങൾ ദൈവ ദത്തങ്ങൾ ആണെങ്കിലും, ഇവിടെ ദൈവദത്തമതങ്ങൾ എന്നു പറഞ്ഞി രിക്കുന്നത് ഒരു പ്രത്യേക അർത്ഥത്തിലാണെന്നു സ്പഷ്ടമാണല്ലോ.

## മനുഷ്യാവതാരരഹസ്യം

നമുക്കു ദൈവത്തിങ്കൽ ചേരണമെന്നുള്ള ആകാംക്ഷ സ്വാഭാവി കം. അതായതു ദൈവദത്തം ആകയാൽ ഈ ആകാംക്ഷയുടെ നിവൃ ത്തിമാർഗ്ഗവും ദൈവം തന്നെ ഉണ്ടാക്കിത്തരേണ്ടതാണല്ലോ. ദൈവം മനുഷ്യനിലും മനുഷ്യൻ ദൈവത്തിലും ആയിത്തീരുന്നതു മനുഷ്യൻ ദൈവമായിത്തീരുന്നതിനാൽ ആയിരിക്കണം. എന്നാൽ മനുഷ്യൻപല തരത്തിലുള്ള ബന്ധനങ്ങളും പാപവും ഉള്ളവനാകയാൽ ദൈവമായി ത്തീരുന്നതു അസാദ്ധ്യമാകുന്നു. അതിനാൽ ദൈവത്തിങ്കലേക്കുള്ള ആകാംക്ഷയെ മനുഷ്യന്റെ സ്വാഭാവികലക്ഷണമായി നൽകിയിരിക്കുന്ന ദൈവം തന്നെ മാനുഷികാവസ്ഥയെ പ്രാപിച്ച്, അതായത് മനുഷ്യാവ താരം ചെയ്ത് മനുഷ്യൻ ദൈവത്തിൽ ചേരുന്നതിനു മാർഗ്ഗമുണ്ടാക്കി യെങ്കിൽ മാത്രമേ മേല്പറഞ്ഞ ആകാംക്ഷ സഫലീഭവിക്കയുള്ളൂ.

സൃഷ്ടിയെല്ലാം ദൈവത്തിൽ ചേരേണ്ടതാണെന്നും, അങ്ങനെ ചേരുന്നതിനായി സർവ്വ സൃഷ്ടിയും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു എന്നും മേൽ പ്രസ്താവിച്ചുവല്ലോ. കേവലം ആത്മാക്കളോ കേവലം ശരീരങ്ങളോ അല്ല, പിന്നെയോ ദൃശ്യവും അദൃശ്യവുമായ സകല സൃഷ്ടികളുടെയും പ്രാതിനിധ്യം വഹിക്കുന്നവനാകുന്നു ആത്മാവും ശരീരവുമുള്ള മനുഷ്യൻ എന്ന തത്വവും മുൻ പ്രസ്താവിച്ചുവല്ലോ. ഈ സ്ഥിതിക്കു സർവ്വസൃഷ്ടിയുടേയും പ്രാതിനിധ്യം വഹിക്കുന്നവ നായി, ആത്മാവും ശരീരവുമുള്ള മനുഷ്യനെ ദൈവത്വത്തിൽ യോജിപ്പി ക്കുതിനു ദൈവം അവതാരം ചെയ്യുന്ന പക്ഷം, കേവലം ആത്മാവാ യിട്ടോ കേവലം ശരീരമായിട്ടോ അവതാരം ചെയ്താൽ അവതാരോ ദ്ദേശ്യം സാധിക്കയില്ലെന്നു വന്നുകൂടുന്നു. ആത്മാവും ശരീരവും കൂടിയ മനുഷ്യനെ ദൈവത്തിൽ ചേർക്കുന്നതിനുവേണ്ടി ദൈവം ആത്മാവും ശരീരവും കൂടിയ മനുഷ്യനായിത്തന്നെ അവതാരം ചെയ്യേണ്ടതായും വന്നുകൂടുന്നു. ഈ അവതാരമത്രേ യേശുമിശിഹാ. തിരുമേനി സാക്ഷാൽ ദൈവം തന്നെയാകുന്നു. തിരുമേനി ആത്മാവും ശരീരവും കൂടിയവനായ സാക്ഷാൽ മനുഷ്യനാകുന്നു. തിരുമേനി പൂർണ്ണ മനു

ഷ്യനും പൂർണ്ണ ദൈവവുമാകുന്നു. സർവ്വസൃഷ്ടിയേയും ദൈവത്തിൽ സംയോജിപ്പിക്കുന്നതിനു ഒരു മാർഗ്ഗമായി ദൈവവും ദൈവപുത്രനു മായ "വചനം" (യോഹ: 1.14–18) തന്നെത്തന്നെ ഒരു ശരീരത്തിലും ആത്മാവിലും ഒതുക്കിവച്ചു എന്നുള്ളതത്രെ മനുഷ്യാവതാരരഹസ്യം. ഇതത്രെ ക്രിസ്തുമതത്തിലെ സർവ്വപ്രധാനമായ തത്വം. മിശിഹാ ദൈവ മാണെന്നുള്ള വാസ്തവത്തിന്മേൽ അത്രെ ക്രിസ്തുമതത്തിന്റെ ബലം മുഴുവനും ഇരിക്കുന്നത്. മിശിഹാ ദൈവമല്ലെങ്കിൽ അതായതു ദൈവം മിശിഹായായി മനുഷ്യാവതാരം ചെയ്തിരിക്കയില്ലെങ്കിൽ, ക്രിസ്തുമത ത്തിന്റെ ഉത്ഭവവും, അത്ഭുതകരമായ പ്രചാരവും, ലോകത്തെമുഴുവൻ പരിഷ്ക്കാരദശയിൽ വരുത്തുന്നതായ ശക്തിയും, ക്രിസ്തീയമായ ഉൽ കൃഷ്ടസന്മാർഗ്ഗവും എല്ലാം വ്യർത്ഥമത്രെ. കാരണം ഇവയെല്ലാം മിശി ഹായുടെ ദൈവത്വത്തെമാത്രം ആശ്രയിച്ചിരിക്കുന്നു. മിശിഹാ ദൈവ മല്ലെങ്കിൽ ഇവയുടെ അടിസ്ഥാനം പിന്നെയെന്താണെന്നു പറവാൻ മാർഗ്ഗ മില്ല. മിശിഹാ ദൈവമാണെന്നുള്ള വാസ്തവമത്രെ ക്രിസ്തുമതത്തിന്റെ അടിസ്ഥാനതത്വം. വി.യോഹന്നാൻശ്ലീഹാ പറയുന്നതെന്തെന്നു നോക്കാം:– "ആദിയിൽ വചനം ഉണ്ടായിരുന്നു വചനം ദൈവത്തോടു കൂടെയായിരുന്നു. വചനം ദൈവവുമായിരുന്നു. അവൻ ആദിയിൽ ദൈവ ത്തോടുകൂടെയായിരുന്നു. സകലവും അവനാലുണ്ടായി. ഉണ്ടായതൊന്നും അവനെക്കൂടാതെഉണ്ടായതല്ല.... വചനം ജഡമായി ഭവിച്ചു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായിട്ടു ഞങ്ങൾ കാണു കയും ചെയ്തു." കൃപയും സത്യവും യേശു മിശിഹായാൽ ഉണ്ടായി. ദൈവത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരി ക്കുന്ന ഏകജാതനായ പുത്രൻ അവിടത്തെ പ്രത്യക്ഷമാക്കി (യോഹ ന്നാൻ 1.1–18) "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു." (യോഹന്നാൻ 1.4–6) എന്നു മിശിഹാ കല്പിച്ചിരിക്കുന്നതും ഈ സംഗ തിയെ ഉദ്ദേശിച്ചാണല്ലോ. ദൈവത്തിന്റെ മനുഷ്യാവതാരം മൂലം, അതാ യത് മനുഷ്യാവതാരപുരുഷനാകുന്ന യേശുമിശിഹാവഴിയായി നമുക്കു ദൈവത്തിൽ ചേരാമെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നമുക്കു മിശി ഹായുടെ ദൈവത്വത്തിലേക്കു പ്രവേശിക്കുന്നതിനു ദൈവം നിശ്ചയി ച്ചുണ്ടാക്കിയിരിക്കുന്ന ഏകമാർഗ്ഗമാകുന്ന മിശിഹായുടെ മനുഷ്യത്വം എന്നല്ലാതെ മറ്റുവല്ലതുമാകാൻ നിവൃത്തിയുണ്ടോ?

## ദൈവത്വവും മനുഷ്യത്വവും

മിശിഹായുടെ മനുഷ്യത്വം വഴിയായിട്ടല്ലാതെ ദൈവത്വത്തിൽ

യോജിക്കുന്നതിനു നമുക്കു സാധിക്കുന്നതാണെങ്കിൽ മനുഷ്യാവതാരത്തിന്റെ ആവശ്യം എന്ത്? മനുഷ്യത്വത്തെ ദൈവം സ്വീകരിച്ചതിന്റെ പ്രയോജനം എന്ത്? നമുക്കു ദൈവദത്തമായിരിക്കുന്ന ഈശ്വരാകാംക്ഷ സഫലീകരിക്കുന്നതിനുവേണ്ടി നമ്മെ ദൈവത്തിൽ ചേർക്കുന്നതിനു ദൈവം മനുഷ്യാവതാരം ചെയ്തിട്ടുണ്ടെങ്കിൽ അതു പത്തൊൻപതു ശതവർഷം മുമ്പ് ബേത്‌ലഹേമിൽ വി: കന്യകാമറിയത്തിന്റെ പുത്രനായി ജനിച്ചു, വളർന്നു, സ്ലീവാമേൽ മരിച്ച് ഉയിർത്തെഴുന്നേറ്റ സാക്ഷാൽ യേശുമിശിഹാതന്നെ ആയിരിക്കാനേ നിവൃത്തിയുള്ളു. അതിനാലത്രേ "ഏക ദൈവവും ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഏക മദ്ധ്യസ്ഥനുമുണ്ട്; മനുഷ്യനാകുന്ന യേശുമിശിഹാതന്നെ" എന്നു വി: പൗലോസ്ലീഹാ കല്പക്കുന്നത്. ദൈവത്തെ മനുഷ്യനിലും മനുഷ്യനെ ദൈവത്തിലും യോജിപ്പിക്കുന്നതിനായി ദൈവം ഉണ്ടാക്കിയിരിക്കുന്ന മാർഗ്ഗമാണല്ലോ ദൈവത്തിന്റെ മനുഷ്യാവതാരം. ഇതുകൊണ്ടുമാത്രം നാം ഓരോരുത്തരും ദൈവത്വത്തിൽ യോജിച്ചു കഴിഞ്ഞിട്ടില്ല. എല്ലാ മനുഷ്യർക്കും ദൈവത്വത്തിൽ ലയിക്കുന്നതിന് ഒരു മാർഗ്ഗമായി ദൈവത്തിന്റെ മനുഷ്യാവതാരം ഇരിക്കുന്നു എന്നേയുള്ളൂ. മിശിഹായെ സ്വീകരിക്കുന്നവർക്കു താൻ വഴിയായി ദൈവത്വത്തിൽ ചേരുന്നതിനു സാധിക്കും എന്ന് ദൈവം നിശ്ചയിച്ചിരിക്കുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഏകമദ്ധ്യസ്ഥനായിട്ടു ദൈവം നിശ്ചയിച്ചിരിക്കുന്നതു മനുഷ്യത്വം സ്വീകരിച്ചിരിക്കുന്ന ദൈവമത്രേ. അതായതു മനുഷ്യർക്കു ദൈവസംസർഗ്ഗത്തിനു ഈശ്വരനിശ്ചിതമായ മാർഗ്ഗം മിശിഹായുടെ മനുഷ്യത്വം ആകുന്നു. അതിനാലത്രെ മനുഷ്യനാകുന്ന യേശുമിശിഹാ ഏക മദ്ധ്യസ്ഥൻ ആണെന്നു പറയുന്നത്.

മിശിഹാ പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനും ആകുന്നു. നമുക്കു ദൈവത്വത്തിൽ യോജിക്കുന്നതിനായി ദൈവം നല്കിയിരിക്കുന്ന മാർഗ്ഗമാകുന്നു മിശിഹായുടെ മനുഷ്യത്വം. മിശിഹാ പൂർണ്ണ മനുഷ്യനാകുന്നു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം പാപം മുഖാന്തിരം ആത്മാവിലും ശരീരത്തിലും, ആദാമിനും മനുഷ്യകുലത്തിനും ഭവിച്ചിട്ടുള്ള ന്യൂനതകൾ തിരുമേനിക്ക് അശേഷമില്ലാ എന്നാകുന്നു. ആദാം മുതൽ ഇന്നയോളമുള്ള പിതാക്കന്മാരുടേയും നമ്മുടേയും പാപം മൂലം നമുക്കു ആത്മാവിലും ശരീരത്തിലും ഭവിച്ചിട്ടുള്ള ന്യൂനതകളെ പരിഹരിക്കുന്നതിനു അശേഷം പാപമില്ലാത്ത ഒരാദാം ആവശ്യമാണ്. ഒന്നാം ആദാമും നാമും തമ്മിലുള്ള സ്വാഭാവികസംബന്ധത്തിനു പകരം, രണ്ടാം ആദാമും നാമും തമ്മിൽ കൃപാമാർഗ്ഗമായി സംബന്ധമുണ്ടാക്കി

നമുക്കു പാപപരിഹാരം ചെയ്യുന്നതിനാണ് രണ്ടാമത്തെ ആദാമായി — പൂർണ്ണമനുഷ്യനായി — വചനം തിരുവവതാരം ചെയ്തത്.

ആത്മാവും ശരീരവും കൂടിയവരായ പാപികളായ നമ്മെ ദൈവത്വത്തിൽ സംയോജിപ്പിക്കാനായി ദൈവം ഉണ്ടാക്കിയിരിക്കുന്ന മാർഗ്ഗം ആത്മാവും ശരീരവും കൂടിയവനായ പാപമില്ലാത്ത മിശിഹാ ആകുന്നു. അതിനാൽ ദൈവത്തിൽ എത്തിച്ചേരുന്നതിനായി നാം ചെയ്യേണ്ടത് നമ്മുടെ ആത്മാവിനേയും ശരീരത്തേയും മിശിഹായുടെ ആത്മാവിലും ശരീരത്തിലും സംയോജിപ്പിക്കയത്രേ. ഇങ്ങനെ നാം ചെയ്യുന്ന പക്ഷം നമുക്കു ദൈവസംസർഗ്ഗം ദൈവഹിതം പോലെ ഉണ്ടാകുന്നതാണ്. മിശിഹായുടെ ആത്മാവിനെയും മിശിഹായുടെ ശരീരത്തെയും നമ്മുടെ ആത്മാവിലും നമ്മുടെ ശരീരത്തിലും നാം വേണ്ടവണ്ണം സ്വീകരിക്കുന്ന പക്ഷം, മിശിഹായുടെ ആത്മാവോടും ശരീരത്തോടും യോജിച്ചിരിക്കുന്ന മിശിഹായുടെ ദൈവത്വവും നമ്മിൽ യോജിക്കുന്നതാണ്. ഈവിധമുള്ള ദൈവസംസർഗ്ഗം കേവലം ഇഹലോകത്തുമാത്രമുള്ളതോ, കേവലം മാനസികമോ ആയ ദൈവസംസർഗ്ഗത്തേക്കാൾ യഥാർത്ഥവും ഉൽകൃഷ്ടവും ആണ്. നാം മുഴുവനായിട്ടു ദൈവത്തിന്റെ വകയാണെന്നും ദൈവത്തിൽ യോജിച്ചു നില്ക്കുന്നു എന്നും ഉള്ള ബോധം ഈവിധമുള്ള ദൈവസംസർഗ്ഗംമൂലം നമുക്കുണ്ടാകുന്നു. അനുഭവത്താൽസിദ്ധിക്കുന്ന ഈ ബോധം കേവലം മാനസികമായ ബോധത്തേക്കാൾ അധികമായി നമ്മെ ദൈവഭക്തിയിൽ നിലനിർത്തുന്നതിനു സഹായിക്കുന്നു.

ദൈവസംസർഗ്ഗമാർഗ്ഗം മിശിഹായുടെ മനുഷ്യത്വം ആണെന്നു പറയുന്നതു കേവലം അലങ്കാരരൂപത്തിലോ മറ്റോ ആണെന്നു തെറ്റിദ്ധരിച്ചുപോകരുത്. മിശിഹായുടെ മനുഷ്യത്വം ദൈവസംസർഗ്ഗത്തിനുള്ള മാർഗ്ഗമാണെന്നു പറയുന്നതു വാസ്തവാർത്ഥത്തിലത്രേ. അതുമാനസികമായി മാത്രം അല്ല. മനുഷ്യൻ സാംഗോപാംഗമായി മിശിഹായുടെ മനുഷ്യത്വത്തിൽ യോജിക്കേണ്ടതത്രെ. തന്മൂലം അവൻ ദൈവത്വത്തിൽ യോജിക്കുന്നതുമാണ്. ദൈവസംസർഗ്ഗം കേവലം ആത്മീയമായി മാത്രമായിരിക്കേണ്ടതാണെന്നുവരികിൽ മിശിഹാ കേവലം ആത്മാവായിട്ട് അവതാരം ചെയ്താൽ മതിയായിരുന്നു. എന്നാൽ മിശിഹാ പാപം ഒഴികെ സകലത്തിലും നമ്മെപ്പോലെ, ആത്മാവും ശരീരവുമുള്ളവനായി മനുഷ്യാവതാരം ചെയ്തിരിക്കുന്നുവല്ലൊ. മിശിഹാ ദൈവമാണെന്നു വിശ്വസിക്കുന്ന പക്ഷം, അതായതു

ദൈവത്തിൽ നമ്മെ യോചിപ്പിക്കുന്നതിനായി ദൈവം ഉണ്ടാക്കി തന്നിരിക്കുന്ന മാർഗ്ഗം മിശിഹായുടെ മനുഷ്യാവതാരം ആണെന്നു വിശ്വസിക്കുന്ന പക്ഷം, ദൈവസംസർഗ്ഗം മിശിഹാവഴിയായി അതായതു മിശിഹായുടെ മനുഷ്യത്വം വഴി ആയിരിക്കണമെന്നു സമ്മതിച്ചേ മതിയാവൂ.

## ശരീരവും ആത്മാവും

ദൈവസംസർഗ്ഗത്തിനായി ദൈവം ഉണ്ടാക്കിതന്നിരിക്കുന്ന മാർഗ്ഗം മിശിഹായുടെ ആത്മാവും ശരീരവും ആണെന്നു സമ്മതിക്കുന്നുവല്ലൊ. എന്നാൽ നമ്മുടെ ആത്മാവുകൊണ്ടുമാത്രമോ ശരീരംകൊണ്ടുമാത്രമോ ദൈവസംസർഗ്ഗം ചെയ്താൽ മതിയാവുന്നതാണ് എന്നു വല്ലവരും വിചാരിച്ചേക്കാം. വാസ്തവം എങ്ങനെയാണെന്ന് ആലോചിക്കാം. ആത്മാക്കളോ ശരീരങ്ങളോ ആയ സർവ്വ സൃഷ്ടിയുടേയും പരിണാമം ദൈവത്തിൽ സംയോജിക്കുന്നതിൽ ആണെന്നും, സർവ്വസൃഷ്ടിയുടേയും പ്രാതിനിധ്യം വഹിക്കുന്നവനും സൃഷ്ടിവികാസത്തിന്റെ പരമകാഷ്ഠയെ പ്രാപിക്കുന്നവനുമായ മനുഷ്യൻ ദൈവത്തിൽ ചേരുന്നതിനായിട്ടുള്ള ഏകമാർഗ്ഗമായിട്ടാണ് ദൈവം മിശിഹായായി മനുഷ്യാവതാരം ചെയ്തിരിക്കുന്നതെന്നും പ്രസ്താവിച്ചു കഴിഞ്ഞുവല്ലോ. മനുഷ്യന്റെ ആത്മാവു മാത്രമോ ശരീരം മാത്രമോ ദൈവസംസർഗ്ഗം ചെയ്യുന്ന പക്ഷം മനുഷ്യൻ മുഴുവനായി ദൈവസംസർഗ്ഗം ചെയ്യുന്നില്ല. അംശമായി മാത്രമുള്ള ദൈവസംസർഗ്ഗത്തിൽ അവൻ സർവ്വ സൃഷ്ടിയുടേയും പ്രാതിനിധ്യം വഹിക്കുന്നതിനു സാധിക്കുന്നുമില്ല. ഈശ്വരനും, ആത്മാവും, ലോകവും ദൈവത്തിൽ നിന്നുത്ഭവിച്ചവയും ദൈവത്തിൽ എത്തിച്ചേരുന്നതിന് ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നവയും ആണെന്നു മുൻ വിവരിച്ചിട്ടുണ്ടല്ലൊ. സർവ്വസൃഷ്ടിയേയും ദൈവത്തിൽ യോജിപ്പിക്കുന്നതു സുസാദ്ധ്യമാക്കുവാനായിട്ടാണല്ലൊ, സൃഷ്ടിയുടെ പ്രാതിനിധ്യം വഹിക്കുന്ന മനുഷ്യനെ പ്രത്യേകമായി ദൈവത്തിൽ സംയോജിപ്പിക്കുന്നതിനു ദൈവം മനുഷ്യാവതാരം ചെയ്തത്. അതിനാൽ മനുഷ്യൻ മുഴുവനായി, അവന്റെ ആത്മാവോടും ശരീരത്തോടുകൂടെ ദൈവത്തിൽ ചേരേണ്ടതാവശ്യമാണ്.

## പുനരുത്ഥാനശരീരം

പുനരുത്ഥാനത്തിലുള്ള വിശ്വാസവും ഇതിനെ ബലപ്പെടുത്തുന്നു. യേശുമിശിഹായുടെ തിരുശരീരം കഷ്ടാനുഭവവും മരണവും കഴി

ഞ്ഞിട്ടു കബറിൽ അടക്കപ്പെട്ടു എന്നും ആ ശരീരം തന്നെ ആത്മീയ മായ ലക്ഷണങ്ങളെ പ്രാപിച്ച് മൂന്നാം ദിവസം കബറിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നും ഉള്ള ചരിത്ര സംഭവങ്ങൾ നാം അറിയു ന്നുണ്ടല്ലോ. റഷ്യാ-ജപ്പാൻ യുദ്ധം, വിക്ടോറിയാരാജ്ഞിയുടെ മരണം മുതലായവ എത്രത്തോളം വാസ്തവങ്ങളായ ചരിത്രസംഭവങ്ങളാകു ന്നുവോ അത്രത്തോളംതന്നെ വാസ്തവമായ ഒരു ചരിത്രസംഭവമാണ് മിശിഹായുടെ പുനരുത്ഥാനവും. ഒരു സംഭവം യഥാർത്ഥസംഭവമാ ണെന്ന് ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള രേഖകളും സാക്ഷികളും ആവശ്യമുണ്ടോ ആ വക രേഖകളും സാക്ഷി കളുമെല്ലാം ഈ ചരിത്രസംഭവത്തിനും ഉണ്ട്. മിശിഹാ വാസ്തവമായി ഉയിർത്തെഴുന്നേറ്റതുകൊണ്ട് നാമും ഉയിർത്തെഴുന്നേൽക്കുന്നതാ ണെന്നും പുനരുത്ഥാനാനന്തരം ഒരു ജീവിതാവസ്ഥ എങ്ങനെ സാധി ക്കുമെന്നും നമുക്ക് തീർച്ചയാക്കാം. കൂടാതെയും സർവ്വ സൃഷ്ടിയും ദൈവത്തിൽ യോജിക്കുന്നതിന് ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ള വേദോക്തിക്ക് അനുസരണമായിട്ടുതന്നെ അതിരിക്കുന്നു. എല്ലാവക സയൻസുകളിലും സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പരിണാമവാദം (എവലൂഷൻ തിയറി) അനുസരിച്ച് മനുഷ്യനും പരിണാമം മൂലം ഭേദ പ്പെട്ട് ഇപ്പോഴത്തേതിലും ഉൽകൃഷ്ടമായ ഒരവസ്ഥയെ പ്രാപിക്കേണ്ടത് ആവശ്യമാണ്. ഈ ഉൽകൃഷ്ടാവസ്ഥ പുനരുത്ഥാനത്തോടുകൂടി ശുദ്ധ മാകുന്നു എന്നത്രേ മിശിഹായുടെ പുനരുത്ഥാനത്തിൽ നിന്നും ദൈവ ദത്തമായ തത്വങ്ങളിൽ നിന്നും മനസ്സിലാക്കേണ്ടത്. മിശിഹായുടെ മൃത ശരീരത്തെ കബറിൽ അന്വേഷിച്ചപ്പോൾ അവിടെ കാണാതിരുന്നതു കൊണ്ടും തിരുമേനി ഉയിർത്തെഴുന്നേറ്റു എന്ന് മാലാഖമാർ സാക്ഷി ച്ചതുകൊണ്ടും തിരുമേനിയുടെ ശരീരം ഉയിർത്തു എന്നതു നിശ്ചയമാ ണല്ലോ. അതുപോലെ തന്നെ നമ്മുടെ ശരീരവും ഉയിർത്തെഴു ന്നേൽക്കും എന്ന് ആശിക്കുന്നതിന് അത് അടിസ്ഥാനവുമാണ്.

ആയതുകൊണ്ട് നമ്മുടെ ആത്മാവുമാത്രമല്ല, ശരീരം മാത്രവുമല്ല ഉയിർത്തെഴുന്നേൽക്കുന്നത്. നാം മുഴുവനായി നമ്മുടെ ആത്മാവോടും ശരീരത്തോടും കൂടെ ഉയിർത്തെഴുന്നേറ്റ് ദൈവത്തിൽ യോജിക്കുന്ന താണ് ഇങ്ങനെ മഹത്വകരമായി ദൈവത്തിൽ യോജിക്കുന്നതിനുവേണ്ട യോഗ്യതകളെ മനുഷ്യാവതാരം ചെയ്തിരിക്കുന്ന മിശിഹാവഴിയായി ഈ ആയുസ്സിൽ തന്നെ പ്രാപിക്കേണ്ടതാണ്. ഇഹത്തിൽ വെച്ചും പുന രുത്ഥാനത്തിങ്കലും എല്ലാം രക്ഷാമാർഗ്ഗം മിശിഹായാകുന്നു. “ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു.”

നമ്മുടെ ആത്മാവും ശരീരവും പുനരുത്ഥാനത്തിങ്കലും ഇവിടെ വെച്ചും ദൈവത്തിൽ യോജിക്കുന്നതിന് ദൈവം തന്നെ ഉണ്ടാക്കിത ന്നിരിക്കുന്ന മാർഗ്ഗം നമ്മുടെ മിശിഹായുടെ മനുഷ്യാവതാരമാണ്. നമ്മുടെ ആത്മാവും ശരീരവും (അതായത് നാം മുഴുവനായി) ഈ ആയുസ്സിലും, മരണാന്തരവും പുനരുത്ഥാനത്തിങ്കലും എന്നല്ല എല്ലാ യ്പ്പോഴും ദൈവത്തിൽ യോജിച്ചു നില്ക്കുന്നതിനായി നാം ചെയ്യേ ണ്ടത് ദൈവവും മനുഷ്യനും ആകുന്ന മിശിഹായുടെ ആത്മാവോടും ശരീരത്തോടും സംയോജിച്ചിരിക്കുകയത്രേ. നമ്മുടെ ശരീരം മാത്രമോ ആത്മാവുമാത്രമോ യോജിച്ചാൽ മതിയാകയില്ല. ക്രിസ്തുമതം കേവലം മാനസികമോ കേവലം ബാഹ്യമോ അല്ല. ക്രിസ്തുമതം മനുഷ്യനെ മുഴുവൻ ബന്ധിക്കുന്നതാണ്. അതിനാൽ മതം കേവലം മാനസികമെ ന്നുപറയുന്ന ക്രിസ്തീയ സമുദായങ്ങൾ ഈ പ്രമാണത്തിന് എതിരാ കയാൽ ക്രിസ്തുമതത്തിന്റെ കേന്ദ്രസ്ഥാനമാകുന്ന മനുഷ്യാവതാരം എന്ന പരമതത്വത്തിന് ഭംഗം വരുത്തുന്നതിനാണ് പരിശ്രമിക്കുന്നത്. ഇവരും പുരാതനസഭകളും തമ്മിലുള്ള വ്യത്യാസം ദൈവവും മനു ഷ്യനുമാകുന്ന മിശിഹായെ സ്വീകരിക്കേണ്ടത് എങ്ങനെയെന്നുള്ളതി ലത്രേ. അപ്രധാനങ്ങളായ സകല അഭിപ്രായഭേദങ്ങളേയും കുറിച്ച് ഗൗനിക്കുന്നില്ലെന്നുവെയ്ക്കാം. എന്നാൽ മിശിഹാ ദൈവവും മനുഷ്യ നുമാണെന്നുള്ള പരമസത്യത്തിന് ഭംഗം വരുത്തുന്ന കാര്യങ്ങളെ അഗ ണ്യമാക്കുന്ന പക്ഷം അത് ക്രിസ്ത്യാനിത്വത്തിന് ചേരുന്നതോ?

## ഭൗതികശരീരവും കൂദാശകളും

ഇനിയും മിശിഹായുടെ മനുഷ്യത്വം എന്താണെന്നും മിശിഹാ യുടെ മനുഷ്യത്വത്തോടു നാം യോജിക്കുന്നതും യോജിക്കേണ്ടതും എങ്ങനെയാണെന്നും കൂടി പറഞ്ഞ് ഈ പ്രസംഗത്തെ അവസാനിപ്പി ക്കാം.

മിശിഹായുടെ മരണശേഷം തിരുമേനി ഉയിർത്തെഴുന്നേൽക്കു കയും ഉയിർപ്പിൻ മഹത്വശരീരത്തോടുകൂടി സ്വർഗ്ഗാരോഹണം ചെയ്യു കയുമാണല്ലോ ഉണ്ടായത്. "ലോകാവസാനത്തോളം ഞാൻ (അതായതു ദൈവത്വം മാത്രമല്ല മിശിഹാമുഴുവനായി) നിങ്ങളോടുകൂടെ" എന്ന കല്പനപോലെ തിരുമേനി ഉയിർത്തെഴുന്നേറ്റ ശരീരത്തോടുകൂടി നമ്മിൽ വസിക്കുന്നു. തന്റെ ശരിരം സഭയായി ലോകത്തിൽ വ്യാപി ച്ചിരിക്കുകയത്രേ. മിശിഹായുടെ ശരീരം സഭയാണെന്നു പ്രത്യക്ഷമായി കല്പിക്കപ്പെട്ടിട്ടുണ്ട്.

നാം മിശിഹായോടു യോജിക്കുന്നതു തന്റെ ശരീരമാകുന്ന ക്രിസ്തീയസഭയിൽ നിലനില്ക്കുന്നതിനാലത്രെ. മിശിഹായെ പൂർവ്വാധികമായി ആസ്വദിച്ചുകൊണ്ട് മിശിഹായിൽ വളരുകയും, സാക്ഷാൽ ദൈവദത്തമായ ക്രിസ്തു സഭയിൽ നിലനിന്ന് ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കുകയും ചെയ്യുന്നവൻ ഒരു ക്രിസ്തുഭക്തനാകുന്നു.

അഭിപ്രായത്തിലോ ഊഹത്തിലോ മിശിഹായെ നാം നമ്മിലേക്കു സ്വീകരിക്കാമെന്നുവച്ചാൽ മതിയാകയില്ല. മാനസികമായി മാത്രമോ ശാരീരികമായി മാത്രമോ ഉള്ളതല്ല സാക്ഷാൽ ക്രിസ്തുമതം. അതിനാൽ നാം ആത്മീയമായും ശാരീരികമായും ഉള്ള രീതിയിൽ നമ്മുടെ ആത്മാവിലും ശരീരത്തിലും മിശിഹായുടെ ആത്മാവിനേയും ശരീരത്തേയും സ്വീകരിക്കണം. ഇങ്ങനെ ആത്മീയവും ശാരീരികവുമായുള്ള വിധത്തിൽ അതായത് പ്രത്യക്ഷവും അപ്രത്യക്ഷവുമായ മിശിഹായെ നമ്മിലേക്കു സ്വീകരിക്കുന്നതിനായി മിശിഹാ തന്നെ കല്പിച്ചു നിശ്ചയിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉണ്ട്. അവയ്ക്ക് രഹസ്യങ്ങൾ അല്ലെങ്കിൽ കൂദാശകൾ എന്നു പറഞ്ഞുവരുന്നു. കൂദാശകൾ അനേകമുണ്ട്. * സാധാരണ ഏഴ് എന്നു പറഞ്ഞുവരുന്നു. മിശിഹാ മൂലമാണ് രക്ഷ എന്നുവരികിൽ നമ്മുടെ ശരീരത്തിലും ആത്മാവിലും പ്രത്യക്ഷവും അപ്രത്യക്ഷവുമായ വിധത്തിൽ മിശിഹായെ സ്വീകരിക്കാതെ ഗത്യന്തരമില്ല. ദൃഷ്ടാന്തമായി വി. കുർബാനയെപ്പറ്റി ആലോചിക്കാം. മിശിഹായുടെ ശരീരത്തോടും ആത്മാവോടും നമ്മുടെ ആത്മാവും ശരീരവും യോജിക്കുന്നതിനായി മിശിഹാ തന്നെ നിശ്ചയിച്ചിട്ടുള്ളതാകുന്നു വി. കർബാന. ഇതു വെറും മാനസികമല്ല. അപ്പത്തേയും വീഞ്ഞിനേയും വാഴ്ത്തി "ഇതെന്റെ ശരീരം എന്നും, ഇതെന്റെ രക്തം" എന്നും കല്പിക്കയും, ഞാൻ വരുന്നതുവരെ ഇതിനെ പ്രവർത്തിക്കണമെന്ന് ആജ്ഞാപിക്കയും, എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്ന് ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നമുക്ക് മിശിഹായോട് ചേരുന്നതിന് പ്രത്യക്ഷവും അപ്രത്യക്ഷവുമായ സംഗതികൾ യോജിച്ചിരിക്കുന്ന കൂദാശയാകുന്ന വി. കുർബാന വഴിയായി നാം മിശിഹായെ ആസ്വദിക്കണമെന്ന് തിരുമേനി കല്പിച്ചിട്ടുണ്ടെന്നുള്ള വാസ്തവം സ്പഷ്ടമായിരി

* കൂദാശകൾ എന്ന് ഇവിടെ പറഞ്ഞിരിക്കുന്നതു ദൈവശാസ്തരപരമായി നിഷ്കൃഷ്ടമായ അർത്ഥത്തിലല്ല പ്രത്യുത, വ്യാപകമായ അർത്ഥത്തിലാണ്. (ഗ്രന്ഥകർത്താ)

ക്കുന്നുവല്ലോ. വി. കുർബാനയുടേയും മറ്റുകൂദാശകളുടേയും ബലം എല്ലാം മിശിഹാ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനും എന്നുള്ള സത്യത്തെ ആശ്രയിച്ചിരിക്കുന്നു. മിശിഹാ ദൈവമല്ലെങ്കിൽ സകല കൂദാശകളും നിഷ്ഫലം. മിശിഹാ ദൈവമല്ലെങ്കിൽ അപ്പോസ്തോലികപിൻതുടർച്ച, വി. കുർബാന, വി. മാമ്മോദീസാ മുതലായ കൂദാശകളിൽ വിശ്വസിച്ച് അവയെ അനുഷ്ഠിക്കുന്നത് നിഷ്പ്രയോജനകരം. മിശിഹാസാക്ഷാൽ മനുഷ്യനല്ലെന്നു വരികിലും കൂദാശകൾ നിഷ്ഫലം തന്നെ.

അതിനാൽ സാക്ഷാൽ ക്രിസ്തുമതമാകുന്ന അപ്പസ്തോലിക സഭയുടെ വിശ്വാസാചാരങ്ങൾ മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും ആകുന്ന സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. ആയതുകൊണ്ട് ഈ സത്യങ്ങളെ നാം മനസ്സിലാക്കുകയും കൂദാശകളേയും തിരുസഭയേയും ഉപേക്ഷിക്കുന്നവർ സാക്ഷാൽ മിശിഹായെ ഉപേക്ഷിക്കുകയാകുന്നു എന്നുധരിക്കുകയും സത്യവിശ്വാസത്തോടും ശരിയായ അനുതാപത്തോടും കൂടെ മിശിഹായെ സ്വീകരിച്ച് തിരുമേനിയിൽ നില നില്ക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ ചെയ്യുന്ന പക്ഷം നമുക്ക് ആളാം പ്രതിയും നാം മൂലം സഭാംഗങ്ങൾക്ക് പൊതുവെയും സഭയ്ക്കും സമുദായത്തിനും മാത്രമല്ല, അന്യസമുദായങ്ങൾക്കു കൂടെയും പൂർവ്വാധികം അഭിവൃദ്ധി ഉണ്ടാകുന്നതുമാണ്.

# അദ്ധ്യായം 6

# എം.ഡി. സെമ്മിനാരി പ്രിൻസിപ്പാൾ

**ഉ**ൽകൃഷ്ടനിലയിൽ എം. ഏ. ഡിഗ്രി സമ്പാദിച്ചു സ്വദേശത്തെത്തിച്ചേർന്ന പി.റ്റി. ഗീവർഗ്ഗീസ് ശെമ്മാശനു നൽകേണ്ട ജോലി എന്താണെന്ന് പുലിക്കോട്ടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും വട്ടശ്ശേരിൽ മല്പാനച്ചനും കൂടെ മുൻകൂട്ടി ആലോചിച്ചു തീരുമാനിച്ചിട്ടുണ്ടായിരുന്നു. യാക്കോബായ സമുദായം വകയായി അക്കാലത്ത് കോട്ടയത്തുണ്ടായിരുന്ന ഇംഗ്ളീഷ് ഹൈസ്കൂൾ എം.ഡി. സെമിനാരിയായിരുന്നു. പ്രസ്തുത ഹൈസ്കൂളിന്റെ പ്രിൻസിപ്പാളായി ഗീവറുഗീസ് ശെമ്മാശനെ നിയമിക്കണമന്നുള്ള വട്ടശ്ശേരിൽ മല്പാന്റെ ആഗ്രഹത്തോട് പുലിക്കോട്ടു തിരുമേനിയും അനുകൂലിച്ചു. അന്ന് എം.ഡി. സെമിനാരി മാനേജർ അഥവാ പ്രിൻസിപ്പാളായിരുന്നത് യാക്കോബായ സഭയിലെ ഒരു പ്രമുഖനും സഭാ സംബന്ധമായ ഏതാനും ഗ്രന്ഥങ്ങളുടെ കർത്താവുമായ പരേതനായ ഇടവഴിക്കൽ മിസ്റ്റർ ഈ.എം.ഫിലിപ്പ് ആയിരുന്നു. പ്രിൻസിപ്പാളുദ്യോഗത്തിൽ നിന്നും താൻ വിമുക്തി നേടിയതിനേയും നമ്മുടെ കഥാപുരുഷൻ പ്രസ്തുത ഉദ്യോഗം സ്വീകരിച്ചതിനേയും പറ്റി "മലങ്കര സഭയുടെ രഹസ്യ പേടകം" എന്ന ഗ്രന്ഥത്തിൽ മിസ്റ്റർ ഈ.എം.ഫിലിപ്പ് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:-

"1902-ൽ നിരണം ഇടവകയുടെ മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തശേഷം ഫാദർ ഗീവറുഗീസ് (വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്) പ്രിൻസിപ്പൽ ജോലി ഒഴിഞ്ഞുപോയപ്പോൾ സ്കൂൾ സംബന്ധമായ പണച്ചുമതലയും എന്നിൽ വന്നു ലയിച്ചു. എങ്കിലും ആ സന്ദർഭത്തിൽ ക്ലാസുകളിൽ നിന്നു പിരിയുന്ന ഫീസും

സർക്കാർ ഗ്രാന്റുമല്ലാതെ  മറ്റു പണമൊന്നും എന്റെ കൈവശം വരാൻ മാർഗ്ഗമില്ലായിരുന്നു. അതിനാലും ഈ രണ്ട് ഇനങ്ങളിലെ വരുമാനം സ്കൂളിലെ ശമ്പളച്ചെലവിലേക്ക് മതിയാകയില്ലെന്ന് എല്ലാവർക്കും അറിവുണ്ടായിരുന്നതിനാലും കാര്യവിവരമുള്ളവരാരും എന്നെക്കുറിച്ച് അപവാദം പറയുകയില്ലെന്നു  വിശ്വസിക്കാൻ ന്യായമുണ്ടായിരുന്നതുകൊണ്ടും വൈമനസ്യത്തോടു കൂടിയാണ്  ഈ ഭാരം ഞാൻ കയ്യേറ്റത്. അവിടം മുതൽ ഫാദർ പി.റ്റി. ഗീവറുഗീസ് എം. ഏ. അവർകൾ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ട 1908 ജനുവരി വരെ സ്കൂൾ മാനേജുമെന്റു സംബന്ധമായ എല്ലാ ചുമതലകളും ഞാൻ  വഹിച്ചുകൊണ്ടിരുന്നു. മേല്പറഞ്ഞതുപോലെ ഫീസും ഗ്രാന്റുമല്ലാതെ മറ്റു വരുമാനങ്ങൾ എന്റെ അധീനത്തിൽ വരാൻ മാർഗ്ഗമില്ലാഞ്ഞതിനാൽ ഇക്കാലത്ത് സ്കൂൾ നടത്തിക്കൊണ്ടുപോകാൻ എനിക്കുണ്ടായ ബുദ്ധിമുട്ട് അവർണ്ണനീയമായിരുന്നു. ഹെഡ്മാസ്റ്ററായിരുന്ന മി.മാമ്മൻമാപ്പിള അനുകൂലിയായിരുന്നതിനാലും അദ്ദേഹവും ശേഷം അദ്ധ്യാപകന്മാരുമായി എന്റെ പെരുമാറ്റം വളരെ സൗഹാർദ്ദത്തോടുകൂടി ആയിരുന്നതിനാലും നിന്നും നിർത്തിയും സൗകര്യവും അത്യാവശ്യം പോലെ ശമ്പളം പറ്റുന്നതിൽ അവർ അതൃപ്തിയോ പിറുപിറുപ്പോ പ്രദർശിപ്പിക്കാതിരുന്നതിനാലും  ഒരു ചീത്തപ്പേർ കേൾപ്പിക്കാൻ എനിക്ക് ഇടയായില്ലെങ്കിലും എന്റെ മുൻഗാമിയായിരുന്ന വർഗ്ഗീസുമാപ്പിള തന്റെ ചുമടു താത്തു വയ്ക്കാൻ സൗകര്യം അന്വേഷിച്ചതുപോലെ ഞാനും ഈ ചുമട് ആരുടെ തലയിൽ വെച്ച് ഒഴിയേണ്ടു എന്ന് ആലോചിച്ചിരിക്കുമ്പോഴായിരുന്നു ഫാദർ പി.റ്റി.ഗീവറുഗീസ് എം.ഏ പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടത്. സെക്രട്ടറി സ്ഥാനത്തിൽ എനിക്കുണ്ടായിരുന്ന പണച്ചുമതല അദ്ദേഹത്തെ ഏൽപ്പിച്ചുകൊടുക്കത്തക്കവണ്ണം അദ്ദേഹം നിയമിക്കപ്പെട്ടിരുന്നില്ലെങ്കിലും ആ സ്വാതന്ത്ര്യംകൂടെ ഉണ്ടായിരിക്കുന്നത് അദ്ദേഹത്തിന്റെ ജോലിയുടെ ഊർജ്ജിതത്തിനോ അഭിമാനത്തിനോ ആവശ്യമായി അദ്ദേഹം വിചാരിച്ചതായി ചില ലക്ഷണങ്ങൾ കാണിച്ചതിനാൽ എന്റെ ചുമതല താത്തു വയ്ക്കാൻ ഇതു തക്കസമയമെന്നു നിശ്ചയിച്ച് ആ ചുമതലകൂടെ ഞാൻ അദ്ദേഹത്തെ ഏൽപ്പിക്കയും അദ്ദേഹം സസന്തോഷം അംഗീകരിക്കയും ചെയ്തു. അങ്ങനെ എം.ഡി. സെമ്മനാരി സംബന്ധമായ ചുമതലയിൽ നിന്നും ഞാൻ തല വലിച്ചുകൊണ്ട് പിരിഞ്ഞു.

(മലങ്കര സഭയുടെ രഹസ്യപേടകം. പുറം 96–97)

മദ്ധ്യതിരുവിതാംകൂറിൽ ക്രൈസ്തവരുടെ ഒരു പ്രധാന കേന്ദ്രമായ കോട്ടയം പട്ടണത്തിന്റെ മദ്ധ്യഭാഗത്ത് നിലകൊള്ളുന്ന എം. ഡി.

സെമിനാരി ഹൈസ്കൂളിനേയും പ്രസ്തുത സ്കൂളും മനോരമക്കെട്ടിടങ്ങളും നിലകൊള്ളുന്ന വുഡ്ലാൻഡ്സ് എസ്റ്റേറ്റിനേയും (16 ഏക്കർ സ്ഥലം) പറ്റി സുദീർഘമായ ഒരു ചരിത്രം തന്നെയുണ്ട്. യാക്കോബായ മെത്രാപ്പോലീത്തയായിരുന്ന പുലിക്കോട്ടു മാർ ദിവന്നാസ്യോസും കേരളീയ കത്തോലിക്കാസഭയിലെ ഒരു പ്രമുഖ വൈദികനായിരുന്ന നിധിയിരിക്കൽ മാണിക്കത്തനാരും കൂടെ യോജിച്ച് സ്ഥാപിച്ച "നസ്രാണി ജാത്യൈക" സംഘത്തിന്റെ ആഭിമുഖ്യത്തിൽ നിരവധി പ്രസ്ഥാനങ്ങൾക്ക് അടിസ്ഥാനമിടുന്നതിനു വേണ്ടി വാങ്ങിയതായിരുന്നു പ്രസ്തുത സ്ഥലം. കത്തോലിക്കാസഭയിലേക്കുള്ള യാക്കോബായക്കാരുടെ പുനരൈക്യം സുഗമമാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശമായിരുന്നു ഏതാദൃശപ്രസ്ഥാനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അന്തർലീനമായിരുന്നത്. തദ്ദേശസംരഭങ്ങൾക്ക് പ്രേരണ നൽകിയ കാരണങ്ങളേയും, നടത്തിയ പ്രവർത്തനങ്ങളേയും അവസാനം അവയ്ക്കുണ്ടായ ദയനീയ പരാജയത്തേയും രസാവഹമായ രീതിയിൽ വിവരിച്ചു കൊണ്ട് ചരിത്രപണ്ഡിതനും സാഹിത്യകാരനുമായ ശ്രീമാൻ. ഐ.സി. ചാക്കോ അവർകൾ 24 വർഷങ്ങൾക്കു മുമ്പ് തിരുവനന്തപുരത്തുനിന്നും മിസ്റ്റർ എം.എം. വർക്കിയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന "ദാസൻ" പത്രത്തിൽ എഴുതിയിരുന്ന ലേഖനപരമ്പരയിൽ നിന്നും ഒരു ഭാഗം ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു.

"ഏതു വഴിക്കും വികസിക്കാവുന്ന ഉദ്ദേശ്യങ്ങളോടുകൂടിയ സമ്മിശ്ര(കത്തോലിക്കരും അകത്തോലിക്കരും ചേർന്നുള്ള) സംഘങ്ങളിൽ നിന്ന് കത്തോലിക്കർ മാറേണ്ട ഘട്ടം ഇന്നല്ലെങ്കിൽ നാളെ ഉണ്ടാകുമെന്നുള്ളത് ഏറ്റവും സംഭവ്യമാണ്. അങ്ങനെ വരുമ്പോൾ ആ സംഘങ്ങളുടെ പ്രശസ്തിക്കായി കത്തോലിക്കർ ചെയ്തിട്ടുള്ള ശ്രമവും അവയുടെ പോഷണത്തിനായി അവർ ചെയ്തിട്ടുള്ള ചെലവുകളും അവർക്ക് നിഷ്ഫലമായിത്തീരുമെന്നു മാത്രമല്ല ഇവ അവർക്കെതിരെ ശക്തികളായി നില്ക്കുകയും ചെയ്യും. എന്തു നഷ്ടം വന്നാലും ഏതെല്ലാം പീഡകൾ സഹിക്കേണ്ടി വന്നാലും വിശ്വാസം രക്ഷിക്കപ്പെടണമെന്നുള്ളത് കത്തോലിക്കാസഭയുടെ ഒരു ദൃഢവ്രതമാണ്. ഇങ്ങനെയിരിക്കെ വിശ്വാസവിപര്യയത്തിലേക്ക് പ്രവേശിപ്പിക്കുന്നതായി കാണപ്പെടുന്ന സംഘങ്ങളിൽ നിന്ന് കത്തോലിക്കർ പിൻമാറുകയും ചിലപ്പോൾ അവയെ ശക്തിപൂർവ്വം പ്രതിഷേധിക്കുകയും ചെയ്യേണ്ടതായി വന്നേക്കാം.

ഇങ്ങനെ പിൻമാറിക്കൊണ്ടിരിക്കുന്ന കത്തോലിക്കർക്കുണ്ടായേക്കാവുന്ന നഷ്ടത്തിന് കോട്ടയത്തുള്ള മാർ ദിവന്നാസ്യോസ് സ്ഥാപനം

ഒരു നല്ല ഉദാഹരണമാണ്. ഇപ്പോഴത്തെ വട്ടിപ്പണക്കേസിനിടയിൽ കത്തോലിക്കാസഭയിലേക്കുള്ള പ്രത്യാവർത്തനശ്രമം യാക്കോബായസഭയിൽ പ്രത്യക്ഷമായിരിക്കുന്നതുപോലെ പഴയ സെമിനാരി ക്കേസ് സന്നിഗ്ധാവസ്ഥയിൽ കിടക്കുമ്പോൾ ഒരു പ്രത്യാവർത്തനശ്ര മമുണ്ടായിരുന്നു. യാക്കോബായക്കാരുടെ ആ അനുഭവത്തെ ആസ്പ ദമാക്കിക്കൊണ്ട് ജാതിശ്രേയസ്സിൽ സദാ ഉൽസുകനായിരുന്ന നിധിയി രിക്കൽ മാണിയച്ചനും മാർ ദിവന്നാസ്യോസ് മുതലായ യാക്കോബാ യക്കാരും കൂടെ പഴയ കൂറ്റുകാർക്കും (പഴയകൂറ്റുകാരാകാൻ സന്നദ്ധ രെന്നു വിചാരിക്കപ്പെട്ടിരുന്ന) പുത്തൻകൂറ്റുകാർക്കും കൂടെ ഒരു പൊതു സ്ഥാപനമായിട്ടാണ് ഇപ്പോൾ മനോരമയും എം.ഡി.സ്കൂളും ഇരിക്കുന്ന സ്ഥലം വാങ്ങിക്കുകയും മറ്റും ചെയ്തത്. അന്ന് പഴയ കൂറ്റുകാർ വരാ പ്പുഴ മെത്രാപ്പോലീത്തായുടെ ഭരണത്തിലായിരുന്നു. പുത്തൻകൂറ്റുകാർ കത്തോലിക്കരാകുവാൻ കാരണമായിത്തീരുമായിരുന്ന ഈ പ്രസ്ഥാ നത്തെ വരാപ്പുഴ മെത്രാപ്പോലീത്ത അനുകൂലിച്ചിരുന്നു. ഈ ആനു കൂല്യം കൊണ്ട് പല കത്തോലിക്കാപള്ളികളും ഈ പ്രസ്ഥാനത്തിന് ധനസഹായം ചെയ്യുകയുണ്ടായി. ഈ വിവരം റോമയിലറിഞ്ഞപ്പോൾ കത്തോലിക്കരും അകത്തോലിക്കരും കൂടെയുള്ള ഈ വിധമായ ഒരു പ്രസ്ഥാനം അവസാനത്തിൽ കത്തോലിക്കർക്ക് ദോഷകരമായിരിക്കു വാനേ ഇടയുള്ളുവെന്ന് അവിടുത്തെ അധികാരികൾ വരാപ്പുഴ മെത്രാ പ്പോലീത്തായെ അറിയിച്ചു. മെത്രാപ്പോലീത്താ ഇതിൽ ആദ്യം അനു കൂലിച്ചതിൽ നിന്നും ആ കാലത്ത് മിശ്രപ്രസ്ഥാനങ്ങളെ വിരോധിക്കു ന്നതായ യാതൊരു നിയമവും റോമാസിംഹാസനം പ്രകടമായി പ്രഖ്യാ പനം ചെയ്തിട്ടില്ലായിരുന്നുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഇതെ ങ്ങിനെയുമാകട്ടെ, റോമായിൽ നിന്നുള്ള പ്രതികൂലാഭിപ്രായം കിട്ടിയ തിനുശേഷം ഈ പ്രസ്ഥാനത്തെക്കുറിച്ചുള്ള അനുഭാവം കത്തോലി ക്കരുടെ ഇടയിൽ കവോഷ്ണമായിത്തീർന്നു എന്നാൽ മാണിയച്ചന്റെ ഹൃദയത്തിൽ അത് അത്യുഷ്ണം തന്നെയായിരുന്നു. ജാത്യാഭിമാനം അദ്ദഹത്തിന്റെ പ്രവൃത്തികളുടെ പ്രേരകങ്ങളിൽ ഒന്നാമത്തേതായി രുന്നു. ഇങ്ങനെയിരിക്കയിലാണ് പഴയകൂറ്റുകാരുടെ ഭരണാധികാ രിയായി ലവീഞ്ഞുമെത്രാൻ വന്നത്. മാണിയച്ചൻെറ പ്രതീക്ഷ യാക്കോ ബായക്കാർ ഈ പ്രസ്ഥാനം വഴി കത്തോലിക്കരാകുകയും തന്മൂലം സുറിയാനി സമൂഹം ഒന്നായിത്തീരുകയും ചെയ്യുമെന്നായിരുന്നു. അദ്ദേ ഹത്തിന്റെ ഈ പ്രതീക്ഷയിൽ ലവീഞ്ഞുമെത്രാൻ അനുഭാവിയായിത്തീ ർന്നു. മാണിയച്ചന്റെ അഭീഷ്ടപ്രകാരം അദ്ദേഹം കോട്ടയത്ത് മാണിതോ

മസിന്റെ ബംഗ്ലാവിലും അദ്ദേഹത്തിന്റെ ആലോചനക്കാരും സെക്രട്ടറിയും പൊതുസ്ഥാപനമായ മനോരമക്കെട്ടിടത്തിലും താമസമുറപ്പിച്ചു.

ഇങ്ങനെ താമസിച്ചുകൊണ്ട് കത്തോലിക്കർക്കും യാക്കോബായക്കാർക്കും പൊതുവായിട്ട് ഒരു ഹൈസ്കൂളും സെമിനാരിയും സ്ഥാപിക്കണമെന്നായിരുന്നു ഉദ്ദേശം. ഇക്കാലത്ത് പഴയ സെമിനാരിക്കേസ് യാക്കോബായക്കാർക്കു ഗുണമായിട്ട് അവസാനിച്ചിരുന്നു. കത്തോലിക്കരുമായുള്ള മൈത്രി കൂടിയേ കഴിയൂ എന്നില്ല എന്ന മനോവൃത്തിയും യാക്കോബായക്കാരിൽ ഉണ്ടായിത്തുടങ്ങി. ഇങ്ങനെയുള്ള ഒരു ഘട്ടത്തിലാണ് പൊതുവിദ്യാഭ്യാസസ്ഥാപനത്തിന് ലവീഞ്ഞു മെത്രാൻ ഉദ്യമിച്ചത്. വിശ്വാസത്തെ രൂപീകരിക്കയും ദൃഢീകരിക്കയും ചെയ്യേണ്ട ഹൈസ്കൂളിലും സെമിനാരിയിലും നിയമിക്കപ്പെടേണ്ട അദ്ധ്യാപകന്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം തന്റേതായിരിക്കണമെന്ന് ലവീഞ്ഞു മെത്രാൻ ആവശ്യപ്പെട്ടു. പഴയ സെമിനാരിക്കേസിൽ വിജയം സിദ്ധിച്ചതുകൊണ്ട് കത്തോലിക്കാസഭയിലേക്ക് പ്രത്യാവർത്തിക്കണമെന്നുള്ള ചിന്തയെ ഉപേക്ഷിച്ചിരുന്ന യാക്കോബായനേതാക്കന്മാർ ഇതിന് സമ്മതിക്കയില്ലെന്നായി. പൊതുസ്ഥാപനത്തിലെ നിയമനങ്ങൾ രണ്ടുകൂട്ടരും കൂടെ നടത്തണമെന്ന് അവർ വാദിച്ചു. നിയമദൃഷ്ട്യാ ഈ വാദം ശരിയാണ്. എന്നാൽ വിശ്വാസത്തെ ഭംഗം കൂടാതെ രക്ഷിക്കേണ്ട ചുമതലയുള്ള ഒരു കത്തോലിക്കാമെത്രാന്റെ അവസ്ഥ എന്താണെന്നു നോക്കുക. യാക്കോബായക്കാർ ലൗകികനിയമപ്രകാരം തങ്ങൾക്കുള്ള അവകാശമുപയോഗിച്ച് പാഷണ്ഡവിശ്വാസം ഉപദേശിക്കുന്ന അദ്ധ്യാപകരെ നിയമിച്ച് കത്തോലിക്കായുവാക്കന്മാരുടെ വിശ്വാസത്തെ ദുഷിപ്പിക്കുന്നത് കണ്ടു കൊണ്ട് അദ്ദേഹം സ്വസ്ഥനായിരിക്കണമെന്നോ?

"സ്ഥാതുംനിയോക്തുർ നഹിശക്യമഗ്രേ
വിനാശ്യരക്ഷ്യം സ്വയമക്ഷതേന"*

എന്ന് ലവിഞ്ഞു മെത്രാനും നിലവിളിച്ചുകാണണം. കത്തോലിക്കാ സഭയിലേക്കുള്ള പ്രത്യാവർത്തനത്തെ സഹായിക്കുന്നതിനുള്ള

*രഘുവംശം 2-ാം സംസർഗ്ഗം 56-ാം ശ്ലോകമാണ് ഇത്. "രക്ഷിക്കേണ്ട വസ്തുവിനെ നശിപ്പിച്ചുകളഞ്ഞിട്ട് തനിക്ക് യാതൊരു അപകടവും സംഭവിക്കാതെ വസ്തുവിനെ ഏല്പിച്ച ആളിന്റെ സമീപം ചെന്നു നില്ക്കുവാൻ ഒരുവനു വിഷമമാണല്ലോ" എന്നാണ് ഈ ശ്ലോകത്തിന്റെ അർത്ഥം. (ഗ്രന്ഥകർത്താ)

പൊതുസ്ഥാപനത്തിൽ കത്തോലിക്കാവിശ്വാസം വേണമല്ലോ ഉപദേശിക്കാൻ എന്ന് കത്തോലിക്കർ വാദിച്ചു. ഞങ്ങൾ അങ്ങനെ സമ്മതിച്ചിട്ടുള്ളതായി രേഖ കാണിക്കാമോ എന്നായി യാക്കോബായക്കാർ. രണ്ടു കൂട്ടരും പറഞ്ഞതു ശരി . പക്ഷേ, കാര്യം മുമ്പോട്ടു പോകുകയില്ലെന്നായി.

ഈ വാദമുണ്ടാകുമ്പോൾ മനോരമപ്പറമ്പും കെട്ടിടവും കത്തോലിക്കക്കാരുടെ കൈവശമിരിക്കയാണ്. നിയമത്തിൽ ഒൻപതു പോയന്റും കൈവശമാണെന്നുണ്ടല്ലോ. യാക്കോബായക്കാർ വസ്തു കൈവശപ്പെടുത്തുന്നതിനുള്ള ആലോചനയായി. കോട്ടയത്ത് കത്തോലിക്കർക്ക് വലിയ പിടിയൊന്നുമില്ലാതിരുന്ന അക്കാലത്ത് അവിടെ പ്രാധാന്യമുണ്ടായിരുന്ന യാക്കോബായക്കാർക്ക് അത് അശക്യമല്ലല്ലോ. എങ്കിലും അവർ ഒരു എളുപ്പവഴിയാണ് നോക്കിയത്. പൊതുസ്ഥാപനമായ മനോരമക്കെട്ടിടത്തിൽ കത്തോലിക്കാവൈദികന്മാർക്കും താമസിക്കാവുന്നതാണല്ലോ. അതുശരി. യാക്കോബായ വൈദികന്മാർ വിവാഹം കഴിച്ചിട്ടുള്ളവരാണ്; ഭാര്യമാർ ഭർത്താക്കന്മാരുടെ കൂടെ താമസിക്കണമെന്ന് പൌലൂസ്ശ്ലീഹാ തന്നെ ഉപദേശിച്ചിട്ടുള്ളതുമാണ്. ഇതും ശരി ആയതുകൊണ്ട് കത്തോലിക്കാ വൈദികന്മാരുടെ കൂടെ താമസിക്കാൻ വരുന്ന യാക്കോബായ വൈദികന്റെ കൂടെ തന്റെ ഭാര്യയുമുണ്ടായിരിക്കും.ഇതുമെല്ലാം ശരി തന്നെ. എന്നാൽ സന്യാസിവ്രതം സ്വീകരിച്ചിരിക്കുന്ന കത്തോലിക്കാ വൈദികൻമാർക്ക് ഒരു സ്ത്രീയുടെ കൂടെ -യാക്കോബായ വൈദികന്റെ ഭാര്യയായിരുന്നാലും - താമസിക്കാൻ പാടില്ല എന്നുള്ളതും ശരിയാണ്. ഈ "ശരികൾ" എല്ലാംകൂടെ ചേർന്ന് ഒരു വലിയ തെറ്റായിത്തീർന്നു.

ഒരു ദിവസം രാവിലെ യാക്കോബായക്കാർ ഈ വിധത്തിൽ കൈവശമുറപ്പിക്കാൻ തുടങ്ങന്നുവെന്ന് തലേദിവസം രാത്രിയിൽ ലെവീഞ്ഞുമെത്രാന് അറിവുകിട്ടി. മനോരമക്കെട്ടിടത്തിൽ താമസിച്ചിരുന്ന കത്തോലിക്കാ െ വൈദികന്മാർ ആ രാത്രിയിൽതന്നെ തങ്ങളുടെ സകല സാമാനങ്ങളും കൊണ്ട് ഇടയ്ക്കാട്ടു പള്ളിമേടയിലേക്കു പൊയ്ക്കൊള്ളണമെന്ന് അദ്ദേഹം ആജ്ഞാപിച്ചു. യാക്കോബായക്കാരും കത്തോലിക്കരും കൂടിയുള്ള ഈ പൊതുപ്രവർത്തനം ഇങ്ങനെ അവസാനിക്കയും ചെയ്തു. ഈ സംഗതികൾ അന്നു ലെവീഞ്ഞു മെത്രാന്റെ സെക്രട്ടറിയായിരുന്ന മനോരമക്കെട്ടിടത്തിൽ നിന്ന് പാതിരായ്ക്ക് പലായനം ചെയ്ത മാർ ളൂയിസുമെത്രാനിൽ നിന്നും ഞാൻ ഗ്രഹിച്ചിട്ടുള്ള

താണ്. (സാക്ഷാൽ പേരു നിശ്ചയമില്ലാത്തതുകൊണ്ടും ഇപ്പോൾ മനോരമ കമ്പനിയുടെ കൈവശം ഇരിക്കുന്നതു കൊണ്ടും " മനോരമക്കെട്ടിട" മെന്നു ഞാൻ പറയുന്നതിൽ നിന്നും "മലയാള മനോരമയ്ക്ക്" ഈ സംഗതികളിൽ എന്തെങ്കിലും പങ്കുണ്ടായിരുന്നുവെന്ന് വായനക്കാർ ധരിച്ചു പോകരുത്).

തന്റെ ജീവിതത്തിന്റെ പരമോദ്ദേശങ്ങളിൽ ഒന്നായിരുന്ന ഈ പ്രസ്ഥാനം ഇങ്ങനെ പര്യവസാനിച്ചതിൽ മാണിയച്ചന് വലിയ കുണ്ഠിതമുണ്ടായിരിക്കണം. പൊതുസ്ഥാപനത്തിൽ കത്തോലിക്കർക്കുള്ള അവകാശത്തിന് നമ്പരു കൊടുക്കണമെന്ന് അദ്ദേഹത്തിനു താൽപ്പര്യമുണ്ടായിരുന്നു. എന്നാൽ ആ അവകാശം അതിനുവേണ്ടി ചെലവു ചെയ്യുന്ന സമയത്തിന്റെ വിലയില്ലാത്തതാണെന്നും അത് നമ്മുടെ സഹോദരന്മാരായ യാക്കോബായർക്കുതന്നെ ഇരുന്നുകൊള്ളട്ടെ എന്നും പറഞ്ഞ് മാണിയച്ചനെ ലെവീഞ്ഞു മെത്രാൻ നിരോധിച്ചുവെന്നും മാർ ളൂയീസുമെത്രാൻ എന്നോടു പറഞ്ഞിട്ടുണ്ട്.

കത്തോലിക്കരും അകത്തോലിക്കരും സംഘടിതമായി പ്രവർത്തിക്കുന്നതിന് ഈ നാട്ടിൽ ചെയ്ത ഒരു ശ്രമത്തിന്റെ ഫലം ഇങ്ങനെയായിരുന്നു. ഇതു തന്നെ ഇന്നാട്ടിലെ കത്തോലിക്കർക്ക് ഒരു നല്ല പാഠമായിരിക്കുന്നു. ഏകദേശം രണ്ടായിരം വർഷത്തെ പരിചയത്തോടുകൂടെ ഭൂലോകത്തെ മുഴുവൻ വീക്ഷിച്ചുകൊണ്ടിരിക്കുന്ന കത്തോലിക്കാസഭ മറ്റ് അനവധി പാഠങ്ങളേയും മനസ്സിൽ വെച്ചുകൊണ്ടായിരിക്കണമല്ലോ നിയമങ്ങളെ രൂപീകരിക്കുന്നത്.

(ദാസൻ പത്രം 1933 ജനുവരി 7.പുറം 5
"ഒരു പേരിന്റെ ന്യൂനത" ശ്രീ.ഐ.സി.ചാക്കോ.)

ഒരു അമേരിക്കൻകത്തോലിക്കനായ മിസ്റ്റർ ഡാറായോടു എഴുതി വാങ്ങിയ തീറാധാരത്തിലെ വാചകരീതി ചരിത്രപഠിതാക്കൾക്ക് രസകരമായിരിക്കുമെന്നു കരുതി ഇവിടെ ചേർത്തുകൊള്ളുന്നു: "1064-ാമാണ്ടു തുലാമാസം 24-ാം തീയതി പഴയ കൂറ്റുകാരും പുത്തൻകൂറ്റുകാരുമായ സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ നസ്രാണി ജാത്യൈക്യസംഘത്തിന്റെ സ്ഥാപകൻമാരായ കോട്ടയം മണ്ടവത്തും വാതുക്കൽ ഏറ്റുമാനൂർ പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ സുറിയാനി സെമിനാരിയിൽ താമസിക്കും പള്ളിഭരിപ്പ് ക്രിസ്തുമതം 56 വയസ്സായ മോസ്റ്റ് റവറന്റ് മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ

അവർകൾക്കും ഏറ്റുമാനൂർ മണ്ടവത്തുംവാതുക്കൽ ഏറ്റുമാനൂർ പ്രവൃത്തിയിൽ കുറവിലങ്ങാട്ടു കരയിൽ കുറവിലങ്ങാട്ടു പള്ളിയിൽ താമസിക്കും 47 വയസ്സായ റവറന്റ് ഫാദർ ഇമ്മാനുവെൽ അബ്രഹാം നിധിയിരി അവർകൾക്കും കൂടെ ആലപ്പുഴ കൊമേർഷ്യൽ ഏജന്റും ഇപ്പോൾ യൂറോപ്പിലേക്കു പോയിരിക്കുന്ന ആളും ആയ മിസ്റ്റർ ഹ്യൂക്രാഫോർട്ട് അവർകളുടെ മുക്ത്യാർ നാമാവുകാരനായ ആലപ്പുഴ മുറിയിൽ കടപ്രത്തു പുത്തൻബംഗ്ലാവിൽ താമസിക്കും അമേരിക്കൻ കച്ചവടം 62 വയസ്സായ മിസ്റ്റർ ജെയിംസ് ഡാറാ എഴുതിക്കൊടുത്ത തീറാധാരമാവിത്. ടി ക്രാഫോർട്ടു അവർകളുടെ വക താഴെ പട്ടികയിൽ പറയുന്ന വസ്തുക്കളും കെട്ടിടങ്ങളും അതിലുള്ള ഈടുമാടുകൾ വൃക്ഷങ്ങൾ മുതലായ സകലവും കൂടി 3541 ബ്രിട്ടീഷ് രൂപാ 4 പൈസക്കു ടി ജാത്യൈക്യസംഘക്കാരുവകയ്ക്കായി ടി മോസ്റ്റ് റവറന്റ് മാർ ഡയനീഷ്യസ് മെത്രാപ്പോലീത്ത അവർകൾക്കും ടി റവറന്റ് ഫാദർ ഇമ്മാനുവെൽ അബ്രഹാം നിധിയിരി അവർകൾക്കും കൂടി ടി ഹ്യൂക്രാഫോർട്ട് അവർകളുടെ മുക്ത്യാർ അധികാരപ്രകാരം 1886 മാർച്ച് 24-ാം തീയതി ഞാൻ തീറുവായി വസ്തുക്കൾ ഒഴിഞ്ഞുതന്നു. ആ വകയ്ക്കു അർത്ഥം പറ്റു വിവരം 1886 മാർച്ച് 24-ാംനു തന്ന രൂപാ 500-നവംബർ 4-ാം തീയതി തന്ന രൂപാ 557-, ടി ഡിസംബർ 16-ാം തീതയി തന്ന രൂപാ 340-, 1887 മാർച്ച് 2-ാം തീയതി തന്ന രൂപാ 2144 പൈ 4-൦, ആകെ വരവു രൂപാ 3541പൈ 4. ടി രൂപാ 3541 പൈ 4-൦ പറ്റിക്കൊണ്ടു ടി വസ്തുക്കൾ മേൽപ്രകാരം തീറുതന്നു കൈവശപ്പെടുത്തിത്തന്നിരിക്കക്കൊണ്ടു ടി വസ്തുക്കൾ പേരിൽകൂട്ടി കരം തീർത്തു തീറുവാകെ അനുഭവിച്ചുതള്ളുന്നതിനു സമ്മതിച്ചിരിക്കുന്നു.''

(നിധിയരിക്കൽ മാണിക്കത്തനാർ ജീവചരിത്രം പുറം 204)

എം ഏ. ഡിഗ്രി സമ്പാദിച്ച് സ്വദേശത്തു മടങ്ങി എത്തിയ ശെമ്മാശനെ എം.ഡി.സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പാളായി നിയമിക്കണമെന്ന് പുലിക്കോട്ടു മാർ ദിവന്നാസ്യോസും വട്ടശ്ശേരിൽ മല്പാനച്ചനും കൂടെ നിശ്ചയിച്ചിരുന്നുവെന്ന് മുകളിൽ പ്രസ്താവിച്ചുവല്ലോ. അതിന്റെ പ്രാരംഭമെന്നോണം ഒരു മാസത്തേക്കുള്ള ഒഴിവിൽ ഹെഡ്മാസ്റ്ററായി ശെമ്മാശൻ നിയമിതനായി. ഇതെപ്പറ്റി യാക്കോബായ സഭവകയായി അന്ന് പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ''സുറിയാനി സുവിശേഷകൻ'' മാസികയിൽ എഴുതിയിരുന്ന ഒരു വാർത്താശകലം ചുവടെ ചേർക്കുന്നു.-

“മാർ ദിവന്നാസ്യോസു സിമ്മനാരി ഹെഡ്മാസ്റ്റർ കെ.സി.മാമ്മൻ മാപ്പിള ബി.എ. അവർകൾ ചികിത്സക്കായി തിരുവനന്തപുരത്തു പോയിരുന്നതിനാൽ പകരം നമ്മുടെ ഗീവറുഗീസ് ശെമ്മാശൻ എം.ഏ അവർകൾ ഒരു മാസത്തോളം ജോലി നോക്കിയതിന്റെ ശേഷം ഈ മാസം 15-ാം തീയതി പരുമലയ്ക്ക് തിരികെ മടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ അദ്ധ്യാപനമാതൃകയും കുട്ടികളോടുള്ള പെരുമാറ്റത്തിന്റെ രീതിയും വളരെ തൃപ്തികരമായിട്ടാണ് പരക്കെയുള്ള സംസാരം. ഇപ്രകാരം അദ്ദേഹത്തെപ്പറ്റി സകല സംഗതികൾക്കും പൊതുജനാഭിപ്രായം ഉണ്ടാകാൻ ആഗ്രഹിക്കുന്നു”

മിസ്റ്റർ കെ.സി.മാമ്മൻമാപ്പിള ഹെഡ്മാസ്റ്ററായി ജോലിനോക്കിക്കൊണ്ടിരുന്ന അവസരത്തിലായിരുന്നു ഗീവറുഗീസ് ശെമ്മാശൻ പ്രസ്തുത ഹൈസ്കൂളിന്റെ പ്രിൻസിപ്പാളായി നിയമിതനായത്. ഇതെപ്പറ്റി മലയാളമനോരമ ആഴ്ചപ്പതിപ്പിൽ “എന്റെ അദ്ധ്യാപക ജീവിതത്തിന്റെ ശോകാത്മകമായ പര്യവസാനം” എന്ന തലക്കെട്ടിൽ മിസ്റ്റർ മാമ്മൻ മാപ്പിള തന്റെ ജീവിതസ്മരണകൾ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതിൽ നിന്നും ഒരു ഭാഗം ചുവടെ ചേർത്തുകൊള്ളുന്നു.

“സ്കൂളിന്റെ മാനേജർ സ്ഥാനവും ഓണററി പ്രിൻസിപ്പാൾ എന്ന സ്ഥാനവും വട്ടശ്ശേരിൽ മല്പാനച്ചൻ വഹിച്ചിരുന്നുവെങ്കിലും സ്കൂൾ സംബന്ധിച്ച പൊതുചടങ്ങുകളിലും മറ്റു പൊതുകാര്യങ്ങളിലും രംഗവാസികളുടെ ദൃഷ്ടിയിൽ ശോഭിക്കുന്ന ഒരു നടനെപ്പോലെയുള്ള പ്രാധാന്യം എന്റെ വ്യക്തിത്വത്തോടനുബന്ധിച്ച് സ്ഥിതി ചെയ്തിരുന്നു. അത് ചിലരുടെ ഇടയിൽ അസൂയയും അസഹിഷ്ണുതയും ഉല്പാദിപ്പിച്ചിരുന്നെങ്കിൽതന്നെ സ്വാഭാവികമെന്നു വിചാരിക്കാനേയുള്ളു. ആദ്യം കുറെക്കാലതത്തേയ്ക്ക് എനിക്ക് അദ്ധ്യാപകവൃത്തിയിൽ കുറെ ഉൽസാഹവും തീഷ്ണതയും തോന്നിയിരുന്നു. അങ്ങനെ കുറെക്കാലം മുമ്പോട്ടു പോയപ്പോൾ അദ്ധ്യാപകവൃത്തിയുടെ സ്വതസിദ്ധമായ പരിമിതികൾകൊണ്ടും സാഹചര്യപരമായ മറ്റു പല കാരണങ്ങൾ കൊണ്ടും എന്റെ ഉൽസാഹം തണുത്തു മന്ദീഭവിച്ച് എനിക്ക് അദ്ധ്യാപകവൃത്തിയിൽ തികച്ചും വിരക്തി തോന്നിത്തുടങ്ങി. മല്പാനച്ചനാണെങ്കിൽ ഞാൻ ഹെഡ്ഡാമാസ്റ്ററായിരിക്കുന്നത് ഉള്ളിലത്ര സുഖിച്ചില്ലെന്ന് എനിക്ക് പല വിധത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു.

ഒരു പക്ഷേ എന്നേക്കാൾ ഒതുങ്ങിക്കഴിഞ്ഞുപോകുന്ന ഒരാൾ

ഹെഡ്മാസ്റ്ററായിരുന്നുവെങ്കിൽ മല്പാനച്ചന്റെ കാരുണ്യത്തണലിലും വിധേയത്വത്തിലും കഴിഞ്ഞുകൂടിക്കൊള്ളുമെന്ന് മല്പാനച്ചനും തോന്നി യിരിക്കാം.

അങ്ങനെ സ്ഥിതിഗതികൾ അത്ര ഹിതകരമല്ലാത്ത ഒരു സന്ധി യിലേക്ക് മന്ദം മന്ദം ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുന്ന വേളയിലാണ് മാവേലിക്കര സ്വദേശിയായ പി.റ്റി.ഗീവറുഗീസ് ശെമ്മാശൻ എന്നൊരു വിദ്യാർത്ഥി എം.ഡി. ഹൈസ്കൂളിൽ നാലാം ഫാറത്തിൽ പഠിക്കാൻ വന്നു ചേർന്നത്. ഈ ശെമ്മാശൻ സ്വതേ സമർത്ഥനും ബുദ്ധിമാനു മായിരുന്നതിനാൽ മല്പാനച്ചന്റെ സവിശേഷമായ വാത്സല്യത്തിനു പാത്രീഭവിച്ചു. മല്പാനച്ചൻ ഈ ശെമ്മാശന്റെ പഠിത്തക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും അതു പോലെ തന്നെ ശെമ്മാശനും മല്പാ നച്ചനോട് എന്തെന്നില്ലാത്ത ഭക്ത്യാദരങ്ങൾ ഉളവാകുകയും ചെയ്തു. ഇരുവരും തമ്മിൽ പിതൃപുത്ര നിർവ്വിശേഷമായ ഒരു ഹൃദയബന്ധം വളർന്നുവന്നു. ഭാവിയിൽ സഭാസേവനത്തിനായി മല്പാനച്ചന്റെ മനസ്സി നിണങ്ങിയ ഏറ്റവും യോഗ്യനായ ഒരു ചെറുപ്പക്കാരനെ കണ്ടുകിട്ടി യാലെന്നതു പോലെ ശെമ്മാശന്റെ സർവ്വവിദ്യാഭ്യാസച്ചെലവുകളും സമുദായച്ചെലവിൽ മല്പാനച്ചൻ സൗജന്യമായി നിർവ്വഹിച്ചു. ശെമ്മാ ശൻ മെട്രിക്കുലേഷൻ ക്ലാസ്സുവരെ സമുദായച്ചെലവിൽ എം.ഡി.യിൽ പഠിച്ചു. അവിടെ നിന്നും മെട്രിക്കുലേഷൻ പരീക്ഷ പാസ്സായശേഷം മല്പാനച്ചൻ ശെമ്മാശനെ കോട്ടയം സി.എം.എസ്.കോളേജിലയച്ചു പഠിപ്പിച്ചു. അവിടെ നിന്നും എഫ്. ഏ പരീക്ഷ ജയിച്ച ശേഷം ഉൽകൃ ഷ്ടവിദ്യാഭ്യാസത്തിനായി മദ്രാസ് ക്രിസ്ത്യൻ കോളേജിൽ അയച്ചു. അവിടെ നിന്നും ബി.ഏ പാസ്സായി.എം.ഏ യും പാസ്സായി മടങ്ങിവന്നു. അപ്പോഴേക്കും എം.ഡി.ഹൈസ്കൂളിൽ ഔദ്യോഗികസ്ഥാനത്തുള്ള എന്റെ തലയ്ക്കു മീതെ പ്രതിഷ്ഠിക്കുവാൻ മല്പാനച്ചൻ അണിയറ യിൽ വേഷം കെട്ടിച്ചു തയ്യാറാക്കിക്കൊണ്ടു വന്ന ആളാണ് പി.റ്റി.ഗീവ റുഗീസ് ശെമ്മാശൻ എന്ന വസ്തുത ഇതിനകം സ്പഷ്ടമായി കഴി ഞ്ഞിരുന്നു. ഞാൻ എപ്പോഴാണ് ഹെഡ്മാസ്റ്റർ സ്ഥാനത്തു നിന്നും മാറു ന്നതെന്നോ അഥവാ, എപ്പോഴാണ് എന്നെ മാറ്റേണ്ടതെന്നോ ഉള്ള പ്രശ്നം മാത്രമേ പിന്നെ ശേഷിച്ചിരുന്നുള്ളൂ. മല്പാനച്ചന്റെ സാമ്പത്തി കമായ സൗജന്യസഹായങ്ങൾ കൊണ്ടു എം.ഏ ബിരുദധാരിയായി ത്തീർന്ന ശെമ്മാശനെ സമുദായസേവനത്തിൽ ഒരു പ്രധാനസ്ഥാനത്തു പ്രതിഷ്ഠിക്കാനുള്ള അഭിനിവേശം മല്പാനച്ചനിൽ കൊടുമ്പിരിക്കൊ ണ്ടു. ഒരു സന്ദർഭത്തിൽ ഞങ്ങൾ തമ്മിലുണ്ടായ സംഭാഷണത്തിൽ

മല്പാനച്ചൻ ഈ ആശയം പ്രകാരാന്തരേണ വ്യക്തമാക്കുകയും ചെയ്തു.

"കണ്ടത്തിൽകാർക്ക് പണിക്കരു ശെമ്മാശനോട് (അങ്ങനെയാണു പണിക്കരുവീട്ടിൽ കുടുംബാംഗമായ ഗീവറുഗീസ് ശെമ്മാശനെ പറഞ്ഞു വന്നത്) വഴക്കാണോ?"

മല്പാനച്ചന്റെ മനോരഥമാകുന്ന പൂച്ച ചാക്കിൽ നിന്നും വെളിയിലേക്കു ചാടാൻ തലകാണിച്ചുകൊണ്ടുള്ള ഒരു ചോദ്യമായിരുന്നു അത്. അതിന്റെ വ്യംഗ്യം എനിക്കു ശരിക്കു മനസ്സിലാകുകയും ചെയ്തു. "മാമ്മൻ മാപ്പിള" എന്ന ഏകവചനനാമോച്ചാരണത്തിന്റെ മൂർച്ച കുറയ്ക്കാൻ വേണ്ടി "കണ്ടത്തിൽകാര്" എന്ന ബഹുവചനസർവ്വനാമം നയജ്ഞനായ മല്പാനച്ചൻ ഉപയോഗിച്ചതാണെന്നുള്ള പശ്ചാത്തലവിവക്ഷിതവും ഉടനടി ഞാൻ മനസ്സിലാക്കാതെയിരുന്നില്ല ഈ അക്കക്കെട്ടിനുള്ളിൽത്തന്നെ നിറുത്തിക്കൊണ്ട് മല്പാനച്ചന്റെ ഉള്ളിൽ കിടന്ന ആശയത്തെ കുറേക്കൂടി നഗ്നമായും വ്യക്തമായും വെളിയിൽ വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാനൊരു ക്രാസുവിസ്താരമട്ടിൽ "കണ്ടത്തിൽ കുടുംബത്തിലെ ഇന്നാർക്കുമിന്നാർക്കും ശെമ്മാശനോടു വഴക്കുണ്ടോ? എന്ന് കണ്ടത്തിൽ കുടുംബത്തിലെ പ്രധാന അംഗങ്ങളായ ഓരോരുത്തരുടേയും പേരു പറഞ്ഞുകൊണ്ട് മല്പാനച്ചനോട് അങ്ങോട്ടു ചോദിച്ചു. "ഇല്ല, ഇല്ല" എന്ന് മല്പാനച്ചനിൽ നിന്ന് തുടർച്ചയായ മറുപടി വാങ്ങി. "അപ്പോൾ പിന്നെ കണ്ടത്തിൽ കുടുംബക്കാർക്ക് ശെമ്മാശനോട് വഴക്കാണോ എന്ന് മല്പാനച്ചൻ എന്നോടു ചോദിച്ചതിന്റെ അർത്ഥമെന്താണെ"ന്ന് ഞാൻ ചോദിച്ചു, അദ്ദേഹം അള മുട്ടിയ മട്ടിൽ "എന്നാൽ മാമ്മൻമാപ്പിളയ്ക്കു വഴക്കാണോ" എന്ന ക്ലിപ്തപ്രശ്നത്തിൽ വന്നുനിന്നു.

മല്പാനച്ചന്റെ നയതന്ത്രപരമെങ്കിലും സുനിശ്ചിതവും നിർദ്ദാക്ഷണ്യവുമായ ഈ ചതുരംഗപ്പോര് എനിക്ക് അന്നത്തെ പരിതസ്ഥിതിയിൽ എത്രമാത്രം അനഭിമാനകരവും മനഃപീഢാകരവുമായിരുന്നുവെന്ന് വിചാരിക്കാവതല്ല. ശുഭപ്രതീക്ഷകൾ നിറഞ്ഞ ഒരു യുവജീവിതനൗകയുടെ അകത്ത് സാമാന്യം ഗണ്യമായ ഒരു കുടുംബസന്ധാരണത്തിന്റെ ഉത്തരവാദിത്വഭാരവും വഹിച്ചുകൊണ്ടു നിന്ന എന്നെ പെട്ടന്ന് ഒറ്റയടിക്ക് വെള്ളത്തിലേക്ക് തള്ളി മറിച്ചിടുന്ന ഒരു ദൂരദൃഷ്ടപ്രതീതിയാണ് എനിക്ക് അനുഭവപ്പെട്ടത്. ജീവിതയാത്രാരംഭത്തിന്റെ ആ ഇടവഴിയിൽ വച്ച് ഞാൻ എങ്ങോട്ടുപോകേണ്ടു? എന്തു ചെയ്യേണ്ടു? എന്ന് പെട്ടന്ന്

എനിക്ക് ഒരു രൂപവും കിട്ടിയില്ല. നിന്നനിൽപ്പിൽ കൊല്യാൻപോലെ വന്നു മുഖത്തടിച്ച അഭിമാനലഹരി മറ്റൊരു വശം. ആകെപ്പാടെ ഞാൻ അത്യധികം പരുങ്ങലിലായി. നാലുപേരെ അറിയിക്കാതെ ഈ മാന ക്കേട് മായ്ക്കാനെന്താണു മാർഗ്ഗം! ഗീവർഗ്ഗീസ് ശെമ്മാശനെ വേണ മെങ്കിൽ തിരുവല്ലാ എം.ജി.എം ഹൈസ്കൂളിൽ പ്രിൻസിപ്പാളായി നിയ മിക്കാമല്ലോ എന്ന് ഞാൻ ഒരഭിപ്രായനിർദ്ദേശം പുറപ്പെടുവിച്ചു. അല്ല, ശെമ്മാശനെ എം.ഡി.ഹൈസ്കൂളിൽ പ്രതിഷ്ഠിക്കണമെന്നു നിർബ ന്ധമുള്ള പക്ഷം എന്നെ തൽക്കാലത്തേക്ക് സമുദായക്കമ്മറ്റി സെക്ര ട്ടറിയായോ മറ്റോ നിയമിച്ചാൽ കൊള്ളാമെന്നും ഞാൻ അഭ്യർത്ഥ നാരൂപേണ അഭിപ്രായപ്പെട്ടു. എന്റെ ഈ ധർമ്മസങ്കടത്തിൽ ഞാൻ പുലിക്കോട്ടു മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായം തേടി. അദ്ദേഹം പ്രകൃത്യാ ഹൃദായാലുവും അന്യരുടെ സങ്കടങ്ങളിൽ ആർദ്ര ചിത്തനുമായിരുന്നു. പക്ഷെ, സ്വതന്ത്രമായ ഒരു വ്യക്തിത്വദാർഢ്യവും അഭിപ്രായനിഷ്ഠയും തിരുമനസ്സിലേക്കു പൊതുവേ കുറവായിരുന്നു. എന്റെ ഈ വിഷമാവസ്ഥയിൽ തിരുമേനി അനുകമ്പാധീനനായി. ഞാൻ പഴയസിമ്മനാരിയിൽ ചെന്ന് വിവരങ്ങളെല്ലാം തിരുമേനിയെ ധരിപ്പി ച്ചു. തിരുമേനി കാര്യങ്ങളെല്ലാം ശ്രദ്ധാപൂർവ്വം കേട്ടശേഷം "ശരി, ആലോചിച്ച് ഇതിനൊരു തീരുമാനമുണ്ടാക്കി നാളെ പറയാം" എന്ന് എന്നെ സമാശ്വസിപ്പിച്ചു. മല്പാനച്ചനോടു കൂടെ ചോദിക്കട്ടെ എന്നാ യിരുന്നു ആ മറുപടിയുടെ സാരം. മല്പാനച്ചനോടാലോചിക്കാതെയോ അഥവാ, മല്പാനച്ചന്റെ ഹിതത്തിനെതിരായോ എന്തെങ്കിലും പ്രവർത്തി ക്കത്തക്ക തന്റേടവും പുലിക്കോട്ടു തിരുമേനിക്കു കുറവായിരുന്നു. തിരു മേനിയുടെ തീരുമാനമറിയാൻ വേണ്ടി തിരുമേനി പറഞ്ഞിരുന്ന സമ യമൊപ്പിച്ച് പിറ്റേദിവസം കാലത്തു ഏകദേശം പത്തുമണിയോടുകൂടി ഞാൻ വീണ്ടും പഴയസെമ്മനാരിയിൽ ചെന്നപ്പോൾ മെത്രാപ്പോലീത്താ തിരുമേനി നേരത്തേ പരുമലയ്ക്കു പോയിക്കഴിഞ്ഞതായി അറിയാനി ടയായി. അപ്പോൾ എനിക്ക് അളവറ്റ ഇച്ഛാഭംഗമുണ്ടായി എന്ന് പറയേ ണ്ടതില്ലല്ലോ.

എന്റെ കാര്യത്തെപ്പറ്റി മെത്രാപ്പോലീത്താ തിരുമേനി വട്ടശ്ശേരിൽ മല്പാനച്ചനോട് ആലോചിച്ചതിൽ മല്പാനച്ചൻ കടുകിട അയവു കൂടാതെ സ്വാഭിപ്രായത്തിൽ തന്നെ അടിയുറച്ചു നിന്നതിനാൽ ആ അനിഷ്ട വാർത്ത നേരിട്ട് മുഖദാവിൽ എന്നെ അറിയിക്കുന്നതിനുള്ള വൈമനസ്യം ഹേതുവായി തിരുമേനി കല്പിച്ചുകൂട്ടി പരുമലയ്ക്കു പൊയ്ക്കളഞ്ഞതാണെന്നുള്ള പരമാർത്ഥം പിന്നീടൊരവസരത്തിൽ

ഞാൻ തിരുമേനിയെ കണ്ടപ്പോൾ തിരുമേനി എന്നോടു സമ്മതിച്ചു പറയുകയുണ്ടായി.

ഒടുവിൽ ഞാൻ ഭയപ്പെട്ടിരുന്നതു തന്നെ ഒരു ദിവസം സംഭവിച്ചു. ഫാദർ പി.റ്റി.ഗീവറുഗീസിനെ എം.ഡി.ഹൈസ്കൂൾ പ്രിൻസിപ്പാളായി നിയമിച്ചു. സ്കൂൾ സംബന്ധിച്ചുള്ള കാര്യമായ പല അധികാരങ്ങളും അദ്ദേഹത്തിന്റെ ചുമതലയിൽ ഭരമേല്പിക്കപ്പെട്ടു. ഞാൻ നാമമാത്രനായ ഒരു ഹെഡ്മാസ്റ്റർ എന്ന നിലയിൽ കഴിഞ്ഞുകൂടേണ്ടതായും വന്നു കൂടി. അങ്ങനെ ഒരു മൂലയിൽ ബന്ധിക്കപ്പെട്ട ഞാൻ മൗനമായും ശാന്തമായും ഈ മാനഹാനിയുടെ ഭാരം വഹിക്കുമെന്നു മല്പാനച്ചൻ കരുതിയിരിക്കാനിടയില്ല. ഞാൻ തന്റേടവും അഭിമാനബോധവും ബന്ധുബലവുമുള്ള ഒരു ചെറുപ്പക്കാരനായിരുന്നതിനാൽ എന്റെ അടുത്ത ബന്ധുക്കളായ വർഗ്ഗീസ് മാപ്പിള, ഈപ്പൻ വക്കീൽ, ജോൺ വക്കീൽ മുതലായ സമുദായപ്രധാനികൾ മുഖേന ഒരു പ്രക്ഷോഭണവും കോളിളക്കവുമുണ്ടാക്കാതെ അടങ്ങുകയില്ലെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരിക്കാം. പക്ഷേ, എനിക്കേറ്റ ഈ ഇരുട്ടടിയെപ്പറ്റി ആരോടും മിണ്ടുന്നതിനു പോലും എന്റെ അഭിമാനം എന്നെ അനുവദിച്ചില്ല. അതിനാൽ ഞാൻ ഹൃദയനീറ്റലോടു കൂടിയെങ്കിലും ഏകാന്തമായും മൂകമായും അതു വഹിക്കുകയാണുണ്ടായത്. അതിൽ മല്പാനച്ചന് ആശ്ചര്യം തോന്നിയിരിക്കണം. എന്റെ അഭിമാനബോധത്തെ ചുട്ടുനീറ്റിയ ഈ പ്രഹരം സാഹചര്യപരമായ പല കാരണങ്ങളാൽ ഞാൻ നിശ്ശബ്ദം സഹിച്ചെങ്കിലും അതിന്റെ തീവ്രമായ വേദന വളരെക്കാലത്തേക്ക് എന്റെ ഉള്ളിലിരുന്ന് ഉമിത്തീപോലെ നീറി പുകഞ്ഞുകൊണ്ടിരുന്നു എന്ന പരമാർത്ഥം മറച്ചുവയ്ക്കുന്നില്ല. അവിടം നില്ക്കട്ടെ.

മല്പാനച്ചന്റെ വാത്സല്യഭാജനമായിരുന്ന ഫാദർ പി.റ്റി. ഗീവറുഗീസ് എം.ഏ., പ്രിൻസിപ്പാൾ സ്ഥാനത്ത് അവരോധിക്കപ്പെട്ടു. ബുദ്ധിമാനും, മല്പാനച്ചനോട് അതീവഭക്തിമാനും, ഉൽകൃഷ്ടബിരുദധാരിയുമായ ഫാദർ പി.റ്റി.ഗീവറുഗീസിനെ യാക്കോബായ സുറിയാനി സഭയുടെ ഭാവിപ്രത്യാശകളുടെ തേജപുഞ്ജമായിട്ടാണ് ദൂരാവലോകനചതുരനായ മല്പാനച്ചൻ മനോദർശനം ചെയ്തത്.

(മനോരമ ആഴ്ചപ്പതിപ്പ് Vol 1.No.25പുറം 17)

എം.ഡി.സെമ്മനാരിയിൽ പ്രിൻസിപ്പാൾ ഉദ്യോഗത്തിൽ പ്രവേശിച്ചശേഷം തന്റെ ദൈനംദിന ജീവിതത്തിന് ഒരു പ്രത്യേക പരിപാടി

കഥാപുരുഷൻ തയ്യാറാക്കുകയും അത് മുടക്കം കൂടാതെ പരിപാലിക്കുന്നതിൽ ദത്തശ്രദ്ധനാകുകയും ചെയ്തു. പ്രതിദിനം നാലുമണിക്കൂർ മാത്രം ഉറങ്ങുകയും ബാക്കി ഇരുപതു മണിക്കൂറും ജോലിയിൽ വ്യാപൃതനാകുകയുമാണ് അക്കാലത്ത് ചെയ്തുകൊണ്ടിരുന്നത്. തന്റെ പിതൃസഹോദരപുത്രിയുടെ മകനും വിശ്വസ്തതാപൂർവ്വം ജോലിചെയ്യുന്നതിൽ സമർത്ഥനുമായ കിളീലേത്തു മി.ചാക്കോയേയും മാവേലിക്കര നിന്നും കോട്ടയത്തേയ്ക്കു കൊണ്ടു പോയിരുന്നു. എം.ഡി.സെമ്മനാരിയിലെ പല ജോലികളും തന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിക്കുന്നതിനായി മി.ചാക്കോയെ നിയമിക്കുകയും "മാനേജർ" എന്ന സ്ഥാനം നല്കുകയും ചെയ്തു. എല്ലാ ദിവസവും അതിരാവിലെ തന്നെ വിളിച്ചുണർത്തുന്നതിനുള്ള ജോലിയും മാനേജർക്ക് നൽകി. രാത്രിയിൽ എപ്പോൾ ഉറങ്ങുവാൻ കിടന്നാലും ശരി, നാലുമണിക്കൂർ സമയം ഉറങ്ങിക്കഴിഞ്ഞാലുടൻ വിളിച്ചുണർത്തണമെന്നുള്ള നിർദ്ദേശം മാനേജർക്കു നല്കിയിരുന്നു. ഉറങ്ങുവാൻ കിടന്നാൽ ഒരു നിമിഷത്തിൽ നിദ്രാധീനനാകുകയും വിളിച്ചാലുടൻ ഉണർന്നെഴുന്നേൽക്കുകയും ചെയ്യുന്ന പതിവും കഥാപുരുഷൻ അന്നുമുതൽ സ്വീകരിച്ചിരുന്നു. കത്തോലിക്കാ സന്യാസിവര്യനായ തോമ്മസ് അക്കമ്പീസിനാൽ വിരചിതമായ ക്രിസ്താനുകരണം (Imitation of Christ) എന്ന ആദ്ധ്യാത്മികഗ്രന്ഥം പ്രഭാതത്തിൽ ഉണർന്നാലുടൻ 15 മിനിറ്റു സമയത്തേക്കു വായിക്കുന്ന പതിവുണ്ടായിരുന്നു. അനന്തരം സുറിയാനിയിലുള്ള നമസ്ക്കാരം, രഹസ്യപ്രാർത്ഥനകൾ എന്നിവ നടത്തും. പിന്നീട് ഇതര ജോലിയിൽ പ്രവേശിക്കും. ഇപ്രകാരമായിരുന്നു കഥാപുരുഷന്റെ ദിനചര്യപരിപാടി.

മിക്കവാറും എല്ലാ ക്ലാസ്സുകളിലും വിവിധവിഷയങ്ങൾ പ്രിൻസിപ്പാൾ പഠിപ്പിച്ചുകൊണ്ടിരുന്നു. വിദ്യാർത്ഥികൾക്കു രസകരവും വിജ്ഞാനപ്രദവുമായിരുന്നു പ്രിൻസിപ്പാളിന്റെ ക്ലാസ്സുകൾ. താൻ പഠിപ്പിക്കേണ്ട ക്ലാസ്സിൽ നേരത്തേതന്നെ തന്റെ കസേര ഇട്ടേക്കണമെന്നു സ്കൂൾ പ്യൂണിനു പ്രത്യേക നിർദ്ദേശം നല്കിയിരുന്നു. തന്മൂലം ആ കസേരയെ പ്രിൻസിപ്പാളിന്റെ ആഗമനസൂചകമായി വിദ്യാർത്ഥികൾ പരിഗണിച്ചു വന്നു. "പ്രിൻസിപ്പാൾ കസേര" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ കസേര അങ്ങനെ നാലഞ്ചുവർഷക്കാലം അദ്ധ്യയനദിവസങ്ങളിൽ ഓരോ ക്ലാസ്സിലും ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നു.

സമർത്ഥരും സൽസ്വഭാവികളുമായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിൽ പ്രിൻസിപ്പാൾ അതിയായ താല്പര്യം പ്രകടിപ്പിച്ചു.

അപ്രകാരം തന്നെ കുറ്റക്കാരെ കർശനമായി ശാസിക്കുന്നതിലും കഠിനമായി ശിക്ഷിക്കുന്നതിലും തെല്ലും ദാക്ഷിണ്യം പ്രകടിപ്പിച്ചിരുന്നില്ല. ഒരിക്കൽ ഏതോ ഗുരുതരമായ കുറ്റം നിമിത്തം ഒരു ശെമ്മാശനെ ചൂരൽവടി കൊണ്ടു കൈത്തലത്തിൽ പല പ്രാവശ്യം അടിച്ചു മുറിവേൽപ്പിക്കുകയുണ്ടായി. ഇതിൽ ക്ഷുഭിതനായിത്തീർന്ന ശെമ്മാശൻ പ്രിൻസിപ്പാളിന്റെ പേരിൽ ക്രിമിനൽകേസു കൊടുക്കുന്നതിനായി കോട്ടയത്തുള്ള ചില അഭിഭാഷകന്മാരെ സമീപിച്ച് ആലോചന നടത്തി. എങ്കിലും പ്രസ്തുത വിദ്യാർത്ഥിയുടെ പിതാവ് വിവരമറിഞ്ഞ് സ്കൂളിൽ എത്തി മകനെ ശാസിക്കുകയും അങ്ങനെ കേസ്സിനു വേണ്ടി നടത്തിയ പരിശ്രമം അവസാനിപ്പിക്കുകയും ചെയ്തു. സ്കൂൾ ഡിസിപ്ലിൻ പരിപാലിക്കുന്നതിലും കുറ്റക്കാരെ കർശനമായി ശിക്ഷിക്കുന്നതിലും പ്രിൻസിപ്പാൾ അതിയായ നിഷ്ക്കർഷതന്നെ പ്രദർശിപ്പിച്ചിരുന്നു.

ശെമ്മാശനായ കഥാപുരുഷൻ എം.ഡി.സെമ്മനാരി പ്രിൻസിപ്പാൾ ആയപ്പോൾ അദ്ദേഹത്തെ അനുമോദിക്കുന്നതിനും സമ്മാനം നല്കുന്നതിനുമായി നിരണത്തുപള്ളിയിൽവെച്ചു ഒരു മഹായോഗം കൂടുകയുണ്ടായി. അതേപ്പറ്റി മലയാളമനോരമയിൽ ചേർത്തിരുന്ന ഒരു വാർത്ത താഴെ ചേർക്കുന്നു;-

“തദനന്തരം വൈദികൻമാരിൽവെച്ച് ഇദംപ്രഥമമായി എം.ഏ പാസ്സായ ഗീവറുഗീസു ശെമ്മാശൻ അവർകളെ അനുമോദിച്ച് പള്ളത്തു മാത്യു അവർകൾ ഒരു പ്രസംഗം ചെയ്യുകയും നിരണത്തുകാരുടെ വകയായി ഒരു സ്വർണ്ണഘടികാരവും തുടലും കിഴക്കേടത്തു ഗീവറുഗീസ് കത്തനാർ അവർകൾ ശെമ്മാശന് കൊടുക്കുകയും ശെമ്മാശൻ അവർകൾ അനുമോദനപ്രസംഗത്തിനും പാരിതോഷികത്തിനും നിരണത്തുകാർക്കു വന്ദനം പറയുകയും ചെയ്തു”.

(മലയാളമനോരമ-1908 ജൂലായി 29)

വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനും, പൌലൂസു റമ്പാനും കൂടെ മെത്രാഭിഷേകം സ്വീകരിക്കുന്നതിനായി അന്ത്യോഖ്യയിലേക്ക് പോയതു കഥാപുരുഷൻ എം.ഡി.സെമ്മിനാരി പ്രിൻസിപ്പാളായി ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴായിരുന്നു. അബ്ദുള്ളാപാത്രീയാർക്കീസുബാവയിൽ നിന്നും മാർ ദിവന്നാസ്യോസ്, മാർ കൂറിലോസു എന്ന പേരിൽ മെത്രാന്മാരായി അഭിഷിക്തരായ ഇരുവരും കോട്ടയത്തു മടങ്ങിയെത്തിയപ്പോൾ നടത്തിയ അനുമോദന മഹായോഗത്തിന്റെ പ്രധാന സൂത്രധാരത്വം വഹിച്ചതു കഥാനായകൻ തന്നെയായിരുന്നു.

അധികകാലതാമസമെന്യേ ഗീവറുഗീസുശെമ്മാശനെ വൈദിക നായി അഭിഷേകം ചെയ്യണമെന്നു വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു മെത്രാൻ പുലിക്കോട്ടു തിരുമേനിയോടു അഭ്യർത്ഥിക്കുകയും തിരുമേനി അതു സസന്തോഷം സമ്മതിക്കുകയും ചെയ്തു. തദനുസരണം 1908–ആഗസ്റ്റ് 15–ാം തീയതി പരുമല സെമ്മനാരിയിൽ വെച്ച് പുലി ക്കോട്ടു മാർ ദിവന്നാസ്യോസിന്റേയും മാർ ഒസ്താത്തിയോസുബാവാ യുടേയും ഒട്ടനേകം വൈദികന്മാരുടേയും ജനങ്ങളുടെയും സാന്നിദ്ധ്യ ത്തിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു മെത്രാൻ പി.റ്റി.ഗീവറുഗീ സുശെമ്മാനു വൈദികപട്ടം നല്കുകയുണ്ടായി. എം.ഡി.സെമ്മനാരി യിലെ ഒരു അസിസ്റ്റന്റായിരുന്ന ജോൺമാസ്റ്ററുടെ പുത്രനായ എം.ജെ. മീഖായേൽശെമ്മാനേയും തദവസരത്തിൽ വൈദികനായി അഭിഷേചിച്ചു. 'എം.ഏ.അച്ചൻ' എന്ന പേരിലായിരുന്നു നമ്മുടെ കഥാ നായകൻ പിന്നീടു അറിയപ്പെട്ടിരുന്നത്.

എം.ഡി.സെമ്മനാരി പ്രിൻസിപ്പാളായ എം.ഏ.അച്ചനെ വൈദി കസ്ഥാനലബ്ധിയിൽ അനുമോദിക്കുന്നതിനായി യാക്കോബായസഭാം ഗങ്ങളുടെ ഒരു വമ്പിച്ച മഹായോഗം കോട്ടയത്തു വെച്ചു നടന്നു. അതേ പ്പറ്റി 'മലയാളമനോരമ''യിലുണ്ടായിരുന്ന വാർത്ത ഇപ്രകാരമാണ്.–

"സുറിയാനിവൈദികന്മാരിൽ വെച്ച് ഇദംപ്രഥമമായി എം.ഏ. പരീക്ഷ ജയിച്ച റവ.ഫാദർ പി.റ്റി.ഗീവറുഗീസു എം.ഏ.അവർകൾക്ക് സമുദായാംഗങ്ങളുടെ വകയായി ഒരു സ്വർണ്ണമെഡൽ ഈ അവസര ത്തിൽ മാർ ഈവാനിയോസു മെത്രാപ്പോലീത്താ അവർകളെക്കൊണ്ടു സമ്മാനിക്കുകയും അദ്ദേഹം അതു ചെറിയ കൃതജ്ഞതാപ്രസംഗത്തോ ടുകൂടെ സ്വീകരിക്കുകയും ചെയ്യുകയുണ്ടായി."

(മലയാളമനോരമ–1909 ആഗസ്റ്റ് 11)

എം.ഡി.സെമ്മനാരി ഭരണം, ക്ലാസ്സുകളിലുള്ള അദ്ധ്യാപനം എന്നിവയ്ക്കു പുറമേ സമുദായസംബന്ധമായ നിരവധി പ്രവർത്തന ങ്ങളിലും ഈ അവസരത്തിൽ കഥാനായകൻ വ്യാപൃതനായിരുന്നു. അബ്ദുള്ളാ പാത്രിയാർക്കീസിന്റെ കേരളാഗമനം, ലൌകികാധികാര ത്തിനായി നടത്തിയ വടംവലി, മാർ ദിവന്നാസ്യോസിനുണ്ടായ മുടക്ക്, അതെത്തുടർന്നുണ്ടായ വിപ്ലവങ്ങൾ, അബ്ദദ് മ്ശിഹാ പാത്രിയാർക്കീ സിന്റെ ആഗമനം, കാതോലിക്കാ സിംഹാസനസ്ഥാപനം എന്നിത്യാ ദി കേരളത്തിലെ യാക്കോബായ സഭയെ രണ്ടാക്കിപ്പിളർത്തിയ സംഭ വപരമ്പരകൾ ഒന്നിനുപുറകെ ഒന്നായി ആവിർഭവിച്ചതു ഇക്കാലഘട്ട

ത്തിലായിരുന്നു. ഇവയിലെല്ലാം പ്രധാന സൂത്രധാരത്വം വഹിച്ചിരുന്നതു നമ്മുടെ കഥാനായകനായിരുന്നു. അതെപ്പറ്റി വിശദമായി തുടർന്നുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നതാണ്.

എം.ഡി.സെമ്മനാരി പ്രിൻസിപ്പാളായതിനു ശേഷം നാലുചക്രമുള്ള ഒരു കുതിരവണ്ടി (ഫിറ്റൻവണ്ടി) തന്റെ ആവശ്യത്തിലേക്കായി കഥാപുരുഷൻ വാങ്ങിക്കുകയും കോട്ടയം പട്ടണത്തിൽ കൂടെ അതിൽ സഞ്ചരിക്കുകയും ചെയ്തുകൊണ്ടിരുന്നു. സ്കൂളിനു അവധി കിട്ടുന്ന സന്ദർഭത്തിൽ ഇടവകകളിൽ സഞ്ചരിച്ച് ആദ്ധ്യാത്മികമായ വിവിധ വിഷയങ്ങളെ പുരസ്ക്കരിച്ചുള്ള പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. തന്റെ കൂടെ പ്രസംഗത്തിനായി തുമ്പമൺ പുത്തൻവീട്ടിൽ യാക്കോബു കത്തനാർ, കോഴഞ്ചേരിൽ തേവർവേലിൽ മത്തായിക്കത്തനാർ എന്നിവരെയാണ് കൊണ്ടു പോയിരുന്നത്. കഥാപുരുഷന്റെ പ്രസംഗം ഏറ്റുപറഞ്ഞുകൊണ്ടിരുന്നതു മാവേലിക്കര കല്ലറയ്ക്കൽ ഈപ്പൻ ഉപദേശി, ദാവീദാശാന്റെ മകൻ ശാമുവേൽ ഉപദേശി എന്നിവരായിരുന്നു.

എം.ഡി.സെമ്മനാരിയെ ഒരു ഒന്നാംഗ്രേഡ് കോളേജ് ആയി ഉയർത്തണമെന്ന് കഥാപുരുഷനിൽ ഉളവായ ആഗ്രഹം പ്രായോഗികമാക്കിത്തീർക്കുന്നതിനു കഴിയും വിധം പരിശ്രമിച്ചു. അവിവാഹിതരും ബിരുദധാരികളുമായ വൈദികന്മാർ ഓരോ ക്ലാസ്സിലും പഠിപ്പിക്കത്തക്കവിധമുള്ള സൗകര്യങ്ങൾ ഉണ്ടാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. അതിനുവേണ്ടിയായിരുന്നു അനേകം ശെമ്മാശൻമാരെ ഉത്കൃഷ്ടവിദ്യാഭ്യാസാർത്ഥം കല്ക്കട്ടാ, സെറാംപൂർ എന്നീ സർവ്വകലാശാലകളിലേക്ക് അയച്ചതും അവർക്കു വേണ്ട ധനസഹായം നൽകിയതും. ഇതിനു വേണ്ടി അയച്ച നാലു ശെമ്മാശന്മാരും എം.ഏ. ഡിഗ്രി സമ്പാദിച്ചുവെങ്കിലും അവരിൽ മൂന്നുപേർ വിവാഹിതരാകുകയും ഒരാൾ നിര്യാണമടയുകയാണുമുണ്ടായത്. തന്മൂലം കഥാപുരുഷന്റെ അഭിലാഷം സാധിതപ്രായമായില്ല എന്നു മാത്രമല്ല, എം.ഡി.സെമ്മനാരി ഇന്നും കേവലം ഒരു ഹൈസ്കൂളായി നിലകൊള്ളുകയും ചെയ്യുന്നു.

സുമാർ അൻപത്തിയഞ്ചു വർഷങ്ങൾ മുമ്പ് കോട്ടയത്തുനിന്നും യാക്കോബായക്കാരുടെ വകയായി മി:ഈ.എം.ഫിലിപ്പോസിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന “ഇടവക പത്രിക” എന്ന മാസികയിൽ എം.ഡി.സെമ്മനാരിയെപ്പറ്റി ചേർത്തിരുന്ന ഒരു വാർത്ത ഇപ്രകാരമാണ്:-

“മാർ ദിവന്നാസ്യോസു സെമ്മനാരിയെ രണ്ടാംഗ്രേഡ് കോളേജ് ആക്കണമെന്നു ഭാരവാഹികൾ ആലോചിച്ചുവന്നതായി അറിയുന്നു”.

(CSh I ]{Xn I 1902 H I tSm _À e ¡ w)

കേരളക്കരയിൽ ഇതിനകം ഒട്ടനേകം കോളേജുകൾ സ്ഥാപിതമായിട്ടും എം.ഡി.സെമ്മനാരിയെ ഒരു കോളേജാക്കി ഉയർത്തണമെന്നു 55 വർഷങ്ങൾക്കു മുമ്പു നടന്ന ആ ആലോചന ഇതേവരെ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ലാത്തതിന്റെ യഥാർത്ഥകാരണം എന്തെന്നു ചിന്തിച്ച് അനുവാചകന്മാർ അത്ഭുതപ്പെടുന്നുണ്ടാവാം. 45 വർഷമായിട്ടും പര്യവസാനിക്കാത്തതും ഇനിയും ദീർഘവർഷക്കാലത്തേക്ക് നീണ്ടുനിന്നേക്കാവുന്നതുമായ സമുദായക്കേസ്സിന്റെ ആലോചനാരംഗവും ഗർഭഗൃഹവുമായി ഇന്നും പ്രസ്തുത സെമ്മനാരിയും പരിസരങ്ങളും നിലകൊള്ളുന്നതിന്റെ കാരണമെന്തെന്ന് ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗം പ്രസ്പഷ്ടമാക്കുന്നുണ്ട്. സ്ഥാപനോദ്ദേശ്യത്തിൽ നിന്നും വ്യതിചലിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനരംഗമാക്കിത്തീർത്തതും, കത്തോലിക്കർക്കുണ്ടായിരുന്ന ന്യായമായ അവകാശം ഇല്ലാതാക്കിത്തീർക്കുന്നതിനുവേണ്ടി കൌശലം പ്രയോഗിച്ചു കൈവശപ്പെടുത്തിയതുമല്ലേ പ്രസ്തുത സ്ഥലവും കെട്ടിടങ്ങളും. കേരളീയ കത്തോലിക്കാസമുദായനഭോമണ്ഡലത്തിലെ ഒരുജ്ജ്വലതാരമായി പ്രശോഭിച്ചിരുന്ന നിധിയിരിക്കൽ മാണിക്കത്തനാരുടെ നയനങ്ങളിൽനിന്നും വുഡ്ലാൻഡ് എസ്റ്റേറ്റിന്റെ തറയുടെ മുകളിൽ എത്ര കണ്ണീർക്കണങ്ങളാണ് ആ രാത്രിയിൽ അടർന്നു വീണത്!

## അദ്ധ്യായം – 7

# യാക്കോബായ സഭയിലെ രണ്ടുപാത്രിയർക്കീസന്മാർ

യാക്കോബായസഭയുടെ മേലദ്ധ്യക്ഷന്മാരാണു തങ്ങളെന്ന് ഒരേ അവസരത്തിൽത്തന്നെ വാദിച്ചുകൊണ്ടും പരസ്പരം മത്സരിച്ചുകൊണ്ടുമിരുന്ന രണ്ടു പാത്രീയാർക്കീസന്മാരായിരുന്നു മാർ അബ്ദള്ളായും മാർ അബ്ദദ്മ്ശിഹായും. കേരളത്തിലെ യാക്കോബായസഭ രണ്ടു കക്ഷികളായി പിരിയുന്നതിനു പ്രധാനകാരണക്കാരായിത്തീർന്ന പ്രസ്തുത പാത്രീയർക്കീസന്മാരുടെ കേരളത്തിലെ ആഗമനം, പ്രവർത്തനങ്ങൾ, കക്ഷിമത്സരങ്ങൾ, നമ്മുടെ കഥാപുരുഷന് അതിലുള്ള ബന്ധം എന്നിത്യാദി കാര്യങ്ങളെപ്പറ്റി തുടർന്നുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നതാണ്. എന്നാൽ അതിനു മുമ്പ് പ്രസ്തുത പാത്രിയർക്കീസന്മാരെപ്പറ്റി ചില യാഥാർത്ഥ്യങ്ങൾ വായനക്കർ ഗ്രഹിച്ചിരിക്കേണ്ടതാകയാൽ സിറിയായിൽ നിന്നും 1932-ൽ ലഭിച്ചതും നമ്മുടെ കഥാപുരുഷൻ തന്റെ ഫയലിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നതുമായ ഒരു രേഖ ഈ അദ്ധ്യായത്തിൽ ചേർക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

മലങ്കരയിലെ യാക്കോബായ-ഓർത്തഡോക്സു സഭകൾ തമ്മിൽ ഇക്കഴിഞ്ഞ 45 വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന സമുദായക്കേസിൽ ഇപ്പോഴും ഒരു "കീറാമുട്ടി"യായി അവശേഷിക്കുന്ന പ്രശ്നമത്രേ ഇവരിൽ ആരാണ് യഥാർത്ഥപാത്രിയർക്കീസ് എന്നുള്ളത്. ഇരുവരേയും പറ്റിയുള്ള സൂക്ഷ്മവിവരങ്ങൾ അറിയുന്നതിനു വേണ്ടി സിറിയായിലുള്ള ചരിത്രപണ്ഡിതനായ ഒരു കാത്തോലിക്കാവൈദികന്റെ പേർക്ക് ഡോ.ബൻസിഗർ തിരുമേനി മുഖേന ഏതാനും ചോദ്യങ്ങൾ തന്റെ

കത്തോലിക്കാപുനരൈക്യത്തിനു ശേഷം മാർ ഈവാനിയോസ് അയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുത വൈദികൻ സിറിയായിലുള്ള കത്തോലിക്കാ പാത്രിയർക്കീസിന്റെ അരമനയിലും മുസലിൽ ഉള്ള യാക്കോബായപാത്രിയാർക്കീസിന്റെ അരമനയിലും ഇവരെപ്പറ്റി വേണ്ട അന്വേഷണങ്ങൾ നടത്തിയ ശേഷം രണ്ട് അരമനകളിൽ നിന്നും തനിക്കു ലഭിച്ച വിവരങ്ങൾ വെവ്വേറെ രേഖപ്പെടുത്തി കഥാപുരുഷന്റെ പേർക്ക് അയച്ചുകൊടുത്തു. ചില ചോദ്യങ്ങൾക്കു നല്കിയിട്ടുള്ള ഉത്തരങ്ങൾ വിഭിന്നരൂപത്തിലാണു കാണപ്പെടുന്നത്. കത്തോലിക്കാ അരമനയിൽ നിന്നും ലഭിച്ച വിവരങ്ങൾ അബ്ദദ്മിശിഹാ പാത്രിയാർക്കീസിന് അനുകൂലമായും യാക്കോബായ അരമനയിൽ നിന്നും ലഭിച്ച വിവരങ്ങൾ അബ്ദള്ളാ പാത്രീയാർക്കീസിന് അനുകൂലമായുമാണെന്ന് സൂക്ഷ്മചിന്തകന്മാരായ വായനക്കാർക്ക് ഗ്രഹിക്കാവുന്നതാണ്. രസകരവും വിജ്ഞാനപ്രദവുമായ പ്രസ്തുതചോദ്യങ്ങളും അവയ്ക്കു ലഭിച്ചിട്ടുള്ള ഉത്തരങ്ങളും (അപ്രസക്തങ്ങളായ ഏതാനും ഭാഗങ്ങൾ ഉപേക്ഷിച്ച ശേഷം) ഇംഗ്ലീഷിൽ നിന്നും പരിഭാഷപ്പെടുത്തി ചുവടേ ചേർത്തു കൊള്ളുന്നു.:-

## കത്തോലിക്കാ അരമനയിൽ നിന്നും ലഭിച്ച വിവരങ്ങൾ

**ചോദ്യം 1**

അബ്ദദ്മിശിഹാ പാത്രിയർക്കീസ് ഏതു വർഷത്തിൽ പാത്രിയർക്കീസായി അഭിഷേകം ചെയ്യപ്പെട്ടു.? ആരാണ് അദ്ദേഹത്തെ പാത്രിയർക്കീസായി വാഴിച്ചത്.?

**ഉത്തരം**

ഇഗ്നേഷ്യസ് അബ്ദദ്മിശിഹാ രണ്ടാമൻ 1895 ജൂൺ 16-ാംനു ഡയറൽ സഫ്രാനിൽ വെച്ച് ഏഴു മെത്രാന്മാരാൽ പാത്രിയാർക്കീസായി വാഴിക്കപ്പെട്ടു. തുർക്കിസുൽത്താനിൽനിന്നും "ഫിർമാൻ" അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു.

**ചോദ്യം 2**

അദ്ദേഹത്തെ സിംഹാസനത്തിൽനിന്നും ബഹിഷ്ക്കരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആര്? എങ്ങനെ? എന്തുകൊണ്ട്? ഏതു വർഷത്തിൽ? അതോ, അദ്ദേഹം സ്വയം രാജിവെയ്ക്കുകയാണോ ചെയ്തിട്ടുള്ളത്?

**ഉത്തരം**

അബ്ദദ്മിശിഹാ സിംഹാസനത്തിൽ നിന്നും ബഹിഷ്കൃതനാകുകയോ സ്വയം രാജിവെയ്ക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ബിഷപ്പ് അബ്ദള്ളാ സട്ടഫ് ഏതാനും മെത്രാന്മാരുമായും (എല്ലാവരുമായിട്ടല്ല) മർദ്ദീനിൽ താമസിക്കുന്ന ഏതാനും ജനങ്ങളുമായും ഒരു രഹസ്യ ഉടമ്പടി ഉണ്ടാക്കി. തന്നിമിത്തം 1896-ൽ കത്തോലിക്കാസഭയോടു പുനരൈക്യം പ്രാപിച്ചിരുന്ന പ്രസ്തുത മെത്രാൻ കത്തോലിക്കാ വിശ്വാസം പരിത്യജിച്ചശേഷം ഏതാനും മെത്രാന്മാരുടെ സാന്നിധ്യത്തിൽ 1906 ആഗസ്റ്റ് 15-ാം തീയതി പാത്രിയർക്കീസായി അഭിഷേകം (അപഹരണം) പ്രാപിച്ചു. അബ്ദദ്മിശിഹാ പാത്രിയാർക്കീസ് ഉടൻതന്നെ പർവ്വതത്തിനു സമീപമുള്ള തൂർ അബ്ദിൻ എന്ന സ്ഥലത്തേക്ക് തന്റെ സിംഹാസനം മാറ്റി സ്ഥാപിച്ചു. ക്രിസ്താബ്ദം 1364 മുതൽ 1496 വരെയും 1700-മുതൽ 1817 വരെയും തന്റെ മുൻഗാമികൾ ഏതൊരു സിംഹാസനത്തിൽ ഭരിച്ചിരുന്നുവോ, പർവ്വതത്തിനു സമീപമുള്ള ആ സിംഹാസനത്തിലെ യഥാർത്ഥപാത്രിയാർക്കീസായി അദ്ദേഹം പരിഗണിക്കപ്പെടുകയും ചെയ്തു. തന്മൂലം മൂസൽ, ബാഗ്ഡാദ്, ബസ്രാ,മലബാർ എന്നീ സ്ഥലങ്ങളിലേക്ക് യാത്ര പുറപ്പെടുന്നതുവരെ(1906 മുതൽ 1912 വരെ) തൂർ അബ്ദീനിലെ യഥാർത്ഥ പാത്രിയാർക്കീസായി അദ്ദേഹം പരിഗണിക്കപ്പെട്ടിരുന്നു. 1911 മാർച്ചു മാസത്തിൽ പ്രസ്തുത രാജ്യങ്ങളിൽ നിന്നും അദ്ദേഹം മടങ്ങിയെത്തി. അനന്തരം ബൈറൂട്ടിൽ വച്ച് 1913 മെയ് മാസം മൂന്നാം തീയതി വിശ്വാസപ്രതിജ്ഞ ചെയ്ത് അദ്ദേഹം കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. അനന്തരം 1914 മെയ് മാസം 16-ാം തീയതി മർദ്ദീനിൽ എത്തി. അവിടത്തെ സിറിയൻ കത്തോലിക്കരുടെ അതിഥിയായി അദ്ദേഹം താമസിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ യാക്കോബായ സഭയിലെ ഏതാനും സന്യാസികളും ജനങ്ങളും ഏതാനും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും കൂടെ പാത്രിയാർക്കീസായി അദ്ദേഹത്തെ സ്വീകരിക്കുവാൻ സന്നദ്ധരാണെന്നു സമ്മതിച്ചുകൊണ്ടുള്ള ഒരു കത്ത് ബിഷപ്പ് ജോർജ്ജു മുഖേന അയച്ചുകൊടുത്തു. ഇത് പരമാർത്ഥമാണെന്നു വിശ്വസിച്ച് അബ്ദദ്മിശിഹാ പാത്രിയാർക്കീസ് ഡയർസഫ്രാനിലേക്ക് യാത്ര പുറപ്പെട്ടു. അവിടെ മണിയടിച്ചും ഗീതങ്ങൾ ആലപിച്ചും ആഘോഷപൂർവ്വം അവർ അദ്ദേഹത്തെ സ്വീകരിച്ചു. അവിടെ വച്ച് 1914-ൽ അദ്ദേഹം നിര്യാതനായി.

**ചോദ്യം 3**

അബ്ദദ്മിശിഹായ്ക്ക് പകരം യഥാർത്ഥപാത്രിയാർക്കീസായി എല്ലാ വൈദികന്മാരാലും ജനങ്ങളാലും അബ്ദള്ളാ പാത്രിയാർക്കീസ് അംഗീകരിക്കപ്പെട്ടിരുന്നുവോ?

**ഉത്തരം**

ഇല്ല. തൂർ അബ്ദിൻ നിവാസികളായ സകലരും, അഞ്ചോ ആറോ മെത്രാന്മാരും അദ്ദേഹത്തെ അംഗീകരിച്ചിരുന്നില്ല. പ്രസ്തുത മെത്രാന്മാരുടെ കൂട്ടത്തിൽ യരുശലേം, ഹോംസ്, ഹാമാ, തൂർ അബ്ദീൻ, അസേക്ക് ആദിയായ ഇടവകകളിലെ മെത്രാന്മാർ ഉൾപ്പെടുന്നു.

**ചോദ്യം 4**

അബ്ദദ്മിശിഹാ പാത്രിയാർക്കീസും,അബ്ദള്ളാ പാത്രിയാർക്കീസും ചരമമടഞ്ഞത് ഏതു വർഷത്തിൽ? എവിടെ വച്ചായിരുന്നു?

**ഉത്തരം**

1914 ഒക്ടോബർ മാസത്തിൽ ഡയർസഫ്രാനിൽ വച്ച് അബ്ദദ്മിശിഹായും 1916-ൽ യരുശലേമിൽ വച്ച് അബ്ദള്ളായും നിര്യാണമടഞ്ഞു.

**ചോദ്യം 5**

അബ്ദദ്മിശിഹായുടെ മരണശേഷമാണോ ഇപ്പോഴത്തെ പാത്രിയാർക്കീസായ ഏലിയാസ് തെരഞ്ഞെടുക്കപ്പെടുകയും പാത്രിയാർക്കാസിംഹാസനത്തിൽ ആരൂഢനാകുകയും ചെയ്തിട്ടുള്ളത്?

**ഉത്തരം**

അബ്ദദ്മിശിഹായുടെയും അബ്ദള്ളായുടേയും മരണശേഷം 1917 ഫെബ്രുവരി 12-ാം തീയതിയാണ് ഏലിയാസ് പാത്രിയർക്കീസ് തെരഞ്ഞെടുക്കപ്പെടുകയും പാത്രിയാർക്കീസായി വാഴിക്കപ്പെടുകയും ചെയ്തത്.*

---

*1932-ൽ മലങ്കരയിൽ ആഗതനായ ഇദ്ദേഹം മഞ്ഞനിക്കര (ഓമല്ലൂർ)വെച്ച് ഹൃദയസ്തംഭനം മൂലം നിര്യാണമടയുകയാണുണ്ടായത്. (ഗ്രന്ഥകർത്താ)

**ചോദ്യം 6**

പാത്രിയർക്കീസിന്റെ ഔദ്യോഗികവസതി ഏതാണ്? സാധാരണമായി പാത്രിയർക്കീസ് വസിക്കുന്നത് എവിടെയാണ്?

**ഉത്തരം**

തുർക്കിയിൽ മർദ്ദീനടുത്തുള്ള ഡയർസഫറാനിലാണ് പാത്രിയർക്കീസിന്റെ ഔദ്യോഗികവസതി.

എന്നാൽ സിറിയായിലുള്ള യറുശലേമിലാണ് പാത്രയാർക്കീസ് ഇപ്പോൾ താമസിക്കുന്നത്. രണ്ടു വർഷമായി അദ്ദേഹം മൂസലിലാണ് താമസിച്ചുകൊണ്ടിരുന്നത്. സ്ഥിരതാമസം എവിടെയായിരിക്കണമെന്ന് ഇതേ വരെ നിശ്ചയിച്ചിട്ടില്ല.

**ചോദ്യം 7**

ഏഷ്യാമൈനറിൽ യാക്കോബായക്കാരായ എത്ര ജനങ്ങളും മെത്രാന്മാരുമുണ്ട്?

**ഉത്തരം**

ഡയർബക്കീർ, ഹോംസ്, മൂസൽ, ആലപ്പോ,മെദിയാൻ, യറുസലേം, ഡമാസ്ക്കസ്, മെസൊപ്പെട്ടോമിയ എന്നീ സ്ഥലങ്ങളിലായി ഒരു ലക്ഷത്തോളം യാക്കോബായക്കാരുണ്ടെന്നു പറയപ്പെടുന്നു. മെത്രാന്മാർ ആകെ പത്തു പേരുണ്ട്.

* * * * * * * *

മുകളിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ സിറിയായിലും മൂസലിലും വേണ്ട അന്വേഷണങ്ങൾ നടത്തിയശേഷം എഴുതി അയച്ചു കൊടുത്തതായിരുന്നു. എന്നാൽ യാക്കോബായ പാത്രിയർക്കീസിന്റെ അരമനയിൽ വളരെ ഭദ്രമായി സൂക്ഷിച്ചിരുന്ന ഒരു പഴയ റിക്കാർട്ടിൽ നിന്നും പകർത്തിയെടുത്ത് പ്രസ്തുത വൈദികൻ അയച്ചുകൊടുത്ത ഉത്തരങ്ങളാണ് ചുവടേ ചേർക്കുന്നത്.

## യാക്കോബായ അരമനയിൽനിന്നും ലഭിച്ച വിവരങ്ങൾ

**ചോദ്യം 1**

അബ്ദദ്മിശിഹാ ഏതുവർഷത്തിൽ ആരാൽ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു?

**ഉത്തരം**

പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ മരണശേഷം ഡയറൽസഫ്രാനിൽ മെത്രാന്മാരും മെത്രാപ്പോലീത്തന്മാരും സമ്മേളിക്കുകയും അബ്ദള്ളാ മെത്രാപ്പോലീത്തായെ പാത്രിയർക്കീസായി തെരഞ്ഞടുക്കുകയും ചെയ്തു. മുൻപതിവനുസരിച്ച് സുൽത്താന്റെ അംഗീകരണം ലഭിക്കുന്നതിനുവേണ്ടി തെരഞ്ഞെടുപ്പുവിവരം കാണിച്ചുകൊണ്ടുള്ള കത്ത് കുസ്തന്തിനോസ് പോലീസിലേക്ക് അയച്ചുകൊടുത്തു. പക്ഷേ, എല്ലാ മെത്രാന്മാരും അതിൽ ഒപ്പ് ഇടാതിരുന്നതു നിമിത്തം പ്രസ്തുത കത്തു മടക്കി അയയ്ക്കുകയാണുണ്ടായത്. തന്മൂലം ഡെമാസ്ക്കസിലെ മെത്രാനായ അബ്ദദ്മിശിഹായെ മെത്രാന്മാർ തെരഞ്ഞെടുക്കുകയും 9 മാസങ്ങൾക്കുശേഷം അദ്ദേഹത്തെ പാത്രിയർക്കീസായി അഭിഷേചിക്കുകയും ചെയ്തു. 1895 ജൂൺ 4-ാം തീയതി ഏഴ് മെത്രാന്മാരുടേയും രണ്ട് മെത്രാപ്പോലീത്തന്മാരുടേയും സാന്നിദ്ധ്യത്തിൽ ആമാദിലെ (ഡയർ ബക്കർ) മെത്രാപ്പോലീത്താ ആയ മർദ്ദീനിലെ ജോർജ്യസ് സിറിലായിരുന്നു തലയിൽ കൈവച്ച് അദ്ദേഹത്തെ അഭിഷേചിച്ചത്. അദ്യം തെരഞ്ഞെടുക്കപ്പെട്ട അബ്ദള്ളാ മെത്രാപ്പോലീത്തയാകട്ടെ വിദ്വേഷം നിമിത്തം അഭിഷേക കർമ്മത്തിൽ പങ്കെടുക്കുകയുണ്ടായില്ല. അദ്ദേഹം മർദ്ദീനിൽ താമസിക്കുകയും ഒരു വർഷത്തിനു ശേഷം കത്തോലിക്കാ മതത്തിൽ ചേരുകയുമാണുണ്ടായത്.അതിനുണ്ടായ പ്രധാന കാരണം അർമേനിയരും സുൽത്താനുമായുണ്ടായ മത്സരാവസരത്തിൽ (1896-ൽ നടന്ന അർമേനികളുടെ കൂട്ടക്കൊല) അദ്ദേഹത്തെ വധിക്കുന്നതിന് അബ്ദദ്മിശിഹാ പ്രേരിപ്പിച്ചു എന്നുള്ളതായിരുന്നു.

**ചോദ്യം 2**

ഏതു വർഷത്തിൽ, എന്തു കാരണത്താൽ, എങ്ങനെ, ആരാൽ അബ്ദദ്മിശിഹാ പാത്രിയാർക്കാസിംഹാസനത്തിൽ നിന്നും ബഹിഷ്കൃതനായി? അതോ, അദ്ദേഹം രാജിവെയ്ക്കുകയാണോ ചെയ്തത്? അങ്ങിനെയെങ്കിൽ അത് ഏതു മാസത്തിലായിരുന്നു?

**ഉത്തരം**

അബ്ദദ്മിശിഹാ പാത്രിയർക്കീസ് 1900-ാമാണ്ട് നവംബർ 15-ാം തീയതി കോൺസ്റ്റാന്റിനോപ്പിളിലേക്കു പോകുകയും സുൽത്താനെ കാണുന്നതിനു വേണ്ടി അവിടെ രണ്ടു വർഷം താമസിക്കുകയും ചെയ്തു. എന്നാൽ സുൽത്താനെ കാണുന്നതിനു നിശ്ചയിച്ചിരുന്ന

തിന്റെ തലേദിവസം അദ്ദേഹം (പാത്രിയർക്കീസ്) അതിയായി മദ്യപിക്കുകയും ദൈവാലയത്തിനു സമീപമുള്ള പ്രധാനമുറിയിൽ ബോധരഹിതനായി വീഴുകയും ചെയ്തു. അർദ്ധരാത്രി സമയം ഏതോ ആവശ്യത്തിനു വേണ്ടി എഴുന്നേറ്റുനടന്നപ്പോൾ ജനലിൽക്കൂടെ താഴെവീഴുകയും കയ്യിലും കാലിലുമെന്നുമാത്രമല്ല ശരീരത്തിന്റെ പല ഭാഗത്തും സാരമായ മുറിവു പറ്റുകയും ചെയ്തു. ഈ വിവരം പിറ്റേദിവസം സുൽത്താൻ അറിഞ്ഞപ്പോൾ സന്ദർശനാനുവാദം നിഷേധിക്കുകയാണുണ്ടായത്.

അതിനുശേഷം പാത്രിയർക്കീസ് അമാദിലേക്കു മടങ്ങിപ്പോയി. കോൺസ്റ്റാന്റിനോപ്പിളിൽ അദ്ദേഹത്തിന്റെ വികാരിയായിരുന്ന പൗലൂസ്മെത്രാൻ അദ്ദേഹത്തിന് എതിരായി കൂടിയാലോചനകൾ നടത്തിക്കൊണ്ടിരുന്നു. ആമാദിലേക്കു മടങ്ങി ഏതാനും നാളുകൾക്കുള്ളിൽ എല്ലാ മെത്രാന്മാരും അദ്ദേഹത്തിന് എതിരായിത്തീരുകയും അദ്ദേഹത്തെ സിംഹാസനത്തിൽ നിന്നും ബഹിഷ്ക്കരിക്കുന്നതിനു വേണ്ടി പരസ്പരം എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പു ദൈവികമായിട്ടുള്ളതല്ലെന്നും കാനോനികമല്ലെന്നും തെരഞ്ഞെടുത്തവർ അഴിമതി (Corruption) നടത്തിയെന്നുമുള്ള കാരണങ്ങളായിരുന്നു അവർ ഉന്നയിച്ചത്. ഇവയെല്ലാം നിമിത്തം അബ്ദദ്മിശിഹാ പാത്രിയർക്കീസിനെ സിംഹാസനത്തിൽ നിന്നും ബഹിഷ്ക്കരിക്കുന്നതിനും ഒരു പുതിയ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നതിനും സുൽത്താൻ അബ്ദുൽ ഹമീദ് കല്പനയയച്ചു.

അതനുസരിച്ച് 1904 ജനുവരി 25-ാം തീയതി ഡയർ സഫ്രാനിൽ മെത്രാന്മാർ സമ്മേളിക്കുകയും അബ്ദദ്മിശിഹായെ സ്ഥാനത്തുനിന്നും ബഹിഷ്ക്കരിക്കുകയും മോസലിലെ മെത്രാനായ മോൺസിഞ്ഞോർ-അലക്കു ബഹനാനെ അഡ്മിനിസ്ട്രേറ്ററായി തെരഞ്ഞെടുക്കുകയും ചെയ്തു.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നും അബ്ദദ്മിശിഹാ പാത്രിയർക്കീസ് സ്വയം രാജിവച്ചതല്ലെന്ന് സ്പഷ്ടമാണല്ലോ. താൻ മാത്രമാണ് നിയമാനുസൃത പാത്രിയർക്കീസ് എന്ന് അദ്ദേഹം എപ്പോഴും വാദിച്ചുകൊണ്ടിരുന്നു.

**ചോദ്യം 3**

അബ്ദദ്മിശിഹായ്ക്കു പകരമുള്ള പാത്രിയർക്കീസായി അബ്ദള്ളാ എല്ലാവരാലും സംശയരഹിതമായി അംഗീകരിക്കപ്പെട്ടി

രുന്നുവോ? ഈ വസ്തുതയിൽ നിന്നും എന്താണ് അനുമാനിക്കേണ്ടത്?

**ഉത്തരം**

അബ്ദദ്മിശിഹായെ സിംഹാസനത്തിൽ നിന്നും ബഹിഷ്ക്കരിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ട അബ്ദള്ളാ കത്തോലിക്കാ മതത്തിൽനിന്നും യാക്കോബായ സഭയിലേക്ക് മടങ്ങി വരികയുണ്ടായി. 1906 ആഗസ്റ്റ് 15-ാം തീയതി അവർ അദ്ദേഹത്തെ പാത്രിയർക്കീസായി വാഴിച്ചു. പ്രസ്തുത അഭിഷേചന കർമ്മത്തിൽ കൈവയ്പു നടത്തിയത് മോൺസിഞ്ഞോർ ഡനീസ്ഡഹനാൻ ആയിരുന്നു. അബ്ദള്ളാ പാത്രിയർക്കീസ് അതീവ ബുദ്ധിമാനും, നീതിമാനും ഒരു ഉത്തമഭരണകർത്താവുമായിരുന്നു. മെത്രാന്മാരും അവരുടെ കീഴിലുള്ള ജനങ്ങളും തമ്മിൽ അദ്ദേഹം സമാധാനം കൈവരുത്തി. 1908-ൽ അദ്ദേഹം അഞ്ചു മെത്രാന്മാരെ വാഴിച്ചു. അവരിൽ ഒരുവനായ സാലീബാ കഫർജിയായെ ഒസ്താത്തിയോസ് എന്ന നാമം നല്കി മലബാറിലേക്ക് അയച്ചു.

പാത്രിയർക്കീസ് യരുശലേമിലായിരുന്നപ്പോൾ മെത്രാന്മാരായി അഭിഷിക്തരാകുന്നതിനായി മലബാറിൽ നിന്നു രണ്ട് അവിവാഹിത വൈദികർ വന്നെത്തിയിരുന്നു. അവരിൽ ഒരുവനായ ഗീവറുഗീസിനെ ദിവന്നാസ്യോസ് എന്ന പേരിലും അപരനെ കൂറിലോസ് എന്ന പേരിലും മെത്രാന്മാരായി വാഴിച്ചു. ഇവരെ അനുഗമിച്ച് ഒട്ടനേകം ജനങ്ങൾ വന്നിരുന്നു. അവർ പാത്രിയർക്കീസിനും യറുശലേമിലെ വി.മാർക്കോസിന്റെ ദയറായ്ക്കുമായി നല്കുന്നതിന് നിരവധി സമ്മാനങ്ങളും പണവും കൊണ്ടുവന്നിരുന്നു.

1908-ൽ പാത്രിയർക്കീസ് കുസ്തന്തീനോസ് പോലീസിലേക്കു പോകുകയും സുൽത്താൻ ബഹുമാനപൂർവ്വം സ്വീകരിക്കുകയും ചെയ്തു. അനന്തരം അദ്ദേഹം ലണ്ടനിലേക്കു പോയി ഒരു ധനശേഖരം നടത്തി. അതേത്തുടർന്ന് അദ്ദേഹം ഇൻഡ്യയിലേക്കു പോയി. അവിടെ വളരെ കുഴപ്പങ്ങൾ ഉണ്ടാകുന്നതിനിടയായിത്തീർന്നു. അടുത്ത കാലത്ത് അദ്ദേഹത്താൽ അഭിഷേചിക്കപ്പെട്ട ഗീവറുഗീസ് മെത്രാൻ അദ്ദേഹത്തിന് എതാരായി മത്സരിക്കുകയും ജനങ്ങൾ രണ്ടു കക്ഷികളായി പിരിയുകയും ചെയ്തു. തന്മൂലം മെത്രാനെ അദ്ദേഹം മുടക്കുകയും സ്ഥാനത്തുനിന്നും ബഹിഷ്ക്കരിക്കുകയും രണ്ടു മെത്രാന്മാരെ

അഭിഷേചിക്കുകയും ചെയ്തു. ഇതോടു കൂടെ മലബാറിലെ കുഴപ്പങ്ങൾ അവർണ്ണനീയമായ രീതിയിൽ വർദ്ധിച്ചു. തന്മൂലം പാത്രിയാർക്കീസ് ഇൻഡ്യയിൽനിന്നും മടങ്ങി യറുശലേമിൽ എത്തിച്ചേർന്നു.

മലങ്കരയിലെ സുറിയാനിക്കാരിൽ പാത്രിയർക്കീസിനോടു മത്സരിച്ചു നിന്നവർ പാത്രിയർക്കാസിംഹാസനത്തിൽ നിന്നും ബഹിഷ്കൃതരായിരുന്ന അബ്ദദ്മിശിഹായെ മലങ്കരയിലേക്ക് ക്ഷണിച്ചു കൊണ്ടുള്ള കത്തുകൾ അയച്ചു. പ്രസ്തുത കത്തുകളോടൊന്നിച്ച് അദ്ദേഹത്തിന്റെ യാത്രച്ചിലവിലേക്കായി നൂറുപവനും അവർ അയച്ചുകൊടുത്തു. തന്നിമിത്തം 1912-ൽ അബ്ദദ്മിശിഹാ പാത്രിയർക്കീസ് മലങ്കരയിലേക്ക് യാത്രപുറപ്പെട്ടു. അവിടെ എത്തിയപ്പോൾ അബ്ദള്ളാ പാത്രിയർക്കീസിനാൽ ശിക്ഷിക്കപ്പെട്ടിരുന്ന ഗീവറുഗീസ് മെത്രാന്റെ അനുയായികളാൽ സ്വീകരിക്കപ്പെട്ടു. തന്നിമിത്തം പുതിയ കുഴപ്പങ്ങൾ ആവിർഭവിച്ചു. മലങ്കര മപ്രിയാൻ എന്ന പേരോടുകൂടിയ ഒരു സ്ഥാനിയെ അബ്ദദ്മിശിഹാപാത്രിയാർക്കീസു വാഴിച്ചു. അധികതാമസമെന്യേ പാത്രിയർക്കീസിന് മാനസികവിഷമതകൾ ഉണ്ടാകുന്നെന്നറിയുകയാൽ അവർ അദ്ദേഹത്തോടു യാത്ര പറഞ്ഞു. തന്മൂലം പാത്രിയർക്കീസു ഇൻഡ്യ വിടുകയും യറുശലേമിൽ മടങ്ങിയെത്തുകയും കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. അതിനുവേണ്ടി അദ്ദേഹം ബയിറൂട്ടിലേക്കു പോയി റഹമാനി പാത്രിയർക്കീസിനെ കാണുകയും കത്തോലിക്കാ സഭയിൽ ചേരുകയും ചെയ്തു. മലങ്കരയിൽ മപ്രിയാനായി വാഴിക്കപ്പെട്ട ദേഹം പാത്രിയർക്കീസ് മലങ്കരയിൽനിന്നും മടങ്ങി ഏതാനും നാളുകൾക്കകം നിര്യാണമടഞ്ഞു. അനന്തരം അബ്ദദ്മിശിഹാ യാക്കോബായ സഭയിലേക്ക് തിരിയെ ചേരുകയും, മർദ്ദീനിലേക്ക് പോകുകയും, ഡയർ എൽസഫ്രാനിൽ താമസിക്കുകയും ചെയ്തു.

**ചോദ്യം 4**

അബ്ദുമിശിഹായും അബ്ദള്ളായും എവിടെവച്ച് ഏതു വർഷത്തിൽ ചരമം പ്രാപിച്ചു?

**ഉത്തരം**

1915 സെപ്തംബർ 12-ാംതീയതി ഡയറൽസഫ്രാനിൽ വെച്ച് അബ്ദുമിശിഹാ പാത്രിയർക്കീസ് ചരമം പ്രാപിക്കുകയും തന്റെ മുൻഗാമിയായിരുന്ന പത്രോസ് പാത്രിയർക്കീസിന്റെ ശവകുടീരത്തിൽ

സംസ്ക്കരിക്കപ്പെടുകയും ചെയ്തു. അബ്ദള്ളാപാത്രിയർക്കീസ് 1915 ഡിസംബർ 9-ാംതീയതി യറുശലേമിൽവെച്ച് ചരമമടയുകയും വി.മാർക്കോസിന്റെ ദയറായിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

**ചോദ്യം 5**

അബ്ദുമിശിഹായുടെ മരണത്തിനു മുമ്പാണോ ഇപ്പോഴത്തെ പാത്രിയർക്കീസ് വാഴിക്കപ്പെടുകയും സിംഹാസനത്തിൽ ആരൂഢനാകുകയും ചെയ്തിട്ടുള്ളത്?

**ഉത്തരം**

അല്ല. രണ്ടു വർഷങ്ങൾക്കു ശേഷമാണ്. 1915-ൽ അബ്ദുദ്മിശിഹാ ചരമമടയുകയും 1917 ഫെബ്രുവരി 12-ാം തീയതി മാർ ഏലിയാസ് പാത്രിയർക്കാ സിംഹാസനത്തിൽ കരേറുകയും ചെയ്തു.

**ചോദ്യം 6**

ഏഷ്യാമൈനറിലുള്ള യാക്കോബായക്കാരുടെ സംഖ്യ എത്രയാണ്? അവർക്ക് എത്ര മെത്രാന്മാരുണ്ട്? പാത്രിയർക്കീസ് സാധാരണമായി എവിടെയാണ് താമസിക്കുന്നത്?

**ഉത്തരം**

അബ്ദുമിശിഹായുടെ മുൻഗാമിയായിരുന്ന പത്രോസ് തൃതീയന്റെ ഒരു കണക്കിൻപ്രകാരം യാക്കോബായക്കാരുടെ ജനസംഖ്യ 2,37,880 ആണ്. പക്ഷേ, അത് അല്പം അതിശയോക്തിപരമാണെന്നു തോന്നുന്നു. ശരിയായ കണക്ക് ഇതേവരെ എടുത്തിട്ടില്ലാത്തതിനാൽ ഏഷ്യാമൈനറിലെ യാക്കോബായക്കാരുടെ സംഖ്യ നാല്പതിനായിരത്തിനും അൻപതിനായിരത്തിനും ഇടയ്ക്കു വരുമെന്ന് ഊഹിക്കുവാനേ നിവൃത്തിയുള്ളൂ.*

തുർക്കികൾ നടത്തിയ മതപീഡനത്തിനുശേഷം അവരുടെ മെത്രാന്മാരുടെ സംഖ്യ ഒൻപതോ പത്തോ ഏഷ്യയിലും നാലോ ആറോ ഇൻഡ്യയിലും ഉണ്ടെന്നു പറയപ്പെടുന്നു. മഹായുദ്ധത്തിനുമുമ്പ് പാത്രിയർക്കീസിന്റെ ആസ്ഥാനം ഡയറൽസഫ്രാനിൽ ആയിരുന്നു. തന്റെ കീഴിലുള്ള ജനങ്ങളുമായി സമ്പർക്കത്തിലേർപ്പെടുന്നതിനുള്ള സൗക

*മുപ്പതുവർഷം മുമ്പ്, എടുത്ത കണക്കാണ് ഇത്. പരദേശത്തെ യാക്കോബായക്കാരുടെ സംഖ്യ പ്രതിദിനം കുറഞ്ഞുകൊണ്ടാണിരിക്കുന്നത്. ഇപ്പോൾ ഇരുപതിനായിരത്തിൽ കൂടുതൽ വരുകയില്ല (ഗ്രന്ഥകർത്താ)

ര്യത്തെലാക്കാക്കി ഇപ്പോഴത്തെ പാത്രിയാർക്കീസ് പ്രസ്തുത ആസ്ഥാനം വളരെ മുമ്പു തന്നെ ഉപേക്ഷിച്ചു. അദ്ദേഹം ഏതാനും നാളുകൾ യറുശലേമിലും അതിനുശേഷം മൂസലിലും പോയി താമസിക്കുന്നു. മുസ്സലിൽ താമസിക്കുന്നതിന് അദ്ദേഹം കൂടുതലായി ഇഷ്ടപ്പെടുന്നതിനാൽ തന്റെ ഔദ്യോഗികവസതി മൂസലിൽ ആക്കുമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. തന്റെ ഭരണത്തിൻ കീഴുള്ളവരും മതതീക്ഷ്ണതയുള്ളവരുമായ യാക്കോബായക്കാർ ബഹുഭൂരിപക്ഷവും താമസിക്കുന്നത് മൂസ്സലിൽ ആണെന്നുള്ളതത്രേ ഇതിനുള്ള കാരണം'' (സിറിയായിൽ നിന്നും Rev. Fr. Innocent O. C. 28-1-1932-ൽ അയച്ച കത്ത്)

അബ്ദള്ളാപാത്രിയാർക്കീസിനേയും അബ്ദദുമിശിഹാ പാത്രിയാർക്കീസിനേയും പറ്റി ഏകദേശമായ ഒരു ജ്ഞാനമെങ്കിലും മേൽചേർത്ത രേഖയിൽനിന്നും വായനക്കാർക്കു ലഭിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

*　　　　*　　　　*　　　　*

അബ്ദള്ളാപാത്രിയർക്കീസ് മെത്രാനായിരിക്കവെ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു പത്തുവർഷത്തോളം (1896-1906-വരെ) ഹോംസുരൂപതയിലെ കത്തോലിക്കാമെത്രാനായി ഭരണം നടത്തിയെന്നും യാക്കോബായ പാത്രിയർക്കീസാകുന്നതിനുവേണ്ടി മാത്രം കത്തോലിക്കാസഭയിൽനിന്നും മടങ്ങി പോകുകയാണുണ്ടായതെന്നുമുള്ള വാസ്തവം സകലരും സമ്മതിക്കുന്നുണ്ട്. എന്നാൽ അബ്ദദുമിശിഹാപാത്രിയർക്കീസ് കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടില്ലെന്നും, കത്തോലിക്കർ കെട്ടിച്ചമച്ച ഒരു കള്ളക്കഥയാണ് അതെന്നും ഈ അടുത്തകാലത്ത് ചിലർ പ്രസ്താവിച്ചതായി അറിയുന്നു. മേൽചേർത്തിരുന്ന കത്തിൽ നിന്നും പ്രസ്തുതപാത്രിയർക്കീസിന്റെ കത്തോലിക്കാപുനരൈക്യം സുസ്പഷ്ടമായി തെളിയുന്നുണ്ടല്ലോ. ഇതു സംബന്ധമായ ഏതാനും രേഖകൾകൂടെ ഇവിടെ ചേർക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ക്രിസ്താബ്ദം 1913 മെയ്മാസം 3-ാം തീയതിയായിരുന്നു അബ്ദദുമിശിഹാപാത്രിയർക്കീസ് ബയ്റൂട്ടിൽവെച്ച് കത്തോലിക്കാസഭയെ ആശ്ലേഷിച്ചത്. പ്രസ്തുത പുനരൈക്യവാർത്തയുടെ വിശദവിവരങ്ങൾ സിറിയായിലെ ഒരു കോർഎപ്പിസ്ക്കോപ്പാ ''മിഷ്യൻസ് കത്തോലിക്സ്'' എന്ന മാസികയിൽ ആയിടയ്ക്കു തന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു.

തൃശ്ശിനാപ്പള്ളിയിൽനിന്നും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന "The Morning Star" എന്ന മാസികയുടെ 1913 സെപ്തംബർ ലക്കത്തിൽ പ്രസ്തുത ലേഖനം ഉദ്ധരിച്ചിരുന്നു. അതിന്റെ മലയാളവിവർത്തനമാണ് താഴെ ചേർക്കുന്നത്.

## യാക്കോബായ മേലദ്ധ്യക്ഷന്മാരുടെ കത്തോലിക്കാപുനരൈക്യം

(Rev.R.P.Thomas Halabia, Syria.)

1912 ഡിസംബർ പത്താംതീയതി അന്ത്യോഖ്യയിലെ സുറിയാനി കത്തോലിക്ക് പാത്രിയർക്കീസായ മോൺ. ഇഗ്നേഷിയസ് എഫ്രേം റഹമാനിയുടെ ബയറൂട്ടിലുള്ള അരമനയിൽ യരുശലേമിലെ യാക്കോബായ മെത്രാപ്പോലീത്താ ആയ മോൺ. ഏലിയാസു ഹല്ലൂലി, അപ്പാമെയായിലെ യാക്കോബായ മെത്രാപ്പോലീത്താ ആയ മോൺ. ഏബ്രഹാം ഡേവിഡ് എന്നിവർ വന്നുചേർന്നു. അവരോടൊന്നിച്ച് യാക്കോബായ സഭയിലെ ഒരു വൈദികനും ഉണ്ടായിരുന്നു. കത്തോലിക്കാ പുനരൈക്യം പ്രാപിക്കുന്നതിന് തങ്ങൾക്കുള്ള ദൃഢനിശ്ചയം പ്രസ്തുത മെത്രാപ്പോലീത്തന്മാർ പാത്രിയർക്കീസിനെ അറിയിച്ചു. തന്മൂലം മോൺ റഹമാനി സ്നേഹപുരസ്സരം അവരെ സ്വീകരിക്കയും തന്നോടൊന്നിച്ച് താമസിക്കുന്നതിനും സിറിയാ സ്വദേശിയായ റവ. ഫാദർ സൽഹാനി എസ്.ജെയുടെ കീഴിൽ ഏതാനും ദിവസം ആദ്ധ്യാത്മികപരിശീലനം കഴിക്കുന്നതിനുള്ള സൗകര്യങ്ങൾ നല്കുകയും ചെയ്തു.

പതിനൊന്നു ദിവസം കഴിഞ്ഞ് ഡിസംബർ 21-ാം തീയതി ഒട്ടനേകം വൈദികന്മാരുടെ സാന്നിദ്ധ്യത്തിൽ എട്ടാം ഉർബൻ മാർപ്പാപ്പായുടെ ഫോർമുലാ ഉപയോഗിച്ച് അവരെ വിശ്വാസപ്രതിജ്ഞ നടത്തി കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു. അനന്തരം അവരുടെ കീഴിലുണ്ടായിരുന്ന അജഗണത്തെ മുഴുവനായോ അംശമായോ കത്തോലിക്കാ ഐക്യത്തിലേക്ക് കൊണ്ടുവരുന്നതിനായി തീക്ഷ്ണതാപൂർവ്വം പരിശ്രമിക്കുന്നതിന് അവർക്കുള്ള ചുമതലയെ ആസ്പദമാക്കി വികാരഭരിതനായി അദ്ദേഹം പ്രസംഗിക്കുകയുണ്ടായി.

യാക്കോബായസഭയിൽ ഈ പരിവർത്തനം ഒരു വലിയ കോളിളക്കത്തിനും തദ്വാരാ റോമായിലേക്കുള്ള ഒരു വലിയ പ്രവാഹത്തിനും മുഖാന്തിരമായിത്തീർന്നു.

പുനരൈക്യപ്പെട്ട രണ്ടു മെത്രാപ്പോലീത്തന്മാരെ കത്തോലിക്കാ

വേദശാസ്ത്രവും സാന്മാർഗ്ഗികനിയമങ്ങളും പഠിപ്പിച്ചതിനു ശേഷം മോൺ.ഏലിയാസു ഹല്ലൂലിയെ പാത്രിയർക്കീസിന്റെ വികാരിയായി യറുശലേമിലേക്ക് മോൺ. റഹമാനി അയച്ചു.

വിശുദ്ധപട്ടണത്തിൽ അദ്ദേഹം ആഗതനായതിന്റെ പിറ്റേദിവസം പൗരസ്ത്യരീതിയിൽ വേഷവിധാനം സ്വീകരിച്ചിരുന്ന യാക്കോബ്യരുടെ പാത്രിയാർക്കീസായ മോൺ. ഇഗ്നേഷിയസ് അബ്ദദ്മിശിഹാ അദ്ദേഹത്തെ സന്ദർശിക്കുന്നതിനായി അവിടെ എത്തിച്ചേർന്നു.

സുറിയാനി ശീശ്മസഭയുടെ മേലദ്ധ്യക്ഷനായ അദ്ദേഹം മലബാർ പര്യടനത്തിനുശേഷം മടങ്ങി എത്തിയതായിരുന്നു. അവിടെ അനേകം മാസങ്ങൾ അദ്ദേഹം താമസിക്കുകയും മൂന്നു മെത്രാന്മാരുടെ അഭിഷേകം നടത്തുകയും ചെയ്തിരുന്നു. കത്തോലിക്കാമതപരിവർത്തനം നടത്തിയതിൽ തന്റെ സഹ്രഗനെ അദ്ദേഹം കുറ്റപ്പെടുത്തേണ്ടതിനു പകരം അദ്ദേഹത്തെ അനുമോദിക്കുകയാണു ചെയ്തത്.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ മോൺ. ഹല്ലൂലിക്ക് ഇതിന്റെ രഹസ്യം ഗ്രഹിക്കുന്നതിനു സാധിച്ചു. സുറിയാനി കത്തോലിക്കരുടെ ഒരു യോഗത്തിൽ താൻ കത്തോലിക്കാസഭയോടു പുനരൈക്യം പ്രാപിക്കുന്നതിനും പരിശുദ്ധ മാർപ്പാപ്പയുടെ പരമാധികാരത്തെ സ്വീകരിക്കുന്നതിനും, പൗരസ്ത്യദേശത്തെ ഫ്രഞ്ചുഗവൺമെന്റിന്റെ അധീനതയിൽ താമസിക്കുന്നതിനും അനുഗ്രഹിക്കുന്നുവെന്നു പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി.

ഏതാനും ദിവസങ്ങൾക്കുശേഷം യരുശലേമിലെ ലത്തീൻ പാത്രിയാർക്കീസായ മോൺ.എഫ് കമേശയിയെ സന്ദർശിക്കുകയും,തന്റെ ആഗ്രഹം അദ്ദേഹത്തെ അറിയിക്കുകയും പ്രസ്തുത വിവരം പരിശുദ്ധ സിംഹാസനത്തിൽ അറിയിക്കുന്നതിന് അദ്ദേഹത്തോടഭ്യർത്ഥിക്കുകയും ചെയ്തു. ഉടനെ തന്നെ ബയ്റൂട്ടിലേക്ക് മോൺ.റഹമാനിയുടെ പേർക്ക് റോമൻകത്തോലിക്കാപുനരൈക്യത്തിനുള്ള തന്റെ സ്വതന്ത്രവും ഹൃദയപൂർവ്വകവുമായ അഭിലാഷത്തെപ്പറ്റി ഒരു കമ്പി അടിക്കുകയും ചെയ്തു.

മോൺ.റഹമാനി പാത്രിയാർക്കീസ് ബയ്റൂട്ടിലേക്ക് ഈ യാക്കോബായ പാത്രിയാർക്കീസിനെ ക്ഷണിക്കയും എത്രയും ഹൃദയപൂർവ്വം അദ്ദേഹത്തെ സ്വീകരിക്കുകയും മതസംബന്ധമായ വേണ്ട ഉപദേശങ്ങൾ തീക്ഷ്ണതാപൂർവ്വം നല്കുകയും ചെയ്തു. മെയ്മാസം 3-ാം തീയതി മോൺ. അബ്ദദുമിശിഹാ വിശ്വാസപ്രതിജ്ഞ നടത്തി ഔദ്യോഗികമായി കത്തോലിക്കാസഭയുടെ മടിയിലേക്ക് സ്വീകരിക്കപ്പെട്ടു.

മോൺ.അബ്ദദ്മിശിഹായോട് വിശ്വസ്തരായി നില്ക്കുന്ന സിറിയ, മെസപ്പൊട്ടോമിയ, കർദിസ്ഥാൻ, മലബാർ എന്നീ രാജ്യങ്ങളിലുള്ള യാക്കോബായക്കാരുടെ ഇടയിൽ ഈ പുനരൈക്യം അഭികാമ്യമായ ഫലം പുറപ്പെടുവിക്കുമെന്നുള്ളതിനെപ്പറ്റി ഞങ്ങൾക്ക് തെല്ലും സന്ദേഹമില്ല. ഏതാനും യാക്കോബായ വൈദികന്മാർ അനുമോദനക്കത്തുകളയച്ചുകഴിഞ്ഞു. വേറെ ചിലർ തങ്ങളുടെ മെത്രാപ്പോലീത്തായെ അനുഗമിച്ച് തങ്ങൾക്കു സമീപമുള്ള മെത്രാന്റെയോ മിഷ്യനറിയുടെയോ മുമ്പാകെ തങ്ങളുടെ അജഗണത്തിൽ ഒരു കൂട്ടത്തോടൊന്നിച്ച് വിശ്വാസപ്രതിജ്ഞ നടത്തി കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുവാൻ ഉദ്ദേശിക്കുന്നു എന്നും എഴുതിയിരിക്കുന്നു.

സന്തോഷപ്രദമായ ഈ സംഭവം കഴിഞ്ഞ് ഏതാനും വാരങ്ങൾക്കുള്ളിൽ റഹമാനി പാത്രിയാർക്കീസ് റോമിലേക്കു പോയി. കത്തോലിക്കാസഭാപുനരൈക്യം പ്രാപിച്ച അബ്ദദ്മിശിഹാ പാത്രിയാർക്കീസിന്റെ വിശ്വാസപ്രതിജ്ഞാപത്രവും സഭയുടെ പരമാദ്ധ്യക്ഷനോടുള്ള അനുസരണാവിധേയത്വം പ്രസ്പഷ്ടമാക്കുന്ന ഒരു കത്തും അദ്ദേഹം കൊണ്ടുപോയി.

അബ്ദദ്മിശിഹാ സ്വന്തം കൈപ്പടയിൽ എഴുതിയ കത്ത് അതിന്റെ ഇറ്റാലിയൻ പരിഭാഷയോടു കൂടെ പരിശുദ്ധപിതാവിനു മോൺ.റഹമാനി സമർപ്പിച്ചത് ഇക്കഴിഞ്ഞ ജൂൺ 11-ാം തീയതി ആയിരുന്നു. സന്തോഷാവഹമായ ഈ വാർത്ത ശ്രവിച്ച പരിശുദ്ധപിതാവ് അതീവസന്തുഷ്ടനായിത്തീരുകയും യാക്കോബ്യരുടെ മാനസാന്തരത്തിനു വേണ്ടിയുള്ള മോൺ. റഹമാനിയുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും അതീവതീക്ഷ്ണതയോടുകൂടി ഈ പ്രവർത്തനം തുടരുന്നതിനുള്ള പ്രേരണ നൽകുകയും ചെയ്തു. അതുകൂടാതെ പുനരൈക്യം പ്രാപിച്ച പാത്രിയാർക്കീസിനേയും രണ്ടു മെത്രാന്മാരേയും അവരെ അനുഗമിച്ചവരേയും തന്റെ നാമത്തിൽ അനുഗ്രഹിക്കുന്നതിന് അദ്ദേഹത്തെ പ്രത്യേകം നിയോഗിക്കുകയുണ്ടായി. ഇപ്രകാരം തന്നെ പുനരൈക്യപ്പെട്ട യാക്കോബ്യർക്കുവേണ്ടി ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനും അവരുടെ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും അവരുടെ ഇടയിൽ വേല ചെയ്യുന്ന മിഷ്യനറിമാരെ സഹായിക്കുന്നതിനും വേണ്ടി സംഭാവനകൾ നല്കുന്നവർക്കും മാർപ്പാപ്പയ്ക്കടുത്ത ആശീർവാദം നല്കുന്നതിനുള്ള അധികാരവും പ. പിതാവ് മോൺ.റഹമാനിക്ക് നല്കുകയുണ്ടായി.

(The Morning Star.1913 September-October Page 42)

(2) 1914 കർക്കടകം 17–ാം തീയതി അബ്ദദ്മ്ശിഹാ പാത്രിയാർക്കീസ് കുർക്കുമദയറായിൽനിന്നും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ പേർക്ക് അയച്ച കത്തിലും ഈ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കത്തിൽനിന്നും ചില ഭാഗങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു;-

"............ റോമാസഭയിലെ പാത്രിയാർക്കീസിന്റെ പക്കൽ നാം അഭയം പ്രാപിക്കേണ്ടി വന്നു.

"........... അവിടെ നിന്നും ബയ്റൂട്ടിൽ ചെന്ന് അവരുടെ കൂടെ വലിയ പെരുനാൾവരെ കുറേദിവസം നാം താമസിച്ചു. ........... കുറെ ദിവസങ്ങൾക്കുശേഷം നാം മർദ്ദീനിലേക്കു പോയി. അവിടെ അവരോടുകൂടെ താമസിക്കേണ്ടി വന്നു."

താൻ കത്തോലിക്കാസഭയെ ആശ്ലേഷിച്ച വിവരം ഈ കത്തിൽ സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പ്രസ്തുത വാചകങ്ങളിൽനിന്നും അനുഗമിക്കാവുന്ന പരമാർത്ഥമെന്തെന്ന് സത്യാന്വേഷികളായ വായനക്കാർ തന്നെ വിധിച്ചുകൊള്ളട്ടെ.

(3) യാക്കോബായസഭയിലെ "മലങ്കര സിറിയൻ ക്രിസ്ത്യൻ ലീഗിന്റെ ആഭിമുഖ്യത്തിൽ "കാതോലിക്കാസ്ഥാപനത്തിന്റെ യഥാർത്ഥ നില" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പുസ്തകത്തിൽ ഈ വാസ്തവം സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കുന്നു. ഓർത്തഡോക്സ് സഭയിലെ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അബ്ദദ്മ്ശിഹാ പാത്രിയാർക്കീസിനെ സ്തുതിച്ചുകൊണ്ട് "മലയാളമനോരമ"യിൽ എഴുതിയിരുന്ന ലേഖനത്തിനു മറുപടിയായി പ്രസ്തുത പുസ്തകത്തിൽ എഴുതിയിരുന്നതിൽ ഒരു ഭാഗമാണ് ചുവടേ ചേർക്കുന്നത്.

"പിന്നീട് നമ്മുടെ മെത്രാച്ചൻ തന്റെ ലേഖനത്തിൽ പറയുന്നത് അബ്ദൽമിശിഹാ പാത്രിയാർക്കീസ് മലയാളത്തു നിന്ന് സിംഹാസനത്തിങ്കലേക്ക് തിരിച്ചുപോയെന്നും അദ്ദേഹത്തെ കുർക്കുംദയറായിൽ ബഹുമാനപുരസ്സരം എതിരേറ്റു സ്വീകരിച്ചെന്നും അവിടെ വച്ച് ദിവംഗതനായപ്പോൾ പൂർവ്വാധികം ആദരവോടെ അവിടെ സംസ്ക്കരിച്ചുവെന്നും "ഇവയെല്ലാം ദൈവനടത്തിപ്പായി കരുതേണ്ടതാണ്" എന്നും അത്രേ. എന്നാൽ ചില പ്രധാനസംഗതികൾ അദ്ദേഹം മനഃപൂർവ്വം വിട്ടുകളഞ്ഞു. അബ്ദൽമ്ശിഹാ പാത്രിയാർക്കീസ് മലയാളത്തുനിന്ന്

തിരിച്ച് ബയ്റൂട്ടിൽ എത്തി റോമാസഭയിൽ ചേരുകയും അവിടെ വച്ച് അദ്ദേഹത്തിന്റെ വാതരോഗം വർദ്ധിച്ചപ്പോൾ റോമ്മാക്കാർ അദ്ദേഹത്തെ മർദ്ദീനിലുള്ള അവരുടെ ഒരു പള്ളിയിലേക്കും പള്ളിക്കാർ അദ്ദേഹ ത്തിന്റെ ചാർച്ചക്കാരുടെ അടുക്കലേക്കും തള്ളുകയും ചാർച്ചക്കാർക്ക് ദുർവ്വഹമെന്നു കണ്ട് അവർ അപേക്ഷിച്ചതനുസരിച്ച് അക്കാലത്ത് ഊർശ്ലേരിൽ താമസിച്ചിരുന്ന അബ്ദള്ളാ പാത്രിയാർക്കീസിന്റെ അനു വാദത്തോടുകൂടി കുർക്കുമദയറായിൽ അദ്ദേഹത്തെ താമസിപ്പിക്കു കയും അവിടെ വച്ച് ശരീരം തീരെ തളർന്ന് സുബോധം മിക്കവാറും നശിച്ച് മരിച്ച്, കുർക്കുമദയറായിൽ ദയറാക്കാർ മുതലായവരെ അട ക്കുന്ന നിലവറ (പാത്രിയാർക്കീസന്മാരേയും മറ്റും അടക്കുന്ന സ്ഥല ത്തിന്റെ താഴത്തെ നില)യിൽ അടക്കപ്പെടുകയും ചെയ്തു. സംഗതി കളും "ദൈവനടത്തിപ്പ്" തന്നെ. അബ്ദദ്മ്ശിഹാ പാത്രിയാർക്കീസിന്റെ റോമാമത സ്വീകരണം തന്റെ മൊഴിയിൽ സമ്മതിച്ചിട്ടുള്ളതുകൊണ്ട് ചർവ്വിത ചർവ്വണം ചെയ്യേണ്ട ആവശ്യമില്ലെന്നു വിചാരിച്ചായിരിക്കണം മാർ തീമോത്തിയോസ് തന്റെ മനോരമാലേഖനത്തിൽ അത് വിട്ടുകള ഞ്ഞത്. അതല്ലാതെ അതും "ദൈവനടത്തിപ്പ്"ല്ലാഞ്ഞിട്ടല്ലെന്ന് വിചാ രിക്കേണ്ടിയിരിക്കുന്നു.

(കാതോലിക്കാ സിംഹാസനത്തിന്റെ യഥാർത്ഥനില പുറം 8-9)

അബ്ദള്ളാ പാത്രിയാർക്കീസും അബ്ദദ്മിശിഹാ പാത്രി യാർക്കീസും കത്തോലിക്കാസഭാപുനരൈക്യം പ്രാപിച്ചവരാണെന്നുള്ള ചരിത്രവസ്തുത അനിഷേധ്യമാണെന്ന് മേലുദ്ധരിച്ച രേഖകളിൽ നിന്നും വായനക്കാർ ഗ്രഹിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

# അദ്ധ്യായം – 8

# അബ്ദല്ലാബാവായുടെ ആഗമനവും മാർ ദിവന്നാസ്യോസിനു ലഭിച്ച മുടക്കും

**അ**ന്ത്യോഖ്യാ യാക്കോബായ പാത്രിയാർക്കീസായിരുന്ന അബ്ദല്ലാബാവാ മലങ്കരസന്ദർശനാർത്ഥം ഇവിടെ എഴുന്നെള്ളിയ കാലയളവിൽ നമ്മുടെ കഥാപുരുഷൻ 'എം.ഏ.അച്ചൻ' എന്ന പേരിൽ എം.ഡി.സെമിനാരി പ്രിൻസിപ്പാളായി ജോലിനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഇംഗ്ലണ്ടിലും മറ്റും പോയശേഷം കേരളത്തിലേക്കു വരുവാൻ താൻ ഉദ്ദേശിക്കുന്നെന്നും, കപ്പലിൽ ഇന്നദിവസം ബോംബെയിൽ ഇറങ്ങുന്നതാണെന്നും തന്നെ സ്വീകരിക്കുവാൻ അവിടെ വന്നു ചേരണമെന്നുള്ള കമ്പി മാർ ദിവന്നാസ്യോസ് തിരുമേനിക്ക് പാത്രിയാർക്കീസിൽ നിന്നും ലഭിക്കുകയുണ്ടായി. ഉടൻ തന്നെ മെത്രാപ്പോലീത്താ എം,ഏ.അച്ചനെ വരുത്തി പാത്രിയർക്കീസു ബോംബെയിൽ എത്തുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കുന്നതിനായി മാർ ദിവന്നാസ്യോസ്, ഫാദർ പി.റ്റി.വറുഗീസ്, കോനാട്ടുമല്പാനച്ചൻ, താമരപ്പള്ളിൽ ഏബ്രഹാം കത്തനാർ, ഈ.എം.ഫിലിപ്പ്, കെ.സി.മാമ്മൻ മാപ്പിള എന്നിങ്ങനെ സമുദായ പ്രതിനിധികളായി ഏതാനും ആളുകൾ പോകണമെന്നു തീരുമാനിച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ നിർബന്ധപൂർവ്വകമായ കൽപ്പനയനുസരിച്ചായിരുന്നു കഥാപുരുഷൻ ഇതിനു സമ്മതിച്ചത്. നിശ്ചിതദിവസം എല്ലാവരും ബോംബെയിൽ എത്തുകയും പാത്രിയാർക്കീസുബാവായെ ബഹുമാനപുരസ്സരം സ്വീകരിക്കുകയും ചെയ്തു.

## പാത്രിയർക്കീസിന്റെ സെക്രട്ടറി

മലങ്കരയിൽ നിന്നും ചെന്നിരുന്ന പ്രതിനിധികളിൽ ഉത്കൃഷ്ട ബിരുദധാരിയായ ഫാദർ ഗീവറുഗീസ്, എം.ഡി.സെമിനാരി ഹൈസ്കൂളിന്റെ പ്രിൻസിപ്പാളാണെന്ന് അറിയുകയാലും സുറിയാനിയിലും ഇംഗ്ലീഷിലും അസാമാന്യവ്യുല്പ്പത്തിയുള്ളവനാണെന്നു ഗ്രഹിക്കയാലും പാത്രിയാർക്കീസു ബാവായ്ക്ക് കഥാപുരുഷനോടു അതിയായ സ്നേഹവും വാത്സല്യവുമുളവായി. ബാവാ തിരുമേനിയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും താൽപ്പര്യപൂർവ്വം പ്രവർത്തിക്കുന്നതിന് എം.ഏ അച്ചനുണ്ടായിരുന്ന സന്നദ്ധതയും സാമർത്ഥ്യവും ബാവാതിരുമേനിയിൽ അതീവസംതൃപ്തി ഉളവാക്കി. തന്നിമിത്തം പാത്രിയർക്കീസിന്റെ ഒരു സെക്രട്ടറിയെന്നോണം എം.ഏ അച്ചൻ പ്രവർത്തിച്ചുകൊണ്ടിരുന്നു. മംഗളാശംസാപരമായും അനുഗ്രഹാഭ്യർത്ഥനാരൂപത്തിലും പാത്രിയർക്കീസിനു ലഭിച്ചുകൊണ്ടിരുന്ന കത്തുകൾ ഇംഗ്ലീഷിൽനിന്നും സുറിയാനിയിലേക്ക് വിവർത്തനം ചെയ്യുന്ന ജോലിയും എം.ഏ.അച്ചൻ തന്നെ നിർവഹിച്ചുകൊണ്ടിരുന്നു. മലങ്കരസഭാകാര്യങ്ങളെക്കുറിച്ചും സമുദായപ്രമുഖന്മാരെപ്പറ്റിയും പല കാര്യങ്ങളും ബോംബെയിൽവച്ച് കഥാപുരുഷനോടു ചോദിച്ചു പാത്രിയർക്കീസു മനസ്സിലാക്കി. ഇക്കൂട്ടത്തിൽ ഒരവസരത്തിൽ രഹസ്യമായി ഇപ്രകാരം ചോദിക്കുകയുണ്ടായി.

“നാമും മാർ ദിവന്നാസ്യോസും പരസ്പരം പിണങ്ങുവാൻ ഇടയായാൽ നിങ്ങൾ നമ്മോടു കൂടെ നില്ക്കുമോ?”

പെട്ടന്നുണ്ടായ ആ ചോദ്യത്തിന് ഉത്തരം നല്കുവാൻ നിവൃത്തിയില്ലാതെ വിഷമിച്ചുകൊണ്ടിരുന്ന എം.ഏ.അച്ചനോട് പാത്രിയാർക്കീസു ബാവാ വീണ്ടും ആജ്ഞാപിച്ചു. “എന്താണ് ഉത്തരം പറയാതെ നിൽക്കുന്നത്? മറുപടി പറയണം?” തൽക്ഷണം അച്ചൻ ഉത്തരം നൽകി.

“ആബൂൻ മാർ ദിവന്നാസ്യോസ് എന്റെ ഗുരുവാണ്. സത്യത്തിനെതിരായി അദ്ദേഹം പ്രവർത്തിക്കുന്നതിൽ ഞാൻ കൂട്ടുകാരനാകയില്ല. അല്ലാത്തപക്ഷം ഞാൻ അദ്ദേഹത്തോടു കൂടിയേ നില്ക്കുകയുള്ളു.

പാത്രിയാർക്കീസിന്റെ ഏതാദൃശചോദ്യത്തിൽ നിന്നും രണ്ട് കാര്യങ്ങൾ സ്പഷ്ടമായിരുന്നു. ഒന്നാമതായി താൻ മലങ്കരയിൽ വന്ന് മാർ ദിവന്നാസ്യോസിനോടു ലൗകികാധികാരം ആവശ്യപ്പെടുമ്പോൾ മാർ ദിവന്നാസ്യോസ് അതിൽ വിസമ്മതം പ്രകടിപ്പിക്കുമെന്നും തൻമൂലം അവർ തമ്മിൽ പിണങ്ങുവാൻ ഇടയാകുമെന്നും തൽഫലമായി

മുടക്കേണ്ടി വരുമെന്നും പാത്രിയാർക്കീസിനു മുൻകൂട്ടി അറിയാമായിരുന്നു. രണ്ടാമതായി മുടക്കുണ്ടാകുന്നപക്ഷം സമർത്ഥനായ എം.ഏ. അച്ചൻ തന്റെ ഭാഗത്തുചേർന്നു നില്ക്കുമെങ്കിൽ അതു തനിക്ക് ഒരു വലിയ വിജയമായിരിക്കുമെന്ന് പാത്രിയർക്കീസിന് ദൃഢമായ വിശ്വാസമുണ്ടായിരുന്നു. അത്രമാത്രം മതിപ്പായിരുന്നു ഏതാനും ദിവസത്തെ പരിചയം നിമിത്തം കഥാപുരുഷനെപ്പറ്റി പാത്രിയാർക്കീസിനുണ്ടായത്. ഏതായാലും തന്റെ ആഗ്രഹമനുസരിച്ചുള്ള മറുപടി ലഭിയ്ക്കായ്കയാൽ പാത്രിയാർക്കീസിന് അസംതൃപ്തിയും നിരാശയുമാണ് ഉണ്ടായതെന്ന് അദ്ദേഹത്തിന്റെ മുഖകമലം തൽക്ഷണം വെളിപ്പെടുത്തി.

ബോംബെയിൽ നിന്നുള്ള യാത്രയിൽ പാത്രിയാർക്കീസിന്റെ ആവശ്യങ്ങളിലെല്ലാം അദ്ദേഹത്തെ സഹായിക്കുന്നതിന് എം.ഏ.അച്ചൻ ദത്തശ്രദ്ധനായിരുന്നു. 1085 തുലാം 3–ാം തീയതിയാണ് കോട്ടയം പഴയ സെമിനാരിയിൽ താമസമാരംഭിച്ചു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്താ പാത്രിയാർക്കീസിന്റെ മുറിക്കടുത്തുള്ള വേറൊരു മുറിയിലും താമസമായി.

## ലൌകികാധികാരവടംവലി

ക്രിസ്താബ്ദം 1653–ൽ നടന്ന കൂനൻകുരിശു സത്യത്തിനുശേഷം മാത്രമാണ് യാക്കോബായസഭയ്ക്കു കേരളത്തിൽ പ്രവേശനം ലഭിച്ചതെന്നും 1665–ൽ ഇവിടെ ആഗതനായ മാർ ഗ്രിഗോറിയോസ് ബാവായാണ് അതിനു കാരണപുരുഷനെന്നും മലങ്കരസഭാചരിത്രം തെളിയിക്കുന്നു. അതിനു മുമ്പ് അന്ത്യോഖ്യായാക്കോബായ പാത്രിയർക്കീസന്മാർക്ക് ഇവിടുത്തെ ക്രൈസ്തവരുടെ മേൽ ആത്മീയമോ ലൗകികമോ ആയ അധികാരം ഇല്ലായിരുന്നുവെന്നും പ്രസ്തുത ചരിത്രം വിളിച്ചു പറയുന്നുണ്ട്. കൂനൻകുരിശു സത്യാനന്തരം പുത്തൻകൂറ്റുകാരായിത്തീരുകയും അനന്തരം യാക്കോബായ വിശ്വാസം സ്വീകരിക്കുകയും ചെയ്തവർ പോലും അന്ത്യോഖ്യാപാത്രിയർക്കീസിന്റെ അധികാരം മാത്രമേ സ്വീകരിച്ചിരുന്നുള്ളു. യാക്കോബായസഭയെ ഭരിച്ചിരുന്ന ചില മെത്രാപ്പോലീത്തന്മാർ കാര്യസാദ്ധ്യത്തിനായി ചില അവസരങ്ങളിൽ പാത്രിയാർക്കീസിന്റെ ലൌകികാധികാരം സമ്മതിച്ചുകൊടുത്തിട്ടുണ്ടെങ്കിലും അതു പ്രയോഗത്തിൽ വരുത്തുന്നതിൽ അവരും വൈമനസ്യമാണു പ്രകടിപ്പിച്ചിരുന്നത്.

അബ്ദള്ളാ പാത്രിയാർക്കീസ് കേരളത്തിൽ ആഗതനായത് ഇവിടത്തെ യാക്കോബായസഭയുടെ മേലുള്ള ലൌകികഭരണം ശാശ്വത

മായി ഉറപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടെയായിരുന്നു. അദ്ദേഹം ഇവിടെ എത്തി ഏതാനും ദിവസങ്ങൾക്കകം ഇക്കാര്യം പരസ്യമായി വെളിപ്പെടുത്തി. ഇവിടെയുള്ള യാക്കോബായ മെത്രാന്മാരോടു തന്റെ ലൌകികാധികാരം സമ്മതിച്ചുകൊണ്ടുള്ള ഉടമ്പടി രജിസ്റ്റർ ചെയ്തു കൊടുക്കണമെന്ന് പാത്രിയാർക്കീസ് ആവശ്യപ്പെട്ടു. അപ്രകാരം നല്കാത്തവർക്ക് മേലിൽ മെത്രാൻസ്ഥാനം നല്കുന്നതല്ലെന്നു പ്രഖ്യാപനവും ചെയ്തു. പാത്രിയാർക്കീസിന്റെ കല്പനയനുസരിച്ച് മാർ അത്തനാസ്യോസ്, മാർ സേവേറിയോസ്, മാർ കൂറിലോസ് എന്നീ മെത്രാന്മാർ ഉടമ്പടി എഴുതിക്കൊടുക്കുകയുണ്ടായി. എന്നാൽ അതീവബുദ്ധിമാനും വിദൂരവീക്ഷണവിചക്ഷണനുമായ വട്ടശ്ശേരിൽ മെത്രാപ്പോലീത്തയാകട്ടെ അതിന് വിസമ്മതമാണു പ്രകടിപ്പിച്ചത്. ചരിത്രപണ്ഡിതനും കാനോൻവിദഗ്ധനുമായ നമ്മുടെ കഥാപുരുഷനായിരുന്നു ഇതിനുള്ള ഉപദേശവും പ്രേരണയും വട്ടശ്ശേരിൽ തിരുമേനിക്ക് നല്കിയത്. ഏവം വിധമുള്ള ഉപദേശം നല്കുവാൻ കഥാപുരുഷനെ പ്രേരിപ്പിച്ചത് മൂന്നു കാരണങ്ങളായിരുന്നു.

1. അന്ത്യോക്യാപാത്രിയർക്കീസിന്റെ ലൌകികാധികാരം മലങ്കര സഭയുടെ പുരാതനനടപടിക്ക് എതിരായിരുന്നു. ഇതേവരെ കേരളത്തിലെ യാക്കോബായ സഭാഭരണം നിർവ്വഹിച്ചിട്ടുള്ള ഒരൊറ്റ മെത്രാനും ഇപ്രകാരമുള്ള ഉടമ്പടി നല്കിയിട്ടില്ലായിരുന്നു.

2. ലൌകികാധികാരം പാത്രിയാർക്കീസിന് നല്കുന്നപക്ഷം ഇവിടത്തെ സഭയുടെ സ്വത്തുക്കളിൽ ഭൂരിഭാഗവും പരദേശത്തേക്ക് കൊണ്ടു പോകുകയും തൽഫലമായി ഇവിടത്തെ യാക്കോബായസഭ ബാഹ്യനിലയിലും ആദ്ധ്യാത്മികനിലയിലും അധഃപതിക്കുകയും ചെയ്യും.

3. ലൌകികാധികാരഉടമ്പടി പാത്രിയാർക്കീസിനു നല്കാമെന്നു സമ്മതിച്ചുകഴിഞ്ഞാൽ ഭാവിയിൽ ഇവിടത്തെ വൈദികഭരണം കുഴപ്പത്തിലായിത്തീരും. പാത്രിയാർക്കീസിന് ഇഷ്ടമുള്ളവർക്കു മാത്രം മെത്രാൻസ്ഥാനം നല്കുമെന്നു മാത്രമല്ല, ഭരണം സംബന്ധിച്ചു പാത്രിയാർക്കീസും മെത്രാന്മാരും തമ്മിൽ തർക്കമുണ്ടാകുകയും അവസാനം സഭാഭരണം ദുർഘടാവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യും.

ഈദൃശകാരണങ്ങളായിരുന്നു പാത്രിയർക്കീസിന് ലൌകികാധികാര ഉടമ്പടി നല്കരുതെന്ന് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ

എം.എ.അച്ചൻ ഉപദേശിച്ചത്. ഈദൃശവാദകോലാഹലം നടന്നുകൊണ്ടിരുന്ന അവസരത്തിൽ പാത്രിയാർക്കീസിൻെറ അതൃപ്തിക്കു കഥാപുരുഷൻ പാത്രീഭവിക്കുന്നതിനുള്ള വേറൊരു സംഭവവും നടക്കുകയുണ്ടായി.

## അധികാരം പാത്രിയാർക്കീസിനോ സുന്നഹദോസിനോ?

എം.ഡി.സെമ്മനാരി ഹൈസ്കൂളിൽ ഉയർന്ന ക്ലാസ്സിൽ ആത്മരക്ഷയെപ്പറ്റിയുള്ള ഒരു പാഠം കഥാപുരുഷൻ പഠിപ്പിച്ചുകൊണ്ടിരിക്കവേ കൂദാശകളേയും അക്കൂട്ടത്തിൽ പട്ടത്വത്തേയും പറ്റി സംസാരിക്കുകയുണ്ടായി. ക്ലാസ്സിൽ ഇരുന്ന സമർത്ഥനായ ഒരു വിദ്യാർത്ഥി തൽക്ഷണം ചോദിച്ചു. "മേല്പട്ടക്കാരെ വാഴിക്കുന്നതിന് ആർക്കാണ് അധികാരം?"

യാക്കോബായ സഭയിലെ മെത്രാന്മാരെ വാഴിക്കുന്നതിനും നീക്കുന്നതിനുമുള്ള അധികാരം തനിക്കാണെന്ന് വാദിച്ചുകൊണ്ടിരിക്കുന്ന പാത്രിയാർക്കീസ് വളരെ അടുത്തുതന്നെ താമസിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ പ്രസ്തുത അധികാരം "പാത്രിയാർക്കീസിന് അല്ലാ" എന്നുള്ള ഉത്തരം നൽകുവാൻ അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു വൈദികന് - അതും എം.ഡി.ഹൈസ്കൂളിന്റെ പ്രിൻസിപ്പാളിന് എങ്ങനെ ധൈര്യമുണ്ടാകും? താൻ നൽകുന്ന ഉത്തരം അധികതാമസമെന്യേ പാത്രിയാർക്കീസിന്റെ കർണ്ണപുടങ്ങളിൽ എത്തിച്ചേരുമെന്നും തൻമൂലം പാത്രിയാർക്കീസിന്റെ കർശനമായ ചോദ്യത്തിനും കഠിനമായ വിരോധത്തിനും താൻ പാത്രീഭവിക്കുമെന്നും കഥാപുരുഷനു നല്ല നിശ്ചയമുണ്ടായിരുന്നു. എങ്കിലും സത്യം മറച്ചുകൊണ്ടുള്ള ഉത്തരം വിദ്യാർത്ഥികൾക്കു നല്കി പാത്രിയാർക്കീസിന്റെ പ്രീതി സമ്പാദിക്കുന്നതിന് എം.എ.അച്ചൻ സന്നദ്ധനായില്ല. പാത്രിയാർക്കീസ് മുടക്കിയാലും ശരി, സത്യം തുറന്നുപറയുകതന്നെ എന്ന് നിശ്ചയിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് ഇപ്രകാരം ഉത്തരം നൽകി. "മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അധികാരം മേല്പട്ടക്കാരുടെ സുന്നഹദോസിനാണ്. രണ്ടോ മൂന്നോ മേല്പട്ടക്കാർ കൂടിയാൽ ഒരു മെത്രാനെ വാഴിക്കുന്നതിനു സാധിക്കും. നിഖ്യാസുന്നഹദോസ് അപ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നത്. മലങ്കരയുള്ള മൂന്നു മേല്പട്ടക്കാർ കൂടിയാണ് അൽവാറിസ് മെത്രാച്ചനെ വാഴിച്ചതു."

ഈ വിവരം ഉടൻതന്നെ പാത്രിയാർക്കീസിന്റെ കർണ്ണപുടങ്ങളിൽ എത്തിച്ചേർന്നു. തൻമൂലം പിറ്റേദിവസം പഴയ സെമ്മനാരിയിൽ ചെല്ലണമെന്നുള്ള കല്പന കഥാപുരുഷനു ലഭിച്ചു. താൻ ഗ്രഹിച്ചി

ട്ടുള്ള സത്യം ആരോടും തുറന്നുപറയണമെന്നുള്ള ദൃഢനിശ്ചയത്തോടും ശിക്ഷ സഹിക്കുന്നതിനുള്ള പരിപൂർണ്ണസന്നദ്ധതയോടും കൂടെ പാത്രിയാർക്കീസിന്റെ സന്നിധിയിൽ കഥാപുരുഷൻ ഒരു കുറ്റവാളിയെന്നോണം സന്നിഹിതനായി. കോപാകുലനായ പാത്രിയാർക്കീസ് തൽക്ഷണം സഗൌരവം ചോദിക്കുകയാണ്:

പാത്രിയാർക്കീസന്മാർക്കു മാത്രമല്ല, കാതോലിക്കാമാർക്കും, മെത്രാപ്പോലീത്തന്മാർക്കും മൂറോൻ കൂദാശ ചെയ്യാമെന്നും മെത്രാന്മാരെ വാഴിക്കാമെന്നും താൻ സ്കൂളിൽ പഠിപ്പിച്ചു എന്ന് കേൾക്കുകയുണ്ടായതു വാസ്തവമോ?"

യാതൊരു അധൈര്യവും പ്രദർശിപ്പിക്കാതെ പ്രിൻസിപ്പാൾ തൽക്ഷണം ഉത്തരം നൽകി. "മൂറോനെപ്പറ്റി ഞാൻ അവിടെവെച്ച് സംസാരിച്ചിട്ടില്ല. മേല്പട്ടക്കാരെ വാഴിക്കുന്നതിനെപ്പറ്റി മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു.

പാത്രി - ശരി, അങ്ങനെ പഠിപ്പിക്കുന്നതിനുണ്ടായ കാരണം?

പ്രിൻസിപ്പാൾ - ഹുദായകാനോനിൽ അപ്രകാരമാണ് കാണുന്നത്. സഭാനിയമത്തിനു വിരോധമായി ഞാൻ യാതൊന്നും പഠിപ്പിച്ചിട്ടില്ല.

കാനോൻ ആധാരമാക്കി സധൈര്യം നല്കിയ പ്രസ്തുത മറുപടിക്ക് എതിരായി ഒരക്ഷരം പോലും പറയുവാൻ നിവൃത്തിയില്ലാതെ വിഷമിച്ച പാത്രിയാർക്കീസ് ഹാസ്യസ്വരത്തിൽ അടുത്തുനിന്നിരുന്ന കോനാട്ടു മല്പാനോടു പറഞ്ഞു: "ഇയ്യാളുടെ വഴി വിസ്താരമുള്ളത്. ഇയ്യാൾ വിജ്ഞാനസമുദ്രം തന്നെ!" സമീപേ നിന്നിരുന്ന ഔഗേൻ റമ്പാൻ പാത്രിയാർക്കീസിനോടായി "പിതാവിന്റെ അധികാരത്തിന് എതിരായി ഒന്നും പറഞ്ഞിട്ടില്ലല്ലോ" എന്നു പറഞ്ഞു. തൽക്ഷണം പാത്രിയാർക്കീസ് നാം നിങ്ങളോടു ക്ഷമിച്ചിരിക്കുന്നു. അനുഗ്രഹിക്കട്ടെ, മുട്ടുകുത്തുക" എന്നു കല്പിച്ചു.

"ഇതിൽ യാതൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ല. എങ്കിലും അവിടുത്തെ അനുഗ്രഹം ആവശ്യമാണ്" എന്നു പറഞ്ഞുകൊണ്ട് കഥാപുരുഷൻ മുട്ടുകുത്തി അനുഗ്രഹം വാങ്ങി. അങ്ങനെ ആ രംഗവും പര്യവസാനിച്ചു.

## മുടക്കാകുന്ന ഖഡ്ഗനിപാതം

പാത്രിയാർക്കീസിന്റെ ഇംഗിതമനുസരിച്ച് ഇതരമെത്രാന്മാരെല്ലാം

ഉടമ്പടി എഴുതിക്കൊടുത്തിട്ടും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തന്റെ ദൃഢനിശ്ചയത്തിൽ നിന്നും അണുമാത്രം വ്യതിചലിക്കുന്നതിന് സന്നദ്ധത പ്രദർശിപ്പിച്ചില്ല. എം.ഏ.അച്ചനും അദ്ദേഹത്തോടോന്നിച്ച് ഒട്ടനേകം സമുദായപ്രമുഖന്മാരും തന്നെ സഹായിക്കുവാനുണ്ടെന്നുള്ള ഉത്തമവിശ്വാസമായിരുന്നു ഇക്കാര്യത്തിൽ മെത്രാപ്പോലീത്തായ്ക്ക് ഉത്തേജനവും ധൈര്യവും നല്കിക്കൊണ്ടിരുന്നത്. എങ്ങനെയെങ്കിലും മെത്രാപ്പോലീത്തായെ വശംവദനാക്കിത്തീർക്കുവാൻ പാത്രിയാർക്കീസും അനുചരന്മാരും കഴിവതു പരിശ്രമിച്ചു. പക്ഷേ, അവരുടെ പരിശ്രമമെല്ലാം നിഷ്ഫലമായിത്തീരുകയാണുണ്ടായത്. അവസാനം ഭഗ്നാശനും കോപിഷ്ഠനുമായിത്തീർന്ന പാത്രിയാർക്കീസ് മെത്രാപ്പോലീത്തായോടായി "എന്നാൽ ഇതിന്റെ ദോഷഫലം നിങ്ങൾ അനുഭവിക്കും. ഊർശലേമിലെ മാർ ഈവാനിയോസിന്റെ കഥ നിങ്ങൾക്കറിയാമല്ലോ" എന്ന് പറയുകയുണ്ടായി.

സമുദായസ്വത്തുക്കൾ കൈവശപ്പെടുത്തുന്നതിനായിരുന്നു പാത്രിയാർക്കീസിന്റെയും അനുചരന്മാരുടേയും അനന്തരശ്രമം. ആദ്യമായി പഴയസെമിനാരി കൈവശപ്പെടുത്തുക എന്നുതന്നെ നിശ്ചയിച്ചു. അതിനുവേണ്ടി പാത്രിയാർക്കീസുമൊന്നിച്ച് താമസിക്കുന്നതിനായി മെത്രാന്മാരെല്ലാം പഴയസെമിനാരിയിൽ വന്നുചേർന്നു. അങ്ങനെ പാത്രിയാർക്കീസുബാവ, മെത്രാന്മാരായ ഒസ്ത്താത്തിയോസ്, കൂറിലോസ്, അത്താനാസ്യോസ്, യോവാക്കിം റമ്പാൻ, ഔഗേൻറമ്പാൻ, ശീമക്കാരായ രണ്ടു റമ്പാന്മാർ, കോനാട്ടുമല്പാൻ എന്നിവരെല്ലാം പ്രത്യേകം പ്രത്യേകം മുറികളിൽ താമസവുമാരംഭിച്ചു. മാർ ദിവന്നാസ്യോസുമെത്രാപ്പോലീത്താ, മട്ടയ്ക്കൽ മല്പാൻ, ഏതാനും ശെമ്മാശന്മാർ എന്നിവർ താമസിച്ചിരുന്ന മുറികൾ ഒഴിച്ചുള്ളവയെല്ലാം പാത്രിയാർക്കീസു കക്ഷിയുടെ അധീനത്തിലായി. ഇതുമന്യേ, പ്രസ്സ് മാനേജരെ വശത്താക്കുകയും അങ്ങനെ പ്രസ്സ് മുറിയുടെ താക്കോലും കൈവശപ്പെടുത്തുകയും ചെയ്തു. ഇതേത്തുടർന്ന് സെമിനാരിക്കുവേണ്ടിയുള്ള സമരിക്കേസ് ആരംഭിച്ചു. പ്രസ്തുത കേസിൽ വിജയം സിദ്ധിക്കണമെങ്കിൽ മെത്രാപ്പോലീത്തായെ മുടക്കേണ്ടത് അത്യന്താപേക്ഷിതമെന്നു പാത്രിയാർക്കീസിനു ബോദ്ധ്യമായി. അങ്ങനെ 1911 ഇടവം 28-ാം തീയതി മുടക്കാകുന്ന ഖഡ്ഗം വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ ശിരസ്സിന്മേൽ നിപതിക്കുകയും ചെയ്തു.

തന്റെ മുറിയ്ക്ക് തൊട്ടടുത്ത മുറിയിൽ താമസിച്ചുകൊണ്ടിരുന്ന മെത്രാപ്പോലീത്തായ്ക്ക് അഞ്ചലിൽ രജിസ്റ്റർ ചെയ്താണ് മുടക്കുകല്പന പാത്രിയാർക്കീസ് അയയ്ക്കുകയുണ്ടായത്.

## കുപ്രസിദ്ധമായ മുടക്കുകല്പന

“നമ്മുടെ സഭാചരിത്രത്തിലെ കുപ്രസിദ്ധമായ ആ മുടക്കുകല്പന” എന്ന തലക്കെട്ടിൽ പരേതനായ ശ്രീമാൻ കെ.സി.മാമ്മൻമാപ്പിള അവർകൾ തന്റെ ജീവിതസ്മരണകളിൽ ഇതേപ്പറ്റി എഴുതിയിരുന്നതിൽ രസാവഹമായ ഒരു ഭാഗം ചുവടേ ചേർത്തുകൊള്ളുന്നു.:

“ഒരേ പാളയത്തിൽ താവളമടിച്ചിരിക്കുന്ന ശത്രുസേനകളെപ്പോലെ ബാവായും അനുചരവൃന്ദങ്ങളും, പരിവാരങ്ങളും - മെത്രാപ്പോലീത്തായും തൽപക്ഷത്തിൽപ്പെട്ടവരും പരിവാരങ്ങളും ഇരുകൂട്ടരും പഴയ സെമിനാരിയിലാണു താമസം. ബാവായും മെത്രാനും ഒരുമിച്ചിരുന്നു മേശ കഴിക്കുക, ഒരുമിച്ചു ദിവസേന പള്ളിനമസ്ക്കാരങ്ങളിൽ പങ്കെടുക്കുക ഇത്യാദി നിത്യചര്യകൾ പഴയപടി മുടക്കം കൂടാതെ നടന്നു വന്നു. അതേസമയം ഇരുവരുടേയും ഹൃദയങ്ങളും പ്രവർത്തനപരിപാടികളും ഉത്തരദക്ഷിണധ്രുവങ്ങളെപ്പോലെ അകൽച്ചയിൽ വർത്തിക്കുകയും ചെയ്തിരുന്നു. അങ്ങനെ, ഇരുകൂട്ടരും ഒരു കെട്ടിടത്തിൽ താമസിച്ചു കഴിഞ്ഞുകൂടി വരുന്നതിനിടയിൽത്തന്നെ ബാവാ മുടക്കുകല്പന എഴുതിയുണ്ടാക്കി രജിസ്റ്റർചെയ്ത് അഞ്ചൽമാർഗ്ഗം അയച്ചതു വട്ടശ്ശേരിൽ മെത്രാപ്പോലീത്തായ്ക്കു കിട്ടി. കാട്ടുതീ പോലെ ആ വാർത്ത പട്ടണത്തിൽ പ്രചരിച്ചു. അന്നേദിവസം സന്ധ്യാസമയത്താണ് ഞങ്ങൾ - മനോരമഭാഗത്തുള്ളവർ - ഈ വിവരം അറിഞ്ഞത്. ഉടൻ തന്നെ ഫാദർ പി.റ്റി.ഗീവർഗ്ഗീസ്,മെ.ഏ.പീലിപ്പോസ് എം.ഏ, ബി.എൽ, കെ.വി. ചാക്കോ ബി.ഏ, ബി.എൽ.റ്റി എന്നിവരും ഞാനും കൂടി വേഗം നടന്നു പഴയസെമിനാരിയിലെത്തി. *സ്വൽപ്പദൂരംപോലും നടക്കുക എന്നത് എനിക്ക് അന്നും ഇന്നും വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. എങ്കിലും, അതൊന്നും വകവയ്ക്കാതെ ഞങ്ങൾ അപ്പോൾത്തന്നെ പഴയസെമിനാരിയിലേക്കു നടന്നു. ചുങ്കം പാലം മുതൽ പടിഞ്ഞാറോട്ടുള്ള വഴി മുട്ടറ്റം വെള്ളവും ചെളിയുംകൊണ്ടു കഷായപ്പാകത്തിൽ കിടന്നിരുന്നു. വെള്ളം നീന്തിയും ചെളി ചവുട്ടിയും ഞങ്ങൾ ഒരു വിധത്തിൽ പഴയസെമിനാരിയിൽ ചെന്നു നേരെ മെത്രാപ്പോലീത്തായുടെ അടുക്കലേക്കുപോയി. അവിടെ സമുദായത്തിന്റെ ഭാവിഭാരവും കൈയ്യിലേന്തി, ബാവായുടെ മുടക്കാകുന്ന കൊല്യാൻ

*ഈ നാലുപേരിൽ മൂന്നുപേരും പില്ക്കാലത്തു കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയുണ്ടായി എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ് (ഗ്രന്ഥകർത്താ)

മിന്നലിന്റെ പൊള്ളലേറ്റ് വെന്തുരുകുന്ന ഹൃദയത്തോടെയെങ്കിലും പുറമേ അക്ഷോഭ്യനായിനിൽക്കുന്ന ആ ചെറിയ മനുഷ്യന്റെ മനക്കരുത്തും നിസ്സീമമായ ശുഭാപ്തിവിശ്വാസവും അത്ഭുതകരമായിരുന്നു.! ഞങ്ങൾ മെത്രാപ്പോലീത്തയുമായി ഭാവിപരിപാടികളെപ്പറ്റി സുദീർഘമായ സംഭാഷണം നടത്തി. അക്കൂട്ടത്തിൽ ഞാൻ പറഞ്ഞു: “ഇങ്ങനെ അടിസ്ഥാനരഹിതവും കേവലം തുച്ഛവുമായ എന്തെങ്കിലുമൊരു കാരണം പറഞ്ഞു മലങ്കരസഭയെ മുടക്കി നാനാവിധമാക്കാൻ തക്ക വൈദികാധികാരമുള്ള ഈ അന്ത്യോഖ്യാബന്ധം നിലനില്ക്കുന്ന കാലത്തോളം ഞാനും എന്റെ സന്താനങ്ങളും ഈ സഭയിലെ അംഗങ്ങളായി നില്ക്കാൻ ആഗ്രഹിക്കുന്നില്ല.”

(ഗ്രന്ഥകർത്താ)

അന്നുരാത്രി മെത്രാൻകക്ഷിപ്രമാണികൾ പഴയസിമ്മനാരിയിൽ കൂടിയാലോചിച്ചു. ബാവായുടെ മുടക്കിനെ പരസ്യമായി അവഗണിക്കുന്നുവെന്നു കാണിക്കത്തക്കവിധം പിറ്റേദിവസം പരസ്യമായ ഒരു പ്രതിഷേധപ്രകടനം നടത്തണമെന്നായിരുന്നു അന്നു രാത്രിയിൽ നടന്ന കൂടിയാലോചനകളിലെ തീരുമാനം. പച്ചമലയാളത്തിൽ പറഞ്ഞാൽ ഒരു വഴക്ക് ഉണ്ടാക്കണമെന്നായിരുന്നു അതിന്റെ സാരം. പിറ്റേദിവസം ഞായറാഴ്ചയായിരുന്നു. അന്നത്തെ പള്ളിസർവ്വീസിനിടയിൽ മുടക്കുകല്പന ബാവാ പള്ളിയോഗസമക്ഷം വായിക്കണമെന്നായിരുന്നു മി.സി.ജെ.കുര്യൻ ഉൾപ്പെടെയുള്ള ബാവാക്കക്ഷിപ്രധാനികൾ തീരുമാനിച്ചിരുന്നത്. ഞായറാഴ്ച എന്തെങ്കിലും ബഹളമുണ്ടാകുമെന്നു ഇരുകക്ഷികളിലും പെട്ട ജനങ്ങൾക്ക് അറിയാമായിരുന്നതുകൊണ്ടായിരിക്കണം പള്ളി നിറഞ്ഞുകവിഞ്ഞ് വെളിയിലും ധാരാളം ജനങ്ങൾ വന്നുകൂടി. മെത്രാൻ പക്ഷത്തുള്ള ബഹുശതം ജനങ്ങൾ, വരുന്നതു വരട്ടെ എന്ന മട്ടിൽ വിപ്ലവാത്മകമായ അക്ഷമയോടും കലഹസന്നദ്ധതയോടും കൂടിയാണ് അവിടെയെല്ലാം നിറഞ്ഞുനിന്നത് എന്ന് പ്രത്യക്ഷമായിരുന്നു. പൊട്ടുന്നതിനു മുമ്പ് ഭയാനകമായി ഇരമ്പി നിന്ന ഒരു അഗ്നിപർവ്വതത്തിന്റെ പ്രതീതിയാണ് അവിടെ അപ്പോൾ വ്യാപരിച്ചിരുന്നത്. മെത്രാപ്പോലീത്താ അന്നേദിവസം പള്ളിയിൽ വന്നില്ല. പഴയസെമിനാരിയിലിരുന്നതേയുള്ളു. പള്ളിയാരാധനാശുശ്രൂഷ തുടങ്ങി. കോനാട്ടുമല്പാൻ തുടങ്ങി ബാവാപക്ഷക്കാരായ വൈദികപ്രധാനന്മാർ മദ്ബഹായിയ്ക്കകമേ നില്ക്കുകയായിരുന്നതിനാൽ വെളിയിൽ ജനങ്ങൾ

എത്രമാത്രം ക്ഷോഭിച്ച് അക്ഷമരായിട്ടാണു നില്ക്കുന്നതെന്നുള്ള സംഗതി മല്പാനച്ചനും മറ്റും ആദ്യം ശരിക്കു മനസ്സിലാക്കുവാൻ സാധിച്ചിരിക്കുകയില്ല. എന്നാൽ, വെളിയിൽ ജനക്കൂട്ടത്തിൽ ഇടകലർന്നുനിന്ന സി. ജെ. കുര്യനും മറ്റും അപ്പോഴത്തെ ഗുരുതരാവസ്ഥ നല്ലവണ്ണം ബോദ്ധ്യപ്പെട്ടു. സി.ജെ.കുര്യൻ ആ ആൾക്കൂട്ടത്തിൽ നിന്നുകൊണ്ടുതന്നെ, ഒരു കടലാസുകഷണത്തിൽ ഒരു കുറിപ്പെഴുതി, മദ്ബഹായിൽ നില്ക്കുന്ന കോനാട്ടു മല്പ്പാനച്ചനെ ഏൽപ്പിക്കുന്നതിനായി ഒരു ശെമ്മാശൻ വശം കൊടുത്തയച്ചു. കോനാട്ടു മല്പാനച്ചൻ ആ കുറിപ്പു അവിടെ നിന്നുകൊണ്ടു രഹസ്യമായി വായിച്ചശേഷം തുണ്ടു തുണ്ടായി കീറി അവിടെത്തന്നെ താഴെയിട്ടു. ഒരു പക്ഷെ, അതെന്താണെന്നു മറ്റാരും ശ്രദ്ധിക്കുകയില്ലെന്നു കോനാട്ടു മല്പാനച്ചൻ വിചാരിച്ചിരുന്നിരിക്കാം. എന്നാൽ തദവസരത്തിൽ മദ്ബഹായിലുണ്ടായിരുന്ന വൈദികവൃന്ദത്തിൽ ഒരാളിന്റെ കൂർമ്മദൃഷ്ടി അവിടെ നടക്കുന്നതെല്ലാം സൂക്ഷിച്ചുകൊണ്ടിരുന്നു. ഫാദർ പി.റ്റി.ഗീവർഗ്ഗീസായിരുന്നു അത്. വളരെ ദൂരം പായുന്ന അദ്ദേഹത്തിന്റെ ദൃഷ്ടിപാതം, ഒടുവിൽ യാക്കോബായ സുറിയാനി സഭയുടെ അതിർത്തികളെത്തന്നെ കടന്ന് അപ്പുറം പോകുകയുണ്ടായല്ലോ. അദ്ദേഹം മദ്ബഹായിക്കുള്ളിൽ മറ്റു വൈദികന്മാരോടൊപ്പം നിന്ന നില്പ്പിൽ കുനിഞ്ഞ് ആ കടലാസുകഷണങ്ങൾ കൈയ്യിലെടുത്തു സൂക്ഷിച്ചു. പിന്നീട് അവയെല്ലാം കൂട്ടിച്ചേർത്തുവായിച്ചു നോക്കിയപ്പോൾ അന്നേദിവസം മുടക്കുകല്പന പള്ളിയോഗത്തിൽ വായിക്കേണ്ടതില്ലന്നൊരു നിർദ്ദേശമായിരുന്നു മി. സി.ജെ.കുര്യൻ കുറിച്ചുകൊടുത്തയച്ചതെന്നു കാണപ്പെട്ടു. മി.സി.ജെ. കുര്യന്റെ സ്വന്ത കയ്പടയിൽ എഴുതപ്പെട്ടിരുന്ന ആ കുറിപ്പു പിന്നീടു വളരെക്കാലത്തേക്കു ഫാദർ പി.റ്റി.ഗീവർഗ്ഗീസ്സു സൂക്ഷിച്ചു വെച്ചിരുന്നതായറിയാം. ഇപ്പോൾ അത് ഉണ്ടോ, എന്തോ? ”

(മലയാള മനോരമ ആഴ്ചപ്പതിപ്പ് 1956 ഒക്ടോബർ 6 പുറം 32-33)

അന്ത്യോഖ്യായാക്കോബായ പാത്രിയാർക്കീസന്മാരുടെ ജീവചരിത്രവും പ്രവർത്തനവിധങ്ങളും ശരിക്കു പഠിച്ചിട്ടുള്ളവരാരും തന്നെ ഇതിൽ അശേഷം അത്ഭുതപ്പെടുന്നതല്ല. സ്വേഛാധികാരം, സ്വാർത്ഥതല്പരത, നയരാഹിത്യം ആദിയായവ പ്രസ്തുത പാത്രിയാർക്കീസന്മാരുടെ കൂടപ്പിറപ്പാണോ എന്ന് സംശയിക്കത്തക്കവിധമാണത്രേ അവരിൽ ഓരോരുത്തരുടേയും പ്രവർത്തനരീതികൾ. പതിമൂന്നാം നൂറ്റാ

ണ്ടിൽ ഒരു കോടിയിൽപ്പരം ജനങ്ങളുണ്ടായിരുന്ന യാക്കോബായാസഭ ഇപ്പോൾ ഇരുപതിനായിരമായി കുറയുന്നതിനുള്ള കാരണങ്ങളിൽ ഒന്ന് ഇതുതന്നെയാണെന്നുള്ളതിനു സംശയമില്ല. കേരളക്കരയിലേക്ക് എപ്പോഴെല്ലാം പ്രസ്തുത പാത്രിയാർക്കീസന്മാർ എഴുന്നെള്ളിയിട്ടുണ്ടോ അപ്പോഴെല്ലാം ഓരോ പുതിയ കക്ഷി ഇവിടെ ആവിർഭവിച്ചിട്ടുണ്ടെന്ന് മലങ്കരസഭാചരിത്രം തെളിയിക്കുന്നു. 1665–ൽ ഇവിടെ ആഗതനായ മാർ ഗ്രിഗോറിയസു പാത്രിയാർക്കീസ് 16 ശതവർഷക്കാലത്തോളം ഏകയോഗക്ഷേമമായി റോമാ മാർപ്പാപ്പയുടെ ഭരണത്തിൻ കീഴിലായിരുന്ന കേരളീയക്രൈസ്തവരുടെ ഇടയിൽ ഭിന്നതയുടെ വിഷബീജം വിതച്ച് ഒരു കൂട്ടരെ യാക്കോബായക്കാരാക്കിത്തീർത്തു. 1751–ൽ അന്ത്യോഖ്യായിൽ നിന്നും ഇവിടെ ആഗതനായ മാർ ഗ്രിഗോറിയസ് കാട്ടുമങ്ങാട്ടു റമ്പാനെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിക്കുകയും തൽഫലമായി തൊഴിയൂർ അഥവാ അഞ്ഞൂർ സഭ എന്ന പേരിൽ ഒരു പുതിയ കക്ഷിയെ ഇവിടെ ഉത്ഭവിപ്പിക്കുകയും ചെയ്തു. 1875–ൽ മലങ്കര മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിയതിന്റെ ഫലമായി "നവീകരണകക്ഷി" അല്ലങ്കിൽ ഇപ്പോഴത്തെ മാർത്തോമ്മാസഭ ഉണ്ടാകുന്നതിനിടയായിത്തീർന്നു. 1910–ൽ ഇവിടെ എഴുന്നെള്ളിയ അബ്ദുള്ളാ പാത്രിയാർക്കീസുബാവാ വട്ടശ്ശേരിൽ മെത്രാപ്പോലീത്തയെ മുടക്കുന്നതിനും അങ്ങനെ മെത്രാൻകക്ഷി (ഓർത്തഡോക്സുസഭ) ഇവിടെ ഉത്ഭവിക്കുന്നതിനും ഇടയായിത്തീർന്നു. 1932–ൽ ഇവിടെ എഴുന്നള്ളിയ ഏലിയാസ് പാത്രിയാർക്കീസിനു ദീർഘകാലം ഇവിടെ വസിക്കുന്നതിനുള്ള ഭാഗ്യം ലഭിക്കാതെ പെട്ടന്നു നിര്യാണമടയുകയാൽ ഒരു പുതിയകക്ഷി ഇവിടെ ഉണ്ടാകുന്നതിനിടയായില്ല.

## പാത്രിയർക്കീസു കക്ഷിയും മെത്രാൻ കക്ഷിയും

മുടക്കിനുശേഷം "പാത്രിയർക്കീസു കക്ഷി"യെന്നും മെത്രാൻ കക്ഷിയെന്നുമുള്ള ഇരുസംഘങ്ങളായിപ്പിരിഞ്ഞുകൊണ്ടു ദ്വന്ദ്വയുദ്ധവും ആരംഭിച്ചു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റേയും, അദ്ദേഹത്തിന്റെ വലങ്കയ്യായിനിന്ന് എല്ലാ ആലോചനകളും നല്കിക്കൊണ്ടിരുന്ന എം.ഏ.അച്ചന്റേയും ജീവനെ അപഹരിക്കുന്നതിനുള്ള പരിശ്രമങ്ങൾ രഹസ്യമായി അണിയറയിൽ നടന്നുകൊണ്ടിരുന്നു. സമുദായസമബന്ധമായ പല റിക്കാർട്ടുകളും വിലപിടിച്ച സാധനങ്ങളും പഴയസെമ്മനാരിയിൽ നിന്നും എടുത്തു കഥാപുരുഷൻ എം.ഡി.സെമിനാരിയിൽ

ഭദ്രമായി സൂക്ഷിച്ചിരുന്നു. പ്രസ്തുത സാധനങ്ങൾ കൈവശപ്പെടുതി തുന്നതിനായിരുന്നു എതിരാളികളുടെ പ്രധാന പരിശ്രമം.മുടക്കിനു ശേഷം പാത്രിയാർക്കീസു കക്ഷിയെന്നും മെത്രാൻകക്ഷിയെന്നുമുള്ള ഇരുസംഘങ്ങളായിപ്പിരിഞ്ഞുകൊണ്ടു ദ്വന്ദ്വയുദ്ധവും ആരംഭിച്ചു. വട്ട ശ്ശേരിൽ മാർ ദിവന്നാസ്യോസിന്റേയും, അദ്ദേഹത്തിന്റെ വലങ്കയ്യായി നിന്ന് എല്ലാ ആലോചനകളും നല്കിക്കൊണ്ടിരുന്ന എം.ഏ.അച്ചന്റേയും ജീവനെ അപഹരിക്കുന്നതിനുള്ള പരിശ്രമങ്ങൾ രഹസ്യമായി അണി യറയിൽ നടന്നുകൊണ്ടിരുന്നു. സമുദായസമബന്ധമായ പല റിക്കാർഡു കളും വിലപിടിച്ച സാധനങ്ങളും പഴയസെമ്മനാരിയിൽ നിന്നും എടു ത്തു കഥാപുരുഷൻ എം.ഡി.സെമ്മനാരിയിൽ ഭദ്രമായി സൂക്ഷിച്ചിരു ന്നു. പ്രസ്തുത സാധനങ്ങൾ കൈവശപ്പെടുത്തുന്നതിനായിരുന്നു എതി രാളികളുടെ പ്രധാന പരിശ്രമം.

മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ജീവസംരക്ഷണാർത്ഥം അംഗരക്ഷകനായി അജാനുബാഹുവും കായികാഭ്യാസവിദഗ്ദ്ധനുമായ "ആനപ്പാപ്പി" എന്നൊരുവനെ കഥാപുരുഷൻ തിരുവല്ലായിൽ നിന്നും വരുത്തി പഴയ സെമിനാരിയിൽ താമസിപ്പിച്ചിരുന്നു. എതിരാളികളാൽ നിയോഗിക്കപ്പെട്ടിരുന്ന ശത്രുക്കൾ ആനപ്പാപ്പിയെ രാത്രിസമയം തല്ലി ക്കൊല്ലുകയാണുണ്ടായത്. മൃതശരീരം പോസ്റ്റ്മാർട്ടം നടത്തിയപ്പോൾ തലയോട് പതിമൂന്ന് കക്ഷണങ്ങളായി പൊട്ടിപ്പൊളിഞ്ഞിരുന്നുവത്രേ. ഇപ്രകാരം നടന്ന ദാരുണസംഭവങ്ങളെ ഖേദപൂർവ്വം അനുസരിപ്പിച്ചു കൊണ്ട് ഗിരിദീപത്തിൽ കഥാപുരുഷൻ ഇപ്രകാരമാണ് എഴുതിയിരി ക്കുന്നത്.

മലങ്കര സുറിയാനി സമുദായത്തിലെ ദ്വന്ദ്വയുദ്ധങ്ങൾ തമ്മിൽ തമ്മിലുണ്ടായിരുന്ന തൊഴുത്തിൽകുത്ത്, അനർഹമായ വ്യാമോഹം, സ്വാർത്ഥപരമായ അഭിവാഞ്ഛ എന്നിവയെല്ലാംകൂടി ഒടുവിൽ പഴയ സെമ്മിനാരിയുടെ മുറ്റത്തെ രക്തംകൊണ്ടു കുളിപ്പിച്ചുവല്ലോ എന്നു നാം വിഷാദിച്ചു. സാമുദായികമായ ദുരഭിമാനവും വാശിയും കൊല പാതകത്തിലേക്കു തന്നെ മനുഷ്യനെ ഇറക്കിവിട്ടു കളഞ്ഞു. അങ്ങനെ ഒരു കൊലപാതകം ഇവിടെ നടന്നില്ലായിരുന്നുവെങ്കിൽ എന്നത്രേ വായ നക്കാർ ഇപ്പോൾ ആലോചിച്ചു നോക്കേണ്ടിയിരുന്നത്. ഭയങ്കരങ്ങളും അനിർവാച്യങ്ങളുമായ പലതും അവിടെ സംഭവിക്കുവാൻ ഇട യുണ്ടായിരുന്നു. പഴയ സെമിനാരിയുടെ മുറ്റം മനുഷ്യരക്തം കുടിച്ച

തിനാൽ മാത്രം പിന്നെയൊന്നും അവിടെ നടന്നില്ല. സുറിയാനി സമുദായത്തിന് കുറേക്കാലമായി ഉണ്ടായിരുന്ന ദാഹം അതിനായിരുന്നുവെന്ന് ഏവർക്കും ബോദ്ധ്യമായി. സ്വസമുദായത്തിന്റെ ഈയൊരു ദാഹശമനം ഏതൊന്നിന്റെ അത്യുച്ചത്തെയാണ് സൂക്ഷ്മപ്പെടുത്തുന്നതെന്ന് പറയണമോ? ദൈവഭയമില്ലായ്മയുടേയും ദൈനസ്നേഹമില്ലായ്മയുടേയും തന്നെ. ഇവരണ്ടിന്റേയും അഭാവം പാപ്പിയുടെ തലയെ പതിമൂന്നു കക്ഷണങ്ങളാക്കിത്തീർത്തു. അവന്റെ രക്തം സമുദായമാകവെ തളിക്കപ്പെടുകയും ചെയ്തു. എന്നിട്ടും അനേകം പേർക്കും പശ്ചാത്താപമുണ്ടാകാത്തതിന്റെ കാരണമെന്ത്.

(ഗിരിദീപം, പുറം 23, 24)

## പരിഷ്കാരപ്പാറയിലെ രഹസ്യാലോചനകൾ

എം.ഡി.സെമ്മിനാരി കെട്ടിടത്തിന്റെയും മാർ ഏലിയാചാപ്പലിന്റെയും ഇടയ്ക്ക് തെക്കോട്ടു മാറി തറയിൽ നിന്നും രണ്ടടി പൊങ്ങി നിന്നിരുന്ന ഒരു നിരപ്പായ പാറയാണ് 'പരിഷ്ക്കാരപ്പാറ.' ബാവാകക്ഷിയും മെത്രാൻ കക്ഷിയും തമ്മിലുള്ള മത്സരമാരംഭിച്ച ശേഷം ദിവസം തോറും വൈകിട്ട് അഞ്ചുമണിമുതൽ രാത്രി ഒൻപതുമണി വരെ ഈ പാറയുടെ മുകളിൽ ഇരുന്ന് എം.ഏ.അച്ചനും മെത്രാൻ കക്ഷിയിലെ ചില പ്രമുഖരും കൂടി പല കാര്യങ്ങൾ സംസാരിക്കുക പതിവായിരുന്നു. ശ്രീമാന്മാരായ കെ.സി.മാമ്മൻ മാപ്പിള ബി.എ., പി.പി.ജോൺ ബി.എ., ബി.എൽ, കെ.സി.മാത്യൂ ബി.എ., ബി.എൽ., ഏ.പീലിപ്പോസ് എം.എ., ബി.എൽ., കെ.വി.ചാക്കോ ബി.എ., എൽ.റ്റി., കെ.എം.മാത്തുള്ളുമാപ്പിള എന്നിവരായിരുന്ന ഇവരിൽ പ്രധാനികൾ. പാത്രിയർക്കീസിന് എതിരായുള്ള പ്രവർത്തന പദ്ധതികൾ രൂപവത്കരിക്കുക, ലേഖനങ്ങളും പുസ്തകങ്ങളും എഴുതുക, പ്രതിഷേധയോഗങ്ങൾ നടത്തുക, മെത്രാൻ കക്ഷിയെ ശക്തിപ്പെടുത്തുക, എന്നിത്യാദി ആലോചനകൾ പ്രസ്തുത പാറയുടെ മുകളിൽ പ്രതിദിനം നടത്തിക്കൊണ്ടിരുന്നത്. രഹസ്യകോൺഫറൻസിൽ വച്ചായിരുന്നു. കോൺഫറൻസിലെ ആലോചനാവിഷയങ്ങളും അതോടൊന്നിച്ച് പാസ്സാക്കപ്പെട്ട നിശ്ചയങ്ങളും പഴയ സെമ്മിനാരിയിൽ താമസിച്ചുകൊണ്ടിരുന്ന മാർ ദിവന്നാസ്യോസിനെ പിറ്റേ ദിവസം തന്നെ അറിയിക്കുകയും ചെയ്യുക പതിവായിരുന്നു.

എം.ഏ.അച്ചന്റെ കാനോൻവൈദഗ്ദ്ധ്യവും, മി.കെ.സി.മാമ്മൻ മാപ്പിളയുടെ തൂലികാ വൈഭവവും, മി.ഏ.പീലിപ്പോസിന്റെ നിയമ പാണ്ഡിത്യവും, മെ.കെ.വി.ചാക്കോ, മാത്തുള്ളുമാപ്പിള, കെ.സി.മാത്യു എന്നിവരുടെ പ്രവർത്തന സാമർത്ഥ്യവും ചേർന്നതിന്റെ ഫലമായി മെത്രാൻ കക്ഷിയോട് അനുഭാവമുള്ള ആളുകളുടെ സംഖ്യ പ്രതിദിനം വർദ്ധിച്ചുകൊണ്ടിരുന്നു. "സുറിയാനി സഭാ സംരക്ഷകൻ മാസിക" പാത്രിയർക്കീസ് എന്തു ചെയ്തു എന്ന ലഘുലേഖ ഇവയെല്ലാം പാത്രിയർക്കീസിന്റെ ഭരണത്തോടും പ്രവർത്തനങ്ങളോടും ജനങ്ങളുടെ ഇടയിൽ അവജ്ഞയും വിദ്വേഷവുമുളവാക്കുന്നതിനിടയാക്കിത്തീർത്തു.

യാക്കൊബായ സഭയുടെ അഭിവൃദ്ധിയെ മാത്രം ലാക്കാക്കി സ്വജീവനെപ്പോലും അവഗണിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി അക്കാലത്തു തനിക്കുണ്ടായ ചില അനുഭവങ്ങൾ രസകരമായ രീതിയിൽ കഥാപുരുഷൻ ഗിരിദീപത്തിൽ എഴുതിയിരുന്നത് ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു.

## നമ്മുടെ ജീവൻ തുലാസിൽ ആടി

ഒരു ദിവസം രാത്രിയിൽ നാം എം.ഡി.സെമിനാരി വക ബംഗ്ലാവിലെ വടക്കേ അറ്റത്തുള്ള വലിയ മുറിയിൽ കിടന്നുറങ്ങുകയായിരുന്നു. മുമ്പൊരു തവണ പെട്ടി മോഷണം പോയതിൽ പിന്നെ ആരെയെങ്കിലും ഒരാളെ മുറിയിൽ കിടത്തുക പതിവായിത്തീർന്നു. അന്ന് മുറിയിൽ കിടന്നിരുന്നത് ഇപ്പോൾ കത്തനാരായി ബഥനിയിൽ താമസിക്കുന്ന ചേപ്പാട്ട് പീലിപ്പോസ് ശെമ്മാശനായിരുന്നു. സ്കൂളിലുള്ള സകലരും നിദ്രയിലാണ്ടുകഴിഞ്ഞു. ഇലയനക്കംപോലും കേൾക്കപ്പെടുന്നില്ല. പരിപൂർണ്ണമായ നിശ്ശബ്ദം. അടച്ചിരുന്ന ഒരു ജനലിന്റെ വാതിൽ കൊളുത്ത് കമ്പികടത്തി തുറന്നു രണ്ടു മൂന്ന് ഘാതകന്മാർ അകത്തു പ്രവേശിച്ചു. അവർ സുഖമായി കിടന്നിരുന്ന നമ്മെ ആപാദചൂഢം ഒന്നു നോക്കി. ഒരാളുടെ പക്കൽ ഒന്നാന്തരമൊരു വെട്ടുകത്തിയുണ്ട്. വേറൊരുവന്റെ കയ്യിൽ ഒരു ചാക്കുണ്ട്. നാം ഇതൊന്നും അറിയുന്നുമില്ല, കാണുന്നുമില്ല. നമ്മുടെ പ്രാണൻ ഇപ്പോൾ തുലാസിൽ കിടന്നാടുകയാണ്. ഒരുവെട്ടിന് കഴുത്തും ഉടലും വേറെയാക്കുവാൻ അവർക്കു കിട്ടിയ ഒന്നാന്തരം അവസരം. സമീപത്തായി കിടന്നിരുന്ന ശെമ്മാശൻ ഉണരുന്ന പക്ഷം അയാൾ എന്നെന്നേക്കും ഉണരാതിരിപ്പാനായി എന്താണു കൊടുക്കേണ്ടതെന്ന് അവരെ ആരും പഠിപ്പിക്കണമെന്നില്ലല്ലോ. വെട്ടുകത്തി പിടിച്ചിരുന്ന ആൾ കുറെക്കൂടി നമ്മുടെ കട്ടിലി

നോടടുത്തു. പ്രജ്ഞവിട്ട് ഉറങ്ങിയിരുന്ന നമ്മുടെ കിടപ്പു കണ്ടിട്ട് ഒട്ടും അടക്കം വരാതെ അയാൾ "എന്താ കാച്ചുകയല്ലേ" എന്ന ഭാവത്തിൽ ചെങ്ങാതികളെ വീക്ഷിച്ചു കൈപൊക്കി. അനുകൂലവും പ്രതികൂലവും പറയാതെ മറ്റുള്ളവർ നിൽക്കുകയേ വേണ്ടിയിരുന്നുള്ളു. നിശ്ചയമായും അപ്പോൾ നമ്മുടെ മരണമാണ്. നശ്വരമായ സകലതിനോടുമുള്ള നമ്മുടെ ബന്ധം ആ മുഹൂർത്തത്തിൽ അവസാനിക്കുമായിരുന്നു. കത്തി ഉയർത്തിപ്പിടിച്ചിരുന്നവനെ കൂട്ടുകാരൻ വിലക്കി. ഉണരുന്ന പക്ഷം ആകാമെന്ന് അവർ അന്യോന്യം തീർച്ചപ്പെടുത്തി. രണ്ടുപേർ നാം ഉണരുന്നുണ്ടോ എന്നു നോക്കിക്കൊണ്ടു സമീപേ നിന്നു. മറ്റുള്ള വർ പെട്ടികൾ, പുസ്തകങ്ങൾ മുതലായ കൊണ്ടുപോയി കടത്തുക യുണ്ടായി. (ഇതുവരെയുള്ള ഭാഗം ശത്രുപക്ഷത്തിൽ നിന്നും നാം കേട്ടി ട്ടുള്ളതാണ്). എങ്ങനെയോ ശെമ്മാശൻ ഉണർന്നു നോക്കിയപ്പോൾ രണ്ടു പേർ കട്ടിലിനോടു ചേർന്നു നിൽക്കുന്നതും വേറെ ചിലർ മുറി യിലുണ്ടായിരുന്ന സാമാനങ്ങൾ പുറത്തേയ്ക്കെടുത്തു കൊണ്ടിരുന്നതും കണ്ടു. അയാളുടെ തുറന്ന കണ്ണ് അക്ഷണത്തിൽ അടഞ്ഞു പോകുക യാണു ചെയ്തത്. നമ്മുടെ കഥ കഴിഞ്ഞിരിക്കുമെന്ന് അയാൾ തീർച്ച പ്പെടുത്തി. അർദ്ധരാത്രി നേരത്ത് ഇങ്ങനെയൊരു കാഴ്ച കണ്ടാൽ പെട്ടെന്ന് മോഹാലസ്യമുണ്ടാകുന്നതിൽ അതിശയിപ്പാനില്ലല്ലോ. ജീവ ച്ഛവം പോലെ നിശ്ചലനായി അയാൾ അതേ കിടപ്പിൽത്തന്നെ കിടന്നു ഭാഗ്യത്തിന്-എന്നുതന്നെ പറയട്ടെ- അയാൾ എണീറ്റുമില്ല. നിലവിളി ച്ചുമില്ല. നിലവിളിക്കാൻ ശ്രമിച്ചിട്ടു ശബ്ദം പുറത്തേയ്ക്കുയർന്നില്ല. മര ണഭീതി അയാളെ അപ്പോൾ അസ്ത പ്രജ്ഞനാക്കിത്തീർക്കുകതന്നെ ചെയ്തു. 'അയ്യോ' എന്ന് അയാൾ ശബ്ദിക്കുകയേ വേണ്ടിയിരുന്നുള്ളു. അയാളും നാമും ഒപ്പം ഇഹലോകവാസം വെടിയുമായിരുന്നു. ദൈവ ത്തിന്റെ അപരമായ കൃപയൊന്നല്ലതെ മറ്റൊന്നുമല്ല, നമ്മെ അപ്പോൾ വെട്ടുകത്തിയുടെ വായിൽനിന്നും രക്ഷപെടുത്തിയത്. ഘാതകന്മാരെ ല്ലാവരും മുറിയിൽ നിന്നു കടന്നു കളഞ്ഞു എന്ന് ബോധ്യമായപ്പോൾ അതുവരെ ചീമ്പ്രക്കണ്ണിട്ട് നോക്കിയിരുന്ന ശെമ്മാശൻ ചാടി എണീറ്റ് നമ്മെ വിളിച്ചുണർത്തി. നടന്നു കഴിഞ്ഞ സംഭവങ്ങൾ അയാൾ വിക്കി വിക്കി പറയാൻ തുടങ്ങി. സ്കൂൾ ബോർഡിങ്ങിന്റെ ഗൃഹവിചാരകനെ ഉദ്ദേശിച്ച് മാനേജർ എന്നു വിളിച്ച് നാം അടുത്ത മുറിയുടെ വാതിൽതു റക്കാൻ ശ്രമിക്കുകയാണ് ഉടൻ ചെയ്തത്. പുറത്തേയ്ക്ക് കടക്കുവാ നുള്ള വാതിലുകളൊന്നും തുറന്നിട്ടു കിട്ടുന്നില്ല. ആയാൾ ജനൽ വഴി

പുറത്തേക്കു ചാടി ഒരു വലിയ പെട്ടിയുമായി ഓടിയിരുന്നവനെ കണ്ട് “പിടിയെടാ” എന്ന് നിലവിളിച്ചുകൊണ്ട് ഒരോട്ടം. ഏതാനും വാര ഓടിയപ്പോഴേക്കും ഘാതകന്മാർ സുറിയാനിപ്പുസ്തകങ്ങളിരുന്ന പെട്ടി നിലത്തിട്ടും വെച്ച് അതിശീഘ്രം കടന്നു കളഞ്ഞു. അപ്പോൾ അവരുടെ കൈവശം ഒരു കൈപ്പെട്ടിയേ ഉണ്ടായിരുന്നുള്ളു. അതും കൊണ്ട് അവർ എം.ഡി.സെമിനാരിയുടെ വടക്കുവശത്തായി കീഴെയുള്ളറോഡുവഴി നാഗമ്പടം പാലം കടന്ന് ഓടി. പിറകെ കള്ളൻ കള്ളൻ എന്നു നിലവിളിച്ചുകൊണ്ട് മാനേജരും. അറത്തൂട്ടിപ്പാലത്തിനടുത്തായപ്പോൾ ഘാതകന്മാരിൽ ഒരാളെ മാനേജർക്ക് പിടികിട്ടി. കള്ളനെ പിടിച്ചാലുടൻ ചെയ്യേണ്ടുന്ന സർവ്വസാധാരണമായ പ്രയോഗത്തെപ്പറ്റിയൊന്നും അന്ന് മാനേജർക്ക് അറിയാൻ പാടില്ലായിരുന്നു. അതിനാൽ കള്ളനോടൊപ്പം മാനേജർ വിറച്ചു തുടങ്ങി. നിന്നുകൊണ്ടു വിറക്കാനല്ലാതെ മറ്റൊന്നിനും മാനേജർ പ്രാപ്തനല്ലെന്നറിഞ്ഞ് കള്ളൻ അയാളെ എടുത്തുംകൊണ്ടൊരേറും കഴിച്ച് കുരിശുപള്ളിയുടെ സമീപത്തേക്കായി ഒരു പാച്ചിൽ. എവിടേയ്ക്കു പോയോ ഏതു വീട്ടിൽ കയറിയോ ആർക്കും നിശ്ചയമില്ല. മാനേജർ മടങ്ങി വന്നു. മുറികളുടെ പുറത്തേക്കുള്ള വാതിലുകളെല്ലാം ബന്ധിച്ചിട്ടായിരുന്നു ഘാതകന്മാർ അകത്തു കടന്നതെന്നു പിന്നീടാണു മനസ്സിലായത്. അന്നു ശെമ്മാശനായി എം.ഡി.സെമിനാരിയിൽ താമസിച്ചിരുന്ന വാളക്കുഴയിൽ ഫാദർ യൗസേഫ് വാതിൽ തുറന്നു തന്നപ്പോൾ മാത്രമേ നമുക്ക് പുറത്തേക്കിറങ്ങുവാൻ സാധിക്കയുണ്ടായുള്ളു.

ഇത്തവണത്തെ മോഷണത്തിലും എതിർപക്ഷക്കാർക്ക്(ചട്ടമ്പികൾക്ക്)കാര്യമായ ഗുണമെന്നും ലഭിക്കുവാൻ ഇടയില്ല. പുസ്തകപ്പെട്ടി നമുക്ക് തിരിയെ കിട്ടി. അവർ കൊണ്ടു പോയ പെട്ടി കാര്യമായ പെട്ടിയല്ലായിരുന്നു താനും. അതു വില പിടിച്ച സാധനങ്ങളൊന്നും സൂക്ഷിച്ചിട്ടില്ലാത്ത വെറും പെട്ടിയായിരുന്നെന്നു വായനക്കാർ ഓർമ്മിക്കുമല്ലോ.

നഷ്ടമൊന്നും ഉണ്ടായിട്ടില്ലെങ്കിലും അന്നത്തെ ആ സംഭവം-നമ്മുടെ ജീവനെ ലക്ഷ്യംവെച്ച് ചിലർ ചെയ്ത വിക്രിയകൾ-നമ്മെ ഇന്നും അനുസ്മരിപ്പിക്കുമാറുണ്ട്. എന്തിനായിട്ടോ, കുറേനാൾകൂടി ജീവിക്കുവാൻ ദൈവത്തിൽ നിന്നും ലഭിച്ച ഒരു രാത്രിയായിരുന്നു അതെന്ന് നമുക്കറിയാം.”

(ഗിരിദീപം പുറം 14-17)

മേലുദ്ധരിച്ച ഈ സംഭവകഥയിലെ പാത്രങ്ങളായ കഥാപുരുഷൻ, ചേപ്പാട്ട് പീലിപ്പോസുശെമ്മാശൻ, വാളക്കുഴിയിൽ ജോസഫ് ശെമ്മാശൻ, കിളിലേത്തു ചാക്കോ (മാനേജർ) എന്നിവരെല്ലാം പില്ക്കാലത്ത് കത്തോലിക്കാസഭയോട് പുനരൈക്യപ്പെടുകയാണുണ്ടായത്. അതെപ്പറ്റിയുള്ള വിശദവിവരങ്ങൾ ഈ ഗ്രന്ഥത്തിൽ അന്യത്രചേർക്കുന്നതാണ്. സാമാനങ്ങൾ മോഷ്ടിച്ച കള്ളന്മാരിൽ ഒരുവനും "നല്ലകള്ളൻ" എന്നോണം പിന്നീടു കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയുണ്ടായി. തനിക്കുണ്ടായ വേറൊരു അനുഭവം കഥാപുരുഷൻ ഗിരിദീപത്തിൽ വിവരിച്ചിരിക്കുന്നത്രേ താഴെ ചേർക്കുന്നത്.

## വടി തട്ടിപ്പറിച്ചു

വേറൊരു ദിവസം (1087-മീനം 17 വെള്ളിയാഴ്ച) നാം ഒരു കുതിരവണ്ടിയിൽ കയറി പഴയസെമിനാരിയിലേക്കു പോവുകയായിരുന്നു. ഇപ്പോഴത്തെ ചെറിയമഠത്തിൽ മുപ്പച്ചൻ നമ്മോടുകൂടി വണ്ടിയിൽ ഉണ്ട്. അദ്ദേഹം സമുദായവർത്തമാനങ്ങളറിയുവാനായി നമ്മുടെ പക്കൽ എം.ഡി.സെമിനാരിയിലേക്കു വന്നതായിരുന്നു. "പഴയസെമിനാരിയിലേക്കു പോകാം വലിയ തിരുമേനിയെ കാണാം" എന്നു പറഞ്ഞപ്പോൾ കൂടെപ്പോരുന്നുണ്ടെന്നു പറഞ്ഞ് ഇദ്ദേഹവും വണ്ടിയിൽ കയറി. ഞങ്ങൾ സെമിനാരിയിലെത്തി. വലിയ തിരുമേനി പടിഞ്ഞാറേകെട്ടിടത്തിലുള്ള വടക്കേ മുറിയിലായിരുന്നു. ഞങ്ങളിരുവരും മുറിയിൽ പ്രവേശിച്ച് തിരുമേനിയുമായി ഓരോ കാര്യം പറഞ്ഞുകൊണ്ടുനിന്നു. അപ്പോൾ ഒരു ചട്ടമ്പി തിളങ്ങുന്ന ഒരു പിച്ചാത്തിയുമായി സെമിനാരിയുടെ വടക്കേമുറ്റത്ത് നടക്കുന്നതു ഞങ്ങളിരുവരും കണ്ടു. തൽക്ഷണം അച്ചൻ നമ്മുടെ അടുക്കലേക്കു കുറേക്കൂടി അടുത്തുനിന്നുകൊണ്ടു "കേട്ടോ, ഇവിടെ എന്തെങ്കിലും ഉടനെ ഉണ്ടായേക്കും" എന്ന് രഹസ്യമായും, തിരുമേനിയോടായി "ഒരു വല്ലാത്ത ദുർഘടഘട്ടമാണിത്" എന്ന് പരസ്യമായും പറഞ്ഞു. സ്വല്പനേരം കഴിഞ്ഞ് ഞങ്ങൾ തിരിയെ മടങ്ങി. വണ്ടിയുടെ പുറകിൽ ഞാനും മുന്നിൽ അച്ചനുമാണ് ഇരുന്നിരുന്നത്. ചുങ്കക്കടവിനു സമീപം ഞങ്ങൾ എത്തി. നേരം അപ്പോൾ സന്ധ്യ കഴിഞ്ഞിരുന്നു. ഓടിക്കൊണ്ടിരുന്ന കുതിര പെട്ടന്നൊരു നില! കാരണമറിയാനായി നാം മുന്നോട്ടെത്തി നോക്കിയപ്പോൾ ചില ആളുകൾ കുതിരയുടെ ജീനി പിടിച്ചു നില്ക്കുന്നതായി കണ്ടു. പിറകിലും കുറേപ്പേരുണ്ട്. എല്ലാവരും ചട്ടമ്പിമാർ തന്നെ. "ചുറ്റിപ്പോയല്ലോ" എന്നു നാം

ഉള്ളം കലങ്ങി. ആ യമഘാതകന്മാർക്കു നമ്മെ നല്ലതരത്തിൽ കിട്ടിയിരിക്കയാണ്. എന്തു ചെയ്യണം. ഓടിയൊളിക്കാമോ, ബലം പരീക്ഷിക്കാമോ, രണ്ടും സാദ്ധ്യമല്ല. ഒരുകണക്കിൽ നമുക്കുള്ള സർവ്വധൈര്യത്തെയും കൂട്ടി ശേഖരിച്ചിട്ട് നാം ഉച്ചത്തിൽ പറഞ്ഞു.

"എടോ വണ്ടിക്കാരൻ! വണ്ടി വിടൂ!"

നമ്മുടെ ഈ ഓർഡർ കാറ്റെടുത്തുപോകാൻ ഇടയായതല്ലാതെ വണ്ടിയും നീങ്ങിയില്ല; കുതിരയും നടന്നില്ല.

"നിങ്ങൾക്ക് വഴിയിലൂടെ പോകുന്നവരെ തടഞ്ഞുനിറുത്തുവാൻ എന്തധികാരം? മര്യാദയാണോ ഇത്? വിടൂ കുതിരയെ, ഞങ്ങൾ പോകട്ടെ."

വണ്ടിയുടെ മുമ്പിലും പിറകിലും നിന്നവർ ഹാസ്യരൂപത്തിൽ ഒന്നു ചിരിക്കുക മാത്രം ചെയ്തു. അക്കൂട്ടത്തിൽ കൊലക്കേസു സംബന്ധമായി ജീവപര്യന്തം തടവിനു വിധിക്കപ്പെട്ട 'കമാൽദിൻ' ഉണ്ടായിരുന്നുവെന്നാണു പിന്നീടു കേട്ടത്.

"ഇതെന്താണ് വണ്ടി തടയുന്നത്!"

"ഇറങ്ങണം വണ്ടിയിൽനിന്നു പുറത്ത്!"

"എന്തിനായിട്ട്?"

"ആകട്ടെ ഉടുപ്പഴിക്കണം!"

"എന്ത്! ഞാനതിനു തയ്യാറായില്ല"

ഒരാൾ മുന്നിൽ കടന്നുവന്ന് ചെറിയമഠത്തിൽ മൂപ്പച്ചനെ ദൃഷ്ടി പതിപ്പിച്ചൊന്നു നോക്കി. ഈയാൾ നാട്ടകം ചെറിയാനായിരുന്നുവെന്ന് അച്ചൻ നമ്മോടു പറയുകയുണ്ടായി. ചെറിയാൻ അടുത്തുനിന്നിരുന്ന ഒരാളെ പിറകോട്ടു തോണ്ടി വിളിച്ചു. അപ്പോഴേക്കും വേറെയൊരാൾ പിന്നിൽ വന്ന് നമ്മുടെകയ്യിലുണ്ടായിരുന്ന വടിമേൽ പിടികൂടി. ബലാബലം പരീക്ഷിക്കുവാൻ ഒരുമ്പെടാതെ നാം ആ വടിയങ്ങുവിട്ടു. "മതിയെടാ, ഇനിയും പൊയ്ക്കൊള്ളട്ടെ" എന്നു പറഞ്ഞ് ആ ആൾ വടികൊണ്ടു വണ്ടിയുടെ പുറത്തടിച്ചു. അനന്തരം വണ്ടിയും നീങ്ങി. കഷ്ടിച്ച് അരമണിക്കൂർ കഴിഞ്ഞതിനുശേഷമേ അച്ചനും നാമുമായി സംസാരിക്കുകയുണ്ടായുള്ളു. നാം വടി വിട്ടുകൊടുക്കാതിരുന്നുവെങ്കിൽ അവിടെ എന്താണ് നടക്കുമായിരുന്നതെന്ന് വായനക്കാർക്ക് ഊഹിക്കാ

വുന്നതാണ്. മൂപ്പച്ചൻ കൂടെയുണ്ടായിരുന്നത് വളരെ സഹായകമായി എന്നു നമുക്കു തോന്നി. പ്രസ്തുത ചട്ടമ്പിമാരോടോ അവരുടെ പൂർവ്വികന്മാരോടോ നാം വല്ല ദ്രോഹവും ചെയ്തിരുന്നുവോ? ഇല്ല, ഒരിക്കലുമില്ല.പക്ഷേ, അവരിൽ നിന്ന് കൂടെക്കൂടെ ഇങ്ങനെയുള്ള പീഡകൾ അനുഭവിപ്പാൻ നാം ബന്ധിതൻതന്നെ എന്ന് നമുക്ക് ബോദ്ധ്യമുണ്ട്. ദൈവത്തേക്കാൾ കൂടുതലായി നമുക്ക് സമുദായത്തെ സ്നേഹിപ്പാൻ പാടുള്ളതല്ലല്ലോ!

(ഗിരിദീപം പുറം 19–23)

* *    *    *    *    *    *    *

ഏവംവിധമുള്ള നിരവധി അനുഭവങ്ങളിൽ കൂടെ കടന്നുപോയതിന്റെ ഫലമായി "ഗിരിദീപ"ത്തിന്റെ പ്രഥമാദ്ധ്യായത്തിൽത്തന്നെ താഴെ ചേർക്കുംവിധം എഴുതുന്നതിനു കഥാപുരുഷൻ നിർബന്ധിതനായിത്തീർന്നു.

"വിശുദ്ധ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതെന്നും അപ്പസ്തോലികവും കാതോലികവുമായ സത്യവിശ്വാസത്തെ ഉപദേശിക്കുന്നതെന്നും നാം അഭിമാനിച്ചുവരുന്ന മലങ്കരസഭയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ലേച്ഛതകളെ കാണുവാനും മണക്കുവാനും ആ അനുഭവങ്ങൾ നമുക്കിടയാക്കിത്തീർത്തു."

# അദ്ധ്യായം – 9

# അബ്ദദ് മിശിഹായുടെ ആഗമനവും കാതോലിക്കാ സിംഹാസനസ്ഥാപനവും

യാക്കോബായസഭയിലെ നിയമാനസൃതപാത്രിയർക്കീസ് അബ്ദുള്ളായേ അബ്ദദുമിശിഹായോ എന്നുള്ള പ്രശ്നം ഇക്കഴിഞ്ഞ നാല്പതിൽ പരം വർഷങ്ങളായി സത്യാന്വേഷികളുടെ ഇടയിൽ ഒരു "കീറാമുട്ടി"യായി തീർന്നിരിക്കുകയാണ്. അബ്ദുള്ളാ ആയിരുന്നു യഥാർത്ഥപാത്രിയർക്കീസ് എന്നു ഒരു കൂട്ടർ വാദിക്കുമ്പോൾ, അബ്ദദ് മിശിഹാ ആയിരുന്നു സാക്ഷാൽ പാത്രിയർക്കീസ് എന്നു വേറൊരു കൂട്ടർ സുദൃഢം വിശ്വസിക്കുന്നു. ഏതായാലും ഇതെപ്പറ്റി ഒരഭിപ്രായം ഇവിടെ പുറപ്പെടുവിക്കുന്നതു അപ്രസക്തമാണെന്നുള്ള ബോദ്ധ്യം നിമിത്തം ലേഖിതാവ് അതിനുദ്യമിക്കുന്നില്ല. പക്ഷേ, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ മുടക്കുന്നതിനു മുമ്പ് അബ്ദുള്ളായെ തന്നെയാ യിരുന്നു യഥാർത്ഥ പാത്രിയർക്കീസായി ഇവിടുത്തെ യാക്കോബയ ക്കാർ സ്വീകരിച്ചിരുന്നതെന്നുള്ളതു നിസ്സംശയമത്രേ. അബ്ദദ് മിശി ഹായാണി സാക്ഷാൽ പാത്രിയർക്കീസ് എങ്കിൽ എന്തുകൊണ്ടു പുലി ക്കോട്ടു മാർ ദിവന്നസ്യോസും സമുദായ പ്രതിനിധികളും കൂടെ വട്ട ശ്ശേരിൽ ഗീവറുഗീസ്റമ്പാനേയും, പൗലൂസ് റമ്പാനേയും മെത്രാൻ സ്ഥാനാഭിഷേകത്തിനുള്ള അപേക്ഷയും കൊടുത്ത് അബ്ദുള്ളാ പാത്രി യർക്കീസിന്റെ അടുക്കലേക്കയച്ചു? എന്തുകൊണ്ട് അവർ ഇരുവരും അബ്ദദുമിശിഹായുടെ സമീപത്തേയ്ക്കു പോകാതെ അബ്ദുള്ളായുടെ അടുക്കലേക്കു പോകുകയും ശൽമൂസാ എഴുതിവെച്ചു മെത്രാഭിഷേകം പ്രാപിക്കുകയും ചെയ്തു? അബ്ദള്ളാ മലങ്കരയിൽ എഴുന്നള്ളിയ അവ

സരത്തിൽ നിയമാനുസൃത പാത്രിയർക്കീസ് അല്ലായിരുന്നുവെങ്കിൽ പാത്രിയർക്കീസിനു നൽകേണ്ട ബഹുമാനവും സ്വീകരണവും എന്തു കൊണ്ട് അദ്ദേഹത്തിനു നൽകി? എന്നിത്യാദി പ്രശ്നങ്ങളുടെ മുമ്പിൽ അബ്ദദുമിശിഹാ കക്ഷികൾ മൗനാവലംബികളാകാതെ നിവൃത്തിയില്ല.

അബ്ദള്ളാപാത്രിയർക്കീസിന്റെ മുടക്കാകുന്ന ഖഡ്ഗനിപാതം ഏല്പിച്ച ക്ഷതം വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിൽ കഠിനമായ വേദന ഉളവാക്കുക തന്നെ ചെയ്തു. അതീവ ബുദ്ധിമാനും ധീരഹൃദ യനുമായിരുന്ന അദ്ദേഹം പാത്രിയർക്കീസിന്റെ മുടക്കു ലഭിച്ചു കഴി ഞ്ഞപ്പോൾ ഇതികർത്തവ്യതാമൂഢനായിത്തീർന്നതിൽ അത്ഭുതത്തിന വകാശമില്ല. ഭാവിയെപ്പറ്റിയുള്ള ചിന്തയായിരുന്നു അദ്ദേഹത്തിന്റെ മന സ്സിനെ ശക്തിയായി വിഷമിപ്പിച്ചത്. യാക്കോബായ സഭയിലെ മെത്രാ പ്പോലീത്തായായി ഇനിയും തുടരുന്നതിനു സാധിക്കുമോ? ഒരു പുതിയ കക്ഷിയെ ഉണ്ടാക്കിയാൽ തന്റെ അനുയായികളിൽ എത്ര പേർ സഹാ യിക്കുന്നതിനുണ്ടാകും? സമുദായ സ്വത്തുക്കളുടെ അവസ്ഥ എങ്ങനെ ആയിത്തീരും? ഭാവിയിൽ എന്തെല്ലാം കേസ്സുകളും ബഹളങ്ങളും ഉണ്ടാകും? പാത്രിയർക്കീസിനു പരിപൂർണ്ണമായി കീഴ്വഴങ്ങി ലൗകികാ ധികാരയുടമ്പടി എഴുതികൊടുക്കുന്നത് ആത്മാഭിമാനത്തിനു ചേരു ന്നതാണോ? എന്നിത്യാദിപ്രശ്നങ്ങൾ അദ്ദേഹത്തെ ശക്തമായി ഹോ മിച്ചുകൊണ്ടിരുന്നു. മുടക്കിനു അനേകംവർഷങ്ങൾക്കുമുമ്പ് അദ്ദേഹ മെഴുതിയ “മതോപദേശസാരങ്ങൾ” എന്ന പുസ്തകത്തിൽ പാത്രി യർക്കീസിന്റെ അധികാരത്തെയും മുടക്കുമൂലമുണ്ടാകുന്ന സ്ഥാനഭ്രംശ ത്തെയും പറ്റി പ്രസ്താവിച്ചിരുന്നത് ഇപ്രകാരമായിരുന്നു.

സഭയുടെ പട്ടത്വത്തിനടുത്ത മേലധികാരം അന്ത്യോഖ്യാ സിംഹാ സനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർ ക്കീസു ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു.

ദോഷികളായി കാണപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയ തിന്റെ ശേഷം അവർ യാതൊരുകൂദാശകളും കഴിച്ചുകൂടാത്തതും ശങ്ക തീർന്നു കഴിക്കുന്നവരോടുകൂടെ വിശ്വാസികൾ സംബന്ധിച്ചു കൂടാത്തതുമാകുന്നു.

(മതോപദേശസാരങ്ങൾപുറം 22-23)

ഇപ്രകാരം ഇതികർത്തവ്യതാമൂഢനായിത്തീർന്ന അദ്ദേഹത്തെ ആശ്വസിപ്പിച്ചതും ഭാവിയിൽ സ്വീകരിക്കേണ്ട മാർഗ്ഗത്തെപ്പറ്റിയുള്ള

നിർദ്ദേശം നല്കി ധൈര്യപ്പെടുത്തിയതും നമ്മുടെ കഥാപുരുഷൻ തന്നെയായിരുന്നു. കാനോൻ നിയമമനുസരിച്ച് അബ്ദ്ദുമിശിഹായാണു യഥാർത്ഥ പാത്രിയർക്കീസെന്നും, അന്ത്യോഖ്യാപാത്രിയർക്കിസിന്റെ ഭരണത്തിൽ നിന്നും മലങ്കര യാക്കോബായസഭയെ വിടുവിക്കുന്നതിനുള്ള ഏകമാർഗ്ഗം കാതോലിക്കാസിംഹാസനസ്ഥാപനമാണെന്നും ചരിത്രപണ്ഡിതനും കാനോൻവിദഗ്ദനുമായ എം. എ. അച്ചൻ ഗ്രഹിച്ചിരുന്നു. തന്മൂലം അബ്ദ്ദദ്മിശിഹായെ മലങ്കരയിൽ വരുത്തണമെന്നും അദ്ദേഹത്തെക്കൊണ്ട് കാതോലിക്കാസിംഹാസനം ഇവിടെസ്ഥാപിക്കണമെന്നും കഥാപുരുഷൻ അഭിപ്രായപ്പെടുകയും അതിനുവേണ്ട പരിശ്രമങ്ങൾ രഹസ്യമായി ആരംഭിക്കുകയും ചെയ്തു.

മാർ ദിവന്നാസ്യോസിനെ മുടക്കിയ ഉടൻതന്നെ സകല വിവരങ്ങളും കാണിച്ചുകൊണ്ടുള്ള കമ്പി അബ്ദദുമിശിഹാപാത്രിയർക്കീസിന്റെ പേർക്ക് (അന്ത്യോഖ്യായിലേക്ക്) എം. ഏ. അച്ചൻ അയച്ചു. ഇതു സംബന്ധിച്ചു അബ്ദദുമിശിഹായുടെ മനഃസ്ഥിതി എപ്രകാരമായിരിക്കും എന്നറിയുന്നതിനുവേണ്ടി മാത്രമായിരുന്നു. അപ്രകാരം പ്രവർത്തിച്ചത്. താമസിയാതെ മറുപടി കമ്പി ലഭിച്ചു. കമ്പി വാചകം ഇപ്രകാരമായിരുന്നു:þ "മാർ ദിവന്നാസ്യോസും കൂടെയുള്ളവരും അനുഗൃഹീതരാകുന്നു. അബ്ദള്ളാ ബാവാ മുടക്കിയ മുടക്ക് അസാധുവായിട്ടുള്ളതാണ്." ഈ കമ്പി വാർത്തയും കൊണ്ട് കഥാപുരുഷൻ മാർ ദിവന്നാസ്യോസ് അറിഞ്ഞത്. കമ്പിവാചകം വായിച്ചുകേട്ടപ്പോൾ അദ്ദേഹത്തിന്റെ നയനങ്ങളിൽ നിന്നും സന്തോഷാശ്രുക്കൾ ധാരധാരയായി വീഴുവാൻ തുടങ്ങി.

ഇതേത്തുടർന്ന് മാർ ദിവന്നാസ്യോസിന്റെയും അദ്ദേഹത്തെ അനുകൂലിച്ച സമുദായ പ്രതിനിധികളുടേയും ആലോചനയോടുകൂടെ സുദീർഘമായ ഒരു കത്തു സകല വിവരങ്ങളും കാണിച്ചുകൊണ്ട് അബ്ദദുമിശിഹായ്ക്ക് കഥാപുരുഷൻ അയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിൽ പാത്രിയർക്കീസ് മലങ്കരയിൽ എഴുന്നള്ളണമെന്നും കാതോലിക്കാസിംഹാസനം ഇവിടെ സ്ഥാപിക്കണമെന്നും അപേക്ഷിച്ചിരുന്നു. ഈ കത്തിനു മറുപടി കോട്ടയത്തേയ്ക്ക് അയയ്ക്കുന്ന പക്ഷം അത് ശത്രുക്കളുടെ കൈയിൽ പെട്ടേക്കുമെന്നും തന്മൂലം പല കുഴപ്പങ്ങൾ ഉണ്ടാകുമെന്നും കഥാപുരുഷന് അറിയാമായിരുന്നു. തൻനിമിത്തം പ്രസ്തുത കത്തിനു മറുപടി മാവേലിക്കര ഈപ്പൻ ഉപദേശിക്ക് അയ

ച്ചുകൊടുക്കണമെന്നായിരുന്നു പാത്രിയർക്കീസിന്റെ പേർക്ക് എഴുതി യിരുന്നത്. അധികകാലതാമസമെന്യേ മറുപടി മാവേലിക്കര ഈപ്പൻ ഉപദേശക്കു ലഭിച്ചു. പ്രസ്തുത കത്ത്, മുൻകൂട്ടി ഏർപ്പാട് ചെയ്തത നുസരിച്ച് അദ്ദേഹം രാത്രിയിൽ തന്നെ ഒരാൾ വശം സൈക്കിളിൽ കോട്ട യത്തു കഥാപുരുഷന് എത്തിച്ചുകൊടുത്തു. മലങ്കരയ്ക്കു വരുന്നതിനും കാതോലിക്കാസിംഹാസനം സ്ഥാപിക്കുന്നതിനും താൻ സന്നദ്ധ നാണെന്നും പക്ഷേ, യാത്രച്ചെലവിനുള്ള പണം മുൻകൂട്ടി അയച്ചുകൊ ടുക്കണമെന്നും ആയിരുന്നു പ്രസ്തുത കത്തിൽ എഴുതിയിരുന്നത്. കത്തിലെ താല്പര്യമനുസരിച്ചു മാർ ദിവന്നാസ്യോസിന്റെ അനുമതി യോടുകൂടെ നൂറു പവൻ യാത്രച്ചെലവിലേക്ക് അബ്ദദുമിശിഹായ്ക്കു മുൻകൂട്ടി അയച്ചുകൊടുക്കുകയും ചെയ്തു.

എതിർ പാത്രിയർക്കീസായ അബ്ദദുമിശിഹായുമായി എഴുത്തു കുത്തുകൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്നും അദ്ദേഹം താമസിയാതെ ഇവിടെ എത്തിച്ചേരുമെന്നും എങ്ങനെയോ അറിഞ്ഞ അബ്ദുള്ളാ ബാവാ ഉടൻ തന്നെ അബ്ദദുമിശിഹായെ മലങ്കരയ്ക്ക് അയയ്ക്കാതി രിക്കുവാൻ കഴിയുന്നത്ര പരിശ്രമിക്കണമെന്നു കാണിച്ചുകൊണ്ടുള്ള കത്തുകൾ മ്ദിയാത്തിലുള്ള അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്കയച്ചു കൊടുത്തു. ഉടൻ തന്നെ അവരുടെ പ്രേരണയാൽ തദ്ദേശവാസികളും പ്രമുഖന്മാരുമായ ഏതാനും മുസൽമാന്മാർ അബ്ദദുമിശിഹായെ സമീ പിച്ചുകെണ്ട് അവിടുന്ന് ഇവിടെത്തന്നെ താമസിക്കണം. എങ്ങോട്ടും പോകരുത് എന്നപേക്ഷിച്ചു.

അബ്ദദുമിശിഹാ : നിങ്ങൾ ഒരാളോട് വാക്കുപറഞ്ഞാൽ അതിനു ഭേദം വരുത്തുമോ?

മുസൽ : ഇല്ല.

അബ്ദ : ഞാൻ വാക്കുകൊടുത്തസ്ഥിതിക്കു പോകാതിരിക്കു ന്നതു ശരിയാണോ?

മുസൽ : അല്ല.

അബ്ദ : വഴിയാത്രയ്ക്കുള്ള പണം അയച്ചുതരുന്ന പക്ഷം നിശ്ച യമായും ചെന്നുകൊള്ളാം എന്നാണു ഞാൻ എഴുതി അയച്ചിരുന്നത്. അതനുസരിച്ചു പണം അയച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് കുറെ പവൻ അവരെ എടുത്തു കാണിച്ചു.

'ഇഷ്ടം പോലെ ആകട്ടെ' എന്നുപറഞ്ഞു മുസൽമാന്മാർ മടങ്ങിപ്പോകുകയും ചെയ്തു.

തുർക്കിഗവൺമെന്റിൽ നിന്നുള്ള പാസ്പോർട്ട് സമ്പാദിച്ചശേഷം രണ്ടു റമ്പാന്മാരുമൊന്നിച്ച് മ്ദിയാത്തിൽ നിന്നും ഇന്ത്യയിലേക്ക് അബ്ദദുമിശിഹാ യാത്ര പുറപ്പെട്ടു. കപ്പൽ വഴി കറാച്ചിയിലെത്തി അവിടെനിന്നും തീവണ്ടി മാർഗ്ഗം ബോംബെയിൽ വന്നുചേർന്നു. ബോംബെയിൽ വരുന്ന വിവരത്തിനു മാർ ദിവന്നാസ്യോസിന് മുൻകൂട്ടി കമ്പി അയച്ചിരുന്നു. ബാവായെ സ്വീകരിച്ചു മലങ്കരയിലേക്കു കൊണ്ടുവരുന്നതിനായി എം. ഏ. അച്ചനെ മാർ ദിവന്നാസ്യോസ് ബോംബെയിലേക്ക് അയച്ചു. കഥാപുരുഷൻ ബോംബെയിൽ എത്തുകയും സബഹുമാനം പാത്രിയർക്കീസിനെ സ്വീകരിച്ചു കൊച്ചിയിലേക്കു തീവണ്ടി മാർഗ്ഗം കൊണ്ടുവരുകയും ചെയ്തു. മാർ ദിവന്നാസ്യോസ് കൊച്ചിയിലെത്തി പാത്രിയർക്കീസിനെ സ്വീകരിച്ചശേഷം കോട്ടയത്തേക്കുകൊണ്ടുവരുന്നതിനുള്ള പരിപാടി തയ്യാറാക്കി. പക്ഷേ, അബ്ദദുമിശിഹാ കോട്ടയത്തുവന്നാൽ ലഹളയുണ്ടാകുമെന്നും തന്മൂലം അദ്ദേഹത്തിനു നിരോധനയുത്തരവ് കൊടുക്കണമെന്നും കാണിച്ചുകൊണ്ടുള്ള മി. സി. ജെ. കുര്യന്റെ അപേക്ഷയനുസരിച്ച് അദ്ദേഹം കോട്ടയത്തു വരുവാൻ പാടില്ലെന്ന് ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഉത്തരവിടുകയാണുണ്ടായത്. തന്നിമിത്തം പാത്രിയർക്കീസ് കോട്ടയത്തു വരാതെ പരുമലക്കു പോകുകയാണു ചെയ്തത്. കാതോലിക്കാ സ്ഥാപനത്തിനുള്ള ആലോചനകളാണ് പിന്നീട് ദ്രുതഗതിയിൽ നടന്നുകൊണ്ടിരുന്നത്. പ്രസ്തുത ആലോചനകളിലെല്ലാം നേതൃത്വം വഹിച്ചിരുന്നത് നമ്മുടെ കഥാപുരുഷൻ തന്നെയായിരുന്നു.

കേരളത്തിലെ യാക്കോബായ സഭകളുടെ സുസ്ഥിരമായ നിലനില്പിനും അഭിവൃദ്ധിക്കും ഏകനിദാനം കാതോലിക്കാസിംഹാസനസ്ഥാപനമാണെന്ന് അബ്ദദുമിശിഹായ്ക്ക് അയച്ച കത്തുകളിൽ വ്യക്തമാക്കിയിരുന്നു. അതിനുവേണ്ടിത്തന്നെയായിരുന്നു പാത്രിയർക്കീസ് ഇവിടെ ആഗതനായത്. ബാവാ കോട്ടയത്തെത്തിയാൽ കലാപമുണ്ടാകുമെന്നു കൊച്ചിയിൽ വച്ചു കേട്ടപ്പോൾ മാർ ദിവന്നാസ്യോസിനോടായി "നാം വന്ന കാര്യം ഉടനെ സാധിക്കട്ടെ. കാതോലിക്കാവാഴ്ച കഴിഞ്ഞു നമുക്ക് ആശ്വസിക്കാം" എന്നു പറയുകയുണ്ടായി. മുറിമറ്റത്തു മാർ ഈവാനിയോസിനെ നിരണത്തു പള്ളിയിൽ വെച്ച് കാതോലിക്കായായി വാഴിക്കാൻ എല്ലാവരും കൂടി നിശ്ചയിച്ചു. വിവരം

കല്പന മുഖേനയും പത്രങ്ങൾ വഴിയായും പരസ്യപ്പെടുത്തി. കാതോലിക്കാസിംഹാസനം സ്ഥാപിക്കുന്നതിനു പാത്രിയർക്കീസിനു പരിപൂർണ്ണ സമ്മതവുമായിരുന്നു.

നിശ്ചിതദിവസം സമാഗതമായി. പാത്രിയാർക്കീസും അദ്ദേഹത്തോടൊന്നിച്ച് റമ്പാന്മാരും, മെത്രാന്മാരും, ഒട്ടനേകം വൈദികന്മാരും തലേദിവസം തന്നെ നിരണത്തു പള്ളിയിൽ ആഗതരായി. മലങ്കരയിൽ ഇദംപ്രഥമമായി നടക്കുന്ന കാതോലിക്കാ വാഴ്ച ദർശിക്കുന്നതിനായി അനുകൂലികളും പ്രതികൂലികളുമായ പതിനായിരക്കണക്കിനു ജനങ്ങൾ ഞായറാഴ്ച പ്രഭാതമായതോടുകൂടെ നിരണം ദൈവാലയത്തിനും പരിസരത്തുമായി തടിച്ചുകൂടി. പക്ഷേ, അന്നേദിവസം രാത്രിയിൽ പാത്രിയർക്കീസും അദ്ദേഹത്തോടൊന്നിച്ചുവന്നിരുന്ന റമ്പാന്മാരുമായി നടത്തിയ ഒരു കോൺഫറൻസിലെ നിശ്ചയങ്ങൾ അവിടുത്തെ സ്ഥിതിഗതികൾ അല്പം കുഴപ്പത്തിലാക്കിത്തീർത്തു. റമ്പാന്മാർ രണ്ടു പേരും കാതോലിക്കാവാഴ്ചയ്ക്ക് പ്രതികൂലികളായിരുന്നു. കാതോലിക്കായെ വാഴിക്കുന്നപക്ഷം തങ്ങൾ ശക്തിമത്തായി എതിർക്കുമെന്ന് അവർ പാത്രിയർക്കീസിനെ ഭീഷണിപ്പെടുത്തി. ഇതികർത്തവ്യാമൂഢനായി തീർന്ന പാത്രിയർക്കീസ് അവസാനം കാതോലിക്കായെ വാഴിക്കാതെ എങ്ങിനെയെങ്കിലും രക്ഷപെടണമെന്നുതന്നെ നിശ്ചയിച്ചു. ഈ വിവരം വിശദമായി മാർ ദിവന്നാസ്യോസിനെ അറിയിച്ചു. കാതോലിക്കാവാഴ്ച നടക്കുകയില്ലെന്ന് അറിഞ്ഞപ്പോൾ മെത്രാപ്പോലിത്തായുടെ കക്ഷികൾ വിഷമിക്കുകയും പ്രതികൂലകക്ഷികൾ വിജയഭേരി മുഴക്കുകയും ചെയ്തു.

ഏതോ ആവശ്യം പ്രമാണിച്ച് തലേദിവസം മാവേലിക്കരയ്ക്കു പോയിരുന്ന കഥാപുരുഷൻ ഞായറാഴ്ച പ്രഭാതമായപ്പോഴാണ് നിരണത്തുപള്ളിയിൽ വന്നുചേർന്നത്. എം. ഏ. അച്ചനെ കണ്ടയുടൻ മാർ ദിവന്നാസ്യോസ് സങ്കടപൂർവ്വം അദ്ദേഹത്തെ വിവരം ധരിപ്പിച്ചു. ഇതിന്റെയെല്ലാം സൂത്രധാരിത്വം വഹിച്ചിരുന്ന കഥാപുരുഷനെ ഇത്രമാത്രം വിഷമിപ്പിച്ച വേറൊരു സംഭവം ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. തന്നെ വിശ്വസിച്ച് ഇക്കാര്യത്തിൽ പ്രവർത്തിച്ച മാർ ദിവന്നാസ്യോസിന്റെ മുഖത്ത് ഇനിയും എങ്ങനെ നോക്കുവാൻ സാധിക്കു? അനുകൂലികളുടേയും പ്രതികൂലികളുടേയും മദ്ധ്യേ തല ഉയർത്തി എങ്ങനെ ഇനിയും നടക്കുന്നതിനും സാധിക്കും? കോട്ടയം പട്ടണത്തിൽ എങ്ങനെ അഭിമാനത്തോടുകൂടെ ഇനിയും ജീവി

ക്കുവാൻ സാധിക്കും? ഉത്തരം കണ്ടുപിടിക്കുവാൻ പ്രയാസമേറിയ ഈദൃശപ്രശ്നപരമ്പരകൾ ഓരോന്നായി കഥാപുരുഷന്റെ മനസ്സിൽകൂടെ ത്വരിതഗതിയിൽ കടന്നുപൊയ്ക്കൊണ്ടിരുന്നു. ഏതായാലും ധൈര്യമവലംബിച്ചുകൊണ്ടും ശുഭാപ്തിവിശ്വാസത്തോടുകൂടെയും പാത്രിയർക്കീസ്ബാവായുടെ മുറിയുടെ സമീപം ചെന്നു കതകിൽ മുട്ടിവിളിച്ചു. കതകു തുറന്നശേഷം വീണ്ടും ചിന്താവിഷ്ടനായി ചാരുകസേരയിൽ കിടക്കുകയാണ് ബാവാ ചെയ്തത്. കൈമുത്തിയ ശേഷം അല്പം പരിഭവസ്വരത്തിൽ കഥാപുരുഷൻ പാത്രിയർക്കീസിനോടു പറഞ്ഞു:

"എന്താണീ കേൾക്കുന്നത്? ഇതിൽപരം ഒരപമാനം വരുവാനില്ലല്ലോ. മേലിൽ അവിടുത്തെ കല്പനകൾ എങ്ങനെ ഞങ്ങൾ വിശ്വസിക്കും? അവിടുത്തെപ്പേരിൽ ഞങ്ങൾക്ക് സ്നേഹവും ഭക്തിയും തോന്നുമോ? ഞങ്ങൾക്ക് കാതോലിക്കാസിംഹാസനം പ്രതിഷ്ഠിച്ചു തരുകയാണുവേണ്ടതെന്ന് ഇന്നല്ലല്ലോ അപേക്ഷിക്കുവാൻ തുടങ്ങിയത്. തിരുമനസ്സിലേക്ക് ഞാൻ ഒന്നാമതായി അയച്ച കത്തിൽ പോലും ഇതിനെക്കുറിച്ച് അപേക്ഷിച്ചിരുന്നല്ലോ. അതിൽപിന്നെ എല്ലാ കത്തുകളിലും ഇതുതന്നെയല്ലേ കാണിച്ചിരുന്നത്. അവിടുന്ന് അയച്ചുതന്ന എല്ലാ കല്പനകളിലും അതിനനുകൂലമായിത്തന്നെ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടല്ലോ. ഇവിടെ വന്നതിനുശേഷവും ഞാനും മെത്രാപ്പോലീത്താ തിരുമേനിയും ഇതുതന്നെയല്ലേ അപേക്ഷിച്ചിരുന്നതി? ഈ മുഹൂർത്തംവരെ അവിടുന്ന് യാതൊരു പ്രയാസവും പ്രദർശിപ്പിക്കാതെ ഇപ്പോഴെന്താണ് ഇങ്ങനെ കല്പിക്കാൻ തുടങ്ങുന്നതെന്ന് മനസ്സിലാകുന്നില്ല."

പാത്രിയർക്കീസ് നമ്മുടെ വാത്സല്യമകനേ, നാം എന്താണു ചെയ്യുക. കാതോലിക്കാ സ്ഥാപനപ്രതിഷ്ഠയിൽ നമ്മെ സംബന്ധിച്ചിടത്തോളം യാതൊരു വിസമ്മതവുമില്ല. അങ്ങനെ തെറ്റിദ്ധരിക്കരുത്.

എം. ഏ. അച്ചൻ : എന്നാൽ പള്ളിയിലേക്കുപോകാം.

പാത്രിയർക്കീസ് : വരട്ടെ, നാം മുഴുവനും പറഞ്ഞവസാനിപ്പിച്ചില്ലല്ലോ. നമ്മുടെ കൂടെ വന്നവർക്കു രാജ്യക്കാർക്കും ഈ പ്രവൃത്തി ഒട്ടുംതന്നെ തൃപ്തികരമായിരിക്കയില്ല. അങ്ങനെ ഇരിക്കാനാണ് ഇടയുള്ളതെന്നു തോന്നുന്നില്ലേ? നിശ്ചയമായും അവർക്ക് വലിയ അനിഷ്ടം തന്നെയായിരിക്കും അത്. അതിനെപ്പറ്റി നാം കാര്യമായി ഗൗനിക്കേണ്ടതല്ലേ?

എം. ഏ. അച്ചൻ : "അവർക്ക് ഇഷ്ടമോ അനിഷ്ടമോ എന്തെങ്കിലുമാകട്ടെ. അവിടുന്നു ഞങ്ങളുടെ മുട്ടിപ്പായ അപേക്ഷയെ സാധിച്ചു തരണം."

പാത്രിയർക്കീസ് : "നമുക്ക് യാതൊരു വിരോധവുമില്ല. നാം കുറെ കൂടി തെളിവായിപറഞ്ഞുകൊള്ളട്ടെയോ. നമ്മുടെകൂടെ വന്നിട്ടുള്ള റമ്പാന്മാർ രണ്ടു പേരും ഇക്കാര്യത്തിൽ വിരോധാഭിപ്രായക്കാരാണ്. അത് നമുക്ക് വെളിവായിരിക്കുന്നു. ഇപ്പോൾ അവരുടെ വാക്കിനെ അവഗണിച്ചു പ്രവർത്തിക്കുന്നപക്ഷം പോകുന്ന വഴിക്ക് അവർ നമ്മെ കപ്പലിൽ നിന്നും കടലിലേക്ക് എടുത്തെറിയുമെന്ന് ഇന്നലെ രാത്രി പറഞ്ഞിരിക്കുന്നു. എന്തൊരു വലിയ ആപത്താണ് നമുക്ക് നേരിട്ടിരിക്കുന്നതെന്ന് നമ്മുടെ മകൻ ചിന്തിക്കുന്നുവോ?"

എം. ഏ. അച്ചൻ : "ഈ റമ്പാന്മാരെ അവിടുന്നു ഭയപ്പെടുകയോ. അതിനു യാതൊരാവശ്യവുമില്ല. അവർ വിചാരിച്ചാൽ ഒന്നും നടക്കുകയില്ല."

പാത്രിയാക്കീസ് : "ഇങ്ങനെ പറഞ്ഞുകൊണ്ടു നമുക്ക് എങ്ങനെ ധൈര്യമുണ്ടാകും? സ്വദേശത്തെത്തുന്നതുവരെ നിങ്ങൾക്ക് നമ്മോടൊന്നിച്ചു പോരുവാൻ സാധിക്കുമോ? അതാണു നമുക്കറിയേണ്ടത്."

എം. ഏ. അച്ചൻ : "ബോംബെ വരെ നിശ്ചയമായും ഞാൻ അവിടുത്തെ കൂടെയുണ്ടാവും. കപ്പലിൽ കയറ്റിയേ ഞാൻ മടങ്ങിപ്പോരൂ. അവിടെ വെച്ച് ഞാൻ കൂടെ പോന്നേ മതിയാവൂ എന്ന് കല്പിക്കുന്ന പക്ഷം അതിനും ഞാൻ ഒരുക്കംതന്നെ. സ്വരാജ്യത്ത് ഇറക്കിവിട്ടേക്കാം. പോരെ?"

പാത്രിയാക്കീസ് : "വേറെ ഒരു സംഗതിയും റമ്പാന്മാരെപ്പറ്റി നമുക്ക് സംശയമുണ്ട്. പറയുമ്പോൾ എല്ലാം പറയണമല്ലോ. നമ്മുടെ കൈവശം പണമായി വല്ലതുമുണ്ടെങ്കിൽ അതു തട്ടിയെടുക്കാനായിട്ടും അവർ വല്ലതും ചെയ്തേക്കാവുന്നതല്ലേ? വൃദ്ധനായ നമ്മെക്കൊണ്ട് എന്ത് കഴിയും?"

എം. ഏ. അച്ചൻ : "എല്ലാം മനസ്സിലായി. തിരുമനസ്സുകൊണ്ട് ഈ കാര്യത്തിൽ ഭയപ്പെട്ടിട്ടാവശ്യമില്ല. എനിക്കായുസ്സുണ്ടെങ്കിൽ എന്നു മാത്രമേ ഉണർത്തിക്കുന്നുള്ളു. ശീമയിൽ നിന്ന് ഇത്ര കഷ്ടപ്പെട്ട് ഇവിടെ വന്നിട്ട് ഉദ്ദേശിച്ച കാര്യം സാധിക്കാതെപോയാൽ തിരുമനസ്സിലേക്കും

മലങ്കരസഭയ്ക്കും അതൊരുവലിയ നഷ്ടത്തിനും വ്യസനത്തിനും കാരണമായിത്തീരും. അവിടുന്ന് ഒരിക്കലും വാഗ്ദാനം ലംഘിക്കരുത്. വളരെയധികം ജനങ്ങൾ വന്നു കൂടിയിരിക്കുന്നു. പള്ളിയിലേക്കെഴുന്നെള്ളാം.''

പാത്രിയാക്കീസ് : ഓഹോ! തയ്യാർ

അങ്ങനെ 1912 സെപ്തംബർ 15-ാം തീയതി ഞായറാഴ്ച നിരണത്തുപള്ളിയിൽ വച്ച് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും മാർ ഗ്രിഗോറിയോസ്മെത്രാന്റെയും സഹകരണത്തോടുകൂടെ കണ്ടനാട്ട് മാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്കോസായി അബ്ദദുമിശിഹാപാത്രിയക്കീസ് വാഴിക്കയും ചെയ്തു. അനന്തരം മലങ്കരയിൽനിന്നും മടങ്ങി എഴുന്നള്ളുന്നതിനു മുമ്പ് കാതോലിക്കാസിംഹാസനം മലങ്കരയിൽ ശാശ്വതമായി നിലനിർത്തുന്നതിനുള്ള കല്പനയും പാത്രിയർക്കീസ് എഴുതിഒപ്പിട്ടു കൊടുത്തു. പ്രസ്തുത കല്പനയിലെ വാചകങ്ങൾ എഴുതിയതും പാത്രിയർക്കീസിനെക്കൊണ്ടു അതിൽ ഒപ്പിടുവിച്ചതും എം. ഏ. അച്ചൻതന്നെയായിരുന്നു. കല്പനയിലെ ചിലഭാഗങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു:—

സാരാംശത്തിൽ പരിപൂർണ്ണനും ആദിയും അന്തവും ഇല്ലാത്തവനും നിത്യനും ആയിരിക്കുന്ന സർവ്വശക്തന്റെ നാമത്തിൽ, തനിക്ക് എന്നെന്നേക്കും സ്തുതിയുണ്ടായിരിക്കട്ടെ. ബലഹീനനായ അബ്ദദുമിശിഹാ ദ്വിതീയൻ ഇഗ്നാത്യോസ് പാത്രിയക്കീസിൽ നിന്നും

*   *   *   *

നമ്മുടെ പൈതൃകമായ അനുഗ്രഹാശിസ്സുകൾ ഒരിക്കൽകൂടി നിങ്ങൾക്കു നല്കിയശേഷം നിങ്ങളുടെ യഥാർത്ഥമായ സ്നേഹത്തോട് ഒരു കാര്യമറിയുവാൻ നാം അതിയായി ആഗ്രഹിക്കുന്നു. അതായത് മിദിയാത്തിൽ നമ്മുടെ ബലഹീനതയുടെ പക്കൽ നിങ്ങളുടെ അപേക്ഷകൾ എത്തിയതു മുതൽ മലബാറിലെ നമ്മുടെ ആത്മീയ മക്കളുടെ ഇടയിലും പള്ളികളിലും അബ്ദള്ളാ അഫൻഡി വരത്തിക്കൂട്ടിയിട്ടുള്ള കുഴപ്പങ്ങളെപ്പറ്റി നമുക്കു വളരെയധികം വ്യസനമുണ്ടായി. ദൈവീകതീഷ്ണത നമ്മെ നിർബന്ധിക്കയാൽ സർവ്വശക്തനായ ദൈവത്തിൽ ശരണം വെച്ചുകൊണ്ട് നാം എഴുന്നേറ്റു നിങ്ങളുടെ അപേക്ഷ പ്രകാരം ഉടനെ മലബാറിലേക്ക് വരുന്നതിനു യാത്ര പുറപ്പെട്ടു നമ്മുടെ

മാർഗ്ഗങ്ങളിൽ നമ്മെ നിയന്ത്രിക്കുന്ന കാരുണ്യവാനായ ദൈവം യാതൊരുപദ്രവവും പ്രതിബന്ധവും കൂടാതെ സമാധനത്തോടുകൂടെ നിങ്ങളുടെ അടുക്കലേക്കു നമ്മെ കൊണ്ടുവന്നു. മലങ്കര മെത്രാപ്പോലീത്തായായ ദിവന്നാസ്യോസും അദ്ദേഹത്തോടു സഹകരിച്ചു നില്ക്കുന്ന എല്ലാവരും ചൊവ്വുള്ളവരും യോഗ്യന്മാരുമാണെന്ന് നാം നടത്തിയ പരിശോധനയുടെ ഫലമായി നമുക്കു ബോദ്ധ്യം വന്നപ്പോൾ നാം ഇവിടെ പരുമല സെമിനാരിയിൽ ഒരു യോഗം വിളിച്ചുകൂട്ടി. അങ്ങനെ ഇവിടെവെച്ച് നിങ്ങളുടെ ആവശ്യങ്ങളും അബ്ദള്ളാ അഫൻഡിയുടെ കാനോനു വിരുദ്ധമായിട്ടുള്ള പ്രവൃർത്തികളും നാം ശരിക്കു ഗ്രഹിച്ചു. മലബാറിലെ പരമാർത്ഥികളായ ദൈവകുഞ്ഞാടുകളുടെ ഇടയിൽ വലിച്ചുവച്ച കലഹവും കൊലപാതകവും നിമിത്തം നമ്മുടെ ഹൃദയം കനത്ത ദുഖം കൊണ്ടു നിറഞ്ഞുപോയി.

വലുതായ ദുഖത്തോടുകൂടെ നമ്മുടെ കർത്താവ് യേശുമിശിഹായോട് നാം അപേക്ഷിച്ചപ്പോൾ നിങ്ങളുടെ അപേക്ഷകളും ആവശ്യവും നിവർത്തിച്ചു തരുന്നതു നല്ലതാകുന്നു എന്ന് പരിശുദ്ധറൂഹാ മൂലം താൻ നമ്മെ അറിയിച്ചു. തന്മൂലം ദൈവകൃപയാൽ നിങ്ങളുടെ അപേക്ഷപോലെ പൗലോസ് ബസ്സേലിയോസ് എന്ന നാമത്തിൽ ഒരു മപ്രിയാനെയും, അതായത് കാതോലിക്കായെയും, മാർ ഗീവറുഗീസ് ഗ്രിഗോറിയോസ്, മാർ യോവാക്കീം ഈവാനിയോസ്, മാർ ഗ്രിഗോറിയോസ് പീലക്സീനോസ് എന്നീ മൂന്നു മെത്രാപ്പോലീത്താമാരെയും വാഴിച്ചു. കാതോലിക്കായെ വാഴിക്കാതിരുന്നാൽ മലബാറിലെ നമ്മുടെ സഭ പല പല കാരണങ്ങൾ മൂലം വെടിപ്പിലും വിശുദ്ധിയിലും നിലനില്ക്കുകയില്ലെന്നുനമുക്കു ബോദ്ധ്യമായി. എന്നാൽ ഇപ്പോൾ നമ്മുടെ കർത്താവിന്റെ ശക്തിയാൽ അതു കാലാകാലത്തോളം വെടിപ്പിലും വിശുദ്ധിയിലും നീണ്ടുനില്ക്കുമെന്നും അന്ത്യോഖ്യായുമായുള്ള സ്നേഹബന്ധത്തിൽ മുമ്പിലത്തെക്കാൾ അതുകൂടുതൽ സ്ഥിരീകരിക്കപ്പെടുമെന്നും നാം അറിയുന്നു. നമ്മുടെ ഹൃദയത്തിൽ സന്തോഷം ഇതിനാൽ നാം പ്രാപിച്ചിരിക്കുന്നു. കണ്ടാലും പ്രിയമക്കളേ, ഇപ്പോൾ മുതൽ നിങ്ങൾ സമാധാനത്താലെ വസിപ്പിൻ. നമ്മെ സംബന്ധിച്ചിടത്തോളം നാം മടങ്ങിപ്പോകുകയാണ്. നാം നിങ്ങളെ വിട്ടുപോകുമെങ്കിലും നിങ്ങളെ ഒരിക്കലും വിസ്മരിക്കുകയില്ലെന്നുള്ള മനോബോദ്ധ്യത്തോടുകൂടെ വസിക്കുവിൻ....

നിങ്ങളുടെ ഇടയന്മാരായ കാതോലിക്കായും മെത്രാപ്പോലീത്ത ന്മാരും നിങ്ങളുടെ സകല ആവശ്യങ്ങളും സാധിച്ചുതരുമെന്നു നാം ശരണപ്പെടുന്നു. മെത്രാപ്പോലീത്താമാരുടെ സഹായത്തോടുകൂടെ കാതോലിക്കാ നമ്മുടെ വി. പിതാക്കന്മാരുടെ കാനോനാകൾക്കനുസ രണമായി നിങ്ങൾക്കു മേല്പട്ടക്കാരെ വാഴിച്ചുതരുകയും വി. മൂറോനൻകൂദാശ ചെയ്തുതരുകയും ചെയ്യും. കാതോലിക്കാ ദിവംഗ തനാകുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തു മറ്റൊരു കാതോലിക്കായെ വാഴിക്കാൻ നിങ്ങളുടെ മെത്രാന്മാർക്ക് അധികാരവും അവകാശവുമു ണ്ട്. അതിൽനിന്നും അവരെ വിരോധിപ്പിക്കാൻ ഒരുത്തനും അധികാര മില്ല. എന്നാൽ സകലവും വിവേകപൂർവ്വം ക്രമമായും, പതിവു പോലെയും, മലങ്കരമെത്രാപ്പോലീത്തായായ ദിവന്നാസ്യോസ് അദ്ധ്യ ക്ഷനായിരിക്കുന്ന കമ്മറ്റിയുടെ ആലോചനപ്രകാരവും ചെയ്യണം. നിങ്ങ ളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുകയും നമ്മുടെ കർത്താവ് യേശുമിശിഹായുടെ നാമത്തിൽ നിങ്ങൾക്കു നാം സൽബുദ്ധി ഉപദേ ശിക്കയും ചെയ്യുന്നു. കാതോലിക്കായ്ക്കും ശ്ലീഹായ്ക്കുംഅടുത്തതും പത്രോസാകുന്ന പാറമേൽ പണിയപ്പെട്ടിരിക്കുന്നതുമായ സത്യവിശ്വാ സത്തിൽ നിന്നു നിങ്ങൾ തെറ്റിപ്പോകരുതെന്ന്. നിങ്ങളുടെ യഥാർത്ഥ മായ സ്നേഹത്തോടു നാം കല്പിക്കുന്നതെന്തെന്നാൽ അക്രമിയായ ഒരുത്തന്റെ പ്രവൃത്തികളും പ്രേരണകളും മൂലം അന്ത്യോഖ്യായിലെ അപ്പോസ്തോലിക സിംഹാസനവുമായുള്ള സ്നേഹബന്ധത്തിൽ നിന്ന് നിങ്ങൾ വേർപെട്ടുപോകരുത്. പുണ്യചരിതനായ നിങ്ങളുടെ പൂർവ്വി കന്മാരെപ്പോലെ നിങ്ങളും അനുസരണമുള്ളവരാണെന്നു നമുക്കറിയാം. നിങ്ങളുടെ ജ്ഞാനോദ്ദീപനത്തിന് ഇത്രയും പറഞ്ഞതു മതിയാകു മെന്നു കരുതുന്നു. ചുരുങ്ങിയ വാക്കുകൾക്കൊണ്ട് നിങ്ങൾക്ക് കൂടു തൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കും.

“എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ; ലോകാ രംഭം മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ അവ കാശമായി അനുഭവിക്കുവിൻ” എന്നുള്ള സന്തോഷവാർത്ത കേൾക്കു വാൻ നിങ്ങൾക്കും നിങ്ങളുടെ മരിച്ചുപോയവർക്കും ഭാഗ്യമുണ്ടാകട്ടെ. ആയതു ദൈവമാതാവായ മറിയത്തിന്റെയും സകലപുണ്യവാന്മാരു ടേയും വി. അപ്പോസ്തോലന്മാരുടേയും ഇന്ത്യയുടെ മദ്ധ്യസ്ഥനായ മാർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽ തന്നെ ആമ്മേൻ.

പരുമല സെമ്മനാരിയിൽനിന്നും

ക്രിസ്തുവർഷം 1913 കുംഭം 8.

മലങ്കരയിൽ കാതോലിക്കാസിംഹാസനം സ്ഥാപിക്കുന്നതിന് കഥാപുരുഷൻ നിർവ്വഹിച്ച പങ്ക് എത്രമാത്രമെന്ന് വായനക്കാർ ഇതിൽ നിന്നും ഗ്രഹിച്ചിരിക്കുമല്ലോ. ഏതെങ്കിലും ഒരു കാര്യം ഉദ്ദേശിച്ചു കഴിഞ്ഞാൽ അതിന്റെ ഫലോദയംവരെ അക്ഷീണപരിശ്രമം ചെയ്യുന്നതിന് പ്രതിബന്ധങ്ങളെ ധൈര്യപൂർവ്വം തരണം ചെയ്യുന്നതിനുള്ള അനുതരസാധാരണമായ സാമർത്ഥ്യവും കഴിവും കഥാപുരുഷനുണ്ടായിരുന്നു. എന്നത്രേ ഈ കാതോലിക്കാസ്ഥാപന ചരിത്രം തെളിയിക്കുന്നത്.

കതോലിക്കാസിംഹാസനം സ്ഥാപിച്ചശേഷം ഉദ്ദേശം ഒരു വർഷക്കാലത്തോളം മലങ്കരയിലുള്ള പല ഇടവകകളിലും അബ്ദദുമിശിഹായും റമ്പന്മാരും സഞ്ചരിച്ചു. പലരിൽ നിന്നും നല്ല സംഖ്യ സംഭാവനാരൂപത്തിൽ ലഭിക്കുകയും ചെയ്തു. അനന്തരം ബാവയും റമ്പാന്മാരും പരദേശത്തേയ്ക്കു യാത്ര പുറപ്പെട്ടു. യാതൊരപകടവും കൂടാതെ ബാവയെ പരദേശത്ത് എത്തിച്ചുകൊള്ളമെന്ന് നല്കിയിരുന്ന ഉറപ്പ് പാലിക്കുന്നതിനായി കഥാപുരുഷൻ അവരോടൊന്നിച്ച് ബോംബെയിലേക്ക് പുറപ്പെട്ടു. ബാവയും റമ്പാന്മാരും ഒരേ കപ്പലിൽ യാത്ര ചെയ്താൽ പണാപഹാരണസംബന്ധമായ വല്ല ഉദ്യമവും ഉണ്ടായേക്കുമെന്ന് കഥാപുരുഷന് അറിയാമായിരുന്നു. തന്നിമിത്തം ബാവയെ സുരക്ഷിതമായി അയയ്ക്കുന്നതിന് ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ബാവയെ "പി. ആൻഡ്. ഓ. മെയിൽ" കപ്പലിലും റമ്പന്മാരെ കൂലികുറഞ്ഞ മറ്റൊരു കപ്പലിലും അയയ്ക്കുന്നതിന് നിശ്ചയിച്ചുകൊണ്ട് റമ്പാന്മാരോട് കഥാപുരുഷൻ ഇങ്ങനെ പറഞ്ഞു:

"ഇവിടെ നിന്നും പലതരം കപ്പലുകൾ പോകുന്നുണ്ട്. അതിൽ വിശേഷപ്പെട്ടത് പി. ആൻഡ്. ഓ. കമ്പനിക്കാരുടെ മെയിൽ കപ്പലാണ്. അതിൽ സുഖം കൂടുമെങ്കിലും കൂലി വളരെ അധികമായിരിക്കും. കുറഞ്ഞ നിരക്കിനു പോകുന്ന കപ്പലുകൾ വേറെ അധികമുണ്ട്. സ്വല്പ ദിവസം കൂടി താമസിച്ചേ ഇവ എത്തുകയുള്ളു. എന്നതല്ലാതെ മറ്റൊരു ദോഷവും പറയാനില്ല പി. ആൻഡ്. ഓ. യിൽ പോകണമോ? അതോ വേറെ വല്ലതിലും മതിയോ? ബാവാ തിരുമനസ്സുകൊണ്ട് പി. ആൻഡ്. ഓ. യിൽതന്നെ പൊയ്ക്കൊള്ളട്ടെ നിങ്ങൾ എന്തു തീരുമാനിക്കുന്നു?

“റമ്പാന്മാർ അതേ, ബാവാ പി. ആൻഡ്. ഓ. യിൽ ആയിക്കൊള്ളട്ടെ” ഞങ്ങൾക്കു കൂലികുറഞ്ഞതിൽ വല്ലതിലും പോയാൽ മതി.

വലിയ ഒരു ഭാരം ശിരസ്സിൽനിന്നും നീങ്ങിയതുപോലെയുള്ള ആശ്വാസം കഥാപുരുഷനുണ്ടായി. വിവരമെല്ലാം ബാവയെ ഗ്രഹിപ്പിച്ചശേഷം അദ്ദേഹം ചോദിച്ചു “ഇനി ഞാൻ കൂടെ കപ്പലിൽ കയറണമോ?”

“വേണ്ട മകനേ നാം സംതൃപ്തനാണ്.”

അങ്ങനെ വെവ്വേറെ കപ്പലുകളിലായി ബാവയും റമ്പാന്മാരും യാത്രപുറപ്പെടുകയും ചെയ്തു.

അബ്ദദുമിശിഹായെ ഇവിടെ വരുത്തുന്നതിനും, കാതോലിക്കാ സിംഹാസനം ഇവിടെ സ്ഥാപിക്കുന്നതിനും, അവസാനം ബാവയെ സുരക്ഷിതമായി മടക്കി അയക്കുന്നതിനും കഥാപുരുഷൻ എത്രമാത്രം പ്രയാസങ്ങൾ സഹിച്ചിട്ടുണ്ടെന്ന് ഇവയിൽ നിന്നെല്ലാം വ്യക്തമാകുന്നുണ്ടല്ലോ. യാക്കോബായ സഭയിൽ ശാശ്വതമായ സമാധാനം ഇതുമൂലം കൈവരുത്തുവാൻ സാധിക്കുമെന്നുള്ള വിശ്വാസമായിരുന്നു ഇവയെല്ലാം സഹിക്കുന്നതിന് കഥാപുരുഷനെ പ്രേരിപ്പിച്ചത്. അബ്ദുള്ളാ പാത്രിയർക്കീസുമായുള്ള ബന്ധം ഉപേക്ഷിക്കുന്നതിനും, കാതോലിക്കാസിംഹാസനം അംഗീകരിക്കുന്നതിനും കേരളത്തിലെ യാക്കോബയരായ പാത്രിയർക്കീസുകക്ഷികൾ സമ്മതിച്ചിരുന്നുവെങ്കിൽ കഥാപുരുഷന്റെ ഉദ്ദേശപൂർണ്ണമായി സാധിതപ്രായമാകുമായിരുന്നു. പക്ഷേ, “അന്യഥാ ചിന്തിതം കാര്യം ദൈവമാന്യത്ര ചിന്തയേൽ.”

## അദ്ധ്യായം 10

# സെറാമ്പൂർ കോളജ് പ്രൊഫസർ

**അ**മേരിക്കൻ സ്വദേശിയും ഒരു പ്രോട്ടസ്ററന്റു മിഷ്യനറിയുമായ ഡോ. ജോൺ ആർ മോട്ടിന്റെ നേതൃത്വത്തിൽ കൽക്കട്ടായ്ക്കു സമീപമുള്ള സെറാമ്പൂരിൽവച്ച് ഭാരതത്തിലെ ക്രൈസ്തവവിദ്യാർത്ഥികളുടെ ഒരു സമ്മേളനം നടക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ ആത്മീയോത്കർഷത്തിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആരായുന്നതിനും ഭാരതത്തിൽ സുവിശേഷവേല ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി പര്യാലോചിക്കുന്നതിനും വേണ്ടിയായിരുന്നു പ്രസ്തുത സമ്മേളനം നടത്തപ്പെട്ടത്. അതിൽ സംബന്ധിക്കുന്നതിനും പ്രതിനിധികളെ അയയ്ക്കുന്നതിനുമായി ഇന്ത്യയിലെ വിവിധ അകത്തോലിക്കാസഭകളുടെ അദ്ധ്യക്ഷന്മാർക്ക് ഡോക്ടർ മോട്ട് കത്തയച്ചിരുന്നു. ഇക്കൂട്ടത്തിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിക്കും ഒരു ക്ഷണക്കത്ത് ലഭിക്കുകയുണ്ടായി. അതനുസരിച്ച് എം. ഏ. അച്ചനും ഒന്നിച്ച് മാർ ദിവന്നാസ്യോസ് സെറാമ്പൂരിനു പോകുകയും ഒരാഴ്ച നീണ്ടുനിന്ന പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

പാശ്ചാത്യരും പൗരസ്ത്യരുമായ ഒട്ടനേകം മഹാന്മാരുമായി പരിചയപ്പെടുന്നതിനുള്ള ഭാഗ്യം കഥാപുരുഷന് ഈ അവസരത്തിൽ ലഭിച്ചു. ഇക്കൂട്ടത്തിൽ സെറാമ്പൂർ കോളേജ് പ്രിൻസിപ്പാളും പ്രസ്തുത കോളേജിന്റെ സ്ഥാപനത്തിനും അഭിവൃദ്ധിക്കും വേണ്ടി അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്ന ദേഹവുമായ ഡാക്ടർ ഹൗവൽസുമായി പരിചയപ്പെടുന്നതിനും ഇടയായി. എം. ഏ. അച്ചന്റെ പാണ്ഡിത്യവും സരസസംഭാഷണവും വാഗ്മിത്വവും ഡോക്ടർ ഹൗവൽസിനെ ഹഠാദാകർഷി

ക്കുകതന്നെ ചെയ്തു. തന്നിമിത്തം കോളേജിലെ ഒരു പ്രൊഫസറായി എം. ഏ. അച്ചനെ എങ്ങനെയെങ്കിലും നിയമിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഒരിക്കൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഡോക്ടർ ഹൗവൽസ് എം. ഏ. അച്ചനോടു ചോദിച്ചു. "സ്വദേശം വിട്ട് ഈ കോളേജിലെ പ്രൊഫസറായി വരാൻ സാധിക്കുമോ? അപ്രകാര മെങ്കിൽ അതു കോളേജിന് വലിയ ഒരു ലാഭമായിരിക്കും."

എം. ഡി. സെമിനാരി പ്രിൻസിപ്പാളിനെക്കാൾ പതിന്മടങ്ങ് സ്ഥാനവും ശമ്പളവും ലഭിക്കുന്ന ഒരുദ്യോഗമാണ് അതെന്ന് എം. ഏ. അച്ചനു നല്ലവണ്ണം അറിയാമായിരുന്നു. തന്നെയുമല്ല, കേരളത്തിൽ നിന്നും ഒട്ടനേകരെ സെറാമ്പൂരിൽ കൊണ്ടുപോയി പഠിപ്പിച്ച് അവരെ ഉത്കൃഷ്ടബിരുദധാരികളാക്കിത്തീർക്കുവാൻ സാധിക്കുമെന്നും നിശ്ച യമുണ്ടായിരുന്നു. പക്ഷേ, ഡോക്ടർ ഹൗവൽസിന്റെ ക്ഷണത്തിനനു കൂലമായോ, പ്രതികൂലമായോ മറുപടി പറയുവാൻ കഥാപുരുഷൻ സന്ന ദ്ധനായില്ല. "ഞാനല്ല ഇതിനുത്തരം പറയേണ്ടത്. മെത്രാപ്പോലീത്താ തിരുമേനിയോട് ആവശ്യപ്പെട്ടാലും" എന്ന് മാർ ദിവന്നാസ്യോസ് തിരു മേനിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഉത്തരം നൽകി. തൽക്ഷണം മെത്രാ പ്പോലീത്താ തിരുമേനിയെ ഡാക്ടർ തന്റെ അഭിലാഷം അറിയിച്ചു. അതിനു മറുപടിയായി കാര്യം നല്ലതുതന്നെ പക്ഷേ, അതു സാധിക്കു ന്നതിൽ പല വിഷമങ്ങളും കാണുന്നുണ്ട്. ആകട്ടെ, ആലോചിച്ച് മറു പടി അയയ്ക്കാം എന്ന് മെത്രാപ്പോലീത്തായും മറുപടി നല്കി.

സെറാമ്പൂരിൽ നിന്ന് കേരളത്തൽ മടങ്ങിയ ശേഷം ഡോക്ടർ ഹൗവൽസിന്റെ പല കത്തുകളും എം. ഏ. അച്ചനു ലഭിക്കുകയുണ്ടാ യി. എങ്ങനെയെങ്കിലും മെത്രാപ്പോലീത്തായെക്കൊണ്ട്, സമ്മതിപ്പിച്ച് ഏതെല്ലാം വിഷമങ്ങൾ തരണം ചെയ്യേണ്ടി വന്നാലും അതെല്ലാം നിർവ്വ ഹിച്ച് സെറാമ്പൂരിൽ വന്നുചേരണന്നൊയിരുന്നു പ്രസ്തുത കത്തുക ളിലെ താല്പര്യം. ഈ അവസരത്തിൽ നമ്മുടെ കഥാപുരുഷൻ എന്താണ് ചെയ്യേണ്ടതെന്നറിയാതെ നന്നാ വിഷമിച്ചു. സെറാമ്പൂരി ലേക്കു പോകുന്നതിൽ മൂന്നു കാര്യങ്ങൾ വിലങ്ങുതടിയെന്നോണം കഥാപുരുഷന്റെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു.

1. മാർ ദിവന്നാസ്യോസ് തിരുമേനിയുമായി വേർപെടുന്നതിലുള്ള വിഷമം.

2. യാക്കോബായ സഭയുടെ വിഷമഘട്ടത്തിൽ പ്രസ്തുത സമുദാ

യത്തിന്റെ സമാധാനത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രയത്നിക്കുന്നതിനുള്ള ആഗ്രഹം.

3. എം. ഡി. സെമിനാരിയെ വേണ്ടവിധം ഉയർത്തുന്നതിനുള്ള അഭിലാഷം.

തന്റെ അഭിവന്ദ്യഗുരുഭൂതനും, അഭ്യുദയകാംക്ഷിയുമായ മാർ ദിവന്നാസ്യോസുമായി കുറേ നാളത്തേക്കെങ്കിലും വേർപെടുക എന്നതു കഥാപുരുഷനെ വിഷമിപ്പിച്ചതിൽ അത്ഭുതത്തിനവകാശമില്ല. നിമിഷംപ്രതി വഷളായിക്കൊണ്ടിരിക്കുന്ന സമുദായാന്തരീക്ഷത്തിലെ കലാപങ്ങൾ മൂർദ്ധന്യദശയെ പ്രാപിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ —മാർ ദിവന്നാസ്യോസിന്റെ ജീവനെപ്പോലും അപഹരിക്കുന്നതിന് എതിർശക്തികൾ പരിശ്രമിച്ചുകൊണ്ടിരുന്ന അവസരത്തിൽ –വേണ്ട സകല ആലോചനകളും നല്കി മെത്രാപ്പോലീത്തായെ ആശ്വസിപ്പിക്കുകയും പ്രവർത്ത്യുൻമുഖനാക്കിത്തീർക്കുകയും ചെയ്യേണ്ടതിനു പകരം പ്രഫസർ ഉദ്യോഗം കാംക്ഷിച്ചു വിദൂര ദേശത്തു പോകുക എന്നുള്ള ഹൃദയത്തെ വിഷമിപ്പിക്കുന്ന ഒരു കാര്യം തന്നെയായിരുന്നു. ഏതാദൃശ വിഷമസന്ധിയിൽ തന്റെ ആശ്രയമായിരുന്ന എം. ഏ. അച്ചനെ വേർപെടുക എന്നുള്ളതു മാർ ദിവന്നാസ്യോസിനും മർമ്മഭേദകമായിരുന്നു.

രണ്ടാമതായി, യാക്കോബായ സഭയിൽ എങ്ങനെയെങ്കിലും സമാധാനം കൈവരുത്തണമെന്നുള്ള ശക്തിമത്തായ ആഗ്രഹം എം. ഏ. അച്ചനിൽ ഉണ്ടായിരുന്നു. കേസും, വ്യവഹാരവും, മത്സരവും വർദ്ധിച്ചുകൊണ്ടിരുന്ന ഏതാദൃശാവസരത്തിൽ സ്വസഭയുടെ രക്ഷയ്ക്കായി പ്രവർത്തിക്കാതെ സ്ഥലം വിടുന്നതിനു തന്റെ സഭയോടു ചെയ്യുന്ന അക്ഷന്തവ്യമായ ഒരപരാധമാണെന്നുള്ള ബോധമായിരുന്നു കഥാപുരുഷനുണ്ടായിരുന്നത്.

എം. ഡി. സെമിനാരി പ്രിൻസിപ്പാളായ നിമിഷം മുതൽ അതിനെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹം കഥാപുരുഷനുണ്ടായിരുന്നു. പ്രസ്തുത സെമിനാരിയെ ഒരു കോളേജായി ഉയർത്തുന്നതിനുള്ള പ്ലാനെല്ലാം അദ്ദേഹം രൂപവൽക്കരിച്ചു കഴിഞ്ഞിരുന്നു. കോളേജ് പ്രൊഫസറന്മാരാക്കുന്നതിനു വേണ്ടിയായിരുന്നു ജോൺശെമ്മാശനേയും കോശിശെമ്മാശനേയും ഉൽകൃഷ്ടബിരുദം സമ്പാദിക്കുന്നതിനായി ത്രിശ്ശിനാപ്പള്ളി എസ്സ്. പി. ജി. കോളേജിലേക്കയച്ചത്. കൂടാതെ എം.

ഡി. സെമിനാരിയോടു ചേർത്ത് സകല സജ്ജീകരണങ്ങളോടും കൂടെ ഒരു വൈദികവിദ്യാലയം സ്ഥാപിക്കുന്നതിനും തദ്വാരാ, സമുദായോന്നമനം സാധിക്കുന്നതിനും നിശ്ചയിച്ചിരുന്നു. സെറാമ്പൂരിൽ പോയാൽ ഈ ദൃശസംരംഭങ്ങളെല്ലാം ഫലശൂന്യമായിത്തീരുമല്ലോ എന്നുള്ള ചിന്തയും എം. ഏ. അച്ചന്റെ മനസ്സിനെ കാര്യമായി വിഷമിപ്പിച്ചു. ഈ അവസരത്തിൽ തന്റെ മനസ്സിലുണ്ടായ ചിന്തകളെയും മറ്റും വിവരിച്ച് ആത്മകഥാകഥനരീതിയിൽ ഗിരിദീപത്തിൽ എഴുതിയിട്ടുള്ള ഭാഗങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു:—

"അതിനാൽ സെറാമ്പൂർ കോളേജിലേക്കു പോകുകയോ പോകാതിരിക്കുകയോ എന്താണു വേണ്ടതതെന്നുള്ള കാര്യത്തിൽ, വാസ്തവം പറയുന്നതായാൽ, നാം അസ്വസ്ഥനായിത്തീർന്നുകഴിഞ്ഞു. പലപ്പോഴും ഈ ഒരു വിചാരം തന്നെ നമ്മുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. കുറെ ദിവസങ്ങളായിട്ടും രണ്ടിൽ ഏതെങ്കിലും ഒന്നു തീർച്ചപ്പെടുത്തുവാൻ കഴിയുന്നില്ലല്ലോ എന്നു നാം വിഷമിച്ചിട്ടുണ്ട്. മനസ്സിന്റെ ഈ ഒരാസ്വാസ്ഥ്യം ഭക്ഷണത്തിനും പ്രവർത്തിക്കുമെന്നപോലെ ക്രമേണ ഉറക്കത്തിനും വിഘാതമാകുവാൻ തുടങ്ങി. ഒരുറക്കം കഴിഞ്ഞാലുടൻ നമ്മുടെ ഹൃദയഫലകത്തിൽ ആവിർഭവിക്കുന്നത് സെറാമ്പൂർ കോളേജും ഡോക്ടർ ഹവ്വത്സുമായിരിക്കും. അനുക്ഷണം മെത്രാപ്പോലിത്താ തിരുമേനിയും എം. ഡി. സെമനാരിയും മറുവശത്തായി നമുക്കു ദൃശ്യമാകുകയും ചെയ്യും. കുറേക്കാലമായി രാത്രി അഞ്ചുമണിക്ക് ഉറക്കമുണരുക തഴക്കമായിത്തീർന്നിരിക്കുന്ന നമുക്ക് അതിനേക്കാൾ എത്രയോ നേരത്തേ എഴുന്നേൽക്കുവാൻ യാതൊരും വിഷമവും തോന്നുകയുണ്ടായില്ല. കണ്ണുമിഴിച്ചു മലർന്നുകിടന്നു കൊണ്ടു മനോരാജ്യസഞ്ചാരം ചെയ്യുന്നതിനെക്കാൾ പരമസുഖം അടുത്തുള്ള ചാപ്പൽ മുറിയിൽ പ്രവേശിക്കുന്നതാണെന്നു നമുക്കുതോന്നി. പ്രാർത്ഥിക്കുകയോ ധ്യാനിക്കുകയോ എന്തുവേണമെങ്കിലും അവിടെവച്ച് യഥേഷ്ടം നടത്താവുന്നതുമാണല്ലോ. ചിലപ്പോൾ നാലുമണിക്കും മറ്റുചിലപ്പോൾ അതിനിമുമ്പായിട്ടും അക്കാലം മുതൽ ഏതാനും നാൾ ചാപ്പലിൽ വച്ചു നടത്തപ്പെട്ടുവന്ന പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സെറാമ്പൂർ യാത്ര നമുക്കൊരു പ്രധാനവിഷയമായിത്തീർന്നു. ഈ വിധത്തിൽ ഓരോ ദിവസവും കടന്നുപോയതോടുകൂടി സെറാമ്പൂർ കോളേജ് നമ്മെ പൂർവ്വാധികം ആകർഷിച്ചു വരുന്നതായിട്ടാണ് നമുക്കു തോന്നുമാറായത്. പിന്നെയും കുറേദിവസങ്ങൾക്കൂടി കഴിഞ്ഞപ്പോൾ അതിനോടുണ്ടായി

ത്തീർന്ന നമ്മുടെ ആകർഷണം വേർപെടുത്താൻ പാടില്ലാത്ത ഒരു ബന്ധമായിരിക്കുന്നു എന്നും നമുക്ക് അനുഭവമായി. എന്തെങ്കിലുമാകട്ടെ, ദൈവഹിതംഅതായിരിക്കണമെന്നു നാം തീർച്ചപ്പെടുത്തി. പക്ഷേ, തദനുസരണം ഉടനേ വല്ലതും നമുക്കു ചെയ്യാവുന്നതല്ലല്ലോ. മലങ്കരയിലുള്ള സർവ്വപ്രധാനനായ ഒരു മഹാപുരുഷവ്യക്തിക്ക് അധീനമാണ് നമ്മുടെ ശരീരമെന്നിരിക്കിൽ സ്വയമേവ ചെയ്ത നമ്മുടെ തീരുമാനം വാസ്തവത്തിൽ ഒരു തീരുമാനമായിരിക്കാൻ ഇടയുള്ളതാണോ? ഒരുകാലത്തു താൻ ഏതൊരാളെ സമുദായത്തിന്റെ അഭിമാന സ്തംഭമായി ഉയർത്തിവെച്ചുവോ ആ വന്ദ്യതിരുമേനിക്ക് എം. ഡി. സെമിനാരിയോടുള്ള പുത്രനിർവ്വിശേഷമായ പ്രേമം എത്രയെന്നും അതിന്റെ പുരോഗമനത്തിൽ അവിടത്തേക്ക് എത്രമാത്രം ആകാംക്ഷയുണ്ടെന്നും കണ്ടറിഞ്ഞിട്ടുള്ളതാണ്. ഡോ. ഹൗവൽസിന്റെ അഭിവാഞ്ഛയ്ക്കു നാം അനുകൂലിക്കുന്നുണ്ടെന്നു വല്ല കാര്യത്തിലും കാണാൻ തുടങ്ങുന്ന പക്ഷം അപ്പോഴേ, അതിന്റെ വേര് അറുത്തു കളയണമെന്നു കരുതിയിരിക്കന്ന വല്യതിരുമേനിയുടെ സന്നിധിയിൽ ചെന്ന് അവഗാഢമായിട്ടാണെങ്കിലും സ്വയമേവ ചെയ്ത തീരുമാനത്തെക്കുറിച്ചെങ്ങിനെയാണുണർത്തിക്കുക എന്നു നാം വിഷാദിച്ചു. ശരം പോലെ വന്നുകൊണ്ടിരുന്ന ഡോ. ഹൗവൽസിന്റെ എഴുത്തുകൾ എന്തെങ്കിലും ഉടനേ ചെയ്യണമെന്നുള്ളതിലേക്കു നമ്മെ ഒരുക്കി നിർത്തി. അതിനാൽ ഒട്ടും തന്നെ സമയം കളയാതെ ഡോ. ഹൗവൽസിന്റെ ചില കത്തുകളുമായി നാം തിരുസന്നിധിയിൽ ചെന്നു നിന്നു പല പല വർത്തമാനങ്ങളും വിശേഷങ്ങളും ഉണർത്തിച്ചതിന്റെ ശേഷം ഡോ. ഹൗവൽസിന്റെ കതത്തുകളെപ്പറ്റി പ്രസ്താവിച്ചുകൊണ്ടു തദ്വിഷയിലുള്ള നമ്മുടെ അഭിനിവേശം ഇതാണെന്ന് എത്രയും ശാന്തമായി തിരുമസ്സുണർത്തിച്ചു. ഇടയ്ക്കിടയ്ക്ക് ചിലത് കല്പിച്ചു ചോദിക്കുകയും ചിലപ്പോൾ മൗനമവലംബിക്കുകയും ചെയ്തുവന്ന വന്ദ്യതിരുമേനി “ഒടുവിൽ എന്നാൽ അങ്ങിനെ തന്നെയാവട്ടെ; സന്തോഷപൂർവ്വം നാം അനുവദിച്ചിരിക്കുന്നു.” എന്ന് കല്പനയരുളി. (ഗിരിദീപം പുറം 41 & 42)

സെറാമ്പൂർ കോളേജിലെ ഉദ്യോഗം സ്വീകരിക്കുന്നതുമൂലം സ്വസമുദായത്തിനു നിരവധി നന്മകൾ പ്രദാനം ചെയ്യുവാൻ സാധിക്കുമെന്നുള്ള ദൃഢവിശ്വാസമത്രേ കഥാനായകനുണ്ടായിരുന്നത്. “സമർത്ഥന്മാരായ ഒട്ടനേകം കേരളീയ യുവാക്കന്മാരെ പ്രസ്തുത കോളേജിൽ പ്രവേശിപ്പിച്ച് അവർക്ക് ഉൽകൃഷ്ട വിദ്യാഭ്യാസം നൽകുന്നതിനു സാധി

ക്കും. അതിനു വേണ്ടി പ്രതിമാസം തനിക്ക് ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ നിന്നും ഒരു വിഭാഗം വിനിയോഗിക്കാം എന്നുമാത്രമല്ല, പ്രസ്തുത കോളേജിന്റെ അധികൃതരോടാവശ്യപ്പെട്ട് സ്കോളർഷിപ്പു വാങ്ങി അവരെ സഹായിക്കുകയും ചെയ്യാം അങ്ങനെ ഉൽകൃഷ്ടബിരുദധാരികളായ ഏതാനും വൈദീകരെ സമുദായത്തിനു നൽകുകയും ചെയ്യാം. ഏതാദൃശാഭിലാഷങ്ങൾ നിമിത്തം മാർ ദിവന്നാസ്യോസ് തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടുകൂടി കഥാപുരുഷൻ സെറാമ്പൂരിനു പോകുവാൻ തന്നെ നിശ്ചയിച്ചു.

ഉൽകൃഷ്ടമായ ആംഗലഭാഷാവിദ്യാഭ്യാസമെന്ന പോലെ തന്നെ മതപരമായ വൈദികശാസ്ത്രപഠനത്തിനും വേണ്ടവിധം പ്രോത്സാഹനം നല്കുന്ന ഒരു പ്രൊട്ടസ്റ്റന്റ് (ബാപ്റ്റിസ്റ്റ്മിഷ്യൻ) സ്ഥാപനമായിരുന്നു പ്രസ്തുത കോളേജ്. ഒരു പ്രൊട്ടസ്റ്റന്റു കോളേജാണെങ്കിലും യാക്കോബായ സഭാവിശ്വാസങ്ങൾ നമ്മുടെ വിദ്യാത്ഥികളെ പഠിപ്പിക്കുന്നതിനും പുരാതനവിശ്വാസത്തിനനുയോജ്യമാം വിധം ദൈവാരാധന നടത്തുന്നതിനുള്ള സകല സൗകര്യങ്ങളും സജ്ജീകരണങ്ങളും നല്കാമെന്ന് ഡോ. ഹവ്വൽസ് മുൻകൂട്ടി ഉറപ്പു നല്കിയിരുന്നു.

പ്രൊഫസർ ഉദ്യോഗം സ്വീകരിച്ചു സെറാമ്പൂരിലേക്കു പോകുന്നതിനു മെത്രാപ്പോലീത്തായുടെ അനുവാദം സിദ്ധിച്ച ഉടൻതന്നെ എം. ഡി. സെമിനാരി പ്രിൻസിപ്പാൾ ഉദ്യോഗം രാജിവച്ച് കഥാപുരുഷൻ സെറാമ്പൂരിലേക്ക് യാത്രതിരിച്ചു. എം. ഡി. സെമനാരിയിൽ നിന്നും മെട്രിക്കുലേഷൻ പാസ്സായ സൽസ്വഭാവിയും, സമർത്ഥനുമായ കെ. ഏ. യാക്കോബ് ശെമ്മാശനെയും (മാർ തിയോഫിലോസ്) തന്റെ കൂടെ സെറാമ്പൂരിലേക്കു കൊണ്ടുപോയി. അവിടെ എത്തി ഉദ്യോഗം സ്വീകരിച്ചു കോളേജിന്റെ രണ്ടാം നില കെട്ടിടത്തിൽ താമസമാരംഭിച്ചു. കഥാപുരുഷന്റെ സ്വഭാവവൈശിഷ്ട്യവും, സംഭാഷണചാതുരിയും, അദ്ധ്യാപനസാമർത്ഥ്യവും, പ്രവർത്തന വൈദഗ്ദ്ധ്യവും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമായി തീർന്നതിൽ തെല്ലും അത്ഭുതത്തിനവകാശമില്ല. പ്രശസ്തമായ ഉദ്യോഗത്തിൽ പ്രവേശിച്ചുവെങ്കിലും അദ്ദേഹത്തിന്റെ ചിന്ത സ്വസമുദായത്തിന്റെയും സമുദായാംഗങ്ങളുടേയും ഭാവിയെക്കുറിച്ചായിരുന്നു. താസിയാതെ കേരളത്തിലേക്കയച്ച എഴുത്തുകുത്തുകളുടെ ഫലമായി ശെമ്മാശന്മാരും അയ്മേനികളുമായ ഇരുപതോളം യുവാക്കന്മാർ ഒന്നിനു പിറകെ ഒന്നായി സെറാമ്പൂരിൽ എത്തിച്ചേർന്നു. അവർക്ക് കോളേജിൽ

പ്രവേശനം നൽകുകയും ചെയ്തു.തന്നെയുമല്ല അവരുടെ ആദ്ധ്യാത്മികവും ലൗകികവുമായ എല്ലാ കാര്യങ്ങളിലും കഥാപുരുഷൻ പ്രത്യേക ശ്രദ്ധപതിപ്പിച്ചുമിരുന്നു. കോളേജിൽ നിന്നും തനിക്കു ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിനുപുറമേ പരീക്ഷകടലാസ് നോക്കുന്നതിനും മറ്റുമായി വമ്പിച്ച ഒരു സംഖ്യയാണ് പ്രതിവർഷം ലഭിച്ചുകൊണ്ടിരുന്നത്. ഇതെപ്പറ്റി ഗിരിദീപത്തിൽ എഴുതിയിരുന്നതിൽ നിന്നും ഒരു ഭാഗം ചുവടേ ചേർക്കുന്നു:—

"പണമിടപെട്ട കാര്യങ്ങളിൽ അക്കാലത്തുണ്ടായിരുന്ന നമ്മുടെ വമ്പിച്ച വരവുചിലവിനെക്കുറിച്ച് ആലോചിക്കുമ്പോൾ ദൈവം അന്ന് എന്തൊരു നീരുറവിനെയായിരുന്നു നമുക്കായി നല്കിയിരുന്നതെന്നു നമുക്ക് അത്ഭുതം തോന്നുന്നുണ്ട്. ശമ്പളമെന്ന രൂപത്തിൽ ഗണ്യമായ ഒരു സംഖ്യ നമുക്കു കിട്ടിപ്പോന്നിരുന്നുവല്ലോ. അതിനു പുറമേ സർവ്വകലാശാലാപരീക്ഷിതന്മാരുടെ ഉത്തരക്കടലാസുകൾ പരിശോധിച്ചവകയിൽ കിട്ടിപ്പോന്നിരുന്ന സംഖ്യയും നിസ്സാരമായിരുന്നില്ല. ഡോ.ഹവ്വത്സിന്റെ ശുപാർശപ്രകാരം മിസ്റ്റർ ലീച്ച്മാൻ ആദിയായ സുഹൃത്തുക്കളിൽ നിന്ന് വേറെ തരത്തിലുള്ള നിവേദനങ്ങളും ശെമ്മാശന്മാരെ ഉദ്ദേശിച്ചു ലഭിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ശമ്പളമായിട്ടും, പ്രതിഫലമായിട്ടും, നിവേദനങ്ങളായിട്ടും 10,000 കുറയാത്ത സംഖ്യ കിട്ടിപ്പോന്നിരുന്നുവെന്നു പറഞ്ഞാൽ മാത്രമേ എം. ഡി. സെമിനാരിയുടേയും വൈദികകോളേജിന്റെയും ഉന്നമനത്തിനും സംസ്ഥാപനത്തിനും വേണ്ടി അക്കാലത്തു നാം ചെലവഴിച്ചു പോന്ന സംഖ്യയെപ്പറ്റി വായനക്കാർക്ക് ഏകദേശമായ ഒരു അറിവു ലഭിക്കുവാൻ ഇടയാകയുള്ളു. ഒരിക്കൽ വലിയതിരുമേനി നമ്മുടെ സെറാമ്പൂർ വാസവൃത്താന്തങ്ങളും വരവു ചെലവുകണക്കും സവിസ്തരം ശ്രവിക്കുവാൻ ഇടയായപ്പോൾ വട്ടിപ്പണത്തോളം വരുന്ന ഒരു സംഖ്യയാണല്ലോ കൊല്ലംതോറും കിട്ടിവരുന്നതെന്നു വാത്സല്യാതിരേകം മൂലം കല്പിക്കുകയുണ്ടായി എന്നുള്ളത് ഇവിടെ പ്രത്യേകം പ്രസ്താവ്യം തന്നെയാണ്.

അക്കാലത്തു സെറാമ്പൂരിൽ താമസിച്ചിരുന്ന ശെമ്മാശന്മാരും ശെമ്മാശന്മാരാകാനുള്ളവരിൽ ചിലർ ഉപരിയായ ആംഗ്ലേയഭാഷാഭ്യാസനത്തിലും മറ്റു ചിലർ വേദശാസ്ത്ര സംബന്ധമായ പഠനത്തിലുമായിരുന്നു ഏർപ്പെട്ടിരുന്നത്. ഇത്തരക്കാരായവരുടെ എണ്ണം വർദ്ധിച്ചു വരുന്ന കാലങ്ങളിൽ മുന്നദ്ധരിച്ച വരുമാനം കൊണ്ടുമാത്രം ചെലവ് നിർവ്വഹിക്കപ്പെടുവാൻ ഇടയാകാതെ വന്നിട്ടുണ്ടെന്നും, അപ്പോഴെല്ലാം

കോളേജ് അധികൃതന്മാരുടെ ദാക്ഷിണ്യം മൂലം കടമായികിട്ടിയ പണം കൊണ്ടായിരുന്നു ആവശ്യങ്ങൾ നിർവിഘ്നം സാധിച്ചുപോന്നിട്ടുള്ള തെന്നും ആ വിധത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന കടം അവധിക്കാലത്തെ ശമ്പളം കൊണ്ട് നാം തട്ടിനികത്തുകയായിരുന്നു ചെയ്തു വന്നിരുന്ന തെന്നും പ്രത്യേകം ഇവിടെ സ്മർത്തവ്യം തന്നെയാണ്. സെറാമ്പൂരിൽ താമസിച്ചുവന്നിരുന്നവർക്കും പുറമേ അലഹാബാദ്, കല്ക്കട്ടാ, മദ്രാസ് സർവ്വകലാശാലകളിലും നമ്മിൽ നിന്നും ലഭിച്ച ധനസഹായം കൊണ്ടു പഠിച്ചുവന്നിരുന്ന വേറെയും ചിലർ ഉണ്ടായിരുന്നതിനാലാണ് ചിലപ്പോൾ കടം പോലും വാങ്ങിക്കുവാൻ നിർബന്ധിതനായിത്തീർന്നിട്ടുള്ളതെ ന്നുള്ള വാസ്തവത്തെ നമുക്കിവിടെ മൂടിവെച്ചിട്ടാവശ്യമില്ലല്ലോ. കിട്ടി യതൊക്കെ ആദായവും ആദായത്തേക്കാൾ കവിഞ്ഞ ചെലവും എന്നു മാത്രമേ അക്കാലത്തുണ്ടായിരുന്ന നമ്മുടെ പ്രകൃതത്തെപ്പറ്റി നമ്മുടെ ആത്മാർത്ഥസുഹൃത്തുക്കൾ ഗ്രഹിച്ചിരിക്കേണ്ടതുള്ളൂ.'' (ഗിരിദീപം പുറം 45 - 46)

വിദ്യാർത്ഥികൾക്കു താമസിക്കുന്നതിനായി വാടകയ്ക്കെടുത്തി രുന്ന കെട്ടിടത്തിൽ ഒരു പ്രത്യേക ചാപ്പൽ ഉണ്ടാക്കുകയും പ്രസ്തുത ചാപ്പലിൽ വിശുദ്ധകുർബാന അർപ്പിക്കുന്നതിനും, ധ്യാനം, യാമ പ്രാർത്ഥനകൾ, പ്രസംഗങ്ങൾ ആദിയായവ നടത്തുന്നതിനുമായി ഉപ യോഗിക്കുകയും ചെയ്തു. കോളേജിൽ അഭ്യസനം നടത്തിക്കൊണ്ടി രുന്ന യാക്കോബായ വിദ്യാർത്ഥികളിൽ പ്രോട്ടസ്റ്റന്റ് വിശ്വാസവിഷ ബീജങ്ങൾ പ്രവേശിക്കാതിരിക്കത്തക്ക വിധം പ്രത്യേകമായ ജാഗരൂ കത കഥാപുരുഷൻ പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. ഇതു സംബന്ധിച്ച് ഗിരിദീപത്തിൽ എഴുതിയിരിക്കുന്ന വേറൊരു ഭാഗം പ്രത്യേകം ശ്രദ്ധേ യമത്രേ.

''അവിടെ അക്കാലത്തു താമസിച്ചിരുന്ന ശെമ്മാശന്മാരും ശെമ്മാ ശന്മാരാകാനുള്ളവരും മലങ്കരസഭാമാതാവിന്റെ പ്രേമസന്താനങ്ങളായി —സമുദായോന്നമനദൃഷ്ട്യാ അതിന്റെ പണിക്കാരും സംരക്ഷകന്മാരു മായി —ഇരിക്കത്തക്കവണ്ണം നമ്മെക്കൊണ്ട് അപ്പോൾ എന്തെല്ലാം ചെയ്യു വാൻ കഴിഞ്ഞിരുന്നുവോ അതൊക്കെ നിഷ്ക്കാമബുദ്ധ്യാ ചെയ്തിട്ടു ണ്ടെന്നു തന്നെ നാം കൃതാർത്ഥതപ്പെടുന്നു.'' (പുറം 47)

ആംഗലഭാഷാഭ്യാസനത്തിനു പുറമേ സുറിയാനി ഭാഷയും ശെമ്മാശന്മാരെ പഠിപ്പിക്കുന്നതിൽ കഥാപുരുഷൻ പ്രത്യേക ശ്രദ്ധപ തിപ്പിച്ചിരുന്നു. യാക്കോബായസഭയുടെ ആരാധനക്രമവും, വേദാന്ത

തത്വരഹസ്യങ്ങൾ, ശാസ്ത്രീയമായ വ്യാഖ്യാനങ്ങൾ, ചരിത്രം എന്നിവയെല്ലാം അടങ്ങിയ ഗ്രന്ഥങ്ങൾ സുറിയാനിഭാഷയിലാകയാൽ അവ വായിച്ചു ഗ്രഹിക്കുന്നതിനു വൈദികന്മാർക്കു സുറിയാനി ഭാഷാവ്യുല്പത്തി അത്യന്താപേക്ഷിതമാണെന്നുള്ള ദൃഢമായ ബോധം കഥാപുരുഷനുണ്ടായിരുന്നു. തന്നെയുമല്ല, ആംഗലഭാഷാഭ്യസനത്തിന്റെ പ്രചാരണത്തോടുകൂടി വൈദികന്മാർക്ക് വൈദികഭാഷയായ സുറിയാനിഭാഷയോടുണ്ടായിക്കൊണ്ടിരുന്ന വിമുഖതയെ പരിഹരിച്ചില്ലെങ്കിൽ ആയതു കാലാന്തരത്തിൽ സഭയ്ക്കു സ്ഥായിയായ ദോഷം വരുത്തിവയ്ക്കുന്നതാണ് എന്ന് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് കഥാപുരുഷനോട് പലപ്പോഴും പറഞ്ഞിട്ടുമുണ്ടായിരുന്നു. തന്മൂലം കോളേജിൽ സുറിയാനി ഭാഷകൂടി ഐഛികവിഷയമായി എടുപ്പിക്കുന്നതിനുള്ള പരിശ്രമം കഥാപുരുഷൻ നടത്തിക്കൊണ്ടിരുന്നു. അക്കാലത്തു കല്ക്കട്ടാ സർവ്വകലാശാലയുടെ വൈസ്ചാൻസലറായിരുന്ന സർ ആഷ്ട്ടോഷ് മുക്കർജിയുമായി ഇതുസംബന്ധിച്ച എഴുത്തുകുത്തുകൾ നടത്തിയതിന്റെ ഫലമായി പ്രസ്തുത സർവ്വകലാശാലയിൽ സുറിയാനി ഐഛികവിഷയമായി അംഗീകരിക്കുന്നതിനു സാധിച്ചു. കല്ക്കട്ടാ സർവ്വകലാശാലയെ അനുകരിച്ച് പില്ക്കാലത്ത് മദ്രാസ് സർവ്വകലാശാലയിലും സുറിയാനി ഐഛികവിഷയമായി അംഗീകരിക്കുകയാണുണ്ടായത്. നമ്മുടെ കഥാപുരുഷൻ മദ്രാസ് സർവ്വകലാശാലയിലെ സുറിയാനി ഭാഷ ഉൾപ്പെടെയുള്ള പൗരസ്ത്യഭാഷാബോർഡിന്റെ ചെയർമാൻ സ്ഥാനം അനേകവർഷക്കാലം അലങ്കരിച്ചുവെന്നുള്ളതും ഇത്തരുണത്തിൽ പ്രസ്താവ്യമത്രേ.

സുറിയാനി ഭാഷ ഐഛികവിഷയമായെടുത്ത് ബി. ഏ; എം. ഏ; എന്നീ പരീക്ഷകളിൽ വിജയം കരസ്ഥമാക്കുന്നതിന് ഒട്ടനേകർക്ക് സാധിച്ചിട്ടുണ്ട്. കഥാപുരുഷന്റെ പ്രേരണയനുസരിച്ചും സഹായം സ്വീകരിച്ചുകൊണ്ടും സെറാമ്പൂർ കോളേജിലും മറ്റും അദ്ധ്യയനം നടത്തിയ നിരവധി ആളുകൾ ഇന്നു കേരളത്തിന്റെ നാനാഭാഗത്തും സ്തുത്യർഹമാം വിധം സഭാസേവനം സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇവരിൽ വൈദികാദ്ധ്യക്ഷസ്ഥാനത്തേക്ക് ആരോഹണം ചെയ്യുന്നതിനുള്ള ഭാഗ്യവും ആറു പേർക്ക് സിദ്ധിച്ചിട്ടുണ്ട്. അവരുടെ പേരുകൾ ചുവടേ ചേർത്തുകൊള്ളുന്നു:

1. ആർച്ച് ബിഷപ്പ് മാർ സെവേറിയോസ് (ദിവംഗതനായി), 2. മാർ തിയോഫിലോസ്സ് (നിര്യാതനായി). മാർ ഒസ്താത്തിയോസ്,

4. മാർ ഈവാനിയോസ്, 5 മാർ തെവദോസിയോസ് (6) മാർ പീല ക്സിനോസ് (ചരമമടഞ്ഞു) ഇവരെക്കുടാതെ വൈദികരായിത്തീർന്ന ചിലരുടെ പേരുകളും താഴെ ചേർക്കുന്നു.

1. തച്ചേരിൽ വറുഗീസു ശെമ്മാശൻ, 2. പുലിത്തിട്ട എബ്രഹാം ശെമ്മാശൻ, 3. ചന്ദനപ്പള്ളി ഡേവിഡ്ശമ്മാശൻ, 4. റ്റി. വി. ജോൺ ശെമ്മാശൻ, 5. റ്റി. ജി. കോശി ശെമ്മാശൻ, 6. എം. ഐ. ഡാനിയേൽ ശെമ്മാശൻ (കൊറ്റംപള്ളി), 7. വി. ഐ. കോശി ശെമ്മാശൻ (ശൂരനാട്ട്) 8. വി. റ്റി. തോമസുശെമ്മാശൻ, 9. പി. ററി. തോമസ്സു പണിക്കർ ശെമ്മാശൻ, 10.കാട്ടുമങ്ങാട്ടു ജോൺ ശെമ്മാശൻ,11. എം. സി. ഗീവറുസു ശെമ്മാശൻ, 12. എൻ. ജി. കുര്യൻ (ഇപ്പോൾ വൈദികൻ) 13. ചെറിയമഠം സ്കറിയാ ശെമ്മാശൻ.

ഇവരിൽ കാട്ടുമങ്ങാട്ടു ജോൺ ശെമ്മാശൻ M.Sc., തച്ചേരിൽ ഗീവർഗസ് ശെമ്മാശൻ M.A; B.D, എന്നവർ വൈദികരാകുന്നതിനു മുമ്പും കൊററമ്പള്ളി ഡാനിയേൽ ശെമ്മാശൻ വൈദികനായതിനു ശേഷവും നിര്യാണമടയുകയാണുണ്ടായത്.

സുറിയാനി ഭാഷ, ക്രൈസ്തവസഭാചരിത്രം, രാഷ്ട്രീയസാമ്പ ത്തിക വിജ്ഞാനം ഇത്യാദി വിഷയങ്ങളായിരുന്നു കഥാപുരുഷൻ കോളേ ജിൽ പഠിപ്പിച്ചുകൊണ്ടിരുന്നത്. കത്തോലിക്കാസഭയോടു കഥാപുരുഷന് അക്കാലത്തുണ്ടായിരുന്ന അനുഭവം പ്രസ്പഷ്ടമാക്കുന്ന ഒന്നുരണ്ടു സംഭവങ്ങൾ കോളേജിൽ നടക്കുകയുണ്ടായി. സഭാചരിത്രപരമായി പഠി പ്പിക്കുന്നതിനു വേണ്ട പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള പരി പൂർണ്ണസ്വാതന്ത്ര്യം കോളേജ് അധികൃതർ പ്രൊഫസറന്മാക്ക് നല്കിയി രുന്നു. ഇതു സംബന്ധമായ അനേകം പ്രോട്ടസ്റ്റന്റു പുസ്തകങ്ങളുണ്ടെ ങ്കിലും ഡോക്ടർ അഡ്രിയൻ ഫ്രോട്ടസ്ക് എന്ന കത്തോലിക്കാ ചരിത്ര കാരൻ എഴുതിയിരിക്കുന്നചരിത്രങ്ങൾ (The Greater Estern Church, The Lesser Eastern Churches) ആയിരുന്നു പാഠപുസ്തകത്തിനായി കഥാപുരു ഷൻ തെരഞ്ഞെടുത്തത്. വിവിധ അകത്തോലിക്കാസഭകൾ തമ്മിൽ ആചാരപരമായും വിശ്വാസവിഷയകമായും ഉള്ള വ്യത്യാസങ്ങൾ, കത്തോലിക്കാ സഭയും അകത്തോലിക്കാസഭകളും തമ്മിലുള്ള കാര്യ മായ വ്യത്യാസം എന്നിവയെക്കുറിച്ചെല്ലാം വിദ്യാർത്ഥികളിൽ സമ്യക്കായ ജ്ഞാനം നല്കുന്നതിനും തദ്വാരാ, കത്തോലിക്കാസഭയോടുള്ള അനു ഭാവം വിദ്യാർത്ഥികളിൽ സംജാതമാക്കുന്നതിനും ഏതാദൃശപാഠപുസ്ത കങ്ങൾ പ്രയോജകീഭവിച്ചു.

ഒരുദിവസം കഥാപുരുഷൻ സഭാചരിത്രം ക്ലാസിൽ പഠിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ യാക്കോബായ ശെമ്മാശനായ ഒരു വിദ്യാർത്ഥി ഇങ്ങനെ ചോദിക്കുകയുണ്ടായി. "യേശുക്രിസ്തുവിനാൽ സ്ഥാപിത മായ സഭ ഏതാണ്? യാക്കോബായ സഭയാണോ? അതോ, റോമൻ കത്തോലിക്കാസഭയാണോ? ഒരു പ്രോട്ടസ്റ്റന്റു കോളേജിലെ പ്രൊഫ സറും യാക്കോബായ സഭയിലെ ഒരു പ്രധാന വൈദികനുമായ കഥാ പുരുഷനു പെട്ടെന്ന് ഉത്തരം നല്കുവാൻ നിവൃത്തിയില്ലാത്ത ഒരു ചോദ്യമായിരുന്നു ഇത്. ക്ലാസിലുണ്ടായിരുന്ന വിദ്യാർത്ഥികളുടെ ഇട യിൽ ദീർഘസമയത്തേക്ക് പ്രസ്തുത ചോദ്യം ഒരു സംവാദവിഷയമാ യിത്തീർന്നു. അവസാനം ബ.പ്രൊഫസർ താഴെ ചേർക്കുംവിധമുള്ള ഉത്തരം നല്കി വിദ്യാർത്ഥികളെ തൽക്കാലത്തേക്കു സംതൃപ്തരാക്കി ത്തീർത്തു. "സത്യക്രിസ്തു സഭ ഒന്നു മാത്രമേ ഉള്ളൂ എന്നതിനു വേദ പുസ്തകത്തിലും സഭാചരിത്രത്തിലും നിരവധി തെളിവുകൾ കാണു ന്നു. ആ സഭ യാക്കോബായ സഭയാണെന്നു പറയുവാൻ നിവൃത്തിയി ല്ല. എന്നാൽ അതു റോമൻ കത്തോലിക്കാസഭയാണോ എന്ന ചോദ്യ ത്തിനുത്തരം നല്കുവാൻ കൂടുതലായി നാം പഠിക്കേണ്ടിയിരിക്കുന്നു."

സുറിയാനിക്കാരായ പുരുഷന്മാർക്കു മാത്രം പോരാ സ്ത്രീകൾക്കും ഉൽകൃഷ്ടവിദ്യാഭ്യാസം നല്കണമെന്നും രാജ്യത്തിനും സമുദായത്തിനും അവരെക്കൊണ്ട് പ്രയോജനം ലഭിക്കണമെന്നും കഥാ പുരുഷൻ നിശ്ചയിച്ചു. അതിനുവേണ്ടി ആംഗ്ലിക്കൻ സഭയിലെ ഹൈച്ചർച്ചുകാരായ യൂറോപ്യൻ കന്യാസ്ത്രീകളാൽ നടത്തപ്പെടുന്ന കല്ക്കട്ടാ ഡയസിസ്യൻ കോളേജിലെ പ്രിൻസിപ്പാളായിരുന്നസിസ്റ്റർ മേരി വിക്ടോറിയായെ അദ്ദേഹം പോയികാണുകയും അക്കാര്യം അവ രോടു വിശദമായി പറയുകയും ചെയ്തു. പ്രസ്തുത കോളേജിൽ കുറെ യുവതികൾക്കു പ്രവേശനം നല്കാമെന്നും അവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊള്ളാമെന്നും നാം അവരെക്കൊണ്ടു സമ്മ തിപ്പിക്കുന്നതിനു സാധിച്ചു. അപ്രകാരം തന്നെ കിഴക്കേബംഗാളിൽ ബാരിസോളിലുള്ള കന്യാമഠത്തിൽ സന്യാസ പരിശീലനത്തിനു പുറമേ ആംഗലഭാഷാപരിശീലനവും നല്കുന്നുണ്ടെന്നുള്ള വിവരം ലഭിച്ചിരുന്ന കഥാപുരുഷൻ അവിടെപ്പോയി മദർ ഈഡിത്തിനെ കണ്ട് ഈ വിവരം ധരിപ്പിച്ചു. അതിന്റെ ഫലമായി സുറിയാനിക്കാരായ കുറെ വിദ്യാർത്ഥി നികളെ അവിടെയും സ്വീകരിച്ചുകൊള്ളാമെന്ന് അവരെക്കൊണ്ട് സമ്മ തിപ്പിച്ചു. ഉൽകൃഷ്ടവിദ്യാഭ്യാസവും, സംസ്കാരവും പരിശീലനവും

സിദ്ധിച്ച വനിതകളെക്കൊണ്ട് കേരളത്തിലെ സ്ത്രീജനങ്ങളുടെ ഇടയിൽ ആദ്ധ്യാത്മികമായും വിദ്യാഭ്യാസപരമായുമുള്ള സേവനം നല്കുവാൻ സാധിക്കുമെന്നുള്ള ദൃഢമായ പ്രതീക്ഷയായിരുന്നു ഇക്കാര്യത്തിൽ പ്രവർത്തിക്കുവാൻ കഥാപുരുഷനെ പ്രേരിപ്പിച്ചത്. 'മനോരമ' പത്രത്തിന്റെ സ്ഥാപകനും സമുദായാഭിമാനിയും, ഭാഷാപണ്ഡിതനുമായിരുന്ന ശ്രീമാൻ കണ്ടത്തിൽ വറഗീസ് മാപ്പിളയുടെ പരിശ്രമഫലമായി തിരുവല്ലായ്ക്കടുത്ത തിരുമൂലയിൽ പണികഴിപ്പിച്ച കെട്ടിടം ദേശത്തിനും സമുദായത്തിനും പ്രയോജനപ്രദമായിതീർന്നുകാണുന്നതിനു മുമ്പുതന്നെ അദ്ദേഹം നിര്യാണമടഞ്ഞിരുന്നു. സ്ഥാപനകർത്താവിന്റെ മനോരഥമനുസരിച്ചു പ്രസ്തുത കെട്ടിടം പരിഷ്കൃതരീതിയിലുള്ള ഒരു ഗേൾസ് ഹൈസ്ക്കൂൾ ആക്കിത്തീർക്കേണ്ടത് അത്യന്താപേക്ഷിതമായി കഥാപുരുഷനു ബോദ്ധ്യപ്പെട്ടു. അതിലെ അദ്ധ്യാപികമാരും ഭരണകർത്താക്കളും സ്വസമുദായാംഗങ്ങളായ സ്ത്രീകളായിരിക്കുന്നതു കുറെക്കൂടി ഫലപ്രദവും പ്രയോജനകരവുമാണെന്നു കഥാപുഷനറിയാമായിരുന്നു. ഈദൃശാഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും ഫലമായി നാട്ടിൽ നിന്നും കുറെ വിദ്യാർത്ഥിനികളെ കൽക്കട്ടായിൽ കൊണ്ടുപോയി അവിടത്തെ ഡയസിസ്യൻ കോളേജിലും ബാരിസോളിലുള്ള കന്യകാമഠത്തിലും അവർക്ക് പ്രവേശനം വാങ്ങിക്കൊടുത്തു. ഇടയ്ക്കിടക്കു കഥാപുരുഷൻ പ്രസ്തുത സ്ഥാപനങ്ങൾ സന്ദർശിക്കുകയും വിദ്യാർത്ഥിനികളുടെ ക്ഷേമത്തെക്കുറിച്ചന്വേഷിക്കുകയും, വിശ്വാസവിഷയങ്ങളിൽ അവരെ സ്ഥിരപ്പെടുത്തുകയും, ആദ്ധ്യാത്മികജീവിതത്തിനുതകുന്ന ഉപദേശങ്ങൾ അവർക്കു നല്കുകയും ചെയ്തുവന്നു.

സെറാമ്പൂരിൽ നിന്നും അവധിക്കാലത്ത് ശെമ്മാശന്മാരുമൊന്നിച്ച് കഥാപുരുഷൻ നാട്ടിലേക്കു വരിക പതിവായിരുന്നു. ഈ അവസരങ്ങളിൽ വട്ടശ്ശേരിൽ തിരുമേനിയുമായി സഭാസംബന്ധമായ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുകയും, ഇടവകകളിൽ സഞ്ചരിച്ചു പ്രസംഗങ്ങൾ നടത്തുകയും, സമുദായാഭിവൃദ്ധിക്കുവേണ്ടി കഴിവതു പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.

സമുദായോന്നമനത്തിനുള്ള ആഗ്രഹം ഒരു മിഷ്യനറിസമൂഹരൂപവൽക്കരണത്തിലേക്ക് അദ്ദേഹത്തെ ആകർഷിച്ചുകൊണ്ടിരുന്നു. തന്മൂലം കേരളത്തിനകത്തും പുറത്തുമുള്ള അക്രൈസ്തവരുടെ ഇടയിൽ സുവിശേഷഘോഷണം നടത്തുന്നതിനു നിസ്വാർത്ഥരും ത്യാഗസന്നദ്ധരുമടങ്ങിയ ഒരു സമൂഹം സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാ

ണെന്നു കഥാപുരുഷൻ അഭിപ്രായപ്പെട്ടു. തെക്കേ ഇന്ത്യയിലും വടക്കേ ഇന്ത്യയിലും പലസ്ഥലങ്ങളിലും സഞ്ചരിച്ചപ്പോൾ കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരുമായ ആയിരക്കണക്കിനു മിഷ്യനറിമാർ സുവിശേഷ വേല നിർവ്വഹിക്കുന്നതും ഫലം പുറപ്പെടുവിക്കുന്നതുമായ കാഴ്ച കാണുന്നതിന് അദ്ദേഹത്തിനിടയായി. പുരാതനമെന്നഭിമാനിക്കുന്ന മല ങ്കരയാക്കോബായ സഭയിൽ ഒരൊറ്റ മിഷ്യനറിപോലും തിരു-കൊച്ചി ക്കുപുറത്തു സുവിശേഷഘോഷണാർത്ഥം പോയിട്ടില്ല എന്ന വാസ്തവം കഥാപുരുഷനിൽ ലജ്ജയും സങ്കടവും ഉളവാക്കി. തൽപ രിഹാരാർത്ഥം ഒരു മിഷനറി സംഘം സ്ഥാപിക്കണമെന്നു നിശ്ചയിച്ചു കൊണ്ട് അതിനുവേണ്ട പ്രവർത്തനങ്ങൾ സെറാമ്പൂരിൽ വെച്ചുതന്നെ ആരംഭിച്ചു. തന്റെ ശിക്ഷണത്തിൻ കീഴിലുള്ള കേരളീയ വിദ്യാർത്ഥികൾക്ക് ഇതു സംബന്ധിച്ചുള്ള ഉത്ബോധനങ്ങൾ നല്കി ക്കൊണ്ടിരുന്നു. മിഷ്യൻ കാര്യങ്ങളിൽ ഇടവക വൈദികർക്ക് ഉത്തേ ജനം നല്കുന്ന ഒരു ലേഖനം നമ്മുടെ "കഥാപുരുഷൻ സുറിയാനി സുവിശേഷകൻ" മാസികയിൽ അക്കാലത്ത് എഴുതിയിരുന്നത് ചുവടേ ചേർത്തുകൊള്ളുന്നു:—

## ഇടവകപ്പട്ടക്കാരും സുവിശേഷവേലയും

(ഫാദർ. പി. റ്റി. ഗീവറുഗീസ് എം. ഏ.)

ക്രിസ്തീയ സഭാംഗങ്ങളുടെ ആത്മീയ ജീവിതവും സുവിശേഷ വേലയും തമ്മിലുള്ള സംബന്ധം എത്രയും ഗാഢമാകുന്നു. അപ്രകാരം തന്നെ ആ സുവിശേഷവേലയിൽ ഒരു സഭയ്ക്കുള്ള ആസക്തിയും താല്പർയ്യവും സഭയുടെ ഭക്തിയേയും ദൈവസ്നേഹത്തേയും ആശ്ര യിച്ചിരിക്കുന്നു. കർത്താവിനെക്കുറിച്ചുള്ള സ്നേഹം തണുത്തു പോകു കയും ലോകത്തിൽ പാപത്തിന്റെ ശക്തി വർദ്ധിച്ചുവരുന്നതിനെക്കു റിച്ചു ഹൃദയപൂർവ്വകമായ വേദന തോന്നാതിരിക്കുകയും ചെയ്യുന്നതായ ഒരു കാലം ക്രിസ്ത്യാനിക്കുണ്ടാകുമ്പോൾ ആത്മീയമായ അധഃപതന മാണ്. ക്രിസ്തീയ സഭയ്ക്കും ഇങ്ങനെ തന്നെ. സഭയ്ക്കു ഭക്തി കുറ ഞ്ഞുപോകുകയും സഭാംഗങ്ങളോടും അന്യന്മാരോടും ക്രിസ്തുമുഖാ ന്തിരമുള്ള രക്ഷയെ ഉപദേശിക്കുന്നതിൽ താല്പര്യമില്ലാതാകുകയും ചെയ്യുന്ന കാലത്ത് ആ സഭയ്ക്ക് അധോഗതിയാകുന്നു. ആത്മീയ കാര്യ ങ്ങളിൽ ശുഷ്ക്കാന്തിയില്ലാതെ ഉറങ്ങിക്കൊണ്ടിരിക്കുന്ന ഒരു സഭയിൽ ഭക്തിവർദ്ധിപ്പിക്കുകയും സഭാംഗങ്ങൾക്കു തങ്ങളുടെ ചുമതല മനസ്സി ലാക്കിക്കൊടുക്കുകയും ചെയ്യുന്നത് ആത്മീയമായ തലവന്മാരുടെ ചുമ

തലയാകുന്നു. ഇതര ജാതികളെയും സമുദായങ്ങളെയും മ്ശിഹായുടെ രാജ്യത്തിലേക്ക് അധീനപ്പെടുത്തുവാനായിട്ട് പരിശ്രമിച്ചുകൊണ്ടിരുന്ന ഒരു സഭയ്ക്കു ദിനം പ്രതി ആത്മീയാഭിവൃദ്ധിയും ശ്രേയസ്സും വർദ്ധിച്ചുവരുന്നതിനേ മാർഗ്ഗമുള്ളു. ദൈവഭക്തിമുഖാന്തിരം സുവിശേഷവേല ചെയ്യുന്ന ഒരു സഭ സുവിശേഷവേല മുഖാന്തിരം അധികമധികം ഭക്തിയുള്ളതായിത്തീർന്നു.

ഇപ്പോൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും സുവിശേഷ വേല ചെയ്യുന്നതിന് എല്ലാ സഭക്കാർക്കും ഉത്സാഹമുണ്ട്. ജപ്പാൻ, ചൈനാ, മദ്ധ്യഏഷ്യാ മുതലായ രാജ്യങ്ങളിൽ റഷ്യൻസഭക്കാർ എത്രയും ശക്തിയോടുകൂടെ സുവിശേഷവേല ചെയ്തുവരുന്നു. ലോകത്തിന്റെ ഏതുഭാഗത്തും റോമാക്കാർ എത്രയും അതിശയമാംവണ്ണം സുവിശേഷവേല ചെയ്യുന്നു എന്നുള്ളതു മറച്ചുവയ്ക്കാൻ പാടില്ലാത്തതായ ഒരു സംഗതിയാണ്. ഇതുപോലെതന്നെ അനേകം അവാന്തരവിഭാഗങ്ങളോടുകൂടിയിരിക്കുന്ന പ്രോട്ടസ്റ്റന്റുകാരും വളരെ ഉത്സാഹത്തോടുകൂടെ വേല ചെയ്യുന്നുണ്ട്. ഇങ്ങനെ ഓരോരുത്തരും അവരവരുടെ ചുമതലയെ നിറവേറ്റുന്നതായ ഇക്കാലത്തു നമ്മുടെ സഭ അതിനെ വേണ്ടും വണ്ണം നിവർത്തിക്കാതിരിക്കുന്നതെന്തുകൊണ്ടാണ്? സഭാനായകന്മാർക്ക് ഇക്കാര്യത്തിലുള്ള ഉത്സാഹക്കുറവുകൊണ്ടോ, സഭാംഗങ്ങളുടെ ഭാഗത്തു ശുഷ്ക്കാന്തി ഇല്ലായ്കയാലോ, എങ്ങനെ ആയിരുന്നാലും ഓരോ ഇടവകയിലുള്ള പട്ടക്കാർ ദൈവത്തിന്റെ കൈയ്യിൽ ആയുധങ്ങളാണെന്ന് അറിയുന്ന പക്ഷം ഈ കുറവിനെ പരിഹരിക്കാവുന്നതാണ്. ജീവിപ്പിക്കുന്നവനായ വിശുദ്ധാത്മാവിന്റെ പ്രവൃത്തി സഭാംഗങ്ങളിൽ ശക്തിയോടു നടക്കത്തക്കവണ്ണം ഇടവകപ്പട്ടക്കാർ ഉത്സാഹിക്കുന്ന പക്ഷം ആ പരിശ്രമത്തെ ദൈവം സഫലമാക്കിത്തീർക്കുന്നതാണ്. യഥാർത്ഥമായ ദൈവഭക്തിയുള്ള പട്ടക്കാർക്ക് തങ്ങളുടെ ഇടവകയെ ഭക്തിയുള്ളതാക്കിത്തീർക്കുവാൻ സാധിക്കും. കർത്താവിനെക്കുറിച്ചുള്ള സ്നേഹം നിമിത്തം ആയുസ്സിനെ ദൈവത്തിന്റെ നാമത്തിൽ ബലികഴിക്കുന്നതിന് സന്നദ്ധരായ ആളുകൾ ധാരാളമായിട്ടുണ്ടാകുന്നതുമാണ്.

(സുറിയാനി സുവിശേഷകൻ 1085 മേടം ലക്കം)

സർവ്വസംഗപരിത്യാഗികളും യഥാർത്ഥ ദൈവസ്നേഹവും ദൈവഭക്തിയും നിറഞ്ഞവരുമായ നിസ്വാർത്ഥരെക്കൊണ്ടുമാത്രമേ സുവിശേഷഘോഷണം ശക്തിയുക്തം നടത്തുന്നതിനും ഫലം കൈവരുത്തുന്നതിനും സാധിക്കുകയുള്ളുവെന്നും, നിയമശൃംഖലയാൽ ബന്ധിതര

ല്ലാത്ത ഒരുകൂട്ടം സ്വതന്ത്രരെക്കൊണ്ടു സുവിശേഷവേല നടത്തിയാൽ അത് അപജയത്തിൽ കലാശിക്കുമെന്നുള്ള പരമാർത്ഥം കഥാപുരുഷന് അറിയാമായിരുന്നു. പ്രോട്ടസ്റ്റന്റുസഭകളിൽ ഉപദേശികളെന്നും, സുവിശേഷകന്മാരെന്നും, പാസ്റ്റർമാരെന്നും മറ്റുമുള്ളപേരിൽ യാതൊരു നിയന്ത്രണവുമില്ലാതെ സ്വതന്ത്രരായ കുറെ ആളുകൾ അവരവരുടെ ഇഷ്ടമനുസരിച്ചുള്ള സുവിശേഷവേല നടത്തുന്നതുമൂലം കാര്യമായ പ്രയോജനം സിദ്ധിക്കുന്നില്ല എന്നുമാത്രമല്ല നിരവധി ദോഷഫലങ്ങൾ അതുനിമിത്തം ഉളവാകുന്നു എന്നുള്ളത് പരമാർത്ഥമത്രേ. നേരെ മറിച്ച് കത്തോലിക്കാസഭ മിഷനറി പ്രവർത്തനങ്ങൾ നടത്തുന്നതിനായി സുസംഘടിതമായ മിഷനറിസംഘങ്ങളും സന്യാസസമൂഹങ്ങളും സ്ഥാപിക്കയും അവ മുഖേന ലോകമെങ്ങും സുവിശേഷഘോഷണം നടത്തി വലുതായ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. ഈദൃശ സംഗതികൾ ശരിക്കു മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു സുവിശേഷപ്രചരണത്തിനായി ഒരു സന്യാസസമൂഹം സ്ഥാപിക്കണമെന്നുള്ള ദൃഢനിശ്ചയത്തിൽ കഥാപുരുഷന്റെ മനസ്സ് അവസാനം എത്തിച്ചേർന്നത്. പ്രസ്തുതോദ്ദേശനിർവ്വഹണത്തിനായിട്ടായിരുന്നു ബഥന്യാശ്രമം പില്ക്കാലത്ത് സ്ഥാപിച്ചത്. അതെപ്പറ്റിയുള്ള വിശദവിവരങ്ങൾ അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കാമെന്നു കരുതുന്നു. സെറാമ്പൂർ കോളേജിൽ സ്തുത്യർഹമാംവിധം ആറുവർഷക്കാലം പ്രഥസർസ്ഥാനം വഹിച്ചുകൊണ്ടിരുന്ന കഥാപുരുഷൻ പ്രസ്തുത ജോലി രാജിവച്ച് സ്വദേശത്തേക്കു മടങ്ങുന്നതിനുണ്ടായ കാരണവും ഇതുതന്നെയായിരുന്നു.

# അദ്ധ്യായം – 11

# ബഥന്യാശ്രമസ്ഥാപനം

മഹാന്മാരുടെ ജീവിതഗതിയെ അനുധാവനം ചെയ്യുന്ന സൂക്ഷ്മ നിരീക്ഷകന്മാർക്കു ബോദ്ധ്യപ്പെടുന്ന ഒരു പരമാർത്ഥ്യമുണ്ട്. അവരുടെ അഭിപ്രായങ്ങൾക്കും, ആദർശങ്ങൾക്കും, പ്രവർത്തനപദ്ധതികൾക്കും പരിധി നിർണ്ണയിക്കുന്നതിനോ അവയെ കടിഞ്ഞാണിട്ടു നിയന്ത്രിക്കുന്നതിനോ ഒരുവനാലും സാദ്ധ്യമല്ലെന്നുള്ളതത്രേ അത്. ഏതെങ്കിലും ഒരു കാര്യത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ പുറപ്പെടുന്നതിനുമുമ്പ് അവർ അതെപ്പറ്റി സശ്രദ്ധം ചിന്തിക്കും. അതിലേക്ക് ഏറ്റം പറ്റിയ മാർഗ്ഗം അവർ കണ്ടുപിടിക്കും. അതു പ്രവർത്തനപദ്ധതിയിൽ കൊണ്ടുവരുന്നതിനു പരിശ്രമിക്കും. ഉപര്യുപരി ചിന്തിക്കുന്തോറും ഫലപ്രദങ്ങളും നവീനങ്ങളുമായ മാർഗ്ഗങ്ങൾ അവരുടെ ദൃഷ്ടിക്കു വിഷയീഭവിക്കും. പ്രസ്തുത മാർഗ്ഗങ്ങൾ പ്രായോഗികമാക്കുന്നതിനായിരിക്കും തുടർന്നുള്ള അവരുടെ യത്നങ്ങൾ. ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതുവരെ അവർ അക്ഷീണം പരിശ്രമിക്കും. പ്രതിബന്ധങ്ങളെ ധൈര്യസമേതം തരണം ചെയ്യും. അവസാനം ഉദ്ദിഷ്ടകാര്യം സാധിച്ചു കൃതാർത്ഥത യടയുകയും ചെയ്യും.

### സമുദായോദ്ധാരണ പരിശ്രമങ്ങൾ

ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ ചരിത്രത്തിൽ ആദ്യന്തം തെളിഞ്ഞു കിടക്കുന്ന ഒരു വാസ്തവവും ഇതുതന്നെയാണ്. എം.എ. ബിരുദം സമ്പാദിച്ചു കേരളത്തിൽ മടങ്ങി എത്തി എം.ഡി. സെമിനാരി പ്രിൻസിപ്പാളായതിനു ശേഷമുള്ള അദ്ദേഹത്തിന്റെ ചിന്താഗതി കേരളത്തിലെ യാക്കോബായസഭയേയും തദ്വാരാ, ഇവിടത്തെ ക്രൈസ്തവ

സമുദായത്തേയും അഭിവൃദ്ധ്യുന്മുഖമായ ഒരു പന്ഥാവിലേക്കു നയിക്കുന്നതിനു പറ്റിയ മാർഗ്ഗം ഏതെന്നുള്ളതായിരുന്നു. അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിൽ ഇവിടത്തെ യാക്കോബായസഭ സ്ഥിതിചെയ്യുന്ന കാലത്തോളം യാതൊരഭിവൃദ്ധിയും പ്രസ്തുത സഭയ്ക്കു സിദ്ധിക്കുന്നതല്ലെന്ന് അദ്ദേഹത്തിനു സുദൃഢമായ ബോദ്ധ്യമുണ്ടായിരുന്നു. തന്മൂലമത്രെ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ പിടിയിൽനിന്നും പ്രസ്തുത സഭയെ രക്ഷിക്കുന്നതിനും, കാതോലിക്കാസിംഹാസനം ഇവിടെ സ്ഥാപിക്കുന്നതിനും, പ്രസ്തുത സിംഹാസനത്തിൻ കീഴിൽ യാക്കോബായസഭയെ കൊണ്ടുവരുന്നതിനും അദ്ദേഹം മുന്നിട്ടു നിന്നു പ്രവർത്തിച്ചത്. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസുമൊന്നിച്ച് അതിനുവേണ്ടി സ്വജീവനെപ്പോലും തൃണവൽഗണിച്ചു ധൈര്യസമേതം അദ്ദേഹം പോരാടി, പക്ഷേ, എതിരാളികളുടെ ശക്തിമത്തായ പ്രവർത്തനവും സ്വപക്ഷീയരുടെ തീക്ഷ്ണതക്കുറവും നിമിത്തം കഥാപുരുഷന്റെ ഉദ്ദേശം പരിപൂർണ്ണവിജയത്തിലെത്തുകയുണ്ടായില്ല.

സ്വസമുദായാംഗങ്ങളായ യുവാക്കന്മാർക്ക് ഉത്കൃഷ്ടവിദ്യാഭ്യാസം നല്കുന്നതു സമുദായോന്നമനത്തിനു ഏറ്റം പറ്റിയ മാർഗ്ഗമാണെന്നുള്ള ബോദ്ധ്യം നിമിത്തമത്രേ എം.ഡി. സെമിനാരി ഹൈസ്ക്കൂളിനെ ഒരു ഒന്നാം ഗ്രേഡ് കോളേജായി ഉയർത്തുവാനുള്ള പരിശ്രമങ്ങൾ അദ്ദേഹം നടത്തിയത്. അതിനുവേണ്ടിയായിരുന്നു സെറാമ്പൂർ കോളേജിലെ ഉദ്യോഗം അദ്ദേഹം സ്വീകരിച്ചതും, കേരളത്തിൽ നിന്നും ഒട്ടനേകം യുവാക്കന്മാരെ സെറാമ്പൂരിൽ കൊണ്ടുപോയി കോളേജിൽ പ്രവേശനം വാങ്ങിക്കൊടുത്തതും,അവരുടെ വിദ്യാഭ്യാസത്തിനു വേണ്ട സകല സഹായസഹകരണങ്ങളും നല്കിയതും. പണ്ഡിതന്മാരും സമർത്ഥന്മാരുമായ വൈദികന്മാർ മുഖേന സമുദായാഭിവൃദ്ധി കൈവവരുത്താമെന്നുള്ള പ്രതീക്ഷയോടുകൂടെയായിരുന്നു ഒരു വൈദിക കോളേജ് എം.ഡി. സെമിനാരിക്കു സമീപം സ്ഥാപിക്കുവാനായി അദ്ദേഹം ആലോചന നടത്തിയത്. അതേ ഉദ്ദേശ്യത്തോടുകൂടിയായിരുന്നു ശെമ്മാശന്മാരെ സെറാമ്പൂരിൽ കൊണ്ടുപോയി വേണ്ടത്ര പഠനവും പരിശീലനവും നല്കിയത്. ഉത്കൃഷ്ടബിരുദധാരികളായ ഏതാനും വനിതകൾമൂലം സമുദായാംഗങ്ങളായ സ്ത്രീജനങ്ങളുടെ ഉന്നമനം സാധിക്കുമെന്നുള്ള ആശയിലത്രേ കല്ക്കത്ത, ബാരസോൾ എന്നീ കോളേജുകളിൽ അനേകം യുവതികളെ അയച്ചു പഠിപ്പിക്കുന്നതിന് അദ്ദേഹം കഴിയുന്നത്ര പരിശ്രമിച്ചത്.

ഇതിനും പറമേ, കേരളത്തിലും ഇൻഡ്യയുടെ ഇതരഭാഗങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷം ഘോഷിക്കുന്നതിനു സമർത്ഥന്മാരും, ത്യാഗസന്നദ്ധരും, സൽസ്വഭാവികളുമായ ഒട്ടനേകം മിഷ്യനറിമാർ അത്യന്താപേക്ഷിതമാണെന്നുള്ള ബോദ്ധ്യം നിമിത്തം അതിനു വേണ്ടിയുള്ള പരിശ്രമം അദ്ദേഹം പിന്നീട് നടത്തിത്തുടങ്ങി. പരസ്പരബന്ധമില്ലാത്ത മിഷ്യനറിപ്രവർത്തനത്തെക്കാൾ സുസംഘടിതമായ മിഷനറിസമൂഹം മൂലം കൂടുതൽ പ്രയോജനം കൈവരുത്തുവാൻ സാധിക്കുമെന്നുള്ള ചിന്താഗതിയത്രേ പിന്നീട് അദ്ദേഹത്തിനുണ്ടായത്. ഏതാദൃശചിന്താഗതി സന്ന്യാസമൂഹസംസ്ഥാപനത്തിനുള്ള വഴിത്താരയിലേക്ക് അദ്ദേഹത്തെ ആനയിക്കുകയും ചെയ്തു. തൽഫലമായി ബഥനി സന്ന്യാസാശ്രമവും മഠവും സ്ഥാപിക്കുന്നതിനു ദൈവതൃക്കരങ്ങളിൽ അദ്ദേഹം ആയുധമായിത്തീർന്നു.

എന്നാൽ സ്വസമുദായത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ഇവയൊന്നുകൊണ്ടും സാദ്ധ്യമല്ലെന്നു സുദീർഘവർഷക്കാലത്തെ അനുഭവത്തിൽ നിന്നും ബോദ്ധ്യമാവുകയാൽ അവസാനം കത്തോലിക്കാപുനരൈക്യശ്രമത്തിൽ അദ്ദേഹം വ്യാപൃതനായിത്തീരുകയാണുണ്ടായത്. അന്ത്യോഖ്യായാക്കോബായ പാത്രീയർക്കീസിന്റെയോ, മലങ്കര മെത്രാപ്പോലീത്തായുടെയോ, കാതോലിക്കോസിന്റെയോ പരമാധികാരത്തിൻകീഴിൽ സ്ഥിതിചെയ്യുന്നതുമൂലം യാതൊരഭിവൃദ്ധിയും ഉണ്ടാകയില്ലെന്നും പ്രത്യുത റീശുപാത്രിയർക്കീസായ റോമാമാർപ്പാപ്പായുടെ ഭരണത്തിൻകീഴിൽ എത്തിച്ചേർന്നാൽ മാത്രമേ ശാശ്വതമായ സമാധാനവും അഭിവൃദ്ധിയും ഉണ്ടാകയുള്ളുവെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. നിരന്തരമായ ചിന്തയും പ്രാർത്ഥനയും പരിശ്രമവും ഒടുവിൽ അദ്ദേഹത്തെ കത്തോലിക്കാപുനരൈക്യകവാടത്തിലേക്ക് ആനയിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുവാൻ സ്വസഹോദരങ്ങളായ അനേകലക്ഷങ്ങളെ അദ്ദേഹം ആഹ്വാനം ചെയ്തു. പുനരൈക്യപുരോഗതിക്കുവേണ്ടി മരണപര്യന്തം അദ്ദേഹം പ്രവർത്തിച്ചു. തുടർന്നുള്ള അദ്ധ്യായത്തിൽ ഇതെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നതാകയാൽ ബഥനി ആശ്രമസ്ഥാപനാർത്ഥം കഥാപുരുഷൻ നടത്തിയ പ്രയത്നങ്ങളെപ്പറ്റി ഈ അദ്ധ്യായത്തിൽ, വിവരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ആശ്രമസ്ഥാപനാഭിലാഷം

സന്ന്യാസാശ്രമസ്ഥാപനത്തിനുള്ള ആഗ്രഹം കഥാപുരുഷന്റെ മനസ്സിൽ അങ്കുരിച്ചത്. അദ്ദേഹം സെറാമ്പൂർ കോളേജ് പ്രിൻസിപ്പാളായി

രുന്ന അവസരത്തിലായിരുന്നു. ഒരു മിഷ്യനറിസമൂഹം മൂലം സ്വജന ങ്ങൾക്കും സമുദായത്തിനും നന്മ കൈവരുത്തുവാൻ സാധിക്കുമെ ന്നുള്ള ഉദ്ദേശ്യത്താൽ പ്രേരിതനായി അതിനുവേണ്ടിയുള്ള പരിശ്രമ ങ്ങളിൽ അദ്ദേഹം വ്യാപൃതനായി. ആശ്രമസ്ഥാപനമെന്ന മഹനീയോ ദ്യമത്തിലേക്ക് തന്നെ ആനയിച്ച ദൈവികപ്രചോദനത്തെപ്പറ്റി "ഗിരിദീപ"ത്തിൽ വിവരിച്ചിരിക്കുന്നതു ചുവടേ ചേർത്തുകൊള്ളുന്നു:

"ഈ നിലയിൽ പിന്നെയും മാസങ്ങൾ കുറെ കഴിഞ്ഞുപോയി. ദൈവത്തിന്റെ തിരുമുമ്പിൽ കളിമണ്ണിനെ എന്നപോലെ കുഴച്ചുവെയ്ക്ക പ്പെട്ടിരുന്ന നമ്മുടെ ഹൃദയത്തിന് ആദർശമാകുന്ന ആകൃതിയും ആശ യമാകുന്ന ഭംഗിയും ക്രമേണ ഉണ്ടായി വരുന്നില്ലയോ എന്നു നമുക്കു തോന്നിത്തുടങ്ങി. നിശ്ചയമായും അവിടന്ന് അതിന് ഒരു രൂപം കൊടു ക്കാതിരിക്കില്ലെന്നു നാം വിശ്വസിച്ചു. അക്കാലം വരെ സ്വതന്ത്ര മായിരുന്ന നമ്മുടെ ഹൃദയത്തെ അവിടെത്തന്നെ പ്രതിഷ്ഠിച്ചുംവെച്ചു നാം മാറിയിരുന്നു. ഇക്കാര്യത്തിൽ പല പല പരീക്ഷകളും നമുക്ക് വിജ യിക്കേണ്ടതായി വന്നിട്ടുണ്ട്. സ്വയത്തെ പരിത്യജിക്കുക എന്നുള്ളതിൽ വരാവുന്ന ശാരീരികവും മാനസികവുമായ പ്രയാസങ്ങളെക്കുറിച്ച് അനു ഭവസ്ഥന്മാർ മാത്രമേ മനസ്സിലാക്കിയിരിക്കയുള്ളുവല്ലോ.

ദൈവസേവനത്തെക്കാൾ അത്യുത്തമമല്ലയോ ദൈവസമ്പാദന മെന്നു നമുക്കു തോന്നി. മനുഷ്യരുടെ ജീവിതോദ്ദേശം പല പ്രകാരത്തി ലായിരിക്കും. സന്തോഷം അനുഭവിപ്പാൻ വേണ്ടി പലരും ആയാസ പ്പെടുന്നുണ്ട്. മറ്റു ചിലർ ആരോഗ്യസമ്പാദനത്തിനായി ക്ലേശിക്കുന്നു. ക്ഷണഭംഗുരമായ കീർത്തിക്കായി പരിശ്രമിക്കുന്നവരും ചുരുക്കമല്ല. വേറെ ചിലർ നാണയം കൊണ്ടുള്ള കുന്നുകളുണ്ടാക്കുവാനായി ശ്രമ പ്പെടുന്നുണ്ട്. കാലയാപനത്തിനായി പ്രയാസപ്പെടുന്നവരും അനവധി യത്രേ. വിവിധോദ്ദേശങ്ങളോടു കൂടിയാണെങ്കിലും ലോകത്തിൽ ഒരു ത്തൻപോലും പ്രയത്നിക്കാതെ വെറുതേ ഇരിക്കുന്നതായി കാണപ്പെ ടുന്നില്ല. ക്രിസ്തീയജീവിതം നയിക്കുന്നവർക്കു തന്നെയും ലോകവു മായുള്ള ബന്ധത്തെ കേവലം ഉപേക്ഷിക്കുവാൻ നിവൃത്തിയില്ലെങ്കിലും അവരിൽ യഥാർത്ഥമായി ദൈവസേവനം ചെയ്യുന്നവർ കഴിവുള്ള പക്ഷം ദൈവസമ്പാദനാർത്ഥം തങ്ങളുടെ ശിഷ്ടായുസിനെ വിനിയോ ഗിക്കയെ ചെയ്കയുള്ളു. ദൈവസമ്പാദനത്തെക്കാൾ മഹത്തരമായ മറ്റൊന്നും ചിതലുകളുടെ സങ്കേതമാകുന്ന ഈ ലോകത്തിൽനിന്നും ലഭിക്കാൻ ഇടയുള്ളതല്ലെന്നു ക്രിസ്തീയജീവിതത്തിൽ വിശ്രമമന്യേ പ്രയാണം ചെയ്യുന്നവർക്ക് ഗ്രഹിക്കാവുന്നതാണ്. വിശ്വാസത്താൽ മനു

ഷ്യൻ ദൈവവുമായി ബന്ധപ്പെടണം. ദൈവീകമായ ശരണത്തിൽ മാത്രമേ അവൻ അവലംബിക്കപ്പെടാനും പാടുള്ളു. ദൈവസ്നേഹ മല്ലാതെ മറ്റൊരു ചൈതന്യവും അവനുണ്ടായിരുന്നുകൂടാ. ഈ മനഃസ്ഥിതിയിൽ എത്തുന്നവന്റെ മാർഗ്ഗദർശി ത്യാഗമായിരിക്കും. ത്യാഗം കൊണ്ടല്ലാതെ അനന്യസാധാരണമായ ദൈവസാമീപ്യം ലഭിക്കാവത ല്ല. ദൈവവുമായി വളരെ അടുത്തു നില്ക്കണമെന്നുള്ളവൻ സകല ത്തിലും യേശുമിശിഹായെത്തന്നെ അനുകരിച്ചേ മതിയാകയുള്ളു. ഗോഗുൽത്താമലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അഛ സ്ഫടികമായ മാതൃക അവന്റെ ഉള്ളിൽ പ്രതിഫലിക്കപ്പെടണം. സ്വകു ടുംബത്തെയെന്നല്ല, സ്വരാജ്യത്തെയെന്നല്ല, ലോകത്തെത്തന്നെ അവൻ ഉപേക്ഷിക്കണം. അവനവനെപ്പോലും പരിത്യജിക്കണം. ലോകത്തിനു മരിക്കുകയെന്നുള്ളതും സ്വയപരിത്യാഗമെന്നുള്ളതും ഒന്നുതന്നെയാ ണ്. യേശു മിശിഹായുടെ ശ്ലീഹന്മാർ സ്വയപരിത്യാഗികളായിരുന്നു. “സകലതുമുപേക്ഷിച്ചുകൊണ്ട് ഞങ്ങൾ നിന്റെ പിന്നാലെ വന്നിരി ക്കുന്നു” എന്ന് പറയത്തക്കവണ്ണം മനഃശക്തിയും ദൈവാനുഗ്രഹവും ലഭിച്ച അവരത്രേ ദൈവത്തെ സമ്പാദിച്ചവർ; അവരത്രേ യഥാർത്ഥസു വിശേഷകന്മാർ; അവരാലത്രേ ലോകത്തിനു യേശുമിശിഹായെപ്പറ്റി അറിയാൻ കഴിഞ്ഞിട്ടുള്ളതും. സന്ന്യാസപദം പ്രാപിക്കുന്ന ഒരാളാൽ ഇവയൊക്കെ സാധിക്കാവുന്നതാണ്. പരിത്യാഗത്തെ അതിന്റെ അക്ഷ രപ്രകാരം ആഭ്യന്തരമായും ബാഹ്യമായും നിവർത്തിക്കുവാൻ അയാൾക്കു മാത്രമേ കഴിവുണ്ടാകയുള്ളു. ഒരു സന്ന്യാസിക്കു ധനം, ബഹുമതി, പൊതുജനസമ്മതം എന്നീ പദങ്ങൾ, ദാരിദ്ര്യം, അവമാ നം, ദുഷ്കീർത്തി എന്നിവയുടെ പര്യായങ്ങൾ മാത്രമത്രേ. ലോകദൃ ഷ്ടിയിൽ ബുദ്ധിഹീനനും ഭ്രാന്തനുമായിത്തീരുമ്പോൾ ഒരു സന്ന്യാസി പരമാനന്ദം അനുഭവിക്കുന്നു.

“ലോകം താത സഹോദരർ ജാതിയതും തറവാടും
ആകെയുപേക്ഷിച്ചേശുവിനായ്”

മരിക്കുവാനും ജീവിക്കുവാനും സന്നദ്ധരായവർക്കു ത്യാഗവും ദാരി ദ്ര്യവും കണ്ഠാഭരണമത്രേ. സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള സന്ന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടതെന്നും, ദൈവതിരുവിഷ്ടം അതാണെന്നും അതിനാൽ അതാണ് ജീവിതാദർശമായിരിക്കേണ്ടതെന്നും, അതിനായിട്ടു വേണം ശിഷ്ടാ യുസ്സിനെ വിനിയോഗിപ്പാനെന്നും നാം ദൈവകൃപയെ അവലംബിച്ചു കൊണ്ടു നിശ്ചയിച്ചു. ഒട്ടധികം ദിവസങ്ങളിലേയും മാസങ്ങളിലേയും

പര്യവേഷണങ്ങളുടേയും പര്യാലോചനകളുടേയും, പ്രാർത്ഥന, വി കുർബ്ബാന എന്നിവയുടെയും ഫലമായി ദൈവത്തിൽനിന്നും ലഭിക്കപ്പെട്ട പ്രസ്തുത ആദർശത്തെ നാം ഒരു അമൂല്യനിധിയെന്നവണ്ണം വിലമതിക്കുകയും അതിനെ വ്യാപാരം ചെയ്യുവാനുള്ള പരിജ്ഞാനത്തെ തേടുവാൻ ഉദ്യമിക്കയും ചെയ്തു. (ഗിരിദീപം പുറം 55 - 52)

## പ്രാരംഭപരിശ്രമങ്ങൾ

ആശ്രമസ്ഥാപനത്തിനു വേണ്ടിയുള്ള പരിശ്രമങ്ങളായിരുന്നു പിന്നീടു കഥാപുരുഷൻ നടത്തിക്കൊണ്ടിരുന്നത്. സന്ന്യാസപരമായ വ്രതാനുഷ്ഠാനങ്ങൾ, നിയമാവലി, ഭരണഘടന ആദിയായി ഒരു ആശ്രമസ്ഥാപനത്തിന് അവശ്യം വേണ്ട കാര്യങ്ങളിൽ പരിചയവും പരിജ്ഞാനവും സമ്പാദിക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ പ്രഥമപരിശ്രമം ഏതൽക്കാര്യത്തിനായി ഉത്തരേന്ത്യയിലുള്ള കത്തോലിക്കരുടെയും പ്രൊട്ടസ്റ്റന്റുകാരുടെയും ഒട്ടനേകം സന്ന്യാസാശ്രമങ്ങൾ സന്ദർശിക്കുകയും അതിലെ ശ്രേഷ്ഠന്മാരിൽ നിന്നും ഒട്ടനേകം കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്തു. ഇതുമെന്യേ സന്ന്യാസപരമായ ജീവിതത്തെയും സന്ന്യാസാശ്രമനിബന്ധനകളെയും വിവരിക്കുന്ന ഒട്ടനേകം പുസ്തകങ്ങൾ വരുത്തി വായിക്കുന്നതിനും ആരംഭിച്ചു. പ്രസ്തുത ഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും കത്തോലിക്കാസന്ന്യാസിവര്യന്മാരാൽ വിരചിതങ്ങളായിരുന്നു. എന്ന വാസ്തവം ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ. മഹാകവി രവീന്ദ്രനാഥടാഗോർ “വിശ്വഭാരതി” എന്ന പേരിൽ ആരംഭിച്ച ശാന്തിനികേതനത്തിൽ പല പ്രാവശ്യം പോകുന്നതിനും മഹാകവിയെ സന്ദർശിച്ചു. സംഭാഷണം നടത്തുന്നതിനുള്ള ഭാഗ്യം കഥാപുരുഷനു സിദ്ധിച്ചു. ഭാരതീയസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിക്കൊണ്ടിരുന്ന മഹാത്മഗാന്ധി ആരംഭിച്ച സബർമതി ആശ്രമത്തിലും കഥാപുരുഷൻ പോകുകയും അവിടത്തെ സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കുകയും ചെയ്തു. സന്ന്യാസാശ്രമരൂപവത്കരണത്തിന് ഇവയൊക്കെയും സഹായകമായി ഭവിച്ചു.

കേരളത്തിൽ എവിടെയെങ്കിലും ഒരു സന്ന്യാസാശ്രമം സ്ഥാപിക്കുന്നതിനും തദ്വാരാ, മലങ്കരസഭയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുമുള്ള തന്റെ ആഗ്രഹം കത്തുകൾ മുഖേന തന്റെ വന്ദ്യഗുരുഭൂതനായ വട്ടശ്ശേരിൽ തിരുമേനിയേയും ഇതരസമുദായപ്രമുഖന്മാരെയും കഥാപുരുഷൻ അറിയിച്ചു കൊണ്ടിരുന്നു. പ്രസ്തുതാഭിലാഷം സാധിതപ്രായമാകുമെങ്കിൽ അതുമൂലം സമുദായത്തിനു വലുതായ നന്മകൈവരുമെന്നും അതി

ലേക്കു വേണ്ട സകല സഹായസഹകരണങ്ങലും നല്കുവാൻ തങ്ങൾ സന്നദ്ധരാണെന്നും കാണിച്ചുകൊണ്ടു സമുദായപ്രധാനികളിൽ പലരും സെറാമ്പൂരിലേക്കു മറുപടിക്കത്തുകൾ അയച്ചു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും സസന്തോഷം പ്രസ്തുതോദ്യമത്തെ ആശീർവദിക്കുകയും അപേക്ഷ അനുവദിക്കുകയും ചെയ്തു.

സെറാമ്പൂരിൽ വെച്ചു തന്നെ ആശ്രമത്തിനുള്ള പ്രാരംഭമിടുന്നതിനു കഥാപുരുഷൻ നിശ്ചയിച്ചു. താനും തന്റെ കൂടെ താമസിച്ചിരുന്ന ശെമ്മാശന്മാരും സന്ന്യാസപരമായ ജീവിതം നയിക്കുന്നതിനാരംഭിച്ചു. നിസ്സാരങ്ങളായ ഏതാനും അനുഷ്ഠാനങ്ങളും വ്രതങ്ങളും മാത്രമേ പ്രാരംഭമായി സ്വീകരിക്കയുണ്ടായുള്ളു. കൃത്യസമയത്തുള്ള നമസ്കാരം, ധ്യാനം, ആത്മശോധന, മൗനം ആദിയായ നിമയങ്ങളിലുള്ള പരിശീലനമായിരുന്നു ആദ്യമായി നല്കിയത്. ഇപ്രകാരം സെറാമ്പൂരിൽ സംജാതമായ ആ ശിശു ഏതാണ്ട് ഒരുവർഷക്കാലത്തോളം സുരക്ഷിതമായി അണിയറയ്ക്കുള്ളിൽ വളർന്നുകൊണ്ടിരുന്നു.

**സ്ഥലസമ്പാദനം**

കേരളത്തിൽ എവിടെയാണ് ആശ്രമം സ്ഥാപിക്കേണ്ടത് എന്നുള്ള ചിന്തയിലായിരുന്നു കഥാപുരുഷൻ പിന്നീടു നിമഗ്നനായത് ജനനിബിഡമായ പട്ടണങ്ങളെ അപേക്ഷിച്ചു ജനവാസമില്ലാത്തതും പ്രാപഞ്ചക തിരമാലകളുടെ ശബ്ദം പോലും കേൾക്കപ്പെടാത്തതുമായ ഒരു സ്ഥലം തെരഞ്ഞെടുക്കണമെന്നു നിശ്ചയിച്ചു. സ്ഥലം വാങ്ങിക്കുക, കെട്ടിടങ്ങൾ പണിയിക്കുക, ആശ്രമസ്ഥരുടെ നിത്യവൃത്തി കഴിക്കുക എന്നിവയ്ക്കെല്ലാമായി അവശ്യം വേണ്ട പണം എവിടെനിന്നു ലഭിക്കുമെന്നുള്ള ചിന്തയും കഥാപുരുഷനിൽ ഉണ്ടാകാതിരുന്നില്ല. എങ്കിലും സകലവും "ദൈവം നോക്കിക്കൊള്ളും" എന്ന സുദൃഢമായ വിശ്വാസം അദ്ദേഹത്തിന്റെ മനസ്സിനു ധൈര്യം നല്കി.

ആശ്രമസ്ഥാപനകാര്യത്തെപ്പറ്റി തന്റെ അത്യന്തസ്നേഹിതനും, ഒരു ക്രൈസ്തവനേതാവും, വമ്പിച്ച ധനാഢ്യനും, അഭിഭാഷകപ്രവീണനുമായിരുന്ന ഇലഞ്ഞിക്കൽ മി. ഈ. ജെ. ജോണിന്റെ പേർക്ക് എഴുതി അയയ്ക്കുകയുണ്ടായി. സമുദായസ്നേഹിയായ അദ്ദേഹത്തിന്റെ പ്രോത്സാഹനജനകമായ മറുപടി കഥാനായകനു ലഭിച്ചു. ചെങ്ങന്നൂർ താലൂക്കിന്റെ ഏറ്റം കിഴക്കേ അറ്റത്തു വടശ്ശേരിക്കരയ്ക്ക് അടുത്തു പെരുനാട് എന്ന സ്ഥലത്തു തന്റെ വകയായ കുറെ സ്ഥലമുണ്ടെന്നും അതിൽ നിന്നും ആശ്രമത്തിനു വേണ്ടി നൂറ് ഏക്കർ സ്ഥലം

നല്കുവാൻ താൻ സന്നദ്ധനാണെന്നും മറ്റുമായിരുന്നു പ്രസ്തുത കത്ത്. ഇതിൽ സന്തുഷ്ടചിത്തനായിത്തീർന്ന കഥാപുരുഷൻ ഉടൻതന്നെ താൻ നാട്ടിലേക്കു വരുമെന്നും അപ്പോൾ സ്ഥലം കാണുന്നതിനായി പെരുനാട്ടിൽ പോകാമെന്നും മറ്റുംകാണിച്ച് മറുപടിക്കത്തു ജോൺവക്കീലിനു അയച്ചു.

ഏതാനും മാസങ്ങൾക്കു ശേഷം അവധിക്കാലത്ത് നാട്ടിൽ വന്നപ്പോൾ മി. ഈ.ജെ. ജോൺ സംഭാവന ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിരുന്ന സ്ഥലത്തിന്റെ സ്ഥാനം, അവിടത്തെ സാഹചര്യങ്ങൾ എന്നിവ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനായി പുത്തൻകാവിൽ മി. കെ.ജി. ചെറിയാൻ, റാന്നിയിൽ മി.ഐ.എം. ഇടിക്കുള എന്നിവരുമൊന്നിച്ചു കഥാപുരുഷൻ പെരുനാട്ടിലേക്കു പോയി ആ മലപ്രദേശങ്ങളിലെല്ലാം കയറിനടന്നു കണ്ടു പരിപൂർണ്ണ സംതൃപ്തനായിതീർന്നു. ആശ്രമത്തിനു പറ്റിയ സ്ഥലം ഇതുതന്നെയാണെന്ന് എല്ലാവരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. മി. ഈ.ജെ. ജോൺ സംഭാവന നല്കാമെന്ന് സമ്മതിച്ചിരുന്ന നൂറേക്കർ വസ്തുവിനു ചുറ്റുപാടുമുള്ള ഗവൺമെന്റുവക പുറമ്പോക്കു സ്ഥലങ്ങളിൽ നിന്നും കുറെ ഏക്കർ കൂടെ പതിപ്പിച്ച് എടുക്കുന്നതു നന്നായിരിക്കും എന്നുള്ള മി. കെ.ജി. ചെറിയാന്റെ ആഗ്രഹമനുസരിച്ച് അതിനുവേണ്ടിയുള്ള പരിശ്രമം നടത്തി. മി. കെ.സി. മാമ്മൻമാപ്പിള, കെ.കെ. ലൂക്കോസ് എന്നിവരുടെ സഹായത്തോടുകൂടെ ഗവൺമെന്റിൽ അപേക്ഷ ബോധിപ്പിക്കുകയും ഏക്കറിന് അഞ്ചുരൂപാ വിലവെച്ച് മുന്നൂറ് ഏക്കർ സ്ഥലം പതിപ്പിക്കുകയും ചെയ്തു. ഇതിലേക്കായി തന്റെ കൈവശം തല്ക്കാലം പണമില്ലാതിരുന്നതിനാൽ സഹോദരനായ മത്തായിപ്പണിക്കർ മുഖാന്തിരം സ്വപിതാവിനോടു രണ്ടായിരം രൂപയോളം കടം വാങ്ങിക്കുകയാണ് ചെയ്തത്.

പമ്പാനദിയുടെയും കക്കാട്ടാറിന്റെയും സംഗമസ്ഥാനത്തു നിന്നും അല്പം കിഴക്കുമാറി ഉയർന്നുപൊങ്ങി നില്ക്കുന്നതും, കുറ്റിക്കാടുകളാൽ നിബിഡവും "മുണ്ടൻമല" എന്നപേരിൽ അറിയപ്പെടുന്നതുമായ ഒരു സ്ഥലവിഭാഗമത്രേ ഇത്. സൃഷ്ടികർത്താവിന്റെ മഹിമാതിശയത്തെ ഉത്ഘോഷിക്കുന്ന പ്രകൃതിസൗന്ദര്യം കൺകുളിർക്കെ കണ്ടു ആസ്വദിക്കുവാൻ പര്യാപ്തമായിരുന്ന ഇപ്രദേശം. ഏതാണ്ട് അൻപതു വർഷത്തിനപ്പുറത്ത് ആ ഭാഗങ്ങൾ മനുഷ്യവാസയോഗ്യമല്ലായിരുന്നു എന്നു മാത്രമല്ല. വന്യമൃഗങ്ങളുടെ സ്വൈരവിഹാരരംഗങ്ങളുമായിരുന്നു. തേയില, റബ്ബർ, കുരുമുളക് എന്നിവ കൃഷിചെയ്യുവാൻ ഉതകിയ മണ്ണും

അതിനു പറ്റിയ കാലാവസ്ഥയുമാണ് അവിടെയുള്ളത്. കേരളത്തിലെ പ്രസിദ്ധിയേറിയ പെരുമൺ, ളാഹ, കുറുങ്ങാലി, ചീറ്റാർ കർമ്മേൽ ആദിയായ ഒട്ടനേകം തോട്ടങ്ങൾ ഇതിനു ചുറ്റുപാടും സ്ഥിതിചെയ്യുന്നു. ശബരിമല തീർത്ഥാടകരായ അയ്യപ്പന്മാർ പ്രതിവർഷം അയ്യപ്പദർശനത്തിനായി പൊയ്ക്കൊണ്ടിരുന്നതും ഈ മലയുടെ താഴ്‌വരയിൽ കൂടെയായിരുന്നു.

ഇതിനു സമീപം ഏതാനും ഏക്കർ സ്ഥലം തങ്ങളുടെ പേരിലും പതിപ്പിക്കണം എന്ന ഉദ്ദേശത്തോടുകൂടെ കഥാപുരുഷന്റെ സഹോദരനായ മത്തായിപ്പണിക്കരും, കിളിലേത്തു മി. ചാക്കോയും കൂടെ സെറാമ്പൂരിന് എഴുതി അയച്ചപ്പോൾ അതിനയച്ചുകൊടുത്ത മറുപടിയിലേ ഒരു ഭാഗം ഇപ്രകാരമായിരുന്നു -

"നിങ്ങൾക്ക് ആർക്കും ഒരു സെന്റു ഭൂമിപോലും അവിടെയോ അതിന്റെ പരിസരങ്ങളിലോ ഉണ്ടായിരിക്കുവാൻ പാടില്ല. അവ മുഴുവനും ആശ്രമത്തിനായി പതിപ്പിക്കണം, ഒരുവൻ ദൈവകാര്യങ്ങൾക്കായി പുറപ്പെടുമ്പോൾ അവന്റെ ഭവനകാര്യങ്ങൾ യഹോവ നോക്കിക്കൊള്ളും."

**നാമകരണകാരണങ്ങൾ**

ആശ്രമത്തിനുവേണ്ടി സ്ഥലം സമ്പാദിച്ച ശേഷം അതിന്റെ നാമകരണത്തെപ്പറ്റിയാണ് പ്രാർത്ഥനാപ്പൂർവ്വം കഥാപുരുഷൻ ചിന്തിക്കുവാൻ തുടങ്ങിയത്. ആശ്രമത്തിന്റെ നാനാമുഖങ്ങളായ ആദർശങ്ങളെ പ്രദ്യോതിപ്പിക്കുന്നതും ദൈവത്തോടുള്ള ബന്ധത്തെ അനുസ്മരിപ്പിക്കുന്നതുമായ ഒരു നാമധേയം തന്നെ നല്കണമെന്നു നിശ്ചയിച്ചു. ഇതെപ്പറ്റി ചിന്തിച്ചുകൊണ്ടു കഥാപുരുഷൻ വേദപുസ്തകനിഘണ്ഡു എടുത്തു തുറന്നു നോക്കിയപ്പോൾ ആദ്യമായി കണ്ട പദം "ബതാനി" എന്നുള്ളതായിരുന്നു. ദൈവേഷ്ടമനുസരിച്ച് ആശ്രമത്തിനു പറ്റിയ നാമം ഇതുതന്നെ എന്നു കഥാപുരുഷൻ നിശ്ചയിച്ചു. ബതാനിയിലെ ലാസറിനെയും, സഹോദരിമാരെയും അവരുടെ ദൈവസേവനത്തെയും പരോപകാരപ്രവർത്തനങ്ങളെയും പറ്റി ചിന്തിച്ചപ്പോൾ ആ നാമം അർത്ഥവത്താണെന്ന് ബോദ്ധ്യമാവുകയും തൽഫലമായി "ബതാനി" എന്ന നാമധേയം ആശ്രമത്തിനു നല്കുകയും ചെയ്തു.*

* "ബതാനി" എന്ന നാമധേയമായിരുന്നു ആദ്യകാലത്ത് ആശ്രമത്തിനു നല്കിയിരുന്നത്. പില്ക്കാലത്താണ് 'ബഥനി' എന്ന പേരിനാൽ അറിയപ്പെടുവാൻ ഇടയായത്. (ഗ്രന്ഥകർത്താ)

ആശ്രമസ്ഥരടങ്ങിയ സമൂഹത്തിന് എന്തു നാമധേയം നല്കണമെന്നുള്ള ചിന്തയിൽ കഥാപുരുഷൻ പിന്നീടു നിമഗ്നനായി. മിശിഹായെ സകലത്തിലും അനുകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിനുവേണ്ടി സ്ഥാപിക്കുന്ന സമൂഹത്തിനു "ക്രിസ്താനുകരണ സമൂഹം" (Order of the Imitation of Christ) എന്ന നാമം തന്നെ നല്കുന്നതിനും നിശ്ചയിച്ചു.

മുണ്ടൻമലയിലെ കാടുകളെല്ലാം വെട്ടിത്തെളിക്കുക, അവിടെ ഏതാനും കെട്ടിടങ്ങൾ നിർമ്മിക്കുക, റോഡുകളും കയ്യാലകളും ഉണ്ടാക്കുക, മരങ്ങൾ നട്ടു പിടിപ്പിക്കുക, പ്രാരംഭ ചെലവുകൾ നിർവ്വഹിക്കുക എന്നിവയ്ക്കായി ഒരു നല്ല സംഖ്യ അവശ്യം ഉണ്ടാകേണ്ടിയിരുന്നു. ഉദ്ദേശം ഏഴായിരം രൂപയോളം അതിനു വേണ്ടിവരുമെന്നു കണക്കാക്കി. ആ സംഖ്യ ലഭിക്കുവാൻ മാർഗ്ഗമില്ലാതെ വിഷമിച്ചുകൊണ്ടിരുന്ന കഥാപുരുഷനു പരമകാരുണീകനായ ദൈവം മാർഗ്ഗമുണ്ടാക്കിക്കൊടുത്തു. സെറാമ്പൂരിൽ വെച്ചു പരിചയപ്പെട്ട ഒരു അമേരിക്കൻ മിഷ്യനറിയായ ജെ.എച്ച്. ഹൗളറിനെ ഈ വിവരം അറിയിച്ചപ്പോൾ അദ്ദേഹം കഥാപുരുഷനുമൊന്നിച്ചു കല്ക്കട്ടയിൽ സർ ഡാനിയേൽ ഹാമിൽട്ടൻ എന്ന ധ്വരയെ കാണാൻ പോയി. ആശ്രമസ്ഥാപനം, ഉദ്ദേശ്യം, പ്രവർത്തനപദ്ധതികൾ എന്നിവയെല്ലാം സർ ഹാമിൽട്ടനോടു വിവരിച്ചു പറഞ്ഞപ്പോൾ എത്ര സംഖ്യ വേണമെങ്കിലും ആശ്രമാവശ്യത്തിലേക്കു കടമായി കൊടുക്കുവാൻ താൻ സന്നദ്ധനാണെന്നു സസന്തോഷം അദ്ദേഹം ഹൗളരെ അറിയിച്ചു. അങ്ങനെ ബതാനിയുടെ ഏതാനും ഏക്കർ സ്ഥലം പണയപ്പെടുത്തികൊണ്ട് ഹാമിൽട്ടനോട് ഏഴായിരം രൂപാ കടം വാങ്ങിക്കുകയും ചെയ്തു.

ബതാനി മലയിലെ പ്രാരംഭജോലികളെല്ലാം നിർവ്വഹിക്കുന്നതിനായി നിരണം സ്വദേശിയായ മട്ടയ്ക്കൽ അലക്സിയോസ് ശെമ്മാശൻ (ഇപ്പോൾ ഓർത്തഡോക്സ് യാക്കോബായ സഭയിലെ മാർ തേവോദോസ്യോസ്) ശൂരനാട്ടു ഉമ്മൻവാദ്ധ്യാർ, (ഇപ്പോൾ യാക്കാബായസഭയിലെ ബസ്കീപ്പാ റമ്പാൻ) മത്തായിപ്പണിക്കർ (കഥാപുരുഷന്റെ സഹോദരൻ), കിളിലേത്ത് ചാക്കോ (മാനേജർ) എന്നിവരെ പ്രത്യേകം ചുമതലപ്പെടുത്തി. അവരുടെ അക്ഷീണപരിശ്രമഫലമായി കടുവാ, ആന ആദിയായ വന്യമൃഗങ്ങളുടെ സങ്കേതമായിരുന്ന കാടുകൾ വെട്ടിത്തെളിച്ചു കാട്ടുമുളയും വൃക്ഷക്കൊമ്പുകളും കൊണ്ട് ആശ്രമം ചാപ്പൽ എന്നിവയ്ക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുകയും പുല്ലു

മേഞ്ഞ മൺഭിത്തികൾ നിറുത്തി ഏതാനും മാസങ്ങൾക്കുള്ളിൽ അവ അധിവാസയോഗ്യമാക്കിത്തീർക്കുകയും ചെയ്തു.

## നിയമാവലിയും വേഷവിധാനവും

ബതാനിമ്ശിഹാനുകരണ സമൂഹത്തിന്റെ നിയമങ്ങൾ ആശ്രമസ്ഥരുടെ വേഷം എന്നിവ എന്തായിരിക്കണെമെന്നുള്ള ചിന്തയായിരുന്നു കഥാപുരുഷനു പിന്നീടുണ്ടായത്. അതിനുവേണ്ടി പല സന്ന്യാസസമൂഹങ്ങളുടേയും നിയമസംഹിതകൾ വരുത്തി വായിച്ചുകൊണ്ടിരുന്നു. കേരളത്തിലെ കർമ്മലീത്താ സന്ന്യാസസമൂഹത്തിന്റെ നിയമ സംഹിത ഗ്രഹിക്കുന്നനായി ഒരു ദിവസം കോട്ടയത്തു നിന്നും മെ.എ. പീലിപ്പോസ്, കെ.വി. ചാക്കോ എന്നിവരൊന്നിച്ച് കഥാപുരുഷൻ മാന്നാനം ആശ്രമത്തിലേക്കു പോകുകയുണ്ടായി. അവിടെ ചെന്ന അവസരത്തിൽ സുപ്പീരിയർ അച്ചൻ സ്ഥലത്ത് ഇല്ലായിരുന്നു. തന്മൂലം ആശ്രമപ്രൊക്കുറേറ്റർ ആയിരുന്ന ബ. കട്ടക്കയത്തിൽ അലക്സാണ്ടർ അച്ചനെ (കൊച്ചുചാണ്ടിയച്ചൻ) കണ്ട് അദ്ദേഹവുമായി കുറേനേരം സംസാരിക്കുവാൻ സൗകര്യം ലഭിച്ചു. ആശ്രമസ്ഥാപനത്തെപ്പറ്റി അറിഞ്ഞപ്പോൾ "എന്തു പേരാണ് നിങ്ങളുടെ ആശ്രമത്തിനു നല്കുവാൻ ഉദ്ദേശിക്കുന്നത്?" എന്ന് ബ. അലക്സാണ്ടർ അച്ചൻ ചോദിച്ചു "ബതാനിയാ എന്നാണുദ്ദേശിക്കുന്നത്" എന്ന് കഥാപുരുഷൻ മറുപടി പറഞ്ഞു. തൽക്ഷണം വിദൂരദർശനവിചക്ഷണനായ കൊച്ചുചാണ്ടിയച്ചൻ പറയുകയാണ്. "ബതാനിയാ! ഓ അത് ഞങ്ങളോടു വളരെ അടുത്താണല്ലോ." കർമ്മേൽ പർവ്വതത്തിന് അടുത്താണ് ബതാനിയെന്നും തന്മൂലം അധികതാമസമെന്യേ ബതനിക്കാരുമായുള്ള ഐക്യത്തിനും സൗഹാർദ്ദതയ്ക്കും കർമ്മലീത്താക്കാർക്കു ഭാഗ്യം സിദ്ധിക്കുമെന്നുമുള്ള അർത്ഥഗർഭമായ സൂചനയായിരുന്നു ബ. അച്ചന്റെ വാചകത്തിൽ അടങ്ങിയിരുന്നത്.* സൂപ്പീരിയറച്ചന്റെ അഭാവം നിമിത്തം നിയമസംഹിത ലഭിക്കാതെയാണ് അവർ മടങ്ങിയത്. പക്ഷേ, ഒരാഴ്ച കഴിഞ്ഞപ്പോൾ ആശ്രമാദ്ധ്യക്ഷനായ ബ. സ്തേഫാനോസച്ചൻ നിയമഗ്രന്ഥവും കൊണ്ട് കോട്ടയത്തു വന്നു കഥാപുരുഷനെ ഏല്പിക്കയുണ്ടായി. വിവിധ സന്ന്യാസസമൂഹങ്ങളുടെ നിയമങ്ങൾ പരിശോധിച്ചശേഷം വി. ബെസ്സേലിയോസിന്റെ സന്ന്യാസാശ്രമത്തിന്റെ നിയമങ്ങൾ അടങ്ങിയ നിയമസംഹിതയാണ് ബതാനി ആശ്രമത്തിനായി കഥാപുരുഷൻ സ്വീകരിച്ചത്.

*ബഥനിയുടെ പുനരൈക്യത്തിൽ കർമ്മലീത്താസന്യാസികൾ കാര്യമായ പങ്കു നിർവ്വഹിച്ചിട്ടുണ്ടെന്നു തുടർന്നുള്ള അദ്ധ്യായങ്ങളിൽനിന്നും ഗ്രഹിക്കാവുന്നതാണ്. (ഗ്രന്ഥകർത്താ)

ആശ്രമസ്ഥരുടെ വേഷം ഏതുവിധമായിരിക്കണം, അതിന്റെ നിറം എന്തായിരിക്കണം എന്നിവയായിരുന്നു കഥാപുരുഷന്റെ പിന്നത്തെ ചിന്താവിഷയങ്ങൾ. കത്തോലിക്കാസഭയിലെ വിവിധ സന്ന്യാസസമൂഹങ്ങൾ തദംഗങ്ങൾക്ക് പ്രത്യേകവിധത്തിലും നിറത്തിലുമുള്ള വേഷവിധാനങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. ഒരു സന്ന്യാസി ഏതു സമൂഹത്തിലെ അംഗമാണെന്നു തിരിച്ചറിയുന്നതിന് ഈ മാർഗ്ഗം ഏറ്റം പ്രയോജനകരമാണ്. ഭാരതീയ സന്യാസസമൂഹങ്ങളെ അനുകരിച്ച് കാവി നിറത്തിലുള്ള കുപ്പായവും ഇടയ്ക്ക് ഒരു കെട്ടും ബതാനിആശ്രമസ്ഥർക്ക് ഉണ്ടായിരിക്കണമെന്നു കഥാപുരുഷൻ നിശ്ചയിച്ചു. ഭാരതത്തിലെ ഹൈന്ദവരുടെ ഇടയിൽ സുവിശേഷം ഘോഷിക്കേണ്ടവരായ ക്രൈസ്വതസന്യാസികൾ, തനി ദേശീയരെന്നുള്ള ബോധം ജനിപ്പിക്കുന്നതിനും തദ്വാരാ, അവരുടെ മാനസാന്തരം സുഗമമാക്കുന്നതിനും പ്രസ്തുത വേഷസംവിധാനം പറ്റിയതാണെന്നുള്ള ബോദ്ധ്യമായിരുന്നു ഏതാദൃശവേഷസ്വീകരണത്തിൽ കഥാപുരുഷനുണ്ടായിരുന്നത്. ഇതു സംബന്ധിച്ചു സെറാമ്പൂരിൽ നിന്നും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന് എഴുതി അയച്ച കത്തിലെ ഒരു ഭാഗം ചുവടേ ചേർത്തുകൊള്ളുന്നു.

2. Circular Road Serampore

25th Nov. ‘17

Most Beloved Father,

“.......പുറജാതികളുടെ ഇടയ്ക്കു ദൈവവേലയ്ക്കു പുറപ്പെടുന്നതിനു ദയറാക്കാരായി തീരണമെന്നും അഥിനു വേണ്ട വേലകളും ഒരുക്കവുമാണ് ബതാനിയിൽ നടക്കേണ്ടതെന്നും ആഗ്രഹിക്കുന്ന എനിക്കും മട്ടയ്ക്കൽ ശെമ്മാശനും അതിനുതക്ക ഏതെങ്കിലും വേഷവും കൂടി കല്പിച്ചു തന്നാൽകൊള്ളാമെന്ന് അപേക്ഷയുണ്ട്. ബതാനിയിൽ സ്ഥിരജോലിക്കായ് തിരുമനസ്സുകൊണ്ട് ഒരാളെ കല്പിച്ചു നിയമിക്കുന്ന സമയം മുതല്ക്കുതന്നെ അതിനു തക്കതായ ഒരു വേഷവും കൂടി കല്പിച്ചു കൊടുക്കുന്നതുകൊണ്ട് പലഗുണവും ഉണ്ടാകാനുണ്ട്. ഇന്നകാര്യത്തിനായി വേർതിരിക്കപ്പെട്ടവരാണെന്ന ബോധം ഞങ്ങളിലും ഞങ്ങളെപ്പറ്റി മറ്റുള്ളവരിലും നിലനില്ക്കുന്നതിനു പ്രത്യേകമായ ഒരു വേഷം നല്ലതാണ്. ഇൻഡ്യയിൽ ഏതു ഭാഗത്തും ചേരുന്ന വേഷമായിരിക്ക

ണം. ഈ നാട്ടിനു ചേരുന്നതായിരിക്കണം. പരദേശികളുടേതെന്ന് ആരും കുറ്റം പറയാത്തതായിരിക്കണം. എത്രയും ചെലവു കുറഞ്ഞ തായിരിക്കണം. രണ്ടു കുപ്പായങ്ങൾ നിങ്ങൾക്കുണ്ടായിരിക്കരുതെന്ന് ശ്ലീഹന്മാർക്ക് കർത്താവ് കൊടുത്ത കല്പന അനുസരിച്ചുകൊണ്ട് ഇൻഡ്യയിൽ എവിടെയും ദൈവവേലയ്ക്കായി പോകുവാൻ തയാറാ യിരിക്കണം. ദൈവവേലയ്ക്കാരുടെ വേഷമാണെന്നു ഹിന്ദുക്കൾ, ബുദ്ധ മതക്കാർ, മഹമ്മദീയർ മുതലായ ഏവരും മുൻവിധികൂടാതെ വകവെ യ്ക്കുന്നതായിരിക്കണം. ഇപ്പോൾ ഇൻഡ്യയിലെ ക്രിസ്തീയവകുപ്പു കളിൽ ആർക്കും ഇല്ലാത്തതായിരിക്കണം. വേഷം കാണുമ്പോൾ തന്നെ ഇതരന്മാർക്കു വെറുപ്പു തോന്നാതെ അവർ നമ്മുടെ വചനം കേൾക്കു ന്നതിനായി അടുത്തു വരത്തക്കതായിരിക്കണം. ഈ നിലയിൽ ഒരു വേഷമായിരുന്നാൽ കൊള്ളാം. വളരെ നാളായി ഞങ്ങൾ അന്വേഷി ക്കയും ആലോചിക്കയും ചെയ്യുന്നതിൽ ഒരു വേഷം നല്ലതായി തോന്നു ന്നുണ്ട്. നമ്മുടെ അച്ചന്മാർ ഉപയോഗിക്കുന്ന കറുത്ത കുപ്പായത്തിന്റെ വെട്ടുപോലെ വെട്ടി വെള്ളത്തുണികൊണ്ടു തയ്ച്ചതും കാവി മുക്കിയ തുമായ കുപ്പായവും ആ നിറത്തിൽ തന്നെയുള്ള ഇടക്കെട്ടുമാണ്. ധൃതിയോ നിർബന്ധമോ ഒട്ടും ഇല്ല. ഇൻഡ്യയുടെ ആകപ്പാടെയുള്ള സ്ഥിതി ആലോചിച്ചിട്ട് ഇതു നല്ലതാണെന്നു തിരുമനസ്സിലേക്ക് അടുത്ത അഞ്ചാറുമാസത്തിനകം തോന്നുന്ന പക്ഷം മതി, തിരുവിതാകൂർ, കൊച്ചി ഈ രണ്ടു രാജ്യങ്ങളെക്കാൾ അനേക മടങ്ങ് വലിപ്പമുള്ള ഒരു രാജ്യത്തെ സുവിശേഷവേലയ്ക്കു നാം ചുമതലക്കാരണെന്നും ലോക മെന്നു വെച്ചാൽ മലയാളരാജ്യം മാത്രമല്ലന്നും നമ്മുടെ ആളുകൾക്കു ബോദ്ധ്യപ്പെടാനും കൊള്ളാം.

തിരുമുമ്പാകെ ബോധിപ്പാൻ എഴുതിക്കൊള്ളുന്നത്.

ഫാ. പി. റ്റി. ഗീവർഗീസ് (ഒപ്പ്)

ഏതാനും വർഷങ്ങൾക്കു മുമ്പു മധുര ആദിയായ പ്രദേശങ്ങളിൽ സുവിശേഷഘോഷണം നടത്തിക്കൊണ്ടിരുന്ന യൂറോപ്യൻ മിഷനറി മാരായ ഫാദർ ഡിനോബിലിയും ബസ്കിയും ധരിച്ചിരുന്ന വേഷവും ഈ വിധത്തിലുള്ളതായിരുന്നുവല്ലോ. അടുത്തകാലത്തു സേലത്തു സ്ഥാപിതമായ "ശീലുവഗിരി" ആശ്രമസ്ഥർ സ്വീകരിച്ചിരിക്കുന്നതും കാവിനിറത്തിലുള്ള വസ്ത്രമത്രേ.

## ആശ്രമോത്ഘാടനവും സന്യാസപ്രതിഷ്ഠയും

ആശ്രമസ്ഥാപനത്തിനുള്ള സകല കാര്യങ്ങളും പൂർത്തിയാക്കിയശേഷമുള്ള സെറാമ്പൂർ കോളേജ് പ്രൊഫസർ ഉദ്യോഗം രാജികൊടുത്തു നാട്ടിലേക്കു വരുന്നതിനുതന്നെ കഥാപുരുഷൻ നിശ്ചയിച്ചു. കോളേജ് അധികൃതരുടെ ആഗ്രഹമനുസരിച്ചു രണ്ടു വർഷം കൂടെ അവിടെ താമസിച്ചു ക്ലാസ്സുകൾ നടത്തുന്നതിനുദ്ദേശിച്ചുവെങ്കിലും സെറാമ്പൂരിലെ കാലാവസ്ഥ തനിക്കു പ്രതികൂലമാകയാലും, മുമ്പുണ്ടായിരുന്ന വാതരോഗം അല്പം വർദ്ധിച്ചതിനാലും, നാട്ടിൽ വന്ന് ആയുർവ്വേദചികിത്സ നടത്തിയാൽ രോഗം ഭേദമാകുമെന്നു പലരും ഉപദേശിച്ചതിനാലും ഉടൻതന്നെ രാജികൊടുക്കുവാൻ നിർബ്ബന്ധിതനായിത്തീർന്നു. നാട്ടിൽ വന്ന് ഏതാനും മാസങ്ങൾ കോട്ടയത്തും അനന്തരം മാവേലിക്കരയും താമസിച്ച് ആയുർവ്വേദചികിത്സ നടത്തിയതിൽ വാതരോഗത്തിനു ശമനം കിട്ടി. ഇതിനകം കഥാപുരുഷന്റെ നിർദ്ദേശമനുസരിച്ച് ആശ്രമ സ്ഥാപനത്തിനുള്ള സകല സൗകര്യങ്ങളും ബതാനിമലയിൽ പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു.

പ്രാരംഭമായി ആശ്രമസ്ഥരാകുന്നതിന് പത്തു ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവരുടെ പേരുകൾ താഴെ ചേർക്കുന്നു.

(1) ഫാദർ പി.റ്റി. ഗീവറുഗീസ് (മാർ ഈവാനിയോസ്)

(2) യാക്കോബ് ശെമ്മാശൻ (മാർ തിയോഫിലോസ്)

(3) ഫാദർ അലക്സിയോസ് -നിരണം (മാർ തെവൊദോസ്യോസ്)

(4) കോശി ശെമ്മാശൻ -ശൂരനാട് (റവ. ശാമുവേൽ T.O.C.D.)

(5) ഗീവറുഗീസ് - ചെങ്ങന്നൂർ (ഫാദർ ഗീവറുഗീസ് O.I.C.)

(6) യാക്കോബ്-മാവേലിക്കര (ഫാദർ ബർശ്ലീബാ O.I.C.)

(7) ഉമ്മൻ-ശൂരനാട് (റമ്പാൻ ബസ്കീപ്പാ)

(8) ഏബ്രഹാം-കല്ലൂപ്പാറ (ഫാദർ ഏബ്രഹാം O.I.C.)

(9) ഇസ്ഹാക്ക്-മാവേലിക്കര (ഫാദർ ഇസ്ഹാക്ക്)

(10) വറുഗീസ് - പുളിക്കീഴ് (ഫാദർ വറുഗീസ്)

ആറുമാസക്കാലത്തെ ആദ്ധ്യാത്മികപരിശീലനത്തിനു ശേഷം പ്രഥമസന്താനങ്ങളായ കഥാപുരുഷൻ, ഫാദർ അലക്സിനോസ്, യാക്കോബ് ശെമ്മാശൻ എന്നിവരുടെ സന്യാസപ്രതിഷ്ഠ നടത്തണമെന്നു നിശ്ച

യിച്ചു. 1920-ൽ പെന്തിക്കോസ്തുദിവസത്തിലായിരുന്നു പ്രസ്തുത കർമ്മം നടത്തിയത്. ആശ്രമചാപ്പലിൽ കഥാപുരുഷൻ തന്നെ വി. കുർബാന അർപ്പിച്ചു. ബസ്മൽക്കായുടെ സമയത്തു പെന്തിക്കോസ്തു ശുശ്രൂഷകൾ നടത്തുകയും അനന്തരം ആശ്രമസ്ഥരോടായി പ്രതിഷ്ഠാ കർമ്മത്തിന്റെ ഗൗരവത്തെപ്പറ്റി ഒരു ലഘുപ്രഭാഷണം നടത്തുകയും ചെയ്തു. പ്രസ്തുത പ്രഭാഷണത്തിൽനിന്നും ഒരു ഭാഗം ചുവടേ ചേർത്തുകൊള്ളുന്നു.

“സന്ന്യാസിയെ ഒരു യാഗപശുവിനോടുപമിക്കാം. യാഗപശു നാല് അവസ്ഥാന്തരങ്ങളിൽകൂടി കടന്നു പോകേണ്ടതായിട്ടുണ്ട്. ഒന്നാമതായി യാഗപശുവിനെ കൂട്ടത്തിൽ നിന്നും വേർതിരിക്കുന്നു. രണ്ടാമതായി അതിനെ ദേവാലയത്തിന്റെ പുറത്തു കെട്ടുന്നു. മൂന്നാമതായി യാഗദിവസത്തിൽ ആരാധകൻ വന്ന്അതിന്റെ കഴുത്തു വെട്ടി തോലുരിച്ചു പല കഷണങ്ങളായി അതിനെ ഖണ്ഡിക്കുകയും, അതിൽനിന്നും ചീത്തഭാഗങ്ങളെ ഉപേക്ഷിക്കുകയും രക്തം ഒരു പ്രത്യേകപാത്രത്തിലാക്കി ആചാര്യനെ ഏല്പിക്കുകയും മാംസവും രക്തവും ദൈവാലയത്തിലുള്ള യാഗപീഠത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. നാലാമതായി ആചാര്യൻ മാംസക്കഷണങ്ങളെ യാഗപീഠത്തിന്മേൽ വെച്ചു ഹോമിക്കുകയും രക്തത്തെ പീഠത്തിന്മേൽ ഒഴിക്കുകയും ചെയ്യുന്നു. യഹൂദന്മാർക്കു പല യാഗങ്ങളുള്ളതിൽ അതിശ്രേഷ്ഠമായതു സർവ്വാംഗഹോമയാഗമത്രേ. മറ്റുള്ളയാഗങ്ങളിൽ ആരാധകനും മറ്റും ചില ഓഹരികളുണ്ട്. “ഒരു ഭാഗം മാത്രമേ യാഗപീഠത്തിൽ വെച്ചു ഹോമിക്കുകയുള്ളു. എന്നാൽ സർവ്വാംഗഹോമയാഗമെന്നതു അങ്ങനെയല്ല. എല്ലാം ദൈവത്തിനു മാത്രമായി ഹോമിക്കപ്പെടുന്നു. അതത്രേ സന്ന്യാസം

യാഗപശുവിനു തുല്യനായ സന്ന്യാസി സ്വയമേവ വേർതിരിക്കപ്പെടുന്നു. സ്വയമേവ അയാൾ ദൈവാലയത്തിന്റെ പരിസരപ്രദേശമെന്നു പറയപ്പെടാവുന്ന ആശ്രമത്തിലേക്കു വന്നു ചേരുന്നു. അവിടെ അയാൾ യാഗദിവസത്തെയും പ്രതീക്ഷിച്ചു ദിവസംതോറും തന്റെ മാലിന്യങ്ങളെയെല്ലാം കണ്ണുനീരിൽ കഴുകിക്കൊണ്ടു താമസിക്കുന്നു. യാഗദിവസത്തിൽ സന്ന്യാസി ദൈവാലയത്തിന്റെ വാതിൽക്കൽ വെച്ചു കണ്ഠഛേദം ചെയ്യപ്പെടേണ്ടതാണ്. അയാളുടെ കഴുത്തിനെ അയാൾതന്നെ ഛേദിച്ചു കളയുന്നു. വെട്ടുകത്തി വ്രതത്രയങ്ങളത്രേ. അനന്തരം ആചാര്യനാകുന്ന ധർമ്മാദ്ധ്യക്ഷന് അയാൾ തന്നെത്തന്നെ ഏല്പിക്കുകയും

ധർമ്മാദ്ധ്യക്ഷൻ അയാളെ ദൈവത്തിനായി സമർപ്പിച്ചു ദൈവനാമത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു. സന്ന്യാസിയുടെ തോൽ ഉരിയപ്പെടണം. ദേഹം പലപല കഷണങ്ങളായി ഖണ്ഡിക്കപ്പെടണം. അതിൽ ചീത്തയാകുന്ന ഭാഗങ്ങൾ അറുത്തു നീക്കണം. വ്രതാനുഷ്ഠാനനിർവ്വഹണങ്ങളാൽ മാത്രം ഒരാൾ പരിപൂർണ്ണസന്ന്യാസിയായിത്തീരുന്നില്ല. സന്ന്യാസി യാഗപീഠത്തിന്മേൽ കിടന്നു ഹോമിക്കപ്പെടുകതന്നെ വേണം. അയാൾ യേശുമിശിഹായോടൊപ്പം യാഗപീഠത്തിന്മേൽ കിടക്കുന്നു. ആയുഷ്പര്യന്തം ഈ യാഗം അർപ്പിക്കപ്പെടുന്നു.'' (ഗിരിദീപം, പുറം 129–130)

പ്രസംഗത്തിനു ശേഷം കഥാപുരുഷനും മറ്റുള്ളവരും രഹസ്യപ്രാർത്ഥന നടത്തുകയും അനന്തരം വി. ത്രോണോസിന്റെ മുമ്പിൽ മുട്ടുക്കുത്തിക്കൊണ്ട് പ്രതിജ്ഞ നിർവ്വഹിക്കുകയും ചെയ്തു. ഇപ്രകാരം സുദീർഘകാലത്തെ പരിശ്രമത്തിന്റെയും, പ്രാർത്ഥനയുടെയും, പരിത്യാഗത്തിന്റെയും ഫലമായി പെരുനാട്ടിലെ മുണ്ടൻമലയിൽ ബഥന്യാശ്രമം സ്ഥാപിക്കുന്നതിനുള്ള ഭാഗ്യം കഥാപുരുഷനു സിദ്ധിച്ചു.

## അദ്ധ്യായം – 12

# ബഥനിയുടെ പ്രവർത്തനങ്ങൾ

**പ**തിനായിരക്കണക്കിനു സന്യാസാശ്രമങ്ങളും മഠങ്ങളും ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിച്ചുകൊണ്ടു മനുഷ്യരാശിയുടെ ബാഹ്യവും ആഭ്യന്തരവുമായ പുരോഗതിക്കു വേണ്ടി കത്തോലിക്കാസഭ നിരന്തരം പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസസ്ഥപാനങ്ങൾ, ആശുപത്രികൾ, അനാഥശാലകൾ, വൃദ്ധമന്ദിരങ്ങൾ, തൊഴിൽശാലകൾ ആദിയായവ മുഖേന പ്രസ്തുത സഭയിലെ സന്യാസികളും സന്യാസിനികളും നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന നിസ്തുലസേവനം ലോകത്തിലുള്ള സകല മഹാന്മാരും മുക്തകണ്ഠം പുകഴ്ത്തുകതന്നെ ചെയ്യുന്നു. വീടും കൂടും വെടിഞ്ഞു, സ്വജീവനെപ്പോലും ബലിക്കഴിക്കുന്നതിനുള്ള പരിപൂർണ്ണ സന്നദ്ധതയോടുകൂടെ, സർവ്വസംഗപരിത്യാഗികളായി സമസൃഷ്ടങ്ങളെ സ്നേഹിച്ചും ശുശ്രൂഷിച്ചും ജീവിതം നയിക്കുന്ന ഏതാദൃശത്യാഗവീരന്മാരുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കാത്തവർ ആരെങ്കിലും ഇന്നുണ്ടെങ്കിൽ അജ്ഞതയോ അഥവാ അസൂയയോ ആയിരിക്കും അതിനുള്ള കാരണങ്ങൾ. ലൗകികാദായം ഇച്ഛിച്ചുകൊണ്ടോ ബഹുമാനംകാംക്ഷിച്ചുകൊണ്ടോ, കേവലം അനുകമ്പയാൽ മാത്രം പ്രേരിതരായോ അല്ല അവർ മനുഷ്യസേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്, പിന്നെയോ, “നിന്റെ സഹോദരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക” എന്ന ദൈവകല്പനയെ അക്ഷരംപ്രതി അനുസരിച്ചത്രേ നിഷ്കളങ്കവും നിസ്വാർത്ഥവുമായ പരോപകാരപ്രവർത്തനങ്ങൾ അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യനു ശരീരം മാത്രമല്ല, ആത്മാവുണ്ടെന്നും മരണാനന്തരം ആത്മാവ് അതിന്റെ സ്രഷ്ടാവിനാൽ നിത്യരക്ഷയ്ക്കോ നിത്യശിക്ഷയ്ക്കോ വിധിക്കപ്പെടുമെന്നുള്ള വിശ്വാസം

നിമിത്തം മനുഷ്യാത്മാവിന്റെ വിശുദ്ധീകരണത്തിനായും നിസ്തന്ദ്രം അവർ പരിശ്രമിക്കുന്നുണ്ട്.

കത്തോലിക്കാസഭയിൽ മാത്രമല്ല, ചില അകത്തോലിക്കാസഭകളിലും ഏതാദൃശമായ സന്യാസസമൂഹങ്ങൾ ഉണ്ടെങ്കിലും അവയുടെ സംഖ്യവിരളവും പ്രവർത്തപരിധി പരിമിതവും അഭിവൃദ്ധി നിസ്സാരവുമത്രേ. സന്യാസവൃക്ഷം തഴച്ചുവളരുന്നതിന് ഉപയുക്തമായ "വളക്കൂറുള്ള മണ്ണ്" കത്തോലിക്കാസഭയിലെപോലെ ഇതരസഭകളിലില്ലെന്നുള്ളതത്രേ അതിനുപ്രധാനകാരണം. പലേ അകത്തോലിക്കാസഭകളിലും ആരംഭിച്ചിട്ടുള്ള സന്യാസസമൂഹങ്ങൾ ക്രമേണ ശോഷിച്ച് അസംഗത്വമാവുകയോ അഥവാ കാലാന്തരത്തിൽ കത്തോലിക്കാസഭയിൽ ലയിക്കുകയോ ആണുണ്ടായിട്ടുള്ളതെന്ന് അവ ഓരോന്നിന്റെയും ചരിത്രം തെളിയിക്കുന്നു. ബഥനി സന്യാസസമൂഹത്തിന്റെ അനുഭവവും ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ല എന്നു തുടർന്നുള്ള അദ്ധ്യായങ്ങളിൽ നിന്നും വായനക്കാർക്കും ഗ്രഹിക്കാവുന്നതാണ്.

ബഥനി ആശ്രമസ്ഥാപനത്തേയും അതുവഴിയായി കഥാപുരുഷൻ നിർവ്വഹിച്ചിട്ടുള്ള വിവിധ സേവനങ്ങളെയും പുരസ്കരിച്ച് ഓർത്തഡോക്സ് സഭാംഗങ്ങളുടെ വകയായി കോട്ടയത്തുനിന്നും പ്രസിദ്ധപ്പെടുത്തുന്ന "ചർച്ചുവീക്ക്ലി" എന്ന വാരികയിൽ അതിന്റെ പത്രാധിപർ "ദിവംഗതനായ മാർ ഈവാനിയോസ്" എന്ന ശീർഷകത്തിൽ കഥാപുരുഷന്റെ നിര്യാണാനന്തരം എഴുതിയിരുന്ന മുഖപ്രസംഗത്തിൽനിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:-

"എം. എ. അച്ചൻ കൽക്കട്ടായിൽ താമസിച്ചിരുന്നകാലത്താണ് ഇൻഡ്യ രാഷ്ട്രീയവും സാമുദായികവുമായ ഒരു പ്രബുദ്ധത പ്രകാശിപ്പിക്കുവാൻ തുടങ്ങിയത്. ഇൻഡ്യൻ രാഷ്ട്രീയനഭോമണ്ഡലത്തിൽ ഗാന്ധിജിയാകുന്ന മഹാജ്യോതിസ്സ് പ്രത്യക്ഷപ്പെട്ടു. ലോകോത്തമന്മാരായ കവികളുടെ ഗണത്തിൽ മഹാകവി ടാഗോർ വിജ്ഞാനപ്രഭാപൂരം പരത്തി കീർത്തിസമ്പാർജ്ജിച്ച കാലം; ഗാന്ധിജി സബർമതി ആശ്രമവും മഹാകവി വിശ്വഭാരതി എന്നറിയപ്പെടുന്ന ശാന്തിനികേതനവും സമാരംഭിച്ചു. ആ ആശയത്താൽ ആകൃഷ്ടനായിട്ടായിരിക്കണം എം.എ. അച്ചൻ സുഖപ്രദമായ പ്രഫസർപദവും ഉപേക്ഷിച്ചു തനിഭാരതീയ സംസ്ക്കാരത്തിൽ പെട്ട കാവിവസ്ത്രവും സ്വീകരിച്ച് തന്റെ സമുദായമദ്ധ്യത്തിൽ ബഥനി ആശ്രമവും, ബഥനി സന്ന്യാസസമൂഹവും സ്ഥാപിച്ചത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും ഭാരതീയ സ്വാത

ന്ത്ര്യപ്രക്ഷോഭണനേതാക്കന്മാരും തട്ടിയുണർത്തിയ ദേശീയബോധ ത്തിനു തികച്ചും അനുയോജ്യമായ വിധത്തിൽ രൂപം പ്രാപിച്ചു വളർന്ന ഈ സന്യാസപ്രസ്ഥാനത്തിനു ഭാരതീയവും, ദേശീയവുമായ ഒരു പ്രാധാന്യം പലരും ദർശിച്ചു. ഇൻഡ്യൻ ക്രൈസ്തവ ചൈതന്യം കാലം വൈകിയെങ്കിലും വസിഷ്ഠൻ, വിശ്വാമിത്രൻ മുതലായ മഹർഷിമാരെ മനസ്സിലാക്കി പരിശീലിച്ച ഭാരതീയർക്ക് സുപരിചിതമായ ഒരു ത്യാഗ സേവനത്തിൽ പ്രത്യക്ഷപ്പെട്ടതു ഭാവിശ്രേയ: പിശുനശകുനമായി എല്ലാ വരും പ്രതീക്ഷിച്ചു. ഒരു വിധത്തിൽ മാർ ഈവാനിയോസ് തിരുമേനി യുടെ ജീവചരിത്രത്തിലെ ഏറ്റവും മഹത്തായ അദ്ധ്യായം ആ ബഥനി ആശ്രമകാലമാണെന്നു പറയാം. അദ്ദേഹം ഭക്തിജീവിതത്തിനു സൽപ്രേരണ നല്കിയ അനേകം യുവതീയുവാക്കന്മാർ ദൈവികവും സേവനപരവുമായ ഒരു ജീവിതാദർശത്തിൽ സ്ഥിരപ്രതിഷ്ഠിതരായി ത്തീർന്നിട്ടുണ്ട്. ധ്യാനത്തിനും, പ്രാർത്ഥനയ്ക്കും, സേവനത്തിനും തിരു മേനി അന്നു പുരാണകാലത്തെ മഹർഷിശ്രേഷ്ഠന്മാരെപ്പോലെ പ്രവർത്തിച്ചു. അന്നു നടന്ന അനേക സമ്മേളനങ്ങളിലും വിദ്യാർത്ഥി യോഗങ്ങളിലും, ധ്യാനയോഗങ്ങളിലും, തിരുമേനിയുടെ സാന്നിദ്ധ്യവും, പ്രസംഗങ്ങളും എന്തെന്നില്ലാത്ത ഒരു ധൈര്യവും ചൈതന്യവും, പ്രത്യാ ശയും ഉല്പാദിപ്പിച്ചു. സമുദായക്കേസിന്റെ മത്സരങ്ങളും ഒച്ചപ്പാടുകളും അല്പകാലത്തേക്ക് ഒരു രണ്ടാസ്ഥാനം മാത്രം സമുദായജീവിതത്തിൽ പ്രാപിച്ചതായി തോന്നി. ആയിരക്കണക്കിനു പണവും തിരുമേനി പിരി ച്ചു. ആരാധനയ്ക്കും കുർബാനാനുഭവത്തിനും കുടുംബജീവിതത്തിൽ പ്രാധാന്യം നല്കി. സമുദായം ആശാവഹമായ പുരോഗതിയിലേക്കു കാൽ വെക്കുന്നതായി പലരും വിചാരിച്ചു. ബഥനിപ്പള്ളികളും പള്ളി ക്കൂടങ്ങളും സ്ഥാപിക്കപ്പെട്ടു. കേസിന്റെ ഫലമെന്തായിരുന്നാലും കാതോലിക്കാ കക്ഷിക്ക് ആരാധനാസ്വാതന്ത്ര്യത്തിനു സുരക്ഷിതത്വം ലഭിക്കുവാൻ വേണ്ട കെട്ടുപണികൾ തിരുമേനി നിർബാധം നടത്തി. "ബഥനി പിതാവു" എന്ന് ആശ്രമാംഗങ്ങളും മറ്റുള്ളവരും അന്ന് അദ്ദേ ഹത്തെ സംബോധന ചെയ്തിരുന്നു. "ആബോ ഗീവറുഗീസ്" എന്നു റമ്പാനായപ്പോൾ അദ്ദേഹം അറിയപ്പെട്ടുമിരുന്നു.

എന്നാൽ ഈ മഹത്തായ ജീവിതരീതി നിർഭാഗ്യവശാൽ സുറി യാനിസമുദായത്തിനു നഷ്ടപ്പെട്ടു. മാർ ഈവാനിയോസ് എന്ന അഭി ധാനത്തിൽ മെത്രാൻ സ്ഥാനത്തേക്കു തിരുമേനി അവരോധിക്കപ്പെട്ട പ്പോൾ വലിയകാര്യങ്ങൾ സമുദായം പ്രതീക്ഷിച്ചു. നിരണത്തു വെച്ച് തിരുമേനിയുടെ സ്ഥാനാഭിഷേകകർമ്മത്തോടനുബന്ധിച്ചു ഒരു മഹാ

സമ്മേളനം അന്നു നടന്നത് ഇന്നും പലരും ഓർക്കുന്നുണ്ടായിരിക്കും. മഹർഷിമാരിൽ രണ്ടു തരക്കാരുണ്ടെന്നു, കൊട്ടാരങ്ങളും രാജയോഗ്യ ങ്ങളായ ജീവിതരീതികളും സ്വീകരിച്ചു ഭരണമേധാവിത്വം പാലിക്കേണ്ട ഇടവകമെത്രാന്മാർ രാജർഷികളാണെന്നും എന്നാൽ ആശ്രമസ്ഥരായ തന്നെപ്പോലെയുള്ളവർ വാനപ്രസ്ഥം സ്വീകരിച്ചവരാണെന്നും, അങ്ങ നെയുള്ളവർ കുടിലിൽ താമസിക്കുകയും മരംകൊണ്ടുള്ള അംശവ ടിയും മരക്കുരിശും ധരിക്കുകയും ചെയ്യുന്നതിൽ യാതൊരു തെറ്റിദ്ധാ രണയും ഉണ്ടാകേണ്ട ആവശ്യമില്ലെന്നും തിരുമേനി യുക്തിപൂർവ്വം വിശ ദീകരിച്ചു. അങ്ങിനെ മാർ ഈവാനിയോസ് തിരുമേനി കാവി വസ്ത്ര ത്തിൽത്തന്നേ തുടർന്നതു വലിയ പുതുമയായിരുന്നു. ഇങ്ങനെ ഒരു നവീനാദ്ധ്യായം സൃഷ്ടിച്ച തിരുമേനിയുടെ വാഗ്ദാനം ഇങ്ങനെ നിവൃ ത്തിയായെന്നുള്ളതു അനന്തരചരിത്രം വിശദീകരിച്ചു. തിരുമേനിയുടെ കർമ്മകുശലതയും കഴിവുകളും അനർഭാടമായ ധ്യാനജീവിതത്തിൽ ഒതുങ്ങിക്കഴിയുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. സുറിയാനിസമുദാ യക്കേസിലെ പോരുകളിൽ അദ്ദേഹം അദ്വിതീയ സ്ഥാനം വഹിച്ചു നേടിയ ഇവിടത്തെ കാതോലിക്കാസ്ഥാപനം മുതലായ നേട്ടങ്ങളിൽ അഭിമാനം കൊണ്ട അദ്ദേഹം അതിൽക്കവിഞ്ഞ ചിന്താസരണികളി ലേക്ക് പാഞ്ഞുതുടങ്ങി. മഹാസമുദ്രം പോലെ വിപുലമായ റോമാസ മുദായത്തിലെ അംഗത്വമാണ് തന്റെയും സമുദായത്തിന്റെയും ഉദ്ധാര ണത്തിനും മഹിമയ്ക്കും ഉള്ള മാർഗ്ഗമെന്നു അദ്ദേഹം ചിന്തിച്ചുതുട ങ്ങി. അതിനു രഹസ്യമായ ചില എഴുത്തുകുത്തുകൾ നടത്തി. സുറി യാനി സഭയ്ക്ക് ഒരുപ്രത്യേക റീത്തും അദ്ദേഹം സമ്പാദിച്ചു. അദ്ദേഹം ചെയ്യുന്ന ഏതു കാര്യത്തിലും സമുദായം തന്റെ പിന്നിലുണ്ടെന്നുള്ള ഒരു ഉന്മത്തത അദ്ദേഹത്തെ ബാധിച്ചിരുന്നു. * മറ്റു തിരുമേനിമാരുടെ ആനുകൂല്യത്തെ വകവയ്ക്കാതെ തന്നെ അദ്ദേഹം മുമ്പോട്ടു ചാടി... ഓർത്തഡോക്സ് സുറിയാനിസമുദായത്തിനു തീരാവ്യഥ നല്കിയ ഒര ടിയായിരുന്നു അത്.'' (ചർച്ചുവീക്ക്ലി - Vol. VII. No. 29)

*　　　　*　　　　*　　　　*

*ഓർതഡോക്സ് സഭയിലെ മെത്രാന്മാരുടേയും ഏതാനും സമുദായ പ്രമുഖന്മാരുടെയുംസമ്മതത്തോടും, പ്രേരണയോടുംകൂടെ പുനരൈക്യാലോ ചനകൾ നടത്തിയതിൽ മാർ ഈവാനിയോസിനെ "ഉന്മത്തത"യാണോ ആത്മാർത്ഥതയാണോ ബാധിച്ചിരുന്നതെന്ന് ഈ ഗ്രന്ഥത്തിന്റെ തുടർന്നുള്ള അദ്ധ്യായങ്ങൾ വായിക്കുന്ന നിഷ്പക്ഷവാദികളായ വായനക്കാർതന്നെ വിധി ച്ചുകൊള്ളട്ടെ.! (ഗ്രന്ഥകർത്താ)

പരോപകാരപ്രദങ്ങളായ നിരവധി കാര്യങ്ങൾ നിർവ്വഹിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടെയായിരുന്നു ബഥനി സന്യാസസമൂഹം കഥാപുരുഷൻ സമാരംഭിച്ചത്. മലങ്കരയിലുള്ള സുറിയാനിക്രിസ്ത്യാനികളുടെ ഇടയിൽ മാത്രമല്ല, അക്രൈസ്തവരുടെ ഇടയിലും ബഥനിയുടെ പ്രവർത്തനങ്ങൾ നടത്തി ബാഹ്യവും ആഭ്യന്തരവുമായ നന്മ കൈവരുത്തണമെന്നുള്ള ആഗ്രഹമായിരുന്നു ബഥനിസ്ഥാപകനുണ്ടായിരുന്നത്. അതിനു വേണ്ടി അദ്ദേഹം സ്വീകരിച്ചതും പ്രായോഗികമാക്കിത്തീർത്തതുമായ വിവിധ മാർഗ്ഗങ്ങൾ ഓരോന്നായി ചുവടേ ചേർത്തുകൊള്ളുന്നു:

## 1. സന്യാസപരിശീലനം

ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി പ്രവർത്തിക്കുവാൻ ദൈവവിളിയും സന്മനസ്സുമുള്ള ഏതാനും പുരുഷന്മാരെ ആശ്രമത്തിലും സ്ത്രീകളെ മഠത്തിലും സ്വീകരിച്ച് അവർക്കു വേണ്ടത്ര പരിശീലനം നല്കണമെന്നുള്ളതായിരുന്നു ബഥനിസ്ഥാപനത്തിൽ കഥാപുരുഷനുണ്ടായിരുന്ന പ്രധാനോദ്ദേശ്യം. പ്രസ്തുതോദ്ദേശ്യനിർവ്വഹണാർത്ഥം അനേകവർഷങ്ങൾ കഥാപുരുഷൻ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്നു. സന്യാസികൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ ഗുണത്രയങ്ങളിൽ വേണ്ടത്ര അഭ്യസനം നല്കിയതിന്റെ ഫലമായി സർവ്വസംഗപരിത്യാഗികളായ ഇരുപതോളം സന്യാസികളെയും മുപ്പതോളം സന്യാസിനികളെയും ബഥനിയിൽ നിന്നു ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

## 2. തൃതീയാശ്രമം (Third Order)

വിവാഹജീവിതം നയിക്കുന്ന കുടുംബസ്ഥർക്കു വേണ്ടി കത്തോലിക്കാസഭയിലുള്ളതുപോലെ തൃതീയാശ്രമം സ്ഥാപിക്കുന്നതിനും കഥാപുരുഷൻ പരിശ്രമിക്കുകയും തൽഫലമായി ഒട്ടനേകരെ പ്രസ്തുത ആശ്രമത്തിലെ അംഗങ്ങളാക്കിത്തീർക്കുവാൻ സാധിക്കുകയും ചെയ്തു. മെത്രാഭിഷേകാനന്തരം കഥാപുരുഷൻ ചെയ്തതും ഈ ഗ്രന്ഥത്തിൽ അന്യത്ര ഉദ്ധരിച്ചിരിക്കുന്നതുമായ പ്രസംഗത്തിൽ തൃതീയാശ്രമത്തെപ്പറ്റി ചെയ്ത പ്രസ്താവന ചുവടേ ചേർത്തുകൊള്ളുന്നു:-

“ഗാർഹസ്ഥ്യം പാലിക്കുന്നവർക്ക് നിഷ്കർഷയായി ക്രിസ്തീയ ജീവിതം നയിക്കാൻ സഹായമായിരിക്കത്തക്കവണ്ണം കുടുംബജീവിത

ക്കാരായ ആളുകൾക്കുവേണ്ടി ഒരു ത്രിതീയാശ്രമപദം കൂടെ രൂപവ ല്ക്കരിക്കണമെന്നു ഞങ്ങൾ ഉദ്ദേശിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭശ്രമങ്ങൾ ഇപ്പോൾ ചെയ്തു വരികയാണ്. യഥാർത്ഥമായ ദൈവഭക്തിയിൽ കുടുംബജീവിതം നയിക്കണമെന്ന് ആഗ്രഹിക്കുന്ന ഏവർക്കും തൃതീയശ്രമ പദത്തിലെ അംഗങ്ങളായി തീരാവുന്നതാണ്. അവർ സന്യാസനിഷ്ഠ കൾ പാലിക്കേണ്ട ആവശ്യമില്ല. പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നേയുള്ളൂ. അവർ സ്വന്തദേശമോ വീട്ടുസ്വത്തുക്കളോ ഉപേക്ഷിക്കേണ്ട ആവശ്യമില്ല. പ്രഥമാശ്രമം വകയോ ദ്വിതീയാശ്രമം വകയോ ആയ മഠങ്ങളിൽ അവർ വന്നു താമസിക്കേണ്ട ആവശ്യമില്ല. അവിടെ താമസിക്കാനായി കുടുംബജീവിതക്കാരെ സ്വീകരിക്കുന്നതു മില്ല. അവരവരുടെ സ്വന്ത ദേശത്തും കുടുംബത്തിലും ദാമ്പത്യജീവി തത്തിൽ താമസിച്ചു യേശുമിശിഹായോടുള്ള നിഷ്കളങ്കസ്നേഹത്തെ തങ്ങളുടെ ജീവിതത്തിൽ പൂർണ്ണമാക്കി ചെയ്‌വാൻ തക്കവണ്ണം കാതോ ലികസഭാതത്വങ്ങൾക്കനുസരണമായി പരിശുദ്ധമായ കുടുംബജീവിതം നയിക്കണമെന്നുള്ള ചുമതലയാണ് തൃതീയാശ്രമപദാംഗങ്ങൾക്കുള്ള ത്. ഇതിലേക്കു സഹായകമായിരിക്കത്തക്ക നിയമങ്ങൾ ബഥന്യാശ്രമ പിതാവ് ഇവർക്കു കൊടുക്കുന്നതുമായിരിക്കും. കുടുംബജീവിതക്കാ രായ നിങ്ങളുടെ ഇടയിൽ തൃതീയാശ്രമദം പുഷ്ടിപ്പെടുത്താൻ ധൃതി ക്കൂട്ടണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഈ ആദർശം നിങ്ങൾക്കു കാണിച്ചുതരണമെന്നേ ഞങ്ങൾക്കു ഉദ്ദേശമുള്ളു. ദൈവത്തിന് ഇഷ്ട മുള്ള സമയത്തും വിധത്തിലും ഈ ആദർശം ഈ നാട്ടിലെ ക്രിസ്ത്യാ നികളുടെ ഇടയിൽ സ്വീകരിക്കപ്പെടുമെന്നും ഈ ആദർശം സ്വീകരി ക്കുന്നവരായ ക്രിസ്തീയകുടുംബങ്ങൾ വഴിയായി ഈ രാജ്യത്തു യഥാർത്ഥമായി സുവിശേഷവേല വിജയകരമാം വണ്ണം നടക്കുന്നതിന് സംഗതിയാകുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.''

ബഥനിയുടെ തൃതീയാശ്രമത്തിലെ അംഗങ്ങളായി ഒട്ടനേകം ആളു കളെ ചേർക്കുകയും ആദ്ധ്യാത്മികജീവിതം നയിക്കുന്നതിന് അവർക്ക് വേണ്ടത്ര പ്രചോദനം നല്കുകയും ചെയ്യുന്നതിൽ ആശ്രമാദ്ധ്യക്ഷനായ കഥാപുരുഷൻ കഴിയും വിധം പരിശ്രമിച്ചുകൊണ്ടിരുന്നു.

### 3. പ്രസംഗങ്ങൾ

കേരളത്തിലുള്ള ഒട്ടനേകം സ്ഥലങ്ങളിൽ സഞ്ചരിച്ചു മതപരമായ വിഷയങ്ങളെപ്പറ്റിയുള്ള പ്രസംഗങ്ങൾ നടത്തി ക്രൈസ്തവരിൽ ആത്മീ യോണർവ്വ് സംജാതമാക്കുന്നതിനും ക്രൈസ്തവതത്വങ്ങൾ അക്രൈ

സ്തവരെ പഠിപ്പിക്കുന്നതിനും ബഥനീസ്ഥാപകനും അനുയായികളും യഥാശക്തി പരിശ്രമിച്ചിട്ടുണ്ട്. ബഥനിയാശ്രമാദ്ധ്യക്ഷന്റെ വിജ്ഞാന പ്രദങ്ങളും ആദ്ധ്യാത്മികചൈതന്യം തുളുമ്പുന്നവയുമായ പ്രസംഗങ്ങൾ ശ്രവിക്കുന്നതിനായി ആയിരക്കണക്കിന് ആളുകൾ ഓരോ യോഗങ്ങ ളിലും തടിച്ചു കൂടുക പതിവായിരുന്നു. പ്രോട്ടസ്റ്റന്റ് വിശ്വാസവിഷയബീ ജങ്ങൾ യാക്കോബായ സഭാന്തരീക്ഷത്തിൽ പ്രവേശിക്കാതിരിക്കത്തക്ക വിധം പുരാതനവിശ്വാസത്തിൽ സ്വസഭാംഗങ്ങളെ ഉറപ്പിക്കുന്നതിനു കഥാപുരുഷൻ അതീവശ്രദ്ധ പതിപ്പിച്ചു. കൂദാശകളുടെ മാഹാത്മ്യം ആവശ്യകത, അതു വഴിയായി പ്രാപിക്കാവുന്ന ആത്മീയജീവൻ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പ്രസംഗങ്ങളാണു തുടർച്ചയായി നടത്തിക്കൊണ്ടിരുന്നത്. പ്രസംഗത്തിനായും പണപ്പിരിവിനായും സ്വന്ത മായി വാങ്ങിയ ഒരു കോവർകഴുതയുടെ പുറത്തു കയറിയാണു പല സ്ഥലങ്ങളിലും ആശ്രമാദ്ധ്യക്ഷൻ സഞ്ചരിച്ചിരുന്നത്. പ്രതിവർഷം പീഡാനുഭവയാഴ്ചയിൽ കഥാപുരുഷൻനടത്തിക്കൊണ്ടിരുന്ന പ്രസം ഗങ്ങൾ മൂലം ഭക്തജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ആദ്ധ്യാത്മികപ്രയോജനം നിസ്സീമമായിരുന്നു. പത്തനംതിട്ട മാക്കാംകുന്നിൽ പ്രതിവർഷം നട ത്തുന്ന കൺവൻഷനിൽ തുടർച്ചയായി പത്തുവർഷത്തോളം കഥാപു രുഷൻ പ്രസംഗിച്ചുകൊണ്ടിരുന്നു. ആശ്രമാദ്ധ്യക്ഷന്റെ കല്പനയനുസ രിച്ച് ബഥനി വൈദികന്മാരും ശെമ്മാശന്മാരും പല ഇടവകകളിലും സഞ്ചരിച്ചു ആദ്ധ്യാത്മികപ്രബോധനങ്ങൾ നല്കുകയും പ്രയോജനം കൈവരുത്തുകയും ചെയ്തുകൊണ്ടിരുന്നു.

### 4. പ്രസിദ്ധീകരണങ്ങൾ

പ്രസിദ്ധീകരണങ്ങൾ മുഖേന ഉളവാകുന്ന പ്രയോജനങ്ങൾ എത്ര മാത്രമെന്ന് ഈ ഇരുപതാം നൂറ്റാണ്ടിൽ ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. രാഷ്ട്രീയമായും സാഹിത്യപരമായും, ശാസ്ത്രീയമായും മതപരമായുമുള്ള പത്രമാസികകളും പുസ്തകങ്ങളും ജനഹൃദയങ്ങ ളിൽ ഉളവാക്കുന്ന പരിവർത്തനത്തിന് അഭിവൃദ്ധ്യുത്മുഖമായ ആധു നികലോകം സാക്ഷ്യം വഹിക്കുന്നു. ഈ വാസ്തവം ശരിയ്ക്കു മന സ്സിലാക്കിയിരുന്ന പണ്ഡിതവര്യനായ ബഥനിആശ്രമാദ്ധ്യക്ഷനും പ്രസിദ്ധീകരണങ്ങൾ മുഖേന ആദ്ധ്യാത്മികോത്ബോധനങ്ങൾ നടത്തു വാൻ സന്നദ്ധനായി "ബഥനിപ്രസ്സ്" എന്നപേരിൽ തിരുവല്ലായിൽ ഒരു അച്ചടിശാല സ്ഥാപിച്ചുകൊണ്ട് ഒട്ടനേകം പ്രസിദ്ധീകരണങ്ങൾ അവിടെനിന്നും പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ആശ്രമാദ്ധ്യക്ഷന്റെ ചുമതലയിൽ 'ബഥനിമാസിക' എന്നപേരിൽ ഒരു മാസിക പുറപ്പെടു

വിക്കയും ആദ്ധ്യാത്മികവിഷയങ്ങളെപ്പറ്റിയുള്ള ലേഖനങ്ങളും പ്രസിദ്ധീകരണങ്ങളും അതിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പ്രസ്തുതമാസികയുടെ പത്രാധിപന്മാരായി പുലിക്കോട്ടു ബ. യൗസേഫുശെമ്മാശനും (പിന്നീട് കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു പരേതനായ ജോസഫ് റമ്പാൻ) റവ.ഫാദർ മാത്യൂസ് പാറേട്ടും (ഇപ്പോൾ ഓർത്തഡോക്സ് സഭയിലെ മാത്യൂസ് മാർ ഈവാനിയോസ് ആയിരുന്നു. കൂടാതെ പ്രസ്തുത മുദ്രാലയത്തിൽനിന്നും ആദ്ധ്യാത്മികഗ്രന്ഥങ്ങൾ, നമസ്കാരക്രമങ്ങൾ, സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ, എന്നിവയെല്ലാം പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. അവയിൽ ഏതാനും പുസ്തകങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.:-

1. കുർബ്ബാനധ്യാനം 2. ജീവപ്രകാശനം. (3 ഭാഗങ്ങൾ) 3. ആത്മപ്രകാശം. 4. പ്രതിദിനപ്രകാശം. 5. ചോദ്യോത്തരങ്ങൾ 6. വേദപാഠപുസ്തകങ്ങൾ. 7. ആരാധനാസഹായി 8. പാപമോചനം (4 ഭാഗങ്ങൾ) 9. മാർഗ്ഗപ്രകാശിക. 10. സത്യവേദകഥകൾ. 11. നമസ്കാരക്രമം. 12. കുർബാനക്രമം. 13. മിശിഹാനുകരണം.

### 3. ആരാധനയിൽ ക്രമീകരണം

യാക്കോബായ-ഓർത്തഡോക്സ് സഭകളിലെ പല പള്ളികളിലുമുള്ള ആരാധന അനാകർഷകമായും ആന്തരികചൈതന്യം പ്രദ്യോതിപ്പിക്കാതെയും നടത്തപ്പെട്ടു കൊണ്ടിരുന്നതിനാൽ പ്രസ്തുത വിഷയത്തിൽ കാര്യമായ അഭിവൃദ്ധി വരുത്തുന്നതിന് ബഥനി ആശ്രമസ്ഥർ കഴിയും വിധം പരിശ്രമിക്കയുണ്ടായി. ആരാധനയിൽ ഐകരൂപ്യം വരുത്തുക, ഗീതാലാപം ഭംഗിയായി നിർവ്വഹിക്കുക, ദൈവാലയം ആരാധനയ്ക്ക് വേണ്ടവിധം ഉപയോഗിക്കുക, നോയമ്പുകാലപ്രാർത്ഥനകൾ ശരിയ്ക്കു നടത്തുക എന്നീത്യാദി കാര്യങ്ങളിൽ വേണ്ടത്ര താല്പര്യം ജനിപ്പിക്കുന്നതിൽ ബഥനിയുടെ പ്രവർത്തനം പ്രയോജകീഭവിച്ചിട്ടുണ്ട്. മുൻകാലത്തെ അപേക്ഷിച്ചു യാക്കോബായ സഭയിലെയും ഓർത്തഡോക്സ് സഭയിലെയും പള്ളികളിലെ ആരാധനാരീതികളിൽ വന്നിട്ടുള്ള ഐകരൂപ്യത്തിനു കാരണം ബഥനിയുടെ പ്രവർത്തനമായിരുന്നുവെന്നതിനു സംശയമില്ല.

കഷ്ടാനുഭവയാഴ്ചയിലെ പ്രാർത്ഥനകളും ഇതരകർമ്മങ്ങളും എത്രയും ഭംഗിയായി നടത്തുന്നതിൽ ബഥനി ആശ്രമാദ്ധ്യക്ഷനും ആശ്രമസ്ഥരും അതീവശ്രദ്ധ പതിപ്പിച്ചിരുന്നു. വിദൂരദേശങ്ങളിൽ നിന്നുപോലും ആയിരക്കണക്കിനു ഭക്തജനങ്ങൾ പീഡാനുഭവവാരത്തിൽ

ബഥനിയിൽ പോയി ഒരാഴ്ച താമസിക്കുകയും അവിടെ നടത്തപ്പെട്ടു കൊണ്ടിരുന്ന പ്രസംഗം, നമസ്കാരം, കമ്പിടീൽ, ഉപവാസം ആദിയായവകളിൽ സംബന്ധിക്കുകയും, വി. കുമ്പസാരവും കുർബാനാനുഭവവും മുഖേന ആദ്ധ്യാത്മികചൈതന്യം പ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നു. ബഥനിആശ്രമപരിസരങ്ങൾ ജനനിബിഡമാകുന്ന പ്രധാന അവസരവും അതുതന്നെയായിരുന്നു. കഥാപുരുഷന്റെ വിജ്ഞാനപ്രദങ്ങളും അനുതാപജനകങ്ങളുമായ പീഡാനുഭവപ്രസംഗങ്ങൾ ശ്രവിച്ച് ആത്മീയപ്രയോജനം കൈവരുത്തുന്നതിനുള്ള ഭാഗ്യം അനേകായിരങ്ങൾക്കു സിദ്ധിച്ചിട്ടുണ്ട്.

## 5. ദൈവാലയ സ്ഥാപനം

അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കിസിന്റേയോ മലങ്കരമെത്രാപ്പോലീത്തായുടെയോ ഭരണത്തിൻ കീഴിൽ പെടാതെ സ്വതന്ത്രമായ നിലയിലാണ് ബഥനി സമാരംഭിച്ചത്. ആശ്രമാദ്ധ്യക്ഷനായിരുന്ന കഥാപുരുഷൻ മെത്രാൻ സ്ഥാനം പ്രാപിച്ച ശേഷം ബഥനി വകയായി പല സ്ഥലങ്ങളിലും ദൈവാലയങ്ങൾ സ്ഥാപിച്ചുകൊണ്ടു ജനങ്ങളുടെ ആത്മീയോൽക്കർഷത്തിനു വേണ്ടി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ആകെ പതിനഞ്ച് സ്ഥലങ്ങളിൽ പള്ളികൾ വെയ്ക്കുകയും പന്ത്രണ്ടു സ്ഥലങ്ങൾ പള്ളിക്കായി വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. ബഥനി വകയായി ഒരു ദൈവാലയം തങ്ങളുടെ സ്ഥലത്തു സ്ഥാപിക്കുന്നതുമൂലം സിദ്ധിക്കാവുന്ന പ്രയോജനങ്ങളെപ്പറ്റിയുള്ള ബോദ്ധ്യം നിമിത്തം ബഥനിപ്പള്ളികളുടെ സ്ഥാപനത്തിൽ അതിയായ താല്പര്യം ജനങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. ഓരോ ദൈവാലയവും കൂടെക്കൂടെ സന്ദർശിക്കുന്നതിലും ആത്മീയോത്ബോധനങ്ങൾ ജനങ്ങൾക്കു നല്കുന്നതിലും ബഥനി ആശ്രമാദ്ധ്യക്ഷൻ താല്പര്യം പ്രകടിപ്പിച്ചുമിരുന്നു. ആശ്രമസ്ഥരൊന്നിച്ച് കത്തോലിക്കാസഭാപുനരൈക്യം പ്രാപിക്കുവാൻ കഥാപുരുഷൻ നിശ്ചയിച്ചുവെന്നറിഞ്ഞപ്പോൾ മാത്രമാണ് മേലാൽ ബഥനിപ്പള്ളികൾ സ്ഥാപിച്ച് പോകരുത് എന്നുള്ള നിരോധനകല്പന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും ഇതര മെത്രാന്മാരും കൂടെ ആശ്രമാദ്ധ്യക്ഷന് അയയ്ക്കുകയുണ്ടായത്. അതെപ്പറ്റി അന്യത്ര പ്രതിപാദിക്കുന്നതായിരിക്കും.

## 6. പരോപകാര സ്ഥാപനങ്ങൾ

ബഥനിവകയായി ആശുപത്രി അനാഥശാല, വൃദ്ധമന്ദിരം എന്നിവയെല്ലാം സ്ഥാപിച്ച് പരോപകാരപ്രവർത്തനങ്ങൾ നടത്തണമെന്ന്

ആശ്രമാദ്ധ്യക്ഷന് അതിയായ ആഗ്രഹമുണ്ടായിരുന്നുവെങ്കിലും ബഥനിയുടെ സാമ്പത്തികനില വേണ്ടവിധം അതിന് അനുകൂലമല്ലായിരുന്നു. തൻ നിമിത്തം അനാഥശാല ഒഴിച്ചുള്ള സ്ഥാപനങ്ങൾ നിർമ്മിക്കുവാൻ സാദ്ധ്യമായില്ല. അനാഥശാലയും ആശ്രമാദ്ധ്യക്ഷന്റെ ആഗ്രഹമനുസരിച്ചു വിപുലപ്പെടുത്തുന്നതിന് അന്നത്തേ സാഹചര്യങ്ങൾ അനുകൂലമല്ലായിരുന്നു.

## 7. വിജാതീയ മിഷ്യൻ

പുലയർ, പറയർ ആദിയായവരുടെ ഇടയിൽ സുവിശേഷഘോഷണം നടത്തി അവരെ ക്രൈസ്തവരാക്കിത്തീർക്കുന്നതിലും ആശ്രമാദ്ധ്യക്ഷൻ കഴിയുന്നത്ര ശ്രമിച്ചുകൊണ്ടിരുന്നു. തൽഫലമായി തിരുമൂലപുരം, വെണ്ണിക്കുളം, തുമ്പമൺ, വടശേരിക്കര, പെരുനാട് എന്നിങ്ങനെ ഏതാനും സ്ഥലങ്ങളിൽ ബഥനിയുടെ ആഭിമുഖ്യത്തിൽ വിജാതീയരുടെ ഇടയിൽ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. ഇതിന്റെ പ്രധാന ചുമതല ഫാ. അലക്സിയോസിനെ ഭരമേല്പിക്കയും അദ്ദേഹം അതു സ്തുത്യർഹമാം വിധം നടത്തുകയും ചെയ്തു.

## 8. വിദ്യാഭ്യാസപ്രവർത്തനം

ബഥനി ആശ്രമസ്ഥരായ സന്യാസികൾ വിദ്യാഭ്യാസവിഷയകമായ പ്രവർത്തനങ്ങൾ കാര്യമായി നടത്തിയില്ലെങ്കിലും ദ്വിതീയാശ്രമസ്ഥരായ സന്യാസിനികൾ അക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കയുണ്ടായി. തിരുവല്ലായിൽ തിരുമുലപുരത്തുള്ള ബാലികാമഠം കഥാപുരുഷന്റെ പരിശ്രമത്താലാണു ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്. ബാലികാമഠത്തിന്റെ പുരോഗതിക്കായി ബഥനി കന്യാസ്ത്രീകൾ നിസ്വാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. പ്രസ്തുത ബാലികാമഠത്തിന്റെ ഭരണനിർവ്വഹണത്തിനും അദ്ധ്യാപനത്തിനുമായി മിസ്സ് ഹോംസ്, മിസ്സ് ബ്രൂക്സ്മിത്ത് എന്നീ രണ്ടു ധ്വരശരണികളെ പ്രതിഫലം കൂടാതെ സേവനം നടത്തുവാൻ ക്ഷണിച്ചതും അവരെ വരുത്തിയതും കഥാപുരുഷൻ തന്നെയായിരുന്നു. ഇവരിൽ മിസ്സ് ഹോംസ് മുപ്പതുവർഷക്കാലം ഇംഗ്ലണ്ടിൽ Oxford University-യിൽ അദ്ധ്യാപനം നടത്തിയിട്ടുള്ള ഒരു മഹതിയാണ്. ബഥനിയിലെ സന്യാസിനികൾ വിദ്യാർത്ഥിനികളുടെ സ്വഭാവരൂപവത്കരണത്തിലും അദ്ധ്യയനവിഷയത്തിലും കാര്യമായി ശ്രദ്ധപതിപ്പിച്ചിരുന്നു. കത്തോലിക്കാപുനരൈക്യാനന്തരം മാത്രമാണ് പ്രസ്തുത സ്കൂളിലെ

അദ്ധ്യാപനവൃത്തി ബഥനി സന്യാസിനികൾ ഉപേക്ഷിക്കുകയുണ്ടായത്. എങ്കിലും വിദ്യാർത്ഥിനികൾക്കു വേണ്ടിയുള്ള ഹോസ്റ്റൽ കാര്യക്ഷമമാം വിധം ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്.

സാധുക്കളായ സാംബവർ, ചേരമർ മുതലായവരുടെ കുട്ടികൾക്കു വേണ്ടി തിരുമൂലയിൽ ഒരു മലയാളം പ്രൈമറി സ്കൂളും "ബഥനി സന്യാസിനികൾ ആരംഭിക്കുകയും സ്തുത്യർഹമാം വിധം അതു നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. വിദ്യാഭ്യാസം മുഖേനയുള്ള പരോപകാരപ്രവർത്തനത്തിനു തക്ക സാഹചര്യം തുറന്നു കിട്ടിയത് കത്തോലിക്കാപുനരൈക്യത്തിനുശേഷം മാത്രമായിരുന്നു. ഏതാദൃശസാഹചര്യം ശരിക്ക് ഉപയോഗിക്കുന്നതിന് ബഥനി സന്യാസിനികൾ സന്നദ്ധത പ്രദർശിപ്പിക്കുന്നതിനെപ്പറ്റി ഇനിയും ഒരദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതായിരിക്കും.

1920 മുതൽ 1930 വരെയുള്ള പത്തുവർഷക്കാലം ബഥനി സന്യാസികളും സന്യാസിനികളും നിർവ്വഹിച്ചുകൊണ്ടിരുന്ന നിസ്സന്ദ്രസേവനങ്ങളെയും നാനാ ജാതിമതസ്ഥരായ ഗുണകാംക്ഷികളിൽ നിന്നും ലഭിച്ചിട്ടുള്ള സഹായസഹകരണങ്ങളെയും സർവ്വശക്തനായ ദൈവം വർഷിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങളെയും കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ട് ആശ്രമാദ്ധ്യക്ഷനായിരുന്ന കഥാപുരുഷൻ ഏതാനും ചുരുങ്ങിയ വാചകങ്ങളിൽ 'ഗിരിദീപ'ത്തിന്റെ അവസാനഭാഗത്ത് എഴുതിയിരുന്നത് ഉദ്ധരിച്ചുകൊണ്ട് ഈ അദ്ധ്യായം ഉപസംഹരിച്ചുകൊള്ളാം.

സത്യസ്വരൂപനായ ദൈവത്തിന്റെ സ്നേഹം ഇനിയും ലോകത്തിൽ വിശദീകരിക്കപ്പെടണമെന്നത്രേ ബഥനിയുടെ ആഗ്രഹം. പരോപകാരാർത്ഥങ്ങളായ പ്രവൃത്തികൾ തുടരെ ചെയ്യണമെന്നും അതിനുദ്ദേശമുണ്ട്. സാവധാനത്തിലും ശാന്തമായിട്ടാണെങ്കിലും ഏതാണ്ടെല്ലാം അതു ചെയ്തിട്ടുണ്ടെന്നോ ചെയ്യുന്നുണ്ടെന്നോ നിങ്ങൾക്കു തോന്നാം. വാസ്തവത്തിൽ അങ്ങനെ വല്ലതും സാധിച്ചിട്ടുണ്ടെങ്കിൽ അതു നമ്മുടെ ആത്മീയപിതാക്കന്മാരുടെ ആശീർവാദം ദൈവത്തിന്റെ സീമാതീതമായ കൃപയാൽ ലഭ്യമായതുകൊണ്ടാണ്. മലങ്കരസുറിയാനി സമുദായത്തിൽപ്പെട്ടവരും അല്ലാത്തവരുമായി നാനാജാതിമതസ്ഥരായ അനേകം സുഹൃത്തുക്കളുടെ ആനുകൂല്യവും അതിനുണ്ടായിട്ടുണ്ട്. ആശ്രമസ്ഥരുടെ നിസ്വാർത്ഥമായ സഹകരണത്തെപ്പറ്റി പറയേണ്ടതുമില്ലല്ലോ.

ഇതിനാൽ ബഥന്യാശ്രമത്തിന്റെ സ്ഥാപകനെന്ന നിലയിൽ യാതൊരു വക പ്രശംസയ്ക്കും നാം അർഹനല്ല. ഏതെങ്കിലും തരത്തിലുള്ള അഭിനന്ദനത്തിനു നാം യോഗ്യനുമല്ല. ഒരു കാര്യം നമുക്ക് അനുഭവവേദ്യമായിട്ടുണ്ട്. ബഥന്യാശ്രമം മുഖേന ദൈവത്തിന്റെ കൃപയും സ്നേഹവും നമുക്കു കൂടുതലായി കാണാൻ കഴിഞ്ഞു. ബഥന്യാശ്രമസ്ഥരായ എല്ലാവർക്കും ഉണ്ടായിട്ടുള്ള അനുഭവം അതു തന്നെയാണ്. കേവലം ഈയൽ പോലെയുള്ളവരായ ആശ്രമസ്ഥരെകൊണ്ട് യാതൊന്നും സ്വയമേവ സാദ്ധ്യമല്ലല്ലോ. എല്ലാറ്റിന്റെയും അടിസ്ഥാനം ദൈവകരുണ തന്നെ. അവിടുന്നു തുടങ്ങി: അവിടുന്നു നടത്തി, നാമൊന്നും ചെയ്തില്ല; ചെയ്യിച്ചുമില്ല. പത്തു കൊല്ലത്തിനുള്ളിൽ ബഥനിക്കു ലഭിച്ച പ്രോത്സാഹനാനുഗ്രഹങ്ങൾ സീമാതീതമത്രേ. സന്യാസപരമായി ഒതുങ്ങിയ ജീവിതത്തെ ആശ്രയിച്ചുകൊണ്ടു നാം ബഥന്യാശ്രമസ്ഥാപനത്തിനായി പുറപ്പെട്ടു. ഇന്നു കാണുന്ന പ്രകാരം അതിനു ഇലയും കൊമ്പും ഉണ്ടാകുമെന്നോ നാം നിരൂപിച്ചതുമില്ല; ആഗ്രഹിച്ചതുമില്ല. ബഥന്യാശ്രമം അതിന്റെ മുഴങ്കാൽ മടക്കിയത് മിശിഹാ തമ്പുരാന്റെ തിരുമുമ്പിലായിരുന്നു. പച്ചവെള്ളത്തെ നിറവും മണവും രുചിയുമുള്ള വീഞ്ഞാക്കിത്തീർത്ത അവിടുന്ന് അതിന് ആകൃതിഭേദം വരുത്തിയിട്ടുണ്ടായിരിക്കാം, അതിനു അവിടുത്തെ കാടാക്ഷം ഒന്നുമാത്രം മതിയാകുന്നതാണല്ലോ. അപ്രതീക്ഷിതമായി ബഥനിക്കുണ്ടായ പല പല പരിവർത്തനങ്ങളേയും നാം ഇപ്പോൾ ഓർത്തു നോക്കുന്നുണ്ട്. ആഗ്രഹിക്കാതെയും അപേക്ഷിക്കാതെയും അതിന്റെ നിലനില്പിനും അഭിവൃദ്ധിക്കും വേണ്ടി ദൈവം ചെയ്ത വിസ്മയാവഹങ്ങളായ സഹായങ്ങൾ ആർക്കും ദൃശ്യങ്ങൾ തന്നെയത്രേ.

ബഥന്യാശ്രമത്തിൽ നിന്നു മേല്പട്ടക്കാർ ഉണ്ടാകണെമെന്നും നാം ആഗ്രഹിച്ചില്ല. ബഥനി വകയായി പള്ളികൾ വേണമെന്നും നാം ആശിച്ചിരുന്നില്ല. മുന്നൊരദ്ധ്യായത്തിൽ പറഞ്ഞതു പോലെ പരിശുദ്ധ റൂഹായായ ദൈവം വി. പിതാക്കന്മാർ വഴിയായി ബഥനിക്കു മേല്പട്ടക്കാരെ അഭിഷേകം ചെയ്തു. അവിടന്നു തന്നെ പലയിടങ്ങളിലും ചുരുക്കം ചില പള്ളികളും ഉണ്ടാക്കിപ്പിച്ചു. സന്യാസപരമായ മഹൽപ്രതിജ്ഞയും സാമാന്യപ്രതിജ്ഞയും ചെയ്തിട്ടുള്ള സ്ത്രീപുരുഷന്മാരെ ആശ്രമസ്ഥരായി ഏർപ്പെടുത്തിയതും അവിടുന്നു തന്നെ. തുറന്നു കിടക്കുന്ന ആശ്രമത്തിലേയ്ക്കു സ്ത്രീ പുരുഷഭേദമെന്യേ ഓരോരു

ത്തർ പ്രവേശിക്കുന്നുണ്ടെങ്കിൽ അതും ദൈവവ്യാപാരഫലം തന്നെ. ബഥനിയുടെ ഭാവിയെക്കുറിച്ചു നമുക്ക് ഒന്നും തന്നെ ഭാരപ്പെടേണ്ട തില്ല. യാതൊന്നിനാലും നാം ഭയപ്പെടുന്നുമില്ല.

(ഗിരിദീപം പുറം 145-147)

ഇപ്രകാരം ബഥനി മുഖേന നടത്തിക്കൊണ്ടിരുന്ന നിരവധി പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കേരളത്തിലെ യാക്കോബായ-ഓർത്തഡോക്സ് സഭകളിൽ ആദ്ധ്യാത്മിക ചൈതന്യവും പ്രബുദ്ധതയും ഉളവായത് എന്ന വാസ്തവം ഇന്നു സകലരും സമ്മതിക്കുന്നുണ്ട്. പക്ഷേ, വിപുലമായ പ്രവർത്തനങ്ങൾക്കുള്ള സാഹചര്യങ്ങൾ തുറന്നു കിട്ടിയതു കത്തോലിക്കാസഭയിൽ ചേർന്നതിനു ശേഷം മാത്രമാണ് അതെപ്പറ്റി അന്യത്ര ചേർക്കുന്ന അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതായിരിക്കും.

ബഥനിയുടെ വിജയത്തിനെല്ലാം പ്രധാനകാരണം ആശ്രമാദ്ധ്യക്ഷനായ കഥാപുരുഷന്റെ അനന്യസാധാരണമായ ദൈവാശ്രയവും, സമുദായസേവനത്തിലുള്ള അതിയായ ആകാംക്ഷയും രാപകലുള്ള അശ്രാന്തപരിശ്രമവുമായിരുന്നുവെന്നുള്ളതു നിർവ്വിവാദമായ കാര്യമത്രേ.

## അദ്ധ്യായം – 13

# മെത്രാഭിഷേകാനന്തരം കഥാപുരുഷൻ ചെയ്ത പ്രസംഗവും പാത്രിയർക്കീസിന്റെ മുടക്കു കല്പനയും

**ബ**ഥനി ആശ്രമവും മഠവും സ്തുത്യർഹവും പ്രയോജനപ്രദവുമാം വിധം അഞ്ചുവർഷക്കാലം (1920–1925) നടത്തിക്കഴിഞ്ഞപ്പോൾ ആശ്രമാദ്ധ്യക്ഷനെ മെത്രാനായി അഭിഷേചിക്കണമെന്നു വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും ഇതരമെത്രാന്മാരും കൂടെ ആലോചിച്ചു നിശ്ചയിച്ചു. അതിനുള്ള പ്രാരംഭമായി തിരുവല്ലാ തിരുമൂലപുരം പള്ളിയിൽ വെച്ചു 1925 മകരമാസം 15–ാം തീയതി ഫാദർ ഗീവറുഗീസിനു റമ്പാൻ പട്ടം നല്കുകയുണ്ടായി. നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായായിരുന്നു പ്രസ്തുത കർമ്മം നിർവ്വഹിച്ചത്. ഇതു സംബന്ധിച്ച് "ബഥനി മാസിക"യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന വാർത്തയിലെ ഒരു ഭാഗം താഴെ ചേർക്കുന്നു: –

"അനുവായക്കാർ എന്ന സന്യാസസമൂഹത്തിന്റെ ഭാരതത്തിലെ പ്രഥമാംഗമായിട്ടാണ് തിരുമനസ്സുകൊണ്ടു ഫാദർ ഗീവറുഗീസു അവർകളെ അഭിഷേകം ചെയ്തത്. സുറിയാനി തക്സായിൽ കാണുന്നതും സന്യാസിമാരെ അഭിഷേകം ചെയ്യുന്നതിന് ഉപയോഗിക്കുന്നതുമായ ഈ ശുശ്രൂഷക്രമം ഏകദേശം മൂന്നുമണിക്കൂർ കൊണ്ടാണ് അവസാനിച്ചത്. അനുവായക്കാരായ ബഥനി ആശ്രമസ്ഥന്മാർക്ക് അനുവദിച്ചിരിക്കുന്നതു കാഷായനിറത്തിലുള്ള മസ്സനപ്സായും (തലയിൽ ധരിക്കുന്നത്) ളോഹയും, പുറംകുപ്പായവുമാകുന്നു. ബഥന്യാശ്രമസ്ഥരെ

റമ്പാന്മാരെന്നും വിളിക്കാവുന്നതാണെന്നു തിരുമനസ്സു കൊണ്ടു കല്പിച്ചു. ഭാരതമാതാവിന് ഈശ്വരാനുഗ്രഹത്തെ സർവോപരി പ്രദാനം ചെയ്യുന്ന ഒരു സ്ഥാപനമായി ബഥന്യാശ്രമം ഭവിക്കുന്നതിനു ജഗദീശ്വരൻ സഹായിക്കട്ടെ" (ബഥനിമാസിക 1925 മെയ്‌ലക്കം)

## കാതോലിക്കാവഴ്ചയും മെത്രാഭിഷേകവും

റമ്പാൻ സ്ഥാനഭിഷേകത്തിനുശേഷം മൂന്നുമാസങ്ങൾ കഴിഞ്ഞു. 1925 മെയ് 1–ാം തീയതി നിരണത്തു പള്ളിയിൽവെച്ചു ബഥനിയുടെ ഗീവറുഗീസു റമ്പാനെ മെത്രാനായി അഭിഷേചിക്കുന്നതിനു ഇതരമെത്രാന്മാരുടെ ആലോചയോടുകൂടെ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് നിശ്ചയം ചെയ്തു. അതിനു തലേദിവസമായ ഏപ്രിൽ 30–ാം തീയതി പ്രസ്തുത ദൈവാലയത്തിൽവെച്ചു ദ്വിതീയകതോലിക്കായെ വാഴിക്കണമെന്നുള്ള സമുദായപ്രമുഖന്മാരുടെ ഒരുക്കങ്ങൾ ചെയ്തുകൊള്ളുന്നതിന് അനുവദിക്കുകയും ചെയ്തു.

അബൂദ്മിശിഹാ പാത്രിയർക്കീസിനാൽ പ്രഥമ കാതോലിക്കായായി വാഴിക്കപ്പെട്ട കണ്ടനാട്ടു മാർ ഈവാനിയോസ് 1913–ൽ നിര്യാണമടഞ്ഞശേഷം പന്ത്രണ്ടു വർഷക്കാലത്തോളം വേറൊരു കാതോലിക്കായെ വാഴിക്കുവാൻ മെത്രാൻ കക്ഷികൾ ധൈര്യപ്പെട്ടിരുന്നില്ല. ഇരുകക്ഷികളും തമ്മിൽ നടന്നുകൊണ്ടിരുന്ന വട്ടിപ്പണക്കേസിന്റെ വിധി തങ്ങൾക്കു പ്രതികൂലമായിത്തീർന്നേക്കുമെന്നുള്ള ഭയവും, പാത്രിയർക്കീസുമായി നടന്നുകൊണ്ടിരുന്ന സന്ധിയാലോചനകൾ വിജയകരമായി പര്യവസാനിക്കുമെന്നുള്ള സുദൃഢവിശ്വാസവുമായിരുന്നു കാതോലിക്കാവാഴ്ചയ്ക്ക് കാലവിളംബം വരുത്തിയത്. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും പരിവാരങ്ങളും അന്ത്യോഖ്യായിലെത്തി പാത്രിയർക്കീസിനെ നേരിട്ടുകണ്ടു അനേകം പ്രാവശ്യം നടത്തിയ സന്ധിയാലോചനകളെല്ലാം പരിപൂർണ്ണപരാജയത്തിൽ എത്തിയതു നിമിത്തം ഇവിടെ മടങ്ങിഎത്തിയശേഷം കാതോലിക്കാവാഴ്ചയ്ക്കുള്ള സംരംഭങ്ങൾ അദ്ദേഹം നടത്തുകയാണുണ്ടായത്. കോട്ടയം ഇടവകയുടെ മാർ പീലക്സിനോസിനെ (വാകത്താനം) ദ്വിതീയകാതോലിക്കാ ആയി വാഴിക്കുന്നതിനാണ് ഏവരും കൂടി നിശ്ചയിച്ചത്. അങ്ങനെ 1925 ഏപ്രിൽ 30–ാം തീയതി വ്യാഴാഴ്ച വി. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിരണത്തുപള്ളിയിൽ വെച്ചു ദ്വിതീയകാതോലിക്കാ അഭിഷിക്തനായി. പിറ്റേദിവസം (മെയ് 1 – വെള്ളി) ബ.ഗീവറുഗീസു റമ്പാനെ ബഥനിയുടെ 'മാർ ഈവാനിയോസ്' എന്ന പേരിൽ മെത്രാനായി അഭിഷേചിച്ചു. തലേദിവസം വാഴിക്കപ്പെട്ട മാർ

ബസ്സേലിയോസ് കാതോലിക്കാ ബാവായും, കണ്ടനാട്ടു ഇടവകയുടെ യുവാക്കീം മാർ ഈവാനിയോസു മെത്രാപ്പോലീത്തായും, നിരണം ഇട വകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും (തൃതീയ കാതോലിക്കാ) കൂടെയായിരുന്നു അഭിഷേകകർമ്മം നടത്തിയത്. കേര ളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നെത്തിയിരുന്ന ഒട്ടനേകം വൈദി കന്മാരും ആയിരക്കണക്കിനു ജനങ്ങളും പ്രസ്തുത കർമ്മത്തിൽ സംബ ന്ധിച്ചു. രോഗക്കിടക്കിയിലായിരുന്ന യുവാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അത്ഭുതകരമാം വിധം എഴുന്നേറ്റ് മദ്ബഹായി ലേക്കു പ്രവേശിക്കുകയും അഭിഷിക്തന്റെ "ശിരസ്സിൽ കൈവെയ്ക്കുക" "അംശവടി പിടിപ്പിക്കുക" മുതലായ കർമ്മങ്ങളിൽ സംബന്ധിക്കുകയും ചെയ്തതു കൂടാതെ ദൈവാലയത്തിലുണ്ടായിരുന്ന സകല ജനങ്ങ ളേയും മൂന്നുപ്രാവശ്യം സ്ലീബാ ഉയർത്തി അനുഗ്രഹിക്കുകയും ചെയ്തു.*

നിരണത്തുനിന്നും മൂന്നു മൈൽ മാത്രം ദൂരമുള്ള പരുമല സെമി നാരിയിൽ എത്തി താമസിച്ചിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്താ കാതോലിക്കാവാഴ്ച സംബന്ധിച്ച ശുശ്രൂഷകളിലോ മെത്രാഭിഷേകകർമ്മത്തിലോ മനപൂർവം സംബന്ധിക്കാതിരുന്നതിന്റെ കാരണം ഇവിടെ വ്യക്തമാക്കേണ്ടിയിരിക്കുന്നു. "പ്രമാദമായ വട്ടിപ്പ ണക്കേസ് ഹൈക്കോടതിയിൽ നടന്നുകൊണ്ടിരുന്ന അവസ്ഥയിൽ - അന്ത്യോഖ്യാപാത്രിയർക്കീസിന്റെ മേലധികാരത്തെ സ്വീകരി ക്കുന്നവനാണ് താനെന്നു കോടതിയിൽ മൊഴികൊടുത്തിരുന്ന മാർ ദിവന്നാസ്യോസ്, പാത്രിയർക്കീസിന്റെ എതിർസ്ഥാനിയായ കാതോ ലിക്കാസിന്റെ വാഴ്ചയിലോ, പാത്രിയർക്കീസിന്റെ അനുവാദം കൂടാതെയുള്ള മെത്രാഭിഷേകകർമ്മത്തിലോ സംബന്ധിക്കുന്ന പക്ഷം കേസിന്റെ വിധി തന്റെ കക്ഷിക്ക് പ്രതികൂലമായിത്തീരുമെന്ന ബുദ്ധി മാനായ അദ്ദേഹത്തിന് അറിയാമായിരുന്നു. തന്നെയുമല്ല, പ്രസ്തുത കർമ്മങ്ങളിൽ സംബന്ധിക്കരുതെന്ന് അഭിഭാഷകന്മാരും അദ്ദേഹ ത്തോടു മുൻകൂട്ടി ഉപദേശിച്ചിട്ടുണ്ടായിരുന്നു. പക്ഷെ സ്വന്തപിതാവി നെപ്പോലെ കരുതിയിരുന്ന മാർ ദിവന്നാസ്യോസ് തന്റെ മെത്രാഭിഷേ

*മാർ ഈവാനിയോസ് നാമധാരിയായ നമ്മുടെ കഥാപുരുഷനും തന്റെ പിൻഗാമിയായ മാർ ഗ്രീഗോറിയോസും മെത്രാപ്പോലിത്തായെ അഭിഷേകം ചെയ്യുന്നതിനുവേണ്ടി രോഗക്കിടക്കയിൽ നിന്നും എഴുന്നേറ്റ് മദ്ബഹായിൽ പ്രവേശിച്ച ദിവ്യബലിയർപ്പിച്ചതും അവിടെ സന്നിഹിതരായിരുന്ന ഏവരേയും വിസ്മയഭരിതരാക്കിത്തീർക്കുമാറു രണ്ടരമണിക്കൂർ ദീർഘിച്ച അഭിഷേചന കർമ്മം നിർവഹിച്ചതും ഈ അവസരത്തിൽ സ്മരണീയമത്രേ. (ഗ്രന്ഥകർത്താ)

കകർമ്മത്തിൽ സംബന്ധിക്കാതിരുന്നതിൽ മാർ ഈവാനിയോസിനു വൽസലപുത്രനെപ്പോലെ പരിഗണിച്ചിരുന്ന മാർ ഈവാനിയോസിനെ സ്വകരങ്ങൾകൊണ്ട് അഭിഷേകം ചെയ്യുന്നതിനാകട്ടെ, പ്രസ്തുത കർമ്മത്തിൽ സംബന്ധിക്കുന്നതിനാകട്ടെ നിവൃത്തിയില്ലാത്ത പതനത്തിൽ എത്തിച്ചേർന്നതിൽ മാർ ദിവന്നാസ്യോസിനും അതീവ ദുഃഖത്തിനു കാരണമായിത്തീർന്നു.

## ശ്രദ്ധേയമായ പ്രസംഗം

മെത്രാഭിഷേകാനന്തരം ദൈവാലയാങ്കണത്തിൽ മനോഹരമായി അലങ്കരിച്ചിരുന്ന പന്തലിൽ വെച്ചു കാതോലിക്കാബാവായെയും അഭിനവ മെത്രാനായ മാർ ഈവാനിയോസിനെയും അനുമോദിക്കുന്നതിനായി ഒരു വമ്പിച്ച മഹായോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ നടന്ന അനുമോദന പ്രസംഗങ്ങളെ തുടർന്നു സുദീർഘവും ആശ്രയസമ്പുഷ്ടവുമായ ഒരു പ്രസംഗം കഥാപുരുഷൻ ചെയ്കയുണ്ടായി. ബഥനിആശ്രമത്തിന്റെ ആദർശങ്ങൾ, സുറിയാനിക്രിസ്ത്യാനികളുടെ ധർമ്മങ്ങൾ, ക്രൈസ്തവപുനരൈക്യത്തിന്റെ ആവശ്യകത, കാതോലിക്കാബാവായുടെ ചുമതലകൾ എന്നിവയെപ്പറ്റിയെല്ലാം പ്രസ്തുത പ്രസംഗത്തിൽ സവിസ്തരം പ്രതിപാദിച്ചിരുന്നു. "ബഥനി മാസിക" യുടെ നാല്പതിൽപരം പുറങ്ങൾ ഉള്ളടക്കിയിരുന്ന സുദീർഘമായ ആ പ്രസംഗത്തിലെ ഏതാനും ഭാഗങ്ങൾ - ഈ ഗ്രന്ഥത്തിൽ സ്ഥലപരിതി നിമിത്തം ഉപേക്ഷിച്ചശേഷം വായനക്കാർക്കു വിജ്ഞാനപ്രദവും രസകരവുമായ ചില ഭാഗങ്ങൾ മാത്രം ചുവടെ ചേർത്തുകൊള്ളുന്നു:

"നി. വ. ദി. ശ്രീമാനായ വിശുദ്ധ ബാവാതിരുമേനിയും നി. വ.ദി. ശ്രീമാനായ മെത്രാപ്പോലീത്താ തിരുമേനിയും, ദിവ്യശ്രീമാന്മാരായ പട്ടക്കാരും മാന്യ സദസ്യരുമേ,"

എനിക്ക് എട്ടോ പത്തോ വയസ്സു പ്രായമുള്ള കാലത്തു സന്യാസനിഷ്ഠയോടുകൂടി ജീവിതം നയിക്കണമെന്നുള്ള ആഗ്രഹം എന്റെ മനസ്സിൽ ഉൽഭവിച്ചതാണ്. അന്നുമുതൽ പല അവസ്ഥാഭേദങ്ങളിൽ കൂടി കടന്നു പരിശുദ്ധാത്മാവിന്റെ കൃപയാൽ ഈ സ്ഥാനത്തെത്തുവാൻ സംഗതിയായി. എന്റെ ജീവിതാദർശമായി ഹൃദയത്തിന്റെ ആഴത്തിൽ അന്തർലീനമായി കിടന്നിട്ടുള്ള പ്രധാനകാര്യം സന്യാസജീവിതത്തിൽകൂടി പുണ്യപൂർണ്ണത സമ്പാദിക്കാൻ ശ്രമിക്കണമെന്നുള്ളതായിരുന്നു. സമുദായസംബന്ധമായി അടുത്ത കാലത്തുണ്ടായ വിപ്ലവങ്ങളും കുഴപ്പങ്ങളും സംബന്ധിച്ച് ഏറെക്കുറെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന

കാലങ്ങളിൽ മേൽപ്പറഞ്ഞ സന്യാസാദർശം എന്റെ അന്തരംഗത്തിൽ സുപ്രതിഷ്ഠിതമായി എന്നെ അതിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു. ഈ ആഗ്രഹത്തെ വികസിപ്പിക്കുന്നതിനും പ്രായോഗികമാക്കി ചെയ്യുന്നതിനും വേണ്ട അവസരം ലഭിച്ചതു കോട്ടയം എം. ഡി. സെമിനാരി വിട്ട് സെറാമ്പൂരിൽ പോയി താമസിക്കുന്നതിന് ഇടയായപ്പോൾ ആയിരുന്നു. അവിടെ വെച്ചു എന്റെ ശിഷ്യന്മാരും സ്നേഹിതന്മാരുമായ ചില യുവാക്കന്മാർ എന്നെപ്പോലെ സന്യാസജീവിതത്തിനായി വിളിക്കപ്പെടുന്നുണ്ടെന്ന് എനിക്കു ബോദ്ധ്യം വരികയും ഞങ്ങളെല്ലാവരും ചേർന്നുള്ള ഒരാശ്രമമുണ്ടാകുന്നതു ഞങ്ങളുടെ ആത്മീയാഭിവൃദ്ധിക്കും ഞങ്ങളെക്കൊണ്ടു മറ്റുള്ളവർക്കു പ്രയോജനം വരുന്നതിനും ഉചിതമായ മാർഗ്ഗമായിരിക്കുമെന്ന് എനിക്കും ബോദ്ധ്യപ്പെടുകയും ചെയ്തു. ഇങ്ങനെയാണ് ബഥന്യാശ്രമം സ്ഥാപിപ്പാൻ ഞങ്ങൾ ഉദ്യമിക്കുന്നതിന് സംഗതിയായത്.

ദൈവത്തിന്റെ സാക്ഷാത്തായ അവതാരവും, സർവ്വലോകത്തിന്റെയും ഗുരുവും രക്ഷിതാവും ആയ യേശുമിശിഹായെ പൂർണ്ണമായി സ്നേഹിക്കുകയും അനുഗമിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും പരിശുദ്ധനെ ബഥന്യാശ്രമത്തിന്റെ രക്ഷാകർത്തൃത്വമുള്ള പുണ്യാത്മാവായി (Patron Saint) സ്വീകരിക്കണമെന്ന് ഏകദേശം പത്തു സംവത്സരം ഞങ്ങൾ ആഗ്രഹിച്ചു. വിശുദ്ധയോഹന്നാൻ ശ്ലീഹായെയാണ് ഞങ്ങൾ തെരഞ്ഞെടുത്തത്. അദ്ദേഹം നമ്മുടെ കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരിൽ വെച്ച് ഇളയവനും കർത്താവിന്റെ അനന്യസാധാരണമായ സ്നേഹത്തിനു പാത്രീഭൂതനും നമ്മുടെ കർത്താവിനെ അവസാനത്തോളം സ്നേഹിച്ചവനുമാകുന്നു. എന്നു തന്നെയുമല്ല. അദ്ദേഹത്തിന്റെ സർവ്വോപദേശങ്ങളുടെയും കേന്ദ്രം "സ്നേഹിപ്പിൻ" എന്നായിരുന്നുവെന്ന് അദ്ദേഹം എഴുതി വെച്ചിട്ടുള്ള ലേഖനങ്ങളിൽനിന്ന് പ്രത്യക്ഷമാണ്. ബഥനിയുടെ സംരക്ഷക പുണ്യാത്മാവായ മാർ യോഹന്നാന്റെ പേര് തന്നെയാണ് ഇന്ന് എനിക്കു എപ്പസ്കോപ്പസ്ഥാനത്തിരുന്നപ്പോൾ ഈ വന്ദ്യതിരുമേനികൾ വിളിച്ചിട്ടുള്ളത്. പൂർവ്വികസുറിയാനി സഭയിൽ മേൽപ്പട്ടസ്ഥാനത്തേക്കു വിളിക്കപ്പെടുന്ന ആളുകൾ സ്ഥാനമേല്ക്കുമ്പോൾ ആദർശപുരുഷന്മാരായിരുന്ന വന്ദ്യപിതാക്കന്മാരുടെ പേരുകൾ സ്വീകരിക്കുക പതിവാണ്. ഈ പതിവനുസരിച്ച് ഞാൻ സ്നേഹദൂതനായ വിശുദ്ധ അപ്പോസ്തോലന്റെ പേരു സ്വീകരിച്ചിരിക്കുന്നു. എങ്കിലും ഈ പേരിനെ എന്റെ ജീവിതത്തിൽ അർത്ഥവത്താക്കിതീർക്കേണ്ടതിന് ഈ തിരുമേനിയുടെ അനുഗ്രഹത്താലും ദൈവമക്കളായ നിങ്ങളെല്ലാവരുടേയും പ്രാർത്ഥനയുടെ സഹായത്താലും

അത്രേ ദൈവത്തിന്റെ കൃപാബാഹുല്യം എനിക്ക് എപ്പോഴും ആവശ്യമാണ്. അതിനാൽ തിരുമേനികളുടെ അനുഗ്രഹത്തെയും നിങ്ങളേവരുടേയും പ്രാർത്ഥനയേയും ഞാൻ വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

## II

നമ്മുടെ സമുദായത്തിന്റെ ഇനിയത്തെ ഗതിയെന്ത്? കാതോലിക്കാബാവായെ വാഴിച്ചു കഴിഞ്ഞു. നാം അന്ത്യോഖ്യാബന്ധമുപേക്ഷിച്ചിട്ട് ഒരു പുതിയ സമുദായമായിത്തീരുകയാണോ എന്നിങ്ങനെ ചോദിക്കുന്നവർ ഒരു പക്ഷേ ഈ സദസ്സിൽ ഉണ്ടായിരിക്കാം. നാം കാതോലിക്കയെയാണ് അവരോധിച്ചിട്ടുള്ളത്. പാത്രിയർക്കീസിനു താഴെയുള്ള ഒരു സ്ഥാനിയാണ്. ശരിയായ പാത്രിയർക്കീസ് ഞാനാണ്, ഞാനാണ് എന്നു വാദിക്കുന്ന ഒന്നിലധികം പാത്രിയർക്കീസന്മാർ ഒരേ സിംഹാസനത്തെ അവലംബിക്കുന്ന സ്ഥിതി ചിലപ്പോൾ മത്സരവും കുഴപ്പവും നിമിത്തം ഉണ്ടായി എന്നു വരാം. അങ്ങനെ സംഭവിക്കുമ്പോൾ അവരിൽ ആദ്യമായി പാത്രിയർക്കാസ്ഥാനം ലഭിച്ച ആൾ കാനോനികമായ പാത്രിയർക്കീസാണ്. ശേഷമുള്ളവർ എതിർ-പാത്രിയർക്കീസന്മാർ (Anti-Patriarchs) ആകുന്നു. റോമാസഭയിലും പാപ്പാമാരേയും ആന്റി പാപ്പാമാരേയും സംബോധനം ചെയ്യുന്നതും ഈ പ്രമാണമനുസരിച്ചാണ്.

സഭാചരിത്രവും കാനോൻവിധിയും ഇങ്ങനെയിരിക്കുന്നു. ഒരേ വിശ്വാസത്തിൽ സഭയുടെ എല്ലാ അംഗങ്ങളും നിലനില്ക്കുകയും ഒരേ സിംഹാസനത്തെത്തന്നെ പാത്രിയർക്കാസിംഹാസനമായി സഭ മുഴുവനും സ്വീകരിച്ചാദരിക്കുകയും ചെയ്യുന്ന കാലത്തോളം പാത്രിയർക്കസന്മാരോ എതിർ പാത്രിയർക്കീസന്മാരോ ആയി എത്രപേരുണ്ടായാലും സഭ ഒന്നു തന്നെയാണ്, താല്ക്കാലികമായ ഒരു കുഴപ്പം സഭയിലുണ്ടായിട്ടുണ്ടെങ്കിലും സഭ പലതായി പിരിഞ്ഞിട്ടില്ല. നേരേമറിച്ച് ഒന്നിലധികം പാത്രിയർക്കാസിംഹാസനങ്ങൾ സ്ഥാപിക്കപ്പെടുന്നപക്ഷം ഓരോ സിംഹാസനത്തെയും സ്വീകരിക്കുന്ന മേൽപ്പട്ടക്കാരും ജനസമുദായവും ഓരോ പ്രത്യേക സഭകളായി തീരുകയാണ്. മലങ്കരയിൽ പാത്രിയർക്കാസിംഹാസനം ഇതേവരെ സ്ഥാപിക്കപ്പെട്ടിട്ടില്ല, കാതോലിക്കാസിംഹാസനം മാത്രമേ ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ളൂ. കാതോലിക്കായെ വാഴിച്ചതുകൊണ്ടു അന്ത്യോഖ്യാസിംഹാസനത്തിൽ നിന്നും നാം വേർപെട്ടു എന്നു പറഞ്ഞുകൂടാ. ഇതേ സംബന്ധിച്ച് വേറൊരു സംഗതികൂടി നാം അറിയേണ്ടയായിട്ടുണ്ട്.

അബ്ദൽമിശിഹാ പാത്രിയർക്കീസുബാവാ മർദ്ദീനിൽ അന്ത്യോ

ധ്യാപാത്രിയർക്കീസുമായി തുർക്കി ഗവൺമെന്റിൽനിന്നും ലഭിച്ച വിളംബരാധികാരങ്ങളോടുകൂടെ ഭരിച്ചു വന്നിരുന്നു. അങ്ങനെയിരിക്കമ്പോൾ എങ്ങിനെയോ തുർക്കിഗവൺമെന്റിന്റെ അതൃപ്തിക്ക് അദ്ദേഹം പാത്രീഭൂതനായി. അബ്ദൽമിശിഹായുടെ വിളംബരം (ഫെർമാൻ) ഗവണ്മെന്റു പിൻവലിച്ചു. ഇതുകൊണ്ട് തുർക്കി രാജ്യത്ത് സഭാഭരണ വിഷയത്തിൽ പാത്രിയർക്കാഅധികാരം നടത്തുവാൻ അദ്ദേഹത്തിനു നിവൃത്തിയില്ലാതെ വന്നു. നമ്മുടെ കർത്താവായ യേശുമിശിഹായെ അക്കാലത്തെ ഗവൺമെന്റ് കുരിശിൽ തറച്ചുകൊന്നിട്ടും മിശിഹായുടെ രക്ഷണ്യസ്ഥാനത്തിനു യാതൊരു ഭേദവും ഉണ്ടായില്ല. അപ്രകാരം തുർക്കിഗവണ്മെന്റിന്റെ നിഷ്കാസനംകൊണ്ട് അബ്ദൽമിശിഹാബാവായുടെ കാനോനികമായ പാത്രിയർക്കാസ്ഥാനാധികാരങ്ങൾക്ക് യാതൊരു ഭംഗവും ഉണ്ടായിട്ടല്ല. ഉണ്ടാകുവാൻ പോകുന്നുതുമില്ല. തുർക്കിയിൽ പാത്രിയർക്കീസന്മാർക്കുണ്ടായിരുന്ന സിവിൾ അധികാരങ്ങൾ അദ്ദേഹത്തിൽനിന്ന് എടുക്കപ്പെട്ടുപോയി എന്നുള്ളതു സത്യമാണ്. തുർക്കി ഗവൺമെന്റിന്റെ നിരോധനം നിമിത്തം ആ രാജ്യത്തു പാത്രിയർക്കാ അധികാരങ്ങൾ നടത്തുവാൻ സൗകര്യമില്ലാതെ വന്നതു ശരി തന്നെ. എന്നാൽ ആ നിരോധനം ഇല്ലാത്തതായ സ്ഥലത്തു എവിടെയും ആ അധികാരം പ്രയോഗിക്കാവുന്നതാണ്. ഭാഗ്യവശാൽ മലങ്കര തുർക്കിയുടെ രാജ്യാതൃത്തിക്കു പുറത്താകുന്നു. 1912-ൽ അബ്ദൽമിശിഹാബാവാ ഈ നാട്ടിൽ വരികയും അവിടുത്തെ സ്ഥാനാധികാരം പ്രയോഗിച്ച് ഇവിടെ പൗരസ്ത്യ കാതോലിക്കാസിംഹാസനം സ്ഥാപിക്കുകയും ചെയ്തു.

അദ്ദേഹത്തെ ഈ മലങ്കരയിൽ ക്ഷണിച്ചുവരുത്തുകയും കാതോലിക്കാ സിംഹാസനം ഇവിടെ പുനഃസ്ഥാപിക്കുന്നതിന് സംഗതിയാക്കുകയും ചെയ്തത് എന്റെ പരിശ്രമഫലമാകുന്നു എന്ന് ഈ പ്ലാറ്റുഫോറത്തിൽനിന്നുകൊണ്ട് ഒരു മാന്യസുഹൃത്തു പ്രസ്താവിച്ചതു നിങ്ങൾ കേട്ടുവല്ലോ. അബ്ദദ്മിശിഹാബാവായെ ഇവിടെ വരുത്തിയതു ഞാനാണ് എന്ന് പറയുന്നത് ശരിയല്ല. ഞാനും ശ്രമിച്ചിട്ടുണ്ടെന്നുള്ളതു സത്യം തന്നെ. അദ്ദേഹം ഗവണ്മെന്റിന്റെ അപ്രീതിക്ക് പാത്രീഭൂതനാകുന്നതിനു മുമ്പു തന്നെ മലങ്കരയ്ക്ക് ഒരു കാതോലിക്കായെ വാഴിച്ചു കിട്ടണമെന്നുള്ള അപേക്ഷ സുറിയാനി മഹാസഭയുടെ ഐകകണ്ഠ്യേനയുണ്ടായ നിശ്ചയമനുസരിച്ച് അന്നത്തെ സ്ലീബാശെമ്മാച്ചൻ (മാർ ഒസ്തോത്യോസു മെത്രാപ്പോലീത്താ) വഴിയായും അന്നത്തെ മലങ്കര മല്പാൻ വഴിയായും അബ്ദൂദ്മിശിഹാബാവായുടെ അടുക്കൽ അപേക്ഷകൾ പോയിട്ടുള്ളതാണ്. കാലം ചെയ്ത മാർ ജോസഫ് ദിവന്നാ

സ്യോസ് മെത്രാപ്പോലീത്താ തിരുമേനിയെ കാതോലിക്കായായി അവരോധിച്ചു തരണമെന്നായിരുന്നു അന്നത്തെ അപേക്ഷ. കാതോലിക്കായുടെ അധികാരങ്ങൾ കൊടുത്തില്ലെങ്കിലും കാതോലിക്കായുടെ ബഹുമാനം (Dignity) കൊടുക്കണമെന്നായിരുന്നു. ആ അപേക്ഷയുടെ ചുരുക്കം. അതേത്തുടർന്ന് ഞാനും അബ്ദൽമിശിഹാബാവായുമായി എഴുത്തുകുത്തു ആരംഭിച്ചു. അദ്ദേഹം എഴുത്തു കുത്തു നടത്തിയപ്പോൾ പൂർണ്ണമായ കാതോലിക്കായുടെ അധികാരത്തോടുകൂടി പൗരസ്ത്യകാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിച്ചു തരണമെന്നാണ് ഞങ്ങൾ ബാവായോടു അപേക്ഷിച്ചത്. സഭാചരിത്രസംബന്ധമായും കാതോലിക്കമായും ഉള്ള ലക്ഷ്യങ്ങളും ന്യായങ്ങളും ബാവായ ഓർമ്മപ്പെടുത്തുന്നതിനും ഇവിടെനിന്നും അയച്ചിട്ടുള്ള കത്തുകളിൽ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

മലങ്കരയും അന്ത്യോഖ്യായും തമ്മിൽ ഉണ്ടായിരിക്കേണ്ട സ്നേഹബന്ധം ഇരുപാട്ടുകാർക്കും ഏറ്റം ഐശ്വര്യകരമായി നിലകൊള്ളുന്നതിനുവേണ്ടി മലങ്കരയിൽ പൂർണ്ണാധികാരത്തോടു കൂടിയ കാതോലിക്കാ സിംഹാസനം സ്ഥാപിക്കപ്പെടുന്നത് ആവശ്യമാണെന്ന് അബ്ദദ്മിശിഹാബാവാ പൂർണ്ണമായി സമ്മതിച്ചു. ഈരാജ്യത്തു വന്ന് പൗരസ്ത്യകാതോലിക്കാസിംഹാസനം ഇവിടെ സ്ഥാപിച്ചു തരാമെന്ന് വാഗ്ദാനവും ചെയ്തു. അതിന്റെ ശേഷമാണ് അദ്ദേഹം തുർക്കിയിൽനിന്നും ഈ രാജ്യത്തേയ്ക്കു പുറപ്പെട്ടത്. അദ്ദേഹം ഇവിടെ എത്തിയശേഷം മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു ആളുകളെ തിരഞ്ഞെടുക്കുകയും വാഴിച്ചു തരണമെന്ന് അദ്ദേഹത്തോട് ഈ നാട്ടുകാർ അപേക്ഷിക്കുകയും ചെയ്ത അവസരങ്ങളിൽ അദ്ദേഹം എന്നോടുതന്നെ ശക്തിയായി പറഞ്ഞിട്ടുള്ളതു "ഞാൻ ഇവിടെ വന്നിരിക്കുന്നത് നിങ്ങൾക്ക് കാതോലിക്കായെ തരാനായിട്ടല്ലയോ? അതു നടക്കട്ടെ" എന്നായിരുന്നു. ഇങ്ങനെ പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഇവിടെ എത്തിയ ശേഷം നമ്മോടെല്ലാം സന്തോഷമായും മനസ്സുഖത്തോടുകൂടിയും പിരിഞ്ഞു പോകുന്നതിനുവേണ്ടി വേറെ ഗതിയില്ലാതെ വന്നിട്ട് നമുക്കു കാതോലിക്കായെ വാഴിച്ചു തന്നതാണ് എന്ന് ആരും വിചാരിക്കരുത്. സത്യം അങ്ങനെയല്ല. ശീമയിൽ നിന്നും പുറപ്പെടുന്നതിനുമുമ്പു തന്നെ മലങ്കരയിൽ കാതോലിക്കാസിംഹാസനം സ്ഥാപിച്ചു തരാമെന്നു അദ്ദേഹം സമ്മതിച്ചിരുന്നതും ഉറച്ചിരുന്നതുമാണ്. ഇവിടെ വാഴിക്കപ്പെട്ട ഒന്നാമത്തെ കാതോലിക്കാ കാലം ചെയ്യുമ്പോൾ ഇവിടെയുള്ള മെത്രാന്മാർ ചേർന്ന് അനന്തരഗാമിയെ അവരോധിക്കണമെന്നും ഈ വിധത്തിൽ കാതോലിക്കാസിംഹാസനം എന്നന്നേക്കും

ഇവിടെ നിലനിർത്തികൊള്ളണമെന്നും കല്പിച്ചിരുന്നു. അതിനെ തടയുവാൻ യാതൊന്നിനും അധികാരവും അവകാശവുമില്ലായെന്നും അബ്ദദ്മിശിഹാബാവാ ഒന്നാമത്തെ കാതോലിക്കായെ വാഴിച്ച ദിവസം ഈ നിരണത്തു പള്ളിയിൽ വെച്ചു അവരോധനശുശ്രൂഷ നടന്നസമയത്തുതന്നെ പ്രസ്താവിച്ചതു കൂടാതെ അദ്ദേഹം ഈ നാട്ടിൽനിന്നു മടങ്ങിപ്പോകുന്നതിനുമുമ്പ് ഈ വിധത്തിൽ അധികാരപത്രമെഴുതി മുദ്രപതിച്ച് ഈ തീരുമേനികളെ ഏല്പിക്കുകയും ചെയ്തു.

## III

ഇനിയും പാത്രിയർക്കീസിനെപ്പറ്റി അല്പംകൂടി പറയുവാനുണ്ട്. ഇപ്പോഴത്തെ കാതോലിക്കാബാവായേയും ഇൻഡ്യയിലെ പൗരസ്ത്യ കാതോലിക്കാ മഹാഇടവകയിലെ മേല്പട്ടക്കാരുടെ സുന്നഹദോസിനെയും പാത്രിയർക്കീസുബാവാ സ്വീകരിക്കുന്നതിനായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. സ്വീകരിപ്പാൻ അദ്ദേഹം തയ്യാറാകുന്ന നിമിഷത്തിൽ അദ്ദേഹത്തിന്റെ പാത്രിയർക്കാസ്ഥാനത്തിനടുത്ത സകല ബഹുമാനങ്ങളേയും സ്വീകരിക്കുന്നതിനും ആദരിക്കുന്നതിനും ഈ കാതോലിക്കാബാബാവായും  സുന്നഹദോസും തയ്യാറാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിവരം പാത്രിയർക്കീസുബാവാ തിരുമേനിയെ അറിയിക്കയും പാത്രിയർക്കാസിംഹാസനവുമായി പൂർവ്വാധികമായ സ്നേഹബന്ധത്തിലും ഐക്യത്തിലും യോജിക്കുന്നതിനു കഴിയുന്ന എല്ലാ ശ്രമങ്ങളും നടത്തുകയും ചെയ്യുന്നത് ഈ വി.കതോലിക്കാ ബാവാതിരുമേനിയുടെ പ്രഥമകൃത്യമായിരിക്കണെന്ന് എനിക്ക് അഭിപ്രായമുണ്ട്. തിരുമനസ്സുകൊണ്ട് ഇതുസംബന്ധിച്ചു വേണ്ടതെല്ലാം ചെയ്യുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നു (ഹസ്തതാഡനം) യഥാർത്ഥസഭാതത്വങ്ങൾക്കു ഭംഗം വരാതെ നാം എത്രയധികം വിനയപ്പെടേണ്ടി വന്നാലും അതു ദൈവത്തിന്റെ മുമ്പാകെ അനുഗ്രഹവും നമ്മുടെ സഭയുടെ ഐക്യത്തെ ദൃഢപ്പെടുത്തുന്നതിനുള്ള ഉത്തമമാർഗ്ഗവുമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. സഭാചരിത്രവും കാനോനും സംബന്ധിച്ചുള്ള കാര്യങ്ങൾ പാത്രിയർക്കീസു ബാവായെ നാം പഠിപ്പിക്കേണ്ട ആവശ്യമില്ല. എങ്കിലും സംഗതികൾ അദ്ദേഹത്തെ ഓർമ്മപ്പെടുത്തുന്നത് ആവശ്യമാണ്. അതുകൊണ്ട് പാത്രിയർക്കാസിംഹാസനത്തിന്റെയും  കാതോലിക്കാസിംഹാസനത്തിന്റെയും  സംക്ഷിപ്തമായ ഒരു ചരിത്രവും ഇതു സംബന്ധിച്ചുള്ള കാനോൻ നിയമങ്ങളും മറ്റും ക്രോഡീകരിച്ചും അന്ത്യോഖ്യാ സിംഹാസനത്തോടുള്ള സ്നേഹബഹുമാനങ്ങളെ ദൃഢമായി നിലനിർത്തിക്കൊണ്ടും പോകുവാൻ നാം

തയ്യാറാണെന്നുള്ള സത്യത്തെ പ്രസ്താവിച്ചു കാതോലിക്കാബാവാ തിരുമേനി ഉടൻതന്നെ പാത്രിയർക്കീസുബാവായ്ക്ക് എഴുതി അയയ്ക്കണം.

മലങ്കര ഇടവകയുടെ നി.വി.ദി.ശ്രീ.മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പാത്രിയർക്കീസുബാവായെ കാണുന്നതിനായി മർദ്ദീനിൽ എത്തി താമസിച്ചിരുന്ന സമയം പാത്രിയർക്കീസു ബാവായാകട്ടെ ശീമക്കാരാകട്ടെ അബ്ദൽമിശിഹാബാവായുടെ സ്ഥാനസാധുത്വത്തെ നിഷേധിച്ച് ഒരക്ഷരം പോലും പറഞ്ഞിട്ടുള്ളതായി എനിക്കറിയില്ല. മലങ്കര പൗരസ്ത്യകാതോലിക്കാസിംഹാസനം സ്ഥാപിച്ചിരിക്കുന്നതായി അബ്ദൽമിശിഹാബാവാ രേഖപ്പെടുത്തി ഇപ്പോൾ ഈ പ്ലാറ്റുഫോറത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഈ തിരുമേനികളെ ഏല്പിച്ചിട്ടുള്ള കല്പനയെ ദുർബ്ബലപ്പെടുത്തത്തക്ക വണ്ണം ഒരു രേഖ, അതായത് ഇവിടെ കാതോലിക്കായെ വാഴിക്കയില്ലെന്ന് ഒരു ഉടമ്പടി, ഈ തിരുമേനികൾ പാത്രിയർക്കീസു ബാവായ്ക്ക് എഴുതിക്കൊടുക്കണമെന്നും അങ്ങനെ ചെയ്യുമ്പോൾ ഈ തിരുമേനികളുടെ സ്ഥാനം യാതൊരു തർക്കവും പറയാതെ സ്വീകരിച്ചുകൊള്ളാമെന്നും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയോടു പാത്രിയർക്കീസുബാവാ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. സമാധാനദൂതനായി ശീമയിൽ നിന്നും ഇവിടെ അയയ്ക്കപ്പെട്ടിട്ടുള്ള മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കൈവശം പാത്രിയർക്കീസുബാവാ മലങ്കര സഭയ്ക്കായി കൊടുത്തയച്ചിട്ടുള്ള കല്പനയിൽ മലങ്കരയിൽ ഇതരകക്ഷികളായി നിന്നിട്ടുള്ള എല്ലാമേല്പട്ടക്കാരെയും സകല ജനങ്ങളെയും ഒരുപോലെ അനുഗ്രഹിക്കുന്ന വാചകങ്ങൾ മാത്രമേ അടങ്ങിയിട്ടുള്ളു. കാതോലിക്കാസ്ഥാപനത്തെ ദുർബ്ബലപ്പെടുത്തത്തക്ക രേഖ പാത്രിയർക്കീസിനു കിട്ടണമെന്നുള്ള കാര്യം ആ കല്പനയിൽ എഴുതിയിട്ടില്ല. ഉടമ്പടിയുടെ കാര്യം സമാധാനദൂതനോടു പ്രത്യേകം ചട്ടം കെട്ടുകയും മാർ ഒസ്താത്തിയോസിനുള്ള പ്രത്യേക കല്പനയിൽ പറയുകയും ചെയ്തിട്ടുണ്ടായിരിക്കുമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. നി.വ.ദി.ശ്രീ. മാർ ദിവന്നാസ്യോസ് മെത്രാപ്പോീത്താ ശീമയിൽ നിന്നും മടങ്ങി വരുംവഴി അദ്ദേഹത്തെ സ്വീകരിപ്പാനായി നാമും നമ്മുടെ ഫാദർ പാറേട്ടും ബോംബേയ്ക്കു പോയിരുന്നു. ബോംബെയിൽ വെച്ചു വലിയ തിരുമേനിയേയും, മാർ യൂലിയോസ് മെത്രാനെയും, തിരുവനന്തപുരം വികാരിയച്ചനെയും, ചെറിയമഠത്തിൽ സ്കറിയാ അച്ചനെയും ഞങ്ങൾ സ്വീകരിച്ചു. ഞങ്ങൾഒരുമിച്ചു ഈ നാട്ടിലേക്കു മടങ്ങി വരുംവഴി ആർക്കോണം തീവണ്ടി സ്റ്റേഷനിൽ വെച്ച് മാർ യൂലിയോസ് മെത്രാ

പ്പോലീത്താ പാത്രിയർക്കീസ് ബാവായുടെ കല്പന പുറത്തെടുത്തു വലിയ തിരുമേനിയെ കാണിക്കയുണ്ടായി. വലിയ തിരുമേനി ആ കല്പന എഴുതിയിരുന്ന കടലാസിന്റെ ഒരു ഭാഗത്തു പിടിക്കുകയും ശീമമെത്രാച്ചൻ വേറൊരു ഭാഗത്തു പിടിക്കുകയും, നമ്മുടെ ചെറിയ മഠത്തിൽ സ്കറിയാ അച്ചൻ സുറിയാനിഭാഷയിൽ എഴുതപ്പെട്ടിരുന്ന ആ കല്പന അല്പം ഉച്ചത്തിൽ വായിച്ചുകേൾപ്പിക്കുകയുമുണ്ടായി. ആ സമയത്തു ഞാൻ ആ മുറിയുടെ വാതുക്കൽ പുറത്ത് ഒരു കട്ടിലിൽ വിശ്രമിക്കയായിരുന്നു. കല്പന ഞാൻ കാണുകയോ വായിച്ചു കേൾക്കയോ ചെയ്തില്ല. വായന കഴിഞ്ഞ നിമിഷത്തിൽ തന്നെ ചെറിയ മഠത്തിൽ സ്കറിയാ അച്ചൻ എന്റെ അടുക്കൽ വന്ന് അത് ഇന്നമാസം ഇത്രാം തീയതി ഇന്ന നമ്പരായി എഴുതപ്പെട്ടതാണെന്നും അതിലെ സംഗതികൾ ഇന്നതാണെന്നും എന്നെ ധരിപ്പിച്ചു. നാലഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ വലിയ തിരുമേനി വരാന്തയിലേക്കു എഴുന്നെള്ളുകയും കല്പനയിലെ സംഗതികൾ എന്നോടു പ്രസ്താവിക്കുകയും ചെയ്തു. ഇപ്പോൾ പൗരസ്ത്യ കാതോലിക്കാസിംഹാസനത്തിങ്കലേക്ക് അവരോദിക്കപ്പെട്ടിരിക്കുന്ന ഈ തിരുമേനിയുടെ പ്രഥമകൃത്യം അന്ത്യോഖ്യാ പാത്രിയർക്കീസുമായി സമാധാനപ്പെടുകയും സഭയുടെ പൂർവ്വികമായ കാനോനാകൾക്കും സഭാതത്വങ്ങൾക്കും അനുകൂലമാംവണ്ണം അന്ത്യോഖ്യാബന്ധം ദൃഢപ്പെടുത്തുകയും ചെയ്യുവാനുള്ള ശ്രമമായിരിക്കണമെന്നു ഞാൻ പ്രസ്താവിച്ചു കഴിഞ്ഞുവല്ലോ. ഇതുപോലെയും ഇതിലധികവും പ്രധാനമായ വേറെ സംഗതികൾ ഉണ്ട്.

കേരളത്തിലുള്ള സുറിയാനിക്രിസ്ത്യാനികളെല്ലാവരും പഴയകാലത്ത് ഒരു സഭയായിരുന്നപ്രകാരം വീണ്ടും യഥാർത്ഥമായ പുനരൈക്യം സാധിച്ച് "ഒരു സഭയും ഒരു ഇടയനും" എന്ന വിശുദ്ധ വേദോക്തിയെ കേരളീയ സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും യഥാർത്ഥീകരിക്കാൻ കാതോലിക്കാബാവാതിരുമേനി ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ മഹാജനങ്ങളെ നിങ്ങൾക്കും ഗൗരവയുക്തമായ ചുമതലയുണ്ട്. സാമൂഹ്യാചാരാങ്ങൾ, രാഷ്ട്രീയചുമതലകൾ, പൂർവ്വചരിത്രം, സംസാരഭാഷ, വൈദികഭാഷ മുതലായ വിഷയങ്ങളിൽ കേരളീയ സുറിയാനിക്കാർ എല്ലാവരും തമ്മിൽ ഐക്യമുണ്ട്. അവർ യഥാർത്ഥത്തിൽ ഒരു സമുദായമാണ്. മതസംബന്ധമായ വിഷയങ്ങളിൽ മാത്രം ഭിന്നതയും പിരിച്ചിലും സംഭവിച്ചിരിക്കുന്നു. മതസംബന്ധമായ വിഷയങ്ങളിൽ കൂടെയും എല്ലാ സുറിയാനിക്രിസ്ത്യാനികളും തമ്മിൽ യോജിപ്പുണ്ടാകുവാൻ തക്കവണ്ണം വന്ദ്യതിരുമേനികളും അവരോടുചേർന്നു നിങ്ങളും മനഃപൂർവ്വമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു.

## IV

കുറെക്കാലങ്ങളായി, അതായത് അബ്ദുള്ളാബാവായുടെ എഴുന്നള്ളത്തോടുകൂടി മലങ്കരസുറിയാനിക്കാർ രണ്ടു കക്ഷികളായി പിരിഞ്ഞിരിക്കയാണല്ലോ. അബ്ദുള്ളബാവാ മലങ്കരസഭയുടെ കീഴ്നടപ്പിനും ചരിത്രഗതിക്കും അനുസരണമല്ലാതെയും തുർക്കിരാജ്യത്തും ഇവിടെയും ഒരുപോലെ സ്വീകരിക്കപ്പെട്ടിരിക്കുന്ന യഥാർത്ഥമായ കാനോൻനിയമങ്ങൾക്ക് പ്രതികൂലമായ വിധത്തിൽ സ്വേഛാനുസരണം മലങ്കരയിൽ അധികാരം ലഭിപ്പാനും നടത്താനും ആഗ്രഹിച്ചു. ഒരു കാലത്തും അന്ത്യോഖ്യാപാത്രിയാർക്കീസന്മാർക്കും ലഭിച്ചിട്ടില്ലാത്തതും ഒരൊറ്റ അവസരത്തിൽ പോലും മലങ്കരസഭമേൽ അന്ത്യോഖ്യാപാത്രിയർക്കീസന്മാർ പ്രയോഗിച്ചിട്ടില്ലാത്തതുമായ "ലൗകികാധികാരം" അദ്ദേഹത്തിനുകിട്ടണമെന്നും ഇതു സംബന്ധിച്ചു മലങ്കരമെത്രാപ്പോലീത്താ രജിസ്റ്റർ ഉടമ്പടി കൊടുക്കണമെന്നുമാണ് ബാവാ ആവശ്യപ്പെട്ടത്. അക്കാലത്ത് മലങ്കര സ്വഭരണാവകാശമുള്ള ഒരു മെത്രാപ്പോലീത്താഇടവകയാണ്. ഒരു മെത്രാപ്പോലീത്താഇടവകയിൽ പാത്രിയർക്കീസിനു ലൗകികാധികാരമില്ല. റഷ്യയിലെ സഭ (അവിടെ സ്വന്തമായ ഒരു പുതിയ പാത്രിയർക്കീസുണ്ടായിട്ട് അല്പ നാളേ ആയുള്ളു.) ഗ്രീസിലെ സഭ, ബൾഗേറിയായിലെ സഭ, സെർബ്യായായിലെ സഭ, റുമേനിയായിലെ സഭ, കുപ്രോസിലെ  സഭ മുതലായ പത്തു പതിനഞ്ചുകോടി ജനങ്ങളുള്ള യൗനായ (greek) സഭകളെല്ലാം കുസ്തന്തിനോസ്പോലീസിലെ പാത്രീയർക്കീസിനെ മതാദ്ധ്യക്ഷനായി ആദരിക്കുന്നു. ഈ സഭകളിലൊരിടത്തും പ്രധാന പാത്രിയർക്കീസിനു ലൗകികാധികാരമില്ല. അതതു സ്ഥലത്തുള്ള സുന്നഹദോസിനാണ് ഈ വിഷയത്തിൽ പരമാധികാരമുള്ളത്. സ്വഭരണാവകാശം (Autonomy) ഇന്നും നിലനിർത്തി വരുന്നു.

പാത്രിയർക്കീസിന്റെ ലൗകികാധികാരം സമ്മതിച്ചു മലങ്കരമെത്രാപ്പോലീത്താ രജിസ്റ്റർ ഉടമ്പടി കൊടുക്കയില്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അദ്ദേഹത്തെ മുടക്കുന്നതിനു അബ്ദുള്ളാപാത്രിയർക്കീസുബാവാ ആലോചിച്ചു. എന്നാൽ മുടക്കിനുള്ള യഥാർത്ഥകാരണം മുടക്കുകല്പനയിൽ പ്രസ്താവിക്കാതെ കേവലം ദുർബലങ്ങളായ മറ്റു കാരണങ്ങൾ നിർമ്മിച്ചുണ്ടാക്കി അദ്ദേഹത്തെ മുടക്കി. ഒരു ആത്മീയപിതാവ് ഇങ്ങനെ ചെയ്വാൻ ഇടയായതിനെപ്പറ്റി നാം എത്രയും വ്യസനിക്കേണ്ടിയിരിക്കുന്നു. മുടക്കു കല്പനയിൽ പറയുന്ന കാരണങ്ങൾ (കൈവിറയ്ക്കുമെന്നുള്ള ഒന്നൊഴിച്ച്) കേവലം അടിസ്ഥാനരഹിതങ്ങളാണെന്നും അദ്ദേ

ഹത്തിനും അദ്ദേഹത്തിന്റെ ആലോചനക്കാർക്കും ബോധമുണ്ടായിരുന്നുവെന്നാണ് എന്റെ വിശ്വാസം, സമുദായസംബന്ധമായി ഈ വിധമുണ്ടായ കുഴപ്പകാലത്തു ഞാൻ എന്റെ മതബോധനത്തിനനുസരണമായി മനഃപൂർവ്വമായി മലങ്കരമെത്രാപ്പോലീത്താ തിരുമേനിയോടു യോജിച്ചുനിന്നുകൊണ്ടു കഴിയുന്നതുപോലെ മലങ്കരസഭയുടെ ഐശ്വര്യത്തിനുവേണ്ടി യത്നിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രയത്നം കൊണ്ടു നമ്മുടെ സഭയ്ക്കുണ്ടാകാവുന്ന ഐശ്വര്യത്തെക്കാൾ കൂടുതലായി നമ്മുടെ സഭയ്ക്കും ഈ നാട്ടിൽ എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമുള്ള ജനങ്ങളിൽ യഥാർത്ഥദൈവഭക്തിയാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. അതിനാൽ അതു വർദ്ധിപ്പാൻ തക്ക ശ്രമങ്ങൾ ചെയ്യുന്നത്. എന്റെ പ്രഥമകൃത്യമാണെന്നു ഞാൻ തീർച്ചയാക്കി. സന്യാസജീവിതത്തിന് എനിക്കു ബാല്യം മുതലേ ഉണ്ടായിരുന്ന അഭിരുചിയും ആകാംക്ഷയും കരുണാനിധിയായ ദൈവത്തിന്റെ കൃപയാൽ പ്രബലപ്പെടുകയും ഞാൻ സാമുദായികശ്രമങ്ങളെ ഉപേക്ഷിച്ചു ബഥന്യാശ്രമം മുഖേന ഭക്തിപരമായ കാര്യങ്ങളിൽ ഏകാഗ്രതയോടെ പരിശ്രമിക്കുയും ചെയ്യുവാൻ ദൈവം സംഗതിയാക്കി.

## V

സമുദായകുഴപ്പങ്ങളെ സംബന്ധിച്ചു പറഞ്ഞുവന്ന സംഗതി തുടർന്നു അല്പം കൂടി പ്രസ്താവിപ്പാനുണ്ട്. പാത്രിയർക്കീസിനു ലൗകികാധികാരം സമ്മതിച്ചുകൊടുത്ത് ഉടമ്പടി രജിസ്റ്റർ ചെയ്യാൻ സമ്മതിക്കാഞ്ഞതിനാൽ മലങ്കരമെത്രാപ്പോലീത്തായെ അബ്ദള്ളാബാവാ മുടക്കിയല്ലോ. എന്നാൽ ആർക്കെങ്കിലും ഒരു വൈദികശിക്ഷ കൊടുക്കുന്നതിനു മുമ്പു നടത്തേണ്ടതായ നടപടികൾ — ഒരു മേല്പട്ടക്കാരനാണെങ്കിൽ എപ്പിസ്കോപ്പൽ സുന്നഹദോസിനു മുമ്പാകെയുള്ള വിസ്താരങ്ങൾ മുതലായി കാനോനിൽ നിർബന്ധമായി ആവശ്യപ്പെട്ടിരിക്കുന്ന നടപടികൾ-യാതൊന്നും നടത്താതെ സഭാനടപടികളെയും സഭയുടെ പൂർവ്വികാചാരങ്ങളെയും കാനോൻനിയമങ്ങളെയും കേവലം അവഗണിച്ചിട്ടാണ് അബ്ദള്ളാപാത്രിയർക്കീസുബാവാ ഈ അവസരത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. അങ്ങനെയുള്ള മുടക്ക് കാനോൻനിയമദൃഷ്ട്യാ അസാധുവാകയാൽ അതിനെ ആദരിച്ചു കൂടാ എന്നു ഒരു കൂട്ടർ വാദിക്കുന്നു. മുടക്കിനെ ആദരിക്കണെന്ന് അഭിപ്രായമുള്ള ഒരു പക്ഷം ജനങ്ങൾ എതിർത്തു നില്ക്കുന്നു.ഇങ്ങനെ മലങ്കരസഭയിൽ രണ്ടു കക്ഷികളുണ്ടായി.

അങ്ങനെ ഇരിക്കുമ്പോഴാണ് അബ്ദൽമിശിഹാപാത്രിയർക്കീസു

ബാവാ ഈ കേരളത്തിൽ എഴുന്നള്ളി കാതോലിക്കാസിംഹാസനം ഇവിടെ സ്ഥാപിച്ചത്. തന്നിമിത്തം നൂതനമായ വേറൊരുവിഭാഗം മലങ്കരസഭയിലുണ്ടായെന്നു പറയാം. ഈ വക ഭിന്നതകൾ കേവലം താല്ക്കാലികം മാത്രമാണെന്നും, കാതോലിക്കാസ്ഥാപനത്തെ ഇരുകക്ഷികളും യോജിച്ച് ആദരിക്കുന്ന സ്ഥിതി നമ്മുടെ എതിർപക്ഷത്തു നില്ക്കുന്ന ജനങ്ങളിൽ കൂടുതൽ പ്രകാശമുദിക്കുമ്പോൾ ഉണ്ടാകുമെന്നും, കാതോലിക്കാസ്ഥാപനം മലങ്കരയ്ക്കു ഒരു അമൂല്യനിക്ഷേപമാണെന്നും നമ്മിൽ പലരും ദൃഢമായി വിശ്വസിക്കുന്നുണ്ട്. മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചിട്ടുള്ളതു പാത്രിയർക്കീസിന്റെ അധികാരത്തെ എതിർത്തിട്ടല്ല. കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു സ്ഥാനിയാണ്, ഇപ്പോഴുള്ള അഭിപ്രായവ്യത്യാസങ്ങൾ കേവലം താൽക്കാലികമാണെന്നും ഇപ്പോഴത്തെ അന്ത്യോഖ്യാപാത്രിയർക്കീസ് വിശാലഹൃദയത്തോടും സമാധാനബുദ്ധിയോടുംകൂടി വർത്തിപ്പാൻ അദ്ദേഹത്തെ ദൈവം അനുഗ്രഹിക്കുമെന്നും നമുക്ക് ആശിക്കാം. കാനോനികമായ പാത്രിയർക്കാസ് അബ്ദൽമിശിഹാബാവായാണെന്നു വിശ്വസിക്കുന്നവർ അദ്ദേഹം ഇവിടെ സ്ഥാപിച്ച പൗരസ്ത്യ കാതോലിക്കാസിംഹാസനത്തെ ആദരിക്കയും അംഗീകരിക്കയും ചെയ്യുന്നു. അബ്ദൽമിശിഹാബാവായെ നിഷേധിക്കാതെ അബ്ദള്ളാബാവായെ ഒരു പാത്രിയർക്കീസായി ആദരപൂർവ്വം ബഹുമാനിക്കാവുന്നതാണ്. വല്ല്യമെത്രാച്ചന്റെ മുടക്കു കാനോൻ ദൃഷ്ട്യാ സാധുവാണെങ്കിൽപോലും അതിനെ ആദരിക്കണമെന്ന് അഭിപ്രായമുള്ളവരായി അബ്ദുള്ളാബാവായുടെ പക്ഷത്തുള്ള ജനങ്ങൾ ആ ബാവായുടെ ആഗ്രഹാനുസരണം ലൗകികാധികാരം ശീമക്കാർക്ക് വിട്ടുകൊടുക്കാൻ മനസ്സുള്ളവരാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതിനവർക്ക് സമ്മതമില്ലെന്നാണ് എന്റെ അറിവ്. ആ വിഷയത്തിൽ നാമും അവരും തമ്മിൽ യഥാർത്ഥമായ അഭിപ്രായവ്യത്യാസമില്ല, എന്നു തന്നെയുമല്ല, കാതോലിക്കാസിംഹാസനം മലങ്കരയിൽ സ്ഥാപിച്ചു കിട്ടണമെന്നു നമ്മെപ്പോലെ അവർക്കും ആഗ്രഹമുണ്ട്. അബ്ദൽമിശിഹാബാവാ കാനോനികമായ പാത്രിയർക്കീസാണെന്നും, അദ്ദേഹത്തെ ആരും മുടക്കിയിട്ടില്ലെന്നും, മതവിപരീതമെന്നുള്ള കുറ്റമൊഴിച്ചു മറ്റു യാതൊന്നിനും പാത്രിയർക്കീസിനെ മുടക്കാൻ പാടുള്ളതല്ലെന്നും ആ കക്ഷിയിൽ നില്ക്കുന്നവരായി കാര്യവിവരമുള്ളവർക്കറിയാം. മലങ്കരയ്ക്ക് ഒരു കാതോലിക്കായെ കിട്ടണമെന്നുള്ള ആഗ്രഹം അവർക്കുണ്ട്. ഈ വിഷയത്തിലും ഇരുകക്ഷികളും തമ്മിൽ അഭിപ്രായവ്യത്യാസമില്ല.

അതുകൊണ്ടു മലങ്കരെയുള്ള രണ്ടു കക്ഷികളും തമ്മിൽ യോജി

ക്കുന്നതിനു പ്രയാസമില്ലെന്നാണ് എന്റെ വിശ്വാസം. വല്ല്യമെത്രാച്ചന്റെ മുടക്കിനെ ആദരിക്കയും അനാദരിക്കയും ചെയ്യുന്ന രണ്ടു കക്ഷികൾ മലങ്കരയുണ്ട്. ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള കാതോലിക്കാസിംഹാസനത്തെ സ്വീകരിക്കയും സ്വീകരിക്കാതിരിക്കയും ചെയ്യുന്ന വേറെ രണ്ടു കക്ഷികൾ മലങ്കരയുണ്ട്. ഇങ്ങനെയാണ് ഇപ്പോഴത്തെ സ്ഥിതി. മഹാജനങ്ങളെ! നമ്മുടെ പ്രധാനമായ ശ്രമം ഈ കാര്യങ്ങളിൽ നമ്മോടു അഭിപ്രായവ്യത്യാസമുള്ള നമ്മുടെ സഹോദരന്മാരോടു വിനയപൂർവ്വം വർത്തിച്ച് അവരുമായി യോജിക്കയെന്നുള്ളതാണ്. തുർക്കിരാജ്യത്തെ മേല്പട്ടക്കാർ അവരോധിച്ചിട്ടുള്ള പുതിയ പാത്രിയർക്കീസുബാവാ തിരുമേനിയുമായി സ്നേഹബന്ധം ദൃഢപ്പെടുത്തുന്നതിനുവേണ്ടി കാതോലിക്കാമഹാഇടവകയിലെ മേല്പട്ടക്കാർ ചേർന്ന് അവരോധിച്ചിട്ടുള്ള കാതോലിക്കാബാവാ തിരുമേനി ഒന്നാമതായി പ്രവർത്തിച്ചു നോക്കട്ടെ. അതോടുകൂടെ നിങ്ങൾ ചെയ്യേണ്ടത് അദ്ദേഹത്തിന്റെ രണ്ടാമത്തെ ശ്രമം സഫലമാകുന്ന വിഷയത്തിൽ പരിശ്രമിക്കയാകുന്നു. മലങ്കരയിൽ ഇപ്പോഴുണ്ടായിട്ടുള്ള ഇരുകക്ഷികളും തമ്മിൽ യോജിച്ചു കാതോലിക്കാസിംഹാസനത്തെ അംഗീകരിക്കയും ആദരിക്കയും ചെയ്യുന്നതിനും സംഗതിയാകാൻ നാം ശ്രമിക്കണം. നമ്മോട് അഭിപ്രായവ്യത്യാസമുള്ള നമ്മുടെ സഹോദരങ്ങൽ നമ്മുടെ മുഖത്തു തുപ്പുമ്പോൾ നമുക്കവരെ ചുംബിക്കാം. അവർ നമ്മെ ശപിക്കുമ്പോൾ അവരോടു ദൈവം ക്ഷമിപ്പാനായി നമുക്കു പ്രാർത്ഥിക്കുകയും അവരെ അനുഗ്രഹിക്കയും ചെയ്യാം.*

".............. കാതോലിക്കാ സ്ഥാപനം കൊണ്ട് ഈ ഭാരതഭൂമിയിൽ സാധിക്കേണ്ടതായ വേറൊറു കാര്യമുണ്ട്. കാതോലിക്കാബാവാ തിരുമേനിയെയും എന്നെയും അനുമോദിക്കുന്നതിനു കൂടിയിട്ടുള്ള ഒരു മഹാസദസ്സിൽ ആ സംഗതികൂടി പ്രസ്താവിച്ചിട്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഈ ഭാരതഭൂമിയിൽ ഏകദേശം പത്തൊൻപതു ശതവർഷങ്ങൾക്കുമുമ്പു ക്രിസ്തുമതം സ്ഥാപിച്ചതായി നാം അഭിമാനിക്കുന്നുണ്ടല്ലോ. ഇത്ര ദീർഘകാലമായിട്ടും നമ്മുടെ ക്രിസ്ത്യാനിത്വം പലേ വിഷയങ്ങളിൽ കേവലം പാരദേശികമായിട്ടാണ് ഇവിടെ സ്ഥിതിചെയ്യുന്നത്. സ്വദേശീയമായ അവസ്ഥ ക്രിസ്തുമതത്തിനു വരാത്ത കാലത്തോളം ഭാരതഖണ്ഡത്തിലുള്ള ഹിന്ദുമുസ്ലീം ജനസമുദായങ്ങളെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരാൻ പ്രയാസമാണ്. പുരാതനമായ

* തുടർന്നു ക്രൈസ്തവ പുനരൈക്യത്തെപ്പറ്റി ചെയ്ത പ്രസംഗഭാഗം ഈ ഗ്രന്ഥത്തിൽ "കത്തോലിക്കാ പുനരൈക്യാലോചനകൾ" എന്ന അദ്ധ്യായത്തിൽ ചേർക്കുന്നതാണ്. (ഗ്രന്ഥകർത്താ)

ക്രിസ്തീയസഭയുടെ അപ്പോസ്തോലികവും കാതോലികവുമായ അടിസ്ഥാനതത്വങ്ങൾക്കു ലവലേശം പോലും ഭേദം വരുത്താതെ ക്രിസ്തുമതത്തെ ഭാരതത്തിൽ സ്വദേശീയമാക്കിച്ചെയ്‌വാൻ സാധിക്കും. അങ്ങനെ സാധിക്കേണ്ടുതമാണ്. ഈ വിഷയത്തിൽ സധൈര്യം മുന്നോട്ടുവന്നു പ്രവർത്തിക്കയും ഇൻഡ്യയിൽ സുവിശേഷപ്രചരണത്തിനു വേണ്ട സർവ്വ പ്രയത്നങ്ങളും ചെയ്തു സർവ്വാത്മനാ ഉദ്യമിക്കയും ചെയ്കയെന്നുള്ളതു പൗരസ്ത്യകാതോലിക്കാസ്ഥാപനത്തെക്കൊണ്ടു ഭാരതഭൂമിക്കുണ്ടാകേണ്ട അനുഗ്രഹമാണ്.

## VI

അവസാനമായി ബഥനിആശ്രമത്തെപ്പറ്റി രണ്ടു വാക്കു കൂടി പറഞ്ഞ് അതിദീർഘമായ ഈ പ്രസംഗത്തെ അവസാനിപ്പിക്കാം. ക്രിസ്തീയ സഭയെ മനുഷ്യശരീരത്തോടു ഉപമിക്കുന്നപക്ഷം സന്യാസാശ്രമത്തെ മനുഷ്യശരീരത്തിലുള്ള “ചങ്കി”നോടു അനുരൂപപ്പെടുത്താം. ചങ്കുകൊണ്ടു മനുഷ്യശരീരത്തിനുള്ള ഉപയോഗം ദൈവഭക്തിയുള്ള സന്യാസാശ്രമത്തെക്കൊണ്ടു ക്രിസ്തീയസഭയ്ക്ക് ഉണ്ടാകുന്നു എന്നു വേദപാരംഗതന്മാർ അഭിപ്രായപ്പെടുന്നു. ബഥനി ഒരു സന്യാസാശ്രമമാണ്. ബഥനിമെത്രാന്റെ ഇടവക എത്രയും ചെറുതായ ഒരിടവകയാണെന്നു വരികിലും ബഥനിയുടെ ആദർശം വലിയതാണ്. നമ്മുടെ ഇടയിൽ സർവ്വപ്രധാനമായ കുറവു ദൈവഭക്തിയുടെ അഭാവമാണെന്നു ഞാൻ വിശ്വസിക്കുന്നു. മറ്റു സമുദായങ്ങളെ കുറ്റം പറഞ്ഞിട്ടുകാര്യമില്ലല്ലോ. നമ്മുടെ കുറവു നാം കണ്ടുപിടിക്കണം. നമ്മുടെ സമുദായത്തിന്റെ ജീവിതോദ്ദേശ്യം സർവ്വോപരി ദൈവത്തെ സ്നേഹിക്കയും ചുറ്റുമുള്ള സമുദായങ്ങളെയും ആളുകളെയും കർത്താവേശുമിശിഹായെപ്രതി ശുശ്രൂഷിക്കയും സഹായിക്കയും ചെയ്ക എന്നുള്ളതായിത്തീരണം. കഴിഞ്ഞ കാലത്തു നമ്മുടെ സമൂദായം സ്വീകരിച്ചിട്ടുള്ളതായി പറയാവുന്ന ആദർശങ്ങളെക്കാൾ പരിശുദ്ധവും, ക്രിസ്തീയത്യാഗപൂരിതവുംസ്നേഹസമ്പൂർണ്ണവുമായ ആദർശങ്ങളെ നമ്മുടെ സമുദായവും ഈ നാട്ടിലുള്ള എല്ലാ ക്രിസ്തീയസമുദായങ്ങളും സ്വീകരിക്കേണ്ടതാവശ്യമാണ്.

നമ്മുടെ സഭയെയും ഈ നാട്ടിലുള്ള മറ്റു സഭകളെയും നമ്മുടെ കർത്താവേശുമിശിഹായുടെ അത്യുൽകൃഷ്ഠമായ പരമാദർശങ്ങളിലേക്ക് ആകർഷിപ്പാൻ ദൈവത്തിന്റെ അളവറ്റ കരുണയാൽ ബഥന്യാശ്രമാംഗങ്ങളായ ഞങ്ങൾ പഠിപ്പിലും, പ്രാപ്തിയിലും, ദൈവഭക്തിയിലും കുറവുള്ളവാരാണെങ്കിലും നമ്മുടെ കർത്താവേശുമിശിഹായെ സർവ്വോ

പരി സ്നേഹിക്കണമെന്നുള്ള ആഗ്രഹം ദൈവം ഞങ്ങൾക്കു ദൃഢമായി തന്നിട്ടുണ്ട്. ഈ ആഗ്രഹം നിറവേറ്റുവാൻ ദൈവത്തിന്റെ പരിശുദ്ധ റൂഹാ ഞങ്ങളെ അനുഗ്രഹിക്കയും സഹായിക്കയും ചെയ്യാത്ത പക്ഷം ബഥന്യാശ്രമം കൊണ്ടുണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്ന നന്മ ഉണ്ടാകയില്ലെന്നു ഞങ്ങൾക്കു നന്നായി അറിയാം. ഞങ്ങളുടെ സ്വന്തം നന്മയിലോ ഭക്തിയിലോ ഞങ്ങൾ ലവലേശം ആശ്രയിക്കുന്നില്ല. സത്യാന്തരത്തോടുകൂടി ദൈവത്തോടപേക്ഷിക്കുന്നവർക്ക് അവർ അർഹിക്കാത്ത കൃപകളെ കരുണാനിധിയായ ദൈവം കൊടുക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

അതിനാൽ അനർഹന്മാരായ ഞങ്ങളെ അതിപരിശുദ്ധമായ ഈ സന്യാസജീവിതത്തിലേക്കു വിളിച്ചിട്ടുള്ളവനായ ദൈവം ഞങ്ങൾ അർഹിക്കാത്ത കൃപകളെ തന്റെ കൃപാബാഹുല്യത്താൽ തന്നു ഞങ്ങളെ അനുഗ്രഹിക്കുന്നതു കൂടാതെ ഞങ്ങൾ വഴിയായി കൂടെയും ഈ സമുദായത്തെയും, ഈ നാട്ടിലുള്ള എല്ലാ ക്രിസ്തീയ സമുദായങ്ങളേയും, ഈ രാജ്യത്തുള്ള എല്ലാ സമുദായങ്ങളേയും അനുഗ്രഹിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ കൃപ ഒരു നാളും കുറഞ്ഞു പോകുന്നതല്ല, ബഥനിയുടെ അദ്ധ്യക്ഷനായ ആശ്രമപിതാവിനെ അതിപരിശുദ്ധമായ മേല്പട്ടസ്ഥാനത്തേക്കു വിളിപ്പാനും ബഥനിയുടെ മെത്രാനായി അഭിഷേകം ചെയ്വാനും ഈ വന്ദ്യതിരുമേനികൾക്ക് ഇഷ്ടമുണ്ടായതിൽ ഞങ്ങൾക്കുള്ള കൃതജ്ഞതയെയും ഈ അവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഒരു സംഗതികൂടെ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. കഴിഞ്ഞ രാത്രിയിൽ നി.വ.ദി.ശ്രീ. തുമ്പമൺ, കണ്ടനാട് മുതലായ ഇടവകകളുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കലശലായ രോഗത്തിലും അവശതയിലും കിടക്കയായിരുന്നു. ഇന്നത്തെ സ്ഥാനാഭിഷേകശുശ്രൂഷയിൽ അദ്ദേഹം വേണ്ടപോലെ സഹകരിക്കുകയുണ്ടായി, എന്നു തന്നെയുമല്ല, ശുശ്രൂഷയുടെ അവസാനത്തിൽ തിരുമേനി മദ്ബഹായുടെ വാതിൽക്കൽ എഴുന്നള്ളിയിരുന്ന സ്ലീബാ ഉയർത്തി മൂന്നുപ്രാവശ്യം നിങ്ങളേവരേയും അനുഗ്രഹിക്കയുമുണ്ടായല്ലോ. അത്ഭുതകരമായ ഈ സംഗതി ദൈവത്തിന്റെ അളവറ്റ കരുണയാലും ബലഹീനന്മാരായ നമ്മുടെ പ്രാർത്ഥനമൂലവും സാധിച്ചുവെന്ന് ഏറ്റം കൃതജ്ഞതാപൂർവ്വം ഞാൻ വിശ്വസിക്കുന്നു. ഒന്നാമത്തെ ബസ്സേലിയോസിനെ കൈസറിയായുടെ മെത്രാപ്പോലീത്തായായി സ്ഥാനാഭിഷേകം ചെയ്യുന്നതിനു രണ്ടു മെത്രാന്മാർ മാത്രമേ ഉണ്ടായി

രുന്നുള്ള. ആ സമയത്തു രോഗത്തിൽ കിടന്നിരുന്ന മാർ എവുസേബിയോസ് സൗഖ്യംപ്രാപിച്ച് സ്ഥാനാഭിഷേകശുശ്രൂഷയിൽ സംബന്ധിച്ചതായും, ഇങ്ങനെ മൂന്നു മെത്രാന്മാർ ചേർന്നു ആ ശുശ്രൂഷ നടത്തിയതായും സഭാചരിത്രം സാക്ഷിക്കുന്നു. ദൈവം മഹത്വപ്പെടണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടിയാണ് ഞങ്ങൾ ബഥന്യാശ്രമത്തിനു പുറപ്പെട്ടത്. ഞങ്ങളിൽ എത്രയെല്ലാം ബലഹീനതകളും കുറവുകളും ഉണ്ടായിരുന്നാലും അവയെ പരിഹരിച്ചു ഞങ്ങളെ അനുഗ്രഹിക്കയും നിസ്സാരന്മാരായ ഞങ്ങളെപ്പോലും ദൈവത്തിന്റെ തൃക്കയ്യിൽ തിരുനാമമഹത്വത്തിനുപയുക്തങ്ങളായ ആയുധങ്ങളായി വിനിയോഗിപ്പാൻ ഇതേവരെ തിരുവിഷ്ടം തോന്നുകയും ചെയ്തവനായ കരുണാനിധിയായ ദൈവം മേലാലും ബഥനിയെ ഉത്തരോത്തരം അനുഗ്രഹിക്കയും ദൈവത്തിന്റെ അളവറ്റ മഹത്വത്തിനും ഈ രാജ്യത്തുള്ള എല്ലാ ജനസമുദായങ്ങളുടെയും ആദ്ധ്യാത്മികമായ അഭിവൃദ്ധിക്കും വേണ്ടി വിനിയോഗിക്കയും ചെയ്യുന്നതിനു ദൈവം സഹായിപ്പാനായി ഈ വന്ദ്യതിരുമേനികളും മഹാജനങ്ങളും പ്രാർത്ഥിക്കണമെന്നപേക്ഷിച്ചു കൊണ്ടും ഈ അവസരത്തിൽ എന്നെ അനുമോദിച്ചിട്ടുള്ളവരായ നിങ്ങളേവർക്കും മനപൂർവ്വമായി നന്ദി പറഞ്ഞുകൊണ്ടും എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

(ബഥനിമാസിക - 1925 ജൂൺലക്കം, പുറം 195-235)

## പാത്രിയർക്കീസിന്റെകല്പന

അബ്ദുള്ള ലൗകികാധികാരവ്യാമോഹത്തിനെതിരായി പ്രതിഷേധസ്വരം ഉയർത്തുന്നതിലും, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനു വേണ്ട ആലോചനകളും ഉപദേശങ്ങളും നല്കുന്നതിലും, കാതോലിക്കാസിംഹാസനം മലങ്കരയിൽ പുനഃപ്രതിഷ്ഠിക്കുന്നതിലും എം.എ. അച്ചൻ നിർവ്വഹിച്ചിട്ടുള്ള പ്രവർത്തനങ്ങൾ അബ്ദുള്ളാബാവായുടെ പിൻഗാമിയായ ഏലിയാസു പാത്രിയർക്കീസു ശരിക്കു ഗ്രഹിച്ചിരുന്നു. ദ്വിതീയകാതോലിക്കായെ ഇവിടെ വാഴിച്ചുവെന്നും, എം.എ. അച്ചനെ മെത്രാനായി അഭിഷേചിച്ചുവെന്നും, മെത്രാഭിഷേചനത്തിനുശേഷം അന്ത്യോഖ്യാസിംഹാസനത്തിനെതിരായി അദ്ദേഹം ശക്തിമത്തായ ഒരു പ്രസംഗം ചെയ്തുവെന്നും മറ്റുമുള്ള റിപ്പോർട്ടു മാർ യൂലിയോസും ഇതരമെത്രാന്മാരും കൂടെ അന്ത്യോഖ്യയ്ക്കു അയച്ചുകൊടുത്തു. പ്രസ്തുത റിപ്പോർട്ടു ലഭിച്ച ഉടൻതന്നെ കോപകലുഷിതനായിത്തീർന്ന പാത്രിയർക്കീസു കാതോലിക്കാബാവായെയും എം,എ, അച്ചനെയും ശക്തിമത്തായ ഭാഷയിൽ ശപിച്ചുകൊണ്ടുള്ള ഒരു മുടക്കു കല്പന

ഇടവകകളിൽ വായിക്കുവാനായി അയയ്ക്കുകയാണുണ്ടായത്. യാക്കോബായ പാത്രിയർക്കീസന്മാരുടെ മനഃസ്ഥിതി ശരിയ്ക്കു ഗ്രഹിക്കുന്നതിനു പര്യാപ്തമായ പ്രസ്തുത കല്പന അതേവിധം തന്നെ ചുവടെ ചേർത്തുകൊള്ളുന്നു—

സർവ്വശക്തനായി സാരാംശസമ്പൂർണ്ണനായിരിക്കുന്ന
ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ
മൂന്നാമത്തെ ഏലിയാസ്
ആകുന്ന അന്ത്യോഖ്യായുടെശ്ലീഹായ്ക്കടുത്ത
സിംഹാസനത്തിന്റെ
ഇഗ്നാത്തിയോസു പാത്രിയർക്കീസ്
(മുദ്ര) നമ്പർ 402

നമ്മുടെ വാത്സല്യവാന്മാരായ ബ. ശ്ലീബാ ഓസ്താത്തേവോസ്സു മെത്രാപ്പോലീത്തായ്ക്കും, ബ. പൗലൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്കും, ബ. ഗീവറുഗീസ് സേവറിയോസു മെത്രാപ്പോലീത്തായ്ക്കും ബ. ഏലിയാസു യൂലിയോസു മെത്രാപ്പോലീത്തായ്ക്കും കൂടി എഴുതുന്നതു. ദൈവമായ കർത്താവിന്റെ വാഴ്വ് അവരുടെ മേലും അവരോടു ചേരുന്ന എല്ലാവരുടെമേലും വസിക്കുമാറാകട്ടെ. അതു ദൈവമാതാവായ മറിയാമിന്റെ പ്രാർത്ഥനയാൽ തന്നെ; ആമ്മീൻ.

നിങ്ങളുടെ സ്നേഹത്തിനു സമാധാനത്തെ നാം പ്രദാനം ചെയ്യുന്നു. ക്രിസ്താബ്ദം 1925 മിഥുനം 21-ാം തീയതി നിങ്ങൾ അയച്ച എഴുത്തു നമുക്കു കിട്ടി. മെത്രാപ്പോലീത്താ അല്ലാതിരിക്കുന്ന വാകത്താനത്തുകാരൻ ഗീവറുഗീസു റമ്പാനെ മുടക്കപ്പെട്ടവനും ശപിക്കപ്പെട്ടവരുമായ അവന്റെ ഇഷ്ടന്മാർ ഇപ്പോൾ കാതോലിക്കാ എന്നു പേർ വിളിച്ചതായും പരേതനായ നമ്മുടെ മുൻഗാമിയായിരുന്ന അബ്ദള്ളാ പാത്രിയർക്കീസിനാൽ പ്രത്യേകം ശപിക്കപ്പെട്ടിരിക്കുന്ന ഗീവറുഗീസു കശ്ശീശാ എം.എ.യെ അവന്റെ ഇഷ്ടന്മാർ എപ്പിസ്കോപ്പാ എന്നു പേർവിളിച്ചതായും അതിൽനിന്നു നമുക്കു മനസ്സിലായി. മുടക്കപ്പെട്ട അബ്ദൽമിശിഹാ ചുവപ്പുവേഷം ധരിപ്പിച്ചിട്ടുള്ള മൂന്നുപേരും വ്യർത്ഥന്മാരും മുടക്കപ്പെട്ടവരും ആകുന്നു. എന്തെന്നാൽ ഒരുവനു ഏതെങ്കിലും സ്ഥാനം കൊടുപ്പാൻ അബ്ദൽമിശീഹിനു നമ്മുടെ വിശുദ്ധസഭയിൽ റൂഹായ്ക്കടുത്ത അധികാരം അശേഷമില്ല. അവന്റെ പ്രവർത്തികളും കല്പനകളും അസാധുവാകുന്നു. മരിച്ചുപോയ ഒരാളിൽനിന്നും യാതൊരു സ്ഥാനവും കൈക്കൊള്ളുവാൻ ഒരുവൻ നിവൃത്തിയില്ലാത്തതുപോലെ തന്നെ സിംഹാസനത്തിൽ നിന്നും തള്ളപ്പെട്ടതിനു

ശേഷം പാത്രിയർക്കാസ്ഥാനത്തിൽ നിന്നും മരിച്ചവനായിത്തീർന്നു പോയ അബ്ദൽമ്ശീഹിൽ നിന്നു യാതൊരു സ്ഥാനവും പ്രാപിക്കു വാൻ നിവൃത്തിയില്ല. മുടക്കപ്പെട്ട ഗീവറുഗീസിനേയും റൂഹായ്ക്കടുത്ത നല്വരത്തിൽ നിന്നും ഒഴിഞ്ഞിരിക്കുന്ന അബ്ദൽമിശീഹനേയും അംഗീകരിക്കുന്നവർ സഭയുടെ ഉടലിൽ നിന്നും വേർപെട്ടുപോയിരി ക്കുന്നു എന്നു നാം മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ തന്നെ ഇപ്പോഴും പ്രസ്താവിക്കുന്നു. അവർ നമ്മുടെ വിശ്വാസത്തിന് എതി രാളികളാകുന്നു. ഈ വിവരത്തിനു ക്രിസ്താബ്ദം 1924 – ചിങ്ങം 12 –ാം തീയതി നാം ഒരു പൊതുക്കൽപ്പന നിങ്ങൾക്ക് അയച്ചിട്ടുണ്ടല്ലോ. വ്യർത്ഥസ്ഥാനം പ്രാപിച്ചവരായ മേല്പറഞ്ഞ വാകത്താനത്തുകാരനും എം.എ.ക്കാരനും യാതൊരു സ്ഥാനവുമില്ല. റൂഹായിയ്ക്കടുത്ത യാതൊരു വരവും അവർക്കില്ല എന്നു മാത്രമല്ല, അവർക്കു നമ്മുടെ സഭയിൽ ഒരവകാശവുമില്ല. ഈ വിവരം ഇപ്പോൾ നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കി എന്നു നാം വിചാരിക്കുന്നു. അനന്തരം നിങ്ങളുടെ സ്നേഹത്തോടു നാം ആജ്ഞാപിക്കുന്നതെന്തെന്നാൽ ഗീവറുഗീസും അവന്റെ സഖാക്കളും, അവരോടു ചേർന്നിരിക്കുന്നവരും പൈശാചിക പ്രവൃത്തികളിൽ പെരുമാറുകയും അന്ത്യോഖ്യാ സിംഹാസനത്തിനെ തിരായി നിന്നു പാത്രിയർക്കാസ്ഥാനത്തെ നിന്ദിക്കുകയും, തന്നിഷ്ട പ്രകാരം നടക്കുവാനും മലയാളത്തു കാതോലിക്കാസ്ഥാനം സ്ഥിരപ്പെ ടുത്തുവാനും ആഗ്രഹിക്കുകയും ചെയ്യുന്നവരാകുന്നു. മൂശയ്ക്കു വിരോ ധമായി എഴുന്നേറ്റവരെയും ദയാനീസിനെയും യന്നബാറിസിനെയും ഓർത്തുകൊൾവിൻ. ശാപത്തിന്റെ ഈവക പ്രവൃത്തി ചെയ്യുന്നവനും അപ്രകാരമുള്ളവരാകുന്നു. എന്നേക്കും നിന്നിൽ നിന്നും ഒരുവനും ഫലം “ലഭിക്കാതിരിക്കട്ടെ” എന്നു നമ്മുടെ കർത്താവു ആ അത്തിവൃ ക്ഷത്തോടു പറഞ്ഞപ്പോൾ അതു ഉണങ്ങിപ്പോയി എന്നുള്ളതും ഓർത്തുകൊൾവിൻ. ദൈവത്തിന്റെ ശക്തിയാൽ അങ്ങനെ തന്നെ അവരും ഉണങ്ങിപ്പോകുന്നതാകുന്നു. അവരിൽനിന്നും ഫലം ഉണ്ടാ കുകയില്ല. അവർ വിശുദ്ധസഭയുടെ മടിയിലേക്കു തിരികെ വരത്തക്ക വണ്ണം ദൈവം അനുതാപത്തിൻരെ ആത്മാവ് അവർക്ക് കൊടുത്തില്ല. അവരുടെ പാപങ്ങളിൽ നിങ്ങൾ അശുദ്ധപ്പെടാതിരിക്കാനായിട്ടു അവ രിൽ നിന്നും അകന്നുകൊൾവിൻ, ദുഷ്ടന്മാർക്കു സമാധാനമില്ലെന്നു ദീർഘദർശി പറഞ്ഞിരിക്കുന്നതുകൊണ്ടു നിങ്ങൾ അവർക്കു സമാ ധാനം കൊടുക്കരുത്. ഇസ്രായേലിന്റെ ദൈവം സകല ദോഷങ്ങളിൽ നിന്നും നിങ്ങളെ കാത്തു സഹായിക്കട്ടെ. വിവരം പൊതുവിൽ അറി

യിക്കണം അനുസരണമുള്ളവരുടെമേൽ കൃപയും വാഴ്‌വും ഉണ്ടായിരിക്കട്ടെ. ആമ്മീൻ

ക്രിസ്താബ്ദം 1925-ചിങ്ങം 28-ാം തീയതി സിംഹാസനദയറായിൽ നിന്നും.

ഈ കല്പന അന്ത്യോഖ്യായുടെ അപ്പോസ്തോലക സിംഹാസനത്തിൽ വാഴുന്ന മൂന്നാമത്തെ ഏലിയാസു എന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു അയച്ചു തന്നിട്ടുള്ള കല്പനയുടെ തർജ്ജിമയാകുന്നു.

സ്ലീബാമാർ ഒസ്താത്തേവോസു മെത്രാപ്പോലീത്താ (ഒപ്പും മുദ്രയും)
ഏലിയാസു മാർ യൂലിയോസു മെത്രാപ്പോലീത്താ ”
പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ”
ഗീവറുഗീസ് മാർ സേവേറിയോസു മെത്രാപ്പോലീത്താ ”

യഥാർത്ഥകൈവെയ്പ്പു ലഭിച്ചിട്ടുള്ള കാതോലിക്കാബാവായെയും ഓർത്തഡോക്സ് സഭയിലെ ഇതരമെത്രാന്മാരെയും എത്ര ഗർഹണീയമായ ഭാഷ ഉപയോഗിച്ചാണ് യാക്കോബായപാത്രിയർക്കീസു ഈ കല്പനയിൽ അധിക്ഷേപിച്ചിരിക്കുന്നതെന്നു വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ. എന്നാൽ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനും വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയുമായ റോമാമാർപ്പാപ്പാ യാക്കോബായസഭയുടെ ഹൂദായകാനോൻപ്രകാരം “റീശുപാത്രിയർക്കീസ്” -ഓർതഡോക്സുസഭയിലെ പട്ടത്വം അംഗീകരിച്ചുകൊണ്ടു പ്രസ്തുത മെത്രാന്മാരെപ്പറ്റി എത്ര ബഹുമാനപുരസ്സരമാണ് പ്രസ്താവിച്ചിരിക്കുന്നതെന്ന് ഈ ഗ്രന്ഥത്തിന്റെ തുടർന്നുള്ള അദ്ധ്യായങ്ങളിൽ നിന്നും വായനക്കാർക്ക് ഗ്രഹിക്കാവുന്നതാണ്. നമ്മുടെ കഥാപുരുഷൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുള്ള ആലോചനകൾ നടത്തിയതിന്റെ അവസാനം പ്രസ്തുത സഭയെ ആശ്ലേഷിച്ചതിന്റെയും കാരണങ്ങൾ ഒന്ന് ഇതു തന്നെയായിരുന്നു.

## അദ്ധ്യായം – 14

# രസകരങ്ങളായ ഏതാനും സംഭവകഥകൾ

**ഇ**ൗ ജീവചരിത്രഗ്രന്ഥത്തിന്റെ (ഒന്നാംഭാഗം) ഏകദേശം മദ്ധ്യ ഭാഗം വരെ എത്തിച്ചേർന്നിരിക്കുന്ന ബഹുമാന്യവായനക്കാർക്ക് അല്പ സമയത്തേക്കെങ്കിലും ഒരു വിശ്രമം നല്കേണ്ടത് അത്യന്താപേക്ഷിത മാണല്ലോ. മാർ ഈവാനിയോസിന്റെ ജീവിതവുമായി അഭേദ്യബന്ധ മുള്ളതും രസാവഹങ്ങളുമായ ചില കഥകൾ അതിനുവേണ്ടി ഈ അദ്ധ്യായത്തിൽ ചേർക്കുവാനാണ് ഉദ്ദേശിക്കുന്നത്. കഥാപുരുഷന്റെ പാണ്ഡിത്യം, ഏകാഗ്രത, ദീർഘദൃഷ്ടി, സമാധാനതല്പരത എന്നി വയെല്ലാം പ്രസ്പഷ്ടമാക്കുന്നവയത്രേ പ്രസ്തുത സംഭവകഥകൾ.

എം.എ. അച്ചൻ എന്ന അപരാഭിധാനത്താൽ കോട്ടയം എം.ഡി. സെമിനാരി ഹൈസ്ക്കൂൾ പ്രിൻസിപ്പാളായി കഥാപുരുഷൻ സേവനം നിർവ്വഹിച്ചുകൊണ്ടിരുന്ന അവസരത്തിൽ സംഭവിച്ച രണ്ടു കഥകളാണ് ആദ്യമായി ചേർക്കുന്നത്. "ഗിരിദീപ"ത്തിൽ ആത്മകഥാരൂപത്തിൽ എഴു തിയിരുന്ന പ്രസ്തുത കഥകൾ രണ്ടും അതേവിധം തന്നെ ചുവടേ ഉദ്ധ രിച്ചുകൊള്ളുന്നു:

**'ഉം' എന്നു മൂളിയിരുന്നെങ്കിൽ**

പ്രഥമ ശ്രവണത്തിൽ നമ്മുടെ ചങ്കുറപ്പില്ലായ്മയെക്കുറിച്ച് സാമാ ന്യജനങ്ങൾ നമ്മെ കുറ്റപ്പെടുത്തിയേക്കാവുന്ന ഒന്നു രണ്ടു സംഭവങ്ങൾ ഇവിടെ ചേർക്കുന്നത് അസംഗതമായിരിക്കാൻ ഇടയുള്ളതല്ല. തദവ സരത്തിൽ ആശ്രിതന്മാരായി നിന്നവരോട് 'ഉം' എന്നൊന്ന് മൂളിയാൽ

ലഭിക്കുമായിരുന്ന താല്ക്കാലികവിജയങ്ങളെ നഷ്ടപ്പെടുത്തിക്കളഞ്ഞതിന് നാമല്ല, സർവ്വാന്തര്യാമിയായ ദൈവമാണ് ഉത്തരവാദി എന്നു മാത്രമേ നമുക്കിവിടെ സമാധാനം പറയാനുള്ളു.

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ സംബന്ധിച്ചുള്ള മുടക്കുകല്പന പഴയസെമിനാരി ചാപ്പലിൽ വായിപ്പാൻ തീർച്ചപ്പെടുത്തിയ ആ 1086 ഇടവം 29-ാം തീയതി ഞായറാഴ്ച നടന്ന സംഭവം തന്നെയായിരിക്കട്ടെ ഒന്നാമത്തേത്. മുടക്കുകല്പന വായിക്കുമെന്നും വായിപ്പിക്കയില്ലെന്നും വാദിച്ചിരുന്ന അസംഖ്യം ജനങ്ങളാൽ ചാപ്പൽ നിബിഡീകൃതമായിക്കഴിഞ്ഞു. എന്താണുണ്ടായേക്കുക എന്നു സാമാന്യജനങ്ങൾ അമ്പരന്നു നില്ക്കുന്നു. കല്പന വായിച്ചാൽ അടിപിടിയും ലഹളയും നിശ്ചയം; അവിടെ ആലോചന, ഇവിടെ മന്ത്രം; മറ്റൊരിടത്തു വാഗ്വാദം; വേറൊരിടത്ത് അസഭ്യസംഭാഷണം; ആകപ്പാടെ ശബ്ദകോലാഹലം തന്നെ. ഇതിനിടയിൽ ജനങ്ങളെ ഇരുവശത്തേയ്ക്കും അകറ്റി നിർത്തിക്കൊണ്ടു പരിഭ്രമാകുലനായിത്തീർന്ന പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് സ്വപക്ഷത്തുള്ള മേല്പട്ടക്കാരോടും പട്ടക്കാരോടും കൂടി പള്ളിയിൽ കയറി മദ്ബഹായിൽ പ്രവേശിച്ചു. തൽക്ഷണം വി. കുർബാനയും തുടങ്ങി. ഏതാണ്ടീനേരത്തോടടുപ്പിച്ചായിരുന്നു നാം എം.ഡി. സെമിനാരിയിൽ നിന്നും പഴയസെമിനാരി ചാപ്പലിൽ വന്നു ചേരുകയുണ്ടായത്. നാം ഉൾപ്പെടെ ചിലർ മദ്ബഹായിലും ചിലർ പള്ളിയിലും പ്രവേശിച്ച് നില്പായി. ബസ്മല്ക്കാ കഴിഞ്ഞുള്ള സംഭവത്തെ പ്രതീക്ഷിച്ച് എല്ലാവരും വിചാരനിമഗ്നരായി നില്ക്കുന്നു. വി. കുർബാന ഒരുവഴിയെ; വിചാരം മറ്റൊരു വഴിയെ, നമ്മുടെ ശിഷ്യനായ ഒരു ശെമ്മാശൻ ധൃതഗതിയിൽ മദ്ബഹായിൽ കയറിവന്നു നമ്മെ പുറത്തു വടക്കേ വരാന്തയിലേക്കു വിളിച്ചുകൊണ്ടുപോയി നമ്മോട് ഈ വിധം ചെവിയിൽ മന്ത്രിച്ചു.

"പള്ളിയിലേക്കു പോന്ന ധൃതിയിൽ ബാവായുടെ മുറി പൂട്ടുവാൻ അവർക്കിടയായിട്ടില്ല. പണപ്പെട്ടിയും മറ്റു സർവ്വസാധനങ്ങളും അവിടെ ഇരിക്കുന്നു. എല്ലാവരും പള്ളിയിലാണ്. ഞാനതെല്ലാം എടുത്തു മാറ്റിക്കൊള്ളട്ടയോ? ഒരൊറ്റ നിമിഷത്തിനകം സാധിച്ചേക്കാം."

"വേണ്ടാ."

"എന്നാൽ ഞാനവ ഇപ്പോളെടുത്തു ആറ്റിലെറിയും."

"പാടില്ല, അനാവശ്യമായി ഒന്നും ചെയ്വാൻ അനുവാദമില്ല."

നമ്മുടെ ഒരു ശിഷ്യനും പ്രസംഗകനുമെന്ന നിലയിൽ പലർക്കും

സുപരിചിതനായി ഇപ്പോൾ കത്തനാരായി അറിയപ്പെടുന്ന അയാളുടെ പേർ നാം ഇവിടെ വിശദപ്പെടുത്തുന്നില്ല.

* * * * *

**പോക്കറ്റിലെ കല്പന**

മറ്റൊരു സംഭവം ആർക്കോണം സ്റ്റേഷനിൽ വെച്ചു നടന്നതത്രേ. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും മാർ യൂലിയോസു മെത്രാനും നാമും കൂടെയുള്ള പട്ടക്കാരും മറ്റും ബോംബെയിൽനിന്നു പുറപ്പെട്ടു ആർക്കോണം റയിൽവേ സ്റ്റേഷനിൽ എത്തിയിരിക്കുന്നു. മെത്രാപ്പോലീത്തായുടെ ആവശ്യപ്രകാരം മാർ യൂലിയോസു മെത്രാൻ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു തന്നെ ഏല്പിച്ച മുടക്കു തീർത്ത കല്പന പരസ്യമായി നിവർത്തിപ്പിടിച്ചു വായിച്ചതിനു ശേഷം ളോഹയുടെ കീശയിൽ തിരുകി. സ്വല്പനേരത്തിനകം കുളിക്കാനായി അദ്ദേഹം കുളിമുറിയിൽ പ്രവേശിച്ചു. അപ്പോൾ എത്തിയിരിക്കുന്നു നമ്മുടെ വേലക്കാരനായ കുന്നംകുളത്തുകാരൻ വാറു അടിയന്തിരമായ ഒരു സ്വകാര്യവും കൊണ്ട്.

“എന്തെടാ?”

“യൂലിയോസുമെത്രാച്ചൻ കുളിക്കാൻ പോയപ്പോൾ അദ്ദേഹം കുപ്പായമൊക്കെ അടുത്ത മുറിയിൽ അഴിച്ചിട്ടിരിക്കുന്നു. ആ കല്പന അതിന്റെ പോക്കറ്റിലുണ്ട്. ഞാൻ ആ കല്പന കയ്യിലാക്കട്ടെയോ?”

“അനാവശ്യം ചെയ്യരുത്.”

മേലുദ്ധരിച്ച രണ്ടവസരങ്ങളിലും നാമൊന്ന് അനുകൂലിച്ചിരുന്നെങ്കിൽ മലങ്കരസഭയിലെ വിപ്ലവത്തിന്റെ കൈവഴികൾ വേറെ ചിലതൊക്കെയായി പരിണമിച്ചേക്കാമെന്നല്ലാതെ, അവകൊണ്ടു സ്ഥായിയായ ഗുണം ലഭിക്കുമായിരുന്നുവെന്നു വിചാരിക്കുന്നവരാരും വായനക്കാരുടെ കൂട്ടത്തിൽ ഉണ്ടാകയില്ലെന്നു നാം വിശ്വസിക്കുന്നു.

* * * * *

**1910-ൽ നടന്ന രഹസ്യാലോചന**

കഥാപുരുഷന്റെ കത്തോലിക്കാപുനരൈക്യാനന്തരം അദ്ദേഹത്തേയും പുനരൈക്യപ്രസ്ഥാനത്തേയും അപലപിച്ചുകൊണ്ടു “മലങ്കര സുറിയാനിസഭാ സംരക്ഷകസംഘം” വകയായി തിരുവല്ലായിൽനിന്നും പ്രസിദ്ധപ്പെടുത്തിയ “റീത്തുപ്രസ്ഥാന രഹസ്യങ്ങൾ” എന്ന പുസ്തകത്തിൽ ചേർത്തിരുന്ന ഒരു കഥയാണു താഴെ ചേർക്കുന്നത്.

മണിനാലടിച്ചു. തേനീച്ചക്കൂട്ടിലെ തേനീച്ചയെന്നവണ്ണം നിശ്ശബ്ദരായി ഒതുങ്ങിയിരുന്ന വിദ്യാർത്ഥികൾ ചില മുരളിച്ചയോടുകൂടി നാലുപാടും ചിന്നിച്ചിതറി ത്വരിതഗതിയിൽ യാത്രയാകുന്നു. ഗുരുവരന്മാരാകട്ടെ പ്രഹരാദിപ്രയോഗത്തിനോ സ്വയരക്ഷയ്ക്കോ ആയി ഹസ്തഗതമാക്കിയിരുന്ന ചില ചൂരൽവടികൾ താഴ്ത്തിവെച്ചിട്ടു പകരം നല്ല രസികൻ ഒറ്റമൂട്ടൻ ചൂരൽവടികൾ എടുത്തു കറക്കിക്കൊണ്ട് വിനോദവാണികൾ പൊഴിച്ചു. സായംകാലസവാരിക്കിറങ്ങിക്കഴിഞ്ഞു. ഫുട്ബോൾ, ബാറ്റ്മിന്റൻ, ടെന്നീസ് മുതലായ കളികളിലേർപ്പെട്ടു സമയം പോക്കുന്ന അദ്ധ്യാപകാദ്ധ്യേതാക്കളും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും ഒട്ടും കുറവല്ല. ഈ വിധം ഉന്മേഷഭരിതരായ ജനാവലികളാലാവ്രതമായി കോട്ടയം പട്ടണം ലാലസിക്കുന്ന അവസരത്തിൽ രണ്ടുമൂന്നു മാന്യന്മാർ ഒരു ഗൂഢസ്ഥലത്തിരിക്കുന്നതായി നാം കാണുന്നു. അവർ വെറും വിശ്രമാർത്ഥം ഇരിക്കുകയായിരിക്കുമോ? ഉന്മേഷഭരിതമെങ്കിലും ഗൗരവദ്യോതകമായ മുഖഭാവവും ജിജ്ഞാസാപരമായ സംസാരഗതികളും കാണുവാനിടയാകുന്നവരാരും ഇത് എന്തോ സാരതരമായ സംഗതിയെപ്പറ്റിയുള്ള അതിഗാഢമായ ആലോചനരംഗമെന്നു സമ്മതിക്കാതിരിക്കയില്ല. ഉവ്വ്, അത് അങ്ങിനെ തന്നെയാണ് ശക്തിയുക്തം കാര്യങ്ങൾ ഗ്രഹിപ്പിച്ചുകൊണ്ടു കാണപ്പെടുന്ന സംഘനായകൻ ഏവർക്കും സുപരിചിതനും "പ്രിൻസിപ്പാളച്ചൻ" എന്ന അപരാഭിധാനവാഹിയുമായ ഫാദർ പി.റ്റി. ഗീവറുഗീസ് എം.എ. എന്ന വന്ദ്യദേഹമാണെന്നു പ്രഥമവീക്ഷണത്തിൽ തന്നെ ആർക്കും മനസ്സിലാകും. മറ്റവരോ ഇദ്ദേഹത്തിന്റെ ഉറ്റമിത്രങ്ങളായ മിസ്റ്റർ കെ.വി. ചാക്കോയും, സർക്കാർ വക്കീൽ (ഇപ്പോൾ ജഡ്ജി), മിസ്റ്റർ എ.പീലിപ്പോസുമാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. മിക്കവാറും പതിവായി നടത്തപ്പെട്ട ഈ രഹസ്യാലോചനകൾ വെറും യാദൃശ്ചികങ്ങളായിരിക്കയില്ലെന്നു നിശ്ചയിക്കാം. ഇങ്ങനെ ഒരേ സംഗതിയെപ്പറ്റി പലനാൾ കേൾപ്പാനിടയായ സ്കൂളിലെ ഒരു ശിപായി സന്ദർഭവശാൽ പഴയസെമിനാരിയിൽ പോകാനിടയായപ്പോൾ മാർ ദിവന്നാസ്യോസ് തിരുമേനിയെ ഈ വസ്തുത ഗ്രഹിപ്പിക്കതന്നെ ചെയ്തു. യാദൃഛികമായി ഓർമ്മ വന്ന ഈ സംഗതി ഈയിടെ വലിയ തിരുമേനിയിൽ നിന്നു ചിലർക്ക് കേൾപ്പാനിടയായത് ഇപ്രകാരമാണ്.

ശിപായി — പൊന്നുതിരുമേനി, നമ്മുടെ സഭയിലെ ചിലമഹാന്മാർക്കു റോമാസഭയിൽ ചേരണമെന്നുള്ള ആഗ്രഹമാണേ.

വലിയ തിരുമേനി — ഈ കാര്യം നിന്നോട് ആരു പറഞ്ഞു?

ശിപായി — അടിയൻ അവിടെ വീട്ടിൽ (മി. പീലിപ്പോസ് വക്കീൽ താമസിച്ചിരുന്ന വീടിനെ ഉദ്ദേശിച്ചാണ്) ചെന്നിരുന്നപ്പോൾ പ്രിൻസിപ്പാളച്ചനും, പീലിപ്പോസു വക്കീലും, ചാക്കോ മാസ്റ്ററും കൂടി മുറിയിലിരുന്നുകൊണ്ട് ഇക്കാര്യം പറയുന്നതുകേട്ടു.

വലിയ തിരുമേനി — നീ എന്നാണ് കേട്ടത്?

ശിപായി — അടിയൻ പലപ്പോഴും കേട്ടിട്ടുണ്ട്. ഇന്നലെയും കേട്ടു.

ആകട്ടെ, നീ നിന്റെ ജോലിക്കു പൊയ്ക്കൊൾക എന്നുള്ള ശബ്ദം പ്രതിദ്ധ്വനിച്ചതോടുകൂടി ശിപായി അപ്രത്യക്ഷനാകയും ചെയ്തു.

(റീത്തു പ്രസ്ഥാനരഹസ്യങ്ങൾ പുറം 18-19)

*   *   *   *   *   *

**4. ബഥനിയിലെ ദൈവപരിപാലനം**

ബഥനി ആശ്രമത്തിൽ വെച്ചു നടന്ന രണ്ടു സംഭവകഥകൾ കഥാപുരുഷൻ ഗിരിദീപത്തിൽ എഴുതിയിരുന്നതാണ് ചുവടെ ചേർക്കുന്നത്.

കാലത്തുള്ള പ്രാതൽ കഴിഞ്ഞ്, ഉച്ചയ്ക്ക് അല്പം മുമ്പായി ആശ്രമസ്ഥന്മാരിൽ ഒരാൾ വന്ന് "മുന്നാഴിയരി മാത്രമേയുള്ളു. ഉച്ചഭക്ഷണത്തിനെങ്ങിനെയാണ്?" എന്ന് നമ്മോടു ചോദിച്ചു. ഒന്നോ രണ്ടോ നേരത്തേ ഭക്ഷണം ഉപേക്ഷിച്ചാൽ വരാവുന്ന കുഴപ്പങ്ങൾ എന്തെല്ലാമെന്ന് അനുഭവം കൊണ്ട് അറിഞ്ഞിട്ടുള്ള ആശ്രമസ്ഥന്മാർക്ക് അത് ആശങ്കയ്ക്ക് ഇട വരുത്തുമാറാവരുതല്ലോ എന്നു കരുതിക്കൊണ്ട് "സാരമില്ല; ആ അരികൊണ്ട് അനാഥക്കുഞ്ഞുങ്ങൾക്ക് കഞ്ഞിയോ മറ്റോ വെച്ചുകൊടുത്തേയ്ക്കുക. നമുക്കു കപ്പയുണ്ടല്ലോ" എന്നു നാം പറഞ്ഞു കഴിഞ്ഞപ്പോഴേക്ക് "കപ്പയുമില്ല" എന്നാണ് അയാളുടെ മറുപടി. അതും തീർന്നു കഴിഞ്ഞിരിക്കുന്നു.

"എന്നാൽ നമുക്ക് പട്ടിണി കിടക്കാം. ഇതും ദൈവത്തിന്റെ കരുണയാണെന്നു വിചാരിച്ചാൽ മതി" എന്നു നാമും പറഞ്ഞു.

ആശ്രമസ്ഥന്മാർ മടങ്ങിപ്പോയി കുറേക്കഴിഞ്ഞ് ഉച്ചനമസ്കാരത്തിനായി എല്ലാവരും ചാപ്പലിൽ കൂടി. ഏകദേശം പന്ത്രണ്ടരമണിയോടുകൂടി പുറത്തു വന്നപ്പോഴുണ്ട് ഒരു വൃദ്ധൻ തലയിൽ ഒരു ചുമടുമായി കുശിനിയുടെ മുമ്പിൽ നില്ക്കുന്നു. എന്താണെന്നു ചോദിച്ചപ്പോൾ കുറെ വെള്ളയപ്പമാണ് എന്ന് ആ വൃദ്ധൻ പറഞ്ഞു. ഉച്ചയ്ക്കു കൃത്യസമയത്തു തന്നെ എല്ലാവരും ഭക്ഷണശാലയിൽ പ്രവേശിച്ചുകൊണ്ട് അതു കഴിച്ചു. സന്ധ്യയായപ്പോൾ മറ്റൊരാൾ പിടിയരിയുമായിട്ടും

അവിടെ വന്നു. അന്ന് ആർക്കും പട്ടിണി കിടക്കേണ്ടതായി വന്നില്ല.

*   *   *   *   *   *

**അനാഥബാലന്റെ വേദശാസ്ത്രം**

ഒരു ദിവസം ആശ്രമസ്ഥന്മാർ ഉച്ചതിരിഞ്ഞ് അരുവിയിലേക്ക് കുളിക്കാൻ പോകുകയായിരുന്നു. അപ്പോൾ വഴിമദ്ധ്യേ ഒരു അനാഥക്കുഞ്ഞ് കുളികഴിഞ്ഞ് മടങ്ങി വരുന്നതു കണ്ടു.

"കുഞ്ഞേ" അരുവിയിൽ വല്ലവരും കുളിക്കുന്നുണ്ടോ?" എന്നു ഗുരു കുഞ്ഞിനോടു ചോദിച്ചു.

അല്പസമയം ഘനഭാവം അവലംബിച്ച് മൗനമായി നിന്നതിന്റെ ശേഷം,

"ആരുമില്ല-ഒരാളുണ്ട്-രണ്ടുപേരുണ്ട്-മൂന്നുപേരുണ്ട്-എല്ലാവരുമുണ്ട്, ഇല്ലെങ്കിൽ ആരുമില്ല" എന്നു കുഞ്ഞ് ഉത്തരം പറഞ്ഞങ്ങു നടന്നു പോയി.

വിസ്മയഭരിതരായി കുഞ്ഞിന്റെ അഹങ്കാരബുദ്ധിയിൽ പെട്ടെന്നു കാലുഷ്യം തോന്നിയവരായ ആശ്രമസ്ഥന്മാർക്കു കുഞ്ഞു പറഞ്ഞതു എന്തിനെ സൂചിപ്പിച്ചായിരുന്നുവെന്നു പിന്നീടാണ് മനസ്സിലായത്.

തലേദിവസം നാം ത്രിത്വത്തെപ്പറ്റി ആശ്രമസ്ഥന്മാരെ പഠിപ്പിച്ചിരുന്നു. തത്സമയം കുഞ്ഞു വരാന്തയിൽ ഉണ്ടായിരുന്നുവത്രേ. ആരുമില്ലാത്തിടത്തു ദൈവമുണ്ടെന്നും, ദൈവം ഒരാൾ അല്ലെന്നും പിതാവും പുത്രനും വി. റൂഹായും അതിൽ അടങ്ങിയിട്ടുണ്ടെന്നും, ദൈവമുള്ളേടത്ത് മാലാഖമാർ പരിശുദ്ധന്മാർ മുതലായി എല്ലാവരും ഉണ്ടെന്നും മറ്റും പഠിപ്പിച്ചിരുന്നതു കേട്ടിട്ടു തനിക്കും വേദതത്വശാസ്ത്രം അറിയാമെന്നു ഭാവിക്കുകയായിരുന്നു കുഞ്ഞു ചെയ്തത്. തന്റെ ആ തത്വജ്ഞാനക്കലവറ ഗുരുവിന്റെയും ആശ്രമസ്ഥന്മാരുടേയും മുമ്പിലല്ലാതെ മറ്റാരുടെ മുമ്പിലാണ് കുഞ്ഞു പ്രദർശിപ്പിക്കേണ്ടത്.

*   *   *   *   *   *

**നിരാഹാരസത്യാഗ്രഹം**

കഥാപുരുഷന്റെ സമാധാനതല്പരതയേയും ധീരമനഃസ്ഥിതിയേയും പ്രസ്പഷ്ടമാക്കുന്ന ഒരു സംഭവമാണ് അന്നു തിരുവല്ലായിൽ വെച്ചു നടന്നത്. സമുദായക്കേസിൽ ഓർത്തഡോക്സ് സഭ പരാജയമടഞ്ഞ സന്ദർഭം. മാർത്തോമ്മാക്കാരുടെ വകയായി തിരുവല്ലായിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന "നവഭാരതി" പത്രത്തിൽ പരാജിതരെ

അധിക്ഷേപിച്ചുകൊണ്ടുള്ള ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. മാർത്തോമ്മാസഭയിലെ ഒരു പണ്ഡിതനും താർക്കികനുമായ മിസ്റ്റർ കെ.എൻ. ദാനിയേലിന്റെ ലേഖനങ്ങൾ ഓർത്തഡോക്സുകാരെ കോപകലുഷിതരും വൈരാഗ്യബുദ്ധികളുമാക്കിത്തീർത്തു. എന്താണുവേണ്ടത്? തിരുവല്ലായിലെ ഓർത്തഡോക്സ് സഭാനേതാക്കന്മാർ ആലോചന തുടങ്ങി. അവസാനം അവർ നിശ്ചയിച്ചു ഒരു പ്രതിവാരപ്പത്രമാരംഭിക്കണമെന്ന്. "നവഭാരതി"ക്കെതിരായി "വീരഭാരതി" അങ്ങിനെ രംഗപ്രവേശം ചെയ്തു. മി.കെ. എൻ. ദാനിയേലിനെയും മാർത്തോമ്മാസഭയേയും അധിക്ഷേപിച്ചുകൊണ്ടുള്ള ലേഖനങ്ങളും വാർത്തകളും വഹിച്ചുകൊണ്ട് ഒന്നല്ല, രണ്ടു ലക്കങ്ങൾ ഇറങ്ങിക്കഴിഞ്ഞു. ഇരുസഭകളിലേയും അംഗങ്ങൾ തമ്മിലുള്ള വൈരം വർദ്ധിച്ചും തുടങ്ങി. "വീരഭാരതിയുടെ പ്രസിദ്ധീകരണം നിറുത്തണ" മെന്നു ഇരുസഭകളിലേയും നേതാക്കന്മാർ പ്രവർത്തകന്മാരോടു അഭ്യർത്ഥിച്ചു. പക്ഷേ, ഫലമുണ്ടാകുന്ന മട്ടില്ല. മൂന്നാം ലക്കം പ്രസിദ്ധപ്പെടുത്തുവാനുള്ള കോപ്പുകൾ അണിയറയിൽ ശേഖരിച്ചു കഴിഞ്ഞു. എന്തു സംഭവിക്കുമെന്നറിയാതെ എല്ലാവരും വിഷമിച്ചു തുടങ്ങി. ഇത്തരുണത്തിലാണ് ബഥനി ആശ്രമദ്ധ്യക്ഷനായ ഫാ. പി.റ്റി. ഗീവറുഗീസ് എം.എ. തിരുവല്ലായിലെത്തിയത്. "വീരഭാരതി"യുടെ പ്രവർത്തകന്മാരെക്കണ്ട് ഇനിയും പത്രം ഇറക്കരുതെന്നു അദ്ദേഹം അഭ്യർത്ഥിച്ചു. പക്ഷേ, അവർ സമ്മതിക്കുമോ "പല്ലിനു പകരം പല്ല്" "കണ്ണിനു പകരം കണ്ണ്" എന്ന പ്രമാണമാണ് അവർക്കു സ്വീകാര്യം. ഫാദർ ഗീവറുഗീസുണ്ടോ നിരാശനായി പിന്തിരിയുന്നു! നിരാഹാരസത്യാഗ്രഹം നടത്തുകതന്നെയെന്നു അദ്ദേഹം നിശ്ചയിച്ചു കഴിഞ്ഞു. എം.ജി.എം. ഹൈസ്ക്കൂളിന്റെ തിരുവല്ലാ രണ്ടാംനിലയിൽ വരാന്തയിലുള്ള ഒരു ബഞ്ചിൽ കയറി കിടപ്പുമായി. വീരഭാരതി പത്രം ഇനിയും പുറപ്പെടുവിക്കുകയില്ലെന്നു തൽപ്രവർത്തകന്മാർ ശപഥം ചെയ്യണം; അതുവരെ യാതൊന്നും ഭക്ഷണം കഴിക്കയില്ല. പച്ചവെള്ളംപോലും കുടിക്കയില്ല. ബഞ്ചിന്മേൽ തന്നെ കിടന്നു മരിക്കേണ്ടിവന്നാൽ മരിക്കുകയും ചെയ്യും.

കർണ്ണാകർണ്ണികയാ ഈ വാർത്ത തിരുവല്ലാ പട്ടണമെങ്ങും പരന്നു. എം.എ. അച്ചൻ നിരാഹാരവ്രതം അനുഷ്ഠിക്കുന്നു. സമുദായത്തിന്റെ ഭാവി അദ്ദേഹത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു. അദ്ദേഹം മരിച്ചാൽ അപരിഹാര്യമായ നഷ്ടം, മരിക്കാതിരിക്കണമെങ്കിൽ വീരഭാരതി നിറുത്തണം. ഇരുസഭകളിലെയും നേതാക്കന്മാർ പത്രപ്രവർത്തകരെ സമീപിച്ചു. "ദയവുചെയ്തു എം.എ. അച്ചന്റെ ജീവനെ നിങ്ങൾ

രക്ഷിക്കണം. പത്രം നിറുത്തണം. അങ്ങനെ സമുദായ വൈരം അസ്ത മിപ്പിക്കണം" അഭ്യർത്ഥന സ്വീകൃതമായി. എം.എ. അച്ചൻ കൃതാർത്ഥ നായി സത്യാഗ്രഹം അവസാനിപ്പിച്ചു. അങ്ങനെ "വീരഭാരതി"യുടെ മൂന്നാംലക്കം സൂര്യപ്രകാശം കാണാതെ എന്നെന്നേക്കുമായി മറയു കയും ചെയ്തു.

**പാറപ്പുറംവരെയായി**

ഏതു വിഷയത്തെപ്പറ്റിയും മണിക്കൂറുകളല്ല, ദിവസങ്ങൾ തന്നെയും പ്രസംഗിക്കുന്നതിനുള്ള പാണ്ഡിത്യമായിരുന്നു കഥാ പുരുഷനുണ്ടായിരുന്നത്. ആശയബാഹുല്യം, ശുദ്ധമായഭാഷ, പ്രസം ഗപാടവം ഇവയെല്ലാം ഒത്തുതികഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. ആയിരക്കണക്കിന് ആളുകൾ തടിച്ചുകൂടുക പതിവായിരുന്നു ആ പ്രസംഗം കേൾക്കുവാൻ. കസേരയിൽ ആവിഷ്ടനായി കണ്ണുമട ച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രോതാക്കളുടെ ഹൃദയ ത്തേയും മനസ്സിനെയും ഒരുപോലെ ആകർഷിച്ചുകൊണ്ടിരുന്നു. എത്ര സമയം പ്രസംഗിച്ചാലും വീണ്ടും തുടർന്നു കേൾക്കണമെന്നുള്ള ആഗ്ര ഹമായിരിക്കും ശ്രോതാക്കളിൽ അവശേഷിക്കുക. ദൈവാലയങ്ങളിലും മഹായോഗങ്ങളിലും, പണ്ഡിതസദസ്സുകളിലും ആയിരക്കണക്കിനു പ്രസംഗങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ഒരേ വിഷയത്തെപ്പറ്റി തുടർച്ച യായി അനേകം ദിവസങ്ങൾ ഒരു സ്ഥലത്തു തന്നെ പ്രസംഗിക്കുന്ന തിനുള്ള അദ്ദേഹത്തിന്റെ സാമർത്ഥ്യം അനിതരസാധാരണമെന്നേ പറ യേണ്ടു.

തിരുവല്ലായ്ക്കടുത്ത കവിയൂർ ഓർത്തഡോക്സ് ദൈവാലയ ത്തിൽ വെച്ചു വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള "വിതയ്ക്കു ന്നവന്റെ ഉപമ"യെക്കുറിച്ചു മുപ്പതുദിവസം തുടർച്ചയായി പ്രസംഗിക്കാ മെന്ന് അദ്ദേഹം ഭരമേറ്റു. പ്രസംഗപരമ്പരയും ആരംഭിച്ചു. എല്ലാദിവ സവും സന്ധ്യകഴിഞ്ഞു രണ്ടു മണിക്കൂർ വീതം പ്രസംഗം നടത്തും അങ്ങനെ ഇരുപതുദിവസം കഴിഞ്ഞു. അപ്പോൾ ശ്രോതാക്കളിൽ ഒരു വനോട് അപരൻ ചോദിക്കുകയാണ് "എടോ എം.എ.അച്ചന്റെ പ്രസംഗം എവിടെ വരെയായി?"

ശ്രോതാവ് മറുപടി നല്കി "പാറപ്പുറം വരെ ആയി" പ്രസംഗം പകുതി വരെ ആയതേയുള്ളു എന്നർത്ഥം.

*        *        *        *

**ഒന്നാംതരം സഭയിൽ മനോഹരമായ ആരാധനക്രമം**

പുനരൈക്യപ്രസ്ഥാനത്തിന് ബീജാവാപം ചെയ്ത ഒരു സംഭവ കഥയാണ് താഴെ ചേർക്കുന്നത്.

നമ്മുടെ കഥാപുരുഷൻ ബഥനി മെത്രാപ്പോലീത്താ (യാക്കോബായ) ആയിരുന്ന അവസരത്തിൽ ഏതോ ആവശ്യം പ്രമാണിച്ചു കല്ലൂപ്പാറ യാക്കോബായപ്പള്ളിയിൽ എഴുന്നള്ളി താമസിക്കുകയാണ്. അയിരൂർ സ്വദേശിയും യാക്കോബായസഭയിൽ നിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ച സുപ്രസിദ്ധ പ്രാസംഗികനും മതപണ്ഡിതനുമായ വില്ലോത്തു മിസ്റ്റർ നൈനാൻ വർഗ്ഗീസ് (പോത്തച്ചൻ) വന്ദ്യതിരുമേനിയെ കാണുന്നതിനായി പ്രസ്തുത പള്ളിയിൽ വന്നുചേർന്നിട്ടുണ്ട്. ഇരുവരും തമ്മിലുള്ള പരിചയം തുടങ്ങിയിട്ട് വർഷങ്ങൾ ഇരുപതു കഴിഞ്ഞിരിക്കുന്നു. വട്ടിപ്പണക്കേസിൽ രണ്ടുപേരും സാക്ഷികളായി മൊഴി കൊടുത്തിട്ടുണ്ട്. തന്റെ സത്യാന്വേഷണത്തിന്റെ ഫലമായി യാക്കോബായ സഭയിൽ നിന്നും കത്തോലിക്കാസഭയെ അശ്ലേഷിച്ചശേഷം ആദ്യമായി വന്ദ്യതിരുമേനിയെ കണ്ടു സഭാസംബന്ധമായ ചില കാര്യങ്ങൾ പറയുന്നതിനുവേണ്ടി വന്നിരിക്കയാണ് പോത്തച്ചൻ.

തിരുമേനി — പോത്തച്ചൻ ഇപ്പോൾ എവിടെനിന്നു വരുന്നു?

പോത്തച്ചൻ — അടിയൻ അയിരൂർ നിന്നു വരുന്നു.

തിരു — എന്താവിശേഷം?

പോത്തച്ചൻ — തിരുമേനിയെക്കണ്ടുചില കാര്യങ്ങൾ അറിയിക്കുന്നതിനാണ്.

തിരു--കൊള്ളാം. ഇപ്പോൾ എനിക്ക് അല്പം ജോലിയുണ്ട്. പോത്തച്ചൻ അടുത്ത മുറിയിൽ ചെന്നിരുന്നു അല്പം വിശ്രമിക്കുക. അവിടെയിരിക്കുന്ന ശെമ്മാശനുമായി സംസാരിക്കുകയും ചെയ്യാമല്ലോ.

പോത്തച്ചൻ-അടിയൻ

എവിടെ വെച്ചായാലും ശരി — ആരായിരുന്നാലും ശരി—സംസാരിക്കുവാൻ അവസരം ലഭിച്ചാൽ കത്തോലിക്കാസഭാസംബന്ധമായ എന്തെങ്കിലും കാര്യം പറയാതെ വിടുകയില്ലെന്നു ദൃഢവ്രതമെടുത്തിരിക്കുന്നവനാണ് പോത്തച്ചൻ. അങ്ങനെ അടുത്ത മുറിയിലിരുന്ന യാക്കോബായ ശെമ്മാശനുമായി തർക്കവുമാരംഭിച്ചു.

പോത്തച്ചൻ-ശെമ്മാശാ നിഖ്യാവിശ്വാസപ്രമാണത്തിൽ പറയുന്ന നാലു ലക്ഷണങ്ങളടങ്ങിയ സഭ യാക്കോബായസഭയാണെന്നു തെളിയിക്കാൻ സാധിക്കുമോ?

ശെമ്മാശൻ--അല്ലല്ല, അതു റോമാസഭയാണെന്നുള്ള വിശ്വാസം കൊണ്ടല്ലേ നിങ്ങൾ ആ സഭയിൽ ചാടിയത്. അനേകം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞിരിക്കുന്ന റോമാസഭയാണോ കാതോലിക്കായ്ക്കും ശ്ലീഹായ്ക്കുമടുത്ത ഏക വിശുദ്ധ സഭ?

പോത്തച്ചൻ--ശെമ്മാശന് എന്തെറിയാം? കത്തോലിക്കാസഭ ഏതു മൂഢവിശ്വാസമാണ് പഠിപ്പിക്കുന്നത്? എന്തെല്ലാം അനാചാരങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്?

ശെമ്മാശൻ--എല്ലാവർക്കും അതു അറിവുള്ളതാണല്ലോ. ശുദ്ധീകരണസ്ഥലം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, മാതാവിന്റെ അമലോത്ഭവം ഇതൊക്കെ മൂഢവിശ്വാസങ്ങളല്ലേ? പ്രതിമാവന്ദനം, വെന്തീങ്ങാധാരണം, ദണ്ഡവിമോചനം ഇതൊക്കെ അനാചാരങ്ങളല്ലേ?

പോത്തച്ചൻ--ശെമ്മാശൻ യാക്കോബായസഭയുടെ വിശ്വാസം വല്ലതും പഠിച്ചിട്ടുണ്ടോ? ആദ്യത്തെ കാര്യത്തെപ്പറ്റി പറയാം. ശുദ്ധീകരണസ്ഥലത്തെപറ്റിയുള്ള വിശ്വാസം മൂഢവിശ്വാസമാണെന്ന് ഒരു യാക്കോബായക്കാരനു പറയുവാൻ സാധിക്കുമോ? നിങ്ങൾ മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതു മരിച്ചു സ്വർഗ്ഗത്തിൽ പോയ ആത്മാക്കൾക്കു വേണ്ടിയോ അതോ നരകത്തിൽപോയ ആത്മാക്കൾക്കു വേണ്ടിയോ? കേൾക്കട്ടെ!

ഉത്തരം പറയാൻ നിവൃത്തിയില്ലാതെ ശെമ്മാശൻ വിഷമിച്ചു തുടങ്ങി. പോത്തച്ചന്റെ സ്വരത്തിന്റെ ശക്തി വർദ്ധിച്ചും തുടങ്ങി.

പോത്തച്ചൻ--മൂഢവിശ്വാസമെന്നും അനാചാരമെന്നും വെറുതെ അങ്ങു പറഞ്ഞാൽ മതിയോ, ശെമ്മാശാ? എന്റെ ചോദ്യത്തിന് ഉത്തരം പറയണം. എവിടെപ്പോയ ആത്മാക്കൾക്കുവേണ്ടിയാണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്? ഉത്തരം പറയാൻ നിവൃത്തിയില്ലാതെ പാവം ശെമ്മാശൻ വിയർത്തു തുടങ്ങി. സ്വർഗ്ഗത്തിൽപോയ ആത്മാക്കൾക്കുവേണ്ടി എന്നു പറയുവാൻ വിഷമം. നരകത്തിൽപോയ ആത്മാക്കൾക്കു വേണ്ടിയാണെന്നു പറയുവാൻ അതിനെക്കാൾ വിഷമം. ശുദ്ധീകരണസ്ഥലമുണ്ടെന്നു സമ്മതിക്കാൻ ഇതിലൊക്കെ വിഷമം.

ശെമ്മാശനും പോത്തച്ചനുമായി ഉറച്ച സ്വരത്തിൽ നടക്കുന്ന ഈ സംഭാഷണം അടുത്തമുറിയിൽ ഇരുന്നു ശ്രദ്ധിച്ചുകൊണ്ടിരുന്ന മാർ ഈവാനിയോസു തിരുമേനി തൽക്ഷണം വരാന്തയിലിറങ്ങി മുറിയുടെ വാതുക്കലേക്കു വന്നു. മൊഴിമുട്ടി വിഷമിച്ചു വിയർത്തിരുന്ന ശെമ്മാശന് എന്തൊരാശ്വാസം! തന്റെ തിരുമേനി തന്നെ രക്ഷിക്കുമല്ലോ.

പക്ഷെ, ശെമ്മാശന്റെ പ്രതീക്ഷയ്ക്കു വിപരീതമായി തിരുമേനി പറയുകയാണ്. "ശെമ്മാശാ, പോത്തച്ചനോടു തർക്കിക്കേണ്ടാ. കാത്തോലിക്കാസഭ ഒന്നാന്തരം സഭയാണ്."

ചട്ടിയിൽനിന്നും അടുപ്പിലേക്കു വീണ അനുഭവമാണു ശെമ്മാശനുണ്ടായത്. മുഖം വിഷണ്ണമായി. തന്നെ രക്ഷിക്കാൻ വന്ന തിരുമേനി ഇങ്ങനെയാണല്ലോ പറഞ്ഞുപിടിപ്പിച്ചത്. എന്തുചെയ്യാം! ശെമ്മാശന്റെ മുഖഭാവം ദർശിച്ച മനഃശാസ്ത്രവിദഗ്ദ്ധനായ തിരുമേനി ശെമ്മാശനെ അല്പം ആശ്വസിപ്പിക്കണമെന്ന് നിശ്ചയിച്ചുകൊണ്ടു പറയുകയാണ്. "പക്ഷേ, നമ്മുടെ ആരാധനക്രമമാണ് മനോഹരം" ശെമ്മാശന്റെ മുഖത്തു ഒരു പുഞ്ചിരി. ഹാ! എന്തൊരാശ്വാസം.

പക്ഷേ പോത്തച്ചൻ ഉടൻ തിരിച്ചടിച്ചു. "തിരുമേനി ഇതു രണ്ടും കൂടെ ആയാലോ? ഒന്നാന്തരം സഭയിൽ മനോഹരമായ ആരാധനക്രമം അംഗീകരിച്ചു കഴിഞ്ഞാൽ."

മലങ്കരസുറിയാനിറീത്തിനുള്ള അനുവാദം റോമാസിംഹാസനത്തിൽ നിന്നും വാങ്ങി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടണമെന്നു നിശ്ചയം ചെയ്വാൻ കഥാപുരുഷനു പ്രേരകമായിത്തീർന്നു ഈ സംഭവകഥ.

## അദ്ധ്യായം – 15

# കേരളത്തിലെ
# പഴയകൂർ പുത്തൻകൂർ വിഭാഗങ്ങൾ

മാർ ഈവാനിയോസിന്റെ ജീവചരിത്രത്തിൽ ഏറ്റം പ്രാധാന്യം അർഹിക്കുന്നതും അദ്ദേഹത്തെ അനുഗമിച്ച പതിനായിരക്കണക്കിനു ജനങ്ങളുടെ അദ്ധ്യാത്മികജീവിതത്തെ നിയന്ത്രിക്കുന്നതിനുള്ള പ്രേരണനല്കിയതുമായ ഒരു ഘട്ടത്തിലേക്കാണ് ഇനിയും പ്രവേശിക്കുവാനുള്ളത്. കേരളത്തിലെ യാക്കോബായക്കാർ ഉൾപ്പെടെയുള്ള അനേക ലക്ഷം അകത്തോലിക്കരുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിക്ക് കത്തോലിക്കാസഭയുമായുള്ള പുനരൈക്യം അത്യന്താപേക്ഷിതമാണെന്നുള്ള ബോദ്ധ്യം നിമിത്തം അതിനുവേണ്ടി കഥാപുരുഷൻ നടത്തിയ നിസ്തന്ദ്രപരിശ്രമങ്ങളത്രെ അവ. ഏതാദൃശപ്രവർത്തനങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചു പ്രതിപാദിക്കുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ അതിനുള്ള പശ്ചാത്തലമെന്നോണം കേരളത്തിലെ പുരാതനക്രൈസ്തവസഭയെയും പഴയകൂർ പുത്തൻകൂറുകാർ നടത്തിയ കാത്തോലിക്കാപുനരൈക്യശ്രമങ്ങളെയും അവയ്ക്കു നേരിട്ട പരാജയഹേതുക്കളെയും പറ്റി ഏകദേശമായ ഒരു ജ്ഞാനം വായനക്കാർക്കു നല്കേണ്ടതു അത്യന്താപേക്ഷിതമാകയാൽ ഇനിയുമുള്ള ഏതാനും അദ്ധ്യായങ്ങൾ അതിനുവേണ്ടി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**മലങ്കരസഭാസ്ഥാപനം**

ക്രിസ്തുവിന്റെ ദ്വാദശശിഷ്യന്മാരിൽ ഒരുവനായ മാർത്തോമ്മാശ്ലീഹയാൽ സ്ഥാപിതമായ മലങ്കരയിലെ ക്രൈസ്തവസഭ എന്ന

യാഥാർത്ഥ്യം നിഷ്പക്ഷവാദികളായ സകല ചരിത്രകാരന്മാരും സമ്മതിക്കുക തന്നെ ചെയ്യുന്നുണ്ട്. ഏതു സത്യത്തെയും നിഷേധിക്കുന്നവർ എക്കാലത്തും എവിടെയും ഉണ്ടായിരിക്കുമല്ലോ. ആ സ്ഥിതിക്കു മാർത്തോമ്മാശ്ലീഹായുടെ കേരളാഗമനത്തെയും ഇവിടത്തെ സഭാസ്ഥാപനത്തെയും സ്പഷ്ടമായി നിഷേധിക്കുന്നവരും സംശയപൂർവ്വം വീക്ഷിക്കുന്നവരും ഉണ്ടായിട്ടുള്ളതിൽ അത്ഭുതത്തിനവകാശമില്ല. സത്യനിഷേധകരെ മൂന്നായി തരം തിരിക്കുവാൻ സാധിക്കും. ഒന്നാമത്തെ കൂട്ടർ എതിർക്കുന്നതിനുവേണ്ടി മാത്രം എതിർക്കുന്നവരാണ്. അവരാണ് "മർക്കടമുഷ്ടികൾ." രണ്ടാമത്തെ കൂട്ടർ കാര്യസാദ്ധ്യത്തിനുവേണ്ടി എതിർവശം ചെയ്യുന്നവരാണ്. അവരാണ് "സ്ഥാപിതതാല്പര്യക്കാർ". മൂന്നാമത്തെ കൂട്ടർ ഹൃദയപരമാർത്ഥതയോടുകൂടെ അസത്യമാണെന്നുള്ള ബോദ്ധ്യം നിമിത്തം സത്യത്തെ നിഷേധിക്കുന്നവരാണ്. അവരാണ് "സുവിശ്വാസികൾ". മാർത്തോമ്മാശ്ലീഹായുടെ കേരളപ്രവേശത്തെ എതിർക്കുന്നവരിൽ ഈ മൂന്നു കൂട്ടരുമുണ്ടെന്നുള്ളതു നിർവ്വിവാദമത്രേ.

പുരാതനപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, പാരമ്പര്യവിശ്വാസം, പ്രാചീനരേഖകൾ, ചരിത്രകാരന്മാരുടെ പ്രസ്താവനകൾ എന്നിവയെല്ലാം മാർത്തോമ്മാശ്ലീഹായുടെ ഭാരതാഗമനത്തെ പ്രസ്പഷ്ടം തെളിയിക്കുന്നുണ്ട്. കേരളത്തിൽ ആഗതനായ ശ്ലീഹാ ഇവിടെ ക്രിസ്തുവിന്റെ സുവിശേഷം ഘോഷിക്കുകയും നിരവധി അത്ഭുതപ്രവർത്തനങ്ങൾ നടത്തുകയും, ഒട്ടനേകരെ ക്രിസ്തുമതാവലംബികളാക്കിത്തീർക്കുകയും ചെയ്തുവെന്നുള്ളതു ചരിത്രസത്യമത്രേ. ശ്ലീഹാ ഏഴു പള്ളികൾ കേരളത്തിന്റെ പല ഭാഗങ്ങളിൽ സ്ഥാപിക്കുകയും, ആദ്ധ്യാത്മികതനിർവ്വഹണത്തിനായി വൈദികന്മാരെ അഭിഷേചിക്കുകയും, അങ്ങനെ മലങ്കരയിൽ സാർവ്വത്രിക സഭയുടെ ഒരു ശാഖ സ്ഥാപിക്കുകയും ചെയ്തു. അനന്തരം മൈലാപ്പൂരിൽ എത്തി സുവിശേഷം ഘോഷിക്കുകയും തൽഫലമായി എമ്പ്രാന്മാരുടെ ശൂലത്തിന് ഇരയായി രക്തസാക്ഷിത്വം കൈവരിക്കുകയും ചെയ്തു.

സ്വദേശവൈദികാധികാരികളുടെ ഭരണത്തിൽ മൂന്നു ശതവർഷക്കാലത്തോളം നില നിന്നിരുന്ന കേരളത്തിലെ ക്രൈസ്തവസഭയ്ക്കു നവജീവൻ ലഭിച്ചത് സിറിയായിൽ നിന്നും വണിഗ്വരനായ ക്നായിത്തൊമ്മനും അനുയായികളും ഇവിടെ ആഗതരായതോടുകൂടെയായിരുന്നു. രാഷ്ട്രീയമായും ആദ്ധ്യാത്മികമായും, സാമുദായികമായും, സാമ്പത്തികമായും മലങ്കരയിലെ ക്രൈസ്തവസഭയെ ഉയർത്തുവാൻ ക്നായി

ത്തൊമ്മന്റെ കുടിയേറ്റം പര്യാപ്തമായിബ്ഭവിച്ചു. തന്മൂലം വിവിധപദവികൾ അടങ്ങിയ ചെപ്പേടുകൾ ഇവിടത്തെ സുറിയാനിക്രിസ്ത്യാനികൾക്കുരാജാക്കന്മാരിൽ നിന്നും ലഭിക്കുന്നതിന് ഇടയായി. ഇപ്രകാരം വിവിധനിലകളിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്ന കേരളത്തിലെ ക്രൈസ്തവസഭ ബാബേൽ പാത്രിയാർക്കീസന്മാർക്കും അവർ വഴിയായി റോമാമാർപ്പാപ്പയ്ക്കും കീഴ്വഴങ്ങി പതിനാറു നൂറ്റാണ്ടുകാലത്തോളം ഏകയോഗക്ഷേമമായി നിലനിന്നു പോന്നു.

### അനിഷേദ്ധ്യമായ പരമാർത്ഥ്യം

ഇതഃപര്യന്തമുള്ള ലോകചരിത്രം ശ്രദ്ധാപൂർവ്വം പരിശോധിച്ചിട്ടുള്ളവർക്കു അതിൽ ഉടനീളം തെളിഞ്ഞുകിടക്കുന്ന ഒരു വാസ്തവം ഗ്രഹിക്കുന്നതിനു സാധിക്കും. രാഷ്ട്രത്തിലായാലും സമുദായത്തിലായാലും, മതത്തിലായാലും ആ പരമാർത്ഥ്യം തെളിഞ്ഞു പ്രകാശിക്കുന്നുണ്ട്. സ്ഥാപിതതല്പരന്മാരായ ചിലർ അധികാരസ്ഥാനത്തോടു പ്രകടിപ്പിക്കുന്ന വിദ്വേഷവും, തന്നിമിത്തം ഉളവാകുന്ന അനുസരണരാഹിത്യവും, തൽഫലമായി പൊട്ടിപ്പുറപ്പെടുന്ന പ്രതിഷേധപ്രകടനങ്ങളും, തന്മൂലം കൈവരുന്ന നാശങ്ങളുമത്രെ അത്. അധികാരികളെന്നപോലെ അധീനരും ഇതിനു കാരണക്കാരായിത്തീരുന്നുണ്ട്. അഹങ്കാരികളായ അധികാരികൾ അധീനരെ കേവലം ചവിട്ടുമെത്തകളെന്നോണം പരിഗണിച്ചു സ്വാർത്ഥമാത്രപ്രസക്തമായ പ്രവർത്തനങ്ങൾക്കുദ്യമിക്കുമ്പോൾ പ്രതിഷേധസ്വരവും വിപ്ലവപ്രകടനങ്ങളും അധീനരിൽ ഉളവാകുക സാധാരണമാണ്. അപ്രകാരംതന്നെ സ്വാർത്ഥത, അസൂയ ആദിയായ ദുർഗ്ഗുണങ്ങളാൽ പ്രലോഭിതരായ ഭരണീയർ ഭരണകർത്താക്കളെ അവഹേളിച്ചു സംസാരിക്കുന്നതിനും ധിക്കരിച്ചു പ്രവർത്തിക്കുന്നതിനും മുതിരുമ്പോൾ കുഴപ്പങ്ങളും നാശങ്ങളും രാഷ്ട്രത്തിലും സമുദായത്തിലും മതത്തിലും ഉളവാകുന്നതാണ്. ഇരുകൂട്ടരും തങ്ങളുടെ കർത്തവ്യങ്ങൾ ശരിക്കു മനസ്സിലാക്കി പരസ്പരസ്നേഹത്തോടും ബഹുമാനത്തോടും കൂടെ പൊതുനന്മയെമാത്രം ലാക്കാക്കി പ്രവർത്തിക്കുമ്പോൾ മാത്രമേ സമാധാനവും അഭിവൃദ്ധിയും കൈവരുകയുള്ളു. ഭരണകർത്താക്കളും ഭരണീയരും തമ്മിലുണ്ടായിട്ടുള്ള മൽസരവും സംഘട്ടനവും അപരിഹാര്യമായ നിരവധി നാശങ്ങൾ വരുത്തിയിട്ടുണ്ടെന്നുള്ളതിന് ലോകചരിത്രം സാക്ഷ്യം വഹിക്കുന്നു.

ഇക്കഴിഞ്ഞ പത്തൊൻപതു ശതവർഷക്കാലത്തെ ക്രൈസ്തവസഭാചരിത്രം സശ്രദ്ധം പാരായണം ചെയ്തിട്ടുള്ള ഏവരും മേൽ പ്രസ്താവിച്ച വാസ്തവം സമ്മതിക്കുക തന്നെ ചെയ്യും. ഭൂലോകരക്ഷകനായ

ക്രിസ്തു ലോകത്തിൽ ഒരു സഭയെ സ്ഥാപിക്കുകയും, അധികാരികളെ നിയമിക്കുകയും, ലോകാവസാനം വരെ അവരോടുകൂടെ വസിച്ച് സഭയെ ഭരിച്ചുകൊള്ളാമെന്ന് വാഗ്ദത്തംചെയ്യുകയും ചെയ്തു. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിഷേധിക്കുന്നവൻ എന്നെ നിഷേധിക്കുന്നു." എന്ന് അരുൾ ചെയ്തുകൊണ്ട് അധികാരികളോടുള്ള അനുസരണം അത്യന്താപേക്ഷിതമാണെന്നു അവിടുന്നു കല്പിച്ചു. "നിങ്ങളിൽ യജമാനൻ ദാസനെപ്പോലെയും ശുശ്രൂഷിക്കുന്നവനെപ്പോലെയും ആയിരിക്കണമെന്ന് കല്പിച്ചുകൊണ്ട് അധികാരികളുടെ കർത്തവ്യത്തെ അവിടന്നു ഉത്ബോധിപ്പിച്ചു. താൻ പഠിപ്പിച്ച വിശ്വാസസത്യങ്ങൾ ലോകാവസാനം വരെയുള്ള ജനതതിയെ പഠിപ്പിക്കുന്നതിനും വിശ്വാസവിപരീതികളെ സഭയിൽ നിന്നും ബഹിഷ്കരിക്കുന്നതിനുള്ള അധികാരം ഭരണകർത്താക്കൾക്കു അവിടുന്ന് പ്രദാനം ചെയ്തു. അധികാരികളെ അനുസരിക്കുന്നതിനുള്ള വൈമനസ്യവും യഥാർത്ഥവിശ്വാസം സ്വീകരിക്കുന്നതിനുള്ള വൈമുഖ്യവും ക്രൈസ്തവസഭയ്ക്കുള്ളിൽ പലപ്പോഴും വിപത്തിന് വഴിതെളിച്ചിട്ടുണ്ട്. അനുസരണവിമുഖരും വിശ്വാസനിഷേധകരും ഓരോരോ കാലയളവിൽ സഭാബഹിഷ്കൃതരായിത്തീർന്നിട്ടുണ്ട്. സത്യസഭയിൽ നിന്നും നിഷ്കാസിതരാകുന്നതിനുള്ള നിർഭാഗ്യം സിദ്ധിച്ചവർ പുതിയ സംഘടനകൾക്കു ബീജാവാപം ചെയ്യുകയും സത്യസഭയ്ക്കെതിരായ പ്രവർത്തനങ്ങൾ ശക്തിമത്തായി നടത്തുകയും ചെയ്തിട്ടുണ്ട്. നാലാം ശതകത്തിൽ സഭാവിഛിന്നരായ "അരിയോസുകക്ഷികൾ" മുതൽ പത്തൊൻപതാം നൂറ്റാണ്ടിലെ "പൂർവ്വകത്തോലിക്കർ" വരെയുള്ള ലക്ഷക്കണക്കിന് ആളുകൾ സഭയിൽനിന്നും പുറത്തുപോകുകയും സഭയ്ക്ക് എതിരായി പ്രവർത്തിക്കുകയും പുതിയ സംഘടനകളുടെ പ്രചരണാർത്ഥം കഴിവതു പ്രയത്നിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഏതാദൃശസംഘടനകളിൽ പലതും അവയുടെ നാമംമാത്രം ചരിത്രത്തിന്റെ പുറങ്ങളിൽ അവശേഷിപ്പിച്ചശേഷം ലോകരംഗത്തുനിന്നും തിരോധാനം ചെയ്യുകയാണുണ്ടായിട്ടുള്ളത്. അവശേഷിച്ചവയാകട്ടെ പലപല അവാന്തരവിഭാഗങ്ങളായി പൊട്ടിപ്പിളരുകയും അനുദിനം അധഃപതനാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. നേരെമറിച്ച്, സത്യദൈവമായ ക്രിസ്തുവിന്റെ സഭയോ ദിനംപ്രതി അഭിവൃദ്ധിപ്രാപിച്ച് അതിന്റെ വിജയവൈജയന്തിയെ ലോകമെങ്ങും പാറിപ്പിറപ്പിച്ചുകൊണ്ട് പരിലസിക്കുകയും ചെയ്യുന്നു.

**മലങ്കരസഭയിലെ വിപ്ലവരംഗം**

പതിനാറാം നൂറ്റാണ്ടിൽ ക്രൈസ്തവലോകത്തിൽ ഭയങ്കരമായ വിപ്ലവം സൃഷ്ടിച്ചവരിൽ പ്രധാനികൾ മാർട്ടിൻലൂതർ, നോക്സ്, വിക്ലിഫ്, ഹെൻട്രി എട്ടാമൻ എന്നിവരായിരുന്നു. വിവിധകാരണങ്ങളാൽ സഭയിൽനിന്നും ബഹിഷ്കൃതരായിത്തീർന്ന അവർ മാതൃസഭയെ തകർക്കുന്നതിനും തങ്ങൾ പുതുതായി രൂപവൽക്കരിച്ച സംഘടനകളെ വളർത്തുന്നതിനും അക്ഷീണം പരിശ്രമം ചെയ്യുകയാണുണ്ടായത്. ഏതാദൃശപ്രവർത്തനങ്ങൾ മൂലം കത്തോലിക്കാസഭയ്ക്ക് ഗണ്യമായ യാതൊരു നഷ്ടവും സംഭവിച്ചില്ലെന്നു മാത്രമല്ല, വിപ്ലവനേതാക്കളുടെ സംഘടനകൾക്കുള്ളിൽത്തന്നെ വിപ്ളവം പൊട്ടിപ്പുറപ്പെടുകയും അവസാനം നിരാശയുടെ നീർച്ചൂഴിയിൽപ്പെട്ട് പ്രസ്തുത നേതാക്കന്മാർ നിര്യാണമടയുന്നതിനിടയാവുകയും ചെയ്തതായിട്ടത്രേ അവരോരുത്തരുടേയും ജീവചരിത്രം വിളിച്ചു പറയുന്നത്. ദുഃസ്വാന്ത്ര്യകാംക്ഷയാകുന്ന ഖഡ്ഗവും, അധികാരവിദ്വേഷമാകുന്ന കഠാരിയും, വിശ്വാസരാഹിത്യമാകുന്ന കുന്തവും പ്രോട്ടസ്റ്റന്റുസഭയെ ആയിരത്തിൽപരം വിഭാഗങ്ങളായി പിളർത്തിയിരിക്കുന്ന ദയനീയമായ കാഴ്ചയത്രേ ഈ ഇരുപതാംനൂറ്റാണ്ടിൽ നാം ദർശിക്കുന്നത്.

പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ കേരളത്തിലെ ക്രൈസ്തവസഭയിലും ഒരു വിപ്ലവരംഗം നിർഭാഗ്യവശാൽ സൃഷ്ടിക്കപ്പെടുന്നതിനിടയായിത്തീർന്നു. റോമാ മാർപ്പാപ്പായുടെ ഭരണത്തിൻകീഴിൽ പതിനാറുശതവർഷക്കാലത്തോളം ഏകയോഗക്ഷേമമായി നിലനിന്നുപോന്ന കേരളീയക്രൈസ്തവരുടെ ഇടയിൽ വിപ്ലവത്തിന്റെ വിഷബീജം വിതച്ചത് ആരായിരുന്നു എന്ന ചോദ്യത്തിന് ശരിയായ ഉത്തരം നല്കുവാൻ നിഷ്പക്ഷവാദികളായ ചരിത്രപഠിതാക്കൾക്കു സാദ്ധ്യമല്ല. കത്തോലിക്കാമതപ്രചരണാർത്ഥം ഇവിടെ വന്നുചേർന്ന ഈശോ സഭാംഗങ്ങളായ പോർട്ടുഗീസ് മിഷ്യനറിമാരാണ് ഈദൃശഭിന്നിപ്പിന് ഉത്തരവാദികളെന്നു കേരളത്തിലെ സുറിയാനിക്കാരും, അതല്ല, കേരളീയസുറിയാനിക്കാരുടെ അനുസരണാഭാവമനഃസ്ഥിതിയും വിപ്ലവാസക്തിയുമാണ് ഇതിന് വഴി തെളിച്ചതെന്ന് പോർട്ടുഗീസു മിഷ്യനറിമാരും അന്നുമുതൽ ഇന്നുവരെ ശക്തിയുക്തം വാദിച്ചുകൊണ്ടാണിരിക്കുന്നത്. പക്ഷെ, കുറ്റമറ്റവരെന്ന നിലയിൽ കൈകഴുകുവാൻ ഇരുഭാഗക്കാരിൽ ആർക്കെങ്കിലും സാധിക്കുമെന്നു പറയുവാൻ ചരിത്രപഠിതാക്കൾക്ക് നിവൃത്തിയില്ല. അജ്ഞത, അവിവേകം,

അധികാരഭ്രമം എന്നിവ പോർട്ടുഗീസ് മിഷ്യനറിമാരിൽ ആരോപിക്കുന്നതിൽ തെറ്റില്ലെന്നുള്ളതിന് അന്നത്തെ ചരിത്രസംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്.

**1 അജ്ഞത**

കല്ദായ സുറിയാനിറീത്തിനെപ്പറ്റിയും സുറിയാനിക്കാരുടെ ആചാരരീതികളെപ്പറ്റിയും പോർട്ടുഗീസുകാർക്കുണ്ടായിരുന്ന അജ്ഞത നിമിത്തമത്രെ ഇവിടത്തെ ക്രൈസ്തവർ നെസ്തോറിയരാണെന്നുള്ള തെറ്റിദ്ധാരണയ്ക്കു അവർ വശംവദരായിത്തീർന്നത്. "തൂവൽ കണ്ടയുടനെ ആമയാണെ"ന്നു വിധിയെഴുതിയ അവിവേകിയെപ്പോലെ നെസ്തോറിയർക്കുള്ള ചില ആചാരരീതികൾ ഇവിടുത്തെ ക്രൈസ്തവരുടെ ഇടയിൽ കണ്ടതുനിമിത്തം ഇവിടത്തെ ക്രൈസ്തവർ ഒന്നടങ്കം നെസ്തോറിയരാണെന്ന് വിശ്വസിച്ചതിൽ അക്ഷന്തവ്യമായ അജ്ഞതയത്രേ പോർട്ടുഗീസ് മിഷ്യനറിമാർ പ്രകടിപ്പിച്ചത്.

**2. അവിവേകം**

ഇവിടത്തെ ക്രൈസ്തവർ നെസ്തോറിയരായിരുന്നാൽത്തന്നെയും അവരുമായി സ്നേഹരൂപത്തിൽ പ്രവർത്തിക്കുകയും തദ്വാരാ, അവരുടെ മാനസാന്തരത്തിനുവേണ്ടി പരിശ്രമിക്കുകയുമായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. അതിനുപകരം സാമ്പത്തികസ്ഥിതിയും രാജകീയസ്വാധീനവും തങ്ങൾക്ക് അനുകൂലമാണെന്നുള്ള അഹങ്കാരവിചാരം നിമിത്തം ഇവിടത്തെ ക്രൈസ്തവരുടെ അഭിമാനത്തെപ്പോലും ക്ഷതപ്പെടുത്തത്തക്ക പ്രവർത്തനങ്ങൾ നടത്തി സുറിയാനിക്കാരിൽ വൈരാഗ്യം ഉത്തേജിപ്പിക്കുകയാണ് അവർ ചെയ്തത്.

**3. അധികാരഭ്രമം**

സുറിയാനിമെത്രാന്മാരാൽ ഭരിക്കപ്പെട്ടിരുന്ന കേരളീയക്രൈസ്തവരുടെമേൽ ഭരണം നടത്തുന്നതിനുവേണ്ടി പ്രസ്തുത മെത്രാന്മാരെ പല വിധത്തിൽ ഉപദ്രവിക്കുകയും അവരെ ഇവിടെ നിന്നും ഓടിക്കുന്നതിനായി അപരാധാരോപണം അവരുടെ മേൽ നടത്തുകയുമാണ് പോർട്ടുഗീസ് മിഷ്യനറിമാർ ചെയ്തത്. അവസാനം ഭരണാധികാരം അവർക്കു ലഭിച്ചെങ്കിലും ദീർഘവർഷങ്ങൾ നിലനില്ക്കുന്നതിന് ദൈവം അനുവദിക്കുകയുണ്ടായില്ല.

ഒരു റീത്തിൽ ഉൾപ്പെട്ടിരിക്കുന്നവരെ വേറൊരു റീത്തിലേക്കു മാറ്റു

ന്നതിന് ഏതെങ്കിലും പ്രേരണ നടത്തുന്നതു കുറ്റകരമായി പരിഗണിക്കുന്ന കത്തോലിക്കാസഭയിലെ അംഗങ്ങളായിരുന്ന പോർട്ടുഗീസ് മിഷ്യനറിമാർ ഇവിടത്തെ കത്തോലിക്കരെ സുറിയാനിറീത്തിൽ നിന്നും മാറ്റി ലത്തീൻ റീത്തുകാരാക്കിത്തീർക്കുവാൻ ചെയ്ത പരിശ്രമങ്ങൾ നീതികരിക്കുവാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. അപ്രകാരം തന്നെ സുറിയാനി മെത്രാന്മാരുടെ ഭരണത്തിൽ നിന്നും ഇവിടത്തെ ക്രൈസ്തവരെ വിടർത്തുന്നതിനും പറങ്കിമെത്രാന്മരുടെ ഭരണത്തിൻകീഴിലേക്ക് അവരെ കൊണ്ടുവരുന്നതിനും അവർ നടത്തിയ പരിശ്രമങ്ങളും ഗർഹണീയമെന്നേ പറയുന്നതിനു നിവൃത്തിയുള്ളു. "സന്തതിയുള്ള കാലത്തോളം ഈ പൗലിസ്ത്യർക്ക് ഞങ്ങൾ കീഴ്‌വഴങ്ങുകയില്ല". എന്നു കൂനൻകുരിശിൽ കെട്ടിയ ആലാത്തിൽ പിടിച്ചു കൊണ്ടു സത്യം ചെയ്ത സുറിയാനി പിതാക്കന്മാരും നീതീകരിക്കാൻ പാടില്ലാത്ത ചില കാര്യങ്ങൾ പ്രവർത്തിച്ചതായിട്ടാണ് ചരിത്രത്തിൽ കാണുന്നത്.

**1. ക്ഷിപ്രകോപം**

കൂനൻകുരിശുസത്യത്തിനു പ്രേരകമായ പെട്ടെന്നുണ്ടായ കാരണം സുറിയാനിമെത്രാനായ അഹത്തള്ളായെ പോർട്ടുഗീസുകാർ കടലിൽ മുക്കിക്കൊന്നു എന്ന കിംവദന്തിയായിരുന്നു. ഇതിനെപ്പറ്റി ഒരന്വേഷണവും നടത്താതെ വികാരക്ഷുഭിതരായിത്തീരുന്നതിനും കൂനൻകുരിശുസത്യത്തിനു മുതിരുന്നതിനുമാണ് അവർ സന്നദ്ധരായത്. പക്ഷെ, ഇതു ജനങ്ങളുടെയിടയിൽ വിപ്ലവം ജനിപ്പിക്കുന്നതിനുവേണ്ടി കുബുദ്ധികളായ ആരോ കെട്ടിച്ചമച്ച ഒരു വാർത്തയായിരുന്നെന്നും അഹത്തുള്ളാമെത്രാനെ ആദ്യം ഗോവായിലേക്കും അനന്തരം പോർട്ടുഗലിലേക്കും കൊണ്ടുപോകുകയാണുണ്ടായതെന്നും ചരിത്രം തെളിയിക്കുന്നു.

**2 നിയമലംഘനം**

രണ്ടാമതായി സുറിയാനിക്കാരായ പിതാക്കന്മാർക്ക് പറ്റിയ പ്രമാദം അഹത്തള്ളാ മെത്രാന്റേതായി ഇട്ടിത്തൊമ്മൻ കത്തനാർ എഴുതിയുണ്ടാക്കിയ ഒരു വ്യാജക്കത്തു പരമാർത്ഥമെന്നു വിശ്വസിച്ചതാണ്. പന്ത്രണ്ടു വൈദികർ കൂടി ഒരു മെത്രാനെ വാഴിക്കുന്നതിന് അനുവദിക്കുവാൻ മാർപ്പാപ്പായ്ക്കുപോലും സാദ്ധ്യമല്ല. പന്ത്രണ്ടല്ല, പന്ത്രണ്ടു ലക്ഷം വൈദികന്മാർ കൂടിയാലും ഒരു മെത്രാനെ വാഴിക്കുവാൻ സാദ്ധ്യമല്ലെന്നും ഒരു മെത്രാനു മാത്രമേ വേറൊരു മെത്രാനെ വാഴിക്കുവാൻ

സാധിക്കുകയുള്ളുവെന്നും ക്രൈസ്തവസഭാനിയമങ്ങൾ അനുശാസിക്കുന്നു. ആ സ്ഥിതിക്ക് അഹത്തള്ളാമെത്രാൻ അപ്രകാരം ഒരു അനുവാദം നല്കുകയില്ലെന്നും നല്കിയാൽത്തന്നെയും അതു പ്രയോഗത്തിൽ വരുത്തുന്നതു ശരിയല്ലെന്നും ചിന്തിക്കുവാനുള്ള ക്ഷമപോലും പ്രദർശിപ്പിക്കാതെ ആലങ്ങാട്ടു വെച്ചു പന്ത്രണ്ടു വൈദികന്മാർ കൂടെ ഒരു മെത്രാനെ വാഴിച്ചതു യാതൊരു കാരണവശാലും നീതീകരിക്കുവാൻ സാധിക്കുന്നതല്ല.

**3. യാക്കോബായസഭാസ്വീകരണം**

ഇവയെയെല്ലാം വെല്ലത്തക്കതും മുന്നൂറു കൊല്ലങ്ങൾ കഴിഞ്ഞിട്ടും അതിന്റെ ദുരന്തഫലങ്ങൾക്ക് ഒരു ശമനം വരുത്തുവാൻ സാധിച്ചിട്ടില്ലാത്തതുമായ വേറൊരു ആപത്തിലാണ് സുറിയാനിക്കാരിൽ ഏതാനും പേർ ചെന്നു ചാടിയത്. അന്ത്യോഖ്യായിൽ നിന്നും ഇവിടെ വന്നെത്തിയ യാക്കോബായപാത്രിയർക്കീസായ ഗ്രീഗോറിയോസിന്റെ ഭരണത്തിനു സ്വയം വിധേയരായതും യാക്കോബായസഭയെ സ്വീകരിക്കുന്നതിനു സന്നദ്ധരായതുമത്രേ ഈ അബദ്ധം. "എലിയെ തോല്പിച്ചു ഇല്ലം ചുടുന്ന" തിനു അവർ സന്നദ്ധരാകുകയാണ് ചെയ്തത്. തൽഫലമായി പതിനാറു നൂറ്റാണ്ടുകാലത്തോളം കത്തോലിക്കരായി റോമാമാർപ്പാപ്പാമാരുടെ ഭരണത്തിലായിരുന്ന കേരളീയസുറിയാനിക്കാരിൽ ഒരു വിഭാഗം യാക്കോബായഛിദ്മത്തിൽ നിപതിക്കുന്നതിനും അന്ത്യോഖ്യായാക്കോബായ പാത്രിയർക്കീസിന്റെ ഭരണനുകത്തിന് അടിമപ്പെടുന്നതിനും ഇടയായിത്തീർന്നു.

ക്ഷിപ്രകോപികളായ മനുഷ്യർ പെട്ടെന്നുണ്ടാകുന്ന വികാരങ്ങൾക്കധീനരായി പല അബദ്ധങ്ങളും പ്രവർത്തിക്കാവുന്നതാണ്. പക്ഷെ, ഒരു തെറ്റു പ്രവർത്തിക്കുന്നതിനെക്കാൾ ഗൗരവാവഹമായ കുറ്റം അതു തെറ്റാണെന്നു ബോദ്ധ്യം വന്നിട്ടും അതിൽനിന്നും പിന്തിരിയാതെ അതിൽത്തന്നെ ഉറച്ചുനില്ക്കുന്നതിനു പരിശ്രമിക്കുന്നതാണെന്നത്രെ നിയമജ്ഞന്മാരുടെ അഭിപ്രായം. കുടുംബകലഹം നിമിത്തം ഭഗ്നാശനായ ഒരാൾ കിണറ്റിലേക്കു ചാടുന്നതിനെക്കാൾ ശിക്ഷാർഹമായി പരിഗണിക്കപ്പെടുന്നതു കിണറ്റിൽ നിന്നും രക്ഷ പ്രാപിക്കുന്നതിനു സൗകര്യം ലഭിച്ചിട്ടും അതിനു പരിശ്രമിക്കാതെ സ്വയം ആത്മഹത്യയ്ക്കു സന്നദ്ധനാകുന്നതത്രേ. ഏതാണ്ട് ഇതുപോലതന്നെ ലത്തീൻ റീത്തു സ്വീകരിക്കുന്നതിനും പറങ്കിഭരണത്തിനു വിധേയരാകുന്നതിനുമുള്ള വിപ്രതിപത്തിമൂലം കൂനൻകുരിശുസത്യം നടത്തിയതും,

പന്ത്രണ്ടു വൈദികന്മാർ കൂടെ ഒരു മെത്രാനെ വാഴിച്ചതും, യാക്കോബായ പാത്രിയർക്കീസിന്റെ ഭരണത്തിനധീനരായതും അജ്ഞതമൂലം ക്ഷന്തവ്യമായി കരുതുവാൻ സാധിച്ചേക്കും. എന്നാൽ, യാക്കോബായ സഭ ശീശ്മസഭയാണെന്നും, അന്ത്യോഖ്യായാക്കോബായ പാത്രിയർക്കീസ് യഥാർത്ഥ ക്രൈസ്തവമേലദ്ധ്യക്ഷനല്ലെന്നും ബോദ്ധ്യമായതിനു ശേഷവും മാതൃസഭയായ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടാതെ ശീശ്മയിൽതന്നെ ഉറച്ചു നില്ക്കുവാൻ പരിശ്രമിക്കുന്നതു ഭയങ്കരമായ കുറ്റമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ യാഥാർത്ഥ്യം മനസ്സിലായതിന്റെ ഫലമായിട്ടത്രേ കൂൻകുരിശു സത്യം നടത്തിയവരിലും, നിയമവിരുദ്ധമായ മെത്രാഭിഷേകത്തിൽ സഹകരിച്ചവരിലും, യാക്കോബായ പാത്രിയർക്കീസിന്റെ ഭരണത്തിനു കീഴ്പെട്ടവരിലും ഒട്ടനേകർ ഓരോരോ അവസരങ്ങളിലായി കത്തോലിക്കാസഭയോടു പുനരൈക്യം പ്രാപിച്ചു കൊണ്ടിരുന്നിട്ടുള്ളത്.

പുത്തൻ ആചാരങ്ങളും, പുത്തൻ ഭരണവും, പുത്തൻ സഭയും സ്വീകരിച്ചവർക്ക് "പുത്തൻകൂറ്റുകാരെന്നും" പഴയസഭയിൽ പഴയ ഭരണത്തിൽ നില നിന്നവർക്കു "പഴയകൂറ്റുകാരെന്നും" ഉള്ള നാമധേയം സിദ്ധിച്ചുവെന്നതത്രേ ചരിത്രവാസ്തവം. മാർപ്പാപ്പായുടെ പരമാധികാരത്തിൻകീഴിൽ കത്തോലിക്കാസഭയിൽ ഉറച്ചു നിന്നവർക്കു പഴയകൂറ്റുകാർ എന്ന നാമം സിദ്ധിച്ചതിൽ നിന്നു തന്നെ ഗ്രഹിക്കാവുന്നതു കേരളത്തിലെ പഴയസഭ കത്തോലിക്കാസഭ ആയിരുന്നുവെന്നതത്രേ. എന്നാൽ ഈ ചരിത്രവസ്തുതയെ മറയ്ക്കുന്നതിനും മറിക്കുന്നതിനും വേണ്ടി പുത്തൻകൂർപദപ്രയോഗത്തെ പുതിയരീതിയിൽ വ്യാഖ്യാനിക്കുന്നതിനു ചില അകത്തോലിക്കാചരിത്രകാരന്മാർ പരിശ്രമിക്കുന്നുണ്ട്. പക്ഷെ, നിരവധി ചരിത്രത്തെളിവുകളുടെ മുമ്പിൽ അവരുടെ വിതണ്ഡാവാദങ്ങൾ ശിഥിലങ്ങളാകാതെ നിവൃത്തിയില്ല.

## അദ്ധ്യായം – 16

# പുത്തൻകൂറ്റുകരും പുനരൈക്യപരിശ്രമങ്ങളും

**ക്രി**സ്തുനാഥൻ അരുൾചെയ്തിട്ടുള്ള ഉപമകളിൽ ഏറ്റം പ്രാധാന്യം അർഹിക്കുന്നതും ലോകത്തിൽ പലപ്പോഴും അനുഭവവേദ്യമായി തീർന്നിട്ടുള്ളതുമായ ഒന്നത്രേ "ധൂർത്തപുത്രന്റെ ഉപമ". ബാഹ്യപ്രലോഭനങ്ങളാൽ ആകൃഷ്ടനും പെട്ടെന്നുണ്ടായ വികാരങ്ങൾക്ക് അധീനനുമായിത്തീർന്ന ധൂർത്തപുത്രൻ സ്വപിതാവിനെയും ഭവനത്തെയും ഉപേക്ഷിച്ചു വിദൂരദേശത്തേയ്ക്കു യാത്ര പുറപ്പെടുന്നു. തന്റെ കൈവശമുണ്ടായിരുന്ന പണമെല്ലാം തീർന്നു കഴിഞ്ഞപ്പോൾ അഷ്ടിക്കു പോലും നിവൃത്തി കാണാതെ അവൻ വിഷമിക്കുന്നു. അവസാനം അവനു സുബുദ്ധിയുണ്ടാകുകയും സ്വപിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിച്ചെല്ലുകയും ചെയ്യുന്നു. ഇക്കാലമത്രയും തന്റെ പുത്രന്റെ തിരിച്ചു വരവിനുവേണ്ടി സങ്കടത്തോടുകൂടെ പ്രാർത്ഥിക്കുകയും പ്രതീക്ഷാപൂർവ്വം കാത്തിരിക്കുകയും ചെയ്തുകൊണ്ടിരുന്ന ആ പിതാവ് പുത്രന്റെ ആഗമനത്തോടുകൂടെ സന്തുഷ്ടനായിത്തീരുന്നു. അങ്ങനെ ആ കുടുംബം പൂർവ്വവൽ സമാധാനവും ആനന്ദവും അനുഭവിക്കുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നു.

കത്തോലിക്കാസഭയിൽ നിന്നും ഓരോ കാലയളവിൽ ഓരോരോ കാരണങ്ങളാൽ ഭിന്നിച്ചു പോയിട്ടുള്ളവരുടെയും അവരെ അനുഗമിച്ചിട്ടുള്ളവരുടെയും തിരിച്ചുവരവിനു വേണ്ടി അഥവാ പുനരൈക്യത്തിനു വേണ്ടി ധൂർത്തപുത്രന്റെ പിതാവിനെപ്പോലെ കത്തോലിക്കാസഭ നിരന്തരം കാത്തിരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനുവേണ്ടി സഭാസ്ഥാ

പകനായ കർത്താവിനോടു നിരന്തരം പ്രാർത്ഥിക്കുകയും നാനാവിധ പരിശ്രമങ്ങൾ നടത്തുകയും ചെതിട്ടുണ്ട്; ചെയ്യുന്നുമുണ്ട്. തൽഫല മായി മാതൃസഭാവക്ഷസ്സിലേക്കു വ്യക്തികളായും കൂട്ടമായും അനേ കായിരങ്ങൾ പ്രവേശിച്ചിട്ടുണ്ട്. ഇപ്പോഴും പ്രതിദിനമെന്നോണം അനേ കർ പ്രവേശിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. ധൂർത്തപുത്രനെപ്പോലെ "പിതാ വിന്റെ ഭവനത്തിൽ" നിന്നും ഭിന്നിച്ചു പോയിട്ടുള്ളവരാൽ സ്ഥാപിത ങ്ങളായിട്ടുള്ള പുതിയ സംഘടനകൾക്കു നേരിട്ടിട്ടുള്ള പരാജയവും അധഃപതനവും "നരകകവാടങ്ങൾ പ്രബലപ്പെടാത്തതും പാറമേൽ അടി സ്ഥാനമുറപ്പിച്ചിരിക്കുന്നതു"മായ പിതൃഭവനത്തിലേക്കു മടങ്ങിച്ചെല്ലു വാൻ അവർക്ക് പ്രേരകമായിത്തീർന്നു.

പോർട്ടുഗീസ് മിഷ്യനറിമാരുടെ ഗർഹണീയമായ പ്രവർത്തനങ്ങൾ നിമിത്തം കൂനൻകുരിശുസത്യം നടത്തുന്നതിനും തദനന്തരം യാക്കോ ബായ ഛിദ്മത്തിൽ നിപതിക്കുന്നതിനും ഇടയായ കേരളത്തിലെ പുത്തൻകൂർ പിതാക്കന്മാർ കത്തോലിക്കാസഭയിൽ നിന്നും പിരിഞ്ഞ നിമിഷം മുതൽ പ്രസ്തുത സഭയിലേക്കു പുനരൈക്യപ്പെടുന്നതിനു പരിശ്രമിച്ചതായി ചരിത്രത്തിൽ സ്പഷ്ടമായി രേഖപ്പെടുത്തിയിരിക്കു ന്നു. കൂനൻകുരിശുസത്യം നടത്തിയ 114 പള്ളിക്കാരിൽ 84 പള്ളിക്കാരും ഏതാനും വർഷങ്ങൾക്കുള്ളിൽ കത്തോലിക്കാസഭാപുനരൈക്യം പ്രാപിക്കയാണുണ്ടായത്. പ്രധാനമായി നാലു കാരണങ്ങളാണ് ഇതി ലേക്കു അവർക്കു പ്രേരണ നല്കിയത്.

1. ലോകത്തിൽ ക്രിസ്തു സ്ഥാപിച്ച സത്യസഭ കത്തോലിക്കാസഭ യാണ്. ആ സഭയുടെ അംഗങ്ങളായി ജീവിക്കേണ്ടത് ആത്മര ക്ഷയ്ക്കു അത്യന്താപേക്ഷിതമാണ്.

2. വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമികൾ റോമാമാർപ്പാപ്പാമാ രാണ്. ക്രിസ്തുവിനെ അനുസരിക്കണമെന്നു യഥാർത്ഥമായി ആഗ്രഹിക്കുന്നവർ അദ്ദേഹത്തിന്റെ പ്രതിനിധിയായ റോമാ മാർപ്പാപ്പായുടെ ഭരണത്തിൻ കീഴിൽ വന്നുചേരുക തന്നെ വേണം.

3. ഏതു റീത്തിൽപ്പെട്ടിരുന്ന മെത്രാന്മാരായിരുന്നാലും അവർ മാർപ്പാപ്പായുടെ നേരിട്ടുള്ള കല്പനപ്രകാരമോ, അല്ലാത്തപക്ഷം മാർപ്പാപ്പായുടെ കീഴിലുള്ള പാത്രിയർക്കീസിന്റെ കല്പനപ്രകാ രമോ ഭരിക്കുന്നവരായാരിക്കണം. അവരെ അനുസരിക്കേണ്ടത് അവശ്യം ആവശ്യമാണ്.

4. കൂനൻകുരിശുസത്യം നടത്തിയതിന്റെ പ്രധാനകാരണം പോർട്ടുഗീസുകാരോടുണ്ടായ വിരോധമായിരുന്നെങ്കിലും, കത്തോലിക്കാസഭയെ ഉപേക്ഷിച്ചതും, കൈവയ്പില്ലാത്ത മെത്രാനെ സ്വീകരിച്ചതും, അവസാനം ശീശ്മസഭയിൽ ഉൾപ്പെട്ടതും ഭയങ്കരമായ പാപമാണ്.

ഈദൃശബോദ്ധ്യം ബഹുഭൂരിപക്ഷത്തെയും കത്തോലിക്കാസഭാമാതാവിന്റെ വക്ഷസ്സിലേക്ക് ആനയിക്കയാണുണ്ടായത്. എങ്കിലും നിർബ്ബന്ധബുദ്ധിയോടുകൂടെ ഒരു കൂട്ടർ നിലകൊള്ളുകയും തങ്ങളുടെ അബദ്ധനിലയെ നീതീകരിക്കുവാൻ കഴിയുംവിധം പരിശ്രമിച്ചുകൊണ്ടിരിക്കയും ചെയ്തു.

കേരളത്തിലെ ക്രൈസ്തവസഭയിലുണ്ടായ ഈദൃശഭിന്നതയെപ്പറ്റിയുള്ള വിവരം ലഭിച്ച ഉടൻ തന്നെ ഈ ഭിന്നത പരിഹരിച്ച് ഇവിടത്തെ ക്രൈസ്തവരെ നേർവഴിയിലേക്കാനയിക്കുന്നതിന് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് യൗസേഫ് സെബസ്റ്റ്യാനി എന്ന ഒരു കർമ്മലീത്താ വൈദികനെ കേരളത്തിലേക്കയച്ചു. ഈശോസഭാവൈദികരോടുണ്ടായ വിദ്വേഷം നിമിത്തമാണ് ഇവിടെ ഭിന്നിപ്പുണ്ടായതെന്നും ഇതരസമൂഹത്തിൽപെട്ട ഭരണാധികാരികളെ അയക്കുന്ന പക്ഷം സ്ഥിതിഗതികൾ ശാന്തമായിത്തീരുമെന്നും ഗ്രഹിച്ചതു നിമിത്തമാണ് കർമ്മലീത്താ വൈദികനെ വിവരമന്വേഷിച്ചു റിപ്പോർട്ടു ചെയ്യുന്നതിനും മറ്റുമായി മാർപ്പാപ്പാ നിയോഗിച്ചത്. ജോസഫ് സെബെസ്റ്റ്യാനിയുടെ പരിശ്രമഫലമായി തോമസ് അർക്കദിയാക്കോൻ കൈവയ്പില്ലാത്ത മെത്രാനാണെന്നും അദ്ദേഹം മാർപ്പാപ്പായുടെ ഭരണത്തിൻ കീഴിലല്ലെന്നും ബോദ്ധ്യം വന്ന 84 പള്ളിക്കാരോളം ഗാർസ്യാ മെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴിലേക്ക് തിരിച്ചു വരികയുണ്ടായി. ബാക്കി 30 പള്ളികൾ മാത്രമാണ് തോമ്മാ അർക്കദിയാക്കോന്റെ കീഴിൽ നിലകൊണ്ടത്.

ക്രിസ്താബ്ദം 1658-ൽ നടന്ന കൂനൻകുരിശു സത്യത്തിനു ശേഷം പുത്തൻകൂർ ജനതയിലൊരു വിഭാഗം യാക്കോബായ ഛരിദ്മത്തിൽ നിപതിച്ചതു വരെയുള്ള 12 വർഷക്കാലത്തിനുള്ളിൽ ഒന്നിനു പുറകേ ഒന്നായി നിരവധി സംഭവങ്ങൾ ഇവിടെ നടക്കുകയുണ്ടായി. ആലങ്ങാട്ടു പള്ളിയിൽ വെച്ചു നടന്ന മഹായോഗം, പന്ത്രണ്ടു വൈദികന്മാർ കൈവയ്പു നടത്തിയ മെത്രാൻ സ്ഥാനാഭിഷേകം, ഇറ്റലിയിൽ നിന്നുള്ള ജോസേഫ് സെബസ്റ്റ്യാനിയുടെ ആഗമനം, അർക്കദിയാക്കോൻ കക്ഷിയുടെ പരാജയം, കടവിൽ ചാണ്ടിക്കത്തനാരുടെ മെത്രാൻ സ്ഥാനാഭിഷേകം എന്നിവയെല്ലാമായിരുന്നു പ്രസ്തുത സംഭവങ്ങൾ.

കൂനൻകുരിശു സത്യം ചെയ്തു ഭിന്നിച്ചു നിന്നിരുന്ന 114 പള്ളിക്കാരിൽ 84 പള്ളിക്കാരും യഥാർത്ഥ സത്യം ഗ്രഹിച്ചതിന്റെ ഫലമായി ഇതിനകം കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ടുവെന്ന് മേൽ പ്രസ്താവിച്ചുവല്ലോ. അഞ്ചു കാരണങ്ങളായിരുന്നു. ഏതാദൃശ പുനരൈക്യത്തിന് അവർക്ക് പ്രേരകമായിത്തീർന്നത്, അവ താഴെ ച്ചേർക്കുന്നു:-

**1. മെത്രാഭിഷേകത്തിന്റെ അസാധുത്വം**

കൂനൻകുരിശുസത്യം ചെയ്തവരും ആലങ്ങാട്ടേ മഹായോഗത്തിലും അവിടെ വെച്ചു നടന്ന മെത്രാൻ സ്ഥാനഭിഷേകത്തിലും സംബന്ധിച്ചവരും ആയ പലരിലും തോമസ്സ് അർക്കദിയാക്കോന്റെ മെത്രാഭിഷേക സ്വീകരണത്തിന്റെ സ്വഭാവത്തെപ്പറ്റി സംശയമുളവാകുന്നതിനിടയായി. 12 വൈദികന്മാരുടെ കൈവയ്പു മൂലമുള്ള മെത്രഭിഷേകം അസാധുവാണെന്നും, തോമ്മാഅർക്കദീയാക്കോൻ കേവലം "ചുവപ്പു വേഷധാരി" മാത്രമാണെന്നുള്ള വാസ്തവം അദ്ദേഹത്തെ അനുഗമിച്ചിരുന്ന കടവിൽ ചാണ്ടിക്കത്തനാർ, പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ എന്നിവർക്ക് സുദൃഢം ബോധ്യപ്പെട്ടു. ഇപ്രകാരം തന്നെ അഹത്തുള്ളായുടേതായി ഇട്ടിത്തൊമ്മൻ കത്തനാർ എഴുതിയുണ്ടാക്കിയ കത്തു കൃത്രിമരേഖയാണെന്നുള്ള സംഗതിയും പരസ്യമായിത്തീർന്നു, തൽഫലമായി കൂനൻകുരിശു സത്യം കഴിഞ്ഞ ശേഷം രണ്ടു വർഷത്തിനിടയിൽ ഇരുപത്തിയഞ്ചു പള്ളിക്കാർ അർക്കദിയാക്കോന്റെ പിടിയിൽനിന്ന് വിട്ട് ഗാർസ്യാ മെത്രാപ്പോലീത്തായ്ക്കു വിധേയരാകുകയും അങ്ങനെ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്തു.

**2. ജോസഫ് സെബാസ്റ്റ്യാനിയുടെ പ്രവർത്തനങ്ങൾ**

മലങ്കരയിൽ നടന്ന ഹൃദയഭേദകമായ സംഭവങ്ങൾ റോമയിൽ പ്രതിദ്ധ്വനിച്ചപ്പോൾ അന്നത്തെ കത്തോലിക്കാ സഭാദ്ധ്യക്ഷനായിരുന്ന അലക്സാണ്ടർ സപ്തമൻ മാർപ്പാപ്പാ തന്റെ സ്ഥാനപതിയായി ജോസഫ് സെബസ്റ്റ്യാനി എന്ന ഇറ്റാലിയൻ കർമ്മലീത്താസന്യാസി വൈദികനെ മലങ്കരയിലേക്കയച്ചു. അദ്ദേഹം വളരെ ഭക്തനും നയജ്ഞനും ആയിരുന്നതിനാലും, മാർപ്പാപ്പായുടെ കൈയിൽ നിന്നുമുള്ള കത്തുകളും അധികാരപത്രങ്ങളും അദ്ദേഹം കൊണ്ടുവന്നതു നിമിത്തവും, അദ്ദേഹത്തോട് സഹകരിച്ചു പ്രവർത്തിക്കുന്നതിനു നാട്ടുകാരായ നിരവധി വൈദികന്മാർ ഉണ്ടായിരുന്നതുമൂലവും വാസ്തവസ്ഥിതി ഗ്രഹിച്ച് അനേകം പള്ളികൾ അർക്കദിയാക്കോന്റെ കക്ഷിയെ ഉപേ

ക്ഷിക്കുകയാണുണ്ടായത്. അനേകം സ്ഥലങ്ങളിൽ മഹായോഗങ്ങൾ നടത്തി സത്യാവസ്ഥ ജനങ്ങളെ ഗ്രഹിപ്പിക്കുന്നതിന് സെബസ്ത്യാനിക്കു സാധിച്ചു. ഇതിന്റെയെല്ലാം ഫലമായും ഒട്ടനേകർ ഭിന്നതയുപേക്ഷിച്ച് കത്തോലിക്കാസഭാ പുനരൈക്യം പ്രാപിക്കുകയാണുണ്ടായത്.

**3. ആകസ്മിക വിപത്തുകൾ**

അർക്കദിയാക്കോന്റെ ഭാഗത്തു ശക്തിപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരുന്ന ചില പ്രമാണികൾക്കു പൊടുന്നനവേയുണ്ടായ ചില വിപത്തുകൾ അനേകരെ നേർവഴിയിലേക്ക് ആനയിക്കുന്നതിനു പ്രേരകമായിത്തീർന്നു. ആലങ്ങാട്ടു സ്വദേശിയും അർക്കദിയാക്കോൻ കക്ഷി നേതാവുമായിരുന്ന ഒരാൾ കഠിനമായ വീഴ്ചമൂലം പെട്ടെന്നു മരണമടഞ്ഞു. വരാപ്പുഴ സ്വദേശിയായ വേറൊരു പ്രധാന കക്ഷിയുടെ വീട് അഗ്നിക്കിരയായിത്തീർന്നു. അർക്കദയാക്കോൻ കക്ഷിയിൽ ശക്തിയായി പ്രവർത്തിച്ചുകൊണ്ടിരുന്നവരുടെ രണ്ടു പള്ളികൾ (ചാലക്കുടി, കുറുപ്പംപടി) ഇടിഞ്ഞുവീണു നശിച്ചു. പറവൂരിലുണ്ടായിരുന്ന അർക്കദിയാക്കോൻ കക്ഷിയുടെ അങ്ങാടിക്കു തീപിടിക്കുകയും വീടുകൾ വെന്തു വെണ്ണീറാകുകയും ചെയ്തു. അർക്കദിയാക്കോനെ വളരെ ശക്തിയുക്തം പിൻതാങ്ങിക്കൊണ്ടിരുന്ന കണ്ടനാട് ഇടവകയിലെ ക്രിസ്ത്യാനികളും നായന്മാരും തമ്മിലുണ്ടായ ലഹളയുടെ ഫലമായി ക്രിസ്ത്യാനികൾക്കു നിസ്സീമമായ നഷ്ടങ്ങൾ സംഭവിച്ചു. യഥാർത്ഥമേലധികാരികളുമായി ഭിന്നിക്കുകയും മെത്രാൻ വേഷധാരിയെ സ്വീകരിക്കുകയും ചെയ്തതു നിമിത്തം ദൈവം അയച്ച ശിക്ഷകളാണിവയെല്ലാമെന്നുള്ള ബോദ്ധ്യം നിമിത്തം ഒട്ടനേകർ തങ്ങളുടെ നിലയെപ്പറ്റി സംശയിക്കുകയും തൻമൂലം അർക്കദയാക്കോൻ കക്ഷിയിൽ നിന്നു പിന്മാറുകയും ചെയ്യുന്നതിനിടയായി. അർക്കദിയാക്കോന്റെ വലംകയ്യായി നിന്നു പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു നസ്രാണിപ്രഭു മരണസമയത്തു തന്റെ തെറ്റുകളെപ്പറ്റി അനുതപിക്കുകയും ഗാർസ്യാ മെത്രാപ്പോലീത്തായുടെ കീഴിലുള്ള ഒരു വൈദികനിൽനിന്നും അന്ത്യകൂദാശ സ്വീകരിക്കുകയും, അർക്കദിയാക്കോനെ ഉപേക്ഷിച്ച് ഗാർസ്യാമെത്രാപ്പോലീത്തായെ എല്ലാവരും സ്വീകരിക്കണമെന്നുപദേശിക്കയും ചെയ്തുകൊണ്ട് മരണമടഞ്ഞു. ഈ സംഭവവും പുതിയ കക്ഷിയുടെ ബലഹീനതയ്ക്കു കാരണമായിബ്ഭവിച്ചു.

**4. ഗവർമെന്റിന്റെ സ്വാധീനശക്തി**

കൊച്ചിയിലെ പോർട്ടുഗീസ് ഗവർണ്ണർ ഈ ശീശ്മ അവസാനിപ്പി

ക്കുന്നതിന് സ്വാധികാരം പ്രയോഗിക്കണമെന്നു കൊച്ചീ രാജാവിനോടപേക്ഷിച്ചു. അതനുസരിച്ചു തന്റെ കീഴിലുള്ള അധികാരികൾ മുഖേന അർക്കദയാക്കോൻ കക്ഷികളെ അമർച്ച ചെയ്യുന്നതിന് രാജാവ് കഴിയുന്നത്ര പരിശ്രമിച്ചു. അർക്കദിയാക്കോനെയും ഇട്ടിത്തൊമ്മൻകത്തനാരെയും ബന്ധനത്തിലാക്കുക, അർക്കദിയാക്കോന്റെ വൈദികചിഹ്നങ്ങൾ, ഗ്രന്ഥങ്ങൾ, എഴുത്തുകൾ എന്നിവ പിടിച്ചെടുക്കുക, അദ്ദേഹത്തിന്റെ കീഴിലുള്ള ചില പള്ളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുക എന്നിവയെല്ലാം നടത്തി ഗവൺമെന്റ് അധികാരികൾ ഭരണകക്ഷികളെ ഉപദ്രവിച്ചുകൊണ്ടിരുന്നു. കൂടാതെ കത്തോലിക്കർക്കു നിരവധി സഹായങ്ങൾ അവർ നല്കുകയും ചെയ്തു. അർക്കദിയാക്കോൻ കക്ഷിയെ ഉപേക്ഷിച്ചു കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിന് ഇതും ഒട്ടനേകർക്ക് പ്രേരണ നല്കി.

### 5. ചാണ്ടിമെത്രാന്റെ പരിശ്രമങ്ങൾ

മാർപ്പാപ്പായുടെ കല്പനപ്രകാരം കൊറവിലങ്ങാട്ടു പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരെ "അലക്സാണ്ടർ" എന്ന നാമധേയത്തിൽ ജോസഫ് സെബാസ്റ്റ്യാനി മെത്രാനായി അഭിഷേചിച്ചു. സ്വദേശിയനും സുറിയാനിക്കാരനുമായ പ്രസ്തുത മെത്രാൻ ഭിന്നിച്ചു നിന്ന സ്വജാതീയരായ അർക്കദിയാക്കോൻ കക്ഷികളെ കത്തോലിക്കാസഭയിലേക്കു തിരിച്ചു കൊണ്ടുവരുന്നതിന് അക്ഷീണം പരിശ്രമിച്ചു. തൽഫലമായി ചുരുങ്ങിയ കാലയളവിനുള്ളിൽ 29 പള്ളിക്കാർ അദ്ദേഹത്തിന്റെ മേലധികാരം സ്വീകരിച്ചു കത്തോലിക്കാസഭാംഗങ്ങളായിത്തീർന്നു.

യാക്കോബായമെത്രാനായ മാർ ഗ്രീഗോറിയോസ് മലങ്കരയിലെത്തി ഇവിടത്തെ അർക്കദിയാക്കോൻ കക്ഷികളെ യാക്കോബായസഭയിൽ ചേർത്തുവരെയുള്ള പന്ത്രണ്ടു വർഷത്തിനുള്ളിൽ (1655-1667) കൂനൻ കുരിശുസത്യംമൂലം ഭിന്നിച്ചു നിന്നിരുന്ന 114 പള്ളികളിൽ 84 പള്ളികളും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയാണുണ്ടായത്. അവശേഷിച്ചിരുന്ന 30 പള്ളികൾക്കുമാത്രമേ യാക്കോബായശീശ്മയിൽ നിപതിക്കുന്നതിനുള്ള നിർഭാഗ്യം ഉണ്ടായുള്ളു.

## ഒന്നാം മാർത്തോമ്മാ

കത്തോലിക്കാസഭാധികാരികൾക്കു കീഴ്വഴങ്ങാതെ ജീവിക്കുന്നതു തങ്ങളുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിക്ക് തടസ്സമാണെന്നുള്ള ബോദ്ധ്യം നിമിത്തം ഒന്നാം മാർത്തോമ്മായും അനുയാ

യികളും കത്തോലിക്കാപുനരൈക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇടപ്പള്ളിയിൽവെച്ചു കൂടിയ പുത്തൻകൂറ്റുകാരുടെ ഒരു മഹായോഗത്തിലെ നിശ്ചയമനുസരിച്ചു കത്തോലിക്കാപുനരൈക്യത്തിനു തങ്ങൾ അതിയായി ആഗ്രഹിക്കുന്നുവെന്നും എന്നാൽ രണ്ടുകാര്യങ്ങൽ അതിലേക്കായി സാധിച്ചുതരണമെന്നും സെബാസ്റ്റ്യാനിമെത്രാനോടു അവർ അപേക്ഷിക്കുകയുണ്ടായി, തോമ്മാ അർക്കദിയാക്കോനെ മെത്രാനായി അഭിഷേചിക്കണമെന്നും അദ്ദേഹത്തിനു ഭരണാധികാരം നല്കണമെന്നുള്ളതായിരുന്നു ആ രണ്ടു അപേക്ഷകൾ. എന്നാൽ സെബാസ്റ്റ്യാനിമെത്രാൻ രണ്ടപേക്ഷകളും നിരസിക്കുകയാണുണ്ടായത്. "അർക്കദിയാക്കോൻ സ്വയമേവ സ്വീകരിച്ചു മെത്രാൻപട്ടം പരസ്യമായി ഉപേക്ഷിക്കട്ടെ" എന്നായിരുന്നു ആദ്യത്തെ അഭ്യർത്ഥനയ്ക്ക് അദ്ദേഹം നല്കിയ മറുപടി. രണ്ടാമത്തേതിനാകട്ടെ, അർക്കദിയാക്കോനു ഭരണാധികാരം നല്കുന്ന കാര്യം റോമിലെ അനുവാദത്തോടുകൂടി മാത്രമേ സാധിക്കുകയുള്ളു എന്നു മറുപടി നല്കികൊണ്ട് അദ്ദേഹം ഒഴിഞ്ഞു മാറുകയാണുണ്ടായത്. ഈ കാര്യങ്ങളെല്ലാം സാധിച്ചിരുന്നുവെങ്കിൽ യാക്കോബായ മെത്രാനായ മാർ ഗ്രീഗോറിയോസിനെ ഇവിടെ വരുത്തുന്നതിനുവേണ്ടി ഒന്നാം മാർത്തോമ്മായും കൂട്ടരും പരിശ്രമിക്കുകയോ യാക്കോബായസഭയ്ക്ക് കേരളത്തിൽപ്രവേശനം ലഭിക്കുകയോ, കത്തോലിക്കാസഭയിൽനിന്ന് ഭിന്നിച്ചുള്ള ഒരു പുത്തൻകൂർ വിഭാഗം ഇവിടെ ജാതമാകുകയോ ചെയ്യുമായിരുന്നില്ല.

## നാലാം മാർത്തോമ്മാ

കത്തോലിക്കാമെത്രാന്മാരിൽ നിന്നുള്ള കൈവയ്പോ മാർപ്പാപ്പായിൽനിന്നും ഭരണാധികാരമോ ലഭിക്കുകയില്ലെന്നുള്ള ബോദ്ധ്യം നിമിത്തം രണ്ടാം മാർത്തോമ്മായും മൂന്നാം മാർത്തോമ്മായും കത്തോലിക്കാപുനരൈക്യാർത്ഥം പരിശ്രമിക്കുകയുണ്ടായില്ല. എന്നാൽ ക്രിസ്താബ്ദം 1688 മുതൽ 1728 വരെയുള്ള നാല്പതുവർഷക്കാലം ഭരണം നടത്തിയിരുന്ന നാലാം മാർത്തോമ്മാ അതിനുവേണ്ടി കഴിയുന്നത്ര പരിശ്രമങ്ങൾ നടത്തിയതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ കീഴിലുണ്ടായിരുന്ന 29 പള്ളിക്കാരുടെയും പന്ത്രണ്ടു വൈദികപ്രധാനികളുടെയും കയ്യൊപ്പോടുകൂടിയ ഒരുഅപേക്ഷ ക്രിസ്താബ്ദം 1704 ഡിസംബറിൽ നാലാം മാർത്തോമ്മാ മാർപ്പാപ്പായ്ക്കു അയച്ചുകൊടുത്തു. ആഞ്ചലൂസ് ഫ്രാൻസിസ് മെത്രാൻ, ഫാ. അഗസ്റ്റിൻ എന്ന കത്തോലിക്കാകർമ്മലീത്താ വൈദികൻ മുഖേ

നയാണു പ്രസ്തുത അപേക്ഷ റോമയിൽ എത്തിച്ചത്. അഞ്ചു കാര്യങ്ങളായിരുന്നു അതിൽ പ്രധാനമായി രേഖപ്പെടുത്തിയിരുന്നത്.

1. പുത്തൻകൂറ്റുകാർ കത്തോലിക്കാസഭയെ പരിത്യജിക്കുന്നതിനുണ്ടായ കാരണം പോർട്ടുഗീസുകാരായ ഈശോസഭക്കാർ മൂലമുണ്ടായ ഉപദ്രവങ്ങളാണ്.

2. കർമ്മലീത്താവൈദികന്മാരെ കേരളത്തിലേക്കയച്ചതിൽ മാർപ്പാപ്പായോട് കൃതജ്ഞത പ്രദർശിപ്പിക്കുന്നു.

3. സുറിയാനിക്രമം മലങ്കരയിലെങ്ങും ആചരിക്കപ്പെടുന്നതിനുള്ള അനുവാദം മാർപ്പാപ്പാ നല്കണം.

4. വരാപ്പുഴയിലെ ആഞ്ചലൂസ് ഫ്രാൻസിസ് മെത്രാനുമൊന്നിച്ച് മലങ്കരയിലെ കത്തോലിക്കരെ ഭരിക്കുവാനുള്ള അധികാരപത്രം അയച്ചുകൊടുക്കണം.

5. വി. കുർബാനയിൽ പുളിച്ച അപ്പവും പുളിക്കാത്ത അപ്പവും ഉപയോഗിക്കുന്നതിനുള്ള അനുവാദം നല്കണം.

(Paulinus “India Orientalis” P. 107)

ഇപ്രകാരമുള്ള അനുവാദങ്ങൾ നല്കുന്നപക്ഷം മലങ്കരയിലെ ഭിന്നത അവസാനിക്കുന്നതാണെന്നു പ്രസ്തുത അപേക്ഷയുടെ അവസാനം എഴുതിയിരുന്നു.

നാലാം മാർത്തോമ്മാ അയച്ച ഈ അപേക്ഷയ്ക്ക് അനുകൂലമായോ പ്രതികൂലമായോ ഉള്ള യാതൊരു മറുപടിയും റോമിൽ നിന്നും അയച്ചു കൊടുത്തില്ല. തന്നിമിത്തം നിരാശനായിത്തീർന്ന നാലാം മാർത്തോമ്മാ യാക്കോബായസഭയുമായുള്ള ബന്ധത്തെ ഉറപ്പിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കുകയാണുണ്ടായത്.

### അഞ്ചാം മാർത്തോമ്മാ

ക്രിസ്താബ്ദം 1728-1765 വരെ കേരളത്തിലെ യാക്കോബായസഭയെ ഭരിച്ചുകൊണ്ടിരുന്ന അഞ്ചാം മാർത്തോമ്മായും കത്തോലിക്കാ പുനരൈക്യം കഴിവതു പരിശ്രമിച്ചിട്ടുണ്ട്. തന്നെയും, തന്റെ കീഴിലുള്ള വൈദികരെയും, ജനങ്ങളെയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള സുദീർഘമായ ഒരപേക്ഷ 1748 -ൽ മാർപ്പാപ്പായ്ക്ക് അദ്ദേഹം അയച്ചുകൊടുത്തു. പ്രസ്തുത അപേക്ഷയുടെ അവസാനഭാഗം ഇപ്രകാരമാണ്:

“ശ്ലീഹന്മാരുടെ തലവനെന്നു പത്രോസിന്റെ കുർബാനക്രമത്തിൽ വിവരിക്കുന്ന വി. പത്രോസിന്റെ നാമത്തിൽ അങ്ങയോടു ഒരപേക്ഷ ചെയ്യുന്നു. അത് എന്തെന്നാൽ ഗ്രീക്കുകാർക്കനുവദിച്ചിട്ടുള്ളതു പോലെ പുളിച്ച അപ്പം ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കു തരണം. ഞങ്ങളുടെ ഇടയിലുള്ള എല്ലാ പള്ളികൾക്കും ഈ സ്വാതന്ത്ര്യം തരണമെന്നുള്ള ഞങ്ങളുടെ അപേക്ഷയെ അവിടുന്ന് സ്വീകരിക്കുന്ന പക്ഷം ഞങ്ങളെല്ലാവരും ഉടൻതന്നെ അവിടത്തെ സിംഹാസനത്തിനു അനുസരണമുള്ളവരായിത്തീരുന്നതാണ്. കർമ്മലീത്തർ ഞങ്ങളെ സഹായിക്കുന്നതിനാജ്ഞാപിക്കുകയും ഈ ഇടവകയിൽനിന്നും പോർട്ടുഗീസ് മെത്രാനെ മാറ്റുകയും ചെയ്യുവാൻ ദയവുണ്ടാകണം. ഞങ്ങൾക്കു ഈ അനുഗ്രഹം ചെയ്യേണമേ. സജീവദൈവത്തിന്റെ ദയയും അനുകമ്പയും ഞങ്ങളുടെ മേലുണ്ടായിരിക്കട്ടെ. ആമ്മീൻ.

1748-ാം കൊല്ലം പരിശുദ്ധമറിയത്തിന്റെ പള്ളിയിൽനിന്ന് ഇൻഡ്യയുടെ തലവനായ തോമ്മാ.

അഞ്ചാം മാർത്തോമ്മായുടെ ഈ അപേക്ഷ വരാപ്പുഴവികാരി അപ്പോസ്തോലിക്കായുടെ ആജ്ഞാനുസരണം ഫാദർ ബോനിഫസ് എന്ന ഒരു കർമ്മലീത്താവൈദികനായിരുന്നു റോമിലെത്തിച്ചത്. പ്രൊപ്പഗന്താ തിരുസംഘത്തിന്റ സെക്രട്ടറി ഈ അപേക്ഷയ്ക്കുള്ള ഒരു മറുപടി വരാപ്പുഴവികാരി അപ്പോസ്തോലിക്കായ്ക്ക് അയച്ചുകൊടുത്തു. ക്രിസ്താബ്ദം 1757 സെപ്തംബർ മൂന്നാംതീയതി റോമിൽ ചെയ്ത തീരുമാനം പ്രസ്തുത കത്തിൽ വ്യക്തമായി വിശദീകരിച്ചിരുന്നു. അഞ്ചാംമാർത്തോമ്മായുടെ ഉദ്ദേശശുദ്ധിയെപ്പറ്റിയുണ്ടായ ബലമായ സംശയമാണ് പ്രസ്തുതതീരുമാനത്തിൽ ആദ്യന്തം സ്പഷ്ടമായിക്കാണുന്നത്. “സാധുവായ കയ്വെയ്പ്പില്ലാത്ത അഞ്ചാം മാർത്തോമ്മാ കുർബാന ചൊല്ലുകയും പട്ടം കൊടുക്കുകയും ചെയ്തിട്ടുണ്ട്. റോമാ വിശ്വസിച്ചില്ലെന്ന് അദ്ദേഹം പറയുന്ന അദ്ദേഹത്തിന്റെ പ്രസ്താവനകൾ വ്യാജമാണ്. അദ്ദേഹവും അനുയായികളും പുനരൈക്യപ്പെടുമെന്നു വിശ്വാസമില്ല. അദ്ദേഹത്തിന്റെ പ്രസ്താവനകൾ വെറും നാട്യങ്ങളാകയാൽ അദ്ദേഹത്തിന്റെ സംഗതി സംബന്ധിച്ചു പര്യാലോചിക്കേണ്ടതില്ല” എന്നിപ്രകാരമുള്ള ആശയങ്ങളായിരുന്നു പ്രൊപ്പഗന്താതിരുസംഘത്തിന്റെ ആ തീരുമാനത്തിൽ ഉണ്ടായിരുന്നത്. ഈദൃശസംശയങ്ങളും തെറ്റിദ്ധാരണകളും റോമിലെ അധികാരികൾക്കുണ്ടാകുവാനിടയായ കാരണം അന്നു കേരളത്തിൽ ഭരിച്ചുകൊണ്ടിരുന്ന ലത്തീൻ മെത്രാ

ന്മാർ നടത്തിയ എഴുത്തുകുത്തുകളായിരുന്നു എന്നത്രേ പറയപ്പെടുന്നത്. മാർത്തോമ്മായുടെ അപേക്ഷയിൽ കത്തോലിക്കാഐക്യത്തിൽനിന്നും അദ്ദേഹവും കൂട്ടരും ഭിന്നിച്ചുപോയതിനാകട്ടെ, ദൈവദ്രോഹകരമാം വിധത്തിൽ മെത്രാൻപട്ടം സ്വീകരിച്ചതിനെ സംബന്ധിച്ചാകട്ടെ യാതൊരു മനസ്താപവും രേഖപ്പെടുത്തിക്കാണാത്തതുകൊണ്ടും, പോർട്ടുഗീസുകാരെ രാജ്യത്തിൽനിന്നും മാറ്റിക്കൊടുക്കണമെന്ന് അപേക്ഷിച്ചതു നിമിത്തവും റോമിലെ അധികാരികൾ ഈ അപേക്ഷയെ കാര്യമായി പരിഗണിച്ചില്ലത്രെ. തന്നെയുമല്ല, ഉദയമ്പേരൂർ സുന്നഹദോസിൽവെച്ച് വി. കുർബ്ബാനയിൽ പുളിക്കാത്ത അപ്പം തങ്ങൾ ഉപയോഗിച്ചുകൊള്ളാമെന്നു കേരളത്തിലെ സകല ക്രിസ്ത്യാനികളും സമ്മതിച്ചിട്ടുണ്ടെന്നായിരുന്നു റോമിലെ ധാരണ, റോമിൽ നിന്നും ഇതു സംബന്ധിച്ച് വരാപ്പുഴ മേലദ്ധ്യക്ഷനയച്ച കത്തിൽ അഞ്ചാം മാർത്തോമ്മായുടെ മാനസാന്തരത്തെ ലക്ഷ്യമാക്കി ക്രിസ്തീയസ്നേഹത്തോടുകൂടെ പ്രവർത്തിക്കണമെന്നും എന്നാൽ അദ്ദേഹത്തെ ഏതെങ്കിലും സ്ഥാനത്തിൽ ഉയർത്തുമെന്നോ അദ്ദേഹം പട്ടംകൊടുത്തവരെ പട്ടക്കാരായി കരുതുമെന്നോ ഉള്ള യാതൊരു പ്രത്യാശയും അദ്ദേഹത്തിനു നല്കരുതെന്നും പ്രസ്താവിച്ചിരുന്നു.

(Analeeta O.C.D. 1938 P. 32,33)

റോമിലെ തീരുമാനമറിയുവാൻ പ്രതീക്ഷിച്ചു കൊണ്ടിരുന്ന അഞ്ചാം മാർത്തോമ്മായെ പ്രസ്തുത തീരുമാനമടങ്ങിയ കത്തു നിരാശയിലാഴ്ത്തുകയും തന്നിമിത്തം പുനരൈക്യപരിശ്രമത്തിൽനിന്നും അദ്ദേഹം പിൻവലിയുകയും ചെയ്തു. അങ്ങനെ അഞ്ചാം മാർത്തോമ്മായുടെ പുനരൈക്യപരിശ്രമവും പരാജയത്തിൽ കലാശിക്കയാണുണ്ടായത്.

# അദ്ധ്യായം – 17

# ആറാം മാർത്തോമ്മാ (വലിയ മാർ ദിവന്നാസ്യോസ്) നടത്തിയ അഞ്ചു പുനരൈക്യപരിശ്രമങ്ങൾ

**ക**ത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ കേരളത്തിലെ യാക്കോബായമെത്രാന്മാർ നടത്തിയിട്ടുള്ള പരിശ്രമങ്ങളിൽ ഏതു നിലയിലും പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു ആറാം മാർത്തോമ്മായുടെ പുനരൈക്യപരിശ്രമം. യഥാർത്ഥകൈവയ്പ് ലഭിക്കാതെ മരണമടഞ്ഞ അഞ്ചാം മാർത്തോമ്മാ തന്റെ മരണസമയത്ത് (1765) സ്വന്തം അനന്തരവനു കൈവയ്പ് നല്കി ആറാം മാർത്തോമ്മാ എന്ന പേരിൽ വാഴിക്കയാണുണ്ടായത്. 1765 – 1808 വരെയുള്ള നാല്പത്തിമൂന്നു സുദീർഘ വർഷങ്ങൾ "ഒന്നാം മാർ ദിവന്നാസ്യോസ്" എന്ന പേരിൽ ഇവിടത്തെ യാക്കോബായസഭയെ അദ്ദേഹം ഭരിച്ചുകൊണ്ടിരുന്നു. പരദേശമെത്രാന്മാരായ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നിവരിൽ നിന്നും 1772-ൽ നിരണത്തു പള്ളിയിൽ വെച്ചു മെത്രാഭിഷേകം ലഭിച്ചതു വരെയുള്ള ഏഴു വർഷക്കാലം കൈവയ്പില്ലാത്ത മെത്രാനായിട്ടാണ് അദ്ദേഹം ഭരണം നടത്തിക്കൊണ്ടിരുന്നത്. കണ്ടനാട്ടു പള്ളിയിൽവെച്ച് ഇദ്ദേഹത്തെ സന്ദർശിച്ച ആംഗ്ലേയമിഷ്യനറി ഡോക്ടർ ബുക്കാനാൻ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരമാണ്. "അദ്ദേഹം നാനാപ്രകാരേണയും ബഹുമാനാർഹനും, സൽസ്വഭാവിയും, ദൈവഭക്തനും, പരിശുദ്ധകർമ്മാനുഷ്ഠാനങ്ങളിൽ താല്പര്യമുള്ളവനുമാകുന്നു. ഞാൻ ഇതുവരെ കണ്ടിട്ടുള്ള അദ്ദേഹത്തിന്റെ പട്ടക്കാരെ എല്ലാവ

രെയും നയിക്കത്തക്ക വിധം സാമാന്യവിദ്യാഭ്യാസം അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്.''

(Christian Researches in Asia P. 127)

കത്തോലിക്കാസഭയുമായുള്ള പുനരൈക്യം മുഖേന മാത്രമേ തന്റെ ഭരണത്തിൻകീഴുള്ള പുത്തൻകൂർ ജനതയ്ക്ക് അഭിവൃദ്ധി ഉണ്ടാകയുള്ളു എന്ന ഉത്തമബോദ്ധ്യം നിമിത്തം അതിനുവേണ്ടി അഞ്ചു പ്രാവശ്യം അദ്ദേഹം തുടർച്ചയായി പരിശ്രമിച്ചുകൊണ്ടിരുന്നു. ഇവിടത്തെ പഴയകൂറ്റുകാരെ അന്നു ഭരിച്ചുകൊണ്ടിരുന്ന വിദേശ്യരായ ചില ലത്തീൻ മെത്രാന്മാരുടെ പ്രതികൂലപ്രവർത്തനങ്ങൾ നിമിത്തം റോമിൽ നിന്നും വേണ്ടത്ര ആനുകൂല്യവും അനുവാദവും ലഭിക്കുന്നതിനു സാധിച്ചില്ലെങ്കിലും പരാജയബോധത്താൽ നിരാശനായിത്തീരാതെ വീണ്ടും വീണ്ടും പുനരൈക്യാർത്ഥം പരിശ്രമിച്ചുകൊണ്ടിരിക്കയാണ് അദ്ദേഹം ചെയ്തത്. പ്രസ്തുത പരിശ്രമങ്ങൾ ഓരോന്നായി ചുവടേ ചേർത്തുകൊള്ളുന്നു:

## 1. മെത്രഭാഭിഷേകത്തിനു മുമ്പു റോമിലേക്കയച്ച അപേക്ഷ

1772-ൽ നിരണത്തു വെച്ചു മെത്രാനായി അഭിഷിക്തനാകുന്നതിനു മുമ്പു തന്നെ ആറാം മാർത്തോമ്മാ കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിന് ആഗ്രഹിക്കുന്നുവെന്നും തന്നെ കത്തോലിക്കാസഭയിൽ സ്വീകരിക്കണമെന്നും കാണിച്ചുള്ള അപേക്ഷവരാപ്പുഴമെത്രാപ്പോലീത്താ വഴി റോമിലേക്ക് അയയ്ക്കുകയുണ്ടായി. അതെപ്പറ്റി റോമിലെ കർദ്ദിനാൾസംഘം പര്യാലോചിക്കയും വരാപ്പുഴ മേലദ്ധ്യക്ഷന് 1771 ആഗസ്റ്റ് 31-ാം തീയതി ഉപദേശരൂപേണ ഒരു എഴുത്ത് അയച്ചു കൊടുക്കുകയും ചെയ്തു. പ്രസ്തുത കത്തിൽ മാർത്തോമ്മായ്ക്ക് പ്രോട്ടോനോട്ടറി'' എന്ന മാന്യപദവിയും അദ്ദേഹത്തെ ആശ്രയിച്ച് നില്ക്കുന്നവരുടെ മേൽ ആത്മീയഭരണമൊഴിച്ചുള്ള ലൗകികാധികാരങ്ങളും കൊടുത്ത് അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിന് പ്രസ്തുത സംഘം നിശ്ചയിച്ചിരിക്കുന്നതായി പ്രസ്താവിച്ചു കാണുന്നു.

(The Travancore State Manual II P. 209)

ആറാം മാർത്തോമ്മായ്ക്ക് യഥാർത്ഥകൈവയ്പ് ലഭിച്ചിട്ടില്ലായെന്ന് അന്വേഷണഫലമായി ബോദ്ധ്യപ്പെട്ടതിനാലായിരുന്നു. ''പ്രോട്ടോനോ

ട്ടറി" എന്ന പദവി നല്കാമെന്ന് റോമിൽ നിന്നും സമ്മതിച്ചത്. പൊതുജനദൃഷ്ടിയിൽ മെത്രാനെന്നോണം കഴിഞ്ഞു കൂടുന്ന താൻ കൈവയ്പില്ലാത്ത മെത്രാനാണെന്നു പരസ്യമായാൽ അതു തനിക്ക് അപമാനകരമാണെന്നുള്ള ബോദ്ധ്യം നിമിത്തമാണ് പ്രോട്ടോനോട്ടറി സ്ഥാനം സ്വീകരിക്കുവാൻ മാർത്തോമ്മാ വിസമ്മതം പ്രകടിപ്പിച്ചത്. അപ്രകാരം തന്നെ ആത്മീയഭരണമില്ലാത്ത ലൗകികഭരണം പരാജയത്തിലെ കലാശിക്കയുള്ളു എന്നും അദ്ദേഹത്തിനറിയാമായിരുന്നു. തന്നിമിത്തം അദ്ദേഹത്തിന്റെ പുനരൈക്യം അന്നു നടന്നില്ലെങ്കിലും കത്തോലിക്കാപുനരൈക്യം അദ്ദേഹം ഹൃദയപൂർവ്വം ആഗ്രഹിച്ചിരുന്നുവെന്നു പിന്നീട് അയച്ച അപേക്ഷകൾ തെളിയിക്കുന്നു.

## 2. മെത്രാഭിഷേകാനന്തരം നടത്തിയ പുനരൈക്യപരിശ്രമം

ക്രിസ്താബ്ദം 1772-ൽ മലങ്കരയിൽ ആഗതരായ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ രണ്ടു യാക്കോബായ മെത്രാന്മാരാൽ നിരണത്തു വെച്ച് മെത്രാഭിഷിക്തനായ ശേഷം ആറാം മാർത്തോമ്മാ കത്തോലിക്കാപുനരൈക്യാർത്ഥം റോമിലേക്ക് ഒരു അപേക്ഷ അയയ്ക്കുകയുണ്ടായി. റോമിൽനിന്നും ഇതു സംബന്ധിച്ചു നടത്തിയ അന്വേഷണഫലമായി മാർത്തോമ്മായുടെ ഉദ്ദേശശുദ്ധിയെപ്പറ്റി സംശയിക്കത്തക്ക എഴുത്തുകളാണ് ലഭിച്ചത്. "മാർത്തോമ്മാ വായ്പിളർന്ന ഒട്ടകത്തിനു സദൃശനാണെന്നും അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയെപ്പറ്റി സംശയിക്കുന്നു" വെന്നുമത്രേ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ എഴുതി അയച്ചത്. റോമിൽ നിന്നും പ്രോട്ടോനോട്ടറി സ്ഥാനവും ഭരണീയരുടെ മേൽ ലൗകികാധികാരവും നല്കിയെങ്കിലും അതിനെ നിഷേധിച്ചു വീണ്ടും യാക്കോബായ മെത്രാന്മാരെ ആശ്രയിച്ചതു മൂലം മാർത്തോമ്മായുടെ ഉദ്ദേശശുദ്ധിയെപ്പറ്റി ലത്തീൻ ഭരണാധികാരികൾ സംശയിച്ചതിൽ വിസ്മയത്തിനവകാശമില്ല. എന്നാൽ മെത്രാനടുത്ത സ്ഥാനമോ അധികാരമോ ഇല്ലാതെ കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനെക്കാൾ യഥാർത്ഥകൈവയ്പ് പ്രാപിച്ചശേഷം മെത്രാനായിത്തന്നെ പ്രസ്തുത സഭയോടു പുനരൈക്യം പ്രാപിക്കണമെന്നായിരിക്കാം ആറാം മാർത്തോമ്മാ വിചാരിച്ചത്. കൈവെയ്പ് പ്രാപിച്ചശേഷം കത്തോലിക്കാ പുനരൈക്യാർത്ഥം റോമിലേക്ക് അദ്ദേഹം വീണ്ടും അപേക്ഷ അയച്ചു. ഇതിനു മറുപടിയായി ഒരു കത്തു വരാപ്പുഴ വികാരി അപ്പോസ്തോലിക്കായ്ക്ക് റോമിൽ നിന്നും അയച്ചുകൊടുത്തു.

മാർത്തോമ്മായുടെ കാര്യം യഥാവിധി ആലോചിക്കയും

അദ്ദേഹത്തിന്റെ ജനസഞ്ചയത്തിന്മേൽ ആത്മീയാധികാരമൊഴിച്ചുള്ള ലൗകികാധികാരം അദ്ദേഹത്തിനു കൊടുക്കുന്നതിനും ഉപജീവനമാർഗ്ഗമായി പ്രതിവൽസരം 100 സ്ക്കുദി(Scudi) നാണയം അദ്ദേഹത്തിനു കൊടുക്കുന്നതിനും അധികാരപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു പ്രസ്തുത കത്ത്, മാർത്തോമ്മായെപ്പറ്റി റോമിലുണ്ടായിരുന്ന തെറ്റിദ്ധാരണ പരിപൂർണ്ണമായി നീങ്ങിയിട്ടില്ലായിരുന്നുവെന്നത്രെ പ്രസ്തുത മറുപടിയും തെളിയിക്കുന്നത്. കേരളത്തിലുണ്ടായിരുന്ന വിദേശമിഷ്യനറിമാരുടെ അഭിപ്രായത്തോടും ആഗ്രഹത്തോടും യോജിച്ചിരുന്നതു മൂലം അവരാണ് ഈദൃശകല്പനകൾ അയയ്ക്കത്തക്കവിധം റോമിലെ അധികാരികളെ പ്രോൽസാഹിപ്പിച്ചതെന്ന് അനുമാനിക്കാവുന്നതാണ്. റോമിൽനിന്നും അയച്ച ഈ വ്യവസ്ഥകളും മാർത്തോമ്മായെ തൃപ്തിപ്പെടുത്തുന്നതിനോ കത്തോലിക്കാപുനരൈക്യത്തിൽ പ്രവേശിക്കുന്നതിനോ പ്രേരകമായി തീർന്നില്ല. വിദേശമിഷ്യനറിമാർ മുഖേന ശ്രമിച്ചതു നിമിത്തമാണ് ഇക്കാര്യം സാധിക്കാതെ പോയതെന്നു മാർത്തോമ്മായ്ക്കു ബോധ്യമായി. തൻമൂലം സ്വദേശ്യർ മുഖേന റോമുമായുള്ള പുനരൈക്യത്തിനു പരിശ്രമിക്കുവാനാണു മാർത്തോമ്മാ പിന്നീടു നിശ്ചയിച്ചത്.

## 3. കരിയാറ്റിൽ മല്പാൻ മുഖേന നടത്തിയ പരിശ്രമം

ആലക്കാട്ടു സ്വദേശിയും റോമായിലെ പ്രൊപ്പഗന്താകോളേജിൽ അഭ്യസനം നടത്തി ഉപരിബിരുദം സമ്പാദിച്ച ദേഹവുമായ കരിയാറ്റിൽ ജോസഫ് മല്പാന്റെ പേർക്ക് കത്തോലിക്കാ സഭാപുനരൈക്യം പ്രാപിക്കുവാൻ താൻ ആഗ്രഹിക്കുന്നുവെന്നും അതെപ്പറ്റി ആലോചിക്കുന്നതിനായി വന്നുചേരണമെന്നും കാണിച്ചു കൊണ്ടുള്ള ഒരു കത്ത് ആറാം മാർത്തോമ്മാ കൊടുത്തയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിലെ താല്പര്യമനുസരിച്ചു കരിയാറ്റിൽ മല്പാൻ നിരണത്തേക്കു വരികയും മാർത്തോമ്മാ സ്നേഹപുരസ്സരം അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. ഇരുവരും തമ്മിൽ നടന്നതായ സംഭാഷണം മൂലം കത്തോലിക്കാസഭായുമായി പുനരൈക്യപ്പെടുന്നതിനുള്ള ആഗ്രഹം മാർത്തോമ്മായിൽ പതിന്മടങ്ങു വർദ്ധിച്ചു അതിനുള്ള അനുവാദം റോമാസിംഹാസനത്തിൽ നിന്നും നേരിട്ടു വാങ്ങുന്നതിനായി താൻ റോമിലേക്കു പോകാമെന്നു മല്പാൻ സമ്മതിച്ചു.

അതനുസരിച്ചു കരയാറ്റിൽ മല്പാൻ പാറേമ്മാക്കൽ തോമ്മാക്കത്തനാരൊന്നിച്ച് 1778-ൽ റോമിലേക്കു യാത്രപുറപ്പെട്ടു, സകല വിവര

ങ്ങളും കാണിച്ചുകൊണ്ടുള്ള ഒരപേക്ഷയും റോമിൽ സമർപ്പിക്കുന്നതിനായി മാർത്തോമ്മാ മല്പാൻ മുഖേന കൊടുത്തയച്ചു. പ്രസ്തുത അപേക്ഷയുടെ പഴയ മലയാള വിവർത്തനം താഴെ ചേർക്കുന്നു:

"ലോകത്തിലുള്ള പള്ളികളൊക്കെയുടെയും മാതാവാകുന്നു എന്ന ശുദ്ധ റോമ്മാപള്ളിയുടെ തലവനാകുന്ന മിശിഹായുടെ സ്ഥാനത്തിലിരിക്കുന്ന എത്രയും ശുദ്ധമാക്കപ്പെട്ട ഞങ്ങളുടെ ബാവായും അച്ചനുമായിരിക്കുന്ന (6-ാമത്തെ) മാർ പീയോസു പാപ്പായുടെ തിരുമനസ്സിൽ ബോധിപ്പാൻ എഴുതുന്നത്.

കെൽപ്പിക്ഷയപ്പെട്ട ദിവന്നാസിയൂസ് മെത്രാപ്പോലീത്താ ആയ ഞാൻ മുമ്പിൽ മലയാളത്തിന്റെ തോമ്മാ എപ്പിസ്ക്കോപ്പാ എന്ന പേരും കയ്യേറ്റിരുന്നു. ശുദ്ധ റോമ്മാപ്പള്ളിയുടെ വിശ്വാസത്തിനു പുറമെ കിഴക്കിന്നടുത്ത കൽദായ സുറിയാനിക്കാരുടെയും യാക്കോബായക്കാരുടേയും വിശ്വാസത്തിൽ വിശ്വസിച്ചിരുന്നു. മുമ്പിൽ കൈക്കൊണ്ടിരുന്ന ചെറിയ പട്ടങ്ങളും വലിയ പട്ടങ്ങളും മെത്രാന്റെ സ്ഥാനങ്ങളും പട്ടാങ്ങയുള്ളതല്ലെന്നു ഞാൻ അറികകൊണ്ടും യാക്കോബായക്കാരൻ മെത്രാപ്പോലീത്തായുടെ കൃപയാലെ പട്ടവും മെത്രാന്റെ സ്ഥാനവും രണ്ടാമതു ഞാൻ കയ്യേൽക്കുകയും ചെയ്തു. ഇപ്പോൾ തമ്പുരാന്റെ കടാക്ഷത്താലും ശുദ്ധറോമ്മാപള്ളിയുടെ സഭക്കൂട്ടത്തിന്റെ അപേക്ഷയാലെയും ശുദ്ധ റോമ്മാപള്ളിയുടെ വിശ്വാസമത്രേ പട്ടാങ്ങയുള്ളതാകുന്നെന്നും ഈ വിശ്വാസം കൈക്കൊള്ളുന്നില്ലാ എന്ന ആത്മാവുകൾ ഒക്കെയ്ക്കും രക്ഷയില്ലെന്നും പട്ടാങ്ങയാലെ ഞാൻ അറികകൊണ്ടും കൊടുങ്ങല്ലൂർ രൂപതയുടെയും കൊച്ചീ ഇടവകയുടെയും മേല്പട്ടക്കാരനോടു എന്റെ മനസ്സു ഞാൻ പരസ്യപ്പെടുത്തി അറിയിക്കുകയും ശുദ്ധ റോമ്മാപള്ളിയുടെ വിശ്വാസത്തിൽ എന്നെയും എനിക്കു കീഴ്പ്പെട്ടിരിക്കുന്ന ജനം 50000 പേരോളം ഉള്ളവരെയും ചേർപ്പിക്കണമെന്നും റോമ്മാ വിശ്വസച്ചിരിക്കുന്ന പട്ടക്കാരെയും മാപ്പിളമാരെയും പറഞ്ഞറയിച്ചാറെയും ഈ രൂപതയുടെ യജമാനന്മാരെ എന്റെ അപേക്ഷ കൈക്കൊണ്ടില്ല എന്നു തന്നെയല്ല മെത്രാപ്പോലീത്താ ആയിരിക്കുന്ന ഞാൻ അൽമേനി ആയിരുന്നുംകൊണ്ട് ശുദ്ധ പള്ളിക്കു വഴക്കം ചെയ്യണമെന്നും അവർ പറകയും ചെയ്തു.

ഇതു കേട്ടാറെ ഇടത്തൂട്ടുകാരിൽ ഒരുത്തൻ ശുദ്ധ പള്ളിക്കു വഴക്കം ചെയ്യുവാൻ മനസ്സായാൽ വെളിവോടു കൂടെ അവനെ കൈക്കൊള്ളുവാൻ കാവര്യെ കൂടെയും മിശിഹായുടെ പഠിത്വത്തിൽ

വരുത്തുവാനായിട്ടു അപേക്ഷിച്ച അച്ചസുഖത്തിന്റെ സിംഹാസനത്തിൽ നിന്നും യാത്രയാക്കപ്പെട്ട മേല്പട്ടക്കാരെ എന്തുകൊണ്ടു ഈ വണ്ണം പറഞ്ഞതെന്നു വിചാരിച്ചാറെ എനിക്കു വളരെ ദുഃഖമാകയും ചെയ്തു. വിശേഷിച്ചു ഈ മേല്പട്ടക്കാരുടെയും അവരുടെ പാതിരിമാരുടെ കാരണത്താൽ മലയാളത്തിലുള്ള പട്ടാങ്ങയുള്ള വിശ്വാസക്കാർക്ക് ഏറിയ ഉതപ്പുകളും കുറവുകളും ഉണ്ടാകുകയും ചെയ്യുന്നു. അതെന്തെന്നാൽ ഒരു മേല്പട്ടക്കാരൻ കെട്ടുന്നതു മറ്റേ മേല്പട്ടക്കാരൻ അഴിക്കുന്നു. ഒരു മേല്പട്ടക്കാരൻ അഴിക്കുന്നത് മറ്റൊരു മേല്പ്പട്ടക്കാരൻ കെട്ടുന്നു. അവരുടെ നടപടികളുടെ അവസ്ഥ തമ്പുരാൻ തന്നെ അറിഞ്ഞിരിക്കുന്നു. അങ്ങേ അച്ചസുഖത്തിൽ ഇതൊക്കെയും ബോധിപ്പിപ്പാൻ എനിക്കു വളരെ ശങ്ക തന്നെയാകുന്നു. ഇതു കാരണത്താൽ ഞാനും ശുദ്ധപള്ളിക്കു വഴക്കമുള്ള മലയാളത്തിലുള്ള പട്ടക്കാരും വിശ്വാസക്കാരും കൂടി വിചാരിച്ചു ഞങ്ങളുടെ ആവലാധികളും സങ്കടങ്ങളും ശുദ്ധ സിംഹാസനത്തിങ്കൽ എത്തിക്കേണ്ടതിനു ഉടയതമ്പുരാന്റെ സഹായത്താലെ അങ്ങേ അച്ചസുഖം കൈക്കൊണ്ടിരിക്കുന്ന പത്രോസിനടുത്ത സിംഹാസനത്തിന്റെ മുഷ്ക്കരത്വത്തിൽ നിന്നു കല്പിച്ചുതരുന്ന ഗുണങ്ങളാലെ ഞങ്ങൾക്കു തണുപ്പും രക്ഷയും ഉണ്ടാകേണ്ടിട്ടും ബ. കുരിയാറ്റിൽ യൗസേപ്പു മല്പാനേയും പാറേമ്മാക്കൽ തോമ്മാക്കത്തനാരച്ചനെയും ശുദ്ധസിംഹാസനത്തിൽ യാത്രായാക്കുന്നു. കാവ്യരാജാവിന്റെ ഇടയിൽ കിടക്കുന്ന ഞങ്ങൾ പാവപ്പെട്ടവരും പിച്ചക്കാരും ആകകൊണ്ടു ഞങ്ങൾ പലരും കൂടി ചിലവിന്നെടുത്തു കൊടുത്തത്രെ അങ്ങേ അച്ചസുഖത്തിങ്കൽ ഇവരെ യാത്രയാക്കുന്നത്. ഇതിനെക്കൊണ്ട് കെല്പിക്ഷയപ്പെട്ട മെത്രാപ്പോലീത്താ ആയ ദിവന്നാസിയോസായ ഞാൻ അങ്ങേ ശുദ്ധതയോടു അപേക്ഷിക്കുന്നതെന്തെന്നാൽ അങ്ങേ സിംഹാസനത്തിങ്കൽ യാത്രയാക്കുന്ന പട്ടക്കാരെ അപേക്ഷിക്കുന്ന അപേക്ഷകൾ കൈക്കൊണ്ടു എന്റെ ദോഷങ്ങളും കുറ്റങ്ങളും പോക്കി എന്നെയും എന്റെ കീഴിലുള്ള ജനങ്ങളേയും ശുദ്ധ റോമ്മാപള്ളിയുടെ സഭക്കൂട്ടത്തിൽ കൂട്ടി ഒന്നിപ്പിച്ചു കൊള്ളുകയും വിശേഷിച്ചു ഞങ്ങളുടെ സുറിയാനി പേച്ചുകൾ കുറവുതീർത്തു ഞങ്ങളെ പഠിപ്പിക്കേണ്ടതിന് നല്ലവണ്ണം സുറിയാനി അറിയാവുന്നവരിൽ നാലു മല്പാന്മാരെ ഇവരോടു കൂടി അയയ്ക്കുകയും വേണം. യജമാനന്മാരുടെ കീഴുവഴങ്ങി ചെല്ലുന്ന പട്ടാങ്ങയുള്ള വിശ്വാസക്കാരെ ഒക്കയ്ക്കും രക്ഷയ്ക്കും പരിപാലനത്തിനും ഒരു യജമാനനെ കല്പിക്കയും വേണം. ശേഷം സങ്കടപ്രകാരങ്ങളൊക്കെയും ഞങ്ങളയയ്ക്കുന്ന പട്ടക്കാരെ അങ്ങേ അച്ചസുഖത്തിങ്കൽ ബോധിപ്പിക്കയും ചെയ്യും. അപ്പോഴൊ അച്ചന്മാരെ

അച്ചനും ഇടയന്മാരുടെ ഇടയനും ആയിരിക്കുന്ന ഞങ്ങളുടെ ബാവാ യെ, ഇടയില്ലാത്ത ആടുകളെപ്പോലെയും അച്ചനില്ലാത്ത അടിയാരെ പോലെയും ഞങ്ങളായിരിയ്ക്കകൊണ്ടു ഞങ്ങളുടെമേൽ അനുഗ്രഹിച്ചു ഞങ്ങളപേക്ഷിച്ച സഹായങ്ങളൊക്കെയും ഞങ്ങൾക്കു ചെയ്തുതര ണമെന്നും വീണ്ടും ഞാൻ അപേക്ഷിക്കുന്നു. നന്മ അന്വേഷിച്ചു പുറ പ്പെട്ട തെളിവാലെ ദോഷത്താളരെ തന്റെ ശങ്കകൾ വിളിയ്ക്കുന്നു എന്ന മിശിഹായുടെ പേർക്കോളേളാൻ ആയിരിക്കുന്നു എന്ന ഞങ്ങളുടെ ബാവായെ, മിശിഹാതമ്പുരാന്റെ പങ്കപ്പാടെക്കുറിച്ചും കുരിശുമരണത്തെ ക്കുറിച്ചും മലയാളത്തിലുള്ള ആരുമോരുമില്ലാത ജനങ്ങളായിരിക്ക കൊണ്ട് ഞങ്ങളുടെ അപേക്ഷ കൈകൊണ്ട് ദോഷങ്ങളെപോക്കി ഞങ്ങളെ രക്ഷിയ്ക്കുകയും ചെയ്യണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

1778-ാം കാലം മീനം 10-ാം തീയതി എഴുതി.

(മി. മെക്കൻസിയുടെ Christianity in Travancore എന്ന കൃതി യിലും മി.റ്റി.കെ. വേലുപ്പിള്ള തയ്യാറാക്കിയ The Travncore State Manual എന്ന കൃതിയുടെ രണ്ടാം പതിപ്പിലും ഈ അപേക്ഷയുടെ ഇംഗ്ലീഷ് വിവർത്തനം കാണാവുന്നതാണ്. എഴുത്തിന്റെ പകർപ്പുക ളിലും തർജ്ജിമകളിലും കാണുന്ന നിസ്സാരങ്ങളായ പാഠവ്യത്യാസങ്ങൾ കാര്യസാരത്തെ യാതൊരുവിധത്തിലും സ്പർശിക്കുന്നവയല്ല.)

നിരവധി ബുദ്ധിമുട്ടുകൾ സഹിച്ചും വൈഷമ്യങ്ങൾ തരണം ചെയ്തും മദ്രാസിൽനിന്നും കപ്പൽ കയറി ആഫ്രിക്കാഭൂഖണ്ഡം ചുറ്റി പത്തുമാസംകൊണ്ട് അവർ പോർട്ടുഗലിൽ എത്തി. അവിടത്തെ മഹാ രാജ്ഞിയ്ക്ക് ഒരു അപേക്ഷ സമർപ്പിച്ചു. അനന്തരം 1780 ജനുവരി 3-ാം തീയതി അവർ റോമ്മിൽ എത്തി ആറാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ച് തങ്ങളുടെ യാത്രോദ്ദേശ്യം അറിയിക്കുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത കാര്യത്തെപ്പറ്റി ഒരന്വേഷണം നടത്തി അധികകാലതാ മസമന്യേ തീരുമാനം അറിയിക്കാമെന്നു പരിശുദ്ധപിതാവ് മറുപടി കല്പിക്കുകയും ചെയ്തു. അതനുസരിച്ച് റോമിൽ നിന്നു വേണ്ട അന്വേ ഷണം നടത്തുകയുണ്ടായി. മൂന്നു കാര്യങ്ങളെപ്പറ്റിയായിരുന്നു റോമിൽ നിന്നു നടത്തിയ അന്വേഷണം.

1) ആറാം മാർത്തോമ്മായ്ക്ക് യഥാർത്ഥകൈവെയ്പ് ലഭിച്ചി ട്ടുണ്ടോ? അദ്ദേഹത്തെ മെത്രാനായി വാഴിച്ച മാർ ഗ്രീഗോറിയോസ് സാക്ഷാൽ മെത്രാനാണോ? 2) മാർത്തോമ്മായുടേതായി സമർപ്പിച്ച

അപേക്ഷ അദ്ദേഹം തന്നെ എഴുതിയതാണോ? 3) അപേക്ഷയിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ ഹൃദയപൂർവകമാണോ? അതോ സ്ഥാപിത താല്പര്യമുണ്ടോ?

ഈ മൂന്നു വിഷയങ്ങളെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനു ഗോവാ മെത്രാപ്പലീത്തായ്ക്ക് റോമിൽ നിന്നും എഴുതി അയച്ചു. ഗോവാ മെത്രാപ്പോലീത്താ 1782-ൽ അതിനായി കൊച്ചീമെത്രാനെ ചുമതലപ്പെടുത്തി. അദ്ദേഹം നല്കിയ റിപ്പോർട്ടു ഗോവാ മെത്രാപ്പോലീത്ത പോർട്ടുഗലിലേക്കു അയച്ചു കൊടുത്തു. മാർത്തോമ്മായ്ക്ക് എതിരായ പല ഭാഗങ്ങളും അതിലുണ്ടായിരുന്നുവെങ്കിലും കാനോൻ വിദഗ്ദ്ധന്മാരുടെ പരിശോധനയിൽ മാർത്തോമ്മായെ കത്തോലിക്കാ സഭയിൽ മെത്രാനടുത്ത അധികാരത്തോടു കൂടെ സ്വീകരിക്കേണ്ടതാണെന്നു തീരുമാനിച്ചു. പോർട്ടുഗീസ് ഗവർമ്മെന്റു അനുകൂലമായി റിപ്പോർട്ടു ചെയ്യുകയാൽ മാർത്തോമ്മായെ കത്തോലിക്കാഐക്യത്തിനു സ്വീകരിക്കുന്നതിനുള്ള അധികാരങ്ങളെല്ലാം കാരിയാറ്റിൽ മെത്രാപ്പോലീത്തായ്ക്കു റോമാസിംഹാസനം നല്കുകയും ചെയ്തു. 1785-ൽ പോർട്ടുഗലിൽ നിന്നും അദ്ദേഹം ഇൻഡ്യയിലേക്കു യാത്രതിരിച്ചു. 1786 മെയ് 1-ാം തീയതി ഗോവായിൽ എത്തിച്ചേർന്നു. പക്ഷെ, അവിടെ താമസിച്ചുകൊണ്ടിരിക്കവേ 1786 സെപ്തംബർ 9-ാം തീയതി അദ്ദേഹം അകാലനിര്യാണം പ്രാപിക്കുകയാണുണ്ടായത്. അങ്ങനെ നിർഭാഗ്യവശാൽ ആറാം മാർത്തോമ്മായുടെ മൂന്നാമത്തെ പരിശ്രമവും അവസാനഘട്ടത്തിൽ പരാജയമടയുകയുണ്ടായി.

## 4 തച്ചിൽ മാത്തുത്തരകന്റെ പ്രേരണയാൽ നടത്തിയ പരിശ്രമം

കാരിയാറ്റിൽ മെത്രാപ്പോലീത്താ ഗോവായിൽ വെച്ച് അകാലനിര്യാണം പ്രാപിച്ചില്ലായിരുന്നുവെങ്കിൽ അദ്ദേഹം മാർ ദിവന്നാസ്യോസിനെയും അനുയായികളെയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുമായിരുന്നു. എങ്കിലും നിരാശനാകാതെ പുനരൈക്യപരിശ്രമം വീണ്ടും മാർ ദിവന്നാസ്യോസ് തുടർന്നു കൊണ്ടിരുന്നു. അന്നത്തേ കേരളീയ കത്തോലിക്കരുടെ ഒരനിഷേദ്ധ്യനേതാവും വമ്പിച്ച ധനാഢ്യനുമായിരുന്ന തച്ചിൽ മാത്തുത്തരകനായിരുന്നു ഈ സംരഭത്തിന്റെ സൂത്രധാരിത്വം വഹിച്ചത്. 1796 സെപ്തംബർ 19-ാം തീയതി കൊല്ലത്തുവെച്ച് കൊച്ചീരൂപതാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടി, ആറാം മാർത്തോമ്മാ പാറേമ്മാക്കൽ തോമ്മാക്കത്തനാർ എന്നിവരെല്ലാം അതിൽ സംബന്ധിക്കുകയും മാർത്തോമ്മായുടെ പുനരൈക്യ

ത്തെപ്പറ്റിയുള്ള ആലോചനകൾ നടത്തുകയും ചെയ്തു. 18 വർഷങ്ങൾക്കുമുമ്പ് (1778-ൽ) മാർത്തോമ്മായെ മെത്രാനായി സ്വീകരിക്കുന്നതിനു മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അനുമതി നല്കിയിരുന്നുവെന്നും അതനുസരിച്ച് മാർത്തോമ്മായെ മെത്രാനായിത്തന്നെ കത്തോലിക്കാസഭയിലേയ്ക്ക് സ്വീകരിക്കണമെന്നുമായിരുന്നു സുറിയാനിക്കാരുടെ അപേക്ഷ. മാർത്തോമ്മായെ കത്തോലിക്കാസഭയിൽ സ്വീകരിക്കുന്നപക്ഷം അദ്ദേഹം പഴയകൂർ സുറിയാനിക്കാരുടെയും മെത്രാനായിത്തീർന്നേക്കുമെന്നുള്ള ഭയം നിമിത്തം ഇപ്രാവശ്യവും കൊച്ചീമെത്രാൻ പുനരൈക്യാപേക്ഷ ഉപേക്ഷിക്കുകയാണു ചെയ്തത്. ഭരണമില്ലാത്ത ഒരു മെത്രാനായിരിക്കുവാൻ മാർത്തോമ്മാ വൈമനസ്യം പ്രകടിപ്പിച്ചതായിരുന്നു ഇതിനുണ്ടായ കാരണം. അങ്ങനെ നാലാമത്തെ പുനരൈക്യപരിശ്രമവും പരാജയത്തിൽ കലാശിച്ചു.

## 5. വിജയവും പരാജയവുമടഞ്ഞ അവസാനപരിശ്രമം

പുത്തൻകൂർസുറിയാനിക്കാരുടെ കത്തോലിക്കാപുനരൈക്യം എങ്ങിനെയെങ്കിലും സുസാദ്ധ്യമാക്കിത്തീർക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടെ ആറാം മാർത്തോമ്മാ വീണ്ടും പരിശ്രമം നടത്തി. പഴയകൂറ്റുകാരുടെ ഭാഗത്തുനിന്നും തച്ചിൽ മാത്തുത്തരകനും ഇതിൽ മുൻകൈ എടുത്തു പ്രവർത്തിക്കുവാൻ സന്നദ്ധനായി. ഉദയമ്പേരൂർ സുന്നഹദോസു നിശ്ചയങ്ങൾ സമ്മതിക്കാതിരുന്നതു നിമിത്തമാണ് തന്നെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിനു കൊച്ചീമെത്രാൻ വൈമുഖ്യം പ്രകടിപ്പിച്ചതെന്നു മാർത്തോമ്മായ്ക്കു സംശയമുണ്ടായതിനാൽ പ്രസ്തുത നിയമങ്ങൾ അംഗീകരിച്ചിരിക്കുന്നുവെന്നു പടിയോലയിൽ അദ്ദേഹം എഴുതി ഒപ്പിട്ടു കൊടുക്കുകയാണുണ്ടായത്.

“മാർ ദിവന്നാസിയൂസും കീഴുള്ള പള്ളിക്കാരും മാർപ്പാപ്പായുടെ കീഴിൽ നില്ക്കുന്ന കൽദായ പാത്രിയർക്കീസിനാൽ നിയുക്തനായ അബ്രഹാം മെത്രാനും, കൊടുങ്ങല്ലൂർ ഭരണാധികാരിയും, കീഴിലുള്ള പള്ളിക്കാരും പാത്രിയർക്കീസിന്റെ പ്രതിപുരുഷനായ ഉറുമീസ് കശീശായും കൂടി ദൈവകൃപയാലും വിശുദ്ധ റോമ്മാസഭയുടെ കല്പനയാലും ആലോചിച്ചു തീരുമാനിക്കുന്നത് എന്നു പ്രസ്താവിച്ചുകൊണ്ടാണ് പ്രസ്തുത പടിയോല ആരംഭിക്കുന്നത്.

“......നമ്മുടെ കാരണവന്മാരായിട്ടു ശുദ്ധമാർപ്പാപ്പായെ കീഴുവഴങ്ങി ഈശോമിശിഹായുടെ 1590-ാം കാലത്തോളവും റോമ്മാപള്ളിയ്ക്കു വഴക്കമുള്ള കാൽദായ സുറിയാനിക്കാരുടെ ക്രമംപോലെ നാം എല്ലാവരും

അനുസരിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ നിന്നു റോമ്മാവ ഴക്കമുള്ള മേല്പട്ടക്കാരു മലയാളത്തിൽ വരാഴ്ക കൊണ്ടും നമ്മുടെ മേല്പ്പട്ടക്കാർ ഇല്ലാതിരിക്കുമ്പോൾ ഗോവായുടെ മാർ അല്ലേസോസ് മെത്രാപ്പോലീത്താ മാർപ്പാപ്പായുടെ കല്പനയാലെ മലങ്കര വന്നു ഉദ യമ്പേരൂർ സൂന്നഹദോസ് കൂട്ടി കല്പിച്ചിരിക്കുന്ന പ്രകാരം 1652-ാം കാലത്തോളം നാം എല്ലാവരും എകോൽഭവിച്ചു നടന്നു വരുമ്പോൾ സുറിയാനിക്കാരിൽ ഒരു മേല്പട്ടക്കാരൻ വന്നാറെ സമ്പുളുക്കാർ അന്നു കൊച്ചികോട്ടയിൽ പ്രമാണമായിരിക്കുന്ന പറങ്കികളെ സ്വാധീനമാക്കി അപായം വരുത്തുകകൊണ്ടു മലങ്കര ഇടവകക്കാരെ എല്ലാവരും മട്ടാ ഞ്ചേരി പള്ളിയിൽ കൂടി സമ്പൂളുക്കാരെ ജാതീയ യജമാനന്മാരായിട്ടു കൈകൊള്ളുകയില്ലെന്നു സത്യവും ചെയ്തു. ഉടനെ ആലങ്ങാട്ടു പള്ളി യിൽ വച്ചു മേല്പട്ടക്കാരനു കൂടാതെ യോഗമായിട്ടു തോമ്മാ അർക്ക ദിയാക്കോനെ മെത്രാനായിട്ടു വാഴിച്ചതിന്റെ ശേഷം ഓരോ കർമ്മങ്ങൾ കൊണ്ടു വിവാദിച്ചു രണ്ടു തലസ്ഥാനമായിട്ടും രണ്ടു ക്രമമായിട്ടും നടന്നു വരുമ്പോൾ മുമ്പെ നമ്മുടെ കാരണവന്മാർ ഏകോൽഭവിച്ചു നടന്നു വന്നതിന്മണ്ണം ശുദ്ധ മാർപ്പാപ്പായെ കീഴ്‌വഴങ്ങി ഉദയമ്പേരൂർ സുനഹദോസിൽ കല്പിച്ചതിന്മണ്ണം കുർബാനയും നമസ്ക്കാരവും നോമ്പും ശേഷം കാര്യങ്ങളും ക്രമങ്ങളും നാം രണ്ടുകൂറ്റുമ്പുറത്തുള്ള വരും ഒന്നായിട്ട് അനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണവും, ശുദ്ധ മാർപ്പാപ്പായുടെ തിരുമനസ്സറിയിച്ചു അനുവാദം നടത്തിക്കൊണ്ടു ശുദ്ധ റോമ്മാപള്ളിയ്ക്കു വഴക്കമുള്ള കൽദായ സുറിയാനിക്രമം പോലെ എല്ലാ കാര്യങ്ങളും നടന്നുകൊള്ളത്തക്കവണ്ണവും, ഇപ്പോൾ യാക്കോ ബായക്കാരുടെ വിശ്വാസവും ക്രമവും എടുത്തു നടന്നു വരുന്നത് ഉപേ ക്ഷിച്ച് ഉർബാനോസ് എന്ന 8-ാമത്തെ മാർപ്പാപ്പായുടെ കാലത്തിൽ കിഴക്കിന്നടുത്ത പള്ളിക്കാർക്കു കല്പ്പിച്ചിരിക്കുന്ന വിശ്വാസസത്യത്തിനു തക്കവണ്ണം അനുസരിച്ചു സത്യവും ചെയ്തു മാർപ്പാപ്പായുടെ കൽപ്പന പോലെ വഴങ്ങി നടന്നുകൊള്ളുമാറു സമ്മതിച്ചു മിശിഹാ പിറന്നിട്ടു 1799-ാം കാലം പഴയ കണക്കിൽ ഇടവമാസം 20-ാനു ആലപ്പുഴ മാർസ്ലീ ബാപള്ളിയിൽവെച്ചു ബാബായുടേയും പുത്രന്റേയും റൂഹാക്കുദ്ശായു ടേയും നാമത്താലെ രണ്ടുകൂറ്റും പുറത്തുള്ള പള്ളിക്കാരും കൂടി സത്യ മായിട്ടു എഴുതിവെച്ച പടിയോല.''

(മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം, പുറം 200)

അങ്ങനെ ആലപ്പുഴയുള്ള തത്തംപള്ളി മാർ മീഖായേൽ ദൈവാ ലയത്തിൽ വെച്ച് 1799 ജൂൺ 22-ാം തീയതി മാർത്തോമ്മായും അനു യായികളും കത്തോലിക്കാസഭയുമായി പുനരൈക്യംപ്രാപിച്ചു. അന

ന്തരം ആറുമാസത്തോളം അവിടെ താമസിച്ച് അദ്ദേഹം വി. കുർബാന അർപ്പിച്ചു. പക്ഷെ, മാർത്തോമ്മായ്ക്കു ഭരണാധികാരം നല്കാമെന്നു കൊച്ചീമെത്രാൻ നല്കിയിരുന്ന വാഗ്ദത്തമനുസരിച്ചു പ്രവർത്തിക്കാതിരുന്നതിൽ നിരശനായിത്തീർന്ന മാർത്തോമ്മാ ഉടമ്പടിയിൽ സമ്മതിച്ചിരുന്നതുപോലെ തിരുവിതാംകൂർ സർക്കാർ നിശ്ചയിച്ച പിഴകെട്ടിവെച്ചശേഷം പുത്തൻകൂറ്റിലേയ്ക്കു തിരിച്ചു പോകുകയാണു ചെയ്തത്. അതിനു ശേഷം പുത്തൻകാവിൽ എത്തി അവിടെ താമസിച്ച് 1808 -ൽ നിര്യാണമടഞ്ഞു. അങ്ങനെ കത്തോലിക്കാപുനരൈക്യത്തിനു വേണ്ടി ആജീവനാന്തം വീണ്ടും വീണ്ടും പരിശ്രമിച്ചുകൊണ്ടിരുന്ന ആറാം മാർത്തോമ്മായുടെ അവസാനപരിശ്രമം വിജയപ്രാപ്തിയിൽ എത്തിച്ചേർന്നുവെങ്കിലും പുത്തൻകൂർ ജനതയുടെ നിർഭാഗ്യം നിമിത്തം അവസാനം അതും പരാജയമടയുകയാണുണ്ടായത്.

*　　　*　　　*　　　*

## സുസ്പഷ്ടങ്ങളായ തെളിവുകൾ

ആലപ്പുഴ തത്തംപള്ളിയിൽ വെച്ചു ആറാം മാർത്തോമ്മാ കത്തോലിക്കാ പുനരൈക്യം പ്രാപിച്ചതിനെപ്പറ്റി മലങ്കരയുള്ള സ്തുതി ചൊവ്വാകപ്പെട്ട സുറിയാനിക്രിസ്ത്യാനിക്കാരുടെ സഭാചരിത്രം" എന്ന ഗ്രന്ഥത്തിൽ തൽകർത്താവും ഒരു യാക്കോബായ ചരിത്രകാരനുമായ മി. ഇട്ടൂപ്പു റൈട്ടർ എഴുതിയിരിക്കുന്നതു ഇപ്രകാരമാണു:-

"പുത്തൻകൂർ സുറിയാനിക്കാരെയും റൊമ്മാവഴക്കത്തിലെക്കു ചേർക്കണ്ണെന്നു വച്ചു മാത്തുത്തരകൻ ഏറിയ നാളായി ഉദ്യോഗിച്ചത നടക്കാഴികയാൽ മേല്പ്രകാരം മുതലും പിടിച്ചു പറിപ്പാൻ ഉത്സാഹിച്ചതിലും പുത്തൻകൂർ സുറിയാനിക്കാര അനുസരിക്കാതെ നിന്നിരുന്നതിനാൽ ഒടുവിൽ സർക്കാർ മുഖാന്തിരം ഉത്തരവയച്ചു മെത്രാപ്പോലീത്തായെ ആലപ്പുഴക്ക് വരുത്തി തത്തംപള്ളി പള്ളിയിൽ താമസിപ്പിച്ചുകൊണ്ടു സുറിയാനിക്കാരിൽ പ്രമാണപ്പെട്ട കത്തങ്ങളെയും അയമെനികളെയും ഉത്തരവിൻപ്രകാരം അരീക്കാര ചെന്നുകൊണ്ടുവന്നു അവിടെ വച്ചു അമ്മീറാവച്ചു പത്തീറാ എടുപ്പിച്ചു സുറിയാനിക്കാരെക്കൊണ്ട കുറുബാന ചൊല്ലിക്കുന്നതിനും അവരിൽ മുമ്പിനാലെ നടപ്പായി ആചരിച്ചുവരുന്ന ബുധനാഴ്ചനൊമ്പിൽ അവരെ ഇറച്ചി തീറ്റിച്ചനൊമ്പു ലംഘിപ്പിക്കുന്നതിനും കല്പിച്ചുകൂട്ടിയും കൊണ്ട ബുധനാഴ്ചദിവസിതന്നെ വല്യ സദ്ധ്യയ്ക്കു വട്ടം കൂട്ടിയതിൽ മനസ്സിലാ മനസ്സോടെ

ചെന്നവരിൽ ചിലർ സദ്യയിൽ കൂടി. എന്നാൽ മെത്രാപ്പോലീത്തായ്ക്കു തന്നെയും മാത്തുത്തരകന്റെ ഉപദ്രവത്തെയും മറ്റും ചില ആന്ത്രങ്ങളെപറ്റിയും റൊമ്മായ്ക്കു കീഴ്വഴങ്ങിക്കൊള്ളാമെന്ന ഒരു ചെറു മനസ്സുണ്ടായിരുന്നു. ജനസമ്മതം വരായ്കയാൽ ഖണ്ഡിച്ച ഒന്നും പ്രവൃത്തിപ്പാൻ പാടില്ലായിരുന്നു. തരകന്റെ നിർബന്ധത്താൽ എന്നു ഭാവം നടിച്ചുകൊണ്ട "അമ്മീറാവച്ച പത്തീറാ എടുത്തു കുറുബാന ചൊല്ലട്ടെ" എന്നു പള്ളിയുടെ മദുബഹായിൽ നിന്നുകൊണ്ട ദുഃഖത്തോടെ കൂട്ടരോടു വിളിച്ചു ചോദിച്ചുകൊണ്ട തുടങ്ങുമ്പോഴെക്ക അന്നത്തെ പ്രമാണക്കാരായ കൊട്ടയത്തു താടിക്കാരൻ എടവഴിക്കൽ കുഞ്ചെറിയാൻ കിഴക്കെറ്റത്തു കൊച്ചുപൊത്തൻ വെട്ടിക്കുന്നൻ വെങ്കടത്ത ആലക്കസന്ത്രയൊസ കത്തനാരു മുതൽപെരുടെഭാഗം സുറിയാനിക്കാരിൽ മിക്ക കത്തങ്ങളും മൂപ്പന്മാരും ജനങ്ങളും ഒത്തുനില്ക്കയാൽ അങ്ങുതന്നെ കഴിച്ചുകൊണ്ടാട്ടെ ഞങ്ങൾ ഇതാ പോകുന്നു എന്ന പറഞ്ഞുംവെച്ച ചിലർ ഉടൻ വള്ളം കയറി അതുവഴി നിരണത്തു ചെന്ന ആ വസ്തുത അറിയിച്ച നമുക്കു ഇനി വെറൊരു മെത്രാനെ നിശ്ചയിക്കണമെന്നു അവിടെ കൂട്ടരുമായി ആലോചിച്ചു.

(സുറിയാനി ക്രിസ്ത്യാനിക്കാരുടെ സഭാചരിത്രം പുറം 143-144)

മാത്തുത്തരകന്റെ സാമ്പത്തികാധഃപതനക്കാലത്തു മെത്രാപ്പോലീത്താ ആലപ്പുഴയിൽ നിന്നും നിരണത്തു മടങ്ങിവന്നുവെന്നും തത്തംപള്ളിൽവെച്ച് പത്തീറാ എടുത്തു കുർബാന ചൊല്ലിയതിനു പ്രായശ്ചിത്തം നിർവ്വഹിച്ചു യാക്കോബായസഭയിൽ തിരികെ ചേർന്നു ഭരണം തുടർന്നുവെന്നുമാണ് ഇട്ടൂപ്പുറൈട്ടർ പിന്നീടു പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ മെത്രാപ്പോലീത്താ കത്തോലിക്കാസഭയെ ആശ്ലേഷിച്ച ചരിത്രസത്യം തുറന്നു പ്രസ്താവിക്കുവാൻ ഇട്ടൂപ്പുറൈട്ടർ ഇവിടെ വൈമനസ്യം പ്രകടിപ്പിക്കുന്നതായി കാണുന്നു. എങ്കിലും യാക്കോബായസഭയിലെ ഏതാനും പ്രമുഖന്മാർ തങ്ങളുടെ മെത്രാപ്പോലീത്തായെ തത്തംപള്ളിൽ ഉപേക്ഷിച്ചശേഷം നിരണത്തേയ്ക്കു മടങ്ങിയെന്നും, മാർ ദിവന്നാസ്യോസ് പത്തീറാ വെച്ചു കുർബാന ചൊല്ലി*യെന്നും സമു

*പത്തീറാ (പുളിപ്പില്ലാത്ത അപ്പം) ആണ് കല്ദായ സുറിയാനി റീത്തുകാരും ലത്തീൻ റീത്തുകാരും വി. കുർബാനയ്ക്കു ഉപയോഗിക്കുന്നത്. എന്നാൽ അന്ത്യോഖ്യൻ സുറിയാനിക്കാർ അമ്മീറാ (പുളിപ്പുള്ള അപ്പം) ആണ് ഉപയോഗിക്കുന്നത്. കത്തോലിക്കാസഭയെ ആശ്ലേഷിക്കാതെ യാക്കോബായ സഭയിലെ ഒരു വൈദികനെയോ മെത്രാനെയോ കത്തോലിക്കാ ദേവാലയത്തിൽ വി. കുർബാന അർപ്പിക്കുന്നതിന് അധികാരികൾ അനുവദിക്കുന്നതല്ല (ഗ്രന്ഥകർത്താ)

ദായപ്രമുഖന്മാർ നിരണത്തുകൂടി വേറൊരു മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കുവാൻ ആലോചിച്ചുവെന്നും മി. ഇട്ടൂപ്പുറൈറ്റർ പ്രസ്താവിച്ചിരിക്കുന്നതിൽ അന്തർല്ലീനമായിരിക്കുന്ന പരമാർത്ഥം മാർ ദിവന്നാസ്യോസ് കത്തോലിക്കാപുനരൈക്യം പ്രാപിച്ചു എന്നുള്ളതത്രേ.

യാക്കോബായസഭയിലെ വേറൊരു ചരിത്രകാരനായ ഇടവഴിക്കൽ മി. ഇ.എം. പീലിപ്പോസ് "മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ" എന്ന ഗ്രന്ഥത്തിൽ മാർ ദിവന്നാസ്യോസ് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട സത്യം തുറന്നു സമ്മതിച്ചുകൊണ്ട് എഴുതിയിരിക്കുന്ന ഭാഗം ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:-

"ഇതു കഴിഞ്ഞ് അധികതാമസം കൂടാതെ മാത്തുതരകൻ തന്റെ ഉദ്ദേശത്തെ പുനഃജ്ജീവിപ്പിക്കുകയും കായംകുളത്തു വീണ്ടും ഒരു യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. പതിനഞ്ചു ദിവസത്തേക്കു കഠിനമായ വാദപ്രതിവാദങ്ങൾ നടന്നുവെങ്കിലും യാതൊരു തീരമാനവും ഉണ്ടായിട്ടില്ല. യോജിപ്പിനു സമാധാനപരമായ യാതൊരു മാർഗ്ഗവുമില്ലെന്നു കണ്ടപ്പോൾ തരകൻ തിരുവിതാംകൂർ മഹാരാജാവിന്റെ സഹായത്തെ അഭ്യർത്ഥിച്ചു. അടുത്തകാലത്ത് ഔദ്യോഗികവീഴ്ചകൾക്കായി പിരിച്ചുവിടപ്പെട്ട ഒരു ദിവാന്റെ സ്വത്തുക്കൾ അപഹരിച്ചുവെന്നുള്ള കാരണത്തിന്മേൽ രാജാവ് മെത്രാപ്പോലീത്തായ്ക്ക് ഇരുപത്തയ്യായിരം രൂപാ പിഴ കല്പിച്ചു. നിരണത്തെയും ചെങ്ങന്നൂരെയും പള്ളികളും അവയുടെ വസ്തുക്കളും മെത്രാപ്പോലീത്തായുടെ അംശവടി, സ്ലീബാ പൂജാപാത്രങ്ങൾ മുതലായ സ്വത്തുക്കളും കണ്ടുകെട്ടി. അയ്യായിരം രൂപയോളം വസൂലാക്കി വേറൊരു അയ്യായിരം രൂപാ മെത്രാപ്പോലീത്താ ഒടുക്കി. ബാക്കിസംഖ്യ പല പള്ളികളിൽനിന്നും പിരിച്ചു പിഴ ഒടുക്കി. സുറിയാനിസമുദായം റോമ്മാ അധികാരം സ്വീകരിച്ച് ഉടമ്പടി കൊടുക്കുന്നതായാൽ മുഴുവൻ പിഴയും മോചിച്ചു കൊടുക്കാമെന്ന് പ്രസ്തുത ബഹളക്കാലത്തു തരകൻ മെത്രാപ്പോലീത്തായെ അറിയിച്ചു. എന്നാൽ പൂർവ്വികന്മാരുടെ വിശ്വാസം വില്ക്കുന്നതിനേക്കാൾ സ്വത്തുക്കൾ നഷ്ടപ്പെടുന്നതു സ്വീകാര്യമെന്ന് അവർ നിശ്ചയിച്ചു. തന്ത്രപ്രയോഗങ്ങളും ധനനഷ്ഠവും തന്റെ ഉദ്ദേശത്തിനു സുറിയാനിക്കാരെ അനുകൂലികളാക്കുന്നതിന് അപര്യാപ്തങ്ങളാണെന്നു ബോദ്ധ്യപ്പെട്ടപ്പോൾ തരകൻ മെനസീസിന്റെ മാർഗ്ഗങ്ങളെ സ്വീകരിച്ചു. തരകൻ ആയുധപാണികളായ പടയാളികളോടു കൂടിവന്നു മെത്രാപ്പോലീത്തായെയും സുറിയാനിസമുദായപ്രധാനന്മാരിൽ പലരെയും ബന്ധനസ്ഥരാക്കി ആലപ്പുഴയ്ക്കു

കൊണ്ടുപോയി. അവിടെ തുടർച്ചയായി പല ദിവസം പട്ടിണി കിടന്നു വലഞ്ഞപ്പോൾ മെത്രാൻ ഒരു ഉടമ്പടിക്ക് ഒപ്പുവെയ്ക്കാൻ നിർബന്ധി തനായിത്തീർന്നു. തന്മൂലം എട്ടാം അർബൻ പാപ്പാ പൗരസ്ത്യർക്കായി നിശ്ചയിച്ചിരുന്ന വിശ്വാസതത്വങ്ങളെയും പാപ്പായുടെ മേലധികാര ത്തെയും "ഉദയമ്പേരൂർ സുന്നഹദോസു നിശ്ചയങ്ങളനുസരിച്ചുള്ള കുർബാന, നമസ്കാരം, നോമ്പു മുതലായ കർമ്മങ്ങ"ളെയും മെത്രാ പ്പോലീത്താ സ്വീകരിക്കേണ്ടതായി വന്നു, തദനുസാരം അദ്ദേഹം 1799 ഇടവം 30-ാം തീയതി തത്തംപള്ളി റോമ്മാപ്പള്ളിയിൽ കുർബാന അനു ഷ്ഠിച്ചു."

(മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ. പുറം. 188-190)

മാർ ദിവന്നാസ്യോസിന്റെ കത്തോലിക്കാപുനരൈക്യം ചരിത്രസം ഭവമാണെന്നുള്ള വാസ്തവം മി. പീലിപ്പോസ് തന്റെ ഗ്രന്ഥത്തിൽ സമ്മ തിച്ചിരിക്കുന്നു. എങ്കിലും, മാത്തുത്തരകൻ അദ്ദേഹത്തെ ബന്ധനസ്ഥ നാക്കിക്കൊണ്ടു പോയെന്നും, പട്ടിണിക്കിട്ടു വിഷമിപ്പിച്ചാണ് വിശ്വാ സപ്രതിജ്ഞ നടത്തി-കത്തോലിക്കാസഭയിലേക്കു ചേർത്തതെന്നും മറ്റു മുള്ള പ്രസ്താവന മാർ ദിവന്നാസ്യോസിന്റെ പുനരൈക്യകാരണങ്ങ ളെപ്പറ്റി തെറ്റിദ്ധരിക്കുന്നതിനു വായനക്കാർക്കു ഇടനല്കുകയാണ് ചെയ്യുന്നത്. ആകയാൽ അതിന്റെ വാസ്തവസ്ഥിതി തെളിയിക്കുന്ന തിന് വേണ്ടി ഏതാനും സംഗതികൾ ഇവിടെ പ്രതിപാദിക്കേണ്ടിയിരി ക്കുന്നു.

1-മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ഇതിനകം നാലു പ്രാവശ്യം കത്തോലിക്കാസഭയോടു പുനരൈക്യം പ്രാപിക്കുന്നതിനായി പരിശ്രമിച്ചിട്ടുണ്ടെന്നുള്ള വാസ്തവം ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു നിന്നും വായനക്കാർ ഗ്രഹിച്ചിരിക്കുമെന്നു വിശ്വസിക്കു ന്നു. അതിനു വേണ്ടി അദ്ദേഹം നിരവധി എഴുത്തുകുത്തുകൾ നടത്തു കയും അവസാനം സുദീർഘമായ ഒരപേക്ഷ മാർപ്പാപ്പാ തിരുമേനിക്ക് കൊടുത്തയയ്ക്കുകയും ചെയ്തുവെന്നു തെളിവുസഹിതം മേൽപ്രതി പാദിച്ചിട്ടുണ്ടല്ലോ. ഏവംവിധം കത്തോലിക്കാപുനരൈക്യത്തിനുവേണ്ടി അതിയായി ആഗ്രഹിക്കുകയും അക്ഷീണം പരിശ്രമിക്കുകയും ചെയ്തു കൊണ്ടിരുന്ന അദ്ദേഹത്തെ ബലപ്രയോഗം നടത്തിയോ പട്ടിണിക്കിട്ടു വിഷമിപ്പിച്ചോ കത്തോലിക്കാസഭയിലേക്ക് ചേർക്കേണ്ട ആവശ്യം മാത്തുത്തരകനെന്നല്ല, മറ്റാർക്കും തന്നെയില്ലായിരുന്നു, മനസ്സുള്ളവ നിൽ നിർബന്ധം ചെലുത്തേണ്ട യാതൊരാവശ്യമില്ലല്ലോ.

2-പുത്തൻകൂർജനതയുടെ ഏകമെത്രാപ്പോലീത്താ ആയിരുന്ന മാർ ദിവന്നാസ്യോസിനെ യാക്കോബ്യരുടെ കേന്ദ്രമായ നിരണത്തു നിന്നും ബന്ധനസ്ഥനാക്കി ആലപ്പുഴയ്ക്കു കൊണ്ടുപോയെന്നും അവിടെ അദ്ദേഹത്തെ പട്ടിണിക്കിട്ടു വിഷമിപ്പിച്ചു കത്തോലിക്കാസഭയിൽ ചേർത്തുവെന്നുമാണല്ലോ മി. പീലിപ്പോസ് തന്റെ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. തങ്ങളുടെ മെത്രാപ്പോലീത്തായെ ബന്ധനസ്ഥനാക്കിയാണു നിരണത്തുനിന്നും കൊണ്ടുപോയതെങ്കിൽ അവിടെയും പരിസരത്തുമുള്ള യാക്കോബായ ജനങ്ങൾ മൗനപൂർവ്വം അതു കണ്ടുകൊണ്ടിരിക്കയും, യാതൊരു പ്രതിഷേധപ്രകടനവും നടത്താതിരിക്കുകയും ചെയ്തുവെന്നു എങ്ങനെ വിശ്വസിക്കുവാൻ സാധിക്കും? അപ്രകാരം തന്നെ അനേകദിവസങ്ങൾ മെത്രാപ്പോലീത്തായെ തത്തംപള്ളിൽ പട്ടിക്കിട്ട് വിഷമിപ്പിച്ചിട്ടും അവിടെ നിന്നും രക്ഷപ്പെടുത്തി അദ്ദേഹത്തിന്റെ ജീവനെയെങ്കിലും രക്ഷിക്കുന്നതിനു യാതൊരു പരിശ്രമവും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലുണ്ടായിരുന്ന ജനങ്ങൾ നടത്തിയില്ലെന്നോ? എവിടെ നിന്നോ വന്നെത്തിയ ഒരു അഹത്തുള്ളാമെത്രാനെ പോർട്ടുഗീസുകാർ കടലിൽ മുക്കിക്കൊന്നുവെന്ന കിംവദന്തി വിശ്വസിച്ചു പ്രതിഷേധപ്രകടനം നടത്തുകയും, "സന്തതിയുള്ള കാലത്തോളം പറങ്കികൾക്കു കീഴ്വഴങ്ങുകയില്ല" എന്നു കൂനൻകുരിശിൽ വെച്ചു സത്യം ചെയ്യുകയും, ഒരു കാലത്തും നീതീകരിക്കുവാൻ പാടില്ലാത്ത പ്രമാദങ്ങളിൽ അകപ്പെടുകയും ചെയ്ത ഇരുപത്തയ്യായിരത്തോളം നസ്രാണിവീരന്മാരുടെ സന്താനപരമ്പരയിൽപ്പെട്ട ജനതതിയിൽ ഒരു വിഭാഗം തങ്ങളെ ഭരിച്ചിരുന്ന ഏക മെത്രാപ്പോലീത്തായെ കത്തോലിക്കാസഭയിൽ ചേർക്കുന്നതിനായി ബന്ധനസ്ഥനാക്കുകയും, ഭീഷണിപ്പെടുത്തുകയും, ഉപദ്രവിക്കുകയും, പട്ടിണിക്കിടുകയും ചെയ്തിട്ടു കൃതഘ്നരായി, നിഷ്ക്രിയരായി, മൗനാവലംബികളായി വർത്തിച്ചുവെന്നോ? ഏതാദൃശചോദ്യങ്ങൾക്കു ലഭിക്കുന്ന ഉത്തരം മാർ ദിവന്നാസ്യോസിനെ ഭയപ്പെടുത്തിയാണു കത്തോലിക്കാസഭയിൽ ചേർത്തത് എന്നുള്ള മി. പീലിപ്പോസിന്റെ പ്രസ്താവന അവാസ്തവമെന്നു തെളിയിക്കുന്നതാണ്.

3-തങ്ങളെ ഭരിച്ചിട്ടുള്ള മെത്രാപ്പോലീത്തന്മാരിൽ ഏതുകൊണ്ടും ഉയർന്ന നിലയെ പ്രാപിച്ചിരുന്നവനെന്നു യാക്കോബായ ചരിത്രകാരന്മാർ ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ള മാർ ദിവന്നാസ്യോസ് കേവലം ബാഹ്യാദായങ്ങളാൽ ആകൃഷ്ടനായിട്ടോ, ബലപ്രയോഗം നിമിത്തം ഭയന്നിട്ടോ, പട്ടിണി കിടന്നു വിഷമിച്ചിട്ടോ യാക്കോബായസഭയെ ഉപേ

ക്ഷിച്ചുവെന്ന് എങ്ങനെ വിശ്വസിക്കുവാൻ സാധിക്കും? യാക്കോബായ സഭയാണ് ക്രിസ്തു സ്ഥാപിച്ച സത്യസഭ എന്ന് അദ്ദേഹത്തിന് ദൃഢമായ ബോദ്ധ്യം ഉണ്ടായിരുന്നുവെങ്കിൽ - കത്തോലിക്കാസഭ മൂഢവിശ്വാസങ്ങളും അനാചാരങ്ങളും കൊണ്ടുനിറഞ്ഞ സഭയാണെന്നുള്ള വിശ്വാസമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നതെങ്കിൽ—ബാഹ്യപ്രലോഭനങ്ങളുടെ മുമ്പാകെ സ്വമനസ്സാക്ഷിയെ ബലികഴിക്കുവാൻ ഒരു കാലത്തും അദ്ദേഹം സന്നദ്ധത പ്രദർശിപ്പിക്കയില്ലായിരുന്നു. ആംഗ്ളേയമിഷ്യനറിയായിരുന്ന ഡോക്ടർ ബുക്കാനാൻ പ്രസ്താവിച്ചിരിക്കുന്നതുപോലെ "നാനാപ്രകാരേണയും ബഹുമാനാർഹനും, സൽസ്വഭാവിയും, ദൈവഭക്തനും, പരിശുദ്ധകർമ്മാനുഷ്ഠാനങ്ങളിൽ താല്പര്യമുള്ളവനു"മായ ആറാം മാർത്തോമ്മാ-നാല്പത്തിമൂന്നു വർഷക്കാലം തങ്ങളുടെ പിതാക്കന്മാരെ പ്രശസ്തമായി ഭരിച്ചിരുന്ന വലിയ മാർ ദിവന്നാസ്യോസു മനസ്സാക്ഷിക്ക് എതിരായിട്ടാണ് പ്രവർത്തിച്ചതെന്നു യാക്കോബായ സഹോദരങ്ങൾക്ക് എങ്ങിനെ പറയുവാൻ സാധിക്കും?

ഏതായാലും മാർ ദിവന്നാസ്യോസ് കത്തോലിക്കാസഭയെ ആശ്ലേഷിച്ചതിൽ നിന്നും സ്പഷ്ടമായി തെളിയുന്ന വാസ്തവം പുത്തൻകൂർ ജനതയുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിക്ക് ഏകനിദാനം കത്തോലിക്കാസഭയോടുള്ള പുനരൈക്യമാണെന്ന് അദ്ദേഹത്തിന് സുദൃഢമായ ബോദ്ധ്യം ഉണ്ടായിരുന്നു എന്നുള്ളതത്രേ.

## അദ്ധ്യായം – 18

# നാലു മെത്രാപ്പോലീത്തന്മാർ നടത്തിയ പുനരൈക്യപരിശ്രമങ്ങൾ

**ആ**റാം മാർത്തോമ്മായുടെ മരണശേഷം യാക്കോബായസഭാദ്ധ്യക്ഷന്മാരായിത്തീർന്നിട്ടുള്ള നാലാം മെത്രാപ്പോലീത്തന്മാർ കത്തോലിക്കാസഭാപുനരൈക്യാർത്ഥം പരിശ്രമിക്കുകയുണ്ടായിട്ടുണ്ട്. ചേപ്പാട്ടു മാർ ദിവന്നാസ്യോസ്, പുലിക്കോട്ടു മാർ ദിവന്നാസ്യോസ്, ക്നാനായ ഇടവകയുടെ മാർ സേവേറിയോസ്, കണ്ടനാട്ടു മാർ ഈവാനിയോസ് എന്നീ തിരുമേനിമാർ നടത്തിയ പരിശ്രമങ്ങൾ നിഷേധിക്കുവാൻ നിവൃത്തിയില്ലാത്ത വിധം സുസ്പഷ്ടങ്ങളായ രേഖകളാൽ തെളിയിക്കാവുന്നവയത്രെ. ഏതാദൃശപരിശ്രമത്തിന് ഇവരെ പ്രേരിപ്പിച്ചത് സഭയുടെ ഏകത്വത്തെപ്പറ്റിയുള്ള വിശ്വാസവും, റീശുപാത്രിയർക്കീസാകുന്ന മാർപ്പാപ്പായെ അനുസരിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നുള്ള ബോദ്ധ്യവും, അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസന്മാരുടെ പ്രവർത്തനങ്ങളോടുണ്ടായ വിദ്വേഷവും, യാക്കോബായ സഭയുടെ അധഃപതനാവസ്ഥയെപ്പറ്റിയുള്ള ചിന്തയുമായിരുന്നുവെന്ന് അവരുടെ ചരിത്രം തെളിയിക്കുന്നുണ്ട്. പ്രസ്തുത മെത്രാപ്പോലീത്തന്മാർ നടത്തിയിട്ടുള്ള പുനരൈക്യപരിശ്രമങ്ങൾ സംക്ഷിപിതമായി ചുവടേ ചേർത്തുകൊള്ളുന്നു:

### ചേപ്പാട്ടു മാർ ദിവന്നാസ്യോസ് തിരുമേനിയുടെ പുനരൈക്യപരിശ്രമം

ചേപ്പാട്ടു മാർ ദിവന്നാസ്യോസിനു മുമ്പ് യാക്കോബായ സഭാഭരണം നടത്തിക്കൊണ്ടിരുന്ന പുന്നത്ര മാർ ദിവന്നാസ്യോസ്, പുലി

ക്കോട്ടു മാർ ദിവന്നാസ്യോസ് എന്നിവർ ചുരുങ്ങിയ കാലയളവിൽ മാത്രം ഭരണം നടത്തിയതിനാലും പ്രോട്ടസ്റ്റന്റു മിഷ്യനറിമാരുടെ സ്വാധീനവലയത്തിൽ അകപ്പെട്ടു പോയതിനാലും കത്തോലിക്കാപുനരൈക്യപരിശ്രമങ്ങളിൽ ഏർപ്പെടുകയുണ്ടായില്ല. എന്നാൽ 1825-1855 വരെയുള്ള 30 വർഷക്കാലം യാക്കോബായസഭാഭരണം നിർവ്വഹിച്ചുകൊണ്ടിരുന്ന ചേപ്പാട്ടു മാർ ദിവന്നാസ്യോസ് കത്തോലിക്കാ പുനരൈക്യാർത്ഥം വരാപ്പുഴ മെത്രാപ്പോലീത്തായുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്നു. രണ്ടു കാരണങ്ങളായിരുന്നു ഇതിലേക്ക് അദ്ദേഹത്തെ പ്രധാനമായി പ്രേരിപ്പിച്ചത്. അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിന്റെ സ്വേഛാധിപത്യവും അസഹനീയവുമായ പ്രവർത്തനങ്ങളോടുണ്ടായ വിദ്വേഷമായിരുന്നു ഒന്നാമത്തെ കാരണം. രണ്ടാമത്തേതാകട്ടെ പ്രോട്ടസ്റ്റന്റു മിഷ്യനറിമാർ ചതുരുപായങ്ങൾപ്രയോഗിച്ചുകൊണ്ടു യാക്കോബായ സഭാഗംങ്ങളിൽ "നവീകരണവിഷബീജങ്ങൾ" കുത്തിവെയ്ക്കുന്നതിനായി ചെയ്തുകൊണ്ടിരുന്ന "സുവിശേഷവേലയോട്" ഉള്ള പ്രതിഷേധപ്രകടനമായിരുന്നു. അപ്രകാരം തന്നെ തന്റെ മുൻഗാമികളായിരുന്ന മെത്രാപ്പോലീത്തന്മാർ പ്രൊട്ടസ്റ്റന്റുമിഷ്യനറിമാർക്ക് ബാഹ്യാദായം മാത്രം ഇഛിച്ചുകൊണ്ടു യാക്കോബായസഭയ്ക്കുള്ളിൽ സ്വഛന്ദവിഹാരത്തിന് അനുവാദം നല്കിയതു നിമിത്തമുണ്ടായ ദുരന്തഫലങ്ങൾ മാർ ദിവന്നാസ്യോസിന്റെ മനസ്സിനു വലിയ വിഷമമുളവാക്കിതീർത്തു. ഇപ്രകാരം ഇരുവശത്തുനിന്നുമുണ്ടായ ഉപദ്രവങ്ങൾനിമിത്തം തന്റെ കീഴിലുള്ള പുത്തൻകൂർജനതയോടൊന്നിച്ചു കത്തോലിക്കാസഭയിൽ ചേർന്നു ഹൃദയസമാധാനത്തോടുകൂടി ജീവിതം നയിക്കാം എന്നുള്ള പ്രത്യാശയായിരുന്നു കത്തോലിക്കാപുനരൈക്യത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് പക്ഷേ, ഇക്കഴിഞ്ഞ സകല പുനരൈക്യപരിശ്രമങ്ങളെയും വിഫലമാക്കിത്തീർത്ത എതിർശക്തിയുടെ പ്രവർത്തനം ഇവിടെ ഉണ്ടായിരുന്നതിനാൽ ചേപ്പാട്ടു മാർ ദിവന്നാസ്യോസിനെ ഒരു മെത്രാനെന്ന നിലയിൽ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നുമുള്ള മറുപിടിയായിരുന്നു വരാപ്പുഴ മെത്രാപ്പോലീത്തായിൽനിന്നും അവസാനമായി ലഭിച്ചത്. തന്നിമിത്തം പുനരൈക്യപരിശ്രമങ്ങളിൽ നിന്നും പിൻവലിയുന്നതിനു മാർ ദിവന്നാസ്യോസ് നിശ്ചയിക്കയാണുണ്ടായത്.

## പുലിക്കോട്ടു മാർ ദിവന്നാസ്യോസും പുനരൈക്യപരിശ്രമങ്ങളും

വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിന്റെ മുൻഗാമിയായി നാല്പത്തിമൂന്നു വർഷം (1865-1909) യാക്കോബായ സഭാഭരണസാരഥ്യം നിർവ

ഹിച്ചുകൊണ്ടിരുന്ന പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനി നടത്തിയ പുനരൈക്യപരിശ്രമം അദ്ദേഹത്തിന്റെ നയതന്ത്ര പ്രവണതയെയും വിദൂരവീക്ഷണവിചക്ഷണതയേയും പ്രസ്പഷ്ടമാക്കുന്നുണ്ട്. പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും തമ്മിൽ ബാഹ്യമായ ഐക്യം കൈവരുത്തിയശേഷം പുത്തൻകൂറ്റുകാരെ കത്തോലിക്കാസഭയിൽ ലയിപ്പിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഇതിനുവേണ്ടി അദ്ദേഹത്തോടൊത്തുനിന്നു പ്രവർത്തിച്ച വൈദികന്മാരിൽ ഏതുകൊണ്ടും ഉന്നതനിലയിൽ എത്തിയിരുന്നതു കൊറവിലങ്ങാട്ടു നിധിയരിക്കൽ മാണിക്കത്തനാരായിരുന്നു. അദ്ദേഹം മാർ ദിവന്നാസ്യോസുമായി സ്നേഹബന്ധത്തിൽ ഏർപ്പെടുകയും, അദ്ദേഹത്തിന്റെ സഹായത്തോടുകൂടെയും പഴയകൂർ സുറിയാനിക്കാരുടെ സഹകരണത്തോടുകൂടെയും ഇരുകൂട്ടരും യോജിച്ച് പല പ്രസ്ഥാനങ്ങളുമാരംഭിച്ചു. അവയിൽ ചിലതിനെപ്പറ്റി ചുരുക്കമായി പ്രതിപാദിച്ചുകൊള്ളുന്നു.

### 1 നസ്രാണിജാത്യൈക സംഘം

പുനരൈക്യത്തിന്റെ പ്രഥമപടിയായി. "നസ്രാണിജാത്യൈക സംഘം" എന്ന പേരിൽ ഒരു സംഘടന ഉണ്ടാക്കി. പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരുമായ സുറിയാനിക്കാരായ സകലരെയും ഉദ്ദേശിച്ചായിരുന്നു പ്രസ്തുത സംഘടന സ്ഥാപിച്ചത്. ഈ സംഘടനയുടെ നിയമങ്ങളിൽ ചിലത് താഴെ ചേർത്തുകൊള്ളുന്നു:- "മാർത്തോമ്മാനസ്രാണികൾ എന്നു പ്രസിദ്ധരായിരിക്കുന്ന മലയാളത്തിലെ സുറിയാനിക്കാർ പഴയ കൂറ്റുകാരെന്നും പുത്തൻകൂറ്റുകാരെന്നും പറയപ്പെടുന്ന രണ്ടു ഭാഗക്കാരായി പിരിഞ്ഞിട്ട് സന്ധിഭേദം വന്ന ഒരു ദേഹം പോലെ ബലം കുറഞ്ഞ രണ്ടു ഭാഗക്കാരായിത്തീർന്നിരിക്കുന്നു എന്നു മാത്രമല്ല, ജാത്യൈക്യം മൂലം വരേണ്ടുന്ന വിദ്യാഭ്യാസം, നാഗരികത, സർക്കാരുദ്യോഗം, മുതലായ സാമൂഹ്യമായ ഉയർച്ചകളിൽ വളരെ കുറവുള്ളവാരിയിരിക്കുകയും ചെയ്യുന്നു. ആകയാൽ ആ താഴ്ചയെ നിവാരണം ചെയ്യുന്നതിനും "നസ്രാണിജാത്യൈകസംഘം" എന്ന നാമത്തിൽ ഒരു സംഘടന ഏർപ്പെടുത്തണമെന്നും, അതിൽ മാർത്തോമ്മാനസ്രാണികളായ എല്ലാവരേയും ഉൾപ്പെടുത്തണമെന്നും, ഈ സംഘം ഉണ്ടാക്കുന്നതിന് ഉൽസാഹികളായവരിൽ ചിലർ അനേക സംവൽസരങ്ങൾക്കുമുമ്പേ വിചാരിക്കയും ആ അഭിപ്രായത്തെ തങ്ങളുടെ സ്നേഹിതന്മാരും സ്വജാതിപ്രിയന്മാരുമായ പല മഹാന്മാരോടും ആലോചിച്ചു അവരുടെ മനോഗതങ്ങളറിയുകയും ചെയ്തിട്ട് താഴെപ്പറയുന്ന സംഗ

തികളെ നിശ്ചയിച്ച്  എന്ന മുഖവുരയോടുകൂടെ ഒട്ടനേകം നിയമങ്ങൾ പ്രസ്തുത സംഘടനയ്ക്കായി നിശ്ചയിക്കയുണ്ടായി. പ്രസ്തുത നിയമങ്ങളിൽ ഒന്നാമത്തേത് താഴെച്ചേർക്കുന്നു:-

“അന്ത്യോഖ്യാസുറിയാനിക്കാരും റോമാസുറിയാനിക്കാരുമെന്നു പറയപ്പെടുന്നു. മാർത്തോമ്മാനസ്രാണിസമൂഹത്തിന്റെ പ്രതിനിധിയായിട്ടും ജനത്തിന്റെ ജാതിസംബന്ധമായും സമൂഹസംബന്ധമായുമുള്ള ഗുണീകരണങ്ങളെ വിചാരിച്ച് നടത്തുവാൻ ചുമതലപ്പെട്ടതായിട്ടും മലയാളത്തിലെ ജാത്യൈകസംഘം എന്ന നാമത്തോടുകൂടെ സുറിയാനിക്കാരുടെ ഇടയിൽ ഒരു സംഘടന ഏർപ്പെടുത്തേണ്ടതാകുന്നു.

(നിധിയിരിക്കൽ മാണിക്കത്തനാർ, പുറം 200)

പ്രസ്തുത സംഘടനയിൽ അംഗങ്ങളായി ചേരുന്നതിനു നവീകരണകക്ഷി (ഇപ്പോഴത്തെ മാർത്തോമ്മാസഭ)കളിൽ പെട്ടവരും സുറിയാനിക്കാരുമായ സി.എം.എസ്സ്.കാരും സന്നദ്ധരാവുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നതിനാൽ മാർ ദിവന്നാസ്യോസിന്റെ കീഴിലുള്ള യാക്കോബായക്കാരെയും മാണിയച്ചന്റെ ജാതിയിൽപ്പെട്ട പഴയ സുറിയാനിക്കാരെയും മാത്രമെ അതിൽ ചേർക്കുവാൻ ഉദ്ദേശിച്ചിരുന്നുള്ളു.

### 2. പ്രത്യോകസ്ഥലം

ഈ സംഘടനയുടെ ആഫീസ് ഇടുന്നതിനും, സമ്മേളനങ്ങൾ നടത്തുന്നതിനും, ഇതരസ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും മറ്റുമായി ഒരു പ്രത്യേകസ്ഥലം ആവശ്യമായിരുന്നു. ക്രൈസ്തവരുടെ പ്രധാനകേന്ദ്രമായിരുന്ന കോട്ടയം പട്ടണത്തിൽത്തന്നെ ഇതിലേക്കായി ഒരു പ്രത്യേകസ്ഥലം നിഷ്പ്രയാസം വാങ്ങുന്നതിനു സാധിച്ചു. ആലപ്പുഴ കച്ചവട ഏജന്റായിരുന്ന മി. ഹ്യൂക്രാഫോർട്ട് എന്ന ധ്വരയുടെ വകയായിരുന്ന വുഡ്ലാൻഡ് എസ്റ്റേറ്റും ബംഗ്ലാവും അദ്ദേഹത്തിന്റെ മുക്ത്യാർകാരൻ ജെയിംസ് ഡാറാ എന്ന അമേരിക്കൻ കത്തോലിക്കനിൽ നിന്നും മാർ ദിവന്നാസ്യോസും മാണിക്കത്തനാരുംകൂടി 3541 രൂപയ്ക്ക് എഴുതിവാങ്ങിക്കയുണ്ടായി. ഇതെപ്പറ്റിയുള്ള വിശദവിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ ആറാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരുന്നതു വായനക്കാർ വിസ്മരിച്ചിരിക്കയില്ലല്ലോ.

### 3. സംയുക്തമഹാപാഠശാല

ഇരുകൂട്ടരും യോജിച്ചുംകൊണ്ടു കോട്ടയത്തു ഒരു കോളേജ് സ്ഥാപിക്കുന്നതിനും അതിനോടനുബന്ധിച്ചു സ്കുളുകളും ഇതരപ

രോപകാരസ്ഥാപനങ്ങളും നിർമ്മിക്കുന്നതിനും നിശ്ചയിച്ചു. പ്രസ്തുത സംഘത്തിന്റെ നിയമാവലിയിലെ 8-ാം, 9-ാം, 10-ാം വകുപ്പുകളിൽ ഇതെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത് ചുവടെ ചേർക്കുന്നു:-

8-ാം വകുപ്പ് - സംഘം സ്ഥലംവക ടി സ്ഥലത്തിൽ ഉള്ള കെട്ടിടത്തിലും അതിനോടു ചേർത്ത് ഉണ്ടാക്കുവാനിരിക്കുന്ന കെട്ടിടങ്ങളിലും ആയിട്ട് ഒരു പ്രധാന പാഠശാല ഉണ്ടാക്കേണ്ടതും അത് സകല ജാതിക്കാർക്കും മതക്കാർക്കും പഠിപ്പാൻ സ്വാതന്ത്ര്യമുള്ളതായിരിക്കേണ്ടതും ആകുന്നു.

9- പാഠശാലയിലെ പ്രധാന വാദ്ധ്യാരും രണ്ട സഹായവാദ്ധ്യാന്മാരും എങ്കിലും പ്രോട്ടസ്റ്റണ്ടർ, നിരീശ്വരന്മാർ, ദൈവഅറിയായ്മക്കാർ മുതലായ മതഭിന്നതക്കാരല്ലാത്ത ബ്രിത്താന്യക്കാർ ആയിരുന്നാൽ കൊള്ളാം. അൽമേനികളെക്കാൾ അധികാരജാഗ്രതയോടെ പഠിപ്പിക്കുന്നവരും, കുറഞ്ഞ ശമ്പളത്തിൽ ടി ഉദ്യോഗം സ്വീകരിക്കുന്നവരുമായിട്ട് ടി ജാതിയിൽതന്നെയുള്ള വല്ല സഹോദരസംഘക്കാരെയോ, സന്ന്യാസികളെയോ കിട്ടുമെങ്കിൽ ആയതു സംഘത്തിലേക്ക് അധികം ആദായമുള്ളതാകകൊണ്ട് അങ്ങനെയുള്ളവരെ വരുത്തി അവരെക്കൊണ്ട് ടി ഉപദേഷ്ട സ്ഥാനങ്ങളെ നടത്തിപ്പാൻ ശ്രദ്ധിക്കേണ്ടതാകുന്നു.

10 - ഈ പാഠശാലയിൽ ബോംബെയിലും കൽക്കത്തായിലുമുള്ള സെന്റ് സേവിയർ കോളേജുകളിലും, മംഗലാപുരത്തെ സെന്റ് ലൂയിസ് കോളേജിലും, തൃശ്ശിനാപ്പള്ളിയിലെ സെന്റ് ജോസഫ് കോളേജിലും പഠിപ്പിക്കപ്പെടുന്ന മുറ അനുസരിച്ച് യൂണിവേഴ്സിറ്റി പരീക്ഷയ്ക്ക് ആവശ്യപ്പെട്ട വിഷയങ്ങളെ പഠിപ്പിക്കേണ്ടതാകുന്നു. പഠിത്തത്തെ സംബന്ധിച്ച സംഗതികളിൽ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരോധമല്ലാത്തപ്പോഴൊക്കെ പ്രധാന അദ്ധ്യാപകരെ പൂർണ്ണ സ്വാതന്ത്ര്യമുള്ളതും വേറൊരുത്തർക്കും ആ വിഷയത്തിൽ പ്രവേശിപ്പാൻ അർഹതയില്ലാത്തതുമാകുന്നു.

(നിധിയരിക്കൽ മാണിക്കത്തനാർ - പുറം 201)

## വൃത്താന്തപത്രിക

ജാതൈക്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പ്രസിദ്ധീകരണം പുറപ്പെടുവിക്കുന്നതിനു ഇരുകൂട്ടരും കൂടെ നിശ്ചയിക്കുകയുണ്ടായി. ഇതെപ്പറ്റി ശ്രീമാൻ വി. സി. ജോർജ്ജ് ബി. ഏ.എൽ.റ്റി. "നിധിയരിക്കൽ

മാണിക്കത്തനാരുടെ ജീവചരിത്രഗ്രന്ഥ"ത്തിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്.:-

പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും സംയോജിച്ചു സമാരംഭിച്ച നസ്രാണി ജാത്യൈക്യസംഘത്തിന്റെ ജിഹ്വയായി മാന്നാനത്തു നിന്നും പ്രസിദ്ധീകരണമാരംഭിച്ച "നസ്രാണിദീപിക"യാണ് ആവർത്തനപരി വർത്തനങ്ങൾക്കുശേഷം "വിഗതനസ്രാണി"യായി പ്രതിദിനോൽഫു ല്ലമായ പ്രശസ്തസേവനം ചെയ്തു പരിലസിക്കുന്ന കോട്ടയത്തെ "ദീപിക" എന്നും അതിന്റെ പ്രഥമപത്രാധിപസ്ഥാനം മാർസിലിനോസു മെത്രാന്റെ നിർദ്ദേശമനുസരിച്ചു നമ്മുടെ ചരിത്രപുരുഷനാണു സ്വീക രിച്ചതെന്നും അധികമാളുകൾ അറിഞ്ഞിരിക്കയില്ല. മാണിയച്ചൻ സമു ദായസേവനോദ്യുക്തനായി തീറു വാങ്ങിയ വുഡ്ലാണ്ട് എസ്റ്റേറ്റിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ഉദാരകൃത്യയായ "മനോരമ തിരോധാ നംചെയ്തശേഷം മാത്രം അദ്ദേഹത്തിന്റെ ആധിപത്യത്തിൽ ആരംഭിച്ച "ദീപിക കോട്ടയത്തുനിന്നും പ്രസിദ്ധീകരണം തുടങ്ങിയതും മനോര മയുടെ പുനരുദ്ധാരണം പ്രാഗത്ഭ്യപൂർവ്വം സാധിച്ചതും ആ പഴയചരി ത്രശൃംഖലയിലെ ഒരു പുതിയ ഗ്രന്ഥിയല്ലെന്നു ആർക്കു പറയാം!" (പുറം 206-207)

### 5 പരോപകാരസ്ഥാപനങ്ങൾ

നസ്രാണിസമുദായത്തിന്റെ നാനാവിധമായ അഭിവൃദ്ധിക്കുവേണ്ടി യുള്ള നിരവധി പരോപകരാരസ്ഥാപനങ്ങൾ ജാത്യൈക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്നതിനു തൽഭാരവാഹികൾ നിശ്ചയിച്ചി രുന്നു. വിദ്യാലയങ്ങൾ, അനാഥമന്ദിരങ്ങൾ, തൊഴിൽശാലകൾ, വ്യവ സായശാലകൾ, സഹകരണസംഘങ്ങൾ, ബാങ്കുകൾ എന്നിവയെല്ലാം സ്ഥാപിക്കുന്നതിനുള്ള നിശ്ചയം ചെയ്തതായി പ്രസ്തുത സംഘ ത്തിന്റെ നിയമാവലിയുടെ 22-28 വരെയുള്ള വകുപ്പുകളിൽ രേഖപ്പെടു ത്തിയിരിക്കുന്നു. പക്ഷെ നിർഭാഗ്യമെന്നേ പറയേണ്ടു! പുത്തൻകൂർ— പഴയകൂർ വിഭാഗങ്ങൾ തമ്മിൽ യോജിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്തിരുന്ന ഏതാദൃശസംരംഭങ്ങളൊന്നും തന്നെ പ്രായോഗികപദ്ധ തിയിൽ കൊണ്ടു വരുന്നതിനിടയാകാതെ രേഖയിൽമാത്രം അവേശി ഷിക്കുകയാണുണ്ടായത്.

## ഡലിഗറ്റുമായി നടന്ന കൂടിക്കാഴ്ച

മാണിക്കത്തനാരുടെ പ്രേരണയനുസരിച്ച് ഉട്ടാക്കുമണ്ടിൽ പോയി

ദലഗാദ് അപ്പോസ്തോലിക്കാ ആയ മൊൺസിഞ്ഞോർ അയുത്തിയെ സന്ദർശിക്കുന്നതിനു മാർ ദിവന്നാസ്യോസ് നിശ്ചയിച്ചു.ഇതു സംബന്ധിച്ച് മാണിക്കത്തനാർ അയച്ച കത്തിന് 1888 ജനുവരി 14-ാം തീയതി ഉട്ടാക്കമണ്ടിൽ നിന്നും മോൺ. അയൂത്തി അയച്ചുകൊടുത്ത മറുപടിയിൽ ഒരു ഭാഗം ഇപ്രകാരമായിരുന്നു.

“മലയാളത്തിലേക്കു വരുമ്പോൾ തീർച്ചയായും മാർ ദിവന്നാസ്യോസിനെ കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. നിങ്ങൾ പറയുന്നതുപോലെ അദ്ദേഹം എന്നെ സന്ദർശിക്കുവാൻ കാത്തിരിക്കയാണല്ലോ. ആ സന്ദർശനം തീർച്ചയായും എനിക്ക് ആനന്ദപ്രദമായിരിക്കും. പരിശുദ്ധമാതാവായ സഭയുടെ മടിയിലേക്ക് യാക്കോബായക്കാർ കൂടെ തരിച്ചു വരുന്നതിനു സംഗതിയായാലുള്ള അവസ്ഥ എത്ര ആഹ്ളാദപ്രദമായിരിക്കും. ഏതൽക്കാര്യത്തിനാവശ്യമായ സകല അധികാരങ്ങളും പരിശുദ്ധ സിംഹാസനത്തിൽ നിന്ന് എനിക്കും ദത്തമായിട്ടുണ്ടെന്നു താങ്കൾ അനുസ്മരിപ്പിക്കുന്നതു അധികം നന്നായിരിക്കുമല്ലോ.”

മാണിക്കത്തനാരുടെ പേർക്കു വീണ്ടും 1888 ഏപ്രിൽ 4-ാം തീയതി അയച്ച ഒരു കത്തിൽ ഡലിഗറ്റു എഴുതിയിരിക്കുന്നതു ഇപ്രകാരമാണ്:

“മാർ ദിവന്നാസ്യോസിന്റെ കാര്യത്തിൽ ഉട്ടാക്കമണ്ടിലുള്ള എന്റെ വസതിയിൽ അദ്ദേഹം എപ്പോൾ വരുന്നുവോ അപ്പോൾ അദ്ദേഹത്തെ സ്വീകരിപ്പാൻ എനിക്കു സന്തോഷമുണ്ടായിരിക്കും. അദ്ദേഹത്തോടുകൂടി നിങ്ങൾക്കും തീർച്ചയായും ഉട്ടാക്കുമണ്ടിലേക്കു വരാം. അർഹമായ സുഖസൗകര്യങ്ങളോടുകൂടെ അദ്ദേഹത്തിന് ഇവിടെ താമസിക്കുന്നതിനു സാധിക്കും. മാർ ദിവന്നാസ്യോസിനു സൗകര്യപ്രദവും സുഖദായവുമായ വാസസ്ഥലം നല്കണമെന്നുള്ള സംഗതി ആലോചിച്ചാണു ഞാൻ ഇങ്ങനെ പറയുന്നത്.”

പ്രസ്തുത കത്തിലെ താല്പര്യമനുസരിച്ചു മാർ ദിവന്നാസ്യോസും മാണിക്കത്തനാരും കൂടെ ഉട്ടാക്കമണ്ടിൽ പോയി ദലിഗാദ് അപ്പോസ്തോലിക്കായെ സന്ദർശിച്ചതിനെപ്പറ്റി മാണിക്കത്തനാരുടെ ജീവചരിത്രഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം ചുവടേ ചേർത്തുകൊള്ളുന്നു:-

“മാർ ദിവന്നാസ്യോസിനെ സ്വന്തം വസതിയിലേക്കു ദലഗാദ് അപ്പസ്തോലിക്കാ ക്ഷണിക്കുന്നതും, മാർ ദിവന്നാസ്യോസിന്റെ അവിടത്തെ

താമസത്തിനടയ്ക്കുള്ള സുഖസൗകര്യങ്ങളിൽ മോൺ. അയൂത്തി അത്യധികമായ വ്യഗ്രത പ്രദർശിപ്പിക്കുന്നതും സാധാരണ സാഹചര്യങ്ങളിൽ അസംഭവ്യകാരണങ്ങളാണ്. ദലഗാദ് അപ്പസ്തോലിക്കായെ അറിയിച്ചതു മൂലമാണ് പ്രസ്തുത ക്ഷണം ഉണ്ടായതെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. ക്ഷണം അനുസരിച്ചു മാർ ദിവന്നാസ്യോസ് ഉട്ടാക്കമണ്ടിൽ എത്തി. ദലഗാദ് അപ്പസ്തോലിക്കായുടെ ആതിഥ്യം സ്വീകരിച്ചു ഏതാനും ദിവസം അവിടെ താമസിച്ചു. ഈ യാത്രയിലും ഉട്ടാക്കമണ്ടിലെ താമസത്തിനിടയ്ക്കും മാർ ദിവന്നാസ്യോസിന്റെ സാരഥ്യം വഹിച്ചതു നമ്മുടെ ചരിത്രപുരുഷനാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല. പരിശുദ്ധപിതാവിന്റെ പ്രതിനിധിയും കേരളനസ്രാണികളിൽ യാക്കോബായ വിഭാഗത്തിന്റെ അദ്ധ്യക്ഷനും തമ്മിൽ ഏറ്റവും സൗഹാർദ്ദപൂർവ്വകമായ സമാഗമമാണ് നടന്നത്. മാർ ദിവന്നാസ്യോസിനു ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുവാൻ വശമില്ലാതിരുന്നതിനാൽ ദ്വിഭാഷി ജോലി നിർവ്വഹിച്ചതു മാണിയച്ചൻ തന്നെയായിരുന്നു. പരിഭാഷകനെന്ന നിലയിൽ മാണിയച്ചനുണ്ടായിരുന്ന പാടവം മോൺ.അയൂത്തി മുമ്പേ തന്നെ അറിഞ്ഞിട്ടുണ്ടായിരുന്നു. പരിശുദ്ധ സിംഹാസനത്തിന്റെയും അക്കാലത്ത് അതിനെ അലങ്കരിച്ചിരുന്ന പതിമൂന്നാം ലെയോ മാർപ്പാപ്പാ തിരുമനസ്സിന്റെയും പേരിൽ തനിക്കുണ്ടായിരുന്ന ഭക്ത്യാദരങ്ങളെ മാർ ദിവന്നാസ്യോസു സന്ദർശനമദ്ധ്യേ പ്രസ്പഷ്ടമാക്കിയതു മോൺ. അയൂത്തിയെ അത്യധികം സംതൃപ്തനാക്കി. ഈ വികാരങ്ങൾ പ്രദ്യോപിപ്പിക്കുന്ന ഒരു സന്ദേശം പരിശുദ്ധപിതാവിനു താൻ അയച്ചു കൊടുക്കാമെന്നു മാർ ദിവന്നാസ്യോസു വാഗ്ദത്തം ചെയ്ത ശേഷമാണ് ഉട്ടാക്കമണ്ടിൽ നിന്നും മടങ്ങിയതെന്നും പ്രസ്താവയോഗ്യമാണ്.

(മാണിക്കത്തനാർ പുറം 214)

ഡലിഗറ്റുമായി താൻ ചെയ്ത വാഗ്ദത്തം അനുസരിച്ചു മാർപ്പാപ്പാ തിരുമേനിക്ക് ഒരു സന്ദേശം താമസിയാതെ മാർ ദിവന്നാസ്യോസു അയച്ചുകൊടുക്കുകയും മാണിക്കത്തനാരുടെ ആലോചനയോടും പ്രേരണയോടും കൂടെ പുനരൈക്യസംരംഭം തുടർന്നു നടത്തുകയും ചെയ്തു. പക്ഷേ, അഗ്രാഹ്യമായ ഏതോ ചില കാരണങ്ങൾ നിമിത്തം മാർ ദിവന്നാസ്യോസിന്റെയും തദ്വാരാ, പുത്തൻകൂറ്റുകാരുടെയും പുനരൈക്യം സാധിതപ്രായമായിത്തീർന്നില്ല.

എന്നാൽ കണ്ടനാട്ടു നിന്നും 1890 സെപ്റ്റംബർ 17-ാം തീയതി

മാണിക്കത്തനാർ എഴുതി അയച്ച ഒരു കത്തിൽ യാക്കോബായക്കാരുടെ പുനരൈക്യത്തിനു പ്രതിബന്ധമായി അദ്ദേഹത്തിനു ബോദ്ധ്യമായ രണ്ടു കാരണങ്ങൾ രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത കത്തിൽ നിന്നും ആ ഭാഗം മാത്രം ചുവടെ ചേർത്തുകൊള്ളുന്നു:-

"യാക്കോബായക്കാരുമായി നടത്തിയ പല സംഭാഷണങ്ങളിൽ നിന്നും ഞാൻ ഗ്രഹിക്കുന്നതു പുനരൈക്യത്തിനു വിഘാതമായി രണ്ടു സംഗതികൾ അവർ കാണുന്നുവെന്നാണ്, ഒന്നാമതു ഉദയമ്പേരൂർ സുന്നഹദോസിനു ശേഷം അമ്പതു സംവൽസരക്കാലത്തേക്കു തുടർച്ചയായി സ്വജാതിയിലും സ്വന്തറീത്തിലുമുള്ള മെത്രാന്മാരെ ലഭിക്കുന്നതിന് അയച്ച അപേക്ഷകൾ സാധിക്കാതെ ആ സഭയിലേക്ക് തിരിച്ചു ചെല്ലുന്നതു -തങ്ങളുടെ പൂർവ്വികന്മാരുടെ പ്രവൃത്തി തെറ്റാണെന്ന് ഏറ്റു പറയുന്നതിനോടു തുല്യമാകയാൽ-ലജ്ജാകരമായി അവർ കരുതുന്നു. രണ്ടാമതു കൊച്ചിയിൽ വെച്ചു ചെയ്ത കൂനൻകൂരിശുസത്യത്തിൽ തങ്ങളുടെ പൂർവ്വികന്മാർ ഒരു ലത്തീൻ മെത്രാനെ ഒരിക്കലും തങ്ങളുടെ പാലകനായി സ്വീകരിക്കുകയില്ലെന്നു ശപഥം ചെയ്തിരുന്നു. സുറിയാനിക്കാരായ തങ്ങൾ ലത്തീൻകാരനായ ലവീഞ്ഞുമെത്രാനു കീഴ്വഴങ്ങുക. പ്രസ്തുത ശപഥത്തെ ലംഘിക്കുന്നതും തങ്ങളുടെ മനസ്സാക്ഷിയെ വഞ്ചിക്കുന്നതുമായ ഒരു കൃത്യമായിരിക്കും. മാത്രമല്ല, വ്യത്യസ്ഥസമുദായാംഗവും വ്യത്യസ്ഥറീത്തുകാരനുമായ ഒരു മെത്രാൻ അന്യസമുദായത്തിലും അന്യറീത്തിലുമുള്ള പട്ടക്കാരെയും ജനങ്ങളെയും ഭരിക്കുക ലോകചരിത്രത്തിൽ അഭൂതപൂർവ്വമാണ്."

(മാണിക്കത്തനാർ പുറം 308)

ഏതായാലും പുലിക്കോട്ടു മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ നടത്തിയ പുനരൈക്യപരിശ്രമങ്ങളും എന്തുകാരണത്താലോ ഫലപ്രാപ്തിയിൽ എത്തുകയുണ്ടായില്ല എന്നു പറഞ്ഞാൽ കഴിഞ്ഞു.

*　　　*　　　*　　　*

## കണ്ടനാട്ടു മാർ ഈവാനിയോസ് നടത്തിയ പുനരൈക്യപരിശ്രമം

ഓർത്തഡോക്സ് സഭയിലെ ഒരു മെത്രാപ്പോലീത്താ ആയിരുന്ന കണ്ടനാട്ടു യുവാക്കീം മാർ ഈവാനിയോസിന്റെ കത്തോലിക്കാസഭാ പുനരൈക്യപരിശ്രമവും അതിനുണ്ടായ ദയനീയപരാജയവും ഹൃദയ

സ്പൃക്കായ ഭാഷയിൽ വിവരിച്ചുകൊണ്ടു അദ്ദേഹത്തിന്റെ സഹോദര പുത്രനും, യാക്കോബായസഭയിലെ ഒരു സുപ്രസിദ്ധപ്രാസംഗികനും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു ഏതാനും വർഷങ്ങൾക്കു ശേഷം നിര്യാണമടഞ്ഞ ദേഹവുമായ കണ്ടനാട്ടു കാരോട്ടു സൈമൺ. ഡി. കോർ എപ്പിസ്കോപ്പാ "സത്യസഭാകാഹളം വിശേഷാൽ പ്രതി"യിൽ "ചതിവുചെയ്ത കടുംകൈ" എന്ന തലക്കെട്ടിൽ എഴുതിയിരുന്ന ഒരു ലേഖനം അതേവിധം തന്നെ ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:-

"1086-ലാണ് അബ്ദുള്ളാ പാത്രിയർക്കീസിൽനിന്ന് ഞാൻ ശെമ്മാശുപട്ടം ഏറ്റത്. അക്കാലത്ത് എന്റെ സ്ഥിരതാമസം പിതൃസഹോദരനായ കണ്ടനാട്ടു യുവാക്കീം മാർ ഈവാനിയോസ് തിരുമനസ്സിലെ കൂടെ ആയിരുന്നു. ഒരു വ്യാഴവട്ടക്കാലത്തിലധികം എനിക്കു തിരുമേനിയോടു അടുത്തു പരിചയമുണ്ട്. അദ്ദേഹം പരമാർത്ഥിയായ ഒരു പുണ്യപുരുഷൻ തന്നെയായിരുന്നു. കത്തോലിക്കാതിരുസഭയുടെ വിശ്വാസസത്യങ്ങളുടെ വൈശിഷ്ട്യങ്ങളെപ്പറ്റി തിരുമനസ്സുകൊണ്ട് പലപ്പോഴും കല്പിക്കുന്നതും ഞാൻ കേട്ടിട്ടുണ്ട്.

സുറിയാനിഭാഷയിൽ പണ്ഡിതനായിരുന്ന തിരുമേനി യാക്കോബായക്കാർ കൈക്കൂപ്പി സമ്മതിക്കുന്ന ഹൂദായകാനോനിൽ "റീശ്പാത്രിയർക്കീസി"നെപ്പറ്റി പറയുന്ന ഭാഗമാണ് ഏറ്റം പ്രധാനമായി ഉന്നയിച്ചിരുന്ന വാദമുഖം. തിരുമനസ്സിലെ സ്വന്തകയ്യക്ഷരത്തിൽ ആ ഭാഗങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്ത് എഴുതി ഒപ്പും മുദ്രയും വച്ചിട്ടുള്ള ഒരു പുസ്തകം എന്റെ പക്കൽ ഉണ്ട്. റോമാപാത്രിയർക്കീസിന്റെ "റീശോ ഉറാബോ" (തലവനും നേതാവും) എന്ന സ്ഥാനം സമ്മതിച്ചു കൊടുക്കേണ്ട അത്യാവശ്യത്തെപ്പറ്റി തിരുമേനിക്കു സുദൃഢമായ അഭിപ്രായമുണ്ടായിരുന്നു.

രണ്ടാമതായി തിരുമനസ്സുകൊണ്ടു ശക്തിയായി കല്പിച്ചിരുന്ന കാര്യം യാക്കോബായ ആരാധനക്രമങ്ങളിൽ നിന്നും വി. പത്രോസിന്റെ പരമാധികാരം, റോമാസിംഹാസനം ആദിയായ വിഷയങ്ങൾ പ്രസ്പഷ്ഠമായി തെളിയിക്കുവാൻ സാധിക്കും എന്നുള്ളതത്രേ. തിരുമനസ്സിലെ ഈ അഭിപ്രായങ്ങൾ പ്രബലപ്പെട്ടതിന്റെ ഫലമായി 1098-ൽ അന്നു കണ്ടനാട്ട് കത്തോലിക്കാപള്ളി വികാരിയായിരുന്ന ബ. തോട്ടുങ്കൽ അച്ചനുമായി പുനരൈക്യത്തിനുള്ള ആലോചനകളാരംഭിച്ചു. അന്ന് ഇൻഡ്യയുടെ ഡെലിഗേറ്റു തിരുമനസ്സിലെ സെക്രട്ടറിയായിരുന്ന കണ്ടനാട്ടു സ്വദേശിയും ഇന്നു എറണാകുളം അതിരൂപതയിലെ ഒരു വൈദികനു

മായിരിക്കുന്ന പൈനുങ്കൽ റവ. ഫാദർ ജോസഫ്, പി.എച്ച്.ഡി., ഡി.ഡി.യെ വരുത്തി എറണാകുളം അതിരൂപതാമെത്രാപ്പോലീത്താ നി. വ.ദി.മ.ശ്രീ. മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ ആലോചനയോടുകൂടി പുനരൈക്യപ്രശ്നം സംബന്ധിച്ച് അത്യാവശ്യം വേണ്ട സകല കാര്യങ്ങളും തിരുമേനി ശരിപ്പെടുത്തുകയുണ്ടായി. എറണാകുളം അരമനയിൽ ചെന്നു സത്യപ്രതിജ്ഞ നടത്തുവാനുള്ള ദിവസവും സമയവും കൂടെ നിശ്ചയിച്ചു കഴിഞ്ഞു. ഈ സംഗതി മനസ്സിലാക്കിക്കൊണ്ടിരുന്ന ഞാൻ തിരുമേനിയെ പ്രസ്തുത ഉദ്യമത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് പഠിച്ചപണി പതിനെട്ടും നോക്കി. വളരെ ശക്തിയായി തിരുമേനിയുടെ അഭിപ്രായങ്ങളെ ഞാൻ എതിർത്തുകൊണ്ടിരുന്നു. ന്യായങ്ങൾകൊണ്ടു തിരുമേനിയെ മടുപ്പിക്കുവാൻ കാര്യമായി എനിക്ക് ഒന്നും ഇല്ലായിരുന്നുവെങ്കിലും ബാഹ്യമായ പല സംഗതികൾ പറഞ്ഞാണു ഞാൻ ശ്രമിച്ചു കൊണ്ടിരുന്നത്. പക്ഷെ, നേരെയുള്ള വഴിക്കു സാദ്ധ്യമല്ലെന്നു കണ്ടതിനാൽ ഒരു ചതി തന്നെ പ്രയോഗിച്ചു തിരുമേനിയെ തടയണമെന്നു തീരുമാനിക്കത്തക്കവണ്ണം അന്ന് അതികഠിനമായ പ്രതിഷേധം എനിക്ക് അക്കാര്യത്തിൽ ഉണ്ടായിരുന്നു. കാരണം, കത്തോലിക്കാ സഭയോട് അത്രമാത്രം വെറുപ്പും വിരോധവുമാണ് എനിക്ക് അന്നുണ്ടായിരുന്നത്.

അന്നു ശെമ്മാശനായിരുന്ന മുക്കാഞ്ചേരിൽ ബഹുമാനപ്പെട്ട പത്രോസ് റമ്പാച്ചനെ വരുത്തി എന്റെ ആശയഗതികൾ അദ്ദേഹത്തെ മനസ്സിലാക്കി. എറണാകുളം അരമനയിൽ നിന്നും കാർ അയയ്ക്കാമെന്നും പിറ്റേദിവസം അതിരാവിലെ അവിടെ എത്തിക്കൊള്ളാമെന്നുമാണ് നിശ്ചയിച്ചുറപ്പിച്ചതെന്നു ഞങ്ങൾ മനസ്സിലാക്കി. കാറിൽ കരവഴിപോകുന്നത് ഉദ്ദേശ്യസാദ്ധ്യത്തിനു തടസ്സമായിത്തീരുമെന്നും, ആളുകൾ വളരെ ബഹളമുണ്ടാക്കുകയും തടുക്കുകയും ചെയ്യാൻ സംഗതിയായേക്കുമെന്നും രാത്രി ഒരു നല്ല വള്ളത്തിൽ കയറി എറണാകുളത്തിനു പോകുന്നുവെങ്കിൽ വളരെ ശാന്തമായി നിർദ്ദിഷ്ടസ്ഥാനത്തും സമയത്തും എത്താൻ സാധിക്കുമെന്നും തിരുമേനിയെ വളരെ തന്മയത്വത്തോടു പറഞ്ഞു ധരിപ്പിച്ചു. നിഷ്ക്കളങ്കനായ തിരുമേനി അത് അപ്പാടെ വിശ്വസിക്കുകയും അതിനു സമ്മതിക്കുകയും ചെയ്തു. ഉടൻ തന്നെ നല്ല ഒരു വള്ളവും ഞങ്ങൾ ഏർപ്പാടു ചെയ്തു. അങ്ങനെ അത്താഴമേശ കഴിഞ്ഞു സകല സാധനസാമഗ്രികളോടും കൂടി ഞങ്ങൾ വള്ളത്തിൽ കയറി. പരുമലസെമിനാരിയിലേക്കു വള്ളം വിടുവാൻ വള്ളക്കാരനെ തിരുമേനി അറിയാതെ രഹസ്യമായി ചട്ടംകെട്ടുകയും

ചെയ്തു. പതിവലധികം സുഖമായി തിരുമേനി ആ യാത്രയിലുറങ്ങി. വെളുപ്പിനു മൂന്നുമണി ആയപ്പോൾ പതിവുപോലെ പ്രഭാതപ്രാർത്ഥ നയ്ക്കു തിരുമനസ്സുകൊണ്ടു ഉണർന്ന് എന്നെ വിളിച്ചു. നടുപ്പനകം മാറ്റി മുഖം കഴുകിക്കൊണ്ടിരുന്നപ്പോൾ കരയിലേക്കു നോക്കിക്കൊണ്ടു "ഇതു വൈക്കം അടുത്തുള്ള "ചെമ്മനാകിരി" എന്ന സ്ഥലമല്ലേ? എറ ണാകുളത്തിനു പോകുന്നതിനു ഇങ്ങനെ തെക്കോട്ടു പോകുന്നത് എന്തിനാണ്?" എന്നു ചോദിച്ചു. ഉടനെ വളരെ ശക്തിയായും നിർബ ന്ധമായും എറണാകുളത്തിനു പോകുന്നതിനുള്ള തടസ്സങ്ങൾ പറ ഞ്ഞിട്ടു പരുമല സെമ്മനാരിയിലേക്കു പോകയാണെന്നു തുറന്നു പറ ഞ്ഞു. തിരുമനസ്സുകൊണ്ട് വാവിട്ടു കരഞ്ഞുകൊണ്ട് "നിങ്ങളുടെ എല്ലാം ഇഷ്ടം പോലെയാകട്ടെ" എന്നു കല്പിക്കുകയും ചെയ്തു. അന്നു തിരു മനസ്സിലേക്കു പ്രത്യേകം മനസ്സുഖമില്ലായ്മയും രോഗപീഡകളും വർദ്ധി ച്ചു. മൂന്നു കൊല്ലം തുടർന്നു പരുമലസെമ്മനാരിയിൽ തിരുമനസ്സു കൊണ്ട് താമസിച്ചു. ആ കാലത്താണ് അന്നത്തെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷനായിരുന്നു കൊണ്ട് നിരണത്തുവെച്ച് ഇപ്പോഴത്തെ തിരുവനന്തപുരം ആർച്ചുബിഷപ്പ് നി.വ.ദി.മ. ശ്രീ.മാർ ഈവാനിയോസ് തിരുമനസ്സിലേക്ക് മെത്രാൻസ്ഥാനം കൊടുത്തത്. തന്റെ സ്ഥാനപ്പേരാകുന്ന "മാർ ഈവാനിയോസ്" എന്ന നാമധേയം അഭിവന്ദ്യപിതാവിന് ഇടുന്നതിൽ തിരുമനസ്സിലേക്കു പ്രത്യേകനിർബ ന്ധവും താല്പര്യവുമുണ്ടായിരുന്നു. സാധാരണയിൽ കഴിഞ്ഞ സ്നേഹ ബഹുമാനവാത്സല്യം നമ്മുടെ വലിയ പിതാവിനോട് തിരുമനസ്സിലേ ക്കുണ്ടായിരുന്നു. തിരുമനസ്സിലേക്ക് ഓർശ്ലേം യാത്രയിൽ ലഭിച്ച പല തിരുശേഷിപ്പികുൾ നമ്മുടെ വലിയപിതാവിനെ പരുമല സെമ്മനാരി യിൽ വരുത്തി കാലം ചെയ്യുന്നതിനു കുറച്ചു മാസങ്ങൾക്കു മുമ്പു ഏല്പിക്കയുണ്ടായി. ശാശ്വതമായ ആത്മസൗഭാഗ്യം സിദ്ധിച്ചു നിർവൃതി നേടുന്നതിനു തിരുസഭാപുനരൈക്യം അത്യന്താപേക്ഷിതമായ ഒരു കാര്യമാണെന്ന് ആത്മാർത്ഥമായി വിശ്വസിച്ചിരുന്ന ഒരു പുണ്യദേഹ മായിരുന്നു വന്ദ്യതിരുമനസ്സുകൊണ്ട് ഈ സുവിശ്വാസത്തിൽ തന്നെ യാണ് തിരുമേനി കാലധർമ്മം പ്രാപിച്ചത്.

അന്നു തിരുമേനിയെ ഞാൻ തടയാതിരുന്നുവെങ്കിൽ കത്തോലി ക്കനായ ശേഷം ഇന്നു ഞാൻ കേൾക്കുന്ന അധിക്ഷേപങ്ങൾക്കും സഹി ക്കേണ്ടിവരുന്ന പ്രയാസങ്ങൾക്കും ഇടവരികയില്ലായിരുന്നു. ശുദ്ധാത്മാ വായ തിരുമനസ്സിനെ തടഞ്ഞതു മൂലമുള്ള "കുരിശുകൾ" ഇന്നു ഞാൻ നല്ലവണ്ണം വഹിക്കുന്നു. അന്നു തിരുമേനിയുടെ പുനരൈക്യം സാധി

ച്ചിരുന്നുവെങ്കിൽ ഇപ്പോൾ പുനരൈക്യപ്രസ്ഥാനം ഈ ദേശത്തു വളരെ ശക്തിപ്പെടുമായിരുന്നു. തിരുമനസ്സിലെ പിതൃസഹോദരനാണു ദിവം ഗതനായ സൈമൺ മാർ ഡയനേഷ്യസ് മെത്രാപ്പോലീത്താതിരുമേനി. അദ്ദേഹവും പുനരൈക്യത്തിനു വളരെ ആഗ്രഹിച്ച ഒരാളാണെന്നു അദ്ദേഹത്തിന്റെ ഡയറിയുടെ പല ഭാഗത്തു നിന്നും തെളിയുന്നുണ്ട്. യാക്കോബായസഭയിലെ പല മെത്രാന്മാരും പുനരൈക്യത്തിന് ആഗ്രഹിക്കയും പരിശ്രമിക്കയും ചെയ്തിട്ടുള്ളവരാണ്. ദൈവത്തിന്റെ പ്രത്യേകവരപ്രസാദമില്ലാതെ അതു പ്രായോഗികമാക്കുവാൻ പ്രയാസം. ഏതായാലും യുവാക്കീം മാർ ഈവാനിയോസ് തിരുമനസ്സിലെ തിരുസഭാപ്രവേശ സംരംഭം എന്റെ യാക്കോബായസഹോദരങ്ങളുടെ ഗാഢമായ ചിന്തയ്ക്കു വിഷയീഭവിപ്പിച്ചുകൊണ്ട് വിരമിക്കുന്നു.''

(സത്യസഭാകാഹളം വിശേഷാൽപ്രതി പുറം 54-56)

## ക്നാനായ മെത്രാപ്പോലീത്തായുടെ പുനരൈക്യപരിശ്രമം

1909-ൽ കേരളത്തിൽ വന്ന അബ്ദുള്ളാപാത്രിയർക്കീസിൽ നിന്നും അഭിഷേകം സ്വീകരിച്ചു കേരളത്തിലെ ക്നാനായസമുദായത്തിൽപ്പെട്ട യാക്കോബായക്കാരുടെ മെത്രാപ്പോലീത്തായായിരുന്ന മാർ സേവേറിയോസ് തിരുമനസ്സുകൊണ്ട്1921 മാർച്ചു മുപ്പതാം തീയതി (1096 മീനം 17-നു) കോട്ടയം വലിയപള്ളിയിൽവെച്ച് കോട്ടയം രൂപതയുടെ മെത്രാൻ ആയിരുന്ന ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ തിരുമേനിയുമായി പുനരൈക്യസംബന്ധമായ ആലോചനകൾ നടത്തുകയുണ്ടായി. 1096 മേടം 21-ാം തീയതി ചൂളപ്പറമ്പിൽ മെത്രാച്ചൻ റാന്നി മിഷ്യൻപള്ളി സന്ദർശിച്ച അവസരത്തിൽ സമ്മേളിച്ചതും കത്തോലിക്കരും നിരവധി യാക്കോബായക്കാരും സംബന്ധിച്ചിരുന്നതുമായ മഹായോഗത്തിൽ വെച്ച് ഈ പുനരൈക്യലോചനയെപ്പറ്റി ഇങ്ങനെ പ്രസ്താവിച്ചു. ''നാം 345-ൽ കുടിയേറി പാർത്തവരാണ്. നിർഭാഗ്യവശാൽ നാം രണ്ടായി പിരിഞ്ഞുപോയി. ....... ഞാൻ സ്ഥാനമേറ്റിട്ട് ഏഴു കൊല്ലമായി ഈ അടുത്ത ദിവസം മാത്രമാണു സേവേറിയോസ് മെത്രാച്ചനും ഞാനും തമ്മിൽ കാണ്മാൻ ഇടയായത്. ഞങ്ങൾ നമ്മുടെ സമുദായത്തിന്റെ യോജിപ്പിനെപ്പറ്റി സംസാരിക്കയുണ്ടായി.

.......... ഇപ്പോൾ ഞങ്ങളെന്നും നിങ്ങളെന്നും ഞാൻ പറയേണ്ടിയിരിക്കുന്നു. ഇനി ഒരു കാലത്തു നാം എന്നു മാത്രം പറയാൻ ഇടയാകമെന്ന് ഞാൻ വിശ്വസിക്കുന്നു. അടുത്ത ഭാവിയിൽ തന്നെ ഞാനും മാർ സേവേറിയോസ് മെത്രാച്ചനും ഒരുമിച്ചു റാന്നി വലിയപള്ളിയിൽ (യാ

ക്കോബായപ്പള്ളിയിൽ) വന്നു നിങ്ങളെ ആശിർവദിക്കാൻ ദൈവം സംഗതിയാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.''

1921 ആഗസ്റ്റ് 10-ാം തീയതി ക്നാനായ യാക്കോബായക്കാരിൽ പെട്ട 13 പട്ടക്കാരും ഏതാനും ശെമ്മാശന്മാരും, അയ്മേനികളും ചൂളപ്പറമ്പിൽ തിരുമേനിയെ സന്ദർശിച്ചു പുനരൈക്യത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. പ്രത്യാശപൂർണ്ണമായ ഈ ആലോചനകളെ പരിഗണിച്ചുകൊണ്ടും, കത്തോലിക്കാവിശ്വാസികൾ യാക്കോബായ സഹോദരങ്ങളുടെ പുനരൈക്യത്തിനായി പ്രത്യേകം പ്രാർത്ഥനകൾ നടത്തണമെന്ന് ഉത്ബോധിപ്പിച്ചുകൊണ്ടും കോട്ടയം രൂപതയിലെ പള്ളികൾക്കായി 1921 നവംബർ 27-ാം തീയതി അയച്ച പരസ്യ കല്പനയിൽ യാക്കോബായക്കാർ നടത്തിയ ഈ പുനരൈക്യാലോചനയെ പ്പറ്റി ചൂളപ്പറമ്പിൽ തിരുമേനി ഇങ്ങനെ പറയുന്നു:- ''ഈ യോജിപ്പിനെപ്പറ്റി അവരുടെ പട്ടക്കാരും ജനങ്ങളും തമ്മിൽ മാത്രമല്ല, അവരുടെ വൈദികമേല്ദ്ധ്യക്ഷനെയും പറഞ്ഞു മനസ്സിലാക്കുകയും, ഞങ്ങൾ തമ്മിൽ ഒരു കൂടിക്കാഴ്ച നടത്തത്തക്ക വിധത്തിൽ വരുത്തുകയും, നാം അദ്ദേഹത്തെ ആദ്യം സന്ദർശിക്കയും, പിന്നീട് അദ്ദേഹത്തെ ഇവിടെ നാം സ്വീകരിക്കയും, അദ്ദേഹത്തിരെ നാം പോയിക്കാണുകയും, കൂട്ടമായും തനിച്ചും ഈ കാര്യം പറയുകയും, അവരെ മനസ്സുവരുത്തുകയും, അവരുടെ ആളുകളിൽ തന്നെ ആലോചന മുറുക്കുകയും ചെയ്തു. ഇതിന് ചില വിപരീതങ്ങളും എതിരഭിപ്രായങ്ങളും അങ്ങുമിങ്ങുമില്ലെന്നില്ല...... പലയിടങ്ങളിലായി പലരും സത്യവിശ്വാസം സ്വീകരിച്ചുവരുന്നു. ഒരു പട്ടക്കാരനും ഒരു ശെമ്മാശനും സത്യസഭയിൽ ചേർന്നു കഴിഞ്ഞു.''

പ്രതീക്ഷിച്ചതുപോലെ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഈ പുനരൈക്യാലോചനകൾ പ്രവൃത്തിപഥത്തിൽ വന്നെത്തിയില്ല. തിരുമേനി കുറേക്കാലംകൂടി ജീവിച്ചിരുന്നെങ്കിൽ കത്തോലിക്കാസഭയിൽ പ്രവേശിക്കുമായിരുന്നു എന്നുള്ള ഒരു അഭിപ്രായം അദ്ദേഹം നടത്തിയ ഗൗരവാവഹമായ ഈ പുനരൈക്യാലോചനകളെപ്പറ്റി ചിന്തിക്കുന്നവർക്ക് ഉണ്ടാകാതിരിക്കയില്ല.

## അദ്ധ്യായം – 19

# കത്തോലിക്കാസഭയിലെ വിവിധ റീത്തുകളും കുർബാനക്രമങ്ങളും

**പ**രിശുദ്ധസിംഹാസനത്തിൽ നിന്നും ഒരു പുതിയ റീത്തിനുള്ള അനുവാദം സമ്പാദിച്ചുകൊണ്ടാണല്ലോ കഥാപുരുഷൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചത്. ഭൂലോകമെങ്ങുമുള്ള ക്രൈസ്തവരുടെ ഐകമത്യത്തിലുള്ള ആഗ്രഹവും, മലങ്കരയിലെ അകത്തോലിക്കരുടെ പുനരൈക്യത്തിനുള്ള ആകാംക്ഷയും, കഥാപുരുഷന്റെ ശക്തിമത്തായ എഴുത്തുകുത്തുകളുമായിരുന്നു ഇപ്രകാരമുള്ള അനുവാദം നല്കുന്നതിനു മാർപ്പാപ്പാ തിരുമേനിയെ പ്രേരിപ്പിച്ചത്. ഇതെപ്പററിയുള്ള വിശദവിവരങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്നതാണ്. എന്നാൽ അതിനു മുമ്പു കത്തോലിക്കാസഭയിൽ ഇപ്പോൾ നിലവിലുള്ള വിവിധ റീത്തുകളെയും കുർബാനക്രമങ്ങളെയുംപറ്റി സമഗ്രമായ ഒരു ജ്ഞാനം വായനക്കാർക്കു ലഭിക്കുന്നതു പ്രയോജനപ്രദമാകയാൽ അതെപ്പറ്റി ചില കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുവാനുദ്ദേശിക്കുന്നു.

**റീത്തിന്റെ അർത്ഥം**

ഏതെങ്കിലും ഒരു മതത്തിന്റെ ആചാരരീതിയെ കുറിക്കുന്നതിനു വേണ്ടി ലത്തീൻ ഭാഷയിൽ ഉത്ഭൂതമായ റീത്തുസ് (Ritus) എന്ന പദമാണ് ആംഗ്ലേയ ഭാഷയിൽ Rite ആയി രൂപാന്തരം പ്രാപിച്ചിട്ടുള്ളത്. പ്രസ്തുത പദത്തോട് ശബ്ദത്തിലും ആശയത്തിലും അനുരൂപ്യമുള്ള മലയാളഭാഷയിലെ "രീതി" എന്ന പദത്തിന്റെ ഉത്ഭവം എങ്ങനെയെന്നു ഭാഷാപണ്ഡിതന്മാർ ചിന്തിക്കേണ്ടതാണ്. ഒരു മതസംഘടനയുടെ കർമ്മങ്ങളെയോ, പ്രാർത്ഥനക്രമങ്ങളെയോ, ആചാരാനുഷ്ഠാനങ്ങളെയോ അർത്ഥമാക്കുന്ന ഒരു പദമത്രേ ഇത്. ക്രിസ്തുമതത്തിലെ കൂദാ

ശകളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന വി.കുർബാനയുടെ ക്രമത്തെ ആശ്രയിച്ചു നില്ക്കുന്ന ആരാധനക്രമങ്ങളുടെ സംഹിത "റീത്ത്" എന്ന പദത്താൽ വിവക്ഷിക്കപ്പെടുന്നു. കുറെക്കൂടെ പരിമിതവും വ്യക്തവുമായ അർത്ഥത്തിൽ ഏതാദൃശ കർമ്മപരിപാടികളെയെല്ലാം ഉൾക്കൊള്ളുന്നതും ഒരു പ്രത്യേകവിഭാഗം ആളുകൾ അനുവർത്തിക്കുന്നതുമായ ആരാധനക്രമത്തെയത്രേ റീത്ത് എന്ന പദം അർത്ഥമാക്കുന്നത്. ഓരോ റീത്തുകാരുടെ കാനോൻ നിയമങ്ങളെയും റീത്തിന്റെ നിർവ്വചനത്തിൽ ചിലർ ഉൾപ്പെടുത്താറുണ്ട്. നോമ്പ്, ഉപവാസം ആദിയായവ നിയന്ത്രിക്കുന്ന നിയമങ്ങൾ കാനോൻ നിയമങ്ങളായി ചിലപ്പോൾ പരിഗണിക്കപ്പെടുന്നു. പള്ളി, പള്ളിസാമാനങ്ങൾ, തിരുവസ്ത്രങ്ങൾ, വൈദികപഞ്ചാംഗം, വൈദികഗാനം, വൈദികരുടെ വേഷഭൂഷണങ്ങൾ ആദിയായവയും റീത്തിൽപ്പെട്ടവയത്രെ. കുർബാന അർപ്പിക്കുക, കൂദാശകൾ അനുഷ്ഠിക്കുക, കുർബാനയ്ക്കും മറ്റുമുള്ള വേഷങ്ങൾ ധരിക്കുക എന്നിത്യാദി ദൈവാരാധനയിലും ക്രൈസ്തവ നടപടികളിലും സ്വീകരിച്ചിരിക്കുന്ന രീതി എന്നാണ് റീത്തിന് വൈദികഭാഷയിലുള്ള സാങ്കേതികമായ അർത്ഥം.

ഓരോ ദേശത്തിന്റെയും, ഭാഷയുടെയും വംശത്തിന്റെയും വ്യത്യാസമനുസരിച്ച് കത്തോലിക്കാസഭയിൽ ആരംഭം മുതൽത്തന്നെ വിവിധ റീത്തുകൾ നിലനിന്നു പോന്നിരുന്നു. വിശ്വാസസത്യങ്ങളെയും സദാചാരനിയമങ്ങളെയും സംബന്ധിച്ചു കത്തോലിക്കർ പരിപൂർണ്ണമായ ഐക്യം ആവശ്യപ്പെടുന്നുണ്ടെങ്കിലും മതപരമായ ആചാരങ്ങളെയും പരിപാടികളെയും സംബന്ധിച്ച ദേശീയവും ഭാഷാപരവും, ജാതീയവുമായ പ്രവർത്തനങ്ങളെ പരിരക്ഷിക്കുവാൻ വിപുലമായ സ്വാതന്ത്ര്യമാണ് അനുവദിച്ചു കൊടുക്കുന്നത്. എല്ലാ രാജ്യാതൃത്തികൾക്കും ജനവിഭാഗങ്ങൾക്കും ഉപരിയായി സ്ഥല-കാലവ്യത്യാസമോ വർഗ്ഗ-ഭാഷാഭിന്നതകളോ നോക്കാതെ മനുഷ്യന്റെ ന്യായമായ എല്ലാ അഭിലാഷങ്ങളെയും പ്രവണതകളെയും ആദരിക്കുന്നതും, ലോകമെങ്ങും പ്രചരിച്ചിരിക്കുന്നതുമായ ഒരു ആദ്ധ്യാത്മികസംഘടനയാണ് കത്തോലിക്കാസഭ എന്നുള്ളതത്രേ ഇതിന്റെ കാരണം. അതാതു രാജ്യങ്ങളിൽ പ്രാബല്യത്തിൽ ഇരിക്കുന്നതോ ജനങ്ങൾക്ക് സ്വീകാര്യമായി തോന്നുന്നതോ ആയ ആര്യഭാഷകളെ ഉപയോഗിച്ച് അപ്പോസ്തോലന്മാർ ഒട്ടനേകം പ്രാദേശികസഭകളിൽ ആരാധനക്രമങ്ങൾ നടപ്പിൽ വരുത്തുകയും അവ പരമ്പരയാ അനുഷ്ഠിച്ചു പോരുകയുമാണ് ഉണ്ടായിട്ടുള്ളത്. ഇപ്രകാരം പുരാതന പ്രതിഷ്ഠിതങ്ങളായ റീത്തുകളെ അഭംഗം നിലനിറുത്തുന്നതിനും, പരിപുഷ്ടിപ്പെടുത്തുന്നതിനും കത്തോലിക്കാസഭ അതീവശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്ന് എക്കാലത്തെയും സഭാചരിത്രം വിളിച്ചു പറയുന്നുണ്ട്.

പന്ത്രണ്ടു ഭാഷകളിലായി 20 റീത്തുകളാണ് ഇന്നു കത്തോലിക്കാ സഭയിൽ നിലവിലുള്ളത്. ഏകത്വത്തിൽ വിവിധത്വവും വിവിധത്വത്തിൽ ഏകത്വവുമാണ് പ്രസ്തുത റീത്തുകൾ വെളിപ്പെടുത്തുന്നത്. നിറത്തിലും, മണത്തിലും, ആകൃതിയിലും വ്യത്യസ്തമായ നിരവധി കുസുമങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു പൂങ്കാവനത്തിനു സദൃശമത്രേ കത്തോലിക്കാസഭ. ഏകപരമാധികാരിയുടെ കീഴിൽ ഏകവിശ്വാസം പാലിച്ചുകൊണ്ടും, വിവിധ ഭാഷകളിലും വിവിധരീതികളിലും കൂദാശകളും ഇതര കർമ്മങ്ങളും അനുഷ്ഠിച്ചുകൊണ്ടും ലോകം എങ്ങുമുള്ള അൻപതുകോടി ജനങ്ങൾ ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞുകൂടുന്ന മനോഹരമായ കാഴ്ചയത്രേ കത്തോലിക്കാസഭയിൽ നാം ദർശിക്കുന്നത്.

ഇന്നു നിലനിന്നുപോരുന്ന ഇരുപതു റീത്തുകളെ "പാശ്ചാത്യ" മെന്നും "പൗരസ്ത്യ"മെന്നും രണ്ടായി തരം തിരിക്കാവുന്നതാണ്. ഓരോ റീത്തിനേയും പറ്റി സംക്ഷിപ്തമായ വിവരണം ചുവടേ ചേർക്കുന്നു.:-

## പാശ്ചാത്യറീത്തുകൾ

ഈ ഗണത്തിൽ മൂന്നു റീത്തുകളാണുള്ളത്.

1. ലത്തീൻ റീത്ത്. ലോകമെങ്ങും പ്രചാരത്തിലിരിക്കുന്ന റീത്തത്രേ ഇത്. പാശ്ചാത്യറീത്തിലുള്ള കത്തോലിക്കരിൽ ബഹുഭൂരിപക്ഷവും ലത്തീൻ റീത്തിൽ ഉൾപ്പെട്ടിരിക്കുന്നവരാണ്.

2. മോസറബിക്കു റീത്ത്. സ്പെയിനിലുള്ള ഉദ്ദേശം ഒന്നരക്കോടി കത്തോലിക്കർ ഈ റീത്തിൽ ഉൾപ്പെട്ടവരാണ്.

3. അംബ്രോസിയൻ റീത്ത്. ഇറ്റലിയിൽ മിലാനിൽ മാത്രമേ ഈ റീത്ത് നിലവിലിരിക്കുന്നുള്ളു. ഏതാണ്ട് അരക്കോടി കത്തോലിക്കർ ഈറീത്തിൽ ഉൾപ്പെട്ടിരിക്കുന്നു. മലങ്കര സുറിയാനി റീത്തിനും ഹൈരാർക്കിക്കും അനുവാദം നല്കിയ ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഈ റീത്തിൽ ഉൾപ്പെട്ടിരുന്ന ദേഹമായിരുന്നു എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ. ഈ മൂന്നു റീത്തുകൾക്കും പൊതുവായ ഭാഷ ലത്തീനത്രേ.

പൗരസ്ത്യ വിഭാഗത്തിൽ ആകെ 17 റീത്തുകളാണുള്ളത്. അഞ്ചായിട്ട് വിഭജിക്കപ്പെടാവുന്ന പ്രസ്തുത റീത്തുകളിൽ ഓരോന്നിന്റെയും ഏകദേശമായ അംഗസംഖ്യയും ഓരോ റീത്തും പ്രചാരത്തിലിരിക്കുന്ന സ്ഥലനാമവും താഴെ ചേർക്കുന്നു.

# കത്തോലിക്കാ സഭയിലെ പൗരസ്ത്യ റീത്തുകൾ

| റീത്തിന്റെ പേര് | പ്രചാരസ്ഥലം | അംഗങ്ങളുടെ ഏകദേശസംഖ്യ |
|---|---|---|
| **1. അലക്സാന്ത്രിയൻ** | | |
| കോപ്റ്റിക്ക് (ഈഗുപ്തായ) | ഈജിപ്ത് | 66,000 |
| എത്തിയോപ്യൻ (അബിസീനിയൻ) | അബ്സ്സീനിയാ | 55,000 |
| **2. അന്തോഖ്യൻ (പാശ്ചാത്യം)** | | |
| അന്ത്യോഖ്യൻ സിറിയൻ | സമീപപൂർവ്വദേശം, അമേരിക്ക | 65,000 |
| മാറോനീത്താ | ” ” | 550,000 |
| മലങ്കര | ഇൻഡ്യ | 100,000 |
| **3. അന്ത്യോഖ്യൻ (പൗരസ്ത്യം)** | | |
| കല്ദായ | സമീപപൂർവ്വദേശം | 150,000 |
| സീറോമലബാർ | ഇൻഡ്യ | 1,200,000 |
| **4. അർമേനിയൻ** | | |
| അർമേനിയൻ | സമീപപൂർവ്വദേശം അമേരിക്കാ | 200,000 |

## 5. ബിസന്റൈൻ

| | | |
|---|---|---|
| ബൾഗേറിയൻ | ബൾഗേറിയാ | 12,000 |
| ശുദ്ധഗ്രീക്ക് | ഗ്രീസ്, സമീപപൂർവ്വദേശം | 6000 |
| ഹംഗേറിയൻ (സേർബിയൻ) | ഹംഗറി | 260,000 |
| ഇറ്റാലോഗ്രീക്ക് | തെക്കേ ഇറ്റലി, സിസിലി, യി.എസ്.എ | 100,000 |
| മല്ക്കൈറ്റ് | സമീപപൂർവ്വദേശം, യു.എസ്.എ. | 310,000 |
| റുമേനിയൻ | റമേനിയാ, യു.എസ്.എ. | 2,800,000 |
| റഷ്യൻ | പോളണ്ട്, റഷ്യ, അമേരിക്ക, പൗരസ്ത്യദേശം | 40,000 |
| റുത്തേനിയൻ | പോളണ്ട്, ചെക്കോസ്ലോവാക്യ, റുമേനിയ, ഹംഗറി, തെക്കുംവടക്കും അമേരിക്ക | 9,400,000 |
| യുഗോസ്ലോവിയൻ (ജിയോർജിയൻ) | യുഗോസ്ലേവിയ | 65,000 |

പന്ത്രണ്ടു ഭാഷകളിൽ കത്തോലിക്കാസഭയിലുള്ള ഇരുപതു റീത്തുകളും ഉൾപ്പെടുന്നതാണ്. അവ 1. ലത്തീൻ, 2. ഗ്രീക്ക്, 3. കോപ്റ്റിക്ക്, 4. എത്തിയോപ്പിയൻ, 5. പാശ്ചാത്യസുറിയാനി, 6. പൗരസ്ത്യസുറിയാനി, 7. അർമേനിയൻ, 8. ഗോർജിയൻ, 9. അറബി, 10. ചെക്കോസ്ലോവാക്യൻ, 11. റുമേനിയൻ, 12. മഗയാർ. ഇവയിൽ ലത്തീൻ, കോപ്റ്റിക്ക്, ഗ്രീക്ക്, പാശ്ചാത്യ പൗരസ്ത്യസുറിയാനി എന്നിവ മൃതഭാഷകളും ബാക്കിയുള്ളവ ജീവൽഭാഷകളുമാണ്.

## കുർബാനക്രമങ്ങൾ

ക്രൈസ്തവസഭയിലെ കൂദാശകളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന വി. കുർബാന ആകുന്ന ദിവ്യബലി അർപ്പിക്കപ്പെടുമ്പോൾ ഉപയോഗിക്കുന്ന പ്രാർത്ഥനകളും അനുഷ്ഠിക്കുന്ന ആചാരരീതികളും അടങ്ങിയ പുസ്തകമത്രേ കുർബാനക്രമം അഥവാ തക്സാ എന്ന പേരിൽ അറിയപ്പെടുന്നത്. കത്തോലിക്കാസഭയിലും അകത്തോലിക്കാസഭകളിലും പലവിധത്തിലുള്ള കുർബാനക്രമങ്ങൾ ഇന്ന് നിലവിലിരിക്കുന്നുണ്ട്. ഇവയെപ്പറ്റിയുള്ള ദീർഘകാലത്തെ പഠനത്തിന്റെയും പരിശോധനയുടെയും ഫലമായി ഇന്നു നിലവിലിരിക്കുന്ന കുർബാന തക്സാകളുടെയെല്ലാം ഉത്ഭവം നാലു തരത്തിലുള്ള തക്സാകളിൽ നിന്നാണെന്നത്രേ ചരിത്രപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. അവ ഓരോന്നിനെയും പറ്റിയുള്ള ചുരുങ്ങിയ വിവരണം ചുവടേ ചേർത്തുകൊള്ളുന്നു:

### 1. അന്ത്യോഖ്യൻ തക്സാ

തക്സാകളിൽ ഏറ്റം പുരാതനത്വമുള്ളതും, പൗരസ്ത്യരാജ്യങ്ങളിൽ പ്രചരിച്ചിരുന്നതും, യാക്കോബിന്റെ തക്സാ എന്ന പേരിൽ അറിയപ്പെടുന്നതുമായ കുർബാനക്രമമത്രേ ഇത്. രണ്ടാം ശതകത്തിനു ശേഷം വ്യവസ്ഥാപിതരൂപത്തിൽ ഉത്ഭവിച്ചിട്ടുള്ള പ്രസ്തുത കുർബാനക്രമത്തിന്റെ കർത്താവ് യാക്കോബ് ശ്ലീഹായാണെന്നു തീർത്തും പറയുന്നതിനു നിവൃത്തിയില്ല. നാലാം നൂറ്റാണ്ടിൽ അന്ത്യോഖ്യയിലെവിടെയും പ്രസ്തുത തക്സാ ഉപയോഗിച്ചുവന്നിരുന്നു. രണ്ടു മൂന്നു നൂറ്റാണ്ടുകളിൽ അവിടവിടെ ഉപയോഗിച്ചുവന്നിരുന്ന ഇതിന്റെ മൂല്യകൃതി ഗ്രീക്കിലാണ് എഴുതപ്പെട്ടതെന്നും അതിന്റെ പരിഭാഷയാണു സുറിയാനിയിലുള്ളതെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഗ്രീക്കുമൂലം ഗ്രീസിലും ഓർശലേമിലുമുള്ള ഗ്രീക്കുസഭക്കാർ ആണ്ടിൽ ഒരു പ്രാവശ്യം ഉപയോഗിക്കുന്നുണ്ട്. പൗരസ്ത്യക്രൈസ്തവരുടെ ഇടയിൽ ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന എല്ലാ കുർബാനക്രമങ്ങളും അന്ത്യോഖ്യൻ തക്സാ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്. യാക്കോബിന്റെ തക്സായിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള അൻപത്തിനാലു കുർബാനക്രമങ്ങൾ ഇപ്പോൾ യാക്കോബായസഭയിൽ നിലവിലുണ്ടത്രേ. കോൺസ്റ്റാന്റിനോപ്പിളിലെ ഗ്രീക്കുകാർ ഉപയോഗിക്കുന്ന മാർ ഈവാനിയോസിന്റെ തക്സാ, അർമ്മേനിയൻ സഭയുടെ തക്സാ, നെസ്തോറിയൻകാരുടെ തക്സാ, യാക്കോബ്യരുടെ ഇടയിലുള്ള ഒട്ടനേകം തക്സാകൾ, അന്ത്യോഖ്യൻ കത്തോലിക്കർ, മലങ്കര

കത്തോലിക്കർ എന്നിവർ ഉപയോഗിക്കുന്ന തക്സകൾ, ഇവയുടെ എല്ലാം അടിസ്ഥാനം മാർ യാക്കോബിന്റെ തക്സായത്രേ.

## 2 അലക്സാന്ത്രിയൻ തക്സാ

ഈജിപ്ത്, അലക്സാന്ത്രിയാ മുതലായ രാജ്യങ്ങളിൽ ഉപയോഗിച്ചു വന്നിരുന്നതും മർക്കോസിന്റെ തക്സാ എന്ന പേരിൽ അറിയപ്പെടുന്നതുമായ തക്സായത്രെ ഇത്. വ്യവസ്ഥാപിതരീതിയിൽ അഞ്ചാം നൂറ്റാണ്ടിലാണ് പ്രസ്തുത തക്സാ രൂപാന്തരപ്പെട്ടത്. അതിനു മുമ്പ് അതേ രീതിയിലല്ലായിരുന്നു പ്രസ്തുത കുർബാനക്രമം ഉപയോഗിച്ചിരുന്നതെന്നും സുവിശേഷകനായ മർക്കോസിന്റെ ഉപദേശങ്ങളിൽ നിന്നുമാണ് ഈ കുർബാനക്രമം ഉത്ഭവിച്ചതെന്നും പറയപ്പെടുന്നു. ഗ്രീക്ക്, ഈ ഗുപ്തായ (Coptic) അബ്സീനിയൻ എന്നീ കുർബാനക്രമങ്ങളെല്ലാം ഈ ക്രമത്തിൽ നിന്നും ഉണ്ടായതാണെന്നു വിചാരിക്കപ്പെടുന്നു.

## 3. റോമൻ തക്സാ

ഇറ്റലി, സിസിലി, ആഫ്രിക്കായിലെ ചില ഭാഗങ്ങൾ എന്നിവിടയെല്ലാം ഉപയോഗിച്ചു വന്നതും വിശുദ്ധ പത്രോസിന്റെ തക്സാ എന്നു വിളിക്കപ്പെടുന്നതുമായ തക്സായത്രേ ഇത്. ആറാം നൂറ്റാണ്ടിൽ ഗ്രിഗറി മാർപ്പാപ്പായുടെ കാലത്താണ് ഈ തക്സാ വ്യവസ്ഥാപിതരൂപം പ്രാപിച്ചത്. അഞ്ചാം നൂറ്റാണ്ടിൽ ഗലാസിയോസ് മാർപ്പാപ്പായുടെ കാലത്തുണ്ടായിരുന്ന ഒരു കയ്യെഴുത്തുപ്രതി ഇപ്പോൾ കണ്ടുകിട്ടിയിട്ടുണ്ട്. വി. പത്രോസിൽ നിന്നുമാണ് ഇതിന്റെ ഉത്ഭവം എന്നു പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. വിവിധ തക്സാകളെപ്പറ്റിയുള്ള പഠനം നടത്തിയ പാൽമർ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- “ഗ്രിഗറി മാർപ്പാപ്പായുടെ കാലത്തു ഉപയോഗിച്ചു വന്ന റോമൻ തക്സായുടെ ക്രമവും അതിലെ സാരാംശവും രണ്ടാം ശതാബ്ദം വരെ പഴക്കമുള്ളവയായി വിചാരിപ്പാൻ തക്ക കാരണങ്ങളുണ്ട്.

## 4. ഗാലിക്കൻ തക്സാ

ഫ്രാൻസ്, സ്പെയിൻ എന്നീ രാജ്യങ്ങളിൽ നടപ്പാക്കിയിരുന്നതും വി. യോഹന്നാന്റേതെന്നു പറയപ്പെടുന്നതുമായ തക്സായത്രേ ഇത്. ഈ തക്സായെപ്പറ്റി പാൽമർ പ്രസ്താവിച്ചിരിക്കുന്നത് ഈ തക്സാ വി. യോഹന്നാൻ ശ്ലീഹായിൽ നിന്നും ഉത്ഭവിച്ചുവെന്നും അദ്ദേഹത്തിന്റെ ശിഷ്യനായ പോലിക്കാർപ്പിൽനിന്ന് ഐറീനീയസു കൊണ്ടുപോയി ഗോളിൽ നടപ്പാക്കിയെന്നുമത്രേ.

ഇന്നു ക്രിസ്തീയലോകത്തിൽ അറിയപ്പെടുന്നതും സ്വീകരിക്കപ്പെട്ടിരിക്കുന്നതുമായ വിവിധ തക്സാകളുടെ ഉത്ഭവം മേൽ പ്രസ്താവിച്ചിരിക്കുന്ന നാലു തക്സാകളിൽ നിന്നുമാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഈ നാലു തക്സാകളുടെയും മൂലം വേറൊരു തക്സായാണോ, അഥവാ ഈ നാലു ഗ്രന്ഥങ്ങൾ നാലു ആളുകളാൽ രചിക്കപ്പെട്ടവയാണോ, ക്രിസ്തുവിന്റെ ശിഷ്യന്മാരായ യാക്കോബ്, മർക്കോസ്, പത്രോസ്, യോഹന്നാൻ എന്നിവർ ഉപയോഗിച്ച ക്രമമാണോ അതോ, അവരുടെ പേരിൽ അറിയപ്പെടുന്നതു മാത്രമാണോ എന്നിത്യാദി പ്രശ്നങ്ങൾക്കുള്ള മറുപടി ഇന്നു അനിശ്ചിതാവസ്ഥയിലാണു നിലകൊള്ളുന്നത്. ഇതിന്റെ വാസ്തവസ്ഥിതി എങ്ങിനെ ഇരുന്നാലും തക്സാപഠിതാക്കളും പരിശോധനകന്മാരായ പണ്ഡിതന്മാർ ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്ന ചില വസ്തുതകളുണ്ട്.

## 1. അപ്പസ്തോലോത്ഭവം

കുർബാനക്രമങ്ങളുടെ ഉത്ഭവസ്ഥാനം ഒന്നുതന്നെയാണ് എന്ന് എല്ലാവരും സമ്മതിക്കുന്നു. ക്രിസ്തു തന്റെ ഉയിർത്തെഴുന്നേല്പിനും സ്വർഗ്ഗാരോഹണത്തിനുമിടയ്ക്കുള്ള നാല്പതുദിവസം ശിഷ്യന്മാരെ പലതും പഠിപ്പിച്ച കൂട്ടത്തിൽ വി. കുർബാന അനുഷ്ഠിക്കേണ്ട ക്രമവും അഭ്യസിപ്പിച്ചിരുന്നു. ക്രിസ്തു പഠിപ്പിച്ചതനുസരിച്ച് ശിഷ്യന്മാരും അവരുടെ പിൻഗാമികളും വി. കുർബാനയിലെ പ്രാർത്ഥനകൾ ഓർമ്മയിൽ നിന്നും ചൊല്ലിയാണ് ആദ്യകാലത്തു ദിവബലി അർപ്പിച്ചുകൊണ്ടിരുന്നത്. പില്ക്കാലത്തു - നാലാം നൂറ്റാണ്ടിൽ - മാത്രമാണു അവ ഓരോന്നും വ്യവസ്ഥാപിതരീതിയിൽ രേഖപ്പെടുത്തപ്പെട്ടത്.

## 2. വ്യത്യാസങ്ങൾ

വി. കുർബാനക്രമങ്ങൾ പലതും നാലാം നൂറ്റാണ്ടോടുകൂടെ രേഖപ്പെടുത്തിയെങ്കിലും പിന്നീടും ഓരോ കാലത്തും ഓരോ ക്രമങ്ങളിലും, പ്രാർത്ഥനാരിതിയിലും, ആചാരാനുഷ്ഠാനങ്ങളിലും പല ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പാശ്ചാത്യപൗരസ്ത്യറീത്തുകളിലെ കുർബാനക്രമങ്ങളിലെല്ലാം പലതും കൂട്ടിച്ചേർക്കുകയും, ചിലത് എടുത്തുകളയുകയും ചിലവയിൽ ഭേദം വരുത്തുകയും ചെയ്തിട്ടുണ്ട്. റോമൻ തക്സായിൽ പോലും പതിനാറു നൂറ്റാണ്ടുകാലത്തോളം ഇപ്രകാരമുള്ള വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടിരുന്നുവത്രേ. 16-ാം നൂറ്റാണ്ടിൽ നടത്തപ്പെട്ട ത്രന്തോസ് സുന്നഹാദോസിൽ വെച്ചാണ് റോമൻതക്സായ്ക്ക് ഐകരൂപ്യം വരുത്തിയത്. പീയൂസ് പഞ്ചമൻ മാർപ്പാപ്പാ 1570-ൽ പ്രസിദ്ധപ്പെടു

ത്തിയ 'ക്വാംപ്രീമും' എന്ന ചാക്രികലേഖനത്തിൽ റോമൻ റീത്തുപയോഗിക്കുന്ന സകലരും വ്യത്യാസം വരുത്തരുതെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.

## 3. സാരാംശത്തിൽ സാമ്യം

പുരാതനതക്സാകളെയെല്ലാം പരിശോധിച്ചിട്ടുള്ള പണ്ഡിതന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിട്ടുള്ള വേറൊരു വാസ്തവം സാരാംശത്തിൽ ഈ തക്സാകളെല്ലാം തമ്മിൽ യോജിക്കുന്നു എന്നുള്ളതാണ്. വി. കുർബാനയിലെ അപ്പവും വീഞ്ഞും കർത്താവിന്റെ തിരുശരീരരക്തങ്ങളായി ഭേദപ്പെടുമെന്നും വി. കുർബാന ബലിയാണെന്നും ഉള്ള വിശ്വാസം, പരിശുദ്ധന്മാരോടുള്ള അപേക്ഷകൾ, പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ എന്നിവ ഈ തക്സാകളിലെല്ലാം ഒരുപോലെ കാണുന്നുണ്ട്. 16-ാം നൂറ്റാണ്ടിൽ യുറോപ്പിലുണ്ടായ നവീകരണക്കാർ പുരാതന തക്സാകളിൽ നിന്നും പലഭാഗങ്ങളും വെട്ടിനീക്കിക്കളയുകയാണുണ്ടായത്. ഈ അടുത്തകാലത്ത് കേരളത്തിലെ മാർത്തോമ്മാക്കാരും പലഭാഗങ്ങളും തക്സായിൽനിന്നു യഥേഷ്ടം വ്യത്യാസപ്പെടുത്തിയിട്ടുണ്ട്.

## അദ്ധ്യായം – 20

# കത്തോലിക്കാപുനരൈക്യാലോചനകളും കഥാപുരുഷന്റെ ആത്മകഥാകഥനവും

**മ**ലങ്കര ഓർത്തഡോക്സു സഭയിലെ കാതോലിക്കാബാവായും, മാർ ഈവാനിയോസ് ഉൾപ്പെടെയുള്ള ഇതരമെത്രാന്മാരും കൂടെ നടത്തിയ കത്തോലിക്കാപുനരൈക്യപരിശ്രമങ്ങൾ, അതു സംബന്ധമായി നടന്ന ആലോചനകൾ, അന്ത്യോഖ്യായിലേക്കും അനന്തരം റോമിലേക്കും അയച്ച എഴുത്തുകൾ, അവയ്ക്കു ലഭിച്ച മറുപടികൾ, ഇതരമെത്രാന്മാരുടെ പിന്മാറ്റം, കഥാപുരുഷന്റെ കത്തോലിക്കാസഭാപ്രവേശം എന്നിത്യാദി നിരവധി സംഭവവികാസങ്ങൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ സവിസ്തരം പ്രതിപാദിക്കുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ അതിനുമുമ്പ് കത്തോലിക്കാസഭയോട് അനുഭാവമുണ്ടാകുന്നതിനും, പുനരൈക്യാർത്ഥം പരിശ്രമിക്കുന്നതിനും കഥാപുരുഷനു പ്രേരണനല്കിയ ഏതാനും സംഗതികൾ ഈ അദ്ധ്യായത്തിൽ രേഖപ്പെടുത്തുവാനുദ്ദേശിക്കുന്നു.

കത്തോലിക്കാസഭാപുനരൈക്യത്തിനുള്ള ആഗ്രഹം കഥാപുരുഷന്റെ മനസ്സിൽ അങ്കുരിച്ചത് എന്നാണെന്നുള്ള ചോദ്യത്തിനു സുനിശ്ചിതമായ ഉത്തരം നല്കുവാൻ സാധിക്കുന്നതല്ല. അകത്തോലിക്കാസഭകളിൽ നിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ളവയെല്ലാംതന്നെ സത്യാന്വേഷണവീഥിയിൽ വിവിധപടികൾ തരണം ചെയ്തിട്ടാണ് അവസാനം സഭാപരിവർത്തനത്തിന് ഉദ്യുക്തരായിട്ടുള്ളതെന്ന് അവരോരോരുത്തരുടേയും പുനരൈക്യചരിത്രം തെളിയി

ക്കുന്നു. മാർ ഈവാനിയോസു തിരുമേനിയുടെ പരിവർത്തനവും ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ലെന്ന് അദ്ദേഹത്തിന്റെ പുനരൈക്യസംരംഭചരിത്രം പ്രസ്പഷ്ടമാക്കുന്നുണ്ട്.

യാക്കോബായസഭയിലെ കക്ഷിവഴക്കുകളിലും, വ്യവഹാര മൽസരങ്ങളിലും, അധികാരവടംവലികളിലും ഉൾപ്പെടുന്നതിനും അവയിലെല്ലാം ഒരു പ്രധാനഭാഗം വഹിക്കുന്നതിനും ഇടയായതിനാൽ "മലങ്കരസഭയുടെ അടിത്തട്ടിൽ ഊറിക്കിടക്കുന്ന മ്ലേഛതകളെ കാണുവാനും മണക്കുവാനും"(ഗിരിദീപം പുറം - 1) ഉള്ള നിർഭാഗ്യം കത്തോലിക്കാപുനരൈക്യത്തിന് അനേകവർഷങ്ങൾക്കുമുമ്പുതന്നെ അദ്ദേഹത്തിനു സിദ്ധിക്കയുണ്ടായി. കോട്ടയം എം.ഡി. സെമിനാരി പ്രിൻസിപ്പളായിരുന്നപ്പോഴും സെറാമ്പൂർ കോളേജ് പ്രൊഫസർ ആയിരുന്ന അവസരത്തിലും കത്തോലിക്കാമതസംബന്ധമായ അനേകം പുസ്തകങ്ങൾ വായിക്കുന്നതിനും, വൈദികന്മാരും അത്മേനികളുമായ ഒട്ടനേകം കത്തോലിക്കാപണ്ഡിതന്മാരുമായി മതസംബന്ധമായ സംഭാഷണം നടത്തുന്നതിനും, നിരവധി കത്തോലിക്കാസ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുമുള്ള ഭാഗ്യം വന്ദ്യതിരുമേനിക്കു ലഭിച്ചിട്ടുണ്ട്. കത്തോലിക്കാസഭയുടെ ഭരണഘടന, വിശ്വാസസംഹിത, ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രസ്തുതസഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പരോപകാരപ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി അതിയായ ബഹുമാനം കഥാപുരുഷനിൽ ഉളവാക്കുന്നതിന് ഇവയെല്ലാം പര്യാപ്തമായിത്തീർന്നു.

യാക്കോബായ സഭയുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി സന്ന്യാസാശ്രമവും മഠവും സ്ഥാപിക്കുന്നതിനു വന്ദ്യതിരുമേനി സന്നദ്ധനായതു അവിടന്നു സെറാമ്പൂർ കോളേജിൽ പ്രൊഫസർ ഉദ്യോഗം നിർവ്വഹിച്ച അവസരത്തിലായിരുന്നുവല്ലോ. കത്തോലിക്കാസന്ന്യാസ സമൂഹാംഗങ്ങൾ ലോകമെങ്ങും ചെയ്തുകൊണ്ടിരിക്കുന്ന നിസ്തന്ദ്ര സേവനങ്ങൾ കണ്ടും കേട്ടും ഗ്രഹിച്ചതിന്റെ ഫലമായിട്ടായിരുന്നു ഇപ്രകാരമുള്ള സന്ന്യാസ സമൂഹ സ്ഥാപനത്തിനു വന്ദ്യതിരുമേനി സമുദ്യുക്തനായതു. ബഥനി "മിശിഹാനുകരണ സന്ന്യാസസമൂഹ" ങ്ങളുടെ നിയമാനുഷ്ഠാനങ്ങളും, ആചാരരീതികളും, ധ്യാനപരിപാടികളും കത്തോലിക്കാസഭയിലെ സന്ന്യാസസമൂഹങ്ങളുടെ നിയമാവലികളിൽ നിന്നും സ്വീകരിച്ചവയായിരുന്നു. ഇക്കാര്യത്തിൽ കർമ്മലീത്താസന്ന്യാസസമൂഹാംഗങ്ങളായ വൈദികരുടെ

സഹകരണങ്ങൾ അക്കാലത്തു വന്ദ്യതിരുമേനിക്കു ലഭിക്കയുണ്ടായി. തന്നിമിത്തമായിരിക്കാം ചിന്താശീലന്മാരായ പല അകത്തോലിക്കരും ബഥനി ആശ്രമത്തിന്റെയും മഠത്തിന്റെയും സ്ഥാപനകാലത്തുതന്നെ "ഇവയെല്ലാം അവസാനം റോമാസഭയിൽ ചെന്നു ലയിക്കുകയേയുള്ളൂ" വെന്നു പ്രവചിക്കയുണ്ടായത്. അവരുടെ പ്രവചനം നിറവേറ്റിയെന്നുള്ള വാസ്തവം അനന്തരസംഭവഗതികൾ തെളിയിക്കുകയും ചെയ്യുന്നു.

ഇങ്ങനെ കത്തോലിക്കസഭയെപ്പറ്റി അതിയായ ബഹുമാനത്തോടുകൂടെ നിലകൊണ്ടിരുന്ന അവസരത്തിലായിരുന്നു വന്ദ്യതിരുമേനി മെത്രാൻ സ്ഥാനത്തേയ്ക്കു നിയുക്തനായത്. യാക്കോബായ സഭയിൽ മെത്രാൻസ്ഥാനം ഏല്ക്കുന്നതിനു മുമ്പു കല്ക്കദോനിയാ സുന്നഹദോസിനെയും ലെയോ മാർപ്പാപ്പായെയും ശപിച്ചുകൊണ്ടുള്ള വാചകം ചൊല്ലുകയും അതിൽ ഒപ്പിടുകയും ചെയ്യണമെന്നുള്ള നിയമമനുസരിച്ചു പ്രവർത്തിക്കുവാൻ തിരുമേനി വൈമനസ്യം പ്രകടിപ്പിച്ചു. കല്ക്കദോനിയാസുന്നദോസിനെയും ലെയോ മാർപ്പാപ്പായെയും ശപിക്കുവാൻ താൻ സന്നദ്ധനല്ലെന്നും, അപ്രകാരം ശപിച്ച ശേഷം മാത്രമെ മെത്രാനായി തന്നെ അഭിഷേചിക്കയുള്ളുവെങ്കിൽ മെത്രാൻസ്ഥാനം സ്വീകരിക്കുവാൻ താൻ തയ്യാറില്ലെന്നും അഭിഷേചനകർമ്മത്തിനായി എത്തിയിരുന്ന മെത്രാന്മാരെ വന്ദ്യതിരുമേനി (അന്നു ഗീവറുഗീസു റമ്പാൻ) അറിയിക്കയുണ്ടായി. ഇതിങ്കൽ ഇതികർത്തവ്യതാമൂഢരായിത്തീർന്ന കത്തോലിക്കാ ബാവായും മെത്രാന്മാരും അവസാനം "ശാപവചനം" ചൊല്ലിക്കാതെയും അതിൽ ഒപ്പിടുവിക്കാതെയും "മാർ ഈവാനിയോസു" എന്ന അഭിധാനത്തിൽ കഥാപുരുഷനെ മെത്രാനായി അഭിഷേചിക്കയാണുണ്ടായത്. വന്ദ്യതിരുമേനിക്കു കത്തോലിക്കാസഭയോടുണ്ടായിരുന്ന അനുഭാവത്തിന്റെയും ബഹുമാനത്തിന്റെയും പ്രത്യക്ഷലക്ഷ്യങ്ങളായിരുന്നു ഇവയെല്ലാം.

## ക്രൈസ്തവപുനരൈക്യത്തെപ്പറ്റി ചെയ്തപ്രസംഗം

മെത്രാഭിഷേകാനന്തരം നിരണത്തു വെച്ചു നടന്ന അനുമോദന മഹായോഗത്തിൽ വന്ദ്യതിരുമേനി ചെയ്ത സുദീർഘമായ പ്രസംഗത്തിൽ ക്രൈസ്തവസഭയുടെ പുനരൈക്യത്തെ ആസ്പദമാക്കി ശക്തിയുക്തം ഏതാനും കാര്യങ്ങൾ പ്രസ്താവിക്കയുണ്ടായി. *പ്രസ്തുത

* പ്രസ്തുത പ്രസംഗം ചിലഭാഗങ്ങൾ മാത്രം വിട്ടുകൊണ്ട് ഈ ഗ്രന്ഥത്തിന്റെ 13-ാം അദ്ധ്യായത്തിൽ ചേർത്തിരുന്നത് അനുവാചകന്മാർ വിസ്മരിച്ചിരിക്കുകയില്ലല്ലോ. (ഗ്രന്ഥകർത്താ)

പ്രസംഗത്തിൽ നിന്നും ആ ഭാഗം മാത്രം ചുവടെ ചേർത്തുകൊള്ളുന്നു:-

"കേരളത്തിലുള്ള സുറിയാനിക്രിസ്ത്യാനികളെല്ലാവരും പഴയ കാലത്തു ഒരു സഭയായിരുന്നപ്രകാരം വീണ്ടും യഥാർത്ഥമായ പുനരൈക്യം പ്രാപിച്ചു "ഒരു സഭയും ഒരു ഇടയനും" എന്ന വിശുദ്ധ വേദോക്തിയെ കേരളീയസുറിയാനിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും യഥാർത്ഥീരിക്കാൻ കാതോലിക്കാബാവാതിരുമേനി ശ്രമിക്കേണ്ടതാണ്. ഈ വിഷയത്തിൽ മഹാജനങ്ങളെ, നിങ്ങൾക്ക് ഗൗരവയുക്തമായ ചുമതലയുണ്ട്. സാമൂഹ്യാചാരങ്ങൾ, രാഷ്ട്രീയ ചുമതലകൾ, പൂർവ്വ ചരിത്രം, സംസാരഭാഷ, വൈദികഭാഷ മുതലായ വിഷയങ്ങളെ സംബന്ധിച്ചു കേരളസുറിയാനിക്കാരെല്ലാവരും തമ്മിൽ ഐക്യമുണ്ട്. അവർ യഥാർത്ഥത്തിൽ ഒരു സമുദായമാണ്. മതസംബന്ധമായ വിഷയങ്ങളിൽ മാത്രം ഭിന്നതയും പിരിച്ചിലും സംഭവിച്ചിരിക്കുന്നു. മതസംബന്ധമായ വിഷയങ്ങളിൽകൂടെയും എല്ലാ സുറിയാനിക്രിസ്ത്യാനികളും തമ്മിൽ യോജിപ്പുണ്ടാകുവാൻ തക്കവണ്ണം വന്ദ്യതിരുമേനികളും അവരോടു ചേർന്നു നിങ്ങളും മനഃപൂർവ്വമായി പരിശ്രമിക്കേണ്ടിയിരിക്കുന്നു.

കക്ഷിവഴക്കിൽ ആസക്തിയുള്ളവർ ധാരാളം ശകാരം പറഞ്ഞേക്കാമെന്ന് എനിക്കു അറിയാം. എന്നാൽ അങ്ങനെയുള്ള ഘട്ടങ്ങളിൽ വിനയവും, ക്ഷമയും, ചാഞ്ചല്യരഹിതമായ ദൈവവിശ്വാസവും എന്നിലുണ്ടാകുന്നതിന് സംഗതിയാകുന്ന പക്ഷം- അതിലേക്കായി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം- അതുദൈവത്തിന്റെ മഹത്വത്തിനും നിങ്ങൾക്കു അനല്പമായ ഉത്തമദൃഷ്ടാന്തത്തിനും കാരണമായിത്തീരുമല്ലോ എന്നു ഞാൻ കരുതുന്നു. നമ്മുടെ ഈ തലമുറയിൽ മലങ്കരസുറിയാനിസമുദായം രണ്ടായി ഭിന്നിച്ചുപോകാൻ നാം സമ്മതിക്കരുത്. പിരിച്ചിലിനെ തടയുവാനും പരസ്പരസ്നേഹം വർദ്ധിപ്പിക്കുവാനും വേണ്ടി ക്രിസ്തീയമായി എന്തെല്ലാം ശ്രമങ്ങൾ ചെയ്യുന്നതിനു നമ്മേക്കൊണ്ടു കഴിയുമോ അതെല്ലാം നാം ചെയ്യണം. എത്രത്തോളം ക്ഷമിക്കയും സഹിക്കയും ചെയ്യാമോ അത്രത്തോളം സഹിപ്പാനും ക്ഷമിപ്പാനും നാം തയ്യാറാകണം. ഇപ്പോൾ ഉണ്ടായിട്ടുള്ള ഭിന്നതയെ അവസാനിപ്പിക്കുന്ന വിഷയത്തിൽ മാത്രമല്ല നാമും കാതോലിക്കാബാവാതിരുമേനിയും ഉദ്യമിക്കാനുള്ളത്.

ഏകദേശം അൻപതു സംവൽസരക്കാലങ്ങൾക്കു മുമ്പു ഇക്കഴിഞ്ഞ പ്രാവശ്യം ചെയ്തതു പോലെ ശീമക്കാർ പ്രയോഗിച്ച ദുർന്നയം

മൂലം–ഇത്തരം ദുർന്നയത്തെ അനുകൂലിപ്പാൻ ഇന്നത്തെപ്പോലെ അന്നും ഇന്നാട്ടിൽ ആളുകൾ ഉണ്ടായിരുന്നെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു– നമ്മിൽ നിന്നും പിരിയുന്നതിനു നിർഭാഗ്യമാണ്ടായ മാർത്തോമ്മാസമുദായവുമായി യോജിപ്പാൻ നാം സർവ്വാത്മനാ പരിശ്രമിക്കണം. നമ്മിൽ നിന്നും വേർപെടുവാൻ അവർക്കു നിർഭാഗ്യമുണ്ടായി. സത്യംതന്നെ. അവരെ പിരിച്ചുവിട്ടവരായ നമ്മുടെ നിർഭാഗ്യമാണ് അവരുടേതിനെക്കാൾ കൂടുതലായ നിർഭാഗ്യമെന്നും ദൈവമുമ്പാകെ അതു കുറ്റകരമെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. അവരിൽ എന്തെല്ലാം കുറവുകൾ ഉണ്ടായിരുന്നാലും അവരുടെ നേരെ നാം പ്രവർത്തിച്ച സംപ്രദായം സ്നേരഹിതവും തന്നിമിത്തം അക്രൈസ്തവവുമായിരുന്നു എന്നു മാത്രമല്ല, അവരെ സംബന്ധിച്ചു നാം പ്രസ്താവിച്ച പല അഭിപ്രായങ്ങളും ഉപദേശങ്ങളും കേവലം അടിസ്ഥാന രഹിതങ്ങളും അസത്യങ്ങളുമായിരുന്നു എന്നതും നാം ഓർക്കേണ്ടതാണ്. അപ്പസ്തോലികവും കാതോലികവുമായ അടിസ്ഥാനതത്വങ്ങളിൽ നിന്നും ഏറെക്കുറെ വ്യതിചലിപ്പാൻ നമ്മുടെ സഹോദരങ്ങളായ അവർക്കു സംഗതിയായതു കാതോലിക്കാസഭാതത്വങ്ങൾ ക്രിസ്തീയ ജീവിതത്തെ പുണ്യപരിപൂർണ്ണമാക്കി ചെയ്വാൻ ദൈവം ലോകത്തിനു ഭരമേല്പിച്ചിട്ടുള്ള സത്യം തന്നെയാണെന്നു നമ്മുടെ സഭയുടെയും സഭാംഗങ്ങളുടെയും ജീവിതത്തിൽ സാക്ഷാൽക്കരിച്ചു ഉത്തമദൃഷ്ടാന്തം കാണിച്ചുകൊടുപ്പാൻ നമ്മെക്കൊണ്ടു സാധിക്കാതെ പോയതുകൊണ്ടാണ്.

മലങ്കരസഭയിലുണ്ടായിട്ടുള്ള ഭിന്നത അവസാനിപ്പിക്കയും കാതോലികമായ അടിസ്ഥാനത്തിന്മേൽ മാർത്തോമ്മാസഭയുമായി പുനരൈക്യം സ്ഥാപിക്കയും ചെയ്യുന്നതുകൊണ്ടു മാത്രം നാം സംതൃപ്തിപ്പെട്ടു കൂടാ. കേരളീയസുറിയാനിക്കാരിൽ ഭൂരിപക്ഷം ജനങ്ങൾ സർവ്വലോകവ്യാപകത്വമുള്ള റോമൻ കത്തോലിക്കസഭയിൽ ഉൾപ്പെട്ടു നില്ക്കുന്നവരാണ്. ഇവരും നമ്മുടെ അസ്ഥിയിൽ നിന്നു അസ്ഥിയും മാംസത്തിൽ നിന്നു മാംസവും ആകുന്നു. പഴയകുറ്റുകാർ എന്നു പറഞ്ഞുവരുന്ന ഈ വലിയ ജനസമുദായവും പുത്തൻകുറ്റുകാരെന്നു പറഞ്ഞുവരുന്ന ശേഷം സുറിയാനിക്കാരും തമ്മിൽ ഐക്യം ഉണ്ടാകുക എന്നുള്ളതു ഏറ്റവും ആവശ്യമാണ്. കേവലം രാഷ്ട്രീയവും സാമുദായികവുമായ ഉൽക്കർഷത്തെപ്പറ്റിമാത്രം ചിന്തിക്കുന്ന സമുദായാഭിമാനികൾക്കു പോലും സർവ്വസുറിയാനിജനങ്ങളും ഒത്തൊരുമിച്ചു ഏകസഭയായിത്തീരണമെന്ന് ആഗ്രഹമുണ്ടു. കേവലം സാമുദായികമോ രാഷ്ട്രീയമോ ആയ ഉദ്ദേശത്തെലാക്കാക്കിക്കൊണ്ടു മാത്രമല്ല ഈ

സംഗതി ഇവിടെ പ്രസ്താവിക്കുന്നത്. ലോകരക്ഷകനായ യേശുമിശിഹാ താഴെക്കാണുന്നപ്രകാരം പിതാവായ ദൈവത്തോടു പ്രാർത്ഥിച്ചിട്ടുള്ളതായി നിങ്ങൾക്കറിയാമല്ലോ. “പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നപ്രകാരം ഇവരും നമ്മിൽ ഒന്നായിരിക്കുന്നതിനു സംഗതിയാക്കേണമേ.” ഈ പ്രാർത്ഥന ഈ രാജ്യത്തും നമ്മുടെ ഈ തലമുറയിലും ഫലിച്ചുകാണുന്നതിനു ദൈവവിശ്വാസത്തോടും താഴ്മയോടും കൂടി കാതോലിക്കാബാവാതിരുമേനിയും നാമെല്ലാവരുംകൂടി ഒത്തൊരുമിച്ചു ശ്രമിക്കുന്നതായാൽ അതിൽപ്പരം ഒരുഭാഗ്യം കേരളീയസുറിയാനിക്കാരായ നമുക്കു ഉണ്ടാകാനുണ്ടോ?

കഴിഞ്ഞ പത്തുനുറ്റുസംവൽസരങ്ങളായി ക്രിസ്തീയസഭയിൽ പ്രബലപ്പെട്ടു വന്ന ഒരു ശക്തി, വിപ്ലവങ്ങളും ഭിന്നതകളും നിമിത്തം സഭ പലപലശാഖകളായി പിരിഞ്ഞു ക്ഷയിച്ചുപോകുവാൻ സഹായിക്കുന്ന ശക്തിയായിരുന്നു. ക്ഷയോൻമുഖമായ ഈ ശക്തിക്കു ക്രിസ്ത്യാനികൾ അധീനപ്പെട്ടു പോകുന്നതു എത്രയും അബദ്ധമാണെന്നു ലോകത്തിൽ എവിടെയും കാര്യവിവരമുള്ളവർക്കു ഇപ്പോൾ ബോദ്ധ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ ക്രിസ്തീയ സഭാനേതാക്കന്മാരുടെ അന്തരംഗത്തിൽ പ്രതിഷ്ഠാപിതമായിരിക്കുന്ന ആഗ്രഹം ക്രസ്തീയസഭയുടെ പുനരൈക്യം കഴിയുന്നതും എളുപ്പത്തിൽ സാധിക്കണമെന്നുള്ളതാണ്. റോമൻ കത്തോലിക്കാസഭയും യൌനായ സഭയും ആംഗ്ലേയസഭയും ശേഷമുള്ള ചെറിയ സഭകൾ മിക്കതും പുനരൈക്യത്തിനായി ആഗ്രഹിക്കയും,പുനരൈക്യത്തിനു പ്രതിബന്ധമായി നില്ക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള നിർബന്ധം സാരാംശസത്യത്തിനു ഭംഗം വരുത്താതെ നിവൃത്തിയുള്ളടത്തോളം ഒഴിച്ചു വെച്ചു അന്യോന്യം വിട്ടുവീഴ്ച ചെയ്തു പുനരൈക്യപന്ഥാവു സുഗമമാക്കിത്തീർക്കുകയും ചെയ്യുന്നതിന് ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ക്രൈസ്തവവലോകത്തിൽ ആകപ്പാടെ വ്യാപിച്ചു തുടങ്ങിയിരിക്കുന്ന ഈ പുനരൈക്യാത്മാവു ഈ കേരളത്തിൽ അനന്യസാധാരണമായ ശക്തിയോടുകൂടി വ്യാപിച്ചു പ്രബലപ്പെടുന്നതിനു വേണ്ട ശ്രമങ്ങൾ ഈ കാതോലിക്കാബാവാതിരുമേനി ചെയ്യുമെന്നു വിശ്വസിക്കുന്നു. നമ്മുടെ സഭയിലും സമീപസഭകളിലും ഉള്ള സഭാദ്ധ്യക്ഷന്മാരുമായി സ്നേഹവിനയപുരസ്സരം സൗഹാർദ്ദബുദ്ധ്യാ വേണ്ട ആലോചനകൾ നടത്തുന്നതിനു തിരുമേനിക്കും എല്ലാ സഭകളിലെ നേതാക്കന്മാർക്കും ഭാഗ്യമുണ്ടായാൽ അതല്ലയോ പരമഭാഗ്യം!” (ബഥനി മാസിക. 1925 ജൂൺലക്കം)

കത്തോലിക്കാസഭയോടു പനരൈക്യപ്പെടുന്നതിനു അഞ്ചുവർഷ ങ്ങൾക്കുമുമ്പു കഥാപുരുഷൻ ചെയ്ത ഈപ്രസംഗത്തിൽ നിന്നും ക്രൈസ്തവപുനരൈക്യത്തിനു അദ്ദേഹത്തിനുണ്ടായിരുന്ന ആഗ്രഹം വ്യക്തമാകുന്നതാണ്.

*            *            *            *

അന്ത്യോഖ്യായിലെ സുറിയാനി കത്തോലിക്കാപാത്രിയർക്കീസാ യിരുന്ന റഹമാനിയുമായി പുനരൈക്യസംബന്ധമായ എഴുത്തു കുത്തു കൾ നടത്തുന്നതിനു കഥാപുരുഷൻ ആരംഭിച്ചതു മെത്രാഭിഷേകാന ന്തരമായിരുന്നു. പരേതനായ കാതോലിക്കാബാവായും ഇപ്പോഴത്തെ കാതോലിക്കാബാവായും (അന്ന് മാർ ഗ്രീഗോറിയോസു മെത്രാൻ) ഏതാദൃശ എഴുത്തുകുത്തുകൾ നടത്തുന്നതിൽ വന്ദ്യതിരുമേനിക്കു വേണ്ട ആലോചനകളും പ്രേരണകളും നല്കിയിരുന്നുവെന്നും അക്കാ ലത്തു അവരെല്ലാം കത്തോലിക്കാപുനരൈക്യത്തിനു സന്നദ്ധത പ്രദർശിപ്പിച്ചിരുന്നുവെന്നും പ്രസ്തുത കത്തുകളിൽ നിന്നും സ്പഷ്ട മായി തെളിയുന്നതാണ്.* കഥാപുരുഷന്റെ മരണത്തിനു ഏതാനും വർഷങ്ങൾക്കു മുമ്പു എഴുതിവെച്ചിരുന്ന "ആത്മകഥാകഥന"ത്തിൽ നിന്നും പ്രസ്തുത കത്തുകളെയും പുനരൈക്യാലോചനകളെയും കുറിച്ചു വിശദമായി ഗ്രഹിക്കാവുന്നതാകയാൽ അതിൽ നിന്നും ഏതാനും ഭാഗങ്ങൾ ചുവടേ ഉദ്ധരിച്ചുകൊള്ളുന്നു:-

**ആത്മകഥാകഥനം**

"പഴയ സെമ്മനാരിയുടെയും പരുമല സെമ്മനാരിയുടെയും മറ്റും കൈവശം വട്ടശ്ശേരിൽ മെത്രാപ്പോലീത്തായ്ക്കു ഉറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹം യാക്കോബായപാത്രിയർക്കീസിനെ കണ്ടു സമാധാനപദ്ധതി ആലോചിപ്പാനായി മർദ്ദീനിലേക്കു പോയി. കൂടെ തിരുവനന്തപുരം പള്ളിവികാരിയായിരുന്ന അബ്രഹാം കത്തനാരെയും ചെറിയമഠത്തിൽ സ്കറിയാകത്തനാരെയും കൊണ്ടുപോയിരുന്നു. ആ യാത്രയിൽ ഉണ്ടായ ചില സംഭവങ്ങൾ മെത്രാപ്പോലീത്താ ബോംബയിൽ മടങ്ങി എത്തിയ ശേഷം അദ്ദേഹത്തെ സ്വീകരിക്കുവാൻ ബോംബയിലേക്കു പോയിരുന്ന നമ്മോടു പറഞ്ഞു കേൾപ്പിച്ചു.

* പ്രസ്തുത കത്തുകൾ ഈ ഗ്രന്ഥത്തിന്റെ തുടർന്നുള്ള അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്. (ഗ്രന്ഥകർത്താ)

മർദ്ദീനിലേക്കുള്ള യാത്രാമദ്ധ്യേ ബാഗ്ഡാഡിൽ വച്ചു മാർപ്പാപ്പായുടെ കീഴിൽ സുറിയാനി പാത്രിയർക്കീസായിരുന്ന റഹമാനി പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലുള്ള സുറിയാനി മെത്രാപ്പോലീത്തായെ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ സന്ദർശിച്ചുവെന്നും, യാക്കോബായ പാത്രിയർക്കീസുമായുള്ള സന്ധിയാലോചന വിഫലമാകുന്ന പക്ഷം കത്തോലിക്കാസഭയിലേക്കു യോജിക്കുന്നതിനുള്ള പ്രാരംഭമായി ബാഗ്ഡാഡ് മെത്രാപ്പോലീത്തായുമായി പരിചയം സമ്പാദിക്കുന്നതിനായിരുന്നു ഈ സന്ദർശനമെന്നും, ആ സന്ദർശനവേളയിൽ കത്തോലിക്കാപുനരൈക്യത്തെപ്പറ്റി യാതൊന്നും സംസാരിച്ചില്ലെന്നും, മടങ്ങിവരുമ്പോൾ ആ കാര്യം ആലോചിക്കണമെന്നായിരുന്നു ഉദ്ദേശമെന്നും നമ്മോടു പറഞ്ഞു. മടക്കയാത്രയിലും ബാഗ്ഡാഡിലെ മെത്രാപ്പോലീത്തായെ വീണ്ടും സന്ദർശിച്ചു, ആ അവസരത്തിൽ യാക്കോബായപാത്രിയർക്കീസിന്റെ പ്രതിനിധിയായ മാർ യൂലിയോസ് മെത്രാപ്പോലീത്താകൂടെയുണ്ടായിരുന്നതുകൊണ്ടു കത്തോലിക്കാസഭയുമായി യോജിക്കുന്ന വിഷയത്തെപ്പറ്റി യാതൊന്നും സംസാരിക്കുന്നതിനു അവസരം ലഭിച്ചില്ലെന്നും പറഞ്ഞു. ബോംബയിൽ നിന്നും എറണാകുളത്തേയ്ക്കുള്ള തീ വണ്ടിയാത്രയിലാണു ഈ വിവരം നമ്മോടു പറഞ്ഞത്.

കുറേനാൾ കഴിഞ്ഞപ്പോൾ റഹമാനി പാത്രിയർക്കീസിന്റെ ഒരു കത്തു പരുമല വെച്ചു മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായ്ക്കു കിട്ടി. ആ കത്തിലെ ഉള്ളടക്കം സംബന്ധിച്ചു ആലോചിക്കുന്നതിനായി നമ്മെ പരുമല സെമിനാരിയിലേക്കു ക്ഷണിച്ചു വരുത്തി കത്തു നമ്മെ ഏല്പിച്ചു. അതു വായിച്ചുനോക്കി മറുപടി എഴുതണമെന്നു നമ്മോടാവശ്യപ്പെട്ടു. അതിന്റെ ഉള്ളടക്കം ഏകദേശം താഴെക്കാണുന്നപ്രകാരമായിരുന്നു:-

“മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു കർത്താവിൽ സമാധാനം! നിങ്ങൾ ഈ ദേശത്തു സഞ്ചരിക്കുകയും നമ്മുടെ അധികാരത്തിൻ കീഴിലുള്ള ബാഗ്ഡാഡു മെത്രാപ്പോലീത്തായെ സന്ദർശിക്കുകയും ചെയ്തതായി അറിയുന്നതിൽ നാം സന്തോഷിക്കുന്നു. എന്നാൽ നിങ്ങൾ നമ്മുടെ വാസസ്ഥലത്തേയ്ക്കു വന്നു നമ്മെ കാണുവാൻ സൌകര്യപ്പെട്ടില്ലല്ലോ എന്നു നാം ഖേദിക്കുന്നു. നിങ്ങൾ നമ്മെ സന്ദർശിച്ചിരുന്നെങ്കിൽ നിങ്ങളോടു നമുക്കു പറയുവാനുള്ളതു നാം കത്തു മുഖേന അറിയിക്കുന്നു. മലങ്കരയുള്ള നിങ്ങളുടെ സഭ അന്ത്യോ

ഖ്യാസഭയുടെ വിശ്വാസാചാരങ്ങളും തക്സാകളും പരിരക്ഷിച്ചു വരികയാണല്ലോ. ലോകമാസകലം ഒരിടയനും ഒരു ആട്ടിൻതൊഴുത്തും ആയിരിക്കണമെന്നു നമ്മുടെ കർത്താവു അരുളിച്ചെയ്തിരിക്കുന്ന തിരുവചനത്തെ ആസ്പദമാക്കി നിങ്ങളും മലങ്കരയുള്ള സഭ മുഴുവനും നമ്മോടു യോജിക്കണം. നാം കാതോലിക്കാഐക്യത്തിൽ റോമാമാർപ്പാപ്പായോടുള്ള വിശുദ്ധ സംസർഗ്ഗത്തിൽ ജീവിക്കുന്നു. നിങ്ങൾ യോജിക്കുന്നപക്ഷം അന്ത്യോഖ്യാസഭയുടെ പുരാതനകാനോനാകളും, തക്സാകളും, ആരാധനക്രമങ്ങളും മേലിലും പാലിച്ചു പോകുവാൻ തക്കവണ്ണം വേണ്ട സൌകര്യങ്ങളെല്ലാം നിങ്ങൾക്കു ലഭിക്കും. നിങ്ങളുടെയിടയിൽ നിന്നുതന്നെ നാട്ടുകാരായ ആളുകളെ കാതോലിക്കയായും മെത്രാപ്പോലീത്താ ആയും എപ്പിസ്കോപ്പന്മാരായും തലമുറ തലമുറയായി ലഭിക്കുമെന്നു ഉറപ്പു തരുന്നു. ഇതെപ്പറ്റി നിങ്ങൾ ചിന്തിച്ചു സന്തോഷപരമായ മറുപടി അയയ്ക്കുമെന്നു പ്രതീക്ഷിക്കുന്നു.''

ഈ കത്തിനു മറുപടി അയയ്ക്കുന്നതിനു മെത്രാപ്പോലീത്താ നമ്മെ ചുമതലപ്പെടുത്തിയശേഷം ഇപ്രകാരം പറഞ്ഞു:-

''യോജിക്കുന്നതിന് എനിക്ക് സമ്മതമാണ്. സഹോദരന്മാരായ മേല്പട്ടക്കാരോടും, പട്ടക്കാരിലും അൽമായക്കാരിലും പ്രധാനന്മാരായവരോടും ആലോചിച്ചശേഷമേ അവസാനതീരുമാനം എഴുതുവാൻ സാധിക്കുകയുള്ളു.''

''യോജിക്കുന്നതിനു സമ്മതമാണെ''ന്നു മെത്രാപ്പോലീത്താ പറഞ്ഞയുടനെ ''അങ്ങനെ എഴുതാമോ'' എന്നു നാം ചോദിക്കയുണ്ടായി. ''അങ്ങനെ എഴുതാം'' എന്നു പറഞ്ഞശേഷമാണു രണ്ടാമത്തെ ആശയം അദ്ദേഹം പ്രസ്താവിച്ചത്.നാം തയ്യാറാക്കിക്കൊടുത്ത മറുപടികോട്ടയത്തു കൊണ്ടുപോയി എന്തോ ഭേദഗതി വരുത്തിമെത്രാപ്പോലീത്തായുടെ ജ്യേഷ്ഠസഹോദരന്റെ മകൻ വി.ഏ. വറുഗീസ് ബി.ഏ. എൽ.റ്റി. യെക്കൊണ്ടു തപാലിൽ രജിസ്റ്റർചെയ്തു അയപ്പിച്ചുവെന്നു പിന്നീടു വി.ഏ. വറുഗീസിൽ നിന്നും അറിയുവാൻ ഇടയായി,

നാം മെത്രാൻസ്ഥാനം ഏറ്റു കുറേനാൾ കഴിഞ്ഞപ്പോൾ വീരരാഘവയ്യങ്കാരുടെ ഹൈക്കോടതിവിധി പ്രബലമായിരുന്ന കാലത്തു മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ പരുമല സെമിനാരിയിലേക്കു കാതോലിക്കാബാവായെയും, മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായെയും, നമ്മെയും ക്ഷണിച്ചു വരുത്തുകയും ഭാവിനടപടികളെപ്പറ്റി

ഞങ്ങൾ മൂന്നുപേരുംകൂടി ആലോചിച്ചു തീരുമാനിക്കണമെന്നും ഞങ്ങൾ ചെയ്യുന്ന തീരുമാനം എന്തായിരുന്നാലും അദ്ദേഹം കൈക്കൊള്ളുന്നതാണെന്നും പറഞ്ഞു. റഹമാനി പാത്രിയർക്കീസിന്റെ കത്തു ഞങ്ങൾ മൂന്നുപേരെയും വേവ്വേറെ കാണിച്ചു സംസാരിക്കുകയും ചെയ്തു. ഞങ്ങൾ സുന്നഹദോസ് കുടി. അദ്ധ്യക്ഷൻ കാതോലിക്കാ ബാവായും നാം സെക്രട്ടറിയുമായി പ്രവർത്തിച്ചു. സുന്നഹദോസിലെ ആലോചനാവിഷയം റോമൻകത്തോലിക്കാസഭയുമായുള്ള പുനരൈക്യമായിരുന്നു. അന്ത്യോഖ്യാസഭയുടെ കാനോനകളും നടപടികളും അംഗീകരിക്കുകയും മലങ്കരയ്ക്കു സ്വദേശികളായ മേലപട്ടക്കാരെ തലമുറ തലമുറയായി ലഭിക്കുകയും ചെയ്യത്തക്കവിധത്തിൽ റോമൻകത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു വേണ്ട എഴുത്തുകുത്തുകൾ നടത്തുന്നതിനു ആ സുന്നഹദോസു നമ്മെ ചുമതലപ്പെടുത്തി. ഇതനുസരിച്ചു റഹമാനി പാത്രിയർക്കീസിനു നാം എഴുതി. അദ്ദേഹത്തിൽ നിന്നും കത്തിനു മറുപടിയും അദ്ദേഹം ഉപയോഗിക്കുന്ന കർബാനതക്സായുടെ അച്ചടിച്ച ഒരു പ്രതിയും ലഭിച്ചു. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ (ഇപ്പോഴത്തെ കാതോലിക്കാബാവാ) തിരുവല്ലാ പാലിയക്കര ബഥനി പള്ളിയിലേക്കു നാം ക്ഷണിച്ചു വരുത്തുകയും ഒരു രാത്രി ആ പള്ളിക്കു പടിഞ്ഞാറുവശമുള്ള ബഥനി അച്ചടിശാലയിൽ വെച്ചു റഹമാനി പാത്രിയർക്കീസിന്റെ കുർബാനതക്സാ ഞങ്ങൾ ഇരുവരും പരിശോധിക്കയും ചെയ്തു. ആ തക്സാ മലങ്കര യാക്കോബായ സഭയിൽ ഉപയോഗത്തിലിരിക്കുന്ന തക്സാ പോലെയാണെന്നും അതു സ്വീകരിക്കണമെന്നും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ നമ്മോടു പറഞ്ഞു. ക്രിസ്താബ്ദം പന്ത്രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന ദിവന്നാസ്യോസു ബർസ്ലിബി എന്ന മെത്രാപ്പോലീത്താ ഉണ്ടാക്കിയതും യാക്കോബായ കുർബാനതക്സായിൽ സ്ഥലം പിടിച്ചിരുന്നതും ആയ "ഹോക്കാനൊ ശാറീറോയിസു" എന്നു ആരംഭിക്കുന്ന കണ്ടിപ്പിന്റെ ശുശ്രൂഷയ്ക്കുള്ള പ്രാർത്ഥനയ്ക്കു പകരം മാർ ദിവന്നാസ്യോസു ബർസ്ലീബിയുടെ ജനനകാലത്തിനു മുൻപു അന്ത്യോഖ്യാസഭയിൽ ഉപയോഗത്തിലിരുന്ന ഒരു പ്രാർത്ഥന ഈ തക്സായിൽ ഉണ്ടായിരുന്നു എന്നുള്ള ഭേദം മാത്രമേ ഞങ്ങൾ കണ്ടുള്ളു. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽ ഈ അപ്പം ഞാൻ കണ്ടിക്കുന്നു". എന്നുള്ള വാചകമാണു ആ തക്സായിൽ ഉണ്ടായിരുന്നത്. ഇതു സ്വീകാര്യമാണെന്നു മാർ ഗ്രീഗോറിയോസു മെത്രാപ്പോ

ലീത്താ പറഞ്ഞു. റഹമാനി പാത്രിയർക്കീസിന്റെ കത്തു അദ്ദേഹം വായിക്കുകയും കാതോലിക്കാബാവായുമായി ആലോചിച്ചു മറുപടി അയയ്ക്കുവാൻ നമ്മെ ചുമതലപ്പെടുത്തുകയും ചെയ്തു.

അനന്തരം മി.കെ.വി. ചാക്കൊായെയും ഫാദർ മാത്യുസു പാറേട്ടിനേയും (ഇപ്പോൾ ഓർത്തഡോക്സു സഭയിലെ മാത്യുസു മാർ ഈവാനിയോസു മെത്രാൻ) കുട്ടിക്കൊണ്ടു നാം വാകത്താനത്തു പോയി കാതോലിക്കാബാവായെ കണ്ടു. റഹമാനി പാത്രിയർക്കീസിന്റെ കത്തു അദ്ദേഹത്തെ കാണിച്ചു. അതിനു ഏതുവിധം മറുപടി അയയ്ക്കണമെന്നു ഞങ്ങൾ ഇരുവരും രഹസ്യമായി ആലോചിച്ചു. മറുപടിക്കത്തിന്റെ നക്കൽ സറിയാനിയിൽ അദ്ദേഹത്തിന്റെ കൈയ്പടയിൽ ഞങ്ങൾ ഇരുവരും കുടി ആലോചിച്ചു എഴുതിയുണ്ടാക്കി* അനന്തരം നാം തിരുവല്ലാ തിരുമൂലപുരം ആശ്രമത്തിലേക്കു മടങ്ങിപ്പോവുകയും മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായുടെ അനന്തിരത്തിയുടെ ഭർത്താവായ മൂലമണ്ണിൽ തോമസ്സ് കത്തനാരെക്കൊണ്ടു അതു നല്ല കൈയ്പടയിൽ എഴുതിച്ചു റഹമാനി പാത്രിയർക്കീസിനു അയച്ചുകൊടുക്കുകയും ചെയ്തു.അതിന്റെ ഫലമായി റഹമാനി പാത്രിയർക്കീസിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചില്ല. ആ സംഗതി അവിടെ ആലോചനയിൽ എടുത്തു കാലതാമസം വരുത്തിയതായിരിക്കാം. കുറെക്കഴിഞ്ഞു ഇലഞ്ഞിക്കൽ മി.ഈ.ജെ. ജോൺ വക്കീലിനെ കാണണമെന്നു നാം ആവശ്യപ്പെടുകയും അദ്ദേഹവും ഭാര്യയും കുടി തിരുവല്ലാ പാലിയേക്കര ബഥനിപ്പള്ളിയിൽ നമ്മെ കാണുവാൻ വരികയും ചെയ്തു. ആ അവസരത്തിൽ റഹമാനി പാത്രിയർക്കീസിന്റെ സുറിയാനിക്കത്തിന്റെ ഇംഗ്ലീഷ് പരിഭാഷ നാം അദ്ദേഹത്തെ കാണിച്ചു. അതു വായിച്ച ശേഷം മി. ജോൺ നമ്മോടു പറഞ്ഞതു മാർപ്പാപ്പായുമായി നേരിട്ടുള്ള യോജിപ്പിനു ഉൽസാഹിക്കണം എന്നായിരുന്നു.

അനന്തരം കൊച്ചീസംസ്ഥാനത്തു പോലീസ് സൂപ്രണ്ടും പട്ടാളം കമാൻഡറും ആയിരുന്ന മി.എം.ഏ ചാക്കോയുടെ മകന്റെ (?) വിവാഹം നടത്തിക്കൊടുക്കുന്നതിലേക്കു നമ്മെ ക്ഷണിക്കുകയും നാം തൃശൂരേയ്ക്കു പോകുകയും ചെയ്തു. വിവാഹം കുന്നംകുളത്തിനു സമീപ

* നി.വ.ദി.ശ്രീ. മാർ ബസ്സേലിയോസ് ദ്വിതീയൻ കാതോലിക്കാബാവാ (വാകത്താനം) സ്വന്തം കൈപ്പടയിൽ എഴുതിയ ഈ കത്ത് "റഹമാനി പാത്രിയർക്കീസുമായി നടത്തിയ എഴുത്തുകുത്തുകൾ" എന്ന അദ്ധ്യായത്തിൽ ചേർക്കുന്നതാണ്. (ഗ്രന്ഥകർത്താ)

മുള്ള ഒരു പള്ളിയിൽ വെച്ചായിരുന്നു. തൃശൂർ നിന്നു ആ പള്ളിയിലേക്കു പോകും വഴി കാറിൽ വെച്ചു കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തെ സംബന്ധിച്ചു നാം മി. ചാക്കോയോടു സംസാരിച്ചു. അദ്ദേഹം പറഞ്ഞതു ഏതാണ്ടിപ്രകാരമായിരുന്നു:-

തിരുമേനി ഈ കാര്യം ആലോചിക്കുന്നതിനു മുമ്പു തന്നെ ഞാൻ ഇതു സംബന്ധിച്ചു ശ്രമിച്ചുകൊണ്ടിരിക്കയാണ്. നമ്മുടെ കാതോലീക്കാബാവായെയും എല്ലാമെത്രാന്മാരെയും മാർപ്പാപ്പാ സ്വീകരിക്കുകയും നമ്മുടെ റീത്തു അംഗീകരിക്കുകയും ചെയ്തു കിട്ടുന്നതിലേക്കായി ഇപ്പോൾ കൽക്കട്ടായിൽ താമസിക്കുന്ന ഫാദർ ഗിൽ.എസ്.ജെ.(കത്തോലിക്കാവൈദികൻ) മുഖാന്തിരം ഞാൻ എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. തിരുമേനി നേരിട്ടു ശ്രമിക്കുന്നതായാൽ സംഗതി വേഗത്തിൽ സാധിക്കുമെന്നാണു എന്റെ അഭിപ്രായം".*

(ആത്മകഥാകഥനം ആദ്യഭാഗം)

ഇവിടത്തെ ഓർത്തഡോക്സു സഭാംഗങ്ങളായ പലരും ഈ ചരിത്രസത്യത്തെ പരസ്യമായി നിഷേധിക്കുന്നതിൽ താല്പര്യം പ്രകടിപ്പിക്കുന്നതായി കാണുന്നു. കത്തോലിക്കാപുനരൈക്യാലോചനകളിലോ എഴുത്തുകുത്തുകളിലോ തങ്ങളുടെ മെത്രാന്മാരാരും തന്നെ പങ്കെടുത്തിട്ടില്ലെന്നും മാർ ഈവാനിയോസിന്റെ സ്വയംകൃതമായിരുന്നു അവയെല്ലാമെന്നും അവരിൽ പലരും പത്രമാസികകളിൽ എഴുതുകയും പരസ്യയോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്യുന്നുണ്ട്. മേൽചേർത്ത ആത്മകഥാകഥനത്തിൽ കത്തോലിക്കാപുനരൈക്യാലോചനാവിഷയത്തിൽ ഇതര മെത്രന്മാർക്കുണ്ടായിരുന്ന ഭാഗഭാഗിത്വത്തെക്കുറിച്ചു എത്രയും വിശദമായിട്ടാണു നമ്മുടെ കഥാപുരുൻ പ്രതിപാദിച്ചിരിക്കുന്നത്. അന്ത്യോഖ്യായിലെ റഹമാനി പാത്രിയർക്കീസു (കത്തോലിക്കാ) മായി നടത്തിയിട്ടുള്ള എഴുത്തുകുത്തുകൾ ഈ ഗ്രന്ഥത്തിന്റെ വേറൊരദ്ധ്യായത്തിൽ ചേർത്തിട്ടുള്ളതു വായിക്കുന്നവർക്കു ഇതിന്റെ വാസ്തവസ്ഥിതി കുടുതലായി ബോദ്ധ്യമാകുന്നതാണ്. കഥാപുരുഷന്റെ ആത്മ

*കഥാപുരുഷൻ തുടർന്നു തന്റെ ആത്മകഥാകഥനത്തിൽ വിവരിച്ചിരക്കുന്നതു റോമുമായി നടത്തിയ എഴുത്തുകുത്തുകൾ, അവിടെനിന്നും ലഭിച്ച മറുപടികൾ, ഇതരമെത്രാന്മാരുടെ പിന്മാറ്റം, തന്റെയും മാർ തിയോഫിലോസ് ആദിയായവരുടെയും പുനരൈക്യം എന്നിവയെപ്പറ്റിയാണ്. ആ ഭാഗം "വിജയമകുടം ചൂടിയ പുനരൈക്യപരിശ്രമം" എന്ന തലക്കെട്ടിലുള്ള അദ്ധ്യായത്തിൽ ചേർക്കുന്നതാണ്. (ഗ്രന്ഥകർത്താ)

കഥാകഥനത്തിൽ പ്രതിപാദിച്ചിരിക്കുന്ന മൂന്നു കാര്യങ്ങളാണ് ഇന്നു ഓർത്തഡോക്സ് സഭാംഗങ്ങളിൽ പലരും നിഷേധിക്കുന്നത്.

1. പരേതനായ കാതോലിക്കാബാവാ തിരുമേനിയുടെയും ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനി (അന്നു മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയും ആലോചനയോടും അനുമതിയോടും കുടെയാണു റഹമാനിപാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തിയത്.

2. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ പ്രസ്തുത എഴുത്തുകുത്തുകൾക്കു സ്പഷ്ടമായ സമ്മതം നല്കിയിരുന്നില്ലെങ്കിലും മൌനാനുവാദം നല്കിയിരുന്നു.

3. റഹമാനിപാത്രിയർക്കീസിനു അയച്ച എഴുത്തിന്റെ അസ്സൽ സ്വന്ത കൈപ്പടയിൽ വാകത്താനം കാതോലിക്കാബാവാ തിരുമേനിയാണു എഴുതിയത്.

ഇന്നത്തെ ഓർത്തഡോക്സു സഭാംഗങ്ങളിൽ പലരും നിഷേധിക്കുന്ന ഈ മൂന്നു കാര്യങ്ങളും അനിഷേദ്ധ്യമാം വിധം തെളിയിക്കുവാൻ സാധിക്കുന്നതാണ്.

1. പരേതനായ വാകത്താനം കാതോലിക്കാബാവാ തിരുമേനിയും ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമേനിയും നമ്മുടെ കഥാപുരുഷനൊന്നിച്ചു കത്തോലിക്കാപുനരൈക്യാലോചനകളിലും എഴുത്തുകുത്തുകളിലും പങ്കെടുത്തിരുന്നുവെന്നു മേലുദ്ധരിച്ചിട്ടുള്ള ആത്മകഥാകഥനത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഇതു സംബന്ധിച്ചു ഇപ്പോഴത്തെ കാതോലിക്കാബാവാ (അന്നു ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) കുണ്ടറ നിന്നും ബഥനിയിലേക്കു അക്കാലത്തു അയച്ചുകൊടുത്ത ഒരു കത്തു ഇതിന്റെ സത്യസ്ഥിതി തെളിയിക്കുന്നതാണ്. മാർ ഈവാനിയോസ് തിരുമേനി ഭദ്രമായി സൂക്ഷിച്ചു വെച്ചിരുന്ന പ്രസ്തുത കത്തിന്റെ അഞ്ചൽകവറിന്റെയും ഫോട്ടോ ഈ ഗ്രന്ഥത്തിൽ അന്യത്ര ചേർത്തിരിക്കുന്നു. അതിലെ ഉള്ളടക്കം സുറിയാനിയുടെ പരിഭാഷയോടുകൂടെ അതേവിധം തന്നെ താഴെ ചേർക്കുന്നു:-

No.

The Orthodox Syrian Church of Malabar.

മലങ്കരസ്തുതി ചൊവ്വാകപ്പെട്ട സുറിയാനിസഭ.

ഇൻഡ്യയിലെ ബഥനിയുടെ ഗീവറുഗീസ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ തിരുമേനിക്ക്, അവിടുത്തെ പ്രാർത്ഥന ഞങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ.

അവിടെ നിന്നും അയച്ച സാധനം കിട്ടി. 17-ാം തീയതി പുതിയ പള്ളിയിൽ കുർബാനചൊല്ലി. വല്യപള്ളിയുടെ പണി നടക്കുമോ എന്നു നമുക്കു വളരെ സംശയമാണ്. രൂപാ കുറെ ഏറെ വേണം. ദൈവഇഷ്ടം പോലെ നടക്കട്ടെ. പഴയസഭയോടു ഏതിനോടെങ്കിലും ഒരു യോജ്യത വേണമെന്നു കാതോലിക്കാബാവായുടെ കല്പനയും കണ്ടു. അതു കൊള്ളാമെന്നാണു എന്റെയും അഭിപ്രായം. ഏതാണെന്നു നിങ്ങൾ എല്ലാവരും കുടെ തെരഞ്ഞെടുക്കുന്നതു ഞാനും സമ്മതിച്ചു കൊള്ളാം. ഇവിടെ വിശേഷം ഒന്നും ഇല്ല. പണം തരാമെന്നു പറഞ്ഞതു ശേഷംകുടെ തന്നാൽ കൊള്ളാം.

എന്ന്, 1926-നു 1102 ചിങ്ങം 15-ാം തീയതി.

കുണ്ടറഅരമനയിൽ നിന്നും,

ഗീഗോറിയോസു മെത്രാപ്പോലീത്താ (ഒപ്പ്)

പഴയസഭയോടു ഏതിനോടെങ്കിലുമുള്ള യോജ്യത വേണമെന്നു വാകത്താനം കാതോലിക്കാബാവായുടെ കല്പനയിലുണ്ടെന്നും അതു തന്നെയാണു തന്റെയും അഭിപ്രായമെന്നുമത്രേ മേലുദ്ധരിച്ച കത്തിൽ ഇപ്പോഴത്തെ കാതോലിക്കാബാവാ സ്പഷ്ടമായി എഴുതിയിരിക്കുന്നത്. നമ്മുടെ കഥാപുരുഷൻ വാകത്താനം കതോലിക്കാബാവായ്ക്കു ആയിടയ്ക്കു അയച്ച ഒരു കത്തിൽ പുരാതനസഭയോടുള്ള യോജിപ്പിനെപ്പറ്റി എഴുതിയിരുന്നതു ഇപ്രകാരമാണു:-

“..... ഈ സാധനം വേറെ ഒരുത്തരേയും കാണിക്കരുതെന്നു എനിക്കു നിർബന്ധമുണ്ട്. മോറാൻ ഈ കാര്യങ്ങളെല്ലാം ഒന്നായികണ്ടിട്ടു പരിഹാരമാർഗ്ഗം ചിന്തിപ്പാൻ വേണ്ടി ഇതെല്ലാം എഴുതിയതാണ്. ചില വഴികൾ എനിക്കു തോന്നീട്ടുണ്ട്. നമ്മുടെ കാതലായ വിശ്വാസത്തിനു പരിശുദ്ധമായ കർമ്മങ്ങൾ ആചാരങ്ങൾ മുതലായവയ്ക്കും ഭേദം വരുത്താത്ത നിലയിൽ എതെങ്കിലും പുരാതനസഭയുമായി യോജിക്കുന്നതു കൊള്ളാമോ?അവിടത്തെ അഭിപ്രായം എന്താണ്? എന്നിങ്ങനെ ഞാൻ മുമ്പു എഴുതിയിരുന്നവല്ലോ. ഇതിനു മറുപടിസാധനം അയയ്ക്കണമെന്നില്ല. അവിടുന്നു സംഗതികളുടെ നാനാവശങ്ങളും ആലോചിക്കണമെന്നേയുള്ളു. അവിടുന്നും കൊച്ചുമെത്രാച്ചനും ഞാനും കുടി നന്നായി ദൈവികമായി ആലോചിച്ചുണ്ടാകുന്ന അഭി

പ്രായം മാത്രമെ വലിയ മെത്രാച്ചനോടു പറയാവൂ. ഇപ്പോൾ ഇതു സംബന്ധിച്ചു യാതൊന്നും ഒരുത്തരോടും പറഞ്ഞുകൂടാ. പ്രത്യേകിച്ചു മോറാന്റെ നാവിൽ നിന്നും യാതൊന്നും പുറത്തു വരരുത്." മാർ ഈവാനിയോസ് (ഒപ്പ്).

പഴയ സഭയോടു യോജിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള ബോദ്ധ്യം ഓർത്തഡോക്സു സഭയിലെ മേലദ്ധ്യക്ഷന്മാർക്കു ഉണ്ടായിരുന്നുവെന്നാണു മേലുദ്ധരിച്ച കത്തുകൾ തെളിയിക്കുന്നത്. ആ "പഴയ സഭ" ഏതായിരിക്കണമെന്നതിൽ അവരുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്നാണ് ഇതിനുപരി ചിന്തിക്കേണ്ടത്. തങ്ങൾ ഏതു സഭയുടെ മേലദ്ധ്യക്ഷന്മാരാണോ ആ സഭയുടെയും അതിലെ അംഗങ്ങളുടെയും ബാഹ്യവും ആഭ്യന്തരവുമായ പുരോഗതിയായിരുന്നു അവരുടെ ഏക ലക്ഷ്യം എന്നുള്ളതു നിർവ്വിവാദമാണ്. ആ സ്ഥിതിക്കു അപ്രകാരം അഭിവൃദ്ധിപ്രാപിച്ചിട്ടുള്ളതും പ്രാപിക്കുന്നതുമായ ഒരു സഭയോടുള്ള യോജിപ്പുമാത്രമെ അവർ ആഗ്രഹിക്കയുള്ളു എന്നതിനു സംശയമില്ല. യൌനായ, യാക്കോബായ, നെസ്തോറിയൻ, അർമ്മേനിയൻ, ഇഗുപ്തായ ആദിയായ പഴയസഭകൾക്കൊന്നിനും തന്നെ യാതൊരുവിധമായ അഭിവൃദ്ധിയുമില്ലെന്നും പ്രത്യുത, ദൈനംദിനം അവ അധഃപതിച്ചുകൊണ്ടിരിക്കയാണെന്നും അവ ഓരോന്നിന്റേയും ചരിത്രവും ആധുനികസ്ഥിതിയും ഗ്രഹിച്ചിട്ടുള്ളവർ സമ്മതിക്കതന്നെ ചെയ്യും. ആകയാൽ, എല്ലാനിലകളിലും അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്നതും അഖിലലോകവ്യാപകവുമായ കത്തോലിക്കാസഭയോടുള്ള യോജിപ്പാണ് അഭിവന്ദ്യ തിരുമേനിമാർ ഉദ്ദേശിച്ചതെന്നു സ്പഷ്ടമായി തെളിയുന്നു. തുടർന്നു നടത്തിയ ആലോചനകളും എഴുത്തുകുത്തുകളും ഈ വാസ്തവം തെളിയിക്കുകയും ചെയ്യുന്നു.

വന്ദ്യദിവ്യശ്രീമാന്മാരായ പുലിക്കോട്ടു ജോസേഫ് റമ്പാനും ചേപ്പാട്ടു പീലിപ്പോസ് റമ്പാനും കൂടി തങ്ങളുടെ കത്തോലിക്കാപുനരൈക്യത്തിനുമുമ്പു പ്രസിദ്ധപ്പെടുത്തിയ "മലങ്കരസഭയുടെ കുഴൽക്കണ്ണാടി" എന്ന പുസ്തകത്തിൽ പരുമലവെച്ചു എല്ലാ മെത്രാന്മാരും ചേർന്നു ഒരു സുന്നഹദോസു കുടുകയും പ്രസ്തുത സുന്നഹദോസിൽ വെച്ചു ഇക്കാര്യം നിശ്ചയിക്കുകയും ചെയ്തു എന്നു എഴുതിയിരുന്നു. അതിനു മറുപടിയായി ഓർത്തഡോക്സ് സഭാംഗമായ മിസ്റ്റർ പി.ജെ. മാത്യു കോട്ടയത്തുനിന്നും പ്രസിദ്ധപ്പെടുത്തിയ 'മലങ്കരസഭയുടെ ഭൂതക്കണ്ണാടി' എന്ന പുസ്തകത്തിൽ എഴുതിയിരുന്ന ഒരു ഭാഗമാണു ചുവടെ ചേർക്കുന്നത്. ഈ വിഷയം സംബന്ധിച്ചു ഓർത്തഡോക്സ്

മെത്രാന്മാരോടും മറ്റും ചോദിച്ചറിഞ്ഞ ശേഷമാണ് അദ്ദേഹം പ്രസ്തുത ഗ്രന്ഥം രചിച്ചിട്ടുള്ളത്. ഇതെപ്പറ്റി ഭൂതക്കണ്ണാടിയിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:-

"എല്ലാ മെത്രാന്മാരുംകുടി ഉണ്ടായിരുന്ന ഒരവസരത്തിൽ മാർ ഈവാനിയോസ് സഭയുടെ ഭാവിയെപ്പറ്റി ഒരാലോചന നടത്തണമെന്നു നിർബന്ധിക്കുകയും അതിൻപ്രകാരം ബാവാതിരുമേനിയും, കൊച്ചു മെത്രാച്ചനും, മാർ ഈവാനിയോസുകുടി ഒരാലോചന നടത്തുകയും ചെയ്തു. മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമേനിയും തദവസരത്തിൽ അവിടെ ഉണ്ടായിരുന്നെങ്കിലും അദ്ദേഹം ആലോചനയിൽ ഭാഗഭാക്കായില്ല. "എപ്പിസ്തോപ്പൽ സുന്നഹദോസിന്റെ അധികാരത്തെ നിഷേധിക്കാതെ എന്തെങ്കിലും ആലോചിച്ചു തീരുമാനിച്ചു കൊള്ളുക" എന്നു പറഞ്ഞു ആലോചന തുടങ്ങുന്നതിനു മുമ്പുതന്നെ അദ്ദേഹം മുറിയിൽ നിന്നും ഇറങ്ങിപ്പോകയാണുണ്ടായത്. എന്നാൽ അവിടെ നടന്ന ആലോചന എന്തായിരുന്നു എന്നാണല്ലോ നമുക്കു അറിയേണ്ടത്. വലിയ തിരുമേനി ഇറങ്ങിപ്പോയതുതന്നെ തക്ക സന്ദർഭം എന്നു കരുതി മാർ ഈവാനിയോസ് റോമാപുനരൈക്യം പിടിച്ചുകൊണ്ടു ഒരു ദീർഘപ്രസംഗം നടത്തി. ബാവായ്ക്കാകട്ടെ, കൊച്ചുമെത്രാച്ചനാകട്ടെ ഇദ്ദേഹത്തോടു വാദിക്കുന്നതിനോ ഇദ്ദേഹത്തോളം യുക്തിയായി സംസാരിക്കുന്നതിനോ തക്ക വൈഭവം ഇല്ലാഞ്ഞതിനാൽ രണ്ടുപേരും ഇദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ എതിർക്കുന്നതിനു നിവൃത്തിയില്ലാതെ കുഴങ്ങി.എന്നാൽ ആലോചിച്ചു തീരുമാനിച്ചതു ഇന്നതാണെന്നു മാർ ദിവന്നസ്യോസു തിരുമേനിയെ അറിയിക്കരുതെന്നുകൂടി പ്രത്യേകം നിശ്ചയിച്ചിരുന്നു എന്നതു പ്രസ്താവ്യമാണ്. ഇവർ ആലോചന കഴിഞ്ഞു ഇറങ്ങിവന്നപ്പോൾ "എന്താ വല്ലതും തീരുമാനിച്ചോ" എന്നു വലിയ തിരുമേനി ചോദിച്ചതിനു 'തീരുമാനിച്ചു' എന്നു മറുപടിയും നല്കി മാർ ഈവാനിയോസു നടകൊണ്ടു. മാർ ഈവാനിയോസ് ഉദ്ദേശ്യശുദ്ധിയുള്ള ആളായിരുന്നെങ്കിൽ ഇന്നവിധത്തിലാണു തീരുമാനിച്ചതെന്നു അദ്ദേഹത്തോടു പറയുകയില്ലായിരുന്നോ എന്നാണു വായനക്കാർ ചിന്തിക്കേണ്ടത്."

(ഭൂതക്കണ്ണാടി പുറം 74-75)

മേലുദ്ധരിച്ചതിൽ നിന്നും വട്ടശ്ശേരിൽ മാർ ദിവന്നസ്യോസ് തിരുമേനി ഒഴിച്ചുള്ള ഇതരമെത്രാന്മാരുടെ സമ്മതത്തോടുകുടിയാണു മാർ ഈവാനിയോസു റഹമാനി പാത്രിയർക്കീസിനു എഴുതുകയുണ്ടായതെന്നു സുസ്പഷ്ടം തെളിയുന്നുണ്ടല്ലോ. മാർ ഈവാനിയോസിന്റെ

ശക്തിമത്തായ പ്രേരണ ഇക്കാര്യത്തിൽ ഉണ്ടായി എന്നുള്ള പരമാർത്ഥ മാണെങ്കിൽ തന്നെയും ഇതരമെത്രാന്മാരുടെ ആലോചനയോടും സമ്മ തത്തോടും കുടെയാണു അദ്ദേഹം എഴുത്തുകുത്തുകൾ നടത്തിയതു എന്നുള്ളതു അനിഷേദ്ധ്യം തന്നെയാണ്.

2. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായുടെ മൌനാനുവാദം ഇക്കാര്യത്തിലുണ്ടായിരുന്നുവെന്നുള്ളതും നിഷേധി ക്കാവുന്നതല്ല. കോടതിയിൽ വ്യവഹാരം നടന്നുകൊണ്ടിരുന്ന സന്ദർഭ ത്തിൽ – മലങ്കര യാക്കോബായസഭയുടെ സാക്ഷാൽ മെത്രാപ്പോലീത്താ താനാണെന്നു അദ്ദേഹം വാദിച്ചുകൊണ്ടിരുന്ന അവസരത്തിൽ– അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിന്റെ ആത്മീയാധികാര ത്തിനു താൻ വിധേയനാണെന്നു കോടതിയിൽ മൊഴി കൊടുത്തുകൊ ണ്ടിരുന്ന കാലയളവിൽ– റോമിലേ റീശു പാത്രിയർക്കീസിന്റെ കീഴി ലുള്ള അന്ത്യോഖ്യാ കത്തോലിക്കാപാത്രിയർക്കീസുമായി പുനരൈ ക്യത്തിനു വേണ്ടിയുള്ള എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുന്ന വിവരം പരസ്യമാകുന്ന പക്ഷം നിലവിലിരിക്കുന്ന വ്യവഹാരത്തിൽ തന്റെ കക്ഷിക്കു പരാജയം സംഭവിക്കുന്നതിനു ഇടയാകുമെന്നു ബുദ്ധി ശാലിയായ അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടാണു "എപ്പി സ്കോപ്പൽ സുന്നഹദോസിന്റെ അധികാരത്തെ നിഷേധിക്കാതെ എന്തെങ്കിലും ആലോചിച്ചു തീരുമാനിച്ചുകൊള്ളുക" എന്നു പരുമല സെമിനാരിയിൽ സമ്മേളിച്ച ഇതരമെത്രാന്മാരോടു അദ്ദേഹം പറയുകയും ആലോചന തുടങ്ങുന്നതിനു മുമ്പേതന്നെ മുറിയിൽ നിന്നും ഇറങ്ങിപ്പോകുകയും ചെയ്തത്. മെത്രാന്മാർ ആലോചിച്ചു തീരു മാനിച്ച വിവരം മാർ ദിവന്നാസ്യോസ് തിരുമേനിയെ അറിയിക്കരുതെ ന്നു കുടെ നിശ്ചയിച്ചിരുന്നതിനാൽ "എന്താ വല്ലതും തീരുമാനിച്ചോ?" എന്ന അദ്ദേഹത്തിന്റെ ചോദ്യത്തിനു 'തീരുമാനിച്ചു' എന്നുള്ള മറുപ ടിമാത്രം നല്കിയതിൽ മാർ ഈവാനിയോസിനെ കുറ്റപ്പെടുത്തുവാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. നടന്നുകൊണ്ടിരിക്കുന്ന വ്യവഹാര ത്തിൽ പരാജയം സംഭവിക്കുന്നപക്ഷം ഭാവിലേക്കുള്ള ഒരു കളമൊരു ക്കുന്നതിനു വേണ്ടിയായിരുന്നു ഇക്കാര്യത്തിൽ മാർ ദിവന്നാസ്യോസു മൌനാനുവാദം നല്കിയതെന്നുള്ളതിനു യാതൊരു സംശയവുമില്ല.

3. അന്ത്യോഖ്യായിലെ റഹമാനി പാത്രിയർക്കീസിനു അയയ്ക്കു ന്നതിനായി പരേതനായ കാതോലിക്കാബാവാതിരുമേനി (വാകത്താ നം) സ്വന്തം കൈയ്പടയിൽ ഒരെഴുത്തെഴുതിയിട്ടുണ്ടെന്നും മാർ ഈവാ നിയോസുതിരുമേനി അതു ഭദ്രമായി സൂക്ഷിച്ചിരുന്നുവെന്നുമുള്ളതു

പരമാർത്ഥം തന്നെയാണ്. അപ്രകാരമൊരു കത്തു അദ്ദേഹം എഴുതിയിട്ടില്ലാ എന്നു വാദിക്കുന്നവരെയും എഴുതിയിട്ടുണ്ടോ എന്നു സംശയിക്കുന്നവരെയും സുസ്പഷ്ടമായി ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടി മുപ്പതുവർഷത്തോളം മാർ ഈവാനിയോസ് തിരുമേനി ഭദ്രമായി സൂക്ഷിച്ചുവെച്ചിരുന്ന ആ കത്തിന്റെ ഒരു ബ്ളോക്കു ഈ ഗ്രന്ഥത്തിൽ അന്യത്ര ചേർത്തിട്ടുണ്ട്. പ്രസ്തുത കത്തിനെപ്പറ്റി വന്ദ്യ റമ്പാച്ചന്മാർ "കുഴൽക്കണ്ണാടി"യിൽ പ്രതിപാദിച്ചിരുന്നതിനു മറുപടിയെന്നോണം "ഭൂതക്കണ്ണാടി"യിൽ എഴുതിയിരുന്ന ഒരു ഭാഗം ചുവടേ ഉദ്ധരിക്കുന്നു. കാതോവിക്കാബാവാ ഇപ്രകാരമുള്ള ഒരു കത്തു സ്വന്തം കൈയ്പടയിൽ എഴുതിയിട്ടുണ്ടെന്നുള്ള പരമാർത്ഥം ഭൂതക്കണ്ണാടി ഗ്രന്ഥകർത്താവു സ്പഷ്ടമായി സമ്മതിച്ചിരിക്കുന്നു. ആ ഭാഗമാണു ചുവടെ ചേർക്കുന്നത്.

"അപ്രേം റഹമാനി പാത്രിയർക്കീസിന്റെ പേർക്കയയ്ക്കുന്നതിനു തയ്യാറാക്കപ്പെട്ട ഒരു കത്തിന്റെ അസ്സൽ കാതോലിക്കാബാവാ തീരുമനസ്സിലെ കൈപടയിൽ എഴുതപ്പെട്ടതു മാർ ഈവാനിയോസിന്റെ കൈവശമുണ്ടെന്നാണല്ലോ കുഴൽക്കണ്ണാടിയിൽ പറയുന്നത്. ഇവർ രണ്ടു പേരും കുടി ഉണ്ടായിരുന്ന, അവസരത്തിലാണ് മാർ ഈവാനിയോസ് ഈ കത്തെഴുതുന്നതിനു ഉൽസാഹിച്ചത്. മാർ ഈവാനിയോസിന്റെ സുറിയാനി കൈപ്പട അതിഭയങ്കരമാണെന്നു വിശിഷ്യാ ആരെയും പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. അതുകൊണ്ടു പിന്നീടു മാറിയെഴുതുന്നവരുടെ സൗകര്യത്തെ ഉദ്ദേശിച്ച് അത് ബാവാതിരുമനസ്സിലെ കയ്പടയിൽ എഴുതണമെന്നു കുശാഗ്രബുദ്ധിയായ മാർ ഈവാനിയോസ് നിർബന്ധിച്ചപ്പോൾ നിഷ്കളങ്കചിത്തനായിരുന്ന ബാവാതിരുമേനി വഞ്ചനയൊന്നും മനസ്സിലാക്കാതെ അപ്രകാരം അസ്സലെഴുതുകയാണുണ്ടായത്. എന്നാൽ തന്റെ കൈയ്പടയിലുള്ള എഴുത്ത് അയയ്ക്കരുതെന്നു ബാവാതിരുമേനി പ്രത്യേകം ആജ്ഞാപിച്ചിരുന്നു എന്നുള്ളതും അതിൽ ബാവാ ഒപ്പുവെച്ചിട്ടില്ലെന്നുള്ളതും പ്രത്യേകം സ്മർത്തവ്യമാണ്. വേറെ ആരുടെയെങ്കിലും കൈപ്പടയിൽ മാറി എഴുതിച്ചു അയച്ചുകൊള്ളാമെന്നു മാർ ഈവാനിയോസു പറഞ്ഞപ്പോൾ "അതു എന്തു ചെയ്താലും തരക്കേടില്ല. എന്റെ കൈപ്പടയിൽ എഴുത്തയയ്ക്കരുതെന്നു മാത്രമേ എനിക്കു നിർബന്ധമുള്ളൂ" എന്നാണു ബാവാതിരുമേനി കല്പിച്ചത്.

(ഭൂതക്കണ്ണാടി പുറം 78)

മേലുദ്ധരിച്ചതിൽ നിന്നും പ്രസ്തുത കത്തു പരേതനായ കാതോലിക്കാബാവാ സ്വന്തം കൈപ്പടയിലാണു എഴുതുകയുണ്ടായതെന്നു സ്പഷ്ടമായി തെളിയുന്നുണ്ടല്ലോ. എന്നാൽ മാർ ഈവാനിയോസു

നിർബന്ധിച്ചതുകൊണ്ടാണു ആ കത്തു സ്വന്തം കൈപ്പടയിൽ കാതോലിക്കാബാവാ എഴുതുകയുണ്ടായതെന്നും പ്രസ്തുത കത്തിൽ അദ്ദേഹം ഒപ്പുവെച്ചിട്ടില്ലെന്നുമുള്ള വാദത്തിന്റെ മറവിൽ അതിന്റെ ഗുരുത്വം കുറയ്ക്കുന്നതിനാണു "ഭൂതക്കണ്ണാടി" ഗ്രന്ഥകർത്താവു പരിശ്രമിച്ചിരിക്കുന്നത്. കത്തോലിക്കാപുനരൈക്യത്തിനു തനിയ്ക്കു സമ്മതമില്ലായിരുന്നുവെങ്കിൽ- അക്കാര്യം തന്റെ മനസ്സാക്ഷിക്കു എതിരായിരുന്നുവെങ്കിൽ- മാർ ഈവാനിയോസ് എത്ര നിർബന്ധിച്ചാലും സ്വന്തംകൈപ്പടയിൽ അപ്രകാരമെഴുതുന്നതിനു കാതോലിക്കാബാവാ ഒരു കാലത്തും സന്നദ്ധനാകുകയില്ലായിരുന്നു. മാർ ഈവാനിയോസിന്റെതുപോലെ തന്നെ കാതോലിക്കാബാവായുടെ കയ്പടയും മോശമായിരുന്നതിനാൽ പ്രസ്തുത കത്തു അതേവിധം അയയ്ക്കുന്നതിനല്ല രണ്ടുപേരും ഉദ്ദേശിച്ചിരുന്നതെന്നു കേവലം ഒരു തുണ്ടു കടലാസ്സിൽ മാത്രം എഴുതിയിരിക്കുന്നതും ഈ ഗ്രന്ഥകർത്താവിന്റെ കൈവശം ഇപ്പോൾ വന്നു ചേർന്നിട്ടുള്ളതുമായ ആ കത്തു സാക്ഷ്യം വഹിക്കുന്നു. പ്രസ്തുത കത്തു ബ:മൂലമണ്ണിൽ അച്ചനെക്കൊണ്ടു നല്ല കടലാസ്സിൽ നല്ല കൈപ്പടയിൽ പകർത്തി എഴുതി അയപ്പിച്ചതായി കഥാപുരുഷന്റെ മേൽച്ചേർത്തിരുന്ന ആത്മകഥാകഥനത്തിൽ നിന്നും വ്യക്തമായിട്ടുണ്ടല്ലോ. റഹമാനി പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള ചുമതല മാർ ഈവാനിയോസിനെ ഇതരമെത്രാന്മാർ ഭരമേല്പിച്ചിരുന്നതിനാലത്രെ പ്രസ്തുത കത്തിൽ കാതോലിക്കാബാവാ ഒപ്പിടാതെ എല്ലാവരുടേയും പ്രതിനിധി എന്ന നിലയിൽ മാർ ഈവാനിയോസ് ഒപ്പിട്ടിട്ടുള്ളത്.

ഏതായാലും ഇവിടത്തെ ഓർത്തഡോക്സ് സഭയിലെ മെത്രാന്മാരുടെയെല്ലാം അറിവോടും, ആലോചനയോടും, പ്രേരണയോടും, സമ്മതത്തോടും കൂടെയാണു കത്തോലിക്കാപുനരൈക്യം സംബന്ധിച്ചുള്ള എഴുത്തുകുത്തുകളിൽ കഥാപുരുഷൻ വ്യാപൃതനായതു എന്നുള്ള വാസ്തവം മേല്പറഞ്ഞതിൽ നിന്നെല്ലാം സുവിശദമായി തെളിയുന്നുണ്ടല്ലോ. തുടർന്നു നടത്തിയ എഴുത്തുകുത്തുകളെപ്പറ്റി അന്യത്ര ചേർത്തിരിക്കുന്ന അദ്ധ്യായങ്ങളിൽ നിന്നു വായനക്കാർക്കു ഗ്രഹിക്കാവുന്നതാണ്.

## അദ്ധ്യായം – 21

# റഹമാനി പാത്രിയർക്കീസുമായി നടത്തിയ എഴുത്തുകുത്തുകൾ

**ക**ത്തോലിക്കാപുനരൈക്യാർത്ഥം അന്ത്യോഖ്യായിലെ റഹമാനി പാത്രിയർക്കീസുമായി എഴുത്തുകുത്തുകൾ നടത്തുന്നതിനു ഓർത്ത ഡോക്സു സഭാമെത്രാന്മാരുടെ സുന്നഹദോസു തീരുമാനിക്കുകയും അതിലേക്കായി മാർ ഈവാനിയോസിനെ നിയോഗിക്കുകയും ചെയ്ത വിവരം കഴിഞ്ഞ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരുന്നുവല്ലോ. തദനുസ രണം നമ്മുടെ കഥാപുരുഷൻ പ്രസ്തുത പാത്രിയർക്കീസിനു സുറി യാനിഭാഷയിൽ അയച്ച എഴുത്തുകളുടെയും അവയ്ക്കു ലഭിച്ച മറുപ ടികളുടെയും പരിഭാഷ ഈ അദ്ധ്യായത്തിൽ ചേർക്കുവാനാണ് ഉദ്ദേ ശിക്കുന്നത്. എന്നാൽ അതിനു മുമ്പു അന്ത്യോഖ്യാ സുറിയാനികത്തോ ലിക്കരെപ്പറ്റിയുള്ള ഒരു സംക്ഷിപ്തവിവരണം പ്രാരംഭമായി നല്കു വാൻ ഉദ്ദേശിക്കുന്നു.

### അന്ത്യോഖ്യായിലെ പുനരൈക്യപ്രസ്ഥാനം

അന്ത്യോഖ്യായാക്കോബായസഭയിലെ അഗാത്തീസു ഗിയാർവെ പാത്രിയർക്കീസ് 18-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ (150 വർഷം മുമ്പു) സ്വാനുയായികളോടുകൂടെ കത്തോലിക്കാസഭയെ ആശ്ലേഷിക്ക യുണ്ടായി.പുനരൈക്യപ്പെട്ടവർക്കായി ഒരു ഹൈരാർക്കിയും അവർ ഉപ യോഗിച്ചു കൊണ്ടിരുന്ന റീത്തും പരിശുദ്ധ റോമാസിംഹാസനത്തിൽ നിന്നും അനുവദിച്ചു കൊടുക്കുകയും "അന്ത്യോഖ്യാപാത്രിയർക്കീസ്" എന്ന പേരിൽ പ്രസ്തുത പാത്രിയർക്കീസിനെ അവരോധിക്കുകയും

ചെയ്തു* തുടർന്നു യാക്കോബായസഭയിൽ നിന്നും ഒട്ടനേകം മെത്രാന്മാരും, വൈദികന്മാരും ജനങ്ങളും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും അങ്ങനെ അവിടത്തെ പുനരൈക്യപ്രസ്ഥാനം ശക്തി പ്രാപിക്കുകയും ചെയ്തു.

യാക്കോബായക്കാർ ഉപയോഗിക്കുന്ന ആരാധനക്രമം തെറ്റുകൾ തിരുത്തിയാണു അന്ത്യോഖ്യൻ സുറിയാനികത്തോലിക്കർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. വി. കുർബ്ബാന, ഇതര കൂദാശകൾ, പ്രാർത്ഥനകൾ എന്നിവയ്ക്കെല്ലാം സുറിസാനിഭാഷയ്ക്കു പുറമേ ജനങ്ങൾക്കു മനസ്സിലാകത്തക്കവിധം അറബിഭാഷയും പ്രസ്തുത രീത്തിൽ ഉപയോഗിക്കുന്നുണ്ട്. വേഷത്തിലും, ആചാരനിലപാടുകളിലും അന്ത്യോഖ്യൻ സുറിയാനികത്തോലിക്കാമെത്രാന്മാരും വൈദികന്മാരും യാക്കോബായരീതിയിൽ നിന്നും കാര്യമായ വ്യത്യാസങ്ങൾ ഒന്നും തന്നെ വരുത്തിയിട്ടില്ല. പാത്രിയർക്കീസ് തന്റെ സിംഹാസനം ബെയ്റൂട്ടിലത്രേ സ്ഥാപിച്ചിരിക്കുന്നത്.

പ്രസ്തുത സിംഹാസനത്തിൽ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസിനെ ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പൌരസ്ത്യസുറിയാനിക്കാരോടുള്ള വാത്സല്യസൂചകമായി കർദ്ദിനാൾ സ്ഥാനത്തേക്കു ഉയർത്തുകയുണ്ടായി. കർദ്ദിനാൾ ഗബ്രിയേൽ തപ്പുനി എന്ന പേരിലാണു അദ്ദേഹം അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ കീഴിൽ 8 മെത്രാന്മാരും 164 പട്ടക്കാരും, എഴുപതിനായിരത്തോളം ജനങ്ങളും, ഒട്ടനേകം സ്ഥാപനങ്ങളും ഇപ്പോഴുണ്ട്. യാക്കോബായസഭയിൽ നിന്നും ധാരാളം ആളുകൾ അവിടെ പുനരൈക്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്.

കർദ്ദിനാൾ തപ്പുനിയുടെ മുൻഗാമിയായിരുന്നു റഹമാനിപാത്രിയർക്കീസ്. വിവിധ ഭാഷകളിലും ശാസ്ത്രങ്ങളിലും അനിതരസാധാരണമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഗ്രീക്ക്, ലത്തീൻ, ഹീബ്രൂ, സുറിയാനി, അറബി, ഫ്രഞ്ച്, ആദിയായ ഭാഷകളിൽ അസാധാരണവ്യുല്പത്തി അദ്ദേഹം സമ്പാദിച്ചിരുന്നു. വിജ്ഞാനപ്രദങ്ങളായ

* "അന്ത്യോഖ്യാപാത്രിയർക്കീസ്" എന്ന പേരിൽ ആറു പാത്രിയർക്കീസന്മാർ ഇപ്പോൾ ഭരണം നടത്തുന്നുണ്ട്. ഇവരിൽ നാലുപേർ (ലത്തീൻ, സുറിയാനി, മാറോനായ, മല്ക്കായ) റോമാ മാർപ്പാപ്പായുടെ കീഴിലുള്ള കത്തോലിക്കാ പാത്രിയർക്കീസന്മാരും ബാക്കിയുള്ള രണ്ടുപേർ യാക്കോബായ അർത്താദുക്സാ അകത്തോലിക്കരുമാണ്. (ഗ്രന്ഥകർത്താ)

നിരവധി പുസ്തകങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഓർത്തഡോക്സ് സഭാമെത്രാന്മാർ കത്തോലിക്കാപുനരൈക്യത്തിനുവേണ്ടിയുള്ള ആലോചനകളും പരിശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നപ്പോൾ അന്ത്യോഖ്യാസിംഹാസനത്തിന്മേൽ ഭരിച്ചുകൊണ്ടിരുന്നതു ഈ റഹമാനി പാത്രിയർക്കീസായിരുന്നു. തന്മൂലമത്രെ അദ്ദേഹവുമായി പുനരൈക്യാർത്ഥമുള്ള എഴുത്തുകുത്തുകൾ നടത്തുന്നതിനു പ്രസ്തുത മെത്രാന്മാർ നമ്മുടെ കഥാപുരുഷനെ ചുമതലപ്പെടുത്തിയത്. തൽസംബന്ധമായി പരസ്പരം അയച്ചിട്ടുള്ള കത്തുകൾ ഓരോന്നായി ഈ അദ്ധ്യായത്തിൽ ചേർത്തുകൊള്ളുന്നു:-

## സെക്രട്ടറിയുടെ പേർക്കു അയച്ച കത്ത്

റഹമാനി പാത്രിയർക്കീസിനുള്ള ആദ്യത്തേ കത്തു കഥാപുരഷൻ നേരിട്ടു അയയ്ക്കാതെ തന്റെ സെക്രട്ടറി ആയിരുന്ന യാക്കോബു കശ്ശീശാ(പരേതനായ മാർ തിയോഫിലോസ് തിരുമേനി) മുഖാന്തിരം അയയ്ക്കുകയാണു ചെയ്തത്. പ്രസ്തുത കത്തിനു വിശദമായ മറുപടി റഹമാനി പാത്രിയർക്കീസ് സുറിയാനിയിൽ അയച്ചതിന്റെ പരിഭാഷയാണു താഴെ ചേർക്കുന്നത്.

“ബഥനിയുടെ ഈവാനിയോസ് ഗീവറുഗീസ് മെത്രാച്ചന്റെ സെക്രട്ടറിയും നമ്മുടെ പ്രിയപുത്രനും വാത്സല്യവാനുമായ യാക്കോബു കശ്ശീശായ്ക്കു ശ്ലൈഹികവാഴ്‌വും കർതൃസമാധാനവും.

കർത്താവിൽ പ്രിയനേ,

കഴിഞ്ഞ വർഷം ജൂലായി 17-ാം തീയതിയിലെ സന്തോഷവാർത്ത നിറഞ്ഞ കത്ത്- നമ്മുടെ സെക്രട്ടറിയുടെ പേർക്കും സന്തോഷപുരസ്സരം അയച്ച ലേഖനം- ആനന്ദത്തോടും ആഹ്ളാദത്തോടും കൂടെയാണു നാം വായിച്ചത്. അതിലെ ഉള്ളടക്കം നാം പൂർണ്ണമായി ഗ്രഹിക്കുകയും ചെയ്തു. താങ്കളുടെ മേലും മലബാറിലെ സകല അനുഗ്രഹിക്കപ്പെട്ട ഇടവകകളുടെ മേലും ദൈവകൃപ ധാരാളം ലഭിക്കുന്നതിനിടയാകട്ടെ എന്നു നാം പ്രാർത്ഥിക്കുന്നു. നിങ്ങൾ ഏവരും സമാധാനപൂർവ്വം ജീവിക്കുന്നതിനും സകല വഞ്ചനകളിൽ നിന്നും തെറ്റുകൾ നിന്നും സംരക്ഷിക്കപ്പെടുന്നതിനും സകല സൽപ്രവർത്തനങ്ങളാലും പ്രശോഭിക്കപ്പെടുന്നതിനും വേണ്ടിയുള്ള ദൈവകൃപയ്ക്കായി നാം പ്രത്യേകം അപേക്ഷിക്കുന്നു.

ഐക്യത്തിന്റെയും യോജിപ്പിന്റെയും ആത്മീയചലനങ്ങൾ നിങ്ങളുടെ ഹൃദയങ്ങളിൽ ഉളവാക്കിയ ദൈവത്തിന്റെ ബഹുലങ്ങളായ കരു

ണകൾക്കു വേണ്ടി അവിടത്തേയ്ക്കു നാം സ്തുതിയും സ്തോത്രവും അർപ്പിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ കുറെ മാസക്കാലം പര്യടനം നടത്തിക്കൊണ്ടിരുന്നതിനാൽ താങ്കളുടെ എഴുത്തിനു മറുപടി അയയ്ക്കുവാൻ അല്പം താമസിച്ചുപോയി. ഈ മാസത്തിലാണു നാം ബൈറൂട്ടിലുള്ള നമ്മുടെ സിംഹാസനത്തിൽ മടങ്ങി എത്തിയത്.

റോമിലെ മാർപ്പാപ്പാ പ്രധാനതലവനായിരിക്കുന്ന ഭൂലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള കത്തോലിക്കാതിരുസഭയോടു യോജിക്കുവാൻ ഇൻഡ്യയിലുള്ള വന്ദ്യപിതാക്കന്മാരും, ബഹുമാനപ്പെട്ട വൈദികരും, സുറിയാനിക്കാരായ അനുഗ്രഹിക്കപ്പെട്ട ജനങ്ങളും തീക്ഷ്ണമായി അനുഗ്രഹിക്കുന്നു എന്നുള്ള വാസ്തവം നമ്മെ അത്യധികം സന്തോഷിപ്പിക്കുന്നു എന്ന വിവരം താങ്കളെ അറിയിച്ചുകൊള്ളുന്നു. ഉന്നതനായ മാർ ബസ്സേലിയോസ് ഗീവറുഗീസ് കാതോലിക്കായും, മലങ്കരയുടെ മാർ ദിവന്നാസ്യോസ് ഗീവറുഗീസ് മെത്രാനും, ബഥനിയുടെ മാർ ഈവാനിയോസ് ഗീവറുഗീസ് എപ്പിസ്കോപ്പായും ആയ നമ്മുടെ ബഹുമാന്യ സഹോദരങ്ങൾക്കു സൗഖ്യം തന്നെയെന്നു വിശ്വസിക്കുന്നു. സങ്കീർത്തകനായ ദാവീദിനോടും പുണ്യപിതാക്കന്മാരോടും കൂടി നാം പറയുന്നു. “സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നതു എത്ര നല്ലതും മനോഹരവും ആകുന്നു” എന്ന്.

നമ്മുടെ സിറിയായിലുള്ള അന്ത്യോഖ്യാസഭയുടെ പുരാതന ആരാധനക്രമങ്ങളെ അതീവതാല്പര്യത്തോടു കൂടെ നാം സൂക്ഷിച്ചു കൊണ്ടിരിക്കുന്നു. അതിന്റെ എല്ലാ ആചാരങ്ങളെയും കണ്ണിന്റെ കൃഷ്ണമണിയെന്നപോലെയത്രെ നാം സൂക്ഷിക്കുന്നത്. യാതൊരു കാരണവശാലും അതിൽനിന്നും ഒരു വള്ളിക്കോ പുള്ളിക്കോ നീക്കം ചെയ്യുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ നാം സമ്മതിക്കുന്നതല്ല. കിഴക്കാകട്ടെ, പടിഞ്ഞാറാകട്ടെ ഇതിനെക്കാൾ വൈശ്യഷ്ട്യമേറിയതോ പുരാതനമോ ആയ വേറൊരു ക്രമം ഇല്ല. വി. ശ്ലീഹാന്മാരുടെ കാലം മുതൽ പ്രചാരത്തിലിരുന്നതും, നമ്മുടെ കർത്താവീശോമ്ശിഹായും മഹത്വമുള്ള ശ്ലീഹന്മാരും ഉപയോഗിച്ചു കൊണ്ടിരുന്നതുമാണു മാറാനായ സുറിയാനിഭാഷ. ശ്രേഷ്ഠമായ ഈ ആരാധനക്രമം മലബാറിലുള്ള കൽദായക്രമം പോലെ വ്യത്യാസം ചെയ്യുന്നതിനോ, വ്യത്യാസം ചെയ്യിപ്പിക്കുന്നതിനോ, പാശ്ചാത്യരുടെ ലത്തീൻക്രമം പോലെ ആക്കിത്തീർക്കുന്നതിനോ അശേഷം സമമതിക്കുകയില്ല. നിങ്ങൾ കണ്ടുവായിച്ച പുസ്തകങ്ങൾ ബന്ധപ്പെട്ടു നാം അച്ചടിപ്പിച്ചു. അതിൽ നാം പ്രദർശിപ്പിച്ച സൂക്ഷ്മത നിങ്ങൾക്കു വ്യക്തമായി ഗ്രഹി

ക്കുവാൻ സാധിക്കുമല്ലോ. വി. കുർബാനതക്സാ, മറ്റു പള്ളി ആരാധനകൾ, ശ്ഹീമാനമസ്കാരക്രമം, ശവസംസ്കാരക്രമം, നാം ഇപ്പോൾ അച്ചടിപ്പിച്ചു കൊണ്ടിരിക്കുന്ന പട്ടംകൊട പുസ്തകം എന്നീ പുസ്തകങ്ങളിൽ നിന്നും പുരാതനക്രമം സംരക്ഷിക്കുന്ന കാര്യത്തിൽ നാം എന്തുമാത്രം പ്രയാസങ്ങളും ബദ്ധപ്പാടും സഹിച്ചിട്ടുണ്ടെന്നു നിങ്ങൾക്കു ഗ്രഹിക്കുവാൻ സാധിക്കും.

നിങ്ങൾ നമ്മോടു ഐക്യപ്പെടുമ്പോൾ നിങ്ങളിൽ നിന്നുതന്നെ സഹോദരങ്ങളായ മേല്പട്ടക്കാരും, വന്ദ്യപുരോഹിതന്മാരും, പരിപാകതയുള്ള ആശ്രമക്കാരും ഉണ്ടാകുകയും അവർ നിങ്ങളുടെ നായകത്വം വഹിച്ചു നിങ്ങളെ ഭരിക്കുകയും ചെയ്യുമെന്ന കാര്യം നാം പ്രത്യക്ഷമായി നിങ്ങളുടെ സ്നേഹത്തെ അറിയിച്ചു കൊള്ളുന്നു.

നമ്മോടു പുനരൈക്യപ്പെടുന്നതു നിമിത്തം നിങ്ങളുടെ പള്ളികളും ആശ്രമങ്ങളും നിങ്ങൾക്കു നഷ്ടമായി ഭവിക്കുമെന്നു നിങ്ങൾ എഴുതിയതിനെക്കുറിച്ചു നാം സത്യം സത്യമായി നിങ്ങളെ അറിയിക്കുന്നു. ഇൻഡ്യയിലുള്ള ശ്രേഷ്ഠ മേല്പട്ടക്കാരായ സഹോദരങ്ങൾ, വന്ദ്യവൈദികരോടും അനുഗ്രഹീതജനങ്ങളോടും കൂടെ നമ്മോടു യോജിച്ചതിന്റെ ശേഷം നാം സർവ്വശക്തിയുമുപയോഗിച്ചു റോമിലെ മാർപ്പാപ്പാ മൂലം ലണ്ടനിലുള്ള അധികാരികളുടെ അടുക്കൽ നിങ്ങളുടെ പള്ളികളും ആശ്രമങ്ങളും നിങ്ങൾക്കായി സംരക്ഷിക്കപ്പെടുവാൻ ശ്രമിക്കുന്നതാണ്. നിങ്ങളുടെ പുനരൈക്യത്തിനും വൈദികരുടെയും വൈദികവിദ്യാർത്ഥികളുടെയും മറ്റും ആവശ്യങ്ങളുടെ പൂർത്തീകരണത്തിനുമായി ദൈവത്തിൽ ആശ്രയിച്ചു കഴിയുന്നത്ര നാം ഉൽസാഹിക്കുന്നതാണ്. ആശ്രമക്കാരുടെ പുലർച്ചയ്ക്കും ഇൻഡ്യയിലുള്ള ശ്രേഷ്ഠജനത്തെ ശുശ്രൂഷിക്കുവാനിരിക്കുന്ന വൈദികരുടെ സംരക്ഷണയ്ക്കും വേണ്ടി നാം വളരെ ഉൽസാഹിക്കുമെന്ന് ജീവനുള്ളവനും സർവ്വശക്തനുമായ ദൈവത്തിൽ നാം ഉറപ്പു നല്കിക്കൊള്ളുന്നു. നമ്മുടെ കർത്താവു കല്പിച്ചരിക്കുന്നതു പോലെ അവർ ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകുന്നു. ആകയാൽ അവർ മറ്റുള്ളവരെ പഠിപ്പിച്ചു പ്രകാശിപ്പിക്കത്തക്കവണ്ണം അവർ സത്യോപദേശങ്ങളിൽ (പഠനങ്ങളിൽ)പ്രശോഭിക്കുവാൻ ആവശ്യമാകുന്നു. അവർ നമ്മുടെ നാഥനായ മ്ശിഹായുടെ ഇടവകക്കൊക്കെയ്ക്കും നല്ല ദൃഷ്ടാന്തവും നല്ല പ്രതിഛായയും ആകുവാനായി ശ്രേഷ്ഠവും നല്ലതുമായ കാര്യങ്ങളിൽ ശോഭിക്കുവാൻ ചുമതലപ്പെട്ടവരുമാകുന്നു.

നാം ദൈവമായ കർത്താവിനോടു തന്റെ കൃപയുടെ ചിറകിൻ കീഴെ നിങ്ങളെ മറയ്ക്കുന്നതിനും, സകല തിന്മകളിൽ നിന്നും നിങ്ങളെ കാത്തുകൊള്ളുന്നതിനും, സകല സുകൃതങ്ങളിലും നിങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും, ദിവ്യകല്പനകളെയും സഭയുടെ പ്രമാണങ്ങളെയും പൂർത്തീകരിക്കുന്നതിനു സഹായിക്കുന്നതിനും, നിങ്ങൾക്കും നിങ്ങളുടെ സകല ഇടവകയ്ക്കും വിസ്തൃതമായ വാഴ്വുകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി അപേക്ഷിക്കുന്നു.

ഇൻഡ്യയിലുള്ള സുറിയാനിക്കാരായ തീക്ഷ്ണതയുള്ള ജനമൊക്കെയുടെയും ഐക്യമത്യവും യോജിപ്പും നിർവ്വഹിക്കപ്പെടുമെന്നും തന്റെ സഹായത്തിൽ നാം ശരണപ്പെടുന്നു. നിങ്ങളോരോരുത്തർക്കും ശ്ലൈഹികാശീർവാദം നാം നല്കുന്നു. ഈ എഴുത്തിനു ഒരു മറുപടി താൽപ്പര്യത്തോടെ പ്രതീക്ഷിക്കുന്നു.

നമ്മുടെ കർത്താവിൽ സുഖമായി വസിച്ചാലും.

റഹമാനിപാത്രിയർക്കീസ് (ഒപ്പ്)

ക്രിസ്താബ്ദം 1926-(തെശ്റീൻക്ദിം) ഒക്ടോബർ 12-ാം തീയതി ബേറൂട്ടിലുള്ള പാത്രിയർക്കാഅരമനയിൽ വെച്ചു എഴുതപ്പെട്ടത്.

* * * *

## മാർ ഈവാനിയോസ് അയച്ച മറുപടി

തന്റെ സെക്രട്ടറിക്കു ലഭിച്ച മേലുദ്ധരിച്ച കത്തിനുള്ള മറുപടി മാർ ഈവാനിയോസ് തന്നെ റഹമാനി പാത്രിയർക്കീസിനു അയച്ചു കൊടുക്കുകയുണ്ടായി. പ്രസ്തുത കത്തിന്റെ പരിഭാഷ ചുവടെ ചേർക്കുന്നു:-

"പിതാക്കന്മാരുടെ പിതാവും തലവന്മാരുടെ തലവനും സിറിയായിലും കിഴക്കൊക്കയുമുള്ള കത്തോലിക്കരായ സുറിയാനിവംശത്തിന്റെ മേൽ അധികാരമുള്ളവനും ശ്രേഷ്ഠനുമായ അന്ത്യോഖ്യായുടെ ശ്ലൈഹിക സിംഹാസനത്തിൽ വാണരുളുന്ന അപ്രേം ദ്വിതീയൻ ആകുന്ന ആ ബൂൻ മോറാൻ മോർ ഇഗ്നാത്തിയോസ് റഹമാനി പാത്രിയർക്കീസിന്."

അവിടത്തെ ശ്രേഷ്ഠപൗരോഹിത്യത്തിന്റെ ഉന്നതപദവിയെ കാത്തുപുകഴ്ത്തുന്ന കർത്താവിന്റെ നാമത്തിൽ അങ്ങയുടെ നിർമ്മലവും പരിപാവനവുമായ കരങ്ങൾ മുത്തിയശേഷം അറിയിക്കുന്നതെന്തെന്നാൽ:-

ക്രിസ്താബ്ദം 1926 തെശ്റീൻക്ദിം (ഒക്ടോബർ) പന്ത്രണ്ടാം തീയതി ബയ്റൂട്ടിലുള്ള പാത്രിയർക്കാഅരമനയിൽ വെച്ചു എഴുതിയതും ബലഹീനനായ എന്റെ സെക്രട്ടറിയുടെ പേർക്കു അയച്ചതുമായ അങ്ങയുടെ സ്നേഹപൂർവ്വകവും, വാൽസല്യം തുളുമ്പുന്നതുമായ കല്പന കിട്ടി. അവിടത്തെ കല്പനയിൽ എഴുതിയിരിക്കുന്ന സകല കാര്യങ്ങൾക്കു വേണ്ടിയും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അവിടത്തോടും ഭൂലോകത്തിന്റെ നാനാഭാഗത്തുമുള്ള വി. കത്തോലിക്കാസഭയോടുമുള്ള യോജിപ്പിന്റെയും ഐകമത്യത്തിന്റെയും മാർഗ്ഗം താമസംവിനാ ഞങ്ങൾക്കുവേണ്ടി തുറക്കപ്പെടുമെന്നു ഞാൻ പ്രത്യാശിക്കുന്നു. അന്ത്യോഖ്യാസുറിയാനി സഭയുടെ എല്ലാക്രമങ്ങളും അഭംഗമായി അവിടുന്നു പരിപാലിക്കുന്നു എന്നു അറിയുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അന്ത്യോഖ്യൻ സുറിയാനിക്രമങ്ങളും ഇൻഡ്യയിലുള്ള ഞങ്ങളുടെ മേല്പട്ടക്കാരുടെ സുന്നഹദോസിന്റെ ക്രമങ്ങളും അങ്ങയോടും റോമൻകത്തോലിക്കാസഭയോടുമുള്ള ഐക്യത്തിന്റെയും യോജിപ്പിന്റെയും ശേഷം പരിരക്ഷിക്കപ്പെടുകയും നിലനിറുത്തപ്പെടുകയും ചെയ്യുമെന്നു ഞങ്ങൾ ദൈവത്തിൽ ശരണപ്പെടുന്നു. ഈ വിഷയത്തെക്കുറിച്ചും ഇതരകാര്യങ്ങളെപ്പറ്റിയും ഞാൻ അവിടത്തേയ്ക്കു പിന്നാലെ എഴുതുന്നതാണ്.

പൗരസ്ത്യ ശ്ലൈഹികസിംഹാസനത്തിന്മേൽ വാണരുളുന്ന മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് കാതോലിക്കായും അദ്ദേഹത്തിന്റെ കൂടെയുള്ള മേല്പട്ടക്കാരും അങ്ങയുടെ സൌഖ്യത്തെ പ്രത്യേകം ചോദിച്ചിരിക്കുന്നു.

ഈ കത്തും ഞാൻ അയച്ചിട്ടുള്ള മറ്റുകത്തുകളും രഹസ്യമായി സൂക്ഷിക്കുമെന്നും പരസ്യപ്പെടുത്തുകയില്ലെന്നും വിശ്വസിക്കുന്നു. അവിടത്തെ പ്രാർത്ഥനകളിലും കുർബാനകളിലും എന്നെ ഓർക്കണമെന്നും ഈ എഴുത്തിന്റെ മറുപടി രജിസ്റ്റർ ചെയ്ത് അയയ്ക്കണമെന്നും അവിടത്തെ അനുഗ്രഹത്തിന്റെ വലത്തുകൈ നീട്ടി എന്നെ ആശീർവദിക്കണമെന്നും അപേക്ഷിക്കുന്നു.

ബാറക്മോർ, അൽശുബുക്കോനോ.
അവിടത്തെ പരിശുദ്ധതയുടെ ശുശ്രൂഷകൻ,

ബഥനിയുടെ ബലഹീനനായ ഈവാനിയോസ്
ഗീവറുഗീസ് എപ്പിസ്കോപ്പാ (ഒപ്പ്)

ഇൻഡ്യയിൽ തിരുവല്ലാഗ്രാമത്തിലുള്ള ബഥനിയിൽ നിന്നു ക്രിസ്താബ്ദം 1927-ാംമാണ്ടു തെശ്റീൻക്ദീം (ഒക്ടോബർ) 30-ാം തീയതി.

*  *  *  *

## പാത്രിയർക്കീസയച്ച മറുപടിക്കത്ത്

അന്ത്യോഖ്യാ റഹമാനിപാത്രിയർക്കീസിനു മാർ ഈവാനിയോസു നേരിട്ടു എഴുതിയ കത്തിനു ഒരു വർഷം കഴിഞ്ഞാണ് പാത്രിയർക്കീസ് മറുപടി അയച്ചുകൊടുത്തത്. ഇപ്രകാരമുണ്ടായ താമസത്തിനു കാരണം മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ തങ്ങളെ സ്വീകരിക്കണമെന്ന് ഇതര മെത്രാന്മാരുടെ ആലോചനയോടുകൂടെ മാർ ഈവാനിയോസു റോമിലേക്കു മെമ്മോറാണ്ഡങ്ങളയച്ച വിവരം പാത്രിയർക്കീസ് എങ്ങനെയോ അറിഞ്ഞതായിരിക്കണം എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അന്ത്യോഖ്യയിലുള്ള യാക്കോബായസഭയേയും, അതിന്റെ മേലധികാരികളെയും, അവരുടെ കൈവെയ്പിന്റെയും സാധുതയേയും ആരാധനക്രമങ്ങളെയും പറ്റിയുള്ള യഥാർത്ഥ വിവരങ്ങൾ അറിയിക്കുന്നതിനായി റോമിൽ നിന്നും പാത്രിയർക്കീസിന്റെ പേർക്കു കത്തുകൾ അയച്ചിരിക്കണം.പ്രസ്തുത കത്തുകൾ മുഖേന മലങ്കരയിലെ ഓർത്തഡോക്സു മെത്രാന്മാരുടെ പുനരൈക്യത്തിനുള്ള ആഗ്രഹം മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാണെന്ന് പാത്രീയർക്കീസ് ഗ്രഹിച്ചതു നിമിത്തം മാർ ഈവാനിയോസിനു മറുപടി അയക്കുവാൻ ഒരു വർഷം താമസിക്കുകയുണ്ടായി. പ്രസ്തുത മറുപടിക്കത്താണു ചുവടെ ചേർക്കുന്നത്:-

“സർവ്വശക്തനും സാരാംശസമ്പൂർണ്ണനുമായിരിക്കുന്ന ആദ്യന്തമില്ലാത്ത നിത്യപിതാവിന്റെ തിരുനാമത്തിൽ-

അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹികസിംഹാസനത്തിന്റെ ബലഹീനനായ അപ്രേം ദ്വിതീയനാകുന്ന ഇഗ്നാത്തിയോസ് റഹമാനിപാത്രിയർക്കീസ്.

(മുദ്ര)

സെഹിയോൻ മാളികയിൽ വെച്ചു വിശുദ്ധ ശ്ലീഹാന്മാരുടെ മേൽ ആവസിച്ച ശ്ലൈഹികവാഴ്വ് ഇൻഡ്യയിലുള്ള ബഥനിയുടെ മാർ ഈവാനിയോസ് മെത്രാന്റെ മേൽ വന്നാവസിക്കുമാറാകട്ടെ.

കർത്താവിൽ പ്രിയസഹോദരനു സമാധാനം.

കഴിഞ്ഞവർഷം-1927 തെശ്റീൻക്ദിം(ഒക്ടോബർ) 30-ാം തീയതി - എഴുതിയ അവിടത്തെ ശ്രേഷ്ഠതയുടെ കത്തുകൾ വായിച്ചപ്പോൾ ഇടയന്മാരുടെ ഇടയനായ നമ്മുടെ കർത്താവേശുമ്ശിഹായ്ക്കു അനശ്വരങ്ങളായ സ്തോത്രങ്ങളും തന്റെ ബഹുലങ്ങളായ കൃപകൾക്കു അഭംഗമായ സ്തുതികളും പ്രതിനന്ദിയായി നാം അർപ്പിക്കയുണ്ടായി. അവിടത്തെ ക്ഷേമവാർത്തയിൽ നാം ആനന്ദിക്കയും അവിടത്തെ സ്തുത്യർഹ വിജ്ഞാനത്തിലും ഇമ്പമേറിയ മറുപടിയിലും ഞാൻ ആഹ്ളാദിക്കുകയും ചെയ്യുന്നു. വിശിഷ്യ, വി. കത്തോലിക്കാസഭയോടും സുറിയാനിക്കാരുടെ അന്ത്യോഖ്യയിലെ ശ്ലൈഹികസിംഹാസനത്തോടുമുള്ള ഐക്യത്തിന്റെ പ്രകാശകിരണങ്ങൾ അവിടത്തെ നിർമ്മലമനസ്സാക്ഷിയിൽ ഉദ്ദീപിപ്പിച്ചതിൽ നാം അതിയായി സന്തോഷിക്കയും സർവ്വശക്തനെ പുകഴ്ത്തുകയും ചെയ്യുന്നു. സങ്കീർത്തകനായ വി. ദാവീദിനോടുകൂടെ നാമും പ്രകീർത്തിച്ചു പറയുന്നു. “ഓ കർത്താവേ! അങ്ങേ മഹത്വം ഗ്രഹിച്ചവർ വാഴ്ത്തപ്പെട്ടവരാകുന്നു. അവർ അങ്ങേ നാമത്തിൽ സന്തോഷിക്കുകയും അങ്ങെ നീതിയെ മഹത്വപ്പെടുത്തുകയും ചെയ്യും.”

അവിടത്തെ ബഹുമാന്യസെക്രട്ടറിയുടെ പേർക്കു നാം അയച്ച ലേഖനം അങ്ങേയ്ക്കു വളരെ ഇഷ്ടപ്പെട്ടുവെന്നു എഴുത്തിൽ കാണിച്ചിട്ടുണ്ടല്ലോ. നമ്മുടെ നിഷ്കളങ്കമായ ഹൃദയത്തിൽ നിന്നും നാം താങ്കളോടു പറയുന്നു. പുനരൈക്യത്തിന്റെ പരിശുദ്ധമായ മാർഗ്ഗം നിങ്ങൾക്കായി വെയ്ക്കപ്പെട്ടിരിക്കുന്നു. വി. റോമാസഭയോടും നമ്മോടുമുള്ള ഐക്യത്തിന്റേയും സ്നേഹത്തിന്റേയും, വിസ്തൃതകവാടം നിങ്ങളുടെ മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നു. ഇതുമൂലം ആഗോളവ്യാപകമായ വിശുദ്ധ സഭയുടെ മക്കളായിത്തീരുന്നതിനുള്ള ഭാഗ്യം നിങ്ങൾക്കു സിദ്ധിക്കുന്നു. അപ്പോസ്തോലപ്രമുഖനായ വി. പത്രോസിന്റെ സിംഹാസനത്തിൽ പിൻതുടർച്ചാവകാശിയായ മാർപ്പാപ്പായത്രെ വിശുദ്ധ സഭയുടെ പ്രധാന തലവൻ. സുവിശേഷപ്രസംഗത്താൽ മാനസാന്തരപ്പെട്ടവർക്കു എവിടെ വെച്ചു ക്രിസ്ത്യാനികളെന്നുള്ള നാമധേയം ലഭിച്ചുവോ ആ പ്രത്യേക പ്രശംസയ്ക്കു അർഹമായ അന്ത്യോഖ്യയിലെ വിശുദ്ധസഭയിൽ നിങ്ങൾ ബഹുമാന്യഅംഗങ്ങളായി പരിഗണിക്കപ്പെടും. നമ്മുടെ കർത്താവും തന്റെ ശിഷ്യന്മാരും സംസാരിച്ച സുറിയാനിഭാഷയിൽ സ്ഥാപിതവും ശ്ലൈഹികവുമായ അതിന്റെ ക്രമ

ങ്ങളും അതിന്റെ കാനോനുകളും കണ്ണിന്റെ കൃഷ്ണമണിയെന്നോണം നാം അഭംഗമായി സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. വിശ്വാസികളുടെ പൊതുവായ ഉപയോഗത്തിനുള്ള പുസ്തകങ്ങൾ ശരിക്കു ക്രമപ്പെടുത്തി നല്കുന്നതിലും അതിൽ കലർപ്പു കലരാതെ സൂക്ഷിക്കുന്നതിലും നിന്നു നാം ഒരിക്കലും മൗനം ദീക്ഷിച്ചിട്ടില്ല. വി.ശ്ലീഹാന്മാരും, അന്ത്യോഖ്യസഭയിൽ പ്രശോഭിച്ചിട്ടുള്ള പിതാക്കന്മാരും, പണ്ഡിതന്മാരായ മല്പാന്മാരും സ്ഥാപിച്ചിട്ടുള്ള ക്രമം ഇതു തന്നെയാകുന്നുവെന്നു നാം മുൻകൂട്ടി അറിഞ്ഞിരിക്കുന്നു. ഇക്കാരണത്താലത്രെ നിങ്ങൾ നമ്മോടുകൂടി യോജിക്കണമെന്നു നാം ആഗ്രഹിക്കുന്നത്. അല്ലാതെ അധികാരഭ്രമമോ ഭരണമോഹമോ നിമിത്തമല്ലെന്നു നാം പറയുന്നു. മേൽ പ്രസ്താവിച്ച കാര്യങ്ങൾ ശരിയാണെന്നും നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടി ഒരു കുർബാനതക്സായും നാം ഇപ്പോൾ അച്ചടിപ്പിച്ചുകൊണ്ടിരിക്കുന്ന പൗരോഹിത്യാഭിഷേകക്രമവും ഇതു സഹിതം അവിടത്തേക്കു ഇന്നുതന്നെ അയയ്ക്കുന്നു. ബാക്കിയുള്ള സഭാപരമായ ഗ്രന്ഥങ്ങൾ തിരുമേനിയുടെ പേർക്കു പിന്നാലെ അയച്ചു തരുവാൻ ശ്രമിക്കുന്നതാണ്.

ഇതുകൂടാതെ വീണ്ടും നാം ആവർത്തിച്ചു പറയുന്നു. നമ്മോടുകൂടെ യോജിക്കുന്ന മേല്പട്ടക്കാർക്കു അവരവരുടെ സ്വന്തസിംഹാസനങ്ങളിന്മേൽ ഭരണം തുടരാവുന്നതാണ്. അതാതുകാലങ്ങളിൽ ഇൻഡ്യയ്ക്കായി അഭിഷേചിക്കപ്പെടുന്ന മെത്രാന്മാരുടെ ആത്മീയാധികാരം പരിരക്ഷിക്കപ്പെടുന്നതാണ്. ഇൻഡ്യയിൽ നിന്നുതന്നെ രൂപതാഭരണത്തിനായി മേലപട്ടക്കാർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നതാണ്.

മഹത്വമുള്ളവനും ഉന്നതമപ്രിയാനുമായ മാർ ബസ്സേലിയോസ് കാതോലിക്കായ്ക്കും അദ്ദേഹത്തിന്റെ പിൻഗാമികളായി ഇൻഡ്യയിൽ നിങ്ങളുടെ ദേശങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്കും, അവിടെയുള്ള സകല മേല്പട്ടക്കാരുടെയും, വൈദികരുടെയും, ജനങ്ങളുടെയും മേൽ അധികാരമുണ്ടായിരിക്കുന്നതാണ്. കത്തോലിക്കാ തിരുസഭയുടെ തലവനാകുന്ന റോമിലെ മാർപ്പാപ്പായെയും അന്ത്യോഖ്യാ പാത്രിയർക്കീസിനെയും സഭയുടെ കാനോനകളനുസരിച്ചു അവർ അനുസരിക്കട്ടെ. "ഒരു തൊഴുത്തും ഒരിടയനു"മെന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വചനം ഇതിനാൽ നിവർത്തിക്കപ്പെടട്ടെ. നമ്മുടെ ശക്തിമുഴുവനും ഐക്യത്തിനുവേണ്ടി വിനിയോഗിക്കുന്നതിനു ദൈവമുമ്പാകെ നമുക്കുള്ള കർത്തവ്യം നാം വിസ്മരിക്കരുത്. വൈദികന്മാരും

ജനങ്ങളും ആത്മീയകാര്യങ്ങളിൽ അവരവരുടെ നില പരിപാലിക്കു കയും നന്മകളുടെയും മഹത്വങ്ങളുടെയും ഉന്നതിയിലേക്കു അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നതിൽ അതീവതാല്പര്യം പ്രകടിപ്പിക്കേണ്ട താണ്.

മാൻ നീർത്തോടുകൾക്കായി കാംക്ഷിക്കുന്നതുപോലെ ഐക്യ ത്തിന്റെ ഈ പ്രവൃത്തിമൂലം നമ്മുടെ ആത്മാവു കർത്താവിന്നായി ആഗ്ര ഹിക്കുന്നു. അവിടത്തെ ശ്രേഷ്ഠതയിൽ നിന്നും ഇൻഡ്യയിലുള്ള മറ്റു മേല്പട്ടക്കാരിൽ നിന്നും വ്യക്തവും വിശദവുമായ ഒരെഴുത്തു നാം താല്പര്യപൂർവ്വം പ്രതീക്ഷിക്കുന്നു. റോമൻകത്തോലിക്കാസഭയോടും നമ്മോടുമുള്ള നിങ്ങളുടെ ഐക്യത്തെ ഉറപ്പിക്കുന്നതും പൊതുവായിട്ടുള്ളതുമായ നിങ്ങളുടെ നിശ്ചയങ്ങൾ നമ്മെ അറിയിക്ക ണം. ഏവംവിധമുള്ള ഒരു എഴുത്തു നിങ്ങളിൽനിന്നും നമുക്കു ലഭിച്ച ശേഷം സകല കാര്യങ്ങളിലും നിങ്ങളെ നാം സഹായിക്കുന്നതാണ്. നിങ്ങളുടെ അപേക്ഷകൾ കേൾക്കപ്പെടുകയും നിങ്ങളുടെ അഭ്യർത്ഥ നകൾ സ്വീകരിക്കപ്പെടുകയും ചെയ്യുന്നതാണ്. മഹത്വമുള്ളവരായ മാർ ബസ്സേലിയോസു ഗീവറുഗീസ് കാതോലിക്കായും ഇതുപോലെയുള്ള ഒരു എഴുത്തു നമ്മുടെ പേർക്കു അയയ്ക്കുന്നതു നന്നായിരിക്കും.

നിങ്ങളുടെ ആലോചനയും അഭീഷ്ടവും അനുസരിച്ചു ഐക്യ ത്തിന്റെ പ്രവർത്തനം പൂർത്തീകരിക്കപ്പെടുന്നതുവരെ നാം തമ്മിൽ രഹ സ്യമായി നടത്തിയിട്ടുള്ള എഴുത്തുകുത്തുകളിൽ ഒരു വാക്കുപോലും ശ്രേഷ്ഠപുരോഹിതനായ റോമിലെ മാർപ്പാപ്പായെ അല്ലാതെ മറ്റാരെയും അറിയിക്കുന്നതല്ലെന്നു ഉറപ്പായി വിശ്വസിച്ചാലും.

ആവശ്യം എന്നു തോന്നുന്നപക്ഷം സുറിയാനിയിലും ഇംഗ്ലീ ഷിലും വ്യുല്പത്തിയുള്ള രണ്ടോ മൂന്നോ വൈദികന്മാരെയോ ഒരു മെത്രാനെയൊ ഇവിടെ നിന്നും നിങ്ങളുടെ രാജ്യത്തേയ്ക്കു അയയ് ക്കുവാൻ നാം തയ്യാറാണ്. നാം എഴുതിയ എഴുത്തുകുത്തുകളിലെ ഉള്ള ടക്കത്തെക്കുറിച്ചു മുഖാമുഖമായി സംസാരിച്ചു നമ്മുടെ ഹൃദയത്തെ അവർ പ്രകടമാക്കി അറിയിക്കുന്നതാണ്.

അവസാനമായി ഉന്നതമപ്രിയാൻ ആയ നമ്മുടെ സഹോദരൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് കാതോലിക്കായെ നിർമ്മലസ്നേ ഹത്താൽ ആശ്ലേഷിക്കുകയും അവിടത്തെ പ്രിയ ശ്രേഷ്ടഠതയെയും പുണ്യവാന്മാരായ മറ്റു മേല്പട്ടക്കാരെയും നാം ആലിംഗനം ചെയ്യു

കയും ചെയ്യുന്നു. കർത്താധികർത്താവായ ദൈവത്തിന്റെ സന്നിധിയിൽ നമ്മുടെ ഹൃദയകരങ്ങളെ നീട്ടുകയും ഈ സ്തുത്യർഹമായ പ്രവൃത്തി ശുഭമായി പരിണമിപ്പിക്കുവാൻ ദീർഘനിശ്വാസത്തോടുകൂടെ അവിട ത്തോടു നാം യാചിക്കുകയും ചെയ്യുന്നു. ദൈവീകനല്വരങ്ങളാൽ നിങ്ങളെ നിറയ്ക്കുന്നതിനും, ബഹുലങ്ങളായ കൃപകൾ നിങ്ങളുടെ മേൽ വർഷിക്കപ്പെടുന്നതിനും, സ്വർഗ്ഗീയവും ഭൗമികവുമായ ആശീർവാ ദങ്ങൾ നിങ്ങൾക്കും നിങ്ങളുടെ എല്ലാ ഇടവകാംഗങ്ങൾക്കും വർദ്ധി ക്കുന്നതിനുമായി നാം പ്രത്യേകം അപേക്ഷിക്കുന്നു. തന്റെ കരുണയേ റിയ കണ്ണുകളാൽ സകല ആപത്തുകളിൽ നിന്നും പരീക്ഷകളിൽ നിന്നും നാം സംരക്ഷിക്കപ്പെടുമാറാകട്ടെ. സകല നന്മപ്രവർത്തനങ്ങ ളിലും നാം നിങ്ങളോടു കൂടെ ഉണ്ടായിരിക്കും. കർത്താവിൽ നിങ്ങൾ സുഖമായി വസിച്ചാലും.

ക്രിസ്താബ്ദം1929 കോനൂൻഹ്രോയി (ജനുവരി) 5-ാം തീയതി ബേറൂട്ടിലുള്ള സുറിയാനിപാത്രിയർക്കാ അരമനയിൽ വെച്ചു എഴുത പ്പെട്ടത്.

അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹികസിംഹാ സനത്തിന്റെ ബലഹീനനായ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ

റഹമാനി പാത്രിയർക്കീസ് (ഒപ്പ്)

*           *           *           *

## മാർ ഈവാനിയോസ് അയച്ച മറുപടി

മാർ ഈവാനിയോസിന്റെ പേർക്കു റഹമാനിപാത്രിയർക്കീസ് അയച്ച സുദീർഘമായ കത്തിനു മാർ ഈവാനിയോസ് അയച്ചുകൊ ടുത്ത മറുപടിയാണു താഴെ ചേർക്കുന്നത്.

“വലിയവനും ഉന്നതനും ശ്രേഷ്ഠനും ഭാഗ്യവാനുമായി അന്ത്യോ ഖ്യായുടെ ശ്ലൈഹികസിംഹാസനത്തിന്മേൽ ഭരിക്കുന്ന ആബുൻ മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിനു, അങ്ങയെ സംര ക്ഷിക്കുന്നവനും അവിടത്തെ ശ്രേഷ്ഠപൗരോഹിത്യത്തെ പുകഴ്ത്തു ന്നവനുമായ കർത്താവിന്റെ നാമത്തിൽ.

അവിടത്തെ പരിശുദ്ധതയുടെ തൃക്കരങ്ങൾ മുത്തിയശേഷം അങ്ങയുടെ ശ്രേഷ്ഠപൗരോഹിത്യത്തോടെ ഞാൻ അറിയിക്കുന്നതെ

ന്തെന്നാൽ:- ഈ വർഷം കോനൂൻഫ്രോയി (ജനുവരി) മാസം 15-ാം തീയതി അവിടുന്നയച്ച കല്പന എനിക്കു യഥാകാലം ലഭിച്ചു. കിഴക്കിന്റെ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാബാവായെയും വന്ദ്യ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായേയും പ്രസ്തുതകല്പന ഞാൻ കാണിച്ചു. അവർ എന്നോടു കല്പിച്ചതനുസരിച്ചത്രേ ഈ മറുപടി ഞാൻ അയയ്ക്കുന്നത്.

കഴിഞ്ഞ ആഴ്ചയിൽ ഇംഗ്ലീഷ്ഭാഷയിൽ ഒരു എഴുത്തു ഞാൻ അവിടത്തേയ്ക്കയച്ചിരുന്നു. ആ എഴുത്തിൽ നിന്നും ബലഹീനനായ എന്റെ കാര്യങ്ങളെല്ലാം അവിടുന്നു ഗ്രഹിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. ഇംഗ്ലീഷ് ഭാഷ അറിയാവുന്ന ഏതാനും വൈദികർ അവിടത്തെ സന്നിധിയിലുണ്ടെന്നു അവിടുത്തെ എഴുത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. ഇംഗ്ളീഷ് ഭാഷയിലെഴുതുവാൻ ഞങ്ങൾക്കു കൂടുതൽ പ്രാപ്തിയുള്ളതുകൊണ്ടു അവിടുന്നു തടയാത്തപക്ഷം ഇംഗ്ളീഷിൽ തന്നെ മേലാൽ ഞാൻ എഴുതുന്നതാണ്. ഇംഗ്ളീഷിലോ സുറിയാനിലോ അവിടത്തെ ഹിതാനുസരണം എനിക്കു എഴുതാവുന്നതാകുന്നു. ഇവിടെയുള്ള സകല മേല്പട്ടക്കാരും യോജിപ്പിന്റെയും ഐക്യതയുടെയും കാര്യം ആലോചിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകമായി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അവിടത്തെ സിംഹാസനത്തിൻകീഴിലുള്ള ഇടവകകളെല്ലാം എങ്ങനെയിരിക്കുന്നു എന്നറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എത്ര മെത്രാപ്പോലീത്തന്മാരും വൈദികന്മാരും ജനങ്ങളും അവിടത്തെ കീഴിലുണ്ടെന്നും, വിദ്യാഭ്യാസസ്ഥാപനങ്ങൾ എത്രയുണ്ടെന്നും, വൈദികന്മാരുടെയും വൈദികവിദ്യാർത്ഥികളുടെയും ആവശ്യങ്ങൾ എപ്രകാരം നിർവ്വഹിക്കപ്പെടുന്നുവെന്നും അറിയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ വക ചോദ്യങ്ങൾ ഞാൻ ചോദിക്കുന്നതുകൊണ്ടു അവിടത്തേയ്ക്കു അല്പം പോലും വിഷമമുണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മഹത്വമുള്ളവനായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കായും, വന്ദ്യനായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, ബലഹീനനായ ഞാനും അവിടെ നിന്നും അയച്ചുതന്ന വി.കുർബാനതക്സാ പരിശോധിച്ചു. ഇവിടെ ഞങ്ങൾ ഉപയോഗിക്കുന്ന തക്സായും പ്രസ്തുത തക്സായും തമ്മിൽ കാര്യമായ വ്യത്യാസം ഒന്നും തന്നെയില്ല. അവിടെ ഉപയോഗിക്കുന്ന മറ്റു ആരാധനപ്പുസ്തകങ്ങൾ കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ആകയാൽ വൈദികരുടെ ശുശ്രൂ

ഷയ്ക്കു ആവശ്യമായ മറ്റു പുസ്തകങ്ങളും വൈദികസഹായിയും, പെങ്കീസാപുസ്തകവും മേലപട്ടക്കാർക്കാവശ്യമുള്ള പുസ്തകങ്ങളും കാനോൻ നിയമങ്ങളും ഞങ്ങൾക്കു അയച്ചുതരുവാൻ ദയവുണ്ടാകണമെന്നപേക്ഷിക്കുന്നു.

മഹത്വമുള്ളവനായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കായും, വന്ദ്യനായ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, ഞങ്ങളെല്ലാവരും അവിടത്തെ സൌഖ്യവിവരം അന്വേഷിക്കുന്നു. അവിടത്തെ ആശീർവാദം പ്രത്യേകം അപേക്ഷിക്കുകയും ചെയ്യുന്നു. റോമൻ കത്തോലിക്കാസഭയോടും അവിടത്തെ സിംഹാസനത്തോടുമുള്ള ഞങ്ങളുടെ സഭയുടെ ഐക്യത്തെ സംബന്ധിച്ചു കൂടുതലായും വ്യക്തമായും അവിടുത്തേക്കു വീണ്ടും എഴുതുവാൻ സാധിക്കുമെന്നു ഞാൻ ദൈവത്തിൽ പ്രത്യാശിക്കുന്നു.

ബാറെക്മോർ, അൽശുബുക്കോനോ.

എന്ന്,

അവിടത്തെ ശുശ്രൂഷകൻ ബഥനിയുടെ ബലഹീനനായ മാർ ഈവാനിയോസ് ഗീവറുഗീസ് എപ്പിസ്ക്കോപ്പാ.(ഒപ്പ്)

ബഥനി മെത്രാസന അരമനയിൽ നിന്നും ക്രിസ്താബ്ദം 1929-ാമാണ്ടു തോമ്മൂസ് (ജൂലായ്) മാസം 27-ാം തീയതി.

*          *          *          *

## പാത്രിയർക്കീസിന്റെ മറുപടി

റഹമാനി പാത്രിയർക്കീസിനു കഥാപുരുഷൻ അയച്ചതും മേലുദ്ധരിച്ചതുമായ കത്തു ലഭിച്ച ഉടൻ തന്നെ അതിനുള്ള മറുപടി പാത്രിയർക്കീസ് അയച്ചുകൊടുക്കുകയുണ്ടായി. സുറിയാനിയിൽ എഴുതിയിരുന്ന പ്രസ്തുത കത്തിന്റെ പരിഭാഷയാണു താഴെ ചേർക്കുന്നത്.

അന്ത്യോഖ്യയുടെ മോറാൻ മാർ ഇഗ്നാത്തിയോസു അപ്രേംദ്വിതീയൻ റഹമാനി പാത്രിയർക്കീസ്.

സെഹിയോൻ മാളികയിൽ വെച്ചു വിശുദ്ധ അപ്പോസ്തോലന്മാരുടെ മേൽ ആവസിച്ച ശ്ലൈഹികവാഴ്വുകൾ ബഥനിയുടെ മേലപട്ടക്കാരനായ മാർ ഈവാനിയോസ് ഗീവറുഗീസ് എപ്പിസ്കോപ്പായുടെ മേൽ വന്നാവസിക്കുമാറാകട്ടെ. ദൈവത്തിന്റെ കൃപകൾ അപകടസം

പൂർണ്ണമായ സകല ആപത്തുകളിൽ നിന്നും അദ്ദേഹത്തെ കാത്തു കൊള്ളുമാറാകട്ടെ.

ഈ വർഷം തോമൂസ്(ജൂലൈ)27-ാം തീയതി സ്നേഹപുരസ്സരം നിങ്ങൾ അയച്ച എഴുത്തും പ്രസ്തുത തീയതിയിൽ തന്നെ ഇംഗ്ളീഷി ലെഴുതിയ കത്തും യഥാകാലം നമുക്കു ലഭിച്ചു. നിങ്ങൾക്കു സൌഖ്യമെന്നറിയുന്നതിൽ ദൈവത്തെ നാം സ്തുതിക്കുന്നു. നമുക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുന്നു എന്നും നിർമ്മലമായ ഹൃദ യത്തോടെ നിങ്ങൾ നമ്മെ സ്നേഹിക്കുന്നുണ്ടെന്നുമറിഞ്ഞു നാം അതി യായി സന്തോഷിക്കുന്നു. നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ ഇടവക കൾക്കു വേണ്ടിയുമുള്ള അപേക്ഷകളിൽ നിന്നും പ്രാർത്ഥനകളിൽ നിന്നും നാം ഇനിയും വിരമിക്കുന്നതല്ല. ദൈവത്തിന്റെ തിരുവിഷ്ടപ്ര കാരം നമ്മുടെ പ്രതീക്ഷ നിവർത്തിക്കപ്പെടുന്നതിനും മലങ്കരയിലുള്ള സുറിയാനിക്കാരായ വാത്സല്യജനങ്ങൾ നമ്മോടും വിശുദ്ധ കത്തോ ലിക്കാസഭയോടും യോജിച്ചു പുനരൈക്യപ്പെടുന്ന ആ സന്തോഷദിനം കാണുവാൻ ഉള്ള ഭാഗ്യം നമ്മുടെ കണ്ണുകൾക്കു ലഭിക്കുന്നതിനുമായി നാം കർത്താവിൽ പ്രത്യാശാപൂർവ്വം കാത്തിരിക്കുന്നു.

നാം നിങ്ങൾക്കയച്ച എഴുത്തു മാർ ബസ്സേലിയോസ് കാതോലി ക്കായെയും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെയും കാണി ച്ചുവെന്നും, അവർക്കു അതു സ്വീകാര്യമായി തീർന്നുവെന്നും, നമുക്കു എഴുത്തയയ്ക്കുന്നതിനു അവർ നിങ്ങളെ പ്രേരിപ്പിച്ചുവെന്നും അറിഞ്ഞു നമ്മുടെ ഹൃദയം അതിയായി സന്തോഷിക്കുന്നു. ഇംഗ്ളീഷ് ഭാഷയിലും നമ്മുടെ സുറിയാനിഭാഷയിലും നമ്മുടെ പേർക്കു ഇഷ്ടം പോലെ നിങ്ങൾ എഴുത്തയയ്ക്കുന്നതിൽ നമുക്കു യാതൊരു വിരോധവുമില്ല. ആ രണ്ടു ഭാഷകളും നമുക്കു അറിയാവുന്നവയാണ്. എന്നാൽ നാം നിങ്ങളുടെ പേർക്കയയ്ക്കുന്ന മറുപടി സുറിയാനിഭാഷയിൽത്തന്നെ എഴുതുന്നതാണ്.

ഇൻഡ്യയിലുള്ള സകല മേല്പട്ടക്കാരും യോജിപ്പിനു വേണ്ടി പ്രാർത്ഥിക്കുകയും ഐക്യത്തെ കാംക്ഷിക്കുകയും ചെയ്യുന്നു എന്നു നിങ്ങളുടെ എഴുത്തിൽ പ്രസ്പഷ്ടമാക്കിയിട്ടുണ്ടല്ലോ. “ഇതാ, സഹോ ദരന്മാർ ഒരുമിച്ചു വസിക്കുന്നതു എത്ര നല്ലതും എത്ര മനോഹരവുമാ കുന്നു” എന്നു നമുക്കു പറയത്തക്കവിധം സ്തുത്യർഹമായ ആ പ്രവൃത്തി കാലതാമസംവിനാ പൂർത്തിയാകുന്നതിനും സ്നേഹത്തി ന്റെയും ആത്മാർത്ഥതയുടെയും പ്രസ്തുതമാർഗ്ഗം ഫലപ്രദമായിത്തീ

രുന്നതിനും പ്രകാശത്തെ പ്രദാനം ചെയ്യുന്ന ദൈവത്തോടു നാം അപേക്ഷിക്കുന്നു.

സിറിയായിലുള്ള അന്ത്യോഖ്യാസിംഹാസനത്തിനു കീഴ്പ്പെട്ടിരിക്കുന്ന മെത്രാപ്പോലീത്തന്മാരുടെയും മെത്രാന്മാരുടെയും സിംഹാസനങ്ങൾ താഴെ ചേർക്കുന്നു:-

മൂസൽ, ഹലബ്, ദർസൂഖ്, ബാഗ്ദാദ്, ഹമദ്, ഹെമാസ്, മെസ്രം, ലബാനോൻ, ബസ്നഹറീൻ. എന്നിവയത്രെ പ്രസ്തുത സിംഹാസനങ്ങൾ. നമ്മാൽ നിയമിക്കപ്പെടുന്ന മെത്രാന്മാരാണ് പ്രസ്തുത സിംഹാസനങ്ങളെ ഭരിക്കുന്നത്.

അന്ത്യോഖ്യാസിംഹാസനത്തിനു കീഴ്പ്പെട്ടിരിക്കുന്ന കത്തോലിക്കരായ സുറിയാനിക്കാർ മൂസലിലും, സമീപപ്രദേശങ്ങളിലും, ഹലബിലും ചുറ്റുമുള്ള പ്രദേശങ്ങളിലും മർദ്ദീനിനു തെക്കുള്ള പ്രദേശങ്ങളിലും ഫൂനോക്കിയിലും, മിസ്രേനിലും, അലക്സന്ത്രിയായിലും, ഉർശ്ലേമിലും, ബത്ലഹേമിലും, യോഫയിലും ധാരാളം അധിവസിക്കുന്നുണ്ട്.

വൈദികരാകുന്നതിനുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന മൂന്നു വൈദികസെമ്മനാരികൾ നമുക്കിപ്പോഴുണ്ട്. അവയിൽ ഒന്നു ലബാനോൻ മലകളിലും, മറ്റൊന്നു ഉർശ്ലേമിലും, മൂന്നാമത്തേതു മൂസലിലുമാണ്. ഭാഗ്യവനായ അപ്രേമിന്റെ നാമത്തിലുള്ള മുന്നു ദയറാകളും നമുക്കുണ്ട്. ഒന്ന് ലബാനോനിലും, മറ്റൊന്നു റോമിലും, മൂന്നാമത്തേതു മെസ്രേമിലുമാണ്. മൂസലിനടുത്തു മാർ ബഹനാംസഹദായുടെ നാമത്തിലും കരിത്തീമിൽ മാർ യൂലിയോനസോബായുടെയും നാപേക്കയിൽ മാർ മൂശയുടെയും നാമത്തിലുള്ള ദയറാകളും നമുക്കുണ്ട്. പട്ടണങ്ങളിൽ മാത്രമെല്ല, എല്ലാം ഗ്രാമങ്ങളിലും വിദ്യാഭ്യാസാർത്ഥമുള്ള ഓരോ സ്ക്കൂളെങ്കിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

കോർ എപ്പിസ്കോപ്പാമാരുടെയും പട്ടക്കാരുടേയും മറ്റും സംരക്ഷണച്ചെലവുകൾ പള്ളികളിൽ നിന്നുള്ള നേർച്ചകളിൽ നിന്നോ, നമ്മിൽ നിന്നോ, വിശ്വാസികളിൽ നിന്നോ, ഭക്തസംഘടനകളിൽ നിന്നോ ലഭിക്കുന്ന സംഭാവനകൾ മുഖേന നടത്തപ്പെടുന്നു.

ദൈവാലയങ്ങളിൽ ആരാധനയ്ക്കുപയോഗിക്കുന്ന പുസ്തകങ്ങൾ അയച്ചു തരുന്നതിനായി നിങ്ങൾ നമ്മോടു ആവശ്യപ്പെട്ടിരുന്നല്ലോ. അവയിൽ ചിലതു നാം നിങ്ങൾക്കായി അയച്ചിട്ടുണ്ടായിരുന്നു. സാധാരണ നമസ്ക്കാരക്രമം, കുർബാനതക്സാ (പുരോഹിതശുശ്രൂഷകൾ) അച്ചടിയിലിരിക്കുന്ന പട്ടംകൊടപുസ്തകത്തിന്റെ ഏതാനും

ഭാഗങ്ങൾ എന്നിവ നിങ്ങളുടെ പേർക്കയച്ചു തന്നിട്ടുണ്ട്. ശവസംസ്ക്കാ ക്രമം, ബസ്ഗാസാകൂദാശീത്തായുടെയും ദനഹായുടെയും പെങ്കീസാ, വിശുദ്ധ ഏവൻഗേലിയോനും ലേഖനങ്ങളുമടങ്ങിയ വായനപ്പുസ്തകം, ആണ്ടുതക്സാ, സഭയുടെ കാനോനാകൾ എന്നിവ ഇപ്പോൾ നിങ്ങ ളുടെ പേർക്കു അയച്ചു കൊള്ളുന്നു.

റോമൻകത്തോലിക്കാസഭയോടും അന്ത്യോഖ്യായിലെ ശ്ലൈഹി കസിംഹാസനത്തോടുമുള്ള നിങ്ങളുടെ സഭയുടെ പുനരൈക്യത്തെ സംബന്ധിച്ചുള്ള വിശദവിവരം നിങ്ങൾ നമുക്കു എഴുതുവാൻ നിശ്ച യിച്ചിരിക്കുന്നതായറിഞ്ഞ് നാം അതിയായി സന്തോഷിക്കുകയും നമ്മുടെ ആത്മാവു ആഹ്ളാദിക്കുകയും ചെയ്യുന്നു. “ഇതാകുന്നു കർത്താവിന്റെ ദിവസം അതിൽ വന്നു ആനന്ദിച്ചു സന്തോഷിപ്പീൻ” എന്നുള്ള സങ്കീർത്തകനായ ദാവീദിന്റെ വചനം പൂർത്തിയാകുവാൻ തക്കവണ്ണം ആ സൗഭാഗ്യകരമായ ദിവസത്തെ അത്യാകാംക്ഷയോടു കൂടെ ഇതാ നാം പ്രതീക്ഷിക്കുന്നു.

നിങ്ങളുടെ മേലും നിങ്ങളുടെ സകല ഇടവകകളിന്മേലും ആത്മീ യവും, ലൌകികവുമായ തന്റെ സകല വാഴ്വുകളും അനുഗ്രഹങ്ങളും വർഷിക്കുവാൻ നാം ദൈവത്തോടു പ്രാർത്ഥിക്കുന്നു. സർവ്വവിധ ദുഃഖ ങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും ദൈവം നിങ്ങളെ കാത്തു കൊള്ളുകയും, സംരക്ഷിക്കുകയും, സകല ശിക്ഷകളും നിങ്ങളിൽ നിന്നും നീക്കിക്കളയുകയും ചെയ്യട്ടെ. സമാധാനവും ശാന്തിയും നിങ്ങളെ ഭരിക്കട്ടെ.

മാർ ബസ്സേലിയോസ് കാതോലിക്കായ്ക്കും, മാർ ഗ്രീഗോറി യോസ് മെത്രാപ്പോലീത്തായ്ക്കും, നിങ്ങളെ അനുസരിക്കുന്ന എല്ലാ വൈദികന്മാർക്കും ദയറായക്കാർക്കും സൌഖ്യമെന്നു വിശ്വസിക്കുന്നു.

എന്ന്,

സിറിയായിൽ അന്ത്യോഖ്യയുടെ

ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ

റഹമാനി പാത്രിയർക്കീസ് (ഒപ്പ്)

ക്രിസ്താബ്ദം 1929 തെശ്റീൻക്ദിം (ഒക്ടോബർ) 22-ാം തീയതി ബെയ്റൂട്ടിൽ വെച്ചു എഴുതപ്പെട്ടത്.

*                *                *                *

മേലുദ്ധരിച്ച കത്തുകളിൽ നിന്നും എത്രമാത്രം സ്നേഹവും, ബഹുമാനവും, അകത്തോലിക്കരുടെ പുനരൈക്യത്തിനുള്ള ആഗ്രഹവുമാണ്. റഹമാനിപാത്രിയർക്കീസു പ്രകടിപ്പിച്ചിരിക്കുന്നതെന്നു വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. പക്ഷേ, പ്രസ്തുത പാത്രിയർക്കീസിന്റെ കീഴിലുള്ള പുനരൈക്യത്തെക്കാൾ പല കാരണങ്ങളാലും അഭികാമ്യമായിട്ടുള്ള മാർപ്പാപ്പായുമായി നേരിട്ടുള്ള പുനരൈക്യമാണെന്നു കഥാപുരുഷനു പിന്നീടു ബോദ്ധ്യമാകുകയും തൻമൂലം അതിന്നുവേണ്ടിയുള്ള എഴുത്തുകുത്തുകൾ റോമുമായി നടത്തുകയുമാണുണ്ടായത്. അതിനു പ്രേരകമായ കാരണങ്ങളും, പ്രസ്തുത കത്തുകളും, മറുപടികളും തുടർന്നുള്ള അദ്ധ്യായങ്ങളിൽ ചേർക്കുന്നതാണ്.

## അദ്ധ്യായം – 22

# റോമിലേക്കയച്ച പ്രഥമ മെമ്മോറാണ്ഡവും മറുപടിയും

**അ**ന്ത്യോഖ്യയിലെ കത്തോലിക്കാപാത്രിയർക്കീസായിരുന്ന റഹമാനിയുമായി ഓർത്തഡോക്സ് സഭാമെത്രാന്മാരുടെ സെക്രട്ടറി എന്ന നിലയിൽ മാർ ഈവാനിയോസ് നടത്തിക്കൊണ്ടിരുന്ന എഴുത്തുകുത്തുകളായിരുന്നുവല്ലോ കഴിഞ്ഞ അദ്ധ്യായത്തിൽ ചേർത്തിരുന്നത്. റോമാമാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ ഒരു പുതിയ റീത്തിനും വൈദികസംസ്ഥാനത്തിനും(ഹൈറാർക്കിക്കും) ഉള്ള അനുവാദം വാങ്ങിയ ശേഷം കത്തോലിക്കാപുനരൈക്യം പ്രാപിക്കുവാൻ സാധിക്കുമെന്നുള്ള വിശ്വാസം അന്നു ഇല്ലാതിരുന്നതു നിമിത്തമാണ് റഹമാനിപാത്രിയർക്കീസുമായുള്ള എഴുത്തുകുത്തുകൾക്കു കഥാപുരുഷൻ സന്നദ്ധനായത്. തന്നെയുമല്ല, പ്രസ്തുത പാത്രിയർക്കീസിന്റെ വിധേയത്വം സ്വീകരിച്ചെങ്കിൽ മാത്രമേ അന്ത്യോഖ്യൻ റീത്തു പരിപാലിക്കുവാൻ സാധിക്കുകയുള്ളുവെന്ന ബോദ്ധ്യവും ഉണ്ടായിരുന്നുവെന്നു ഏതാദൃശകത്തുകളിൽ നിന്നും അനുമാനിക്കുവാൻ സാധിക്കുന്നതാണ്.

കത്തോലിക്കാപാത്രിയർക്കീസുമായുള്ള എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ ഓർത്തഡോക്സ് സഭയിലെ ഒരു പ്രമുഖ വ്യക്തിയായിരുന്ന ഇലഞ്ഞിക്കൽ മി. ഇ. ജോൺ ബി. ഏ. ബി എൽ–നെ കഥാപുരുഷൻ കാണുന്നതിനിടയാകുകയും ഈ വിവരം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. ബുദ്ധിശാലിയും വിദൂരവീക്ഷണവിചക്ഷണനുമായ അദ്ദേഹം പറഞ്ഞതു ഇപ്രകാരമായിരുന്നു:–

“തിരുമേനീ, അന്ത്യോഖ്യക്കാരനായ പാത്രിയർക്കീസിനെ ഉപേക്ഷിച്ചശേഷം വേറൊരു അന്ത്യോഖ്യൻ പാത്രിയർക്കീസിനെ സ്വീകരിക്കുന്നതു ബുദ്ധിപൂർവ്വകമല്ല.

എന്റെ അഭിപ്രായം തുറന്നു പറയുന്നപക്ഷം അവിടത്തേയ്ക്കു കഴിയുമെങ്കിൽ പടിഞ്ഞാറൻ സഭയുടെ ഭരണഘടനയും നമ്മുടെ സഭയുടെ ആരാധനാരീതികളും യോജിപ്പിച്ചുകൊണ്ടു റോമാമാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ പരിശ്രമിക്കണം. പടിഞ്ഞാറൻസഭയുടെ ഭരണാധികാരികൾ യോഗ്യന്മാരും സംസ്ക്കാരസമ്പന്നന്മാരുമാണ്. തുർക്കികളുടെ സംസ്ക്കാരം നമുക്കു അനുഭവപ്പെട്ടിട്ടുള്ളതാണെല്ലോ. ആകയാൽ മാർപ്പാപ്പായുമായി നേരിട്ടു അവിടുന്നു എഴുത്തുകുത്തുകൾ നടത്തണം.”

ഓർത്തഡോക്സ് സഭയിലേയും, യാക്കോബായസഭയിലേയും പല പ്രമുഖന്മാരോടും ഈ വിഷയത്തെപ്പറ്റി കഥാപുരുഷൻ സംസാരിച്ചപ്പോൾ മി. ഈ. ജെ ജോണിന്റെ അഭിപ്രായത്തെ അനുകൂലിച്ചുള്ള അഭിപ്രായമായിരുന്നു അവരെല്ലാം പ്രകടിപ്പിക്കയുണ്ടായത്. ഇത്തരുണത്തിൽ ഈ ഗ്രന്ഥകർത്താവിനുണ്ടായ ഒരനുഭവം ഇവിടെ ചേർക്കുന്നതു അപ്രസക്തമാകുകയില്ലെന്നു വിശ്വസിക്കുന്നു.

പുനരൈക്യപ്രസ്ഥാനാരംഭത്തിനു രണ്ടു വർഷങ്ങൾക്കു മുമ്പു (1928–ൽ) കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചവനും അന്നു ഒരു വൈദികനുമായിരുന്ന ഈ ലേഖിതാവു ഏതാനും യുവാക്കന്മാരൊന്നിച്ചു എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്താ നി. വ. ദി. മ. ശ്രീ. മാർ അഗസ്സിൻ കണ്ടത്തിൽ തിരുമേനിയെ അദ്ദേഹത്തിന്റെ അരമനയിൽ വെച്ചു സന്ദർശിക്കയുണ്ടായി. പല കാര്യങ്ങളും സംസാരിച്ചശേഷം “ബഥനിക്കാര്യം എങ്ങനെയിരിക്കുന്നു?” എന്നു അഭിവന്ദ്യതിരുമേനി ഞങ്ങളോടു ചോദിക്കയുണ്ടായി. ഞങ്ങൾ ഇപ്രകാരം മറുപടി നല്കി. “ബഥനി തിരുമേനിയും മറ്റും അടുത്തു തന്നെ കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുവാൻ നിശ്ചയിച്ചിരിക്കുകയാണ്. പക്ഷേ, അന്ത്യോഖ്യായിലെ റഹമാനിപാത്രിയർക്കീസിന്റെ കീഴിലാണെന്നാണു കേൾക്കുന്നത്.”

ഈ ഉത്തരം കേട്ടപ്പോൾ വയോവൃദ്ധനായ അഭിവന്ദ്യതിരുമേനി തൽക്ഷണം കസേരയിൽ നിന്നും എഴുന്നേറ്റു മേശപ്പുറത്തു ഇടിച്ചുകൊണ്ടു ഉറച്ചസ്വരത്തിൽ പറയുകയാണ്. “ഒരിക്കലും പാടില്ല.

യാതൊരു അഭിവ്യദ്ധിയുമുണ്ടാകുകയില്ല. ബഥനി റോമാമാർപ്പാപ്പായുടെ നേരിട്ടുള്ളഭരണത്തിൻ കീഴിൽ വരണം. എന്നാൽ മാത്രമേ അഭിവൃദ്ധി യുണ്ടാകുകയുള്ളൂ."

വിദൂരവീക്ഷണവിചക്ഷണനും അനുഭവസമ്പന്നനുമായ അഭി വന്ദ്യ തിരുമേനി കല്പിച്ചതിന്റെ അർത്ഥം ഹ്യസ്വദൃഷ്ടികളായ ഞങ്ങൾക്കു അന്നു ശരിക്കു ഗ്രഹിക്കുന്നതിനു സാധിച്ചില്ല. കേരള ത്തിലെ പുനരൈക്യ പ്രസ്ഥാനത്തിനു ഇക്കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള വിസ്മയാവഹമായ അഭിവൃദ്ധിക്കുള്ള പ്രധാനകാരണം റോമാമാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴി ലാകുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചതാണെന്നു അതിശയോക്തി കൂടാതെ പ്രസ്താവിക്കുന്നതിനു സാധിക്കും.

*  *  *  *

## കാളാശ്ശേരിതിരുമേനിയുടെ അഭിപ്രായം.

ഏതാദൃശകാരണങ്ങളാൽ റോമിലേക്കു അപേക്ഷകൾ അയയ്ക്കു ന്നതിനു കഥാപുരുഷൻ നിശ്ചയിക്കയാണുണ്ടായത്. പക്ഷേ, പ്രസ്തുത അപേക്ഷകൾ നേരിട്ടു മാർപ്പാപ്പായ്ക്കു അയയ്ക്കാമോ അതോ, ഇൻഡ്യ യിലേ അപ്പസ്തോലിക്കു ഡലിഗറ്റു മുഖേന മാത്രമേ സാധിക്കയു ള്ളുവോ എന്ന നിയമപരമായ വശത്തെപ്പറ്റി കഥാപുരുഷനു പിന്നീടു സംശയമുണ്ടായി. തന്നിവാരണാർത്ഥം ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ ജയിംസു കാളാശ്ശേരി തിരുമേനിയെ രഹസ്യമായി കണ്ടു വിവരങ്ങൾ ചോദിച്ചറിയണമെന്നു നിശ്ചയിച്ചു.

രാത്രി ഉദ്ദേശം പത്തുമണി കഴിഞ്ഞിരിക്കുന്നു. ചങ്ങനാശ്ശേരി അര മനയുടെ ഗേറ്റിങ്കൽ ഒരു പ്ളഷർകാർ വന്നു നിന്നു ഹോൺ അടിച്ചു. തൽക്ഷണം കാവൽക്കാരൻ ഓടി വന്നു ഗേറ്റു തുറന്നു. കാറിനുള്ളിൽ നിന്നും ഒരു അപരിചിതരൂപം പുറത്തേയ്ക്കു ഇറങ്ങി കാവൽക്കാര നോടു "തിരുമേനി ഇവിടെ ഉണ്ടോ?"എന്നു ചോദിച്ചു.

കാവൽക്കാരൻ:- "ഉണ്ടു പക്ഷേ, ഉറങ്ങുവാൻ കിടന്നുവെന്നാണു തോന്നുന്നത്"

അപരിചിതരൂപം:- "സാരമില്ല. തിരുമേനിയുടെ മുറി ഏതാണു? താൻ കൂടെ വരിക".

ആ അപരിചിതരൂപത്തെ അരമനയുടെ രണ്ടാംനിലയിലേക്കു കാവൽക്കാരൻ ആനയിച്ചു. മുറി ചുണ്ടിക്കാണിച്ചുകൊണ്ടു "ഇതാണു മുറി" എന്നു പറഞ്ഞതും "ആരാണതു" എന്നു അകത്തുനിന്നും ചോദ്യം പുറപ്പെട്ടതും ഒരുമിച്ചു കഴിഞ്ഞു. തൽക്ഷണം അപരിചിത രൂപം മറുപടിനല്കി. "ബഥനിയുടെ മെത്രാൻ മാർ ഈവാനിയോസ്" മുറിയുടെ വാതൽ തുറന്നു. രണ്ടു തിരുമേനിമാരും പരസ്പരാശ്ലേഷണം നടത്തി. കുശലപ്രശ്നങ്ങൾക്കു ശേഷം മാർ ഈവാനിയോസു പറഞ്ഞു:– "കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ ഞങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന വിവരം തിരുമേനി അറിഞ്ഞിരിക്കുമല്ലോ. അന്ത്യോഖ്യായിലെ റഹമാനി പാത്രിയർക്കീസുമായുള്ള പുനരൈക്യ ത്തിനാണു ഞങ്ങൾ എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ പലരുടേയും അഭിപ്രായം മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണ ത്തിൽ വരുന്നതാണു നല്ലതു എന്നാണ്. അതിനു വേണ്ടിയുള്ള അപേ ക്ഷകൾ ഞങ്ങൾ അയപ്പാൻ ഉദ്ദേശിക്കുന്നു. അപേക്ഷകൾ നേരിട്ടു മാർപ്പാപ്പായ്ക്കു അയയ്ക്കാമോ അതോ, ഇൻഡ്യയിലെ ഡലിഗേറ്റു മുഖേന മാത്രമേ പാടുള്ളുവോ? ഇതെപ്പറ്റി തിരുമേനിയുടെ അഭിപ്രായം അറിവാനാണു ഞാൻ ഈ രാത്രിയിൽ വന്നതു."

കാളാശ്ശേരിത്തിരുമേനി:– "മാർപ്പാപ്പായുടെ കീഴിൽ നേരിട്ടുള്ള പുനരൈക്യമാണു എല്ലാം കൊണ്ടും നല്ലതു എന്നണു എന്റെയും അഭി പ്രായം. കത്തോലിക്കാമെത്രാന്മാരായ ഞങ്ങൾക്കു ഡലിഗേറ്റു മുഖേന മാത്രമേ പ്രധാനപ്പെട്ട കത്തുകൾ അയയ്ക്കുവാൻ പാടുള്ളൂ. എന്നാൽ നിങ്ങൾ യാക്കോബായമെത്രാന്മാരാണ്. അതുകൊണ്ടു നിങ്ങൾക്കു നേരിട്ടു റോമിലേക്കു അപേക്ഷകൾ അയയ്ക്കാം."

ഇതേ തുടർന്നു കുറെനേരം സംഭാഷണം നടത്തിയ ശേഷം യാത്ര പറഞ്ഞു കാറിൽ കയറി കഥാപുരുഷൻ തിരുവല്ലായ്ക്കു മട ങ്ങുകയും ചെയ്തു.

ഏതാനും ദിവസങ്ങൾക്കു ശേഷം കോട്ടയം രൂപതയുടെ മെത്രാൻ മാർ അലക്സാണ്ടർ ചുളപ്പറമ്പിൽ തിരുമേനി ഒരു രാത്രി യിൽ തിരുവല്ലാ തിരുമൂലയിൽ എത്തി കഥാപുരുഷനെ സന്ദർശിക്കു കയും പുനരൈക്യസംബന്ധമായി വേണ്ട ആലോചനകളും നിർദ്ദേശ ങ്ങളും നല്കുകയും ചെയ്തു.ഇവയുടെയെല്ലാം ഫലമായി റോമിലേക്കു നേരിട്ടു സകല വിവരങ്ങളും കാണിച്ചുകൊണ്ടുള്ളമെമ്മോറാണ്ഡം അയയ്ക്കുവാൻ മാർ ഈവാനിയോസു നിശ്ചയിച്ചു. ഇതു സംബന്ധ

മായി തന്റെ "ആത്മകഥാകഥന"ത്തിൽ കഥാപുരുഷൻ എഴുതിയിരുന്നതിൽ നിന്നും ഒരു ഭാഗം ചുവടേ ഉദ്ധരിച്ചു കൊള്ളുന്നു:-

"അതനുസരിച്ചു റോമിലേക്കു നാം എഴുതി അയച്ചു. റോമിൽ വൈദികവിദ്യാഭ്യാസം കഴിച്ച ആളും പ്രായാധിക്യംമൂലം സ്വദേശമായ മാവേലിക്കര വന്നു വിശ്രമിച്ചുകൊണ്ടിരുന്ന ആളുമായ ഫാദർ റബേരാ മുഖാന്തിരമാണു ആദ്യത്തെ കത്തയച്ചത്. ആ കത്തിന്റെ സാരം ഏതാണ്ടു ഇപ്രകാരമായിരുന്നു. 'മാർത്തോമ്മശ്ലീഹായാൽ സ്ഥാപിതമായ ഇൻഡ്യയിലെ ക്രിസ്തീയസഭയിൽ ഉൾപ്പെട്ടവരും കേരളനിവാസികളുമായ ഒരു ഭാഗം ജനങ്ങളും അവരുടെ പട്ടക്കാരും മേൽപ്പട്ടക്കാരും ഒരുമിച്ചു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുന്നു. അവർ അന്ത്യോഖ്യൻ റീത്തു അനുസരിച്ചുള്ള ചടങ്ങുകൾ അനുസരിക്കുന്നവരാണ്. ഇപ്പോൾ അവർ കാതോലിക്കോസിന്റെ ഭരണത്തിൽ ഇരിക്കുന്നു. കാതോലിക്കോസിനെയും അദ്ദേഹത്തിന്റെ കൂടെയുള്ള മെത്രാന്മാരെയും കാത്തോലിക്കാപുനരൈക്യത്തിൽ സ്വീകരിക്കുമോ? അവരുടെ അപ്പോസ്തോലകൈവെയ്പിന്റെയും കുദാശകളുടേയും സാധുത്വത്തെ അംഗീകരിക്കുമോ? അന്ത്യോഖ്യാസഭയുടെ കാനോനാകളും അനുഷ്ടാനങ്ങളും കേരളത്തിൽ നടപ്പിലിരിക്കുന്ന വിധത്തിൽ സ്വീകരിക്കുമോ? കത്തോലിക്കാസഭയിൽ നിന്നു വിഭിന്നമായി നില്ക്കുന്ന പൗരസ്ത്യസഭകളെ കൈക്കൊള്ളുന്നതിനും അവരുടെ പൂർവ്വാചാരങ്ങളെ നിലനിർത്തുന്നതിനും തിരുസിംഹാസനം എപ്പോഴും സന്നദ്ധമായിരിക്കുന്നു എന്നു കാണിച്ചു മുമ്പുള്ള മാർപ്പാപ്പാമാർ പല പ്രാവശ്യം പ്രഖ്യാപനം ചെയ്തിട്ടുള്ളത് ഞങ്ങൾക്കറിയാം. തിരുസിംഹാസനത്തിന്റെ നയം ഈ വിഷയത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏതാണു എന്നറിയുന്നതിലേക്കാണു ഈ കത്തെഴുതുന്നത്.' എന്നിപ്രകാരം നാം എഴുതിയ കത്തു നമ്മുടെ പേരുവെയ്ക്കാതെയും ഒപ്പിടാതെയും ആണു ഫാദർ റബേരായെ ഏല്പിച്ചത്.

ഫാദർ റബേരാ റോമിൽ പ്രോപ്പഗാന്താകോളെജിൽ പഠിച്ചിരുന്ന കാലത്തു അദ്ദേഹത്തിന്റെ ഗുരുവായിരുന്ന ഒരാൾ കർദ്ദിനാളായിട്ടുണ്ടെന്നും ആ കർദ്ദിനാൾ മുഖാന്തിരം ഈ കത്തിനു മറുപടി വരുത്തിത്തരാമെന്നും നമ്മോടു പറഞ്ഞു. പേരുവയ്ക്കാതെ അയച്ച ആ കത്തിനു റോമിൽ നിന്നും പേരുവയ്ക്കാതെയുള്ള മറുപടി വന്നു. ആ മറുപടിക്കത്തിൽ നമ്മുടെ കത്തിൽ ചോദിച്ചിരുന്ന ചോദ്യങ്ങൾക്കു ഉത്തരമുണ്ടായിരുന്നു. ചരിത്രദൃഷ്ട്യാ കേരളത്തിലെ ഓർത്തഡോക്സ് സഭയിലെ മേല്പട്ടക്കാർക്കു അപ്പോസ്തോലിക കൈവെയ്പ് ലഭിച്ചിട്ടുണ്ടോ

എന്നും കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്ന വിശ്വാസത്തിനും സന്മാർഗ്ഗോപദേശങ്ങൾക്കും വിപരീതമായി ഏതെങ്കിലും വിശ്വാസമോ ഉപദേശമോ കേരളത്തിലെ യാക്കോബായസഭയ്ക്കു ഉണ്ടോ എന്നും മറ്റും ചോദിച്ചിരുന്നു.

ഈ കത്തിന്റെ മറുപടി നാം പേരുവെച്ചുതന്നെ എഴുതി അയച്ചു. യാക്കോബായസഭയ്ക്കു അപ്പോസ്തോലകൈവെയ്പ്പ് ചരിത്രദൃഷ്ട്യാ ഉണ്ടെന്നും യാക്കോബായസഭയിലെ ഒരു പാത്രിയർക്കീസായ അബ്ദുദ്മിശിഹാ പാത്രിയർക്കീസ് കേരളത്തിൽ 1911-ൽ വന്നു ഒരു മെത്രാപ്പോലീത്തായെ കാതോലിക്കായായി വാഴിച്ചു എന്നും, ആ മെത്രാപ്പോലീത്തായ്ക്കു മെത്രാപ്പോലീത്താസ്ഥാനം കൊടുത്തതു 1876-ൽ കേരളം സന്ദർശിച്ച പത്രോസ്തൃതിയൻ എന്ന യാക്കോബായ പാത്രിയർക്കീസ് ആയിരുന്നെന്നും, ഇപ്പോഴത്തെ മെത്രാന്മാർ യാക്കോബായ പാത്രിയർക്കീസിൽ നിന്നും നേരിട്ടോ കാതോലിക്കായിൽ നിന്നും നേരിട്ടൊ മെത്രാൻസ്ഥാനം സ്വീകരിച്ചിട്ടുള്ളവരാണെന്നും, ആ കാരണങ്ങളാൽ ഇപ്പോൾ ഓർത്തഡോക്സ് സഭയിലുള്ള സകല മെത്രാന്മാരും ശരിയായ കൈവെയ്പ് പ്രാപിച്ചിട്ടുള്ളവരാണെന്നും, കേരളത്തിലെ ഓർത്തഡോക്സ് സഭയിൽ കത്തോലിക്കാവിശ്വാസത്തിനും, സന്മാർഗ്ഗോപദേശത്തിനും വിപരീതമായ യാതൊന്നും ഇല്ലെന്നും നമ്മുടെ മറുപടിയിൽ പ്രസ്താവിച്ചിരുന്നു. മേൽപ്പറഞ്ഞ എഴുത്തുകുത്തുകൾ 1926-ലും 1927-ലും ആണു നടന്നത്. റോമിൽ നിന്നും അവസാനമറുപടി വന്നതു 1930 ആഗസ്റ്റുമാസത്തിലായിരുന്നു. ഇതിനിടയ്ക്കു സിറിയായിൽ മാർപ്പാപ്പായുടെ അപ്പൊസ്തോലിക്കു ഡലിഗെറ്റു ആയിരുന്ന അദ്ദേഹത്തിന്റെ പേർക്കു റോമിൽ നിന്നും എഴുതിഅയയ്ക്കുകയും കേരളത്തിലെ ഓർത്തൊഡോക്സ് സഭയിലെ മേലപട്ടസ്ഥാനത്തിന്റെ സാധുത്വത്തെപ്പറ്റി ആരായുകയും ചെയ്തു. നമ്മുടെ കത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ അദ്ദേഹം ശരിവെച്ചു എന്നുള്ള വിവരം 1932-ൽ നാം 11-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചപ്പോൾ പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിമാരിൽ ഒരാൾ നമ്മോടു പറയുകയും സിറിയായിലെ ദലഗാദ് അപ്പോസ്തോലിക്കായുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പു നമുക്കു തരികയും ചെയ്തു......"?

*     *     *     *

റോമിലേക്കു അയച്ച പ്രഥമമെമ്മോറാണ്ഡമാണു താഴെ ചേർക്കുന്നത്:-

# അഭിലാഷനിവേദനം

കത്തോലിക്കാസഭയുമായുള്ള യാക്കോബായസഭയുടെ,

(1) പൗരാണികമായ റീത്തും,
ആചാരാനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ടും,

(2) പുനരൈക്യപ്പെടുന്ന മെത്രാന്മാർക്കു
സ്വജനങ്ങളുടെ മേലുള്ള അധികാരം
അനുവദിച്ചുകൊണ്ടുമുള്ള- പുനരൈക്യം,

## പ്രസ്താവന

ക്രിസ്താബ്ദം 1665-നു ശേഷം തെക്കേ ഇൻഡ്യയിലെ ഏതാനും സുറിയാനിക്കാർ യാക്കോബായസഭാംഗങ്ങളായിത്തീരുകയും തുർക്കിയിൽ മർദ്ദീനിൽ അധിവസിക്കുന്ന യാക്കോബായ പാത്രിയർക്കീസിന്റെ ആദ്ധ്യാത്മീകമേലധികാരത്തെ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ആഭ്യന്തരകാര്യങ്ങൾ പരിപൂർണ്ണമായി ഭരണസ്വാതന്ത്ര്യമായിരുന്നു ഇൻഡ്യയിലെ യാക്കോബായസഭ അനുഭവിച്ചു പോന്നിരുന്നത്.

ക്രിസ്തു വർഷം 1910-നു ശേഷം തെക്കേ ഇൻഡ്യയിലെ യാക്കോബായസഭ രണ്ടായി പിളരുന്നതിനിടയായിത്തീർന്നു. അതിൽ ഒരു വിഭാഗം മർദ്ദീനിൽ ഭരണം നിർവ്വഹിച്ചുകൊണ്ടിരുന്ന അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസായ ഏലിയാസ് തൃതീയന്റെ ഭരണാധികാരത്തിൽ ഇപ്പോഴും സ്ഥിതിചെയ്യുന്നു. ഇതരവിഭാഗമാകട്ടെ, തിരുവിതാംകൂറിൽ കോട്ടയത്തു അധിവസിക്കുന്ന കിഴക്കിന്റെ കാതോലിക്കോസിന്റെ പരമാധികാരത്തിൻകീഴിലാണു സ്ഥിതി ചെയ്യുന്നത്. 1912-ൽ തിരുവിതാംകൂർ സന്ദർശിച്ച അബ്ദദുമിശിഹാപാത്രിയർക്കീസാണു ഇൻഡ്യയിൽ കാതോലിക്കാസിംഹാസനം സ്ഥാപിച്ചത്. ഈ കാതോലിക്കാസിംഹാസനം മെസ്സപ്പോട്ടേമിയായിൽ തിഗ്രീസിലുണ്ടായിരുന്ന പുരാതനമായ പൗരസ്ത്യകാതോലിക്കാസിംഹാസനത്തിന്റെ പുനഃസ്ഥാപനമായിരുന്നു. അന്ത്യോഖ്യാപാത്രിയർക്കീസിൽ നിന്നും സ്വതന്ത്രമായ ഒരു സിംഹാസനമാണു ഈ സിംഹാസനം. കാതോലിക്കാസിംഹാസനത്തിന്റെ പരിധിയിൽ പാത്രിയർക്കീസിനടുത്ത അധികാരം നടത്തുന്നതു കാതോലിക്കോസും സഹമെത്രാന്മാരും കൂടിചേർന്ന വിശുദ്ധ സുന്നഹദോസാണ്.

ഈ കാതോലിക്കാസിംഹാസനത്തിൻ കീഴിലുള്ള മെത്രാന്മാരാണു പരിശുദ്ധസിംഹാസനവുമായുള്ള പുനരൈക്യത്തിനു ഇപ്പോൾ അഭിലഷിക്കുന്നത്. കാതോലിക്കാസിംഹാസനത്തിന്റെ കീഴിലുള്ള

വിശുദ്ധ സുന്നഹദോസ് അതിന്റെ പരിധിക്കുള്ളിലുള്ള അതിരൂപത യിൽ മെത്രാപ്പോലീത്തന്മാരെയും മെത്രാന്മാരെയും വാഴിക്കയും, പാത്രി യർക്കീസീന്നടുത്ത ചുമതലകൾ നിർവ്വഹിക്കുകയും, അധികാരങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ വിശുദ്ധ സുന്നഹദോസ് അതിരൂപതയ്ക്കുള്ളിൽ അദ്ധ്യാത്മികവും സഭാപരവുമായ എല്ലാ സംഗ തികളിലും നൈയ്യാമികവും, ഭരണപരവും, ശിക്ഷണപരവുമായ സകല അധികാരങ്ങളും അവകാശപ്പെടുകയും ചെയ്യുന്നു.

ഈ കാതോലിക്കാസിംഹാസനത്തിലുള്ള വിശുദ്ധ സുന്നഹ ദോസ് അപേക്ഷിക്കുന്നതെന്തെന്നാൽ:- കത്തോലിക്കാസഭയുടെ ഐക്യത്തിലേക്കു-(1) പുരാതനമായ തങ്ങളുടെ റീത്തും ആചാരങ്ങളും സംരക്ഷിച്ചുകൊണ്ടും-(2) വിശുദ്ധ സുന്നഹദോസിനും അതിലെ മെത്രാ ന്മാർക്കോരോരുത്തർക്കും പുനരൈക്യപ്പെടുന്ന എല്ലാ യാക്കോബായ സുറിയാനിക്കാരുടെയും മേലുള്ള അധികാരം നല്കിക്കൊണ്ടും-(3) നമ്മുടെ കർത്താവിന്റെ അപ്പോസ്തോലന്മാരിൽ പ്രധാനിയായ വിശുദ്ധ പത്രോസിന്റെ പിൻഗാമിയായി പരിശുദ്ധ സിംഹാസനത്തിൽ വാണരു ളുന്ന മാർപ്പാപ്പായുടെ പരമാധികാരത്തിനു കീഴ്‌വഴങ്ങി ക്കൊണ്ടും- തങ്ങളെ സ്വീകരിക്കണമെന്നുള്ളതത്രേ.

ബെയ്റൂട്ടിലുള്ള സുറിയാനികത്തോലിക്കാപാത്രിയർക്കീസിന്റെ അധികാരസീമയിൽ ഉൾപ്പെടുന്നതിനു ഈ വിശുദ്ധ സുന്നഹദോസ് അഭി ലഷിക്കുന്നില്ല. കാരണം, ഈ വിശുദ്ധ സുന്നഹദോസ് തെക്കേ ഇൻഡ്യ യിൽ കാതോലിക്കാസിംഹാസനത്തിലുള്ള അതിരൂപതയിൽ പാത്രി യർക്കീസിനടുത്ത അധികാരം പ്രയോഗിക്കുന്നുണ്ടെന്നുള്ളതാണ്.

ഈ അതിരൂപതയിൽ ഏഴു മെത്രാസനങ്ങളാണുള്ളത്. അടുത്ത കാലത്തു എട്ടാമതൊരു രൂപതയും കൂടെ അതിനോടു ചേർക്കപ്പെട്ടിട്ടു ണ്ട്. ഇപ്പോൾ അധികാരത്തിലിരിക്കുന്ന വിശുദ്ധ സുന്നഹദോസിലെ അംഗങ്ങളായ മൂന്നു മെത്രാന്മാരുടെ ഭരണാധികാരത്തിൻകീഴിലാണു ഈ എട്ടു രൂപതകളും സ്ഥിതിചെയ്യുന്നത്. പ്രസ്തുത മെത്രാന്മാരു ടെയും അവർ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന രൂപതകളുടെയും നാമ ങ്ങൾ താഴെ ചേർത്തുകൊള്ളുന്നു:-

1) നി. വ. ദി. ശ്രീ. റോമൻ മാർ ബസ്സേലിയോസ്
(ഗീവറുഗീസ്)
കിഴക്കിന്റെ കാതോലിക്കോസും കോട്ടയം, കണ്ടനാടു, അങ്കമാലി എന്നീ രൂപതകളുടെ മെത്രാനും.
ആസ്ഥാനം.- വാകത്താനം, കോട്ടയം, തിരുവിതാംകൂർ.

2) നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് (ഗീവറുഗീസ്)
നിരണം, കൊല്ലം,കൊച്ചി, തുമ്പമൺ എന്നീ രൂപതകളുടെ മെത്രാപ്പോലീത്താ.
ആസ്ഥാനം.-കുണ്ടറ, കൊല്ലത്തിനുസമീപം തിരുവിതാംകൂർ.

3) നി. വ. ദി. ശ്രീ. മാർ ഈവാനിയോസ് (ഗീവറുഗീസ്)
ബഥനിമെത്രാൻ.
ആസ്ഥാനം - തിരുവല്ല, തിരുവിതാംകൂർ

ബഥനി മെത്രാന്റെ കീഴിൽ രണ്ടു സന്ന്യാസസഭകളുണ്ട്. ഒന്നു പുരുഷന്മാർക്കും മറ്റേതു സ്ത്രീകൾക്കും. സ്ത്രീകൾ വിദ്യാഭ്യാസപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. അവരുടെ സംരക്ഷണയിൽ ഒരു അനാഥശാലയുമുണ്ട്.

ഇതു സംബന്ധിച്ചുള്ള റോമാസഭയുടെ ഖണ്ഡിതമായ തീരുമാനം കേട്ടതിനുശേഷം ഈ വിശുദ്ധ സുന്നഹദോസ് പുനരൈക്യത്തെപ്പറ്റി അവസാനമായി തീരുമാനിക്കുന്നതാണ്. പുനരൈക്യത്തെ സുസാധ്യമാക്കുന്നതിനു റോമാ അതിന്റെ പങ്ക് യഥാവിധി നിർവ്വഹിച്ചശേഷം ഈ വിശുദ്ധ സുന്നഹദോസ് കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിൽ പ്രവേശിക്കുവാൻ വിസമ്മതിക്കുമെങ്കിൽ അതിലെ മെത്രാന്മാരിൽ കുറഞ്ഞപക്ഷം ഒരാളെങ്കിലും മാർപ്പാപ്പായുടെ അധികാരത്തിനു കീഴ്വഴങ്ങുന്നതും, കത്തോലിക്കാസഭാംഗങ്ങളാകുന്നതിനു ആഗ്രഹിക്കുകയും അതേസമയം അവരുടെ റീത്തും അവർ അനുഷ്ഠിച്ചു വരുന്ന ആചാരങ്ങളും അതേവിധം തുടർന്നുപോകുന്നതിനു അഭിലഷിക്കുകയും ചെയ്യുന്ന പുനരൈക്യകാംക്ഷികളായ യാക്കോബായക്കാരുടെ ഐക്യം സസാദ്ധ്യമാക്കുന്നതിനു ആ മെത്രാനു എല്ലാ യാക്കോബായ സുറിയാനിക്കാരുടെ മേലും അധികാരം കൊടുക്കണമെന്നു പരിശുദ്ധ പിതാവിനോടു അപേക്ഷിക്കുന്നതുമാകുന്നു. മെസ്സപ്പൊട്ടേമിയായിലും സിറിയായിലും മറ്റുമുള്ള സുറിയാനികത്തോലിക്കരുടെ പാത്രിയർക്കീസിന്റെ അതിരൂപതയിൽ ഉപയോഗത്തിലിരിക്കുന്ന റീത്തത്രെ ഇവിടെയും ഉപയോഗത്തിലിരിക്കുന്നത്.

തെക്കേഇൻഡ്യയിലുള്ള സുറിയാനിക്രിസ്ത്യാനികളുടെ സംഖ്യ ഏകദേശം 9 ലക്ഷത്തോളം വരുന്നതാണ്. അവരിൽ പകുതിയോളം ആളുകൾ ഏതാനും ഭേദഗതികൾ വരുത്തി കല്ദായ സുറിയാനി റീത്തു ഉപയോഗിച്ചുകൊണ്ടു വളരെ മുമ്പു മുതൽത്തന്നെ റോമാബന്ധത്തിൽ കഴിയുന്നവരാണ്. ബാക്കിയുള്ള പകുതിയിൽ മൂന്നുലക്ഷം യാക്കോ

ബായക്കാരും ഒന്നേകാൽ ലക്ഷം മാർത്തോമ്മാക്കാരുമാണ്. മാർത്തോമ്മാക്കാർ പ്രോട്ടസ്റ്റന്റുകാരുടെ ഏതാനും പ്രബോധനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അവരും യാക്കോബായക്കാർ ഉപയോഗിച്ചു വരുന്ന റീത്തുതന്നെയാണു ഉപയോഗിക്കുന്നത്. തിരുസഭയുടെ പാരമ്പര്യവിശ്വാസം യാക്കോബായക്കാർ വിശ്വസിച്ചു വരുന്നു. ദൈവപുത്രനും നമ്മുടെ രക്ഷകനുമായ യേശുക്രിസ്തുവെന്ന ഏക ആളിൽ പരിപൂർണ്ണ ദൈവത്വവും പരിപൂർണ്ണമനുഷ്യത്വവും യോജിച്ചിരിക്കുന്നുവെന്നു വിശ്വസിക്കുന്നതിനാൽ അവർ യവുത്തിക്കൂസിന്റെ അനുയായികളല്ല.

പരിശുദ്ധസിംഹാസനം ഈ അപേക്ഷ അനുവദിച്ചു തരുമെങ്കിൽ നാലര ലക്ഷത്തോളം അകത്തോലിക്കാസുറിയാനിക്കാർക്കു പുരാതനമായ അവരുടെ റീത്തും ആചാരാനുഷ്ഠാനങ്ങളും തുടർന്നു ഉപയോഗിച്ചുകൊണ്ടും, സ്വന്തം മെത്രാന്മാരുടെയും വൈദികരുടെയും ഭരണത്തിനു വിധേയരായിക്കൊണ്ടും കത്തോലിക്കാസഭയുടെ ഐക്യത്തിലേക്കു വന്നെത്തുവാൻ ക്ഷിപ്രസാദ്ധ്യമായിത്തീരുന്നതാണ്.''

*          *          *          *

## റോമിൽ നിന്നു ലഭിച്ചമറുപടി

1926-നവമ്പർ മാസത്തിലായിരുന്നു മേലുദ്ധരിച്ച അനൌദ്യോഗികമായ മെമ്മോറാണ്ഡം റവ. ഫാദർ റബേര മുഖാന്തിരം കഥാപുരുഷൻ റോമിലേക്കു അയച്ചുകൊടുത്തത്. പൌരസ്ത്യസഭാംഗങ്ങളായ അകത്തോലിക്കാമെത്രാന്മാരെയും, വൈദികന്മാരെയും ജനങ്ങളെയും കത്തോലിക്കാസഭയിൽ സ്വീകരിക്കുന്നതിൽ റോമിനുള്ള മനഃസ്ഥിതി അറിയുന്നതിനുവേണ്ടിയായിരുന്നു പ്രസ്തുത മെമ്മോറാണ്ഡം അയയ്ക്കയുണ്ടായത്. ഈ വിഷയത്തിൽ പരിശുദ്ധ സിംഹാസനത്തിന്റെ നയം വിശദീകരിച്ചു കൊണ്ടു റോമിൽ നിന്നും അയച്ചുകൊടുത്ത അനൌദ്യോഗിക മറുപടിക്കത്താണു ചുവടെ ചേർക്കുന്നത്.

''വി. പത്രോസിന്റെ പിൻഗാമിയും ഭൂമിയിൽ ക്രിസിതുവിന്റെ വികാരിയുമായ റോമാ മാർപ്പാപ്പായുടെ പരമാധികാരത്തിൻ കീഴിൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിനുള്ള അഭിവാഞ്ഛ കാതോലിക്കേറ്റു സുന്നഹദോസിന്റെ ഭാഗത്തു നിന്നും പ്രകടിപ്പിച്ചതു പരിശുദ്ധപിതാവിനെ അതീവസന്തുഷ്ടനാക്കിത്തീർത്തിരിക്കുന്നു. പൈതൃകമായ അവിടത്തെ വാൽസല്യത്തിന്റേയും സകല ക്രൈസ്തവരെയും പറ്റി അവിടത്തേക്കുള്ള ഇടയന്നടുത്ത താല്പര്യത്തിന്റേയും പ്രത്യക്ഷ ലക്ഷണമാണു അത്.

“ഒരു തൊഴുത്തും ഒരിടയനും ആകണമെന്നുള്ള പരിശുദ്ധപിതാവിന്റെ തീവ്രമായ ആഗ്രഹം ഭരണാരംഭം മുതൽത്തന്നെ അവിടത്തേക്കുണ്ടായിരുന്ന രൂഢമൂലവും സുസ്ഥിരവുമായ അഭിലാഷമാണു പ്രസ്പഷ്ടമാക്കുന്നത്. ഇതഃപര്യന്തം പ്രസ്തുത തൊഴുത്തിൽ ഉൾപ്പെടാത്തവരും ദൈവപരിപാലനയാൽ ആ തൊഴുത്തിൽ അഭയം പ്രാപിക്കേണ്ടവരും ആയ ഏവരോടുമുള്ള അനുകമ്പയാൽ പ്രേരിതനായി കത്തോലിക്കാലോകത്തിനു അയച്ച പ്രഥമ ചാക്രികലേഖനത്തിൽ ഇപ്രകാരമാണു പ്രസ്താവിച്ചിരിക്കുന്നത്. “നിത്യനായ ഇടയന്റെ പ്രാതിനിധ്യം വഹിക്കുന്ന ഒരുവനു അവിടത്തെ പരിശുദ്ധഹൃദയത്തിൽ ശക്തിമത്തായിരുന്ന അതേ ആഗ്രഹത്താൽ ഇക്കാര്യം സ്മരിക്കാതിരിക്കാൻ സാദ്ധ്യമല്ല. ചുരുങ്ങിയതെങ്കിലും സ്നേഹം കവിഞ്ഞൊഴുകുന്നതും പൈതൃകവാൽസല്യം തുളുമ്പുന്നതുമായ ശബ്ദത്താൽ അവയേയും ഞാൻ കൊണ്ടുവരണം എന്ന അതേ വാക്കുതന്നെ ആവർത്തിക്കാതിരിപ്പാൻ നിർവ്വാഹമില്ല. ‘അവ എന്റെ ശബ്ദം കേൾക്കുകയും ഒരു തൊഴുത്തും ഒരിടയനുമായിത്തീരുകയും ചെയ്യും.’ എന്നുള്ള ക്രിസ്തുവിന്റെ പ്രവചനം സ്മരിക്കുമ്പോൾ അവാച്യമായ ഒരാനന്ദം അനുഭവപ്പെടുന്നതാണ്.”

“രക്തസാക്ഷിയായ വിശുദ്ധ യൂസേഫ്ഫാത്തു ഭാഗ്യമരണം പ്രപിച്ചതിന്റെ മൂന്നാം ശതാബ്ദം ആഘോഷിച്ച അവസരത്തിൽ വിഭിന്ന സഹോദരങ്ങളെല്ലാവരും കത്തോലിക്കാസഭയുടെ ഐക്യത്തിലേക്കു വന്നു ചേരണമെന്നുള്ള തന്റെ ആഗ്രഹം ഇപ്പോഴത്തെ മാർപ്പാപ്പായും വ്യക്തമാക്കിയിട്ടുണ്ട്. ഈ കാര്യം സാധിതപ്രായമായിത്തീരണമെങ്കിൽ സഭയുടെ യഥാർത്ഥജീവനെപ്പറ്റി അന്വേഷിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം സമർത്ഥിക്കയും ചെയ്തു. പൌരസ്ത്യറീത്തുകളിലുൾപ്പെട്ടിട്ടുള്ള ക്രൈസ്തവരുടെ ചരിത്രവും ആചാരമര്യാദകളും അതീവ താല്പര്യത്തോടു കൂടി പഠിക്കുന്നതിനു ലത്തീൻ റീത്തിലുള്ള കത്തോലിക്കരെ അവിടുന്നു ശക്തിമത്തായി ഉത്ബോധിപ്പിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ സഭയിൽ നിന്നും വേർതിരിഞ്ഞു പോയവരെ കത്തോലിക്കാപുനരൈക്യത്തിലേക്കു ആനയിക്കുന്നതിനും അങ്ങനെ സഭയിൽ ഉൾപ്പെട്ട എല്ലാവർക്കും ഒരുപോലെ അവകാശപ്പെടാവുന്ന ആനന്ദത്തിലേക്കു പ്രവേശിക്കുന്നതിനുമായി ഇരുഭാഗത്തുമുള്ള വർദ്ധമാനമായ പരസ്പര വിശ്വാസവും പ്രാർത്ഥനയുടെ പ്രബലമായ ശക്തിയും ഈ അനുഗ്രഹീത ഫലം പുറപ്പെടുവിക്കുമെന്നുള്ള ദൃഢമായ വിശ്വാസവും താഴെ ചേർക്കുന്ന വചനങ്ങളാൽ അവിടുന്നു പ്രസ്പഷ്ടമാക്കുന്നു. ഏതു ഭാഷ സംസാരിക്കുന്നവനായാലും ഏതു ജാതി

യിൽ ഉൾപ്പെട്ടവനായാലും റോമൻ കത്തോലിക്കാസഭ എക്കാലത്തും താല്പര്യപൂർവ്വം സംരക്ഷിക്കയും കാലാകാലത്തോളം അപ്രകാരം പരിപാലിക്കണമെന്നു കല്പിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലുമൊരു റീത്തിൽ ഏതൊരുവനും സമമായ അവകാശങ്ങൾ അനുഭവിക്കട്ടെ. വിവിധ തരത്തിലുള്ള വസ്ത്രങ്ങളാൽ വിഭൂഷിതയായിരിക്കുന്നതുമൂലം ഒരു രാജ്ഞിയുടെ സൗന്ദര്യംവർദ്ധിക്കുന്നതുപോലെ വിവിധറീത്തുകളായ സുന്ദരവസ്ത്രങ്ങളണിഞ്ഞു തിരുസഭ കൂടുതൽ അലങ്കാര വിഭൂഷിതയായി പരിലസിക്കട്ടെ."

ഈ വചനങ്ങളിൽ നിന്നും പരിശുദ്ധസിംഹാസനം തങ്ങളുടെ ആരാധനക്രമങ്ങൾ തുടർന്നു കൊണ്ടുപോകുവാൻ പ്രദർശിപ്പിക്കുന്ന അതീവ ആഗ്രഹം എപ്രകാരം വിലമതിക്കുന്നുവെന്നു മലങ്കരയിലെ കാതോലിക്കേറ്റിൽ ഉൾപ്പെട്ട മെത്രാന്മാർക്കു ശരിക്കു ഗ്രഹിക്കുവാൻ സാധിക്കും. ഭിന്നിച്ചു നില്ക്കുന്ന ക്രിസ്തീയസഹോദരങ്ങളുടെ പുനരൈക്യർത്ഥം റോമാമാർപ്പാപ്പാമാർ എല്ലാക്കാലത്തും സൂക്ഷ്മദൃഷ്ടിയോടു കൂടി അവരുടെ റീത്തുകൾ സംരക്ഷിക്കുന്നതിനുള്ള അനുവാദമോ അംഗീകാരമോ നല്കുന്ന നയം എക്കാലത്തും സ്വീകരിച്ചു പോന്നിരുന്നു. കത്തോലിക്കാ വിശ്വാസത്തിനു വിരുദ്ധമായ യാതൊന്നും അവയിലില്ലെന്നും, ആത്മാക്കളുടെ നാശത്തിനു ഹേതുഭൂതമായതോ, സഭയുടെ കീർത്തിക്ക് ഭംഗം വരുത്തുന്നതോ ആയ യാതൊന്നും അവയിലില്ലെന്നും ബോദ്ധ്യം വരുമ്പോൾ മാത്രമേ അപ്രകാരമുള്ള അനുവാദം നല്കുകയുള്ളൂ. 1742-മെയ് 24-ാംതീയതി ബനഡിക്റ്റു 14-ാമൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ച Etsi Pastoralis എന്ന പ്രശസ്തമായ ചാക്രികലേഖനത്തിലെ വാക്കുകൾ ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.

കത്തോലിക്കാസഭയുടെ വിശ്വാസത്തിനു വിപരീതമോ, ആത്മരക്ഷയ്ക്കു വിഘാതമോ, സഭയുടെ അഭിമാനത്തിനു ഭംഗമോ വരുത്താത്ത റീത്തുകളെ അംഗീകരിക്കുകയും അനുമതി നല്കുകയും ചെയ്യുന്നതിനു അവഗാഢമായ പര്യാലോചനയ്ക്കുശേഷം റോമാമാർപ്പാപ്പാമാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. Allatae Nobis (ജൂലൈ 26-1755) എന്ന ചാക്രികലേഖനത്തിൽ പ്രസ്തുത മാർപ്പാപ്പാ മേലുദ്ധരിച്ച വചനങ്ങൾ തന്നെ ആവർത്തിച്ചിട്ടുണ്ട്. പ്രസ്തുത ലേഖനത്തിൽ ക്ളെമെന്റു എട്ടാമന്റെ വാഴ്ചക്കാലത്തു നടന്ന റുതേനിയൻകാരുടെ റോമായുമായുള്ള സുപ്രസിദ്ധ പുനരൈക്യാവസരത്തിൽ റുതേനിയൻ മെത്രാന്മാരും മെത്രാപ്പോലീത്തന്മാരും പ്രസിദ്ധപ്പെടുത്തിയ ഡിക്രിയെ അദ്ദേഹം പ്രത്യകം സ്വീകരിച്ചിരിക്കുന്നു. പുനരൈക്യത്തിനുവേണ്ടി

അവർ സമർപ്പിച്ച അപേക്ഷയിലെ ഏതാനും വാക്കുകളാണു ചുവടേ ചേർക്കുന്നത്:-

"ആരാധനക്രമങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും കാര്യമായ വ്യത്യാസങ്ങൾ യാതൊനും തന്നെ വരുത്താതെ പൗരസ്ത്യസഭകളുടെ പാരമ്പര്യം അനുസരിച്ചു ദൈവാരാധനയും വിശുദ്ധകൂദാശകളും അനുഷ്ഠിക്കുകയും, ഏകവിശ്വാസത്തിൽ എല്ലാവരും സ്ഥിതി ചെയ്തിരുന്ന കാലത്തു നടപ്പിലിരുന്ന ആരാധനക്രമങ്ങൾ പരിപാലിക്കുകയും ചെയ്യുന്നതിനുള്ള അനുവാദം ഞങ്ങൾ സവിനയം അഭ്യർത്ഥിക്കുന്നു."

ഒൻപതാം പീയൂസ് മാർപ്പാപ്പായുടെ Romanae Pontifice എന്ന ഡിക്രിയിൽ (ജനുവരി 6-1862) മേൽ ഉദ്ധരിച്ച വാക്കുകളെക്കാൾ കുറെ കൂടെ വിശദമായ അർത്ഥത്തിൽ ഇപ്രകാരം പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. പൗരസ്ത്യറീത്തുകളുടെ കാര്യങ്ങൾ നടത്തുന്നതിലേക്കായി പ്രൊപ്പഗന്താ തിരുസംഘത്തിന്റെ കീഴിൽ ഒരു പ്രത്യേകസംഘത്തെ അദ്ദേഹം നിയമിക്കയുണ്ടായി. മേലുദ്ധരിച്ച രേഖയിൽ ഇപ്രകാരമാണു അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. "പൗരസ്ത്യജനങ്ങളെ ലത്തീൻ റീത്തിലേക്കു ചേർക്കുന്നതിനു നമ്മുടെ പൂർവ്വികന്മാർ ഒരിക്കലും ശ്രമിച്ചിട്ടില്ലെന്നു മാത്രമല്ല, സന്ദർഭം ലഭിച്ചപ്പോഴെല്ലാം പ്രശംസനീയമായ പുരാതനത്വവും പരിശുദ്ധപിതാക്കന്മാരുടെ സാക്ഷിത്വവുള്ള പൗരസ്ത്യസഭാരീതികളെ നശിപ്പിക്കുകയോ മാറ്റിമറിച്ചു വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതിൽ തങ്ങൾക്കുള്ള വൈമനസ്യം പ്രസ്പഷ്ടമായ ഭാഷയിൽ സുവ്യക്തമായും പരസ്യമായും പ്രഖ്യാപിച്ചിട്ടുമുണ്ട്. എന്നാൽ അതേ സമയം തന്നെ കത്തോലിക്കാസഭാവിശ്വാസത്തിനു വിരുദ്ധവും, ആത്മരക്ഷയെ അപകടത്തിലാക്കുന്നതും, സഭയുടെ സത്യസന്ധതയെ നശിപ്പിക്കുന്നതുമായ യാതൊന്നും അവയിൽ കടന്നു കൂടാതിരിക്കുന്നതിൽ തങ്ങൾക്കുള്ള അതീവതാല്പര്യം അവരെല്ലാം ഐകകണ്ഠ്യേന പ്രകടമാക്കിയിട്ടുണ്ട്."

*　　　*　　　*　　　*

റോമിലേക്കു അയച്ച രണ്ടാമത്തെ മെമ്മോറാണ്ഡം അടുത്ത അദ്ധ്യായത്തിൽ ചേർക്കുന്നതാണ്.

# അദ്ധ്യായം – 23

# റോമിലേക്കു അയച്ച ദ്വിതീയ മെമ്മോറാണ്ഡം

**അ**നൗദ്യോഗികമായി സമർപ്പിച്ച പ്രഥമമെമ്മോറാണ്ഡം റോമിൽ ലഭിച്ചു കഴിഞ്ഞപ്പോൾ അതിനുള്ള അനൌദ്യോഗികമായ മറുപടിയും അതോടൊന്നിച്ചു മലങ്കരയിലെ യാക്കോബായസഭയെ സംബന്ധിച്ചുള്ള ആറു ചോദ്യങ്ങളും റോമിൽ നിന്നും അപ്പസ്തോലിക്കു ഡലിഗറ്റു മുഖേന കഥാപുരുഷനു അയച്ചു കൊടുക്കുകയുണ്ടായി. പ്രസ്തുത ചോദ്യങ്ങൾ താഴെ ചേർത്തുകൊള്ളുന്നു:–

1 യാക്കോബായസഭയ്ക്കും അന്ത്യോഖ്യൻറീത്തിനും മലങ്കരയിൽ പ്രവേശനം ലഭിച്ചതു എന്നാണ്? യാക്കോബായസഭയിൽ ഇപ്പോൾ ആവിർഭവിച്ചിരിക്കുന്ന കുഴപ്പങ്ങൾ എന്താണ്?

2 കത്തോലിക്കാസഭയോടു പുനരൈക്യം പ്രാപിക്കുവാൻ ആഗ്രഹിക്കുന്ന കക്ഷിയിൽ എത്ര ജനങ്ങളും ദൈവാലയങ്ങളുമുണ്ട്.

3 പ്രസ്തുത കക്ഷിയിൽ നിന്നും എത്ര പള്ളികളും ജനങ്ങളും ഉടനെ കത്തോലിക്കാസഭയോടു പുനരൈക്യം പ്രാപിക്കും?

4 അബ്ദള്ളാപാത്രിയർക്കീസും അബദ്ദ്മ്ശിഹാപാത്രിയർക്കീസും മലങ്കരയിൽ എത്ര മെത്രാന്മാരെ വാഴിച്ചിട്ടുണ്ട്? അവർ ആരെല്ലാം?

5 കത്തോലിക്കാസഭാപുനരൈക്യം പ്രാപിക്കുവാൻ അവരിൽ ആരെല്ലാം എവിടെ വെച്ചു തീരുമാനം ചെയ്തു?

6 അബദ്ള്ളാ, അബദ്ദ്മ്ശിഹാ എന്നീ പാത്രിയർക്കീസന്മാരിൽ നിയമാനുസൃതപാത്രിയർക്കീസ് ആരാണ്?

റോമിൽ നിന്നും അയച്ചുകൊടുത്തതും മേലുദ്ധരിച്ചതുമായ ചോദ്യങ്ങൾക്കുള്ള മറുപടിയും ആദ്യത്തെ മെമ്മോറാണ്ഡത്തിന്റെ വിശദീകരണവും അടങ്ങിയ ദ്വിതീയമെമ്മോറാണ്ഡം 1927 ജനുവരിമാസത്തിൽ കഥാപുരുഷൻ അപ്പസ്തോലിക്കു ഡലിഗറ്റു മുഖേന റോമിലേക്കു അയച്ചുകൊടുത്തു. താഴെ ചേർക്കുന്ന പ്രസ്താവനയോടുകൂടെയാണു പ്രസതുത മെമ്മോറാണ്ഡം അയച്ചു കൊടുത്തത്.

### പ്രസ്താവന

ഇതോടൊന്നിച്ചയയ്ക്കുന്ന ദ്വീതീയമെമ്മോറാണ്ഡം അവിടെ നിന്നും അയച്ച ചോദ്യങ്ങൾക്കു വിശദീകരണസഹിതമുള്ള മറുപടിയാണ്.

1-ാമത്തെയും 6-ാമത്തെയും ചോദ്യങ്ങൾക്കു 1-7 ഖണ്ഡികകളിൽ മറുപടി എഴുതിയിട്ടുണ്ട്.

2-ാംചോദ്യത്തിനു 9-ഠ, 10-ഠ ഖണ്ഡികകളിൽ മറുപടി ചേർത്തിട്ടുണ്ട്.

3-ാം ചോദ്യത്തിനുള്ള 9-ഠ, 10-ഠ ഖണ്ഡികകളിൽ മറുപടിയുണ്ട്.

4-ാം ചോദ്യത്തിനുള്ള മറുപടി 6-ഠ,8-ഠ ഖണ്ഡികകളിൽ നല്കിയിട്ടുണ്ട്.

5-ാം ചോദ്യത്തിന്റെ മറുപടി 7-ാം ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

ആകെ ആറുചോദ്യങ്ങൾ മാത്രമേ ചോദിച്ചിട്ടുണ്ടായിരുന്നുള്ളൂ.

*  *  *  *

## ദ്വിതീയമെമ്മോറാണ്ഡം

റോമിലേക്കു സമർപ്പിച്ച ദ്വിതീയമെമ്മോറാണ്ഡമാണു ചുവടേ ചേർക്കുന്നത്.

1-ക്രിസ്തുവർഷം 1599 മുതൽ 1665-വരെ കേരളത്തിലുണ്ടായിരുന്ന സുറിയാനിക്കാർ മാർപ്പാപ്പാ തിരുമേനിയുടെ ഭരണത്തിൻകീഴിലായിരുന്നുവെന്നുള്ളതു നിസ്തർക്കമായ സംഗതിയാണ്. എന്നാൽ 1665-ൽ അവരിൽ ഒരു വിഭാഗം റോമാബന്ധത്തിൽ നിന്നും പിൻമാറുകയും അന്ത്യോഖ്യാപാത്രിയർക്കീസിന്റെ അധികാരത്തെ സ്വയം സ്വീക

രിക്കയും ചെയ്തു. അതിനുശേഷം മാത്രമാണു അന്ത്യോഖ്യൻറീത്തു കേരളത്തിൽ പ്രചാരത്തിൽ വന്നത്. 1875-ൽ യാക്കോബായപാത്രിയർക്കീസ് ആദ്യമായി മലയാളക്കര സന്ദർശിക്കയും അന്നത്തെ മലങ്കരമെത്രാപ്പോലീത്താ ആയിരുന്ന യൗസേഫ് മാർ ദിവന്നാസ്യോസിന്റെ സഹായമെത്രാന്മാരായി ആറു പേരെകൂടി അഭിഷേചിക്കുകയും ചെയ്തു.

പത്രോസ് മൂന്നാമൻ എന്ന പേരോടുകൂടിയ ഈ പാത്രിയർക്കീസിന്റെ പിൻഗാമിയായി ഭരണം സ്വീകരിച്ചതു അബ്ദ്ദ്മ്ശിഹാ രണ്ടാമനായിരുന്നു. തൂർക്കിയിലും മലങ്കരയിലും ഉണ്ടായിരുന്ന യാക്കോബായസുറിയാനിക്കാരുടെ അനിഷേദ്ധ്യപാത്രിയർക്കീസായി അനേകവർഷം അദ്ദേഹം ഭരിച്ചുപോന്നു. എന്നാൽ ക്രിസ്തുവർഷം 1906-ൽ തൂർക്കിയിലുണ്ടായിരുന്ന ചില മെത്രാന്മാരുടെ ദുഷ്പ്രേരണ മൂലം ഗവൺമെന്റധികാരികകൾ അദ്ദേഹത്തെ നിഷ്കാസനം ചെയ്യുകയും തൽസ്ഥാനത്തു അബ്ദള്ളാസൂട്ടഫിനെ സിംഹാസനാരൂഢനാക്കുകയും ചെയ്തു.

2-അബ്ദള്ളായുടെ സിംഹാസനാരോഹണത്തെ സംബന്ധിച്ചു അഡ്രിയൻ ഫ്രോട്ടസ്ക് എന്ന ചരിത്രകാരൻ Lesser Eastern Churches എന്ന ഗ്രന്ഥത്തിൽ (പുറം 339-340) താഴെ ചേർക്കുന്ന വിധം രേഖപ്പെടുത്തിയിരിക്കുന്നു.

(ഈ വസ്തുതകൾ സിറിയായിൽ നിന്നും നേരിട്ടു ഗ്രഹിച്ചതാണെന്നും അദ്ദേഹം ഫുട്ട്നോട്ടിൽ പറഞ്ഞിട്ടുണ്ട്.)

"പുനരൈക്യപ്പെട്ട സുറിയാനിമെത്രാനെന്ന നിലയിൽ ഹോംസിലുള്ള സുറിയാനികത്തോലിക്കാരൂപതയെ ഒൻപതു വർഷക്കാലം അദ്ദേഹം ഭരിച്ചു കൊണ്ടിരുന്നു. അനന്തരം ഒഴിവു വരുന്ന അസവരത്തിൽ പാത്രിയർക്കാസിംഹാസനത്തിൽ ആരൂഢനാക്കാം എന്നുള്ള വാഗ്ദാനത്താൽ പ്രേരിതനായി 1905-ൽ അദ്ദേഹം യാക്കോബായസഭയിലേക്കു പിൻതിരിയുകയും "ഡേയർബർക്കർ" രൂപതയുടെ മെത്രാനായി ഭരണഭാരമേല്ക്കുകയും ചെയ്തു. അധികതാമസമെന്യേ (1906-ൽ) പാത്രിയർക്കീസായിരുന്ന ഇഗ്നാത്തിയോസ് അബ്ദ്ദുമ്ശിഹാ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. ഗത്യന്തരമില്ലാതെ അദ്ദേഹം മലങ്കരയ്ക്കു തിരിക്കുകയും ചെയ്തു. സൂട്ടഫ് 350 പവൻ കൈകൂലി കൊടുത്തും അനാശാസ്യങ്ങളായ ഇതരമാർഗ്ഗങ്ങൾ ഉപയോഗിച്ചുമാണു സിംഹാസനാരൂഢനായത്. യരുശലേമിൽ വസിച്ചിരുന്ന യാക്കോബായമെത്രാന്റെ പക്കൽ നിന്നും കടം വാങ്ങിയതായിരുന്നു ആ പണം. അങ്ങനെ 500

പവനോളം ചെലവഴിച്ചതു മൂലമാണു പാത്രിയർക്കീസ് ആകുന്നതിനു അദ്ദേഹത്തിനു സാധിച്ചത്. 1906 ആഗസ്റ്റ് 15-ാംതീയതി അദ്ദേഹം പാത്രി യർക്കാസിംഹാസനത്തിൽ അവരോധിതനായി."

3-എന്നാൽ അബ്ദദുമ്ശിഹാ തന്റെ സ്ഥാനഭ്രഷ്ട് ഒരിക്കലും സ്വീകരിച്ചിരുന്നില്ല. തന്നെയുമല്ല, താൻ ന്യായമായും കാനോൻനിയമ മനുസരിച്ചും യഥാർത്ഥപാത്രിയർക്കീസാണെന്നു അവകാശവാദം പുറ പ്പെടുവിക്കുകയും അബ്ദദുള്ളാസൂട്ടഫ് വഞ്ചകനായ അപഹാരിയാ ണെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

4-യാക്കോബായസഭയുടെ കാനോൻനിയമം അനുസരിച്ചുള്ള ന്യായമായ പാത്രിയർക്കീസ് അബ്ദദുമ്ശിഹാ രണ്ടാമനായിരുന്നു. അബ്ദള്ളാസൂട്ടഫാകട്ടെ ആന്റിപാത്രിയർക്കീസുമായിരുന്നു. ഡോക്ടർ അഡ്രിയൻ ഫ്രോട്ടസ്ക് എഴുതിയിരിക്കുന്നതുപോലെ (പുറം 342) ബാറെബ്രായ കൂട്ടിച്ചേർത്തു തയ്യാറാക്കിയ കാനോൻ നിയമമായിരുന്നു അവിടത്തെ ജനങ്ങൾ സ്വീകരിച്ചിരുന്നത്. 1898-ൽ പാരീസിൽ നിന്നും പ്രസ്തുത കാനോൻ ഗ്രന്ഥം സുറിയാനിഭാഷയിൽ പ്രസിദ്ധപ്പെടുത്തി യിട്ടുണ്ട്. ശതാബ്ദങ്ങളായി യാക്കോബായസഭ സ്വീകരിച്ചുപോന്നിരുന്ന കാനോൻ ഇതായിരുന്നു. രണ്ടു പാത്രിയർക്കീസന്മാരുടെയും നിലയെ പ്പറ്റി ഈ കാനോൻ നിയമത്തിൽ നിന്നും ശരിക്കു ഗ്രഹിക്കാവുന്നതാ ണ്. താഴെച്ചേർത്തിരിക്കുന്ന ഭാഗം മാത്രമാണു എതിർപാത്രിയർക്കീ സന്മാരെപ്പറ്റി പ്രസ്തുത നിയമസംഹിതയിലുള്ള ഏക പ്രതിപാദനം.

"വിശ്വാസവിഷയത്തിൽ വൈപരീത്യമില്ലാതിരിക്കുന്ന കാലയള വിൽ അധികാരദുർമ്മോഹം നിമിത്തമോ അത്യാഗ്രഹം മൂലമോ ഭിന്ന തയുളവാകുകയും തൽഫലമായി രണ്ടു പാത്രിയർക്കീസന്മാരോ രണ്ടു മെത്രാന്മാരോ ഏകസിംഹാസനത്തിൽ അഭിഷിക്തനാവുകയും ചെയ്യുന്ന പക്ഷം ആദ്യത്തെ ആൾ ഭരിക്കുകയും ഇതരൻ സ്വസ്ഥനായി ഇരിക്കുകയും ചെയ്യേണ്ടതാണ്. എന്തെന്നാൽ, റോമാസിംഹാസനത്തി ലേക്കു നിർദ്ദിഷ്ടനായ അസേനിയൂസ് ഭരണവിഷയത്തിൽ പ്രവേശി ക്കാതെ അദ്ദേഹത്തിനു മുമ്പു അഭിഷിക്തനായ റുമാസസ് ഭരണം നട ത്തുവാൻ അനുവദിച്ചു എന്നു "എക്ളേസിയാസ്റ്റക്കി" എന്ന ഗ്രന്ഥ ത്തിൽ സോക്രട്ടീസ് പറഞ്ഞിരിക്കുന്നു. വേദശാസ്ത്രപാരംഗതനായ വി. ഗ്രിഗറിക്കു ശേഷം കോൺസ്റ്റാന്റിനോപ്പിളിൽ അഭിഷിക്തനായ "മാർഷാമോസ് സിനിക്കു" അവരുടെ 150-ാം കാനോൻപ്രകാരം തിര സ്കൃതനായിത്തീർന്നു. ചക്രവർത്തിയായ ജസ്റ്റീനിയൻ, "തിയഡോഷി

യസിനെ നാടുകടത്തിയപ്പോൾ" ആർച്ചുഡീക്കൻ ഗയാന അലക്സാന്ത്രിയായിൽ അഭിഷേചിക്കപ്പെട്ടു. എങ്കിലും ഏഷ്യാ മൈനറിലെ ജോൺ എന്നപേരിൽ തിയഡോഷ്യുസ് സിംഹാസനസ്ഥാനായിരുന്നു." (ബാറെബ്രായയുടെ (നേമോകാനോൻ അദ്ധ്യായം. 7)

5-അബ്ദദുമ്ശിഹാ പാത്രിയർക്കീസ് അധികാരാവകാശങ്ങളോടുകൂടിയ ന്യായമായ പാത്രിയർക്കീസു താനാണെന്നും ന്യായരഹിതമായി ഭരണം പിടിച്ചുപറിച്ചെടുത്താണു അബ്ദള്ളാസൂട്ടഫ് അധികാരസ്ഥാനത്തു കയറിപ്പറ്റിയതെന്നും കാണിച്ചുകൊണ്ടുള്ള പല എഴുത്തുകളും മലങ്കരയ്ക്കു അയച്ചുകൊണ്ടിരുന്നു. 1909-ൽ അബ്ദള്ളാസൂട്ടഫ് മലങ്കരയിലേക്കു വരികയും മലങ്കരയിലെ സഭാവസ്തുക്കളുടെ മേലുള്ള അവകാശാധികാരങ്ങൾ സമ്പാദിക്കുവാൻ വേണ്ടി രജിസ്റ്റർ ഉടമ്പടി കരസ്ഥമാക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. മലങ്കരസഭ അന്ത്യോഖ്യൻസഭയുടെ ലൌകികാധികാരത്തെ ഇതഃപര്യന്തം സ്വീകരിച്ചിട്ടില്ല എന്നുള്ള വാദത്തിൽ അടിയുറച്ചു കൊണ്ടു മലങ്കരമെത്രാപ്പോലീത്തായായ മാർ ദിവന്നാസ്യോസു അബ്ദള്ളാപാത്രിയർക്കീസിന്റെ പരിശ്രമത്തെ ശക്തിയുക്തം എതിർത്തു. തന്നിമിത്തം അബ്ദള്ളാസൂട്ടഫ് മലങ്കരമെത്രാപ്പോലീത്തായെ മുടക്കുകയുണ്ടായി. എന്നാൽ അബ്ദള്ളാസൂട്ടഫിനു മലങ്കരയുടെ മേൽ യാതൊരധികാരവുമില്ലെന്നും, മാർ ദിവന്നാസ്യോസിന്റെ മുടക്കു കാനോൻ നിയമത്തിനു എതിരാണെന്നും, തൻമൂലം അസാധുവാണെന്നും പാത്രിയർക്കീസായ അബ്ദദുമ്ശിഹാ ദ്വിതീയൻ തുർക്കിയിൽ നിന്നും പ്രഖ്യാപിച്ചു. 1912-ൽ അബ്ദദുമ്ശിഹാ ദ്വിതീയൻ മലങ്കരയ്ക്കു വരികയുണ്ടായി. നിയമാനുസൃത പാത്രിയർക്കീസായിരുന്ന അദ്ദേഹത്തെ ദിവന്നാസ്യോസ് സ്വീകരിക്കുകയും അദ്ദേഹത്തിന്റെ പരമാധികാരമുപയോഗിച്ചു മലങ്കരയാക്കോബായസഭയിലെമുടക്കുതീർക്കുകയും ചെയ്തു. അഡ്രിയൻ ഫ്രെംട്ടസ്ക്ക്).

(Lesser Eastern Churches പേജ് 373)

പ്രസ്തുത പാത്രിയർക്കീസ് 1876-ൽ മലങ്കര സന്ദർശിച്ച പത്രോസ് മൂന്നാമൻ പാത്രിയർക്കീസിനാൽ അഭിഷേചിക്കപ്പെട്ട കണ്ടനാട്ടു ഇടവകയുടെ മെത്രാൻ പൌലൂസ് മാർ ഈവാനിയോസിനെ കാതോലിക്കോസായി വാഴിച്ചു. ഇതേപ്പറ്റി അഡ്രിയൻ ഫ്രൂട്ടസ്ക്ക് എഴുതിയിരിക്കുന്നതു അക്ഷരംപ്രതി പരമാർത്ഥമാണ്. ഈ കാതോലിക്കാ അന്ത്യോഖ്യൻ സുറിയാനി യാക്കോബായക്കാരിൽ നിന്നും സ്വതന്ത്രനായിരിക്കും. സ്വന്ത അധികാരമുപയോഗിച്ചു അദ്ദേഹത്തിനു മെത്രാന്മാരെ വാഴിക്കാം.

അദ്ദേഹത്തിന്റെ മരണശേഷം കാതോലിക്കാസിംഹാസനത്തിൻകീഴിലുള്ള മെത്രാന്മാർ പിൻഗാമിയെ തെരഞ്ഞെടുക്കേണ്ടതാണ്. ഇങ്ങനെ മലങ്കരയിൽ ഒരു സ്വതന്ത്രയാക്കോബായസഭയെ അബ്ദദുമ്ശിഹാ പാത്രിയർക്കീസ് സ്ഥാപിച്ചു. കാതോലിക്കോസിന്റെ സഫ്രഗന്മാരായി മൂന്നു പുതിയ മെത്രാന്മാരെ അബ്ദദുമ്ശിഹാ വാഴിക്കയുണ്ടായി.

6–അദ്ദേഹം അഭിഷേകം ചെയ്ത മെത്രാന്മാർ 1) മാർ ഈവാനിയോസ് യൂവാക്കീം 2) മാർ ഗീവറുഗീസ് പീലക്സിനോസ്. 3) മാർ ഗ്രീഗോറിയോസ് ഗീവറുഗീസ് എന്നിവരായിരുന്നു. ഇവരിൽ മാർ പീലക്സീനോസ് ഒന്നാമത്തെ കാതോലിക്കായുടെ മരണശേഷം മോറാൻ മാർ ബസ്സേലിയോസ് എന്നപേരിൽ കാതോലിക്കായായി വാഴിക്കപ്പെട്ടു. അനന്തരം ഈ മൂന്നു മെത്രാന്മാരും കൂടി ബഥനിയുടെ മെത്രാനായി മാർ ഈവാനിയോസ് ഗീവറുഗീസിനെ അഭിഷേകം ചെയ്തു. അതിനുശേഷം മാർ ഈവാനിയോസ് യൂവാക്കീം കാലം ചെയ്തു. മാർ ഗീവറുഗീസ് ദിവന്നാസ്യോസ് കാതോലിക്കായുടെയോ, ബഥനിമെത്രാന്റെയോ അഭിഷേകകർമ്മത്തിൽ പങ്കെടുക്കുകയുണ്ടായില്ല. എന്നാൽ അദ്ദേഹം കാതോലിക്കാസിംഹാസനത്തിനു പ്രബലമായ പിൻതുണ നല്കിക്കൊണ്ടു ആ കക്ഷിയിൽ ഉൾപ്പെട്ടു നിന്നിരുന്നു.

7–1926 നവംബർ ഒന്നാം തീയതി പരുമല വെച്ചു (തിരുവല്ല) കൂടിയ മെത്രാന്മാരുടെ സുന്നഹദോസിൽ

1. മോറാൻ മാർ ബേസ്സേലിയോസ് കാതോലിക്കാ.
2. നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (കുണ്ടറ)
3. നി. വ. ദി. ശ്രീ. മാർ ഈവാനിയോസ് (ബഥനി മെത്രാൻ) എന്നിവർ സംബന്ധിച്ചിരുന്നു. പ്രസ്തുത സുന്നഹദോസിൽ വെച്ചു കാത്തോലിക്കാസഭാപുനരൈക്യാർത്ഥം റോമാൻസഭാധികാരികളുമായി കത്തിടപാടു നടത്തുവാൻ ബഥനിമെത്രാനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതുസംബന്ധിച്ചുള്ള എഴുത്തുകുത്തുകളും മറ്റു വിവരങ്ങളും പരിപൂർണ്ണരഹസ്യമായി പരിപാലിക്കണമെന്നും മാർ ദിവന്നാസ്യോസ് തിരുമേനിയെ തൽക്കാലം ഈ വിവരങ്ങൾ അറിയിക്കരുതെന്നും, കാര്യങ്ങൾ സുഗമമാക്കിയതിന്റെ ശേഷമേ അറിയിക്കാവൂ എന്നും തീരുമാനിച്ചു. മാർ ദിവന്നാസ്യോസ് ഒരു പുതിയ കക്ഷിയെ ഉണ്ടാക്കിയില്ലെങ്കിലും വ്യവഹാരസംബന്ധമായ കാര്യങ്ങളിൽ ഇടപ്പെട്ടിരിക്കയായിരുന്നു.

8-അബ്ദള്ളാപാത്രിയർക്കീസ് രണ്ടു മെത്രാന്മാരെ മലങ്കരയിൽ വാഴിക്കയുണ്ടായി.

1. നി. വ. ദി. ശ്രീ. മാർ അത്താനാസിയോസ് (ആലുവാ)

2. നി. വ. ദി. ശ്രീ. മാർ സേവേറിയോസ് (തെക്കും ഭാഗം) ആസ്ഥാനം കോട്ടയം എന്നിവരായിരുന്നു അവർ.

അനന്തരം ഈ അടുത്തകാലത്തു (ഏതാനും ആഴ്ചകൾക്കു മുമ്പു) ഇപ്പോഴത്തെ പാത്രിയർക്കീസ് യരുശലേമിൽ വെച്ചു മലങ്കരയുള്ള യാക്കോബായസഭയിലെ പാത്രിയർക്കീസു കക്ഷിക്കു വേണ്ടി രണ്ടു മെത്രാന്മാരെ കൂടി അഭിഷേചിക്കയുണ്ടായി. ഈ രണ്ടു പുതിയ മെത്രാന്മാരും ഇതുവരെ ഇൻഡ്യയിൽ വന്നെത്തിയിട്ടില്ല. അവർ 1. മാർ ദിവന്നാസ്യോസ് മിഖായേൽ 2. മാർ ദീയസ്കോറോസ് തോമസ്സ് എന്നവരാണ്. ഇവരിൽ മാർ ദിയസ്കോറോസിനെ മാർ സേവേറിയോസിന്റെ സഹായമെത്രാനായിട്ടാണു വാഴിച്ചിരിക്കുന്നത്. പാത്രിയർക്കീസിന്റെ പ്രതിനിധിയായി മലങ്കരയിൽ താമസിക്കുന്ന തുർക്കിസ്വദേശിയായ മാർ ഒസ്താത്തിയോസിന്റെ നാമം ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ നാലു പേരെകൂടി യാക്കോബായസഭയിലെ കാതോലിക്കാസിംഹാസനത്തെ അനുസരിക്കുന്ന കക്ഷിക്കുവേണ്ടി മെത്രാന്മാരായി അഭിഷേകം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും അവരുടെ അഭിഷേകം തൽക്കാലം മാറ്റിവെച്ചിരിക്കയാണ്.

9-കാതോലിക്കാപക്ഷത്തുള്ളവരുടെസംഖ്യ ഏകദേശം 150,000 വരുന്നതാണ്. മെത്രാൻകക്ഷിയെന്നു വിളിക്കപ്പെടുന്ന പാർട്ടിയിൽ 200,000-ൽ പരം ആളുകളുണ്ടെന്നുള്ളതു അതിശയോക്തിപരമാണ്. (The lesser Eastern Churches) ഈ കക്ഷിക്കു മുന്നൂറോളം ദൈവാലയങ്ങളുണ്ട്. അവയിൽ നൂറിൽപരം ദൈവാലയങ്ങൾ പുതിയവയും പാത്രിയർക്കീസുമായുള്ള ബന്ധത്തിൽ നിന്നു വിമുക്തമായതിനു ശേഷം നിർമ്മിക്കപ്പെട്ടവയുമാണ്. ഈ പള്ളികളിന്മേൽ പാത്രിയർക്കീസുകക്ഷിക്കു യാതൊരധികാരവും അവകാശവുമില്ല. ഈ കക്ഷിയുടെ കൈവശമിരിക്കുന്ന ബാക്കിയുള്ള പഴയപള്ളികൾ പതിനാറു വർഷത്തെ കൈവശാവകാശം മൂലം അവർക്കു സ്ഥിരമായി ലഭിക്കുമോ എന്നുള്ളതു നിയമപരമായ ഒരു പ്രശ്നമാണ്. തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നും അപ്രകാരം വിധിച്ചു കഴിഞ്ഞിരിക്കുന്നു.

10-ഈ പരിതഃസ്ഥിതിയിൽ എത്ര പള്ളികളും ആളുകളും പ്രാരം

ഭത്തിൽ പുനരൈക്യപ്പെടുമെന്നു സുനിശ്ചിതമായി ആർക്കും പ്രസ്താവിക്കുവാൻ സാദ്ധ്യമല്ല പ്രഥമമെമ്മോറാണ്ഡത്തിൽ അപേക്ഷിച്ചിരുന്ന കാര്യങ്ങൾ തിരുസിംഹാസനത്തിൽ നിന്നും അനുവദിക്കുന്നതാണെന്നുള്ള ഉറപ്പു ലഭിച്ചാൽ (അങ്ങനെ പ്രതീക്ഷിക്കുന്നു) ഉടൻ തന്നെ നിവൃത്തിയുള്ളേടത്തോളം ദൈവാലയങ്ങളേയും ജനങ്ങളേയും പുനരൈക്യത്തിലുൾപ്പെടുത്തുവാൻ സുനിശ്ചിതമായ നടപടികൾ സ്വീകരിക്കാമെന്നു പ്രതീക്ഷിക്കുന്നു. എന്നാൽ ഇതിനു കുറെ സമയം വേണ്ടിവരുന്നതാണ്. പരമ്പരാഗതമായ തെറ്റിദ്ധാരണകളോടും, അജ്ഞതയോടും, ശക്തിമത്തായ യാഥാസ്ഥിതികത്വത്തോടും, സ്ഥാപിതതാല്പര്യത്തോടും ഞങ്ങൾക്കു സധീരം പോരാടേണ്ടതായി വരുന്നതാണ്. എന്നാൽ പുനരൈക്യത്തെ ത്വരിതപ്പെടുത്തുവാൻ ആവശ്യമായിരിക്കുന്ന കാര്യങ്ങളിൽ പ്രകടിപ്പിക്കുന്ന വിശ്വാസം തക്കതായ ഫലം പുറപ്പെടുവിക്കുമോ എന്നു സന്ദേഹിക്കേണ്ട യാതോരാവശ്യവുമില്ല. ഭിന്നിച്ചുപോയിരിക്കുന്ന ക്രൈസ്തവരെ പുനരൈക്യപന്ഥാവിലേക്കു ആനയിക്കുവാനുള്ള വിജയപ്രദമായ മാർഗ്ഗം പ്രാരംഭദശയിൽ മുമ്പോട്ടു വരുന്ന ക്രൈസ്തവരുടെയും ദൈവാലയങ്ങളുടെയും സംഖ്യ കാര്യമായി പരിഗണിക്കാതിരിക്കുകയെന്നതാണ്. ക്രൈസ്തവലോകത്തിന്റെ പുനരൈക്യം ദൈവത്തിനു ഹിതകരമാകയാൽ അതിലേക്കുള്ള പ്രവർത്തനങ്ങൾ വിജയപ്രദമാകുകതന്നെ ചെയ്യുന്നതാണ്. സുറിയാനി കത്തോലിക്കാപാത്രിയർക്കീസായ ഇഗ്നോഷിയസ് അപ്രേം ദ്വിതീയൻ റഹമാനിയുടെ കീഴിലുള്ള റോമൻകത്തോലിക്കർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അന്ത്യോഖ്യൻറീത്തു പുനരൈക്യപ്പെടുന്ന ഇവിടത്തെ യാക്കോബായക്കാർക്കു വേണ്ടി അനുവദിക്കപ്പെടുകയും പുനരൈക്യപ്പെടുന്ന മെത്രാന്മാരെ അവർക്കു ഇപ്പോഴുള്ള സ്ഥാനത്തിലും അധികാരത്തിലും തുടരുന്നതിനു അനുവദിക്കുകയും ചെയ്യുന്നപക്ഷം നിശ്ചയമായും യാക്കോബായസഭയിൽ നിന്നും, മാർത്തോമ്മാസഭയിൽ നിന്നും പുനരൈക്യപ്രസ്ഥാനത്തിലേക്കു ഒരു വലുതായ പ്രവാഹമുണ്ടാകുമെന്നു പ്രതീക്ഷിക്കാവുന്നതാണ്.

പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഓരോ ദിവസവും ഈ പ്രവാഹം ശക്തിപ്പെടുകയും അങ്ങനെ യാക്കോബായസഭാംഗങ്ങളും മാർത്തോമ്മാസഭാംഗങ്ങളും (പ്രോട്ടസ്റ്റന്റു വിശ്വാസമുള്ളവരാണെങ്കിലും യാക്കോബായക്കാർ ഉപയോഗിക്കുന്ന റീത്തു സ്വീകരിക്കുന്നവർ) പുനരൈക്യത്തിൽ പ്രവേശിക്കുന്നതിനിടയാകുകയും ചെയ്യും. അങ്ങനെ "പിതാവേ, ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും നമ്മിൽ

ഒന്നാകേണ്ടതിനുതന്നെ" എന്നുള്ള നമ്മുടെ കർത്താവിന്റെ അന്ത്യ പ്രാർത്ഥന ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ആസന്നഭാവിയിൽ ഫലപ്രാപ്തിയിൽ എത്തുകയും ചെയ്യും.

11-ഇപ്രകാരമുള്ള മെമ്മോറാണ്ഡം അയയ്ക്കുന്നതിനു നിശ്ച യിക്കുവാനുണ്ടായ കാരണങ്ങളെപ്പറ്റി ഏതാനും സംഗതികൾകൂടി ചുവടെ ചേർത്തുകൊള്ളുന്നു. മൂന്നു സംഗതികളാണു ഈ മെമ്മോ റാണ്ഡം അയയ്ക്കുവാൻ ഞങ്ങൾക്കു പ്രേരകമായിത്തീർന്നിട്ടുള്ളത്.

1 ക്രൈസ്തവരേവരും ഒന്നായിത്തീരണമെന്നുള്ള നമ്മുടെ കർത്താവിന്റെ അഭിലാഷം സാധിതമായിത്തീരുന്ന പക്ഷം ദിവ്യരക്ഷ കന്റെ മഹത്വം പൂർവ്വാധികം വർദ്ധിക്കുമെന്നുള്ള വിശ്വാസമാണു ഇതിനു പ്രഥമപ്രേരകമായിത്തീർന്നിട്ടുള്ളത്. നമ്മുടെ കർത്താവിനെ സേവിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഏതൊരുവന്റെയും ഹൃദയത്തെ പിളർക്കുന്നതാണു ക്രൈസ്തവലോകത്തിന്റെ ആധുനി കനില എന്നുള്ളതു സുസ്പഷ്ടമായ കാര്യമാണ്.

2 കത്തോലിക്കാസഭയും പാശ്ചാത്യപാത്രിയർക്കാസിംഹാസനവും ഒന്നാണെന്നു പരിഗണിക്കുവാൻ പാടില്ലാത്തതും ഇതുവരെ അപ്രകാരം പരിഗണിച്ചിട്ടില്ലാത്തതുമാകുന്നു. മലങ്കരയിലെ യാക്കോബ്യരെപ്പോ ലുള്ള പൗരസ്ത്യക്രൈസ്തവർക്കു ക്രിസ്തീയലോകത്തു നിന്നും ശീശ്മ അവസാനിപ്പിക്കുവാൻ തങ്ങളാൽ കഴിവുള്ളതെല്ലാം ചെയ്യുവാൻ സാധിക്കുന്നതും അപ്രകാരം ചെയ്യേണ്ടതുമാണ്.

3 പൌരസ്ത്യസഭകളോടുള്ള പരിശുദ്ധസിംഹാസനത്തിന്റെ മനോഭാവം എക്കാലത്തും സഹതാപസമ്പൂർണ്ണമായിരുന്നു. "കാതൊ ലിക്ക് എൻസൈക്ലോപീഡിയാ"യിൽ ചേർത്തിരിക്കുന്നതും താഴെ ഉദ്ധ രിക്കുന്നതുമായ ഭാഗവും അപ്രകാരമുള്ള ഇതരപ്രഖ്യാപനങ്ങളും ഈ മെമ്മോറാണ്ഡത്തിനു പ്രധാനപ്രേരകമായിട്ടുണ്ട്.

ഫ്ളോറൻസ് സുന്നഹദോസിനെ പൗരസ്ത്യർ ഒരിക്കലും വിസ്മ രിച്ചിട്ടില്ല. പുനരൈക്യത്തിന്റെ വ്യവസ്ഥകൾ ഏതെല്ലാമെന്നു പൗരസ്ത്യ ക്രൈസ്തവർക്കു പ്രസ്തുത സുന്നഹദോസ് വ്യക്തമാക്കികൊടുത്തി ട്ടുണ്ട്. അപ്രകാരം തന്നെ പുനരൈക്യം സുസാദ്ധ്യമാണെന്നും റോമാ യഥാർത്ഥമായി അതു ആഗ്രഹിക്കുന്നുവെന്നും പ്രസ്തുത സുന്നഹ ദോസ് സുവിശദമാക്കിയിട്ടുണ്ട്.

വിശ്വാസസംബന്ധമായ പ്രശ്നങ്ങൾക്കു തൃപ്തികരമായ ഉത്തരം

നല്കുന്നതിനും അനുവദിക്കാവുന്നതെല്ലാം അനുവദിച്ചു കൊടുക്കുന്നതിനുള്ള സന്മനോഭാവം ഫ്ളോറൻസു സുന്നഹദോസ് മുഖേന പരിശുദ്ധസിംഹാസനം പ്രകടമാക്കുകയുണ്ടായി. ആചാരങ്ങൾ അശ്ലീലങ്ങളോ അസാന്മാർഗ്ഗികങ്ങളോ അല്ലാത്ത കാലത്തോളം റീത്തിലോ കാനോൻ നിയമത്തിലോ ഉള്ള ഐക്യം അത്യന്താപേക്ഷിതമല്ല. ഓരോ പ്രാദേശികസഭയും അതിന്റെ ആചാരാനുഷ്ഠാനങ്ങളിൽ അടിയുറച്ചു കൊണ്ടു അതിന്റെ പുരോഗമനത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതാണ്. പാശ്ചാത്യർക്കു യോജിക്കാത്ത പല കാര്യങ്ങളും പൌരസ്ത്യർക്കു യോജിച്ചതായേക്കാം. തൻമൂലം അരുചികരങ്ങളായ പ്രസ്തുത ആചാരാനുഷ്ടാനങ്ങൾ അടിച്ചേല്പിക്കാത്ത കാലത്തോളം അതിനായി മല്ലടിക്കേണ്ട ആവശ്യമില്ല. അങ്ങനെ ഫേളോറൻസിൽവെച്ചു പഴയ ആചാരങ്ങളെ വ്യത്യാസപ്പെടുത്തുവാനുള്ള യാതൊരു പരിശ്രമവും നടക്കുകയുണ്ടായില്ല. ഓരോ സഭയ്ക്കും അതിന്റെ ആരാധനക്രമങ്ങളും കാനോൻനിയമങ്ങളും റോമായുടെ പരമാധികാരത്തിനു (വിശ്വാസവിഷയമാകയാൽ) വിരുദ്ധമല്ലാത്ത പക്ഷം പരിരക്ഷിക്കാവുന്നതാണ്. പരമാധികാരപ്രഖ്യാപനമടങ്ങിയ ഡിക്രിയിലെ ഒരു വാചകം ഇപ്രകാരമാണ്. "ഇതരപാത്രിയർക്കീസന്മാരുടെ അധികാരങ്ങൾക്കും അവകാശങ്ങൾക്കും പ്രതിബന്ധമല്ലാത്തവിധത്തിൽ മാർപ്പാപ്പാ ലോകത്തിലുള്ള ദൈവത്തിന്റെ സഭയെ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു." പൌരസ്ത്യസഭയിൽ വൈദികന്മാർക്കു വിവാഹ ജീവിതം അനുഷ്ഠിക്കുന്നതിനും, പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നതിനും, വിശ്വാസപ്രമാണത്തിൽ "പുത്രനിൽ നിന്നുകൂടെ"(Filioque) എന്ന പദങ്ങൾ ചൊല്ലാതിരിക്കുന്നതിനും, പ്രതിമകൾ ഉപയോഗിക്കാതിരിക്കുന്നതിനും എന്നല്ല, ലത്തീൻറീത്തുമായി തങ്ങൾക്കു വിപ്രതിപത്തിയുള്ള ഏതു കാര്യവും ഉപേക്ഷിക്കുന്നതിനുള്ള സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. ഇതേവരെ റോമാസഭയുടെ മനോഭാവം ഇപ്രകാരമായിരുന്നു. ശീശ്മ മുഖേന വെട്ടിനീക്കപ്പെട്ട പൌരാണികവും ബഹുമാന്യവുമായ സഭകളെ തങ്ങൾ ഒരു കാലത്തും വിസ്മരിച്ചിട്ടില്ലെന്നു ഒട്ടനേകം മാർപ്പാപ്പാമാർ ഡിക്രികളും, ചാക്രികലേഖനങ്ങളും, ബൂളാകളും മുഖേന പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത രേഖകളിൽ തുടരെ പ്രദർശിപ്പിച്ചിട്ടുള്ള സ്വരവും മനോഭാവവും ഒന്നുതന്നെയാണ്.

ഒൻപതാം പീയുസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു "ഇൻസുപ്രേമാ പേത്രി" എന്ന ചാക്രികലേഖനം (ദനഹാ.1848) മുഖേന ഏകസ്വഭാവവാദികൾക്കു ഇപ്രകാരമുള്ള ഉറപ്പാണു നല്കിയിരിക്കുന്നത്.

"നാം അത്യധികം ബഹുമാനിക്കുന്ന നിങ്ങളുടെ ആരാധനാരീതികളെ യാതൊരു വ്യത്യാസവും കൂടാതെ ഉപയോഗിക്കുന്നതിനു അനുവദിക്കുന്നതാണ്. ശീശ്മസഭകളിൽ നിന്നും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്ന വൈദികന്മാർക്കു മുമ്പുണ്ടായിരുന്ന പദവിയും സ്ഥാനവും അതേവിധം സംരക്ഷിക്കപ്പെടുന്നതിനു അനുവദിക്കുന്നതുമാണ്."

1894ജൂൺ 20-ാം തീയതി പതിമൂന്നാംലെയോമാർപ്പാപ്പാതിരുമനസ്സുകൊണ്ടു പ്രസിദ്ധപ്പെടുത്തിയ "പ്രക്ലാരാ ഗ്രാത്തുലസിയോനിസ്" എന്ന ചാക്രികലേഖനം മുഖേന പൗരസ്ത്യസഭകളെ കത്തോലിക്കാസഭയുമായുള്ള ഐക്യത്തിലേക്കു സ്നേഹസമന്വിതം ക്ഷണിച്ചിട്ടുണ്ട്. കത്തോലിക്കാസഭയുടെയും, പൌരസ്ത്യസഭകളുടെയും വിശ്വാസങ്ങൾ തമ്മിൽ കാര്യമായ യാതോരു വ്യത്യാസവുമില്ലെന്നു വ്യക്തമാക്കുകയും വിശാലതയോടുകൂടെ ആചാരമര്യാദകളെല്ലാം സംരക്ഷിച്ചുകൊള്ളാമെന്നു ആവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്."

( Vol. V P. P. 238 - 239)

മേലുദ്ധരിച്ച "ദ്വിതീയ മെമ്മോറാണ്ഡ"ത്തിനു റോമിൽ നിന്നും വേണ്ട അന്വേഷണങ്ങൾ നടത്തിയശേഷം അയച്ച അവസാനത്തെ മറുപടി അന്യത്ര ചേർക്കുന്നതാണ്.

## അദ്ധ്യായം – 24

# ദലഗാദ് അപ്പസ്തോലിക്കായ്ക്ക് അയച്ച കത്തുകളും മറുപടിയും

**മ**ലങ്കര സുറിയാനിറീത്തിനും വൈദികസംസ്ഥാനത്തിനുമുള്ള അനുവാദം പരിശുദ്ധസിംഹാസനത്തിൽ നിന്നും ലഭിക്കുന്നതിനു വേണ്ടി ശുപാർശ ചെയ്യുന്നതിനും സഹായിക്കുന്നതിനും അഭ്യർത്ഥിച്ചു കൊണ്ടു ഒട്ടനേകം കത്തുകൾ നമ്മുടെ കഥാപുരുഷൻ പലർക്കും അക്കാലത്തു അയച്ചിട്ടുണ്ട്. മാർപ്പാപ്പായുടെ ഇൻഡ്യയിലെ പ്രതിനിധിയായി ബാംഗ്ലൂരിൽ താമസിച്ചു കൊണ്ടിരുന്ന ദലഗാദ് അപ്പസ്തോല്ക്കാ എഡ്വേർഡ്മൂണി, കൊല്ലം മെത്രാനായിരുന്ന ഡോക്ടർ അലോഷ്യസ് ബെൻസിംജർ മാവേലിക്കര സ്വദേശിയായ റവ: ഫാദർ റബേരാ എന്നിവർക്കു അയച്ചിട്ടുള്ള കത്തുകളും അവരുടെ മറുപടികളും ഇവയിൽ ഏറ്റം പ്രാധാന്യം അർഹിക്കുന്നുണ്ട്. ഈ ഗ്രന്ഥത്തിന്റെ സ്ഥലപരിമിതി മൂലം പ്രസ്തുത കത്തുകളെല്ലാം പ്രസിദ്ധപ്പെടുത്തുവാൻ നിവൃത്തിയില്ലാതെയാണു വന്നിരിക്കുന്നത്. എങ്കിലും ദലഗാദ് അപ്പോസ്തോലിക്കായ്ക്കു ഇതു സംബന്ധമായി കഥാപുരുഷൻ അയച്ചിട്ടുള്ള ഏതാനും കത്തുകളും അവയ്ക്കു ലഭിച്ചിട്ടുള്ള മറുപടികളും ഈ അദ്ധ്യായത്തിൽ ചേർക്കുന്നതിനാണു ഉദ്ദേശിക്കുന്നത്.

### ഡലിഗറ്റിനയച്ച ആദ്യത്തേ കത്ത്

പ്രഥമമെമ്മോറാണ്ഡം 1926-നവമ്പർമാസത്തിലും ദ്വിതീയ മെമ്മോറാണ്ഡം 1927-ജനുവരിമാസത്തിലുമായിരുന്നു. മാർ ഈവാനിയോസ് റവ:ഫാദർ റബേരാ മുഖാന്തിരം റോമിൽ സമർപ്പിക്കയുണ്ടാ

യത്. മെമ്മോറാണ്ഡത്തിലെ വിവരങ്ങളെപ്പറ്റി അനേഷിക്കുന്നതിനും, പുതിയ റീത്തിനും ഹൈരാർക്കിക്കും അനുവാദം നല്കുന്നതിനു വേണ്ടിയുള്ള ചർച്ചകൾ നടത്തുന്നതിനുമായി രണ്ടു വർഷത്തിൽ കൂടുതൽ സമയം റോമാ എടുക്കേണ്ടി വന്നു. Rome moves slowly (റോമാ സാവധാനത്തിൽ പ്രവർത്തിക്കുന്നു) എന്നാണല്ലോ പറയപ്പെടുന്നത്. ഏതായാലും മെമ്മോറാണ്ഡങ്ങൾക്കുള്ള മറുപടി ലഭിക്കാതിരുന്നതിൽ അക്ഷമനായിത്തീർന്ന മാർ ഈവാനിയോസ് 1928-ജൂലായ് മാസത്തിൽ ദലഗാദ് അപ്പോസ്തോലിക്കായ്ക്കു നേരിട്ടു ഒരു കത്തു അയയ്ക്കുകയുണ്ടായി. ഇക്കാര്യത്തിൽ സത്വരനടപടികൾ എടുക്കുന്നതിനായി റോമിനെ പ്രേരിപ്പിക്കുന്നതിനു അഭ്യർത്ഥിച്ചുകൊണ്ടു ഡലിഗറ്റിനു എഴുതിയ ആ കത്താണു ചുവടെ ചേർക്കുന്നത്.

തിരുവല്ല ( P.O)

1-7-1928

അഭിവന്ദ്യതിരുമേനി ബോധിപ്പാൻ,

തിരുമനസ്സിലെ മറുപടിപ്രതീക്ഷിച്ചു കൊണ്ടു ഈ കത്തു അവിടത്തേയ്ക്കു ഞാൻ അയച്ചുകൊള്ളുന്നു. മലങ്കരയിലുള്ള യാക്കോബായസുറിയാനിറീത്തിന്റെ അംഗീകാരം സംബന്ധിച്ചു റോമിൽനിന്നും അയച്ചുതന്ന ഔദ്യോഗികപ്രസ്താവനയ്ക്കുള്ള എന്റെ മറുപടി റവ:ഫാദർ റബേരാ അവർകൾ തിരുമനസ്സിലേക്കു അയച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അന്ത്യോഖ്യാ(ബേയ്റൂട്ട്) സുറിയാനികത്തോലിക്ക് പാത്രിയർക്കീസു തിരുമനസ്സുകൊണ്ടു സുറിയാനിയിൽ ഒരു കത്തു ഏതാനും ദിവസങ്ങൾക്കു മുമ്പു എനിയ്ക്കയച്ചുതരുകയുണ്ടായി. അതിന്റെ പരിഭാഷ ഇതോടൊന്നിച്ചു അയച്ചുകൊള്ളുന്നു. സുറിയാനി കത്തോലിക്കു പാത്രിയർക്കീസുമായുള്ള മലങ്കരയാക്കോബായക്കാരുടെ പുനരൈക്യത്തെ സംബന്ധിച്ചു മലങ്കരമെത്രാപ്പോലീത്താ ആയ മാർ ദിവന്നാസ്യോസിനു 1925-ൽ പാത്രിയർക്കീസു തിരുമനസ്സുകൊണ്ടു ഒരു കത്തയച്ചിട്ടുള്ള വിവരവും ഈ തരുണത്തിൽ ഞാൻ തിരുമേനിയെ അറിയിച്ചുകൊള്ളുന്നു. ആ കത്തിനു മാർ ദിവന്നാസ്യോസ് തിരുമേനി പ്രത്യാശാജനകമായ ഒരു മറുപടി അയയ്ക്കുകയുണ്ടായില്ല. പുനരൈക്യത്തിന്റെ സാദ്ധ്യതകളെപ്പറ്റി ആരാഞ്ഞുകൊണ്ടു എന്റെ സെക്രട്ടറി പാത്രിയർക്കീസ് തിരുമനസ്സിലെ സെക്രട്ടറിക്കു 1926-ൽ ഒരു കത്തയയ്ക്കുകയുണ്ടായി. മാസങ്ങൾ പലതു കഴിഞ്ഞിട്ടും ആ കത്തിനു മറു

പടി ലഭിച്ചില്ല. അവിടത്തെ പക്കൽ സമർപ്പിച്ച ആദ്യത്തെ അനൗദ്യോഗികമെമ്മോറാണ്ഡത്തിൽ കാണിച്ചിരുന്ന വ്യവസ്ഥകൾ പ്രത്യേകം ചുണ്ടിക്കാണിച്ചു കൊണ്ടു പുനരൈക്യസാദ്ധ്യതകളെപ്പറ്റി പർയ്യാലോചിക്കുവാൻ ആയിടെ കൂടിയ മലങ്കരയാക്കോബായ ബിഷപ്പ്സ് കോൺഫ്രൻസ് എന്നെ അധികാരപ്പെടുത്തി. 1927–ജനുവരി മാസത്തിൽ എന്റെ പേർക്കു അയച്ച ചോദ്യങ്ങൾക്കു മറപടിയായി രണ്ടാമത്തെ അനൌദ്യോഗികമെമ്മോറാണ്ഡം സമർപ്പിച്ചു. അതിനുശേഷം മാത്രമാണു പാത്രിയർക്കീസു തിരുമനസ്സുകൊണ്ടു എന്റെ സെക്രട്ടറിയുടെ എഴുത്തിനു മറുപടി അയച്ചുതന്നത്. ആ എഴുത്തിനു കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടു ഞാൻ അയച്ച എഴുത്തിൽ പല മാസങ്ങളായി മറുപടി ലഭിക്കാഞ്ഞതിനാൽ റോമുമായി നേരിട്ടു എഴുത്തുകുത്തുകൾ നടത്തിത്തുടങ്ങി എന്നും ഞങ്ങളുടെ പ്രത്യാശാനുസരണം പുനരൈക്യം സാധിക്കുന്നതിനായി പാത്രിയർക്കീസ് തിരുമനസ്സിലെ എല്ലാ സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു എന്നും രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത കത്തിനു പാത്രിയർക്കീസു സുറിയാനിയിൽ അയച്ചുതന്ന എഴുത്തിന്റെ പരിഭാഷയാണു ഇതോടൊന്നിച്ചു തിരുമനസ്സിലേക്കു അയയ്ക്കുന്നത്. പാത്രിയർക്കീസ് തിരുമനസ്സിലെ സന്മനസ്സിനു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു ഉടൻതന്നെ അദ്ദേഹത്തിനു എഴുത്തയയ്ക്കുന്നുണ്ട്. ഇനിയും റോമുമായി നേരിട്ടു എഴുത്തുകുത്തുകൾ അവിടുന്നു മുഖാന്തിരം തുടങ്ങുന്നതിനാണു ആഗ്രഹിക്കുന്നതെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

പാത്രിയർക്കീസ് തിരുമനസ്സുകൊണ്ടു നിർദ്ദേശിച്ച വിധത്തിലുള്ള പുനരൈക്യമോ അതോ, റോമുമായി നേരിട്ടുള്ള പുനരൈക്യമോ ഏതാണു ദൈവരാജ്യപ്രചരണത്തിനു ഈ രാജ്യത്തിൽ കൂടുതൽ പ്രയോജകീഭവിക്കുന്നതു എന്നുള്ളതിനെ സംബന്ധിച്ചു അവിടത്തെ അഭിപ്രായമറിയാൻ ഞാൻ ആഗ്രഹിക്കുന്നു. റവ. ഫാദർ റബേരാ വഴിയായി അവിടത്തേക്കു ലഭിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്ന എന്റെ കത്തിന്റെ തുടർച്ചയായി താഴെ ചേർക്കുന്ന കാര്യങ്ങൾ കൂടെ ഞാൻ അപേക്ഷിച്ചുകൊള്ളട്ടെ.

1. പാത്രിയർക്കീസ് തിരുമനസ്സിലെ അതിരൂപതയിൽ ഉപയോഗിച്ചുവരുന്ന കുർബാനത്തക്സായും നമസ്ക്കാരപ്പുസ്തകവും മറ്റു പുസ്തകങ്ങളും ഇവിടെ ഞങ്ങൾ സ്വീകരിച്ചു ഉപയോഗിക്കുന്നതിനു വേണ്ടി അവിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്തുത പുസ്തകങ്ങൾ അയ

ച്ചുതരുന്നതിനു ഞാൻ എഴുത്തയയ്ക്കട്ടെയോ? പ്രസ്തുത പുസ്തകങ്ങൾ പരിശോധിച്ചശേഷം മലബാറിലും സിറിയായിലും ഉപയോഗിക്കുന്നവ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്നു ഞാൻ തിരുമനസ്സറിയിച്ചു കൊള്ളാം.

2. കാതോലിക്കോസിന്റെ അധികാരത്തെ പരിമിതപ്പെടുത്തുവാനുള്ള അധികാരം തന്റെ കീഴിലുള്ള മെത്രാന്മാരുടെ സുന്നഹദോസിനു നല്കുന്ന ഇപ്പോഴത്തെ ഞങ്ങളുടെ ഭരണം പരിഷ്ക്കരിച്ചു മാർപ്പാപ്പാ തിരുമേനിയുടെ അധികാരത്തിനു വിധേയനായും എന്നാൽ അതേ സമയം തന്റെ കീഴിലുള്ള മെത്രാന്മാരുടെ മേൽ പൂർണ്ണാധികാരമുള്ളവനായും കാതോലിക്കോസ് അംഗീകരിക്കപ്പെടുമാറാകണം.

ഈ വിഷയത്തെ സംബന്ധിച്ചുള്ള എല്ലാ എഴുത്തുകുത്തുകളും എത്രയും രഹസ്യമായി അയയ്ക്കണമെന്നും തിരുമനസ്സിലെ മറുപടി എന്റെ പേർക്കു രജിസ്റ്റർ ചെയ്തു അയച്ചുതരണമെന്നും അപേക്ഷിച്ചു കൊള്ളുന്നു. പരിശുദ്ധാരൂപി അവിടത്തെ തിരുഹിതം നിറവേറ്റുന്നതിനു നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും നമ്മെ നിയന്ത്രിക്കുകയും ചെയ്യുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

കർത്താവിൽ അങ്ങയുടെ വിശ്വസ്ഥൻ,

മാർ ഈവാനിയോസ് (ഒപ്പ്)
(ബഥനി.)

*    *    *    *

**രണ്ടാമത്തെ കത്ത്**

ദലഗാദു അപ്പസ്തോലിക്കായ്ക്കു മേലുദ്ധരിച്ച കത്തു അയച്ചു കഴിഞ്ഞ ശേഷമാണു മാർപ്പാപ്പായെ സന്ദർശിക്കുന്നതിനായി അദ്ദേഹം റോമിലേക്കു യാത്ര പുറപ്പെട്ടിരിക്കയാണെന്നു കഥാപുരുഷൻ അറിയുകയുണ്ടായത്. ഉടൻ തന്നെ അദ്ദേഹത്തിന്റെ പേർക്കു വിശദവിവരങ്ങൾ അടങ്ങിയ വേറൊരു കത്തു റോമിലേക്കു കഥാപുരുഷൻ അയച്ചുകൊടുത്തു. പരിശുദ്ധസിംഹാസനത്തിലും, പൗരസ്ത്യതിരുസംഘത്തിലും ഈ വിവരങ്ങൾ നേരിട്ടു അറിയിക്കുന്നതിനും തദ്വാരാ അഭ്യർത്ഥനകൾ വേഗത്തിൽ അനുവദിച്ചു കിട്ടുന്നതിനും വേണ്ടിയായിരുന്നു രണ്ടാമത്തെ കത്തു അയച്ചുകൊടുത്തത്. പ്രസ്തുത കത്താണ് ചുവടെ ചേർക്കുന്നത്.

തിരുവല്ല
21–7–1928

അഭിവന്ദ്യതിരുമേനി,

1928 ജൂലൈ 1–ാം തീയതി ഞാൻ അയച്ച കത്തു തിരുമേനിക്കു ലഭിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. ആ എഴുത്തയച്ചതിനു ശേഷം മാത്രമാണു തിരുമേനി യൂറോപ്പിലേക്കു കപ്പൽ കയറിക്കഴിഞ്ഞുവെന്നു അറിഞ്ഞത്. ആ സംഗതി എന്നെ വളരെയേറെ നിരാശപ്പെടുത്തുകയാണുണ്ടായത്. കാരണം, ഈയിടയ്ക്കു ബാംഗ്ളൂരിൽ വന്നു അങ്ങയെ ഒന്നു കാണണമെന്നു ഞാൻ ആഗ്രഹിച്ചിരിക്കുകയായിരുന്നു. തിരുമേനി റോമിൽ അധികകാലം താമസിക്കയില്ലെന്നും ഉടൻ തന്നെ മടങ്ങി വരുമെന്നും ഞാൻ കേൾക്കുന്നു. ഇപ്പോൾ തിരുമേനി റോമിലാകയാൽ പരിശുദ്ധ സിംഹാസനവുമായി ഞങ്ങളുടെ പുനരൈക്യം സുഗമമാക്കുന്നതിനു കഴിവുള്ളതെല്ലാം കാലതാമസമെന്യേ വേണ്ടതുപോലെ ചെയ്യുമെന്നു എനിക്കുറപ്പുണ്ട്. അവിടത്തേക്കു ഞാൻ അയച്ചിരുന്ന കത്തുകളിൽ പരിശുദ്ധസിംഹാസനത്തോടുള്ള ഞങ്ങളുടെ അഭ്യർത്ഥനകൾ വ്യക്തമാക്കുവാൻ കഴിയുംവിധം പരിശ്രമിച്ചിട്ടുണ്ട്. മാർ തിയോഫിലോസ് തിരുമേനിയും ഞാനും പലതരത്തിലുള്ള പീഡനങ്ങളാണു ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈദൃശപീഡനങ്ങൾ ഞങ്ങളുടെ നിശ്ചയത്തിൽ നിന്നും ഞങ്ങളെ അണുമാത്രം വ്യതിചലിപ്പിക്കുന്നതല്ല. പഃ സിംഹാസനവുമായുള്ള ഞങ്ങളുടെ പുനരൈക്യം എത്രയും വേഗം സാധിതപ്രായമായിത്തീരുന്നതിനു ഞങ്ങൾ അതിയായി ആഗ്രഹിക്കുന്നു. പ.സിംഹാസനവുമായി പുനരൈക്യപ്പെടുന്നതും അങ്ങനെ മാർപ്പാപ്പാ തിരുമേനിക്കു കീഴ്വഴങ്ങുന്നതും ഞങ്ങളുടെ വൈദികന്മാർക്കു പ്രയാസമുള്ള കാര്യമായിട്ടു തോന്നുന്നതല്ല. എന്തെന്നാൽ, ഭിന്നിപ്പിനുള്ള ചരിത്രപരമായ കാരണങ്ങൾ പാഷണ്ഡതയുമായി ബന്ധമുള്ളവയല്ല. തന്നെയുമല്ല, വി. പത്രോസിന്റെ പരമാധികാരം ഞങ്ങളുടെ ഗ്രന്ഥങ്ങളിൽ സുസ്പഷ്ടമായും സുവ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ട്. “മീൻപിടുത്തക്കാരനായ വി. പത്രോസിന്റെ വല ആത്മാക്കളെ മരണത്തിൽ നിന്നും ജീവങ്കലേക്കു വലിച്ചു കയറ്റുന്നു. സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പാറ അദ്ദേഹമാകുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ അദ്ദേഹം വഹിക്കുന്നു. അദ്ദേഹം അപ്പോസ്തോലപ്രഭുവും വിശ്വാസവിഷയത്തിൽ മെത്രാന്മാരുടെ അദ്ധ്യാപകനുമാകുന്നു.” എന്നിവയെല്ലാം ഞങ്ങളുടെ പുസ്തകങ്ങളിൽ പ്രതിപാദിച്ചിട്ടു

ണ്ട്. കൂടാതെ ഞങ്ങളുടെ പ്രാർത്ഥനക്രമത്തിൽ താഴെ ചേർക്കുന്നപ്രകാരം രസകരമായ ഒരു ഭാഗമുണ്ട്. "മോശ പഴയനിയമത്തിന്റെയും ശെമയോൻ പുതിയ നിയമത്തിന്റെയും തലവന്മാരാകുന്നു, അവർ തമ്മിൽ അന്യാദൃശമായ സാമ്യമുണ്ട്. ദൈവം അവരിൽ അധിവസിക്കുന്നു. കല്പനകൾ എഴുതപ്പെട്ടിരുന്ന പലക മോശ കൊണ്ടുവന്നു. ദൈവരാജ്യത്തിന്റെ താക്കോൽ വിശുദ്ധ പത്രോസ് സ്വീകരിച്ചു. വാഗ്ദാനത്തിന്റെ പെട്ടകം മോശ നിർമ്മിച്ചു. തിരുസഭയെ വി. പത്രോസ് പണിതു. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവമേ നിനക്കു സ്തുതിയുണ്ടായിരിക്കട്ടെ. അവരുടെ പ്രാർത്ഥന ഞങ്ങളെ സഹായിക്കയും ചെയ്യട്ടെ."

റോമിലെ മെത്രാന്മാർ വി. പത്രോസിന്റെ യഥാർത്ഥപിൻഗാമികളാണ്. വി. പത്രോസ് റോമിൽ വെച്ചു മരണമടഞ്ഞു-തല കീഴായി കുരിശിക്കപ്പെട്ടു-എന്ന സംഗതി ഞങ്ങളുടെ സഭാഗ്രന്ഥങ്ങളിൽ പല ഭാഗങ്ങളിലും ആവർത്തിച്ചു പ്രതിപാദിച്ചിട്ടുണ്ട്. റോമിലെ മെത്രാന്മാർ പൗരസ്ത്യദേശത്തെ പാത്രിയർക്കീസും കൂടിയാണ്.

"ലോകത്തിന്റെ നാലുഭാഗങ്ങളിലായി നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരിൽ തലവനും പ്രധാനിയും റോമിലെ പാത്രിയർക്കീസായിരിക്കണം." എന്നിങ്ങനെയാണു ഞങ്ങളുടെ കാനോൻ നിയമം.

ഞങ്ങളെ അനുഗമിക്കുന്നതിനു മിക്കവാറും ഒരു നല്ല സംഖ്യ തന്നെ സന്നദ്ധത പ്രദർശിപ്പിക്കുമെന്നാണ് വിവിധമാർഗ്ഗങ്ങൾ മുഖേനയുള്ള അനേഷണത്തിൽ നിന്നും ഞാൻ അറിയുന്നത്. ഏതാനും വൈദികന്മാർ ഞങ്ങളെ അനുഗമിക്കുവാൻ സന്നദ്ധരാണെന്നുള്ള മനഃസ്ഥിതി ഇതിനകം പ്രസ്പഷ്ടമാക്കിക്കഴിഞ്ഞു. ഞങ്ങളുടെ കീഴിലുള്ള ജനങ്ങളെ ഈ വിധത്തിലുള്ള മാർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതിനായി തയ്യാറാക്കുന്നതിനു അല്പസമയം കൂടെ വേണമെന്നും വൈദികർ അഭിപ്രായപ്പെടുന്നു. ഏകദേശം 100 വൈദികന്മാരോളം ഞങ്ങളെ അനുഗമിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

തിരുസഭയിലേക്കു വരണമെന്നാഗ്രഹിക്കുന്ന പുരോഹിതന്മാരെയും ജനങ്ങളെയും സ്വീകരിക്കുന്നതിനും സഹായിക്കുന്നതിനും പറ്റിയ ഭരണപരമായ സംഘടനകൾ മാർ തിയോഫിലോസ് തിരുമേനിക്കും എനിക്കും ഉണ്ട്. തിരുവല്ലായുടെ മെത്രാനായി മാർ തിയോഫിലോസ് തിരുമേനിയെ വാഴിക്കയും നിയമിക്കുകയും ചെയ്തപ്പോൾ മെത്രാന്മാരുടെയും ജനങ്ങളുടെയും-അവരുടെ വൈദികന്മാർ ഉൾപ്പെടുന്നതായ-ഓരോ കൗൺസിലുകൾ സ്ഥാപിച്ചു. ഇപ്രകാരമുള്ള കൗൺസിലുകൾ എനിക്കുമുണ്ട്.

അന്ത്യോഖ്യായിലെ (ബയറൂട്ട്) സുറിയാനിപാത്രിയർക്കീസിന്റെ സംസ്ഥാനത്തിൽ ഉപയോഗത്തിലിരിക്കുന്ന സുറിയാനി കുർബാനതക്സായുടെ പരിഷ്ക്കരിച്ച ഒരു പതിപ്പൂ ഇവിടെ അച്ചടിപ്പിച്ചു പ്രചരിപ്പിക്കുന്നതിനു ആഗ്രഹിക്കുന്നു. പ്രസ്തുത തക്സാ ഞങ്ങളുടെ വൈദികന്മാർ ഉപയോഗിക്കുന്ന തക്സായുമായി ഒരൊറ്റ ഭാഗമൊഴിച്ചു മറ്റെല്ലാ ഭാഗവും  അതുപോലെ തന്നെയാണ്. അല്പം ദീർഘവും സംശയാസ്പദവുമായ ഭാഗത്തിനു പകരം "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഈ സ്വർഗ്ഗീയ അപ്പം ഞങ്ങൾ മുറിക്കുന്നു" എന്ന ഭാഗം അതിൽ ചേർത്തിട്ടുണ്ടന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ. ഇവിടത്തെ ആവശ്യത്തിനു ഇതരശുശ്രൂഷക്രമങ്ങളുടെ (മാമോദീസ, വിവാഹം) വേറൊരു പതിപ്പും അച്ചടിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഞങ്ങളുടെ കർമ്മങ്ങളും ആചാരങ്ങളും പ്രസ്തുത പുസ്തകങ്ങളിൽ ഉള്ളതു പോലെ തന്നെയാണ്. അതിനാൽ തക്സായുടെയും മറ്റു പുസ്തകങ്ങളുടേയും കാര്യത്തിൽ യാതൊരു വിഷമത്തിനും അവകാശമില്ല.

ഞാൻ തിരുമനസ്സിലേക്കു എഴുതിയിരുന്നതുപോലെ ഞങ്ങൾക്കു നിശ്ചിതമായ ഇടവകാംഗങ്ങളോടു കൂടിയ അഞ്ചു പള്ളികളിൽ കൂടുതൽ ആദ്യം ഉണ്ടായിരുന്നില്ല. അതിനുശേഷം സ്ഥാപിച്ചതെല്ലാം മിഷ്യൻ പള്ളികളായിട്ടാണു സ്ഥാപിക്കപ്പെട്ടത്.ചുറ്റുപാടും ഉള്ള ഇടവകയിലെ അംഗങ്ങൾ വി:കുർബാനയിലും ഇതരകർമ്മങ്ങളിലും സംബന്ധിക്കുന്നതിനായി വന്നു കൂടുകയും പതിവായി ഞങ്ങളുടെ ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.ഞങ്ങളുടെ ഇടവകകളിൽ അംഗങ്ങളായി അവരെ ചേർക്കുവാൻ ആവശ്യപ്പെടുന്നതിനു ഈദൃശക്രമീകരണം സഹായകമായിത്തീരുന്നു. അങ്ങനെ ഞങ്ങളുടെ ഇടവകകളിൽ ആളുകളെ ചേർക്കുന്നതിനും അപ്രകാരം വ്യവസ്ഥാപിതരീതിയിൽ ഭരണം തുടങ്ങുന്നതിനും ഞങ്ങൾക്കു സാധിച്ചു. ഇപ്പോൾ ഞങ്ങൾക്കു പൂർത്തിയാക്കപ്പെട്ടതോ പണി ആരംഭിച്ചു തുടങ്ങിയതോ ആയ നാല്പതോളം പള്ളികളുണ്ട്. ഈ സ്ഥലങ്ങളിലെല്ലാം ഞങ്ങൾക്കു ജനങ്ങളുമുണ്ട്. പുനരൈക്യത്തിൽ ഞങ്ങളെ അനുഗമിക്കുന്ന വൈദികന്മാരോടു കൂടെ ജനങ്ങളിൽ ഒരു നല്ലഭാഗം ഉണ്ടായിരിക്കും. കൂടുതൽ ജനങ്ങൾ ഞങ്ങളെ അമുഗമിക്കുന്ന സ്ഥലങ്ങളിൽ അവർക്കു വേണ്ട സൌകര്യമുണ്ടാക്കിക്കൊടുക്കുന്നതിനു പ്രയാസം ഉണ്ടാകയില്ല. എന്നാൽ മറ്റു സ്ഥലങ്ങളിൽ ദൈവാലയങ്ങളോ ചാപ്പലുകളോ സ്ഥാപിക്കയും വൈദികന്മാരുടെ ആവശ്യങ്ങൾ നിർവഹിക്കയും ചെയ്യേ

ണ്ടിയിരിക്കുന്നു. ഇടവകകൾ വേണ്ട വിധത്തിൽ സ്ഥാപിച്ചു കഴിയു മ്പോൾ ജനങ്ങൾ തന്നെ തങ്ങളുടെ വൈദികന്മാരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊള്ളുന്നതാണ്.അതുവരെ വൈദികന്മാരുടെ സംരക്ഷണ ത്തിനു അവശ്യം വേണ്ട കാര്യങ്ങൾ സാധിച്ചുകൊടുക്കേണ്ടതിനെപ്പറ്റി ഞങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

പ്രാരംഭകാലത്തു ഞങ്ങളുടെ പുരോഹിതന്മാരുടെ സംരക്ഷണ ത്തിനായി ഇതരരൂപതകളിൽ നിന്ന് അധികമുള്ള കുർബാനപ്പണം ഇങ്ങോട്ടു അയച്ചുതരുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ അഭി വന്ദ്യ തിരുമേനിക്കു പ്രയാസമുണ്ടാകുകയില്ലെന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ വൈദികന്മാരിലും അയ്മേനികളിലും ചിലർ കത്തോലി ക്കാസഭയിൽ ചേർന്നപ്പോൾ സ്വീറോമലബാർ റീത്തു സീകരിക്കാൻ ഇടയായിത്തീർന്നിട്ടുണ്ട്. അവർക്കു ഹിതകരമെങ്കിൽ ഞങ്ങളുടെ റീത്തി ലേക്കു തിരികെ വരുന്നതിനുള്ള അനുവാദം അവർക്കു നല്കുമാറാക ണമെന്നപേക്ഷിക്കുന്നു. ഞങ്ങളുടെ അത്മായജനങ്ങൾ ഉപയോഗിക്കു ന്നതായ മലയാളത്തിലുള്ള പ്രാർത്ഥനപ്പുസ്തകം ചങ്ങനാശേരിരൂപ തയുടെ അഭിവന്ദ്യമെത്രാച്ചനു അയച്ചുകൊടുത്തു. വന്ദ്യതിരുമേനി അതു ദയാപൂർവ്വം വായിച്ചു നോക്കുകയും നേരത്തെതന്നെ തെറ്റാണെന്നു ചൂണ്ടികാണിച്ച അതിലെ രണ്ടു ഭാഗങ്ങൾ ഒഴിച്ചു മറ്റു യാതൊന്നും തന്നെ കത്തോലിക്കാവിശ്വാസത്തിനു വിപരീതമല്ലെന്നു അനൗദ്യോ ഗികമായി എന്നെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. തെറ്റെന്നു പറഞ്ഞ ഭാഗങ്ങൾ യാക്കോബായസഭയിലെ പിതാക്കന്മാരുടെ പേരുകൾ പറ യുന്ന ഭാഗമാണ്. അഭിവന്ദ്യതിരുമേനി ആവശ്യപ്പെടുന്ന പക്ഷം വന്ദ്യ മെത്രാച്ചൻ ഈ പുസ്തകങ്ങളെപ്പറ്റി അനുകൂലമായി സാക്ഷിപത്രം നല്കുന്നതാണ്. പ. പിതാവു അനുവദിക്കുന്ന പക്ഷം തിരുമേനി മടങ്ങി വന്നാലുടനെ മാർപ്പാപ്പായുടെ പ്രതിനിധി എന്ന നിലയിൽ എന്നെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുമെന്നും, മാർ തിയോഫിലോസ് തിരുമേനിയെ സ്വീകരിപ്പാനുള്ള അധികാരം എനിക്കു നല്കുമെന്നും, മലങ്കരയിൽ ഓർത്തഡോക്സ് സിറിയൻറീത്തു പരിപാലിച്ചുകൊണ്ടുള്ള സഭയുടെ സംസ്ഥാപനത്തിനുള്ള അധികാരം ഞങ്ങൾക്കിരുവർക്കും തരുമെന്നും ഞങ്ങൾ പ്രതീക്ഷിക്കട്ടെയോ? സഭയുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ള പരിശ്രമം സാവധാനത്തിൽ എങ്കിലും ക്രമേണ പുരോഗ മിച്ചുകൊണ്ടിരിക്കുമെന്നുള്ളതിനു സംശയമില്ല.

പുനരൈക്യപ്പെടുന്ന വൈദികന്മാരുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കു തകത്തക്ക ധ്യാനം നടത്തുന്നതിനും മറ്റു വിധത്തിൽ അവരെ സഹാ

യിക്കുന്നതിനും വേണ്ടി അടുത്ത രൂപതകളിലെ രണ്ടു മൂന്നു വൈദിക ന്മാരുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുവാൻ ഞാൻ ഉദ്ദേശി ക്കുന്നുണ്ട്. ഇതെപറ്റിയും മറ്റു പല സംഗതികളെക്കുറിച്ചും ഇൻഡ്യ യിൽ വെച്ചു തിരുമേനിയെ സന്ദർശിക്കുവാൻ ഭാഗ്യം ലഭിക്കുമ്പോൾ സംസാരിച്ചു കൊള്ളാം.

ഞങ്ങളുടെ ഇപ്പോഴത്തെ വൈദികന്മാരിൽ ഭൂരിപക്ഷവും വിവാ ഹിതരാണെന്നുള്ള വാസ്തവം തിരുമേനിയ്ക്കു അറിയാമല്ലോ. പുനർവി വാഹം കഴിച്ചിട്ടും തിരുകർമ്മങ്ങൾ നടത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള വൈദികന്മാരും ഞങ്ങളുടെ ഇടയിൽ ഉണ്ട്. അവരുടെ സംഖ്യ അരഡ സനിൽ കൂടുതൽ വരുമെന്നു തോന്നുന്നില്ല. പുനർവിവാഹം നടത്തിയ പുരോഹിതന്മാർക്കു സാധാരണഗതിയിൽ കർമ്മങ്ങൾ നടത്തുവാൻ അനുവദിക്കുക പതിവില്ലെങ്കിലും അതിനു ചില വ്യത്യാസങ്ങളും ഉണ്ടാ യിട്ടുണ്ട്. ഇതു ശിക്ഷണത്തെ സംബന്ധിക്കുന്ന ഒരു കാര്യമാകയാൽ പുനർവിവാഹം കഴിച്ച വൈദികന്മാർക്കു ദൈവാലയകർമ്മം നടത്തു വാൻ അധികാരം നല്കിയിട്ടുണ്ട്; നല്കുന്നുമുണ്ട്. അങ്ങനെയുള്ള ചില വൈദികന്മാർ അവരുടെ ജനങ്ങളോടൊപ്പം കത്തോലിക്കാസഭയിലേക്കു തിരിച്ചുവരുവാൻ ആഗ്രഹിക്കുന്നുണ്ട്.അവരെയും ഞങ്ങൾ സ്വീകരിക്ക ട്ടെയോ?

എന്റെ അധികാരത്തിൻ കീഴിലുള്ള ക്രിസ്താനുകരണസഹോദ രസംഘം, ക്രിസ്താനുകരണസഹോദരിസംഘം എന്നീ രണ്ടു സന്ന്യാ സസമൂഹങ്ങൾ വി. ബസേലിയോസിന്റെ നിയമാവലിയത്രേ അനുസ രിക്കുന്നത്. അവർക്കു ഭരണഘടന രൂപീകരിച്ചപ്പോൾ പരിശുദ്ധ സിംഹാ സനം പ്രസിദ്ധീകരിച്ച കോഡിൽ സന്ന്യാസസമൂഹങ്ങളെ സംബന്ധി ച്ചുള്ള നിയമങ്ങളാണു ഞാൻ സ്വീകരിച്ചത്.

വന്ദ്യതിരുമേനിക്ക് അയയ്ക്കുന്ന ഈ കത്തിലും ഇതിനുമുമ്പു അയച്ചിട്ടുള്ള കത്തുകളിലും എന്റെ മനസ്സ് തുറന്നു കാണിക്കുന്നതിനും എന്റെ അഭ്യർത്ഥനകളും ആഗ്രഹങ്ങളും വ്യക്തമാക്കുന്നതിനുമായി അല്പസ്വാതന്ത്ര്യം ഞാൻ ഉപയോഗിച്ചിട്ടുണ്ടെന്നുള്ള വാസ്തവം സമ്മ തിച്ചുകൊള്ളുന്നു. ഒരു ചെറിയ ശീശ്മയെങ്കിലും പരിഹരിക്കപ്പെടുന്ന ആനന്ദസന്ദായകമായ ആ സുദിനത്തിനു വേണ്ടി ഞാൻ അത്യാകാം ക്ഷാപൂർവ്വം കാത്തിരിക്കുന്നു. ഈ കാര്യങ്ങൾ എത്രയും വേഗം നട പ്പിൽ വരുത്തുന്നതിനു ശ്രമിക്കുമെങ്കിൽ വന്ദ്യതിരുമേനിയോടു ഞാൻ ഏറ്റം കൃതജ്ഞനായിരിക്കും.

മെത്രാപ്പോലീത്തന്മാരെയും, മെത്രാന്മാരെയും, അയ്മേനിക ളെയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുമ്പോൾ നടത്തേണ്ട കർമ്മങ്ങളും അവർ ചെയ്യേണ്ട വിശ്വാസപ്രതിജ്ഞയും അടങ്ങിയിട്ടുള്ള ഒരു സുറിയാനിപ്പുസ്തകം കൊല്ലത്തെ വന്ദ്യമെത്രാച്ചൻ ബയ്റൂട്ടിലെ അന്ത്യോഖ്യാ സുറിയാനി പാത്രിയർക്കീസിന്റെ പക്കൽ നിന്നും ദയാ പൂർവ്വം വരുത്തി എനിക്കു നല്കിയിട്ടുണ്ട്. ഞാനും മാർ തിയോഫി ലോസ് തിരുമേനിയും അതു വായിച്ചു നോക്കി.

വന്ദ്യതിരുമേനി ഇപ്പോൾ റോമിലായിരിക്കുകയാൽ പ: പിതാ വിനെ എന്റെ ഹൃദയംഗമമായ മംഗളാശംസകൾ അറിയിക്കുമാറാക ണമെന്നപേക്ഷിക്കുന്നു.

എന്നു അവിടത്തെ വിശ്വസ്തൻ,

മാർ ഈവാനിയോസ് (ഒപ്പ്)

## ഡലിഗറ്റ് അയച്ച മറുപടിക്കത്തുകൾ

റോമിലേക്കു അയച്ചതും മേലുദ്ധരിച്ചതുമായ കത്തു നിർഭാഗ്യ വശാൽ റോമിൽ വെച്ചു ഡലിഗറ്റിനു ലഭിക്കയുണ്ടായില്ല. റോമിൽ അധി കകാലം താമസിക്കാതെ അദ്ദേഹം ഇൻഡ്യയിലേക്കു മടങ്ങിയതായി രുന്നു അതിനുണ്ടായ കാരണം. ഇൻഡ്യയിൽ മടങ്ങി എത്തിയ ശേഷം റോമിൽ നിന്നും മടക്കി അയച്ച പ്രസ്തുത കത്തു അദ്ദേഹത്തിനു ലഭി ക്കയുണ്ടായി. ഉടൻ തന്നെ കഥാപുരുഷന്റെ പേർക്കു ഡലിഗറ്റു മറു പടി അയച്ചു. പ്രസ്തുത മറുപടിക്കത്താണു താഴെ ചേർക്കുന്നത്:-

ബാംഗ്ലൂർ

ഒക്ടോബർ 23-1928

വന്ദ്യതിരുമേനി,

ഇക്കഴിഞ്ഞ ജൂലൈ 21-ാം തീയതി അവിടുന്നു അയച്ച കത്തു ഞാൻ ഏതാനും മാസക്കാലത്തേ വിദേശപര്യടനാനന്തരം ഇൻഡ്യയിൽ തിരിച്ചുവന്നപ്പോൾ മാത്രമാണു ലഭിച്ചത്. അവിടുത്തെ കത്തു എന്റെ കൈവശം കുഴപ്പം കൂടാതെ ലഭിച്ചു എന്നു അറിയിക്കുന്നതിനു വേണ്ടി മാത്രമാണു ഇപ്പോൾ ഇതെഴുതുന്നത്.

അവിടുത്തെ എഴുത്തിലുള്ള സകല സംഗതികളെപ്പറ്റിയും ശ്രദ്ധാപൂർവ്വം-അനുഭാവപൂർവ്വം-ഞാൻ പരിഗണിക്കുന്നതാണെ ന്നുള്ളതിനു ഉറപ്പു നല്കിക്കൊള്ളുന്നു. പക്ഷേ, ഇക്കാര്യങ്ങൾ റോമി

ലേക്കു എഴുതി അറിയിച്ചു അവിടെ നിന്നും ലഭിക്കുന്ന നിർദ്ദേശം അനുസരിച്ചുള്ള മറുപടി അറിയിക്കേണ്ടതാകയാൽ ആയതിനു അല്പ കാലതാമസം വേണ്ടി വന്നേക്കുമെന്നുള്ള വിവരവും അവിടുന്നു ഗ്രഹിക്കണമെന്നപേക്ഷിക്കുന്നു.

അവിടത്തെ കത്തിൽ ആവശ്യപ്പെട്ടിരുന്നതനുസരിച്ചുള്ള ആരാധനക്രമങ്ങൾ വരുത്തി അയച്ചുതരാമെന്നു കൊല്ലം മെത്രാനായ മോൺ. ബൻസിഗർ എന്നെ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരവും സന്തോഷസമേതം അറിയിച്ചുകൊള്ളുന്നു.

ഒരു തൊഴുത്തും ഒരിടയനും ആകണമെന്നുള്ള നമ്മുടെ കർത്താവിന്റെ ആഗ്രഹനിർവഹണത്തിനായുള്ള ഈ അത്യുത്തമായ പരിശ്രമം ആരംഭിച്ച പരിശുദ്ധാതാമാവിന്റെ സഹായത്തിനു വേണ്ടി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട്,

അവിടത്തെ വിശ്വസ്തൻ,

എഡ്വെർഡ് മൂണി (ഒപ്പ്)
ദലഗാദ് അപ്പേസ്തോലിക്കാ

മേൽചേർത്ത കത്തു ലഭിച്ചു ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ റോമിൽ നിന്നും ഡലിഗറ്റു മുഖേന ഒരു സ്റ്റേറ്റുമെന്റു കഥാപുരുഷനു ലഭിക്കുയുണ്ടായി. അതിനു മറുപടിയായി 1929 സെപ്റ്റംബർ 17-ാം തീയതി ഡലിഗറ്റിന്റെ പേർക്കു കഥാപുരുഷൻ ഒരു കത്തു അയച്ചു കൊടുത്തു. പ്രസ്തുത കത്തിൽ മെമ്മോറാണ്ഡത്തിൽ പേരുവെച്ചിരുന്ന ഓർതഡോക്സ് സഭയിലെ ചില മെത്രാന്മാരുടെ പിന്മാറ്റത്തെപ്പറ്റി സൂചിപ്പിക്കുകയും താനും മാർ തിയോഫിലോസും മുൻ നിശ്ചയത്തിൽ നിന്നും അണുമാത്രം വ്യതിചലിക്കുന്നതല്ലെന്നു പ്രസ്താവിക്കുകയും ചെയ്തിരുന്നു ആ കത്തിനു ഡലിഗറ്റു അയച്ചു കൊടുത്ത മറുപടിയാണു താഴെ ചേർക്കുന്നത്:-

ബാംഗ്ലൂർ
ഒക്ടോബർ 11-1929

വന്ദ്യതിരുമേനി,

സെപ്റ്റംബർ 17-ാം തീയതി അവിടുന്നയച്ച കത്തു ലഭിച്ചു എന്ന വിവരം കൃതജ്ഞതാപൂർവ്വം അറിയിച്ചുകൊള്ളുന്നു. അവിടുന്നും മാർ തിയോഫിലോസും ചെയ്ത നിശ്ചയം അറിഞ്ഞു അതിയായി സന്തോ

ഷിക്കയും മലങ്കരയിൽ ക്രിസ്തുവിന്റെ സഭയ്ക്കു വേണ്ടിയുള്ള ഈ നിശ്ചയത്തെ ദൈവം അനുഗ്രഹിക്കട്ടെ എന്നും വലുതായ ഫലം അതു പുറപ്പെടുവിക്കട്ടെ എന്നും ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പരിശുദ്ധസിംഹാസനത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതിനുവേണ്ടി അവിടുന്നു എഴുതി അയച്ചിട്ടുള്ള കാര്യങ്ങൾ റോമാസിംഹാസനത്തിലേക്കു എഴുതി അറിയിക്കുന്നതിനു അല്പം വിഷമമുണ്ടന്നുള്ള വിവരം ആദ്യമായി എഴുതി അറിയിച്ചുകൊള്ളുന്നു. 1926-നവമ്പറിൽ ആരെല്ലാം കൂടെ റോമിലേക്കു മെമ്മോറാണ്ഡം സമർപ്പിച്ചുവോ ആ മെത്രാന്മാരെ റോമിൽ നിന്നും ലഭിച്ചിട്ടുള്ള മറുപടി അറിയിച്ചു അതെപ്പറ്റി അവർക്കുള്ള മനോഭാവം അറിയാതെ റോമിലേക്കു വീണ്ടും എഴുതുവാൻ പ്രയാസമാണെന്നു സഹോദരസ്നേഹത്തോടു കൂടെ ഞാൻ തുറന്നു പ്രസ്താവിച്ചുകൊള്ളുന്നു. ഇപ്രകാരമുള്ള ഒരു സാഹചര്യം സൃഷ്ടിക്കുന്നത് ഈ വിഷയത്തെപ്പറ്റി റോമുമായി തുടർന്നു എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള ഒരു പ്രതിബന്ധമായിത്തീരുകയില്ലേ എന്നു ഞാൻ ബലമായി സന്ദേഹിക്കുന്നു.

അവിടുന്നു എന്നെ യാതൊരു വിധത്തിലും തെറ്റിദ്ധരിക്കയില്ല എന്നുള്ള വിശ്വാസത്തോടു കൂടെയാണു ഞാൻ ഈ കത്തു എഴുതുന്നത്. ആഗസ്റ്റ് അഞ്ചാം തീയതി പരിശുദ്ധസിംഹാസനത്തിൽ നിന്നും അയച്ചു തന്നിട്ടുള്ള പ്രസ്താവന (സ്റ്റേറ്റുമെന്റ്) ഇതു സംബന്ധിച്ചു ബന്ധമുള്ള എല്ലാമെത്രാന്മാരേയും അറിയിക്കണമെന്നും അതിലടങ്ങിയിരിക്കുന്ന സുവിശദവും പൈതൃകവുമായ ക്ഷണത്തിനുള്ള അവരുടെ മറുപടി ഉടൻതന്നെ എന്നെ അറിയിക്കണമെന്നും ആവശ്യപ്പെട്ടുകൊള്ളുന്നു. ആദ്ധ്യാത്മികവും ഏറ്റം പ്രാധാന്യം അർഹിക്കുന്നതുമായ ഈ വിഷയത്തെപ്പറ്റി ചിന്തിക്കുന്ന ഹൃദയപരമാർത്ഥമുള്ള ഏതൊരു മെത്രാനും ഈദൃശപ്രശ്നത്തിൽ അന്തർലീനമായിരിക്കുന്ന കാര്യങ്ങളെപ്പറ്റി ചിന്തിക്കയും നിശ്ചയിമെടുക്കുകയും ചെയ്യുകയില്ലെന്നു വിശ്വസിക്കുവാൻ എനിക്കു നിർവാഹമില്ല. ഏറ്റം പ്രാധാന്യമർഹിക്കുന്ന ആ രേഖയ്ക്കു എതിരായി ഒരു നിശ്ചയം ചെയ്യുന്ന പക്ഷം അനിശ്ചിതമായ ഒരു കാലത്തേക്കു നീളുന്നതിനു ഇടയായിത്തീരുമെന്നു മാത്രമല്ല, അവിടത്തെയും എന്നെയും പറ്റി നീതീകരിക്കുവാൻ പാടില്ലാത്ത വിമർശനം മെത്രാന്മാർ പുറപ്പെടുവിക്കയും ചെയ്യുന്നതാണ്.

നമ്മെപ്പറ്റിയുള്ള ദൈവത്തിന്റെ പരിശുദ്ധമായ ഉദ്ദേശം നിർവ്വഹി

ക്കപ്പെടുന്നതിനായി പരിശുദ്ധാത്മാവു-നമ്മുടെ കർത്താവു തന്റെ സഭ യ്ക്കായി വാഗ്ദത്തം ചെയ്തിട്ടുള്ള ഐക്യത്തിന്റെയും, ശക്തിയുടെ യും, പ്രകാശത്തിന്റെയും ആത്മാവു-നമ്മെയെല്ലാം സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

ബഹുമാനപൂർവ്വം ക്രിസ്തുവിൽ അവിടത്തെ വിശ്വസ്തൻ,
എഡ്വേർഡ് മൂണി (ഒപ്പ്)
ദലഗാദ് അപ്പോസ്തോലിക്കാ.

* * * *

## മാർ ഈവാനിയോസ് അയച്ച കത്ത്

ഡലിഗറ്റിന്റെ മേലുദ്ധരിച്ച കത്തിനു മാർ ഈവാനിയോസു ഉടൻ തന്നെ മറുപടി അയച്ചു കൊടുത്തു. കാതോലിക്കാസിംഹാസനം റോമിനെ കൊണ്ടു അംഗീകരിപ്പിക്കുവാൻ ഡലിഗറ്റു പരിശ്രമിക്കണമെന്നു പ്രസ്തുത കത്തിൽ അഭ്യർത്ഥിച്ചിരുന്നു. പക്ഷേ, പ്രതീക്ഷിച്ചിരുന്നതു പോലെ ആ കത്തിനു അനുകൂലമായ ഒരു മരുപടിയല്ല ഡലിഗറ്റിൽ നിന്നും ലഭിച്ചത്. തന്നിനിത്തം വീണ്ടും ഒരു കത്തു മാർ ഈവാനിയോസു അയച്ചു കൊടുത്തു. ആ കത്താണു ഇനിയും ചേർക്കുന്നത്.

തിരുവല്ല,
മെയ് 24-1930.

ബഥനിമെത്രാപ്പോലീത്താ മോസ്റ്റ് റവ. മാർ ഈവാനിയോസിൽ നിന്ന്,

അഭിവന്ദ്യ അപ്പസ്തോലിക്കു ഡെലഗേറ്റിനു (ബാംഗ്ലൂർ) അഭിവ ന്ദ്യതിരുമേനി ബോധിപ്പാൻ,

1930 ഫെബ്രുവരി 7-ാം തീയതി അങ്ങു സദയം അയച്ചു തന്ന 1735/30-ാം നമ്പർ എഴുത്തിൽ ഞാൻ അയച്ചിരുന്ന അപേക്ഷയിൽ ആവ ശ്യപ്പെട്ടിരുന്ന സംഗതികൾ പൗരസ്ത്യതിരുസംഘത്തിന്റെ പര്യാലോ ചനയിലിരിക്കയാണെന്നും, തിരുസംഘത്തിന്റെ മറുപടി ലഭിച്ചാലുടൻ വിവരം എന്നെ അറിയിക്കാമെന്നും തിരുമേനി ദയാപുരസ്സരം സമ്മതി ച്ചിട്ടുണ്ടല്ലോ. കാതോലിക്കേറ്റിന്റെ അംഗീകാരത്തെ സംബന്ധിച്ച് വേണ്ട അറിവുകൾ സമ്പാദിക്കുന്നതിനുള്ള പ്രായോഗികവൈഷമ്യങ്ങൾ കൊ ണ്ടായിരിക്കും കാലവിളംബം നേരിടുന്നതെന്നു ഞാൻ ബലമായി സംശ യിക്കുന്നു. കാതോലിക്കോസിന്റെ അംഗീകാരത്തെ സംബന്ധിച്ച പ്രശ്ന

ത്തിനു 1929 സെപ്റ്റമ്പർ 17-ാം തീയതി ഞാൻ അയച്ച എഴുത്തിൽ നിർദ്ദേശിച്ചിരുന്ന കാര്യങ്ങൾക്കു ഏറെക്കുറെ അനുയോജ്യമായുള്ള ഒരു മറുപടി എനിക്കു പരിശുദ്ധസിംഹാസനത്തിൽ നിന്നു ലഭിക്കുന്നപക്ഷം പരി. കാതോലിക്കായോടു ധൈര്യപൂർവ്വം പുറത്തുവന്നു നേതൃത്വം ഏറ്റെടുത്തു പുനരൈക്യപ്രസ്ഥാനത്തെ നയിക്കുന്നതിനു അപേക്ഷിക്കാൻ ഒരിക്കൽ കൂടി എനിക്കു അവസരം സംലബ്ധമാകും.

കാതോലിക്കോസും മറ്റു ബിഷോപ്പന്മാരും കൂടി ചേർന്നു എനിക്കും മാർ തെയോഫിലോസ് തിരുമേനിക്കും എതിരായി കോരിച്ചൊരിഞ്ഞിരിക്കുന്ന ആരോപണങ്ങൾ കൊണ്ടു സംജാതമായിരിക്കുന്ന ഈ വിഷമപരിതസ്ഥിതിയിൽ കാലതാമസം കൂടാതെ ഉടൻതന്നെ പരിശുദ്ധ സിംഹാസനവുമായുള്ള ബന്ധത്തെ പരസ്യമായി പ്രഖ്യാപിക്കയാണു മാർ തിയോഫിലോസ് തിരുമേനിക്കും എനിക്കും ഏറ്റം അനുഗ്രഹപ്രദമെന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു. അനതിവിദൂരമായ ഭാവിയിൽ തന്നെ പരിശുദ്ധ കാതോലിക്കായ്ക്കും മറ്റു ബിഷോപ്പന്മാർക്കും സത്യപ്രകാശം ലഭിക്കുമെന്നും അവർ പുനരൈക്യപ്പെടുമെന്നും ഞാൻ സർവ്വാത്മനാ പ്രതീക്ഷിക്കുന്നു. ആകയാൽ 1929 സെപ്റ്റമ്പർ 17-ാം തീയതിയിലെ എഴുത്തിൽ ഞാൻ ആവശ്യപ്പെട്ടിരുന്ന വിവിധസംഗതികളെക്കുറിച്ചു ഒരു മറുപടി പെട്ടെന്നുണ്ടാകുന്നതിനു വേണ്ടി ഞാൻ ആത്മാർത്ഥമായി അങ്ങയെ നിർബന്ധിച്ചുകൊള്ളട്ടെ.

കഴിഞ്ഞ ആഴ്ചയിൽ പന്ത്രണ്ടു വൈദികന്മാരോളം പുനരൈക്യപ്പെടുന്നതിനുള്ള തങ്ങളുടെ അഭിലാഷം നമ്മെ അറിയിച്ചു. ആരംഭത്തിൽ നമ്മോടുകൂടി ഇറങ്ങിവരുന്നതിനു അധികം പേർ ഉണ്ടായിരിക്കയില്ലെങ്കിലും ഒരു വലിയ സംഖ്യ വൈദികന്മാരും ജനങ്ങളും ആസന്നഭാവിയിൽ തന്നെ പരിശുദ്ധസിംഹാസനവുമായി പുനരൈക്യപ്പെടുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്കു തെല്ലും സംശയമില്ല. ഈ വൈദികരെ സംരക്ഷിക്കുന്ന കാര്യത്തിലും, അവരെ അനുഗമിക്കുന്ന വിശ്വാസികളുടെ സംഘങ്ങൾക്കു പള്ളികളും ചാപ്പലുകളും നിർമ്മിക്കുന്ന കാര്യത്തിലും നമുക്കു വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ടതായിട്ടുണ്ട്. ഇപ്പോഴത്തെ ഞങ്ങളുടെ റീത്തു എന്നന്നേക്കും തുടർന്നു ഉപയോഗിക്കുന്നതിനു അനുവദിക്കണമെന്നും, ഓർത്തഡോക്സ് സുറിയാനിക്കാരെ അവരുടെ നിയമക്രമങ്ങൾ മാറ്റി മറിക്കുന്നതിനു ഭാവിയിൽ നിർബന്ധിക്കയില്ലെന്നും, പുനരൈക്യപ്പെടുന്ന സുറിയാനിക്കാർക്കു കാലാകാലത്തോളം അവരുടെ സ്വന്തമായ ഏതദ്ദേശീയ മെത്രാന്മാരെ

യും, മെത്രാപ്പോലീത്തായേയും നല്കുമെന്നും പരിശുദ്ധസിംഹാസനം വാഗ്ദാനം ചെയ്യുമെങ്കിൽ അതു പുനരൈക്യസംരംഭത്തെ സാരവത്തായി സഹായിക്കുമെന്നു കഴിഞ്ഞ ആഴ്ചയിൽ നമ്മെ സന്ദർശിച്ച വൈദികന്മാർ യുക്തിപൂർവ്വം അഭിപ്രായപ്പെട്ടു.

കൂടാതെ സാധാരണജനങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നതും അവർ മിക്കവാറും മനഃപാഠമായി ഗ്രഹിച്ചിരിക്കുന്നതുമായ പ്രാർത്ഥന ക്രമങ്ങളും, ആചാരാനുഷ്ടാനങ്ങളും, ആരാധാനക്രമങ്ങളും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അവർ പറഞ്ഞു. കത്തോലിക്കാവിശ്വാസവിപരീതങ്ങളായ ഒന്നും അവയിലില്ലെങ്കിൽ വെട്ടിത്തിരുത്തുന്നതിനോ, ഭേദഗതിവരുത്തുന്നതിനോ പരിശുദ്ധസിംഹാസനം മിക്കവാറും ആവശ്യപ്പെടുകയില്ലെന്നാണു നാം അവർക്കു മനസ്സിലാക്കികൊടുത്തത്.

കത്തോലിക്കാസഭയുടെ വിശ്വാസത്തിനു വിരുദ്ധമായയാതൊന്നും അവയിലില്ലെന്നു തിരുമേനിയെ ഗ്രഹിപ്പിക്കുന്നതിനു ചങ്ങാനാശ്ശേരി ബിഷോപ്പിന്റെ സഹായം-എന്നോടു സഹകരിച്ചു വായിച്ചു പരിശോധിക്കുന്നതിനു-അഭ്യർത്ഥിക്കണമെന്നു ഞാൻ തീരുമാനിച്ചിരിക്കയാണ്. ഇക്കാര്യത്തിൽ എന്നെസഹായിക്കുവാൻ ചങ്ങനാശ്ശേരിബിഷോപ്പിനെ രഹസ്യത്തിൽ പ്രേരിപ്പിക്കുന്നതിനു അങ്ങേയ്ക്കു ദയവുണ്ടാകണമെന്നു ഞാൻ വിനീതമായി അപേക്ഷിച്ചുകൊള്ളട്ടെ.

അവിടെ വന്നു തിരുമേനിയെ സന്ദർശിക്കുന്നതിനുള്ള അസുലഭഭാഗ്യം ആസന്നഭാവിയിൽ എനിക്കു കൈവരുമെന്നു ഞാൻ പ്രതീക്ഷിച്ചിരിക്കയാണ്. 1929-സെപ്റ്റംബർ 17-ാം തീയതിയിലെ എന്റെ എഴുത്തിൽ കാണിച്ചിരുന്ന സംഗതികളിൽ, കാതോലിക്കേറ്റിനെ സംബന്ധിച്ച ഒരു കാര്യമൊഴിച്ചു, ബാക്കിയുള്ളവയെക്കുറിച്ചു പരിശുദ്ധസിംഹാസനവുമായി ഞങ്ങൾ നിയമപരമായി പുനരൈക്യപ്പെടുന്നതിന്റെ തലേദിവസം ഓർത്തഡോക്സ് സുറിയാനിജനങ്ങളോടു ഒരു പ്രസ്താവന ചെയ്യുക എന്നതു വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണന്നു മാർ തെയോഫിലോസ് തിരുമേനിയും ഞാനും വിശ്വസിക്കുന്നു.

ഏറ്റം വലിയ ബഹുമാനാദരവുകളോടെ ചുരുക്കട്ടെ,

നമ്മുടെ കർത്താവിന്റെ അവിടുത്തെ വിനീതവിധേയൻ,

മാർ ഈവാനിയോസ് (ഒപ്പ്)

*　　　*　　　*　　　*

മേൽചേർത്ത കത്തിനും ഡലിഗറ്റു മറുപടി അയച്ചുകൊടുത്തു. "പുനരൈക്യപ്പെടുന്നതിനു ആദ്യം സന്നദ്ധത പ്രകടിപ്പിച്ചിരുന്ന കാതോലിക്കാബാവായും മറ്റും അവരുടെ നിശ്ചയത്തിൽ നിന്നും പിന്മാറിയിരിക്കുന്നതിനാൽ കാതോലിക്കാസിംഹാസനത്തിന്റെ അംഗീകരണത്തെപ്പറ്റി ഇനിയും ആലോചിക്കേണ്ടതായ ആവശ്യം ഇല്ലല്ലോ" എന്നാണ് പ്രസ്തുത കത്തിൽ അദ്ദേഹം എഴുതിയിരുന്നത്.

ഈദൃശകത്തുകളുടേയും, അഭ്യർത്ഥനകളുടേയും ഫലമായി-അനേകമാസക്കാലത്തെ അന്വേഷണത്തിനും പര്യാലോചനകൾക്കും ശേഷം-റോമിൽ നിന്നും അയച്ച അവസാനമറുപടി 1930 ആഗസ്റ്റ് 30-ാം തീയതിയാണു ലഭിച്ചത്. മലങ്കരസുറിയാനിറീത്തിനുള്ള അനുവാദവും പുനരൈക്യപ്രസ്ഥാനത്തിനുള്ള അനുമതിയും അടങ്ങിയ ആ "അംഗീകരണപത്രം" ഈ ഗ്രന്ഥത്തിലെ "വിജയമകുടം ചൂടിയ പുനരൈക്യ പരിശ്രമം" എന്ന അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നതിൽ നിന്നും വായനക്കാർക്കു അതുസംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഗ്രഹിക്കാവുന്നതാണ്.

## അദ്ധ്യായം – 25

# മാർ ഈവാനിയോസും വട്ടശേരിൽ മാർ ദിവന്നാസ്യോസും

**അ**നിതരസാധാരണമായ ബുദ്ധിസാമർത്ഥ്യവും അതിനെ വെല്ലത്തക്ക പ്രവർത്തനവൈദഗ്ദ്ധ്യവും ഒത്തിണക്കിയ ഒരു അസാമാന്യവ്യക്തിയായിരുന്നു വട്ടശേരിൽ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ. ക്രിസ്താബ്ദം 1909–1934 വരെയുള്ള 25 വർഷക്കാലം ഇവിടത്തെ ഓർത്തഡോക്സുസഭയുടെ മെത്രാപ്പോലീത്തായായി ഭരണം നടത്തിക്കൊണ്ടിരുന്ന അദ്ദേഹം നിരന്തരപോരാട്ടത്തിൽ കൂടെയാണു മരണപര്യന്തം കഴിച്ചുകൂട്ടിയിട്ടുള്ളത്. കേരളത്തിലെ പുത്തൻകുർജനതയെ ഇതേവരെ ഭരിച്ചിട്ടുള്ള മെത്രാന്മാരിൽ ഏതു കൊണ്ടും അദ്വിതീയമായ ഒരു സ്ഥാനത്തിനർഹനാണു മാർ ദിവന്നാസ്യോസു എന്നു നിസ്സന്ദേഹം പ്രസ്താവിക്കുന്നതിനു സാധിക്കും. ഭരണകർത്താക്കൾക്കു അവശ്യം ഉണ്ടായിരിക്കേണ്ട നയതന്ത്രജ്ഞത, വിപദിധൈര്യം, സഹനശക്തി ആദിയായ നിരവധി ഗുണങ്ങൾ അദ്ദേഹത്തിന്റെ ജീവിതഗതിയെ ഉടനീളം നിയന്ത്രിച്ചുകൊണ്ടിരുന്നു. നമ്മുടെ കഥാപുരുഷനിൽ പ്രശോഭിച്ചിരുന്ന ഗുണഗണങ്ങളിൽ ബഹുഭൂരിഭാഗവും മാർ ദിവന്നാസ്യോസുമായുണ്ടായ നിരന്തരസഹവാസത്തിൽ നിന്നും ലഭിച്ചിട്ടുള്ളതാണെന്നു ഇരുവരുടെയും ജീവിതഗതിയെ സസൂക്ഷ്മം നിരീക്ഷണം ചെയ്തിട്ടുള്ളവർ സമ്മതിക്കുകതന്നെ ചെയ്യും. തന്റെ യഥാർത്ഥപിൻഗാമിയായി–മലങ്കര മെത്രാപ്പോലീത്തായായി–കേരളത്തിലെ ഓർത്തഡോക്സു സഭാഭരണം ഭരമേല്പിക്കുന്നതിനു മാർ ദിവന്നാസ്യോസു മുൻകൂട്ടി അണിയറയിൽ ഒരുക്കിയിരുന്ന ഏകവ്യക്തിയും നമ്മുടെ കഥാപുരുഷൻ തന്നെയായിരുന്നു. പക്ഷേ,

“നിനച്ചിടുന്നൊന്നു നരൻ മനസ്സിൽ
മറിച്ചിടുന്നായതു സർവ്വശക്തൻ.”

ഏതാണ്ടു കാൽശതാബ്ദകാലത്തോളം ഇവർ ഇരുവരുടെയും ആദർശങ്ങളും, അഭിപ്രായങ്ങളും, ആലോചനകളും ഒരേ കൈവഴിയിലൂടെയാണു ഒഴുകിക്കൊണ്ടിരുന്നത്. എങ്കിലും അവസാനം ചില കാര്യങ്ങളിൽ അവർ തമ്മിൽ ഭിന്നിക്കേണ്ട നിലയിലാണു സാഹചര്യങ്ങൾ ഇരുവരെയും കൊണ്ടുചെന്നെത്തിച്ചത്. പ്രധാനമായി മൂന്നുവിഷയങ്ങളിലായിരുന്നു അവർ ഭിന്നിക്കേണ്ടി വന്നത്.

## 1 പാത്രിയർക്കീസിന്റെ മേലധികാരം

കേരളത്തിലെ പുത്തൻകുർജനതതി അന്ത്യോഖ്യാ യാക്കോബായപാത്രിയർക്കീസിന്റെ ആത്മീയമോ ലൌകികമോ ആയ ഏതെങ്കിലും മേലധികാരത്തിനു വിധേയമാകുന്ന പക്ഷം യാതൊരുവിധ അഭിവൃദ്ധിയും ഇവിടത്തെ സഭയ്ക്കുണ്ടാകുകയില്ലെന്നുള്ള പരിപൂർണ്ണബോദ്ധ്യമായിരുന്നു മാർ ഈവാനിയോസിനുണ്ടായിരുന്നത്. ഇതിനെ പ്രസ്പഷ്ടമാക്കുന്ന കഥാപുരുഷന്റെ നിരവധി കത്തുകൾ ഈ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളിൽ ഉദ്ധരിച്ചിട്ടുള്ളതിൽ നിന്നും അനുവാചകന്മാർക്കു പ്രസ്തുത വാസ്തവം ഗ്രഹിക്കാവുന്നതാണ്. എന്നാൽ പാത്രിയർക്കീസിന്റെ ആത്മീയാധികാരം സമ്മതിച്ചുകൊടുക്കണമെന്നുള്ളതായിരുന്നു മാർ ദിവന്നാസ്യോസിന്റെ അഭിപ്രായം. പക്ഷെ, മാർ ദിവന്നാസ്യോസിനോടു എത്രമാത്രം ബഹുമാനം ഉണ്ടായിരുന്നാലും ഈ സംഗതി സമ്മതിച്ചുകൊടുക്കുവാൻ മാർ ഈവാനിയോസിനു നിർവ്വാഹമില്ലായിരുന്നു.

## 2 ബഥനിയുടെ സ്വതന്ത്രനില

യാക്കോബായപാത്രിയർക്കീസിനാകട്ടെ, മലങ്കരമെത്രാപ്പോലീത്തായ്ക്കാകട്ടെ, കാതോലിക്കാബാവായ്ക്കാകട്ടെ യാതൊരധികാരവും പ്രയോഗിക്കുവാൻ നിർവ്വാഹമില്ലാത്തവിധം സ്വതന്ത്രമായ നിലയിലായിരുന്ന കഥാപുരുഷൻ ബഥന്യാശ്രമം സ്ഥാപിച്ചതും നടത്തിക്കൊണ്ടുപോകുന്നതും. കത്തോലിക്കാപുനരൈക്യത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ അതിന്റെ അവസാനഘട്ടത്തിൽ എത്തിച്ചേർന്നപ്പോൾ ബഥനിസ്ഥാപനങ്ങൾ കത്തോലിക്കാസഭയിൽ ലയിപ്പിച്ചേക്കുമോ എന്നുള്ള ഭയം മാർ ദിവന്നാസ്യോസിനെ ശക്തിമത്തായി ഹേമിച്ചു തുടങ്ങി. തൽഫലമായി ബഥനിയെ തന്റെ അധികാരവിധേയത്വത്തിൽ കൊണ്ടുവരുന്നതിനും മലങ്കര മെത്രാപ്പോലീത്തായായ അദ്ദേഹം പരിശ്രമിച്ചു. മാർ ഈവാനിയോസാകട്ടെ അതിനു അശേഷം വഴങ്ങിക്കൊ

ടുക്കാതെ ബഥനിയുടെ സ്വതന്ത്രനില പരിപാലിക്കുന്നതിനു ബദ്ധശ്ര ദ്ധനായി. അന്യത്ര ഉദ്ധരിച്ചിട്ടുള്ള കത്തുകളിൽ നിന്നും, ബഥനിയുടെ സ്വതന്ത്രനിലയെ വിശദീകരിച്ചുകൊണ്ടുള്ള കഥാപുരുഷന്റെ പ്രസംഗ ങ്ങളിൽ നിന്നും ഈ വസ്തുത ഗ്രഹിക്കാവുന്നതാണ്.

## 3 കത്തോലിക്കാ പുനരൈക്യം

യാക്കോബായപാത്രിയർക്കീസുമായി യോജിക്കുവാൻ നിവൃത്തി യില്ലാത്തഘട്ടത്തിൽ എത്തുകയും, സമുദായസ്വത്തുക്കൾ വ്യവഹാരം മൂലം നഷ്ടപ്പെടുന്നതിനിടവരുകയും, തന്റെ കീഴിലുള്ള വൈദികന്മാരും ജനങ്ങളും അനുകൂലിക്കുകയും ചെയ്യുന്നപക്ഷം മാർപ്പാപ്പായുടെ മേല ധികാരത്തിനു വിധേയമായി കത്തോലിക്കാസഭയുമായി പുനരൈക്യ പ്പെടണമെന്നുള്ളതായിരുന്നു മാർ ദിവന്നാസ്യോസിന്റെ അഭിപ്രയാവും ആഗ്രഹവും. പക്ഷെ, സകലവും ഉപേക്ഷിക്കേണ്ടിവന്നാലും-ആ രിൽനിന്നെല്ലാമുള്ള എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടിവ ന്നാലും-റോമാമാർപ്പാപ്പായുടെ ഭരണത്തിൻ കീഴിൽ കത്തോലിക്കാസ ഭയുമായി പുനരൈക്യം പ്രാപിച്ചാൽ മാത്രമേ ബാഹ്യവും ആഭ്യന്തര വുമായ അഭിവൃദ്ധി മലങ്കരസഭയ്ക്കു കൈവരുത്തുവാൻ സാധിക്കയു ള്ളുവെന്നായിരുന്നു മാർ ഈവാനിയോസിന്റെ സുദൃഢമായ അഭപ്രായം. ഇതരമെത്രാന്മാരുടെ ആലോചനയോടുകൂടെ അന്ത്യോഖ്യാറഹമാനി പാത്രിയർക്കീസുമായും റോമാസിംഹാസനവുമായും മാർ ഈവാനി യോസ് നടത്തിക്കൊണ്ടിരുന്ന എഴുത്തുകുത്തുകളെപ്പറ്റിയുള്ള അറിവു മാർ ദിവന്നാസ്യോസിനു ഉണ്ടായിരുന്നുവെന്നതിനു സംശയമില്ല. പക്ഷെ, യാക്കോബായപാത്രിയർക്കീസിന്റെ ആത്മീയാധികാരം സമ്മ തിച്ചുകൊടുത്തുകൊണ്ടുള്ള മൊഴികൾ കോടതികളിൽ നല്കിക്കൊ ണ്ടിരുന്ന അവസരത്തിൽ വേറൊരു പാത്രിയർക്കീസുമായി യോജിക്കു ന്നതിനുള്ള എഴുത്തുകുത്തുകൾക്കു പ്രേരണ നല്കുന്നു എന്നുള്ള കുറ്റം തന്നിൽ ആരോപിക്കപ്പെടാതിരിക്കത്തക്ക വിധമായിരുന്നു നയ തന്ത്രജ്ഞനായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെന്നു ഈ ഗ്രന്ഥ ത്തിൽ അന്യത്ര ചേർത്തിട്ടുള്ള പല കത്തുകളിൽ നിന്നും കഥാപുരു ഷന്റെ ആതാമകഥാകഥനത്തിൽ നിന്നും ബോദ്ധ്യപ്പെടുന്നതാണണ്.

കേരളത്തിലെ യാക്കോബായസഭയിൽ സമാധാനമുണ്ടാക്കുന്ന തിനും അഭിവൃദ്ധി കൈവരുത്തുന്നതിനും അക്ഷീണം പരിശ്രമിച്ചുകൊ ണ്ടിരുന്ന ഈ രണ്ടു മഹനീയവ്യക്തികൾ തമ്മിൽ ഉണ്ടായ സ്നേഹബ ന്ധത്തെയും, യോജിച്ചു നടത്തിയ പ്രവർത്തനങ്ങളെയും, അവസാനം പരസ്പരം ഭിന്നിക്കേണ്ടി വന്നതിനെയും പറ്റിയുള്ള വിശദവിവരങ്ങൾ

തുടർന്നു പ്രതിപാദിക്കുന്നതിനാണു ഉദ്ദേശിക്കുന്നത്.

## പ്രഥമപരിചയവും സ്നേഹബന്ധവും

മാർ ദിവന്നാസ്യോസ്(അന്നു ഗീവറുഗീസുമല്പാൻ) കോട്ടയം പഴയ സെമ്മിനാരിയിൽ ശെമ്മാശന്മാരെ സുറിയാനി പഠിപ്പിച്ചുകൊണ്ടിരുന്ന കാലയളവിലായിരുന്നു മാവേലിക്കര നിന്നും പി. റ്റി. ഗീവറുഗീസ് എന്ന പേരോടു കൂടിയ ബാലൻ ഹൈസ്ക്കൂൾ പഠനാർത്ഥം കോട്ടയത്തെത്തിയത്. എം.ഡി. സെമ്മനാരിഹോസ്റ്റലിൽ താമസിച്ചുകൊണ്ടു Vഫാറം, മെട്രിക്കുലേഷൻ എന്നീ ക്ളാസുകളിൽ പഠിച്ചുകൊണ്ടിരുന്ന ഗീവറുഗീസ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകന്മാരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതനായി. ഇതരവിദ്യാർത്ഥികളെ അപേക്ഷിച്ചു പഠനത്തിലും സ്വഭാവത്തിലും സമുന്നതമായ സ്ഥാനം കരസ്ഥമാക്കിയിരുന്ന പ്രസ്തുത ബാലനിൽ പുലിക്കോട്ടു മാർ ദിവന്നാസ്യോസു തിരുമേനിക്കും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനും പ്രത്യേകവാത്സല്യം ഉളവായതിൽ അത്ഭൂതത്തിനവകാശമില്ല. മെട്രിക്കുലേഷൻ പരീക്ഷ പ്രശസ്തനിലയിൽ പാസ്സായ ഗീവറുഗീസിനു ശെമ്മാശുപട്ടം നല്കുന്നതിനും, അനന്തരം ശെമ്മോശനെ കോട്ടയം സി. എം. എസ്സ്. കോളേജിലും പിന്നീടു മദ്രാസിലേ ക്രിസ്ത്യൻകോളേജിലും ഉപരിവിദ്യാഭ്യാസാർത്ഥം അയയ്ക്കുന്നതിനും, അതിലേക്കു ആവശ്യകമായ ചെലവിൽ ഒരു ഭാഗം സമുദായം വകയായി വഹിക്കുന്നതിനും വേണ്ട പ്രേരണ പുലിക്കോട്ടു തിരുമേനിക്കു നല്കിയതു വട്ടശ്ശേരിൽ മല്പാനായിരുന്നു.

ഉത്കൃഷ്ടനിലയിൽ എം. ഏ. ബിരുദം കരസ്ഥമാക്കിയശേഷം 1907-ൽ മദ്രാസിൽ നിന്നും മടങ്ങിയെത്തിയ പി. റ്റി. ഗീവറുഗീസ് ശെമ്മാശനെ എം. ഡി. സെമ്മനാരി ഹൈസ്ക്കൂൾ പ്രിൻസിപ്പാളായി പുലിക്കോട്ടുതിരുമേനി നിയമിച്ചതും വട്ടശ്ശേരിൽ മല്പാന്റെ ശുപാർശ അനുസരിച്ചായിരുന്നു. അടുത്തവർഷം തന്നെ വട്ടശ്ശേരിൽ മല്പാൻ യറുശലേമിലേക്കുപോയി അന്ത്യോഖ്യാപാത്രിയർക്കീസായ അബ്ദള്ളാ ബാവായിൽ നിന്നും "മാർ ദിവന്നാസ്യോസ്" എന്ന പേരിൽ മെത്രാൻപട്ടം സ്വീകരിച്ചു ഇവിടെ മടങ്ങിയെത്തി.അധികകാലതാമസം കൂടാതെ(1909-ൽ) ഗീവറുഗീസ് ശെമ്മാശൻ പൌരോഹിത്യപദവിയിലേക്കുയർത്തപ്പെടുകയും അങ്ങനെ "എം. ഏ. അച്ചൻ" എന്ന അപരാഭിധാനത്താൽ അറിയപ്പെടുകയും ചെയ്തു. അക്കാലഘട്ടത്തിൽ ഇവിടെ ആഗതനായ അബ്ദള്ളാപാത്രിയർക്കീസും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും തമ്മിൽ ലൗകികാധികാരത്തിനു വേണ്ടിയുള്ള വടംവലി ശക്തിമത്തായി ആരംഭിച്ചു. ഈ ദൃശമത്സരത്തിൽ വട്ടശ്ശേരിൽ തിരുമേ

നിയുടെ വലംകയ്യായി നിന്നു സ്വജീവനെ തൃണവൽഗണിച്ചു പ്രവർത്തി ച്ചുകൊണ്ടിരുന്ന പ്രമുഖവ്യക്തികളിൽ അദ്വിതീയസ്ഥാനമായിരുന്നു. എം. ഏ. അച്ചനു ഉണ്ടായിരുന്നത്. *എം.ഡി. സെമ്മനാരി പ്രൻസിപ്പാൾ സ്ഥാനത്തു നിന്നും വിരമിച്ച ശേഷം സെറാമ്പൂർ കോളേജ് പ്രൊഫ സർ ആയിരുന്നപ്പോഴും, പിന്നീടു ബഥനി ആശ്രമസ്ഥാപകൻ, ഈവാ നിയോസ്മെത്രാൻ, ബഥനി മെത്രാപ്പോലീത്താ എന്നീ സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന അവസരങ്ങളിലും വട്ടശ്ശേരിൽ തിരുമേനിയുടെ അനു വാദം കൂടാതെ മാർ ഈവാനിയോസ് തിരുമേനിയും, ഈവാനിയോ സുതിരുമേനിയോടാലോചിക്കാതെ വട്ടശ്ശേരിൽ തിരുമേനിയും യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നുള്ളതു അനിഷേദ്ധ്യമായ ഒരു പര മാർത്ഥം തന്നെയാണ്. അത്രമാത്രം സ്നേഹവും, ബഹുമാനവും, വിശ്വാ സവുമായിരുന്നു ഈ രണ്ടു വ്യക്തികൾ പരസ്പരം പ്രകടിപ്പിച്ചു കൊണ്ടി രുന്നത്. താഴെ ചേർക്കുന്ന രേഖകൾ ഈ വസ്തുത തെളിയിക്കുന്ന താണ്:-

വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റി കഥാപുരുഷൻ ''ഗിരിദീപ''ത്തിൽ ഇപ്രകാരമാണു എഴുതിയിരിക്കുന്നത്:-

''മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താതിരുമേനിയെ നമ്മെ പ്പോലെ അടുത്തറിഞ്ഞിട്ടുള്ളവർ വളരെ ദുർലഭമാണെന്നാണു നമ്മുടെ വിശ്വാസം. വിശാലമായ അവിടത്തെ ഹൃദയത്തേയും അനന്യസാധാ രണമായ സഹിഷ്ണതയേയും നമുക്കു കുറെയൊക്കെ കാണുന്നതിനു സംഗതിയായിട്ടുണ്ട്. എന്തും സഹിക്കത്തക്ക ഉറപ്പു കൂടിയ നെഞ്ചും ഏതെല്ലാം കണ്ടാലും കേട്ടാലും അടയുകയോ കലങ്ങുകയോ ചെയ്യാത്ത കണ്ണും ചെവിയുമത്രെ ദൈവം അദ്ദേഹത്തിനു നല്കിയിട്ടു ള്ളത്. ഗംഭീരഹൃദയനായ തിരുമേനിയുടെ അന്തർഭാഗത്തെ മാർദ്ദവവും നാം അറിഞ്ഞിട്ടുള്ളതാണ്.'' (ഗിരിദീപം പുറം 17).

കത്തോലിക്കാപുനരൈക്യാനന്തരം കാതോലിക്കാബാവാതിരുമേ നിക്കു മാർ ഈവാനിയോസ് അയച്ച ഒരു കത്തിൽ മാർ ദിവന്നാസ്യോ സുമായുള്ള തന്റെ ബന്ധത്തെപ്പറ്റി ഇപ്രകാരമാണു എഴുതിയിരുന്നത്:-

''ഒരു വ്യവഹാരം നടത്തണമെന്നു ആരെങ്കിലും ഉദ്ദേശിക്കുന്ന പക്ഷം അതിൽ മുന്നിട്ടു പ്രവർത്തിക്കേണ്ടതു വലിയതിരുമേനിയാണ്. തിരുമനസ്സുകൊണ്ടു എന്റെ പിതാവും ഗുരുവുമാകുന്നു. യാതൊരു കള

*ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തുള്ള ഏതാനും അദ്ധ്യായങ്ങളിൽ ഇതെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ടല്ലോ. (ഗ്രന്ഥകർത്താ)

ങ്കവും കൂടാത്തതായ സ്നേഹത്തോടും വിശ്വാസത്തോടും കൂടെയാണു എന്റെ ബാല്യം മുതൽ ഇന്നോളം തിരുമേനിയെ ഞാൻ സ്നേഹിച്ചിട്ടു ള്ളത്. തിരുമേനിയും ഞാനും തമ്മിൽ വാദിപ്രതികളായി ഒരു വ്യവ ഹാരം നടത്തിയിട്ടു ബഥനിപള്ളികളോ സ്വത്തുക്കളോ എന്റെ അധി കാരത്തിൻ കീഴിലോ കൈവശത്തിലോ സൂക്ഷിക്കേണ്ടതായ യാതൊ രാവശ്യവും എനിക്കില്ല."

സെറാമ്പൂർ കോളേജ് പ്രൊഫസർ ആയിരുന്ന അവസരത്തിൽ (1917-ൽ) മാർ ദിവന്നാസ്യോസ്, മാർ ഈവാനിയോസിനു അയച്ചുകൊ ടുത്ത ഒരു കത്തിൽ കീഴ്‌വര ഇട്ടുകൊണ്ടു എഴുതിയിരിക്കുന്നതു ഇപ്ര കാരമാണ്:- "നമുക്കു ഒരു വിശ്വസ്തനും സത്യസ്നേഹിതനുമുണ്ടെ ങ്കിൽ അതു താനാണെന്നു അറിയാത്തവനല്ല നാം."

ശ്രീമാൻ പീലിപ്പോസ് ജഡ്ജി അവർകൾക്കു അയച്ച ഒരു കത്തിൽ മാർ ഈവാനിയോസിനെപ്പറ്റി മാർ ദിവന്നാസ്യോസ് എഴുതി യിരിക്കുന്ന ഭാഗം ശ്രദ്ധേയമത്രെ.

"ഇഹലോകത്തിൽ നമ്മുടെ ബഥനിമെത്രാച്ചനെ പ്പോലെ നാം ആരെയും സ്നേഹിക്കയും വിശ്വസിക്കയും ഉണ്ടായിട്ടില്ല. നമ്മുടെ കാതോലിക്കാബാവായെക്കാളും നമ്മെക്കാൾ തന്നെയും നാം അദ്ദേ ഹത്തെ വിശ്വസിക്കയും സ്നേഹിക്കയും ചെയ്തിരുന്നു."

ഇപ്രകാരം മുപ്പതുവർഷക്കാലത്തോളം (1900-1930വരെ) "പിതാവും ഗുരുവു"മായി സ്വീകരിച്ചിരുന്ന വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നും കത്തോലിക്കാപുനരൈക്യം മുഖേന മരണപര്യന്തം വേർപെ ടുക എന്നതു മാർ ഈവാനിയോസ് തിരുമേനിക്കും "സ്വന്തം മകനും ഉത്തമ സുഹൃത്തു"മെന്നോണം പരിഗണിച്ചിരുന്ന ഈവാനിയോസ് തിരുമേനിയിൽ നിന്നും എന്നന്നേക്കും അകലുക എന്നുള്ളതു വട്ടശ്ശേ രിൽ തിരുമേനിക്കും എത്രമാത്രം സങ്കടജനകവും മർമ്മഭേദവുമായി രിക്കും എന്നുള്ളതു ഏകദേശം ഊഹിക്കാവുന്നതാണല്ലോ. എങ്കിലും ധീരഹൃദയനായ കഥാപുരുഷൻ ദൈവസ്നേഹത്തെപ്രതി മനസ്സാക്ഷി യുടെ പ്രേരണയ്ക്കു അധീനനായി അവസാനം അതിനു സന്നദ്ധനാ കുകതന്നെ ചെയ്തു.

## രണ്ടു കത്തുകൾ

കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുവാൻ മാർ ഈവാ നിയോസ് ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞുവെന്നു അറിഞ്ഞുകൊണ്ടു അതിൽ നിന്നും അദ്ദേഹത്തെ വ്യതിചലിപ്പിക്കുവാൻ മാർ ദിവന്നാ

സ്യോസ് കഴിയുന്നത്ര പരിശ്രമിച്ചു. നേരിട്ടു കത്തുകൾ അയയ്ക്കുക, മാർ ഈവാനിയോസിന്റെ സ്നേഹത്തിനും ബഹുമാനത്തിനും, പാത്രീഭവിച്ചിരുന്ന സമുദായപ്രമാണികൾ മുഖേന പരിശ്രമിക്കുക, അഭിമുഖ സംഭാഷണത്തിനായി ക്ഷണിക്കുക, നിരോധനകല്പനമൂലം ഭയപ്പെടുത്തുക എന്നീ വിവിധോപായങ്ങൾ മാർ ദിവന്നാസ്യോസ് തുടരെത്തുടരെ പ്രയോഗിച്ചുകൊണ്ടിരുന്നു. എങ്കിലും അവയൊന്നും മാർ ഈവാനിയോസിനെ സ്വനിശ്ചയത്തിൽ നിന്നും അണുമാത്രം വ്യതിചലിപ്പിക്കുവാൻ പര്യാപ്തമായില്ലെന്നു താഴെ ചേർക്കുന്ന കത്തുകളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

കഥാപുരുഷന്റെ കത്തോലിക്കാപുനരൈക്യമെന്ന ആദർശം ഗ്രഹിച്ച മാർ ദിവന്നാസ്യോസ് തിരുവനന്തപുരത്തു നിന്നും അയച്ച ഒരു കത്തിനു നല്കിയ മറുപടിയാണു താഴെചേർക്കുന്നത്:-

വടശ്ശേരിക്കര,<br>12-3-105.

തിരുമുമ്പാകെ ബോധിപ്പാൻ എഴുതിക്കൊള്ളുന്നത്-

തിരുവനന്തപുരത്തു നിന്നും അയച്ചുതന്ന സാധനം കിട്ടി. തിരുമനസ്സിലേയും എന്റേയും ഉത്തമസ്നേഹിതന്മാരായ കെ. വി. ചാക്കോച്ചനിൽ നിന്നു പരുമലവെച്ചും ജഡ്ജി പീലിപ്പോച്ചനിൽ നിന്നു തിരുവനന്തപുരത്തുവെച്ചും എന്റെ ആദർശങ്ങളെപ്പറ്റി ചിലതെല്ലാം ഗ്രഹിപ്പാൻ തിരുമനസ്സിലേക്കു ഇടയായി എന്നു ആ കല്പനയിൽ കാണുന്നു. തിരുമേനിയെ ഞാൻ നേരിട്ടു അറിയിച്ചിട്ടില്ലാത്തതായി ഏതോ ചില ആദർശങ്ങൾ എനിക്കുണ്ടെന്നും അവരിൽ നിന്നാണു അവ ഗ്രഹിച്ചതെന്നും ഒരർത്ഥം ഈ വാചകത്തിൽ നിന്നും സ്ഫുരിക്കുന്നതായി തോന്നുന്നു. അവരെക്കാൾ കൂടുതലായി എന്റെ ആദർശങ്ങളും അഭിപ്രായങ്ങളും ഞാൻ തിരുമേനിയെയാണു അറിയിച്ചിട്ടുള്ളത്. വിശേഷിച്ചു പാത്രിയർക്കീസു ബാവാ ഉടനെ മലയാളത്തേക്കു പുറപ്പെടുന്നതിന്റെ പ്രാരംഭമായി ഇംഗ്ലണ്ടിലേക്കു പോകുന്നെന്നു പത്രങ്ങളിൽ കാണുന്നല്ലോ. ഇന്നത്തെ ആലുവാ നിന്നും മിസ്റ്റർ ഏ. എം. വർക്കിയുടെ ഒരു കത്തു കിട്ടി. അതിൽ പാത്രിയർക്കീസുബാവായുമായി യോജിക്കയാമു വേണ്ടതെന്നും സമുദായത്തിന്റെ ഇപ്പോഴത്തെ വിഷമാവസ്ഥയിൽ നിന്നു രക്ഷപ്പെടുന്നതിനു മാർഗ്ഗം അതു മാത്രമാണെന്നും എഴുതിയിരിക്കുന്നു. ഈയിടെ നമ്മുടെ സി. എം. തോമസുശെമ്മാശൻ *രഹസ്യമായി ഒരാളോടു പറഞ്ഞതും ഇതുപോലെയാണ്. ശെമ്മാശൻ ഇംഗ്ലണ്ടിലേക്കു

പോകുന്നില്ലെന്നും ഏലിയാസ് പാത്രിയർക്കീസുബാവായെ കാണുവാനായി മൂസലിലേക്കു പോകുവാൻ ആലോചിച്ചിരിക്കയാണെന്നും ആയിരുന്നു. ഏ. എം. വർക്കിയും ശെമ്മാശനും മറ്റും തമ്മിൽ ഇതുസംബന്ധിച്ചു വല്ല ആലോചനകളും നടക്കുന്നുണ്ടോ എന്നു അറിയുന്നില്ല.

മാർ ഈവാനിയോസ്, (ഒപ്പ്)

മേലുദ്ധരിച്ച കത്തിനു മാർ ദിവന്നാസ്യോസ് ഉടൻതന്നെ മറപുടി അയച്ചുകൊടുത്തു. അതിനു കഥാപുരുഷൻ അയച്ച മറുപടി ചുവടെ ചേർക്കുന്നു:-

വടശ്ശേരിക്കര,
22-3-105.

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക്-

തുലാം ഇരുപതാം തീയതി അയച്ചുതന്ന സാധനം കിട്ടി. കഴിഞ്ഞ സ്ലീബാപെരുനാൾ ദിവസം വി. കുർബാന കഴിഞ്ഞപ്പോൾ ഞാൻ തിരുമനസ്സിലെ മുറിയിൽ വന്നു ചില കാര്യങ്ങൾ തിരുമുമ്പാകെ അറിയിച്ചിട്ടുള്ളതാണല്ലോ. അബ്ദല്ലാബാവായും മറ്റു ശത്രുക്കളും നിമിത്തം തിരുമനസ്സുകൊണ്ട് സഹിക്കേണ്ടി വന്നിട്ടുള്ള വിഷമങ്ങൾ തിരുമനസ്സിലെ കൂടെ നിന്നു ഞാനും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. അവ ഇനിയും ആവർത്തിപ്പാൻ സൌകര്യമുണ്ടാകത്തക്ക യാതൊരു വഴിയിലും പ്രവേശിപ്പാൻ ഞാൻ വിചാരിക്കുന്നില്ല. കഴിഞ്ഞയാഴ്ചയിൽ പരുമലയ്ക്കു പെരുനാളിനു ഞാൻ വരുന്നതിനുള്ള പ്രതിബന്ധം ജലദോഷം മാത്രമല്ലായിരുന്നു. ബാവായും എല്ലാവരും ഉള്ളപ്പോൾ അന്യോന്യം അഭിപ്രായം യോജിക്കാത്ത നിലയിൽ വല്ലതും സംസാരിക്കേണ്ടി വന്നേക്കുമോ എന്നുള്ള ഭയം കൂടെയായിരുന്നു. വ്യവഹാരവും മറ്റും ഒഴിഞ്ഞു ഏതെങ്കലും വിധത്തിൽ സമുദായത്തിനു നന്മയുണ്ടാകുവാൻ തക്ക മാർഗ്ഗം കണ്ടുപിടിക്കേണ്ടതാണ്. ആർക്കെല്ലാം മെത്രാൻസ്ഥാനം കൊടുക്കണമെന്നു തിരുമനസ്സുകൊണ്ടു നിശ്ചയിക്കുന്നുവോ അതിനു ഞാൻ പ്രതികൂലിയല്ല.....

മാർ ഈവാനിയോസ് (ഒപ്പ്)

*　　　*　　　*　　　*

---

*ഓർത്തഡോക്സ് സഭയിൽ ഇപ്പോഴത്തെ തോമ്മസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ

## മി. വറുഗീസുമുഖേന അയച്ച കത്ത്

പ്രസ്തുത കത്തിനെ തുടർന്നു വട്ടശ്ശേരിൽ മി. വി. ഏ. വറുഗീസ് ബി. ഏ. എൽ. റ്റി. മുഖാന്തിരം വേറൊരു കത്തു മാർ ദിവന്നാസ്യോസിനു കഥാപുരുഷൻ അയച്ചുകൊടുത്തു. ബഥനിയുടെ സ്വതന്ത്രനില അഭംഗം പരിപാലിക്കേണ്ടതിന്റെ ആവശ്യകത പ്രസ്പഷ്ടമാക്കിയും കത്തോലിക്കാപുനരൈക്യത്തെ സംബന്ധിച്ചു കാതോലിക്കാബാവായും ഇതരമെത്രാന്മാരും കൂടെ പരുമലവെച്ചു നടത്തിയ ആലോചനയെ വിശദമാക്കിയും, തുടർന്നു നടത്തിയ എഴുത്തുകുത്തുകളെ വ്യക്തമാക്കിയുമാണു പ്രസ്തുത കത്തു എഴുതിയിരിക്കുന്നത്. മാർ ഈവാനിയോസ് കത്തോലിക്കാപുനരൈക്യം പ്രാപിക്കുന്നതിനു പത്തുമാസംമുമ്പാണു സുദീർഘമായ ഈ കത്തു എഴുതിയതു എന്നുള്ളകാര്യം പ്രത്യേകം പ്രസ്താവ്യമത്രേ.

വടശ്ശേരിക്കര,
28-3-105.

നമ്മുടെ വാത്സല്യഭാജനമായ കീവറിച്ചനു വാഴ്‌വ്.

പ്രിയനെ, ഈ സാധനം വലിയ തിരുമേനിയെ വായിച്ചു കേൾപ്പിക്കണം.

"മേലാവു ആരാണെന്നു ചോദിച്ചിട്ടു ബഥനിമെത്രാൻ ഉത്തരം പറയുന്നില്ല. പിണങ്ങേണ്ടി വന്നേയ്ക്കും" എന്നു തിരുമേനി തിരുവനന്തപുരത്തുവെച്ചു ജോൺ വക്കീലിനോടും പീലിപ്പോസ് ജഡ്ജിയോടും കല്പിച്ചതായും ഇതെപ്പറ്റി ഗിരിദീപത്തിൽ എഴുതിയിരുന്ന കാര്യം പ്രസ്താവിച്ചതായും ഇവിടെ എഴുത്തു വന്നിട്ടുണ്ട്. തിരുമേനിയുടെ മേലധികാരം സ്വീകരിപ്പാനോ, ബഹുമാനിപ്പാനോ, അനുസരിപ്പാനോ എനിക്കു യാതൊരു മടിയുമില്ലെന്നു തിരുമനസ്സിലേക്കു നന്നായി അറിയാം. കാതോലിക്കായും പാത്രിയർക്കീസും തമ്മിലും സുന്നഹദോസും പാത്രിയർക്കീസും തമ്മിലും വല്ല ബന്ധവും ഉണ്ടോ എന്നും ഉണ്ടെങ്കിൽ എന്താണെന്നും വ്യക്തമാക്കിയിട്ടില്ലല്ലോ. ഏതെങ്കിലും വിധത്തിൽ യാക്കോബായപാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിക്കുന്നപക്ഷം ഇനിയും പാത്രിയർക്കീസു വരുമ്പോൾ എന്നെ മുടക്കുമെന്നും ബഥനിസ്വത്തുക്കൾ കിട്ടുന്നതിനു പാത്രിയർക്കീസു പക്ഷത്തു നിന്നും ഇനിയും കേസുകൊടുക്കുമെന്നും പീലിപ്പോസ് ജഡ്ജി ഒരിക്കൽ എന്നോടു പറയുകയും, ബഥനി പാത്രിയർക്കീസിന്റെ അധികാരത്തിൽ നിന്നും സ്വതന്ത്രമാണെന്നു ഞാൻ മറുപടി പറകയും ചെയ്ത വിവരം തിരുമുമ്പാകെ അറിയിച്ചിട്ടുണ്ട്.

എന്തെല്ലാം പ്രയാസം നേരിട്ടാലും പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിപ്പാനോ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള അനുഭവങ്ങളിൽ കൂടി ഇനിയും കടന്നു പോകുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല. ഇങ്ങനെ ബഥനി പാത്രിയർക്കീസിൽ നിന്നും പരിപൂർണ്ണമായി വേർപെട്ടു നില്ക്കുന്നതുകൊണ്ടു തിരുമേനിയെയോ കാതോലിക്കാബാവായെയോ സംബന്ധിച്ചു ശീശ്മ സ്ഥാപിക്കുമെന്നോ, തന്നിമിത്തം തിരുമനസ്സിലെ കേസുകൾക്കു വല്ല ദൂഷ്യവുമുണ്ടാകുമെന്നോ തോന്നുന്ന പക്ഷം ബഥനിയോടു ബന്ധമില്ലാത്ത നിലയിൽ എന്തെങ്കിലും കല്പന പരസ്യപ്പെടുത്തുന്നതു എനിക്കു സമ്മതമാണ്. ബഥനി വ്യവഹാരത്തിനു വിഷയമാകാതിരിക്കുന്നതിനും ശീമക്കാരിൽ നിന്നും മറ്റും ഉണ്ടാകുവാനിടയുള്ള ഉപദ്രവങ്ങളിൽ നിന്നും മറ്റും ഒഴിഞ്ഞിരിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു.

തിരുമനസ്സിലെ അധികാരം പോലും സമ്മതിക്കാത്ത നിലയല്ലേ ഇതു എന്നു പ്രഥമദൃഷ്ടിയിൽ തോന്നാവുന്നതാണ്. പക്ഷെ, ഇതിന്റെ യാഥാർത്ഥ്യം മേല്പറഞ്ഞതാണ്. യാതൊരു മേലധികാരത്തിനും കീഴ്പ്പെടാതെ സ്വതന്ത്രമായി നില്ക്കണമെന്നു എനിക്കാഗ്രഹമില്ല. എന്നാലേതെങ്കിലും രൂപത്തിൽ പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിക്കേണ്ടി വരുന്ന യാതൊരു വ്യവസ്ഥയിലും പങ്കുകൊള്ളുവാൻ ഞാൻ തയ്യാറാല്ല. എന്റെ ഈ നിലകൊണ്ടു തിരുമേനിയെ കക്ഷിയാക്കിയിട്ടുള്ള കേസുകൾക്കു ഏതെങ്കിലും തരത്തിൽ ദോഷം വരണമെന്നു ഞാൻ ഒട്ടും ആഗ്രഹിക്കുന്നില്ല.

ഗിരിദീപം അവസാനഅദ്ധ്യായം അച്ചടിക്കുന്നതിനു മുമ്പു കഴിഞ്ഞ കർക്കടകമാസത്തിൽ ജോൺ വക്കീൽ തിരുമൂലപുരത്തു വന്നിരുന്നു. അന്ത്യോഖ്യാമേലധികാരം ബഥനി സ്വീകരിക്കുന്നില്ല എന്നുള്ളതറിയാമല്ലോ എന്നു ഞാൻ സന്ദർഭവശാൽ പറയുന്നതിനിടയായി. ഞാനും സ്വീകരിക്കുന്നില്ല എന്നാണദ്ദേഹം മറുപടി പറഞ്ഞത്.

ഇപ്പോഴത്തെ മെത്രാൻകക്ഷി ഒരു കാലത്തു പാത്രിയർക്കീസിനു കീഴ്പ്പെടുകയോ, സ്വതന്ത്രസഭയായി രൂപീകരിക്കപ്പെടുകയോ, ഏതെങ്കിലും സഭയോടു യോജിക്കുകയോ അല്ലാതെ വേറെ മാർഗ്ഗം കാണുന്നില്ല. ഇതേപ്പറ്റി 1101 തുലാമാസത്തിൽ പരുമല പെരുനാളിനു കൂടിയപ്പോൾ അവിടെ വെച്ചു കാലംചെയ്ത കാതോലിക്കാബാവായും, ഇപ്പോഴത്തെ കാതേലിക്കാബാവായും ഞാനും കൂടെ സംസാരിപ്പാനി

ടയായി. ആ സമയത്തു സമുദായസംബന്ധമായി പലതും ഞങ്ങൾ മൂന്നുപേരും കൂടെ ആലോചിക്കുകയും നമ്മുടെ വിശ്വാസത്തിനു വ്യത്യാസം കൂടാതെയും, നമ്മുടെ ജനങ്ങളെ നമ്മുടെ മേൽപ്പട്ടക്കാരും പട്ടക്കാരും ഭരിപ്പാൻ തക്ക നിലയിലും, നമമുടെ സമുദായാഭിമാനത്തിനു ഭംഗം വരാതെയും റോമൻകത്തോലിക്കു സഭയുമായി ഒരു പുനരൈക്യം സാദ്ധ്യമാണോ എന്നു രഹസ്യമായി എഴുത്തുകുത്തു നടത്തി വിവരമറിവാൻ എന്നെ അവർ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ ആലോചനകൾ ഇപ്പോൾ രഹസ്യമായിരിക്കണമെന്നും, വലിയ തിരുമേനിയെ ഉടനെ അറിയിച്ചുകൂടാ എന്നും, ഇതു സാധിക്കുന്നപക്ഷം ഒടുവിൽ അറിയിച്ചാൽ മതിയെന്നും അന്നു നിശ്ചയിച്ചു. അന്നത്തെ നിശ്ചയപ്രകാരം സമുദായം ഒന്നായി യോജിപ്പാൻ തക്ക നിലയിൽ മാത്രമേ എഴുത്തുകുത്തുകൾ നടത്തിയിട്ടുള്ളൂ. ഇതു സംബന്ധിച്ചുള്ള കത്തുകൾ മിക്കതും ഇപ്പോഴത്തെ കാതോലിക്കാബാവാ കണ്ടിട്ടുള്ളതുമാണ്. “എല്ലാം അറിഞ്ഞു വെയ്ക്കുന്നതിനു തരക്കേടില്ല” എന്നു അദ്ദേഹം ഇതെപ്പറ്റി പറഞ്ഞിട്ടുമുണ്ട്. ഈ സംഗതികൾ കാലം ചെയ്ത ബാവായുടെ ആഗ്രഹപ്രകാരം ഞാൻ വലിയ തിരുമേനിയെ അറിയിച്ചിട്ടുള്ളതാണ്. തിരുമനസ്സുകൊണ്ടു ഇതിനു വിപരീതം പറഞ്ഞുവെന്നുള്ള വിവരം ഞാൻ കാലം ചെയ്ത കാതോലിക്കാബാവായെയും ഇപ്പോഴത്തെ കാതോലിക്കാബാവായെയും അക്കാലത്തുതന്നെ തെര്യപ്പെടുത്തിയിട്ടുമുണ്ട്. അല്പദിവസങ്ങൾക്കു മുമ്പു പരുമലവെച്ചു-വലിയതിരുമേനി തിരുവനന്തപുരത്തു ആയിരുന്നപ്പോൾ-കാതോലിക്കാബാവായും മി. കെ. വി. ചാക്കോയും തമ്മിലുണ്ടായ സംഭാഷണത്തിന്റെ ചുരുക്കം എന്റെ പേർക്കു കെ. വി. ചാക്കോ എഴുതി അറിയിച്ചതിൽ താഴെ കാണുന്ന വാചകം ഉണ്ടായിരുന്നു. Bava assures that he is prepared to promote reunion with Rome provided he is not asked to anathematize any of the fathers or abjure any part of the faith he holds. (പിതാക്കന്മാരിൽ ആരെങ്കിലും ശപിക്കുന്നതിനൊ താൻ സ്വീകരിക്കുന്ന വിശ്വാസത്തിൽ ഏതെങ്കിലും ഭാഗം പരിത്യജിക്കുന്നതിനോ ആവശ്യപ്പെടാത്ത പക്ഷം റോമുമായുള്ള പുനരൈക്യത്തിനു താൻ സന്നദ്ധനാണെന്നു ബാവാ ഉറപ്പു നല്കുന്നു.) ബാവായുടെ അഭിപ്രായം ഇങ്ങനെയാണല്ലോ. ക്രിസ്ത്യാനികൾ തമ്മിലുള്ള മത്സരം അവസാനിക്കണമെന്നും സഭകൾ തമ്മിൽ പുനരൈക്യം ഉണ്ടാകണമെന്നും കർത്താവു ഇഷ്ടപ്പെടുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. അതിനെതിരായി തിരുമനസ്സുകൊണ്ടു യാതൊന്നും കല്പിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു.

വേറൊരു സംഗതി തിരുമുമ്പാകെ അറിയിപ്പാനുള്ളതു പരുമല വെച്ചുണ്ടായ സംഭാഷണം സംബന്ധിച്ചാണ്. സഭയുടെ അടിസ്ഥാനം വിശ്വാസമാണെന്നും പത്രോസല്ലെന്നും കല്പിക്കുന്നതുപോലെ എനിക്കു തോന്നി. രണ്ടുമാണെന്നു ഞാൻ മറുപടി പറഞ്ഞു. യഥാർത്ഥത്തിൽ കർത്താവാണു സഭയുടെ അടിസ്ഥാനം. കർത്താവിന്റെ ദൈവത്വത്തിലും മനുഷ്യാവതാരത്തിലുമുള്ള വിശ്വാസം സഭയുടെ അടിസ്ഥാനമാകുന്നു. ഈ വിശ്വാസം ഏറ്റുപറഞ്ഞ പത്രോസ് സഭയുടെ അടിസ്ഥാനമാകുന്നു. നിബിയന്മാരും, ശ്ലീഹന്മാരും, സഹദേന്മാരും എല്ലാം സഭയുടെ അടിസ്ഥാനമാകുന്നു. ഇങ്ങനെ പലവിധത്തിൽ നമ്മുടെ സുറിയാനി നമസ്കാരപുസ്തകത്തിൽ തന്നെയുണ്ട്. ഇവയിൽ ഒന്നിനേയും ഞാൻ നിഷേധിക്കുന്നില്ല.

യാക്കോബായപാത്രിയർക്കീസിന്റെ നുകത്തിൽ നിന്നും സ്വാതന്ത്ര്യം ലഭിക്കാത്ത കാലത്തോളം മലങ്കരസുറിയാനിക്കാർക്കു ഐശ്വര്യമുണ്ടാകുവാൻ പ്രയാസമാണെന്നു എനിക്കു ബോദ്ധ്യമുണ്ട്. തല്ക്കാലത്തേക്കു മാത്രമുള്ള വല്ല സന്ധിയുമുണ്ടായതുകൊണ്ടു മതിയാകയില്ലല്ലോ. തിരുമനസ്സിലേക്കും ഉള്ളിൽ ഈ ബോദ്ധ്യംതന്നെ ഉണ്ടെന്നാണു എന്റെ വിശ്വാസം. ബഥനി വ്യവഹാരത്തിൽ ഉൾപ്പെടാതെ നില്ക്കുകയാണു വേണ്ടതെന്നു പലപ്പോഴും തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുള്ളതുമാണല്ലോ. ഏതെങ്കിലും രൂപത്തിൽ യാക്കോബായപാത്രിയർക്കീസിനു അധീനപ്പെടുവാൻ ഇടയാകുന്ന ഏതു പന്ഥാവിൽ ആരു പ്രവേശിച്ചാലും അവസാനം ആപത്തും നിരാശയും ഉണ്ടാകുമെന്നു കഴിഞ്ഞ പല തലമുറകളിലെ അനുഭവം സാക്ഷിക്കുന്നുണ്ട്.തിരുമനസ്സിലെ അനുഭവങ്ങൾ ഇതിലേക്കു സാക്ഷിയാണ്.

ബഥനിയുടെ സ്വതന്ത്രനില പാലിച്ചേ മതിയാകൂ എന്നു എന്നെ നിർബന്ധിക്കുന്ന വേറെയും ചില കാരണങ്ങളുള്ളതു ഞാൻ തിരുമുമ്പാകെ രഹസ്യമായും അഭിമുഖമായും അറിയിച്ചിട്ടുള്ളതാണ്. ഇങ്ങനെയെല്ലാമിരിക്കെ, പിണങ്ങേണ്ടി വന്നേക്കും എന്നു തിരുമനസ്സുകൊണ്ടു ജോൺവക്കീലിനോടും പീലിപ്പോസു ജഡ്ജിയോടും കല്പിച്ചതു അറിഞ്ഞതിൽ സങ്കടപ്പെടുന്നു.

എന്ന്,

മാർ ഈവാനിയോസ്, (ഒപ്പ്)

*　　　*　　　*　　　*

## മറുപടിക്കത്ത്

വട്ടശ്ശേരിൽ മി. വി. ഏ. വറുഗീസുമുഖേന കഥാപുരുഷൻ മാർ ദിവന്നാസ്യോസിനു അയച്ച പ്രസ്തുത കത്തിനു മറുപടിയായി മാർ ദിവന്നാസ്യോസു പറഞ്ഞ കാര്യങ്ങളെല്ലാം രേഖപ്പെടുത്തി മി. വറുഗീസ് കഥാപുരുഷനു അയച്ചുകൊടുത്ത കത്താണു ചുവടെ ചേർക്കുന്നത്.

എം. ഡി. സെമ്മനാരി

5-4-105

തിരുമനസ്സറിവാൻ ബോധിപ്പിക്കുന്നത്,

കഴിഞ്ഞ ആഴ്ചയിൽ ഞാൻ അയച്ച എഴുത്തു കിട്ടിയിരിക്കുമല്ലോ. വല്യമെത്രാച്ചനെ വായിച്ചു കേൾപ്പിക്കാനായി തിരുമനസ്സുകൊണ്ടു എന്റെ പേർക്കയച്ച സാധനം കിട്ടി. ഇന്നലെ വൈകിട്ടു ഞാൻ സെമ്മനാരിയിൽ പോയി. മെത്രാച്ചൻതന്നെ അതു വായിച്ചു മനസ്സിലാക്കി. ഇടയ്ക്കിടയ്ക്കു എന്നോടു പല ചോദ്യങ്ങൾ ചെയ്യുകയും ചെയ്തു. 'എന്നെ വിഷമിപ്പിക്കുന്ന സംഗതികൾക്കൊന്നിനും സമാധാനം ഞാൻ ഇതിൽ കാണുന്നില്ല' എന്നർത്ഥം വരത്തക്കവണ്ണമാണു എഴുത്തിനെപ്പറ്റി മെത്രാച്ചൻ കല്പിച്ചത്. എന്നെ ബഹുമാനിക്കയും, ആദരിക്കയും, മേലധികാരം സമ്മതിക്കയും ചെയ്യാമെന്നു എഴുതിയിരിക്കുന്നതിനെപ്പറ്റി എനിക്കു അശേഷം സംശയമില്ല. എന്നാൽ ഇനി അതല്ല വേണ്ടത്. എന്റെ മേലധികാരം സമ്മതിക്കാമെന്നു പറയുന്നതു ഒരു മകൻ അപ്പനെ അനുസരിക്കുന്നതു പോലെയോ ശിഷ്യൻ ഗുരുവിനെ അനുസരിക്കുന്നതു പോലെയോ ആണ്. എപ്പിസ്കോപ്പൽ സുന്നഹദോസിനു ന്യായമായി കീഴ്പ്പെടാൻ അദ്ദേഹം തയ്യാറാകണം. അതല്ലാതുള്ള അനുസരണം എന്റെ നേരെ personal ആയിട്ടുള്ളതു മാത്രമാണ്. അതല്ല ഞാൻ പറയുന്നതു ഇങ്ങനെയൊക്കെയാണു എന്നോടു കല്പിച്ചത്.

പാത്രിയർക്കീസ് തിരുമേനിയെ മുടക്കത്തക്കവണ്ണം പാത്രിയർക്കീസുമായുള്ള ഒരു സംരംഭത്തിലേക്കു ഇനിയും മെത്രാന്മാരാരെങ്കിലും പ്രവേശിക്കണമെന്നെനിക്കഭിപ്രായമില്ല. അബ്ദദുമ്ശിഹാ പാത്രിയർക്കീസാണെന്നു വരുന്നപക്ഷം കാതോലിക്കാസ്ഥാനം സാധുവായി വരും. അപ്പോൾ കാതോലിക്കായുടെ കാനോനികമായ അധികാരങ്ങളെ ആദരിക്കാതിരിക്കുന്നതിനു ഒരു പാത്രിയർക്കീസിനും സാധിക്കയില്ല. അബ്ദ

ദുമ്ശിഹായുടെ പാത്രിയർക്കാസ്ഥാനം കോടതിയിൽ നിന്നും നിഷേധിക്കുന്നപക്ഷം കാതോലിക്കായും ഇപ്പോഴത്തെ എല്ലാ മെത്രാന്മാരും (വലിയ മെത്രാച്ചലൊഴിച്ച്) ശീശ്മക്കാരയിത്തീരുമെന്നും, ശീശ്മക്കാരനായ അബ്ദദുമ്ശിഹായോടു ചേർന്നുനിന്നു ഉണ്ടാക്കിയിട്ടുള്ള സകല സമ്പാദ്യങ്ങളും പരസ്യമായി ശീശ്മയിൽ നിന്നു സമ്പാദിച്ചിട്ടുള്ളതാകയാൽ പാത്രിയർക്കീസുകക്ഷികൾക്കു അതിന്മേൽ വ്യവഹാരപ്പെടുവാൻ സാധിക്കയില്ലെന്നുമാണു ആ വിഷയത്തെ സംബന്ധിച്ചു മറുപടി പറഞ്ഞത്.

ഈ വിഷയത്തെ സംബന്ധിച്ചു നടത്തിയ ആലോചനകളും എഴുത്തുകുത്തുകളും രഹസ്യമായി ചെയ്തിട്ടുള്ളതു നിങ്ങൾ (തിരുമേനിയും കാതോലിക്കാബാവായും കൂടി) മെത്രാച്ചനെ വഞ്ചിക്കയാണു ചെയ്തിട്ടുള്ളത്. Reunion എന്നു പറയുന്നതിനു അർത്ഥമില്ല. Special Rite വാങ്ങി റോമ്മാസഭയിൽ ചേരുകയെന്നാണു ഇതിന്റെ അർത്ഥം. മെത്രാച്ചനോടു ചേർന്നു നിന്നുകൊണ്ടു Rite -ന് അനുവാദം വാങ്ങാൻ ചെയ്തിട്ടുള്ള ശ്രമം മെത്രാച്ചനെ വഞ്ചിക്കയായിരുന്നു.' ഈ വിഷയത്തെപ്പറ്റി ഇങ്ങനെയാണു പറഞ്ഞത്.

എല്ലാ സംഗതിക്കും ഞാനും എന്റെ അറിവിനു തക്കവണ്ണം ഓരോ സമാധാനങ്ങൾ പറയുകയും ചെയ്തു. ഇന്നലെ ബാവായും സെമ്മനാരിയിൽ ഉണ്ടായിരുന്നു. ബാവായെ കണ്ടു സംസാരിച്ചപ്പോൾ തിരുമേനിയെ സംബന്ധിച്ചും ബാവായുമായി സംസാരിച്ചു. തിരുമേനിയുടെ എഴുത്തിനെപ്പറ്റി ഞാൻ ബാവായോടൊന്നും പറഞ്ഞില്ല. വല്യമെത്രാച്ചൻ വല്ലതും പറയുകയോ ചോദിക്കുകയോ ചെയ്യുമോ എന്നു എനിക്കറിഞ്ഞുകൂടാ. "പിതാക്കന്മാരെ ശപിക്കാതെയും, വിശ്വാസവ്യത്യാസം കൂടാതെയും Roman Church -നോടു Union -സാധിക്കുമെങ്കിൽ നന്നാണെന്നു ഞാനും അഭിപ്രായം പറഞ്ഞിട്ടുണ്ട്. പക്ഷെങ്കിൽ, ഈ വ്യവസ്ഥകൾ അനുവദിച്ചു ഒരു Union അസാദ്ധ്യമാണെന്നു വിശ്വസിച്ചുകൊണ്ടാണു ഞാൻ അങ്ങനെ പറഞ്ഞിട്ടുള്ളത്" എന്നു ബാവാ സംസാരമദ്ധ്യേ എന്നോടു കല്പിക്കയുണ്ടായി. സന്ദർഭങ്ങൾ എല്ലാം കൂടി ആലോചിച്ചിട്ടു എനിക്കു തോന്നുന്നതു തിരുമേനി ഉടനെതന്നെ ഇങ്ങോട്ടെഴുന്നള്ളണമെന്നാണ്. ഞാനും വല്യമെത്രാച്ചനുമായി സംസാരിച്ചപ്പോൾ ഒരു സംഗതി പറയുകയുണ്ടായി. "ബഥനി മെത്രാച്ചൻ exist ചെയ്യാത്ത പ്രയാസങ്ങൾ exist ചെയ്യുന്നു എന്നു വിചാരിക്കയാണു ചെയ്യുന്നത്. ഞാൻ പറയുന്നതുപോലെ അനുസരിക്കാൻ തയ്യാറുണ്ടെ

ണ്ടിൽ ആ വഴിക്കു വരാവുന്ന പ്രയാസങ്ങൾക്കു മാർഗ്ഗം ഞാൻ ചുണ്ടിക്കാണിച്ചുകൊടുക്കാം" എന്നാണ്. പരുമല എഴുന്നള്ളാതിരുന്നതുതന്നെ സംശയിച്ചിരിക്കയാണ്. "Viceroy-യുടെ വരവിനുതന്നെ അദ്ദേഹം വരുമോ എന്നു ഞാൻ സംശയിക്കുന്നു." എന്നു ഇന്നലെ വലിയമെത്രാച്ചൻ കല്പിക്കയുണ്ടായി. കാതോലിക്കാബാവാ ഇന്നു ഇവിടെ നിന്നും വാകത്താനം വഴി പരുമലയ്ക്കു എഴുന്നെള്ളുന്നതാണ്.

ബഥനി മെത്രാച്ചൻ റോമായിലേക്കു പോകുവാൻ ആലോചിക്കുന്നുണ്ടെന്നുള്ള ഒരു സംസാരം പല പ്രമാണികളുടെയും വായിൽ ഒരായുധമായിത്തീർന്നിട്ടുണ്ട്.

ഞാനുംകൂടി റോമാസഭയിൽ ചേരുകയാണോ എന്നു കാതോലിക്കാബാവാ ഇന്നലെ എന്നോടു ചോദിക്കയുണ്ടായി.*

പല സംഗതികളും മുഖദാവിൽ അറിയിച്ചാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. തിരുമേനി തിരുവല്ലായ്ക്കോ കോട്ടയത്തിനോ എഴുന്നൊള്ളുമ്പോൾ അങ്ങനെ ചെയ്തുകൊള്ളാമെന്നാശിക്കുന്നു.

ബഥനി ഒരു വിഷമഘട്ടത്തിൽ കൂടി കടന്നുപോകേണ്ടി വന്നിരിക്കുന്നതിനെ ഓരത്തു മനസ്സു നൊമ്പരപ്പെടുന്നു. ബഥനിയുടെ സ്ഥാപനോദ്ദേശങ്ങൾക്കു ഭംഗം വരാതെ സഭയിലെ ഇപ്പോഴത്തെ പരിതഃസ്ഥിതികളുമായി കഴിയുന്നിടത്തോളം യോജിച്ചു ഇപ്പോഴത്തെ അഭിപ്രായവ്യത്യാസങ്ങൾക്കു ഒരവസാനമുണ്ടാക്കാൻ തിരുമേനി ഒരു മാർഗ്ഗം നിർദ്ദേശിക്കണം.

എന്ന് തിരുമനസ്സിലെ ആത്മീയപുത്രൻ,
വി. ഏ. വറുഗീസ് (ഒപ്പ്).

* * * *

## വീണ്ടും അയച്ച കത്ത്

മേലുദ്ധരിച്ച കത്ത് എഴുതി രണ്ടു ദിവസം കഴിഞ്ഞു മി. വറുഗീസ് മാർ ദിവന്നാസ്യോസിനെ സന്ദർശിച്ചപ്പോൾ അദ്ദേഹം പ്രസ്താ

*സത്യാന്വേഷണഫലമായി മാർ ഈവാനിയോസിനെ അനുഗമിച്ചു പില്ക്കാലത്ത് കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുള്ള ഭാഗധേയം സിദ്ധിച്ച മി.വറുഗീസ് അകത്തോലിക്കരുടെ പുനരൈക്യത്തിനുവേണ്ടി ഇപ്പോൾ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കത്തോലിക്കാസഭയിലെ ഒരു വീരഭടനാണ്. (ഗ്രന്ഥകർത്താ)

വിച്ചകാര്യങ്ങൾ ഉള്ളടക്കി കഥാപുരുഷനു അയച്ചുകൊടുത്ത വേറൊരു കത്താണു ഇനിയും ചേർക്കുന്നത്. പരസ്പരം കൂടിക്കാണുന്നതിനും കഥാപുരുഷനെ അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിൽ നിന്നും വ്യതിച ലിപ്പിക്കുന്നതിനും മാർ ദിവന്നാസ്യോസ് എത്രമാത്രം ആഗ്രഹിച്ചിരുന്നുവെന്നും ഈ കത്തിൽ നിന്നും വ്യക്തമാകുന്നതാണ്.

എം. ഡി. സെമ്മനാരി,
7-4-'105.

തിരുമനസ്സറിവാൻ ബോധിപ്പിച്ചുകൊള്ളുന്നത്,

ഇന്നലെയും ഞാൻ സെമ്മനാരിയിൽ പോയിരുന്നു. ഞാൻ അവിടെ ചെന്നപ്പോൾ കൊച്ചുമെത്രാച്ചനുമായി വലിയമെത്രാച്ചൻ തിരുമനസ്സിലെ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കയായിരുന്നു. ഇന്നലെ സംസാരം വളരെ മയമായിരുന്നു. എങ്കിലും കുറെ അധികം ദണ്ഡവും വേദനയും സംസാരത്തിൽ അന്തർഭവിച്ചിട്ടുള്ളതായി ഞങ്ങൾക്കു തോന്നി. കുറച്ചു കഴിഞ്ഞപ്പോൾ മട്ടയ്ക്കലച്ചനും വന്നു. തിരുമേനിയുമായി സംസാരിച്ചു. ഞങ്ങൾ വെളിയിലിറങ്ങി തമ്മിൽ സംസാരിച്ചു. ഞങ്ങൾക്കു മൂന്നുപേർക്കും ഒരഭിപ്രായമാണു തോന്നിയത്. അതു തിരുമേനി ഉടനെ ഇങ്ങോട്ടെഴുന്നെള്ളി വലിയമെത്രാച്ചനുമായി കാണണം എന്നാണ്. ഞാൻ വടശ്ശേരിക്കര വന്നു തിരുമേനിയെ കൂട്ടിക്കൊണ്ടു വരണമെന്നാണു മട്ടയ്ക്കലച്ചൻ എന്നോടു പറഞ്ഞത്. തിരുമേനി ഇങ്ങോട്ടെഴുന്നെള്ളുന്നതു സംബന്ധിച്ചു തിരുമേനിക്കു എഴുതി അയച്ചു കൊള്ളാമെന്നു ഞാൻ പറഞ്ഞുപോരുകയായിരുന്നു. ഇന്നലത്തെ സംസാരത്തിൽ വലിയ മെത്രാച്ചൻ എന്നോടു ഒരു കാര്യം ചോദിച്ചത്, തിരുമേനി ഇങ്ങോട്ടെഴുന്നെള്ളാൻ ഞാൻ എഴുതി അയച്ചിട്ടുണ്ടോ എന്നാണ്. ഞാൻ എഴുതിയിട്ടുണ്ടെന്നു മറുപടി ചെയ്തു. ഉടനെ വരാതിരിക്കയില്ലെന്നു ഞാൻ ധൈര്യമായി അറിയിക്ക കൂടി ചെയ്തു. അപ്പോൾ മുഖത്തു ഒരു അനുകൂലഭാവമാണു ഞാൻ കണ്ടത്. തിരുമേനിക്കു ഞാൻ ഇന്നലെ അയച്ച എഴുത്തു കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. ഒരവസരത്തിൽ വലിയമെത്രാച്ചൻ ഇങ്ങനെ കൂടെ പറഞ്ഞു. “ഞാൻ എന്താണു വേണ്ടത്. അദ്ദേഹം ഒന്നു കണ്ടു സംസാരിച്ചെങ്കിൽ കൊള്ളാമായിരുന്നു. തിരുവല്ലായിലെങ്ങാനുമായിരുന്നെങ്കിൽ അങ്ങോട്ടു പോകാമായിരുന്നു. വടശ്ശേരിക്കരയ്ക്കുപോകാൻ എനിക്കു പ്രയാസമാണ്.” തിരുമേനി മനഃപൂർവ്വം മാറിനില്ക്കയാണെന്നാണു വിചാരിച്ചിരിക്കുന്നത്. ദുർബുദ്ധികൾക്കു അതുമിതുമൊക്കെ പറയാൻ നല്ല അവ

സരമാക്കി ഇതിനെ എടുത്തിരിക്കയാണ്. ചുരുക്കമായി എനിക്കു പറയുവാനുള്ളതു തിരുമേനി ഒരു ദിവസം പോലും അവധി മാറ്റിവെയ്ക്കാതെ കോട്ടയത്തെഴുന്നെള്ളി വലിയ തിരുമേനിയുമായി കൂട്ടിമുട്ടി സംഗതികളെ സംബന്ധിച്ചു വിശദമായി സംസാരിച്ചു തീർക്കേണ്ടത് അത്യാവശ്യമായിത്തീർന്നിരിക്കുന്നു എന്നുള്ളതാണ്. നിങ്ങൾ തിരുമേനികൾ തമ്മിൽ കാര്യമായ അഭിപ്രായവ്യത്യാസങ്ങൾ വല്ല സംഗതിയിലും ഉണ്ടാകുന്നെങ്കിൽ അതിനെ സംബന്ധിച്ചും വ്യക്തമായി സംസാരിക്കയാണല്ലോ നല്ലത്. തമ്മിൽ കണ്ടു സംസാരിക്കുമ്പോൾ വലിയ തിരുമേനിയുടെ പല സംശയങ്ങളും നീങ്ങിപ്പോകുമെന്നാണു എനിക്കു തോന്നുന്നത്. അതിനാൽ തിരുമേനി ഉടനെ ഇങ്ങോട്ടെഴുന്നെള്ളണമെന്നുള്ള എന്റെ അപേക്ഷയോടുകൂടിത്തന്നെ ഞാൻ ഇതിനെ സമർപ്പിച്ചുകൊള്ളുന്നു.

എന്ന് തിരുമനസ്സിലെ ആത്മീയപുത്രൻ,

വി. ഏ. വറുഗീസ് (ഒപ്പ്)

* * * *

## നേരിട്ടു അയച്ച കത്ത്

ഇപ്രകാരമുള്ള പല കത്തുകൾ മാർ ദിവന്നാസ്യോസു അയപ്പിച്ചുവെങ്കിലും സ്വപിതാവിനെപ്പോലെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തിരുന്ന അദ്ദേഹത്തെ നേരിട്ടു കണ്ടു എതിർക്കുന്നതിൽ കഥാപുരുഷൻ അനല്പമായ വൈമനസ്യമാണു പ്രകടിപ്പിച്ചത്. പരുമലയിലോ, തിരുവല്ലായിലോ, കോട്ടയത്തോ വെച്ചു മാർ ദിവന്നാസ്യോസുമായി കണ്ടു അഭിപ്രായവ്യത്യാസങ്ങൾ നീക്കണമെന്നു കാണിച്ചുകൊണ്ടുള്ള കത്തുകൾ കാതോലിക്കാബാവാതിരുമേനിയും കഥാപുരുഷന്റെ പേർക്കു അയച്ചുകൊടുക്കയുണ്ടായി. പക്ഷെ, ചില നിസ്സാരകാരണങ്ങൾ ഉന്നയിച്ചുകൊണ്ടു പരസ്പരസന്ദർശനത്തിനു ഇടനല്കാതെ കഥാപുരുഷൻ ഒഴിഞ്ഞു മാറുകയാണുണ്ടായത്. എങ്കിലും, അവസാനം മാർ ദിവന്നാസ്യോസു തിരുവല്ലായിൽ (തിരുമൂലയിൽ) എത്തി മാർ ഈവാനിയോസിനെ നേരിട്ടുകണ്ടു സംഭാഷണം നടത്തുകയാണു ചെയ്തത്. പ്രസ്തുത സന്ദർശനം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ കത്തു അന്യത്രചേർക്കുന്നതാണ്.

കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിനു എട്ടുമാസങ്ങൾക്കു മുമ്പു മാർ ദിവന്നാസ്യോസിനു മാർ ഈവാനിയോസ് അയച്ചു

കൊടുത്ത വേറൊരു കത്താണു ചുവടെ ചേർക്കുന്നത്. എതിർപ്രചരണവും പ്രവർത്തനങ്ങളും നിമിത്തം ബാഹ്യമായും ആഭ്യന്തരമായും എത്രമാത്രം വിഷമങ്ങൾ കഥാപുരുഷൻ അക്കാലത്തു അനുഭവിച്ചുവെന്നു ചുരുങ്ങിയ വാചകങ്ങളിലുള്ള ഈ കത്തു വ്യക്തമാക്കുന്നു.

ബഥനി, വടശ്ശേരിക്കര.
3 മകരം' 105.

തിരുമുമ്പാകെ ബോധിപ്പാൻ എഴുതിക്കൊള്ളുന്നത്,

അയച്ചുതന്ന സാധനം കിട്ടി. മലങ്കര സുറിയാനി സമുദായത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയും ഭാവിയിൽ ഉണ്ടാകുവാൻ ഇരിക്കുന്ന ആപത്തുകളും വിചാരിക്കുമ്പോൾ എന്റെ ഹൃദയം തകർന്നുപോകുന്നു. ഈ അവസ്ഥയിൽ നിന്നും സമുദായത്തെ ഉദ്ധരിപ്പാൻ പര്യാപ്തമായ മാർഗ്ഗം നിർദ്ദേശിക്കേണ്ടകടമ തിരുമനസ്സിലേക്കു ഉണ്ട്. ഇപ്പോഴത്തെ ജീവിതവും ആദർശങ്ങളും ഉപേക്ഷിപ്പാൻ ഞാൻ തയ്യാറില്ല. അവ ദൈവികമാണെന്നും അവസാനത്തിൽ പൊതുനന്മയ്ക്കു പര്യാപ്തമായിത്തീരുമെന്നും ഞാൻ വിശ്വസിക്കുന്നു. തിരുമനസ്സുകൊണ്ടു എന്നോടാവശ്യപ്പെടുന്ന കാര്യം ഞാൻ സമ്മതിക്കുന്നതായാൽ അതിന്റെ ഫലമായി സമുദായവ്യവഹാരങ്ങളിലും ആഭ്യന്തരകലാപങ്ങളിലും ഞാൻ ഉൾപ്പെടാതെ ഗത്യന്തരമില്ലെന്നും യാക്കോബായ പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിച്ചേമതിയാകൂ എന്നും വന്നു കൂടും. എന്റെ അഗ്രഹം ഇവയിൽ നിന്നെല്ലാം വേർപെട്ടു ജീവിക്കണമെന്നാണ്. കഴിഞ്ഞ രണ്ടു മൂന്നു മാസക്കാലത്തിനിടയിൽ തിരുമനസ്സുകൊണ്ടു രഹസ്യമായും പരസ്യമായും ചെയ്തിട്ടുള്ള പ്രസ്താവനകളുടെ ഫലമായി ഞാനും ബഥനിയും അനേകം ആളുകളുടെ നിന്ദയ്ക്കും വിദ്വേഷത്തിനും പാത്രീഭവിക്കുകയും കേവലം നിസ്സാരമായ പിടിയരി മുതലായ സംഭാവനകൾ പോലും ലഭിക്കാതെ വരുകയും ചെയ്തിട്ടുണ്ട്. ഇതിലും കൂടുതലായ കഷ്ടനഷ്ടങ്ങൾ സംഭവിച്ചാലും ജീവിതാദർശം ഉപേക്ഷിക്കുകയോ ദൈവദത്തമായ മനോബോദ്ധ്യത്തെ തിരസ്ക്കരിക്കുകയോ ചെയ്യുവാൻ എനിക്കു യാതൊരു നിവൃത്തിയുമുള്ളതല്ല എന്നുള്ള വിവരം ഏറ്റവും താഴ്മയായി തിരുമനസ്സറിയിച്ചുകൊള്ളുന്നു.

എന്ന്,
മാർ ഈവാനിയോസ്, (ഒപ്പ്)

* * * *

## അവസാന കൂടിക്കാഴ്ച

ബഥനിയിൽ നിന്നും ഇറങ്ങി പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ള ത്തൊട്ടിലായ തിരുമൂലപുരത്തു (തിരുവല്ലാ) മാർ ഈവാനിയോസ് താമ സിച്ചു കൊണ്ടിരിക്കുമ്പോൾ അവസാനമായി അദ്ദേഹത്തെ കാണുന്ന തിനുവേണ്ടി മാർ ദിവന്നാസ്യോസ് അവിടെ എത്തിച്ചേർന്നു. തദവസ രത്തിൽ ഇരുവരും തമ്മിൽ നടത്തിയ സംഭാഷണവും, സ്നേഹബഹു മാനപ്രകടനങ്ങളും, അവസാനയാത്രപറച്ചിലും ക്രോഡീകരിച്ചു അന്നു വെണ്ണിക്കുളത്തുള്ള ഒരു വീട്ടിൽ താമസിച്ചുകൊണ്ടിരുന്ന ബഥനിആ ശ്രമസ്ഥർക്കു കഥാപുരുഷൻ ഒരു കത്തു ആൾവശം കൊടുത്തയയ്ക്കു കയുണ്ടായി. മുപ്പതു വർഷക്കാലത്തോളം" ഒരു "ചരടിലിണക്കി ക്കോർത്ത പുഷ്പങ്ങളെപ്പോൽ" യോജിച്ചു പ്രവർത്തിച്ച രണ്ടു ഹൃദയ ങ്ങൾ തമ്മിൽ പിന്നീടു ഒരിക്കലും യോജിക്കുവാൻ നിവൃത്തിയില്ലാ ത്തവിധം പരസ്പരം അകലുന്ന കാഴ്ച പ്രസ്തുത കത്തിലെ വർണ്ണന യിൽ നിന്നും സൂക്ഷ്മദൃക്കുകളായ വായനക്കാർക്കു വീക്ഷിക്കാവുന്ന താണ്.

ബഥനിസ്വത്തുക്കളുടെ ഭാവിയെപ്പറ്റി മി. ഈ. ജെ. ജോണുമായി ആലോചിക്കുവാൻ മാർ ഈവാനിയോസ് തിരുവനന്തപുരത്തിനുപോയി മടങ്ങി തിരുവല്ലായിൽ എത്തിയപ്പോഴാണു പ്രസ്തുത സംഭവം നട ന്നത്. അതെപ്പറ്റി വിവരിച്ചു കഥാപുരുഷൻ എഴുതിയ കത്തിന്റെ അവ സാനഭാഗമാണു താഴെ ചേർക്കുന്നത്:-

"അതിന്റെ ശേഷം തിരുവനന്തപുരത്തു നിന്നും പുറപ്പെട്ടു തിരു മൂലയിലെത്തിയപ്പോൾ വലിയ തിരുമേനി അവിടെ ഉണ്ടായിരുന്നു. വന്ന ഉടൻ തന്നെ ഞാൻ ചാപ്പലിൽ പോയി പ്രാർത്ഥിച്ചു. നമ്മുടെ കർത്താ വിന്റെ തൃപ്പാദത്തിലുള്ള ഒരു ചെറിയ മുറിവെങ്കിലും കരിക്കുന്നതിനു എന്നെ ആയിരം കഷണങ്ങളായി നുറുക്കി ആ മുറിവിൽ വെയ്ക്കാമെ ങ്കിൽ അതുതന്നെയാണു വേണ്ടതു എന്നു എനിക്കു തോന്നി. ആ മനഃ സ്ഥിതിയോടുകൂടിയാണു ഞാൻ ചാപ്പലിൽ നിന്നും തിരുമേനിയുടെ അടുക്കലേക്കു പോയത്. "നിങ്ങളെ വിസ്താരത്തിനായി കൊണ്ടുപൊ കുമ്പോൾ എന്തു പറയണമെന്നാലോചിക്കേണ്ടാ" എന്നുള്ള തിരുവച നത്തിൻപ്രകാരം നാം ഒന്നും ആലോചിച്ചില്ല. പറയേണ്ടതെല്ലാം ദൈവം പറഞ്ഞുതന്നു. നാം ചെന്ന ഉടനെ തിരുമേനിയുടെ പാദം മുത്തി ദൂരെ മാറി മുട്ടിന്മേൽ ഇരുന്നുകൊണ്ടു പഞ്ചപുഛങ്ങളടക്കി തൊഴുതുകൊണ്ടു സങ്കടമായും അപേക്ഷയായും ഓരോന്നു പറഞ്ഞു.

"ഞാൻ അവിടത്തെ ഏതെങ്കിലും തരത്തിൽ വേദനപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം ദൈവത്തെ ഓർത്തു ക്ഷമിക്കണം. എന്നെ അനുഗ്രഹിക്കണം. ഞാൻ ദൈവത്തിന്റെ കല്പനയാണോ മനുഷ്യരുടെ ഇഷ്ടമാണോ ചെയ്യേണ്ടത്?" ഇതിനു മറുപടി പറയാതെ ഞാൻ കസേരയിൽ ഇരുന്നതിനു ശേഷമേ സംസാരിക്കുകയുള്ളുവെന്നു അവിടെ നിർബന്ധമായി. ചോദ്യത്തിന്റെ ഉത്തരം അപേക്ഷിച്ചിട്ടു ഞാൻ തുടർന്നു പറഞ്ഞു. "തിരുമനസ്സുകൊണ്ടു ദൈവത്തെ നോക്കിയല്ല, മനുഷ്യരെ നോക്കിയാണു നില്ക്കുന്നതെന്നാകുന്നു എന്റെ ബോദ്ധ്യം. അതു ഉപേക്ഷിക്കണം."

| | |
|---|---|
| വല്യതിരുമേനി : | ഞാൻ എന്റെ ചുമതല നിർവ്വഹിക്കേണ്ടേ? |
| ഞാൻ : | ഏതു ചുമതല? ദൈവം ഏല്പിച്ച ചുമതലയോ? മനുഷ്യൻ ഏല്പിച്ച ചുമതലയോ? |
| വ. തിരുമേനി : | എന്റെ ജനത്തെ റോമായിൽ കൊണ്ടുപോകുമോ? |
| ഞാൻ : | എന്റെ ജനമെന്നു കല്പിക്കരുതേ! ദൈവത്തിന്റെ ജനമാകുന്നു. |
| വ. തിരുമേനി : | അവിടുന്നു റോമായിൽ പോകുന്നുവോ? |
| ഞാൻ : | ഞാൻ റോമായിൽ പോകാൻ നിശ്ചയിച്ചിട്ടില്ല. എന്നാൽ മാർപ്പാപ്പായും, പാത്രിയർക്കീസും, തിരുമേനിയും, നാം എല്ലാവരും കൂടെ യോജിച്ചു കർത്താവിന്റെ ഏകസഭയായിത്തീരണം. ഈ വഴക്കും ഭിന്നതകളും ദൈവികമല്ല. |
| വ. തിരുമേനി : | ബഥനിയിൽ നിന്നും ഇറങ്ങിപ്പോന്നതു എന്തുകൊണ്ടാണ്? |
| ഞാൻ : | അസ്സോസിയേഷൻ യോഗത്തിനു പള്ളിപ്രതിപുരുഷന്മാരെ തിരഞ്ഞെടുക്കാനുള്ള കല്പന തിരുവല്ലായിൽ കൊച്ചുമാമ്മച്ചന്റെ പേർക്കു അയച്ചുകൊടുത്തതായി കേട്ടു. അതു ശരിയാണോ? |
| വ. തിരുമേനി : | അതേ, കൊച്ചുമാമ്മച്ചന്റെ പേർക്കാണു കല്പന അയച്ചത്. |
| ഞാൻ : | തിരുവല്ലാ ബഥനിപ്പള്ളിക്കു ഇടവകക്കാരില്ല. കൊച്ചുമാമ്മച്ചൻ ഇടവകക്കാരനല്ല. ഇടവക ചേരാൻ |

അപേക്ഷ തന്ന മൂന്നാളുകളെ ചേർത്തിട്ടില്ല. അങ്ങനെയിരിക്കെ കൊച്ചുമാമ്മച്ചൻ ഒപ്പിടുവിച്ചു അയച്ചിരുന്ന അധികാരപത്രം ഒരു വ്യാജപ്രമാണമായിരിക്കും. ബഥനിപ്പള്ളികൾ അസ്സോസിയേഷന്റെ കീഴിലാണെന്നു വരുത്തുന്നതിനു വേണ്ടിയും ബഥനിക്കുവേണ്ടിവ്യവഹാരം ചെയ്യുവാൻ റിക്കാർഡുകൾ സമ്പാദിക്കുന്നതിനു വേണ്ടിയും തിരുമനസ്സുകൊണ്ടു ഇങ്ങനെയൊരു ശ്രമം ചെയ്കയാണെന്നു എനിക്കു തോന്നി. അവിടുന്നു എന്റെ പിതാവാണ്. അവിടുന്നും ഞാനും തമ്മിൽ വാദിപ്രതികളായി വ്യവഹാരം നടത്തി ബഥനിസ്വത്തുക്കൾ കൈവശം വെയ്ക്കേണ്ട യാതൊരാവശ്യവും എനിക്കില്ല. ഇതേപ്പറ്റി ഞാൻ ആലോചിച്ചു. ബഥനി ആശ്രമം വിട്ടിറങ്ങണമെന്നു വ്യാഴാഴ്ച വിഃകുർബാനസമയത്തു എനിക്കു തോന്നി. അങ്ങനെ തന്നെയെന്നു തീർച്ചപ്പെടുത്തിയാണു ഇറങ്ങിപ്പോന്നിരിക്കുന്നത്.

വ. തിരുമേനി : ഇപ്പോൾ എല്ലാവരും എവിടെ താമസിക്കുന്നു?

ഞാൻ : വെണ്ണിക്കുളത്തു ഒരു വീട്ടിൽ താമസിക്കുന്നു. തിരുവല്ലായിലെ അരമനയും പള്ളിയും തിരുമനസ്സിലേക്കു തരണമെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. അതു സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. മറ്റു പള്ളികൾക്കു സ്ഥലം തന്ന ആളുകൾക്കു തിരിയെകൊടുക്കണമെന്നാണു ഞാൻ വിചാരിക്കുന്നത്. ബഥനിയുടെ ഒരു പൈസായും റോമാക്കാർക്കു കൊടുക്കുവാൻ എനിക്കാവശ്യമില്ല. വീണ്ടും ഞാൻ തുടർന്നു പറഞ്ഞു:-

പുലിക്കോട്ടു മെത്രാച്ചൻ ഈ റമ്പാച്ചനു* 13 വയസ്സുള്ള കാലത്തു ആർത്താറ്റു വെച്ചു ശെമ്മാശ്പട്ടം കൊടുത്തു ശെമ്മാശനോടുകൂടെ കോട്ടയത്തു പഴയസെമ്മനാരിയിൽ എത്തി. എം. ഡി. സെമ്മനാരിയിൽ നിന്നും എന്നെ ആളയച്ചു വിളിപ്പിച്ചു ശെമ്മാശനെ എന്റെ കൈയ്യിൽ

*പുലിക്കോട്ടു ജോസഫ് റമ്പാച്ചനെപ്പറ്റിയാണ് ഇപ്രകാരം പ്രസ്താവിക്കുന്നത്. ഇത് സംബന്ധിച്ച് കാതോലിക്കാബാവാ കഥാപുരുഷന് അയച്ചിട്ടുള്ള കത്ത് അന്യത്ര ചേർത്തിട്ടുണ്ട്. (ഗ്രന്ഥകർത്താ)

പിടിച്ചേല്പിച്ചുകൊണ്ടു "ഇതു നമ്മുടെ കുട്ടിയാണ്" എന്നു എന്നോടു കല്പിച്ചു. ഉടനെ ഞാൻ വല്യതിരുമേനിയുടെ കൈമുത്തി. ശെമ്മാശനെ കൈയ്യേറ്റു. അങ്ങനെയിരിക്കെവെ ഈ റമ്പാച്ചനെ എന്റെ അടുക്കൽ നിന്നും പറഞ്ഞു വിടണമെന്നു കാതോലിക്കാബാവാ എന്റെ പേർക്കു എഴുതി അയച്ചതു എത്ര സങ്കടകരമാണ്.

വ. തിരുമേനി : അതേപ്പറ്റി രഹസ്യമായി സംസാരിക്കാം.

ഞാൻ : കാതോലിക്കാഫണ്ടു ഉണ്ടാക്കരുതെന്നു തിരുമനസ്സിലെ അടുക്കൽ ഞാൻ ഉപദേശിച്ചതുകൊണ്ടാണു തിരുമനസ്സുകൊണ്ടു അതിനെ പ്രതികൂലിച്ചതെന്നു കാതോലിക്കാബാവാ ഈയിടെ പ്രസ്താവിച്ചതായി ഞാൻ അറിഞ്ഞു. ഞാൻ അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടോ?

വ. തിരുമേനി : ബാവാ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അതു കളവാണ്. നേരെമറിച്ചു കാതോലിക്കാഫണ്ട് ഉണ്ടാക്കണമെന്നും അതു ട്രസ്റ്റികളെയും മറ്റും ഏല്പിക്കാതെ സ്വതന്ത്രമായി ബാവായുടെ കയ്യിലിരിക്കത്തക്കവണ്ണം ബാവായെ ഏല്പിക്കണമെന്നും മാത്രമേ പറഞ്ഞിട്ടുള്ളൂ. അങ്ങനെ എഴുതി അയച്ചിട്ടുമുണ്ട്.

ഞാൻ : "അവിടുത്തെ പാദം ഒന്നുകൂടി മുത്തിക്കൊണ്ടു പള്ളിയിൽ ചെന്നു പ്രാർത്ഥിച്ചശേഷം ഉറങ്ങുവാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞു ഞാൻ എഴുന്നേറ്റു പാദം പിടിച്ചു മുത്തി.

"ഞാൻ അവിടുത്തെ പാദം മുത്തുകയാണു വേണ്ടത്" എന്നു പറഞ്ഞുകൊണ്ടു വല്യതിരുമേനി കട്ടിലിൽ നിന്നും എഴുന്നേല്ക്കുവാൻ ഭാവിച്ചു. അപ്പോൾ ഞാൻ എഴുന്നേറ്റു മുറിയുടെ പുറത്തേയ്ക്കു ഓടിക്കളഞ്ഞു. പരുമലയ്ക്കു വരുമോ എന്നു ചോദിച്ചു.

ഞാൻ : തിരുമനസ്സിലെ അടുക്കൽ വന്നുകൊള്ളാം. ഇപ്പോൾ വരുന്നില്ല എഴുതി അയയ്ക്കുകയും ചെയ്തുകൊള്ളാം. ഇങ്ങനെ പറഞ്ഞിട്ടു ഞാൻ ചാപ്പലിലേക്കു പോയി നന്നായി പ്രാർത്ഥിച്ചു.

രാവിലെ തിരുമേനി എഴുന്നേറ്റു യാത്ര പറയുവാൻ ചാപ്പലിൽ വന്നു. തമ്മിൽ സംസാരിച്ചു. അന്യോന്യം ചുംബനം ചെയ്തു പിരിഞ്ഞു. ചുംബനം കഴിഞ്ഞു തിരുമനസ്സുകൊണ്ടു പുറത്തിറങ്ങാനായി തുനിഞ്ഞപ്പോൾ ഞാൻ വീണ്ടും പുറകെചെന്നു ഒന്നുകൂടെ പുറത്തു കെട്ടിപ്പിടിച്ചു ചുംബിച്ചശേഷം മദ്ബഹായിലേക്കു പോയി. വലിയ തിരുമേനി റമ്പാച്ചനോടും ഏതോ പറഞ്ഞിട്ടു പരുമലയ്ക്കും പോയി. ഇങ്ങനെ ഞങ്ങളുടെ കൂടിക്കാഴ്ച ഏറ്റവും ദൈവീകമായി നടന്നു.

തിരുമനസ്സുകൊണ്ടു വളരെ നിർബന്ധിച്ചതുകൊണ്ടാണു എനിക്കു എപ്പിസ്കോപ്പാസ്ഥാനം തന്നതെന്നും ഞാൻ യാതൊരു വഞ്ചനയും ഇതുവരെ പ്രവർത്തിച്ചിട്ടില്ലെന്നും തിരുമനസ്സുകൊണ്ടു കല്പിച്ചു. കലേക്കാട്ടിൽ അച്ചനും കുഞ്ഞേനാ വക്കീലും കൂടെയുണ്ടായിരുന്നു.

എന്ന്,

മാർ ഈവാനിയോസ് (ഒപ്പ്).

*   *   *   *

കത്തോലിക്കാസഭയുമായി പുനരൈക്യം പ്രാപിക്കണമെന്നുള്ള തന്റെ ദൃഢനിശ്ചയത്തിൽ നിന്നും വ്യതിചലിപ്പിക്കുന്നതിനു പരിശ്രമിച്ചുകൊണ്ടിരുന്ന പ്രതികൂലശക്തികളെ തള്ളിമാറ്റിക്കൊണ്ടു അല്ല, തന്നെ വലയം ചെയ്തിരുന്ന ആ അവസാനശൃംഖല കൂടെയും വലിച്ചു പൊട്ടിച്ചു കൊണ്ടു, മഹത്തായ ആദർശത്തെ ലക്ഷ്യമാക്കി മുന്നോട്ടു പായുന്നതിൽ മാർ ഈവാനിയോസു പ്രദർശിപ്പിച്ച അസാധാരണ ധൈര്യം മേലുദ്ധരിച്ച കൂടിക്കാഴ്ചയിൽ നിന്നും അനുവാചകർക്കു ഗ്രഹിക്കാവുന്നതാണല്ലോ. ഇപ്രകാരം, തന്നെയും തന്റെ സുവിശേഷത്തേയും പ്രതിനിരവധി വിഷമങ്ങളും ത്യാഗങ്ങളും അനുഭവിക്കുന്നവർക്കു ക്രിസ്തുനാഥൻ അരുൾ ചെയ്തിരിക്കുന്ന വാഗ്ദത്തം കഥാപുരുഷനിൽ അന്വർത്ഥമായി എന്നു തുടർന്നുണ്ടായ ചരിത്രസംഭവങ്ങൾ തെളിയിക്കുന്നതാണ്.

## അദ്ധ്യായം – 26

# ബഥനിയിലെ യോഗവും ആശ്രമാദ്ധ്യക്ഷന്റെ പ്രസംഗവും

**ക**ത്തോലിക്കാസഭാപുനരൈക്യം പ്രാപിക്കുവാൻ ദൃഢനിശ്ചയം ചെയ്തശേഷം ബഥനിസ്ഥലത്തിന്റേയും സ്വത്തുക്കളുടേയും ഭാവിയെപ്പറ്റിയുള്ള ചിന്തയിൽ മാർ ഈവാനിയോസ് വ്യാപൃതനായി. ഇതു സംബന്ധിച്ചു മൂന്നു മാർഗ്ഗങ്ങളായിരുന്നു കഥാപുരുഷന്റെ മുമ്പിൽ രുറന്നു കിടന്നിരുന്നത്.

1. കത്തോലിക്കാസഭാപുനരൈക്യാനന്തരം ബഥനിമലയിൽ തന്നെ താമസിച്ചും, ആശ്രമധർമ്മങ്ങൾ അനുഷ്ഠിച്ചും, മുമ്പു നടത്തിയ വിധത്തിലുള്ള പരോപകാരപ്രവർത്തനങ്ങൾ തുടർന്നും ജീവിതം നയിക്കുക.

2. ബഥനിആശ്രമവും സ്വത്തുക്കളും ഓർത്തഡോക്സ് സഭയുടെ മേലദ്ധ്യക്ഷന്മാരായ കാതോലിക്കാബാവായ്ക്കോ മലങ്കരമെത്രാപ്പോലീത്തായ്ക്കോ എഴുതികൊടുത്ത ശേഷം അവിടെ നിന്നും ഇറങ്ങി എവിടെയെങ്കിലും പോയി താമസിച്ചുകൊണ്ടു കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുക.

3. ബഥനിവക സ്വത്തുക്കളെല്ലാം ഒരു പുതിയ ട്രസ്റ്റിന്റെ ഭരണത്തിൽ ഏല്പിച്ച ശേഷം സകലവും ഉപേക്ഷിച്ചു അവിടെ നിന്നും ഇറങ്ങിയ ശേഷം കത്തോലിക്കാസഭയെ ആശ്ലേഷിക്കുക.

## സ്വീകാര്യമായ മാർഗ്ഗം

ഈ മൂന്നു മാർഗ്ഗങ്ങളിൽ ഏറ്റം സ്വീകാര്യമായി കഥാപുരുഷന്റെ ദൃഷടിക്കു വിഷയീഭവിച്ചതു അവസാനത്തെ മാർഗ്ഗമായിരുന്നു. പ്രസ്തുത മാർഗ്ഗം സ്വീകരിക്കുന്ന പക്ഷം യാതൊരു കലാപത്തിനും വ്യവഹാരത്തിനും ഇടയുണ്ടാകുകയില്ലെന്നു അദ്ദേഹത്തിനു നിശ്ചയ മുണ്ടായിരുന്നു. നേരേമറിച്ചു ബഥനിസ്വത്തുക്കൾ ഉപേക്ഷിക്കാതെ ആശ്രമസ്ഥരൊന്നിച്ചു കത്തോലിക്കാപുനരൈക്യാനന്തരം അവിടെ ത്തന്നെ താമസിക്കുവാൻ തയ്യാറായിരുന്നുവെങ്കിൽ എന്തെല്ലാം കലാ പങ്ങൾ അവിടെ സംഭവിക്കുമായിരുന്നു എന്നതു ഊഹിക്കുവാൻ പോലും സാദ്ധ്യമല്ല. കത്തോലിക്കരായിത്തീർന്നതിനാൽ ബഥനി ആശ്ര മസ്ഥരെ അവിടെ നിന്നും തൽക്ഷണം ഇറക്കണമെന്നു ഒരു കൂട്ടരും സ്വതന്ത്രസ്ഥാപനമായ ബഥനിയിൽ ആശ്രമസ്ഥരൊന്നിച്ചു താമസിക്കു വാൻ അതിന്റെ സ്ഥാപകനു പരിപൂർണ്ണമായ അവകാശമുണ്ടെന്നു വാദി ക്കുന്ന വെറൊരു കൂട്ടരും തമ്മിലുള്ള ദ്വന്ദയുദ്ധം ഒട്ടനേകം "ആനപ്പാ പ്പി"മാരുടെ രക്തം മുണ്ടൻമലയുടെ മുകളിൽ കൂടെ ഒഴുകുന്നതിനു ഇടയാക്കിത്തീർക്കുമായിരുന്നു. തന്നെയുമല്ല, ഓർത്തഡോക്സ് സഭ യുടെ വകയാണു ബഥനി സ്വത്തുക്കളെന്നും തൻമൂലം, കത്തോലി ക്കാസഭാംഗങ്ങളായിത്തീർന്ന മാർ ഈവാനിയോസിനെയും ആശ്രമ സ്ഥരെയും അവിടെ നിന്നും ഇറക്കിവിടണമെന്നും കാണിച്ചുകൊണ്ടുള്ള വ്യവഹാരം തുടർന്നു ഉണ്ടാകുവാൻ വഴി നല്കുന്ന ഒരു മാർഗ്ഗവുമായി രുന്നു ഇത്. ഇപ്രകാരം തീരാത്ത വ്യവഹാരത്തിനും ഊഹാതീതമായ കലാപങ്ങൾക്കും ഇടനല്കാതെ ബഥനി മലയിൽ നിന്നും ഇറങ്ങുക തന്നെയാണു നല്ലതെന്നു കഥാപുരുഷൻ നിശ്ചയിച്ചു.

കുറെകൂടെ സ്വീകാര്യമായ മാർഗ്ഗം രണ്ടാമത്തേതാണെന്നു പലരും അക്കാലത്തു അഭിപ്രായപ്പെട്ടുവെങ്കിലും അതു മൂലവും നിര വധി കുഴപ്പങ്ങളുണ്ടാകുമെന്നും കഥാപുരുഷനു അറിയാമായിരുന്നു. കാതോലിക്കാബാവായുടെയോ മാർ ദിവന്നാസ്യോസിന്റെയോ പേർക്കു ബഥനി സ്വത്തുക്കൾ എഴുതി കൊടുക്കുന്നപക്ഷം അതും ഒരു വ്യവ ഹാരത്തിനു കാരണമായിത്തീരുന്നതാണ്. സ്വതന്ത്രനിലയിൽ ബഥനി സ്ഥാപിക്കുന്നതിനും നടത്തുന്നതിനുമായി സംഭാവന ചെയ്തിട്ടുള്ള വർ ഏതെങ്കിലും ഒരു പ്രത്യേകവ്യക്തിക്കോ സഭയ്ക്കോ അതു വിട്ടു കൊടുക്കുന്നതിനു സമ്മതിക്കുന്നതല്ല. അപ്രകാരം ചെയ്യുന്നതിനു ബഥ നിയുടെ ആശ്രമാദ്ധ്യക്ഷനു അധികാരവും അവകാശവുമില്ല. അപ്രകാരം

വിട്ടുകൊടുക്കുന്നപക്ഷം നിശ്ചയമായും തന്നെ പ്രതിചേർത്തുള്ള ഒരു വ്യവഹാരം ഉടൻതന്നെ ഉണ്ടാകുമെന്നു കഥാപുരുഷനു അറിയാമായിരുന്നു. സമുദായവ്യവഹാരം പാത്രിയർക്കീസുകക്ഷിക്കു അനുകൂലമായി ഭവിക്കുമെന്നും, തൻമൂലം ബഥനിസ്വത്തുക്കൾ അന്ത്യോഖ്യായാക്കോബായ പാത്രിയർക്കീസിന്റെ ഭരണത്തിൻ കീഴിൽ ചെന്നുചേരുമെന്നും, അതോടുകൂടെ ബഥനിയുടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതിനും അവസാനം സ്തബ്ധമാകുന്നതിനും ഇടയായിത്തീരുമെന്നും കഥാപുരുഷനു ദൃഢനിശ്ചയമുണ്ടായിരുന്നു. തൻമൂലം ഒരു പ്രത്യേകസഭയ്ക്കായി ബഥനി സ്വത്തുക്കൾ വിട്ടുകൊടുക്കുവാൻ അദ്ദേഹം സന്നദ്ധത പ്രദർശിപ്പിക്കയുണ്ടായില്ല.

ത്രിവിധമാർഗ്ഗങ്ങളിൽ സ്വീകാര്യം അവസാനത്തെ മാർഗ്ഗം-ഒരു പുതിയ ട്രസ്റ്റിനെ ഭരമേല്പിച്ചശേഷം ബഥനിമലയിൽ നിന്നിറങ്ങി എവിടെങ്കിലും പോയി താമസിച്ചുകൊണ്ടു കത്തോലിക്കാസഭയെ ആശ്ലേഷിക്കുക-ആണെന്നു മാർ ഈവാനിയോസ് നിശ്ചയിച്ചു. അതിനുള്ള പ്രാരംഭമെന്നോണം ബഥനിക്കു വേണ്ടി സംഭാവന ചെയ്തിട്ടുള്ള ദാതാക്കളുടെ ഒരു യോഗം ബഥനിയിൽ വെച്ചു നടത്തുന്നതിനു നിശ്ചയിച്ചുകൊണ്ടു താഴെ ചേർക്കുന്ന ഒരു ക്ഷണപത്രം എല്ലാവർക്കും അയച്ചുകൊടുത്തു.

ബഥനിയുടെ മാർ ഈവാനിയോസ്
മെത്രാപ്പോലീത്തായിൽ നിന്ന്,
(മുദ്ര)

കാരുണ്യവാനായ ദൈവത്തിന്റെ കൃപയാൽ "ബഥനി" എന്ന അഭിധാനത്തിൽ ഒരു ധർമ്മസ്ഥാപനം ആരംഭിച്ചു നടത്തി വരുന്നുണ്ടല്ലോ. ഇതു സംബന്ധിച്ചുള്ള പരോപകാരപ്രവൃത്തികൾക്കായി നാം പല സ്ഥലങ്ങളിലും ഭിക്ഷാടനം ചെയ്തു പല സുഹൃത്തുക്കളിൽ നിന്നും സംഭാവനകൾ വാങ്ങിച്ചിട്ടുള്ളതും, നൂറു രൂപയിൽ കുറഞ്ഞ സംഭാവനകൾ മൂലധനത്തിൽ ചേർക്കുകയില്ലെന്നും, അവ നിത്യച്ചെലവിലേക്കായി വിനിയോഗിക്കുമെന്നും, പണപ്പിരിവുകാലത്തു വ്യവസ്ഥ ചെയ്തു പരസ്യപ്പെടുത്തിയിട്ടുള്ളതും അതനുസരിച്ചു നാനാജാതിമതസ്ഥരായ അനേകം സഹൃദയന്മാർ ദ്രവ്യസഹായം ചെയ്തിട്ടുള്ളതുമാകുന്നു. നിത്യച്ചെലവിലേക്കായി ലഭിച്ചിട്ടുള്ള സംഖ്യകൾ കൊണ്ടു ഇതുവരെയുള്ള ആവശ്യങ്ങൾക്കു മതിയാകാതെ വന്നതിനാൽ ആ വകയിൽ ഇപ്പോൾ ശേഷിച്ചിട്ടുള്ളതു കടമാണ്. ബഥനിയുടെ ഏതൽക്കാ

ലപര്യന്തമുള്ള ചരിത്രം പുസ്തകരൂപത്തിൽ (ഗിരിദീപം-ഒന്നാംഭാഗം) നാം അച്ചടിപ്പിച്ചു ബഥനിയുടെ അഭ്യുദയകാംക്ഷകൾക്കു പ്രദാനം ചെയ്തിട്ടുള്ളതാകയാൽ ആ വിഷയം സംബന്ധിച്ചു ഇവിടെ ഒന്നും പ്രസ്താവിക്കുന്നില്ല. ഇതിലേക്കു ദ്രവ്യസഹായം ചെയ്തിട്ടുള്ളവർ നമ്മുടെ ഹിതം പോലെ ഈ ധർമ്മവേലയെ നടത്തികൊണ്ടുപോകുന്നതിനും പരിപൂർണ്ണമായി നമ്മെ വിശ്വസിച്ചു സംഭാവനകൾ ഏല്പിച്ചിട്ടുള്ളതാണെങ്കിലും ഈ വക സ്വത്തുക്കൾ കൈവശം വെച്ചു വിനിയോഗിക്കുന്നതിനും ഈ ധർമ്മവേലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി ട്രസ്റ്റികളേയും ഒരു ഭരണസമിതി (Governing body)യേയും നിയമിക്കണമെന്നു നാം ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ നമുക്കു ആലോചന തരുവാനായി മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ള ഏവരേയും ബഥനിയുടെ ആസ്ഥാനമായ റാന്നി പകുതിയിൽ പെരിനാടുമുറിയിൽ ബഥന്യാശ്രമത്തോടു ചേർന്നുള്ള അതിഥിമന്ദരത്തിൽ വെച്ചു അടുത്ത കുംഭമാസം 9-ാം തീയതി വ്യാഴാഴ്ച പകൽ മൂന്നുമണിക്കു കൂടുന്ന യോഗത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ളവർക്കു മാത്രമേ യോഗത്തിൽ പ്രവേശനം ഉണ്ടായിരിക്കയുള്ളൂ എന്നു വിശിഷ്യാ പറയണമെന്നില്ലല്ലോ. ഏതൽക്കാലപര്യന്തമുള്ള സർവ്വകണക്കുകളും യോഗത്തിൽ ഹാജരാക്കുന്നതുമായിരിക്കും.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ബഥന്യാശ്രമം, മാർ ഈവാനിയോസ് (ഒപ്പ്)
വടശ്ശേരിക്കര.
9-6-1105

മേലുദ്ധരിച്ച കല്പനയിലെ താല്പര്യമനുസരിച്ചു വടശ്ശേരിക്കര പെരുനാട്ടിലുള്ള ബഥന്യാശ്രമത്തിലെ അതിഥിമന്ദിരത്തിൽ വെച്ചു 1105 കുംഭമാസം 9-ാം തീയതി പകൽ മൂന്നുമണിക്കു നി. വ. ദി. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി.

ബഥനിയുടെ മാർ തിയോഫിലോസ് എപ്പിസ്കോപ്പായെയും

ആശ്രമാംഗങ്ങളെയും കൂടാതെ മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ളവരിൽ പലരും യോഗത്തിൽ സംബന്ധിച്ചു. മൂലധനത്തിലേക്കു സംഭാവന ചെയ്തിട്ടുള്ളവർക്കു ആളാംപ്രതി അയച്ചിട്ടുള്ളതും പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്നതുമായ ക്ഷണക്കത്തു വായിച്ചു. തദനന്തരം അദ്ധ്യക്ഷൻ താഴെക്കാണുന്ന പ്രസംഗം ചെയ്തു.

**അദ്ധ്യക്ഷപ്രസംഗം**

സ്നേഹഭാജനങ്ങളെ,

ബഥന്യാശ്രമം സ്ഥാപിക്കണമെന്നു നാം ആലോചിക്കയും നിശ്ചയിക്കയും ചെയ്തതു സെറാംപൂർ കോളേജിൽ പ്രഫസറായിരുന്ന കാലത്തായിരുന്നു. ഇതു ദൈവനടത്തിപ്പു അനുസരിച്ചുണ്ടായ ഒരു പ്രവൃത്തിയാണെന്നാണു ഇന്നും നാം വിശ്വസിക്കുന്നത്. എം. ഡി. സെമിനാരിയുടെ പ്രിൻസിപ്പാൾ ഉദ്യോഗം ഉപേക്ഷിച്ചും വെച്ചു നാം നാടുവിട്ടുപോയതു ആ ഉദ്ദേശാർത്ഥമായിരുന്നില്ല. മലങ്കരസഭയുടെ നാനാമുഖമായ അഭിവൃദ്ധി, നാനാമുഖമായ പട്ടക്കാരുടെ വിദ്യാഭ്യാസാഭിവൃദ്ധിയാണെന്നു നാം വിചാരിച്ചു. ഇവിടെ ഇപ്പോൾ നമ്മുടെ അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട സഹോദരൻ മാർ തിയോഫിലോസ് എപ്പിസ്കോപ്പാ അന്നു നമ്മോടുകൂടെ സെറാംപൂർക്കു പോന്നിരുന്നു. നാം അവിടെ പ്രൊഫസർഉദ്യോഗം വഹിച്ചിരുന്ന അക്കാലത്തു നാട്ടിൽ നിന്നു പലരേയും കൊണ്ടുപോയി പഠിപ്പിച്ചിട്ടുണ്ട്. ഇന്നത്തെപ്പോലെ അന്നും നാം തന്നെ കണക്കെഴുതുക പതിവിലായിരുന്നു. ശമ്പളമായും മറ്റും കിട്ടിവന്ന പണം വൈദികവിദ്യാർത്ഥികളായി നമ്മോടൊന്നിച്ചു താമസിച്ചുവന്ന ശെമ്മാശന്മാരെ ഭരമേല്പിച്ചു. ആത്മപ്രശംസയായി പറഞ്ഞുവെന്നു നിങ്ങളാരും തെറ്റിദ്ധരിക്കയില്ലല്ലോ. ശെമ്മാശന്മാരിൽ പലരും ഉൽകൃഷ്ടബിരുദുധാരികളായി തീർന്നതു കണ്ടപ്പോൾ നമുക്കു വളരെ സന്തോഷം തോന്നി. അവരെ എന്തിനായി ഉപയോഗപ്പെടുത്തണമെന്നായിത്തീർന്നു തത്സംബന്ധമായുണ്ടായ നമ്മുടെ ആലോചന. നാട്ടിൽ വന്നു പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു നടത്തുക എന്ന കാര്യത്തിൽ നമുക്കപ്പോൾ വേണ്ടത്ര തൃപ്തി തോന്നിയില്ല. സുവിശേഷപ്രചരണാർത്ഥം എല്ലാവരുംകൂടി മിഷ്യനറിമാരായി അങ്ങിറങ്ങിയാലോ എന്നു നമുക്കു തോന്നി. പിന്നീടുണ്ടായ ആലോചനകളുടെയും പ്രാർത്ഥനകളുടെയും ഫലമായി നാം നിശ്ചയിച്ചതു ലോകത്തോടുള്ള സർവ്വവിധ ബന്ധങ്ങളേയും കൈവെടിഞ്ഞു ദൈവത്തെ ധനവും സമ്പാദ്യവുമായി കരുതിയിറങ്ങുന്ന സന്ന്യാസപരമായ ജീവിതമായിരിക്കും അത്യുത്തമം എന്നത്രേ.

ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിനും ഇതു ഏറ്റവും സൌകര്യപ്രദവും ശ്രേഷ്ഠവുമായ മാർഗ്ഗമാണെന്നത്രെ നമ്മുടെ ബോദ്ധ്യം. അതിനാണു നമ്മുടെ വൈദികവിദ്യാർത്ഥികളിൽ മനസ്സും വിളിയുമുള്ളവർ പുറപ്പെടണമെന്നു ഉപദേശിക്കമാത്രം ചെയ്യാതെ നാം തന്നെ അതിലേക്കു മുന്നിറങ്ങി മാതൃക കാണിക്കണമെന്നു നിശ്ചയിച്ചത്. അതനുസരിച്ചു കേവലം ശൈശവാവസ്ഥയിലുള്ള ഒരാഗ്രഹം മനസ്സിൽ സങ്കല്പിച്ചുകൊണ്ടു സെറാമ്പൂരിൽ വെച്ചു തന്നെ ഞങ്ങൾ പലയാളുകൾകൂടി ജീവിക്കാൻ തുടങ്ങി. എങ്ങോട്ടുപോയി എന്തുചെയ്യുകയാണു വേണ്ടതെന്നു ചിന്തിക്കാൻ ആരംഭിച്ചു. പഞ്ചാബ് രാജ്യത്തിൽ ഒരിടത്തു ചെന്നു അവിടെയുള്ള പാവപ്പെട്ടവരുടെ ഇടയിൽ സുവിശേഷപ്രചരണം നടത്തി സന്ന്യാസിമാരായി ജീവിക്കാമെന്നു നാം ആലോചിച്ചു. ഇക്കാര്യം സന്ദർഭവശാൽ മി. ഈ. ജെ. ജോൺ വക്കീലിനെ കത്തുമൂലം ഗ്രഹിപ്പിച്ചിരുന്നു. പഞ്ചാബിലേക്കു പോവുക എന്നതിൽ അദ്ദേഹം സംതൃപ്തനായി കണ്ടില്ല. ഈ നാട്ടിലേക്കു വന്നു ആവശ്യമെങ്കിൽ വിജനമായ എവിടെയെങ്കിലും ഒരിടത്തു താമസിക്കുന്നതാണു ആവശ്യമെന്നും അതിലേക്കു പെരുനാട്ടിലുള്ള അദ്ദേഹത്തിന്റെ സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണെന്നും നമ്മെ അറിയിച്ചു. 'അങ്ങനെ തന്നെ' എന്നു നാം മറുപടിയും കൊടുക്കുകയുണ്ടായി. ആയിടെ നാം നാട്ടിലെത്തിയപ്പോൾ മി. ജോൺ നിർദ്ദേശിച്ച സ്ഥലം കാണുകയും അതിനു സമീപത്തായി അതിനോടു ചേർന്നു കുറെ സ്ഥലംകൂടി വാങ്ങണമെന്നു നിശ്ചയിക്കയും ചെയ്തു. ഇതിനു പണമെവിടെ? മനസ്സുകൊണ്ടു കണ്ട പല മാർഗ്ഗങ്ങളും തടസ്സപ്പെട്ടുപോയി. പരിചിതന്മാരായ യൂറോപ്യന്മാരോടു പറഞ്ഞാൽ അതിനേതും വിഷമമില്ലെന്നു നമുക്കറിയാമായിരുന്നു. പക്ഷേ, അക്കാര്യത്തിൽ കടക്കുവാൻ നമുക്കു സന്തോഷം തോന്നിയില്ല. ഒടുവിൽ എന്തുപറയേണ്ടു? നമ്മുടെ അപ്പന്റെ പക്കൽ നിന്നും പണം വാങ്ങിക്കൊണ്ടു നാം നമ്മുടെ അഭിലാഷത്തെ നിറവേറ്റി. ഇപ്പോൾ നിങ്ങളേവരും കാണുന്നതും ബഥന്യാശ്രമവും അതിനോടു ചേർന്ന കെട്ടിടങ്ങളും സ്ഥിതിചെയ്യുന്നതുമായ ഈ ബഥനിഗിരി മേല്പറഞ്ഞ പല മാർഗ്ഗത്തിൽ നമുക്കു ലഭിച്ചിട്ടുള്ളതാണ്. തദനന്തരം പല സുഹൃത്തുക്കളിൽ നിന്നും പണമായും സ്ഥലമായും മറ്റും പല സംഭാവനകളും നമുക്കു ലഭിച്ചിട്ടുണ്ട്.

നാം സെറാംപൂർക്കു പോയതു അബ്ദള്ളാപാത്രിയർക്കീസു ബാവാ തിരുമനസ്സിലെ വരവു സംബന്ധിച്ചു മലങ്കരസഭ വഴക്കിലും വ്യവഹാരത്തിലും പെട്ടു വലഞ്ഞിരുന്ന ഒരു കാലത്തായിരുന്നുവെന്നു

നിങ്ങളിൽ പലരും ഓർക്കുന്നുണ്ടല്ലോ. എവിടെയും വ്യവഹാരവും കലഹവുമേ കാണപ്പെട്ടിരുന്നുള്ളൂ. കഴിഞ്ഞ പല തലമുറകളായി മലങ്കരസുറിയാനിസഭ വഴക്കിലും വ്യവഹാരത്തിലുമാണു കഴിഞ്ഞുകൂടിയിട്ടുള്ളതെന്നും, ഇപ്പോഴും ആ സ്ഥിതിയിൽ കിടക്കുന്നുവെന്നും, അതു ഭേദപ്പെടുവാൻ ഭാവികാലത്തു എളുപ്പമല്ലെന്നും നമുക്കു തോന്നി. അതിനാൽ സാമുദായികമായ ഏതു തരം വഴക്കിലും വ്യവഹാരത്തിലും ഉൾപ്പെടാതിരിക്കത്തക്കവണ്ണവും, അവയുടെ ഫലങ്ങൾ വ്യാപിക്കാതിരിക്കത്തക്കവിധവും ആശ്രമം സ്ഥാപിക്കണമെന്നും, ആശ്രമത്തിനും തൽസംബന്ധമായ സ്ഥാപനങ്ങൾക്കും 'ബഥനി' എന്ന നാമകരണം ചെയ്യണമെന്നും, സെറാംപൂരിൽ വെച്ചു പത്തു പതിന്നാലു സംവൽസരങ്ങൾക്കു മുമ്പു തന്നെ തീർച്ചപ്പെടുത്തി. ഇവ്വണ്ണം ബഥനി സ്വതന്ത്രമായിരുന്നില്ലെങ്കിൽ നിശ്ചയമായും നാനാപ്രകാരത്തിലുള്ള ഹേമങ്ങൾ അതിനുണ്ടായേക്കുമെന്നു ആശ്രമസ്ഥരായി ചേരാനൊരുങ്ങിയ പലരും നമ്മെ പിൻതാങ്ങുകയും ചെയ്തു.

പെരുനാട്ടിലുള്ള മലമ്പ്രദേശം പത്തുനാറൂറേക്കർ വാങ്ങിച്ചു എന്നതുകൊണ്ടു മാത്രം ബഥനി സ്ഥാപിക്കാൻ നിർവ്വാഹമില്ലല്ലോ. അവിടെയുള്ള കാടു വെട്ടിത്തെളിച്ചു വേണ്ട കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും നിത്യച്ചെലവുകൾ നടന്നപോകുവാൻ തക്കവണ്ണം എന്തെങ്കിലും കൃഷിചെയ്യേണ്ടതും അത്യാവശ്യം തന്നെ. കൈവശമുണ്ടായിരുന്ന പണം കൊണ്ടു മാത്രം ഇതു സാധിക്കാമായിരുന്നില്ല. അതിനാൽ കൽക്കട്ടായിലുള്ള ഒരു സഹൃദയനായ യൂറോപ്യനിൽ നിന്നും ചുരുങ്ങിയ പലിശയിന്മേൽ 7000രൂപാ കടം വാങ്ങിച്ചു. ഇതിനെപ്പറ്റി അക്കാലത്തു മി. ജോൺ വക്കീലിനെ നാം ഗ്രഹിപ്പിച്ചിരുന്നതാണ്. തൽസംബന്ധമായി പ്രമാണം കൊടുക്കുമ്പോൾ അദ്ദേഹം സംഭാവന ചെയ്തിട്ടുള്ള നൂറേക്കർ സ്ഥലം പണയപ്പെടുത്താമെന്നു അദ്ദേഹം നമ്മെ അറിയിച്ചു. എങ്കിലും മറ്റൊരാൾ നല്കിയ സ്ഥലം പണയപ്പെടുത്താതെ പിതൃദാനം കൊണ്ടുവാങ്ങിയ സ്ഥലത്തിൽ ഏതാനും ഭാഗം പണയപ്പെടുത്തുകയാണു നാം ചെയ്തത്. ഇന്നും ആ പഴയ കടം അങ്ങനെതന്നെ കിടക്കുകയാണ്.*വേറെയും ചില കടങ്ങൾ വന്നു കൂടിയിട്ടുണ്ട്.

---

* പ്രസ്തുതപണം കടം കൊടുത്തിരിക്കുന്ന ഹാമിൽട്ടൻ എന്ന ധ്വരയെ ഇപ്പോഴത്തെ ബഥനി (യാക്കോബായ) ആശ്രമാദ്ധ്യക്ഷനായ മാർ തെവൊദോസ്യോസു ഇംഗ്ലണ്ടിൽ പോയി കണ്ടതിന്റെ ഫലമായി അദ്ദേഹം ആ കടം ഇളവു ചെയ്തുകൊടുത്തു എന്നാണറിയുന്നത്. (ഗ്രന്ഥകർത്താ)

ഈ വിധത്തിൽ ആവശ്യപ്പെട്ട കെട്ടിടങ്ങൾ ഉണ്ടാക്കിത്തീർത്ത തോടുകൂടെ ആശ്രമം സ്ഥാപിക്കപ്പെട്ടു എന്നു പറയാം. കൃഷിസംബന്ധമായ ശ്രമങ്ങൾ സഫലമായില്ല. ആശ്രമസ്ഥന്മാരുടെ ഉപജീവന മാർഗ്ഗം മറ്റുവിധത്തിൽ തേടേണ്ടതായി വന്നുകൂടി. മാത്രമല്ല, അനാഥ ശാല, ആസ്പത്രി, കൃഷി മുതലായവയുടെ നടത്തിപ്പിനു കൈവശമുണ്ടായിരുന്ന പണവും ചെലവായിക്കഴിഞ്ഞു. അപ്പോഴാണു നാം പണപ്പിരിവിനു പുറപ്പെട്ടത്. പലയിടങ്ങളിലും സഞ്ചരിച്ചു ജനങ്ങളിൽ നിന്നും ജാതിമതഭേദംകൂടാതെ അനേകം സുഹൃത്തുക്കളിൽ നിന്നുമായി നാം പണം പിരിച്ചുണ്ടാക്കിയത് ബഥനിസംബന്ധമായ ആവശ്യത്തിനായിരുന്നുവെന്നു അക്കാലത്തുതന്നെ നിങ്ങളെ ഗ്രഹിപ്പിച്ചിട്ടുള്ളതാണല്ലോ. ആകസ്മികമായി നമുക്കെന്തെങ്കിലും പിണയുന്നതായാൽ ബഥനിയെ ഉദ്ദേശിച്ചു വാങ്ങിയതും സൌജന്യം ചെയ്യപ്പെട്ടതുമായ സ്ഥലവും, അവിടെയുണ്ടായിരുന്ന കെട്ടിടങ്ങളും, മേലാലുള്ള സമ്പാദ്യങ്ങളും, സ്ഥാപനങ്ങളും നമ്മുടെ വീട്ടുകാരുടേതായോ മറ്റോ തീരാതെ നമ്മുടെ ഉദ്ദേശ്യം നിർവിഘ്നം സാധിച്ചു പോരേണ്ടതിനായി നമ്മുടെ പേരിലുള്ള സ്വത്തുക്കളെല്ലാം നമ്മുടെ കാലശേഷം ആശ്രമസ്ഥരായ ഇന്നാർക്കെല്ലാം ഇരിക്കേണ്ടതാണെന്നു നാം ഒരു വിൽപ്പത്രം എഴുതി രജിസ്റ്ററാക്കി.

അതിന്റെ ശേഷം മാത്രമേ മറ്റുള്ളവരിൽ നിന്നും പണം പിരിക്കാൻ നാം പുറപ്പെട്ടുള്ളൂ. ഇതുവരെയും ഭേദഗതി ചെയ്യാതെ കിടക്കുന്ന ആ മരണശാസനത്തെക്കുറിച്ചു ഇവിടെ നിങ്ങളിൽ പലരും ഒരു പക്ഷെ അറിഞ്ഞിട്ടില്ലായിരിക്കും. പല സ്ഥലങ്ങളിലും നാം പണപ്പിരിവു നടത്തിക്കൊണ്ടു സഞ്ചരിച്ചിട്ടുണ്ട്. കാര്യഗൌരവം വിചാരിച്ചും ദൈവം നമുക്കു തന്ന ശ്രേഷ്ഠമായ ആദർശത്തോടുള്ള അനുകമ്പയെ പ്രകടിപ്പിച്ചുകൊണ്ടും മാന്യസ്നേഹിതരായ നിങ്ങളും, പരിചിതരും അപരിചിതരുമായ മറ്റനേകം സുഹൃത്തുക്കളും നമ്മെ അന്നും പ്രോത്സാഹിപ്പിച്ചതിനെ നാം ഇപ്പോഴും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. മലങ്കരസുറിയാനിക്കാർ, റോമൻകത്തോലിക്കർ, ആംഗ്ലേയക്കാർ, മാത്തോമ്മാക്കാർ, ഹിന്ദുക്കൾ, മഹമ്മദീയർ ആദിയായ അനേകം ആളുകളും ബഥനിയുടെ മൂലധനത്തിലേക്കും നിത്യച്ചെലവിലേക്കുമായി പല സഹായങ്ങൾ ചെയ്തിട്ടുള്ള ആത്മാർത്ഥബന്ധുക്കളത്രേ. ആ വകയിൽ എത്ര പണമാണു നമുക്കു കിട്ടിയതെന്നും, എന്തിനെല്ലാം അതിൽ നിന്നും വ്യയം ചെയ്തു എന്നും, ഇപ്പോൾ ആ വകയിൽ എന്തു ബാക്കിയുണ്ടെന്നും നിങ്ങളുടെ മുമ്പിലിരിക്കുന്ന ഈ കണക്കുപുസ്തകങ്ങൾ നോക്കിയാൽ ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. ഓരോ

വർഷത്തെയും വരവുചെലവുകൾ പ്രത്യേകം ക്രോഡീകരിക്കപ്പെട്ട തെരട്ടും റിപ്പോർട്ടും പിന്നാലെ വായിക്കുന്നതാണ്. ഇക്കഴിഞ്ഞ അഞ്ചാറു സംവൽസരത്തിനുള്ളിൽ നാം നേരിട്ടു പണപ്പിരിവു നടത്തിക്കൊണ്ടു സഞ്ചരിക്കാറില്ലെന്നു നിങ്ങൾക്കറിയാമല്ലോ. എന്നിട്ടും ബഥനിയുടെ ആവശ്യങ്ങൾ നിർവിഘ്നം സാധിച്ചുപോകത്തക്കവണ്ണം ഉടയതമ്പുരാൻ ഇപ്പോഴും അതിനെ പ്രേമപൂർവ്വം സംരക്ഷിച്ചുവരുകയാണ്.

ബഥനി കേവലം സ്വതന്ത്രമായ ഒരു സ്ഥാപനമത്രേ. അതിന്റെ ആദർശാനുസരണമായ ആത്മീയവേലകൾ നിർവിഘ്നം നടന്നുപോകുന്നതിനു ഒരു മേലപട്ടക്കാരൻ അത്യന്താപേക്ഷിതമായിത്തീർന്നപ്പോൾ ദൈവകൃപയാൽ നാം എപ്പിസ്കോപ്പായായി വാഴിക്കപ്പെട്ടു. അന്നു വട്ടിപ്പണക്കേസ് തോറ്റു കിടക്കുന്ന കാലമായിരുന്നു. മലങ്കരയാക്കോബായസുറിയാനിസഭയുടെ ഭരണസംബന്ധമായ കാര്യങ്ങളിൽ ഉൾപ്പെടത്തക്കവണ്ണം ആ ട്രിസ്റ്റിൽ അകപ്പെടാതെയും, അന്ത്യോഖ്യാമേലധികാരത്തെയോ മറ്റോ സമ്മതിക്കുന്ന വിധത്തിൽ പതിവുള്ളപ്രകാരം ശൽമൂസോ ഉടമ്പടി എഴുതാതെയും, മലങ്കരയാക്കോബായ അസോസിയേഷ്യന്റെയോ പൊതുജനങ്ങളുടെയോ തിരഞ്ഞെടുപ്പു മൂലം മലങ്കരസുറിയാനിസഭയുമായി നിയമദൃഷ്ട്യാ ബന്ധപ്പെടാതെയും നാം ബഥനിയുടെ എപ്പിസ്കോപ്പായായി വാഴിക്കപ്പെടുകയും, അനന്തരകാലത്തിൽ ബഥനിയുടെ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെടുകയും, ബഥന്യാശ്രമസ്ഥനായ യാക്കോബ് റമ്പാൻ ബഥനിയുടെ എപ്പിസ്കോപ്പായായി വാഴിക്കപ്പെടുകയും ചെയ്തതു ദൈവത്തിന്റെ കാരുണ്യാതിരേകത്താലാണെന്നു മാത്രമേ നമുക്കു പറയാനുള്ളൂ.

ബഥനിയുടെ മൂലധനത്തിലേക്കു നൂറും അതിലധികവും രൂപാ സംഭാവന ചെയ്തിട്ടുള്ള നിങ്ങളെ ഏവരേയും ഇവിടെ വെച്ചു ഒരുമിച്ചു കാണാനിടയായതിൽ നമുക്കും ബഹുമാനപ്പെട്ട ഈ കൊച്ചുമെത്രാച്ചനും ആശ്രമസ്ഥന്മാരെല്ലാവർക്കും അനിർവ്വചനീയമായ സന്തോഷമുണ്ട്. പലരിൽ നിന്നും പണം പിരിച്ചു ബഥനിയുടെ സ്ഥാപനോദ്ദേശ്യത്തിനനുയോജ്യമല്ലാത്ത ഏതോ ചില പുതിയ പ്രസ്ഥാനങ്ങളിൽ നാം തനിച്ചോ ആശ്രമസ്ഥന്മാരെല്ലാവരും കൂടിയോ പ്രവേശിക്കുവാൻ പോകുന്നുവെന്നും അങ്ങനെയെങ്കിൽ അതു ബഥനിക്കായി സംഭാവന ചെയ്തിട്ടുള്ളവരെ ചതിക്കയായിരിക്കുമെന്നും മറ്റും പലയിടത്തും വിവിധങ്ങളായ പ്രസ്താവനകൾ പരന്നിരിക്കുന്നതായി കേൾക്കുവാൻ നമുക്കിടയായി. ഇക്കാര്യത്തിൽ എത്രയും സത്യമായും പരിശുദ്ധമായും

വർത്തിക്കണമെന്നു തന്നെയാണു നാം മുമ്പേയും ഇപ്പോഴും തീർച്ച പ്പെടുത്തിയിട്ടുള്ളത്. നിങ്ങൾ തന്നിട്ടുള്ള സംഭാവനകൾ കൊണ്ടു സമ്പാ ദിച്ചിട്ടുള്ള സർവ്വസ്വത്തുക്കളും നിങ്ങളുടെ ഹിതം പോലെ വിനിയോ ഗിക്കുവാൻ തക്കവണ്ണം ഇപ്പോൾ ഇതാ, നിങ്ങളുടെ മുമ്പാകെ വെച്ചിരി ക്കുന്നു. ബഥനി സ്ഥാപനത്തിനു അനുയോജ്യമായവിധം ഈ സ്വത്തു ക്കളെ വിനിയോഗിക്കുവാൻ തക്കവണ്ണം ട്രസ്റ്റികളെയും ഭരണസമിതി യേയും നിയമിക്കണമെന്നു നമുക്കു അഭിപ്രായമുണ്ടെങ്കിലും ആ അഭി പ്രായത്തെ നിങ്ങൾ സ്വീകരിക്കണമെന്നു നാം ലവലേശവും നിർബ ന്ധിക്കുന്നില്ല. നിങ്ങൾ എന്തുതന്നെ നിശ്ചയിച്ചാലും ഈ വിഷയത്തിൽ നിങ്ങളുടെ നിശ്ചയമനുസരിച്ചു പ്രവർത്തിക്കാൻ നാം പരിപൂർണ്ണസ മ്മതനായിരിക്കയാണ്. സ്വത്തുക്കൾ നമ്മുടെ പേരിൽ സമ്പാദിക്കപ്പെട്ട വയാണെങ്കിലും നിങ്ങളുടെ ഹിതം പോലെ ആർക്കെങ്കിലും ഉടമ്പടിയോ മറ്റു രജിസ്റ്റർ പ്രമാണമോ എഴുതിക്കൊടുക്കാൻ നാം ഒരുങ്ങിയിരിക്കു ന്നു. ഏതുവിധമുള്ള പ്രമാണവും നിങ്ങൾ എഴുതിക്കൊൾവിൻ. ഒപ്പിടു വാൻ നാം തയ്യാറാണ്.

പലേടങ്ങളിലും സഞ്ചരിച്ചു പണം പിരിച്ചുവന്ന സമ്പ്രദായത്തെ നാം നിറുത്തൽ ചെയ്തതിന്റെ ശേഷം അഞ്ചാറുമാസക്കാലമായി ബഥ നിയുടെ നിത്യച്ചെലവു നടന്നു പോകുന്നത്. പ്രായേണ പിടിയരിപ്പിരി വിനാലും കാണിക്കശേഖരണത്താലുമാണെന്നു ഏവർക്കും അറി വുള്ളതാണല്ലോ. ബഥനിയെ സംബന്ധിച്ചിടത്തോളം അവിടവിടെ കേൾക്കാൻ തുടങ്ങിയ പ്രസ്താവനകളുടെ ഫലമായി ഈ വക വരു മാനങ്ങളിൽ ഗണ്യമായ കുറവു നേരിട്ടിട്ടുണ്ടെങ്കിലും അതുകൊണ്ടു ശാരീരികമായ ക്ലേശങ്ങൾ അനുഭവിക്കുമാറു ആശ്രമസ്ഥന്മാർക്കു ഒന്നോ രണ്ടോ നേരത്തെ ഭക്ഷണം ഉപേക്ഷിക്കണമെന്നല്ലാതെ അതിൽ കൂടുതലായ മറ്റൊരർത്ഥവും നേരിടാൻ ഇടയായില്ലല്ലോ എന്നു നാം സമാധാനിക്കുന്നു. ഇവയ്ക്കൊന്നിനും മനോബോദ്ധ്യത്തെ തിരസ്ക രിപ്പിക്കാനോ ജീവിതാദർശത്തെ വ്യതിചലിപ്പിക്കാനോ കഴിവുള്ളത ല്ലല്ലോ.

ബഥനി ഏതൊരു മഹത്തായ ആദർശത്തെ ആജീവനാന്തം അവ ലംബിക്കാൻ ദൈവമുമ്പാകെ പ്രതിജ്ഞ ചെയ്തിരിക്കുന്നുവോ അതിനു ഭംഗവും ഹേമവും വരാതിരിക്കത്തക്കവണ്ണം ബഥനി സ്വത്തുക്കളെ സംര ക്ഷിക്കുകയും ഐശ്വര്യപ്പെടുത്തുകയും ചെയ്വാനായി നിങ്ങളേവരും യഥേഷ്ടം ആലോചിച്ചു പ്രവർത്തിക്കേണ്ടതാണെന്നല്ലാതെ നമുക്കു

ഇക്കാര്യത്തിൽ വിശേഷവിധിയായിട്ടൊന്നും ഇപ്പോൾ പറയുവാനില്ല. നിങ്ങളുടെ ഉത്തമബുദ്ധിപോലെ ആലോചിച്ചു എന്തെങ്കിലും നിശ്ച യിച്ചു കൊള്ളുവിൻ.

പ്രസംഗാനന്തരം ഏതൽക്കാലപര്യന്തമുള്ള റിപ്പോർട്ടും തെരട്ടും വായിക്കുകയും താഴെചേർക്കുന്ന നിശ്ചയങ്ങൾ ഐകകണ്ഠേന്യന പാസ്സാക്കുകയും ചെയ്തു.

**യോഗനിശ്ചയങ്ങൾ**

1. ദൈവത്തെ ഏകാവലംബമായി സ്വീകരിച്ചുകൊണ്ടു ബഥനിയേയും അതിനോടു ചേർന്നുള്ള സർവ്വവിധ സ്ഥാപനങ്ങളെയും ഉണ്ടാക്കി നടത്തുവാൻ നി. വ. ദി. ശ്രീ. മാർ ഈവാനിയോസ് മെത്രാപ്പോ ലീത്താ തിരുമേനിയെ കാരുണ്യപൂർവ്വം ആശീർവദിച്ച ദൈവത്തെ ഈ യോഗം ഭക്തിപൂർവ്വം സ്തുതിക്കയും യോഗസമക്ഷം വായി ച്ചതും ബഥനിയുടെ നാനാമുഖങ്ങളായ പ്രവൃത്തികളെ സംക്ഷി പ്തമായി വിവരിക്കുന്നതുമായ റിപ്പോർട്ടിനെയും വരവുചെലവു കണക്കുകളെയും ഈ യോഗം സർവ്വാത്മനാ അംഗീകരിക്കുകയും ചെയ്യുന്നു.

2 സ്വതന്ത്രസ്ഥാപനമായ ബഥനിയുടെ സ്ഥാപകനും അദ്ധ്യക്ഷനു മെന്ന നിലയിൽ നി. വ. ദി. ശ്രീ. മാർ ഈവാനിയോസു മെത്രാപ്പോ ലീത്താ തിരുമനസ്സുകൊണ്ടു ഭരണവിഷയത്തിൽ തികച്ചും സർവ്വ സ്വതന്ത്രനായിരിക്കെ ബഥനിയുടെ ധർമ്മനിധി സംരക്ഷണ യ്ക്കായും അതിന്റെ ധനവിനിയോഗത്തിനായുമുള്ള ആലോചന കൾക്കുവേണ്ടി മൂലധനത്തിലേക്കായി സംഭാവന നല്കിയവരെ ക്ഷണിപ്പാൻ തിരുവുള്ളം തോന്നിയ തിരുമേനിയോടു ഈ യോഗ ത്തിനുള്ള ബഹുമാനത്തെയും കൃതജ്ഞതയേയും രേഖപ്പെടുത്തി ക്കൊള്ളുന്നു.

3 ബഥനിയുടെ "ധർമ്മനിധി" സംരക്ഷണയ്ക്കായി ട്രസ്റ്റികളേയും ഒരു ഭരണസമിതിയേയും നിയമിക്കേണ്ടതാണെന്നുള്ള അദ്ധ്യക്ഷൻ തിരു മനസ്സിലെ അഭിപ്രായത്തെ ഈ യോഗം അംഗീകരിക്കുന്നു.

4 മേൽ നടത്തയ്ക്കാവശ്യപ്പെട്ട വ്യവസ്ഥകളെ ക്രോഢീകരിച്ചെഴുതി യോഗസമക്ഷം അവതരിപ്പിച്ചിട്ടുള്ള ഭരണഘടനയെ ഈ യോഗം സ്വീകരിക്കുകയും മെസ്സേഴ്സ് ഐ. എം. ഇടിക്കുള്ള (വടശ്ശേരിക്ക ര) പി.കെ. കൊച്ചുമ്മൻ (നിരണം) എം. പുന്നൂസ് വറുഗീസ് (തിരു

വല്ലാ) എന്നിവരെ ട്രസ്റ്റികളായും പതിമൂന്നു അംഗങ്ങളെ (ബഥന്യാശ്രമസ്ഥരെ) ഭരണസമിതിയിലെ അംഗങ്ങളായും നിയമിക്കണമെന്നു ഈ യോഗം ബഥനി സ്ഥാപകനായ അദ്ധ്യക്ഷൻ തിരുമേനിയോടു അപേക്ഷിക്കുകയും ചെയ്യുന്നു.

*  *  *  *

## കത്തോലിക്കാപുനരൈക്യാവശ്യകത

ബഥനിയുടെ സ്വതന്ത്രനിലയെപ്പറ്റി നടത്തിയ മേലുദ്ധരിച്ച പ്രസംഗത്തിനുശേഷം സാർവത്രികക്രൈസ്തവസഭ, കേരളത്തിലെ ക്രിസ്തുമതം, യാക്കോബായസഭയിലെ ഭിന്നത, ക്രൈസ്തവപുനരൈക്യത്തിന്റെ ആവശ്യകത, കത്തോലിക്കാപുനരൈക്യാലോചനകൾ എന്നീ വിഷയങ്ങളെ ക്രോഡീകരിച്ചു കഥാപുരുഷൻ തുടർന്നു നടത്തിയ ശ്രദ്ധേയമായ പ്രസംഗമാണു ഇനിയും ചേർക്കുന്നത്. കത്തോലിക്കാപുനരൈക്യത്തിനായുള്ള ആലോചനകളും എഴുത്തുകുത്തുകളും നടത്തുവാൻ തനിക്കു പ്രേരണനല്കിയ കാരണങ്ങൾ സംക്ഷിപ്തമായി ഈ പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

"അവസാനമായി നമുക്കു നിങ്ങളോടു പറയാനുള്ളതു കത്തോലിക്കാപുനരൈക്യം സുംബന്ധിച്ചു നമ്മെപ്പറ്റി ഈയിടെ എവിടെയും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന ശബ്ദഭേരിയെപ്പറ്റിയത്രേ. ലോകൈകനാഥനായ യേശുക്രിസ്തു മനുഷ്യരുടെ ജീവരക്ഷയ്ക്കായി ലോകത്തിൽ ഒരു സഭയെ സ്ഥാപിച്ചു. ക്രമാനുഗതം അതു അഭിവൃദ്ധിപ്പെട്ടും പരിപുഷ്ടിപ്രാപിച്ചും വന്നിരുന്നു. ക്രിസ്താബ്ദം 451–ാമാണ്ടിൽ സർവ്വലോകക്രിസ്തീയ മതാദ്ധ്യക്ഷന്മാർ (ബിഷപ്പന്മാർ) ചേർന്നു നടത്തിയ ഒരു യോഗത്തിൽ (കാൽസിഡോൻ സിന്നഡ്) വെച്ചു ക്രിസ്തീയസഭയിൽ ഒരു പിളർപ്പുണ്ടാകുവാൻ സംഗതിയായി. ന്യൂനപക്ഷക്കാരായ അപൂർവ്വം ചിലരുടെ അഭിപ്രായത്തിനു പ്രാബല്യമുണ്ടാകാഞ്ഞതിനാൽ ഉളവായ ദുരഭിമാനപ്രസക്തിയാണു ആ പിളർപ്പിനു കാരണമെന്നു പ്രാചീനചരിത്രഗ്രന്ഥങ്ങൾ ഒന്നൊഴിയാതെ സാക്ഷീകരിക്കുന്നുണ്ട്. ഭിന്നാഭിപ്രായക്കാരായി പിരിഞ്ഞുപോയവർ മറ്റൊരുസഭയായി രൂപീകരിക്കപ്പെട്ടു. കാലാന്തരത്തിൽ അതു അഭിപ്രായഭേദത്താലും സ്വാതന്ത്ര്യേഛയാലും പലതായി വിഭാഗിക്കപ്പെട്ടു. ഇങ്ങനെ ഉണ്ടായിത്തീർന്ന വിവിധ സഭകളിൽ ഒന്നിന്റെ പേരാണു "യാക്കോബായസഭ" എന്നു സംക്ഷിപ്തമായി പറയാം. ഏകദേശം ഇതുപോലെതന്നെയാണു കേര

ളത്തിലെ ക്രിസ്തുമതത്തിന്റേയും ചരിത്രമെന്നു നാം ഗൌനിക്കേണ്ട തുമുണ്ട്. യേശുക്രിസ്തുവിന്റെ ശ്രേഷ്ഠശിഷ്യരിൽ ഒരാളായ മാർത്തോമ്മാശ്ലീഹാ എന്ന പുണ്യാത്മാവിന്റെ തൃപ്പാദസ്പർശനത്തോടു കൂടിയാണു കേരളത്തിൽ ക്രിസ്തുമതത്തിന്റെ ഉത്ഭവമെന്നു പറയേണ്ടതില്ലല്ലോ. 17-ാം നൂറ്റാണ്ടുവരെയും, ക്രിസ്ത്യാനികളായിത്തീർന്ന കേരളീയരാസകലം ഒരു വമ്പിച്ച തറവാട്ടിലെ അംഗങ്ങളെന്നുള്ളനിലയിൽ ഏകയോഗക്ഷേമപൂർവ്വം വർത്തിച്ചു പോന്നു. അങ്ങനെയിരിക്കവെയാണു നിസ്സാരമായ ഒരു കാരണത്തിന്മേൽ-അവാസ്തവമായ ഒരു കിംവദന്തിയെ അടിസ്ഥാനമാക്കിക്കൊണ്ടു-ഏതാനും പേർ അതിൽ നിന്നു പോവുകയുണ്ടായത്. മതവിശ്വാസപരമായ യാതൊരു കാരണത്താലുമല്ല ഈയൊരു പിളർപ്പുണ്ടായതെന്നു ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. പിരിഞ്ഞുപോയവർക്കു "പുത്തൻ കൂറ്റുകാർ" എന്നും മറ്റവർക്കു "പഴയകൂറ്റുകാർ" എന്നും പേരുകളുണ്ടായി. പഴയകൂറ്റുകാരുടെ മതാദ്ധ്യക്ഷൻ സർവ്വലോക ക്രൈസ്തവസഭയുടെ പ്രധാനാദ്ധ്യക്ഷന്മാരുടെ ശിരോമകുടമായ മാർപ്പാപ്പായത്രേ. സ്ഥിരമായ ഒരു മതാദ്ധ്യക്ഷൻ ഇല്ലായ്കയാൽ പുത്തൻകൂറ്റുകാർ വളരെ വിഷമിക്കാൻ തുടങ്ങി. തന്നിവാരണാർത്ഥം ചെയ്ത അപേക്ഷയുടെ ഫലമായി യാക്കോബായസഭയുടെ അദ്ധ്യക്ഷൻ (പാത്രിയർക്കീസ്) കേരളത്തിൽ വരുകയും അങ്ങനെ ഇവിടെ യാക്കോബായസഭയ്ക്കു പ്രവേശം ലഭിക്കുകയും ചെയ്തു.

കേരളത്തിലെ പുത്തൻകൂറ്റുകാരുടെ ചരിത്രം പരിശോധിക്കുന്ന പക്ഷം അനവരതമായ അന്തഃഛിദ്രത്തിന്റേയും മത്സരവ്യവഹാരാദികളുടെയും കേളീരംഗമായിട്ടുതന്നെയാണു അതു പരിണമിക്കുകയുണ്ടായതെന്നു കാണാം. ആദ്യമായി അതിൽ നിന്നു ഏതാനും പേർ പിരിഞ്ഞതുനിമിത്തം "തോഴിയൂർസഭ" (അഞ്ഞൂർസഭ) സംജാതമാകുവാൻ സംഗതിയായി. അനന്തരകാലത്തിൽ കുറെപ്പേർ ആംഗ്ലേയസഭയുടെ അംഗങ്ങളായി ചേർന്നുപിരിഞ്ഞു. പില്ക്കാലത്തു സുദീർഘമായ ഒരു വ്യവഹാരത്തിനുശേഷം കുറെയധികം പേർ ഒന്നായി പിരിഞ്ഞു പോകുകയും അവർ "മാർത്തോമ്മാ" എന്ന പേരിൽ സ്വതന്ത്രരാകുകയും ചെയ്തു. അനന്തരം അമ്പതു സംവത്സരം തികയുന്ന തിനകമായി ഉണ്ടായതത്രേ യാക്കോബായസഭയിൽ ഇപ്പോൾ കാണുന്ന വിഭാഗങ്ങളും വ്യവഹാരങ്ങളും. "ബാവാകക്ഷി" "മെത്രാൻകക്ഷി" എന്ന പേരിൽ അതു പ്രബലമായ രണ്ടു സൈന്യപംക്തികളെന്നവണ്ണം പരസ്പരം തുടങ്ങിയ ദ്വന്ദ്വയുദ്ധം ഇന്നും സമാപ്തിയടഞ്ഞിട്ടില്ലല്ലോ.

ഇതിൽ മെത്രാൻകക്ഷി വിഭാഗത്തിൽ ആദ്യകാലത്തു ഉൾപ്പെടുവാൻ ഇടയായ നാം അതിന്റെ അഭിവൃദ്ധിക്കും ഉദ്ദേശ്യത്തിനും ഒത്തവണ്ണം യഥാവിധി പലതും പ്രവർത്തിച്ചുവെന്നും, നമ്മുടെ ആ സമുദായസേവനം തന്നെയാണു ഇദംപ്രഥമമായി യാക്കോബായസഭയുടെ അടിത്തട്ടു കാണുവാൻ നമുക്കിടയാക്കിയതെന്നും, അതിനാൽ മാത്രമാണു സ്വദേശംവിട്ടു സെറാമ്പൂർക്കു പോയതും അവിടെവെച്ചു യാക്കോബായസഭയുമായി ബന്ധമില്ലാത്തവിധം ബഥനി സ്ഥാപിപ്പാൻ നമുക്കു ഇടവരുത്തിയതെന്നും നിങ്ങൾ വേണ്ടപോലെ അറിഞ്ഞിട്ടുള്ളവയാണ്.

നിശ്ചിതസ്ഥലത്തു എത്തുന്നതിനു കല്ലും മുള്ളും സദാ ഉണ്ടായിക്കൊണ്ടിരിക്കുന്ന വഴിയിലൂടെ പോകാതെ വെട്ടിത്തെളിച്ചിട്ടുള്ള ശരിയായ ഒരു വഴിയുണ്ടെന്നറിഞ്ഞാൽ ഏതൊരു പാന്ഥനും അതിലൂടെ യാത്രചെയ്യാൻ ഇഷ്ടപ്പെടുമെങ്കിൽ സാർവത്രിക കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനെപ്പറ്റി നാം ചെയ്ത ആലോചനകളും പരിശ്രമങ്ങളും ആക്ഷേപാർഹമെന്നു നിങ്ങളിലാരും വിധിക്കുമെന്നു നമുക്കു തോന്നുന്നില്ല. ക്രിസ്തുവിന്റെ ആദർശത്തെ പ്രമാണിക്കുക എന്നതാണ് ഒരു ക്രിസ്ത്യാനിയുടെ ധർമ്മമെങ്കിൽ അതിനു പ്രതിബന്ധമായി കാണപ്പെടുന്ന സകലത്തെയും അവഗണിച്ചു പ്രവർത്തിപ്പാൻ അവനു കടമയുണ്ട്. ഓരോരുത്തരുടെ അഭിരുചിക്കും, അഭിപ്രായത്തിനും എന്നു തന്നെയല്ല, ദുരഭിമാനത്തിനും ക്രിസ്തുമതം വിധേയമായിരുന്നു കൂടാത്തതത്രേ. ഇതിനെ കാര്യമായി ഗൌനിക്കുന്നവരാണു ക്രിസ്ത്യാനികളെങ്കിൽ ക്രിസ്തുമതത്തിൽ ഇത്രയധികം ശാഖകളോ വിഭാഗങ്ങളോ ഉണ്ടാകുവാൻ ഇടയുള്ളതല്ല. പൂർവ്വാപരവിരുദ്ധങ്ങളായ ധർമ്മോപദേശങ്ങൾ ക്രിസ്തു ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് ഒന്നിൽ നിന്ന് പലതായി പൊട്ടിത്തെറിച്ചിട്ടുള്ള ഓരോ വിഭാഗത്തിന്റെയും മലിനമായ അസ്ഥിവാരം നമുക്കു കാണാൻ കഴിയുന്നതായിരിക്കും.

ക്രൈസ്തവസഭുടെ സാക്ഷാൽ ഉടൽ സാവ്വത്രികസഭയാണെന്നുള്ളതു നിർവ്വിവാദമത്രേ. സാക്ഷാൽ തായ്ത്തടിയിൽ നിന്നും ഛേദിക്കപ്പെടുന്ന ഏതൊരു ശാഖയ്ക്കും ജീവച്ഛക്തി ലഭിക്കാവുന്നതല്ല. ഈ സാമാന്യതത്വം ക്രൈസ്തവസഭയിലെന്നപോലെ മറ്റെവിടെയെങ്കിലും കാണുന്നുണ്ടോ എന്നു സംശയം. അജ്ഞതകൊണ്ടോ, ദുരഭിമാനപ്രസക്തിയാലോ, അല്ലെങ്കിൽ ദുസ്വാതന്ത്ര്യകാംക്ഷ നിമിത്തമോ മാത്രം സാർവ്വത്രികസഭയിൽ നിന്നും ഇതരക്രിസ്ത്യാനികൾ അകന്നു നില്ക്കുന്നുവെന്നേ നാം വിചാരിക്കുന്നുള്ളൂ. ഈ വിധത്തിൽ ക്രൈസ്തവസഭയുടെ അന്തർഭാഗത്തേക്കു നാം ദൃഷ്ടിപതിപ്പിച്ചിട്ടുണ്ടെന്നു തുറന്നു

പറയട്ടെ. അതിന്റെ ഫലമത്രേ സാർവ്വത്രികസഭയുമായുള്ള പുനരൈക്യാലോചനയെന്നു പറയാം. നമ്മെപ്പോലെ യാക്കോബായസഭയിൽ ജനിച്ചു വളർന്നവരാണെങ്കിലും വേറെ ചിലർക്കും ഈയൊരു ഉൾബോധനം ഉണ്ടായിട്ടുള്ളതായി നിങ്ങളിൽ ചിലരെങ്കിലും അറിഞ്ഞിരിക്കാം. നിര്യാതനായ രണ്ടാമത്തെ കാതോലിക്കോസിനു ഈ വിഷയത്തിലുള്ള ആകാംക്ഷയും അക്ഷമയും എത്രമാത്രമായിരുന്നുവെന്നു നമുക്കു നല്ല പോലെ അറിവുണ്ട്. ഇപ്പോഴത്തെ കാതോലിക്കോസും ഇതൊന്നു മാത്രമെ സ്വൈരമായ ക്രിസ്തീയജീവിത്തിനു നിദാനമായിട്ടുള്ളൂവെന്നു ബോദ്ധ്യം വന്നിട്ടുള്ള ദേഹവുമത്രേ. ഞങ്ങൾ മൂവരുടെയും ആലോചനകളുടെ പലമായി ഇതു സംബന്ധിച്ചു പല കത്തിടപാടുകളും നടക്കുകയുണ്ടായിട്ടുണ്ട്. ദൈവത്തിനെത്രെയോ പ്രസാദകരമായിരിക്കാവുന്ന ഈ പ്രസ്ഥാനത്തെ മലങ്കരമെത്രാപ്പോലീത്തായും അനുകരിക്കുമെന്നുള്ള പ്രതീക്ഷയിൽത്തന്നെ ഞങ്ങൾ എഴുത്തുകുത്തുകൾ ആരംഭിച്ചു. മാർപ്പാപ്പാതിരുമനസ്സിലെ പരമാധികാരം സമ്മതിക്കുന്നതും സാർവ്വത്രികസഭയിൽ ഉൾപ്പെട്ടതുമായ ഒരു പ്രത്യേകവിഭാഗമായി കഴിഞ്ഞുകൂടുവാനും, ഇതുപര്യന്തം ഉപയോഗിച്ചു വന്നിട്ടുള്ള ആരാധനാരീതികളും മതകർമ്മങ്ങളും മേലിലും നടത്തിക്കൊണ്ടുപോകുവാനുള്ള അനുമതിയാണു ഞങ്ങൾ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തു വന്നത്. എഴുത്തുകുത്തുകൾ നടത്തിവന്നിട്ടുള്ളതു നാം ആണെങ്കിലും അതു ഒരു പ്രതിപുരുഷനെന്നുള്ള നിലയിൽ മാത്രമായിരുന്നുവെന്നും, ഞങ്ങൾ എല്ലാവരും ചേർന്നുനടത്തിയ ആലോചനകളുടെ ഫലമാണു നമ്മുടെ കത്തുകൾ എന്നുമുള്ളതിനു അവയ്ക്കോരൊന്നിനും ലഭിച്ചതായി നമ്മുടെ കൈവശമുള്ള മറുപടിക്കത്തുകൾത്തന്നെ ആധാരങ്ങളാണ്. *കത്തോലിക്കാപുനരൈക്യം സംബന്ധിച്ചു ഇതിനു മുമ്പു മലങ്കരയാക്കോബായസഭയിലെ ആത്മീയാദ്ധ്യക്ഷന്മാരിൽ ചിലർ ശ്രമം ചെയ്കയുണ്ടായിട്ടുണ്ടെന്നുള്ളതു ഈ ഘട്ടത്തിൽ സ്മരണീയമത്രെ. ഇവരിൽ ചിലരുടെ പേരുകൾ ഉദ്ധരിക്കുന്നതു ഇവിടെ അസംഗതമായിരിക്കുകയില്ല. 1909-ൽ നിര്യാതനായ പുലിക്കോട്ടു മാർ യൌസേപ്പു ദിവന്നാസ്യോസ്, അദ്ദേഹത്തിനു പത്തുമുപ്പതു കൊല്ലത്തിനു മുമ്പു മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ചേപ്പാട്ടു മാർ ദിവന്നാസ്യോസ്, 1770-ൽ വലിയ മാർ ദിവന്നാസ്യോസ്

*പ്രസ്തുതകത്തുകളിൽ പലതും ഈ ഗ്രന്ഥത്തിന്റെ 21 - 24 വരെയുള്ള അദ്ധ്യായങ്ങളിൽ ചേർത്തിരുന്നതു വായനക്കാർ വിസ്മയിച്ചിരിക്കയില്ലല്ലോ. (ഗ്രന്ഥകർത്താ)

എന്ന അപരാഭിധാനത്തിൽ വാണിരുന്ന 6-ാം മാർത്തോമ്മാ, അദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന 5-ാം മാർത്തോമ്മാ ആദിയായി പലരും ഈ വിഷയത്തിൽ യഥാമതിയത്നം ചെയ്തിട്ടുള്ളതായി മലങ്കര യാക്കോബായസഭാചരിത്രം വിശദപ്പെടുത്തുന്നുണ്ടല്ലോ. ഏവംവിധമായ അവരുടെ പരിശ്രമം ആദരണീയവും സ്തുത്യർഹവുമാണെന്നു പരക്കെ സമ്മതിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ഞങ്ങളുടെ പുനരൈക്യാലോചനകളുടെ ഉദ്ദേശ്യവും അതിന്റെ പരിശുദ്ധിയും താനേ ബോദ്ധ്യപ്പെടാതിരിക്കുന്നതല്ലെന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്.

യാക്കോബായസഭയ്ക്കും റോമൻ കത്തോലിക്കാസഭയ്ക്കും തമ്മിൽ അന്തർലീനമായ ഒരു ബന്ധമുണ്ടെന്നുള്ള വാസ്തവം നിങ്ങൾ ഗ്രഹിച്ചിരിക്കാം. ഇരുസഭകളിലുമുള്ള വൈദികാദ്ധ്യക്ഷന്മാരുടെ സ്ഥാനസാധുത്വത്തെ ഈഷൽഭേദം കൂടാതെ അന്യോന്യം വക വെയ്ക്കുന്നുണ്ടെന്നും ഇരുകൂട്ടരും മതകർമ്മങ്ങൾക്കു പരസ്പരം മാറ്റു കല്പിക്കുന്നുണ്ടെന്നും നിങ്ങൾക്കു അറിവുള്ളതാണല്ലോ. അഞ്ചാംശതകത്തിൽ യാക്കോബായക്കാർ കത്തോലിക്കാസഭയിൽ നിന്നും പിരിഞ്ഞുപോകയാൽ അവർ ശീശ്മക്കാരായിത്തീർന്നിരിക്കുന്നതു നിമിത്തം അവർക്കു കത്തോലിക്കാ സഭയുമായി സംസർഗ്ഗം ഇല്ലാതിരിക്കുന്നു. ഈദൃശ്യമായ ദുഃസ്ഥിതി ഭേദപ്പെട്ട് യാക്കോബായക്കാരും, ഓർത്തഡോക്സുകാരും, ഗ്രീക്കുകാരും അർമ്മേനിയൻകാരും മറ്റും ഒന്നായി കത്തോലിക്കാ സഭയുമായി യോജിച്ച് പൊതുവായ ഒരു അദ്ധ്യക്ഷനെ സ്വീകരിക്കുകയും "ഒരു ആട്ടിൻ കൂട്ടവും ഒരിടയനും" എന്നുള്ള വേദോക്തി പ്രായോഗികമായിത്തീരുകയും ചെയ്യത്തക്കവണ്ണമുള്ള ഒരു സൗഭാഗ്യാവസ്ഥ ക്രൈസ്തവ ലോകത്തിനുണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിച്ചിട്ടുണ്ട്, ആഗ്രഹിക്കുന്നുമുണ്ട്. അതിനാൽ തന്നെയാണ് സിറിയാ രാജ്യത്ത് ബയ്റൂട്ടിൽ താമസിക്കുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് റഹമാനി പാത്രിയർക്കീസുമായി ഞങ്ങൾ കത്തിടപാടുകൾ നടത്തുകയുണ്ടായത്. ഇദ്ദേഹം കത്തോലിക്കാസഭയിലുള്ള അന്ത്യോഖ്യാ പാത്രിയർക്കീ സാണെന്നു പറയേണ്ടതില്ലല്ലോ.

പുനരൈക്യം സംബന്ധിച്ചു പ്രത്യേകം ചില കാര്യങ്ങൾ യാക്കോബായക്കാരായി ഇവിടെ സന്നിഹിതരായിട്ടുള്ള സുഹൃജ്ജനങ്ങൾ ഗ്രഹിച്ചിരുന്നാൽ കൊള്ളാമെന്നു നാം ആഗ്രഹിക്കുന്നു.

യാക്കോബായക്കാരുടെ കാനോൻ പുസ്തകത്തിൽ താഴെപ്പറയുന്ന ഒരു വാചകമുണ്ട്. "ലോകത്തിന്റെ നാലുഭാഗങ്ങളിലുമായി

നാലുപാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരെല്ലാവരുടെയും തലവനും നേതാവും (നേതാവായ തലവൻ എന്നു പാഠഭേദമുണ്ട്). റോമിലെ പാത്രിയർക്കീസായിരിക്കണം." അലക്സാന്ത്രിയായിലെ പാത്രിയർക്കീസും കുസ്തന്തിനോപോലീസിലെ പാത്രിയർക്കീസും റോമിലെ പാത്രിയർക്കീസനെ അഥവാ മാർപ്പാപ്പായെ ഞങ്ങളുടെ നേതാവും തലവനുമായി അംഗീകരിക്കേണ്ടതാണെന്ന് ഈ ഭാഗത്ത് വ്യക്തമാക്കുന്നുണ്ട്. യാക്കോബായക്കാരുടെ പ്രാർത്ഥനാപുസ്തകം പരിശോധിക്കുന്ന പക്ഷം റോമിലെ പാത്രിയർക്കീസായ മാർപ്പാപ്പാ വിശുദ്ധനായ പത്രോസിന്റെ യഥാർത്ഥ അനന്തരഗാമിയാണെന്നും, വിശുദ്ധ പത്രോസ് റോമിൽവെച്ച് മരിച്ചുവെന്നു സാക്ഷീകരിക്കുന്നു.

ഇവയ്ക്കു പുറമെ "ഭൂമിയുടെ നാലുഭാഗങ്ങളിലുള്ള ദൈവത്തിന്റെ സഭയെ ഭരിക്കുന്നവരായ സർവ്വമേല്പട്ടക്കാർക്കും വേണ്ടി" യാക്കോബായ സഭയിൽ വിശുദ്ധകുർബാനമദ്ധ്യേ കഴിക്കപ്പെടുന്ന പ്രാർത്ഥനയെ ശ്രദ്ധിക്കുന്ന പക്ഷവും പ്രസ്തുത നാലു പാത്രിയർക്കീസന്മാർക്കും തമ്മിൽ പരസ്പരം ഉള്ള ഐക്യം വിശദമാകുന്നതാണ്.

ഈ പറഞ്ഞതിൽ നിന്നും കാതോലിക്കോസോ, ബഥനി മെത്രാപ്പോലീത്തായായ നാമോ കത്തോലിക്കാപുനരൈക്യം സംബന്ധിച്ച് ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളതു യാക്കോബായക്കാരുടെ ദൃഷ്ടിയിൽ കുറ്റകരമായിരിപ്പാൻ ഇടയുള്ളതല്ലല്ലോ."

പ്രസംഗാനന്തരം പ്രാർത്ഥനയും ആശീർവാദവും കഴിഞ്ഞ് യോഗം പിരിയുകയും ചെയ്തു.

## അദ്ധ്യായം – 27

# നിർദ്ദേശ സമർപ്പണവും നിരോധന കല്പനയും

മലങ്കരയിലെയും തദ്വാരാ, ഭാരതത്തിലെയും ക്രൈസ്തവസഭ യുടെ ശോഭനമായ ഭാവിയെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളായിരുന്നു മാർ ഈവാനിയോസ് നടത്തിക്കൊണ്ടിരുന്നതെന്ന് ഈ ഗ്രന്ഥത്തിന്റെ കഴിഞ്ഞ അദ്ധ്യായങ്ങളിൽ നിന്നും വായനക്കാർക്ക് ബോദ്ധ്യായിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. അതിനുവേണ്ടി കഥാപുരുഷൻ നിർവ്വഹിച്ചിട്ടുള്ള നിസ്തന്ദ്രസേവനങ്ങൾ, എഴുതിയിട്ടുള്ള നിരവധി കത്തുകൾ, നടത്തിയിട്ടുള്ള ശ്രദ്ധേയമായ പ്രസംഗങ്ങൾ എന്നിവയെല്ലാം സംക്ഷിപ്തമായിട്ടെങ്കിലും ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കഴിഞ്ഞു. ഏതദുദ്ദേശ്യാർത്ഥം തുടർന്ന് അദ്ദേഹം നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങളും എഴുത്തുകുത്തുകളും ഇനിയുള്ള അദ്ധ്യായങ്ങളിൽ ചേർക്കുന്നതാണ്.

ബഥനിയുടെ സ്വതന്ത്രനില പരിപാലിച്ചുകൊണ്ട് ബഥനി ആശ്രമസ്ഥരായ സന്ന്യാസികളും സന്ന്യാസിനികളും മുഖേന യാക്കോബായ സഭയുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധി കൈവരുത്തുവാൻ സാധിക്കുമെന്നുള്ള സുദൃഢമായ പ്രതീക്ഷയായിരുന്നു കഥാപുരുഷനുണ്ടായിരുന്നത്. പക്ഷേ, തന്റെ പ്രതീക്ഷ അസ്ഥാനത്തായിത്തീർന്നെന്നും യാക്കാബോയസഭയിൽ അസ്വസ്ഥതയും കുഴപ്പങ്ങളും ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടിരിക്കുന്നതേയുള്ളുവെന്നും അനുഭവത്തിൽ നിന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. ഇതെപ്പറ്റി

'ഗിരിദീപ'ത്തിൽ ഖേദപൂർവ്വം എഴുതിയിരിക്കുന്ന ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:-

## മനോരാജ്യപര്യവസാനം

"ബഥന്യാശ്രമം സംബന്ധിച്ച ആലോചനകളും പ്രാരംഭ പരിശ്രമങ്ങളും നടന്നുവന്ന ആ കാലത്തായിരുന്നു തിരുവനന്തപുരം ജില്ലാക്കോടതിയിൽ പ്രമാദമായ വട്ടിപ്പണക്കേസിന്റെ പ്രഥമവിചാരണകൾ തുടങ്ങിയിരുന്നത്. കാനോൻ സംബന്ധിച്ച വിഷയത്തിൽ നാം ആ കേസിലെ പ്രതിഭാഗം സാക്ഷിയായിരുന്നതിനാൽ സഭാചരിത്രം കാനോൻ വ്യാഖ്യാനങ്ങൾ ആദിയായി സാക്ഷിമൊഴിക്കാവശ്യമായ പല പുസ്തകങ്ങളും വായിച്ചു നോക്കുകയായിരുന്നു സെറാംപൂർ വെച്ചുണ്ടായ കുറെ നാളത്തെ ജോലിയെന്നു പറയാം. തദവസരങ്ങളിലും, അനന്തരം സാക്ഷിമൊഴികൊടുക്കുവാനായി തിരുവനന്തപുരത്തുചെന്നു താമസിച്ചിരുന്നപ്പോഴും, അതിൽ പിന്നീടും മലങ്കരസഭയുടെ ഭാവിയെ സംബന്ധിച്ചു പുനരാലോചനകൾ ചെയ്യാൻ നാം പ്രേരിതനായിത്തീർന്നു. പഴയ കാലത്തിനിപ്പുറം കൊല്ലം 1050-നുശേഷമുള്ള മലങ്കരസുറിയാനി സഭയുടെ ഗതിവിഗതികളെ ആകമാനമൊന്നു വീക്ഷിച്ചപ്പോൾ ദുസ്സഹമായ മനോവേദനതന്നെയാണ് നമുക്കുണ്ടാകുമാറായത്. കടലിലെ തിരമാലകൾ കണക്കെ ഒന്നിനുപുറമെ മറ്റൊന്നായി കലഹങ്ങൾ, വ്യവഹാരങ്ങൾ, മത്സരങ്ങൾ, ദ്വന്ദയുദ്ധങ്ങൾ എന്നിവയുടെയെല്ലാം കേളീരംഗമായി തീർന്നിരിക്കുന്നു അതെന്നു നാം കണ്ടു. വി.സഭയുടെ സത്യമായ കാനോനകൾ പോലും അവഗണിക്കപ്പെട്ടിരിക്കുന്നെന്നു നമുക്കു ബോദ്ധ്യമായി. ഇവയെല്ലാറ്റിനെയും പറ്റി ആലോചിച്ചപ്പോൾ പുരാതനകാലത്തുതന്നെ കേരളത്തിൽ ക്രിസ്തുമതം സ്ഥാപിച്ചതിൽ ദൈവത്തിനുള്ള പരമോദ്ദേശ്യത്തെ നിറവേറ്റുന്നതിനോ, മലങ്കരയിലെ പൊതുസമുദായത്തിന്റെ കാതലായ ആദർശത്തെ പുലർത്തുന്നതിനോ, അതിന് ഉത്തരോത്തരമായ ഐശ്വര്യം വരുത്തുന്നതിനോ എളുപ്പമാണോ എന്നു നാം സംശയിച്ചു. സ്വാർത്ഥലോലുപന്മാരായ ഒന്നോ രണ്ടോ പേർ വിചാരിച്ചാൽ ഏതു നിലയിലെങ്കിലും കോട്ടിവളച്ചു പ്രാകൃതരൂപം നല്കുവാൻ ഏതും വിഷമമില്ലാത്ത പതനത്തിലാണു മലങ്കര സുറിയാനി സമുദായത്തിന്റെ ആധുനികസ്ഥിതിയെന്നു നാം അറിഞ്ഞു. തിര നീങ്ങി കടൽ കാണാൻ പ്രയാസമെന്നതുപോലെ, കലഹങ്ങൾ നീങ്ങി, വ്യവഹാരങ്ങൾ ശമിച്ചു അതിൽ ഹൃദയസന്ദായകമായ പ്രശാന്തത ഉണ്ടാവുക ക്ഷണസാദ്ധ്യ

മല്ലെന്നും നമുക്കു തോന്നി. സമുദായംഗങ്ങൾ തമ്മിൽ അന്യോന്യം പിണങ്ങിയാൽ അതിൽ ദൂഷ്യം പള്ളിക്ക്; പള്ളിയുടെ കേട് സമുദായത്തിന്. യഥാർത്ഥമായ ദൈവഭക്തിയും ക്രിസ്തുമതാനുസാരമായ പരിശുദ്ധിയും കൈവരുവാൻ ഇവയൊക്കെ പ്രതിബന്ധങ്ങളായിരിക്കയില്ലയോ?''

ഗിരിദീപം പുറം 70 - 71

## നിർദ്ദേശസമർപ്പണം

ഏതാദൃശ്യപരിതഃസ്ഥിതിയിൽ ബഥനിയുടെ സ്വതന്ത്രനില കൈവെടിയുവാൻ തനിക്കു സാദ്ധ്യമല്ലെന്നു കഥാപുരുഷൻ ഓർത്തഡോക്സ് സഭാമേലദ്ധ്യക്ഷന്മാരായ കാതോലിക്കാ ബാവായെയും, മാർ ദിവന്നാസ്യോസിനെയും കത്തുകൾ മുഖേനയും അഭിമുഖമായും പലപ്പോഴും അറിയിച്ചിട്ടുണ്ട്. അവസാനമായി ഇതിനുവേണ്ടി മൂന്നുമാർഗ്ഗങ്ങൾ അദ്ദേഹം നിർദ്ദേശിക്കുകയും അവ രേഖാരൂപത്തിൽ ഓർത്തഡോക്സ് സഭാമേലദ്ധ്യക്ഷന്മാർക്കു സമർപ്പിക്കുന്നതിനായി മി. ഈ. ജെ. ജോൺ വക്കീലിനെ ഭരമേല്പിക്കുകയും ചെയ്തു. 1105 കുംഭമാസം 15-ാം തീയതിയാണ് തിരുവനന്തപുരത്ത് വെച്ച് പ്രസ്തുത നിർദ്ദേശങ്ങൾ അടങ്ങിയ രേഖ മി.ജോൺ വക്കീലിനെ കഥാപരുഷൻ ഏല്പിച്ചത്. തദവസരത്തിൽ ബ. കാലേക്കാട്ടിൽ അച്ചൻ, പൂതക്കുഴിയിലച്ചൻ, ചിറ്റക്കാട്ടു അച്ചൻ, മി.ജെ. ജെ. പീലിപ്പോസ് എന്നിവർ അവിടെ സന്നിഹിതരായിരുന്നു. സമുദായഭാവിയെപ്പറ്റിയുള്ള പ്രസ്തുത നിർദ്ദേശങ്ങളാണ് താഴെ ചേർക്കുന്നത്:-

I. പാത്രിയർക്കീസുമായി യോജിക്കുന്നതിന് താഴെ പറയുന്നവ അപരിഹാര്യങ്ങളാണ്.

1. വലിയ തിരുമേനിയുടെ മുടക്കു തീർത്ത കല്പന വായിക്കണം.
2. പരിപൂർണ്ണ അധികാരത്തോടുകൂടിയ ദേശീയകാതോലിക്കായെ ശാശ്വതമായി ലഭിക്കണം.
3. മലങ്കരയിൽ പാത്രിയർക്കീസിന്റെ ഡലിഗേറ്റ് ആവശ്യമില്ല.
4. എ അക്കം കാനോൻ യഥാർത്ഥകാനോനായി സ്ഥാപിക്കപ്പെടണം.

ഇതേവരെയുള്ള വ്യവഹാരംകൊണ്ട് മലങ്കരസഭയുടെ ഭാവിക്ഷേമത്തിന് അത്യന്താപേക്ഷിതങ്ങളായ മേല്പറഞ്ഞവയൊന്നും

സാധിച്ചിട്ടില്ല. ഇവ മുഴുവനായി സാധിക്കുന്നതിനുമുമ്പ് ബഥനിയുടെ സ്വതന്ത്രനില കൈവെടിയുവാൻ നിർവ്വാഹമില്ല.

II. പാത്രിയർക്കീസുമായി വേർപിരിയുന്നതിനു താഴെ പറയുന്നവ അപരിഹാര്യങ്ങളാണ്. വലിയ തിരുമേനിക്കോ കാതോലിക്കാ ബാവായിക്കോ താഴെ പറയുന്നവ ഏതെങ്കിലും വിധത്തിൽ വിഷമമായി തോന്നിയേക്കുമോ എന്ന് ഭയപ്പെടുന്നതിനാൽ ഇതു പറയുവാൻ മടിയാണ്. എങ്കിലും സമുദായത്തിന്റെ പൊതുനന്മയെ ലാക്കാക്കി ഇതു പറയാതെ നിവൃത്തിയില്ല.

1. സർവ്വ വ്യവഹാരങ്ങളും അവസാനിപ്പിക്കണം.

2. യാക്കോബായ ട്രസ്റ്റിൽ ഉൾപ്പെട്ട സർവ്വവും വിട്ടിറങ്ങണം.

3. യാക്കോബായ പാത്രിയർക്കീസുമായി ഒരു നാളും ബന്ധപ്പെടുന്നതല്ലെന്നു കാതോലിക്കാബാവായും എല്ലാ മെത്രാച്ചന്മാരും ഉറപ്പുതരണം. ഇതെല്ലാം സാധിക്കുന്നതുവരെ ബഥനിയുടെ സ്വതന്ത്രനില കൈവെടിയുവാൻ നിർവ്വാഹമില്ല.

**III.** സമുദായത്തിന്റെ നന്മയ്ക്ക് ആവശ്യപ്പെട്ട ഏതെങ്കിലും ഒരു പ്രസ്ഥാനത്തെ സ്വീകരിക്കുന്നതിന് വലിയ തിരുമേനിയുടെ ജീവിതകാലത്ത് വേണ്ടതാണ്. അദ്ദേഹത്തിന്റെ സഹകരണം അതിലേക്ക് അത്യന്താപേക്ഷിതമാണ്. അവ്യവസ്ഥിതമായ ഇപ്പോഴത്തെ നില ഇനിയും തുടർന്നുകൊണ്ടു പോകുന്നതായാൽ മേല്പ്പറഞ്ഞ പദ്ധതികൾ അസാദ്ധ്യമായിത്തീരുകയും സമുദായം നശിക്കുകയും ചെയ്യും. ഒരുവിധത്തിലും ആത്മീയാഭിവൃദ്ധി പ്രതീക്ഷിക്കാവുന്നതുമല്ല.

## നിരോധന കല്പന

മി. ഈ.ജെ.ജോൺ മുഖേന സമർപ്പിച്ച നിർദ്ദേശ പത്രം പിറ്റേദിവസം തന്നെ അദ്ദേഹം ഓർത്തഡോക്സ് സഭാമേലദ്ധ്യക്ഷന്മാരെ ഏല്പിക്കുകയുണ്ടായി. തൽഫലമായി രണ്ടുദിവസം കഴിഞ്ഞ് (1105 കുംഭം 18-ാം തീയതി) കുണ്ടറവെച്ച് ഓർത്തഡോക്സ് മെത്രാന്മാരുടെ ഒരു സൂന്നഹദോസു കൂടുകയും അതിലെ നിശ്ചയമനുസരിച്ചു ബഥനിവകയായി മേലാൽ പള്ളികൾ വെയ്ക്കുവാൻ പാടില്ലെന്നുള്ള ഒരു നിരോധനകല്പന ആശ്രമാദ്ധ്യക്ഷനായ കഥാപുരുഷന് അയച്ചുകൊടുക്കുകയും ചെയ്തു. പ്രസ്തുത കല്പന താഴെ ചേർത്തുകൊള്ളുന്നു:-

നമ്മുടെ സഹോദരന്മാരായ ബഥനിയുടെ ബ.ഗീവറുഗീസു മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്കും ബഥനിയുടെ ബ.യാക്കോബു മാർ തിയോഫിലോസു എപ്പിസ്കോപ്പായ്ക്കും,

"ബഥനിവകയായി പുതിയ പള്ളികൾ പല ഇടവകകളിലും ഉണ്ടാകുന്നതുമൂലം ജനങ്ങളുടെ ഇടയിലും വിശേഷിച്ച് പട്ടക്കാരുടെ ഇടയിലും കഠിനമായ അസ്വാസ്ഥ്യം ഉണ്ടാകുന്നതായി നിങ്ങളും അറിഞ്ഞട്ടുണ്ടല്ലോ. ഇതേപ്പറ്റി ഞങ്ങൾ ചിന്തിച്ചതിൽ ഇടവകകളെ വിഭജിച്ച് പുതുതായി ബഥനിപ്പള്ളികൾ ഉണ്ടാകുന്നതു മേലാൽ നാം എല്ലാവരും കൂടി ആലോചിച്ച് തീരുമാനിച്ചതിന്റെ ശേഷം മാത്രമേ പാടുള്ളു എന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. അതിനാൽ അങ്ങനെ തീരുമാനിക്കുന്നതുവരെ ഈ ശ്രമം നിറുത്തി വെയ്ക്കണമെന്നാവശ്യപ്പെടുന്നു. ഭക്തിജനകമായ പ്രവൃത്തികൾ ഇപ്പോൾ ഉള്ള ഇടവകപ്പള്ളികൾ മൂലം നിങ്ങൾക്കും നടത്താവുന്നതാണല്ലോ. ഇതിനു വിപരീതമായി നിങ്ങൾ പ്രവർത്തിക്കുന്നപക്ഷം ഞങ്ങളുടെ ഉദ്ദേശ്യം പള്ളിക്കാരെ സാധനംമൂലം അറിയിക്കുന്നതിന് ഞങ്ങൾ നിർബന്ധിതരായി തീരുന്നതാണ്.

എന്ന് ക്രിസ്താബ്ദം 1930-ന് കൊല്ലം 1105 കുംഭമാസം 18-ാം തീയതി - കുണ്ടറ അരമനയിൽനിന്നും,

പൗരസ്ത്യകാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ്, (ഒപ്പ്)

മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസ്

മെത്രാപ്പോലീത്താ, (ഒപ്പ്)

കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് എപ്പിസ്കോപ്പാ,

(ഒപ്പ്)

## "കുഴൽകണ്ണാടി"യുടെ വീക്ഷണം

വന്ദ്യശ്രീമാന്മാരായ പുലിക്കോട്ടു ജോസഫ് റമ്പാനും, ചേപ്പാട്ടു ഫീലിപ്പോസ് റമ്പാനും കൂടെ എഴുതിയ "മലങ്കരസഭയുടെ കുഴൽക്കണ്ണാടി"യിൽ മേലുദ്ധരിച്ച നിരോധനകല്പനയെപ്പറ്റി എഴുതിയിരുന്ന രസകരമായ ഭാഗം താഴെ ചേർത്തുകൊള്ളുന്നു:-

"കുണ്ടറ വെച്ചു നിശ്ചിത ദിവസത്തിൽത്തന്നെ ഒരു വെള്ളിയാഴ്ച നാളിൽ സൂന്നഹദോസു കൂടി. കാതോലിക്കാ ബാവാ തിരുമനസ്സു

കൊണ്ട് അപ്പോൾ അവിടെ എഴുന്നള്ളി താമസിക്കുന്നുണ്ടായിരുന്നു. മുഹൂർത്തമായപ്പോഴേക്കും തിരുവനന്തപുരത്തു നിന്നും ശ്രീമാന്മാരായാ ഈ.ജെ.ജോൺ വക്കീൽ, ഇ.ജെ. പീലിപ്പോസ് വക്കീൽ ആദിയായ അപൂർവ്വം ചില സമുദായപ്രധാനന്മാരും വന്നു ചേർന്നു. ബഥനിത്തിരുമേനി മി. ജോൺ വക്കീൽ വശം ഏല്പിച്ച വ്യവസ്ഥ യെപ്പറ്റി വല്ല ആലോചനയും തീരുമാനവും അവിടെ വെച്ചുണ്ടായോ എന്നു ഞങ്ങൾക്കും ഇതുവരെയും അറിയുവാൻ കഴിഞ്ഞിട്ടില്ല. ബഥനിത്തിരുമേനിമാരുടെ പേർക്കുള്ള ഒരു കല്പന ശരിപ്പെടു ത്തുന്നതിൽ എല്ലാവരും ചേർന്ന് ആലോചിക്കുകയുണ്ടായതായി മാത്രം ഞങ്ങൾക്കറിയാം. കല്പന എഴുതിത്തീർന്നതോടു കൂടി സൂന്നഹദോസും അവസാനിച്ചു. അതൊരു സാമാന്യകല്പനയായി രുന്നില്ലെന്ന് ഇപ്പോൾ എവിടെയും പരസ്യമായിത്തീർന്നിരിക്കു കയാണല്ലോ. 'രഹസ്യക്കത്ത്' എന്ന മേലേഴുത്തോടുകൂടി അയച്ച ആ കല്പന ബഥനിത്തിരുമേനിമാർ കൈപ്പറ്റുന്നതിനു മുമ്പായി അതിലെ വിവരം തിരുവല്ലായിലും നിരണത്തും പരസ്യമാക്കപ്പെട്ടിരുന്നു. അനന്തരം അതിലെ സൂക്ഷ്മ വിവരം പഴയ സെമിനാരിയിൽ നിന്നും പുറപ്പെടുന്ന 'വൈദികൻ' എന്നു പേരായ മാസികയിൽ കാണുകയും ചെയ്തു. ബഥനിപ്പള്ളികൾ നിമിത്തം ജനങ്ങളുടെ ഇടയിൽ 'അസ്വാസ്ഥ്യം' നേരിടുന്നതായി അറിയുന്നതുകൊണ്ട് മേലിൽ ആലോചിച്ച് തീരുമാനിക്കുന്നതുവരെ ബഥനിപ്പള്ളികൾ സ്ഥാപിച്ച് പോകരുതെന്നുള്ള കാര്യം മാത്രമാണ് ആ കല്പനയിൽ അടങ്ങിയിരിക്കുന്നത്. എത്രയോ നന്നായി ചിന്തൂരമിട്ടു മയം തോന്നി ക്കുന്ന വിധം നിർമ്മിക്കപ്പെട്ട ഈ കല്പനയിലെ വാക്കുകളുടെ ഘനം പ്രഥമദൃഷ്ടിയിൽ ആർക്കും ബോദ്ധ്യമാകുകയില്ലായിരിക്കാം.

ദൈവാലയം സ്ഥാപിക്കുക, പട്ടം കൊടുക്കുക ഇവ രണ്ടുമാത്രേ മേല്പട്ടക്കാർക്കുള്ള പ്രത്യേകാധികാരങ്ങൾ. 'അസ്വാസ്ഥ്യം നേരിടുന്ന തായി അറിയുന്നതുകൊണ്ട് ആലോചിച്ചു തീരുമാനിക്കുന്നതുവരെ വി.കുർബാന ചൊല്ലരുത്' എന്ന് ഒരു പട്ടക്കാരനോടു പറയുന്നതും, പള്ളി വെയ്ക്കരുത് എന്ന് ഒരു മേല്പട്ടകാരനോടു പറയുന്നതും കാര്യത്തിൽ ഒരർത്ഥത്തെ തന്നെയാണ് കുറിക്കുന്നതെന്നു വായനക്കാർ സമ്മതിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. "ആലോചിച്ച് തീരുമാനിക്കുന്നതുവരെ" എന്ന പ്രയോഗത്തെക്കാൾ കൂടുതൽ മയം തോന്നിക്കുന്ന മറ്റൊരു പദം ഇവിടെ ചെലുത്തവാൻ കഴിവുള്ളതല്ല.

എത്രയോ പ്രശാന്തപൂരിതവും സമാധാനപരവുമായ ഒരു ദിക്കിൽ അസ്വാസ്ഥ്യം ഉണ്ടാക്കുന്നവ എന്തുതന്നെയായാലും അവയെ പിഴുതു കളയുക പോലും ആവശ്യമായിരിക്കെ അതിനൊരുമ്പെടാതെ, മേലിൽ പുതുതായി ആ വകയൊന്നും വെച്ചുപിടിപ്പിക്കരുതെന്നുമാത്രം നിശ്ചയിച്ചത് എത്രയോ സൗഹാർദ്ധപൂർവ്വകമായിരിക്കുന്നുവെന്ന് പറയേണ്ടതില്ല. പക്ഷേ, ബഥനിപ്പള്ളികൾ മൂലം മലങ്കരയിൽ അസ്വാസ്ഥ്യമോ? അസ്വാസ്ഥ്യം ഉണ്ടാക്കുന്നതായി അങ്ങിനെയും ചിലതുണ്ടെന്നുള്ളത് ഞങ്ങൾക്കൊരു പുതിയ അറിവായിരിക്കയാണ്. കഴിഞ്ഞ ഏതാനും ചില മാസങ്ങൾ വരെയും ഉണ്ടാവാത്ത ഒരു പുതിയ അസ്വാസ്ഥ്യം അടുത്തകാലം മുതൽ ഉണ്ടാകുവാൻ പാടില്ലാത്ത തല്ലെങ്കിലും അതിനെപ്പറ്റി കേട്ടിട്ടില്ലായ്കയാൽ സംശയിക്കുന്നു എന്നേയുള്ളൂ. ഇപ്പോഴത്തെ അസ്വാസ്ഥ്യവും ഉണ്ടായിട്ടില്ല. ഉണ്ടായേക്കുമെന്നു കരുതി മൻകൂട്ടി തടുത്തതാണെന്നു വരുമോ? അല്ലെങ്കിൽ എന്താണിതിനു കാരണം? "റോമായിൽ പോകുമോ ഇല്ലയോ" എന്ന ചോദ്യത്തിനു രണ്ടിലൊരു മറുപടി പറയാത്തതിനെ വ്യക്തപ്പെടുത്താതെ അസ്വാസ്ഥ്യത്തെ ഇവിടെ വെറുതെ ഭംഗിക്കുവേണ്ടി കുത്തിച്ചെലുത്തിയതാണെന്ന് അനുമാനിക്കുമോ? ഉള്ളിൽ കിടക്കുന്ന യഥാർത്ഥകാരണം ഇതാണെങ്കിൽ കഴിഞ്ഞ 86-ൽ നടന്ന ഒരു സംഭവത്തെ ഈ കല്പന നമ്മെ അനുസ്മരിപ്പിക്കുന്നു. അബ്ദുള്ളാബാവാ തിരുമേനി വലിയ തിരുമേനിയെ മുടക്കുകയു ണ്ടായല്ലൊ. മുടക്കുന്നതിനുമുമ്പ് വലിയ തിരുമേനിയോടായി നേരിട്ടു യാതൊരു സമാധാനവും പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് ചോദിക്കുകയുണ്ടായില്ല. അതിനാൽ സ്വാഭാവിക നീതിയനുസരിച്ച് ആ മുടക്ക് അസാധുവാണെന്ന് വിധിക്കപ്പെടുകയും ചെയ്തു. മേലിൽ പള്ളികൾ സ്ഥാപിക്കരുതെന്ന് ബഥനിക്കാരെ വിലക്കുന്നതായി കല്പന അയച്ച ഈ ഘട്ടത്തിലും സ്വാഭാവികനീതി അതിലംഘിക്കപ്പെട്ടു കാണുന്നതാണ് ആശ്ചര്യാവഹമായിട്ടിരിക്കുന്നത്. ബഥനി മെത്രാച്ചന്മാരോട് വലിയ തിരുമേനിയാകട്ടെ, കാതോലിക്കാബാവ തിരുമേനിയാകട്ടെ, ഇതിനെപ്പറ്റി മുൻകൂട്ടി യാതൊരു സമാധാനവും ചോദിച്ചിട്ടില്ലെന്നും, അഭിമുഖമായി കണ്ടിട്ടുള്ളപ്പോഴൊന്നും അസ്വാസ്ഥ്യത്തെക്കുറിച്ച് സൂചിപ്പിക്കപോലും ചെയ്കയുണ്ടാ യിട്ടില്ലെന്നും ഞങ്ങൾക്കറിവുള്ളതാണ്. അബ്ദുള്ളാപാത്രിയർക്കീസു ബാവായുടെ കല്പനയിലെന്നതുപോലെ പള്ളി വെയ്ക്കരുതെന്നുള്ള ഈ കല്പനയിലും യഥാർത്ഥകാരണം കാണിച്ചിട്ടില്ല.

ബഥനിസ്ഥാപനം യഥാർത്ഥത്തിൽ സ്വതന്ത്രമാണെന്നു വിചാരിക്കുന്ന പക്ഷം, ആ സ്ഥാപനം വകയായി പള്ളികൾ ഉണ്ടാക്കുന്നതിനെ ആർക്കും നിരോധിക്കാവുന്നതല്ലല്ലോ. ഉദാഹരണമായി നമുക്ക് ആഞ്ഞൂർ (തൊഴിയൂർ) ക്കാരെ എടുക്കാം. അവരും മാർത്തോമ്മാ സഭയുമായി വളരെ ഐക്യതയിൽ ആണല്ലോ എന്നു കരുതി ആഞ്ഞൂർക്കാർ പള്ളി വെയ്ക്കരുതെന്ന് മാർത്തോമ്മാക്കാർക്കു വിരോധിപ്പാൻ പാടുള്ളതാണോ? വിരോധിക്കാമെങ്കിൽ എന്തൊരു സ്വാതന്ത്ര്യമാണ് ആഞ്ഞൂർക്കാർക്കുണ്ടായിരിക്കുക എന്നതു ചിന്തനീയമത്രെ.

ബഥനിയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം രണ്ടിൽ ഏതെങ്കിലുമൊരു ഫലം ഉടനെ കാണണമെന്ന് ഈ കല്പനയ്ക്ക് ഉദ്ദേശമുള്ളതായി അനുമാനിക്കാവുന്നതാണ്. മേലിൽ പള്ളികൾ വെയ്ക്കുന്നില്ലെന്ന് മറുപടി നല്കിയാൽ ആ മറുപടി നിമിത്തം ബഥനി അന്ത്യോഖ്യാട്രസ്റ്റിന് അധീനമാണെന്ന് വന്നു കൂടുകയില്ലായിരിക്കുമല്ലോ ഫലം. പള്ളികൾ സ്ഥാപിക്കും എന്നു പറഞ്ഞാലോ? കാതോലിക്കാബാവാ തിരുമനസ്സിലെയും വലിയ തിരുമേനിയുടെയും ആജ്ഞകളെ അനുവർത്തിക്കാതെ സ്വേച്ഛാധികാരം നടത്താൻ ഒരുമ്പെട്ടിട്ടുള്ളവരാണ് ബഥനിക്കാർ എന്നു പൊതുജനങ്ങൾ അവരെ കുറ്റം വിധിക്കുകയും ചെയ്യും.

പ്രസ്തുത കല്പന എഴുതുന്നതിനുമുമ്പും, അതിൽ പിന്നെയും അതു ബഥനിത്തിരുമേനിമാരുടെ പേർക്കുള്ള അസ്ത്രമാണല്ലോ എന്നുള്ളതിനാൽ പ്രസ്തുത കാര്യത്തിൽ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് പല പ്രകാരേണ വൈമനസ്യം പ്രദർശിപ്പിച്ചുവെന്ന് ഞങ്ങൾ സൂക്ഷ്മമായി അറിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടൊന്നും വിശേഷാൽ ഫലമുണ്ടാകാൻ സംഗതി വന്നില്ല. എന്തൊരു കഷ്ടകാലവൈഭവമോ ദൈവശാപമോ! ഞങ്ങൾക്കറിഞ്ഞുകൂടാ. മലങ്കരസഭയെ ഏതെങ്കിലും തരത്തിൽ ഉദ്ധരിപ്പാൻ യത്നിക്കുന്നവർക്കൊക്കെ ഇത്തരത്തിലുള്ള പ്രതിഫലമോ പാരിതോഷികമോ മത്രമേ ലഭിക്കുന്നുള്ളു എന്നത് എത്രയോ മർമ്മഭേദകമായ വാസ്തവം തന്നെ. മലങ്കരസഭയുടെ രക്ഷാർത്ഥം ഉടമ്പടി തരാൻ നിർവ്വാഹമില്ലെന്നു പറഞ്ഞ വലിയ തിരുമേനിക്ക് അബ്ദുള്ളാബാവായിൽ നിന്നും ലഭിച്ച പാരിതോഷികമെന്തായിരുന്നു? ആ തിരുമേനി മുഖേന ഇപ്പോൾ ബഥനിത്തിരുമേനിമാർക്കു കിട്ടാൻ ഇടയായതോ? വലിയ തിരുമേനിയെ

അന്ത്യോഖ്യായുടെ പരുപരുത്ത നുകത്തോടു ബന്ധിപ്പാനയി അബ്ദള്ള പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് ആയുധം ഉപയോഗിച്ചു. മലങ്കരസഭയെ അന്ത്യോഖ്യാബന്ധത്തിൽ നിന്നും വിടർത്തുവാനായി യത്നിച്ച വലിയ തിരുമേനി ഇപ്പോൾ ചെയ്തതോ? അന്ത്യോഖ്യാക്കാർക്കു മലങ്കരസഭയിൽ മാത്രം പോരാ, ബഥനിയിലും സർവ്വ സ്വാതന്ത്ര്യം ഉണ്ടായിരിക്കത്തക്കവണ്ണം അതിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുവാൻ ഒരുമ്പെട്ടതു തന്നെ. ഇവിടെ കാതോലിക്കാസിംഹാസനം പ്രതിഷ്ഠിക്കുവാനായി മുൻകടന്നു പ്രവർത്തിച്ച ആൾ ആരായിരുന്നു? അദ്ദേഹത്തിന് ആ സിംഹാസനം ഇപ്പോൾ തക്കതായ പ്രതിഫലവും നല്കി കഴിഞ്ഞു. ഈ വക സംഗതികളാൽ മലങ്കരസഭ എന്തൊരു തരത്തിലുള്ള ചത്രമോ ചിത്രമോ ആണെന്നു മനോധർമ്മമുള്ള വായനക്കാർതന്നെ തീർച്ചപ്പെടുത്തിക്കൊൾക.

എത്രയോ അഭിലഷണീയവും ക്രിസ്തീയവുമായ വിധത്തിൽ വ്യവഹാരംകൂടാതെ മലങ്കരസഭയെ മോചിപ്പിക്കാമോ എന്ന് പരീക്ഷിച്ച ബഥനിത്തിരുമേനിമാർ ശിക്ഷാർഹന്മാർ! മലങ്കരസഭയുടെ ക്ഷേമത്തെ കരുതി ബഥനിയുടെ സ്വാതന്ത്ര്യത്തെ കൈവെടിയാതിരുന്ന ആ തിരുമേനിമാർ സഭാദ്രോഹികൾ! വായനക്കാർ ഇതൊന്നും കണ്ടു അത്ഭുതപ്പെടുകയോ വിസ്മയിക്കുകയോ ചെയ്യേണ്ടതില്ല. പഴയ കാലത്തു നടന്ന ഓരോ സംഭവങ്ങൾ പുതിയ സമ്പ്രദായങ്ങളിൽ ആവർത്തിക്കപ്പെടുന്നുവെന്നു മാത്രമേയുള്ളൂ. ഇതിലപ്പുറം സംഭവിച്ചാലും മലങ്കരസഭയെ രക്ഷപ്പെടുത്തുന്നതിൽ നിന്ന് ബഥനിക്ക് പിന്മാറാൻ കഴിവുള്ളതല്ല തന്നെ. നാനാപ്രകാരത്തിലുള്ള നിരാശയോടും പീഢയോടും മല്ലിടേണ്ടുന്നവരായ ആശ്രമസ്ഥന്മാരുടെ തലയിൽ നിന്ന് ആ ഒരു കടമ നീങ്ങിപ്പോകുന്നതുമല്ല.

പ്രസ്തുത കല്പന അയച്ച് ഏതാനും നാളുകൾ കഴിഞ്ഞതിൽപ്പിന്നെ വലിയതിരുമേനിയും ബഥനിത്തിരുമേനിയും തമ്മിൽ തിരുവല്ലാ തിരുമൂലപുരം ബാലികാമഠത്തിൽവെച്ച് അഭിമുഖം കാണുകയുണ്ടായി. “അവിടുത്തെ ആശ്ലേഷത്തിന് അർഹനല്ലാത്തവണ്ണം എന്നെ ആക്കിത്തീർത്തുവല്ലോ” എന്നു പറഞ്ഞ് ബഥനിത്തിരുമേനി കാല്ക്കൽ വീണു. എന്തുകാരണത്താലോ വലിയ തിരുമേനി ഉടൻ ദൂരെ മാറിപ്പോയി തിരിഞ്ഞുനിന്ന് നോക്കിക്കാണുകയാണുണ്ടായത്. വലിയ തിരുമേനിയൊന്നിച്ചു വന്നിരുന്ന വന്ദ്യ ദിവ്യശ്രീ കെ. ടി. ഗീവറുഗീസു റമ്പാൻ അവർകൾ ബഥനിത്തിരുമേനിയുടെ കൈയ്ക്കുപിടിച്ചു

എണീൽപ്പിച്ചു. “കാലുമുത്താൻ അനുവദിക്കയില്ലെങ്കിൽ കൈയ്യെങ്കിലും മുത്തട്ടെ” എന്നു പറഞ്ഞു ബഥനിത്തിരുമേനി മുന്നോട്ടു ചെന്നു. തദവസരത്തിൽ സൗഹാർദ്ദപൂർവ്വകമായ വിധം ആശ്ലേഷവും കഴിഞ്ഞു. എന്തെല്ലാം അഭിപ്രായഭേദങ്ങളോ തെറ്റിദ്ധാരണകളോ ഉണ്ടായിരുന്നാലും, തിരുമേനിമാരുടെ ഹൃദയം എന്നെന്നേക്കുമായി അകലുകയില്ല തന്നെ. അവിചാരിതമുഹൂർത്തത്തിൽ അത്ഭുതകരമാംവണ്ണം അവ ഒന്നായി കാണപ്പെടുകതന്നെ ചെയ്തുവല്ലോ.

ദൈവനടത്തിപ്പിനെപ്പറ്റിയും അന്യോന്യം സ്വല്പനേരം സംഭാഷണം നടന്നു. ഉടൻ വന്ദ്യദിവ്യശ്രീ ഗീവർഗീസു റമ്പാനവർകൾ വലിയ തിരുമേനിയോടായി, ‘ആ കല്പന പിൻവലിക്കരുതോ’ എന്നു ചോദിച്ചു. (തത്സമയം ബഥനിത്തിരുമേനി കുനിഞ്ഞിരുന്നു കരയുകയായിരുന്നു വത്രേ).

ചോദ്യത്തിനു മറുപടിയായി വലിയതിരുമേനി കഴുത്തിനു ചുറ്റും ചൂണ്ടുവിരൽകൊണ്ട് ആംഗ്യംകാണിച്ചുകൊണ്ട് കഴുത്തുപോയാലും അതു ചെയ്കയില്ലെന്നുള്ള അർത്ഥത്തിൽ നിഷേധം പ്രകടിപ്പിച്ചു. രണ്ടാമതും സംഭാഷണമദ്ധ്യേ അതേ ചോദ്യം തന്നെ ആവർത്തി ക്കപ്പെട്ടു. അപ്പോഴും ആദ്യത്തെ ആംഗ്യം തന്നെ കാണുമാറായി. ഇത് എങ്ങനെയോ ദർശിച്ച ബഥനിത്തിരുമേനി, “കഴുത്തുപോയാലും കല്പന പിൻവലിക്കയില്ലെന്നാണല്ലോ കല്പിക്കുന്നത്?” എന്നു സങ്കടത്തോടുകൂടി പറഞ്ഞു.

കാര്യഗൗരവം നിമിത്തമോ, പ്രായാധിക്യം കൊണ്ടോ എന്താണിങ്ങനെ സംഭവിപ്പാൻ എന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. പഴയ സെമിനാരിയിൽ വെച്ച് ആനപ്പാപ്പിയുടെ മരണമുണ്ടായ കാലത്ത് ഖമാൽദീൻ മുതലായ ചട്ടമ്പികൾക്കായി കഴുത്തു കാണിച്ചു കൊടുത്ത ബഥനിത്തിരുമേനിയുടെ അന്നത്തെ മനഃസ്ഥിത്ക്ക് പ്രായശ്ചിത്തം നല്കേണ്ടത് ഇപ്പോൾ വേണമെന്നായിരിക്കാം ദൈവഹിതം എന്നല്ലാതെ ഞങ്ങൾക്കൊന്നും ഇതേപ്പറ്റി പറയുവാൻ കഴിവുമില്ല. കാര്യവുമില്ല. ആശ്ലേഷം കഴിഞ്ഞിട്ടു മാത്രമേ ഇരുവരും തമ്മിൽ പിരിയുകയുണ്ടായുള്ളു.” (കുഴൽക്കണ്ണാടി. പുറം 71-79).

*    *    *    *

## മി. ഈ. ജെ. ജോണിന് അയച്ച കത്ത്

ദൈവാലയ നിരോധന കല്പന ലഭിച്ച ഉടൻ തന്നെ അതേപ്പറ്റി തന്റേയും മാർ തിയോഫിലോസിന്റെയും അഭിപ്രായം വ്യക്തമാക്കി ക്കൊണ്ട് മി. ഈ. ജെ. ജോണിന്റെ പേർക്ക് മാർ ഈവാനിയോസ് അയച്ച കത്ത് താഴെ ചേർക്കുന്നു:-

തിരുവല്ലാ,
മാർച്ച് 1930

My dear sir,

1930 മാർച്ച് 18-ാം തീയതി താങ്കളയച്ച വിശദമായ കത്തിനുള്ള കൃതജ്ഞത ആദ്യമായി പ്രകടിപ്പിച്ചുകൊള്ളുന്നു. പ്രസ്തുത കത്തിലെ ഉള്ളടക്കം മാർ തിയോഫിലോസ് തിരുമേനിയേയും സ്പർശിക്കുന്ന തായതുകൊണ്ട് അത് അദ്ദേഹത്തെ കാണിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഞാൻ ഉപയോഗിച്ചു. ആ കത്ത് പ്രസിദ്ധപ്പെടുത്തുന്ന പക്ഷം പല വിധത്തിലുള്ള പ്രയോജനമുണ്ടാകുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. എന്റെ ഒരു വിശദീകരണത്തോടുകൂടെ ആ കത്ത് പ്രസിദ്ധപ്പെടുത്ത ട്ടെയോ? ഇക്കഴിഞ്ഞ ജീവിതകാലം മുഴുവൻ ഞങ്ങൾ ജനിച്ച സമുദായത്തിന്റെ അഭ്യുന്നതിക്കുവേണ്ടി എത്രയും ആത്മാർത്ഥത യോടുകൂടെ പ്രവർത്തിച്ചിട്ടുണ്ടെന്നത്രേ എന്റെയും മാർ തിയോഫി ലോസ് തിരുമേനിയുടെയും സുദൃഢമായ ബോദ്ധ്യം.

ഇക്കഴിഞ്ഞ ഫെബ്രുവരി 25-ാം തീയതി ബുധനാഴ്ച താങ്കളെ തിരുവനന്തപുരത്തുവെച്ച് നാം കണ്ടപ്പോൾ സമുദായഭാവിക്ക് ഏറ്റം അത്യന്താപേക്ഷിതമെന്ന് നമുക്ക് ബോധ്യപ്പെട്ട ഏതാനും നിർദ്ദേശങ്ങൾ എഴുതി താങ്കളെ ഏല്പിക്കുകയുണ്ടായല്ലോ. ഇത് സംബന്ധിച്ചുള്ള മാർ തിയോഫിലോസ് തിരുമേനിയുടെ അഭിപ്രായവും ആരാഞ്ഞ ശേഷമാണ് ഞാൻ അപ്രകാരം ചെയ്തത്. പരിശുദ്ധ കാതോലിക്കാ ബാവായും, മാർ ദിവസന്നാസ്യോസ് തിരുമേനിയും, മാർ ഗ്രിഗോറിയോസ് തിരുമേനിയും ഇക്കഴിഞ്ഞ ഫെബ്രുവരി 25-ാം തീയതി കുണ്ടറ സെമിനാരിയിൽ സമ്മേളിച്ചപ്പോൾ സമുദായഭാവിക്കുവേണ്ടി ഞാൻ സമർപ്പിച്ച പ്രസ്തുത നിർദ്ദേശങ്ങളെപ്പറ്റിയോ അഥവാ ഫലപ്രദങ്ങളായ ഇതരമാർഗ്ഗങ്ങളെക്കുറിച്ചോ പര്യാലോചിക്കുമെന്നാ യിരുന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. പക്ഷെ, അതിനുപകരം ഞങ്ങൾക്കെതിരായി ഒരു നിരോധനകല്പന അയയ്ക്കുന്നതിനുമാണ്

അഭിവന്ദ്യ തിരുമേനികൾ സന്നദ്ധരായത്. അതേ, വന്ദ്യതിരുമേനി മാരോട് ഞങ്ങൾ അപ്പം യാചിച്ചു. പക്ഷേ, അവർ ഞങ്ങൾക്ക് നല്കിയത് കല്ലായിരുന്നു.

നിരോധനകല്പനയിൽ ഒപ്പിട്ടിരിക്കുന്ന അഭിവന്ദ്യതിരുമേനിമാരും ബഥനിയുടെ മെത്രാന്മാരായ ഞങ്ങളും തമ്മിൽ യഥാർത്ഥത്തിലുള്ള അഭിപ്രായവ്യത്യാസം റോമൻകത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തെപ്പറ്റി ആണ് എന്നാണല്ലോ താങ്കൾ എഴുതിയിരിക്കുന്നത്. എന്നാൽ പ്രസ്തുത നിരോധനകല്പന അടങ്ങിയ കത്തിൽ അക്കാര്യത്തെപ്പറ്റിയോ അഥവാ, ഇക്കഴിഞ്ഞ കാലയളവിൽ മലങ്കരസഭയുമായി ഞങ്ങൾക്കുണ്ടായിരുന്ന ബന്ധത്തെ സംബന്ധിച്ചോ വന്ദ്യതിരുമേനിമാരുടെ മനസ്സിനെ വിഷമിപ്പിച്ചുകൊണ്ടിരുന്ന വേറെ ഏതെങ്കിലും വിഷയത്തെക്കുറിച്ചോ എഴുതിയിട്ടില്ലായിരുന്നുവെന്ന് വ്യസനപൂർവ്വം അറിയിച്ചുകൊള്ളുന്നു. കുണ്ടറയിൽ വെച്ച് ഫെബ്രുവരി 25-ാം തീയതി നടന്ന മീറ്റിംഗിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് തിരുവല്ലായിൽ വെച്ച് വന്ദ്യതിരുമേനിമാർ ഞങ്ങളെ കണ്ടപ്പോൾ ബഥനി വകയായി പള്ളികൾ വെയ്ക്കുന്നതു നിമിത്തം ജനങ്ങളുടെയും വൈദികന്മാരുടെയും ഇടയിൽ ഉണ്ടെന്നു പറയുന്ന 'അസ്വാസ്ഥ്യ' ത്തെപ്പറ്റി യാതൊന്നും തന്നെ ഞങ്ങളോടു കല്പിക്കുകയുണ്ടായില്ല. ഇപ്പോഴത്തെ നിരോധനകല്പനയ്ക്ക് ഉന്നയിക്കുന്ന ഏകകാരണം അതാണല്ലോ.

നമുക്കെല്ലാവർക്കും ദൈവികപ്രകാശം ധാരാളമായി ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനകൾ നമുക്കു തുടർന്നുകൊണ്ടിരിക്കാം.

എന്ന്,

താങ്കളുടെ വിശ്വസ്തൻ,

ബഥനിയുടെ മാർ ഈവാനിയോസ് (ഒപ്പ്)

## റമ്പാന്മാർക്കും മുടക്കു ഭീഷണി

ഇക്കാലയളിവിൽ ബഥനി ആശ്രമത്തിൽ താമസിച്ചുകൊണ്ടിരുന്ന വന്ദ്യശ്രീ പുലിക്കോട്ട് ജോസഫ് റമ്പാനും, വന്ദ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാനും മാർ ഈവാനിയോസിന്റെ ആദർശത്തോട് ആനുകൂല്യമുള്ളവരാണെന്നും അദ്ദേഹത്തെ അനുഗമിച്ച് അവരും കത്തോലിക്കാ സഭാപുനരൈക്യം പ്രാപിക്കുമെന്നുള്ള ഭയം നിമിത്തം കാതോലിക്കാബാവാ തിരുമേനി അവർക്ക് പ്രത്യേകം എഴുത്തുകൾ

അയച്ചുകൊടുത്തു. നമ്മുടെ കഥാപുരുഷന്റെ പേർക്ക് ഇതു സംബന്ധമായി അയച്ച കത്താണ് താഴെ ചേർക്കുന്നത്:-

The Orthodox Syrian Church of the East

Palace - Kundara

......... 19.....

His Holiness

Moran Mar Baselios Geevarghese II

Catholicos of the East.

മുമ്പു നാം അയച്ച സമാധാനത്തിന്റെ മറുപടി ഇതുവരെ കിട്ടിയിട്ടില്ല. പുലിക്കോട്ടു റമ്പാച്ചനും, ചേപ്പാട്ടു റമ്പാച്ചനും പട്ടം കൊടുത്തത് നാമാണല്ലോ. അതു ഞങ്ങളുടെ ആവശ്യത്തെക്കരുതിയു മാണല്ലോ. ബഥനിക്കായിട്ടല്ല. പുലിക്കോട്ട് റമ്പാച്ചനു കുറച്ചുനാൾ ബഥനിയിൽ താമസിച്ച പഠിക്കമമെന്ന് ആവശ്യപ്പെട്ടതിനെ ഞങ്ങൾ അനുവദിച്ചു. എന്നാൽ ഇപ്പോൾ അദ്ദേഹം അവിടെ താമസിക്കാതെ തിരിച്ചുവരണമെന്നും അനുസരിക്കാത്തപക്ഷം മുടക്കുന്നതായിരിക്കു മെന്നും അദ്ദേഹത്തിന്റെ പേർക്ക് നാം എഴുതിയിട്ടുണ്ട്. ചേപ്പാട്ടു റമ്പാൻ ആരുടെയും അനുവാദം കൂടാതെയാണ് നിങ്ങളുടെ കൂടെ താമസിക്കു ന്നത്. അങ്ങനെയുള്ള ഒരാളെ നിങ്ങളുടെ കൂടെ താമസിപ്പിച്ചതു തന്നെ ശരിയായില്ല. അദ്ദേഹവും തിരിച്ചുവരണമെന്നും വരാത്തപക്ഷം മുടക്കുമെന്നും അദ്ദഹത്തിന്റെ പേർക്ക് നാം എഴുതിയിട്ടുണ്ട്. ആയതു കൊണ്ട് ബ.റമ്പാച്ചന്മാരെ രണ്ടുപേരേയും നിങ്ങളുടെ കൂടെയോ നിങ്ങ ളുടെ അധീനതയിലുള്ള സ്ഥലങ്ങളിലോ മേലാൽ താമസിപ്പിച്ചുകൂടാ എന്ന് ഇതിനാൽ അറിയിച്ചിരിക്കുന്നു. വിശേഷമൊന്നും ഇല്ല.

എന്ന്, 1930 - കൊല്ലം 1105 കർക്കടകം 24-ാം തീയതി

പത്തനംതിട്ട അരമനയിൽനിന്ന്.

ഈ കത്തിന് കഥാപുരുഷൻ ഉടൻ തന്നെ മറുപടി അയച്ചുകൊടുത്തു. പ്രസ്തുത കത്ത് ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:

നി.വ.ദി.മ.ശ്രീ. മോറാൻ മോർ ബസ്സേലിയോസ് പൗരസ്ത്യ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ബോധിപ്പാൻ.

പുലിക്കോട്ടിൽ യൗസേപ്പു റമ്പാച്ചനും ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചനും ഇപ്പോൾ താമസിക്കുന്ന സ്ഥലങ്ങളിൽ താമസിച്ചു കൂടായെന്നും അവർ അവിടെ നിന്നും പുറപ്പെട്ടു പോകാത്ത പക്ഷം അവരെ മുടക്കുമെന്നും കാണിച്ച് അവർക്ക് അവിടുന്ന് എഴുതി അയച്ചിട്ടുള്ളതായും അവരെ എന്റെ അധീനതയിലുള്ള സ്ഥലങ്ങളിലോ പള്ളികളിലോ താമസിപ്പിച്ചുകൂടാ എന്ന് എന്നോടു ആവശ്യപ്പെടുന്നതായും വിവരിക്കുന്ന അവിടത്തെ കർക്കടം 24-ാം തീയതിയിലെ സാധനം കിട്ടി. റമ്പാച്ചന്മാർ സ്വന്തവീടുകളിൽ പാർപ്പാൻ പാടുള്ളവരല്ല. ദയറായക്കാർക്ക് താമസിക്കത്തക്ക യാതൊരു സൗകര്യവും പഴയ സെമിനാരിയിൽ ഇല്ലെന്നും അവിടെ താമസിപ്പാൻ നിവൃത്തിയില്ലെന്നുമാണ് അവരിൽ നിന്നും കേട്ടിട്ടുള്ളത്. പരേതന്മാരായ മലങ്കര മെത്രാപ്പോലീത്തന്മാരുടെ അനന്തിരവന്മാരായ ഈ റമ്പാച്ചന്മാരെ ബഥനി സ്ഥലങ്ങളിൽ നിന്നും പറഞ്ഞുവിടാൻ എനിക്ക് യാതൊരു നിവൃത്തിയുമില്ല. അവിടുത്തെ കല്പന അനാദരിക്കണമെന്ന് അവരോടു ഞാൻ ഗുണദോഷിച്ചിട്ടില്ല. ഗുണദോഷിക്കുന്നതുമല്ല. അങ്ങനെയിരിക്കെ അവരെ ബഥനി സ്ഥലങ്ങളിൽ നിന്നും ഇറക്കിവിടണമെന്ന് അവിടുന്ന് എന്നോടാവശ്യപ്പെട്ടതിനാൽ ഞാൻ സങ്കടപ്പെടുന്നു. ഈ റമ്പാച്ചന്മാർ ഇരുവരുടെയും പേർക്ക് അവിടുന്ന് തന്നെ നേരിട്ട് എഴുതി അയച്ചുവിളിച്ചുകൊള്ളുകയാണ് വേണ്ടതെന്നുള്ള വിവരം താഴ്മയായി ബോധിപ്പിച്ചുകൊള്ളുന്നു. "മുടക്ക്" എന്നു പറയുന്ന ആയുധം ഇതേവരെ പ്രയോഗിച്ചതിന്റെ ഫലങ്ങൾ നന്നായി അനുഭവിച്ചുവരുന്ന ഒരു സമുദായത്തിൽ വീണ്ടും ഇത് പ്രയോഗിക്കുവാൻ തക്കവണ്ണം അവിടുന്ന് ആലോചിക്കുകയാണല്ലോ. സ്നേഹവും കരുണയുമാകുന്ന ആയുധങ്ങൾ കൊണ്ടല്ലാതെ മനുഷ്യരെ ആകർഷിക്കുവാനോ നന്നാക്കുവാനോ സാധിക്കയില്ല എന്നുള്ളതും അവിടുത്തെ അടുക്കൽ ഞാൻ ഓർമ്മപ്പെടുത്തേണ്ട ആവശ്യമില്ലല്ലോ.

എന്ന്, മാർ ഈവാനിയോസ് (ഒപ്പ്).

കാതോലിക്കാബാവാ തിരുമേനി തങ്ങളെയും മുടക്കുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം ഗ്രഹിച്ച ബ.റമ്പാച്ചന്മാർ "മലങ്കരസഭയുടെ കുഴൽക്കണ്ണാടി" എന്ന ഗ്രന്ഥത്തിന്റെ അവസാനപുറത്ത് അതേപ്പറ്റി എഴുതിയിരുന്ന ഭാഗം ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:

ഇതിന്നിടയിൽ ബഥനിക്കാരെയും അവരുടെ ആനുകൂലികളെയും ഉടനെ മുടക്കുമെന്നൊരു ധ്വനി നാടൊട്ടുക്കു മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ഈ കുഴൽക്കണ്ണാടി നിമിത്തമായോ മറ്റോ ഞങ്ങളെയും വെറുതെ വിടാൻ ഇടയില്ലെന്നു ഈഹിപ്പാൻ അവകാശമുണ്ട്. അനുനിമിഷം ഞങ്ങൾ അത് നോക്കിക്കൊണ്ടിരിക്കയാണ്. പുറമേയുള്ള കേൾവി ഞങ്ങൾ ഇരുവരുടെയും ചെവികളിൽ അലച്ചുകൊണ്ടിരിക്കുന്നു. സ്വല്പദിവസങ്ങൾക്കുള്ളിൽ എന്തൊക്കെയോ നടക്കാനിരിക്കുന്നതായി ഞങ്ങൾക്കറിയാം. യാക്കോബായസഭയെ പ്രത്യക്ഷത്തിൽ ദൈവംതമ്പുരാൻ സ്പർശിച്ചിട്ടുള്ളതായി ഞങ്ങൾ അറിയുന്നുണ്ട്.

കല്ലോലമാലകളാൽ തിമിതകർത്തുകൊണ്ടിരിക്കുന്ന മലങ്കര യാക്കോബായ സഭാസമുദ്രത്തിലിതാ, ഒരു പുലിക്കോടനും ഒരു ചേപ്പാടനും സ്വമേധയാ ചാടിക്കഴിഞ്ഞിരിക്കുന്നു. എന്തെങ്കിലും വരട്ടെ, പരേത പിതാക്കന്മാരും വിശിഷ്യാ, മാർത്തോമ്മാശ്ലീഹായും, ഈ പിഞ്ചുകിടാങ്ങളെ ഒരുനാളും കൈവെടിയുകയില്ല. അങ്ങനെ വരുമോ, ഞങ്ങളുടെ വായനക്കാരേ? (കുഴൽക്കണ്ണാടി, പുറം 258).

# അദ്ധ്യായം – 28

# കത്തോലിക്കാപുനരൈക്യത്തിനുമുമ്പ് അയച്ച അഞ്ചുകത്തുകൾ

മാർ ഈവാനിയോസും മാർ തിയോഫിലോസും ആശ്രമസ്ഥരൊന്നിച്ച് കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്ന വാർത്ത പരസ്യമായി കഴിഞ്ഞപ്പൾ സ്നേഹിതന്മാർ, ബന്ധുമിത്രാദികൾ, അഭ്യുദയകാംക്ഷികൾ ആദിയായ ഒട്ടനേകരുടെ അനുകൂലവും പ്രതികൂലവുമായ കത്തുകൾ കഥാപുരുഷന് ലഭിക്കുകയുണ്ടായി. അവയ്ക്കെല്ലാം അർഹമാംവിധമുള്ള മറുപടികൾ യഥാകാലം കഥാപുരുഷൻ അയച്ചുകൊടുക്കുകയും ചെയ്തു. പ്രസ്തുത കത്തുകളും മറുപടികത്തുകളും ഈ ഗ്രന്ഥത്തിൽ ചേർക്കുന്നതിന് സ്ഥലപരിമിതി അനുവദിക്കായ്കയാൽ ഏതാനും മറുപടിക്കത്തുകൾ മാത്രമേ ഈ അദ്ധ്യായത്തിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. കത്തോലിക്കാപുനരൈക്യം പ്രാപിക്കുവാൻ തനിക്കു പ്രേരണ നല്കിയ യഥാർത്ഥകാരണങ്ങൾ ഈ കത്തുകൾ മുഖേന കഥാപുരുഷൻ വ്യക്തമാക്കിയിട്ടുണ്ട്.

## 1. മാത്തുള്ള മാപ്പിളയ്ക്കയച്ച കത്ത്

“മലയാള മനോരമ”യുടെ സ്ഥാപകനും കണ്ടത്തിൽ വറുഗീസു മാപ്പിളയുടെ സഹോദരപുത്രനും, ഒരു സമുദായപ്രവർത്തകനും, ഏതാനും വർഷക്കാലം മനോരമയുടെ മാനേജരും, മാർ ഈവാനിയോസിന്റെ അത്യന്തസ്നേഹിതനുമായിരുന്ന മി.മാത്തുള്ള

മാപ്പിള അദ്ദേഹത്തിന് അയച്ചുകൊടുത്ത ഒരു മറുപടിക്കത്താണ് ചുവടെ ചേർക്കുന്നത്.

വടശ്ശേരിക്കര

4 - 4 - 105

My dear Mathulla Mappilai,

കത്തു കിട്ടി. ഭാവിയിലും സമുദായത്തിന് വ്യവഹാരത്തിൽ നിന്നൊഴിഞ്ഞു ജീവിപ്പാൻ സാധിക്കുമെന്ന് തോന്നുന്നില്ല. കാതോലിക്കാ സ്ഥാപനം സംബന്ധിച്ചായാലും വ്യവഹാരങ്ങൾ കൂടാതെ കഴിപ്പാൻ സാധിക്കുമോ? ഇതെപ്പറ്റി നാം ആലോചിക്കാനുണ്ട്. ശീമക്കാർക്കു മുഴുവനായി കീഴ്പ്പെടുന്ന പക്ഷം വ്യവഹാരങ്ങൾക്ക് അവസാനമുണ്ടാകുമെന്നു വരുകിലും ആത്മീയമായ അഭിവൃദ്ധിയോ മനസ്സമാധാനമോ ലഭിപ്പാൻ പ്രയാസമാണ്. ഒരു പുതിയ സമുദായം രൂപീകരിക്കയെന്നു വെച്ചാലും അതിലും സമാധാനവും ഐശ്വര്യയും ഉണ്ടാകുന്ന കാര്യം സംശയമാണ്. നമ്മുടെ വിശ്വാസത്തിനു യാതൊരു വ്യത്യാസവും കൂടാതെയും, നമ്മുടെ ജനങ്ങളെ നമ്മുടെ മേല്പ്പട്ടക്കാരും പട്ടക്കാരും ഭരിപ്പാൻ തക്ക നിലയിലും, സമുദായംഗങ്ങളുടെ ആത്മീയാഭിമാനത്തിനോ സമുദായത്തിന്റെ പൊതുവായ അഭിമാനത്തിനോ ഭംഗം വരാതെയും റോമൻ കത്തോലിക്കാ സഭയുമായി പുനരൈക്യം സാദ്ധ്യമാണോ എന്നു നാം ചിന്തിക്കയും സ്നേഹിതന്മാരായ ചിലരോട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ ആസ്പദമാക്കിയിട്ടുള്ള ശ്രുതിയായിരിക്കണം മാത്തുള്ളേച്ചന്റെ എഴുത്തിനു വിഷയമായിരിക്കുന്ന കാര്യം. സമുദായത്തിനു പൊതുവെ ഐശ്വര്യമുണ്ടാക്കുന്നതിനു വല്ല മാർഗ്ഗവും കണ്ടു പിടിക്കണമെന്നേ നമുക്കു ആഗ്രഹമുള്ളു. മനുഷ്യർ സംഗതികളുടെ സത്യം മനസ്സിലാക്കാതെ വല്ലതുമൊക്കെ പറയുന്നതിനെ നാം ഗൗനിച്ചിട്ടാവശ്യമില്ലല്ലോ. നിങ്ങളെല്ലാവരെയും കരുണയുള്ള കർത്താവ് അനുഗ്രഹിപ്പാനായി നാം പ്രാർത്ഥിക്കുന്നു. നിങ്ങളെല്ലാവരും സുഖമായിരിക്കുന്നുവെന്നു വിശ്വസിക്കുന്നു.

മാർ ഈവാനിയോസ് (ഒപ്പ്)

*    *    *    *

## 2. വർക്കി വൈദ്യന് അയച്ച കത്ത്

പുതുപ്പള്ളി സ്വദേശിയും ചെമ്പകശ്ശേരി "കിരീടധാരണ വൈദ്യശാല" സ്ഥാപകനുമായ ഒരു സമുദായാഭിമാനിയായിരുന്നു മി.വർക്കി വൈദ്യൻ. ബഥനിയുടെ സ്ഥാപനാരംഭത്തിൽ അദ്ദേഹവും സഹോദരങ്ങളും പലവിധ സംഭാവനകൾ നല്കി കഥാപുരുഷനെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം അയച്ച ഒരു കത്തിന് അയച്ചു കൊടുത്ത മറുപടിയാണു താഴെ ചേർക്കുന്നത്.

പ്രിയ വർക്കി വൈദ്യന്,

ഭാവിയിലും സമുദായത്തിനു വ്യവഹാരത്തിൽ നിന്നൊഴിഞ്ഞു ജീവിപ്പാൻ സാധിക്കുമെന്നു തോന്നുന്നില്ല. കാതോലിക്കാസ്ഥാപനം സംബന്ധിച്ചും മലങ്കരമെത്രാൻസ്ഥാനം സംബന്ധിച്ചും മറ്റും ഭാവിയിൽ വ്യവഹാരങ്ങൾ കൂടാതെ കഴിപ്പാൻ സാധിക്കുമോ? ശീമക്കാർക്ക് മുഴുവനായി കീഴ്പ്പെടുന്ന പക്ഷം തൽക്കാലത്തേയ്ക്കു വ്യവഹാരങ്ങൾക്ക് അവസാനമുണ്ടാകുമെന്ന് വരികിലും ആത്മീയമായ അഭിവൃദ്ധിയോ യഥാർത്ഥസമാധാനമോ ഉണ്ടാകുവാൻ പ്രയാസമാണ്. ഒരു പുതിയ സമുദായം രൂപീകരിക്കുക എന്നുവെച്ചാലും അതിലും സമാധാനവും ഐശ്വര്യവും ഉണ്ടാകുന്ന കാര്യം സംശയമല്ലയോ? നമ്മുടെ വിശ്വാസത്തിനു യാതൊരു വ്യത്യാസവും കൂടാതെയും, നമ്മുടെ ജനങ്ങളെ നമ്മുടെ മേല്പ്പട്ടക്കാരും പട്ടക്കാരും ഭരിപ്പാൻ തക്ക നിലയിലും, സമുദായംഗങ്ങളുടെ അഭിമാനത്തിനോ സമുദായത്തിന്റെ പൊതുവായ അഭിമാനത്തിനോ ഭംഗം വരാതെയും പൂർവ്വികമായ ഏതെങ്കിലും സഭയുമായി പ്രത്യേകിച്ച് "റോമൻ കത്തോലിക്ക" സഭയുമായി ഒരു പുനരൈക്യം സാദ്ധ്യമാണോ എന്നു നാം ചിന്തിക്കയും സ്നേഹിതന്മാരായ ചിലരോട് സംസാരിക്കയും ചെയ്തിട്ടുണ്ട്. ദൈവത്തിനു മഹത്വവും സമുദായത്തിനു പൊതുവെ നന്മയുമുണ്ടാകുവാൻ തക്കവിധത്തിൽ അല്ലാതെ യാതൊന്നും നാം നിരൂപിച്ചിട്ടില്ല. സമുദായസംബന്ധമായി ഇപ്പോഴുള്ളതും മേലിൽ ഉണ്ടാകുവാൻ ഇടയുള്ളതുമായ വ്യവഹാരങ്ങളിലും ആഭ്യന്തര കലഹങ്ങളിലും ഉൾപ്പെടാതെ നില്ക്കണമെന്ന് നാം ആഗ്രഹിക്കയും തൽസംബന്ധമായി ചിലതെല്ലാം വല്യതിരുമേനിയോട് സംസാരിക്കയും ചെയ്തിട്ടുണ്ട്. ഇവയെല്ലാറ്റിനെയും ആസ്പദമാക്കിയുള്ള ശ്രുതി ആയിരിക്കണം വർക്കിയച്ചന്റെ എഴുത്തിനു വിഷയമായിരിക്കുന്ന കാര്യമെന്നു നാം വിചാരിക്കുന്നു. സമുദായത്തിനു പൊതുവേ

ഐശ്വര്യമുണ്ടാകുന്നതിനു വല്ല മാർഗ്ഗവും കണ്ടുപിടിക്കണ മെന്നേ നമുക്കാഗ്രഹമുള്ളൂ. മനുഷ്യർ സംഗതികളുടെ സത്യം മനസ്സിലാ ക്കാതെ വല്ലതുമൊക്കെ പറയുന്നതിനെ നാം ഗൗനിച്ചിട്ടാവശ്യമില്ലല്ലോ. അടുത്ത സ്നേഹിതന്മാർ പോലും തെറ്റിദ്ധരിക്കയും സംഗതികളുടെ സത്യാവസ്ഥ ഗ്രഹിക്കാതെ അനേകം ജനങ്ങൾ നമ്മെ എത്രതന്നെ ദ്വേഷിക്കയും ചെയ്തിരുന്നാലും കർത്താവിനെയാകട്ടെ, നമ്മുടെ സത്യവിശ്വാസത്തെ ആകട്ടെ, മനസ്സാക്ഷിയെയാകട്ടെ നാം ഉപേക്ഷി പ്പാൻ നിശ്ചയിച്ചിട്ടില്ല. സഭകളുടെ പുനരൈക്യത്തിന് നാം അനുകൂലിയാണ്. അത് കർത്താവിന്റെ തിരുവിഷ്ടമാണ്. നാം റോമൻ കത്തോലിക്കാസഭയിൽ ചേരുവാൻ പോകുന്നു എന്നു പറയുന്ന ആളുകൾ ഏതൊരുദ്ദേശ്യത്തിന്മേൽ അങ്ങനെ ചെയ്യാൻ പോകുന്നു വെന്ന് പറഞ്ഞു പരത്തുന്നതെന്നറിവില്ല. റോമാക്കാരുടെ പണമോ, അധികാരമോ, ബഹുമാനമോ ഒന്നും തന്നെ നാം ആഗ്രഹിക്കുന്നില്ല. നമ്മുടെ വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം അവർ കൈക്കൊള്ളു കയും മറ്റും ചെയ്യുന്ന പക്ഷം പിന്നെ തമ്മിൽ തമ്മിൽ മത്സരിക്കുന്നതിന് കാര്യമില്ലല്ലോ എന്നു നാം പറഞ്ഞതാണ്. മാർത്തോമ്മാ സഭ നമ്മുടെ വിശ്വാസം കൈക്കൊള്ളുന്ന പക്ഷം അവരുമായി യോജിക്കുന്നതിനും യൗനായക്കാരോ റോമാക്കാരോ നമ്മുടെ വിശ്വാസം അംഗീകരിക്കുന്ന പക്ഷം അവരുമായി യോജിക്കുന്നതിനും ഒരുക്കമുണ്ടായിരിക്കണ മെന്നുള്ളതു ദൈവികമായ നമ്മുടെ ചുമതല അല്ലയോ? ലോകത്തിൽ യാതൊരു സഭയോടും യോജിക്കാതെ എല്ലാ കാലത്തും മത്സരത്തിലും വഴക്കിലും കഴിച്ചുകൂട്ടണമെന്നുള്ളതു ദൈവത്തിന്റെ തിരുവിഷ്ടമായിരി ക്കാൻ കഴിയുമോ? ഇങ്ങനെയുള്ള ചില അഭിപ്രായങ്ങൾ പറഞ്ഞിട്ടുള്ളതാണ് ഈ ബഹളത്തിന്റെയൊക്കെയും കാരണമെന്നു നാം വിചാരിക്കുന്നു. ബഹളങ്ങളെല്ലാം താനേ ശമിച്ചുകൊള്ളും. അതേപ്പറ്റി വിചാരപ്പെട്ടിട്ടു കാര്യമില്ല. ഈ സാധനം മറ്റുള്ളവരെ കാണിപ്പാനും പരസ്യപ്പെടുത്താനും നാം അനുവദിക്കുന്നില്ല. നിങ്ങളെല്ലാവരെയും കരുണയുള്ള കർത്താവ് അനുഗ്രഹിപ്പാനായി നാം പ്രാർത്ഥിക്കുന്നു. അവിടെയുണ്ടായ ബഹളങ്ങളെല്ലാം ശമിച്ചുവെന്നാണ് നാം വിചാരിച്ചിരുന്നത്. ഇപ്പോഴും ശമിച്ചിട്ടില്ലെന്നു വർക്കിച്ചന്റെ എഴുത്തുകൊണ്ടു തോന്നിപ്പോകുന്നു. ശമിച്ചിട്ടില്ലെങ്കിൽ താനേ ശമിച്ചുകൊള്ളും.

വടശ്ശേരിക്കര മാർ ഈവാനിയോസ് (ഒപ്പ്)

19 – 5 – 05

## 3. മിസ്സ് ബ്രൂക്ക്സ്മിത്തിന് അയച്ച കത്ത്

ഇംഗ്ലണ്ടിൽ ഓക്സുഫോർഡ് സർവ്വകലാശാലയിൽ നിന്നും എം. എ. ബിരുദം സമ്പാദിച്ച മിസ്സ്. ബ്രൂക്കുസ്മിത്ത്, മിസ്സസസ് ഹോംസ് എന്നീ രണ്ടു ധ്വരശാണികളെ തിരുവല്ലായിൽ തിരുമൂലപുരം ബാലികാമഠത്തിന്റെ (ഹൈസ്കൂൾ) ചുമതല ഭരമേല്പിക്കുന്നതിനായി കഥാപുരുഷൻ എഴുതി അയച്ചു വരുത്തുകയുണ്ടായി. പ്രസ്തുത ഹൈസ്കൂളിൽ നാല്പതു വർഷത്തോളം ഹെഡ്മിസ്ട്രസ്സായി ജോലി നോക്കിക്കൊണ്ടിരിക്കുന്ന മിസ്സ് ബ്രൂക്ക്സ്മിത്തിന് കഥാപുരുഷൻ ഇംഗ്ലീഷിൽ അയച്ചുകൊടുത്ത മറുപടിക്കത്തിന്റെ പരിഭാഷയാണ് ഇനിയും ചേർക്കുന്നത്.

Dear Miss Brook Smith,

നിങ്ങൾ അയച്ച കത്തിനുള്ള കൃതജ്ഞത ആദ്യമായി പ്രകടിപ്പിച്ചുകൊള്ളുന്നു. പ്രസ്തുത കത്തു ലഭിച്ച ഉടൻ തന്നെ ആ സ്കൂളിലെ ജോലി തുടർന്നു നോക്കുന്നതിൽ കന്യാസ്ത്രീകൾക്കുള്ള അഭിപ്രായമെന്താണെന്ന് അറിയിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടു മഠത്തിലെ ബഹുമാനപ്പെട്ട മദറിനു ഞാൻ എഴുത്ത് അയയ്ക്കുകയുണ്ടായി. സ്കൂൾ അദ്ധ്യാപനം തുടർന്നു നടത്തുന്നതിന് അവർ ആഗ്രഹിക്കുന്നില്ലെന്നത്രെ ഞാൻ അറിയുന്നത്. അപ്രകാരമെങ്കിൽ ഉടൻ തന്നെ അവരെ ജോലിയിൽ നിന്നും പിരിച്ചു വിടുകയാണ് വേണ്ടതെന്നുള്ള വിവരം നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

റോമൻ കത്തോലിക്കാസഭയുമായി ഉടൻതന്നെ ഞങ്ങൾ പുനരൈക്യം പ്രാപിക്കുമെന്ന് ഇതിൽ നിന്നും നിങ്ങൾ അനുമാനിക്കരുത്. ഈ വിഷയത്തെപ്പറ്റി സ്വതന്ത്രമായി ചിന്തിക്കുന്നതിന് അവർക്കെല്ലാവർക്കും ഇതു സഹായകമായിത്തീരുമെന്നുള്ളതിനു സംശയമില്ല. കത്തോലിക്കാപുനരൈക്യമെന്ന പ്രശ്നത്തെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങിയപ്പോൾത്തന്നെ ക്ലാസുകളിൽ അദ്ധ്യാപനം നടത്തുമ്പോൾ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് - വിശ്വാസത്തിൽ യാതൊരു വ്യത്യാസവും ഇല്ലെങ്കിലും വ്യാഖ്യാനിക്കുവാനിട നല്കത്തക്ക സംസാരത്തിൽ നിന്നെന്നു മാത്രമല്ല, കേവലം സൂചനയിൽ നിന്നുപോലും ഒഴിഞ്ഞിരിക്കണമെന്ന് അവർക്ക് ഞാൻ പ്രത്യേകം എഴുതുകയുണ്ടായി. സ്കൂളദ്ധ്യാപന വിഷയത്തിൽ ഏർപ്പെട്ടിരിക്കുന്ന കന്യാസ്ത്രീകളായ സഹോദരികൾക്ക്

തങ്ങളുടെ കർത്തവ്യനിർവ്വഹണത്തെപ്പറ്റി യഥാർത്ഥമായ ഒരു മനസ്സാക്ഷിയുണ്ടെന്നാണ് എന്റെ വിശ്വാസം. നിങ്ങളുടെ അനുവാദത്തോടുകൂടെയും നിങ്ങളുടെ സൗകര്യം പോലെയും എത്രയും വേഗം ആ സ്കൂളിലെ ജോലി ഉപേക്ഷിക്കണ മെന്നു ഞാൻ അവർക്ക് എഴുതുന്നതാണ്.

സുറിയാനിസഭയുടെ ഇന്നത്തെ ദയനീയമായ നിലയെപ്പറ്റി ശരിക്കുള്ള അറിവ് നിങ്ങൾക്കുണ്ടെന്നാണ് എന്റെ വിശ്വാസം. ഒരു മഹത്തായ ആദർശത്തിന്റെ ഉദ്ധാരകശക്തിക്കു മാത്രമേ ഈ സഭയെ രക്ഷിക്കുവാൻ സാധിക്കുകയുള്ളുവെന്നു ഞാൻ സുദൃഢം വിശ്വസിക്കുന്നു. പ്രസ്തുതാദർശം കത്തോലിക്കാപുനരൈക്യത്തിൽ മാത്രമേ ദർശിക്കുവാൻ എനിക്കു സാധിക്കുന്നുള്ളൂ. ഇപ്രകാരമുള്ള ഒരു പുനരൈക്യത്തിനു മാത്രമേ വർഗ്ഗീയകലഹങ്ങളിൽ നിന്നും സമുദായവ്യവഹാരങ്ങളിൽ നിന്നും നമ്മുടെ സഭയെ രക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. അപ്രകാരമുള്ള ഒരുപുനരൈക്യം മൂലം മാത്രമേ മതത്തേയും മനുഷ്യജീവിതത്തേയും പറ്റിയുള്ള വിശാലമായ വീക്ഷണവും, അഖിലലോകവ്യാപാകവും ഭൂലോകമെങ്ങും മിഷ്യൻ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതുമായ ഒരു സഭയുടെ അംഗമെന്ന നിലയിലുള്ള അനുഗ്രഹങ്ങളും ലഭ്യമാകയുള്ളൂ.

കഴിഞ്ഞ ഇരുപതു വർഷങ്ങളായി സുറിയാനിസഭയിലെ ഈ വിഭാഗം അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയർക്കീസുമായി മാത്രമല്ല, ലോകത്തിലുള്ള പുരാതനവും അപ്പസ്തോലികവുമായ എല്ലാ സിംഹാസനങ്ങളുമായി ഭിന്നിച്ച് ശീശ്മയിൽ സ്ഥിതി ചെയ്തിരുന്നു. മാർ ദിവന്നാസ്യോസ് മർദ്ദീനിൽ പോയി നടത്തിയ പരിശ്രമമുൾപ്പെടെ സന്ധിക്കു വേണ്ടി നടത്തിയ എല്ലാ പരിശ്രമങ്ങളും പരാജയമടയുകയാണുണ്ടായത്. കാതോലിക്കോസിനെ അഭിഷേകം ചെയ്തു കഴിഞ്ഞപ്പൾ അദ്ദേഹത്തിനു സാധുവായ കൈവെയ്പ്പില്ലെന്ന് പ്രഖ്യാപനം ചെയ്തുകൊണ്ടുള്ള ഒരു കല്പന പാത്രിയർക്കീസ് പരസ്യപ്പെടുത്തുകയുണ്ടായി. പാത്രിയർക്കീസു കക്ഷിയിൽ ഉൾപ്പെട്ടു നില്ക്കുന്ന മെത്രാന്മാർ പ്രസ്തുത കല്പന ഈയിടെ മലയാളത്തിൽ പരിഭാഷപ്പെടുത്തുകയും പള്ളികളിലെല്ലാം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കാതോലിക്കോസിൽ നിന്നും വൈദികാഭിഷേകം സ്വീകരിച്ച പട്ടക്കാരെയും ശെമ്മാശന്മാരെയും വീണ്ടും പട്ടം കൊടുത്തു മാത്രമേ അവർ സ്വീകരിക്കുകയുള്ളൂ.

നമ്മുടെ ആചാരാനുഷ്ഠാനങ്ങളും ആരാധനക്രമങ്ങളും അംഗീകരിച്ചും നമ്മുടെ കൈവെയ്പിന്റെ സാധുത്വവും നമ്മുടെ ജനങ്ങളുടെ മേലുള്ള മേലധികാരവും സമ്മതിച്ചും കൊണ്ടുള്ള പുനരൈക്യത്തിനു വേണ്ടിയത്രേ ഞങ്ങൾ ആഗ്രഹിച്ചത്. വി. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പായുടെ പ്രധാനാധികാരത്തിനു വിധേയരാകണമെന്നുള്ളതായിരുന്നു നമ്മുടെ ഭാഗത്തു നിന്നുമുള്ള വ്യവസ്ഥ. വി.പത്രോസ് റോമിൽ വെച്ച് രക്തസാക്ഷിമരണം കൈവരിച്ചുവെന്നും പാത്രിയർക്കീസന്മാരുടെ തലവനാണ് റോമാ മാർപ്പാപ്പാ എന്നുമുള്ള സത്യം നമ്മുടെ കാനോനാകളും പ്രാർത്ഥനക്രമങ്ങളും സുസ്പഷ്ടം വിളിച്ചു പറയുന്നുണ്ട്.

യാക്കോബായ പാത്രിയർക്കീസിന്റെ മേലധികാരത്തെ സ്വീകരിച്ചിരിക്കുവാനാണ് താനെന്ന് സ്പഷ്ടമായി സമ്മതിച്ചു കൊണ്ടുള്ള മൊഴികളാണ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ കോടതികളിൽ നല്കിക്കൊണ്ടിരുന്നതും ഇപ്പോൾ നല്കികൊണ്ടിരിക്കുന്നതും. പ്രസ്തുത പാത്രിയർക്കീസിന്റെ മേലധികാരത്തെ കോടതികളിൽ പരസ്യമായി ഏറ്റു പറയുകയും എന്നാൽ അതേ സമയം വേറൊരു പാത്രിയർക്കീസിന്റെ മേലധികാരത്തെ സ്വീകരിക്കുന്നതിനു വേണ്ടി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ ഭാഗത്തുള്ള അവിശ്വസ്തതയായി പരിഗണിക്കപ്പെടുന്നതായിരിക്കും. തന്മൂലം ഇപ്രകാരമുള്ള ഒരു സന്ദർഭത്തിൽ ഇങ്ങനെയുള്ള എഴുത്തുകുത്തുകൾ മാർ ദിവന്നാസ്യോസിനെ അറിയിക്കരുതെന്നും തൃപ്തികരമായ ഒരുനിശ്ചയത്തിൽ എത്തിച്ചേരുന്ന പക്ഷം അതു സംബന്ധിച്ചുള്ള നടപടികൾ അദ്ദേഹത്തെ അറിയിക്കണമെന്നും ഞങ്ങൾ നിശ്ചയിക്കുകയാണുണ്ടായത്. അതിലേക്കായി പരേതനായ കാതോലിക്കാബാവാ എന്നെ ചുമതലപ്പെടുത്തുകയും ആ കൃത്യം ഞാൻ യഥാവിധി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരമെല്ലാമായിരുന്നു നടപടികൾ മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നത്. ഇതു സംബന്ധിച്ച് സുദീർഘമായ ഒരു കത്ത് ഞാൻ അയച്ചിട്ടുണ്ട്. മിസ്സ് ഹോംസിനും ഇതേപ്പറ്റി എഴുതണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ കത്ത് അവർക്ക് നിങ്ങൾ അയച്ചുകൊടുക്കുന്ന പക്ഷം വീണ്ടും ഇപ്രകാരമുള്ള എഴുതുന്നതിനുള്ള ഭാരത്തിൽ നിന്നും എനിക്ക് ഒഴിയുന്നതിനു സാധിക്കും. ഈ നടപടികളിലെ ആന്തരിക സ്ഥിതിഗതികൾ അവരെ അറിയിക്കാത്തപക്ഷം അവർക്ക് അത് വളരെ വിഷമത്തിനു കാരണമായിത്തീരുന്നതാണ്.

സന്ന്യാസസോഹദരന്മാർക്കും സഹോദരികൾക്കും ഇക്കാര്യത്തിൽ പരിപൂർണ്ണസ്വാതന്ത്ര്യം ഉപയോഗിക്കാവുന്നതാണ്. ഈ വിഷയത്തെപ്പറ്റി ഞാൻ ഗൗരവപൂർവ്വം ചിന്തിക്കുവാൻ തുടങ്ങിയപ്പോൾ ഈ നടപടിക്ക് ഞാൻ വിധേയനാകുന്ന പക്ഷം അവരുടെ വ്രതങ്ങളിൽ നിന്നും അവരെ വിമുക്തരാക്കുന്നതാണെന്നു വളരെ സ്പഷ്ടമായി അവരോടു പറയുകയുണ്ടായി. അവർ കുറഞ്ഞൊരു കാലമായി അതേപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. അവരവരുടെ കർത്തവ്യം തെരഞ്ഞെടുക്കുന്നതിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം അവരവർക്കുണ്ടായിരിക്കും.

ഒരു വാക്കുകൂടെ, കന്യാസ്ത്രീകൾക്ക് പല വിധത്തിൽ നിങ്ങളുടെ സഹായമുണ്ടായിരുന്നുവെന്നുള്ള പരമാർത്ഥം ഞാൻ ഇപ്പോൾ പ്രത്യേകം സ്മരിക്കുന്നു. ഏറ്റം ഹൃദയപൂർവ്വകമായ ബന്ധമായിരുന്നു നാം തമ്മിലുണ്ടായിരുന്നത്. എന്റെ സ്നേഹിതന്മാരോടു കൂടുതൽ സ്നേഹത്തിലും ബന്ധത്തിലും കഴിഞ്ഞുകൂട്ടുന്ന ഒരു ദർശനമത്രേ എനിക്കിപ്പോൾ ഉണ്ടായിരിക്കുന്നത്. നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ വാഴുമെന്നും തമ്മിൽ തമ്മിലുള്ള സ്നേഹബന്ധം കൂടുതൽ ഹൃദയപൂർവ്വകവും പ്രകൃത്യതീതവും ആയിത്തീരുമെന്നും ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. കാരണം, നാമെല്ലാവരും യേശുക്രിസ്തു എന്ന ഏകകർത്താവിൽ വിശ്വസിക്കുന്നു എന്നുള്ളതത്രേ.

സകലവിധ മംഗളാശംസകളോടുകൂടെ,
മാർ ഈവാനിയോസ് (ഒപ്പ്)

## 4. മാർ ദിവന്നാസ്യോസിന് അയച്ച കത്ത്

പെരുന്നാട്ടിലുള്ള ബഥനിമലയിൽ നിന്നും ഇറങ്ങുവാൻ നിശ്ചയിച്ചു കഴിഞ്ഞശേഷം അതിനു പ്രേരകമായ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കഥാപുരുഷൻ ബഥനിയിൽ നിന്നും അയച്ചുകൊടുത്ത കത്ത് ചുവടെ ചേർത്തുകൊള്ളുന്നു:-

മലങ്കര യാക്കോബായസുറിയാനി അസോസ്യേഷന്റെ പ്രസിഡന്റായ നി. വ. ദി. ശ്രീ. മലങ്കരയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമുമ്പാകെ ബോധിപ്പാൻ.

അന്ത്യോഖ്യാ യാക്കോബായ സിംഹാസനത്തിനാകട്ടെ, യാക്കോബായ അസോസിയേഷൻ യോഗത്തിനോ കമ്മറ്റിക്കോ ആകട്ടെ ബഥനിമേലും ബഥനിപ്പള്ളികൾ ഉൾപ്പെട്ട സ്ഥാപനങ്ങളിന്മേലും യാതൊരധികാരവും ഉണ്ടായിരിക്കരുതെന്നുള്ള സ്ഥിരവും പ്രസ്പഷ്ടവുമായ നിശ്ചയത്തോടുകൂടിയാണ് ഞാൻ ഇവയെ സ്ഥാപിച്ചിട്ടുള്ളതും ഇന്നോളം നടത്തിവരുന്നതും. ഞാൻ എപ്പിസ്കോപ്പായും മെത്രാപ്പോലീത്തായുമായി അവരോധിക്കപ്പെട്ടപ്പോൾ യാക്കോബായ പാത്രിയർക്കീസിനോ അസോസിയേഷൻ യോഗ ത്തിനോ യാതൊരു വിധത്തിലും അധീനനാകാത്ത നിലയിൽ സ്വതന്ത്രനായി അവരോധിക്കപ്പെട്ട വിവരവും തിരുമനസ്സിലേക്ക് നന്നായി അറിവുള്ളതാണല്ലോ. ഇതേവരെ നടന്നിട്ടുള്ള അസോസിയേഷൻ കമ്മറ്റിക്കും യാതൊരു യോഗത്തിനും ഞാനും മാർ തിയോഫിലോസ് എപ്പിസ്കോപ്പായും സംബന്ധിച്ചിട്ടില്ലാത്തും ബഥനി സ്വതന്ത്രമാകയാൽ ഇവയിൽ ഞങ്ങൾ സംബന്ധിക്കുന്നതല്ലെന്നുള്ള വിവരം തിരുമേനിയോടും കാതോലിക്കാ ബാവായോടും ഞാൻ നേരിട്ടു പറഞ്ഞിട്ടുള്ളതിനും പുറമേ, 1104 മിഥുനത്തിൽ കൂടിയ മാനേജിംഗ് കമ്മറ്റി യോഗത്തിൽ ഈ വിവരം എന്റെ ആവശ്യപ്രകാരം മി. ഈ. ജെ. ജോൺ പ്രസ്താവിക്കുകയും അങ്ങനെ പ്രസ്താവിച്ചു എന്ന് അദ്ദേഹം കമ്മറ്റിയുടെ പിറ്റേദിവസം തന്നെ എന്നെ അറിയിക്കുകയും ചെയ്തിട്ടുള്ളതുമാകുന്നു. ഞാൻ മെത്രാപ്പോലീത്താ ആയ ശേഷവും പഴയ സെമിനാരിയിൽവെച്ച് തിരുമനസ്സുകൊണ്ട് എന്നോടു ബഥനിയുടെ സ്വതന്ത്രനില ഒരുനാളും ഉപേക്ഷിക്കരുതെന്ന് അഭിമുഖമായി കല്പിച്ചിട്ടുള്ള വിവരവും ഓർമ്മപ്പെടുത്തുന്നു.

ഇങ്ങനെയെല്ലാമായിരിക്കെ കൊല്ലം 1106 ചിങ്ങം 19-ാം തീയതി കോട്ടയം സുറിയാനി സെമിനാരിയിൽ കൂടുവാനിരിക്കുന്ന മലങ്കര യാക്കോബായ അസോസ്യേഷൻ പൊതുയോഗത്തിലേക്ക് ബഥനിപ്പള്ളികളിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുത്തയക്കണമെന്നു കാണിച്ചു തിരുമനസ്സുകൊണ്ട്- ഞാനോ മാർ തിയോഫിലോസ് എപ്പിസ്കോപ്പായോ അറിയാതെ - ബഥനിപ്പള്ളികൾക്ക് സാധനം അയച്ചിട്ടുള്ളതായി കാണുന്നതിൽ വ്യസനിക്കുന്നു. തിരുമനസ്സിലെ സാധനം കിട്ടിയെന്നും എന്താണു വേണ്ടതെന്നും ഞങ്ങളുടെ വികാരിമാർ ഞങ്ങളോടു ചോദിക്കയും ബഥനിയും ബഥനിപ്പള്ളികളും സ്വതന്ത്രമാകയൽ ഈ യോഗത്തിലേക്കു പ്രതിനിധികളെ അയപ്പാൻ പാടില്ലെന്നു അവരെ തെര്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ബഥനിപ്പള്ളികളിലെ പ്രതിനിധികളായി ആരെയും ടി യോഗത്തിലേക്ക് അയക്കുന്നതല്ല. ബഥനിപ്പള്ളികളുടെ പ്രതിനിധികളെന്ന ഭാവേന ആരെങ്കിലും ആ യോഗത്തിൽ വരുന്ന പക്ഷം അത് അർഹതയില്ലാത്ത പ്രവൃത്തി ആയിരിക്കുന്നതും യാതൊരു ബഥനിപ്പള്ളിയേയും ബാധിക്കുന്നതല്ലാത്തതുമാണെന്നുള്ള വിവരം താഴ്മയായി തിരുമനസ്സറിയിച്ചുകൊള്ളുന്നു.

മുമ്പ് യാക്കോബായപ്പള്ളിയായിരുന്ന പുറമറ്റം പള്ളി അതിന്റെ ഉടമസ്ഥന്മാരായ ഇരുപത്തിനാലാളുകൾ ചേർന്ന് എനിക്ക് ഉടമ്പടി തന്നിട്ടുള്ളതും അതനുസരിച്ച് കഴിഞ്ഞ നാലഞ്ചു സംവൽസര ക്കാലമായി എന്റെ ആജ്ഞയിൻകീഴിൽ നടന്നുവരുന്നതുമാകുന്നു വെങ്കിലും ആ കാരണം പറഞ്ഞ് ആരെങ്കിലും സ്വതന്ത്രമായി സ്ഥാപിക്കപ്പെട്ട മറ്റു ബഥനിപ്പള്ളികൾക്കും ഏതെങ്കിലും വിധത്തിൽ യാക്കോബായ ബന്ധമുണ്ടെന്നു വാദിക്കുമെന്നും മറ്റും ശങ്ക തോന്നുന്നതുകൊണ്ട് പുറമറ്റം പള്ളിയെ ഉപേക്ഷിച്ചിരിക്കുന്നതും വിവരം ഉടമ്പടി തന്ന ആളുകളെ തെര്യപ്പെടുത്തിയിട്ടുള്ളതുമാകുന്നു. തിരുമനസ്സിലെ സ്വന്തംപണംകൊണ്ട് എന്റെ പേരുവെച്ച് വിശ്വാസമായി എഴുതി വാങ്ങിയിട്ടുള്ളതായ മല്ലപ്പള്ളി പൂവന ക്കടവിലേയും പടുവയിലിലേയും വസ്തുക്കളുടെ കൈമാറ്റിയാധാരം ആരുടെ പേർക്ക് എഴുതണമെന്ന് അറിയിച്ച് തരുവാനായി വട്ടശ്ശേരിൽ കീവറിച്ചൻ മുഖാന്തിരം ആവശ്യപ്പെട്ടതിൽ കഴിഞ്ഞയാഴ്ചവരെ മറുപടി കിട്ടാതിരുന്നതുകൊണ്ട് ആധാരം അയച്ചുകൊള്ളുന്നതുമാകുന്നു. ഈ വസ്തുക്കൾ വിശ്വാസമായി എന്റെ പേരുവെച്ച് എഴുതിപ്പാൻ തിരുമേനി ആഗ്രഹിക്കുന്നെന്നു തിരുപ്പത്തൂർ ആസ്പത്രിയിൽ വെച്ച് എന്നോടു പറഞ്ഞപ്പോൾ "എപ്പോൾ ആർക്ക് എഴുതിക്കൊടുക്കണമെന്നു കല്പിക്കുന്നുവോ അങ്ങനെ ചെയ്തുകൊള്ളാം." എന്നു ഞാൻ തിരുമേനിയോടു പറഞ്ഞിട്ടുതും ഉടമസ്ഥന്മാർക്ക് തിരികെ കൊടുക്ക ണമെന്നുള്ള ഉദ്ദേശത്തിന്മേൽ ഇവ ട്രസ്റ്റിൽ ഏല്പിക്കാതിരു ന്നിട്ടുള്ളതും, ശേഷമുള്ള ബഥനിപ്പള്ളികളും സ്വത്തുക്കളും ബഥനിട്രസ്റ്റികൾക്ക് എഴുതിക്കൊടുത്തിട്ടുള്ളതും ആകുന്നു.

ഇക്കഴിഞ്ഞ (കർക്കടകം 26-ാം തീയതി) ഞായറാഴ്ച എം. ജി. എം. ഹൈസ്കൂളിൽ പഠിക്കുന്ന ഒരു ശെമ്മാശൻ തിരുവല്ലാ പാലി യേക്കര ബഥനിപ്പള്ളിയിൽ വി. കുർബാനയ്ക്കു സംബന്ധിക്കുവാൻ വരുകയും മദ്ബഹായിൽ പ്രവേശിച്ചു വി.കുർബാനയ്ക്കു

ശുശ്രൂഷിപ്പാൻ ആയസ്സമായി നിന്നിരുന്ന ആളിന്റെ പക്കൽ നിന്നും വികാരിയുടെ ആജ്ഞയെ അവഗണിച്ച് ധൂപക്കുറ്റി പിടിച്ചു പറിക്കുന്നതിനു ശ്രമിക്കുകയും ചെയ്തതായും, എം.ജി.എം. ലെ ഒരു വാദ്ധ്യാർ ശെമ്മാശനെ വിലക്കിയതായും, ആയസ്സമുണ്ടായിരുന്ന ആൾ ശുശ്രൂഷക്കാരനായി വി. കുർബാന ആരംഭിച്ചു നടന്നു വരുമ്പോൾ കുർബാനമദ്ധ്യേ ശെമ്മാശൻ ചാടിക്കയറിച്ചെന്ന് ഒന്നാം തുബദേനിൽ മാർ തിയോഫിലോസ് മെത്രാച്ചന്റെ പേരു ചൊല്ലിവരുന്ന പതിവു ലംഘിച്ചു തിരുമനസ്സിലെ പേരു ചേർത്തു ചൊല്ലിയതായും അറിയുന്നു. മേലാലും ഇത്തരം പ്രവൃത്തികൾ അവിടെ നടക്കാനിടയുണ്ടെന്നും ഇത് പള്ളി കൈവശപ്പെടുത്താൻ ചെയ്ത ഒരു പ്രാരംഭശ്രമമാണെന്നും അറിഞ്ഞതുകൊണ്ട് മാർ തിയോഫിലോസ് മെത്രാച്ചൻ തിരുവല്ലാ പ്പള്ളിയിൽ എത്തുന്നതുവരെ അവിടെ വി.കുർബാന നടത്തണ്ടാ എന്നും പള്ളി പൂട്ടി താക്കോൽ ട്രസ്റ്റിയെ ഏല്പിക്കണമെന്നും കാണിച്ച് വികാരിക്ക് അദ്ദേഹം സാധനം അയച്ചിട്ടുണ്ട്.

തിരുവല്ലായിൽ ഒരു നല്ല കെട്ടിടമുണ്ടാക്കണമെന്നും അതിലേക്ക് തിരുമനസ്സുകൊണ്ട് ദ്രവ്യസഹായം ചെയ്യാമെന്നും എന്നോടു പറഞ്ഞപ്പോൾ "അവിടുത്തെ പണം എനിക്കു വേണ്ടാ അവിടത്തെ പണം വാങ്ങിയാൽ അത് സമുദായവകയാണെന്നു വരും. അതു സംബന്ധിച്ചു പിന്നാലെ വ്യവഹാരം നടത്താനും മറ്റും കഴിയുകയില്ല. ഞാൻ തന്നെ പണമുണ്ടാക്കി കെട്ടിടം പണിയിച്ചു കൊള്ളാം." എന്ന് ഞാൻ മറുപടി പറയുകയും "എന്റെ സ്വന്തം പണം തന്നാൽ വാങ്ങരുതോ" എന്നു തിരുമനസ്സുകൊണ്ട് എന്നോടു ചോദിക്കയും "അതിനു വിരോധമില്ല" എന്നു ഞാൻ പറയുകയും ഉണ്ടായിട്ടുള്ളത് തിരുമനസ്സുകൊണ്ട് ഓർക്കുന്നുണ്ടായിരിക്കുമല്ലോ. പണം എന്നെ ഏല്പിച്ചപ്പോൾ "ഇത് സമുദായം വക പണമല്ല നമ്മുടെ സ്വന്തം വകയാണ്. ഇത് ബഥനിക്ക് തരുകയല്ല അവിടുത്തേക്ക് തരുകയാണ്" എന്നിങ്ങനെ എന്നോടു പ്രസ്താവിച്ചതും ഞാൻ ഓർക്കുന്നുണ്ട്. തിരുമനസ്സുകൊണ്ട് തന്ന മൂവായിരം രൂപാ അരമനക്കെട്ടിടത്തിന് ചിലവാക്കിയിട്ടുണ്ട്. ആ കെട്ടിടത്തിൽ താമസിക്കണമെന്ന് തിരുമനസ്സിലേക്ക് പ്രതീക്ഷയുണ്ടായിരുന്നതിനാൽ ആ കെട്ടിടവും തിരുമനസ്സിലെ താമസസുഖമുദ്ദേശിച്ച് അതോടുചേർന്ന പള്ളിക്കെട്ടിടവും തിരുമനസ്സിലേക്ക് വിട്ടുതരുവാൻ വേണ്ട ഏർപ്പാടു ചെയ്യണമെന്ന് ഞാൻ വളരെ നാളായി ആഗ്രഹിച്ചുകൊണ്ടിരുന്നതാണ്. ഇതിനെ ദയവായി തിരുമനസ്സുകൊണ്ടു സ്വീകരിക്കണമെന്ന്

അപേക്ഷിക്കയും ചെയ്യുന്നു. ഞാൻ നിമിത്തം തിരുമനസ്സിലേക്ക് ഏതെല്ലാംവിധത്തിൽ മനോവേദന ഉണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം നമ്മുടെ കർത്താവിനെ പ്രതി എന്നോടു ക്ഷമിക്കണമെന്നും എത്രയും താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

ഓരോ സ്ഥലത്തും ബഥനിപ്പള്ളിക്കു സ്ഥലം തന്ന ആളുകൾ സർവ്വസ്വാതന്ത്ര്യമായി തന്നതാണെങ്കിലും അവ കൊടുപ്പാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ നിമിത്തം യാതൊരു പള്ളിയിലും ദൈവശുശ്രൂഷ അലങ്കോലപ്പെടരുതെന്നേ ഞങ്ങൾക്കാഗ്രഹമുള്ളൂ. എവിടെയെങ്കിലും ഒരു വീട് വാടകയ്ക്കെടുത്ത് താമസിക്കുന്നതിനാണ് ഞങ്ങൾ വിചാരിക്കുന്നത്. മേലാലും തിരുമനസ്സിലെ സ്നേഹവാത്സല്യങ്ങൾ സമൃദ്ധിയായി ഞങ്ങളുടെ മേൽ ഉണ്ടാകണമെന്നപേക്ഷിക്കുന്നു.

തിരുമുമ്പാകെ ബോധിപ്പാൻ,

ബഥനി,
വടശ്ശേരിക്കര മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)
2 - 1 - 106

* * * *

## കാതോലിക്കാബാവായ്ക്ക് അയച്ച കത്ത്

ബഥനിമലയിൽ നിന്നും ഇറങ്ങി വെണ്ണിക്കുളത്തു വന്നു ആശ്രമസ്ഥരൊന്നിച്ചു താമസിച്ചുകൊണ്ടിരിക്കുമ്പോൾ മാർ ബസ്സേലിയോസ് കാതോലിക്കാബാവായ്ക്ക് കഥാപുരുഷൻ അയച്ചുകൊടുത്ത കത്താണ് ഇനിയും ചേർക്കുന്നത്. ബഥനിയിൽ നിന്നും ഇറങ്ങിപ്പോരുവാനുണ്ടായ കാരണങ്ങളും, കത്തോലിക്കാ പുനരൈക്യത്തിന്റെ ആവശ്യകതയും ഈ കത്തിലും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

നി.വ.ദി.മ.ശ്രീ. മോറാൻ മാർ ബസ്സേലിയോസ്
പൗരസ്ത്യ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട്
ബോധിപ്പാൻ

ഞാനും മാർ തിയോഫിലോസ് മെത്രാച്ചനും ആശ്രമസ്ഥന്മാരും പെരുന്നാട്ടിലെ ബഥനിമലയിൽ നിന്നും വിട്ടിറങ്ങി ഇപ്പോൾ വെണ്ണിക്കുളത്തുവന്ന് ഒരു വീട്ടിൽ താമസിക്കുന്നു. ഇങ്ങനെ ചെയ്യാൻ

ഞങ്ങളെ പ്രേരിപ്പിച്ച സംഗതികൾ അവിടത്തെയും വലിയ തിരുമേനിയെയും അറിയിക്കണമെന്ന് തിരുമേനിമാരോടുള്ള സ്നേഹം എന്നെ നിർബന്ധിക്കുന്നതുകൊണ്ട് ഈ സാധനം എഴുതുന്നതാകുന്നു. നമ്മുടെ ഇടയിൽ ഇതേവരെ സ്വീകരിച്ചു വന്നിട്ടുള്ള സഭാഭരണതത്വങ്ങളും അധികാരമൽസരം, വ്യവഹാരം തുടങ്ങിയ പദ്ധതികളും ഇനിയും തുടർന്നുകൊണ്ടു പോകുന്നതായാൽ ഇതേവരെ ഉണ്ടായിട്ടുള്ളതിൽ സഹസ്രമടങ്ങ് ആത്മീയധോഗതിയിയും നാശവും ജനസമുദായത്തിന് ഉണ്ടാകുമെന്നും ദൈവത്തിന്റെ തിരുനാമം പൂർവ്വാധികം നിന്ദിക്കപ്പെടുമെന്നം എനിക്ക് സത്യമായി മനോബോദ്ധ്യമുണ്ട്. അതിനാൽ ഈ നാട്ടിൽ ദൈവതിരുനാമം മഹത്വീകരിക്കപ്പെടുവാൻ തക്കവണ്ണമുള്ള ഒരു പ്രസ്ഥാനം അവിടുന്നു വലിയ തിരുമേനിയും എല്ലാവരും കൂടെ യോജിച്ചു സ്വീകരിക്കണമെന്ന് പല വിധത്തിലും പല അവസരങ്ങളിലും ഞാൻ അപേക്ഷിച്ചിട്ടുള്ളതാണ്. മലങ്കര സുറിയാനി സഭയുടെ കാതലായ വിശ്വാസത്തിന് യാതൊരു വ്യത്യാസവും വരുത്താതെയും, ഭിന്നതകളും അന്യോന്യമൽസരങ്ങളും നിമിത്തം അടിക്കടി തിരുശരീരം മുറിവേറ്റുകൊണ്ട് വേദന അനുഭവിക്കുന്ന മുറിവുകൾ കരിക്കുന്നതിനും വേദന ശമിപ്പിക്കുന്നതിനും പര്യാപ്തമായ ഒരു പദ്ധതി സ്വീകരിച്ചുകൊണ്ടും തിരുമേനിമാരുടെ അധികാരത്തിൻകീഴിലുള്ള ജനങ്ങളെ സ്വർഗ്ഗരാജ്യത്തിലേക്ക് നടത്തേണ്ടത് തിരുമേനിമാരുടെ സർവ്വപ്രധാനമായ ചുമതലയാണെന്നും അതിനായിട്ടാണ് പരിശ്രമിക്കേണ്ടതെന്നും തിരുമേനിമാർ ഇരുവരുടെയും മുമ്പാകെ കുമ്പിട്ടുവീണു - പാദങ്ങൾ മുത്തിക്കൊണ്ട് - ദൈവനാമത്തിൽ വീണ്ടും വീണ്ടും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ബഥനിസ്വത്തുക്കൾ വ്യവഹാരം കൊണ്ട് എന്നിൽനിന്ന് കരസ്ഥമാക്കുന്നതിനുള്ള ആലോചനയുടെ പ്രാരംഭശ്രമമായി വലിയ തിരുമേനി പലതും ചെയ്തു തുടങ്ങിയിരിക്കുന്നതിൽ എത്രയും സങ്കടപ്പെടുന്നു. ബഥനിയും ബഥനിപ്പള്ളികൾ ഉൾപ്പട്ട സർവ്വ സ്ഥാപനങ്ങളും യാക്കോബായപാത്രിയർക്കീസിന്റെ ആജ്ഞയിൻ കീഴിൽ സ്ഥാപിക്കപ്പെട്ടതോ മലങ്കര യാക്കോബായട്രസ്റ്റിൽ ഉൾപ്പെട്ടതോ അല്ല. ഒരു സ്വതന്ത്രസ്ഥാപനമായിട്ടാണ് ഞാൻ ബഥനിയെ ഉദ്ദേശിച്ചതും സ്ഥാപിച്ചതും. ഞാൻ മെത്രാപ്പോലീത്താ ആയി അവരോധിക്കപ്പെട്ട ശേഷവും ബഥനിയുടെ സ്വതന്ത്രനില ഒരു നാളും ഉപേക്ഷിക്കരുതെന്ന് കോട്ടയം പഴയസെമിനാരിയിൽവെച്ച് വലിയ

തിരുമേനി എന്നോട് അഭിമുഖമായി കല്പിച്ചിട്ടുണ്ട്. ഇപ്പോൾ ഇതാ 106 ചിങ്ങം 19-ാം തീയതി പഴയസെമിനാരിയിൽ വെച്ച് കൂടുവാനിരിക്കുന്ന മലങ്കര യാക്കോബായ അസോസിയേഷൻ യോഗത്തിലേക്ക് യാക്കോബായപള്ളികളിൽ നിന്നും പ്രതിപുരുഷന്മാരെ ക്ഷണിക്കുന്ന കൂട്ടത്തിൽ ബഥനിപ്പള്ളികൾക്കും വലിയ തിരുമേനി കല്പനകൾ അയച്ചിരിക്കുന്നു. എന്റെയോ മാർ തെയോഫിലോസ് മെത്രാച്ചന്റെയോ അറിവോ സമ്മതമോ കൂടാതെയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. തിരുവല്ലാ പാലിയേക്കര ബഥനിപ്പള്ളിക്കായി അയച്ച കല്പന ആ പള്ളിയിലെ വികാരിയുടെ പേർക്കയച്ചില്ല. മി.കെ.എം. മാമ്മൻ വക്കീലിന്റെ പേർക്കാണ് അയച്ചത്. അദ്ദേഹം ബഥനിപ്പള്ളിയിലെ ഇടവകാംഗം പോലും അല്ല. ആ പള്ളിയിൽ ഇടവകക്കാരായി ആരുമില്ല. മൂന്നാളുകൾ ഇടവക ചേരുവാൻ അപേക്ഷ തന്നിട്ടുണ്ട്. എന്നാൽ അവരെ ഇടവക ചേർക്കുകയോ ഇടവകരജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

അപേക്ഷ തന്നിട്ടുള്ളവരാകയാൽ അവരുടെ അത്യാവശ്യപ്പെട്ട കർമ്മങ്ങൾ നടത്തുന്നതിന് ഏൽപ്പാടു ചെയ്തിട്ടുണ്ട്. യാക്കോബായ പ്രതിപുരുഷന്മാരെ തെരഞ്ഞെടുക്കുന്നതിനായി വലിയ തിരുമേനി അയച്ചുകൊടുത്തിട്ടുള്ള അധികാരപത്രത്തിൽ ബഥനിപ്പള്ളി ഇടവകക്കാരാണെന്നുള്ള ഭാവത്തിൽ ആരെങ്കിലും ഒപ്പിട്ട് യാക്കോബായ അസോസ്യേഷൻ യോഗത്തിൽ ഹാജരാകുന്ന പക്ഷം അത് ഒരു വ്യാജകൃത്യമായിരിക്കും എന്നല്ലാതെ ഒന്നും പറയുവാനില്ല. സ്വതന്ത്രമായ ഏതെങ്കിലും ബഥനിപ്പള്ളിയിൽ നിന്ന് അസോസിയേഷൻ പ്രതിനിധികളെ അയയ്ക്കുന്നതല്ല. പ്രതിനിധിയാണെന്ന് ഭാവിച്ച് ആരെങ്കിലും അവിടെ ഹാജരാകുന്നത് അധികാരമില്ലാത്ത പ്രവൃത്തിയാണ്. വലിയ തിരുമേനി ഈ വണ്ണം കല്പന അയച്ചുകൊണ്ട് സാധിക്കാവുന്നത് ബഥനിപ്പള്ളികൾ അസോസിയേഷൻ യോഗത്തിന്റെ അംഗീകാരത്തിൻകീഴിലും യാക്കോബായട്രസ്റ്റിലും ഇരിക്കുന്നതാണ് എന്ന് വരുത്തിവെയ്ക്കാൻ സാധിക്കുമെന്നു തോന്നിക്കാവുന്ന രേഖകൾ സമ്പാദിക്കാമെന്നുള്ളതല്ലാതെ ഇതിൽ നിന്നു വേറേയൊരു ഫലവും ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഇങ്ങനെ റിക്കാർഡുകൾ സമ്പാദിച്ച ശേഷം ബഥനിപ്പള്ളികൾ കൂടെയും യാക്കോബായ ട്രസ്റ്റിൽ ഉൾപ്പെട്ട താണെന്ന് സ്ഥാപിക്കുവാനായി ഒരു വ്യവഹാരം നടത്തണമെന്ന് ആരെങ്കിലും ഉദ്ദേശിക്കുന്ന പക്ഷം അതിൽ മുന്നിട്ടു പ്രവർത്തിക്കേണ്ടത് വലിയ തിരുമേനിയാണ്. തിരുമനസ്സുകൊണ്ട് എന്റെ പിതാവും

ഗുരുവുമാണ്. യാതൊരു കളങ്കവും കൂടാത്തതായ സ്നേഹത്തോടും വിശ്വസ്ഥതയോടും കൂടെയാണ് എന്റെ ബാല്യം മുതൽ ഇന്നോളം തിരുമേനിയെ ഞാൻ സേവിച്ചിട്ടുള്ളത്.......

ഇനിയും ചില കാര്യങ്ങൾ തിരുമേനിമാരെ അറിയിപ്പാനുള്ളത് പിന്നാലെ എഴുതി അറിയിച്ചുകൊള്ളാം. യാക്കോബായ സമുദായത്തിന്റെ ഭാവി ദൈവത്തിന്റെ മഹത്വത്തിന് ഉപയുക്തമായിത്തീരുവാൻ തക്കവണ്ണമുള്ള ആലോചനകളും പ്രവൃത്തികളും തിരുമേനികൾക്കുണ്ടാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു. ഞങ്ങളെക്കുറിച്ച് ഞങ്ങൾക്ക് യാതൊരു വിചാരവുമില്ല. ഇതേവരെ തിരുമേനിമാരുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചിട്ടുള്ള ഞങ്ങൾ മേലാലും തിരുമേനികളെ ഹൃദയപൂർവ്വകമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതാണ്. പൗരസ്ത്യകാതോലിക സഭകളുടെ കാതലായ വിശ്വാസത്തിനു ഭേദം കൂടാതെ റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യം സാദ്ധ്യമാണോ എന്നാലോചിക്കുന്നതിന് എന്നെ അവിടുന്നും കാലംചെയ്ത കാതോലിക്കാബാവായും കൂടെ ചുമതലപ്പെടുത്തിയിരുന്നവല്ലോ. ആ ആലോചനകളെ അവിടുന്ന് ചിലപ്പോൾ അനുകൂലിക്കുകയും ചിലപ്പോൾ പ്രതികൂലിക്കുകയും ചെയ്യുന്നതായിട്ടാണ് ഞാൻ അറിയുന്നത്. അത് സംബന്ധിച്ചു ചില കാര്യങ്ങൾ അറിയിപ്പാനുള്ളതു പിന്നാലെ അറിയിച്ചുകൊള്ളാം.

തിരുമുമ്പാകെ ബോധിപ്പാൻ,
മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

വെണ്ണിക്കുളം
6 - 1 -106

# അദ്ധ്യായം – 29

# ആർച്ചുബിഷപ്പും കെ. സി. മാമ്മൻമാപ്പിളയും

**കേ**രളത്തിലെ ക്രൈസ്തവജനതയുടെ രാഷ്ട്രീയവും, സാമുദായികവും, സാഹിത്യപരവും, സാമ്പത്തികവുമായ അഭിവൃദ്ധിക്കുവേണ്ടി നാല്പതിൽ പരം വർഷങ്ങളോളം വിദഗ്ദ്ധമായ തൂലികയും, നിർഭയമായ നാവും, മാതൃകാപരമായ പ്രവർത്തനങ്ങളും കൊണ്ടു അക്ഷീണം പ്രയത്നിച്ചിട്ടുള്ള ഒരു ബഹുമാന്യ വ്യക്തിയായിരുന്നു പരേതനായ മി.കെ.സി. മാമ്മൻമാപ്പിള. കേട്ടയം എം.ഡി. സെമിനാരിഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി മിസ്റ്റർ മാമ്മൻമാപ്പിള ജോലി നിർവഹിച്ചുകൊണ്ടിരുന്ന അവസരത്തിലാണു നമ്മുടെ കഥാപുരുഷൻ ഒരു വിദ്യാർത്ഥിയായി പ്രസ്തുത സ്ക്കൂളിൽ പ്രവേശിച്ചത്. ഗുരുശിഷ്യനിലയിൽ ആരംഭിച്ച ആ സ്നേഹബന്ധം മരണപര്യന്തം നീണ്ടു നിന്നുവെന്നു അവരിരുവരുടെയും ജീവചരിത്രം തെളിയിക്കുന്നു. കേരളത്തിലെ യാക്കോബായസഭയുടെ നാനാവിധമായ അഭിവൃദ്ധിക്കുവേണ്ടി ഈ സമുദായസ്നേഹികൾ ഇരുവരും പരസ്പരസഹകരണത്തോടുകൂടെ എത്രയോ വർഷങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്, ആലോചനകൾ നടത്തിയിട്ടുണ്ട്, ലേഖനങ്ങൾ എഴുതിയിട്ടുണ്ട്, പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷേ, അവസാനം ഇരുവരുടെയും ആദർശങ്ങളും അഭിപ്രായങ്ങളും പരസ്പരം യോജിക്കുവാൻ നിവർത്തിയില്ലാത്തവിധം എത്തിച്ചേരുകയാണുണ്ടായത്.

## അഭിപ്രായ ഭിന്നത

യാക്കോബായ സഭയിൽത്തന്നെ അടിയുറച്ചു നിന്നുകൊണ്ടു മെത്രാൻകക്ഷിയും പാത്രിയർക്കീസുകക്ഷിയും തമ്മിലുള്ള ഐക്യത്തിനും അനന്തരം മാർത്തോമ്മാസഭയുമായുള്ള യോജിപ്പിനും വേണ്ടി പരിശ്രമിക്കുകയും തദ്വാരാ, കേരളത്തിലെ പുത്തൻകൂർ സുറിയാനിക്കാർ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനു ഇടയാക്കിത്തീർക്കുകയും ചെയ്യണമെന്നായിരുന്നു മി. മാമ്മൻ മാപ്പിളയുടെ അഭിപ്രായം. അതിനുവേണ്ടി അനേകം മുഖപ്രസംഗങ്ങളും ലേഖനങ്ങളും "മലയാളമനോരമ"യിൽ അദ്ദേഹം എഴുതുകയും, പല സന്ധിപരിശ്രമങ്ങളും നടത്തുകയും, സന്ധിക്കുവേണ്ടി പരിശ്രമിച്ചവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പക്ഷേ, മാർ ഈവാനിയോസിന്റെ അഭിപ്രായമാകട്ടെ ഈദൃശയോജിപ്പോ സന്ധിപരിശ്രമമോ വിജയപ്രദമാകുകയില്ലെന്നും, അഥവാ, വിജയപ്രദമായാൽ തന്നെയും പുത്തൻകൂർജനതയുടെ അഭിവൃദ്ധി അതുമൂലം കൈവരുകയില്ലെന്നും, പിന്നയോ, ആഗോളവ്യാപകമായ കത്തോലിക്കാസഭയോടുള്ള യോജിപ്പു മാത്രമേ അഭിവൃദ്ധിക്കു മുഖാന്തിരമായിത്തീരുകയുള്ളൂവെന്നുമായിരുന്നു.

ഒരു വൈദികനായിരിക്കുമ്പോൾതന്നെ ഇതു സംബന്ധിച്ചു കഥാപുരുഷനുണ്ടായിരുന്ന അഭിപ്രായം എന്തായിരുന്നുവെന്നു മിസ്റ്റർ മാമ്മൻ മാപ്പിള തന്റെ "ജീവിതസ്മരണ"കളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വീരരാഘവയ്യങ്കാരുടെ ഹൈക്കോടതി വിധി മൂലം മെത്രാൻകക്ഷി വട്ടിപ്പണക്കേസ്സിൽ പരാജയമടഞ്ഞ സന്ദർഭത്തിൽ (1923-ൽ) അനന്തരകരണീയമെന്തെന്നു ആലോചിച്ചു നിശ്ചയിക്കുവാൻ പ്രസ്തുത കക്ഷിയിലെ പ്രധാനികളുടെ ഒരു യോഗം കോട്ടയത്തു വെച്ചു കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ നടന്ന ചർച്ചകളെപ്പറ്റി പ്രതിപാദിക്കുകയിൽ മിസ്റ്റർ മാമ്മൻമാപ്പിള എഴുതിയിരിക്കുന്ന ഒരു ഭാഗം ഇപ്രകാരമാണ്:-

സ്വതന്ത്രമായി നില്ക്കണമെന്നുള്ള ബഹുജനാഭിപ്രായത്തിനു ഒരു ഉത്തേജനം കൊടുക്കുവാൻ വേണ്ടി കോട്ടയത്തു വെച്ചു മെത്രാൻകക്ഷിക്കാരുടെ ഒരു പൊതുജനമഹായോഗം കൂടുവാൻ തീരുമാനിച്ചു. അതിലേക്കു ഫാദർ പി.റ്റി. ഗീവറുഗീസും, കൊച്ചിയിൽ നിന്നു അന്നവിടെ പോലീസു സൂപ്രണ്ടായിരുന്ന മി.എം.ഏ. ചാക്കോയും മറ്റും വന്നു ചേർന്നു. സമുദായത്തിന്റെ അനന്തകരണീയം എന്താണെന്നുള്ളതിനെപ്പറ്റി ഞാനും ഫാദർ പി.റ്റി. ഗീവറുഗീസും തമ്മിൽ സുദീർഘമായ ചർച്ച

കൾ നടത്തി. ഈ ഘട്ടത്തിൽ നമുക്കു കത്തോലിക്കാസഭയിൽ ചേർന്നാൽ എന്താണു തരക്കേടു എന്നൊരു അഭിപ്രായം ഫാദർ പി.റ്റി. ഗീവറുഗീസു ഉന്നയിച്ചു. അദ്ദേഹത്തിന്റെ മനസ്സിനു അന്നേ അങ്ങോട്ടൊരു ചായ്‌വ് ഉണ്ടായിരുന്നു എന്നു അതിൽ നിന്നും സ്പഷ്ടമാണ്. അതിനു മറുപടിയായി ഞാൻ "കത്തോലിക്കാസഭയിൽ ചേർന്നാലേ മോക്ഷം കിട്ടുകയുള്ളൂവെന്നോ, ചേർന്നില്ലെങ്കിൽ മോക്ഷം കിട്ടുകയില്ലെന്നോ ഞാൻ വിശ്വസിക്കുന്നില്ല" എന്നു പറഞ്ഞു. കൂടാതെ നമ്മുടെ സമുദായത്തിൽ ബഹുഭൂരിപക്ഷം ആളുകൾക്കും കത്തോലിക്കാസഭയിൽ ചേരുന്ന കാര്യത്തിൽ ഒരു വിപ്രതിപത്തി ഉണ്ടെന്നും സമുദായത്തിൽ തലയെടുപ്പുള്ള നമ്മൾ കുറെപ്പേർ കത്തോലിക്കാസഭയിലേക്കു പോയാൽ ഇടയന്മാരില്ലാത്ത ആട്ടിൻ പറ്റം പോലെ അവർ നിസ്സഹായരായിത്തീർന്നു പോകുമെന്നും, അങ്ങനെ അവരെ വിട്ടു നാം പോകുന്നതു പാപകരമായ നടപടിആയിരിക്കുമെന്നും, എന്നാൽ സമുദായം ഒന്നടങ്കം കത്തോലിക്കാസഭയിലേക്കു പോകാൻ സാദ്ധ്യമാണെന്നുള്ളപക്ഷം അതേപ്പറ്റി ആലോചിക്കാൻ എനിക്കു വലിയ വിരോധം ഇല്ലെന്നും ഞാൻ പറഞ്ഞു.

ഫാദർ പി.റ്റി. ഗീവറുഗീസ്. "നമ്മെപ്പോലെയുള്ള നേതാക്കന്മാർ ആദ്യം കത്തോലിക്കാസഭയിലേക്കു ചേർന്നു വഴി കാണിച്ചാൽ ബാക്കിയുള്ളവരും നമ്മെ അനുഗമിച്ചുകൊള്ളും."

ഞാൻ. "എന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങിനെ നാം വിചാരിക്കുന്നതു കേവലം വ്യാമോഹമായിരിക്കും എന്നു തന്നെയല്ല, നാം കത്തോലിക്കാസഭയിൽ ചേരേണ്ടതു ആവശ്യമാണെന്നുള്ള ഒരു ആന്തരികബോദ്ധ്യം എനിക്കില്ലതാനും" (അനന്തരകരണീയ ചിന്തകളും പ്രഥമസന്ധിപരിശ്രമഫലവും. മലയാളമനോര ആഴ്ചപതിപ്പ് Vol 11 No 45 പുറം-45)

## പ്രിൻസിപ്പാളും ഹെഡ്മാസ്റ്ററും

മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും പ്രശസ്തനിലയിൽ എം.എ.ഡിഗ്രി സമ്പാദിച്ചു കോട്ടയത്തെത്തിയ ഗീവറുഗീസ് ശെമ്മാശനെ എം.ഡി. സെമിനാരി ഹൈസ്ക്കൂൾ പ്രിൻസിപ്പാളായി വട്ടശ്ശേരി മാർ ദിവന്നാസ്യോസ്(അന്നു ഗീവറുഗീസ് മല്പാൻ) തിരുമേനിയുടെ ഉപദേശാനുസരണം പുലിക്കോട്ടു മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ നിയമിക്കയുണ്ടായി. പ്രസ്തുത ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന

മി.കെ.സി. മാമ്മൻമാപ്പിളയുടെ കീഴിൽ അദ്ധ്യാപകനായി ഗീവറുഗീസ് ശെമ്മാശനെ നിയമിക്കുന്നതിനും മി. മാമ്മൻമാപ്പിളയെ മാറ്റി പകരം ഹെഡ്മാസ്റ്ററായി ശെമ്മാശനെ നിയമിക്കുന്നതിനും മറ്റുമുണ്ടായ വൈമനസ്യം നിമിത്തമാണു പ്രിൻസിപ്പാളായി ശെമ്മാശനെ നിയമിക്കയുണ്ടായത്. എന്നാൽ, പ്രസ്തുത നിയമനത്തിൽ ആദ്യം തന്നെ അസുഖം പ്രദർശിപ്പിച്ചിരുന്ന മി.മാമ്മൻമാപ്പിള ഏതാനും മാസങ്ങൾക്കകം ഹെഡ്മാസ്റ്റർ സ്ഥാനം രാജി വെച്ചു പത്രപ്രവർത്തനത്തിലും ബാങ്കിംഗ് വ്യവസായത്തിലും പ്രവേശിക്കയാണുണ്ടായത്. അതിനുശേഷം പ്രിൻസിപ്പാൾ എന്ന നിലയിൽ ശെമ്മാശന്റെ പ്രവർത്തനങ്ങളെ വിമർശിച്ചുകൊണ്ടുള്ള ഏതാനും കത്തുകൾ അദ്ദേഹം ശെമ്മാശനു അയച്ചുകൊടുത്തു. തന്നിമിത്തം ശെമ്മാശനും മി. മാമ്മൻമാപ്പിളയുമായി ഏതാനും മാസക്കാലം അസുഖത്തിൽ വർത്തിക്കേണ്ടതായി വന്നുകൂടി. ഇതെപ്പറ്റി മി.മാമ്മൻമാപ്പിള തന്റെ "ജീവിതസ്മരണ"കളിൽ എഴുതിയിരുന്ന രസകരമായ ഭാഗം താഴെ ഉദ്ധരിച്ചുകൊള്ളുന്നു:-

**അപ്രതീക്ഷിതമായ എന്റെ സഹന മനോഭാവം (കെ.സി.മാമ്മൻ മാപ്പിള)**

"ഫാദർ പി.റ്റി. ഗീവറുഗീസ്, ബി.ഏ. പരീക്ഷ പാസ്സായി എം.ഏ.ക്കു പഠിച്ചു കൊണ്ടിരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ സ്ഥാനം എവിടെ എന്തായിരിക്കുമെന്നുള്ളതു എനിക്കു സുവ്യക്തമായി ഊഹിക്കുവാൻ കഴിഞ്ഞു. എന്റെ ഉദ്യോഗലഗ്നത്തിലേക്കു ദൃഷ്ടി പതിച്ചിരുന്ന ഒരു ഗ്രഹമായിട്ടാണു ജോതിഷഭാഷയിൽ പറയുന്ന പക്ഷം അദ്ദേഹത്തിന്റെ ജീവിതഗതിയെ ഞാൻ കാലേകൂട്ടി ദർശിച്ചത്. അങ്ങനെ ഒരു വിധത്തിൽ ആ ദുരന്തനാടകം എന്നെ സംബന്ധിച്ചിടത്തോളം തികച്ചും ആകസ്മികമായിരുന്നു എന്നു പറയുന്നതു ശരിയായിരിക്കുകയില്ല. സംഗതികൾ എങ്ങനെയാണു വന്നുകൂടുന്നതെന്നു രണ്ടു വർഷക്കാലം മുമ്പുതന്നെ എനിക്കു ഏറെക്കുറെ ഭാവന ചെയ്യാൻ സാധിച്ചിരുന്നു. അങ്ങനെ ഒരു വിഷമഘട്ടം വന്നു മുഖത്തടിക്കുന്നതിനു മുമ്പുതന്നെ മാനമായി പിൻമാറാത്തക്കവണ്ണം അവലംബനീയമായ എന്തെങ്കിലും ഒരു പോംവഴി ഉണ്ടാക്കണമെന്നു അക്കാലമത്രയും ഞാൻ മനസ്സിൽ ഉദ്ദേശിച്ചിരുന്നതാണ്. പക്ഷേ, വിഷമസന്ധി വന്നു പടിക്കൽ കയറുന്നതു വരെ ഭാവിപരിപാടിയെപ്പറ്റിയുള്ള എന്റെ മനോരഥങ്ങൾ നാമ്പെടുക്കാതെ കൂമ്പി നിന്നതേയുള്ളൂ. ഫാദർ പി.റ്റി. ഗീവറുഗീസ് വന്നു സ്ക്കൂളിന്റെ സർവ്വാധികാരിയെന്ന നിലയിൽ പ്രിൻസിപ്പാളിന്റെ കസേരയിൽ ഇരുപ്പുറപ്പിക്കുകയും ചെയ്തു. ഞാൻ എങ്ങോട്ടു പോകാനാണ്?

ഭാര്യയും നാലഞ്ചു കുട്ടികളുമടങ്ങിയ ഒരു കുടുംബം പുലർത്തിക്കൊണ്ടുപോകാനുള്ള ഭാരം എന്റെ ചുമലിലുണ്ട്. കാലക്ഷേപത്തിനാണെങ്കിൽ വേറെ യാതൊരു മാർഗ്ഗവും അന്നു എനിക്കില്ല. ഈ ഹെഡ്മാസ്റ്റർ ഉദ്യോഗമായിരുന്നു എന്റെ സർവ്വസ്വവും. തൂക്കുമരത്തിൽ കയറി നില്ക്കുന്നവന്റെ പാദത്തിൻ കീഴിൽ നിന്നു പലക തട്ടിക്കളയുമ്പോൾ അവൻ അഗാധതയിൽ തൂങ്ങിയാടുന്ന ഒരനുഭവമാണു എനിക്കുണ്ടായത്. അന്നു ജനുവരിമാസത്തിലാണു സ്ക്കൂൾവർഷം ആരംഭിക്കുക പതിവ്. ഗത്യന്തരമില്ലായ്കയുടെ കാഠിന്യം കൊണ്ടു ഞാൻ നാണക്കേടെല്ലാം ഉള്ളിലൊതുക്കി പിന്നെയും ഏതാണ്ടു മൂന്നുനാലു മാസക്കാലം മിഡ്സമ്മർ അവധി വരെ അവിടെത്തന്നെ പതുങ്ങി കഴിഞ്ഞു കൂടേണ്ടി വന്നു. ഔദ്യോഗികമായി എന്റെ മേധാവിസ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ട ഫാദർ പി.റ്റി. ഗീവറുഗീസുമായി യാതൊരു കാരണവശാലും ഒരു തുറന്ന മത്സരസംഘട്ടനം ഉണ്ടാകരുതെന്നു കരുതി ഞാൻ പ്രത്യേകം ഒഴിഞ്ഞു മാറിയാണു നടന്നത്.” (മനോരമ ആഴ്ചപതിപ്പ് Vol.1.No.26.പുറം 33)

## എം. എ. അച്ചന്റെ സഹനമനോഭാവം

1909-ൽ ഗീവറുഗീസ് ശെമ്മാശൻ വൈദികപദവിയിലേക്ക് ഉയർത്തപ്പെടുകയും അന്നുമുതൽ ‘എം. എ. അച്ചൻ’ എന്ന അപരാഭിധാനത്താൽ അറിയപ്പെടുകയും ചെയ്തു. വൈദികനായശേഷം മി.മാമ്മൻമാപ്പിളയുമായി എം. എ. അച്ചൻ രമ്യപ്പെടുകുയം അനന്തര കാലഘട്ടത്തിൽ ആത്മസുഹൃത്തുക്കളായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്നു. കഥാപുരുഷന്റെ ഹൃദയവിശാലതയേയും, സഹനശക്തിയേയും ക്ഷമാശീലത്തേയും പ്രസ്പഷ്ടമാക്കുന്ന ഒരു സംഭവം വട്ടശ്ശേരിൽ മി.വി.എ. വറുഗീസ് ബി.എ.എൽ.റ്റി. അവർകളോട് അക്കാലത്ത് തിരുമേനി തന്നെ പറഞ്ഞത് ഇപ്രകാരമാണ്. “എന്നെ അധിക്ഷേപിച്ചുകൊണ്ട് എന്നിൽ വിരോധമുള വാക്കുന്നതിനു പര്യാപ്തമായ ഏതാനും കത്തുകൾ മി. മാമ്മൻമാപ്പിള ആയിടയ്ക്ക് എനിക്ക് അയച്ചു തരുകയുണ്ടായി. ഞാൻ ശെമ്മാശ നായിരുന്നപ്പോൾ പ്രസ്തുത കത്തുകളെല്ലാം ഭദ്രമായി സൂക്ഷിച്ചു വെച്ചിരുന്നു. എന്നാൽ വൈദികനായതിനുശേഷം ആ കത്തുകൾ സൂക്ഷിക്കുന്നത് ഒരു കാലത്തും നല്ലതല്ല എന്ന ബോദ്ധ്യം നിമിത്തം അവയെല്ലാം ഞാൻ ദഹിപ്പിച്ചുകളഞ്ഞു. അങ്ങനെ മിസ്റ്റർ മാമ്മൻമാപ്പിളയോട് എന്റെ

മനസ്സിലുണ്ടായിരുന്ന വിദ്വേഷം ആ കത്തു കൾ ദഹിപ്പിച്ചതോടുകൂടെ നിശ്ശേഷം തീരുകയും ചെയ്തു.''

ഈ സംഭവത്തിനുശേഷം സമുദായസംബന്ധമായും മറ്റുള്ള എല്ലാ കാര്യങ്ങളിലും എം. എ. അച്ചനും മി.മാമ്മൻ മാപ്പിളയും പരസ്പരം ആലോചിച്ചാണ് പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുള്ളത്. പത്രപ്രവർത്തനത്തിലും, രാഷ്ട്രീയകാര്യത്തിലും, ബാങ്കിംഗ് ബിസ്സിനസിലും പ്രവേശിക്കുന്നതിനും തൽഫലമായി രാജ്യത്തിനും പൊതുജനങ്ങൾക്കും പ്രയോജനപ്രദമായ നിരവധി കാര്യങ്ങൾ പ്രവർത്തിക്കുന്നതിനും തനിക്ക് പ്രേരണ നല്കിയത് പ്രിൻസിപ്പാളുമായുണ്ടായ അഭിപ്രായവ്യത്യാസങ്ങളും ഹെഡ്മാസ്റ്റർ ഉദ്യോഗത്തിൽ നിന്നുമുണ്ടായ രാജിവെയ്പുമാണെന്ന് പലപ്പോഴും പലരോടും മിസ്റ്റർ മാമ്മൻമാപ്പിള പ്രസ്താവിച്ചിട്ടുണ്ട്. യാക്കോബായസഭയിലെ അന്തരീക്ഷം പ്രക്ഷുബ്ധമായിരുന്ന അക്കാലയളവിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിക്ക് എല്ലാ കാര്യങ്ങളിലും ആലോചനകൾ നല്കികൊണ്ടിരുന്നത് എം. എ. അച്ചൻ, മെ. കെ.സി. മാമ്മൻമാപ്പിള ബി. എ., പിലിപ്പോസ് എം. എ. ബി. എൽ., കെ.വി.ചാക്കോ ബി.എ.എൽ.റ്റി. എന്നിവരായിരുന്നു. ഈ നാലുപേരിൽ മി.മാമ്മൻ മാപ്പിള ഒഴിച്ചുള്ള മൂന്നുപേരും പിൽക്കാലത്ത് കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയുണ്ടായി എന്നുള്ളത് ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ.

## നിഷ്പക്ഷനില

മാർ ഈവാനിയോസ് തിരുമേനിയെ പ്രധാനായുധമാക്കിക്കൊണ്ട് ഓർത്തഡോക്സ് സഭയിലെ ഇതരമെത്രാന്മാർ നടത്തിക്കൊണ്ടിരുന്ന കത്തോലിക്കാപുനരൈക്യാലോചനകൾ മിസ്റ്റർ മാമ്മൻമാപ്പിളയും യഥാകാലം അറിഞ്ഞുകൊണ്ടാണ് ഇരുന്നിട്ടുള്ളത്. എങ്കിലും, അതിന് എതിരായോ അനുകൂലമായോ എഴുതുന്നതിനോ പ്രവർത്തിക്കുന്നതിനോ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയായിരുന്നു മി.മാമ്മൻ മാപ്പിളയ്ക്ക് അന്നുണ്ടായിരുന്നത്.

ആശ്രമസ്ഥരുമൊന്നിച്ച് മാർ ഈവാനിയോസ് ബഥനിമലയിൽ നിന്നും ഇറങ്ങി വെണ്ണിക്കുളത്ത് താമസിക്കുന്നെന്നും, കത്തോലിക്കാസഭയോട് പുനരൈക്യപ്പെടുവാൻ നിശ്ചയിച്ച കഴിഞ്ഞുവെന്നും അറിഞ്ഞുകൊണ്ട് മി.മാമ്മൻമാപ്പിള തിരുവല്ലായിൽ ചെന്ന് അഭിവന്ദ്യ

തിരുമേനിയെ കാണുകയുണ്ടായി. കത്തോലിക്കാപുനരൈക്യത്തിന് തനിക്ക് പ്രേരണ നല്കിയ ഒട്ടനേകം കാരണങ്ങളും സംഭവവികാസങ്ങളും മി. മാമ്മൻമാപ്പിളയോട് അഭിവന്ദ്യ തിരുമേനി തദവസരത്തിൽ പറയുകയും ചെയ്തു. ഇതേപ്പറ്റി വന്ദ്യതിരുമേനി തന്റെ "ആത്മകഥാകഥന"ത്തിന് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്:-

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മി. കെ. സി. മാമ്മൻ മാപ്പിള നമ്മെ കാണുവാനായി തിരുമൂലപുരം ആശ്രമത്തിൽ വന്നു. നാം കത്തോലിക്കാസഭയിൽ ചേരുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം അറിഞ്ഞുകൊണ്ടാണ് മാമ്മൻ മാപ്പിള അവിടെ വന്നത്. കത്തോലിക്കാസഭയോട് പുനരൈക്യപ്പെടണമെന്ന് നിശ്ചയിക്കുവാൻ നമ്മെ പ്രേരിപ്പിച്ച കാരണങ്ങൾ നാം മി.മാമ്മൻമാപ്പിളയോട് പറഞ്ഞപ്പോൾ അദ്ദേഹം മറുപടിയായി നമ്മോടു പറഞ്ഞത് ഇപ്രകാരമാണ്:-

'ഇപ്പറഞ്ഞ കാരണങ്ങളാൽ കത്തോലിക്കാസഭയുമായി യോജിക്കുവാൻ നിശ്ചയിച്ചിരിക്കുന്നെങ്കിൽ അതിന് എതിരായി ഒന്നും പറയുവാനില്ല. എന്റെ മൂക്കിൽ ശ്വാസമുള്ള കാലത്തോളം ഞാനാകട്ടെ, മനോരമപ്പത്രമാകട്ടെ തിരുമനസ്സിലെ പ്രസ്ഥാനത്തെ എതിർക്കുന്നതുമല്ല.' ഓർത്തഡോക്സ് സഭയിൽ പ്രമുഖരായ പലയാളുകളും നമ്മെ വന്നു കാണുകയും അവരോടെല്ലാം നമ്മുടെ മനോബോദ്ധ്യം നാം വെളിപ്പെടുത്തുകയും ചെയ്തു (ആത്മകഥാകഥനം).

## മനോരമയുടെ മുഖപ്രസംഗങ്ങൾ

കത്തോലിക്കാ സഭയെയും പാപ്പാസിംഹാസനത്തെയുംപറ്റി ഇത്രമാത്രം അറിവും ബഹുമാനവുമുള്ള വേറൊരു വ്യക്തി കേരളത്തിലെ അകത്തോലിക്കാസഭാ നേതാക്കന്മാരിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയിക്കത്തക്ക നിലയിലുള്ള ലേഖനങ്ങളും പത്രാധിപ പ്രസംഗങ്ങളുമത്രേ വയോവൃദ്ധനും വയോവൃദ്ധനുമായിരുന്ന മി.മാമ്മൻ മാപ്പിളയുടെ വിദഗ്ദ്ധമായ തൂലികത്തുമ്പിൽ നിന്നും പലപ്പോഴും നിർഗ്ഗളിച്ചിട്ടുള്ളത്. ഉദാഹരണത്തിനായി "മലയാളമനോരമയിൽ" കത്തോലിക്കാസഭയുടെ മാഹാത്മ്യത്തെപ്പറ്റി അദ്ദേഹം എഴുതിയിരുന്ന മുഖപ്രസംഗത്തിലെ ഒരു ഭാഗം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

ലോകത്തിൽ ഇപ്പോൾ ഉള്ളതോ ഇതിനുമുമ്പ് ഉണ്ടായിട്ടുള്ളതോ ആയ മഹാശക്തികളിൽ ഒന്നിനുപോലും കത്തോലിക്കാസഭയുടെ ശക്തിയോടോ മഹിമയോടോ ഉപമിക്കാവുന്ന യാതൊരുതരം

ശക്തികളും ഉണ്ടായിട്ടില്ലെന്നുള്ളത് സർവ്വസമ്മതമായ കാര്യമാണ്. ഇംഗ്ലണ്ടിലെ പ്രസിദ്ധ ചരിത്രകാരനായ മെക്കാളി ഈ സഭയെപ്പറ്റി എഴുതിയിട്ടുള്ളത് ഇംഗ്ലീഷ് ഭാഷ പരിചയമുള്ള മിക്ക ആളുകളും വായിച്ചിരിക്കാൻ ഇടയുണ്ട്. റോമാസഭ സ്ഥാപിച്ചതിനുശേഷം അനേകം മഹാശക്തികൾ ഉണ്ടാകുകയും നശിക്കുകയം ചെയ്തിട്ടുണ്ട്. എങ്കിലും ആ സഭയുടെ ശക്തി ഇന്നേവരെ വർദ്ധിക്കയല്ലാതെ യഥാർത്ഥത്തിൽ ക്ഷയിച്ചിട്ടില്ല. യൂറോപ്പിലെ പാശ്ചാത്യരാജ്യങ്ങളിലെ സകല ആളുകളും റോമാസഭയിൽ ഉൾപ്പെട്ടവരായിരുന്നു. എന്നാൽ ഒരു റോമാൻപാദ്രിയായ ലൂതർ ആ സഭയിൽ നിന്നു തെറ്റിമാറി നവീകരണം ആരംഭിച്ച് സ്വല്പകാലം കഴിഞ്ഞപ്പോഴേക്ക് വളരെ ആളുകൾ റോമാസഭ വിട്ടുപോയി. എന്നിരുന്നാലും ഇഗ്നാത്യോസ് ലയോളാ, സെന്റ് ഫ്രാൻസിസ് സേവ്യർ എന്നീ രണ്ട് സിദ്ധന്മാരുടെ അത്ഭുതകരമായ തീക്ഷ്ണതയും നിർമ്മലജീവിതവും നിമിത്തം സഭയ്ക്കുള്ള ഈ നഷ്ടത്തിലധികം വേറെ ലാഭം ലഭിക്കുവാനിടയായി.

(മലയാളമനോരമ 1909 ആഗസ്റ്റ് 28).

പാപ്പാസിംഹാസനത്തെപ്പറ്റി മനോരമയിൽ മി.മാമ്മൻമാപ്പിള എഴുതിയിരുന്ന പത്രാധിപപ്രസംഗത്തിൽ നിന്നും ഒരു ഭാഗം ചുവടെ ചേർക്കുന്നു.

ക്രിസ്തുവർഷാരംഭം മുതല്ക്കുതന്നെ ഒരു ക്രൈസ്തവ കേന്ദ്രമായിത്തീർന്നിട്ടുള്ള റോമാനഗരത്തിൽ ആദ്യകാലം മുതൽ ആദ്യാപി നിലനിന്നുപോരുന്ന പാപ്പാസിംഹാസനം എത്രയോ പ്രാചീനമായ ഒരു സ്ഥാപനമാണെന്ന് വിശേഷാൽ പറയേണ്ട ആവശ്യമില്ല. അനേകം പ്രബല രാജ്യങ്ങളും സാമ്രാജ്യങ്ങളും അതിൽ പിന്നീട് ലോകത്തിൽ ഉദിക്കയും അസ്തമിക്കയും ചെയ്തിട്ടുണ്ട്. അവയുടെ ഒക്കെ ഉയർച്ചയേയും താഴ്ചയേയും കണ്ടുകൊണ്ട് ഇന്നും നിസ്തുലശോഭയോടും കീർത്തിധാവള്യത്തോടും കൂടെ പരിലസിക്കുന്നതിനുള്ള ഭാഗധേയം കത്തോലിക്കാസഭയ്ക്കും ആ സഭയുടെ അദ്ധ്യക്ഷപദത്തിനും മാത്രമേ സിദ്ധിച്ചിട്ടുള്ളു. ഭൂലോകം വിവിധ ജാതികളാലും രാഷ്ട്രങ്ങളാലും വേർതിരിക്കപ്പെട്ടിരിക്കുന്ന ഈ ആധുനികകാലത്ത് സാക്ഷാൽ സർവ്വജാതികളുടെയും ഭക്തിക്കും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുള്ള ഇതരസ്ഥാപനങ്ങളും വ്യക്തികളും ഇല്ലാതെയാണിരിക്കുന്നത്. ജാതീയബോധമെന്നുള്ളത് എത്രതന്നെ സ്പൃഹണീയമായ ഒരു ഗുണമായിരുന്നാലും സർവ്വജാതീയബോധവും സർവ്വജാതീയ മൈത്രിയും

ഭൂലോകസമാധാനത്തിന് എത്രയും ആവശ്യമാണെന്നുള്ള തത്വം സകല ജനവിഭാഗങ്ങളേയും ഉത്ബോധിപ്പിക്കുവാൻ ആരെങ്കിലും പരിഷ്കൃതലോകത്തിൽ ഉണ്ടെങ്കിൽ അത് മാർപ്പാപ്പാ തിരുമനസ്സു കൊണ്ടല്ലാതെ മറ്റാരുമല്ല. ഇംഗ്ലീഷുകാരനും, ജർമ്മൻകാരനും, പാശ്ചാത്യനും, പൗരസ്ത്യനും എല്ലാം മാർപ്പാപ്പാ തിരുമേനിയെ ഭക്ത്യാ ധരപൂർവ്വം പരിഗണിക്കുകയും അദ്ദേഹത്തിന്റെ നീതിബോധത്തിലും നിഷ്പക്ഷതയിലും പരിപൂർണ്ണമായ വിശ്വസിക്കുകയും ചെയ്യുന്നു. ഗ്രേറ്റബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, യുണൈറ്റഡ് സ്റ്റേറ്റ്സ്, ആസ്ത്രേലിയ, ബൽജിയം, ഇറ്റലി തുടങ്ങിയ ലോകത്തിലുള്ള നാല്പതു രാജ്യങ്ങളിലെ പ്രതിനിധികൾ ഇപ്പോൾ മാർപ്പാപ്പായുടെ തല സ്ഥാനത്ത് വസിക്കുന്നുണ്ട്. ആ രാജ്യങ്ങളിലേക്കും ഇതരരാജ്യങ്ങ ളിലേക്കും മാർപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധികൾ അയയ്ക്ക പ്പെട്ടിട്ടുണ്ട്.

(മലയാളമനോരമ 1929 ജൂൺ - 4)

## മാമ്മൻമാപ്പിളയ്ക്ക് അയച്ച കത്ത്

മാർ ഈവാനിയോസ് തിരുമേനി ബഥനിമലയിൽ നിന്നും ഇറങ്ങി തിരുവല്ലായിലുള്ള തിരുമൂലയിൽ വന്നു താമസിക്കുന്നവസരത്തിൽ തന്റെ സ്നേഹിതനായ മിസ്റ്റർ മാമ്മൻ മാപ്പിളയ്ക്ക് അയച്ച് ഒരു കത്താണ് ചുവടെ ചേർക്കുന്നത്. ക്രൈസ്തവസഭകളുടെ പുനരൈക്യ ത്തിന്റെ ആവശ്യകത ലക്ഷ്യമാക്കി അതിനുവേണ്ടി സ്വയം ബലികഴിപ്പാൻ തനിക്കുള്ള പരിപൂർണ്ണസന്നദ്ധതയെ പ്രസ്പഷ്ട മാക്കിയും കത്തോലിക്കാസഭയോടും പാപ്പാസിംഹാസനത്തോടുമുള്ള യോജിപ്പ് മുഖേന മാത്രമേ കേരളത്തിലെ സുറിയാനിസഭയ്ക്ക് ബാഹ്യമായും ആഭ്യന്തരമായും അഭിവൃദ്ധിയുണ്ടാകയുള്ളു എന്ന സത്യം വിശദമാക്കിയും എത്ര ശക്തിയുക്തമാണ് ഈ കത്തിൽ എഴുതിയിരിക്കുന്നതെന്ന് വായനക്കാർക്ക് ഗ്രഹിക്കാവുന്നതാണ്.

ഇംഗ്ലീഷിൽ എഴുതിയ പ്രസ്തുത കത്തിന്റെ പരിഭാഷ അപ്രസക്തമായ ഭാഗങ്ങൾ വിട്ടുകൊണ്ട് ചുവടെ ചേർത്തുകൊള്ളുന്നു:-

തിരുവല്ലാ,
14 - 1 - 106

My dear Sir,

ഇക്കഴിഞ്ഞ ദിവസങ്ങളിൽ താങ്കളെപ്പറ്റി വളരെ ഏറെ പ്രാവശ്യം നാം ഓർക്കുകയുണ്ടായി......... ഞാൻ വെയ്ക്കുന്ന ഓരോ കാലടിയിലും നല്ലവനായ ദൈവം എന്നെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള പരിപൂർണ്ണ വിശ്വാസം എനിക്കുണ്ട്. ഞാൻ ജനിച്ചു വളർന്ന സമുദായത്തിന്റെ പുനരുദ്ധാരണവും അഭ്യുന്നതിയുമെന്ന ഏകലക്ഷ്യത്തെ ലാക്കാക്കി അതിനെ ദൈവസന്നിധിയിലേക്ക് ആനയിക്കുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. സ്വാർത്ഥപരമായ എന്തെങ്കിലും ഉദ്ദേശം ഇക്കാര്യത്തിൽ എന്നിൽ നിഴലിച്ചിട്ടുപോലും ഇല്ലെന്നുള്ള പരമാർത്ഥം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ചാരിത്രികമായ ക്രിസ്തുമതത്തിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ ക്രൈസ്തവലോകത്തിന്റെ പുനരൈക്യം ആവശ്യമാണെന്ന് ഞാൻ സുദൃഢം വിശ്വസിക്കുന്നു. റോമിനെ ഉപേക്ഷിച്ചുകൊണ്ട് ഇപ്രകാരം ഒരു പുനരൈക്യം സാദ്ധ്യമല്ലെന്ന് എനിക്ക് പരിപൂർണ്ണ നിശ്ചയമുണ്ട്. കാരണം, ഇക്കാര്യത്തിൽ ഏറ്റം പ്രധാനഘടകമായി നിലകൊള്ളേണ്ടത് റോമാ ആണെന്നുള്ളതത്രേ ഇതിനുവേണ്ടി എന്നെ ബലിയർപ്പിക്കുന്നതിനു ദൈവത്തിന്റെ അരൂപി ഇക്കാലയളവിൽ ശക്തിമത്തായി ഹോമിച്ചുകൊണ്ടിരുന്നു. മഹത്തായ ആദർശത്തെ ലക്ഷ്യമാക്കിയുള്ള ഉദ്ധാരണശക്തിക്കു മാത്രമേ ഏതൊരു സമുദായത്തെയും രക്ഷിക്കുന്നതിനു സാധിക്കുകയുള്ളു. താദൃശമായ ഒരാദർശം കാണിച്ചുകൊടുക്കുന്നതിനായി ദൈവം എന്നെ വിളിക്കുന്നുവെന്ന് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു.

.....ബഥനിമലയിൽ നിന്നും ഇറങ്ങിപ്പോരുന്നതിന് എനിക്ക് പ്രേരകമായിത്തീർന്ന പെട്ടെന്നുണ്ടായ കാരണം മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അടുത്തകാലത്തു സ്വീകരിച്ച നടപടികളായിരുന്നു. അതേപ്പറ്റി പരിശുദ്ധ കാതോലിക്കാബാവായ്ക്കും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കും വിശദമായി ഞാൻ എഴുതിയിട്ടുണ്ട്. പ്രസ്തുത കത്തുകൾ അച്ചടിച്ചതിൽ ഒരെണ്ണം ഇതോടൊന്നിച്ച് താങ്കൾക്കും അയയ്ക്കുന്നു. യാക്കോബായസമുദായം ഇതുപര്യന്തം സ്വീകരിച്ചിട്ടുള്ള ആദർശങ്ങളും മാർഗ്ഗങ്ങളും പ്രസ്തുത സമുദായത്തിന്റെ അധഃപതനത്തിനു മാത്രമേ കാരണമായിട്ടുള്ളു എന്നത്രേ എന്റെ സുദൃഢമായ ബോദ്ധ്യം.

കത്തോലിക്കാപുനരൈക്യം സംബന്ധിച്ചുള്ള എന്റെ

അഭിപ്രായങ്ങളോടു യോജിക്കുവാൻ താങ്കൾക്ക് സാദ്ധ്യമല്ലെന്ന് എനിക്കറിയാം. എന്നാൽ "പരസ്പരം ഭിന്നിക്കുന്നു എന്നതിൽ യോജിക്കുകയും അതേ സമയം ഉത്തമസുഹൃത്തുക്കളെപ്പോലെ നമുക്ക് വർത്തിക്കുകയും ചെയ്യാം" (Let us agree to differ and still continue as the best of friends) എന്ന സിദ്ധാന്തത്തിൽ ഞാൻ തല്ക്കാലം തൃപ്തിയടയുന്നു. ഇക്കഴിഞ്ഞ മാസങ്ങളിൽ താങ്കൾ ഒട്ടനേകം പ്രാവശ്യം നമ്മെ സന്ദർശിച്ചതു നമുക്കെത്രയോ പ്രോത്സാഹജനകമായിരുന്നു. പരമാർത്ഥം തുറന്നു പറയുന്ന പക്ഷം എന്റെ മനസ്സിനെ കഠിനമായി പീഡിപ്പിച്ചുകൊണ്ടിരുന്ന വേദനയിൽ നിന്നും വിമുക്തി പ്രാപിക്കുന്നതിന് പ്രസ്തുത സന്ദർശനങ്ങൾ മുഖാന്തിരമായിത്തീർന്നു. തന്മൂലം താങ്കളോട് ഞാൻ അതീവകൃതജ്ഞനായിരിക്കും.

തന്റെ സ്നേഹമാകുന്ന മഹാസമുദ്രത്തിലേക്ക് എടുത്തുചാടുവാൻ സർവ്വശക്തനായ ദൈവം എന്നെ ആഹ്വാനം ചെയ്യുന്നതായി എനിക്കു തോന്നുന്നു. റോമുമായ നടത്തിയ കത്തിടപാടുകളിൽ സ്വാർത്ഥപരമായ ഉദ്ദേശ്യത്തോടുകൂടെ ഒരൊറ്റവാചകം പോലും ഞാൻ എഴുതുകയുണ്ടായിട്ടില്ല. ദൈവനാമമഹത്വവും, യാക്കോബായ സമുദായത്തിന്റെ ഉദ്ധാരണവും, മാർത്തോമ്മാശ്ലീഹായുടെ ആദ്ധ്യാത്മികസന്താനങ്ങളുടെ പുനരൈക്യവും മാത്രമേ ഞാൻ ലക്ഷ്യമാക്കിയിരുന്നുള്ളു. നമ്മുടെ ആചാരാനുഷ്ഠാനങ്ങളും ആരാധനക്രമങ്ങളും അംഗീകരിച്ചും സംരക്ഷിച്ചും, നമ്മുടെ പട്ടത്വത്തിന്റെയും മെത്രാഭിഷേകത്തിന്റെയും സാധുത്വം സ്വീകരിച്ചുകൊണ്ടുമുള്ള പുനരൈക്യത്തിനുവേണ്ടിയാണ് ഞാൻ ആവശ്യപ്പെട്ടത്. അവയെല്ലാം ഇപ്പോൾ റോമിൽ നിന്നും അംഗീകരിച്ച് ലഭിച്ചു കഴിഞ്ഞിരിക്കുന്നു. ഇവയെപ്പറ്റി വിശദമായി പ്രതിപാദിച്ചുകൊണ്ടുള്ള ഒരു പ്രസിദ്ധീകരണം ഉടനെ പരസ്യപ്പെടുത്തമമെന്ന് നാം ആഗ്രഹിക്കുന്നു.

റോമുമായി നടത്തിയ എഴുത്തുകുത്തുകളിൽ കാതോലിക്കാ സിംഹാസനത്തിന്റെ തുടർച്ചയായ നിലനില്പ്പും മെത്രാൻകക്ഷിയുടെ ഒന്നടങ്കമുള്ള യോജിപ്പുമാണ് നാം ഉദ്ദേശിച്ചിരുന്നത്. അങ്ങനെ പഴയകൂർ - പുത്തൻകൂർ സുറിയാനിക്കാരായ സകലരുടെയും യോജിപ്പിനുള്ള ഒരു മാർഗ്ഗം തുറന്നിടണമെന്നത്രേ ഞാൻ ആഗ്രഹിച്ചത്. ഏവംവിധം സമുദായ നന്മ യ്ക്കുവേണ്ടി അശ്രാന്തം പരിശ്രമിച്ചതു മൂലം ഇക്കഴിഞ്ഞ വർഷങ്ങളിൽ നിരവധി പീഡനങ്ങൾക്ക് ഞാൻ

വിധേയനായി ത്തീർന്നിട്ടുണ്ട്. പക്ഷേ, ഏതാദൃശപീഡനങ്ങൾ എനിക്ക് ഏറ്റം ഉപകാരപ്രദമായി ഭവിച്ചതിനാൽ അവയുടെ കാരണ കർത്താക്കളോടു ഞാൻ അതീവകൃതാർത്ഥനായിരിക്കുന്നു. ഇക്കഴിഞ്ഞ ശനിയാഴ്ച മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത തിരുവല്ലായിൽ വന്ന് എന്നെ കാണുകയുണ്ടായി. ഏറ്റം മഹത്തായതെന്ന് ഞാൻ വിശ്വസിക്കുന്ന ആദർശത്തെ പിൻതുടരുന്ന തിന് ദൈവം എന്നെ വിളിക്കുന്നു എന്നുള്ള പരമാർത്ഥം അദ്ദേഹത്തെ അറിയിക്കുന്നതിനുള്ള സന്ദർഭവും അങ്ങനെ എനിക്കു ലഭികയുണ്ടായി.

അത്യന്തസ്നേഹത്തോടും ആദരവോടുംകൂടെ

നിങ്ങളുടെ വിശ്വസ്ഥൻ, മാർ ഈവാനിയോസ് (ഒപ്പ്)

## അന്ത്യയാത്ര പറച്ചിൽ

തിരുവനന്തപുരത്തുള്ള പട്ടം അരമനയിൽ കഥാപുരുഷൻ രോഗശയ്യാവലംബിയായി കിടക്കുന്നുവെന്നറിഞ്ഞ മി. മാമ്മൻമാപ്പിള വാർദ്ധക്യത്തെയോ യാത്രാക്ലേശത്തെയോ വക വെയ്ക്കാതെ അഭിവന്ദ്യ തിരുമേനിയെ അവസാനമായി ഒരു നോക്കു കാണുന്നതിനായി കോട്ടയത്തുനിന്നും തലസ്ഥാനനഗരിയിൽ എത്തിച്ചേർന്നു. കേരളത്തിലെ സുറിയാനിസഭകളുടെ അഭ്യുന്നതിക്കുവേണ്ടി അനേക വർഷക്കാലം അത്യദ്ധ്വാനം ചെയ്തിട്ടുള്ള രണ്ട് മഹനീയവ്യക്തികൾ തമ്മിൽ ഈ ലോകത്തിൽവെച്ച് അന്ത്യയാത്ര പറഞ്ഞ ആ രംഗം കണ്ണുനീരോടുകൂടെയാണ് അരമനയിലെ അന്തേവാസികൾ ദർശിച്ചത്. മരണദൂതന്റെ വരവിനെ സ്വാഗതം ചെയ്തുകൊണ്ട് ക്ഷീണിത ഗാത്രനായി കിടന്നിരുന്ന മാർ ഈവാനിയോസിനെ ദർശിച്ച മാത്രയിൽ മി.മാമ്മൻമാപ്പിള അദ്ദേഹത്തെ കെട്ടിപ്പിടിച്ചു ആശ്ലേഷിക്കുകയും ഭൂതകാലസംഭവങ്ങൾ ഓരോന്നായി ഓർത്ത് ഇരുവരും വാവിട്ട് കരയുകയും ചെയ്തു. ദീർഘനേരത്തെ സംഭാഷണത്തിനശേഷം അന്ത്യയാത്ര പറഞ്ഞു മി.മാമ്മൻമാപ്പിള കോട്ടയത്തേയ്ക്കു മടങ്ങുകയും ചെയ്തു.

കഥാപുരുഷൻ ദിവംഗതനായതിനുശേഷം അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് "മലയാളമനോരമ"യിൽ എഴുതിയിരുന്ന മുഖപ്രസംഗത്തിൽ നിന്നും എത്രമാത്രം മതിപ്പും ബഹുമാനവുമായിരുന്നു സ്മര്യപുരുഷനെപ്പറ്റി മി.മാമ്മൻമാപ്പിളയ്ക്ക്

ഉണ്ടായിരുന്നതെന്ന് സുവ്യക്തമാകുന്നതാണ്. പ്രസ്തുത മുഖപ്രസംഗ മാണ് താഴെ ഉദ്ധരിക്കുന്നത്.

## കാലം ചെയ്ത മാർ ഈവാനിയോസ് തിരുമേനി

എം. എ. അച്ചൻ, എം.ഡി. സെമിനാരി പ്രിൻസിപ്പൽ, സെറാമ്പൂർ കോളേജ് പ്രഫസർ, ബഥനി ആശ്രമസ്ഥാപകൻ, ആബോ ഗീവറുഗീസ്, മാർ ഈവാനിയോസ്, ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് എന്നീ വിവിധപേരുകളിലും നിലകളിലും സുപ്രസിദ്ധനായ തിരുമേനി ദിവംഗതനായിരിക്കുന്ന വാർത്ത സന്താപഹേതുകമാണ്. കഴിഞ്ഞ അരശതാബ്ദക്കാലം അദ്ദേഹത്തെ മാറ്റി നിറുത്തുവാൻ ആവാത്തവണ്ണം അദ്ദേഹം അംഗത്വം വഹിച്ചിരുന്ന ഏതു സമുദായത്തിലും, സ്ഥാപന ത്തിലും, സംരംഭങ്ങളിലും അദ്ദേഹം പ്രാമാണ്യം വഹിച്ചിരുന്നു. ബുദ്ധി വൈഭവം, പാണ്ഡിത്യം, വാഗ്മിത്വം, കർമ്മധീരത ആദിയായി നേതൃ സ്ഥാനം അലങ്കരിക്കുന്ന പ്രതിഭാശാലികൾക്കുണ്ടായിരിക്കേണ്ട ഗുണ വിശേഷങ്ങൾ തികഞ്ഞ മഹാവ്യക്തികൾ കേരളക്കരയിൽ മറ്റധികം എണ്ണാൻ കഴിയുന്നതല്ല. ഏതു സംരംഭങ്ങളിലും പ്രവേശിച്ചു കഴി ഞ്ഞാൽ വിജയം നേടിയേ അടങ്ങൂ എന്ന അദ്ദേഹത്തിന്റെ ഇച്ഛാ ശക്തിയും പുരുഷത്വവും ദർശിപ്പിച്ചിട്ടുള്ള രംഗങ്ങൾ എത്ര വേണ മെങ്കിലും എണ്ണിപ്പറയത്തക്കവണ്ണം അത്ര സുവിദിതങ്ങളാണ്. മലങ്കര സുറിയാനിസമുദായത്തിലെ വട്ടിപ്പണക്കേസിന്റെ പ്രാരംഭകാലം മുതൽ പ്രഗൽഭമതിയായിരുന്ന വട്ടശ്ശേരി തിരുമേനിയുടെ വലംകൈ ആയി നിന്ന് പ്രവർത്തിച്ച ധീരവ്യക്തികളിൽ മാർ ഈവാനിയോസ് തിരുമേനിക്ക് അദ്വിതീയമായ സ്ഥാനമുണ്ട്. ക്രൈസ്തവ ലോകത്തിന്റെ യെന്നല്ല, ഇതരമതവിഭാഗങ്ങളുടേയും സവിശേഷമായ ശ്രദ്ധയേയും ആദരവിനേയും ആകർഷിച്ച ബഥനിപ്രസ്ഥാനം ഒരു സാമൂഹ്യ കോളിളക്കം തന്നെയുണ്ടാക്കിയതാണ്. മണിക്കൂറുകൾ തോറും കുപ്പായം മാറാൻ നിഷ്ക്കർഷിച്ചിരുന്ന എം. എ. അച്ചൻ കാവി വസ്ത്രവും മൺചട്ടിയുമായി മഹാകവി ടാഗോറിന്റെ വിശ്വഭാരതിയേയും മഹാത്മഗാന്ധിയുടെസബർമതി ആശ്രമത്തേയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നിൽ ആസ്ഥാനമുറപ്പിച്ചപ്പോൾ സമുദായ ഭക്തന്മാർക്ക് അതൊരു തീർത്ഥാടനകേന്ദ്രമായിരുന്നു. എന്തുവന്നാലും മടിശ്ശീലകൾ അഴിക്കാതെ ഭൂതം കാക്കുന്ന നിധിപോലെ ദ്രവ്യം സൂക്ഷിച്ചിരുന്ന പ്രസിദ്ധ പിശുക്കന്മാർ പോലും അന്ന് ആബോ ഗീവറുഗീസിന്റെ ജീവിതരീതിയിലും വാഗ്വൈഭവത്തിലും അകപ്പെട്ടു

പണം വാരി സംഭാവന ചെയ്തിരുന്നു. മലങ്കര സുറിയാനി സമുദായത്തിന്റെ ഭാവി സുരക്ഷിതമാകണമെങ്കിൽ വിപുലമായ റോമാസഭയിൽ ലയിക്കാതെ വശമില്ലെന്ന് അദ്ദേഹത്തിന് അഭിപ്രായം വന്നുകൂടുകയും പ്രസിദ്ധമായ റീത്തുപ്രസ്ഥാനം സമാരംഭിക്കുകയും ചെയ്തതു തിരുമേനിയുടെ മാതൃസഭയ്ക്ക് തീരാവേദന നല്കിയ സംഭവമായിരുന്നു. എന്നാൽ റോമാസഭയിൽ ചേർന്നതിനുശേഷവും അനിതരസാധാരണമായ അദ്ദേഹത്തിന്റെ കഴിവുകൾ പ്രയോജന കരമായ ഒരു ഒന്നാംഗ്രേഡ് കോളേജിന്റെയും, അനവധി ഹൈസ്കൂളു കളുടേയും, മറ്റു വിദ്യാലയങ്ങളുടേയും സ്ഥാപനത്തിലും നടത്തിപ്പിലും വിനിയോഗിച്ചിരുന്നു. പാശ്ചാത്യപര്യടനവേളയിൽ ആരെയും ആകർഷിക്കത്തക്ക സംഭാഷണചാതുരിയും പ്രസംഗവൈഭവവും മൂലം അനവധി പണം ഈ സ്ഥാപനങ്ങളുടെ ആവശ്യാർത്ഥം അദ്ദേഹത്തിനു ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചരിത്രം സൃഷ്ടിച്ച അദ്ദേഹം അനുകൂലവും പ്രതികൂലവുമായ വിമർശനങ്ങൾക്ക് വിധേയനായെങ്കിൽ അത്ഭുതപ്പെടുവാനില്ല. മായാത്ത വ്യക്തിമുദ്ര സുറിയാനി സമുദായചരിത്രത്തിൽ അദ്ദേഹം പതിച്ചിട്ടുണ്ട്. അഭിപ്രായത്തിൽ വിയോജിച്ചു നില്ക്കുന്നവർക്കുപോലും അദ്ദേഹത്തിന്റെ മഹാകഴിവു കളെപ്പറ്റിയും പ്രതിഭാശക്തികളെപ്പറ്റിയും സമ്മതിച്ചുകൊടുക്കാതെ നിവൃത്തിയില്ലാത്ത വിധം തിരുമേനി അസാമാന്യനായ ഒരു മഹാവ്യക്തിതന്നെയായിരുന്നു എന്നുള്ളതിനു സംശയമില്ല. മാർപ്പാപ്പാ തിരുമേനിയിൽ നിന്നും ഉന്നതങ്ങളായ പല ബഹുമതികളും സ്വതന്ത്ര മായ സഭാസൗജന്യങ്ങളും സമാർജ്ജിക്കത്തക്കവിധം വ്യക്തിവിശേ ഷങ്ങൾ തികഞ്ഞ ഒരു മഹാവ്യക്തിയുടെ നിര്യാണം കേരളക്രൈസ്തവ ലോകത്തിനു പൊതുവെയും കേരളകത്തോലിക്കാസഭയ്ക്കു പ്രത്യേകിച്ചും ഒരു തീരാനഷ്ടം തന്നെയാണ്. തിരുമേനിയുടെ ആത്മാവിന് നിത്യശാന്തിയെ നേർന്നുകൊള്ളുന്നു.

(മലയാളമനോരമ, 1953 ജൂലൈ 17)

# അദ്ധ്യായം – 30

# ബഥനിമലയോടുള്ള യാത്രപറച്ചിൽ

പരസ്പരം ബന്ധമുള്ളവയെങ്കിലും വ്യത്യസ്ഥങ്ങളായ രണ്ടു കാര്യങ്ങളാണ് മനോബോദ്ധ്യവും മാനസാന്തരവും. (Conviction is one thing but conversion is another thing) കത്തോലിക്കാസഭയിലെ മഹാവിശുദ്ധനായിരുന്ന ഒരു സുപ്രസിദ്ധ പ്രാസംഗികൻ ഒരവസരത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി. "I can convince many, but I cannot convert one" (അനേകരിൽ മനോബോദ്ധ്യമുളവാക്കുവാൻ എനിക്കു സാധിക്കും. പക്ഷേ, ഒരുവനെയെങ്കിലും മാനസാന്തരപ്പെടുത്തുവാൻ എന്നാൽ സാദ്ധ്യമല്ല).

കത്തോലിക്കാസഭയാണ് ക്രിസ്തു സ്ഥാപിച്ച സത്യൈക സഭയെന്നും പ്രസ്തുത സഭയുടെ അംഗമായിത്തീരേണ്ടത് ആത്മരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്നും ഒരുവനു ബോദ്ധ്യം വന്നതുകൊണ്ടു മാത്രം അവൻ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു എന്നു വരുന്നതല്ല. സത്യാന്വേഷണബുദ്ധിയും ചിന്താശീലവും ഒരുവനിൽ മനോബോദ്ധ്യം ഉളവാക്കുന്നതിനു പര്യാപ്തമാണ്. എന്നാൽ മാനസാന്തരത്തിന് അഥവാ, കത്തോലിക്കാസഭാശ്ലേഷണത്തിന് ദൈവികകൃപാവരത്തിന്റെ ശക്തിമത്തായ പ്രവർത്തനമാണ് അത്യന്താപേക്ഷിതമായി വേണ്ടത്.

**നിർബന്ധപൂർവ്വകമായ കത്തുകൾ**

കത്തോലിക്കാ പുനരൈക്യത്തിനു വരുത്തുന്ന കാലവിളംബത്തിൽ അക്ഷമത പ്രദർശിപ്പിച്ചുകൊണ്ടും പുനരൈക്യത്തിന് ഇനിയും ഒട്ടും താമസിക്കരുതെന്നു നിർബന്ധപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ടുള്ള

നിരവധി കത്തുകൾ മാർ ഈവാനിയോസിന് ലഭിക്കുകയുണ്ടായി. പ്രസ്തുത കത്തുകളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന രണ്ടെണ്ണം ഇവിടെ ഉദ്ധരിക്കുന്നതിനു മാത്രമേ ഈ ഗ്രന്ഥത്തിന്റെ സ്ഥലപരിമിതി അനുവദിക്കുന്നുള്ളു. പുനരൈക്യപ്രസ്ഥാനാരംഭത്തിനു നാലുവർഷ ങ്ങൾക്കുമുമ്പ് (1926-ൽ) സത്യാന്വേഷണഫലമായി കത്തോലിക്കാ സഭയെ ആശ്ലേഷിച്ചശേഷം പത്തനംതിട്ടയിലും പരിസരപ്രദേശ ങ്ങളിലും കത്തോലിക്കാമിഷ്യൻ പ്രവർത്തനം വിജയപ്രദമായി നടത്തിക്കൊണ്ടിരുന്ന റവ.ഫാദർ ഗീവറുഗീസ്, പീടികയിൽ ബഥനിയിലേക്ക് അയച്ചുകൊടുത്ത ഒരു കത്താണ് ചുവടെ ഉദ്ധരിക്കുന്നത്.

Father Geevarghese
Peedikayil
Omalloor

P.O. Pathanamthitta
Travancore
18 - 1 - 1930

My dear Lord,

ഞാൻ ഈയിടെ ബഥനിയിൽ വന്ന് വന്ദ്യതിരുമേനിയെ ഒന്നു കാണ്മാൻ ഇടയായതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. സഭാസംബന്ധമായ ചില കാര്യങ്ങൾ എനിക്ക് അറിവിപ്പിനുണ്ടായിരു ന്നെങ്കിലും വിരോധിച്ചതുകൊണ്ട് അതിനു തുനിയാഞ്ഞതാണ്.

തിരുമനസ്സുകൊണ്ട് കത്തോലിക്കാസഭയിൽ ചേരാൻ പോകുന്നു എന്നുള്ള വർത്തമാനം കേട്ടു തുടങ്ങിയിട്ടു രണ്ടു കൊല്ലമായി. പരിശുദ്ധസിംഹാസനവുമായി എഴുത്തുകുത്തുകൾ നടത്തി ഇപ്പോൾ റീത്തും അനുവദിച്ചു കിട്ടിയിരിക്കുന്നു എന്നുള്ളതിൽ പലരും സന്തോഷം കൊണ്ടു തുള്ളുന്നു. ഒരു വലിയ പങ്ക് കാര്യം മനസ്സിലാക്കാതെ എതിർക്കുകയും ചെയ്യുന്നുണ്ട്.

എല്ലാ സ്ഥലങ്ങളിലും ഭക്തിയും അനുസരണവുമുള്ള ഉത്തമ യാക്കോബ്യർ ബഥനിയുടെ ആശ്രിതന്മാരാണ്. അവരെല്ലാവരും തിരുമേനിയുടെ ചുവട്ടടിയിൽ കൂടി നടക്കും; നിശ്ചയം തന്നെ.......

തിരുമേനിയുടെ താമസത്തിനു പലരും അക്ഷമത കാണിക്കു ന്നുണ്ട്. കൂടാതെ വിനയത്തോടുകൂടി അറിവിപ്പാനുള്ളത് ഈയുള്ള വർക്ക് പ്രയാസമായ ഒരു സംഗതി താമസിക്കുന്നിടത്തോളവും തിരുമേനിയുടെ പേരു ചീത്തയാകുന്നു എന്നുള്ളതാണ്. ഇപ്പോൾ

തന്നെ ഓരോരുത്തർ തിരുമേനിയെ അലട്ടിക്കൊണ്ടാണല്ലോ ഇരിക്കുന്നത്. മറ്റുള്ള തിരുമേനികളുടെയും വിരോധത്തിന് പാത്രമായി ഇവിടെ കഴിച്ചുകൂട്ടുന്നത് ഇനിയും അത്ര നന്നല്ലല്ലോ.

അതുകൊണ്ട് ഇനിയും ഒരു നിമിഷം പോലും താമസിക്കാതെ ധൈര്യത്തോടു കൂടിയും പ്രഭാതസൂര്യനെപ്പോലെ സന്തോഷത്തോടും കൂടിയും, തിരുസഭാമാതാവിന്റെ വീരസന്താനങ്ങളിൽ അല്ല, അതിന്റെ അദ്ധ്യക്ഷന്മാരിലൊരുവൻ ആയിത്തീർന്ന് ദാഹത്തോടുകൂടി കാത്തിരിക്കുന്ന ഞങ്ങളെ അനുഗ്രഹിച്ചാലും! ഇംഗ്ലണ്ടിൽ കാർഡിനൽ ന്യൂമാന്റെ മാനസാന്തരം പോലെയാണ് ഇവിടത്തെ കത്തോലിക്കർ തിരുമേനിയുടേതു ഗണിച്ചിരിക്കുന്നത്. എ.പെ.ബ.ഞങ്ങളുടെ കൊല്ലം മെത്രാനച്ചൻ അങ്ങനതന്നെ വിചാരിച്ചിരിക്കുന്നു. വന്ദ്യതിരുമേനി! യാക്കോബായസഭയുടെ ഭൂരിപക്ഷം തൽക്കാലം നമുക്ക് എതിരായി നില്ക്കുമെങ്കിലും കാലാന്തരത്തിൽ പക്ഷേ, തിരുമേനിയുടെ ജീവിതകാലത്തുതന്നെ തിരുമേനിയും ബഥനിയും അവർക്ക് പുളിപ്പാക്കുന്ന പുളിമാവായിത്തീരും. സത്യത്തിന്റെ മുമ്പാകെ ആർക്കും എതിർത്തുനില്ക്കാൻ സാധിക്കയില്ലല്ലോ. പത്രോസിന്റെ പരമാധികാരം, മിശിഹായുടെ ദ്വിസ്വഭാവം, യാക്കോബായസഭയുടെ ശീശ്മ ഇവ എത്രയും വേഗത്തിൽ തെളിയിക്കാവുന്ന സത്യങ്ങളാണ്. തിരുമേനി സഭാപ്രവേശം ചെയ്താലുടൻ ബഥനിവകയായി 'സത്യദീപം' പോലെ ഒരു പത്രവും ചില നല്ല പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തണം. അവിടവിടെ കത്തോലിക്കാകോൺഫ്രൻസുകൾ നടത്തണം.

അത് ഒന്നാമതായി ഇവിടെ ആയിക്കൊള്ളാം. മനോഹരമായ ഒരു പള്ളിയും, അതിവിശാലമായ ഒരു പള്ളിമുറ്റവും, താമസിക്കാനുള്ള ബംഗ്ലാവും ഇവിടെയുണ്ട്. എന്റെ തിരുമേനി – എന്റെ തിരുമേനിയായിട്ട് – ഇവിടെ പാദസ്പർശം ചെയ്യുന്ന ആ ശുഭദിനത്തെ ഞാൻ എത്ര ഉത്കണ്ഠയോടുകൂടിയാണ് പാർത്തിരിക്കുന്നത്!

ഇത്രയുമെല്ലാം ഏറെക്കുറെ സാധിച്ചാലുടൻ യൂറോപ്പിലേക്ക് ഒരു യാത്രയും ചെയ്യണം. അമേരിക്കയ്ക്കും പോകണം. ആ യാത്രയോടു കൂടി തിരുമേനിക്ക് സാധിക്കാവുന്ന കാര്യങ്ങൾ മിക്കതും സാധിക്കാവുന്നതുമാണ്.

തിരുമേനി ഇനിയും താമസിക്കുന്നത് തിരുമേനിയുടെ സ്വന്തനിലക്കും പ്രവർത്തനത്തിനും നല്ലതല്ല എന്ന് ഒരിക്കൽ കൂടി

അറിയിച്ചുകൊണ്ടും, തിരുമേനിയുടെ ക്ഷേമത്തിനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടും,

അങ്ങേ എളിയ ദാസൻ,

ഫാദർ ഗീവറുഗീസ് പീടികയിൽ (ഒപ്പ്)

## ഡോക്ടർ ബൻസിഗറിന്റെ കത്ത്

കഥാപുരുഷന്റെ പുനരൈക്യം എത്രയും വേഗം നടക്കുന്നതിനു വേണ്ടി പ്രാർത്ഥനയാലും, ഉപദേശങ്ങളാലും, എഴുത്തുകുത്തുകളാലും ശ്രമിച്ചുകൊണ്ടിരുന്ന കൊല്ലം മെത്രാൻ ഡോക്ടർ ബൻസിഗർ തിരുമേനി അവസാനമായി അയച്ച ഒരു കത്ത് ബഥനിമലയിൽ നിന്നും ഉടൻതന്നെ ഇറങ്ങുന്നതിനും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്ന തിനും പ്രേരകമായിത്തീർന്നു. അല്പം കാലവിളംബരം വരുത്തേണ്ടി വന്നാലും, ഓർത്തഡോക്സ് സഭയിലെ വൈദികന്മാരുടെയും അയ്മേനികളുടെയും ഇടയിൽ കുറേക്കൂടെ പ്രചരണവേല നടത്തി ഒരു നല്ല സംഖ്യ ജനങ്ങളോടുകൂടെ കത്തോലിക്കാപുനരൈക്യം പ്രാപിക്കുന്നതല്ലേ നല്ലത് എന്നു ചോദിച്ചുകൊണ്ടുള്ള ഒരു കത്ത് മാർ ഈവാനിയോസ് ഡോക്ടർ ബൻസിഗർക്ക് അയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തിനു മറുപടിയായി ഡോക്ടർ ബൻസിഗർ അയച്ചുകൊടുത്ത കത്തിലെ ഒരു ഭാഗം ഇപ്രകാരമായിരുന്നു.

“തങ്ങളുടെ നായകനുമൊന്നിച്ച് ഏതാനും ആളുകൾ ഒരു സ്ഥലത്തേക്കു യാത്ര ചെയ്യുമ്പോൾ വഴിമദ്ധ്യേ വെച്ച് എങ്ങനെയോ എല്ലാവരും ഒന്നടങ്കം ഒരു വലിയ കുഴിയിൽ വീണുപോയി എന്ന് സങ്കല്പിച്ചാലും. അവരുടെ നായകന് അവരെയെല്ലാം കുഴിയിൽ നിന്ന് കരേറ്റണമെന്ന് അതിയായ ആഗ്രഹമുണ്ട്. പക്ഷേ, കുഴിയിൽ കിടന്നു കൊണ്ട് എങ്ങനെ അവരെ അയാൾക്ക് കരയ്ക്കു കയറ്റുന്നതിന് സാധിക്കും? നേരേമറിച്ച് അയാൾ എങ്ങനെയെങ്കിലും കരയ്ക്കു കയറിയശേഷം ഏണിയോ കയറോ കുഴിയിലേക്ക് ഇട്ടുകൊടുക്കുന്ന പക്ഷം അതിൽ കൂടെ മറ്റുള്ളവർക്കും കരയ്ക്കു കയറി രക്ഷപ്പെടു ന്നതിനു സാധിക്കും. ആകയാൽ വന്ദ്യതിരുമേനിയോട് എനിക്കുള്ള അഭ്യർത്ഥന ആശ്രമസ്ഥരൊന്നിച്ച് ഉടൻതന്നെ ബഥനിമലയിൽ നിന്നും ഇറങ്ങി കത്തോലിക്കാസഭയെ ആശ്ലേഷിക്കണമെന്നാണ്. അതിനു ശേഷം മറ്റുള്ള അകത്തോലിക്കാസഹോദരങ്ങളെയെല്ലാം കത്തോലിക്കാസഭയിലേക്ക് കൊണ്ടുവരുന്നതിന് ദൈവകൃപയാൽ

വന്ദ്യതിരുമേനിക്ക് സാധിക്കുമെന്ന് ഞാൻ സുദൃഢം വിശ്വസിക്കുന്നു.''

തന്റെ കത്തോലിക്കാ പുനരൈക്യം ത്വരിതപ്പെടുത്തുന്നതിന് ശക്തിമത്തായ പ്രേരണയാണ് മാർ ഈവാനിയോസിന് ഈ കത്ത് നല്കിയത്.

## രണ്ടു വൈദികന്മാരുടെ പുനരൈക്യം

ബഥനി ആശ്രമസ്ഥരായിരുന്ന ഒരു ശെമ്മാശനും, ഒരു വൈദികനും മനസ്സാക്ഷിയുടെ പ്രേരണയ്ക്ക് വശംവദയായി ഇതിനകം കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു കഴിഞ്ഞിരുന്നു. പ്രാരംഭകാലത്ത് ആശ്രമസ്ഥരായി പ്രവേശിച്ച ശൂരനാട്ടു സ്വദേശിയായ കോശി ശെമ്മാശനും ചെങ്ങന്നൂർ സ്വദേശിയായ ഫാദർ ഗീവറുഗീസിനു മായിരുന്നു ഇതിനുള്ള ഭാഗ്യം മുൻകൂട്ടി ലഭിച്ചത്. കോശി ശെമ്മാശൻ ആശ്രമാദ്ധ്യക്ഷനോട് അനുവാദവും വാങ്ങി ആശ്രമത്തിൽ നിന്നും ഇറങ്ങി മാന്നാനത്ത് എത്തി കത്തോലിക്കാസഭയിൽ ചേർന്ന് "സാമുവേൽ'' എന്ന നാമം സ്വീകരിച്ച് കർമ്മലീത്താ സന്ന്യാസസമൂഹ ത്തിലെ ഒരംഗമായി തീർന്നു. പത്തുവർഷക്കാലത്തോളം ബഥനി ആശ്രമത്തിൽ പല ചുമതലകളും വിശ്വസ്ഥതാപൂർവ്വം നിർവഹിച്ചു കൊണ്ടിരുന്ന റവ.ഫാ.ഗീവറുഗീസ് മനസ്സാക്ഷിയുടെ പ്രചോദനത്തിന് കീഴ്വഴങ്ങി ബഥനി വിട്ട് ചങ്ങനാശ്ശേരി അരമനയിൽ എത്തി 1929 സെപ്റ്റംബർ 25-ാം തീയതി ബിഷപ്പ് ഡോക്ടർ കാളാശ്ശേരി തിരുമേനിയുടെ മുമ്പാകെ വിശ്വാസപ്രതിജ്ഞ ചെയ്തു കത്തോലിക്കാ സഭാംഗമായി. ഇവർ ഇരുവരും ആശ്രമം വിടുന്നതിനോ കത്തോലിക്കാ പുനരൈക്യം പ്രാപിക്കുന്നതിനോ യാതൊരു വൈമനസ്യവും ആശ്രമാദ്ധ്യക്ഷൻ (മാർ ഈവാനിയോസ്) പ്രകടിപ്പിച്ചില്ല എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ. "അല്പം കൂടെ ക്ഷമിക്കുക, നമുക്കെല്ലാം ഒരുമിച്ച് ചേരുകയല്ലേ നല്ലത്'' എന്നുമാത്രം അദ്ദേഹം അവരോടു ഉപദേശരൂപേണ പറയുകയുണ്ടായി. പക്ഷേ, തങ്ങളുടെ പുനരൈക്യത്തിന് കാലവിളംബം വരുത്തുന്നതിൽ അവരുടെ അന്തഃകരണം എതിരായിരുന്നതിനാൽ ഒട്ടും താമസിപ്പിക്കാതെ അവർ തിരുസഭയെ ആശ്ലേഷിക്കുകയാണുണ്ടായത്.

## വി.കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം

ബഥനിയുടെ പരിവർത്തനം കഴിയുംവേഗം നടന്നു കാണുന്നതിനുള്ള അത്യാകാംക്ഷയോടുകൂടെ ലോകത്തിന്റെ

നാനാഭാഗങ്ങളിലും അനേകായിരങ്ങൾ പ്രതിദിനം പ്രാർത്ഥിച്ചുകൊണ്ടി രുന്നു. പ്രേഷിതമദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യ സ്ഥവും ഇതിലേക്കായി ഒട്ടനേകർ അഭ്യർത്ഥിച്ചു. കത്തോലിക്കാസഭയെ ആശ്ലേഷിച്ച ഫാദർ ഗീവറുഗീസ്, ചങ്ങനാശ്ശേരി ചെത്തിപ്പുഴ ആശ്രമ ത്തിലെ ഒരു സന്ന്യാസവര്യനായിരുന്ന റവ. ഫാദർ മൻസിലിനോസ് T.O.C.D. മുഖേന വി. കൊച്ചുത്രേസ്യായുടെ സഹോദരിയായിരുന്ന മദർ ആഗ്നസിന് ഇതു സംബന്ധിച്ചുള്ള ഒരെഴുത്ത് അയയ്ക്കുകയുണ്ടായി. ബഥനി ആശ്രമാദ്ധ്യക്ഷന്മാരായ വന്ദ്യതിരുമേനിമാരുടെ പുനരൈക്യത്തിനായി വി.കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം പ്രത്യേകം അപേക്ഷിക്കണമെന്ന് ആ കത്തിൽ അഭ്യർത്ഥിച്ചിരുന്നു. മദർ ആഗ്നസ്സും അവിടെ ഉണ്ടായിരുന്ന കന്യസ്ത്രീകളും ഏതുദുദ്ദേശ്യാർത്ഥം ഒരു നൊവേന (ഒൻപതു ദിവസത്തെ പ്രത്യേക പ്രാർത്ഥനകൾ) നടത്തുകയുണ്ടായി. അതിനുശേഷം 1930 ആഗസ്റ്റ് മാസത്തിൽ അവർ അയച്ച കത്തിൽ ഇപ്രകാരമാണ് എഴുതിയിരുന്നത്. “We believe that our Little Saint will obtain grace for those two prelates to enter the fold very soon.” (തിരുസഭാതൊഴുത്തിലേക്കു പ്രവേശിക്കുന്നതിനുള്ള അനുഗ്രഹം ആ രണ്ടു വൈദികാദ്ധ്യക്ഷന്മാർക്കും നമ്മുടെ കൊച്ചുവിശുദ്ധ എത്രയും വേഗം വാങ്ങിക്കൊടുക്കുമെന്ന് ഞങ്ങൾ വിശ്വ സിക്കുന്നു. നൊവേന നടത്തി ഒരു മാസം തികയുന്നതിനുമുമ്പ് വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം ഫലം പുറപ്പെടുവിച്ചത് അത്ഭുതാ വഹമായിത്തന്നെ പരിഗണിക്കേണ്ടിയിരിക്കുന്നു.

## കൂനൻകുരിശുകയറിനെ പൊട്ടിച്ച കണ്ണുനീർത്തുള്ളികൾ

കത്തോലിക്കാസഭാപുനരൈക്യത്തിനുശേഷം മാർ ഈവാനിയോ സിന് കോതമംഗലത്തെ കത്തോലിക്കർ ഒരു വമ്പിച്ച സ്വീകരണം നല്കു കയുണ്ടായി. അന്നത്തെ അനുമോദനയോഗത്തിൽ ആ ഇടവകയിലെ ബഹുമാനപ്പെട്ട വികാരി നടത്തിയ സ്വാഗതപ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു. “1653-ൽ നമ്മുടെ പിതാക്കന്മാരിൽ ചിലർ മട്ടാഞ്ചേരി കൂനൻകുരിശിൽ കെട്ടിയ കയറിനെ പൊട്ടിച്ചത് ഈ അദ്ധ്യക്ഷപീഠ ത്തിലിരിക്കുന്ന അഭിവന്ദ്യ തിരുമേനിയാണെന്നു ഞാൻ സന്തോഷ പൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു.” പ്രസ്തുത പ്രസംഗം ശ്രവിച്ചുകൊ ണ്ടിരുന്ന മാർ ഈവാനിയോസ് തിരുമേനി നടത്തിയ മറുപടി പ്രസംഗ ത്തിലെ ഒരു ഭാഗം ഇപ്രകാരമായിരുന്നു:- “കൂനൻകുരിശുകയറിനെ പൊട്ടിച്ചത് നാമാണെന്ന ബ.വികാരിയച്ചൻ ഇവിടെ പ്രസ്താവിക്കുക

യുണ്ടായല്ലോ. പക്ഷേ, അദ്ദേഹത്തിനു തെറ്റിപ്പോയി എന്ന് നാം ഖേദ പൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. നാമല്ല കൂനൻകുരിശു കയറിനെ പൊട്ടിച്ചത്. പിന്നെയോ, അനേകായിരങ്ങളുടെ കണ്ണുനീർത്തുള്ളികളാണ്. 1653-നു ശേഷം കേരളത്തിലെ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായ ഭിന്നിപ്പിനു അഥവാ, ശീശ്മയ്ക്കു പരിഹാരം ഉണ്ടാക്കുന്നതിനും കൂനൻകുരിശിൽ കെട്ടിയ ആലാത്തിൽ കുരുങ്ങിയ പുത്തൻകൂർ ജനതതിയെ മാതൃസഭയായ കത്തോലിക്കാസഭയിലേക്ക് തിരികെ കൊണ്ടുവരുന്നതിനുംവേണ്ടി ലേകത്തിന്റെ നാനാഭാഗങ്ങളിലും പ്രത്യേകിച്ച് ഈ മലങ്കരയിലുമുള്ള പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ദൈവസന്നിധിയിൽ ഉള്ളുരുകി കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവരുടെ കണ്ണുകളിൽ നിന്നും അടർന്നുവീണ കണ്ണുനീർത്തുള്ളികൾ കൂനൻകുരിശിന്റെ കയറിന്മേൽ അനേകവർഷങ്ങളായി വീണുകൊണ്ടിരുന്നു. തന്മൂലം ആ കയർ ദ്രവിച്ചു ദ്രവിച്ച് അവസാനം 1930 സെപ്റ്റംബർ 20-ാം തീയതി താനേ പൊട്ടിപ്പോകുകയാണുണ്ടായത്. ആകയാൽ നാമല്ല പിന്നെയോ, അനേകായിരങ്ങളുടെ കണ്ണുനീർത്തുള്ളികളാണ് കൂനൻ കുരിശുകയറിനെ പൊട്ടിച്ചത്.''

ബഥനിയുടെ പുനരൈക്യവും കേരളത്തിലെ പുനരൈക്യപ്രസ്ഥാനശിശുവിന്റെ ജനനവും അഭിവന്ദ്യതിരുമേനി പ്രസ്താവിച്ചതുപോലെ അനേകായിരങ്ങളുടെ പ്രാർത്ഥനയുടെ ഫലമായിരുന്നു എന്ന് സംശയമെന്യേ പ്രസ്താവിക്കുന്നതിനു സാധിക്കും.

## ആശ്രമത്തിനുള്ളിൽ നടന്ന എതിർപ്രചരണം

ദൈവാനുഗ്രഹത്താലും കഥാപുരുഷന്റെ അക്ഷീണപരിശ്രമത്താലും കത്തോലിക്കാപുനരൈക്യത്തിനുള്ള സാഹചര്യങ്ങൾ പലതും അനുകൂലമായിത്തീർന്നു കഴിഞ്ഞുവെങ്കിലും ബഥനി ആശ്രമത്തിനുള്ളിൽ അവിചാരിതമായി ചില എതിർപ്രചരണങ്ങൾ ഇതിനിടയിൽ നടക്കുന്നതിനിടയായി. ബഥനിയുടെ പ്രാരംഭകാലം മുതൽത്തന്നെ ആശ്രമാദ്ധ്യക്ഷന്റെ വലംകൈയ്യായി നിന്ന് സകല സംരംഭങ്ങളിലും പങ്കുകൊള്ളുകയും ബഥനിയുടെ അഭിവൃദ്ധിക്കുവേണ്ടി കഴിയുംവിധം പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്ന ഫാദർ അലക്സിയോസ് (ഇപ്പോൾ ഓർത്തഡോക്സ് സഭയിലെ മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ) ആയിരുന്നു ഇതിന്റെ നേതൃത്വം വഹിച്ചിരുന്നത്. ആശ്രമസ്ഥരായ വൈദികന്മാരും സാധുക്കളും (വൈദികരല്ലാത്ത ആശ്രമസ്ഥർ ഈ പേരിലാണു വിളിക്കപ്പെട്ടിരുന്നത്) കന്യാസ്ത്രീകളും

ഒന്നടങ്കം തന്നെ അനുഗമിച്ചു കത്തോലിക്കാപുനരൈക്യം പ്രാപിക്കു മെന്നുള്ള ദൃഢവിശ്വാസമായിരുന്നു കഥാപുരുഷനുണ്ടായിരുന്നത്. പുനരൈക്യസംബന്ധമായ ആലോചനകളും എഴുത്തുകുത്തുകളും നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ ആശ്രമവാസികളായ സകലരും തനിക്ക് അനുകൂലമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നതിനാൽ ഏവംവിധമുള്ള ഒരു എതിർപ്രചരണം ആശ്രമത്തിനുള്ളിൽ നടക്കുമെന്നു കഥാപുരുഷൻ സ്വപ്നേവി വിചാരിച്ചിരുന്നില്ല.

ബഥനിക്കുവേണ്ടി ധനശേഖരണാർത്ഥം ഫാദർ അലക്സിയോ സിനെ സിംഗപ്പൂരിലേക്ക് ആശ്രമാദ്ധ്യക്ഷൻ അയച്ചിരുന്നു. അദ്ദേഹം അവിടെ എത്തി പണപ്പിരിവ് ആരംഭിക്കുന്നതിനുമുമ്പ് രോഗബാധിത നായിത്തീരുകയാൽ ഏതാനും മാസക്കാലം ചികിത്സാർത്ഥം അവിടെ താമസിക്കുകയാണ് ചെയ്തത്. തന്നിമിത്തം പണപ്പിരിവ് നടത്താതെ നാട്ടിലേക്കു മടങ്ങിവരുന്നതിന് അദ്ദേഹത്തിന്റെ പേർക്ക് മാർ ഈവാനിയോസ് എഴുതി അയച്ചു. അതനുസരിച്ച് അദ്ദേഹം മടങ്ങിവന്ന് തിരുവല്ലാ തിരുമൂലയിൽവെച്ച് മർ ഈവാനിയോസിനെ കാണുകയു ണ്ടായി. തദവസരത്തിൽ കത്തോലിക്കാ പുനരൈക്യ പരിശ്രമങ്ങ ളെപ്പറ്റിയും അനുകൂല പരിതസ്ഥിതികളെക്കുറിച്ചും ഫാദർ അലക്സി യോസിനോട് കഥാപുരുഷൻ പറയുകയുണ്ടായി. പ്രതികൂലമായി യാതൊന്നും സംസാരിച്ചില്ലെന്നുമാത്രമല്ല, അനുകൂലമനോഭാവ മായിരുന്നു അപ്പോൾ ഫാദർ അലക്സിയോസ് പ്രദർശിപ്പിച്ചത്. രോഗംമൂലവും യാത്രനിമിത്തവും ഉണ്ടായ ക്ഷീണം അല്പകാലത്തെ വിശ്രമത്തിനുള്ളിൽ തീരുമെന്നും തന്മൂലം ബഥനിയിൽ പോയി കുറെ ദിവസങ്ങൾ വിശ്രമിക്കണമെന്നും ഫാദർ അലക്സിയോസിനോടു കഥാപുരുഷൻ കല്പിച്ചു. തദനുസരണം ബഥനിയിലേക്കു പോകുന്നതിനുമുമ്പ് തന്റെ പിതൃസഹോദരനായി മട്ടയ്ക്കൽ ബ. അലക്സന്ത്രയോസ് കത്തനാരെ കാണുന്നതിനായി കോട്ടയം പഴയസെമ്മനാരിയിലേക്ക് അദ്ദേഹം പോകുകയാണുണ്ടായത്. അവിടെ എത്തി ഫാദർ അലക്സന്ത്രയോസിനേയും അനന്തരം വട്ടശ്ശേരിൽ തിരുമേനിയേയും അദ്ദേഹം സന്ദർശിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ ബദ്ധവൈരികളായിത്തീർന്ന അവരിരുവരും മാർ ഈവാനിയോസിന് എതിരായി സംസാരിക്കുകയും അദ്ദേഹത്തിന്റെ പുനരൈക്യ പ്രസ്ഥാന സംരംഭത്തെ ഒരു കാലത്തും അനുകൂലിക്കരുതെന്നും അതിനെതിരായി ശക്തിമത്തായി പ്രവർത്തിക്കണമെന്നും ഉപദേശിക്കുകയും ചെയ്തു.

വയോവൃദ്ധനായ പിതൃസഹോദരൻ "എന്റെ മകനേ, ഈ വയസ്സുകാലത്ത് എന്നെ ഇട്ടേച്ചുപോകരുതേ" എന്ന് കണ്ണുനീരോടുകൂടി പറഞ്ഞ വാചകങ്ങൾ ഫാദർ അലക്സിയോസിന്റെ ഹൃദയത്തെ ഇളക്കുകതന്നെ ചെയ്തു. അതിനും പുറമേ വട്ടശ്ശേരി തിരുമേനി യുടെയും മറ്റു വൈദികരുടെയും ബന്ധുമിത്രാദികളുടെയും നിർബന്ധ പൂർവ്വകമായ ഉപദേശങ്ങളും അപേക്ഷകളും തന്റെ ആശ്രമാദ്ധ്യക്ഷന്റെ കല്പനകൾക്കെതിരായുള്ള ഒരു മനഃസ്ഥിതി ഫാദർ അലക്സി യോസിൽ ഉളവാക്കിത്തീർത്തു. ഏവംവിധമുള്ള ഒരു മനോഭാവത്തോടു കൂടി ബഥനി ആശ്രമത്തിൽ എത്തിച്ചേർന്ന ഫാദർ അലക്സിയോസ് ആശ്രമാദ്ധ്യക്ഷൻ കല്പിച്ചതനുസരിച്ച് വിശ്രമിക്കേണ്ടതിനുപകരം പുനരൈക്യസംരംഭത്തിനെതിരായി പരിശ്രമിക്കുകയാണ് ചെയ്തത്.

ആശ്രമസ്ഥർ ആരുംതന്നെ മാർ ഈവാനിയോസിനോടൊന്നിച്ച് കത്തോലിക്കാസഭയിൽ ചേരരുതെന്നും, സാധുക്കളായ സുറിയാനി ക്കാരെ കബളിപ്പിച്ച് റോമാസഭയിൽ അകപ്പെടുത്തുന്നതിനുള്ള സംരംഭ മാണ് റീത്തുപ്രസ്ഥാനമെന്നും, മാതൃസഭയായ യാക്കോബായസഭയെ ഉപേക്ഷിക്കുന്നത് ഭയങ്കരപാപമാണെന്നും മറ്റും ഫാദർ അലക്സി യോസ് ആശ്രമസ്ഥരെ ഉപദേശിക്കുവാനും പഠിപ്പിക്കുവാനും തുടങ്ങി. തൽഫലമായി ഇവയെല്ലാം പരമാർത്ഥമെന്ന് ആശ്രമസ്ഥരിൽ ചിലർ വിശ്വസിക്കുന്നതിനിടയായിത്തീർന്നു. ബഥനിയിൽ താമസിച്ചു കൊണ്ടി രുന്ന ആശ്രമസ്ഥരായ സകലരും തന്റെ പ്രേരണയ്ക്കു വശംവദരായി എന്ന വിചാരം നിമിത്തം ആശ്രമത്തിനു പുറത്തുള്ള പള്ളികളിൽ താമസിച്ചുകൊണ്ടിരുന്ന വൈദികന്മാർക്ക് ഫാദർ അലക്സിയോസ് ഇതു സംബന്ധമായ എഴുത്തുകൾ അയയ്ക്കുകയുണ്ടായി. പുറമറ്റം പള്ളിയിൽ താമസിച്ചിരുന്ന ഫാദർ ബർസ്ലീബാ, മംഗലം പള്ളിയിൽ താമസിച്ചിരുന്ന ഫാദർ ജോബ് എന്നിവർക്ക് മാർ ഈവാനിയോസിന്റെ പുനരൈക്യപ്രസ്ഥാനം കബളിപ്പിക്കലാണെന്നും ഒരു കാലത്തും അതിനോടു യോജിക്കരുതെന്നും കാണിച്ചുകൊണ്ടുള്ള കത്തുകൾ അദ്ദേഹം അയച്ചുകൊടുത്തു. തിരുമൂലയിൽ താമസിച്ചുകൊണ്ടിരുന്ന കഥാപുരുഷൻ പ്രസ്തുത വൈദികന്മാരിൽ നിന്നുമാണ് ഈ വിവരം ഗ്രഹിച്ചത്. വിശ്രമാർത്ഥം ബഥനിയിലേക്കയച്ചിരുന്ന ഫാദർ അലക്സിയോസ് ഇവ്വിധം പ്രവർത്തിക്കുന്നുവെന്നറിഞ്ഞ് അദ്ദേഹം അതിയായി ദുഃഖിച്ചു. അനന്തരകരണീയമെന്തെന്നുള്ള ചിന്തയിൽ അദ്ദേഹം വ്യാപൃതനായിത്തീർന്നു. ഏതായാലും പിറ്റേദിവസം മാർ തെയോഫിലോസുമൊന്നിച്ച് ബഥനിയിലേക്കു പോകുക തന്നെ എന്ന് അദ്ദേഹം നിശ്ചയിച്ചു.

മാർ ഈവാനിയോസും മാർ തെയോഫിലോസും ബഥനിയിലെത്തിച്ചേർന്നതോടുകൂടി ഫാദർ അലക്സിയോസിന്റെ എതിർപ്പിന്റെ ശക്തി കുറഞ്ഞുതുടങ്ങി. പരസ്യമായ പ്രചരണവേല നടത്താതെ രഹസ്യമായി ഓരോ വ്യക്തിയോടുമുള്ള ഉപദേശമായിരുന്നു പിന്നീട് അദ്ദേഹം നടത്തിക്കൊണ്ടിരുന്നത്. എന്നാൽ മാർ ഈവാനിയോസാകട്ടെ, സഭാപരമായ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ ദിവസം തോറും പരസ്യമായിത്തന്നെ നടത്തി ആശ്രമസ്ഥരുടെ സംശയങ്ങൾക്കു നിവാരണം വരുത്തിക്കൊണ്ടിരുന്നു. ഫാദർ അലക്സിയോസും രണ്ടുമൂന്നു സാധുക്കളും ഒഴിച്ചുള്ളവരെല്ലാം പ്രസ്തുത ക്ലാസുകളിൽ സംബന്ധിച്ചുകൊണ്ടിരുന്നു. ഏവംവിധം ഒരു മാസക്കാലത്തോളം ക്ലാസുകൾ നടത്തിയതിന്റെ ഫലമായി തനിക്കനുകൂലമായ ഒരന്തരീക്ഷം ബഥനിയിൽ സംജാതമായി എന്നു കഥാപുരുഷനു ബോദ്ധ്യമായി. ഫാദർ അലക്സിയോസിന്റെ കക്ഷിയാകട്ടെ എല്ലാ കാര്യങ്ങളിലും നിവർത്തനം അനുഷ്ഠിക്കയാണുണ്ടായത്.

ഈ സംഗതി ആശ്രമാദ്ധ്യക്ഷനിൽ അതീവസങ്കടമുളവാക്കിത്തീർത്തുവെങ്കിലും എത്രയും സ്നേഹപുരസ്സരമാണ് അദ്ദേഹം എതിർകക്ഷികളോട് വർത്തിച്ചുകൊണ്ടിരുന്നത്. അതിനും പുറമേ അനന്തരനടപടികളിലുള്ള ദൈവഹിതം അറിയുന്നതിനായി വന്ദ്യതിരുമേനിമാർ ഇരുവരും ദൈവസന്നിധിയിൽ മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടുമിരുന്നു.

അങ്ങനെ ബഥനിമലയിൽ നിന്നും ഇറങ്ങുന്നതിനുള്ള ദിവസവും സമയവും വന്ദ്യതിരുമേനിമാർ നിശ്ചയിച്ചുകഴിഞ്ഞു. 1930 ആഗസ്റ്റ് 20-ാം തീയതി (1106 ചിങ്ങം 4) അവിടെ നിന്നും ഇറങ്ങി വള്ളം വഴി പമ്പാനദിയിൽ കൂടെ കോഴഞ്ചേരിക്കടവിൽ എത്തുകയും, അവിടെ നിന്നും ബസ്സിൽ തിരുവല്ലായിൽ എത്തി ഒരു വാടകകെട്ടിടത്തിൽ താമസിക്കുകയും ചെയ്യണമെന്നായിരുന്നു അവരിരുവരും കൂടി ചെയ്ത നിശ്ചയം. താമസത്തിനുള്ള കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനും നിശ്ചിതദിവസം കോഴഞ്ചേരിയിൽ ബസ്സ് കൊണ്ടുവരുന്നതിനും, കിളീലേത്തു മി.ചാക്കോ (മാനേജർ) യെ ഏർപ്പാടു ചെയ്ത തിരുവല്ലായിക്ക് അയയ്ക്കുകയും ചെയ്തു. ആഗസ്റ്റ് 19-ാം തീയതി സന്ധ്യാനമസ്കാരത്തിനുശേഷം ചാപ്പലിൽവെച്ച് ആശ്രമാദ്ധ്യക്ഷൻ ഒരു ചെറിയ പ്രസംഗം നടത്തി. അവസാനഭാഗം ഏതാണ്ട്

ഇപ്രകാരമായിരുന്നു. "ഈ ബഥനിമലയിൽ നിന്നും നാളെ രാവിലെതന്നെ ഇറങ്ങുവാൻ നാമും മാർ തെയോഫിലോസുംകൂടെ നിശ്ചയിച്ചുകഴിഞ്ഞു എന്ന വിവരം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഞങ്ങളോടുകൂടെ ഇവിടെ നിന്നും ഇറങ്ങി കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിനു സന്നദ്ധതയുള്ളവർ വിവരം ഈ രാത്രി 12 മണിക്ക് മുമ്പു നമ്മെ അറിയിക്കണം. ഞങ്ങളോടൊന്നിച്ച് വരുന്നതിനോ വരാതിരിക്കുന്നതിനോ ഉള്ള പരിപൂർണ്ണസ്വാതന്ത്ര്യം ആശ്രമസ്ഥരായ നിങ്ങൾക്ക് ആശ്രമാദ്ധ്യക്ഷനായ നാം നല്കുന്നു. രാത്രി 12 മണിവരെ ഈ ചാപ്പലിൽ നാം ഉണ്ടായിരിക്കുന്നതാണ്."

തദനുസരണം ആശ്രമസ്ഥരിൽ ഫാദർ അലക്സിയോസ്, അലക്സാണ്ടർ ശെമ്മാശൻ, രണ്ടുമൂന്നു സാധുക്കൾ എന്നിവർ ഒഴിച്ചുള്ളവരെല്ലാം രാത്രി പതിനൊന്നരമണിക്ക് മുമ്പുതന്നെ ആശ്രമാദ്ധ്യക്ഷന്റെ മുൻപാകെ വന്ന് അദ്ദേഹത്തെ അനുഗമിച്ച് ബഥനിമലയിൽ നിന്നിറങ്ങുവാൻ തങ്ങൾക്കുള്ള സന്നദ്ധത അറിയിക്കയുണ്ടായി. പക്ഷേ, തന്നോടൊന്നിച്ചു ബഥനിമലയിൽ നിന്നിറങ്ങി കത്തോലിക്കാസഭയോടു പനരൈക്യം പ്രാപിക്കുവാൻ സന്നദ്ധനാകുമെന്നു പ്രതീക്ഷിച്ചിരുന്ന അലക്സാണ്ടർ ശെമ്മാശനെ (റവ.ഫാദർ സെറാഫിയോൻ) പതിനൊന്നര മണിയായിട്ടും കാണാതിരുന്നതിനാൽ കഥാപുരുഷന്റെ മനസ്സ് അതിയായി വിഷമിച്ചു. എങ്കിലും ശെമ്മാശനിൽ മനഃപരിവർത്തനം ഉണ്ടാകുന്നതിനുവേണ്ടി ദൈവമുൻപാകെ ഉള്ളുരുകി അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കൃത്യം 11.45 ന് ദൈവികപ്രചോദനത്താൽ പ്രേരിതനായി അലക്സാണ്ടർ ശെമ്മാശൻ ചാപ്പലിൽ പ്രവേശിച്ച് അഭിവന്ദ്യ തിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തി പിറ്റേ ദിവസം ബഥനിമലയിൽ നിന്നും ഇറങ്ങുന്നതിനു താൻ തയ്യാറാണെന്ന് അറിയിച്ചു. അങ്ങനെ ആശ്രമാദ്ധ്യക്ഷൻ അതീവസന്തുഷ്ടനായിത്തീരു കയും ചെയ്തു.

## ബഥനിമലയേ! പുശ്ബശ്ലേമ്മോ!*

ബഥനിമലയിൽനിന്നും ആശ്രമാദ്ധ്യക്ഷനും ആശ്രമസ്ഥരും ഇറങ്ങിയ ആ രംഗം വർണ്ണിച്ചുകൊണ്ട് അതിൽ ഭാഗഭാക്കാകുന്നതി നുള്ള ഭാഗ്യം സിദ്ധിച്ച റവ.ഫാ.ബർസ്ലീബാ ഒ. ഐ.സി. അവർകൾ എഴുതിയിട്ടുള്ള "ബഥനിയുടെ ചരിത്രത്തിൽ" (കയ്യെഴുത്തുപ്രതി) നിന്നും ഒരു ഭാഗം ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:-

“പെരുന്നാട്ടിലെ മുണ്ടൻമലയിലുള്ള ബഥനി ആശ്രമവും കെട്ടിടങ്ങളും ഉപേക്ഷിച്ചു തൽസ്ഥാപകനായ മാർ ഈവാനിയോസ് തിരുമേനിയും അനുയായികളായ സന്ന്യാസിമാരും അവിടുത്തെ ആശ്രമസ്ഥരോടും ഫാദർ അലക്സിയോസിനോടും യാത്ര പറയുന്നതിനുള്ള ദിവസം സമാഗതമായി. ‘ആശ്രമസ്ഥരുടെ നിത്യോപയോഗത്തിനുള്ള സാമാനങ്ങൾ മാത്രം എടുത്താൽ മതി. മറ്റുള്ളതൊക്കെ ഇവിടെ കിടന്നുകൊള്ളട്ടെ’ എന്നുള്ള തിരുമേനിയുടെ കല്പനയനുസരിച്ച് എല്ലാവരും അവരവരുടെ സാമാനങ്ങൾ എടുത്തു പുറത്തുവെയ്ക്കുന്നതിനുള്ള ജോലിയിൽ വ്യാപൃതരായിരിക്കുന്ന തിനിടയിൽ പുറത്ത് ബഥനിപള്ളികളിൽ താമസിച്ചിരുന്ന ഫാദർ ബർസ്ക്കീപ്പായും, ഫാ.ബർസ്ലീബായും യാദൃശ്ചികമായി അവിടെ വന്നുചേർന്നു. അവരും മറ്റുള്ളവരോടും കൂടിച്ചേർന്ന് സാമാനങ്ങൾ എല്ലാം പുറത്തിറക്കി. അനാഥക്കുട്ടികളിൽ ഏറ്റം പ്രായക്കുറവുള്ള കുട്ടികളേയും കൊണ്ടുപോകുവാൻ നിശ്ചയിച്ചു. സാമാനങ്ങൾ എല്ലാം അടിവാരത്തുള്ള ആറ്റുകടവിൽ തയ്യാറാക്കി ഇട്ടിരുന്ന ചെറുവള്ളത്തിൽ കയറ്റാൻ വേലക്കാർ കൊണ്ടുപോയിത്തുടങ്ങി. ഇനിയും തിരുമേനിയും സന്ന്യാസിമാരും യാത്ര പറഞ്ഞിറങ്ങിയാൽ മതി. അതും തുടർന്നു നടന്നു.

“എല്ലാവർക്കും ചാപ്പലിലേക്കു പോകാം” പിതാവ് കല്പനയായി. സന്തപ്തചിത്തരായി ഹൃദയത്തിൽ തിങ്ങിവിങ്ങി നില്ക്കുന്ന ബാഷ്പകണങ്ങൾ അരുവിപോലെ ഓരോരുത്തരുടെയും കവിൾത്തടങ്ങളിൽ കൂടി ഒഴുകിക്കൊണ്ടും ഏങ്ങി ഏങ്ങി കരഞ്ഞുകൊണ്ടും സാവധാനം നടന്നുപോകുന്ന ആ നല്ല ഇടയൻ സന്ന്യാസിമാരോടുകൂടി ചാപ്പലിൽ പ്രവേശിച്ചു. രാപകൽ സക്രാരിയിൽ പള്ളികൊള്ളുന്ന ആ സ്നേഹനാഥന്റെ സന്നിധിയിൽ സാഷ്ടാംഗം വീണ് ഓരോരുത്തരുടെയും സങ്കടം കണ്ണുനീരിൽ കലർത്തി ഹൃദയം നൊന്തുള്ള പ്രാർത്ഥനകൾ വഴിയായി കാഴ്ചവെച്ചു. അല്പസമയം കഴിഞ്ഞപ്പോൾ തുടിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന ചുണ്ടുകളോടുംകൂടി ‘എല്ലാവർക്കും എഴുന്നേല്ക്കാം’ തിരുമേനി പറഞ്ഞു. ‘നമ്മൾ ഇവിടെ ഒന്നും ഇല്ലാത്തവരായി വന്നു. ഇപ്പോൾ ഇതാ, ഒന്നും ഇല്ലാത്തവരായി ഇറങ്ങിപോകാം.’ തൊണ്ട ഇടറി

---

*പരസ്പരം യാത്ര പറയുമ്പോൾ ഉപയോഗിക്കുന്ന സുറിയാനിയിലുള്ള ശൈലിപ്രയോഗമാണ് ഇത്. “സമാധാനപൂർവ്വം വസിച്ചാലും” എന്നാണ് ഇതിന്റെ വാച്യാർത്ഥം (ഗ്രന്ഥകർത്താ)

ഗൽഗദത്തോടുകൂടി പുറത്തേക്കുവന്ന ഈ വാചകം വലിയ ഒരു പൊട്ടിക്കരച്ചിലിനിടയാക്കിത്തീർത്തു. ഹൃദയത്തിൽ മട കെട്ടി നിറുത്തിയിരുന്ന കണ്ണുനീർക്കണങ്ങൾ കണ്ണുകളുടെ ചെറിയ ദ്വാരങ്ങളിൽകൂടെ പുറത്തേക്ക് ഒഴുകുവാൻ തുടങ്ങി. അപ്പോഴത്തെ ആ രംഗം വിവരിക്കാൻ പ്രയാസം. അല്പനേരം ശാന്തമായി നിന്നു സങ്കടം ഒരു വിധം ഉള്ളിലടങ്ങിയെന്നു കണ്ടപ്പോൾ 'എല്ലാവർക്കും പുറത്തേക്കിറങ്ങാം' തിരുമേനി ആജ്ഞാപിച്ചു. എന്നിട്ടും ചിലർ സങ്കടം സഹിക്കവയ്യാതെ ഏങ്ങി ഏങ്ങി കരയുന്നുണ്ട്. സക്രാരിയിൽ എഴുന്നെള്ളിയിരിക്കുന്ന ആ സ്നേഹരാജനെ ഇനിയും ഒരിക്കലും ഇവിടെവെച്ചു കാണുവാൻ സാധിക്കുകയില്ലെന്നും കത്തോലിക്കാപള്ളി കളിലെ സക്രാരികളിൽവെച്ച് കണ്ടുകൊള്ളാമെന്നുള്ള പ്രതിജ്ഞ യോടുകൂടി ഒരിക്കൽ കൂടി അഭിവാദ്യം ചെയ്ത് അവസാനയാത്രയും പറഞ്ഞു കൂപ്പുകൈകളോടുകൂടി പുറത്തേയ്ക്കിറങ്ങി. അനന്തരം ഫാദർ അലക്സിയോസ് ഇരിക്കുന്ന കെട്ടിടത്തിലേക്ക് ചെന്നു. ഫാദർ അലക്സിയോസും മറ്റുമാകട്ടെ ഈ കാര്യത്തിലൊന്നിലും സഹകരിക്കാതെ മാറി നില്ക്കുകയായിരുന്നു. പന്ത്രണ്ടുകൊല്ലക്കാലം സ്നേഹസൗഹാർദ്ദങ്ങളുടെ സമ്മേളനത്തിൽ സദാപി സംബന്ധിച്ചു കൊണ്ടിരുന്ന സഹോദരങ്ങളുടെ വേർപാട് ഫാദർ അലക്സി യോസിന്റെ ഹൃദയത്തേയും വല്ലാതെ തട്ടി ഉണർത്തിക്കഴിഞ്ഞിരുന്നു.

ഈവാനിയോസ് തിരുമേനിയും അനുയായികളും ചാപ്പലിൽ നിന്നിറങ്ങി വെന്തുനീറുന്ന ഹൃദയത്തോടും, അടക്കാൻ വഹിയാത്ത സങ്കടത്താൽ കണ്ണുനീർപ്രവാഹം കവിൾത്തടങ്ങിൽ കൂടെ ഒഴുക്കിക്കൊണ്ടും ഫാദർ അലക്സിയോസിനോട് അവസാനയാത്ര പറയുന്നതിനായി മുറിയിലേക്ക് ചെന്നു. എല്ലാവരും സമീപിച്ചപ്പോൾ കട്ടിലിൽ കിടന്നിരുന്ന ഫാദർ അലക്സിയോസ് അതിയായ വേദന അനുഭവിക്കുന്ന രംഗമാണ് ദൃശ്യമായത്. തന്നിമിത്തം എല്ലാവരും ഇതികർത്തവ്യതാമൂഢരായി - എന്താണ് വേണ്ടതെന്നറിയാതെ - അവിടെത്തന്നെ നിന്നുപോയി. എങ്കിലും പ്രാണവേദനയിൽ നിമഗ്ന നായികിടക്കുന്ന സഹോദരനെ ശുശ്രൂഷിക്കേണ്ടത് ധർമ്മമാണല്ലോ. അവർ സ്നേഹക്കുറവും വൈരാഗ്യവും കാണിക്കുന്നെങ്കിലും നമുക്ക് അങ്ങനെ ചെയ്യുവാൻ പാടില്ലാത്തതാണല്ലോ. ചിലർ കാലു തിരുമ്മുന്നു. ചിലർ കൈയ് തിരുമ്മുന്നു. ഇനിയും ചിലർ വീശുന്നു. ബഹളം തന്നെ. മാനസികമായ വിഷമംകൊണ്ട് അങ്ങനെ ഉണ്ടായതാണെന്ന് എല്ലാ വർക്കും അറിയാം. അല്പസമയം കഴിഞ്ഞപ്പോൾ കുറെ ശാന്തമായി.

തിരുമേനി വിളിച്ചു. പെട്ടെന്ന കണ്ണുതുറന്നു. എല്ലാവരെയും ആപാദ ചൂഡം ഒന്നു വീക്ഷിച്ചു. തിരുമേനിയും തലയ്ക്കു പിടിച്ചുപ്രാർത്ഥിച്ചു. പരിഭ്രമം ശമിച്ച് നിശ്ചലനായി കിടക്കയിൽ കിടന്നു. തിരുമേനി തന്റെ കയ്യിൽ കെട്ടിയിരുന്ന വിലപിടിപ്പുള്ള റിസ്റ്റ്‌വാച്ച് അഴിച്ചെടുത്ത് ഫാദർ അലക്സിയോസിന്റെ നേരെ നീട്ടിക്കൊണ്ട് "ഇതാ എന്റെ അവസാനത്തെ സമ്മാനം. ഞങ്ങൾ പോകുന്നു." അത്രയും പറയുവാനേ അദ്ദേഹത്തിന് അപ്പോൾ സാദ്ധ്യമായിരുന്നുള്ളു. ഓരോരുത്തർക്കും ഒരക്ഷരം ശബ്ദിക്കുവാൻ പോലും പാടില്ലാത്തവണ്ണം ഹൃദയം പൊട്ടുകയാണ്. എല്ലാവരും പുറത്തേക്കിറങ്ങി. മനഃക്ഷോഭം നിമിത്തം താൽക്കാലികമായുണ്ടായ അവശതയും ക്ഷീണവുമാണെ ങ്കിലും ആ നിലയിൽ അദ്ദേഹത്തെ  ഇട്ടുംവെച്ച് പോകുന്നതു മനുഷ്യത്വമല്ലല്ലോ. ഫാദർ അലക്സിയോസിന്റെ അവശത മാറി പൂർണ്ണസുഖം പ്രാപിക്കുന്നതുവരെ കൂടെ താമസിക്കുന്നതിനായി ഫാദർ ജോഷ്വായെ നിർദ്ദേശിച്ചശേഷം എല്ലാവരും അവരവരുടെ കെട്ടുകളുമെടുത്ത് താങ്ങാനാവാത്ത ഹൃദയഭാരത്തോടുകൂടി മന്ദം മന്ദം നടന്ന് പുറത്തേ ഗെയിറ്റിങ്കൽ എത്തി. "എല്ലാവരുടെയും കെട്ടുകൾ താഴെ വെയ്ക്കുവിൻ, പ്രാർത്ഥിച്ചിട്ടുപോകാം എന്നുള്ള പിതാവിന്റെ ആജ്ഞയനുസരിച്ച് എല്ലാവരും കെട്ടുകൾ താഴെവച്ചു. പിതാവ് പ്രാർത്ഥന ആരംഭിച്ചു. എല്ലാവരും ഏറ്റു ചൊല്ലി. പ്രാർത്ഥന അവസാനിപ്പിച്ചു."

(ബഥനിയുടെ ചരിത്രം കയ്യെഴുത്തുപ്രതി പുറം) 109 - 111

## വെണ്ണിക്കുളംയാത്രയും താമസവും

അങ്ങനെ കാഷായവസ്ത്രധാരികളായ ഇരുപതിൽപ്പരം സന്ന്യാസികൾ ഓരോ ഭാണ്ഡവും കയ്യിലേന്തി മുണ്ടൻമലയുടെ മുകളിൽനിന്നും വരിവരിയായി താഴേക്ക് ഇറങ്ങിയ ആ കാഴ്ച ഒരു തീർത്ഥാടനത്തിന്റെ പ്രതീതിയായിരുന്നു പ്രേക്ഷകരിൽ ഉളവാക്കിയത്. അതേ, അതൊരു തീർത്ഥാടനം തന്നെയായിരുന്നു. ഈജിപ്തിൽനിന്നും കനാൻ ദേശത്തേയ്ക്ക് - മരുഭൂമിയിൽ നിന്നും ശാദ്വാല പ്രദേശത്തേയ്ക്ക് - വിപ്ലവച്ചുഴിയിൽനിന്നും സമാധാന തുറമുഖത്തേയ്ക്ക് - യാക്കോബായ സഭയിൽ നിന്നും കത്തോലിക്കാസഭയിലേക്ക് മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ പുറപ്പെട്ട ക്രിസ്തുവിന്റെ വീരഭടന്മാരുടെ ഒരു തീർത്ഥ യാത്രയായിരുന്നു അത്. തീർത്ഥയാത്ര റോഡിൽ ഇറങ്ങിക്കഴിഞ്ഞ യുടനെ കൂട്ടത്തിൽനിന്നും ഒരു സാധു നേതാവിന്റെ സമീപം ഓടി എത്തി ഗദ്ഗദപൂർവ്വം ചോദിച്ചു. "പിതാവേ, എങ്ങോ

ട്ടാണു പോകേണ്ടത്? ആ ധീരസേനാനി ശാന്തസ്വരത്തിൽ ഉത്തരം നല്കി. മകനേ, ദൈവം നോക്കിക്കൊള്ളും.'' അങ്ങനെ മന്ദംമന്ദം നീങ്ങിയ തീർത്ഥയാത്ര ആറ്റുകടവിൽ (മടത്തുംമൂഴി) എത്തിച്ചേർന്നു.

അവിടെ മുൻകൂട്ടി തയ്യാറാക്കിയിരുന്ന മൂന്നു ചെറിയ വള്ളങ്ങളിൽ സമാനങ്ങളെല്ലാം കയറ്റിയശേഷം വന്ദ്യതിരുമേനിമാർ, ആശ്രമസ്ഥർ, വെണ്ണിക്കുളത്തുനിന്നും തലേദിവസം ബഥനിയിൽ എത്തിയിരുന്ന മെ: മേടയിൽ പാപ്പി, ചുരുളുകുഴിയിൽ സ്കറിയാ എന്നിവർ ഉൾപ്പെടെ ഇരുപത്തിയഞ്ച് ആളുകൾ കയറി. പാറക്കൂട്ടങ്ങൾ നിറഞ്ഞ കക്കാട്ടാറിൽ പ്രയാണം ചെയ്ത് വഞ്ചി വടശേരിക്കരക്കടവിൽ എത്തിച്ചേർന്നു. ബഥനിയുടെ ഒരു അഭ്യുദയകാംക്ഷിയും കഥാപുരുഷന്റെ ഉറ്റമിത്രമായിരുന്ന പനച്ചിമൂട്ടിൽ മി.മാണി സാമാന്യം വലുതായ ഒരു കെട്ടുവള്ളം അവിടെ സജ്ജമാക്കിയിരുന്നു. പ്രസ്തുത വള്ളത്തിൽ എല്ലാവരുംകൂടെ കയറി പമ്പാനദിയിൽകൂടെ കോഴഞ്ചേരിക്കടവിലേക്കു വള്ളം വിടുകയും ചെയ്തു.

യാത്രാമദ്ധ്യേ റാന്നിക്കടവിൽ എത്തിയപ്പോൾ, ഫാദർ ബർസ്കീപ്പാ* താഴെ ചേർക്കുന്ന വാചകങ്ങളിലുള്ള ഒരഭ്യർത്ഥന തീർത്ഥാടകനേതാവിന്റെ മുമ്പാകെ സമർപ്പിച്ചു. പിതാവേ, നാം തിരുവല്ലായിൽപോയി താമസിക്കുന്നപക്ഷം നിരവധി വിഷമതകൾ അനുഭവിക്കേണ്ടി വരുന്നതാണ്. ഒന്നാമതായി ഇരുപത്തിരണ്ടുപേർക്കു താമസിക്കുന്നതിനുള്ള സ്ഥലസൗകര്യം മാനേജർ വാടകയ്ക്കെടുത്തിരിക്കുന്ന കെട്ടിടത്തിൽ ഇല്ല. രണ്ടാമതായി തിരുവല്ലായിലുള്ള ക്രൈസ്തവർ നമ്മുടെ പ്രസ്ഥാനത്തോട് അനുഭാവമില്ലാത്തവരാണ്. അവരിൽ നിന്നും ഗുണത്തിനുപകരം ദോഷമായിരിക്കും ഉണ്ടാകുന്നത്.

* ബഥനി ആശ്രമസ്ഥനായിരുന്ന ഇദ്ദേഹം കത്തോലിക്കാസഭാപുനരൈക്യം പ്രാപിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടെയാണ് തീർത്ഥാടകസംഘത്തോടൊന്നിച്ച് ബഥനിയിൽ നിന്നും യാത്ര പുറപ്പെട്ടത്. പക്ഷേ, ഫാദർ അലക്സിയോസിന്റെയും പുനരൈക്യവൈരികളായ ഏതാനും ആളുകളുടെയും പ്രേരണയ്ക്കും നിർബന്ധാപൂർവ്വകമായ അഭ്യർത്ഥനയ്ക്കും വശംവദനായി പുനരൈക്യത്തിന് പിന്നീട് ഇദ്ദേഹം വൈമുഖ്യം പ്രകടിപ്പിക്കയാണുണ്ടായത്. എന്നാൽ ഓർത്തഡോക്സ് സഭയിലും ഇദ്ദേഹം തുടർന്നു നില്ക്കുകയുണ്ടായില്ല. ഏതാനും വർഷങ്ങൾക്കുശേഷം പ്രസ്തുത സഭയേയും പരിത്യജിച്ചു യാക്കോബായസഭയിൽ ചേർന്ന് അവിടെനിന്നും വീണ്ടും പട്ടമേല്ക്കുകയും റമ്പാൻസ്ഥാനം സ്വീകരിക്കുകയും ചെയ്തു. (ഗ്രന്ഥകർത്താ)

മൂന്നാമതായി ഭക്ഷണകാര്യം സംബന്ധിച്ചു പലവിധവൈഷമ്യങ്ങൾ നാം അവിടെ അനുഭവിക്കേണ്ടിവരും. ആകയാൽ തിരുവല്ലായ്ക്കു പോകുന്നത് നന്നല്ലെന്നാണ് എന്റെ അഭിപ്രായം. എന്നാൽ വെണ്ണിക്കുള ത്താണെങ്കിൽ ഈദൃശ്യവിഷമതകൾ ഒന്നുംതന്നെ ഉണ്ടാകുന്നതല്ല. നമ്മുടെ വക ഒരു സ്കൂളും പള്ളിയും അവിടെയുണ്ട്. അവിടെയുള്ള ക്രൈസ്തവരും അക്രൈസ്തവരും നമ്മോടു വളരെ അനുഭാവമുള്ള വരാണ്. തന്നിമിത്തം അവർ നമുക്കു എല്ലാവിധ സഹായങ്ങളും ചെയ്തു തരും. അതുകൊണ്ട് വെണ്ണിക്കുളത്തുപോയി താമസിക്കുന്ന തായിരിക്കും എല്ലാംകൊണ്ടും നല്ലത്.'' ഫാദർ ബർസ്കീപ്പായുടെ ഈ അഭിപ്രായത്തോടു ആശ്രമാദ്ധ്യക്ഷനും അനുയായികളും യോജിക്കു കയും അങ്ങനെ കോഴഞ്ചേരിക്കു പുറപ്പെട്ട വള്ളം റാന്നിക്കടവിൽ തന്നെ അടുപ്പിക്കുകയും എല്ലാവരും അവിടെ ഇറങ്ങി ഒരു ലൈൻ ബസ്സിൽ കയറി സന്ധ്യയോടുകൂടെ വെണ്ണിക്കുളത്ത് എത്തുകയും ചെയ്തു. താമസത്തിനു വേണ്ടവിധ സൗകര്യങ്ങൾ ഇല്ലായിരുന്നുവെ ങ്കിലും അവിടെയുള്ള പ്രൈമറിസ്കൂളിൽ (മേമല) രാത്രിയിൽ ആ തീർത്ഥാടകസംഘം താമസിച്ചു.

ബഥനിത്തിരുമേനിയും സന്ന്യാസികളും ആശ്രമം വിട്ടിറങ്ങി മേമല പ്രൈമറിസ്കൂളിൽ വന്നു താമസിക്കുന്നു എന്ന വാർത്ത കാട്ടുതീപോലെ വെണ്ണിക്കുളത്തും പരിസരങ്ങളിലും വ്യാപിച്ചു കഴി ഞ്ഞു. പിറ്റേ ദിവസം പ്രഭാതമായതോടുകൂടെ നാനാജാതിമത സ്ഥരായ നിരവധി ആളുകൾ എത്തി തീർത്ഥാടകനേതാവിനെ സന്ദർശിച്ച് ആവശ്യംവേണ്ട എല്ലാ സഹായങ്ങളും നല്കാൻ തങ്ങൾക്കുള്ള സന്നദ്ധത അറിയിച്ചു. ആ ചെറിയ സ്കൂളിൽ എല്ലാവർക്കും താമസി ക്കുവാൻ പ്രയാസമാകയാൽ അവിടുത്തെ ഒരു മാന്യൻ (കാഞ്ഞിരത്തും മൂട്ടിൽ കുട്ടി) താമസിച്ചിരുന്ന കെട്ടിടത്തിൽ നിന്നും ഒഴിഞ്ഞു കൊടുക്കു കയും അങ്ങനെ പിറ്റേദിവസം ആശ്രമസ്ഥർ താമസം അങ്ങോട്ടു മാറ്റുകയും ചെയ്തു. ആശ്രമാദ്ധ്യക്ഷനാകട്ടെ, തിരുമൂലപുരത്തുപോയി താമസിച്ചുകൊണ്ട് ഇടയ്ക്കിടെ വെണ്ണിക്കുള ത്തുവന്നു ആശ്രമസ്ഥരുടെ ക്ഷേമവിവരം അന്വേഷിച്ചുകൊണ്ടിരുന്നു.

**ത്രിശങ്കുസ്വർഗ്ഗത്തിലുണ്ടായ അനുഭവങ്ങൾ**

കത്തോലിക്കാസഭയോടു പുനരൈക്യപ്പെടണമെന്നുള്ള ഉദ്ദേശ്യ ത്തോടുകൂടെയായിരുന്നുവല്ലോ കഥാപുരുഷനും ബഥനി ആശ്രമ സ്ഥരും ബഥനി മലവിട്ടു വെണ്ണിക്കുളത്തുവന്നു താമസമാക്കിയത്.

എന്നാൽ കത്തോലിക്കാ പുനരൈക്യം പ്രാപിച്ചുമില്ല; ബഥനിയാശ്രമം വിടുകയും ചെയ്തു. ഇങ്ങനെ വന്ദ്യതിരുമേനിമാരും സന്ന്യാസിമാരും ഏതാണ്ട് ഒരു മാസത്തോളം "ത്രിശങ്കുസ്വർഗ്ഗ"ത്തിൽ കഴിച്ചുകൂട്ടേണ്ട തായി വന്നു. ആ ദിവസങ്ങളിൽ രസാവഹങ്ങളെങ്കിലും അനുകമ്പാർ ഹങ്ങളായ നിരവധി അനുഭവങ്ങളിൽകൂടെ അവർ കടന്നുപോകു ന്നതിനിടയായി.

ഓർത്തഡോക്സു സഭാംഗങ്ങളായ പലരും തങ്ങളുടെ ഇടവകകളിൽ നിന്നും പിടിയരി, ഡപ്പിപ്പിരിവ്, കാണിക്കശേഖരണം ആദിയായ സംഭാവനകളിൽ ബഥനി ആശ്രമസ്ഥരെ കാര്യമാംവിധം സഹായിച്ചുകൊണ്ടാണ് ഇരുന്നത്. എന്നാൽ അപ്രകാരമുള്ള സഹായ ങ്ങൾ മേലാൽ നല്കരുതെന്നു വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും കല്പന അയച്ചനിമിത്തം ആവിധവരുമാനങ്ങൾ ലഭിക്കാതെയായി. കത്തോലിക്കാസഭയിൽ ചേരാതെ കത്തോലിക്കരിൽ നിന്നുമുള്ള സംഭാവനകൾ പ്രതീക്ഷിക്കു വാനും നിവൃത്തിയില്ല. ഈദൃശപരിതഃ സ്ഥിതിയിൽ ആശ്രമാദ്ധ്യക്ഷൻ അതിയായി വിഷമിച്ചു. ഒരു ദിവസം ആശ്രമസ്ഥരെയെല്ലാം വിളിച്ചുകൂട്ടി അവരോടു ഇപ്രകാരം പ്രസ്താവിച്ചു. "മക്കളെ, ഒരു മഹത്തായ ആദർശത്തെ ലക്ഷ്യമാക്കി ഇറങ്ങിയിരിക്കുന്ന നമുക്കു നിരവധി ത്യാഗങ്ങളും വിഷമങ്ങളും സഹിക്കേണ്ടതായി വന്നിരിക്കുന്നു. നാളെ മുതൽ നമുക്കെല്ലാം പട്ടിണിയായിരിക്കും അനുഭവം. ഇടവകകളിൽ നിന്നും നമുക്കു നല്കിക്കൊണ്ടിരിക്കുന്ന പിടിയരിയും മറ്റും മേലാൽ നല്കിപ്പോകരു തെന്ന് വട്ടശ്ശേരിത്തിരുമേനി ചട്ടംകെട്ടിയിട്ടുണ്ട്. ആകയാൽ സന്ന്യാസിമാരായ നിങ്ങളെല്ലാം നമ്മോടൊന്നിച്ച് പട്ടിണി കിടക്കുവാൻ സന്നദ്ധരാകുമെന്ന് നാം വിശ്വസിക്കുന്നു." ആശ്രമ പിതാ വിന്റെ പ്രസ്താവനയ്ക്കു മറുപടിയായി സന്ന്യാസികൾ ഇപ്രകാരം പറഞ്ഞു:- "പിതാവേ അതേപ്പറ്റി പിതാവ് ഒട്ടും വിഷമിക്കേണ്ട. ഞങ്ങൾ പിതാവിനോടൊന്നിച്ച് പട്ടിണികിടപ്പാൻ തയ്യാറായി വന്നിട്ടുള്ളവരാണ്. പുരുഷന്മാരായ ഞങ്ങൾക്ക് ഭിക്ഷാടനം നടത്തിയാലും എന്തെങ്കിലും കിട്ടാതിരിക്കയില്ല. എന്നാൽ മഠത്തിൽ താമസിക്കുന്ന കന്യാസ്ത്രീ കൾക്ക് ഇങ്ങനെയുള്ള വിഷമം ഉണ്ടാകാതിരുന്നാൽ മതി. എന്തെങ്കിലും കിട്ടുന്നത് പിതാവ് അവർക്ക് കൊടുക്കണം. അവർ സ്ത്രീകളാണല്ലോ. മഠത്തിനു പുറത്തിറങ്ങുവാൻ അവർക്കു സ്വാതന്ത്ര്യവുമില്ലല്ലോ." തന്നോടുകൂടെ ത്യാഗങ്ങൾ സഹിക്കുവാൻ പ്രകടിപ്പിച്ച സന്നദ്ധതയിൽ ആശ്രമാദ്ധ്യക്ഷൻ സന്തുഷ്ടനായിത്തീർന്നു.

ആശ്രമസ്ഥരോടു പറഞ്ഞ അതേവചനങ്ങൾ പിറ്റേദിവസം തിരുമൂലപുരം മഠത്തിൽ താമസിച്ചിരുന്ന കന്യാസ്ത്രീകളോടും കഥാപുരുഷൻ പറയുകയുണ്ടായി. അതിന് അവർ നല്കിയ മറുപിട ഇപ്രകാരമായിരുന്നു:- “പിതാവേ വല്ലതും കിട്ടുന്നത് അച്ചന്മാർക്കാണു കൊടുക്കേണ്ടത്. ഞങ്ങൾ മഠത്തിനുള്ളിൽ ഇരിക്കേണ്ടവരാണല്ലോ. പട്ടിണികിടക്കുന്നതുകൊണ്ട് ഞങ്ങൾക്ക് ഒരു കുഴപ്പവും വരുവാനില്ലാ. നേരേമറിച്ച്, അച്ചന്മാർ പുറത്തിറങ്ങി ജോലി ചെയ്യേണ്ടവരാണ്. പട്ടിണി കിടന്നാൽ ജോലി ചെയ്യുവാൻ അവർക്കു സാധിക്കാതെ വരും. അകയാൽ അവരെ പട്ടിണിക്കിടരുതെന്നാണ് ഞങ്ങൾക്കുള്ള അപേക്ഷ. ഇരുകൂട്ടരുടേയും ഇവ്വിധമുള്ള മറുപടികേട്ടു അതീവസന്തുഷ്ടനായി ത്തീർന്ന ആശ്രമാദ്ധ്യക്ഷൻ ആർക്കുവേണ്ടി ഇവയെല്ലാം സഹിക്കുവാൻ താൻ ഇറങ്ങി പുറപ്പെട്ടുവോ ആ സർവ്വശക്തനായ ദൈവത്തിൽ സകലവും സമർപ്പിക്കയാണ് ചെയ്തത്. തന്മൂലം ഒരു ദിവസംപോലും ആർക്കുംതന്നെ പട്ടിണി കിടക്കേണ്ടതായി വന്നില്ല. സ്നേഹസം പൂർണ്ണനായ ദൈവം തന്നിൽ ആശ്രയിക്കുന്നവരെ ഒരുനാളും കൈവിടു കയില്ലെന്നുള്ളതിന് ഉത്തമോദാഹരണമത്രേ ഇത്.

മാർ ഈവാനിയോസും ആശ്രമസ്ഥരും വെണ്ണിക്കുളത്തുവന്നു താമസിക്കുന്നുവെന്നും പണസംബന്ധമായ വിഷമങ്ങൾ അനുഭവി ക്കുന്നുവെന്നും അറിഞ്ഞ് ബഥനിയുടെ അഭ്യുദയകാംക്ഷികൾ പരോപ കാരത്ലപരനും, പില്ക്കാലത്ത് കത്തോലിക്കാസഭയോടു പുനരൈക്യ പ്പെട്ട ഒരു വൈദികശ്രേഷ്ഠനുമായ കലേക്കാട്ടിൽ തോമസ് കത്തനാർ കഥാപുരുഷനെ സന്ദർശിച്ചു ഇപ്രകാരം പറയുകയുണ്ടായി:- “പിതാവേ, വട്ടശ്ശേരിൽ മെത്രാച്ചന്റെ ഭീഷണിപ്പെടുത്തൽകൊണ്ട് ഒട്ടും വിഷമി ക്കേണ്ടാ. ആശ്രമത്തിലോ, മഠത്തിലോ അരിയോ സാമാനങ്ങളോ ഇല്ലാതെ വരുമ്പോൾ ഒരു കാളവണ്ടി വീട്ടിലേക്ക് അയച്ചാൽ മതി. ആവശ്യമുള്ളതെല്ലാം ഞാൻ കൊടുത്തയക്കാം. അതുപോലെ പണത്തിനു ബുദ്ധിമുട്ടുവരുമ്പോൾ അറിയിച്ചാൽ മതി. എത്രരൂപാ വേണമെങ്കിലും ബാങ്കിൽ നിന്നും കൊടുത്തയക്കാം പിതാവ് യാതൊന്നുകൊണ്ടും വിഷമിക്കരുത്.”

ഇപ്രകാരം ക്രൈസ്തവരും അക്രൈസ്തവരുമായ ഒട്ടനേകം സഹൃദയന്മാർ കഥാപുരുഷന് ഭാവിപ്രവർത്തനങ്ങൾക്ക് ആവശ്യകമായ ഉത്തേജനം നല്കികൊണ്ടിരുന്നു. വെണ്ണിക്കുളത്തിനടുത്തു പുല്ലാട്ടുള്ള ഒരു പുരാതന ഹൈന്ദവകുടുംബാംഗവും പൊതുകാര്യപ്രസക്തനുമായ

വരിക്കണ്ണാമല നാരായണൻ വൈദ്യൻ ബഥനി ആശ്രമസ്ഥരുടെ നിസ്സഹായാവസ്ഥയിൽ അനുകമ്പാകുലനായി സ്വന്തം കയ്യിൽനിന്നും തൽക്കാലത്തേക്ക് പണമെടുത്ത് നാലര ഏക്കർ സ്ഥലം സന്ന്യാസി കൾക്കു താമസിക്കുന്നതിനായി വെണ്ണിക്കുളത്തു വാങ്ങി കൊടുത്തു എന്നത് ഇവിടെ പ്രത്യേകം പ്രസ്ത്യാവ്യമത്രേ. ഈദൃശ്യവിഷമ സന്ധിയിൽ മാർ ഈവാനിയോസ് തിരുമേനിക്കു മുമ്പോട്ടുള്ള പ്രവർത്തനങ്ങളിൽ വേണ്ടത്ര പ്രോത്സാഹനം നല്കികൊണ്ടിരുന്ന വൈദികന്മാരുടെയും അയ്മേനികളുടെയും നാമങ്ങളെല്ലാം ചേർക്കു വാൻ ഈ ഗ്രന്ഥത്തിന്റെ സ്ഥലപരിമിതി അനുവദിക്കുന്നില്ല. വന്ദ്യ ദിവ്യശ്രീമാന്മാരായ പുലിക്കോട്ടു ജോസഫ് റമ്പാൻ ചേപ്പാട്ടു ഫീലിപ്പോസുറമ്പാൻ, ശ്രീമാന്മാരായ എ. പീലിപ്പോസ് എം. എ. ബി.എൽ., കെ.വി. ചാക്കോ ബി. എ. എൽ.റ്റി., മേളാംപറമ്പിൽ ഉമ്മൻ, മേടയിൽ പാപ്പി, തുണ്ടിയിൽ ഫിലിപ്പ്, കിളീലേത്തു ചാക്കോ, പനങ്ങോട്ടേത്തു ഉമ്മൻ ആദിയായ ഒട്ടനേകർ ധൈര്യവും പ്രോത്സാ ഹനവും നല്കി കഥാപുരുഷനെ നിസ്വാർത്ഥം സഹായിച്ചിട്ടുള്ളത് പുനരൈക്യപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ കൃതജ്ഞതാപൂർവം രേഖപ്പെടുത്തേണ്ടതു തന്നെയാണെന്നുള്ളതിനു സംശയമില്ല.

ബഥനിമലയോടു യാത്ര പറഞ്ഞു ഇറങ്ങി ഒരുമാസം കഴി ഞ്ഞാണു കഥാപുരുഷൻ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടത്. അതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടുത്ത അദ്ധ്യായത്തിൽ ചേർക്കുന്നതാണ്.

# അദ്ധ്യായം – 31

# സുസ്മരണീയമായ കത്തോലിക്കാ പുനരൈക്യം

**കേ**രളത്തിലെ പുത്തൻകൂർ ജനവിഭാഗം കത്തോലിക്കാ സഭയുമായി പുനരൈക്യം പ്രാപിക്കുവാൻ നടത്തിയിട്ടുള്ള നിരവധി പരിശ്രമങ്ങളെപ്പറ്റി ഈ ഗ്രന്ഥത്തിന്റെ 16 – 18 വരെയുള്ള അദ്ധ്യായങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിരുന്നുവല്ലോ. ഏതാദൃശപരിശ്രമങ്ങൾ ഒന്നും തന്നെ വിജയപ്രാപ്തിയിലെത്തുകയുണ്ടായില്ല എന്നതു ചരിത്രത്തിന്റെ പുറങ്ങളിൽ തെളിഞ്ഞുകിടക്കുന്ന ദയനീയമായ പരമാർത്ഥമാണ്. വലിയ മാർ ദിവന്നാസ്യോസ് (ആറാം മാർത്തോമ്മാ) ഒട്ടനേകം പരിശ്രമങ്ങൾ നടത്തിയശേഷം പുനരൈക്യം പ്രാപിച്ചുവെങ്കിലും നിർഭാഗ്യവശാൽ അതും അവസാനം പരാജയമടയുകയാണുണ്ടായത്. അതെ തുടർന്ന് പുത്തൻകൂർ ജനതയിൽനിന്നും വൈദികരും അൽമായരും തങ്ങളുടെ സത്യാന്വേഷണത്തിന്റെ ഫലമായി കൂട്ടമായിട്ടല്ലെങ്കിലും വ്യക്തികളായി ഓരോ അവസരമത്തിലും കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടാ ണിരുന്നിട്ടുള്ളത്.

സ്വസഹോദരങ്ങളായ അകത്തോലിക്കാ മാതൃസഭാവക്ഷസ്സിലേക്കാനയിക്കുന്നതിനു കേരളത്തിലെ പഴയകൂറ്റുകാരായ മെത്രാന്മാരും, വൈദികന്മാരും, അത്മായപ്രമുഖന്മാരും ഒത്തുചേർന്നു പരിശ്രമി ച്ചിട്ടുണ്ട്. തൃശൂർ, എറണാകുളം, കോട്ടയം, ചങ്ങനാശ്ശേരി, കൊല്ലം എന്നീ രൂപതാതൃത്തികളിലുള്ള യാക്കോബ്യർ, ഓർത്തഡോക്സുകാർ, നെസ്തോറിയർ, മാർത്തോമ്മാക്കാർ,

പ്രോട്ടസ്റ്റന്റുകാർ ആദിയായവരെ കത്തോലിക്കാസഭയിലേക്കു കൊണ്ടുവരുന്നതിന് പ്രസ്തുത രൂപതകളിലെ മെത്രാന്മാർ ചെയ്തിട്ടുള്ള നിഃസ്വാർത്ഥപരിശ്രമങ്ങൾ അവിസ്മരണീയങ്ങളത്രെ. യശഃശരീരികളായ മാർ അഗസ്തീൻ കണ്ട ത്തിൽ, അലക്സാണ്ടർ ചൂളപ്പറമ്പിൽ, ജയിംസ് കാളാശേരി, അലോഷ്യസ് ബൻസിഗർ, ഫ്രാൻസിസ് വാഴപ്പള്ളി എന്നീ അഭിവന്ദ്യ തിരുമേനിമാരും അവരുടെ പിൻഗാമികളും കഴിയുംവിധം ഇതിനു വേണ്ടി പരിശ്രമിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി രൂപതയിലെ വേദപ്രചാര ഡയറക്ടറായിരുന്ന വെരി.റവ.ഫാദർ ഡോമിനിക് തോട്ടോശേരി എം. എ., എൽ.റ്റി. കൊല്ലം രൂപതയുടെ മിഷ്യൻഡയറക്ടർ ഫാദർ ലോറൻസ് പെരേരാ (പരേതനായ കോട്ടാർ മെത്രാൻ) എന്നിവർ ഏതൽക്കാര്യത്തിനായി നിർവ്വഹിച്ചിട്ടുള്ള നിസ്തന്ദ്രപരിശ്രമങ്ങൾ പുനരൈക്യ പ്രസ്ഥാന ചരിത്രത്തിന്റെ പുറങ്ങളിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടവ തന്നെയാണ്. ഇവരുടെല്ലാം പരിശ്രമഫലമായി അകത്തോലിക്കാ സഭകളിൽ നിന്ന് പതിനായിരത്തോളം അല്മായരും, അൻപതിൽപരം വൈദികരും കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുണ്ട്. വ്യക്തിപരമായ പുനരൈക്യത്തെക്കാൾ കൂട്ടമായുള്ള പുനരൈക്യത്തിന് വഴിതുറന്നത് മാർ ഈവാനിയോസിനാൽ സമാരബ്ധമായ പുനരൈക്യ പ്രസ്ഥാനമാണെന്നുള്ളതു നിർവിവാദമാണ്. ഇതെപ്പറ്റി ഈ ഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്തിൽ വിശദമായി പ്രതിപാദിക്കുന്ന തായിരിക്കും.

## അന്ത്യോഖ്യൻ റീത്തിനുള്ള അനുവാദം

കേരളത്തിലെ യാക്കോബായസഭയിൽ നിന്നും കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുന്ന വൈദികന്മാർക്ക് അന്ത്യോഖ്യൻ റീത്തിൽ വി.കൂദാശകളും ഇതരകർമ്മങ്ങളും അനുഷ്ഠിക്കുന്നതിനുള്ള അനുവാദം പഴയകൂർസുറിയാനി മെത്രാന്മാരുടെ അഭ്യർത്ഥനയനു സരിച്ച് 1921 -ൽ (പുനരൈക്യപ്രസ്ഥാനാരംഭത്തിനു 9 വർഷം മുമ്പ്) പരിശുദ്ധ സിംഹാസനത്തിൽ നിന്നും ലഭിക്കയുണ്ടായി. അപ്രതീക്ഷി തമായുണ്ടായ ചില സാഹചര്യങ്ങളായിരുന്നു അപ്രകാരമുള്ള അനുവാദം വാങ്ങിക്കുവാൻ അഭിവന്ദ്യ തിരുമേനിമാരെ പ്രേരിപ്പിച്ചത്.

യാക്കോബായ ക്നാനായസമുദായത്തിലെ ബഹുമാന്യനായ ഒരു നേതാവ് ഒരു ദിവസം കോട്ടയത്ത് എത്തി. മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയെ സന്ദർശിക്കുകയും അന്ത്യോഖ്യൻ

റീത്തിനുള്ള അനുവാദം റോമിൽനിന്നും ലഭിക്കുന്ന പക്ഷം തങ്ങളുടെ മെത്രാനോടുകൂടെ കത്തോലിക്കാസഭയിൽ ചേരുവാൻ തങ്ങൾ നിശ്ചയിച്ചിരിക്കുന്നുവെന്നു അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. ആയിടയ്ക്ക് ഏതോ ആവശ്യം പ്രമാണിച്ചു എറണാകുളത്ത് എത്തിയിരുന്ന മാർപ്പാപ്പാതിരുമേനിയുടെ പ്രതിനിധിയെ ബിഷപ്പ് ചൂളപ്പറമ്പിൽ തിരുമനസ്സുകൊണ്ട് ഈ വിവരം ഗ്രഹിപ്പിച്ചു. തൽഫലമായി1920 നവംബർ മാസത്തിൽ പഴയകൂർ സുറിയാനി മെത്രാന്മാരുടെ ഒരു സമ്മേളനം മാർപ്പാപ്പായുടെ പ്രതിനിധിയുടെ അദ്ധ്യക്ഷതയിൽ എറണാകുളത്തുവെച്ച് നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിലെ നിശ്ചയമനുസരിച്ച് ഏതൽക്കാര്യസാദ്ധ്യത്തിനായി റോമിലേക്കു ഉടനെതന്നെ ഒരപേക്ഷ അയച്ചു. ഇതേപ്പറ്റി റോമിൽ പര്യാലോചന നടത്തിയശേഷം പുനരൈക്യപ്പെടുന്ന യാക്കോബായ വൈദികന്മാരെ അന്ത്യോഖ്യൻ റീത്തിൽ സ്വീകരിക്കുവാൻ അനുവദിച്ചുകൊണ്ടുള്ള കല്പന 1921 ജൂലായ് 5-ാം തീയതി അഭിവന്ദ്യ തിരുമേനിമാർക്ക് അയച്ചുകൊടുത്തു. റോമിൽ നിന്നും ലഭിച്ച അനുവാദരേഖയുടെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പരിഭാഷയാണ് ചുവടെ ചേർക്കുന്നത്.

"The Sacred Congregation after maturely examining the matter has come to the determination to permit the Jacobite Priests who return to the Catholic Church to conserve their own Rite provided nothing is found contrary to the integrity of faith and does not result in any way superstitious. In accepting the said Priests the Most Rev. Ordinaries should make an accurate inquiry in order to satisfy themselves that the Sacrament, especially Baptism and Sacred Ordination have been validly administered to them. In any case, I recommend the greatest prudence on such an argument that no regrettable inconvenience may come from it."

## മലയാള പരിഭാഷ

"കത്തോലിക്കാസഭയിലേക്ക് തിരിച്ചു വരുന്ന യാക്കോബായ വൈദികന്മാർക്ക്, വിശ്വാസസത്യത്തിന് എതിരായി യാതൊന്നുമില്ലെന്നും അന്ധവിശ്വാസത്തിനു യാതൊരു വിധത്തിലും കാരണം നല്കുകയില്ലെന്നുമുള്ള ഉറപ്പിന്മേൽ, അവരുടെ സ്വന്തമായ റീത്തു പരിപാലിക്കുവാൻ അനുവാദനം നല്കുന്നതിനു ഗാഢമായ പരിചിന്തനത്തിനുശേഷം ഈ വിശുദ്ധ തിരുസംഘം തീരുമാനം

ചെയ്തിരിക്കുന്നു. പ്രസ്തുത വൈദികന്മാരെ സ്വീകരിക്കുന്നതിൽ, വിശുദ്ധ കൂദാശകൾ പ്രത്യേകിച്ച് മാമോദീസായും തിരുപ്പട്ടവും സാധുവായി അവർ നൽകപ്പെട്ടിട്ടുണ്ടോ എന്ന് അഭിവന്ദ്യമെത്രാന്മാർ തങ്ങൾക്ക് തൃപ്തികരമാം വിധമുള്ള സസൂക്ഷ്മപര്യന്വേഷണം നടത്തേണ്ടതാണ്. ഈദൃശപ്രശ്നത്തിൽ ഏറ്റം വിവേകപൂർവ്വകമായും ശോചനീയമായ അസൗകര്യങ്ങൾ അതിൽ നിന്നും ഉളവാകാത്ത വിധത്തിലും പ്രവർത്തിക്കേണ്ടതാണെന്ന് പ്രത്യേകം അനുസ്മരിപ്പിച്ചു കൊള്ളുന്നു.''

മേലുദ്ധരിച്ച അംഗീകാരപത്രമനുസരിച്ച് യാക്കോബായ സഭയിൽ നിന്നും പുനരൈക്യപ്പെട്ട വൈകദികന്മാർക്ക് അന്ത്യോഖ്യൻ റീത്തനുസരിച്ച് വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള അനുവാദം കേരളത്തിലെ സുറിയാനി രൂപതകളിലെ പ്രത്യേകിച്ച് കോട്ടയം ചങ്ങനാശ്ശേരി രൂപതകളിലെ വന്ദ്യതിരുമേനിമാർ നല്കിയിരുന്നുവെന്നത് ഇവിടെ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടിയി രിക്കുന്നു.

## പുനരൈക്യപ്രസ്ഥാനത്തിനുള്ള ഔദ്യോഗികാംഗീകരണപത്രം

കേരളത്തിലെ ഓർത്തഡോക്സ് സഭയിൽപ്പെട്ട മെത്രാന്മാരുടെ സെക്രട്ടറി എന്ന നിലയിൽ പുതിയ റീത്തിനുള്ള അംഗീകാരത്തിനും, ഭരണാധികാരത്തിനുള്ള അനുവാദത്തിനും വേണ്ടി 1926 നവംബർ മാസത്തിലായിരുന്നുവല്ലോ ''അഭിലാഷനിവേദന''രൂപത്തിൽ മാർ ഈവാനിയോസ് തിരുമേനി റോമിലേക്ക് പ്രഥമ മെമ്മോറാണ്ടം അയച്ചു കൊടുത്തത്. തുടർന്ന് നാലുവർഷക്കാലം നടത്തിയ നിസ്തന്ദ്രമായ പരിശ്രമത്തിന്റേയും നിരന്തരമായ എഴുത്തുകുത്തുകളുടെയും ഫലമായി 1930 ജൂലൈ മാസത്തിൽ റോമിൽ സമ്മേളിച്ച ''പൗരസ്ത്യ സഭാതിരുസംഘം'' അവസാനമായി ചെയ്ത നിശ്ചയങ്ങൾ ഇന്ത്യയിലെ ദലിഗാദ് അപ്പസ്തോലിക്കായായിരുന്ന മോൺ.എഡ്വേർഡ് മൂണി തിരുമേനിക്ക് അയച്ചുകൊടുക്കുകയുണ്ടായി. അദ്ദേഹം വിശദീകരണങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടു പ്രസ്തുതനിശ്ചയങ്ങൾ കൊല്ലം മെത്രാൻ ഡോക്ടർ ബൻസിഗർ മുഖേന മാർ ഈവാനിയോസിന് അയച്ചു കൊടുത്തു. കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തിലെ ''മാഗ്നാ കാർറ്റാ'' (അടിസ്ഥാനപ്രമാണം) എന്ന അപരാഭിധാനത്താൽ അറിയപ്പെടേണ്ട അംഗീകാരപത്രത്തിന്റെ മലയാളപരിഭാഷയാണ് ചുവടെ ചേർക്കുന്നത്:-

Apostolic Delegation
No 2035/ 13

Banglore,
20th August 1930

ഇക്കഴിഞ്ഞ ജൂലായ് മാസം 4-ാം തീയതി നടന്ന പൗരസ്ത്യസഭാ തിരുസംഘത്തിലെ അഭിവന്ദ്യ കർദ്ദിനാളന്മാരുടെ "പൂർണ്ണസമ്മേളന"ത്തിൽ മെത്രാൻ കക്ഷിയിൽപ്പെട്ട മലങ്കരയിലെ യാക്കോബായ മെത്രാന്മാർ പ്രത്യേകിച്ച് ബഥനിയുടെ മെത്രാപ്പോലീത്താ മാർ ഈവാനിയോസും അദ്ദേഹത്തിന്റെ സഹായമെത്രാൻ മാർ തെയോഫിലോസും കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനായി സമർപ്പിച്ചിരുന്ന അഭിലാഷനിവേദനത്തെപ്പറ്റി സശ്രദ്ധം പര്യാലോചിക്കുകയുണ്ടായി.

1926 നവംബർ മാസത്തിൽ മെമ്മോറാണ്ഡം സമർപ്പിച്ച മെത്രാൻകക്ഷിയിൽപ്പെട്ട അഞ്ചു മെത്രാന്മാരിൽ ഒരുവനും അന്നത്തെ നിശ്ചയത്തിൽ വിശ്വസ്ഥനായി നില്ക്കുന്നവനുമായ മാർ ഈവാനിയോസും പ്രസ്തുത അപേക്ഷയിൽ സഹകരിക്കുകയും കയ്യൊപ്പിടുകയും ചെയ്ത മാർ തെയോഫിലോസും ഇവിടെ ലഭിച്ച അറിവിൻ പ്രകാരം യോഗ്യരും, ആത്മാർത്ഥത തികഞ്ഞവരും, ബഹു മാന്യരുമാണെന്നു ബോദ്ധ്യമായിരിക്കുന്നതിനാൽ അഭിവന്ദ്യ തിരുമേനിയും മോൺസിഞ്ഞോർ ബൻസിഗറും വിശുദ്ധ തിരുസംഘ വുമായി നടന്ന കത്തിടപാടിൻപ്രകാരം ഈ രണ്ടു യാക്കോബായ മെത്രാന്മാരെ സഭാമാതാവിന്റെ മടിയിലേക്കു സ്വീകരിക്കുന്നതിൽ കാലവിളംബം വരുത്തേണ്ട ആവശ്യമില്ലെന്നുള്ള വിവരം അറിയിച്ചു കൊള്ളുന്നു. കാരുണ്യപൂർവ്വകമായ ഈ മനോഭാവത്തെ ഔദ്യോഗി കമായി അവരെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

ഈ കാരണത്താൽ മേല്പറഞ്ഞ രണ്ടുമെത്രാന്മാരുടെയും അഭിലാഷനിവേദനത്തിന്റെ ഭൂരിഭാഗവും നേരത്തെ പരിഗണിച്ചിരുന്നതുപോലെ ഇപ്പോഴും പര്യാലോചിച്ചു തീരുമാനം ചെയ്യുന്നത് സംഗതമെന്നു കരുതുന്നു.

1 - അന്ത്യോഖ്യൻ ശുദ്ധസുറിയാനി റീത്തിനെ കൽദായ സുറിയാനി റീത്തിൽനിന്നും ഉത്ഭവിച്ച് സീറോ-മലബാർ റീത്തുമായി കൂട്ടിക്കലർത്താതെ പരിരക്ഷിക്കുന്നതാണെന്ന് ഉറപ്പുനല്കുന്നു.

2 - പ്രസ്തുത മെത്രാന്മാരുടെ ജ്ഞാനസ്നാനം, വൈദികാഭിഷേചനം, മെത്രാഭിഷേകം എന്നിവയുടെ സാധുതയെപ്പറ്റി അന്വേഷണം

നടത്തി അവരെ തങ്ങളുടെ പദവിയിലും അധികാരത്തിലും - മാർ ഈവാനിയോസിനെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് എന്ന വ്യക്തി പരമായ സ്ഥാനത്തിൽ ബഥനിയുടെ മെത്രാനായും മാർ തെയോ ഫിലോസിനെ തിരുവല്ലായുടെ മെത്രാനായും- സ്വീകരിക്കുന്ന താണെന്നു ഉറപ്പു നല്കുന്നു.

3 - ഇപ്പോഴത്തെ കാതോലിക്കാ പുനരൈക്യപ്പെടുവാൻ സന്നദ്ധനല്ലാത്തതുകൊണ്ട് കാതോലിക്കാസിംഹാസനത്തെയോ കാതോലിക്കാസ്ഥാനത്തെയോ പറ്റി തല്ക്കാലം പരിഗണിക്കാതെ ഇരിക്കുന്നതാണ് നല്ലതെന്ന് കരുതുന്നു. അദ്ദേഹം പുനരൈക്യപ്പെടുന്ന പക്ഷം എന്താണ് വേണ്ടതെന്ന് ഇപ്പോൾ നിശ്ചയിക്കുന്നത് അകാലികമായിരിക്കും.

ബഥനി മെത്രാപ്പോലീത്തായും തിരുവല്ലാ മെത്രാനും (തല്ക്കാലപരിതഃസ്ഥിതികൾ പരിഗണിച്ച്) അന്ത്യോഖ്യായിലെ കത്തോലിക്കാസുറിയാനി പാത്രിയാർക്കീസിനോടു യാതൊരു വിധേയത്വവുമില്ലാത്ത നിലയിൽ പരിശുദ്ധ സിംഹാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലിരിക്കുന്നതാണ്.

4 - കുർബാനതക്സാ, നടപടിക്രമം, പട്ടാഭിഷേകപ്പുസ്തകം എന്നീ ആരാധനപരമായ ഗ്രന്ഥങ്ങൾ അവയിൽ കാലക്രമേണ കടന്നുകൂടിയിട്ടുള്ള അബദ്ധങ്ങളും അസ്ഥാനസ്ഥിതങ്ങളുമായ പ്രയോഗങ്ങൾ നീക്കിക്കളഞ്ഞശേഷം വിശ്വാസപ്രചരണസംഘത്താൽ അംഗീകൃതമായിരിക്കുന്നപ്രകാരം മേലിൽ ഉപയോഗിക്കേണ്ടതാണ്.

പ്രസ്തുത ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനായി സുറിയാനി ഭാഷയിൽ വിദഗ്ദ്ധനായ സീറോ-മലബാർ റീത്തിലുള്ള ചങ്ങനാശ്ശേരി മെത്രാനെയും കൊല്ലം മെത്രാനായ മോൺ.ബൻസിഗറിനേയും - പുനരൈക്യപ്പെടുവാനിരിക്കുന്ന രണ്ടു മെത്രാന്മാരും അവരുടെ അധികാരപരിധിയിൽ താമസിക്കുന്നവരാകയാൽ - ദലഗാദ് അപ്പസ്തോലിക്കാ അധികാരപ്പെടുത്തേണ്ടതാണ്.

5 - പുത്രനിൽ നിന്നും കൂടെയുള്ള പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ (Filioque) പ്പറ്റിയാണെങ്കിൽ പുനരൈക്യപ്പെടുന്ന മെത്രാന്മാർ മാത്രമല്ല, വിശ്വാസികളും ഈ കത്തോലിക്കാവിശ്വാസസത്യം സ്വീകരിക്കുമെന്ന് ഉറപ്പ് നല്കിയിരിക്കുന്ന സ്ഥിതിക്ക് വിശ്വാസപ്രമാണത്തിൽ ആ ഭാഗം ചേർക്കുന്നതോ, ചേർക്കാതിരിക്കു

ന്നതോ അപ്രധാനവും ശിക്ഷണപരവുമായ ഒരു സ്ഥാനം മാത്രമേ അർഹിക്കുന്നുള്ളു.

ആകയാൽ ഇക്കാര്യത്തിൽ ബനഡിക്ട് 14-ാമൻ കല്പിച്ചു നല്കിയിട്ടുള്ള നിയമങ്ങൾ അനുസരിച്ചാൽ മതിയാകുന്നതാണ്. (Constit. Etsi Pastoralis I & Constit. Allatae sunt. 30)

ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നതിനാലും, മേല്പറഞ്ഞ യാക്കോബായക്കാർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അന്ത്യോഖ്യൻ ആരാധനക്രമങ്ങളിൽ "Filioque" പുത്രനിൽ നിന്നുകൂടെ എന്ന വാക്കുള്ളതിനാലും ആരാധനക്രമങ്ങളിൽ ഈ വാക്ക് ഉപയോഗിക്കുന്നതായിരിക്കും. എന്നാൽ സാധാരണപ്രാർത്ഥനകളിൽ ഇപ്പോഴത്തെ പതിവനുസരിച്ച് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യാവുന്നതാണ്.

6 - പുതുതായി പുനരൈക്യപ്പെടുന്ന കത്തോലിക്കർ "അന്ത്യോഖ്യൻ റീത്തുകാരായ സീറോ - മലബാർ കത്തോലിക്കർ" എന്നോ, "സീറോ - അന്ത്യോഖ്യൻ റീത്തുകാരായ മലബാർ കത്തോലിക്കർ" എന്നോ "മലബാർ അന്ത്യോഖ്യൻ" അഥവാ "സീറോ മലബാർ സഭാംഗങ്ങളെ"ന്നോ ഉള്ള നാമധേയത്തിൽ വിളിക്കപ്പെടാവുന്നതാണ്. അങ്ങനെ കല്ദായറീത്ത് ഉപയോഗിക്കുന്ന മലബാർ കത്തോലിക്കരിൽ നിന്നും അവർ തിരിച്ചറിയപ്പെടുന്നതായിരിക്കും.

## പ്രത്യേക വ്യവസ്ഥകൾ

1 - മേൽ പ്രസ്താവിച്ചവിധം കത്തോലിക്കാസഭയിലേക്കുള്ള സ്വീകരണം സംബന്ധിച്ചുള്ള ഔദ്യോഗികമായ ഉറപ്പ് പരിശുദ്ധ സിംഹാസനത്തിൽ നിന്നും നല്കിയിരുന്നുവെങ്കിലും അത്യന്താപേക്ഷിതമായ സുരക്ഷിതത്വം, പ്രത്യേകിച്ചു വി. കൂദാശകളുടെ സാധുതയെപ്പറ്റിയുള്ളതു ലഭിക്കേണ്ടിയിരിക്കുന്നു. തൻമൂലം ദലഗാദ് അപ്പസ്തോലിക്കാ സ്വയമായോ മറ്റ് ആരെങ്കിലും മുഖേനയോ പുനരൈക്യപ്പെടുന്ന ഓരോ വൈദികന്റേയും കൈവയ്പിന്റെ സാധുത്വത്തെ സംബന്ധിച്ച് സസൂക്ഷ്മം അന്വേഷിക്കുവാൻ ഒട്ടുംതന്നെ അനാസ്ഥ പ്രദർശിപ്പിച്ചുകൂടാത്തതാകുന്നു.

2 - 1888 ജൂൺ 25-ാം തീയതി പ്രൊപ്പഗന്താ തിരുസംഘത്തിൽ നിന്നും നല്കിയിട്ടുള്ള അനുശാസനങ്ങൾ ഈ വിഷയത്തിൽ സ്മരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

3 – ഡെലിഗറ്റ് അപ്പസ്തോലിക്കാ നേരിട്ടോ ബൻസിഗർ മെത്രാൻ വഴിയായോ, അല്ലെങ്കിൽ മറ്റ് ആരെങ്കിലും മുഖേനയോ പുനരൈക്യപ്പെടുന്ന മെത്രാന്മാരെ സഭാശിക്ഷയിൽ നിന്നും വിമോചിക്കുകയും പുനരൈക്യം പ്രാപിക്കുന്ന വൈദികരെയും അയ്മേനികളെയും ഏറ്റം നല്ലതെന്നു തോന്നുന്ന രീതിയിൽ വിശ്വാസപ്രഖ്യാപനം ചെയ്യിക്കയും വേണം.

4 – വൈദികരുടെ ബ്രഹ്മചര്യത്തെപ്പറ്റിയാണെങ്കിൽ ഭാവിയിൽ യാതൊരു വൈദികവിദ്യാർത്ഥിക്കും അവിവാഹിതജീവിതം നയിക്കാമെന്നുള്ള പ്രതിജ്ഞ ചെയ്യാതെ വൈദികപട്ടം നല്കാവുന്നതല്ല. എന്നാൽ ഇപ്പോഴത്തെ സ്ഥിതിക്ക് പുനരൈക്യപ്പെടുന്ന വിവാഹിതരായ വൈദികരെ സ്വീകരിക്കാവുന്നതും അതേ ജീവിതനില തന്നെ തുടരുന്നതിനു അനുവദിക്കാവുന്നതുമാണ്. പുനരൈക്യപ്പെട്ട വിവാഹിതരായ ശെമ്മാശന്മാർക്ക് (ആറാം പട്ടക്കാർക്ക്) വൈദികപട്ടം സ്വീകരിക്കാവുന്നതാണ്.

5 – പള്ളികളുടെമേൽ തങ്ങൾക്കുള്ള അവകാശാധികാരങ്ങൾ സ്ഥാപിക്കുവാൻ ഈ രണ്ടു മെത്രാന്മാരും പരിശ്രമിക്കേണ്ടതാണ്.

6 – പുനരൈക്യത്തിനായി ആഗ്രഹിക്കുന്ന ഈ രണ്ടു മെത്രാന്മാർക്കു സുനിശ്ചിതത്വവും സുവ്യക്തവുമായ രൂപതാതിർത്തികളോടുകൂടിയ അധികാരാവകാശങ്ങൾ സ്ഥാപിക്കപ്പെടണമെന്നു തിരുസിംഹാസനം അഭിലഷിക്കുന്നു.

7 – ഒരു വൈദികസെമ്മനാരിയുടെ സ്ഥാപനത്തിന്റെ ആവശ്യകതയെപ്പറ്റി പിന്നീട് പര്യാലോചിക്കുന്നതാണ്.

മേൽപ്രസ്താവിച്ച കാര്യങ്ങളെല്ലാം നേരിട്ടോ ഒരു പ്രതിനിധി മുഖേനയോ നടപ്പിൽ വരുത്തുന്നതിനു അപ്പസ്തോലിക്ക് ഡലിഗറ്റിനെ അധികാരപ്പെടുത്തിയിരിക്കുന്നു.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നല്കിയശേഷം ഈ രണ്ടുമെത്രാന്മാരുടെ ആസന്നമായ പുനരൈക്യത്തിന് താഴെ ചേർക്കുന്ന വ്യവസ്ഥകൾ കൂടെ ആവശ്യമാണെന്ന് പ്രസ്തുത സംഘത്തിന്റെ കർദ്ദിനാൾ സെക്രട്ടറി അയച്ച കത്തിൽ എഴുതിയിരിക്കുന്നു.

ഇതു സംബന്ധിച്ചു റോമാസിംഹാസനം ആവശ്യപ്പെടുന്നതായ ചില ഉറപ്പുകളെപ്പറ്റിയാണ് രണ്ടാംഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

ആകയാൽ അഭിവന്ദ്യ ദലഗാദ് അപ്പസ്തോലിക്കായ്ക്കുവേണ്ടി ഈ രേഖകളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ മാർ ഈവാനിയോസിനെ അറിയിക്കുവാൻ ഞാൻ അങ്ങയോട് ആവശ്യപ്പെടുന്നു.

ഇക്കാര്യത്തിൽ ദലഗാദ് അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ട് നല്കിയിട്ടുള്ള ഏതാനും നിർദ്ദേശങ്ങളും വിശദീകരണങ്ങളും ചുവടെ ചേർത്തുകൊള്ളുന്നു:

ഈ രണ്ടു മെത്രാന്മാരുടെ രൂപതാവിഭജനം സംബന്ധിച്ചു നല്കിയിട്ടുള്ള വ്യവസ്ഥ കല്പനാരൂപത്തിലല്ല പിന്നെയോ, എനിക്കു നല്കിയിട്ടുള്ള നിർദ്ദേശം മാത്രമാണ്. അവർ ഇരുവരും കുറെ കാലത്തേക്കു യോജിച്ചു പ്രവർത്തിക്കണമെന്നും അനന്തരം ഈ പ്രസ്ഥാനത്തിന്റെ പുരോഗമനം എങ്ങനെയിരിക്കുന്നുവെന്നു ശരിക്കു ഗ്രഹിച്ച ശേഷം സൗകര്യം പോലെ വിഭജനം നടത്തണമെന്നാണ് കർദ്ദിനാൾ തിരുമേനിയുടെ അഭിപ്രായം.

വൈദികരുടെയും ശെമ്മാശന്മാരുടെയും അവിവാഹിതജീവിതം സംബന്ധിച്ചു നല്കിയിട്ടുള്ള വ്യവസ്ഥ അതിൽത്തന്നെ സുവ്യക്തമാണ്. എന്നാൽ വിവാഹിതരും അഞ്ചുപട്ടം വരെ സ്വീകരിച്ചിട്ടുള്ളവരുമായ ഓരോരുത്തരുടെയും കാര്യം പ്രത്യേകം ആവശ്യപ്പെടേണ്ടതും (അനുവാദം നല്കപ്പെടുന്നതായിരിക്കും) ദലഗാദ് അപ്പസ്തോലി ക്കായുടെ അപേക്ഷയനുസരിച്ച് റോമിൽ നിന്നുമുള്ള കല്പനപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.

യാക്കോബായക്കാരുടെ ആരാധനക്രമങ്ങൾ പരിശോധിക്കുന്നതിനായി മോൺ. കാളാശ്ശേരിത്തിരുമേനിയെ സമീപിക്കുവാൻ (ഞാനും അദ്ദേഹത്തിനു എഴുതി അയയ്ക്കാം) ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. എന്നാൽ അതിനുമുൻപ് പുനരൈക്യപ്പെടുവാനിരിക്കുന്ന രണ്ടു മെത്രാന്മാരുടെയും അവരുടെ കീഴിലുള്ള വൈദികന്മാരുടെയും കൈവെയ്പിന്റെ സാധുത്വത്തെപ്പറ്റി വേണ്ടവിധത്തിലുള്ള അന്വേഷണം നടത്തേണ്ടതാണ്. ഇക്കാര്യത്തിനുവേണ്ടി താഴെച്ചേർക്കുന്ന നിർദ്ദേശങ്ങൾ ദലഗാദ് അപ്പസ്തോലിക്കാ നല്കുന്നു.

“ഈ മെത്രാന്മാരുടെ മാമോദീസാ, വൈദികാഭിഷേകം, മെത്രാഭിഷേചനം എന്നിവയുടെ സാധുതയെപ്പറ്റി മോൺ. ബൻസിഗർ തിരുമേനിക്കും മോൺ.കാളാശ്ശേരി തിരുമേനിക്കും ബോദ്ധ്യമായാൽ തൽസംബമായ രേഖകൾ എന്നെയോ വി.തിരുസംഘത്തെയോ

കാണിക്കാതെ തന്നെ മേൽനടപടി നടത്താവുന്നതാണ്. ഇക്കാര്യത്തിൽ മാർ ഈവാനിയോസിനും മാർ തെയോഫിലോസിനുമുള്ള ഉറപ്പ് പരിഗണനാർഹമാണ്.

ചുരുക്കത്തിൽ തങ്ങൾക്കുബോദ്ധ്യം വരത്തക്കനിലയിലുള്ള ഒരു പൊതുവായ അന്വേഷണം (കഴിഞ്ഞകാലത്തു വൈദികന്മാരെ സ്വീകരിച്ചപ്പോൾ നടത്തിയിട്ടുള്ളതുപോലെ) നടത്തിയാൽ മതിയാകുന്നതാണ്.

ഇപ്രകാരമെല്ലാം ചെയ്തശേഷം, ആവശ്യമുള്ള വിമോചനം നല്കുന്നതിന് അധികാരം ലഭിച്ചിട്ടുള്ള മോൺ.ബൻസിഗറിന് പ്രസ്തുത മെത്രാന്മാരുടെ വിശ്വാസപ്രതിജ്ഞ സ്വീകരിക്കാവുന്നതാണ്."

സിഞ്ഞോർ. വി.ബൽഗർ (ഒപ്പ്)

ദലഗാദ് അപ്പസ്തോലിക്കായുടെ സെക്രട്ടറി

*  *  *  *

റോമിൽ നിന്നും ഡലിഗറ്റു മുഖേന അയച്ചുകൊടുത്തതും മേലുദ്ധരിച്ചതുമായ അംഗീകരണപത്രം ലഭിച്ച ഉടൻതന്നെ തന്റെ കത്തോലിക്കാപുനരൈക്യത്തിനുള്ള സത്വരനടപടികളിൽ കഥാപുരുഷൻ വ്യാപൃതനായി.

## വിജയമകുടം ചൂടിയ പുനരൈക്യപരിശ്രമം

കേരളത്തിലെ പുത്തൻകൂർ ജനത കത്തോലിക്കാസഭാ പുനരൈക്യത്തിനുവേണ്ടി - അതെ, മാതൃസഭയിലേക്കുള്ള തിരിച്ചു വരവിനുവേണ്ടി - മൂന്നു ശതവർഷക്കാലത്തോളം നടത്തിക്കൊണ്ടിരുന്ന പരിശ്രമങ്ങൾ വിജയമകുടമണിയുന്ന ആനന്ദസന്ദായകമായ രംഗത്തേക്കത്രേ ഇനിയും വായനക്കാരുടെ സവിശേഷമായ ശ്രദ്ധയെ ഈ ലേഖിതാവ് സാദരം ക്ഷണിച്ചുകൊള്ളുന്നത്. ലോകത്തിലുള്ള സകല മഹതീമഹാന്മാരുടെയും മുക്തകണ്ഠമായ പ്രശംസയെ സമാർജ്ജിച്ചിട്ടുള്ള ബ്രഹ്മാണ്ഡവും അതിമനോഹരവുമായ കത്തോലിക്കാസൗധത്തിനുള്ളിലേക്കു കേരളത്തിലെ അകത്തോലിക്കാ സഹോദരങ്ങളെ ആനയിക്കുന്നതിനുള്ള സുഗമവും സുരക്ഷിതവുമായ പുനരൈക്യപന്ഥാവിനെ വെട്ടിത്തുറന്ന കഥാപുരുഷൻ തന്റെ

“ആത്മകഥാകഥനത്തിന്റെ” അവസാനഭാഗത്ത് ഇതെപ്പറ്റി എഴുതിയിരിക്കുന്നതു ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു:-

വട്ടിപ്പണക്കേസ് തോറ്റുകിടന്ന കാലത്ത് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ അനുകൂലിച്ചിരുന്നവരിൽ പലരും വട്ടിപ്പണക്കേസ് ജയിച്ചതിന്റെശേഷം ആ അഭിപ്രായത്തിൽ നിന്നും പിന്മാറുകയാണുണ്ടായത്.

1105-ൽ സുറിയാനിക്കണക്കിൽ കന്നിമാസം 14-ാം തീയതി സ്ലീബാപ്പെരുന്നാൾ ദിവസം നാം പരുമല സെമിനാരിയിൽ വി.കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് മദ്ബഹായിൽ നിന്ന് നാമും മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുമൊരുമിച്ച് സെമിനാരി കെട്ടിടത്തിലെ രണ്ടാമത്തെ നിലയിൽ തെക്കേ അറ്റത്തെ മുറിയിൽ പോകുകയും അവിടെവെച്ച് സഭാസംഗതികൾ സംബന്ധിച്ചും കത്തോലിക്കാപുനരൈക്യത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും സംസാരിക്കുകയുണ്ടായി. അദ്ദേഹം മുന്നിട്ടുനിന്ന് പ്രവർത്തിക്കണമെന്നും, ജനങ്ങളുടെയെല്ലാം ദൈവഭക്തിക്കടുത്ത മാർഗ്ഗങ്ങളിൽ നയിക്കുന്നതിന് അദ്ദേഹത്തിന്റെ നേതൃത്വം ആവശ്യമാണെന്നും അദ്ദേഹം മുന്നിട്ടു നില്ക്കുന്നപക്ഷം നാമും അദ്ദേഹത്തെ അനുഗമിച്ച് സർവ്വപരിശ്രമങ്ങളും ചെയ്യാമെന്നും കണ്ണുനീരോടുകൂടിപ്പറഞ്ഞു. നമ്മെ അടുക്കൽ വിളിച്ചിരുത്തിക്കൊണ്ട് നാം കരച്ചിൽ അടക്കണമെന്നും മനഃശാന്തിയോടുകൂടി ഇക്കാര്യത്തിൽ ഇരിക്കണമെന്നും നമ്മെ ഗുണദോഷിച്ചു. അല്പം കഴിഞ്ഞു സെമിനാരി കെട്ടിടത്തിൽ രണ്ടാം നിലയിൽ വടക്കേ അറ്റത്തെ മുറിയിൽ ഞങ്ങൾ ഒരുമിച്ച് ഭക്ഷണത്തിനായി കൂടി. ആ സമയം നമ്മുടെ കണ്ണിൽനിന്നും കണ്ണുനീർത്തുള്ളികൾ നമ്മുടെ മുമ്പിൽ കഞ്ഞിവെച്ചിരുന്ന പാത്രത്തിൽ വീഴുന്നതു കണ്ടപ്പോൾ നമ്മുടെ വാല്യക്കാരനായ ചാക്കോയേയും അദ്ദേഹത്തിന്റെ വാല്യക്കാരൻ ദാനിയേലിനേയും അദ്ദേഹം മുറിക്കു പുറത്തു പറഞ്ഞയയ്ക്കുകയും ഞങ്ങൾ ഇരുവരും ഒരക്ഷരവും സംസാരിക്കാതെ ഇരുന്നു പ്രഭാതഭക്ഷണവും കഴിഞ്ഞ് അവരവരുടെ മുറികളിലേക്ക് പോകുകയും ചെയ്തു. ഉച്ചഭക്ഷണം വെവ്വേറെ കഴിച്ചു. ഉച്ചകഴിഞ്ഞ് അദ്ദേഹത്തിന്റെ അടുക്കലേക്കു നമ്മെ ക്ഷണിക്കുകയും കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തെപ്പറ്റി ഞങ്ങൾ സംസാരിക്കുകയും ചെയ്തു. ഓർത്തഡോക്സ് സഭയെന്ന പേരു സ്വീകരിച്ച യാക്കോബായ മെത്രാൻകക്ഷിയിൽപ്പെട്ട സകല

മെത്രാന്മാരും, പട്ടക്കാരും, ജനങ്ങളുമൊരുമിച്ച് കത്തോലിക്കാസഭയിൽ യോജിക്കണമെന്നായിരുന്നു നമ്മുടെ അഭിപ്രായം. കത്തോലിക്കാ പുനരൈക്യത്തിന് അധികം ആളുകളും വഴിപ്പെടുകയില്ലെന്നും, പള്ളിയും സ്വത്തുക്കളും അവർ ഉപേക്ഷിച്ചു പോകയില്ലെന്നും, അഥവാ ഉപേക്ഷിക്കുന്ന പക്ഷം അവയെല്ലാം എതിർകക്ഷിയായ പാത്രിയർക്കീസ് കക്ഷിക്ക് കിട്ടുമെന്നും, വട്ടിപ്പണക്കേസ് ജയിച്ചിരിക്കുന്ന സ്ഥിതിക്ക് പഴയസെമിനാരിയും പരുമല സെമിനാരിയും മറ്റും ഉപേക്ഷിച്ച് പോകുന്നതിന് അദ്ദേഹത്തിനു സന്നദ്ധതയില്ലെന്നും നാം ഗ്രഹിച്ചു. "മരിക്കുമ്പോൾ ഇതെല്ലാം വിട്ടുപോകേണ്ടിവരുമല്ലോ" എന്നുള്ളതായിരുന്നു നമ്മുടെ ചിന്ത. ഈ പ്രശ്നത്തെപ്പറ്റി വീണ്ടും ആലോചിച്ചു നമ്മോടു പറയാമെന്നു അദ്ദേഹം സമ്മതിച്ചു.

അല്പദിവസം കഴിഞ്ഞ് അദ്ദേഹം തിരുവനന്തപുരത്ത് എത്തി ഞങ്ങൾ തമ്മിലുണ്ടായ സംഭാഷണവിവരം ഇലഞ്ഞിക്കൽ ജോൺ വക്കീലിനോട് പറഞ്ഞു. ജോൺവക്കീലിന്റെ തിരുവനന്തപുരത്തുള്ള വീട്ടിൽ അദ്ദേഹം പോകുകയും, "ബഥനി മെത്രാച്ചൻ റോമായിൽ പോകുവാൻ തുടങ്ങുന്നു" എന്നു സങ്കടപ്പെട്ട് ജോൺ വക്കീലിനോട് പറയുകയും, അദ്ദേഹത്തിന്റെ ആവശ്യപ്രകാരം ജോൺ വക്കീൽ നമ്മുടെ പേർക്ക് ഒരു കത്ത് അയയ്ക്കുകയും ചെയ്തു. ആ കത്തിൽ റോമൻ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിന് അദ്ദേഹത്തിനു സമ്മതമില്ലെന്നും നാം പോകുന്നപക്ഷം ബഥനിപ്പള്ളികൾ റോമാസഭയിൽ ചേരുവാൻ ഇടയുള്ളതുകൊണ്ട് മേലിൽ ബഥനിപ്പള്ളികൾ വെയ്ക്കാതിരിക്കണമെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായമെന്നും എഴുതിയിരുന്നു. ഇതിന്റെ മറുപടി അദ്ദേഹത്തിനു നേരിട്ടു കിട്ടുവാൻ തക്കവണ്ണം അദ്ദേഹത്തിന്റെ സഹോദരപുത്രനായ മി.വി.ഏ. വർഗീസ് B.A. L.T. മുഖാന്തിരം നാം അയച്ചു. അനന്തരം അദ്ദേഹവും മൂന്നാമത്തെ കാതോലിക്കോസ് മാർ ബസ്സേലിയോസും കുണ്ടറ സെമിനാരിയിൽ കൂടി. നമ്മെ റോമാസഭയിലേക്ക് വിടാതിരിക്കുന്നതിനും, നാം പോകുന്നപക്ഷം ആ വിഷമസന്ധി എങ്ങനെ നേരിടണമെന്നും ആലോചിച്ചു. അനന്തരം കാതോലിക്കാ ബാവാ അന്നു നാം താമസിച്ചിരുന്ന തിരുവല്ലാ തിരുമൂലപുരം ബഥനി ആശ്രമത്തിൽ നമ്മെ കാണുവാനായി വന്നു. സഭയുടെ ഭാവി ശ്രേയസ്സിനു കത്തോലിക്കാസഭയുമായുള്ള പുനരൈക്യം ആവശ്യമാണെന്നു നാം അദ്ദേഹത്തോടു പറഞ്ഞു. മേല്പട്ടക്കാർ തമ്മിൽ

കൂടുമ്പോൾ ഉള്ള പരസ്പരചുംബനം കൂടാതെയാണ് ഞങ്ങൾ തമ്മിൽ കണ്ടതും അദ്ദേഹം യാത്ര പറഞ്ഞുപോയതും.

പുനരൈക്യപ്പെടുന്ന മേല്പട്ടക്കാരെ അവരവരുടെ സ്ഥാപനങ്ങളിലും ഭരണാധികാരത്തിലും സ്വീകരിച്ചുകൊള്ളാമെന്നും മലങ്കര സുറിയാനിസഭയുടെ അന്ത്യോക്യൻ റീത്ത് നിലനിർത്തിക്കൊള്ളാമെന്നും സമ്മതിച്ചുകൊണ്ട് റോമായിൽ ഉള്ള അത്യുന്നത കർദ്ദിനാളന്മാരുടെ സംഘത്തിൽവെച്ച് ചെയ്ത തീരുമാനത്തെ മാർപ്പാപ്പാ അംഗീകരിച്ചിരിക്കുന്നു എന്ന കത്ത് കൊല്ലം ബിഷപ്പ് ബൻസിഗർ തിരുമേനി നമ്മുടെ പേർക്ക് അയച്ചുതന്നു. ആ കത്ത് കിട്ടിയ ശേഷം മൂന്നാമത്തെ മാർ ബസേലിയോസ് കാതോലിക്കാബാവായേയും മറ്റു മെത്രാന്മാരേയും നാം സന്ദർശിച്ചു. കാതോലിക്കാബാവാ പുനരൈക്യത്തിനു സമ്മതമില്ലെന്നു നമ്മോടു പറഞ്ഞു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അഭിപ്രായവും പ്രതികൂലമായിരുന്നു. പാമ്പാടിയിൽ കുര്യാക്കോസ്മാർ ഗ്രീഗോറിയോസ് എപ്പിസ്കോപ്പാ നമ്മോടു പറഞ്ഞത് ഓർത്തഡോക്സ് സഭയിൽ നിന്നും ഇളകുന്ന പക്ഷം യാക്കോബായ പാത്രിയർക്കീസിനോടു ചേരുന്നതിനാണ് അദ്ദേഹത്തിന് സമ്മതം എന്നായിരുന്നു. മാർ തിയോഫിലോസ് എപ്പിസ്ക്കോപ്പാ കത്തോലിക്കാസഭയിൽ ചേരുന്നതിനു സന്നദ്ധനാണെന്നും പറഞ്ഞു. അനന്തരം ബൻസിഗർ ബിഷപ്പിനെ നാം കാണുകയും നമ്മെയും കൂടെയുള്ളവരേയും സ്വീകരിപ്പാൻ - മാർപ്പാപ്പായുടെ പ്രതിനിധിയായി സ്വീകരിപ്പാൻ - അദ്ദേഹത്തിനു അധികാരം ലഭിച്ചിട്ടുള്ളതായി അറിയിക്കുകയും ചെയ്തു. പൗരസ്ത്യസഭയുടെ ജൂലിയൻ പഞ്ചാംഗം അനുസരിച്ച് നമ്മുടെ ജനന ദിവസമായ കന്നിമാസം 8-ാം തീയതി ദൈവമാതാവിന്റെ ജനന പ്പെരുന്നാൾ (1930 സെപ്തംബർ 21-ാം തീയതി) കത്തോലിക്കാ സഭാംഗമായി ആദ്യകുർബാന ചൊല്ലുവാൻ നാം ആഗ്രഹിക്കുന്നു എന്നും അതിന്റെ തലേദിവസം പുനരൈക്യപ്പെടുവാൻ തയ്യാറാക്കിയിരിക്കുന്നുവെന്നും അദ്ദേഹത്തെ അറിയിക്കുകയും അപ്രകാരം തീരുമാനിക്കുകയും ചെയ്തു.

കൊല്ലം ബിഷപ്പ് ബൻസിഗർ തിരുമേനിയെ കണ്ടശേഷം നാം തിരുവല്ലാ തിരുമൂലപുരം ആശ്രമത്തിൽ സന്ധ്യകഴിഞ്ഞ് എത്തിച്ചേർന്നു. അപ്പോൾ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ നമ്മെ കാണുവാൻ അവിടെ എത്തി. അവിടെ നിന്നും അത്താഴമൂണും കഴിഞ്ഞ്

രാത്രിയിൽ അവിടെ വിശ്രമിക്കുവാൻ ഉദ്ദേശിച്ചു താമസിക്കുകയായിരുന്നു. ഞങ്ങൾ തമ്മിൽ കണ്ടപ്പോൾ 'റോമായിൽ ചേരുവാൻ നിശ്ചയിച്ചുവോ' എന്ന് നമ്മോടു ചോദിക്കുകയും റോമാസഭയുമായി പുനരൈക്യപ്പെടുവാൻ നിശ്ചയിച്ചിരിക്കുകയാണെന്നും പുനരൈക്യ പ്രസ്ഥാനത്തിന് അദ്ദേഹം നേതൃത്വം വഹിച്ചു മുമ്പോട്ടിറങ്ങണമെന്നും നാം അദ്ദേഹത്തോടാവശ്യപ്പെടുകയും ചെയ്തു. ദീർഘസമയത്തെ സംഭാഷണത്തിനുശേഷം കത്തോലിക്കാസഭയിൽ ചേരണമെന്നുള്ള നമ്മുടെ ആഗ്രഹം നമ്മുടെ മനോബോദ്ധ്യത്തിന്റെ ഫലമാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. അദ്ദേഹവും നാമും തമ്മിൽ വേർപിരിയേണ്ടി വരുമെന്നുള്ള ദുഃഖം രണ്ടുപേർക്കും ശക്തിയായി ഉണ്ടായിരുന്നു. പിറ്റേദിവസം രാവിലെ അവിടെയുള്ള ചാപ്പലിൽ വി.കുർബാന ചൊല്ലുവാനായി നാം പ്രവേശിച്ചപ്പോൾ നമ്മോടു യാത്ര പറയുവാനായി അദ്ദേഹം ചാപ്പലിൽ വരുകയും പരസ്പരം ചുംബനം ചെയ്ത് യാത്ര പറഞ്ഞ് പിരിയുകയും ചെയ്തു.

1930 സെപ്തംബർ 18-ാം തീയതി വ്യാഴാഴ്ച കൊല്ലം അരമനയിലേക്കു പുറപ്പെടുവാൻ നാമും മാർ തിയോഫിലോസ് എപ്പിസ്ക്കോപ്പായും ബഥനി ആശ്രമസ്ഥരായ ഓമല്ലൂർ കുഴിമേപ്പുറത്തു ജോൺ അച്ചനും വെൺമണി ചെറിയാലുംമൂട്ടിൽ അലക്സാണ്ടർ ശെമ്മാശനും തയ്യാറായി. യാത്ര പുറപ്പെടുന്നതിനുമുമ്പ് മാനേജർ കിളിയിലേത്തു ചാക്കോ വിവരമറിഞ്ഞു നമ്മുടെ അടുക്കൽ വന്ന് "തിരുമനസ്സുകൊണ്ട് റോമാസഭയിൽ ചേരുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നറിയുന്നു. തിരുമനസ്സുകൊണ്ടു ചേരുന്നെങ്കിൽ ഞാനും ചേരുവാൻ സന്നദ്ധനായിരിക്കുന്നു. തിരുമനസ്സുകൊണ്ടു നരകത്തിൽ പോകുകയാണെങ്കിൽ അവിടെയും ഞാൻ കൂടിയുണ്ട്, നരകത്തിൽ പോകയില്ലെന്നെനിക്കറിയാം" എന്നു പറയുകയും ഞങ്ങളോടുകൂടെ കാറിൽ കയറുകയും ചെയ്തു. അങ്ങനെ ഞങ്ങളെല്ലാവരും കൊല്ലം അരമനയിൽ എത്തി. അവിടെ രണ്ടുദിവസം ധ്യാനം നടത്തി. അതിന്റെ ശേഷം സെപ്തംബർ 20-ാം തീയതി ശനിയാഴ്ച രാവിലെ ഏഴരമണിക്ക് നാമുംകൂടെ വന്നിരുന്നവരും കത്തോലിക്കാ സഭാംഗങ്ങളായി സ്വീകരിക്കപ്പെട്ടു.

അനന്തരം ഞങ്ങളെല്ലാവരുംകൂടെ കൊല്ലത്തുനിന്നും തിരിച്ച് മാവേലിക്കര എത്തി. അവിടെ വച്ച് നമ്മുടെ പിതാവായ പണി

ക്കരുവീട്ടിൽ തര്യത് തോമ്മാപ്പണിക്കർ മാതാവായ അന്നമ്മ, സഹോദരൻ മത്തായിപ്പണിക്കർ, മൂത്ത സഹോദരി മിസ്സസ്സ് ശോശാമ്മ തോമസ്, മത്തായിപ്പണിക്കരുടെ മകൻ തോമസ്, അവന്റെ ഭാര്യ ആച്ചി യമ്മ എന്നിവരെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു. അനന്തരം തിരുവല്ലാ തിരമൂലപുരത്തെത്തി അവിടെ മഠത്തിലുണ്ടായിരുന്ന കന്യാസ്ത്രീകളെയും വേലക്കാരെയും സഭാംഗങ്ങളാക്കി.''

ആത്മകഥാകഥനം അവസാനഭാഗം

* * * *

ഇതേ തുടർന്ന് നടന്ന സംഭവവികാസങ്ങളും, വിവിധ നിലകളിൽ പുനരൈക്യപ്രസ്ഥാനത്തിനുണ്ടായ പുരോഗതിയും, കത്തോലിക്കാ സഭയിലെ ഒരു മെത്രാപ്പോലീത്താ ആയിരുന്നുകൊണ്ട് കഥാപുരുഷൻ നടത്തിയ നിസ്തന്ദ്രപ്രവർത്തനങ്ങളും ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദമായി പ്രതിപാദിക്കുന്നതാണ്. കഥാപുരുഷനൊന്നിച്ച് പുനരൈക്യപ്പെടുന്നതിനും അങ്ങനെ പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രഥമസന്താനങ്ങളായിത്തീരുന്നതിനും ഭാഗധേയം സിദ്ധിച്ചവരുടെ ചുരുങ്ങിയ ജീവചരിത്രം ഭാവിതലമുറയുടെ അറിവിലേക്കായി അടുത്ത അദ്ധ്യായത്തിൽ ചേർത്തുകൊണ്ട് ഈ ഗ്രന്ഥം ഉപസംഹരിക്കുന്നതി നാണ് ഉദ്ദേശിക്കുന്നത്.

## അദ്ധ്യായം – 32

# പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രഥമ സന്താനങ്ങൾ

**(ജീവചരിത്രസംഗ്രഹം)**

മാനുഷികദൃഷ്ടിയിൽ യാദൃശ്ചികമെന്നു പലപ്പോഴും പരിഗണിക്കപ്പെടുന്ന സംഭവങ്ങളിൽ സർവ്വജ്ഞനായ ദൈവത്തിന്റെ അദൃശ്യകരങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിനു ലോകചരിത്രത്തിൽ നിന്നും സഭാചരിത്രത്തിൽ നിന്നും നിരവധി ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നതിനു സാധിക്കും. കേരളത്തിലെ പുനരൈക്യ പ്രസ്ഥാന ത്തിന്റെ ഉത്ഭവചരിത്രം തന്നെ ഇതിന് ഉത്തമോദാഹര ണമാണ്. കൊല്ലത്തുവെച്ചു കത്തോലിക്കാസഭയോടു പുനരൈക്യപ്പെ ടേണ്ടവർ അഞ്ചുപേരായിരിക്കണമെന്നു മുൻകൂട്ടി നിശ്ചയം ചെയ്തിരുന്നതല്ല. പിന്നെയോ, മാർ ഈവാനിയോസും മാർ തെയോഫിലോസും കൊല്ലത്തു ചെന്നു ഡോക്ടർ ബൻസിഗറുടെ മുമ്പാകെ വിശ്വാസ പ്രതിജ്ഞ നടത്തി കത്തോലിക്കാസഭാ പുനരൈക്യം പ്രാപി ക്കണ മെന്നും, അവർ ഇരുവരും തിരുവല്ലായിൽ മടങ്ങി വന്നശേഷം മറ്റുള്ള വരെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കണമെന്നും മാത്രമേ ആദ്യം നിശ്ചയിച്ചിരുന്നുള്ളൂ. പക്ഷേ, ദൈവത്തിന്റെ അദൃശ്യകരങ്ങളുടെ പ്രവർത്തനം അവിടെ നടന്നുവെന്നതിനു യാതൊരു സംശയവുമില്ല.

മുൻനിശ്ചയമനുസരിച്ച് കൊല്ലത്തിനു യാത്ര പുറപ്പെടുവാനിരുന്ന അന്നേ ദിവസം (1930 സെപ്റ്റംബർ 18-ാം തീയതി) ആശ്രമസ്ഥ രൊന്നിച്ചു വെണ്ണിക്കുളത്തു താമസിച്ചുകൊണ്ടിരുന്ന ഫാദർ ജോൺ,

അലക്സാണ്ടർ ശെമ്മാശൻ എന്നിവർ ഏതോ ആവശ്യം പ്രമാണിച്ചു തിരുമൂലപുരത്തു വന്നുചേർന്നു. അഭിവന്ദ്യ തിരുമേനിമാരെ കൊണ്ടുപോകുന്നതിനായി മേളാംപറമ്പിൽ മി. ഉമ്മന്റെ കാറും കൊണ്ടുവന്നു കഴിഞ്ഞു. കാറിൽ കയറി യാത്ര പുറപ്പെടുവാൻ ആരംഭിച്ചപ്പോഴാണ് കിളീലേത്തു മി.ചാക്കോയും അഭിവന്ദ്യ തിരുമേനിയെ കാണുവാൻ അവിടെ വന്നെത്തിയത്. ദൈവിക പ്രചോദനം നിമിത്തമെന്നേ വിചാരിക്കുവാൻ നിവൃത്തിയുള്ളൂ. “അച്ചനും, ശെമ്മാശനും, മാനേജരും വണ്ടിയിൽ കയറിക്കൊള്ളുക. നമുക്കു കൊല്ലത്തിനു പോകാം” എന്ന് മാർ ഈവാനിയോസു തിരുമേനി കല്പിക്കുകയുണ്ടായി. അതനുസരിച്ച് പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രഥമസന്താനങ്ങളായ ആ അഞ്ചുപേരും കാറിൽ കയറി കൊല്ലം മെത്രാസന അരമനയിൽ എത്തുകയും രണ്ടുദിവസം അവിടെ താമസിച്ചു ധ്യാനം നടത്തിയശേഷം സെപ്റ്റംബർ 20-ാം തീയതി ശനിയാഴ്ച രാവിലെ 7.30ന് കത്തോലിക്കാപുനരൈക്യം പ്രാപിക്കുകയും ചെയ്തു. അങ്ങനെ കേരളത്തിലെ അകത്തോലിക്കാ സഭകളിൽ നിന്നും ഭാവിയിൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെടേണ്ടവരായ മെത്രാപ്പോലീത്തന്മാർ, മെത്രാന്മാർ, വൈദികന്മാർ, ശെമ്മാശന്മാർ, അയ്മേനികൾ എന്നിവരുടെ പ്രതിനിധികളെന്ന നിലയിൽ പുനരൈക്യപ്പെടുന്നതിനുള്ള ഭാഗ്യം അവർക്കു സിദ്ധച്ചു. ഈ അഞ്ചു പേരുടേയും ജീവചരിത്രം ഗ്രഹിക്കുന്നതു ഈ തലമുറയ്ക്കും ഭാവിതലമുറകൾക്കും പ്രയോജനപ്രദമാകുമെന്നുള്ള വിശ്വാസം നിമിത്തം ഓരോരുത്തരുടെയും ജീവചരിത്രം ചുരുക്കമായി ചുവടെ ചേർത്തുകൊള്ളുന്നു.

## 1

## ആർച്ചുബിഷപ്പു മാർ ഈവാനിയോസ്

O.I.C, M.A.D.D.LL.D.

പുനരൈക്യപ്രണേതാവും, വിശ്വവിഖ്യാതനും, സുസ്മരണീയനുമായ മാർ ഈവാനിയോസിന്റെ വിശദമായ ജീവചരിത്രം ഈ ഗ്രന്ഥത്തിലും തുടർന്നു പ്രസിദ്ധപ്പെടുത്തുവാനിരിക്കുന്ന രണ്ടാംഭാഗത്തിലും ഉള്ളടക്കിയിരിക്കുന്നതിനാൽ സംഗ്രഹരൂപത്തിലെങ്കിലും അത് ഇവിടെ ചേർക്കുന്നത് അസ്ഥാനസ്ഥിതമെന്നു കരുതുന്നു. തന്മൂലം അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ പ്രധാനസംഭവങ്ങൾ മാത്രം കാലക്രമമനുസരിച്ച് ചുവടെ ചേർക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

| പ്രധാന സംഭവങ്ങൾ | | ക്രിസ്തുവർഷം (A.D.) |
|---|---|---|
| 1. | ജനനം | 21-9-1882 |
| 2. | ജ്ഞാനസ്നാനം | 4-10-1882 |
| 3. | സാമാന്യവിദ്യാഭ്യാസം | 1888 - 1897 |
| 4. | ഹൈസ്കൂൾ വിദ്യാഭ്യാസം (എം. ഡി. സെമിനാരിയിൽ) | 1897 - 1899 |
| 5. | ശെമ്മാശുപട്ടം (പുത്തൻ കാവുപള്ളിയിൽ വച്ച് പുലിക്കോട്ടു മാർ ദിവന്നാസ്യോസ്) | 9-1-1900 |
| 6. | കോട്ടയം സി.എം.എസ്. കോളേജിൽ | 1900 - 1902 |
| 7. | മദ്രാസ് ക്രിസ്ത്യൻ കോളേജിൽ | 1903 - 1907 |
| 8. | എം. എ. ഡിഗ്രി സമ്പാദനം | 1907 |
| 9. | വൈദികപട്ടം (പരുമല സെമിനാരിയിൽവച്ച് വട്ടശേരിൽ മാർ ദിവന്നാസ്യോസ്) | 15-9-1908 |
| 10. | എം.ഡി.സെമിനാരി പ്രിൻസിപ്പാൾ | 1908 - 1913 |
| 11. | അബ്ദുള്ളാപാത്രിയർക്കീസിന്റെ ആഗമനം | 1911 |
| 12. | മാർ ദിവന്നാസ്യോസിനെ മുടക്കിയത് | 6-6-1911 |
| 13. | അബ്ദ്മിശിഹാ പാത്രിയർക്കീസന്റെ വരവ് | 1912 |
| 14. | കാതോലിക്കാസിഹംസാനസ്ഥാപനം | 15-9-1912 |
| 15. | സെറാമ്പൂർ കോളേജ് പ്രൊഫസർ | 1913 - 1919 |
| 16. | ബഥനി ആശ്രമസ്ഥാപനം | 23 - 8 - 1919 |
| 17. | റമ്പാൻ സ്ഥാനാഭിഷേകം (തിരുമൂലപുരം പള്ളിയിൽവെച്ച് മാർ ഗ്രീഗോറിയോസ് (ത്രിതീയകാതോലിക്കാ) | 28 - 1 - 1925 |
| 18. | എപ്പിസ്കോപ്പാ സ്ഥാനാഭിഷേകം (നിരണം പള്ളിയിൽവെച്ച്, കണ്ടനാട് മാർ ഈവാനിയോസ്, ദ്വിതീയ കാതോലിക്കാ മാർ പീലക്സിനോസ് (വാകത്താനം) മാർ ഗ്രീഗോറിയോസ്, കുണ്ടറ ത്രിതീയകാതോലിക്കാ) | |
| 19. | മെത്രാപ്പോലീത്താ സ്ഥാനാരോഹണം | 13 - 2 - 1929 |
| 20. | ബഥനിയിൽ നിന്നും ഇറങ്ങിയത് | 20- 8 - 1930 |

| | | |
|---|---|---|
| 21. | കത്തോലിക്കാ പുനരൈക്യം (കൊല്ലത്തുവെച്ച്) | 20– 9 – 1930 |
| 22. | യൂറോപ്യൻ പര്യടനം | 1932 |
| 23. | മാതൃമരണം | 5 – 4 – 1932 |
| 24. | മാർപ്പാപ്പായെ സന്ദർശിച്ചത് | 1932 |
| 25. | മടങ്ങിവരവ് | 1933 |
| 26. | മലങ്കര ഹൈരാർക്കിസ്ഥാപനം | 12 – 3 – 1933 |
| 27. | മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം | 29– 11 – 1937 |
| 28. | പിതൃമരണം | 9 –12 – 1938 |
| 29. | മാർ ദിയസ്കോറോസ് തിരുമേനിയുടെ പുനരൈക്യം | 12– 11 – 1939 |
| 30. | വിദേശപര്യടനാർത്ഥം പുറപ്പെട്ടത് | 26– 5 – 1947 |
| 31. | അമേരിക്കൻ പര്യടനം | 1947 – 1948 |
| 32. | ആസ്ത്രേലിയൻ പര്യടനം | 1948 |
| 33. | തിരുവനന്തപുരത്ത് മടങ്ങിയെത്തിയത് | 24 – 6 –1948 |
| 34. | ഈവാനിയോസ് കോളേജ് സ്ഥാപനം | 1949 |
| 35. | രോഗാരംഭം | 4 – 6 – 1952 |
| 36. | അന്ത്യകൂദാശ (കന്തീലാശുശ്രൂഷ) | 2 – 9 – 1952 |
| 37. | ചരമം | 15 – 7 – 1953 |
| 38. | കബറടക്കം (തിരുവനന്തപുരം പട്ടം കത്തീഡ്രലിൽ) | 17 –7 – 1953 |

## II

## ബിഷപ്പ് മാർ തെയോഫിലോസ് O.I.C., D.D.

കോട്ടയത്തിനു സമീപം ഒളശ്ശയിൽ പുരാതനമായ കളപ്പുരയ്ക്കൽ കുടുംബത്തിൽ ഏബ്രഹാം തരകന്റേയും, നാലാത്ര കുടുംബത്തിൽപ്പെട്ട അച്ചാമ്മയുടെയും പ്രഥമപുത്രനായി 1891 ഫെബ്രുവരി 21-ാം തീയതി ഇദ്ദേഹം ഭൂജാതനായി. "യാക്കോബ്" എന്ന പേരായിരുന്നു ജ്ഞാനസ്നാനാവസരത്തിൽ ഇദ്ദേത്തിനു ലഭിച്ചത്. പ്രാഥമികവിദ്യാഭ്യാസം സ്വദേശത്തു നിർവ്വഹിച്ചശേഷംകോട്ടയം എം.ഡി.സെമിനാരിയിൽ പഠനം നടത്തി മെട്രിക്കുലേഷൻ പരീക്ഷയിൽ

സ്തുത്യർഹമാംവിധം വിജയം കൈവരിച്ചു. അനന്തരം പ്രസ്തുത സ്കൂളിൽത്തന്നെ കുറെക്കാലം അദ്ധ്യാപകനായി ജോലി നിർവ്വഹിക്കുകയുണ്ടായി. മതവിശ്വാസത്തിലും ആദ്ധ്യാത്മിക ജീവിതത്തിലും അതിയായ തീക്ഷ്ണത പ്രകടിപ്പിച്ചിരുന്നതിനാൽ വട്ടശ്ശേരിൽ (മാർ ദിവന്നാസ്യോസ്) തിരുമേനി ഒളശ്ശ ഇടവകാംഗങ്ങളുടെ അഭ്യർത്ഥനയനുസരിച്ച് ഇദ്ദേഹത്തിനു ശെമ്മാശുപട്ടം നല്കി. അന്നു സെറാംപൂർ കോളേജ് പ്രൊഫസറായിരുന്ന ഫാദർ പി.റ്റി. ഗീവറുഗീസ് (മാർ ഈവാനിയോസ്) സമർത്ഥനും സൽസ്വഭാവിയുമായ യാക്കോബ് ശെമ്മാശനെ സെറാംപൂരിലേക്ക് കൊണ്ടുപോയി ഓണേഴ്സ് ക്ലാസിൽ ചേർത്തു. അവിടെ ഇദ്ദേഹം പഠിച്ചുകൊണ്ടിരുന്ന അവസരത്തിലായിരുന്നു ബഥന്യാശ്രമം സംബന്ധിച്ചുള്ള ആലോചനകളിൽ പി.റ്റി. ഗീവറുഗീസ് വ്യാപൃതനായത്. അതു സംബന്ധിച്ചുള്ള സകല ആലോചനകളിലും യാക്കോബ് ശെമ്മാശനും ഭാഗഭാക്കായിരുന്നു. പെരുന്നാട്ടിലെ മുണ്ടൻമലയിൽ ആശ്രമം സ്ഥാപിക്കുന്നതിനും, സന്ന്യാസപരമായ പരിശീലനത്തിനാവശ്യകമായ പദ്ധതികൾ രൂപവത്കരിക്കുന്നതിനും അവ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനും ആശ്രമാദ്ധ്യക്ഷന്റെ വലം കൈയ്യായിരുന്ന് അക്കാലത്ത് ഇദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. അതിനുവേണ്ടി സെറാംപൂരിൽ നിന്നും മടങ്ങി വന്നു ബഥന്യാശ്രമത്തിലെ അംഗമായി ചേർന്ന് ഏവർക്കും മാതൃകാപരമായവിധം സന്ന്യാസജീവിതം അനുഷ്ഠിച്ചുകൊണ്ടിരുന്നു. തന്നിമിത്തം 1924-ൽ യാക്കോബ് ശെമ്മാശനെ വൈദികനായി അഭിഷേചിച്ചു. പ്രാർത്ഥനാജീവിതത്തിലും ഭക്തിതീക്ഷ്ണതയിലും ആശ്രമസ്ഥരായ ഏവരേയും ഇദ്ദേഹം അതിശയിച്ചിരുന്നതിനാൽ 'ആശ്രമഗുരു' ആയി ഇദ്ദേഹം നിയമിതനായി. സ്വഭാവശുദ്ധി, കൃത്യനിഷ്ഠ, പരിശ്രമശീലം, ശാന്തസ്വഭാവം, സർവ്വോപരി ദൈവഭക്തി എന്നിവയിൽ ഏവർക്കും മാതൃകാപരമായി ആശ്രമത്തിൽ ഇദ്ദേഹം ജീവിതം നയിച്ചു. ബഥനിയാകുന്ന യന്ത്രത്തിന്റെ നിർമ്മാതാവും സംരക്ഷകനും മാർ ഈവാനിയോസ് തിരുമേനിയായിരുന്നുവെങ്കിൽ ആ യന്ത്രം മുമ്പോട്ട് ഓടുവാൻ ആവശ്യകമായ എണ്ണ നല്കികൊണ്ടിരുന്നത് ബ.യാക്കോബച്ചൻ ആയിരുന്നുവെന്നു നിസ്സംശയം പ്രസ്താവിക്കുന്നതിനു സാധിക്കും.

ഇദ്ദേഹത്തിൽ വിളങ്ങി ശോഭിച്ചിരുന്ന പരിപാവനജീവിതവും, ആരെയും അതിശയിപ്പിക്കത്തക്ക പ്രവർത്തനസാർത്ഥ്യവും മേലദ്ധ്യക്ഷന്മാർ ബോദ്ധ്യമായതിന്റെ ഫലമായി 1929-ൽ മാർ ബസ്സേലിയോസ് കാതോലിക്കാബാവാ 'മാർ തെയോഫിലോസ്' എന്ന പേരിൽ ബഥനിയുടെ എപ്പിസ്കോപ്പായായി ഇദ്ദേഹത്തെ അഭിഷേ

ചിച്ചു. ഈ ഘട്ടത്തിലായിരുന്നു കത്തോലിക്കാ പുനരൈക്യ സംബന്ധ മായ ആലോചനകളിൽ മാർ ഈവാനിയോസ് തിരുമേനിയും ഇതരമെത്രാന്മാരും വ്യാപൃതരായിത്തീർന്നത്. പ്രസ്തുത ആലോചന കളിൽ വേണ്ട പ്രേരണ നല്കി മാർ ഈവാനിയോസിനെ ഇദ്ദേഹം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. അവസാനം റോമിൽ നിന്നുമുള്ള അനുകൂലമറുപടി ലഭിച്ചപ്പോൾ പുനരൈക്യത്തിനു സമ്മതം നല്കിയിരുന്ന ഇതരമെത്രാന്മാർ പിന്മാറിയിട്ടും മാർ തെയോഫിലോസ് തന്റെ ദൃഢനിശ്ചയത്തിൽ ഉറച്ചുനില്ക്കുകയാണ് ചെയ്തത്. അങ്ങനെ 1930 സെപ്തംബർ 20-ാം തീയതി കൊല്ലത്തുവെച്ച് മാർ ഈവാനി യോസുമൊന്നിച്ച് കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുള്ള ഭാഗ്യം ഇദ്ദേഹത്തിനു ലഭിക്കുകയും ചെയ്തു.

പരിശുദ്ധ റോമാസിംഹാസനത്തിൽ നിന്നും തിരുവല്ലാ രൂപതയുടെ മെത്രാനായി 1932 -ൽ ഇദ്ദേഹത്തെ നിയമിച്ചു. 1938-ൽ പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിക്കുന്നതിനായി വിദേശപര്യടനാർത്ഥം പുറപ്പെടു കയും റോമിൽ എത്തി 11-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചു അനു ഗ്രഹം പ്രാപിച്ചശേഷം യൂറോപ്പിലുള്ള പല രാജ്യങ്ങളിലും പര്യടനം നടത്തുകയും ചെയ്തു. അനന്തരം മടങ്ങിയെത്തി രൂപതാഭരണത്തിൽ പ്രവേശിച്ചു. ചുരുങ്ങിയ കാലയളവുകൊണ്ട് തിരുവല്ലാരൂപതയിൽ ദൈവാലയങ്ങൾ, സ്കൂളുകൾ, ആശ്രമങ്ങൾ, മഠങ്ങൾ ആദിയായ അനേകം സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും പതിനായിരത്തോളം അകത്തോലിക്കരെ കത്തോലിക്കാസഭയിലേക്കു കൊണ്ടുവരുന്നതിനും ഇദ്ദേഹത്തിനു സാധിച്ചു. പക്ഷേ, അധികം താമസിയാതെ അനാ രോഗ്യം നിമിത്തം ദൈവഹിതത്തിനു പരിപൂർണ്ണമായി കീഴ്വഴങ്ങി ഭരണകാര്യങ്ങളിൽ നിന്നും വിരമിക്കയാണുണ്ടായത്. നേരിട്ടു ഭരിക്കുന്ന തിനിടയായില്ലെങ്കിലും, ഏതാനും മാസക്കാലം മോൺ. വാച്ചാപ്പറമ്പിൽ അവർകളുടേയും ഒട്ടനേകം വർഷങ്ങൾ മാർ സേവേറിയോസ് മെത്രാ പ്പോലീത്താ തിരുമേനിയു ടെയും ഭരണത്തിൻകീഴിൽ തിരുവല്ലാ രൂപത യ്ക്ക് എല്ലാ വിധത്തിലുമുള്ള അഭിവൃദ്ധി കൈവന്നതു കാണുന്നതിനുള്ള ഭാഗ്യം കരുണാ മൂർത്തിയായ ദൈവം ഇദ്ദേഹത്തിനു പ്രദാനം ചെയ്തു.

പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രാർത്ഥന യാലും, പീഡാസഹനത്താലും, പരിത്യാഗപ്രവർത്തികളാലും മരണ പര്യന്തം തിരുമേനി പ്രയത്നിച്ചുകൊണ്ടിരുന്നു. അങ്ങനെ പുനരൈക്യ പ്രസ്ഥാനശിശുവിന്റെ ബാഹ്യവും ആഭ്യന്തരവുമായ വളർച്ച കണ്ടശേഷം സന്തോഷത്തോടും, സമാധാനത്തോടും, പ്രത്യാശയോടും കൂടെ 1956 ജൂൺമാസം 27-ാം തീയതി വ്യാഴാഴ്ച പകൽ 5 മണിക്കു

65-ാമത്തെ വയസ്സിൽ ദൈവതൃക്കരങ്ങളിൽ തന്റെ ആത്മാവിനെ ഭരമേല്പിക്കുകയും ചെയ്തു. കബറടക്കശുശ്രൂഷ വിവിധറീത്തുകളിൽ പ്പെട്ട അഭിവന്ദ്യ തിരുമേനിമാർ വൈദികന്മാർ, സഹോദരന്മാർ, കന്യാസ്ത്രീകൾ, അയ്മേനികൾ എന്നിവരുടെ സാന്നിദ്ധ്യ സഹകരണത്തിലും തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും തിരുവല്ലായുടെ മെത്രാൻ മാർ അത്താനാസ്യോസ് തിരുമേനിയുടെയും പ്രധാന കാർമ്മികത്വത്തിലും നടത്തപ്പെട്ടു. തിരുവല്ലാ കത്തീഡ്രലിലെ മദ്ബഹായിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിലാണ് ആ പാവനചരിതന്റെ മൃതദേഹം സംസ്കരിക്കപ്പെട്ടത്. കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭചരിത്രത്തിൽ മാർ ഈവാനിയോസിന്റെ നാമത്തോടൊപ്പം സ്മരിക്കപ്പെടേണ്ട ഒരു നാമമാണ് മാർ തെയോഫിലോസിന്റേത് എന്നുള്ളതു നിസ്സന്ദേഹം തന്നെ.

## III

## റവ.ഫാദർ ജോൺ ഒ. ഐ. സി.

പത്തനംതിട്ടയ്ക്കു സമീപം ഓമല്ലൂർ എന്ന സ്ഥലത്തു കുഴിമേപ്പൂറത്തു ഈപ്പന്റെയും കൊച്ചീത്തയുടെയും സന്താനമായി കൊല്ലവർഷം 1078 മിഥുനം 23-ാം ഇദ്ദേഹം ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസാനന്തരം പത്തനംതിട്ട ഗവൺമെന്റ് മിഡിൽസ്കൂളിൽ അദ്ധ്യയനം നടത്തി. 1919 മാർ ബസ്സേലിയോസ് കാതോലിക്കാബാവാ യിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചശേഷം കോട്ടയം എം.ഡി.സെമി നാരിയിൽ മൂന്നുവർഷം പഠനം നടത്തി. അനന്തരം തന്റെ ജ്യേഷ്ഠ സഹോദരനും, പിന്നീട് കത്തോലിക്കാസഭയിൽ ചേർന്ന ആളും, അന്നു പാലായിൽ താമസിച്ചിരുന്ന ദേഹവുമായ മി.കെ.ഇ. പോളിന്റെ കൂടെ താമസിച്ചുകൊണ്ട് സെന്റ് തോമസ് ഹൈസ്കൂളിൽ ചേർന്നു വിദ്യാഭ്യാസം നിർവ്വഹിച്ചു.

പ്രസ്തുത സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ നടന്ന ഒരു സംഭവം ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ. അന്ന് ചങ്ങനാശേരി രൂപതയുടെ മെത്രാനായിരുന്ന ഡോക്ടർ തോമസ് കുര്യാളശ്ശേരി ദൈവാലയം സന്ദർശിക്കുന്നതിനായി പാലായിൽ എഴുന്നള്ളുകയുണ്ടായി. പാലാ സെന്റ് തോമസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ ഭക്ത്യാദരവുകൾ പ്രദർശിപ്പിക്കുന്നതിനായി തിരുമേനിയെ സമീപിക്കുകയും അവരുടെ പ്രാതിനിധ്യം വഹിച്ചകൊണ്ട് ജോൺ ശെമ്മാശൻ ഒരു പ്രസംഗം നടത്തുകയും ചെയ്തു. പ്രസ്തുത പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്ന അഭിവന്ദ്യ തിരുമേനി അതീവസന്തുഷ്ടനായിത്തീരുകയും യോഗാ

നന്തരം ശെമ്മാശനെ അടുക്കൽ വിളിപ്പിച്ചു പ്രത്യേകം അനുമോദിക്കു കയും ചെയ്തു. അതുമെന്യേ ശെമ്മാശന്റെ തലയിൽ കൈവച്ചുകൊണ്ട് “ശെമ്മാശൻ ഭാവിയിൽ ഒരു കത്തോലിക്കനായിത്തീരും” എന്നു പ്രവചനരൂപത്തിൽ പ്രസ്താവിക്കുകയുണ്ടായി. അഭിവന്ദ്യതിരുമേനി യുടെ ആ പ്രവചനം പത്തുവർഷങ്ങൾക്കുശേഷം നിറവേറുകതന്നെ ചെയ്തു.

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം കോട്ടയം സി.എം.എസ്. കോളേജിൽ ചേർന്നു സ്തുത്യർഹമാംവിധം ഇന്റർമീഡിയറ്റു അദ്ധ്യയനം പൂർത്തിയാക്കി. അതിനുശേഷം ഒരു സന്ന്യാസിയായി ജീവിതം നയിക്കുന്നതിനു ദൈവം തന്നെ വിളിക്കുന്നുവെന്ന ബോദ്ധ്യം നിമിത്തം കോളേജ് വിദ്യാഭ്യാസത്തിൽ നിന്നും വിരമിച്ചു. 1927-ൽ ബഥനി സന്ന്യാസാശ്രമത്തിൽ ചേർന്നു. രണ്ടുവർഷത്തെ പരിശീലന ത്തിനുശേഷം 1929-ൽ പ്രഥമവ്രതാനുഷ്ഠാനം നടത്തി. ആ വർഷം തന്നെ മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 1930-ൽ മാർ ഈവാനിയോസിനെ അനുഗമിച്ചു ആശ്രമസ്ഥരൊന്നിച്ചു ബഥനിയിൽനിന്നും ഇറങ്ങി വെണ്ണിക്കുളത്തു വന്നു താമസിച്ചു. സെപ്തംബർ 20-നു കൊല്ലത്തുവെച്ച് മാർ ഈവാനിയോസ് മാർ തെയോഫിലോസ് എന്നിവരൊന്നിച്ച് കത്തോ ലിക്കാസഭയോടു പുനരൈക്യപ്പെട്ടു. അനന്തരം ഒരു വർഷക്കാലം തിരുവനന്തപുരം കർമ്മലീത്താ സന്ന്യാസാശ്രമത്തിൽ താമസിച്ചു പഠനവും പരിശീലനവും നടത്തി. പിന്നീട് ബഥനി ആശ്രമത്തിൽ നോവിസുമാസ്റ്റർ, സുപ്പീരിയർ ജനറൽ എന്നീ നിലകളിൽ പ്രസ്തുത സന്ന്യാസസമൂഹത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി കഴിയുംവിധം പ്രവർത്തിച്ചു. തിരുവല്ലാ രൂപതയിൽപ്പെട്ട പലേ മിഷ്യൻ കേന്ദ്രങ്ങളിലും ഇദ്ദേഹം പ്രവർത്തനം നടത്തി ഒട്ടനേകം അകത്തോലിക്കരെ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം ആശ്രമത്തിൽ ജനറൽ കൗൺസിലിലെ അംഗ മായിരുന്നുകൊണ്ടു ബഥനിസന്ന്യാസമൂഹത്തിന്റെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടി ഇദ്ദേഹം നിസ്തന്ദ്രം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## IV

### ഫാ. അലക്സാണ്ടർ ശെമ്മാശൻ ഒ. ഐ. സി.

അതിപുരാതനവും ക്രൈസ്തവകേന്ദ്രവുമായ വെൺമണിയിൽ ആറ്റുപുറത്തു വടക്കേതിൽ (ചെറിയാലുംമൂട്ടിൽ) ഈശോയുടെയും

സാറാമ്മയുടെയും മകനായി കൊല്ലവർഷം 1078 മകരം 5-ാം തീയതി ഇദ്ദേഹം ഭൂജാതനായി. പ്രാഥമികവിദ്യാഭ്യാസം വെൺമണിയിലും കോടുകുളഞ്ഞിയിലും, ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരിയിലും, മാവേലിക്കര ഗവ.ഹൈസ്കൂളിലും നിർവ്വഹിച്ചു. 1927-ൽ വെൺമണി പള്ളിയിൽവെച്ച് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു.

സന്ന്യാസജീവിതം നയിക്കുന്നതിനുള്ള ആഗ്രഹത്താൽ പ്രേരിതനായി 1927-ൽ ബഥനി ആശ്രമത്തിൽ ചേർന്ന് ഒരു വർഷത്തെ പ്രാരംഭ പരിശീലനം നടത്തി. അനന്തരം തിരുവല്ലായിൽ ബഥനി പ്രസ്സിന്റെ മാനേജരായി രണ്ടു വർഷക്കാലം ജോലി നിർവ്വഹിച്ചു. 1930-ൽ വീണ്ടും ബഥനിയിൽ പരിശീലനാർത്ഥം എത്തിയെങ്കിലും അധിക താമസമെന്യേ ആശ്രമാദ്ധ്യക്ഷനും ആശ്രമസ്ഥരുമൊന്നിച്ച് ബഥനിയോടു യാത്ര പറഞ്ഞു കത്തോലിക്കാ പുനരൈക്യാർത്ഥം വെണ്ണിക്കുളത്തുവന്നു താമസിക്കുകയുണ്ടായി. അക്കൊല്ലം സെപ്തംബർ 20-ാം തീയതി മാർ ഈവാനിയോസുമൊന്നിച്ച് കൊല്ലത്തുവെച്ച് കത്തോലിക്കാപുനരൈക്യം പ്രാപിച്ചു. പുനരൈക്യ ശേഷം രണ്ടുവർഷത്തോളം സന്ന്യാസപരിശീലനം നടത്തുകയും ആദിമവ്രതാനുഷ്ഠാനാവസരത്തിൽ "സെറാഫിയോൻ" എന്ന നാമം സ്വീകരിക്കുകയും ചെയ്തു.

പുനരൈക്യത്തിനുശേഷം രണ്ടുവർഷക്കാലം ചെത്തിപ്പുഴ കർമ്മലീത്താ സന്ന്യാസാശ്രമത്തിൽ താമസിച്ചു വേദശാസ്ത്രവും സന്മാർഗ്ഗശാസ്ത്രവും അഭ്യസിച്ചു. അനന്തരം 1933 ഡിസംബർ 23-ാം തീയതി തിരുവനന്തപുരം നാലാഞ്ചിറ ബഥനിയാശ്രമ ചാപ്പലിൽ വെച്ച് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയാൽ വൈദികനായി അഭിഷേചിക്കപ്പെട്ടു. തിരുവനന്തപുരം അരമനയിലെ പ്രൊക്കുറേറ്റർ, എം. എസ്. സി. സ്കൂൾ കറസ്പോണ്ടന്റ് എന്നീ നിലകളിൽ സ്തുതുത്യർഹമായ സേവനം അനേകവർഷക്കാലം നടത്തി. 1946 - 1949 വരെ ബഥനി ആശ്രമത്തിന്റെ സുപ്പീര്യർ ആയും സുപ്പീര്യർ ജനറലായും ജോലി നിർവ്വഹിച്ചു. പിന്നീടു തെക്കൻ തിരുവിതാംകൂറിലെ അക്രൈസ്തവരുടെ ഇടയിൽ ശക്തിമത്തായ മിഷ്യൻ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനു വേണ്ടിയുള്ള ആലോചനാസമിതിയിൽ അനേകവർഷക്കാലം ഇദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. ഇപ്പോഴും പ്രസ്തുത സമിതിയിലെ

അംഗമായിരുന്നുകൊണ്ടു മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ യെയും ഭരണവിഷയത്തിൽ ഇദ്ദേഹം സഹായിച്ചുകൊണ്ടിരിക്കുന്നു. തിരുവനന്തപുരം അതിരൂപതയിൽ ദൈവാലയങ്ങൾ, സ്കൂളുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണത്തിൽ വേണ്ട നിർദ്ദേശങ്ങൾ നല്കുക, പ്ലാൻ നിർമ്മിക്കുക, കെട്ടിടങ്ങൾ പണിയിക്കുന്നതിൽ മേല്നോട്ടം വഹിക്കുക എന്നിവയെല്ലാം ഇക്കഴിഞ്ഞ 25 വർഷക്കാലമായി ഇദ്ദേഹം പ്രശംസാർഹമായ നിലയിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. മാർ ഈവാനിയോസ് കോളേജിന്റെ പ്രാരംഭകാലം മുതൽത്തന്നെ അതിന്റെ നടത്തിപ്പിലും പുരോഗതിയിലും കാര്യമായ പങ്ക് ഇദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്; ഇപ്പോൾ നിർവ്വഹിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഏവംവിധം വിവിധ നിലകളിൽ നടത്തി യിട്ടുള്ള പ്രവർത്തനങ്ങൾ നിമിത്തം റവ.ഫാദർ സെറാഫിയോനോടു തിരുവനന്തപുരം അതിരൂപതയ്ക്കുള്ള കടപ്പാട് നിസ്സീമാണെന്നുള്ള തിനു സംശയമില്ല.

V

## കിളീലേത്തു മിസ്റ്റർ കെ. ജി. ചാക്കോ

കായംകുളത്തു കിളീലേത്തു ഗീവറുഗീസിന്റെ മകനായി 1888-ൽ ഇദ്ദേഹം ഭൂജാതനായി. മാവേലിക്കര പണിക്കരുവീട്ടിൽ ചാക്കോ പണിക്കരുടെ (മാർ ഈവാനിയോസിന്റെ പിതൃസഹോദരന്റെ) മകൾ കാണ്ടമ്മയായിരുന്നു മാതാവ്. ചെറുപ്പകാലത്തുതന്നെ സ്വപിതാവ് നിര്യാണമടയുകയാൽ മാവേലിക്കരയുള്ള സ്വമാതാവിന്റെ ഭവനത്തിൽ താമസിച്ചിരുന്നു. മാർ ഈവാനിയോസ് എം.ഡി.സെമിനാരി പ്രിൻസിപ്പ ലായി ജോലി സ്വീകരിച്ചശേഷം മി.ചാക്കോയെ കോട്ടയത്തേക്ക് കൊണ്ടുപോകുകയും ഹൈസ്കൂൾ, പുരയിടം, ബോർഡിംഗ് എന്നിവയുടെ മേല്നോട്ടം ഏല്പിക്കുകയും, മാനേജർ എന്ന സ്ഥാനം നല്കുകയും ചെയ്തു. അന്നുമുതലാണ് 'മാനേജർ' എന്ന പേരിൽ ഇദ്ദേഹം അറിയുവാൻ തുടങ്ങിയത്.

യാക്കോബായസഭയിലെ കക്ഷിവഴക്കിൽ വട്ടശ്ശേരിൽ മാർ ദിവസന്നാസ്യോസിനെ സഹായിച്ചുകൊണ്ടിരുന്ന മാർ ഈവാനി യോസിന് (ഫാദർ പി.റ്റി.ഗീവറുഗീസ്) അവശ്യം വേണ്ട ആലോചന കളും നിർദ്ദേശങ്ങളും അക്കാലത്തു നല്കികൊണ്ടിരുന്നവരിൽ ഒരുവനായിരുന്നു മി.ചാക്കോ. സെറാംപൂർ കോളേജ് പ്രൊഫസറു ദ്യോഗം സ്വീകരിച്ചു മാർ ഈവാനിയോസ് കോട്ടയം വിട്ടശേഷവും

എം.ഡി.സെമിനാരി മാനേജരായി മി.ചാക്കോ ജോലി തുടർന്നു കൊണ്ടിരുന്നു. ഉദ്ദേശം പത്തുവർഷത്തോളം പ്രസ്തുതജോലി ഇദ്ദേഹം നിർവ്വഹിച്ചു. ബഥനി സന്ന്യാസാശ്രമം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മാർ ഈവാനിയോസ് വ്യാപൃതനായപ്പോൾ അതിനുവേണ്ട സ്ഥലം വാങ്ങിക്കുക, കാടുകൾ വെട്ടിത്തെളിക്കുക, കെട്ടിടങ്ങൾ നിർമ്മിക്കുക ആദിയയാ ജോലികൾ നിർവ്വഹിക്കുന്നതിനു ചുമതലപ്പെടുത്തിയവരിൽ ഒരുവനും മി.ചാക്കോ തന്നെയായിരുന്നു. പ്രസ്തുത ജോലി കാര്യക്ഷമമാംവിധം നിർവ്വഹിക്കുകയും അങ്ങനെ ബഥനി ആശ്രമസ്ഥാപനത്തിൽ ഇദ്ദേഹം സഹായിക്കുകയും ചെയ്തിട്ടുണ്ട്. തദനന്തരം ഏഴുവർഷക്കാലം തിരുമൂലപുരം ബാലികാ മഠം ഹോസ്റ്റലിന്റെ ചുമതല വഹിച്ചു. 1930-ൽ മാർ ഈവാനി യോസുമൊന്നിച്ചു കൊല്ലത്തുവെച്ച് കത്തോലിക്കാസഭയിൽ ചേർന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്ത് പ്രതികൂലശ ക്തികളുടെ പ്രവർത്തനങ്ങളോടു പോരാടി വിജയം കൈവരിക്കുന്ന തിൽ മാർ ഈവാനിയോസിനെ ഇദ്ദേഹം നിഃസ്വാർത്ഥം സഹായിച്ചു കൊണ്ടിരുന്നു. തിരുവനന്തപുരം അതിരൂപതയിലെ കാര്യസ്ഥൻ എന്ന നിലയിൽ വസ്തുക്കൾ വാങ്ങിക്കുക, കെട്ടിടങ്ങൾ പണിയിക്കുക എന്നീ ജോലികൾ നിർവ്വഹിച്ചുകൊണ്ടും, പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്ക് ആവശ്യകമായ മാർഗ്ഗങ്ങളെപ്പറ്റിയുള്ള ആലോചനകൾ ആർച്ചുബിഷപ്പിനു നല്കികൊണ്ടും ഇരുപതുവർഷക്കാലത്തോളം ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് കോളേജ് ആരംഭിച്ച ശേഷം ഹോസ്റ്റൽ മാനേജർ എന്ന നിലയിൽ മി.ചാക്കോ ജോലി നടത്തിക്കൊണ്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ മക്കളിൽ ഒരാൾ ബഥനി മഠത്തിൽ ചേർന്നു സന്ന്യാസിനിയായിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യ മാണ്. ഇരുപത്തി ഏഴുവർഷങ്ങൾക്കുമുമ്പ് പുനരൈക്യ പ്രസ്ഥാനത്തി നെതിരായി പ്രവർത്തിച്ചുകൊണ്ടിരുന്ന അകത്തോലിക്കാ സഹോദര ങ്ങളുടെ പ്രതികൂലമനഃസ്ഥിതിയും, അവർ ഇപ്പോൾ പ്രദർശിപ്പിക്കുന്ന അനുകൂലമനഃസ്ഥിതിയും താരതമ്യം ചെയ്തുകൊണ്ടും, അതിന്റെ നാനാവിധമായ അഭിവൃദ്ധി നേരിട്ടു ദർശിച്ചുകൊണ്ടും, ഇതിനെല്ലാം ഇടയാക്കിത്തീർത്ത സർവ്വശക്തനായ ദൈവത്തെ സ്തുതിച്ചുകൊണ്ടും ആനന്ദതുന്ദിലനായി മി. ചാക്കോ ജീവിതം നയിച്ചുകൊണ്ടിരുന്നു.

**ഇരിക്കുന്നവർ:-** (തറയിൽ 1) ഡോക്ടർ സി. കെ. ജോസഫ് (തൃശൂർ), 2. ജോർജ് തര്യൻ (മാവേലിക്കര), 3. സി.ജെ.കുരുവിള (കോട്ടയം), 4. വി.ഡി. ഔസേപ്പ് (തൃശൂർ), 5. കെ. ഐ. വറുഗീസ് മാപ്പിള (തിരുവല്ല), 6. ജോർജ് ജോസഫ് (ചെങ്ങന്നൂർ), 7. തോമ്മസുതര്യൻ (മാവേലിക്കര).

" (കസേരയിൽ :- 1. ഡോ. കെ. റ്റി. മാത്യു (കോഴഞ്ചേരി), 2. ഡീക്കൻ പി.റ്റി. ഗീവറുഗീസ് (മാർ ഈവാനിയോസ്), 3. കെ.എം. ജോർജ്ജ് (ഇലന്തൂർ), 4. പി.റ്റി. ചെറിയാൻ (തിരുവല്ലാ), 5. എം. ഇട്ടി (പുതുപ്പള്ളി), 6. റവ.റ്റി.കെ.ഇട്ടി (കോട്ടയം), 7. ജോൺ നിധിയരി (കോട്ടയം), 8. പി.വി.ഫിലിപ്പ് (പുതപ്പള്ളി), 9. സി. കെ. മത്തായി (ചെങ്ങന്നൂർ), 10. പി.സി.ഇട്ടി (മല്ലപ്പള്ളി), 11.വി.റ്റി.മാണി (കോട്ടയം), 12. പി.റ്റി.തര്യൻ (മാവേലിക്കര).

**നില്ക്കുന്നവർ:-** (ഒന്നാം നിര) 1. കെ.സി.ഈപ്പൻ (തിരുവല്ല), 2. സി.റ്റി.മാത്യു (അടൂർ),3. കെ.കെ.തോമസ് (പുതുപ്പള്ളി), 4. ഡോ. എം. എം. മാത്യു (കോട്ടയം), 5. എ. പീലിപ്പോസ് (പുറമറ്റം), 6. റ്റി. തോമസ് (കോട്ടയം), 7. കെ.സി.ചാക്കോ (തിരുവല്ലാ), 8. റ്റി.ജെ.മാമ്മൻ (മാവേലിക്കര), 9. കെ.സി. ചെറിയാൻ (കോട്ടയം), 10. കെ.ഡി. ആന്റണി (തൃശൂർ), 11. ജെ.ജെ. മാണി (കോട്ടയം), 12. ഡോ.പി.സി. ചെറിയാൻ (ഇടത്വാ), 13. എ.റ്റി. ഏബ്രഹാം (പുത്തൻകാവ്)

" (രണ്ടാംനിര:- 1. പി.കെ. വറുഗീസ് (കോട്ടയം), 2. പി.വി.ജോർജ്ജ് (ഒളശ്ശ), 3. ജി.റ്റി. ചെറിയാൻ (മാവേലിക്കര), 4. സി.കെ. തോമസ് (മാവേലിക്കര), 5. ജോർജ്ജ് എം. ഈപ്പൻ (പുത്തൻകാവ്), 6.. എം. എം. ഫിലിപ്പ് (തിരുവല്ലാ), 7. എം.റ്റി.തോമസ് (പുതുപ്പള്ളി), 8. എം. പി. മാണി (മല്ലപ്പള്ളി), 9. ഡോ.വി.മാത്യു (പുതുപ്പള്ളി), 10. ഡോ.എം. കെ. വറുഗീസ് (കോഴഞ്ചേരി), 11. പി.ജെ. ജോൺ (കൊല്ലം).

" മൂന്നാംനിര:- 2. ഡോ.എ.റ്റി.മാത്യു (കോട്ടയം), 3. ഡോ. ജോൺ മത്തായി (തൃശൂർ), 4. ഡോ.റ്റി.കെ.വറുഗീസ് (പുത്തൻകാവ്), 5. പി.സി.ഏബ്രഹാം (കോട്ടയം), 6. പി.ഒ.ചാക്കോ (തിരുവല്ലാ), 7. കെ.എം. പോത്തൻ (വള്ളംകുളം), 8. ജേക്കബ് മത്തായി (തൃശൂർ), 9. ഡോ.കെ.കെ. ജേക്കബ് (കോട്ടയം), 10. ഡോ.എ.എ.ജോർജ്ജ് (പറവൂർ).

" നാലാംനിര:-1. എം. ജെ. ചാക്കോ (കുമ്പനാട്), 2. കെ.കെ.ചാക്കോ (പുത്തൻകാവ്), 3. കെ.കെ.കുരുവിള (നിരണം), 4. ഡോ.എ.റ്റി.കുര്യൻ (കോട്ടയം), 5. കെ.ജോർജ്ജ് (തിരുവല്ലാ), 6. തൊമ്മിമുതലാളി

(അടൂർ), 7. റ്റി.കെ.ചെറിയാൻ (കൈപ്പട്ടൂർ), 8. സി.എം.ഫിലിപ്പ് (അയിരൂർ), 9. ഡോ.കെ.കുരുവിള (തിരുവല്ലാ).

മാർ ഈവാനിയോസിന്റെ കത്തോലിക്കാപുനരൈക്യം വരെയുള്ള ജീവചരിത്രം മാത്രമേ ഈ ഒന്നാംഭാഗത്തിൽ ചേർത്തിട്ടുള്ളു. അഭിവന്ദ്യ തിരുമേനി കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ടതിനു ശേഷമുള്ള സ്ഥിതിഗതികൾ, കത്തുകൾ, പ്രസംഗങ്ങൾ, പ്രവർത്തനങ്ങൾ, പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതി, ആധുനികസ്ഥിതി എന്നിവയെല്ലാം വിശദമായി രണ്ടാംഭാഗത്തിൽ ഉൾക്കൊള്ളിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മിക്കവാറും എഴുതി പൂർത്തിയാക്കിയിരിക്കുന്ന പ്രസ്തുത ഗ്രന്ഥവും അധികകാലതാമസമെന്യേ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു.

ഈ ഗ്രന്ഥം ഏറ്റം ഭംഗിയായി മുദ്രണം ചെയ്ത പട്ടം സെന്റ് മേരീസ് പ്രസ്സ് ഭാരവാഹികളോട് എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അവസാനമായി, ഈ ഗ്രന്ഥത്തിന് പ്രചുരപ്രചരണം ലഭിക്കുന്നതിനു കഴിയുംവിധം സഹായസഹകരണങ്ങൾ ചെയ്തുതരണമെന്നു കേരളീയരായ ക്രൈസ്തവ സഹോദരങ്ങളോട് സവിനയം അഭ്യർത്ഥിച്ചുകൊണ്ട് വിരമിച്ചു കൊള്ളുന്നു.

പന്തളം
15 - 7 - 57 ഫാദർ തോമസ് ഇഞ്ചയ്ക്കലോടി

മാർ ഈവാനിയോസിന്റെ കത്തോലിക്കാപുനരൈക്യം വരെയുള്ള ജീവചരിത്രം മാത്രമേ ഈ ഒന്നാംഭാഗത്തിൽ ചേർത്തിട്ടുള്ളു. അഭിവന്ദ്യ തിരുമേനി കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ടതിനു ശേഷമുള്ള സ്ഥിതിഗതികൾ, കത്തുകൾ, പ്രസംഗങ്ങൾ, പ്രവർത്തനങ്ങൾ, പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതി, ആധുനികസ്ഥിതി എന്നിവയെല്ലാം വിശദമായി രണ്ടാംഭാഗത്തിൽ ഉൾക്കൊള്ളിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മിക്കവാറും എഴുതി പൂർത്തിയാക്കിയിരിക്കുന്ന പ്രസ്തുത ഗ്രന്ഥവും അധികകാലതാമസമെന്യേ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു.

ഈ ഗ്രന്ഥം ഏറ്റം ഭംഗിയായി മുദ്രണം ചെയ്ത പട്ടം സെന്റ് മേരീസ് പ്രസ്സ് ഭാരവാഹികളോട് എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അവസാനമായി, ഈ ഗ്രന്ഥത്തിന് പ്രചുര പ്രചരണം ലഭിക്കുന്നതിനു കഴിയുംവിധം സഹായസഹകരണങ്ങൾ ചെയ്തുതരണമെന്നു കേരളീയരായ ക്രൈസ്തവ സഹോദരങ്ങളോട് സവിനയം അഭ്യർത്ഥിച്ചുകൊണ്ട് വിരമിച്ചു കൊള്ളുന്നു.

പന്തളം
15 – 7 – 57 ഫാദർ തോമസ് ഇഞ്ചയ്ക്കലോടി

# പ്രസാധക കുറിപ്പ്

വിസ്മയത്തോടെ മാത്രമെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തെ നമുക്കു നോക്കിക്കാണാനാവൂ. പകരക്കാരനില്ലാത്ത ഒരു ആചാര്യശ്രേഷ്ഠനായിരുന്നു അദ്ദേഹം. ഭാരതസഭാചരിത്രത്തിൽ മാർ ഈവാനിയോസിനെ മാറ്റി നിറുത്തി ഒരു ചരിത്രം രചിക്കാനാവില്ല. മലങ്കരയുടെ മണ്ണിൽനിന്നുയർന്ന് ആഗോളതലത്തിൽ യശോധാവള്യം പരത്തിയ അദ്ദേഹത്തിന്റെ മാഹാത്മ്യം അന്താരാഷ്ട്ര തലങ്ങളിൽ പ്രസിദ്ധിയാർജിച്ച മഹദ്‌വ്യക്തികൾ ആദരിച്ചു. അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും സാകൂതം ആളുകൾ ശ്രദ്ധിച്ചു. സഭയിൽ ഒരു നവോത്ഥാനത്തിന് ദൈവം ഈവാനിയോസ് പിതാവിനെ തെരഞ്ഞെടുത്തു.

മഹത്തുക്കളുടെ ജീവിതം അനേകതലമുറകളെ പ്രചോദിപ്പിക്കും. മാർ ഈവാനിയോസ് ഇന്നും അനേകായിരം ജനമനസ്സുകളിലെ ജ്വലിക്കുന്ന ദീപികയാണ്. ഇനിയും അനേകരെ ആ ധന്യജീവിതം പ്രോജ്ജ്വലിപ്പിക്കുക തന്നെ ചെയ്യും. അറിയും തോറും പിതാവിനോടുള്ള നമ്മുടെ ആദരവു വർദ്ധിക്കുകയാണുണ്ടാകുക.

വശ്യതയാർന്ന ആ ജീവിതചരിത്രം ആദ്യമായി രേഖപ്പെടുത്തിയത് ബഹു. തോമസ് ഇഞ്ചയ്ക്കലോടി അച്ചനാണ്. സർവ്വസ്പർശിയായ ഒരു ചരിത്രഗ്രന്ഥമെന്ന നിലയിൽ അങ്ങേയറ്റം പ്രശംസാർഹമായ ഒരു സംഭാവനയാണ് ഇഞ്ചയ്ക്കലോടി അച്ചൻ സഭയ്ക്കു നൽകിയത്. പിതാവിന്റെ 2 വാല്യങ്ങളുള്ള ജീവചരിത്രത്തിന്റെ രണ്ടു പതിപ്പുകൾ പുറത്തിറങ്ങി. കൂടുതൽ ആളുകൾ ആ പുണ്യജീവിതത്തെ അറിയാൻ ആഗ്രഹിക്കുന്നതിനാൽ ബഥനി പബ്ലിക്കേഷൻസ് 3-ാം പതിപ്പ് പുറത്തിറക്കുകയാണ്. ഇപ്രാവശ്യം ഒന്നും രണ്ടും വാല്യങ്ങൾ ഒന്നിച്ചു ചേർത്താണ് പുസ്തകം അച്ചടിക്കുക. ഏതെങ്കിലും ഒരു വാല്യം മാത്രമായി വായന ഒതുങ്ങിപ്പോകാനുള്ള സാധ്യത ഉള്ളതിനാലാണ് ഇപ്രകാരം ചെയ്യുന്നത്. അല്പം ബൃഹത്ഗ്രന്ഥമാണെങ്കിലും വായനക്കാർ ഈ ഗ്രന്ഥം സ്വീകരിക്കുമെന്നു തന്നെയാണ് ഞങ്ങളുടെ ഉറപ്പായ പ്രതീക്ഷ.

ഇന്നത്തെ തലമുറ ഈ പുണ്യപിതാവിനെ അറിയാതെ പോകുന്നത് ഭൂഷണമല്ല. കൂടുതൽ ആളുകളിൽ ഈ ഗ്രന്ഥം എത്തിക്കാനാണു ഞങ്ങളുടെ ശ്രമം. അതിനാൽ സാമ്പത്തികലാഭം പ്രതീക്ഷിക്കാതെ ഈ ഗ്രന്ഥങ്ങൾ പുറത്തിറക്കുന്നു. പിതാവിന്റെ ധന്യജീവചരിത്രം, അനേകർക്കു പ്രചോദനമാകുന്ന പ്രതീക്ഷയോടെ,

ബഥനി പബ്ലിക്കേഷൻസിനുവേണ്ടി,

ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.
(ഡയറക്ടർ)

# പ്രസാധക കുറിപ്പ്

വിസ്മയത്തോടെ മാത്രമേ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തെ നമുക്കു നോക്കിക്കാണാനാവൂ. പകരക്കാരനില്ലാത്ത ഒരു ആചാര്യശ്രേഷ്ഠനായിരുന്നു അദ്ദേഹം. ഭാരതസഭാചരിത്രത്തിൽ മാർ ഈവാനിയോസിനെ മാറ്റി നിറുത്തി ഒരു ചരിത്രം രചിക്കാനാവില്ല. മലങ്കരയുടെ മണ്ണിൽനിന്നുയർന്ന് ആഗോളതലത്തിൽ യശോധാവള്യം പരത്തിയ അദ്ദേഹത്തിന്റെ മാഹാത്മ്യം അന്താരാഷ്ട്ര തലങ്ങളിൽ പ്രസിദ്ധിയാർജിച്ച മഹദ്വ്യക്തികൾ ആദരിച്ചു. അദ്ദേഹത്തിന്റെ വാക്കുകളും പ്രവൃത്തികളും സാകൂതം ആളുകൾ ശ്രദ്ധിച്ചു. സഭയിൽ ഒരു നവോത്ഥാനത്തിന് ദൈവം ഈവാനിയോസ് പിതാവിനെ തെരഞ്ഞെടുത്തു.

മഹത്തുക്കളുടെ ജീവിതം അനേകതലമുറകളെ പ്രചോദിപ്പിക്കും. മാർ ഈവാനിയോസ് ഇന്നും അനേകായിരം ജനമനസ്സുകളിലെ ജ്വലിക്കുന്ന ദീപികയാണ്. ഇനിയും അനേകരെ ആ ധന്യജീവിതം പ്രോജ്ജ്വലിപ്പിക്കുക തന്നെ ചെയ്യും. അറിയും തോറും പിതാവിനോടുള്ള നമ്മുടെ ആദരവു വർദ്ധിക്കുകയാണുണ്ടാകുക.

വശ്യതയാർന്ന ആ ജീവിതചരിത്രം ആദ്യമായി രേഖപ്പെടുത്തിയത് ബഹു. തോമസ് ഇഞ്ചയ്ക്കലോടി അച്ചനാണ്. സർവ്വസ്പർശിയായ ഒരു ചരിത്രഗ്രന്ഥമെന്ന നിലയിൽ അങ്ങേയറ്റം പ്രശംസാർഹമായ ഒരു സംഭാവനയാണ് ഇഞ്ചയ്ക്കലോടി അച്ചൻ സഭയ്ക്കു നൽകിയത്. പിതാവിന്റെ 2 വാല്യങ്ങളുള്ള ജീവചരിത്രത്തിന്റെ രണ്ടു പതിപ്പുകൾ പുറത്തിറങ്ങി. കൂടുതൽ ആളുകൾ ആ പുണ്യജീവിതത്തെ അറിയാൻ ആഗ്രഹിക്കുന്നതിനാൽ ബഥനി പബ്ലിക്കേഷൻസ് 3-ാം പതിപ്പ് പുറത്തിറക്കുകയാണ്. ഇപ്രാവശ്യം ഒന്നും രണ്ടും വാല്യങ്ങൾ ഒന്നിച്ചു ചേർത്താണ് പുസ്തകം അച്ചടിക്കുക. ഏതെങ്കിലും ഒരു വാല്യം മാത്രമായി വായന ഒതുങ്ങിപ്പോകാനുള്ള സാധ്യത ഉള്ളതിനാലാണ് ഇപ്രകാരം ചെയ്യുന്നത്. അല്പം ബൃഹത്ഗ്രന്ഥമാണെങ്കിലും വായനക്കാർ ഈ ഗ്രന്ഥം സ്വീകരിക്കുമെന്നു തന്നെയാണ് ഞങ്ങളുടെ ഉറപ്പായ പ്രതീക്ഷ.

ഇന്നത്തെ തലമുറ ഈ പുണ്യപിതാവിനെ അറിയാതെ പോകുന്നത് ഭൂഷണമല്ല. കൂടുതൽ ആളുകളിൽ ഈ ഗ്രന്ഥം എത്തിക്കാനാണു ഞങ്ങളുടെ ശ്രമം. അതിനാൽ സാമ്പത്തികലാഭം പ്രതീക്ഷിക്കാതെ ഈ ഗ്രന്ഥങ്ങൾ പുറത്തിറക്കുന്നു. പിതാവിന്റെ ധന്യജീവചരിത്രം, അനേകർക്കു പ്രചോദനമാകുന്ന പ്രതീക്ഷയോടെ,

ബഥനി പബ്ലിക്കേഷൻസിനുവേണ്ടി,

ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.
(ഡയറക്ടർ)